# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 21, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1865/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. ടി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

## ഉള്ളടക്കം


പേജ്

**I.ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...114

**II. ക്രമപ്രശ്നം**

സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയം സംബന്ധിച്ച്

— ശ്രീ. എസ്. ശർമ്മ ...484

**റൂളിംഗ്** ...489

**III.** ഭരണഘടനയുടെ അനുച്ഛേദം 179(സി) അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി പ്രമേയം

— ശ്രീ. എം. ഉമ്മർ ...489

**IV. അടിയന്തരപ്രമേയം**

സെമി ഹൈസ്പീഡ് കെ-റെയിൽ പദ്ധതി ...568

(അവതരണാനുമതി നിഷേധിച്ചു)

**V.ശ്രദ്ധ ക്ഷണിക്കൽ**

(1) ബാങ്കിംഗ് റെഗുലേഷൻ നിയമം

— ശ്രീ. സജി ചെറിയാൻ ...588

(2) ഒ. ബി. സി. ആനുകൂല്യം

— ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...596

**VI. സബ്മിഷൻ**

(1) എം. മാധവൻ നമ്പ്യാർ സമിതി റിപ്പോർട്ട്

— പ്രതിപക്ഷനേതാവ് ( ശ്രീ. രമേശ് ചെന്നിത്തല) ...600

*പേജ്*

(2) പോലീസ് നടപടി

— ശ്രീ. സി. കെ. നാണു ...606

(3) ഭൂമിയുടെ പോക്കുവരവ്

— ശ്രീ. എ. പി. അനിൽ കുമാർ ...607

(4) തെരുവുനായ്ക്കളുടെ വന്ധ്യംകരണം

— ഡോ. എം. കെ. മുനീർ ...609

(5) നടുവത്തിത്തോട് നവീകരണം

— ശ്രീ. വി. അബ്ദുറഹിമാൻ ...610

(6) വാഹനാപകടങ്ങൾ

— ശ്രീമതി ഷാനിമോൾ ഉസ്മാൻ ...612

(7) റേഷൻ കാർഡ്

— ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ...613

(8) അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവരുടെയും വൃക്കരോഗികളുടെയും പ്രശ്നങ്ങൾ

— ഡോ .എൻ. ജയരാജ് ...615

(9) തിരൂർ ജില്ലാ ആശുപത്രി മാസ്റ്റർ പ്ലാൻ

— ശ്രീ. സി. മമ്മൂട്ടി ...618

(10) സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം

— ശ്രീ. ടി. ജെ. വിനോദ് ...621

(11) അഭിഷേകിന്റെ സംരക്ഷണം

— ശ്രീ. കെ. കുഞ്ഞിരാമൻ ...624

(12) മലബാർ ദേവസ്വം നിയമം

— ശ്രീ. കെ. എൻ. എ. ഖാദർ ...625

(13) ശുചീകരണ തൊഴിലാളികളുടെ പരിരക്ഷ

— ശ്രീമതി യു. പ്രതിഭ ...626

പേജ്

(14) ഐ. പി. ടി. വിപുലീകരണം

— ശ്രീ. പി. കെ. ശശി ...627

(15) കുറവിലങ്ങാട് കേരള സയൻസ് സിറ്റി

— ശ്രീ. മോൻസ് ജോസഫ് ...629

**VII. റിപ്പോർട്ട് സമർപ്പണം**

1. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ...630
2. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തിയെട്ട് മുതൽ തൊണ്ണൂറ് വരെയുള്ള റിപ്പോർട്ടുകൾ ...630
3. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ മുപ്പത്തിമൂന്ന് മുതൽ മുപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ
4. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിയൊൻപത് മുതൽ എഴുപത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ ...630
5. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഇരുപത് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ ...630

**VIII. റിപ്പോർട്ട് പരിഗണന**

പ്രിവിലേജസ് , എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ആറ്, ഏഴ് റിപ്പോർട്ടുകളുടെ പരിഗണന ...631

**IX. ധനകാര്യം**

i. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ...655

ii. വോട്ട് ഓൺ അക്കൗണ്ട്- ചർച്ചയും വോട്ടെടുപ്പും ...714

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഇരുപത്തിരണ്ടാം സമ്മേളനം

*2021 ജനുവരി 21, വ്യാഴം*

വാല്യം 183] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം 2021 ജനുവരി മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് മുഖാവരണം ധരിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ...... ചോദ്യം നമ്പർ *181

[*181 -ാം നമ്പർ ചോദ്യവുമായി *204-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. അൻവർ സാദത്ത് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി നൽകാവുന്നതാണ്.]

### പ്രതിസന്ധിയിലായ എം.എസ്.എം.ഇ. വ്യവസായ സംരംഭങ്ങൾ

1 (*181) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. സി. ദിവാകരൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. എൽദോ എബ്രഹാം: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡും ലോക്ഡൗണുംമൂലം പ്രതിസന്ധിയിലായ എം.എസ്.എം.ഇ. വ്യവസായ സംരംഭങ്ങൾക്ക് ആശ്വാസമേകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) അംഗീകൃത വ്യവസായ പാർക്കുകളിൽ തൊഴിലെടുക്കുന്നവരുടെ പി.എഫ്., ഇ.എസ്.ഐ. എന്നിവയുടെ തൊഴിലുടമാ വിഹിതത്തിന്റെ 75% സർക്കാർ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ജില്ലാ വ്യവസായ കേന്ദ്രം വഴിയെടുത്ത വായ്പകൾക്ക് എന്തൊക്കെ ഇളവുകളാണ് അനുവദിച്ച് നൽകിയതെന്നറിയിക്കുമോ;

(ഡി) വ്യവസായ ഭദ്രതാ പോർട്ടൽ മുഖേന സംരംഭകർക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ;

(ഇ) കോവിഡുമൂലം പ്രതിസന്ധിയിലായ സംരംഭകർക്ക് പ്രവർത്തനമൂലധന വായ്പയുടെയും ടേം ലോണിന്റെയും പലിശയിളവ് ലഭ്യമാകുന്നതിന് ഓൺലൈൻ പോർട്ടൽവഴി അപേക്ഷിക്കാമോ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി ജയരാജൻ</u>) : സർ, (എ) സംസ്ഥാനത്തെ വലിയ തൊഴിൽദാതാക്കളാണ് എം.എസ്.എം.ഇ മേഖല. നോട്ട് നിരോധനം, പ്രകൃതി ദുരന്തം തുടങ്ങിയ കാരണങ്ങളാൽ തിരിച്ചടി നേരിട്ട ഈ മേഖല കോവിഡ്-19 മഹാമാരികൂടി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിപരീത സാഹചര്യങ്ങൾ അഭിമുഖീകരിക്കാൻ കഴിയാത്ത വിധം തളർന്നുപോയി. ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപ്പാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത".

G.O.(MS).No.56/2020/ID dated 20-5-2020 പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരിക്കുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി.
2. ലാൻഡ് പ്രീമിയം ഒരു വർഷത്തേക്ക് മരവിപ്പിക്കുന്നത്.
3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്.
4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ മൂന്ന് മാസത്തേക്ക് ഉപേക്ഷിക്കുന്നത്.
5. KSIDC-യിൽ ടോപ് അപ് ലോണുകൾ.

6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്.
7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം.
8. KSIDC-യ്ക്കും KINFRA-യ്ക്കുമുള്ള ഒറ്റ തവണ തീർപ്പാക്കൽ പോളിസി.
9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ.
10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്.
11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്

    ബി) MSME-കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം.
12. MSME-കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം.
13. മൂന്ന് മാസത്തേക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം.
14. തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേക്ക്
15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്
16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത്.
17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്

സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത് നടപ്പിലാക്കുന്നതിലേയ്ക്കായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖ G.O. (MS) No.103/2020/ID dated 24-11-2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കിവരുന്നു. ആയതിലെ പ്രധാന സവിശേഷതകൾ

1. SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിച്ചു. ഈ പ്രത്യേക വിഭാഗത്തിലേക്ക് MSME-കൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതാണ്.

2. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manufacturing industries' യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിക്കുപുറമെ 10% സബ്സിഡികൂടി അനുവദിച്ചു.

- അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ESS-ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പാക്കുന്നതിന് തീരുമാനിച്ചു.

മേൽ വിവരിച്ച പദ്ധതികളുടെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം ഓരോ ലോണിനും പരമാവധി 60,000 രൂപ വരെ അനുവദിച്ചുവരുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 37.65 കോടി രൂപ ധന പുനഃവിനിയോഗം മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

ഓൺലൈൻ പോർട്ടലിലൂടെ 15-1-2021 വരെ 243 ലക്ഷം രൂപയുടെ 604 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സജീവ പരിഗണനയിലാണ്.

- കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ECLGS (Emergency Credit Line Gurantee Scheme) പ്രകാരം വായ്പ ലഭിച്ചിട്ടുള്ള MSME-കൾക്ക് വ്യവസായ വകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം പലിശ സബ്സിഡി ലഭിക്കുന്നതാണ്.

- നിലവിലെ കണക്ക് പ്രകാരം സംസ്ഥാനത്തുള്ള 109970 ബാങ്ക് അക്കൗണ്ടുകൾ പ്രകാരം 5,595.39 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. മൊറട്ടോറിയം കാലയളവിലുള്ള പലിശ ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ട അസോസിയേഷനുകളും സംരംഭകരും ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിരവധി കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഇതിന്മേലുള്ള അന്തിമവിധി അനുസരിച്ചായിരിക്കും ഈ തുകയുടെ വിനിയോഗം സാധ്യമാകുക.

<u>കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിയവ</u> -

- വ്യവസായ ഭദ്രത പാക്കേജ്‌വഴി കെ.എസ്.ഐ.ഡി.സി.-യിൽനിന്നും ആകെ 32.86 കോടി രൂപയുടെ ധനസഹായം ഈ മേഖലയ്ക്ക് നൽകി. കെ.എസ്.ഐ.ഡി.സി-യുടെ നിലവിലുള്ള സ്റ്റാൻഡേർഡായ സ്ഥാപനങ്ങൾക്ക് 24.60 കോടി രൂപയുടെ ടോപ്പ് അപ്പ് ലോൺ, 56

ലക്ഷം രൂപയുടെ പീനൽ ഇന്ററസ്റ്റ്, 70 ലക്ഷം രൂപയുടെ compound interest-ന്റെ moratorium, 2 കോടി രൂപയുടെ interest on Land allotment, 5 കോടി രൂപയുടെ OTS എന്നിവയിലാണ് സഹായം നൽകിയിരിക്കുന്നത്.

- കെ.എസ്.ഐ.ഡി.സി. കൊടുത്തിട്ടുള്ള ലോണുകളുടെ പിഴപലിശ 2020 മാർച്ച് 1 മുതൽ 2021 മാർച്ച് 31 വരെ പൂർണ്ണമായി ഒഴിവാക്കുകയും മുതലിന്റെയും പലിശയുടെയും തിരിച്ചടവിന് 6 മാസം സാവകാശം നൽകുകയും ചെയ്തു.
- നിലവിൽ കെ.എസ്.ഐ.ഡി.സി-യുടെ ചുരുങ്ങിയ പലിശനിരക്ക് 8.75%-മാണ് കോവിഡ് പാക്കേജിന്റെ ഭാഗമായി additional collatoral security ഇല്ലാതെ 8% പലിശനിരക്കിലാണ് അധികലോൺ (Top up Lone) നൽകിവരുന്നത്.

<u>കിൻഫ്ര മുഖാന്തരം നടപ്പിലാക്കിയത്</u> -

- വ്യവസായ ഭദ്രത പാക്കേജ്‌വഴി കിൻഫ്ര 120 സംരംഭകരുടെ വാടക ഇനത്തിൽ അടയ്ക്കാനുള്ള 3.24 കോടി രൂപ എഴുതിത്തള്ളിയിരുന്നു.
- 120 സംരംഭകരുടെ 0.48 കോടി രൂപയുടെ വാടക വർദ്ധനവ് ഒരു വർഷത്തേയ്ക്ക് നിർത്തിവച്ചിരുന്നു.
- 538 സംരംഭകരുടെ 0.6 കോടി രൂപ CFC ഇളവ് മൂന്ന് മാസത്തേക്ക് നൽകിയിരുന്നു.
- CFC വർദ്ധനവ് ഒരു വർഷത്തേക്ക് 538 സംരംഭകർക്ക് 0.2 കോടി രൂപയുടെ ഇളവ് നൽകി.
- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 320 സംരംഭകരുടെ പലിശ 2.8 കോടി രൂപ എഴുതിത്തള്ളി.
- ഇപ്രകാരം ആകെ 7.32 കോടി രൂപയുടെ ഇളവുകൾ കിൻഫ്ര നൽകിയിട്ടുണ്ട്.

<u>സിഡ്കോ വഴി നടപ്പിലാക്കിയത്</u> -

- കേരള സിഡ്കോയുടെ ഉടമസ്ഥതയിൽ വാടക വ്യവസ്ഥയിൽ പ്രവർത്തിക്കുന്നതും കോവിഡ്-19 മൂലം പ്രതിസന്ധിയിലായതുമായ MSME യൂണിറ്റുകളെ സഹായിക്കാനായി 2020 മാർച്ച് മുതൽ മൂന്ന് മാസത്തേയ്ക്കുള്ള വാടക പൂർണ്ണമായും ഇളവ് ചെയ്ത് നൽകി. അപ്രകാരം

എൺപതോളം MSME യൂണിറ്റുകൾക്ക് ആനുകൂല്യം ലഭ്യമാക്കുകവഴി ആകെ 19.6 ലക്ഷം രൂപയുടെ സഹായം സിഡ്കോ നൽകുകയുണ്ടായി.

ഈ സന്ദർഭത്തിൽ വളരെ ശ്രദ്ധേയമായ കാര്യം, കേന്ദ്രസർക്കാർ പ്രഖ്യാപിച്ച അധികവായ്പ എടുക്കാനുള്ള അനുമതി നേടിയ ആകെയുള്ള 8 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെട്ടിരിക്കുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ആവശ്യപ്പെട്ട പരിഷ്കാര നടപടികൾ ദ്രുതഗതിയിൽ സമയബന്ധിതമായി നടപ്പിലാക്കിയാണ് 0.25% അധിക വായ്പയായ ഏകദേശം 2370 കോടി രൂപയ്ക്കുള്ള അനുമതി സർക്കാരിന് ലഭിച്ചത്.

(ബി) പ്രഖ്യാപിച്ച പദ്ധതിയാണ്. നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം അനുവദിച്ചിരുന്ന മാർജിൻ മണി വായ്പാ കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കാൻ കഴിയാതിരുന്ന സംരംഭകർക്കുവേണ്ടി ഈ സർക്കാർ അധികാരമേറ്റശേഷം മൂന്ന് പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇപ്രകാരം 760 കേസുകളിലായി 8.89 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) വ്യവസായ ഭദ്രതാ പോർട്ടലിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതിയുടെ അപേക്ഷ വ്യവസായ സംരംഭകർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിന്റെ പുരോഗതി സംരംഭകർക്ക് അനുദിനം അറിയാൻ കഴിയും.

(ഇ) സംരംഭകർക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റായിട്ടുള്ള http://www.industry.kerala.gov.in എന്ന ലിങ്കിലൂടെയാണ് VYAVASAYA BHADRATHA (COVID-19 Relief package for MSMEs Interest Subvention for Term Loan & Working Capital Loan) എന്ന പോർട്ടലിൽ പ്രവേശിക്കുന്നത്. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിലേക്കായി അപേക്ഷകൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്; ക്വാർട്ടർ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്വയം സാക്ഷ്യപ്പെടുത്തിയ UAM രസീത്, ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽനിന്നുള്ള നിശ്ചിത പ്രൊഫോർമയിൽ ഉള്ള ശിപാർശ കത്ത് എന്നിവ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട വ്യവസായ വികസന ആഫീസറുടെ ലോഗിനിൽ ലഭിക്കുകയും ടിയാൻ ആയത് പരിശോധിച്ച് യോഗ്യമായ അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രം

ജനറൽ മാനേജർക്ക് സമർപ്പിക്കുകയും ന്യൂനതകളുള്ള അപേക്ഷകൾ അപേക്ഷകന് ന്യൂനത പരിഹരിക്കുന്നതിലേയ്ക്ക് പോർട്ടലിലൂടെ തിരികെ നൽകുകയും ചെയ്യുന്നു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആഫീസിൽ ലഭിച്ച അപേക്ഷകൾ മുൻഗണനാക്രമം പാലിച്ചുകൊണ്ട് അംഗീകരിച്ച് തുക അപേക്ഷകന്റെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നു.

## കോവിഡ് കാലത്തെ വ്യവസായ സംരക്ഷണം

2 (*204) ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലമുള്ള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ വ്യവസായ മേഖലയെ എപ്രകാരമാണ് ബാധിച്ചത്;

(ബി) ഇതുമൂലം ഏതെങ്കിലും ഫാക്ടറികൾ സ്ഥിരമായി അടച്ചു പൂട്ടുകയോ ഉല്പാദനം പകുതിയായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഈ പ്രതിസന്ധി കാലത്ത് ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ സംരക്ഷിക്കാൻ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; അറിയിക്കുമോ;

(ഡി) ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, (എ) കോവിഡ് മഹാമാരിയുണ്ടാക്കിയ സാമ്പത്തികമാന്ദ്യം കേരളത്തിലെ വ്യവസായ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. രാജ്യം മുഴുവൻ അടച്ചിടൽ പ്രഖ്യാപിച്ചതിനാൽ നമ്മുടെ സംരംഭക മേഖലയിൽ ഉൽപ്പാദന-വിതരണ-വിനിമയ പ്രവർത്തനങ്ങൾ നിൽത്തിവയ്ക്കേണ്ടിവന്നു. ദേശീയ-അന്തർദ്ദേശീയ വിതരണ ശൃംഖലകളെ ഈ പ്രതിസന്ധി ബാധിച്ചിട്ടുള്ളതിനാൽ പൂർവ്വസ്ഥിതി പ്രാപിക്കാൻ വേണ്ടിവരുന്ന കാലദൈർഘ്യത്തിലും അനിശ്ചിതത്വമുണ്ട്. കേരളത്തിലെ വ്യവസായ സംരംഭങ്ങളെ ഈ പ്രതിസന്ധി മൂന്ന് തരത്തിൽ ബാധിച്ചിട്ടുണ്ട്. അവ :

(1) 2020 മാർച്ച് 25- ന് പ്രഖ്യാപിച്ച രാജ്യവ്യാപക അടച്ചിടൽമൂലം ഉത്പാദന പ്രവർത്തനങ്ങൾ നിശ്ചലമായതോടെ സംരംഭങ്ങൾ നഷ്ടത്തിലായി.

(2) ഗതാഗത സംവിധാനം നിശ്ചലമായതോടെ മൊത്തവിതരണ ശൃംഖല താറുമാറായി.

(3) ഉൽപ്പന്നങ്ങളുടെ ഡിമാന്റ് ഇടിഞ്ഞ് സംരംഭങ്ങൾ നഷ്ടത്തിലായി.

(ബി) കോവിഡ് മഹാമാരി നിമിത്തം രാജ്യത്ത് അടച്ചിടൽ പ്രഖ്യാപിച്ചതുമൂലം പത്തനംതിട്ട ജില്ലയിൽ 16 വ്യവസായ സംരംഭങ്ങളും ആലപ്പുഴ ജില്ലയിൽ 3 സംരംഭങ്ങളും കോഴിക്കോട് ജില്ലയിൽ ഒരു വ്യവസായ സംരംഭവും അടച്ചുപൂട്ടിയിട്ടുണ്ട്. കൂടാതെ ഉൽപ്പാദനം കുറയ്ക്കേണ്ട അവസ്ഥയും ഉണ്ടായിട്ടുണ്ട്.

(സി) കോവിഡ് മഹാമാരി ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലുണ്ടാക്കിയ ആഘാതം കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ആത്മനിർഭർ ഭാരത് അഭിയാൻ പാക്കേജിന്റെ ഭാഗമായി എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS), ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം ഫോർ സബോർഡിനേറ്റ് ഡെബ്റ്റ്(CGSSD), പി.എം. ഫോർമലിസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റെർപ്രൈസ് (PM-FME) തുടങ്ങിയ സ്കീമുകളും സംസ്ഥാന സർക്കാരിന്റെ വ്യവസായ ഭദ്രതാ പാക്കേജും നിലവിലുണ്ട്. ഇതിൽ എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീമിലൂടെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 2020 ഫെബ്രുവരി 28 വരെ കുടിശ്ശികയായിട്ടുള്ള വായ്പയുടെ 20% വരെ അധിക പ്രവർത്തന മൂലധന വായ്പയായി ലഭിക്കുന്നു. 2021 ജനുവരി 2 വരെ ഈയിനത്തിൽ വിവിധ ബാങ്കുകൾ മുഖേന 145319 അക്കൗണ്ടുകളിലായി 6,368 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 109970 അക്കൗണ്ടുകളിലായി 5,595 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. CGSSD മുഖേന നിലവിൽ വായ്പയെടുത്തിട്ടുള്ളതും NPA, SMA-2 വിഭാഗത്തിലെ പ്രവർത്തനക്ഷമമായിട്ടു ള്ളതുമായ യൂണിറ്റുകൾക്ക് ആനുകൂല്യം ലഭിക്കും. PM-FME ഭക്ഷ്യ-സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് support നല്കുന്ന കേന്ദ്ര പദ്ധതിയാണ്.

(ഡി) കോവിഡ് മഹാമാരി ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലുണ്ടാക്കിയ ആഘാതം കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ആത്മനിർഭർ ഭാരത് അഭിയാൻ പാക്കേജിന്റെ ഭാഗമായി എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS), ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം ഫോർ സബോർഡിനേറ്റ് ഡെറ്റ് (CGSSD), പി.എം. ഫോർമലിസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (PM-FME) തുടങ്ങിയ സ്കീമുകളും സംസ്ഥാന സർക്കാരിന്റെ വ്യവസായ ഭദ്രതാ പാക്കേജും നിലവിലുണ്ട്. ഇതിൽ എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീമിലൂടെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 2020 ഫെബ്രുവരി 28 വരെ കുടിശ്ശികയായിട്ടുള്ള വായ്പയുടെ 20% വരെയുള്ള തുക അധിക

പ്രവർത്തനമൂലധന വായ്പയായി ലഭിക്കുന്നു. 2021 ജനവരി 2 വരെ ഈയിനത്തിൽ വിവിധ ബാങ്കുകൾ മുഖേന 145319 അക്കൗണ്ടുകളിലായി 6,368 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 109970 അക്കൗണ്ടുകളിലായി 5,595 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. CGSSD മുഖേന നിലവിൽ വായ്പയെടുത്തിട്ടുള്ളതും NPA, SMA-2 വിഭാഗത്തിലെ പ്രവർത്തനക്ഷമമായിട്ടുള്ളതുമായ യൂണിറ്റുകൾക്ക് ആനുകൂല്യം ലഭിക്കും PM-FME ഭക്ഷ്യ -സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് Spport നൽകുന്ന കേന്ദ്ര പദ്ധതിയാണ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ്. ലോക്ക്ഡൗൺ കാലത്ത് ഇവരുടെ ഉത്പാദനവും വിതരണവും ഉൽപ്പന്നങ്ങളുടെ ആവശ്യകതയും വളരെയേറെ കുറയുകയും രാജ്യവ്യാപകമായി ഈ മേഖല വലിയ തകർച്ചയിലേയ്ക്ക് പോകുകയും ചെയ്തപ്പോൾ, ഈ മേഖലയെ പിടിച്ചുനിർത്താൻ വേണ്ടി വ്യവസായ ഭദ്രതാ പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് ഒരു പരിധിവരെ അവരെ സഹായിച്ച അങ്ങയെയും ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്.

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലൊക്കെ തകർച്ചയുണ്ടായപ്പോൾ കേരളത്തിൽ ഇത്രയെങ്കിലും ചെയ്യാൻ സാധിച്ചത് വലിയ അനുഗ്രഹമാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ഈ സംരംഭകത്വം ഒരു സംസ്കാരമായി വളർന്നു വരേണ്ടതുണ്ട്. നമ്മുടെ അഭ്യസ്തവിദ്യരുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഇത് പ്രധാനപ്പെട്ട ഒരു പ്രതിവിധിയാണ്. ഇത്തരത്തിൽ നൂതനമായ ആശയങ്ങളുണ്ടെങ്കിലും ഒരു സംരംഭം പുതുതായി ആരംഭിക്കുന്ന കാര്യത്തിൽ പലർക്കും ആശങ്കയും സംശയവുമൊക്കെ ഉണ്ടാകുന്നുണ്ട്. കോളേജ്തലം മുതൽ വിദ്യാർത്ഥികളെ അതിന് പ്രാപ്തരാക്കുന്നതിന് ആവശ്യമായ അറിവും അവസരങ്ങളും നൽകാൻ അങ്ങയുടെ നേതൃത്വത്തിൽ എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കേരളത്തിൽ കഴിഞ്ഞ നാലര വർഷക്കാലത്തിനുള്ളിൽ 63542 MSME (Micro, Small and Medium Enterprises) യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി ഈ മേഖലയിൽ 5919.74 കോടി രൂപയുടെ നിക്ഷേപവും 223602 തൊഴിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വിവിധ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് MSME മേഖലയെ കൂടുതൽ വിപുലീകരിക്കാനും ശക്തിപ്പെടുത്താനുമുള്ള നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഇന്ന് വൻകിട വ്യവസായങ്ങൾക്കുള്ള സാധ്യത കുറവാണ്.

സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതു തന്നെയാണ് ഈ ഗവൺമെന്റിന്റെ നയം. അതുകൊണ്ടുതന്നെ MSME മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് 755.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2020 ഡിസംബർ വരെ 473.58 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ നിക്ഷേപത്തിനുള്ള നടപടികൾ ലളിതമാക്കാൻ, MSME മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കാൻ നിലവിൽ തടസ്സമായി നിൽക്കുന്ന നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തിക്കൊണ്ട് ഇന്ത്യയിലാദ്യമായി Ease of Doing Business-ന്റെ ഭാഗമായിട്ടുള്ള നിയമം പാസ്സാക്കിയത് കേരളത്തിലാണ്. എന്നുമാത്രമല്ല, ഇതിന് വേഗത കൂട്ടാൻ കഴിയത്തക്കനിലയിൽ കെ-സ്വിഫ്റ്റ് എന്ന പേരിൽ ഒരു ഓൺലൈൻ ക്ലിയറൻസ് സംവിധാനവും നടപ്പിലാക്കി. എന്നാൽ പിന്നീട് കാര്യങ്ങൾ പരിശോധിച്ചപ്പോഴാണ് ഇത്തരത്തിലുള്ള നിയമങ്ങൾ പാസ്സാക്കിയെങ്കിലും അതിന്റെ വേഗത കൂടി വരുന്നില്ല, ലൈസൻസുകളും അനുമതികളും ലഭിക്കാൻ കാലതാമസമുണ്ടാകുന്നു എന്നറിഞ്ഞത്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഒരു മാസത്തിനുള്ളിൽ ലൈസൻസുകളും അനുമതികളും ലഭ്യമാക്കാൻ കഴിയത്തക്കനിലയിലുള്ള നിയമ ഭേദഗതികൾ കൊണ്ടുവന്നത്. ഇതുപോലെതന്നെ ഇത്തരത്തിലുള്ള ഒട്ടനവധി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ MSME മാത്രമല്ല, ഇതര വ്യവസായങ്ങൾക്കും ഒരാഴ്ചക്കുള്ളിൽ ലൈസൻസുകളും അനുമതികളും ലഭിച്ച് നൂറ് കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾ ലഭ്യമാക്കി സംരംഭം ആരംഭിക്കാൻ കഴിയത്തക്കനിലയിലുള്ള നിയമങ്ങളുണ്ടാക്കി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയാണ്. MSME സ്ഥാപനങ്ങളിൽ നിന്നുമുണ്ടാകുന്ന ഉത്പന്നങ്ങൾക്ക് മാർക്കറ്റ് ഉണ്ടാക്കിയെടുക്കാൻ വ്യവസായ വകുപ്പിനുകീഴിൽ വാണിജ്യ ഡിപ്പാർട്ടുമെന്റുതന്നെ പ്രത്യേകമായി ഉണ്ടാക്കിയിട്ടുണ്ട്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ ചെയർമാനായിക്കൊണ്ടുള്ള വാണിജ്യ മിഷൻ, ദേശീയ രംഗത്തും അന്തർദ്ദേശീയ രംഗത്തും പുതിയ മാർക്കറ്റുകൾ കണ്ടെത്താൻ ഇവിടുത്തെ സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങൾക്കെല്ലാമാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ ഏത് രാജ്യത്താണോ വിലകുറച്ച് കിട്ടുന്നത് ഏത് പ്രദേശത്താണോ ഗുണനിലവാരമുള്ള വിലകുറഞ്ഞ ഉത്പന്നങ്ങൾ ലഭിക്കുന്നത്, ഇതെല്ലാം ശേഖരിച്ചുകൊണ്ട് വിതരണം നടത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് തുടങ്ങിയ വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. കോവിഡ് കാലത്ത് നമ്മുടെ ടൂറിസം മേഖലയെല്ലാം വളരെയധികം പ്രതിസന്ധി നേരിടുകയാണ്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾക്കൊക്കെ പലപ്പോഴും ടൂറിസമാണ് അനുഗ്രഹമായി മാറുന്നത്. ഇതെല്ലാം നേരിടുന്ന പ്രശ്നങ്ങൾ

മനസ്സിലാക്കിക്കൊണ്ട് വിപുലമായ വിപണി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ച് പ്രവർത്തിച്ചുവരികയാണ്. കൂടുതൽ നിക്ഷേപങ്ങളും സംരംഭങ്ങളും ആരംഭിക്കുന്നതിനുള്ള എല്ലാ പ്രോത്സാഹനങ്ങളും ഗവൺമെന്റ് ചെയ്തുകൊടുക്കുന്നുണ്ട്. ഇപ്പോൾ പ്രത്യേകിച്ച് ഒരു പരാതിയും ഈ രംഗത്ത് ഉണ്ടാകുന്നില്ല. നിലവിൽ ഏതാണ്ട് ഒരു ലക്ഷത്തി അറുപതിനായിരത്തിൽപ്പരം MSME യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് പ്രതിസന്ധി അഭിമുഖീകരിക്കുന്നത്. MSME യൂണിറ്റുകൾ നേരിടുന്ന വ്യാപാര തകർച്ചയും അതുമൂലമുണ്ടാകുന്ന സാമ്പത്തിക പ്രശ്നങ്ങളുമൊക്കെ പരിഹരിക്കുകയാണ്. ഈ സ്ഥാപനങ്ങളെയെല്ലാം കൂട്ടിയോജിപ്പിച്ച് ഒരു മൈക്രോ ഫിനാൻസ് കമ്പനി രൂപീകരിച്ചുകൊണ്ട് ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടി വ്യവസായ വകുപ്പിന്റെ ആലോചനയിലുണ്ട്. അതുകൂടി പരിശോധിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കും.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, പട്ടാമ്പി മണ്ഡലത്തിലെ കൊപ്പം പഞ്ചായത്തിൽ ആമയൂർ കമ്പനിപ്പറമ്പ് എന്ന ഒരു സ്ഥലമുണ്ട്. വ്യവസായ വകുപ്പിന്റെ രേഖയിലുണ്ടെങ്കിലും 40-45-ഓളം വർഷങ്ങളായി ശ്രദ്ധിക്കപ്പെടാതെ കിടക്കുകയായിരുന്നു ഈ സ്ഥലം. ഈ സർക്കാർ വന്നപ്പോൾ വ്യവസായ വകുപ്പിന്റെ സ്ഥലങ്ങളെല്ലാം എടുത്ത് അവിടെ സംരംഭങ്ങൾ തുടങ്ങാനുള്ള പ്രോത്സാഹനം കൊടുക്കുന്ന ഒരു നയം സ്വീകരിച്ചിരുന്നു. അതിന്റെ ഭാഗമായി ഏക്കർ കണക്കിന് സ്ഥലം ഏറ്റെടുത്ത് പല വ്യവസായ സ്ഥാപനങ്ങൾക്കും കൊടുത്തിട്ടുണ്ട്. എന്നാൽ ഇവിടെ രണ്ട് സെന്റിലും അഞ്ച് സെന്റിലുമായി തലമുറകളായി താമസിക്കുന്ന കുറച്ച് ആളുകളുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത അവർക്കിപ്പോൾ താലൂക്ക് ഓഫീസിൽ നിന്നും നോട്ടീസ് കിട്ടിയിരിക്കുകയാണ്. അവിടെനിന്നും കുടിയിറക്കുമോ എന്ന ഭയത്തിലാണ് അവർ നിൽക്കുന്നത്. അവരുടെ ആശങ്ക മാറ്റുന്നതിന് അങ്ങ് അടിയന്തരമായി ഇടപെടുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട പട്ടാമ്പി അംഗം പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞങ്ങൾ ഇതിനുമുൻപ് പരിശോധിച്ചിട്ടുള്ള വിഷയമല്ല, എന്നാൽ അത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലൊരു വിഷയം അവിടെയുണ്ടെന്ന് അദ്ദേഹം കണ്ടെത്തുകയും അദ്ദേഹംതന്നെ മുൻകയ്യെടുത്ത് വിഷയം ചർച്ച ചെയ്ത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നല്ലൊരു അന്തരീക്ഷംതന്നെ അവിടെ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അവിടെയുള്ള ധാരാളം ആളുകൾ ഈ കമ്പനിപ്പറമ്പിൽ താമസിച്ചുവരികയാണ്. കുടിയിറക്കുന്ന പ്രശ്നമൊന്നും ഇപ്പോൾ നമ്മുടെ മുൻപിൽ വന്നിട്ടില്ല, ആ കാര്യങ്ങൾ ആലോചിച്ചിട്ടുമില്ല. ഈ വിഷയത്തിൽ കൂടുതൽ

കാര്യങ്ങൾ പരിശോധിച്ച് പഠിച്ച് എല്ലാവരെയും സഹകരിപ്പിച്ചുകൊണ്ടും എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും അഭിപ്രായങ്ങൾ ആരാഞ്ഞു കൊണ്ടും മാത്രമേ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുകയുള്ളൂ. അവരെ കുടിയിറക്കാനോ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാനോ വ്യവസായ വകുപ്പിന്റെ മുൻപിൽ ഇപ്പോൾ അത്തരത്തിലൊരു പ്രശ്നമില്ല.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ വളരെ നാളുകൾക്കുശേഷം ലാഭത്തിലേയ്ക്ക് നീങ്ങുകയാണ്. ഇപ്പോൾത്തന്നെ ഏകദേശം 15 പൊതുമേഖലാ സ്ഥാപനങ്ങൾ കൃത്യമായി ലാഭത്തിലേയ്ക്കെത്തിയിട്ടുണ്ട്. ഈ ശൈലി തുടരണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സ്ഥാപനങ്ങളുടെ കൈവശമുള്ള ഉപയോഗശൂന്യമായിക്കിടക്കുന്ന ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി MSME യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്?

ശ്രീ. ഇ. പി. ജയരാജൻ: സർ, നേരത്തെതന്നെ ആരംഭിച്ചിട്ടുള്ളതും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ ഒട്ടനവധി വ്യവസായ കേന്ദ്രങ്ങളുണ്ട്. അതുപോലെതന്നെ നമ്മുടെ KSIDC (Kerala State Industrial Development Corporation), KINFRA (Kerala Industrial Infrastructure Development Corporation), SIDCO (Kerala Small Industries Development Corporation Ltd.) തുടങ്ങിയ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളുമുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം പ്രവർത്തിക്കുന്ന മിക്ക ഏരിയകളിലും അല്ലെങ്കിൽ മിക്ക ഇൻഡസ്ട്രിയൽ കേന്ദ്രങ്ങളിലുമുള്ള ഭൂമി വ്യവസായ ആവശ്യങ്ങൾക്കുതന്നെ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നാല് വർഷക്കാലത്തിനുള്ളിൽ ഓരോ ജില്ലയിലും ഉപയോഗശൂന്യമായി കിടന്ന ഭൂമിയുടെ കണക്കെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ ഇത് സംരംഭകർക്ക് കൊടുക്കുക എന്നുള്ള നിലപാടാണ് സ്വീകരിച്ചത്. അങ്ങനെ പരിശോധിച്ചപ്പോൾ ഭൂമി വാങ്ങിയെങ്കിലും വ്യവസായം തുടങ്ങാത്ത ചിലരുണ്ട്. പക്ഷെ നിയമപരമായി ഭൂമി അവരുടെ കൈവശമാണുള്ളത്. അവർ പലരും ഇപ്പോൾ രംഗത്തുവന്ന് പുതിയ സംരംഭം ആരംഭിക്കാൻ തയ്യാറാകുന്നു. ഇനിയും ഇതുസംബന്ധിച്ച് പരിശോധിച്ച് എവിടെയെങ്കിലും ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയുണ്ടെങ്കിൽ ആ ഭൂമി തീർച്ചയായും വ്യവസായ സംരംഭങ്ങൾക്കുവേണ്ടി ഉപയോഗിക്കും. MSME യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി മുന്നോട്ടുവരുന്നവർക്ക് ആവശ്യമുള്ള

സഹായങ്ങൾ ചെയ്തുകൊടുത്തുകൊണ്ട് സംരംഭത്തെ പ്രോത്സാഹിപ്പിക്കും. ഇപ്പോൾ കേരളത്തിൽത്തന്നെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശം ഭൂമിയുണ്ട്. പ്രത്യേകിച്ച് സ്പിന്നിംഗ് മില്ലുകളുടെ ഒഴിഞ്ഞുകിടക്കുന്ന തരിശുഭൂമിയിൽ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി ഇപ്പോൾ വ്യാപകമായി കൃഷി ചെയ്യുകയാണ്. മത്സ്യം വളർത്തുന്നത് തൊഴിലാളികളും മാനേജ്മെന്റുകളും കൂടിയാണ്. KMML (kerala Minerals and Metals Ltd.) ഒരു ബ്രാൻഡ് അരിതന്നെയുണ്ടാക്കി മാർക്കറ്റ് ചെയ്യുകയാണ്. ഉൽപ്പാദനമേഖലയിൽ നടത്തിയ പരിശ്രമങ്ങൾക്ക് തിരുവനന്തപുരത്തെ ട്രൈറ്റാനിയത്തിനാണ് സംസ്ഥാന അവാർഡ് കിട്ടിയിരിക്കുന്നത്. ഇങ്ങനെ കേരളത്തിന്റെ ഓരോ പ്രശ്നങ്ങളും കണ്ടെത്തി അവയ്ക്ക് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഇനിയും പരിശോധിക്കുകയും വ്യവസായങ്ങൾക്കു വേണ്ടി പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യാം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കോവിഡ് കാലം സംഭാവന ചെയ്ത പ്രതിസന്ധി ഏറ്റവും കൂടുതൽ വ്യാപിച്ചിട്ടുള്ളത് വ്യാപാര മേഖലയിലും ഉൽപ്പാദന മേഖലയിലുമാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ ഉൽപ്പാദനത്തിന്റെ കേന്ദ്രീകരണ സ്വഭാവം മാറുകയും വികേന്ദ്രീകരണമായിത്തീരുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഉപഭോഗ രീതിയിലും മാറ്റമുണ്ടായി വരുന്നുണ്ട്. ഇതിനെക്കുറിച്ച് കൃത്യമായി പഠിക്കേണ്ടതുണ്ട്. ഒരു ഉദാഹരണം പറഞ്ഞാൽ, ഓൺലൈൻ വ്യവസായത്തോടനുബന്ധിച്ച് തമിഴ്നാട്ടിലെ ഉൽപ്പന്നങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവന്ന് വിൽക്കുന്നതു കാരണം നമ്മുടെ വ്യാപാരമേഖലയിൽ ചെറുതും വലുതുമായ പ്രതിസന്ധിയുണ്ടാകുന്നുണ്ട്. അഞ്ച് രൂപയ്ക്ക് ചായ അഞ്ച് രൂപയ്ക്ക് പൊരിപ്പ് ഇങ്ങനെ വിൽക്കുകയാണ്. ഒരു ദിവസം കോടിക്കണക്കിന് രൂപയുടെ വിൽപ്പന നടക്കുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. വിൽപ്പനയേക്കാൾ പ്രധാനം ആരോഗ്യപരിരക്ഷ പരിശോധിക്കാനുള്ള ഒരു സംവിധാനവും അവിടെ ഇല്ലെന്നുള്ളതാണ്. ഇത്തരം വ്യാപാരമേഖലകൾ വികേന്ദ്രീകരിക്കപ്പെടുകയും കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വീട്ടിൽ കച്ചവടം നടത്തുകയും അതുവഴി നമ്മുടെ ഉൽപ്പാദനത്തിന്റെ മാർക്കറ്റിംഗ് സംവിധാനം പ്രതിസന്ധിയിലാകുയും ചെയ്തതിനാൽ വികേന്ദ്രീകൃതമായ ഉൽപ്പാദനവും മാർക്കറ്റിംഗ് സംവിധാനവും സുദൃഢവും ശാസ്ത്രീയവുമായി മാറ്റുന്നതിനായി കേരളത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ പറ്റിയ വിധത്തിലുള്ള ആലോചനയും പഠനവും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, വ്യവസായ വകുപ്പുമാത്രമായി പഠിക്കേണ്ട ഒരു വിഷയമല്ല ഇത്. ഇത് നമ്മുടെ സംസ്ഥാനത്ത് ഇന്നുള്ള ഒരു സ്ഥിതിവിശേഷമാണ്. ഇവിടെ പ്രധാനമായും ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ചോദ്യങ്ങൾ MSME-യുമായി ബന്ധപ്പെട്ടുള്ളതാണ്. അതായത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളും അതിന്റെ പ്രശ്നങ്ങളുമാണ്. അതിൽപ്പെടുന്നതല്ല ഈ ചോദ്യം. ബേക്കറി വിഭവങ്ങൾ, കൈത്തറി, ഗാർമെന്റ്സ് തുടങ്ങി പലതരം ഉൽപ്പന്നങ്ങൾ സ്വകാര്യ വ്യക്തികൾ ഉണ്ടാക്കുന്നുണ്ട്. കൂടാതെ സ്ത്രീകൾ കുടുംബശ്രീ മുഖേന അച്ചാറുകൾ ഉണ്ടാക്കുന്നുണ്ട്. ഇതൊക്കെ അവർ മാർക്കറ്റ് ചെയ്യുന്നുമുണ്ട്. ഇപ്പോൾ MSME മാത്രമല്ല മറ്റ് പല സ്ഥാപനങ്ങളുടെയും മാർക്കറ്റ് ദുർബ്ബലപ്പെട്ടുവരുന്നുണ്ട്. വിൽപ്പനയ്ക്കുള്ള സാധ്യത മങ്ങി. കയറ്റുമതിയില്ല, വിമാന സർവ്വീസില്ല. പഴയതുപോലെ സോപ്പുകളൊക്കെയുണ്ടാക്കി വിൽക്കാൻ കൊണ്ടുവന്നാൽപ്പോലും ആളുകൾ വാങ്ങുന്നില്ല. അങ്ങനെവരുമ്പോൾ ഇത് ഡോർ ടു ഡോർ സപ്ലൈ സ്കീമിലേയ്ക്കു പോകുന്നു. തൽഫലമായി ഓരോ ഉൽപ്പന്നങ്ങളും അവരവരുടെ പ്രാപ്തിക്കും കഴിവിനുമനുസരിച്ചാണ് നാട്ടിൽ വിതരണം ചെയ്യുന്നത്. പൊതുവായ പ്രശ്നമെന്ന നിലയിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും വ്യവസായ സ്ഥാപനം കോവിഡ് കാലത്ത് ഇത്തരം ഉൽപ്പന്നങ്ങളുണ്ടാക്കി വീടുകളിൽ കൊടുത്തതുകൊണ്ട് എന്തെങ്കിലും പ്രശ്നമുണ്ടായിട്ടുള്ളതായി ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാവരുമായി ആലോചിക്കേണ്ട ഒരു പൊതുവിഷയമായി കണ്ട് ഈ വിഷയം പരിശോധിക്കാവുന്നതാണ്.

ശ്രീ. എൽദോ എബ്രഹാം: സർ, ഈ കോവിഡ് കാലത്ത് നാം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് തൊഴിൽ നഷ്ടമാണ്. തൊഴിൽ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി വനിതകളുടെ MSME യൂണിറ്റുകൾ വ്യാപകമായി ആരംഭിക്കുന്നതിന് കേരള ബാങ്കുമായി ചേർന്നുകൊണ്ട് ഒരു പ്രത്യേക പദ്ധതി ആലോചിക്കുമോ; അതോടൊപ്പംതന്നെ കോവിഡ് കാലത്ത് ആയിരക്കണക്കിന് ഇതര സംസ്ഥാന തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുനിന്ന് മടങ്ങിപ്പോകുന്ന സ്ഥിതിവിശേഷമുണ്ടായത് കേരളത്തിലെ ചെറുകിട സംരംഭങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളെ തിരികെകൊണ്ടുവന്ന് നമ്മുടെ സമ്പദ്ഘടനയ്ക്കുണ്ടായിട്ടുള്ള മാന്ദ്യം പരിഹരിക്കാൻ സർക്കാർ ഏതെല്ലാം വിധത്തിലുള്ള ആലോചനകളാണ് നടത്തിയിട്ടുള്ളത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇപ്പോൾ വ്യവസായ വകുപ്പ് സാധാരണ ആരംഭിക്കുന്ന MSME-കൾക്ക് 15 ശതമാനം ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. അതിപ്പോൾ വർദ്ധിപ്പിച്ച് മൊത്തം നിക്ഷേപ മൂലധനത്തിന്റെ 25 ശതമാനം

ഗവൺമെന്റ് സബ്സിഡിയായി നൽകുന്നുണ്ട്. അതുപോലെ എസ്.സി./എസ്.ടി. വനിതകൾക്ക് നേരത്തെ 20 ശതമാനം സഹായമുണ്ടായിരുന്നത് ഇപ്പോൾ 25 ശതമാനമായി വർദ്ധിപ്പിക്കുകയാണ്. വിദേശരാജ്യങ്ങളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന പ്രവാസികൾ തിരിച്ചുവരികയാണ്. അതിനാൽ തൊഴിൽ മേഖലയിൽ പുതിയ സാധ്യതകൾ ഉയർത്തിക്കൊണ്ടുവരേണ്ടതായിട്ടുണ്ട്. പ്രവാസികൾ മുൻകയ്യെടുത്ത് പുതിയ സംവിധാനങ്ങൾ ആരംഭിക്കുമ്പോൾ അവർക്കും 25 ശതമാനം സബ്സിഡി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിനുപുറമെ കോവിഡ്-19-ന്റെ കാലത്ത് പലിശയിനത്തിൽ ആറ് മാസത്തെ പലിശ പൂർണ്ണമായും റൈറ്റ് ഓഫ് ചെയ്തിട്ടുണ്ട്, മൊറട്ടോറിയവും പ്രഖ്യാപിച്ചിട്ടുണ്ട്. മൂന്ന് മാസത്തെ മൊറട്ടോറിയം അനുവദിച്ചത് പോരാ, ആറ് മാസം വേണമെന്നു പറഞ്ഞ് ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ ഹൈക്കോടതിയിൽ കേസ്സിനുപോയി. ഹൈക്കോടതി അത് തത്വത്തിൽ അംഗീകരിച്ചു; പക്ഷെ അതിനെതിരായി മൊറട്ടോറിയം കാലം മൂന്ന് മാസമാക്കി ചുരുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റ് സുപ്രീം കോടതിയിൽ പോയി, അതിന്റെ വിധി ഇതുവരെ വന്നിട്ടില്ല. ആറ് മാസക്കാലത്തിന്റെ പ്രശ്നമുള്ളതുകൊണ്ടും സുപ്രീം കോടതി വിധി വരാത്തതുകൊണ്ടും ഈ രംഗത്ത് ആനുകൂല്യങ്ങൾ വാങ്ങുന്നതിനുള്ള അപേക്ഷകളൊന്നും ഇപ്പോൾ വേണ്ടത്ര വരുന്നില്ല. പക്ഷെ ഞങ്ങളുടെ കൈവശം വന്നുചേർന്നിട്ടുള്ള വിവിധ വ്യവസായ കേന്ദ്രങ്ങളിൽനിന്നുള്ള അപേക്ഷകളും മറ്റും പരിശോധിച്ചുകൊണ്ട് അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോടതി വിധി വന്നുകഴിഞ്ഞാൽ ഈ സംരംഭങ്ങൾക്കെല്ലാം പുതിയ സഹായങ്ങൾ കൊടുക്കാൻ സാധിക്കും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇരുപതോളം വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയെന്ന് ഇവിടെ ചോദ്യത്തിന്റെ ഉത്തരമായിത്തന്നെ പറയുന്നുണ്ട്. അടച്ചുപൂട്ടിയപ്പോൾ ഒത്തിരി ആളുകൾക്ക് തൊഴിൽനഷ്ടം സംഭവിച്ചിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകേണ്ടത് അനിവാര്യമാണ്. കാരണം, അവർ വലിയ പ്രയാസത്തിലാണെന്ന് നമുക്ക് മനസ്സിലാകും. ഒത്തിരി ചെറുതും വലുതുമായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്, അവരൊക്കെ പട്ടിണിയിലും വലിയ പ്രശ്നങ്ങളിലുമാണ്. അങ്ങനെയുള്ള ആളുകൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം സർക്കാർ നൽകിയിട്ടുണ്ടോ, ഇല്ലെങ്കിൽ സഹായം നൽകാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, വ്യവസായ ഭദ്രതാ പദ്ധതി പ്രകാരം ഈ കോവിഡ് കാലത്ത് വ്യവസായങ്ങളെ സംരക്ഷിക്കാനും തുടർന്ന് വ്യവസായം നടത്തിക്കൊണ്ടുപോകാനുമുള്ള സാമ്പത്തിക സഹായങ്ങൾ KSIDC, KINFRA എന്നിവിടങ്ങളിൽനിന്നും ലഭ്യമാക്കുന്നുണ്ട്. സംസ്ഥാന ബാങ്കിംഗ് കമ്മിറ്റികളിലും ജില്ലാ ബാങ്കിംഗ് കമ്മിറ്റികളിലുമൊക്കെ ഇടപെട്ട് നമ്മുടെ സംരംഭകർക്ക് പരമാവധി സാമ്പത്തിക സഹായം നൽകി ഈ കാലഘട്ടത്തിൽ തകർന്നുകൊണ്ടിരിക്കുന്ന വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ എല്ലാ ഇടപെടലുകളും നടത്തിയിട്ടുണ്ട്. SLBC (State Level Bankers' Committee)-ൽ ഒക്കെ ഈ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നമുക്ക് ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ, വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പുവഴി സംരംഭക സഹായ പദ്ധതി നടപ്പാക്കിവരികയാണ്. Entrepreneur Support Scheme വഴിയും കൂടുതൽ സഹായങ്ങൾ നൽകി നിലനിർത്താനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അവരുടെ ബാധ്യതകൾ ലഘൂകരിക്കാൻ ഗവൺമെന്റ് ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഞാൻ മേശപ്പുറത്തുവച്ചിരിക്കുന്ന ഉത്തരത്തിൽത്തന്നെ ഈ കാര്യങ്ങളെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. KSIDC-യും KINFRA-യും SIDCO-യും ഈ രംഗത്ത് നൽകിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾ വിസ്തരിച്ച് പറയുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പ്രളയാനന്തര, കോവിഡാനന്തര കാലഘട്ടത്തിലെ ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് വലിയ രീതിയിലുള്ള പ്രതിസന്ധിയുണ്ട്. അതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് വ്യവസായ വകുപ്പിന്റെ കെട്ടിടങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലുമാണ്. വാടകയിൽ ധാരാളം കുടിശ്ശിക വരുത്തിയിട്ടുണ്ട്. അതിനുമുകളിൽ ഇപ്പോൾ പിഴപ്പലിശ ഈടാക്കിക്കൊണ്ടിരിക്കുകയാണ്. ഈയൊരു സന്ദർഭത്തിൽ വാടകയിലുണ്ടാകുന്ന പിഴപ്പലിശ ഒഴിവാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; 100 കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ഒരാഴ്ചയ്ക്കുള്ളിൽ ലൈസൻസ് കൊടുക്കുമെന്ന് അങ്ങ് പറഞ്ഞു. അതുമായി ബന്ധപ്പെട്ട എത്ര സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്താനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റുതന്നെ നിയോഗിച്ച സമിതിയുടെ പഠന റിപ്പോർട്ടുണ്ട്. കേരളത്തിലെ 14 ജില്ലകൾക്കും പ്രത്യേകമായിട്ടുള്ള വ്യവസായ സാധ്യതകളെക്കുറിച്ചുള്ള റിപ്പോർട്ടുണ്ട്. ഇതുസംബന്ധിച്ച എല്ലാ വിശദാംശങ്ങളും വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിലുണ്ട്. ഒരു സംരംഭകൻ 100 കോടി രൂപ വരെ ഇൻവെസ്റ്റ് ചെയ്യാൻ മുന്നോട്ടുവരികയാണ്; അദ്ദേഹം വെറുതെ വരികയല്ല. ഇക്കാര്യങ്ങളെക്കുറിച്ച് നമ്മെക്കാളും ഫലപ്രദമായി പഠിച്ചുകൊണ്ട്, അതായത് കേരളത്തിന്റെ സാധ്യതകൾ, വ്യവസായ വളർച്ചയുടെ സാധ്യതകൾ, അതിന്റെ മാർക്കറ്റ്, വിദേശ മാർക്കറ്റ്, ഇന്ത്യൻ മാർക്കറ്റ്, അസംസ്കൃത വസ്തുക്കൾ അതുപോലെ manpower ഇതെല്ലാം പരിശോധിച്ചുകൊണ്ടുള്ള സാധ്യതകൾ മനസ്സിലാക്കിയാണ് അവർ വ്യവസായ വകുപ്പിനെ സമീപിക്കുന്നത്. അത്തരം ആളുകൾക്ക് കൂടുതൽ വിവരങ്ങൾ/അറിവുകൾ നൽകാനുള്ള സംവിധാനം എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും വ്യവസായ ഡയറക്ടറേറ്റിലുമുണ്ട്. ഇതിനുപുറമേ, കിൻഫ്രയിലും കെ.എസ്.ഐ.ഡി.സി.-യിലും ഇതിന്റെ സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. അതുകൊണ്ട് ഇന്ന് നിക്ഷേപകരായി വരുന്നവർക്ക് വ്യവസായത്തിന്റെ സാധ്യതകളെക്കുറിച്ചും അതിനുവേണ്ടിവരുന്ന മറ്റ് കാര്യങ്ങളെക്കുറിച്ചും പ്രത്യേകമായി അവർക്കുതന്നെ ഇൻഫർമേഷൻ ലഭിക്കുന്ന സ്ഥിതിയുണ്ട്. അതിനാൽ അക്കാര്യത്തിൽ ഉത്കണ്ഠപ്പെടേണ്ടതില്ല. കേരളത്തിൽ 'നീതി ആയോഗ് തയ്യാറാക്കിയിട്ടുള്ള 2020-ലെ സൂചികയിൽ ഇന്ത്യയിലെ 5 സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ പരിഗണിച്ചു. മാത്രമല്ല, ഇന്ന് മാതൃഭൂമി പത്രം ഒരു വാർത്ത റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 'വ്യവസായ രംഗത്ത് കേരളത്തിന്റെ കുതിപ്പ്', ദേശീയ നവീന സംരംഭക സൂചികയിൽ ഏറ്റവും മികവ് പുലർത്തിയിട്ടുള്ള ഇന്ത്യൻ സംസ്ഥാനം കേരളമാണ്. നൂതന-സാങ്കേതികവിദ്യ, ഇന്റർനെറ്റ് സംവിധാനങ്ങൾ, കൂടുതൽ മാർക്കറ്റിംഗിനുവേണ്ടിയുള്ള കാര്യങ്ങൾ; ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന ഒട്ടനവധി വ്യവസായ സംരംഭങ്ങൾക്ക് പിന്നോട്ടടി നൽകുന്ന നിയമങ്ങളൊക്കെ മാറ്റിമറിച്ചത് ഇതൊക്കെ പരിശോധിച്ചുകൊണ്ടാണ്. ഇത്തരത്തിലുള്ള ഒരംഗീകാരം നീതി ആയോഗ് തന്നെ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിലും ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നിരീക്ഷണത്തിലുമാണുണ്ടായിട്ടുള്ളത്. ഇന്ത്യാ ഗവൺമെന്റിന്റെ ഇപ്പോഴത്തെ റിപ്പോർട്ട് നിക്ഷേപ സൗഹൃദമാണ്. കേരളത്തിലെ തൊഴിലാളികൾ, വൈജ്ഞാനിക പ്രാവീണ്യമുള്ളവരാണ്. അതുപോലെതന്നെ ഉൽപ്പാദന മേഖലയിൽ നല്ലൊരന്തരീക്ഷം ഇപ്പോഴുണ്ട്. മാർക്കറ്റിംഗ് വിതരണ രംഗത്ത്, കോവിഡിന്റെ കാലത്തുണ്ടാകുന്ന പ്രശ്നങ്ങളെ അതിജീവിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതെല്ലാം പരിശോധിച്ചുകൊണ്ടാണ് നീതി ആയോഗ് തയ്യാറാക്കിയിട്ടുള്ള സൂചികയിൽ കേരളം

മുൻപന്തിയിലേയ്ക്ക് വന്നിട്ടുള്ളത്. ഇന്ത്യയിലെ പ്രമുഖ സംസ്ഥാനങ്ങളിൽതന്നെ അഞ്ചിലൊന്ന് കേരളമായി. ഇത്തരത്തിൽ വൈജ്ഞാനിക രംഗങ്ങളെ ഉപയോഗപ്പെടുത്തുന്ന രംഗങ്ങളിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. കൂടുതൽ കരുത്തോടുകൂടി പോയാൽ കേരളം ഒരു വ്യവസായ നിബിഡ സംസ്ഥാനമാകും. കേരളം വ്യവസായ വളർച്ചയിലൂടെ ഒരു പുതിയ ഐശ്വര്യം നേടിയെടുക്കും. നമ്മുടെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മ ആയതിനാൽ അത് പരിഹരിക്കാൻ നമുക്ക് കൂടുതൽ വ്യവസായങ്ങൾ വേണം; തൊഴിലവസരങ്ങൾ ഉണ്ടാക്കണം; അത് കേരളത്തിന്റെ സാമ്പത്തികശേഷിയെ വർദ്ധിപ്പിക്കും. ഈ സാമ്പത്തികശേഷിയാണ് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഏറ്റവും ഫലപ്രദമായ നടപടി. ഈ ദൗത്യം പിണറായി ഗവൺമെന്റ് കേരളത്തിൽ ഭംഗിയായി നിർവ്വഹിക്കുന്നു. ഇതിനുവേണ്ടിയുള്ള നിരീക്ഷണങ്ങളും പരിശോധനകളും കൃത്യമായിത്തന്നെ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ആവശ്യമുള്ള എല്ലാ കാര്യങ്ങളിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ട് ആവശ്യമായിട്ടുള്ള എല്ലാ കരുത്തും ശക്തിയും വ്യവസായ വകുപ്പിന് തന്നുകൊണ്ടിരിക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ശ്രീ. എൽദോ എബ്രഹാം വ്യവസായ വകുപ്പുമന്ത്രിയോട് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. വനിതകൾക്കുവേണ്ടി കേരള ബാങ്കുവഴി വായ്പാ പദ്ധതി ഒരുക്കുമോ എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം.

കേരള ബാങ്ക് രൂപീകരിച്ചിട്ട് ഒരു വർഷം തികയുന്ന ഈ ഘട്ടത്തിൽ ഒരു പുതിയ പദ്ധതി ഞങ്ങൾ നടപ്പിലാക്കുന്നുണ്ട്. 'സഹജ' എന്നാണ് ആ പദ്ധതിയുടെ പേര്. വനിതാ സ്വയംസഹായ സംഘങ്ങൾക്കും വനിതാ ആക്ടിവിറ്റി ഗ്രൂപ്പുകൾക്കും റിവോൾവിംഗ് ഫണ്ടായി പ്രവർത്തനമൂലധനം നൽകുന്ന പ്രത്യേക പദ്ധതിയാണ്, അത് നടപ്പിലാക്കുന്നുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തിരുവനന്തപുരത്ത് വേളിയിലുള്ള 'ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി' 165 ദിവസമായി അടച്ചിട്ടിരിക്കുകയാണ്. കോവിഡ് കാലത്ത് അടച്ചിട്ടതാണ്. ഏകദേശം 500-ഓളം തൊഴിലാളികളും ആയിരത്തോളം പരോക്ഷമായി ജോലി ചെയ്യുന്ന തൊഴിലാളികളുമുണ്ട്. അവരെല്ലാം പട്ടിണിയിലാണ്. ഒരു കുടുംബം ആത്മഹത്യ ചെയ്തു. മറ്റൊരു കുടുംബത്തിലെ ഒരാൾ ആത്മഹത്യയ്ക്ക് ശ്രമിച്ചപ്പോൾ കുടുംബത്തിന്റെ ഇടപെടൽമൂലം രക്ഷപ്പെടുത്താൻ കഴിഞ്ഞു. ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കണമെന്നതാണ് പ്രധാന ആവശ്യം. അതുപോലെതന്നെ ലേ ഓഫ് കോമ്പൻസേഷൻ കൊടുക്കണം. ശമ്പള പരിഷ്കരണത്തിന്റെ ചർച്ച കഴിഞ്ഞ് കരാർ ഒപ്പിട്ട് 4 വർഷമായിട്ടും ഇതുവരെ

കൊടുത്തിട്ടില്ല. അതുമായി ബന്ധപ്പെട്ട് ഇന്ററിം റിലീഫ് കൊടുക്കണമെന്ന് പറഞ്ഞിട്ടും കമ്പനി അതിന് തയ്യാറാകുന്നില്ല. അതുപോലെ മരണപ്പെട്ടയാൾക്ക് രണ്ട് കുട്ടികളുണ്ട്, 25 ലക്ഷം രൂപവീതം കൊടുക്കണമെന്നും അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ജോലി കൊടുക്കണമെന്നുമുള്ള ആവശ്യങ്ങളുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിയമസഭയിൽ ഇക്കാര്യം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി, കാര്യങ്ങൾ പരിഹരിക്കും; കഴിഞ്ഞ 12-ാം തീയതി ചർച്ച വച്ചിട്ടുണ്ടെന്നും പറഞ്ഞു. അന്ന് ചർച്ച നടന്നെങ്കിലും അതിനുശേഷവും ഒരു തീരുമാനവുമായില്ല. അതുകഴിഞ്ഞ് മാനേജ്മെന്റ് ആവശ്യപ്രകാരം ഇന്നലെ ചർച്ച നടന്നു, അതിലും തീരുമാനമുണ്ടായിട്ടില്ല. അടുത്തമാസം 24-ാം തീയതി ചർച്ചയ്ക്ക് വച്ചിരിക്കുകയാണ്. ഇന്ന് സമരത്തിന്റെ 165-ാമത്തെ ദിവസമാണ്. തൊഴിലാളികൾ പട്ടിണിയിലാണ്. കേരളത്തിലെ പതിനൊന്നര ഏക്കർ ഭൂമി പാട്ടത്തിനെടുത്താണ് ഈ കമ്പനി നടത്തുന്നത്. ലാഭകരമായി പ്രവർത്തിക്കുകയാണ്. കരാറനുസരിച്ച് തൊഴിലാളികളുടെ മൂന്ന് ലക്ഷത്തോളം രൂപ ഡ്യൂസായി അവരുടെ കൈവശമുണ്ട്. എന്നിട്ട് ഇന്ററിം റിലീഫ് കൊടുക്കുന്നതിനുപോലും തയ്യാറാകുന്നില്ല. ഗവൺമെന്റിന്റെ മൂന്ന് മന്ത്രിമാർ പങ്കെടുത്ത ചർച്ചയിൽപ്പോലും മാനേജ്മെന്റ് ഒന്നിനും വഴങ്ങാതെ, ഓരോരോ കാര്യങ്ങൾ പറഞ്ഞ് നീട്ടിക്കൊണ്ടുപോകുകയാണ്. എക്സിക്യൂട്ടീവ് ഡയറക്ടർ വരട്ടെ എന്നുപറഞ്ഞു. ഇന്നലത്തെ യോഗത്തിൽ ഡയറക്ടർ ബോർഡ് കൂടട്ടെ എന്നുപറയുന്നു. ഓരോരോ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഈ ഫാക്ടറി തുറക്കാതിരിക്കുന്നതിലേയ്ക്കുവേണ്ടി, തൊഴിലാളികളെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികളാണ് മാനേജ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ കർക്കശമായ നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഇതുസംബന്ധിച്ച് മാനേജ്മെന്റുമായും തൊഴിലാളി യൂണിയൻ നേതാക്കളുമായും നിരവധി കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. ഇവിടെ ശ്രീ. വി. എസ്. ശിവകുമാർ പറഞ്ഞിരിക്കുന്ന കാര്യം ശരിയാണ്. ഇന്നേയ്ക്ക് ഏതാണ്ട് 155 ദിവസമായി. ഒരു തൊഴിലാളിക്കും ലേ ഓഫ് ആനുകൂല്യങ്ങളോ ഒരു നോട്ടീസോപോലും കൊടുക്കാതെ 'ബ്രിട്ടീഷ് ഇന്ത്യ ക്ലേ കമ്പനി' അടച്ചുപൂട്ടി പോവുകയാണ് ചെയ്തിട്ടുള്ളത്. അവരുടെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നത് ഗുജറാത്തിലാണ്. ഈ കമ്പനി തുറപ്പിക്കുന്നതിനുവേണ്ടി ലേബർ ഡിപ്പാർട്ടുമെന്റ്, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി എന്നിവർ ഇടപെട്ടുകൊണ്ട് നിരവധി കോൺഫറൻസുകളും ചർച്ചകളും നടത്തി. ഇതിനെത്തുടർന്ന് വ്യവസായ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ഞാനും തൊഴിൽ വകുപ്പുമന്ത്രിയും ശ്രീ. കടകംപള്ളി സുരേന്ദ്രനും പങ്കെടുത്തുകൊണ്ട് ഇതിനുമുമ്പൊരു

ചർച്ച നടത്തി. അന്നതിന്റെ എക്സിക്യൂട്ടീവ് മെമ്പർ ഉണ്ടായിരുന്നില്ല. അതുകൊണ്ട് അത് മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഇന്നലെ അതിനുവേണ്ടിയുള്ള ഒരു മീറ്റിംഗ് വീണ്ടും ചേർന്നു. പക്ഷേ മാനേജ്മെന്റ് തികച്ചും തെറ്റായ നിലപാടാണ് സ്വീകരിക്കുന്നത്. അവർ ഇത് നഷ്ടത്തിലാണെന്നൊക്കെയുള്ള ന്യായം പറഞ്ഞ്, ഇവിടെനിന്ന് കമ്പനിയുടെ ഉൽപ്പാദനം സ്തംഭിപ്പിച്ച് രക്ഷപ്പെടാനുള്ള വഴികളാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഇന്നലത്തെ യോഗത്തിലും കഴിഞ്ഞ യോഗങ്ങളിലും ശക്തമായ നിലപാടുതന്നെ എടുത്തിട്ടുണ്ട്. അവിടത്തെ ഒരു തൊഴിലാളി ആത്മഹത്യ ചെയ്തു. ഒരു തൊഴിലാളി കമ്പനിയിൽത്തന്നെ ആത്മഹത്യചെയ്യാനുള്ള വക്കോളമെത്തിയപ്പോൾ അവിടത്തെ തൊഴിലാളികളെല്ലാം കൂടി വന്ന് രക്ഷപ്പെടുത്തുകയാണ് ചെയ്തത്. ഗവൺമെന്റ് ഇതിനെ വളരെ ഗൗരവമേറിയ പ്രശ്നമായിത്തന്നെയാണ് കണ്ടത്. അതുകൊണ്ടുതന്നെ കമ്പനി പൂട്ടി രക്ഷപ്പെടാൻ ശ്രമിക്കുന്ന  മാനേജ്മെന്റിനെക്കൊണ്ടുതന്നെ ആ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. പരമാവധി അതിനുവേണ്ടിയിട്ടുള്ള ശ്രമം തുടരുന്നുണ്ട്. എല്ലാ യൂണിയൻകാർക്കും നാട്ടുകാർക്കുമൊക്കെ ഗവൺമെന്റ് അതിനുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങളറിയാം. ലേബർ ഡിപ്പാർട്ടുമെന്റും അതിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ലേബർ മിനിസ്റ്റർ ഈ യോഗങ്ങളിലൊക്കെ പങ്കെടുത്തിട്ടുള്ളതാണ്. അദ്ദേഹത്തിനും ഇതുസംബന്ധിച്ച് കാര്യങ്ങൾ പറയാൻ കഴിയും.

<u>ശ്രീ. കെ. ബാബു</u>: സർ,  കേരളത്തിൽ വ്യാവസായിക വളർച്ചയിൽ വലിയ മുന്നേറ്റമുണ്ടാക്കിയ വ്യവസായ വകുപ്പിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു.  വളർച്ചാ സൂചികയിൽ ഒന്നാം സ്ഥാനത്തെത്തിയെന്ന് നീതി ആയോഗ് പറയുമ്പോൾ അതിന്റെ ഭാഗമായി വ്യാവസായിക വളർച്ചയ്ക്കാവശ്യമായ വായ്പയെടുക്കുവാൻ കേന്ദ്ര ഗവൺമെന്റ് നമുക്കനുവാദം നൽകിയിട്ടുണ്ടോ; എത്ര കോടി രൂപയുടെ വായ്പാ സൗകര്യമാണ് അതിലൂടെ നമുക്ക് ലഭിക്കാൻ പോകുന്നത്?

<u>ശ്രീ. ഇ. പി. ജയരാജൻ</u>:  സർ, ഈ കോവിഡ് കാലത്തും കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപനങ്ങൾ മാത്രമേ നടത്തുന്നുള്ളൂ.  നിങ്ങൾ ബാങ്കിൽനിന്ന് സഹായം വാങ്ങി നടത്തിക്കൊള്ളൂ എന്നുമാത്രമാണ് പറയുന്നത്. പ്രത്യേകിച്ച് സാമ്പത്തിക സഹായങ്ങളൊന്നും തന്നിട്ടില്ലെങ്കിലും നമ്മൾ തന്നെ മുൻകയ്യെടുത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള ഒട്ടനവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.  പ്രതിസന്ധിയിലുള്ള സ്ഥാപനങ്ങളെക്കുറിച്ചുള്ള വിശദമായ കണക്ക് സംബന്ധിച്ച രേഖകൾ ഇപ്പോൾ എന്റെ കൈവശമില്ലാത്തതിനാൽ ആ കണക്കുകൾ പരിശോധിച്ചശേഷം അറിയിക്കാം. ഗവൺമെന്റ് അക്കാര്യത്തിൽ

ഇടപെടുകയും നമ്മുടെ വ്യവസായ ഭദ്രതാ പാക്കേജിലൂടെ എം.എസ്.എം.ഇ. (മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്) യൂണിറ്റുകൾക്കും തകർന്നുകൊണ്ടിരിക്കുന്ന വ്യവസായങ്ങൾക്കും ബാങ്കിംഗ് മേഖലകളിലൂടെ പരമാവധി സഹായങ്ങൾ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തകർച്ചയിലുള്ള വ്യവസായങ്ങളെ രക്ഷിക്കാനുള്ള സാമ്പത്തിക സഹായങ്ങളും പലിശ എഴുതിത്തള്ളൽ, പീനൽ ഇന്ററസ്റ്റ് എഴുതിത്തള്ളൽ, തിരിച്ചടവിനുള്ള കാലാവധി ദീർഘിപ്പിക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായാണ് ഇപ്പോൾ പല ചെറുകിട സ്ഥാപനങ്ങളും നിലനിന്നുപോകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിൽ നടക്കുന്നത് 'വാചകമടി വ്യവസായങ്ങൾ' മാത്രമാണ്. നിക്ഷേപകരെ കൊണ്ടു വരാനായി കൊച്ചിയിൽ മൂന്ന് ദിവസത്തെ യോഗം നടത്തി. ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം ഇതാവരുന്നുവെന്ന് മുഖ്യമന്ത്രി അന്ന് പ്രഖ്യാപിക്കുകയും ഒപ്പിടുകയും ചെയ്തു. ഒരു രൂപയുടെയെങ്കിലും വ്യവസായം കേരളത്തിൽ വന്നോ? നിസ്സാൻ കമ്പനി മുഖ്യമന്ത്രിക്ക് കത്തയച്ചു, കത്തയച്ച ശ്രീ. ടോണി കമ്പനിയിൽ നിന്നുതന്നെ പോയി. ഈ ഗവൺമെന്റ് വന്നശേഷം ഏത് വൻകിട വ്യവസായത്തിനാണ് ഇവിടെ മൂലധന നിക്ഷേപമുണ്ടായത്? അങ്ങ് പറയുന്നത് കേട്ടാൽ കേരളത്തിൽ ഇനി വ്യവസായങ്ങൾ വേണ്ടാ; പൂർണ്ണമായും വ്യവസായങ്ങൾ കൊണ്ട് ഇവിടം നിറഞ്ഞിരിക്കുകയാണെന്ന് തോന്നും. വസ്തുതാപരമായി കാര്യങ്ങൾ പറയണം. സംസ്ഥാനത്ത് ഒരു ലക്ഷം കോടി രൂപയുടെ വികസനം വരുന്നു, തൊണ്ണൂറായിരം കോടി രൂപയുടെ വ്യവസായം തുടങ്ങാൻ അബുദാബിയിൽ നിന്ന് ആരോ വരുന്നു, കേരളം മുഴുവൻ വ്യവസായങ്ങൾ ആരംഭിച്ചുകഴിഞ്ഞു, എന്നിങ്ങനെയുള്ള അങ്ങയുടെയും മുഖ്യമന്ത്രിയുടെയും പ്രഖ്യാപനങ്ങൾക്ക് കടലാസിന്റെ വില പോലുമില്ലെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. എന്ത് വൻകിട വ്യവസായമാണിവിടെ വന്നത്; നിസ്സാന്റെ സ്ഥിതിയെന്താണ്? ക്ലേ ഫാക്ടറിയുടെ കാര്യമിവിടെ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി എന്ത് വൻകിട വ്യവസായമാണ് കൊണ്ടുവന്നതെന്നതിനെപ്പറ്റി ഇവിടെ പറയാനില്ല. നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ നടത്തുന്ന സ്റ്റാർട്ടപ്പുകൾ ധാരാളമുണ്ട്. അതിൽ ഗവൺമെന്റിന് എന്ത് റോളാണുള്ളത്? കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും വാചകമടിയല്ലാതെ നാട്ടിലെ ജനങ്ങൾക്കുവേണ്ടി ഒരു സഹായവും ചെയ്യുന്നില്ല. ശ്രീ. നരേന്ദ്ര മോദിയും ശ്രീമതി നിർമ്മല സീതാരാമനും 'ആത്മനിർഭർ ഭാരത്' പ്രഖ്യാപിച്ചു. ചെറുകിട വ്യവസായങ്ങൾക്കോ സൂക്ഷ്മ വ്യവസായങ്ങൾക്കോ ഒരു സഹായവും ആത്മനിർഭർ ഭാരതിൽനിന്ന് ലഭിച്ചിട്ടില്ല. ലഭിച്ചിട്ടുണ്ടെങ്കിൽ അങ്ങ് പറയണം. ഈ കോവിഡ് കാലത്ത് എന്ത് പദ്ധതിയാണ് സർക്കാർ പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, നിക്ഷേപ സമാഹരണത്തിന് വേണ്ടിയുള്ള സംരംഭമായ 'ASCEND -2019', 'ASCEND-2020' എന്നീ ആഗോള നിക്ഷേപ സംഗമങ്ങൾ കൊച്ചിയിൽ സംഘടിപ്പിച്ചു. നിക്ഷേപകരെ ആകർഷിക്കുന്നതിൽ അത് വൻ വിജയമായിരുന്നു. നിങ്ങൾക്ക് അസഹിഷ്ണുത ഉണ്ടായിട്ട് കാര്യമില്ല. വസ്തുതകൾ മനസ്സിലാക്കാതെ കേരളത്തിന്റെ വളർച്ചയിൽ അസൂയയോടെ നോക്കുന്നതുകൊണ്ടാണ് നിങ്ങൾക്ക് ശരിയായ നില നിരീക്ഷിക്കാൻ സാധിക്കാത്തത്. 2020-ൽ നടന്ന ASCEND-ൽ ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമുണ്ടായി. ഇത് യാഥാർത്ഥ്യമാക്കാൻ ഉന്നത ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ച് അവർ അന്ന് വാഗ്ദാനം ചെയ്ത മുഴുവൻ കമ്പനികളുമായി ബന്ധപ്പെട്ട് ഇവിടെ വരാനാവശ്യമുള്ള എല്ലാ സഹായങ്ങളും നൽകിയെന്ന് മാത്രമല്ല ASCEND 2020-ൽ കിൻഫ്രയ്ക്ക് ലഭിച്ചിട്ടുള്ള 14 ധാരണാപത്രങ്ങളിൽ 9 എണ്ണം ആരംഭിക്കാനുള്ള നടപടികളുമായി. നിങ്ങളിത് കാണുന്നില്ല. നിങ്ങളുടെ മാനസികാവസ്ഥയ്ക്ക് മാറ്റംവരണം. കേരളത്തിന്റെ വളർച്ചയാണ് നമ്മൾ ലക്ഷ്യമിടുന്നത്. വ്യവസായങ്ങളുടെ വളർച്ചയാണ് ലക്ഷ്യമിടുന്നത്. കേരളത്തിന്റെ വ്യവസായരംഗത്ത് ആകെയുള്ള പ്രശ്നം തിരുവനന്തപുരത്ത് വേളിയിലുള്ള കമ്പനിയുമായി ബന്ധപ്പെട്ട പ്രശ്നമല്ലേ. കേരളത്തിലെവിടെയെങ്കിലും ഇപ്പോൾ സമരമുണ്ടോ? കേരളം ശാന്തമാണ്. നിക്ഷേപകരെ എങ്ങനെ ഓടിക്കാമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. നിക്ഷേപകരെ ഓടിക്കാനായി ഇവിടെ വ്യവസായരംഗത്ത് സാധ്യത കുറവാണ്, വളരെ മോശമാണ്, തൊഴിലാളികൾ ഇവിടെ വല്ലാത്ത പ്രശ്നങ്ങളുണ്ടാക്കുന്നു തുടങ്ങിയ പ്രചരണങ്ങൾ നിങ്ങൾ അഴിച്ചുവിടുകയാണ്. കേരളത്തിലെ വ്യവസായവും തൊഴിൽ മേഖലയും നേരിട്ടിരുന്ന പ്രധാന പ്രശ്നമായ നോക്കുകൂലി നിയന്ത്രിക്കാൻ സാധിച്ചത് ഈ ഗവൺമെന്റ് വന്നതുകൊണ്ടാണ്. നാലര വർഷത്തിനുള്ളിൽ അറുപത്തിരണ്ടായിരം എം.എസ്.എം.ഇ. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. രണ്ടര ലക്ഷത്തോളം ആളുകൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. കേരളത്തിന്റെ വളർച്ചയിലും പുരോഗതിയിലും നിങ്ങൾ അസംതൃപ്തരാണ്. നിങ്ങൾ ആഗ്രഹിക്കുന്നത് അതല്ല. ഇത്തരം നശീകരണ വാസന ഉപേക്ഷിച്ചാൽ മാത്രമേ ശരിയായ നിലയിൽ നിങ്ങൾക്ക് മുന്നോട്ടുപോകാൻ സാധിക്കൂ.

ശ്രീ. കെ. സി. ജോസഫ്: സർ, (മൈക്ക് ഓഫ്) ധാരണാപത്രത്തിൽ ഒപ്പുവച്ച ഏതെങ്കിലും ഒരെണ്ണത്തിന്റെ പേര് പറയാമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കിൻഫ്രയിൽ ഒന്നല്ല ഒൻപതെണ്ണത്തിന്റെ ധാരണാപത്രം ഒപ്പുവച്ചു. ഒൻപത് കമ്പനികളുമായി ധാരണയിലെത്തി നടപടിയിലേയ്ക്ക് എത്തിക്കഴിഞ്ഞു, പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. നിങ്ങൾ നേരത്തെ ആവശ്യപ്പെട്ടിരുന്നുവെങ്കിൽ പതിനാലെണ്ണത്തിന്റെ പേരും ഞാനിവിടെ

പറയുമായിരുന്നു. നിങ്ങൾക്ക് ഏതെങ്കിലുമൊരു കാര്യം വസ്തുതാപരമായി ഇവിടെ അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ? നിങ്ങൾ പ്രസംഗം നടത്തുന്നതുപോലെ പറയും. ഞങ്ങൾ പറയുമ്പോൾ അതിൽ വസ്തുതയുണ്ടാകും.

മി. സ്പീക്കർ: യെസ്.... പ്ലീസ്..... അങ്ങിരിക്കൂ, നോട്ടീസ് നൽകിയാൽ മാത്രമേ അദ്ദേഹത്തിന് മറുപടി നൽകാൻ സാധിക്കുകയുള്ളൂ. നോട്ടീസ് നൽകാതെ പേര് പറയാൻ സാധിക്കില്ല.

ശ്രീ. യു. ആർ. പ്രദീപ്: സർ, കേരളത്തിലെ വ്യവസായരംഗം ശ്രദ്ധേയമായ രീതിയിൽ മുന്നോട്ട് കൊണ്ടുവരാൻ വേണ്ടി നടത്തിയ ശ്രമങ്ങളെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. സർക്കാർ നെൽ കർഷകരെ സഹായിക്കാനായി മൂന്ന് ജില്ലകളിൽ റൈസ് പാർക്ക് ആരംഭിക്കാൻ തീരുമാനിച്ചു. അതിലൊന്ന് തൃശ്ശൂർ ജില്ലയിലെ എന്റെ മണ്ഡലത്തിലാണ്. 10 ഏക്കർ സ്ഥലം കാണ്ടെത്തുകയും കിൻഫ്ര അതിന്റെ വിശദമായ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ ശിലാസ്ഥാപന കർമ്മവും നടത്തി. അതിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ സാധിക്കും?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ഇ. പി. ജയരാജൻ: സർ, സംസ്ഥാനത്തിന്റെ സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് കേരളത്തിന്റെ വസ്തുതകൾ മനസ്സിലാക്കി പുതിയ സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടിയുടെ ഭാഗമായാണ് കേരളത്തിൽ റൈസ് ഫാക്ടറി ആരംഭിക്കാൻ തീരുമാനിച്ചത്. നെല്ല്, നാളികേരം, റബ്ബർ എന്നിവ പ്രധാനമായും കേരളത്തിന്റെ ഉത്പന്നങ്ങളാണ്. കേരളത്തിന്റെ നെല്ലറകൾ തന്നെയുണ്ട്. കേരളത്തിലെ കൃഷിക്കാർക്ക് നെല്ലിന്റെ താങ്ങുവില ലഭിക്കാത്തതു സംബന്ധിച്ച് പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. ഗവൺമെന്റ് നൽകുന്ന സബ്സിഡികൊണ്ടാണ് നെല്ലിന്റെ ഉത്പാദനച്ചെലവിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുപോകുന്നത്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ട് കേരളത്തിലെ കൃഷിക്കാരിൽനിന്ന് നെല്ല് മുഴുവൻ സംഭരിച്ച് കുത്തി അരിയാക്കി നമ്മുടെ വിൽപ്പന കേന്ദ്രങ്ങളിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് തുടങ്ങിയവയൊക്കെ നമ്മുടെ സാധ്യതകളാണ്. സ്വകാര്യ മേഖലയിലും നമുക്കിത് നൽകാൻ സാധിക്കും. അങ്ങനെ വരുമ്പോൾ കൃഷിക്കാർ നെല്ല് വാങ്ങുമ്പോൾത്തന്നെ സബ്സിഡി ഉൾപ്പെടെയുള്ള വില ലഭിക്കുകയും അവർക്ക് മെച്ചപ്പെട്ട നിലയിലേയ്ക്ക് പോകുവാനും കഴിയും. തൃശ്ശൂർ, കുട്ടനാട്, പാലക്കാട് എന്നീ മൂന്ന് സ്ഥലങ്ങളിലും ലാർജ്ജ് സ്കെയിൽ റൈസ് പാർക്ക് സ്ഥാപിക്കാനും റൈസ് മിൽ ആരംഭിക്കാനും വേണ്ടിയുള്ള നടപടി സ്വീകരിക്കും. അതിന്റെ ഭാഗമായി പാലക്കാടുള്ള കഞ്ചിക്കോട്ട്

നടപടികളെല്ലാം പൂർത്തിയായി തറക്കല്ലിടുന്നതിന്റെ നടപടികളിലേയ്ക്ക് പോകുകയാണ്. അതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. തൃശ്ശൂരിലും നടപടി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കുട്ടനാട്ടിൽ ഇതിനുവേണ്ടിയുള്ള സ്ഥലം കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. അരിയെടുക്കുക മാത്രമല്ല, നെല്ല് കുത്തുമ്പോഴുണ്ടാകുന്ന തവിടിൽനിന്ന് എണ്ണയെടുക്കാനും സാധിക്കും. ഉമി കത്തിച്ച് കരിയുണ്ടാക്കി മാർക്കറ്റ് ചെയ്യാൻ കഴിയും. ലോകമാർക്കറ്റിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയത്തക്ക നിലയിൽ ഇതെല്ലാം ഉപയോഗപ്പെടുത്തി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ (Value added Product) അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നാളികേരമാണ് നമ്മുടെ പ്രധാനപ്പെട്ട ഒരു ഉൽപ്പന്നം. നാളികേരത്തിൽ നിന്ന് വെളിച്ചെണ്ണയാണ് സാധാരണയായി ലഭിക്കുന്നത്. വെളിച്ചെണ്ണ മാത്രമല്ല, അതിന്റെ എല്ലാ വസ്തുക്കളും ആവശ്യമുള്ളതാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു, ചകിരിച്ചോറിൽ നിന്ന് പ്ലൈവുഡ് ഉണ്ടാക്കാമെന്ന്. ഇതിനുള്ള സാധ്യതകൾ നമ്മൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. അതുപോലെ തെങ്ങിൻതടി ഉപയോഗിച്ചുകൊണ്ടുള്ള ഫർണിച്ചറുകൾ, ഗൃഹോപകരണങ്ങൾ തുടങ്ങിയവ നിർമ്മിക്കാനുള്ള സാധ്യതകൾക്കനുസരിച്ച് ഫർണിച്ചർ ഹബ്ബുകൾ. ഇങ്ങനെ വ്യത്യസ്തമായ നിലയിൽ കേരളത്തിന്റെ കാർഷിക മേഖലയെ ഉപയോഗപ്പെടുത്തുകയാണ്.

അതുപോലെതന്നെ കേരളത്തിന്റെ മലയോരങ്ങളിലുള്ള റബ്ബർ മുഴവൻ സംഭരിച്ച് സ്വകാര്യ-പൊതുമേഖലയിലെ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കിക്കൊടുത്തുകൊണ്ട് ഒരു റബ്ബറധിഷ്ഠിത വ്യവസായമായി മലയോര മേഖലകളെ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. അവിടെ ഇത്തരത്തിലുള്ള സംരംഭത്തിന് സ്ഥലമുണ്ടാകുമോ എന്നുള്ള കാര്യങ്ങളെല്ലാം ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. അതുപോലെതന്നെ കണ്ണൂരിൽ റബ്ബർ ഗ്ലൗസ് ഫാക്ടറി. ഇപ്പോൾ നമ്മുടെ മാർക്കറ്റിൽ ഏറ്റവും ആവശ്യമുള്ളതാണ് സർജിക്കൽ ഗ്ലൗസ്. കോവിഡ് 19-ന് ശേഷം എല്ലാവരും കയ്യുറകളും ഗ്ലൗസും ഉപയോഗിക്കുന്നുണ്ട്. ഗ്ലൗസ്, സർജിക്കൽ ഗ്ലൗസ് എന്നിവയ്ക്ക് ലോക മാർക്കറ്റിൽത്തന്നെ വലിയ ഡിമാന്റാണുള്ളത്. അത്തരമൊരു സംരംഭം തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടി ആരംഭിച്ചു. കഴിഞ്ഞ ബഡ്ജറ്റിൽ തന്നെ അതിന് തുക വകയിരുത്തിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്

ജില്ലകളിലെ റബ്ബർ കൃഷിക്കാരെ സഹായിക്കാൻ അവരുടെ റബ്ബർ മുഴുവൻ വാങ്ങി ഗ്ലൗസ് ഫാക്ടറിയുണ്ടാക്കി കൃഷിക്കാരെ സംരക്ഷിക്കുക, അതുവഴി വ്യവസായങ്ങൾ വികസിപ്പിച്ചെടുക്കുകയെന്നലക്ഷ്യത്തോടുകൂടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നടപടികളെല്ലാം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. തൃശ്ശൂരിന്റെ കാര്യം പരിശോധിച്ച് അവിടെത്തന്നെ സ്ഥാപിക്കാനുള്ള പ്രാഥമികമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ചില വ്യവസായങ്ങളെക്കുറിച്ച് ഇവിടെ ചോദിച്ചു. അസന്റിലെ പുതിയ പ്രോജക്ടുകൾ -മൊത്തം 148 പ്രോജക്ടുകൾക്ക് എം.ഒ.യു. ഒപ്പുവച്ചു കഴിഞ്ഞു. അതിൽ കെ.എസ്.ഐ.ഡി.സി -57, കിൻഫ്ര- 15, ഡി.ഐ.സി.- (Directorate of Industries and Commerce) 76 എന്നിങ്ങനെയാണ്. 62 പ്രോജക്ടുകൾ- 5334 കോടി രൂപ. ഇതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ചില പ്രോജക്ടുകളെക്കുറിച്ച്, ഷാർപ്പ് ഓഫ് പ്ലൈവുഡ്- 10 കോടി, ലോജിസ്റ്റിക്- 100 കോടി, കോപ്പർ ബാഗ്- 100 കോടി, ഹോംസ്റ്റന്റ് - 220 കോടി, പാരിസൺ റോളർ- 50 കോടി തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള എം.ഒ.യു. മാത്രമല്ല മറ്റ് നടപടികളിലേയ്ക്കും നീങ്ങിക്കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, Ease of Doing Business (EoDB)-ൽ 21-ാം സ്ഥാനമായിരുന്ന കേരളം അങ്ങയുടെ അഞ്ച് വർഷക്കാലത്തെ ഭരണംകൊണ്ട് 28-ാം സ്ഥാനത്തായി. ഇതാണോ വ്യവസായ രംഗത്തെ നേട്ടം?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മഹാ അബദ്ധം ധരിച്ചുവച്ച് പറയുന്നതാണ്. അതിനുമുമ്പ് എത്രയായിരുന്നു? 21-ാം സ്ഥാനത്തായിരുന്നുവെന്നുള്ളത് ശരിയാണ്. ഇപ്പോൾ എവിടെയെത്തി എന്നറിയുമോ? 8-ാം സ്ഥാനത്തെത്തി. ആക്ഷൻ പോയിന്റ് വഴി നമുക്ക് ലഭിച്ച മാർക്ക് 2016-17-ൽ 26 ശതമാനവും 2017-18-ൽ 47.79 ശതമാനവും 2018-19-ൽ 85.52 ശതമാനവുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞിരിക്കുന്നത് 2017-18 കാലഘട്ടത്തിലേതാണ്. Ease of Doing Business അനുസരിച്ച് 2018-19-ൽ നമ്മുടെ റാങ്ക് 8-ൽ എത്തിയിരിക്കുകയാണ്. Ease of Doing Business-ന്റെ ഭാഗമായി ഇപ്പോൾ മാറിവന്നിരിക്കുകയാണ്. നിങ്ങൾ പറയുന്നതൊന്നുമല്ല ശരി. (ബഹളം)

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞത് എന്താണ്; 21 എന്നാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ അത് ബഡ്ജറ്റിലല്ല പറയേണ്ടത്. 2018-ൽ 21 ആണ്. ഇപ്പോൾ അതിന്റെ റാങ്ക് 8-ലേയ്ക്ക് എത്തിക്കഴിഞ്ഞിട്ടുണ്ട്. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. നിങ്ങൾക്ക് ഈ വളർച്ചയൊന്നും ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് നിങ്ങൾക്കിത് കുറച്ചുകാണിക്കണം. കേരളം വികസിക്കരുത്, വ്യാവസായികമായി നശിക്കണമെന്ന ചിന്തയാണ് നിങ്ങൾക്കുള്ളത്. ക്രിയേറ്റീവായി ചിന്തിക്കാൻ കഴിയാത്തതാണ് നിങ്ങളുടെ പാപ്പരത്വം.(ബഹളം)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും റാങ്കിംഗ് പുറത്തുവന്നതാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കു. 21 എന്നുള്ളത് 28 ആയി മാറി. അങ്ങത് റെക്റ്റിഫൈ ചെയ്യാനാണ് നോക്കേണ്ടത്. അല്ലാതെ രാഷ്ട്രീയ ആരോപണം പറയുന്നത് എന്തിനാണ്? വസ്തുതകൾ വസ്തുതകളായിക്കണ്ട് അത് തിരുത്താൻ നടപടി സ്വീകരിക്കുകയല്ലേ വേണ്ടത്? നാഷണൽ ലെവലിൽ പുറത്തിറങ്ങിയ ഡേറ്റയാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു- ഞങ്ങളിത് മാറ്റാൻ നോക്കുമെന്ന്. നിങ്ങൾ അത് നോക്കു. കേരളത്തിലെ വ്യവസായത്തിൽ അനിവാര്യമായ Ease of Doing Business-ൽ നാല് വർഷമായി കേരളം പുറകോട്ട് പോകുകയാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 21 എന്ന് പറഞ്ഞിരിക്കുന്നത് 2018-ലെ കണക്കാണ്. ഇപ്പോൾ അത് മാറി, രണ്ട് കൊല്ലം പിന്നിട്ടു. പുതിയ വളർച്ചയെക്കുറിച്ചുള്ളത് അടുത്ത കണക്കിൽ വരും. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നീതി ആയോഗ് ഇതുസംബന്ധിച്ചുള്ള പുതിയ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റോജി എം. ജോൺ, ചോദ്യം ചുരുക്കി ചോദിക്കു.

ശ്രീ. റോജി എം. ജോൺ: സർ, Ease of Doing Business സംബന്ധിച്ചുള്ള ഔദ്യോഗിക രേഖ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടുള്ള എന്റെ ചോദ്യം, അങ്കമാലി നിയോജകമണ്ഡലത്തിൽ സർക്കാർ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന GIFT (Global Industrial Finance and Trade)

സിറ്റിയുമായി ബന്ധപ്പെട്ടാണ്. അത് സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ വലിയ ആശങ്ക ഉയർന്നുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ പ്രതിനിധി സംഘം നേരിൽ കണ്ട് ഈ വിഷയം സൂചിപ്പിച്ചിട്ടുള്ളതാണ്. ഏകദേശം 500 ഏക്കർ ഭൂമി, ജനവാസ മേഖല ഇതിനായി ഏറ്റെടുക്കുമെന്നതാണ് ജനങ്ങളുടെയിടയിൽ നിലനിൽക്കുന്ന ആശങ്ക. ഏക്കറുകണക്കിന് ഭൂമി സർക്കാർ പുറമ്പോക്കുൾപ്പെടെ അതിനോട് ചേർന്ന് അവിടെ ലഭ്യമായിരിക്കെ ആളുകളെ കുടിയിറക്കി ഭൂമി ഏറ്റെടുത്ത് മുന്നോട്ട് പോകുന്ന പദ്ധതി സർക്കാർ ഏത് തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കണം. ഇവിടെ ആരും വികസനത്തിനും സംരംഭങ്ങൾക്കും എതിരല്ല. പരിസ്ഥിതിക്ക് ഇണങ്ങുന്നതും ജനങ്ങളെ കുടിയിറക്കാത്തതുമായ പദ്ധതികൾ നമ്മുടെ നാടിന് ആവശ്യം തന്നെയാണ്. ആളുകളെ കുടിയിറക്കാതെ സർക്കാർ പുറമ്പോക്കുൾപ്പെടെ ഭൂമി ലഭ്യമായിരിക്കെ അതിന് മുതിരാതെ ആളുകളെ കുടിയിറക്കുന്ന പദ്ധതിയുമായി മുന്നോട്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അല്ലെങ്കിൽ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നതുപ്രകാരം ആൾതാമസമില്ലാത്ത പ്രദേശങ്ങൾ ഏറ്റെടുത്തുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്തതും പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുമുള്ള ഒരു പദ്ധതിയായി അത് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, നിവേദനം ലഭിച്ചിട്ടുണ്ട്. അത് സംബന്ധിച്ച് വിശദമായി പരിശോധിക്കാം. ഗവൺമെന്റ് കേരളത്തിന്റെ സമഗ്ര വികസനത്തിനുള്ള പദ്ധതിയാണ് ആവിഷ്കരിക്കുന്നത്. ഒരാളെയും കുടിയിറക്കുകയോ ബുദ്ധിമുട്ടിക്കുകയോ ചെയ്യാതെ കേരളത്തിന്റെ സമഗ്ര വികസനത്തിന് പുതിയ വികസന കേന്ദ്രങ്ങളും മാർക്കറ്റിംഗ് കേന്ദ്രങ്ങളും ഉണ്ടാകണം. പുതിയ സിറ്റികൾ ഡെവലപ് ചെയ്തുവരണം. ഇതിനുവേണ്ടിയുള്ള നടപടിയുടെ ഭാഗമായ കോറിഡോറിൽ പുതിയ വ്യവസായ ശൃംഖലയും സമുച്ചയവും സൃഷ്ടിച്ചെടുക്കുന്നതോടൊപ്പം ലോക രംഗത്ത് ഐ.ടി. മേഖലയിൽ പുതിയ സംരംഭങ്ങൾ വരണം. അതിനുള്ള സാധ്യതകൾ ഒരുക്കിക്കൊടുക്കണം. ഇതിനെല്ലാം വേണ്ട നടപടിയുടെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഗവൺമെന്റ് ഏർപ്പാട് ചെയ്തിട്ടുള്ളത്. ഈ കാര്യങ്ങൾ വിശദമായി പരിശോധിക്കും. ഇന്നലെയാണ് അവരുടെ നിവേദനം ലഭിച്ചത്. പരിശോധിച്ചതിനുശേഷം അത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വൈദ്യുതോല്പാദന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

3(*183) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എം. സ്വരാജ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണശേഷി ഉയർത്തി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം മുടക്കമില്ലാതെ നിറവേറ്റുന്നതിനോടൊപ്പം ഉല്പാദനരംഗത്ത് വളർച്ച കൈവരിക്കാനായി ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസരണ മേഖലയുടെ വികസനത്തിന് ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രസരണമേഖലയിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുക, നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുക, വോൾട്ടേജ് നിലവാരം ഉയർത്തുക എന്നീ പ്രവൃത്തികളാണ് നടപ്പാക്കിവരുന്നത്. ഈ നടപടികളുടെ ഭാഗമായി ഈ കാലയളവിൽ 62 പുതിയ സബ്സ്റ്റേഷൻ നിർമ്മിച്ച് കമ്മീഷൻ ചെയ്യാൻ സാധിച്ചു. ഇതിൽ 6 എണ്ണം 220 KV, 25 എണ്ണം 110 KV, 6 എണ്ണം 66 KV, 25 എണ്ണം 33 KV എന്നിവയാണ്. ഇതിനു പുറമെ 1130 CKM പ്രസരണ ലൈൻ നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കാൻ സാധിച്ചു. പ്രസരണശേഷി ഉയർത്തി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത മുടക്കമില്ലാതെ നിറവേറ്റുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർത്തിരിക്കുന്നു:

i. സംസ്ഥാന സർക്കാർ 256 കോടി രൂപയുടെ അധിക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചതിനെത്തുടർന്ന് മുടങ്ങിക്കിടന്ന തിരുനെൽവേലി-ഇടമൺ-കൊച്ചി-മാടക്കത്തറ 400 കെ.വി. ലൈനിന്റെ നിർമ്മാണം സെപ്റ്റംബർ 2019-ൽ പൂർത്തിയാക്കി. തൽഫലമായി സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ 500 i. MW വർദ്ധനവും വോൾട്ടേജ് നിലവാരത്തിൽ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

ii. പുഗലൂർ-മാടക്കത്തറ HVDC ഇടനാഴിയുടെ നിർമ്മാണം തടസ്സരഹിതമായി മുന്നോട്ടു പോകുന്നതിനായി സർക്കാർ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി 2021-ൽ തന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടുകൂടി കേരളത്തിൽ 2000 മെഗാവാട്ട് ശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് തുല്യമായ പ്രയോജനം ലഭിക്കും.

iii. കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി ട്രാൻസ്ഗ്രിഡ് 2.0. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമെ ദീർഘകാല കരാറുകൾവഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കിവരുന്നു. ഇപ്രകാരം ഈ സർക്കാരിന്റെ കാലത്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 311.4285 MW-ന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ സൗരോർജ്ജ പദ്ധതികളിൽ നിന്നും 259.2785 മെഗാവാട്ടും 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ടും 12.55 MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തിരവും കൂടാതെ കാറ്റിൽ നിന്നും 27 MW-ഉം ഉൾപ്പെടുന്നു. ഇതിനു പുറമെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു. 10 ജലവൈദ്യുത പദ്ധതികൾ (ആകെ ശേഷി 193.5 MW) നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്നു. 39.5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പഴശ്ശിസാഗർ (7.5MW), ചിന്നാർ (24MW), പെരുവണ്ണാമൂഴി (6 MW), അപ്പർ കല്ലാർ (2MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. 2015-മാണ്ടു മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം - 60 MW, തോട്ടിയാർ ജലവൈദ്യുത പദ്ധതി-40 MW, ചാത്തൻകോട്ടുനട ചെറുകിട

ജലവൈദ്യുത പദ്ധതി-6MW എന്നിവ പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

(ബി) പണി നടന്നുകൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്നും അവ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും അറിയിക്കാമോ?

നിലവിൽ 193.5 മെഗാവാട്ട് ശേഷിയുള്ള പത്ത് ജലവൈദ്യുത പദ്ധതികളാണ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളത്. ഭൂതത്താൻകെട്ട്, പൊരിങ്ങൽകുത്ത്, അപ്പർ കല്ലാർ, ചാത്തൻകോട്ടുനട II, പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ, ചെങ്കുളം ഓഗ്മെന്റേഷൻ, പഴശ്ശി സാഗർ, ചിന്നാർ, പെരുവണ്ണാമൂഴി എന്നിവയാണ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ജലവൈദ്യുത പദ്ധതികൾ. ഇതിൽ ചിന്നാർ ഒഴിച്ചുള്ള പദ്ധതികൾ (169.5MW) മാർച്ചിന് മുൻപായി തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ നിർമ്മാണം പുരോഗമിക്കുന്ന പ്രധാനപ്പെട്ട ചെറുകിട ജലവൈദ്യുത പദ്ധതിയായ അരിപ്പാറ പദ്ധതി (കോഴിക്കോട് ജില്ല) 2021 മേയ് അവസാനത്തോടെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്വകാര്യമേഖലയിൽ നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ എല്ലാ ഘട്ടത്തിലും വിലയിരുത്തലുകൾ നടത്തി, സമയബന്ധിതമായി പദ്ധതി നിർവ്വഹണത്തിൽ സാരമായ തടസ്സങ്ങളുണ്ടാകുന്ന അവസരങ്ങളിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഹൈ ലെവൽ കമ്മിറ്റി കൂടി വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ പ്രാവർത്തികമാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നുമുള്ള വൈദ്യുത ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കിവരുന്നു. 2021 ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര പദ്ധതി ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇതിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ഇപ്രകാരമാണ്.

പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട്. 46.5 MW കൂട്ടിച്ചേർക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW-ൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ

ആരംഭിച്ചു. 200 മെഗാവാട്ട് റിവേഴ്സ് ഇ ബിഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ- താരിഫ് അധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത NTPC (90MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

200 മെഗാവാട്ട് സോളാർ പാർക്കുകൾ - കാസർഗോഡ് സോളാർ പാർക്കിൽ 100 MW പ്രവർത്തനം ആരംഭിച്ചു. മറ്റൊരു 105 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള സ്ഥലലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്.

150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ- കായംകുളം NTPC പദ്ധതിയോടു ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ നിലയം നിർമ്മാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് (50 MW) ടെണ്ടർ നടപടികൾ പൂർത്തിയായി. ഇടുക്കി ജലസംഭരണിയിലും (300 MW) ബാണാസുരസാഗർ ജലസംഭരണിയിലും (100MW) ഫ്ലോട്ടിംഗ് സോളാർനിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

18.96 MWp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി. യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വകാര്യമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം പ്രകാരം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ അനുമതി നൽകി. ഇവ കൂടാതെ വിവിധ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർണ്ണമായ സാധ്യത വിവരണ പട്ടിക ക്രോഡീകരിച്ച് റിപ്പോർട്ടാക്കുന്ന പ്രവർത്തനം ഇ.എം.സി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൻപ്രകാരം കരമനയാർ, വാമനപുരം നദി, ഇത്തിക്കരയാർ, കല്ലടയാർ എന്നീ നദികളിൽ നിന്നായി 112 ചെറുകിട/ മൈക്രോ/സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ സാധ്യതയുണ്ടെന്ന് പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഊർജ്ജനഷ്ടം കുറച്ച് വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

ഊർജ്ജ നഷ്ടം കുറച്ച് വൈദ്യുതി ആവശ്യകത കുറയ്ക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട ദ്യുതി, ട്രാൻസ്ഗ്രിഡ്, ഫിലമെന്റ് ഫ്രീ കേരള എന്നിവ. 2021-ടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ദ്യുതി 2021. കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല (Intra-state Transmission Network) ശക്തിപ്പെടുത്തുക എന്ന ദൗത്യമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലുള്ളത്. ഗാർഹിക, തെരുവുവിളക്ക് മേഖലകളിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകളും CFL-കളും ഊർജ്ജക്ഷമത ഏറിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED ബൾബുകൾ ഉയോഗിച്ചുമാറ്റുന്നത് ലക്ഷ്യമിട്ട ഫിലമെന്റ് ഫ്രീ കേരള പദ്ധതി നടപ്പിലാക്കുന്നതുവഴി പ്രതിദിനം 2.5 ദശലക്ഷം ടൺ CO2 വാതകവും 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേക്ക് പുറംതള്ളുന്നത് ഒഴിവാക്കാനാകും. കൂടാതെ പീക്ക് ലോഡ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകും. ഇതിനു പുറമെ കേരളത്തിലുടനീളം എല്ലാ ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 10.5 ലക്ഷത്തോളംവരുന്ന, നിലവിലുള്ള ഊർജ്ജക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി ഉർജ്ജക്ഷമത കൂടിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയാണ് 'നിലാവ്'. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് സാധിക്കും. ഇതിനു പുറമെ പ്രതിവർഷം 155 കിലോ ടൺ CO2 വാതകവും 10.5 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേക്ക് പുറംതള്ളുന്നത് ഒഴിവാക്കാനുമാകും. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മേഖലയിൽ ട്രാൻസ്ഗ്രിഡ്, ദ്യുതി പദ്ധതി പ്രവർത്തനങ്ങൾവഴിയും മറ്റ് വികസന പ്രവർത്തനങ്ങൾവഴിയും 24x7 തോതിൽ തടസ്സമില്ലാതെ വൈദ്യുതി വിതരണം നടത്താനും ഊർജ്ജ മേഖലയിൽ സ്വയം പര്യാപ്തത നേടാനും സംസ്ഥാനത്തിന് കഴിഞ്ഞു. ഊർജ്ജ മേഖലയിൽ വിതരണ നഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ കൊണ്ടുവരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. വിതരണ നഷ്ടം 2019-20-ൽ 8.70% ആക്കി കുറയ്ക്കാൻ സാധിച്ചു. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന PAT Cycle 2 ലക്ഷ്യങ്ങൾ ഈ കാലയളവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് വിജയകരമായി കൈവരിച്ചു. കെ.എസ്. ഇ.ബി.യുടെ ആകെ പ്രസരണ-വിതരണ നഷ്ടവും

എക്കാലത്തിലെയും കുറവായ 12.08 ശതമാനത്തിൽ എത്തിക്കാൻ 2019-20 ൽ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് AT&C loss) 2018-19-ൽ വെറും 9.10 % ആക്കി കുറയ്ക്കാനായി.

(ഇ) എല്ലാ വീട്ടിലും എൽ.ഇ.ഡി. ബൾബുകൾ എത്തിച്ച് ഊർജ്ജ ക്ഷമത കുറഞ്ഞവ നിരോധിക്കുവാൻ പദ്ധതിയുണ്ടോ; ഒരു കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ?

ഊർജ്ജ ക്ഷമത കുറഞ്ഞ വൈദ്യുത വിളക്കുകൾ നിരോധിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജ സംരക്ഷണം മുൻനിർത്തി ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക്ക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകംതന്നെ 1.35 കോടിയിൽപ്പരം എൽ.ഇ.ഡി. ബൾബുകൾ വിതരണംചെയ്തു കഴിഞ്ഞു. ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി 1 കോടി എൽ.ഇ.ഡി. ബൾബുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

(എഫ്) ഊർജ്ജ സംരക്ഷണത്തിന് സംസ്ഥാനത്തിന് അവാർഡ് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്ററിന് കേന്ദ്ര സർക്കാരിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയിൽ നിന്നും തുടർച്ചായി 5 തവണ മികച്ച പ്രവർത്തനത്തിന് അവാർഡ് ലഭിച്ചിട്ടുണ്ട്. 2018-ൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി തയ്യാറാക്കിയ ഊർജ്ജകാര്യക്ഷമത സൂചികയിൽ കൂടുതൽ പോയിന്റുകൾ നേടി കേരളത്തിന് ഒന്നാം സ്ഥാനത്തെത്തുവാനും സാധിച്ചിട്ടുണ്ട്.

**കേരള ബാങ്ക്**

4(*184) ശ്രീ. അനിൽ അക്കര:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ്. പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ആദ്യ ഷെഡ്യൂൾഡ് ബാങ്കായ കേരള ബാങ്കിന് വാണിജ്യ ബാങ്കുകളോട് മത്സരിക്കുന്നതിന് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

സഹകരണ മേഖലയിലെ ആദ്യ ഷെഡ്യൂൾഡ് ബാങ്കായ കേരള ബാങ്കിന് വാണിജ്യ ബാങ്കുകളോട് കിടപിടിക്കുന്ന പ്രവർത്തനം നടത്തുന്നതിന് സാധിക്കും. സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും (PACS) അർബൻ ബാങ്കുകളുടെയും അപ്പെക്സ് സ്ഥാപനമായിട്ടാണ് കേരള ബാങ്കിനെ വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ കേരള ബാങ്കിന്റെ 769 ശാഖകളിലൂടെയാണ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. ബാങ്കിന്റെ നിക്ഷേപം 63332 കോടി രൂപയും വിതരണം ചെയ്ത വായ്പ (40265 കോടി രൂപ)യും ഉൾപ്പെടെ ആകെ ബിസിനസ്സ് 103597 കോടി രൂപയാണ്. ആകെ ബിസിനസ്സ്, ശാഖകളുടെ എണ്ണം, ജീവനക്കാർ തുടങ്ങിയ എല്ലാ കാര്യത്തിലും കേരള ബാങ്ക് ഇപ്പോൾത്തന്നെ കേരളത്തിലെ പൊതുമേഖല, സ്വകാര്യ, വാണിജ്യ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കിംഗ് മേഖലയിലെ രണ്ടാമത്തെ ഏറ്റവും വലിയ ബാങ്കാണ്. ഈ കാര്യത്തിൽ കേരള ബാങ്കിന് മുന്നിലുള്ളത് എസ്.ബി.ടി.-യുടെ ലയനത്തിലൂടെ ശക്തിപ്പെട്ട എസ്.ബി.ഐ. മാത്രമാണ്. കർഷകർക്ക് നൽകിയ കെ.സി.സി. വായ്പകളുടെ എണ്ണത്തിലും സംഖ്യയിലും ഒന്നാം സ്ഥാനത്തും ഭവന നിർമ്മാണ വായ്പാ വിതരണത്തിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനത്തുമാണ് കേരള ബാങ്ക്. സാധാരണക്കാരായ ജനങ്ങളുടെയും സഹകരണ സംഘങ്ങളുടെയും ഇടപാടുകൊണ്ട് മാത്രമാണ് നിലവിൽ ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. നിലവിൽ ശമ്പള വിതരണം, പെൻഷൻ വിതരണം തുടങ്ങി ഗവൺമെന്റിന്റെയും പൊതുമേഖലയിലെ എല്ലാ കോർപ്പറേഷനുകളുടെയും ബോർഡുകളുടെയും പ്രാദേശിക സർക്കാരുകളുടെയുമെല്ലാം ബാങ്കിംഗ് ഇടപാടുകൾ എസ്.ബി.ഐ.-യും മറ്റ് സ്വകാര്യ, പൊതുമേഖല, വാണിജ്യ ബാങ്കുകളുമാണ് നിർവ്വഹിക്കുന്നത്. കേരള ബാങ്കിൽ എല്ലാവിധ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും നിർവ്വഹിക്കാൻ കഴിയുന്ന ഏറ്റവും നൂതനമായ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതോടുകൂടി എല്ലാവിധ റീട്ടെയിൽ/കോർപ്പറേറ്റ് ബാങ്കിംഗ് സേവനങ്ങളും ഏറ്റവും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ കേരള ബാങ്കിന് കഴിയും. ഇപ്രകാരം സർക്കാർ മേഖലയിൽ ഉൾപ്പെടെ കോർപ്പറേറ്റ് ബാങ്കിംഗ് മേഖലയിലെ നല്ലൊരു വിഭാഗം ബിസിനസ്സുകൂടി കേരള ബാങ്കിന് ലഭിക്കുന്നതോടെ കേരള ബാങ്കിനെ കേരളത്തിലെ ഏറ്റവും മികച്ച ബാങ്കായി മാറ്റാൻ കഴിയും. സർക്കാർ മേഖലയിലെ വിവിധ കോർപ്പറേഷനുകൾ, ബോർഡ്, കെ.എസ്.എഫ്.ഇ. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം വലിയൊരു ഭാഗം ബിസിനസ്സ് കേരള ബാങ്കിന് നിർവ്വഹിക്കാൻ കഴിയും. നിലവിൽ പഴയ ജില്ലാ സഹകരണ ബാങ്കുകളുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് RTGS, NEFT, CTS CLEARING, ATM DEBIT CARD, MOBILE BANKING തുടങ്ങിയ സേവനങ്ങൾ മാത്രമാണ് ചെയ്യുന്നത്. ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതോടുകൂടി

RTGS/NEFT-നു പുറമേ 24 മണിക്കൂറും ഫണ്ട് ട്രാൻസ്ഫർ ചെയ്യാൻ പറ്റുന്ന IMPS, UPI ഗവൺമെന്റ് പേമെന്റുകളായ പെൻഷൻ, സ്കോളർഷിപ്പ്, സബ്സിഡി, മറ്റ് ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്ന PFMS (Public Fund Management System), DBT, NACH, APBS, AEPS തുടങ്ങി എല്ലാവിധ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും കമ്പ്യൂട്ടർ, ലാപ് ടോപ്പ്, മൊബൈൽ എന്നിവ ഉപയോഗിച്ച് ബാങ്കിൽ വരാതെ ഓഫീസുകളിലിരുന്നും വീടുകളിലിരുന്നും ചെയ്യാൻ കഴിയുന്ന ഇന്റർനെറ്റ്/മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ നൽകാൻ കേരള ബാങ്ക് പ്രാപ്തമാവും സമൂഹത്തിലെ വിവിധ മേഖലകളിലുള്ള കർഷകത്തൊഴിലാളികളെയും ഉദ്യോഗസ്ഥരെയും മറ്റ് തൊഴിലാളികളെയും സ്വകാര്യ/പൊതുമേഖല/കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാർ, ഗവൺമെന്റ്/ സ്വകാര്യ/ പൊതുമേഖല/ കോർപ്പറേറ്റ് സ്ഥാപനങ്ങൾ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ ലക്ഷ്യംവച്ച് 23-ഓളം വിവിധ നിക്ഷേപ പദ്ധതികളും 20-ഓളം പുതിയ വായ്പാപദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഈ സേവനങ്ങളെല്ലാം ബാങ്കിന്റെ 769 ശാഖകളിലൂടെയും 4000-ത്തിലധികംവരുന്ന PACS ശാഖകളിലൂടെയും നൽകുക എന്നതാണ് കേരള ബാങ്ക് ലക്ഷ്യംവയ്ക്കുന്നത്. ഇത് നടപ്പിലാക്കുന്നതോടുകൂടി എല്ലാ മേഖലയിലും മറ്റ് ബാങ്കുകളെ അപേക്ഷിച്ച് ബഹുദൂരം മുമ്പിലായിരിക്കും കേരള ബാങ്ക്.

(ബി) നിലവിൽ എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കുവാൻ കേരള ബാങ്കിന് സാധിക്കുമോ; ഇല്ലെങ്കിൽ ഇതിനായി ആർ.ബി.ഐ.-യുടെ അനുമതി തേടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന സഹകരണ ബാങ്കിൽ NR(E)/NR(O) നിക്ഷേപങ്ങൾ സ്വീകരിക്കാൻ Reserve Bank of India-ൽ നവംബർ മാസത്തിൽ സംസ്ഥാന സഹകരണ ബാങ്ക് അപേക്ഷ നൽകുകയുണ്ടായി. എന്നാൽ RBI-യുടെ നവംബർ 24, 2020-ൽ ലഭിച്ച കത്തിൽ, ബാങ്കിൽ നബാർഡ് നടത്തിവരുന്ന Statutory Inspection (position) as on 31-3-2020 അവസാനിച്ച ശേഷം ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മാത്രമേ അനുമതി നൽകാൻ കഴിയുകയുള്ളൂവെന്ന് അറിയിച്ചിരുന്നു.

(സി) സഹകരണ ബാങ്കിലെ പലിശ കൂടുതലും പലിശയ്ക്ക് റ്റി.ഡി.എസ്. ഈടാക്കാത്തതുമാണ് നിലവിൽ നിക്ഷേപകരെ കൂടുതലായി ആകർഷിക്കുന്നതെന്നിരിക്കെ കേരള ബാങ്ക് ആകുന്നതോടുകൂടി പ്രസ്തുത നിക്ഷേപകർ പിന്തിരിയുവാൻ സാധ്യതയുണ്ടോ; എങ്കിൽ അത് മറികടക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ജില്ലാ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും ലയനത്തിന് മുമ്പുതന്നെ Income Tax Act 1961-ൽ പരാമർശിക്കുന്ന വ്യവസ്ഥയ്ക്ക് വിധേയമായി നിക്ഷേപകരിൽ (Individual & others) നിന്നും TDS ഈടാക്കാറുണ്ട്. കേരള ബാങ്ക് വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നൽകിവരുന്നുണ്ട്. ആയതിനാൽ കേരള ബാങ്കിൽ ഇതുമായി ബന്ധപ്പെട്ട ആശങ്കകൾക്ക് അടിസ്ഥാനമില്ല.

(ഡി) ബാങ്കിന്റെ ഡിജിറ്റൈസേഷൻ നടപടികൾ ഏത് ഘട്ടത്തിലാണ്; ബാങ്ക് പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കേണ്ട സാഹചര്യമുണ്ടോ?

ബാങ്കിന്റെ ഏകീകരിച്ച ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്. ഏകീകൃത Core Banking & Digital Banking Vender തിരഞ്ഞെടുപ്പിനായി Request For Proposal വിളിക്കുകയും സെലക്ഷൻ പ്രവർത്തനങ്ങൾ evaluation ഘട്ടത്തിൽ എത്തി നിൽക്കുകയുമാണ്. ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളെ തുടർന്ന് ജീവനക്കാരെ വെട്ടിക്കുറയ്ക്കേണ്ട സാഹചര്യം ഉണ്ടാകുന്നില്ല.

(ഇ) ബാങ്ക് പുതുതായി എന്തെങ്കിലും നിക്ഷേപ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള ബാങ്ക് രൂപീകരിച്ചശേഷം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉതകുന്ന രൂപത്തിൽ 24-ഓളം CASA പ്രോഡക്ടുകൾ (കറന്റ് അക്കൗണ്ടും സേവിംഗ്സ് അക്കൗണ്ടും) ആരംഭിച്ചുകഴിഞ്ഞു. പ്രധാനപ്പെട്ട പ്രോഡക്ടുകൾ ചുവടെ ചേർക്കുന്നു.

1. കെ.ബി സീനിയർ സിറ്റിസൺ സേവിംഗ്സ്.
2. കെ.ബി. വനിതാ സേവിംഗ്സ്
3. കെ.ബി. യംഗ് സേവിംഗ്സ്
4. കെ.ബി. മൈനർ സേവിംഗ്സ്
5. കെ.ബി സഹായം സ്പെഷ്യൽ കറന്റ് അക്കൗണ്ട് - ചെറുകിട വ്യാപാരികൾ
6. കെ.ബി. പെൻഷനേഴ്സ് സേവിംഗ്
7. കെ.ബി. കുടുംബം സേവിംഗ്

8. കെ.ബി. ഫ്രീഡം കറന്റ് അക്കൗണ്ട് (PACS) 6-ഓളം പുതിയ ടേം ഡെപ്പോസിറ്റുകളും ആരംഭിച്ചുകഴിഞ്ഞു. അവയിൽ പ്രധാനപ്പെട്ട പ്രോഡക്റ്റുകൾ ചുവടെ ചേർക്കുന്നു.

1. കെ.ബി. കൈനീട്ടം ടാക്സ് ഡെപ്പോസിറ്റ് സീനിയർ സിറ്റിസൺ
2. കെ.ബി ഫ്ലക്സി റിക്കറിംഗ് ഡെപ്പോസിറ്റ്
3. കെ.ബി. ടാക്സ് സേവർ ഡെപ്പോസിറ്റ്

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ**

5(*185) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന താൽപ്പര്യം കണക്കിലെടുക്കാതെ സംസ്ഥാനത്തെ ഏറ്റവും വലിയതും തന്ത്രപ്രധാനവുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ. വിറ്റഴിക്കുന്ന കേന്ദ്രസർക്കാർ നടപടി സംസ്ഥാന വ്യവസായാന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ എന്നറിയിക്കാമോ?

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ അര നൂറ്റാണ്ട് കാലമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ബി.പി.സി.എൽ.-ൽ 53.29 ശതമാനം ഓഹരികൾ കേന്ദ്രസർക്കാരിന്റേതാണ്. മുപ്പതിനായിരത്തോളം സ്ഥിരം/കരാർ ജീവനക്കാരുടെ തൊഴിൽ സ്ഥിരതയെ ഈ നീക്കം ദോഷകരമായി ബാധിക്കും. കമ്പനി സ്വകാര്യവൽക്കരിക്കുന്നതിലൂടെ പാചക വാതകത്തിന് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാകുന്നതിനും വഴിയൊരുക്കും. രാജ്യത്തിന്റെ ഊർജ്ജസുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാന പങ്ക് വഹിക്കുന്ന പൊതുമേഖലാ എണ്ണക്കമ്പനിയുടെ സ്വകാര്യവൽക്കരണം രാജ്യസുരക്ഷയെത്തന്നെ ബാധിക്കുന്നതിനോടൊപ്പം പ്രതിവർഷം ഭീമമായ തുക നികുതി ഇനത്തിൽ സർക്കാരിന് ലഭിക്കുന്നതും ഇല്ലാതാകും. റിഫൈനറിയുടെ പരിസരത്തെ ജനങ്ങളുടെ ക്ഷേമത്തിനായി CSR-ന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ പൂർണ്ണമായി നിലയ്ക്കുന്ന അവസ്ഥയും നിർദ്ദിഷ്ട സ്വകാര്യവൽക്കരണത്തിന്റെ ദോഷഫലങ്ങളായി

സംജാതമാകും. സ്ഥാപനത്തിന്റെ വളർച്ചയിൽ സംസ്ഥാന സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകിയിട്ടുണ്ട്. വലിയ തോതിലുള്ള മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടതെന്നതിനാൽ പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. ബി.പി.സി.എൽ. കൊച്ചി റിഫൈനറി സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് മുഖ്യമന്ത്രിയുടെ 17-10-2019, 18-3-2020 എന്നീ തീയതികളിലെ കത്തുകളിലൂടെ പ്രധാനമന്ത്രിയോടും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചിൻ റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) കേന്ദ്ര സർക്കാർ പൂട്ടിയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് സംസ്ഥാനത്തിന്റെ നിരന്തര സമ്മർദ്ദത്തിനൊടുവിൽ സംസ്ഥാനത്തിന് വിലയ്ക്ക് കൈമാറാൻ കേന്ദ്രസർക്കാർ സന്നദ്ധമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.)-നെ സ്വകാര്യവൽക്കരിക്കുന്ന നടപടികളിൽനിന്ന് പിന്മാറണമെന്ന് കേരളം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും യാതൊരു പരിഗണനയും ലഭിച്ചില്ല. എച്ച്.എൻ.എൽ-ന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിലെ NCLT ഉത്തരവ് പ്രകാരം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ മാതൃസ്ഥാപനമായ HPCL ലിക്വിഡേഷനിൽ ആയതിനാൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഓഹരികൾ വാങ്ങുന്നതിന് കേരളത്തിന് NCLT ന്യൂഡൽഹി ബഞ്ച് 25 കോടി രൂപ അനുവദിച്ചിരുന്നു. എങ്കിലും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെതിരെ ആർ.ബി.എൽ. ബാങ്ക് 28-11-2019-ൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ NCLT കൊച്ചി ബഞ്ചിന്റെ ഉത്തരവ് പ്രകാരം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കോർപ്പറേറ്റ് ഇൻസോൾവെൻസി

റെസൊല്യൂഷൻ പ്രോസസ്സിന് വിധേയമാക്കി. റെസൊല്യൂഷൻ പ്രൊഫഷണൽ മുമ്പാകെ റെസൊല്യൂഷൻ പ്ലാൻ സമർപ്പിക്കാൻ സർക്കാർ കിൻഫ്രയെ ചുമതലപ്പെടുത്തിയതനുസരിച്ച് സമർപ്പിക്കപ്പെട്ട റെസൊല്യൂഷൻ പ്ലാൻ, കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സ് (CoC) അംഗീകരിച്ചിട്ടുണ്ട്. കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സിന്റെ ശിപാർശയോടുകൂടി NCLT അംഗീകരിക്കുന്നതോടുകൂടി, എച്ച്.എൻ.എൽ.-ന്റെ ഏറ്റെടുക്കൽ നടപടി സാധ്യമാകും.

(സി) കേന്ദ്രസർക്കാർ വിറ്റൊഴിവാക്കാൻ തീരുമാനിച്ച പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് എന്നിവ വാങ്ങാനുള്ള സംസ്ഥാനത്തിന്റെ ശ്രമം വിജയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

രാജസ്ഥാനിലെ കോട്ടയിലുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ subsidiary ആണ് പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. നീതി ആയോഗിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും 20-7-2018-ലെ G.O.(Ms)No: 52/2018/ID പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി മൂല്യം ( Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. ഇത് സംബന്ധിച്ച് പരസ്പര ചർച്ചയ്ക്കുശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനിൽക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി Asset (ആസ്തി) ആയി കണക്കാക്കണമെന്ന നിലപാടാണ് കേന്ദ്ര ഉദ്യോഗസ്ഥതലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നല്കിയ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേന്ദ്ര ഘന വ്യവസായ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥനുമായി ചർച്ച നടത്തി കേരളത്തിന്റെ സമീപനം ബോധ്യപ്പെടുത്തിയിരിക്കുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. 2010 മേയ് മാസം മുതൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 1000 ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ അഭ്യർത്ഥിച്ചതനുസരിച്ച് 374.59 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തിരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. നിരവധി തൊഴിലാളികൾ ജോലി ചെയ്തുവരുന്ന സ്ഥാപനം ഇന്ത്യൻ റെയിൽവേയ്ക്കും

പ്രതിരോധ സേനകൾക്കും ആവശ്യമായ യന്ത്രസാമഗ്രികളാണ് നിർമ്മിച്ചുവരുന്നത്. ആഗോള ടെണ്ടറുകൾവഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധതലങ്ങളിൽ നിന്നും ഉയർന്ന സാഹചര്യം കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേക്കുള്ള മുൻനീക്കം മുന്നോട്ട് പോയിട്ടില്ലെങ്കിലും മുകളിൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്കരിക്കരുതെന്ന് ആവശ്യപ്പെട്ട് 5-1-2021-ൽ പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്.

## വിനോദസഞ്ചാര വ്യവസായം

6(*186) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പ്രത്യാഘാതത്തിൽ നിന്ന് വിനോദസഞ്ചാര വ്യവസായത്തെ സത്വരമായി പൂർവ്വസ്ഥിതിയിലെത്തിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ; നൂറുദിന പരിപാടിയുടെ ഭാഗമായി പൂർത്തീകരിച്ച പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ലോകമാകമാനം ഗ്രസിച്ചിരിക്കുന്ന കോവിഡ് 19 മഹാമാരി കേരളത്തിലെ ടൂറിസം മേഖലയെ ആകെ ബാധിച്ചിട്ടുണ്ട്. ഈ സ്തംഭനാവസ്ഥയിൽനിന്നും ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനുകളിൽ റേഡിയോ, പ്രിന്റ്, ടിവി, ഓൺലൈൻ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉൾപ്പെടുന്നു. "ചേഞ്ച് ഓഫ് എയർ" എന്ന തീമിനെ ആസ്പദമാക്കിയാണ് ക്യാമ്പയിനുകൾ തയ്യാറാക്കിയിരിക്കുന്നത്. കോവിഡ് മഹാമാരിക്ക് ശേഷമുള്ള ടൂറിസം മേഖലയുടെ ഉണർവ്വിന് ഈ ക്യാമ്പയിനുകൾ സഹായകരമായി മാറും. നൂറുദിന പരിപാടിയുടെ ഭാഗമായി പൂർത്തീകരിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ ടൂറിസം പുനരുജ്ജീവിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള അഞ്ചിന പരിപാടിയുടെ വിശദാംശം നൽകുമോ; ഉത്തരവാദിത്ത ടൂറിസം വിപുലീകരണത്തിനായുള്ള പദ്ധതികൾ അറിയിക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ നിശ്ചലാവസ്ഥയിലായ വിനോദസഞ്ചാര മേഖലയിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആഭ്യന്തര വിനോദസഞ്ചാരികളെ, പ്രത്യേകിച്ച് മലയാളികളെ യാത്ര ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഹോം സ്റ്റേകൾ ഉൾപ്പെടെയുള്ള വിവിധ ആർ.ടി. മിഷൻ യൂണിറ്റുകളുമായി ചേർന്ന് പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ച് നടത്തിവരുന്നു. അതോടൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിലെത്തുന്ന ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ താമസ ദൈർഘ്യം പരമാവധി വർദ്ധിപ്പിക്കുന്നതിനുമായി വിവിധങ്ങളായ നാല് വിഷയങ്ങളിൽ (ആർട്ട് ആൻഡ് കൾച്ചർ, ക്യുസീൻ, മാർഷ്യൽ ആർട്സ്, ക്രാഫ്റ്റ്) ലേർണിംഗ് എക്സ്പീരിയൻസ് പാക്കേജുകൾ, എക്സ്പീരിയൻഷ്യൽ സ്റ്റേ എന്നീ അഞ്ചിന പരിപാടികൾ പൂർണ്ണതോതിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഗ്രാമീണ ടൂറിസം മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ, നേറ്റീവ് എക്സ്പീരിയൻസ് പാക്കേജുകൾ, കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, കാർബൺ ന്യൂട്രൽ പാക്കേജുകൾ, ഫാം വിസിറ്റ് പാക്കേജുകൾ, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ, ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിങ്ങനെ വിവിധങ്ങളായ പാക്കേജുകളും ഗ്രാമീണ മേഖലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു.

(സി) വരുമാനരഹിതരായ ടൂറിസ്റ്റ് ഗൈഡുകൾക്കും ഹൗസ് ബോട്ടുടമകൾക്കും സഹായം നല്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാന രഹിതരായ ടൂറിസ്റ്റ് ഗൈഡുമാർക്കും ഹൗസ് ബോട്ടുടമകൾക്കും സഹായം നല്കാൻ വേണ്ടി ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കിവരുന്നു.

(ഡി) ഹോംസ്റ്റേകളെ വാണിജ്യ വിഭാഗത്തിൽ നിന്നൊഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ഹോംസ്റ്റേകളെ നിലവിൽ വാണിജ്യ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

## വ്യവസായ പുരോഗതിക്ക് പ്രവാസികളുടെ സംരംഭക ശേഷി

7 (*187) ശ്രീ. കെ. രാജൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ സംരംഭകശേഷിയും തൊഴിൽ വൈദഗ്ദ്ധ്യവും കേരളത്തിന്റെ വ്യവസായ പുരോഗതിക്ക് അനുകൂലമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രവാസികളുടെ സംരംഭക-തൊഴിൽ വൈദഗ്ദ്ധ്യം ഉപയോഗിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനോ മറ്റേതെങ്കിലും തരത്തിൽ ഇത്തരം സംരംഭങ്ങളുടെ ഭാഗമാകാനോ താത്പര്യമുള്ളവർക്ക് രജിസ്ട്രേഷൻ നടത്തുന്നതിലേക്കായി www.industry.kerala.gov.in എന്ന വെബ്സൈറ്റിൽ ഒരു ഓൺലൈൻ പ്രവാസി പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന പ്രവാസികളെ പ്രത്യേക വിഭാഗത്തിലേക്ക് മാറ്റുകയും നിക്ഷേപ സബ്സിഡി ജനറൽ വിഭാഗത്തിനുള്ള 15 ശതമാനത്തിനു പുറമേ 10 ശതമാനം അധിക സബ്സിഡി, പരമാവധി 30 ലക്ഷം രൂപ വരെ പ്രവാസി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് അനുവദിച്ചുവരുന്നുണ്ട്. നാട്ടിൽ തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് നിലവിലുള്ള പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) വിപുലീകരിച്ചിട്ടുമുണ്ട്. പ്രവാസികളായ മലയാളികളിൽനിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപം ആകർഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി നോർക്ക റൂട്ട്സിന്റെ കീഴിൽ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററും ആരംഭിച്ചിട്ടുണ്ട്.

(ബി) കോവിഡ്മൂലവും മറ്റ് കാരണങ്ങളാലും മടങ്ങിവന്ന തൊഴിലാളികളുടെ വ്യാവസായിക മേഖലയിലെ പരിചയവും അനുഭവസമ്പത്തും നാടിന്റെ വികസനത്തിനുപയോഗിക്കുന്നതിനായി അവരുടെ വിവര ശേഖരണം നടത്തുന്നുണ്ടോ?

ഉണ്ട്. 16-1-2021 വരെ 2798 പ്രവാസികൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് പ്രവാസി വിവരശേഖരണ പോർട്ടൽ മുഖേന പദ്ധതികൾ സമർപ്പിക്കാൻ സാധിക്കുമോ?

ഓൺലൈൻ പ്രവാസി പോർട്ടൽ മുഖേന പ്രവാസികൾക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള താല്പര്യം അറിയിക്കുവാൻ സംവിധാനമുണ്ട്. ഇപ്രകാരം 121 പ്രവാസികൾ സംസ്ഥാനത്ത് സംരംഭം ആരംഭിച്ചിട്ടുണ്ട്.

(ഡി) പ്രവാസികളുടെ കൈവശം ഭൂമിയുണ്ടെങ്കിൽ അവ മറ്റ് സംരംഭകർക്ക് കൈമാറുന്നതിന് താല്പര്യമുള്ളപക്ഷം ആയതിന് പ്രസ്തുത പോർട്ടലിൽ സൗകര്യം ഒരുക്കിയിട്ടുണ്ടോ?

താത്പര്യം അറിയിക്കുന്നതിന് പോർട്ടലിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യമനുസരിച്ച് ബന്ധപ്പെട്ട മേഖലകളിൽ തൊഴിൽ കണ്ടെത്തി നൽകുന്നതിന് ഈ പോർട്ടൽ മുഖേന സാധിക്കുമോയെന്ന് അറിയിക്കാമോ?

ഓൺലൈൻ പ്രവാസി പോർട്ടൽ മുഖേന പ്രവാസികൾക്ക് താത്പര്യം രേഖപ്പെടുത്തുന്നതിനനുസരിച്ച് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഉണ്ടാകുന്ന ഒഴിവുകൾ അവരെ അറിയിക്കുന്നുണ്ട്.

## പരമ്പരാഗത കയർ തൊഴിലാളികൾക്ക് വരുമാന സ്ഥിരത ഉറപ്പാക്കൽ

8(*188) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത കയർ തൊഴിലാളികൾക്ക് വരുമാന സ്ഥിരത ഉറപ്പാക്കുവാൻവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായ 350 രൂപയുടെ ഒരു ഭാഗം പരമാവധി 110 രൂപ സർക്കാർ വിഹിതമായി നൽകിവരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. പരമ്പരാഗത കയർപിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടെയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ച്

ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും. അതോടൊപ്പം കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ ട്വിസ്റ്റും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500 രൂപ വരെ സർക്കാർ സഹായമില്ലാതെ കയർ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. പരമ്പരാഗത കയർ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻവഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടന്ന് ഉറഞ്ഞുപോകുന്ന സ്ഥിതി ഒഴിവാക്കുന്നതിന് 70% വരെ ഡിസ്കൗണ്ട് നൽകി വിൽക്കേണ്ടിവന്നിരുന്ന സ്ഥിതി 2016-17-നുശേഷം അവസാനിച്ചു. എം.ജി.എൻ.ആർ.ഇ.ജി.എസ്-മായി ചേർന്ന് കയർ കേരള 2017-ൽ ആരംഭിച്ച കയർ ഭൂവസ്ത്ര പരിപാടിയുടെ ഗുണഫലമാണിത്. ഈ പദ്ധതിക്ക് 13.5% സർക്കാർ ആനുകൂല്യം നൽകിയിരുന്നത് 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതിനും അവരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായിത്തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാമ്പെയിനുകൾവഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ച്വേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുള്ള നടപടിയും കയർഫെഡ് ഏറ്റെടുത്ത് നടത്തുന്നു.

(ബി) കോവിഡ് പ്രതിസന്ധിമൂലം ബുദ്ധിമുട്ടിലായ പരമ്പരാഗത തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയത്; വിശദമാക്കുമോ?

കോവിഡ് പ്രതിസന്ധിമൂലം ബുദ്ധിമുട്ടിലായ കയർ തൊഴിലാളികൾക്ക് 1000 രൂപ വീതം പ്രത്യേക ധനസഹായവും കോവിഡ് 19 ബാധിച്ച കയർ തൊഴിലാളികൾക്ക് 4000 രൂപ വീതം പ്രത്യേക ധനസഹായവും നൽകി വരുന്നു. പെൻഷൻകാർക്ക് ഏപ്രിൽ മാസം 6100 രൂപ പ്രകാരവും ജൂലൈ മാസം 2600 രൂപ പ്രകാരവും തുടർന്ന് സെപ്റ്റംബർ മുതൽ പ്രതിമാസ അടിസ്ഥാനത്തിലും പെൻഷൻ നൽകുന്നു. കോവിഡ് കാലത്ത് കയർ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വീടുകളിൽ ചകിരി എത്തിച്ചുകൊടുത്തു.

(സി) പരമ്പരാഗത മേഖലയിലെ കയറും കയറുല്പന്നങ്ങളും പരിധിയില്ലാതെ സംഭരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുള്ള നടപടിയും കയർഫെഡ് ഏറ്റെടുത്തു നടത്തുന്നു. സംസ്ഥാനത്തെ ഡീ-ഫൈബറിംഗ് മില്ലുകൾ ഉല്പാദിപ്പിക്കുന്ന ചകിരി 23 രൂപ നിരക്കിൽ കയർഫെഡ്വഴി സർക്കാർ സംഭരിക്കുന്നു. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത കൂലി ഉറപ്പാക്കി ന്യായവില നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിന് കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻവഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70% വരെ ഡിസ്കൗണ്ട് നൽകി ഉറഞ്ഞുപോകാതെ വിൽക്കേണ്ടിവരുന്ന സ്ഥിതി 2016-17-നുശേഷം അവസാനിച്ചു. ക്രയവില സ്ഥിരതാ പദ്ധതിക്ക് 13.5% സർക്കാർ ആനുകൂല്യം നൽകിയിരുന്നത് 16% ആയി ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉല്പന്നങ്ങൾ

ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നതുവഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്താൻ സാധിക്കുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായിത്തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചംവരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാമ്പയിനുകൾവഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. ഈ സർക്കാർ കാലയളവിൽ 666.40 കോടി രൂപയുടെ കയറുൽപ്പന്നങ്ങൾ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാർ കാലയളവിൽ ഇത് 399.64 കോടി രൂപയായിരുന്നു. കയർ സംഭരണം 2015-16-ലെ 78820.40 ക്വിന്റലിൽ നിന്നും 2019-20-ൽ 205000 ക്വിന്റലായി ഉയർന്നു.

(ഡി) ഈ മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ തൊഴിൽ ദിനങ്ങൾ സംരക്ഷിക്കുന്നതിനും ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. കയർപിരി തൊഴിലാളികളുടെ പ്രതിദിന വേതനമായ 350 രൂപയുടെ ഒരു ഭാഗം പരാമവധി 110 രൂപ സർക്കാർ വിഹിതമായി നൽകിവരുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൻ കീഴിൽ വരുന്ന എല്ലാ കയർ സഹകരണ സംഘങ്ങളും രജിസ്റ്റേർഡ് പ്രൈവറ്റ് യൂണിറ്റുകളും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസുകളിൽ രജിസ്ട്രേഷൻ ചെയ്തിരിക്കണം. പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി ഡീ-ഫൈബറിംഗ്, ഓട്ടോമാറ്റിക് സ്പിന്നിംഗ് എന്നീ ഉയർന്ന വേതനം ലഭിക്കുന്ന മേഖലകളെ ടി പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്ന സംഘങ്ങൾ/പ്രൈവറ്റ് യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന കയർ, കയർഫെഡിൽ വില്പന നടത്തേണ്ടതാണ്. കയർഫെഡിൽ നിന്നും ലഭിക്കുന്ന ബില്ലുകളുടെ പകർപ്പുകൾകൂടി അപേക്ഷകൾക്കൊപ്പം സമർപ്പിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലത്തെ തൊഴിലാളികളുടെ എണ്ണവും നൽകിയ തുകയും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൈത്തറി, ഖാദി രംഗത്തെ പുരോഗതി

9(*189) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വില്പനയിൽ വൻകുറവുണ്ടാകുകയും റിബേറ്റ് തുക കുടിശ്ശികയായിരിക്കുകയും തൊഴിൽ ദിനങ്ങൾ നാമമാത്രമായിരിക്കുകയും ചെയ്തിരുന്ന സ്ഥിതിയിൽ നിന്ന് കൈത്തറി മേഖലയെ സംരക്ഷിക്കാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

കേരളത്തിലെ പ്രധാന പരമ്പരാഗത തൊഴിലുകളിലൊന്നായ കൈത്തറി മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യംവച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൈത്തറി തുണിത്തരങ്ങൾക്കുള്ള റിബേറ്റ്. സംസ്ഥാനത്തിനകത്ത് മാനദണ്ഡങ്ങൾക്ക് വിധേയമായി ഉല്പാദിപ്പിച്ച് കിഴിവ് നൽകി വിൽപ്പന നടത്തുന്ന കൈത്തറി ഉല്പന്നങ്ങൾക്ക് 20%, 30% സർക്കാരിൽ നിന്നും റിബേറ്റ് ഇനത്തിൽ തിരികെ നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ കൈത്തറി ഉൽപ്പന്നങ്ങളുടെ പ്രചാരണത്തിനും ഉപഭോക്താക്കളെ കൈത്തറി ഉല്പന്നങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാനും വില്പന വർദ്ധിപ്പിക്കാനും അങ്ങനെ കൈത്തറി നെയ്ത്തു തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും സാധിക്കുന്നു. ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്തേതിനേക്കാൾ ഇരട്ടിയിലേറെ തുക റിബേറ്റ് ഇനത്തിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് റിബേറ്റ് ഇനത്തിൽ 2011-12 വർഷം മുതൽ 2015-16 വർഷം വരെ ആകെ 24,74,00,000 രൂപയാണ് അനുവദിച്ചിരുന്നതെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ഇനത്തിൽ 2016-17 മുതൽ ഇതുവരെ ആകെ 57,24,72,627 രൂപ അനുവദിച്ചിട്ടുണ്ട്. 5.51 കോടി രൂപ ബഡ്ജറ്റിൽ ഇനി നീക്കിയിരിപ്പുണ്ട്. ആയത് ഉടൻ വിനിയോഗിക്കുന്നതാണ്. സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളും ഹാന്റെക്സ്/ഹാൻവീവ് എന്നിവയും ഏറ്റവും കൂടുതൽ തുണിത്തരങ്ങൾ വിറ്റഴിക്കുന്നത് വിഷു, ഓണം, ക്രിസ്തുമസ് എന്നീ കാലയളവുകളിലാണ്. എന്നാൽ കോവിഡ് പടർന്നുപിടിച്ച സാഹചര്യത്തിൽ വിഷു, റംസാൻ വിൽപ്പന ഗണ്യമായി കുറഞ്ഞതിനാൽ 2021 ജൂലൈയ് മാസം മുഴുവൻ 20% കോവിഡ് സ്പെഷ്യൽ റിബേറ്റ് അനുവദിച്ച് നൽകിയിരുന്നു. ഗണ്യമായ

വിൽപ്പന നടന്നില്ലെങ്കിലും ഓൺലൈൻ വിൽപ്പനകൂടി ഉള്ളതിനാൽ ഈ അവസരം കൈത്തറി തൊഴിലാളികൾക്ക് സഹായകമായി. കോവിഡ് സ്പെഷ്യൽ റിബേറ്റ് വിൽപ്പന പ്രകാരം 2.5 കോടി രൂപയുടെ വിൽപ്പനയാണ് നടന്നത്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് മാസം ശരാശരി 2500 രൂപയ്ക്കടുത്തു മാത്രം വരുമാനം നേടിയിരുന്ന നെയ്ത്തുകാരുടെ ദുഃസ്ഥിതിക്ക് പരിഹാരം കാണാൻ സൗജന്യ യൂണിഫോം പദ്ധതി എത്രമാത്രം പ്രയോജനപ്പെട്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ 2 ജോഡി കൈത്തറി യൂണിഫോം നെയ്ത്ത് വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിവരികയാണ്. ഈ പദ്ധതികൊണ്ട് സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി വർഷത്തിൽ 100-ൽ താഴെ തൊഴിൽ ദിനങ്ങൾ മാത്രം ലഭിച്ചിരുന്നതിൽനിന്നും വ്യത്യസ്തമായി 200 മുതൽ 300 ദിനങ്ങൾവരെ തൊഴിലാളികൾക്ക് ലഭിച്ചു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പാക്കി 3 വർഷം പിന്നിട്ടപ്പോൾ 5900 നെയ്ത്തുകാർക്കും 1600 നെയ്ത്ത് അനുബന്ധ തൊഴിലാളികൾക്കും തൊഴിൽ നൽകുവാനും തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാനും കഴിഞ്ഞിട്ടുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിൽ വരുത്തുന്നതിനുമുമ്പ് കൈത്തറി മേഖലയിലെ തൊഴിലാളികളുടെ വൻതോതിലുള്ള കൊഴിഞ്ഞുപോക്ക് നടന്നിരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സംഘങ്ങളിലെ നെയ്ത്ത് തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രം പ്രവർത്തിച്ച് വരികയായിരുന്നു. 100 രൂപയിൽ താഴെ ദിവസക്കൂലിയിൽ ഏതാനും ദിവസങ്ങളിൽ മാത്രമാണ് നെയ്ത്തുകാർക്ക് തൊഴിൽ ലഭ്യമായിരുന്നത്. എന്നാൽ പദ്ധതി നടപ്പിലാക്കിയതിനുശേഷം ഒരു നെയ്ത്തുകാരന് നെയ്യുന്നതിനനുസരിച്ച് പ്രതിദിനം 600-ലധികം രൂപ വരുമാനമായി ലഭിച്ചു വരുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലായതിനുശേഷം ഇതുവരെ 160 കോടിയോളം രൂപ കൂലിയിനത്തിൽ മാത്രം സ്കൂൾ യൂണിഫോം നെയ്ത്തുകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. അതായത് നെയ്ത്തുകാരുടെ ദുഃസ്ഥിതിയ്ക്ക് പരിഹാരം കാണാനും തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്.

(സി) ഖാദി വ്യവസായ രംഗത്ത് മുൻ സർക്കാരിന്റെ കാലത്ത് വേതന കുടിശ്ശിക ഉണ്ടായിരുന്നോ?

ഖാദി വ്യവസായ രംഗത്ത് മുൻ സർക്കാരിന്റെ കാലത്ത് വേതന കുടിശ്ശിക ഉണ്ടായിരുന്നില്ല.

(ഡി) ഖാദി വ്യവസായ പുരോഗതിക്ക് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഖാദി വിപണി മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ഖാദിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിച്ചു. ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ നടപ്പിലാക്കി. തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിച്ചു. തൊഴിലാളികളുടെ ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചു. അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കി. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള "വർക്ക് ഷെഡ് " പദ്ധതി നടപ്പിലാക്കി. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ തൊഴിലുപകരണങ്ങൾ ലഭ്യമാക്കി. സംസ്ഥാനത്ത് വളരെ ഡിമാന്റുള്ള ഖാദി മസ്ലിൻ ഉല്പന്നങ്ങളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ – ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചാരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. യുവതലമുറയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നല്കുന്നതിന്റെ ഭാഗമായി "ഖാദി ഡേ" പദ്ധതി നടപ്പിലാക്കി. കോവിഡ് കാലത്ത് പോലീസ് വകുപ്പുമായും ഭക്ഷ്യ വകുപ്പുമായും സഹകരിച്ച് ഖാദി മാസ്കുകൾ വിതരണം

ചെയ്തു. കേരള ഭക്ഷ്യ വകുപ്പിന്റെ ഭക്ഷ്യ കിറ്റിനോടൊപ്പം 2 ഖാദി മാസ്കുകൾ വീതം വിതരണം ചെയ്യുന്നതിനാശ്യമായ നടപടി സ്വീകരിച്ചുവരുന്നു. കേരള പോലീസ് വകുപ്പിന്റെ ക്യാന്റീനുകൾവഴി ഖാദി ഉല്പന്നങ്ങൾ വിപണനം നടത്തിവരുന്നു. ഖാദി തൊഴിലാളികൾക്ക് ESI നടപ്പിലാക്കി. ഖാദിബോർഡ് പുതുതായി 113 പേർക്ക് പി.എസ്.സി. വഴി ജോലി നല്കി. എന്റെ ഗ്രാമം, PMEGP പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 18500 തൊഴിലവസരങ്ങൾ നൽകുകയുണ്ടായി.

**ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് അന്തരീക്ഷം**

10(*190) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് നടത്തിയ ഇടപെടൽ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(ബി) പ്രധാനമായും ഏതൊക്കെ മേഖലകളിൽ ഇത് സംബന്ധിച്ച് പരിഷ്കാരങ്ങൾ വരുത്തിയെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ് മെച്ചപ്പെടുത്തുക, തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി കേന്ദ്രസർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കിവരുന്നു. വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും അതുവഴി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് " 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് " എന്ന പേരിൽ സർക്കാർ പുതിയ നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ നിയമംമൂലം വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിൽ കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ വിവിധ വകുപ്പുകളുടെ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ

സംവിധാനം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ. കൂടാതെ വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ/ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29-9-2020-ൽ ആരംഭിച്ച K-SWIFT-Phase II-ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാന സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തിരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപന പ്രകാരം റെഡ് കാറ്റഗറിയിൽ വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽനിന്നും ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് " 2019-ലെ ദി കേരള മൈക്രോ സ്മോൾ മീഡിയം എൻറർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ്" -ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി, K-SWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റു രസീത് ലഭ്യമാക്കാവുന്ന സൗകര്യം കൊണ്ടുവന്നത്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ ഇൻവെസ്റ്റ് കേരള പോർട്ടൽ നടപ്പിലാക്കിയിരിക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ,

അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാകുന്നതാണ്. 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് എന്നിവ നടപ്പിലാക്കിയതുമൂലവും വ്യവസായം ആരംഭിക്കുന്നതിനായി സംരംഭകർക്ക് ഓൺ ലൈൻ സംവിധാനമായ K-SWIFT നിലവിൽ വന്നതുമൂലവും കേരളത്തിന് ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറുവാൻ സാധിച്ച എന്നതിന്റെ ഫലമായാണ് K-SWIFT പോർട്ടൽവഴി നാളിതുവരെ (6-1-2021 വരെ) 1415 സംരംഭകർ കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിച്ചതിൽ ഡീംഡ് ലൈസൻസ് ലഭ്യമാക്കിയത് ഉൾപ്പെടെ, 578 അനുമതികൾ/ലൈസൻസുകൾ ലഭ്യമാക്കിയത്. കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിലൂടെ K-SWIFT വഴി നാളിതുവരെ (6-1-2021 വരെ) 7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട- ഇടത്തരം വിഭാഗത്തിൽപ്പെടാത്ത നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുമൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭകർക്ക് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയിലൂടെ 7 ദിവസത്തിനുള്ളിൽ വ്യാവസായിക ലൈസൻസ് ലഭ്യമാക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിനായി കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കൽ ആക്റ്റിൽ ഭേദഗതികൾ വരുത്തി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് ഒരു നിക്ഷേപ സൗഹൃദ പരിപാടി ആരംഭിക്കുവാൻ വ്യവസായ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മേൽപ്പറഞ്ഞ നിയമ/ചട്ടപരിഷ്കാരങ്ങൾ കൂടാതെ ഉദാരമായ ദീർഘകാല വായ്പാ പദ്ധതികൾ, Term Loan, Land Premium ഇളവ്, വാടകയിലും പലിശയിനത്തിലും മറ്റും പാക്കേജുകൾ പ്രഖ്യാപിച്ച് സംരംഭകരെ ആകർഷിക്കുന്നതിനുള്ള പരിപാടികൾ സർക്കാർ ആലോചിച്ച വരുന്നു. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ മാറ്റുകയും വലിയ തോതിൽ നിക്ഷേപം ആകർഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10, തീയതികളിൽ കൊച്ചിയിൽവച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കാൻ സാധിച്ചിട്ടുണ്ട്.

## ചെലവ് ചുരുക്കുന്നതിനായി സ്വീകരിച്ച നടപടികൾ

11(*191) ഡോ. എം. കെ. മുനീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവ് ചുരുക്കുന്നത് സംബന്ധിച്ച് അഞ്ച് സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടും അതിലെ നിർദ്ദേശങ്ങൾക്ക് വകുപ്പുകൾ വില കൽപ്പിച്ചില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സമീപകാലങ്ങളിൽ കണ്ടിട്ടില്ലാത്തവിധത്തിലുള്ള പ്രകൃതി ദുരന്തങ്ങളുടെയും മറ്റ് പ്രതികൂല സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ചെലവ് ചുരുക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കേണ്ടത് ഡി.ഡി.ഒ. മുതൽ വകുപ്പ് അദ്ധ്യക്ഷൻ/വകുപ്പ് സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥ ശ്രേണിയിൽവരുന്ന ഉദ്യോഗസ്ഥരുടെ ബാധ്യതയാണ്. ഉദ്യോഗസ്ഥതലത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ കൃത്യവും നിയതവുമായ ഓഡിറ്റ് സംവിധാനങ്ങളും നിലവിലുണ്ട്. ചെലവ് ചുരുക്കലുമായി ബന്ധപ്പെട്ട് ധന വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ഏതെങ്കിലും വകുപ്പുകൾ ബോധപൂർവ്വം ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ചെലവുചുരുക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നും അതുമൂലമുണ്ടായിട്ടുള്ള ഗുണഫലങ്ങൾ എന്തൊക്കെ എന്നും വിശദമാക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയും ചെയ്യുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ,

കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 5-11-2020-ലെ സ.ഉ.(അ)നമ്പർ 152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധങ്ങളായ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കുവാൻ സാധിച്ചിട്ടുള്ളത് സർക്കാർ നടപ്പിലാക്കിയിട്ടുള്ള വ്യയനിയന്ത്രണ നടപടികളുടെ വിജയം കൂടിയാണ്.

(സി) ജനങ്ങൾക്ക് ഗുണകരമല്ലാത്ത പദ്ധതികളും ജീവനക്കാർ വെറുതെയിരിക്കുന്ന ഓഫീസുകളും നിർത്തലാക്കുമെന്ന സർക്കാർ പ്രഖ്യാപനത്തെ തുടർന്ന് കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ പല പദ്ധതികളും പ്രവർത്തനം അവസാനിപ്പിച്ചിട്ടും പദ്ധതികൾക്കായി നിയമിച്ച ജീവനക്കാർ തുടരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ജീവനക്കാരുടെ വിവരങ്ങൾ കണ്ടെത്തി അധിക ജീവനക്കാരെ ആവശ്യമുള്ള വകുപ്പുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള നിർവ്വഹണ കലണ്ടർ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് തയ്യാറാക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്,

(ഡി) അയ്യായിരം ജീവനക്കാരെ പുനർവിന്യസിക്കുമെന്ന് സർക്കാർ പ്രഖ്യാപനമുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദമാക്കുമോ?

ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ഇ-ഓഫീസ് സോഫ്റ്റ്‌വെയർ, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിച്ചുവരുന്ന ഓഫീസുകളിൽ അധികമായിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികകൾ മറ്റ് തസ്തികകളിലേയ്ക്ക് പുനർ വിന്യസിച്ചും ഓഫീസ് അറ്റൻഡന്റ് തസ്തികകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി പുനർവിന്യസിക്കുവാനും സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത്, ജല-വിഭവ വകുപ്പുകൾ, വാട്ടർ അതോറിറ്റി തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ പോലുള്ള കൂടുതൽ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് വരുന്നതിനാൽ ഇപ്പോൾ ക്ലറിക്കൽ സ്റ്റാഫ് ചെയ്തുവരുന്ന പ്രവൃത്തികൾ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഇപ്പോഴുള്ള ജീവനക്കാർക്കുതന്നെ ചെയ്യാവുന്നതാകയാൽ ഇങ്ങനെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ചെയ്യാവുന്ന കാര്യങ്ങൾതന്നെ ഇരട്ടിപ്പായി ചെയ്തുവരുന്ന ടൈപ്പിസ്റ്റ് തുടങ്ങിയ ക്ലറിക്കൽ സ്റ്റാഫിന്റെ എണ്ണം കണ്ടെത്തി മറ്റ് വകുപ്പുകളിലേക്കോ സ്ഥാപനങ്ങളിലേക്കോ പുനർവിന്യസിക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഇ) വരുമാനം എങ്ങനെയൊക്കെ കൂട്ടാമെന്നത് സംബന്ധിച്ച് മൂന്ന് സമിതികളുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളും ലഭിച്ച ഗുണഫലങ്ങളും എന്തൊക്കെ എന്ന് വ്യക്തമാക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതികളുടെ വിവിധ വിഷയങ്ങളിലുള്ള റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിരുന്നു. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ സമസ്ത മേഖലകളും ദുരിതമനുഭവിക്കുന്ന ഈ ഘട്ടത്തിൽ പ്രധാന നികുതി, നികുതിയേതര ഇനങ്ങളിൽ വർദ്ധനവ് വരുത്തുവാൻ സർക്കാർ നിലവിൽ ഉദ്ദേശിക്കുന്നില്ല

(എഫ്) ചെലവുചുരുക്കലും വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികളും നടപടികളും ലക്ഷ്യം കണ്ടില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധങ്ങളായ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കുവാൻ സാധിച്ചിട്ടുള്ളത് സർക്കാർ നടപ്പിലാക്കിയിട്ടുള്ള വ്യയനിയന്ത്രണ നടപടികളുടെ വിജയം കൂടിയാണ്.

**കായികരംഗത്തെ അടിസ്ഥാന സൗകര്യ വികസനം**

12(*192) <u>ശ്രീ. ജെയിംസ് മാത്യു</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കായികരംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ കായികരംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17, 2017-18 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഏകദേശം 1000 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി. രാജ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം

മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയുടെയും കായിക യുവജന കാര്യാലയം മുഖേന നേരിട്ട് നടത്തുന്ന പദ്ധതികളുടെയും വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ 14 ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇവയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) കായികരംഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തിന്റെ സമഗ്ര കായികവികസനം ലക്ഷ്യമിട്ട് ഈ മേഖലയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ട പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, 35-ാമത് ദേശീയ ഗെയിംസിനായി സംസ്ഥാനത്ത് പുതുതായി നിർമ്മിച്ചതും നവീകരിച്ചതുമായ സ്റ്റേഡിയങ്ങളുടെ പരിപാലനം, വിപുലീകരണം എന്നിവ ലക്ഷ്യമിട്ട് കായിക യുവജന കാര്യാലയ ഡയറക്ടറുടെ കീഴിൽ കായിക എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ അടിസ്ഥാന സൗകര്യ നിർമ്മിതിയുമായി ബന്ധപ്പെട്ട മുഴുവൻ പദ്ധതികളും കായിക എഞ്ചിനീയറിംഗ് വിഭാഗമാണ് നടത്തിവരുന്നത്.

(ഡി) വിവിധ ജില്ലകളിലായി എത്ര സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ആദ്യ ഘട്ടത്തിൽ കേരളത്തിന്റെ 5 ജില്ലകളിലായി 9 സ്പോർട്സ് ഫിറ്റ്നസ് സെന്ററുകളാണ് ആരംഭിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ 9 ജില്ലകളിൽകൂടി സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യ ഘട്ടത്തിൽ ആരംഭിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഷൂട്ടിംഗ് റേഞ്ച് വട്ടിയൂർക്കാവ്, തിരുവനന്തപുരം
2. പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ, തിരുവനന്തപുരം
3. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം
4. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, തിരുവനന്തപുരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം
6. കൊല്ലം ഹോക്കി സ്റ്റേഡിയം
7. വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
8. വി.കെ.കെ.ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
9. മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ

**കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം**

13(*193) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ബാബു:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിക്കാലത്തും പ്രളയകാലത്തും കാർഷിക പുനരുജ്ജീവനത്തിനായുള്ള സുഭിക്ഷ കേരളം പദ്ധതിയിലും സഹകരണ പ്രസ്ഥാനം വഹിച്ച പങ്ക് വിശദമാക്കാമോ?

കോവിഡ് 19 സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ രോഗ വ്യാപനം തടയുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സഹകരണ സംഘങ്ങൾക്ക് നൽകുകയുണ്ടായി. കോവിഡ് 19 മുഖേന വിവിധ മേഖലകൾക്കുണ്ടായ നഷ്ടം പരിഗണിച്ച് സഹകരണ സംഘങ്ങൾ നൽകിയ വായ്പകൾക്കുള്ള മൊറട്ടോറിയം അനുവദിച്ച് നിർദ്ദേശം പുറപ്പെടുവിച്ചു. സഹകരണ സംഘങ്ങളിലെ കളക്ഷൻ ഏജന്റുമാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. ടൂറിസം മേഖലയ്ക്ക് ആശ്വാസമായി അതാത് പ്രദേശത്തെ പ്രാഥമിക കാർഷിക സംഘങ്ങളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനുവേണ്ടി പ്രത്യേക വായ്പാ പദ്ധതി നടപ്പിലാക്കി. കോവിഡ് 19 സാമ്പത്തിക പാക്കേജിന്റെ ഭാഗമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കാത്ത ഓരോ BPL, AAY കുടുംബത്തിനും സാമ്പത്തിക സഹായമെന്ന നിലയിൽ സംഘങ്ങൾ വഴി 1000 രൂപ ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിച്ചു കൊടുക്കുന്ന പദ്ധതി സർക്കാരിനു വേണ്ടി നടപ്പിലാക്കി. മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ മുഖേനയുള്ള 2,000 കോടി രൂപയുടെ വായ്പാപദ്ധതിയായ “ മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme-

CMHLS)" നടപ്പിലാക്കി. വിശദീകരണ കുറിപ്പ് കണ്ടാലും. പ്രളയക്കെടുതിയിൽ പഠനോപകരണങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽ നിന്നും ആവശ്യമായ തുക സംഭാവന നൽകുന്നതിന് നിർദ്ദേശം നൽകി. പ്രളയ ദുരന്തത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള ഭവന നിർമ്മാണ പദ്ധതിയായ കെയർ ഹോം പദ്ധതി നടപ്പിലാക്കി. 2021 ജനുവരി 12 വരെ 2048 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. ശേഷിക്കുന്ന 47 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ഇതിന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസസ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ എന്നിവയ്ക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് കെയർ ഗ്രേസ്. കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീ സർജന്റ് കേരള ലോൺ സ്കീം (RKLS) പദ്ധതി നടപ്പിലാക്കി. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ വഴിയാണ് നടപ്പാക്കിയത്. വിശദീകരണ കുറിപ്പ് കണ്ടാലും.

ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടി കേരള സർക്കാർ പ്രഖ്യാപിച്ച സമഗ്ര പദ്ധതിയായ സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പും വിവിധ പരിപാടികൾ നടപ്പിലാക്കി. മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുകയായിരുന്നു പ്രധാന പരിപാടി. സഹകരണ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലമെടുത്ത് ഒരു മാതൃകാ കൃഷിത്തോട്ടം നേരിട്ട് സജ്ജീകരിച്ചുവഴി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു. വിശദീകരണ കുറിപ്പ് കണ്ടാലും.

(ബി) കാർഷിക മേഖലയിലും കാർഷിക സംരംഭ മേഖലയിലും വായ്പാ വിതരണം വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ?

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പാ വിതരണ വ്യവസ്ഥകൾ ഉദാരവൽക്കരിച്ചുകൊണ്ട് കൂടുതൽ ജനകീയമാക്കി വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന കാർഷിക വായ്പകൾ കൂടുതൽ വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40 ശതമാനമെങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് ബാങ്ക് ഭരണ സമിതികൾ പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് സംസ്ഥാനത്തെ കാർഷിക ഉല്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികൾ/പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സഹായത്തോടെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായിട്ടുള്ള നെൽക്കർഷകർക്ക് പലിശരഹിത വായ്പ നൽകി വരുന്നത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പാ വിതരണത്തിലും വർദ്ധന ഉണ്ടാക്കിയിട്ടുണ്ട്. കാർഷിക മേഖലയെ സംരക്ഷിച്ചുകൊണ്ട് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിനുമായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാനവില നിശ്ചയിച്ചു കൊണ്ടുള്ള സഹകരണ മേഖലയിലെ സർക്കാർ ഇടപെടലുകളും ആയതുമായി ബന്ധപ്പെട്ട സഹകരണ മേഖലയിലെ പ്രവർത്തനങ്ങളും പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പാ വിതരണം വർദ്ധിപ്പിക്കുവാൻ സഹായിച്ചിട്ടുണ്ട്. വിശദീകരണ കുറിപ്പ് കണ്ടാലും.

(സി) നെല്ല് സംഭരണത്തിൽ നിലനിൽക്കുന്ന സ്വകാര്യ മില്ലുകളുടെ ചൂഷണം അവസാനിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സഹകരണ സംഘങ്ങൾ നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം ആരംഭിച്ചിരുന്നെങ്കിലും അപ്രകാരമുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നില്ല. പദ്ധതി വിശദമാക്കാം. കേന്ദ്ര സർക്കാരുമായി കേരള സർക്കാർ ഒപ്പുവച്ചിരിക്കുന്ന ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നടന്നുവരുന്ന നെല്ല് സംഭരണ സംസ്കരണ പ്രവർത്തനങ്ങളിൽ സപ്ലൈകോ സംസ്ഥാന സർക്കാരിന്റെ നെല്ല് സംഭരണ സംസ്കരണ പ്രവർത്തനങ്ങളുടെ ഏജൻസിയായി പ്രവർത്തിക്കുകയാണ്. 2020-21 വർഷത്തിൽ സപ്ലൈകോവഴി നടപ്പിലാക്കുന്ന നെല്ല് സംഭരണ സംസ്കരണ പ്രവർത്തനങ്ങളിൽ സഹകരണ സംഘങ്ങളെയുംകൂടി ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ സഹകരണ സംഘങ്ങൾ കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും

സമയബന്ധിതമായി നെല്ല് സംഭരിക്കുവാൻ തീരുമാനിച്ചിരുന്നു. അപ്രകാരം പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെടുകയും ഏതാനും സഹകരണ സംഘങ്ങൾ നെല്ല് സംഭരിക്കുകയും ചെയ്തിരുന്നു. സഹകരണ സംഘങ്ങൾ സംഭരിക്കുന്ന നെല്ല് സംസ്കരിക്കുന്നതിന് സഹകരണ മേഖലയിൽ മതിയായ മില്ലുകൾ ഇല്ലാത്ത സാഹചര്യത്തിൽ ടി നെല്ല് സ്വകാര്യ മേഖലയിലെ മില്ലുകളിൽത്തന്നെ സംസ്കരിക്കേണ്ട സാഹചര്യവും സ്വകാര്യ മില്ലുകൾ ടി നെല്ല് ഏറ്റെടുക്കുന്നതുവരെ സംഭരിച്ച് സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ, കയറ്റിറക്ക് കൂലി എന്നീ ഇനങ്ങളിൽ വരുന്ന അധികച്ചെലവും ബോദ്ധ്യപ്പെട്ട് നിലവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണത്തിനായി സ്വകാര്യ മില്ലുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ആയതുവഴി സഹകരണ സംഘങ്ങൾ നെല്ല് സംഭരണത്തിൽനിന്നും ഒഴിവായിട്ടുള്ളതുമാണ്. വിശദീകരണ കുറിപ്പ് കണ്ടാലും.

(ഡി) മുഖ്യമന്ത്രി പ്രഖ്യാപിച്ച തൊഴിൽ സൃഷ്ടിക്കൽ യജ്ഞത്തിൽ പ്രാഥമിക കാർഷിക സംഘങ്ങൾ ഉൾപ്പെടെ വഹിച്ച പങ്ക് വിശദമാക്കാമോ?

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റ് സംഘങ്ങൾ/സഹകരണ സ്ഥാപനങ്ങൾ, കേരള ബാങ്കിന്റെ 769 ശാഖകൾ എന്നിവയിലൂടെയുള്ള സ്ഥിര നിയമനം, തൊഴിലധിഷ്ഠിത സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പ അനുവദിച്ചുകൊണ്ട് തൊഴിൽ ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 17,000 തൊഴിലവസരങ്ങളാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും പ്രാഥമിക/അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾവഴി ഉണ്ടായ 8839 തൊഴിലവസരങ്ങളും കേരളാ ബാങ്ക് മുഖേനയുള്ള 10453 തൊഴിലവസരങ്ങളും കൂടി ആകെ 19292 തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിശദീകരണ കുറിപ്പ് കണ്ടാലും.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

14(*194) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി, എയിംസ് തുടങ്ങിയ പ്രധാന പദ്ധതികളിന്മേലുള്ള കേന്ദ്ര പ്രതികരണം എന്തായിരുന്നു; ഇതിനകം ഏതൊക്കെ പദ്ധതികൾ കേന്ദ്രം അനുവദിച്ചു?

സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട പ്രധാന പദ്ധതികളിന്മേൽ അനുകൂലമായ കേന്ദ്ര പ്രതികരണം ഉണ്ടായിട്ടില്ല. എന്നാൽ, പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിയുടെ പദ്ധതി 2008-09-ലെ റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിയോടൊപ്പം പ്രഖ്യാപിച്ച മറ്റ് ഫാക്ടറികൾ പ്രവർത്തിച്ചു തുടങ്ങിയ സാഹചര്യത്തിലും നിർദ്ദിഷ്ട കോച്ച് ഫാക്ടറി മാറ്റാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നും കഞ്ചിക്കോടിലെ റെയിൽവേയ്ക്ക് കൈമാറിയ സ്ഥലത്തെ പറ്റിയുള്ള അവ്യക്തതകൾ നീക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സർക്കാർ കത്തയയ്ക്കുകയുണ്ടായി. കൂടാതെ, എം.പി.-മാർ വഴിയും ഉദ്യോഗസ്ഥതലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ 550 കോടി രൂപയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഒന്നാം ഘട്ട പദ്ധതി നടപ്പിലാക്കുവാൻ കേന്ദ്രസർക്കാർ നിലവിൽ ഉദ്ദേശിക്കുന്നില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയുഷ് ഗോയൽ പ്രഖ്യാപിക്കുകയുണ്ടായി. മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയുഷ് ഗോയലിന് എഴുതിയ കത്തിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം ലൈറ്റ് വെയ്റ്റ് ബ്രോഡ്ഗേജ് കോച്ചുകളുടെ നിർമ്മാണമാണെന്നും 2008-09 ബജറ്റിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ഉത്തർപ്രദേശിലെ റായ്ബറേലിലുള്ള കോച്ച് ഫാക്ടറി 2012-ൽ തന്നെ കമ്മീഷൻ ചെയ്തതായും ചെന്നൈയിൽ പുതിയ ഇന്റഗ്രൽ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നീക്കങ്ങൾ നടന്നു വരുന്നതായും ശ്രദ്ധയിൽപ്പെടുത്തുകയും ആയതിനാൽ നിർദ്ദിഷ്ട കോച്ച് ഫാക്ടറി പാലക്കാട് തന്നെ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ, നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ലെന്നുമാണ് കേന്ദ്ര റെയിൽവേ മന്ത്രി 19-11-2018-ൽ അറിയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രധാന പദ്ധതികൾ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല.

(ബി) കാർഷിക വ്യാവസായിക മേഖലകളിൽ സംസ്ഥാനത്തെ ജനസംഖ്യയ്ക്ക് ആനുപാതികമായി കേന്ദ്രബജറ്റിൽ തുക വകയിരുത്താറുണ്ടോ; 2021-22 ലെ കേന്ദ്ര ബജറ്റിൽ എന്തൊക്കെ കാര്യങ്ങൾ ഉൾക്കൊള്ളിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്?

കേന്ദ്രസർക്കാർ ജനസംഖ്യാനുപാതികമായി സംസ്ഥാനത്തിന് ബജറ്റിൽ വിഹിതം വകയിരുത്താറില്ല. 2021-22 വർഷത്തെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിനായി സമർപ്പിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വിഹിതം 60:40 അനുപാതമായി കുറച്ചതുമൂലമുണ്ടായ പ്രതിബന്ധങ്ങൾ എന്തൊക്കെയാണ്;

(ഡി) കേന്ദ്രസർക്കാർ നിർത്തലാക്കിയ പദ്ധതികളിൽ സംസ്ഥാനത്തിന് താല്പര്യമുള്ളപക്ഷം 50:50 അനുപാതത്തിൽ നടപ്പിലാക്കാവുന്നതാണെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ടോ; എങ്കിൽ അപ്രകാരം 50:50 അനുപാതത്തിൽ ഏതൊക്കെ പദ്ധതികളാണ് സംസ്ഥാനത്ത് പുനരാരംഭിച്ചത്; വിശദാംശം നൽകുമോ?

(സി&ഡി) കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഒഴിവാക്കിയ പദ്ധതികളെ 50:50 അനുപാതത്തിൽ സംസ്ഥാനത്തിന് നടപ്പാക്കാവുന്നതാണ്. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്രവിഹിതത്തിന്റെ അനുപാതത്തിലുണ്ടായ കുറവ് കാരണം പ്രസ്തുത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി സംസ്ഥാനത്തിന്റെ ബജറ്റിൽ നിന്നും കൂടുതൽ തുക ചെലവഴിക്കേണ്ട അവസ്ഥ സംജാതമാവുകയാണുണ്ടായത്. ഇത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. നീതി ആയോഗ് നിലവിൽ വന്നതിനു ശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.

<u>കോർ ഓഫ് ദ കോർ ഗണം</u>: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്.

<u>കോർ ഗണം</u>: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു.

ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധി

15(*195) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ 101-ാം നമ്പർ ഭേദഗതി പ്രകാരം ജി.എസ്.ടി. നടപ്പിലാക്കുന്നതുകൊണ്ട് സംസ്ഥാനങ്ങളുടെ വരുമാനത്തിൽ കുറവുണ്ടാവുകയാണെങ്കിൽ അഞ്ച് വർഷത്തേക്ക് അവ നികത്തേണ്ടതുണ്ടെന്ന് വ്യവസ്ഥ ചെയ്തതിനെ തുടർന്ന് സംസ്ഥാന സർക്കാരുകൾ അംഗീകാരം നൽകി ജി.എസ്.ടി. പ്രാബല്യത്തിലായെങ്കിലും നഷ്ടപരിഹാരം നൽകാനാവില്ലെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിരുന്നോ?

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ ജി.എസ്.ടി. കളക്ഷനും ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. ദ്വൈമാസക്കണക്കിലാണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷം ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ നഷ്ടപരിഹാര തുകയാണ് Cess വഴി ലഭിച്ചത്; ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭ്യമായില്ല.

(ബി) നികുതി നിർണ്ണയാധികാരം കവരുകയും കോവിഡ് മഹാമാരി കാലത്ത് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കാതിരിക്കുകയും ചെയ്തതുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സാധ്യമായിട്ടുണ്ടോ?

2020-21 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ വരെ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,000 കോടി രൂപയാണ്. ഇതിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2020 ഡിസംബർ 31 വരെ കോമ്പൻസേഷൻ സെസ്സിൽ നിന്നുള്ള നഷ്ടപരിഹാരമായി 1829.3 കോടി രൂപ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം കോമ്പൻസേഷൻ സെസ്സിൽ വരുമാന നഷ്ടമുണ്ടാവുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരികയും ചെയ്തതിനാൽ ഇത് 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി. നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് (Special Window Facility യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം ഇതുവരെ 1897.80 കോടി രൂപ നഷ്ടപരിഹാരമായി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ ജി.എസ്.ടി. നഷ്ടപരിഹാരമായി 3727.10 കോടി രൂപ (1829.3 Cess + 1897.80 Spl Window Loan) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(സി) ലോക്ക്ഡൗൺ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വലിയ ഇടിവ് സൃഷ്ടിച്ചപ്പോൾ ജനങ്ങൾ ദുരിതത്തിൽപ്പെടാതിരിക്കാനും സമ്പദ്‌വ്യവസ്ഥ ചലനാത്മകമാക്കാനും സഹായ വിതരണം വർദ്ധിപ്പിച്ചിരുന്നോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് 19 മൂലം സാമൂഹ്യ, സാമ്പത്തിക, പൊതു ആരോഗ്യ മേഖലകളിലുണ്ടായ വെല്ലുവിളികളെ നേരിടുന്നതിനായി സ്വീകരിച്ച നടപടികളുടെ ഭാഗമായി 6316.26 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, 2226.55 കോടി രൂപ അധിക നടപടികൾക്കായുള്ള സാമ്പത്തിക പ്രതിബദ്ധതയായി വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം 8000 കോടി രൂപയോളം ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ക്ഷേമനിധി ബോർഡിലെ തൊഴിലാളികളായ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 362,38,97,840 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 1849789 തൊഴിലാളികൾക്കായി 187,22,66,000 രൂപ കോവിഡ് 19 ധനസഹായ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ തനതു ഫണ്ടിൽ നിന്നും 993964 തൊഴിലാളികൾക്കായി 156,80,76,050 രൂപയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിതരണം ചെയ്തിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന സ്വകാര്യ/ പൊതുമേഖലാ സ്ഥാപനങ്ങൾ/കയർ സൊസൈറ്റികൾ/ തോട്ടങ്ങൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി എല്ലാവർഷവും സർക്കാർ നൽകിവരുന്ന എക്സ്ഗ്രേഷ്യ വിതരണത്തിനുപുറമെ 2019-20 സാമ്പത്തിക വർഷം 100 ക്വിന്റലിനുതാഴെ കയർ പിരിച്ച തീരദേശ മേഖലയിലെ കയർ സംഘങ്ങളിലെ തൊഴിലാളികൾക്കായി എക്സ്ഗ്രേഷ്യ/ഫെസ്റ്റിവൽ അലവൻസ് 2000 രൂപ നിരക്കിൽ നൽകുന്നതിനായി 2020-21 സാമ്പത്തികവർഷം 1899 തൊഴിലാളികൾക്ക് 37,98,000 രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) അർഹരായവർക്കെല്ലാം വിവിധ ക്ഷേമ പെൻഷനുകൾ നൽകാനും അവ യഥാസമയം ലഭ്യമാക്കാനും തുക വർദ്ധിപ്പിക്കാനും സർക്കാരിനായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ലോക്ക്ഡൗൺ കാലയളവിൽ, 24-3-2020-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 2456/2020/ധന. നമ്പർ ഉത്തരവ് പ്രകാരം 2019 ഒക്ടോബർ, നവംബർ മാസങ്ങളിലെയും 30-3-2020-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 2588/2020/ധന. നമ്പർ ഉത്തരവ് പ്രകാരം 2019 ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെയും, 5-5-2020-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 2941/2020/ധന. ഉത്തരവുപ്രകാരം ഡിജിറ്റൽ സൈൻ ചെയ്യാതിരുന്നതിനാൽ തടഞ്ഞുവയ്ക്കപ്പെട്ട വിധവ/അവിവാഹിത പെൻഷൻ ഗുണഭോക്താക്കൾക്കും 2019 ഒക്ടോബർ, നവംബർ, ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെയും 24-7-2020-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 4325/2020/ധന. നമ്പർ ഉത്തരവ് പ്രകാരം 2020 മേയ്, ജൂൺ മാസങ്ങളിലെയും 17-8-2020-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 4730/2020/ധന. ഉത്തരവുപ്രകാരം 2020 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും സാമൂഹ്യ സുരക്ഷാ പെൻഷനുകളും വ്യത്യസ്ത ഉത്തരവുകളിലായി ക്ഷേമനിധി ബോർഡ് പെൻഷനുകളും അനുവദിച്ചിരുന്നു. 2020 സെപ്റ്റംബർ മാസം മുതൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതതുമാസം അനുവദിച്ചുവരുന്നു. 2020 ഡിസംബർ മാസം വരെയുള്ള പെൻഷൻ ഇതിനകം അനുവദിച്ചിട്ടുണ്ട്. 1-4-2020 മുതൽ സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ തുക 1300 രൂപയായും 1-9-2020 മുതൽ 1400 രൂപയായും വർദ്ധിപ്പിച്ചിരുന്നു. 5-1-2021-ലെ സ.ഉ.(എം.എസ്.)നമ്പർ 3/2021/ധന. പ്രകാരം 2021 ജനുവരി മുതൽ സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡ് പെൻഷൻ തുക 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം

16(*196) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും സംസ്ഥാന ഖജനാവ് വിപുലമാക്കുന്നതിനും എന്തൊക്കെ ബദലുകളാണ് സർക്കാരിന്റെ മുന്നിലുള്ളതെന്നറിയിക്കുമോ?

2021-22-ൽ വരവും ചെലവും മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായി ഉയർത്തിയും നടപ്പുവർഷം അനുവദിച്ച വായ്പയുടെ ഒരു ഭാഗം അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് നീക്കിവച്ചും സംസ്ഥാനത്തിന്റെ റവന്യൂകമ്മിയും ധനകമ്മിയും 2021-22-ൽ യഥാക്രമം 1.93, 3.5 ശതമാനക്കണക്കിൽ പരിമിതപ്പെടുത്തുകയും തുടർന്നുള്ള വർഷങ്ങളിൽ ധനകമ്മി 3 ശതമാനമായി താഴ്ത്തിക്കൊണ്ടുവരാനും റവന്യൂ വരുമാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള ഇടക്കാല ധനനയരേഖയാണ് ഈ സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്. വിജ്ഞാനസാന്ദ്രമായ വ്യവസായങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിലേക്ക് കേരളത്തെ വിജ്ഞാന സമൂഹമായി പരിവർത്തനം ചെയ്യുകയും അതുവഴി എല്ലാവർക്കും ക്ഷേമവും തൊഴിലും ഉറപ്പു വരുത്തുക എന്നുള്ളതുമാണ് ഈ സർക്കാരിന്റെ ബദൽ നയം.

(ബി) സംസ്ഥാന വികസനത്തിൽ മുഖ്യമായ ഉല്പാദന മേഖലയിലെ പശ്ചാത്തലസൗകര്യ വികസനത്തിന് മുന്നോടിയായ മൂലധന നിക്ഷേപത്തിന് സർക്കാരിന്റെ വരുമാനത്തിൽ നിന്ന് ചെലവ് കഴിച്ചുള്ള തുക പര്യാപ്തമാണോ?

വലിയ തോതിലുള്ള ക്ഷേമ ചെലവുകൾക്കുശേഷം പശ്ചാത്തല സൗകര്യ വികസനത്തിന് മതിയായ പണം ഉണ്ടാവില്ല. ഈ സാഹചര്യത്തിൽ ബഡ്ജറ്റിന് പുറത്ത് ധനകാര്യ സ്ഥാപനങ്ങൾവഴി വിഭവ സമാഹരണം നടത്തിക്കൊണ്ട് മാത്രമേ മൂലധന നിക്ഷേപത്തിൽ കുതിപ്പ് ഉറപ്പ് വരുത്താനാകൂ.

(സി) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ നേരിട്ട് കടമെടുക്കുന്നതിനുള്ള പരിമിതികൾ എന്തെല്ലാമെന്നറിയിക്കുമോ?

ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP യുടെ 3 ശതമാനമായി

നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ GSDP യുടെ 3 ശതമാനം വായ്പാ പരിധിക്കു പുറമേ 2 ശതമാനം അധിക വായ്പയെടുക്കാൻ ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഒരു ശതമാനം ഉപാധികളില്ലാതെയും ശേഷിക്കുന്ന ഒരു ശതമാനം താഴെപ്പറയുന്ന ഉപാധികൾക്ക് വിധേയമായിട്ടുമാണ്.

(i) 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ.

(ii) ബിസിനസ്സ് സുഗമമാക്കുന്നതിന് ജില്ലാതലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരം നടപ്പിലാക്കൽ.

(iii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരം നടപ്പിലാക്കൽ.

(iv) ഊർജ്ജമേഖലയിലെ പരിഷ്കാരം നടപ്പിലാക്കൽ.

മേൽപ്പറഞ്ഞവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരമൊഴികെയുള്ള മൂന്ന് പരിഷ്കാരങ്ങളും സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ഫെബ്രുവരി 15 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കും സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനും കോവിഡ് മഹാമാരി സൃഷ്ടിച്ച ആഘാതം ഒരു പരിധിവരെ മറികടക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അധിക വായ്പ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്.

(ഡി) സംസ്ഥാന ഖജനാവിന്റെ ശുഷ്കമായ സാമ്പത്തിക പിൻബലത്തിൽ ഉയർന്ന തോതിലുള്ള മൂലധന നിക്ഷേപം സാധ്യമല്ലാത്തതിനാൽ കിഫ്ബിയുടെ പ്രസക്തി എത്രയധികമാണ് എന്നറിയിക്കുമോ?

സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിനു പുറമേ നിന്നും കണ്ടെത്തുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൻ കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. കേരള

സമ്പദ്ഘടനയിലും സമൂഹത്തിലും കിഫ്ബി വലിയ ചലനമാണ് സൃഷ്ടിച്ചിട്ടുള്ളത്. 821 പ്രോജക്ടുകളിലായി 40100 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിന് പുറമേ വ്യവസായ പാർക്കുകൾക്കും ഭൂമി ഏറ്റെടുക്കുന്നതിനും മറ്റും 20,000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 19,500 കോടി രൂപയുടെ പ്രോജക്ടുകൾ ടെണ്ടർ വിളിക്കുകയോ നിർവ്വഹണ ഘട്ടത്തിലേക്ക് പ്രവേശിക്കുകയോ ചെയ്തിട്ടുണ്ട്. 2021-22-ൽ 15000 കോടി രൂപയുടെയെങ്കിലും കിഫ്ബി പ്രോജക്ടുകൾ പൂർത്തിയാകും. സാധാരണ ഗതിയിൽ 15-20 വർഷം കൊണ്ടേ ബഡ്ജറ്റിൽ പണം കണ്ടെത്തി മേൽപ്പറഞ്ഞ പ്രോജക്ടുകൾ നടപ്പാക്കാനാകൂ. ഇവയുടെ ഗുണഫലം കിട്ടാൻ അത്രയും നാൾ കാത്തിരിക്കണം. ഇവയുടെ നിർമ്മാണച്ചെലവുകളും പലമടങ്ങ് വർദ്ധിക്കും. അതുകൊണ്ട് കിഫ്ബി വഴി ഈ പ്രോജക്ടുകളെല്ലാം ഉടനടി നടപ്പാക്കുകയാണ് അഭികാമ്യം.

## പെപ്പർ പദ്ധതി

17(*197) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു:
ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം '(പെപ്പർ) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടോ?

സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' (പെപ്പർ) എന്ന പദ്ധതി 2017 നവംബർ മാസം മുതൽ ഘട്ടം ഘട്ടമായി വിവിധ പ്രദേശങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

(ബി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളെയാണ് 'പെപ്പർ' പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന ഒരു തുടർ പ്രവർത്തനമാണ് പെപ്പർ പദ്ധതി. ആദ്യ ഘട്ടത്തിൽ പെപ്പർ പദ്ധതി ആരംഭിച്ചത് വൈക്കം താലൂക്കിലെ 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് (വൈക്കം മുനിസിപ്പാലിറ്റി, തലയാഴം,

ഉദയനാപുരം, മറവന്തുരുത്ത്, കല്ലറ, വെച്ചൂർ, ചെമ്പ്, ടി വി പുരം എന്നീ പഞ്ചായത്തുകൾ). തുടർന്ന് വൈക്കം താലൂക്കിലെ തന്നെ വെള്ളൂർ, തലയോലപ്പറമ്പ് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും പുതുതായി മറ്റ് ഏഴ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും (പെരിങ്ങമ്മല, കള്ളിക്കാട്, ആമ്പല്ലൂർ, കാന്തല്ലൂർ, അതിരപ്പിള്ളി, പുന്നയൂർക്കുളം, കയ്യോർ ചീമേനി), പൊന്നാനി (പൊന്നാനി മുനിസിപ്പാലിറ്റി, നന്നംമുക്ക്, വെളിയങ്കോട്, ആലംകോട്, പെരുമ്പടപ്പ്, മാറഞ്ചേരി പഞ്ചായത്തുകൾ) പ്രദേശത്തേക്കും പെപ്പർ പദ്ധതി വ്യാപിപ്പിച്ചു. പ്രസ്തുത പ്രദേശങ്ങളിലെല്ലാം ആദ്യഘട്ട പ്രവർത്തനങ്ങൾ (സ്പെഷ്യൽ ടൂറിസം ഗ്രാമസഭ, റിസോഴ്സ് മാപ്പിംഗ്, റിസോഴ്സ് ഡയറക്ടറി തയ്യാറാക്കൽ, സ്റ്റേക് ഹോൾഡേഴ്സ് മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ്) പൂർത്തിയായി. തുടർ പ്രവർത്തനങ്ങൾ (വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ തയ്യാറാക്കുകയും അവയുടെ പ്രൊമോഷനും വിവിധ പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണവും അവയെ ടൂറിസം വ്യവസായവുമായി നേരിട്ടും അല്ലാതെയും ബന്ധിപ്പിക്കലും തുടങ്ങിയവ) നടന്നുവരുന്നു. മൂന്നാംഘട്ടത്തിൽ പുതുതായി പെപ്പർ പദ്ധതി 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (തിരുവില്വാമല, പെരുമ്പളം, ഏലപ്പാറ, വട്ടവട, കാവാലം, കൂടരഞ്ഞി, ചേലേമ്പ്ര, ചാലിയാർ, തലക്കുളത്തൂർ, കുവപ്പടി) കൂടി വ്യാപിപ്പിക്കുന്നതിന് തീരുമാനമായി. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും കോവിഡ്-19 മഹാമാരിയുടെ കാരണത്താൽ പ്രവർത്തനങ്ങൾ ഇടയ്ക്കുവച്ച് നിർത്തിവയ്ക്കുകയുണ്ടായി. തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചുവരുന്നു. പെപ്പർ പദ്ധതിയുടെ ഭാഗമായി വൈക്കം ചുമർ ചിത്ര നഗരി എന്ന പദ്ധതി നടപ്പിലാക്കുവാനും അതിനായി ആദ്യ ഘട്ടത്തിൽ വൈക്കം സത്യാഗ്രഹ സ്മാരക മതിൽ, പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് മതിൽ എന്നിവിടങ്ങളിൽ മ്യൂറൽ ചിത്രങ്ങൾ വരയ്ക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പെപ്പർ പദ്ധതിയിലൂടെ ഉയർന്നുവന്ന പുന്നയൂർക്കുളം പഞ്ചായത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്യാമ പ്രസാദ് മുഖർജി നാഷണൽ റർബൻ മിഷൻ (SPMNRM) പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങളും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. പദ്ധതി നടത്തിപ്പിനായി 50 ലക്ഷം രൂപ പഞ്ചായത്ത് ആർ.ടി. മിഷന് കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ എന്തെല്ലാം പരിസ്ഥിതി സംരക്ഷണ-സൗഹൃദ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കാർബൺ ന്യൂട്രൽ പാക്കേജുകൾ, ഗ്രാമയാത്രാ പാക്കേജുകൾ, സൈക്കിൾ യാത്രാ പാക്കേജുകൾ എന്നിവ നടത്തിവരുന്നു. ടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി പ്രദേശവാസികൾക്ക് തുണി/പേപ്പർ സഞ്ചി

നിർമ്മാണം, പേപ്പർ/പേന നിർമ്മാണം എന്നിങ്ങനെയുള്ള ചെറുകിട പരിശീലനങ്ങൾ നൽകിവരുന്നു. പെപ്പർ പദ്ധതിയുടെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളിലെ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള വഴികൾ, മാലിന്യ സംസ്കരണത്തിനുള്ള വഴികൾ എന്നിങ്ങനെ കൂടുതൽ പരിസ്ഥിതി സൗഹൃദ-സംരക്ഷണ പ്രവർത്തനങ്ങൾ തുടർ ഘട്ടങ്ങളിൽ നടപ്പിലാക്കുന്നതിനായുള്ള ആസൂത്രണങ്ങൾ നടന്നു വരുന്നു.

(ഡി) പുതിയ ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി ജനപങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് ആയിരം സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും അതുവഴി ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതിനായി ആയിരം ഗ്രാമസഭകൾ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളുടെ ഭാഗമായിട്ടാണ് ഇത്തരം ഗ്രാമസഭകൾ സംഘടിപ്പിച്ചിട്ടുള്ളത്. ഇതുവരെ അൻപത്തിനാല് തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലാണ് വിശേഷാൽ ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിച്ചിട്ടുള്ളത്. തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണ സമിതി നിലവിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ ജനപ്രതിനിധികൾക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളെപ്പറ്റി അവബോധം നൽകുന്നതിനും ജനപ്രതിനിധികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഉത്തരവാദിത്ത ടൂറിസം മിഷന്റെ റിസോഴ്സ് പേർസൺ പരിശീലനം നൽകുന്നതിനുമുള്ള വിഷയം പരിശോധിച്ചുവരുന്നു. തുടർന്ന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും യൂണിറ്റുകൾ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ റിസോഴ്സ് പേർസൺമാർവഴി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. അതിനായുള്ള ഒരു ബൃഹത് പദ്ധതി ആർ.ടി. മിഷൻ തയ്യാറാക്കിവരുന്നു.

**വൻകിട ലൈനുകൾ ഉപയോഗിക്കാത്തതുമൂലം ഉണ്ടായ നഷ്ടം**

18(*198) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വൈദ്യുത നിലയങ്ങൾക്ക് വൈദ്യുതി കയറ്റുമതിക്കായി നിർമ്മിച്ച വൻകിട ലൈനുകൾ ഉപയോഗിക്കാത്തതുമൂലമുണ്ടായ നഷ്ടം സംസ്ഥാനങ്ങളിൽനിന്നും ഈടാക്കാൻ പവർഗ്രിഡ് കോർപ്പറേഷൻ തീരുമാനിച്ച പ്രകാരം സംസ്ഥാനത്തിനുണ്ടാകുന്ന അധിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ;

ഉണ്ട്. കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷൻ 4-5-2020-ൽ പുറപ്പെടുവിച്ച (Sharing of Inter-state Transmission Charge & Losses) Regulation, 2020 പ്രകാരം ഉപയോഗം കുറഞ്ഞതും രാജ്യത്തുടനീളമുള്ളതുമായ ലൈനുകളുടെ പ്രസരണ താരിഫിന്റെ ഒരംശംകൂടി എല്ലാ സംസ്ഥാനങ്ങളും വഹിക്കേണ്ടിവരും. ഇതുമൂലം ഇപ്പോഴുള്ള പ്രസരണ ചാർജ്ജിൽനിന്നും 50 മുതൽ 80 ശതമാനം വരെ വർദ്ധനയാണ് കേരളത്തിനുണ്ടാകുന്നത്. നിലവിൽ, കേരളം ഇപ്പോൾ നൽകുന്ന പ്രസരണ ചാർജ്ജിൽ, പ്രതിവർഷം ഏകദേശം 300 കോടിയുടെ ബാധ്യതയുണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) ഈ ബാധ്യത ഉപഭോക്താക്കളിൽ നിന്നും ഈടാക്കാതിരിക്കാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ടി റെഗുലേഷന്റെ കരട് പ്രഖ്യാപിച്ച നാൾ മുതൽ സംസ്ഥാന വൈദ്യുതി ബോർഡ് ഇതിന്റെ പോരായ്മകൾ ചൂണ്ടിക്കാട്ടി കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിരുന്നു. കൂടാതെ കേരള ഹൈക്കോടതിയിൽ single bench-നുമുമ്പാകെ റിട്ട് പെറ്റീഷനും ഫയൽ ചെയ്തിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി വൈദ്യുതി ബോർഡിന്റെ അപേക്ഷ അംഗീകരിച്ചില്ല. ഇതിനെതിരെ അപ്പീൽ പോകാൻ സംസ്ഥാന വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

**ഗെയിൽ പൈപ്പ് ലൈൻ പദ്ധതി**

19(*199) <u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. എൽദോ എബ്രഹാം:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ ആരംഭിച്ച് 2016 വരെ മുൻസർക്കാരിന്റെ അനാസ്ഥമൂലവും സ്ഥലം ഏറ്റെടുത്ത് നൽകാത്തതിന്റെ പേരിലും ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡ് ഉപേക്ഷിച്ച പദ്ധതി ഈ സർക്കാർ വന്നശേഷം ഗെയിലിനെ തിരിച്ചുവിളിച്ച് പുനരാരംഭിച്ചതാണോ എന്നറിയിക്കുമോ?

KKBMPL (കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മംഗ്ലൂര് പൈപ്പ് ലൈൻ) പദ്ധതി 2 ഘട്ടങ്ങളിലായാണ് കേരളത്തിൽ നടപ്പാക്കിയത്. പദ്ധതിയുടെ ഒന്നാം ഘട്ടമായി KKBMPL Phase-1 48 കിലോമീറ്റർ ദൈർഘ്യംവരുന്ന പൈപ്പ് ലൈൻ 2010-ൽ കൊച്ചിയിൽ ആരംഭിച്ച് 2013-ൽ കമ്മീഷൻ ചെയ്തു. KKBMPL (കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ) Phase - 2 പദ്ധതി 2012-ൽ ആരംഭിച്ചുവെങ്കിലും ചില എതിർപ്പുകൾമൂലം മുന്നോട്ടു കൊണ്ടുപോകാനായില്ല. തുടർന്ന് ഈ സർക്കാർ വന്നശേഷം 2016-ൽ പദ്ധതി പുനരാരംഭിച്ച് 2020 അവസാനത്തോടുകൂടി പണി

പൂർത്തീകരിച്ച് 5-1-2021ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കൊച്ചി മംഗലാപുരം പൈപ്പ് ലൈൻ നാടിന് സമർപ്പിച്ചു.

(ബി) ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ട് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

KKBMPL (കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മംഗ്ലൂര് പൈപ്പ് ലൈൻ) Phase-1 പദ്ധതി എറണാകുളം ജില്ലയിലെ പുതുവൈപ്പിനിൽനിന്ന് ആരംഭിച്ച് അമ്പലമുകളിൽ സ്ഥിതിചെയ്യുന്ന HOCL-ൽ അവസാനിക്കുന്നു. Phase-2-ന്റെ ഭാഗമായിവരുന്ന കൊച്ചി മംഗലാപുരം പൈപ്പ് ലൈൻ ഏലൂരിൽ സ്ഥിതി ചെയ്യുന്ന ഗെയിൽ IP സ്റ്റേഷനിൽനിന്ന് ആരംഭിച്ച് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കൂടി കടന്നുപോയി മംഗലാപുരത്തു സ്ഥിതിചെയ്യുന്ന MCF (Mangalore Chemicals and Fertilizers Limited)ൽ അവസാനിക്കുന്നു. Phase-2 ന്റെ തന്നെ ഭാഗമായിട്ടുള്ള കൂറ്റനാട് - വാളയാർ Section പാലക്കാട് ജില്ലയിലെ കൂറ്റനാടിൽ നിന്ന് ആരംഭിച്ച് വാളയാറിൽ അവസാനിക്കുന്നു. പൈപ്പ് ലൈൻ ജോലികൾ അന്തിമഘട്ടത്തിലാണ്. 94 കിലോമീറ്റർവരുന്ന ഈ സെക്ഷൻ മാർച്ച് 31-നകം കമ്മീഷൻ ചെയ്യുവാനാണ് ഗെയിൽ വിഭാവനം ചെയ്യുന്നത്.

(സി) ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയിൽ കേരളത്തിലൂടെ കടന്ന് പോകുന്ന ഇടങ്ങളിൽ പണി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

48 കിലോമീറ്റർ ദൈർഘ്യം വരുന്ന KKBMPL Phase-1 പദ്ധതി 2010-ൽ ആരംഭിച്ച് 2013-ൽ തന്നെ കമ്മീഷൻ ചെയ്തതാണ്. 450 കിലോമീറ്റർ ദൈർഘ്യംവരുന്ന കൊച്ചി-മംഗലാപുരം പൈപ്പ് ലൈൻ (കേരളത്തിലൂടെ കടന്നുപോകുന്ന പൈപ്പ് ലൈൻ ദൈർഘ്യം 414 കി.മീ.) 2016-ൽ പുനരാരംഭിച്ച് 2020 അവസാനത്തോടുകൂടി പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂറ്റനാട് മുതൽ വാളയാർ വരെയുള്ള 94 കിലോമീറ്റർ പൈപ്പ് ലൈൻ ജോലികൾ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. SV/IP സ്റ്റേഷനോട് അനുബന്ധിച്ചുള്ള Valve Erection, Earth Filling, Station Piping തുടങ്ങിയ ജോലികൾ മാത്രമേ ബാക്കിയുള്ളു. 2021 മാർച്ച് 31-നകം എല്ലാ ജോലികളും പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി വഴി സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ?

ഇന്ത്യയിലെ പ്രധാനപ്പെട്ട അടിസ്ഥാന വികസന പദ്ധതികളിൽ ഒന്നാണ് ഗെയിൽ നടപ്പാക്കിയ കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി. പദ്ധതി യാഥാർത്ഥ്യമായതോടുകൂടി ചെലവ് കുറഞ്ഞതും സുരക്ഷിതവും അന്തരീക്ഷ

മലിനീകരണം വളരെ കുറഞ്ഞതുമായ ഇന്ധനം ഗാർഹിക ആവശ്യങ്ങൾക്കും വാഹനങ്ങൾക്കും വ്യവസായശാലകൾക്കും ലഭ്യമാകുന്നതാണ്. ഇത് കൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട - വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധന ചെലവ് വളരെയധികം ലാഭിക്കുവാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യാവസായിക കുതിപ്പിന് ഉപോൽബലകമായി തീരുകയും ചെയ്യുന്നതാണ്. ഈ ഗ്യാസ് പൈപ്പ് ലൈൻ ശൃംഖല നിലവിൽ വരുന്നതോടുകൂടി കേരളം ദേശീയ വാതക ശൃംഖലയുടെ ഭാഗമായി മാറുകയും അതിലൂടെ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന ചെലവ് കുറഞ്ഞ പ്രകൃതി വാതകത്തിന്റെ വിഹിതം ആവശ്യപ്പെടുവാൻ സാധിക്കുകയും ചെയ്യും. ഇന്ത്യയിൽ അഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന പ്രകൃതി വാതകത്തിന്റെ വില ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിന്റെ പകുതി മാത്രമേയുള്ളൂ. പ്രകൃതി വാതക ഉപയോഗംമൂലം അന്തരീക്ഷ മലിനീകരണം വളരെയധികം കുറയുമെന്നുള്ളതാണ് മറ്റൊരു ഗുണഫലം. മാത്രവുമല്ല എൽ.പി.ജി. സിലിണ്ടർ വഹിക്കുന്ന ടാങ്കർ ലോറികൾ സൃഷ്ടിക്കുന്ന അപകടങ്ങൾ ഗണ്യമായി കുറയുകയും എൽ.പി.ജി. ക്ഷാമത്തിന് പരിഹാരമാകുകയും ചെയ്യും. പ്രകൃതിവാതക ഉപയോഗത്തിനനുസൃതമായി സംസ്ഥാന ഖജനാവിന്റെ നികുതി വരുമാനം ഗണ്യമായി ഉയരുന്നതാണ്.

(ഇ) സാധാരണ ജനങ്ങൾക്ക് ഗെയിൽ പൈപ്പ് ലൈൻവഴി ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഗെയിൽ സ്ഥാപിക്കുന്ന KKBMPL പ്രകൃതിവാതക പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ ചെറുകിട വ്യവസായങ്ങൾ, വാഹനങ്ങൾ എന്നിവയ്ക്കുള്ള ഇന്ധനവും (CNG) ഗാർഹിക പാചക വാതകവും (PNG) പൈപ്പ് ലൈൻവഴി വിതരണം ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും ടാപ്പ് ഓഫ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി ചെലവ് കുറഞ്ഞതും സുരക്ഷിതവും അന്തരീക്ഷ മലിനീകരണം വളരെ കുറഞ്ഞതുമായ ഇന്ധനം ജനങ്ങൾക്ക് പൈപ്പ്‌വഴി വീടുകളിൽ തടസ്സമില്ലാതെ ലഭ്യമാവുകയും വാഹനങ്ങൾക്കും ചെറുകിട വ്യവസായങ്ങൾക്കുമുള്ള ഇന്ധനം കേരളത്തിലുടനീളം ലഭ്യമാവുകയും ചെയ്യും. സി.എൻ.ജി. ഉപയോഗിക്കുമ്പോൾ മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് 25% അന്തരീക്ഷ മലിനീകരണം കുറയും. കൂടാതെ പൈപ്പ് ലൈൻ നിർമ്മാണം, സ്റ്റേഷനുകളുടെ നിർമ്മാണം, സംരക്ഷണം, നടത്തിപ്പ്, എന്നിവയുമായി ബന്ധപ്പെട്ട് നിരവധി തൊഴിലവസരങ്ങൾ കേരളത്തിൽ ലഭ്യമാകുന്നതാണ്.

## കായിക പരിശീലന പദ്ധതികൾ

20(*200) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ദേശീയ, അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കാൻ കായിക താരങ്ങളെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ, അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കുന്നതിനും കായികതാരങ്ങളെ പ്രാപ്തരാക്കുന്നതിനും കായിക വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 2016-17, 2017-18 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഏകദേശം 1000 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3-ന് കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തിവരുന്നു. എന്നാൽ കോവിഡ് -19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി താൽക്കാലികമായി പരിശീലനം നിർത്തിവച്ചിരിക്കുകയാണ്. നിലവിലെ സാഹചര്യം മാറുന്ന അവസരത്തിൽ പരിശീലനം പുനരാരംഭിക്കുന്നതാണ്. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ ഇവയുടെ ഭരണ നിർവ്വഹണ ചുമതല പൂർണ്ണമായും കായിക യുവജനകാര്യ ഡയറക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുംവിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനം നൽകി വരുന്നതോടൊപ്പം താഴെപ്പറയുന്ന അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ഓരോ കായിക ഇനത്തിനും ആവശ്യാനുസരണം മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകിവരുന്നു.

2. ജി.വി. രാജാ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലും ഹോസ്റ്റലുകൾ, അടുക്കള, ഉൾപ്പെടെയുള്ളവയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഒരുക്കിയിട്ടുണ്ട്.

3. പഠന നിലവാരം ഉയർത്തുന്നതിനായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം എന്നിവ ഒരുക്കിയിട്ടുണ്ട്

4. സുരക്ഷ ഉറപ്പാക്കുന്നതിനായി സി.സി.റ്റി.വി സ്ഥാപിച്ചിട്ടുണ്ട്.

5. വിവിധ കായിക ഇനങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിൽ കഴിവ് തെളിയിച്ച കായികതാരങ്ങളെ നേരിൽ കണ്ട് സംവദിക്കുന്നതിനും അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് കൂടുതൽ മികവോടെ പരിശീലനം നടത്തി പ്രകടനം മെച്ചപ്പെടുത്തുന്നതിനും സഹായകമാകുന്ന "ലെജന്റ് ടോക് റ്റു യു" എന്ന പദ്ധതിക്കും വിദേശ പരിശീലകരുടെ കീഴിൽ പരിശീലനം ഒരുക്കുന്നതിനുള്ള പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.

6. കുട്ടികളിലെ കഴിവുകൾ ശാസ്ത്രീയമായി കണ്ടെത്തുന്നതിന് മസ്സിൽ ബയോപ്സി ടെസ്റ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

7. പരിശീലനത്തിനിടയിലോ മത്സരങ്ങൾക്കിടയിലോ പരിക്കുകൾ പറ്റുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായിക യുവജനകാര്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം; ഗവ. ജി.വി.എച്ച്.എസ്.എസ്, (സ്പോർട്സ്) കണ്ണൂർ എന്നിവിടങ്ങളിൽ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിവരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

2. ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ 2 ബാസ്കറ്റ് ബോൾ കോർട്ടുകൾ, ഇൻഡോർ ഹാൾ നവീകരണം, ഹോക്കി കോർട്ട് നവീകരണം, ആൺകുട്ടികളുടെ ടോയ്‌ലെറ്റ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ക്രിക്കറ്റ് പിച്ച്, ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ലോറിംഗ് എന്നിവയുടെ അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു.

3. ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് പി.യു. ഫ്ലോറിംഗ് പൂർത്തീകരിച്ചു. വോളീബോൾ കോർട്ട് നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

4. സിന്തറ്റിക് ഹോക്കി ടർഫ്, 6 വരി 400 മീറ്റർ അത്‌ലറ്റിക് ട്രാക്ക്, 8 വരി സ്ട്രെയിറ്റ് ട്രാക്ക്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, പുതിയ ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു.

5. കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ ഹോസ്റ്റലിന്റെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

6. പരിശീലകരുടെ കുറവ് നികത്തുന്നതിനായി ഓരോ ഇനത്തിലും ആവശ്യമായ പരിശീലകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

7. കേരളത്തിലെ പരിശീലകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി ആസ്ട്രേലിയയിലെ വിക്ടോറിയ സർവ്വകലാശാലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കുകയും 9 കായികയിനങ്ങളിൽ പരിശീലനം നൽകിവരികയും ചെയ്തു. തുടർന്ന് 9 കായികയിനങ്ങളിൽ നിന്നും ദേശീയ, അന്തർദ്ദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്‌ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ്. മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്,

ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് പരിശീലനത്തിനും പങ്കെടുക്കുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള വിവിധ കായിക അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിച്ചുവരുന്നു. മികച്ച കായിക താരങ്ങളെ കണ്ടെത്തി അവർക്ക് ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പും അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് കിറ്റ് അലവൻസും അനുവദിച്ചുവരുന്നു. മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവരുടെ ഉന്നത പരിശീലനം ലക്ഷ്യമാക്കി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികൾ, 51 കോളേജ് സ്പോർട്സ് അക്കാദമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാദമികൾ 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

(ബി) ഒളിമ്പിക്സ് മെഡൽ ലക്ഷ്യമിട്ട് കായികതാരങ്ങൾക്ക് പരിശീലനം നൽകുന്ന 'ഓപ്പറേഷൻ ഒളിമ്പിയ' യുടെ പുരോഗതി വിശദമാക്കുമോ?

2020-24-ൽ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്ന പ്രമുഖ കായിക പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. നിലവിൽ ബോക്സിംഗിന് തിരുവനന്തപുരം ജില്ലയിലും റോവിംഗിന് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റണിന് എറണാകുളം ജില്ലയിലും ഫെൻസിംഗിന് കണ്ണൂർ ജില്ലയിലും പരിശീലനം നൽകിവരുന്നു. ഓരോ കായികയിനത്തിലും 15 കായികതാരങ്ങൾ വീതമാണ് പരിശീലനം നടത്തിവരുന്നത്. ഓരോ വർഷത്തിലും പരിശീലനത്തിന്റെ മികവ് വിലയിരുത്തി വീഡ് ഔഡ് നടത്തിവരുന്നുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ പരിശീലനം നേടി വരുന്ന കായികതാരങ്ങൾ 2018 മുതൽ വിവിധ കായികമത്സരങ്ങളിൽ സ്വർണ്ണം-20, വെള്ളി-13, വെങ്കലം-14 എന്നിങ്ങനെ മെഡലുകൾ കരസ്ഥമാക്കിയിട്ടുണ്ട്. കോവിഡ്-19 വ്യാപനത്തെതുടർന്ന് നടപ്പുവർഷം പരിശീലനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള സ്പ്ലാഷ് പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. എട്ട് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. രക്ഷിതാക്കളുടെ സമ്മതപത്രം മാത്രമാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. എന്നാൽ കോവിഡ് -19 രോഗവ്യാപനം കുറയ്ക്കുന്നതിനായി താൽക്കാലികമായി പരിശീലനം നിർത്തിവച്ചിരിക്കുകയാണ്. നിലവിലെ സാഹചര്യം മാറുന്ന അവസരത്തിൽ പരിശീലനം പുനരാരംഭിക്കുന്നതാണ്.

(ഡി) ചെറുപ്രായത്തിൽ തന്നെ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള കിക്കോഫ് പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ?

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് 'കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്ക് വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനായി സെലക്ഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. കോവിഡ് -19 രോഗവ്യാപനം കുറയ്ക്കുന്നതിനായി താൽക്കാലികമായി പരിശീലനം നിർത്തിവച്ചിരിക്കുകയാണ്. നിലവിലെ സാഹചര്യം മാറുന്ന അവസരത്തിൽ പരിശീലനം പുനരാരംഭിക്കുന്നതാണ്. പരിശീലന കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി മേഖലയിൽ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ

21(*201) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം വൈദ്യുതി മേഖലയിൽ വരുത്തിയ മാറ്റങ്ങളും തന്മൂലം സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങളും വിവരിക്കുമോ?

എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം നടപ്പിലാക്കാനായി "സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി", സംസ്ഥാനത്തിന്റെ ഊർജ്ജ രംഗത്തിന് പുത്തനുണർവ് പകരാൻ അഞ്ച് വ്യത്യസ്ത പദ്ധതികൾ കോർത്തിണക്കി രൂപം നൽകിയ "ഊർജ്ജ കേരളാ മിഷൻ", വൈദ്യുതി ശൃംഖലയിലൂടെ ഫൈബർ നെറ്റ് വർക്ക് സ്ഥാപിക്കുക വഴി ഇന്റർനെറ്റ് വ്യാപനത്തിന് "കെ-ഫോൺ", വൈദ്യുതി വാഹനങ്ങൾക്കായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി "ഇ-മൊബിലിറ്റി" പദ്ധതി, കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള "നിലാവ്", ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി "സേവനം വീട്ടുപടിക്കൽ" തുടങ്ങിയവയാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മേഖലയിൽ വരുത്തിയ മാറ്റങ്ങൾ. ഇവ കൂടാതെ വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസിൽ പോകാതെ തന്നെ വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനും വൈദ്യുത തടസ്സം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനുമുള്ള നിലവിലുള്ള ഓൺലൈൻ സംവിധാനം കൂടാതെ പുതിയതായി മീറ്റർ മാറ്റുക, ഉടമസ്ഥാവകാശം മാറ്റുക, താരിഫ് മാറ്റുക, കണക്ടഡ് ലോഡ് മാറ്റുക, എന്നിവ സംബന്ധിച്ച അപേക്ഷകളും ഓൺലൈൻ സമർപ്പിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം നടപ്പിലാക്കാനായി ഗുണഭോക്താക്കളെ കണ്ടെത്തുക, ധനസ്രോതസ്സുകൾ കണ്ടെത്തുക, വിതരണശൃംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആവിധത്തിലും ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതി

ഉത്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള ധനസ്രോതസ്സ് കണ്ടെത്തി വയറിംഗ് നടത്തുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ സാമൂഹിക ഉന്നമനത്തിനായി ഒരു ബൃഹത് പദ്ധതിയാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ നടപ്പിലാക്കിയത്. 29-5-2017-ന് കേരള സംസ്ഥാനത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായി 150219 ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഊർജ്ജ രംഗത്തിന് പുത്തനുണർവ് പകരാൻ 2018 ജൂൺ 14-ന് പ്രഖ്യാപിച്ച, അഞ്ച് വ്യത്യസ്ത പദ്ധതികൾ കോർത്തിണക്കി രൂപം നൽകിയ പദ്ധതിയാണ് ഊർജ്ജ കേരളാ മിഷൻ. വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമുള്ള 'ദ്യുതി 2021, പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കുന്ന 'ട്രാൻസ്ഗ്രിഡ് 2.0', സൗരോർജ്ജം ഉപയോഗപ്പെടുത്തി 1000 മെഗാവാട്ട് വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി 'സൗര', ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' , വൈദ്യുതി അപകടരഹിത കേരളം ലക്ഷ്യമിടുന്ന 'ഇ-സേഫ്' എന്നിവയാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ. തുടർന്നും സമ്പൂർണ വൈദ്യുതീകരണം ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ എല്ലാവർക്കും ലഭ്യമാക്കുക, വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക, ഏറ്റവും മെച്ചപ്പെട്ട സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുത ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക എന്നിവ ദ്യൂതി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഊർജ്ജ കേരള മിഷന്റെ ഭാഗമായി പ്രഖ്യാപിച്ച അഞ്ച് പദ്ധതികളിൽ ഒന്നാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി. ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയേറിയ എൽ.ഇ.ഡി. ബൾബുകൾ ലഭ്യമാക്കുന്നതോടൊപ്പം വീടുകളിൽനിന്നും പഴയ CFL/ICL (കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പ്/ ഇൻകാൻഡസെന്റ് ലാമ്പ്) ബൾബുകൾ ശേഖരിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. CFL ബൾബുകളിൽ അടങ്ങിയിരിക്കുന്ന മെർക്കുറി വാതകം പ്രകൃതിക്ക് ഹാനികരവും ആഗോളതാപനത്തിന് ആക്കം കൂട്ടുന്നതുമാണെന്നതുകൊണ്ട് ഇത്തരം ലൈറ്റുകൾ തിരികെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് മുൻഗണന നൽകുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 107 ലക്ഷം LED ബൾബുകൾക്കായി ഏകദേശം 13.27 ലക്ഷം ഉപഭോക്താക്കൾ രജിസ്റ്റർ

ചെയ്തിട്ടുണ്ട്. ഇതിലൂടെ പ്രതിദിനം 4.5 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി "സേവനം വീട്ടുപടിക്കൽ" എന്ന പേരിൽ ഒരു പദ്ധതിക്ക് 2020 ഒക്ടോബർ 1 മുതൽ പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിലുള്ള 39 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ തുടക്കമിട്ടിട്ടുണ്ട്. ഈ പദ്ധതി വിജയകരമായതിനാൽ വിതരണ വിഭാഗത്തിന് കീഴിലെ മറ്റ് സെക്ഷൻ ഓഫീസുകളിലും വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയിൻ കീഴിൽ സേവനം ആവശ്യമുള്ള ഉപഭോക്താവ് അതാത് സെക്ഷൻ ഓഫീസിൽ ടെലഫോണിൽ ബന്ധപ്പെട്ട് ആവശ്യമായ സേവനത്തെപ്പറ്റി അറിയിക്കുകയും ഈ വിവരം ടി ഓഫീസിൽ രജിസ്റ്റർ ചെയ്തശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉപഭോക്താവിന്റെ വീട്/കെട്ടിടം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും അപേക്ഷ സ്വീകരിക്കുകയും സേവനം ലഭ്യമാക്കുകയും ചെയ്യുന്നു. ഉപഭോക്തൃ സേവനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ഊർജ്ജദൂത്, ഊർജ്ജ സൗഹൃദ, ഇ-സമയം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പുതിയ സർവീസ് കണക്ഷനുകൾ, താരിഫ് മാറ്റം, കണക്റ്റഡ് ലോഡ് മാറ്റം, ഓണർഷിപ് മാറ്റം എന്നിവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സേവനങ്ങളെക്കുറിച്ചും വൈദ്യുതി തടസ്സം സംബന്ധിച്ചുമുള്ള പരാതികൾ അറിയിക്കുന്നതിനായി 24x7 പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സംവിധാനം കൂടാതെ ഉപഭോതാവിന് ഓൺ ലൈനായോ വാട്ട്സാപ്പ് മുഖേനയോ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. വൈദ്യുതി ശൃംഖലയിലൂടെ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് സ്ഥാപിക്കുകവഴി 20 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നല്കുവാനും എല്ലാ സർക്കാർ സ്ഥാപനങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നതാണ് കെ-ഫോൺ പദ്ധതി. ഹരിതോർജ്ജത്തിന് മുൻതൂക്കം നല്കുന്നതിനായി വൈദ്യുത വാഹനങ്ങൾക്കായി ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖലകൾ സ്ഥാപിക്കുന്ന പദ്ധതിയാണ് ഇ-മൊബിലിറ്റി.

(ബി) പവർകട്ടും ലോഡ്ഷെഡിംഗുമില്ലാതെ ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാത്ത സ്ഥിതിയിലേക്ക് സംസ്ഥാനത്തെ ഊർജ്ജരംഗം പ്രാപ്തമാക്കുന്നതിനുവേണ്ടി ആഭ്യന്തര ഉല്പാദനത്തിന് പുറമെ നിലവിൽ സംസ്ഥാനത്തിന് പുറത്തുള്ള സ്വതന്ത്ര ഉത്പാദകരിൽനിന്നും ദീർഘകാലാടിസ്ഥാനത്തിൽ 1215 MW വൈദ്യുതിയും കേന്ദ്ര വൈദ്യുതനിലയങ്ങളിൽനിന്ന് 1741 MW വൈദ്യുതിക്കുള്ള ദീർഘകാല

കരാറുകളിൽ KSEBL ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുത ആവശ്യകത നിറവേറ്റാൻ ഈ കരാറുകൾക്ക് പുറമേ അധിക വൈദ്യുതി കണ്ടെത്തേണ്ടതുണ്ടെന്ന് മുൻകൂട്ടി കണക്കാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇവ കൂടാതെ സംസ്ഥാനം താഴെപ്പറയുന്ന പാരമ്പര്യേതര ഊർജ്ജ ഉത്പാദകരുമായി വൈദ്യുതി വാങ്ങൽ കരാറിലേർപ്പെട്ടിട്ടുണ്ട്. (Annexure B*) കേരളത്തിലെ ഉപഭോഗത്തിന്റെ സർവ്വകാല റെക്കോർഡായ 88 • 1mu 4316 MW രേഖപ്പെടുത്തിയത് 2019 ഏപ്രിൽ മാസത്തിലായിരുന്നു. ഇപ്രകാരമുള്ള വർദ്ധിച്ച ഉപഭോഗം മുന്നിൽ കണ്ടുകൊണ്ട് വേനൽക്കാലത്തേക്ക് ആവശ്യമുള്ള അധിക വൈദ്യുതി ലഭ്യമാക്കാൻ KSEBL നടത്തിയ ആസൂത്രണങ്ങളും മുന്നൊരുക്കങ്ങളും താഴെ പറയുന്ന പ്രകാരമാണ്.

1. ആഭ്യന്തര ജലവൈദ്യുത നിലയങ്ങങ്ങളിൽ നിന്നുള്ള വൈദ്യുതോത്പാദനം കാര്യക്ഷമമായി ക്രമീകരിക്കുകവഴി പദ്ധതി പ്രദേശങ്ങളിലെ വൈദ്യുതോല്പാദനത്തിനുള്ള ജലം വേനൽക്കാലത്തെ അധിക ഉത്പാദനത്തിനായി സംഭരിച്ച് വയ്ക്കുക.

2. വേനൽക്കാലത്ത് ആവശ്യമായ അധിക വൈദ്യുതി മറ്റ് സംസ്ഥാനങ്ങളുമായി(ബാങ്കിംഗ് കരാറുകളിൽ KSERC അനുമതിയോടെ) ഏർപ്പെട്ട് കണ്ടെത്തുകയും അപ്രകാരം ലഭ്യമായ വൈദ്യുതി അടുത്ത കാലവർഷ കാലയളവിൽ തിരികെ നൽകുകയും ചെയ്യുക.

3. നിലവിലെ കരാറുകളിൽനിന്നുള്ള വൈദ്യുതിയിലും ആഭ്യന്തര ഉത്പാദനത്തിലും വരുന്ന കുറവ് നികത്താനായി ദൈനംദിന ആവശ്യങ്ങൾക്ക് പവർ എക്സ്ചേഞ്ചുകളിൽനിന്ന് താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുക.

4. ഇവ കൂടാതെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് പ്രതീക്ഷിക്കാവുന്ന അധിക വൈദ്യുത കമ്മി KSEBL മുൻകൂട്ടി വിലയിരുത്തുകയും MOP-യുടെ DEEP portal-ലൂടെ മത്സാരാധിഷ്ഠിത ടെണ്ടർ മുഖേന ലഭിച്ച നിരക്കുകൾ KSERC-യുടെ അനുമതിയോടെ ഹ്രസ്വകാല വൈദ്യുതി വാങ്ങൽ കരാറിലൂടെ പരമാവധി നികത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

5. 400 kV തിരുനെൽവേലി-ഇടമൺ - കൊച്ചിൻ ഈസ്റ്റ് ഡബിൾ circuit പ്രസരണലൈൻ 25-9-2019-ൽ കമ്മീഷൻ ചെയ്തപ്പോൾ കേരളത്തിന്റെ അന്തർ സംസ്ഥാന പ്രസരണശേഷി വർദ്ധിക്കുകയുണ്ടായി. മേൽപ്പറഞ്ഞ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കരുതൽ നടപടികൾ മുൻകൂറായി സ്വീകരിച്ചതുകൊണ്ടാണ് ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാത്ത സ്ഥിതിയിലേക്ക് സംസ്ഥാനത്തെ ഊർജ്ജരംഗം പ്രാപ്തമാക്കാൻ കഴിഞ്ഞത്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമാണോ എന്നറിയിക്കുമോ; വിശദമാക്കുമോ?

അതെ. ഈ സർക്കാരിന്റെ കാലത്ത്, സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിക്കൊണ്ട് എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം എന്ന ബഹുമതി 2017 മേയ് മാസത്തോടെ കേരളം സ്വായത്തമാക്കി. ഏകദേശം 175 കോടി രൂപ ചെലവ് വന്ന പ്രസ്തുത പദ്ധതി പ്രകാരം മാത്രം 1.5 ലക്ഷത്തിൽപ്പരം വൈദ്യുതി കണക്ഷനുകൾ നൽകാനായി എന്നത് സർക്കാരിന്റെ ഒരു പ്രധാനനേട്ടമായി വിലയിരുത്തപ്പെടുന്നു. ഇതിൽ 123219 കണക്ഷനുകൾ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടേതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 29667 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 17545 പേർക്കും കണക്ഷനുകൾ നല്കിയിട്ടുണ്ട്. ഇതിൽ ഇടമലക്കുടി, പോങ്ങിൻചുവട്, കോട്ടൂർ, റോസ്മല, അരേക്കാപ്പ് തുടങ്ങി വാഹന സൗകര്യമോ വ്യക്തമായ പാതയോ ഇല്ലാത്തതും സാധനസാമഗ്രികളും ജോലിക്കാരെയും എത്തിക്കുവാൻ ബുദ്ധിമുട്ടുള്ളതുമായ ദുർഘട ഭൂപ്രദേശങ്ങളിലെ പ്രവൃത്തികളും ഉൾപ്പെട്ടിരുന്നു. 29-5-2017- ന് കോഴിക്കോട് വച്ച് സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നിർവ്വഹിക്കുകയുണ്ടായി. ഇതിലൂടെ കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കാൻ സർക്കാരിനും കെ.എസ്.ഇ.ബി.-ക്കും സാധിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനശേഷി ഈ സർക്കാർ കാലയളവിൽ വർദ്ധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. ഇതിനോടകം പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഈ സർക്കാരിന്റെ കാലത്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 311.4285MW-ന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ സൗരോർജ്ജ പദ്ധതികളിൽ നിന്നും 259.2785 മെഗാവാട്ടും 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ KSEB നേരിട്ടും

12.55MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തിരവും കൂടാതെ കാറ്റിൽ നിന്നും 27 MW-ഉം ഉൾപ്പെടുന്നു. ഇതിനു പുറമെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. 10 ജലവൈദ്യുത പദ്ധതികൾ (ആകെ ശേഷി 193.5 MW) നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെത്തിനിൽക്കുന്നു.

2. 39.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പഴശ്ശിസാഗർ (7.5MW), ചിന്നാർ (24MW), പെരുവണ്ണാമൂഴി (6 MW), അപ്പർ കല്ലാർ (2MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

3. 2015-മാണ്ടു മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം-60 MW, തോട്ടിയാർ ജലവൈദ്യുത പദ്ധതി-40 MW, ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി-6 MW എന്നിവ പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുതോത്പാദനത്തിന് പ്രത്യേക പരിഗണന നല്കിവരുന്നു. 2021 ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര പദ്ധതി ഊർജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ഇതിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ഇപ്രകാരമാണ്.

* പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് - 46.5 MW കൂട്ടിച്ചേർക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW യിൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു.

* 200 മെഗാവാട്ട് റിവേഴ്സ് ഇ ബിഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും - താരിഫ് അധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത NTPC (90 MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

* 200 മെഗാവാട്ട് സോളാർ പാർക്കുകൾ - കാസർഗോഡ് സോളാർ പാർക്കിൽ 100 MW പ്രവർത്തനം ആരംഭിച്ചു. മറ്റൊരു 105 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള സ്ഥലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട് .

* <u>150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ</u> - കായംകുളം NTPC പദ്ധതിയോട് ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ നിലയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ (50 MW) ടെണ്ടർ നടപടികൾ പൂർത്തിയായി. ഇടുക്കി ജലസംഭരണിയിലും (300MW), ബാണാസുരസാഗർ ജലസംഭരണിയിലും (100MW) ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു

* 18.96 MWp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത് കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

* ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം വൈദ്യുതിയുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കാൻ എനർജി മാനേജ്മെന്റ് സെന്റർവഴി നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

* സ്വകാര്യ സംരംഭകർ വഴി 20.5 MW സ്ഥാപിതശേഷി വരുന്ന 3 ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മിഷൻ ചെയ്തു.

* ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനി 4 കിലോ വാട്ടിന്റെ പൈക്കോ ഹൈഡ്രോ ജലവൈദ്യുതി ഉപയോഗിച്ച് വൈദ്യുതീകരിച്ചു.

* MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിവരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി.

* തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ, കാട്ടുവെട്ടി എന്ന സ്ഥലത്ത് കൃത്രിമച്ചുഴി ഉപയോഗിച്ചു പ്രവർത്തിക്കുന്ന (ടർബൈൻ ഉപയോഗിച്ച്) 20kW (2x10KW) മൈക്രോ ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക്

കണക്റ്റ് ചെയ്തു കഴിഞ്ഞു. പദ്ധതിയുടെ Automation-ന്റെയും ഊർജ്ജക്ഷമത കൂട്ടുന്നതിനുംവേണ്ടിയുള്ള പരീക്ഷണ, ഗവേഷണ പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു.

(ഇ) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളും ആയതിന്റെ ഗുണഫലങ്ങളും വ്യക്തമാക്കുമോ?

വൈദ്യുതി പ്രസരണനഷ്ടം കുറച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുകയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ചെയ്യുക, കാലപ്പഴക്കം ചെന്ന ലൈനുകളും സബ്സ്റ്റേഷനുകളും നവീകരിക്കുക മുതലായ പ്രവൃത്തികൾ മുൻഗണന നൽകി നടപ്പാക്കിവരുന്നു. ഇപ്രകാരം വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 62 പുതിയ സബ്സ്റ്റേഷനുകളുടെയും 1129 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. ഇതിനുപുറമേ വർദ്ധിച്ചുവരുന്ന വൈദ്യുത ആവശ്യകതയ്ക്കനുസരിച്ച് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഏകദേശം 10,000 കോടി രൂപ പ്രതീക്ഷിത ചെലവിൽ ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിയും നടപ്പാക്കിവരുന്നു. രണ്ടു ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഇരുപത്തിയഞ്ച് പുതിയ സബ്സ്റ്റേഷനുകളും 4390 സർക്യൂട്ട് കി.മി പ്രസരണ ലൈനുകളും നിർമ്മിക്കും. നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുത പ്രസരണ മേഖലയിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു.* മേൽപ്പറഞ്ഞ നടപടികളുടെ ഭാഗമായി 2016 ഏപ്രിലിൽ 4.5% ആയിരുന്ന പ്രസരണ നഷ്ടം 2020 – ഡിസംബറിലെ കണക്കനുസരിച്ച് 3.36% ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനുപുറമേ ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തിയാകുമ്പോൾ പ്രസരണ നഷ്ടത്തിൽ 107MW-ന്റെ കുറവുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. വൈദ്യുതി ശൃംഖലയിലെ വിതരണനഷ്ടം കുറയ്ക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുത കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവെർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഊർജ്ജ കേരള മിഷന്റെ ഭാഗമായ ദ്യുതി 2021-ന്റെ ഭാഗമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കിവരുന്നു. വിതരണ നഷ്ടം കുറയ്ക്കുന്നതിന് മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനുവേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ.വി. ഫീഡറുകളിൽ ബോർഡർ മീറ്ററുകൾ സ്ഥാപിക്കുന്നതിനും എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും ഡി.റ്റി.ആർ. മീറ്ററുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. കേരള പവർ സിസ്റ്റത്തിന്റെ പ്രസരണ വിതരണ നഷ്ടം 2017-18 - ൽ 13.07 % ആയിരുന്നത് 2018 - 19 - ൽ 12.47 % ആയും 2019-20-ൽ 12.02% ആയും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നഗര പരിധികളിൽ നടപ്പാക്കിയ IPDS പദ്ധതിയിൽ പുതുതായി ഭൂഗർഭ കേബിളുകളും RMU-കളും സ്ഥാപിച്ചുകൊണ്ട് വൈദ്യുത വിതരണ ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനും വിതരണ നഷ്ടം കുറയ്ക്കുന്നതിനും തടസ്സരഹിതമായി വൈദ്യുതി എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**സമ്പദ്‌വ്യവസ്ഥയുടെ പുനരുജ്ജീവനം**

22(*202) ശ്രീ. സി.കെ. ഹരീന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക്ഡൗൺ സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഏൽപ്പിച്ച ആഘാതം വിലയിരുത്തിയിരുന്നോ; സമ്പദ്‌വ്യവസ്ഥയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ചിട്ടുള്ള തന്ത്രം അറിയിക്കാമോ;

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാക്കിയെന്നത് വസ്തുതയാണ്. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മുമ്പുണ്ടാകാത്ത തരത്തിലുള്ളതാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും മേൽ പ്രതിസന്ധി ഗ്രസിച്ചിരിക്കുന്നു. കോവിഡ്-19 പകർച്ചവ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപ്പാദനം പൂർണ്ണമായും നിലച്ചു. കൂടാതെ, കോവിഡ്-19 മഹാമാരി സമയത്ത് ഉൽപ്പാദനം നിർത്തലാക്കുന്നത് പ്രദേശാധിഷ്ഠിതമല്ല. അതിന്റെ പ്രത്യാഘാതങ്ങൾ എല്ലാ പ്രദേശങ്ങളിലുമുണ്ട്. പ്രതിസന്ധി അവസാനിച്ചതിനുശേഷം ഉല്പാദനം പുനരാരംഭിക്കാൻ എടുക്കുന്ന കാലഘട്ടത്തെക്കുറിച്ച് അനിശ്ചിതത്വമുണ്ട്. മുമ്പത്തെ ഉല്പാദന നിലവാരം കൈവരിക്കാൻ എത്ര സമയമെടുക്കുമെന്നതും അനിശ്ചിതത്വത്തിലാണ്. കാരണം

ഉൽപ്പാദനം പുനരാരംഭിക്കുന്നത് ദേശീയ, അന്തർദ്ദേശീയ വിതരണ ശൃംഖലകളെ ആശ്രയിച്ച് നിലകൊള്ളുന്നു. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച് കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലിനനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യ വർദ്ധനവിൽ 2020-2021 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയാണ്. കോവിഡിനെ തുടർന്ന് രൂപീകരിച്ച വിദഗ്ദ്ധ സമിതികളുടെ റിപ്പോർട്ട് പ്രകാരം 2020-21-ലെ റവന്യൂ വരുമാനത്തിൽ 33,456 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന തനത് വരുമാനം 67420.01 കോടി രൂപ എന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരം സംസ്ഥാന തനത് വരുമാനത്തിന്റെ 2020-21-ലെ പുതുക്കിയ എസ്റ്റിമേറ്റ് 45272.15 കോടി രൂപയാണ്. അതായത്, 32.85 ശതമാനം കുറവ് സംസ്ഥാന തനത് വരുമാനത്തിൽ ഉണ്ടാകുന്നതായാണ് കാണുന്നത്. കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽനിന്നും സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ടിയാണ് നൂറുദിന കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ലോക്ക്ഡൗണും കോവിഡ് നിയന്ത്രണങ്ങളും സാധാരണഗതിയിലുള്ള സർക്കാർ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കോവിഡിന്റെ വിപത്തിൽനിന്നും നാം വിമുക്തരായിട്ടില്ല. ഈ ഘട്ടത്തിൽ സമ്പദ്ഘടനയിലെ മരവിപ്പ് ഇല്ലാതാക്കുന്നതിന് ഇടപെടുക എന്നതാണ് പ്രധാനം. നിരവധി പരിമിതികൾ നിലവിലുണ്ടെങ്കിലും സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടുള്ള ചിട്ടയായ പ്രവർത്തനമാണ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഒന്നാംഘട്ട നൂറുദിന കർമ്മപരിപാടിയിൽ (2020 സെപ്റ്റംബർ 1 മുതൽ ഡിസംബർ 9 വരെ) 115 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ (2020 ഡിസംബർ 17 മുതൽ 2021 മാർച്ച് 27 വരെ) പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തീകരണത്തിന്റെ പാതയിലുമാണ്. രണ്ട് ഘട്ടമായി പ്രഖ്യാപിച്ച നൂറുദിന കർമ്മപരിപാടികൾക്ക് പുറമെ, 2021 ജനുവരി 1-ന് പത്തിന പരിപാടികളും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) വരുമാനത്തിൽ ഗണ്യമായ കുറവ് വന്നപ്പോഴും ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കായുള്ള ചെലവ് ഉയർത്തി ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കാൻ രണ്ട് പ്രാവശ്യമായി പ്രഖ്യാപിച്ചിട്ടുള്ള നൂറ് ദിന കർമ്മ പരിപാടികൾ എത്ര പ്രയോജനപ്രദമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കാൻ രണ്ട് പ്രാവശ്യമായി പ്രഖ്യാപിച്ചിട്ടുള്ള നൂറുദിന കർമ്മപരിപാടികൾ പ്രയോജനപ്രദമാണെന്ന്

വിലയിരുത്തിയിട്ടുണ്ട്. ആദ്യഘട്ട നൂറുദിന കർമ്മപരിപാടിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മന്ത്രിമാരെയും ചീഫ് സെക്രട്ടറിയെയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെയും ഉൾപ്പെടുത്തി മൂന്ന് അവലോകന യോഗങ്ങൾ 13-10-2020, 10-11-2020, 2-12-2020 എന്നീ തീയതികളിൽ മുഖ്യമന്ത്രി വിളിച്ചു ചേർക്കുകയുണ്ടായി. കൂടാതെ, വകുപ്പുമന്ത്രിമാരും സെക്രട്ടറിമാരും അവരവരുടെ തലങ്ങളിൽ നൂറുദിന കർമ്മപരിപാടിയുടെ പുരോഗതി അവലോകനം ചെയ്ത് സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികളെടുത്തിട്ടുണ്ട്. പദ്ധതി പുരോഗതികൾ വിലയിരുത്തുന്നതിന് ഫലപ്രദമായ നിരീക്ഷണ സംവിധാനം നിലവിലുണ്ട്. കേരളത്തിന്റെ കാർഷികമേഖല ശക്തിപ്പെടുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തെ പരിപോഷിപ്പിക്കുന്ന സവിശേഷമായ തീരുമാനങ്ങളും ഈ പരിപാടിയുടെ ഭാഗമായി ഉണ്ടായി. കേരളത്തിൽ ഒരാളും പട്ടിണികിടക്കാൻ പാടില്ലെന്ന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി പ്രതിമാസ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ഫലപ്രദമായി നടപ്പിലാക്കി. 50000 തൊഴിലവസരങ്ങൾ പരിപാടിയുടെ ഭാഗമായി സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ലക്ഷ്യത്തെക്കാൾ ഇരട്ടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ യുവാക്കൾക്ക് നേതൃത്വ പരിശീലനം നൽകാനും വിവിധ വിഷയങ്ങളിൽ വിജ്ഞാനപ്രദമായ പ്രഭാഷണങ്ങൾ പ്രശസ്ത വ്യക്തികൾ മുഖേന ലഭ്യമാക്കാനും ലക്ഷ്യമിട്ടുള്ള കേരള യൂത്ത് ലീഡർഷിപ്പ് അക്കാഡമിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് - ഏകജാലക സംവിധാന ഉദ്ഘാടനം, ലൈഫ് പദ്ധതിയുടെ ഭാഗമായി 50,000 ഭവനങ്ങളുടെ പൂർത്തീകരണം, പ്രവാസികളുടെ സമഗ്ര പുനരധിവാസം-സ്കിൽ ഡെപോസിറ്ററി ഉദ്ഘാടനം, രണ്ടാം കുട്ടനാട് പാക്കേജിന്റെ പ്രഖ്യാപനം തുടങ്ങിയവ നടപ്പാക്കിയ പദ്ധതികളിൽ പ്രധാനപ്പെട്ടവയാണ്.

(സി) ഇത്തരം പ്രതിസന്ധി ഘട്ടത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ സംസ്ഥാനങ്ങൾക്ക് പ്രതികൂലമായ തരത്തിൽ മാറ്റം വരുത്തിയതും നിലവിൽ സംസ്ഥാനത്തിന് ലഭിച്ചുവരുന്നതിലും കുറഞ്ഞ തുകയാണ് പതിനഞ്ചാം ധനകാര്യകമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്നതെന്നതും പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കാനിടയാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

സംസ്ഥാന പദ്ധതികൾക്കുള്ള സാധാരണ കേന്ദ്രസഹായം (Normal Central Assistance), അധിക കേന്ദ്രസഹായം (Additional Central Assistance), ഒറ്റത്തവണ കേന്ദ്ര സഹായം (One Time Additional Central Assistance) എന്നിവ കേന്ദ്രസർക്കാർ നിർത്തലാക്കുകയും മറ്റ് ധനസഹായങ്ങളിൽ

ആനുപാതികമായ കുറവു വരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഒഴിവാക്കിയ പദ്ധതികൾ 50:50 അനുപാതത്തിൽ സംസ്ഥാനത്തിന് നടപ്പാക്കാവുന്നതാണ്. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിൽ സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്രവിഹിതത്തിന്റെ അനുപാതത്തിലുണ്ടായ കുറവ് കാരണം സംസ്ഥാനത്തിന്റെ ബജറ്റിൽ നിന്നും കൂടുതൽ തുക ചെലവഴിക്കേണ്ട അവസ്ഥ സംജാതമാവുകയാണുണ്ടായത്. ഇത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ ദേശീയതലത്തിൽ പൊതുവായാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എല്ലാ സംസ്ഥാനങ്ങളുടെയും ആരോഗ്യ, സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, അടിസ്ഥാന സൗകര്യ വികസന, ജീവിത നിലവാര സൂചികകൾ പൊതുവായി പരിഗണിച്ചാണ് ഇത്തരം മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, രാജ്യത്തെ ഭൂരിഭാഗം സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ആരോഗ്യ, സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, അടിസ്ഥാന സൗകര്യ വികസന, ജീവിത നിലവാര സൂചികകളിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം ദേശീയതലത്തിൽ പൊതുവായി നിശ്ചയിക്കപ്പെട്ടിട്ടുള്ള മിക്ക മാനദണ്ഡങ്ങളും പ്രായോഗികമാകാതെ വരുന്നു. ഇത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനെ ബാധിക്കാനിടയുണ്ട്. രാജ്യത്തെ ഭൂരിഭാഗം സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ രംഗത്തും വിദ്യാഭ്യാസരംഗത്തും ജീവിതനിലവാരത്തിലും ബഹുദൂരം മുൻപന്തിയിലുള്ള കേരളത്തെ സംബന്ധിച്ചിടത്തോളം എൻ.എച്ച്.എം, എസ്സ്.എസ്സ്.എ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലെ മാനദണ്ഡങ്ങൾ പരിമിതി ഉളവാക്കുന്നുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം (2020-21) സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5 %-ത്തിൽ നിന്ന് 1.943% ആയി കുറഞ്ഞിരുന്നു. എന്നാൽ RD Grant ആയി 15,323 കോടി രൂപ 2020-21 സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്തത് ഒരു പരിധിവരെ സഹായകമായിട്ടുണ്ട്. എന്നിരുന്നാലും കോവിഡ് പ്രതിരോധത്തിനും ജനങ്ങൾക്ക് ആശ്വാസ നടപടികൾ എത്തിക്കുന്നതിനും കൂടുതൽ തുക ചെലവഴിക്കേണ്ട സാഹചര്യമുണ്ടായി. ഇത് സംസ്ഥാനത്തിന്റെ ധനകാര്യ പ്രതിസന്ധിയുടെ ആക്കം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്.

## കേരള സംസ്ഥാന ലോട്ടറി

23(*203) ശ്രീ. വി .ഡി. സതീശൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പേപ്പർ ലോട്ടറി നിയന്ത്രണ നിയമത്തിന് 2018-ൽ വരുത്തിയ ഭേദഗതി സംസ്ഥാനത്തിന്റെ അധികാരത്തിൽ കവിഞ്ഞതും നടപ്പിലാക്കുവാനാകാത്തതുമാണെന്ന് കേരള ഹൈക്കോടതി വിധിച്ചിട്ടുണ്ടോ?

(ബി) അതിന്റെ അടിസ്ഥാനത്തിൽ നാഗാലാന്റ് സംസ്ഥാന ലോട്ടറിയുടെ മാർക്കറ്റിംഗിലും വില്പനയിലും സംസ്ഥാന ഉദ്യോഗസ്ഥർ ഇടപെടരുതെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) ഇതരസംസ്ഥാന ലോട്ടറികളുടെ കടന്നുവരവ് സംസ്ഥാന ലോട്ടറിയെ എപ്രകാരം ബാധിക്കും; വിശദമാക്കുമോ?

നിലവിൽ ഇതര സംസ്ഥാന ഭാഗ്യക്കുറികളൊന്നും കേരളത്തിൽ വിൽപ്പന നടത്തുന്നില്ല. 27-7-2017-ലെ SRO No. 470/2017 (G.O.(P) No. 93/2017/Taxes) നമ്പർ പ്രകാരമുള്ള GST ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ചുമാത്രമെ കേരളത്തിൽ ടിക്കറ്റുകൾ വിൽക്കാൻ സാധിക്കുകയുള്ളൂ. ഇടനിലക്കാർവഴി നടത്തുന്ന ഇതര സംസ്ഥാന ലോട്ടറികൾ ചട്ട വിരുദ്ധമായും സംസ്ഥാന താല്പര്യം ലംഘിച്ചും നടത്തപ്പെടുന്നവയാണെന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. സാധ്യമായ എല്ലാ നിയമ നടപടികളും വിനിയോഗിച്ച് ചട്ട വിരുദ്ധത തടയും.

(ഡി) നാഗാലാന്റ് ലോട്ടറി വിൽക്കുന്ന സംസ്ഥാനത്തെ ലോട്ടറി ഏജന്റുമാർക്ക് കേരള സംസ്ഥാന ലോട്ടറി നൽകേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാർ, സബ് ഏജന്റുമാർ, വിൽപ്പനക്കാർ, Retailers എന്നിവർ അന്യസംസ്ഥാന ഭാഗ്യക്കുറി വിൽപ്പന നടത്താൻ പാടില്ലെന്ന നിബന്ധനകൾ ഉൾപ്പെടുത്തിയ ലോട്ടറി റെഗുലേഷൻ റൂൾ നിലവിലുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും ടി റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) നിലവിലെ സാഹചര്യത്തിൽ ഇതരസംസ്ഥാന ലോട്ടറികളുടെ കടന്നുവരവ് എപ്രകാരം നിയന്ത്രിക്കുവാനാണ് സർക്കാർ ആലോചിക്കുന്നത്?

നാഗാലാന്റ് ലോട്ടറി നടത്തിപ്പിന് അനുകൂലമായി WP(C) 34025/2019-ന്മേൽ ഹൈക്കോടതി സിംഗിൾ ബഞ്ച് വിധി പറഞ്ഞിട്ടുണ്ടെങ്കിലും ടി വിധിക്കെതിരെ 7-1-2021-ന് റിട്ട് അപ്പീൽ (WA78/2021) ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. GST ചട്ടങ്ങളിൽ അനുശാസിക്കുന്ന നിബന്ധനകൾ അനുസരിച്ച് മാത്രമെ സംസ്ഥാനത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറി വിൽക്കാൻ സാധിക്കുകയുള്ളൂ. ലോട്ടറി റെഗുലേഷൻ ആക്ട്, റൂൾസ് എന്നിവ പ്രകാരം ലഭ്യമായ അധികാരങ്ങൾ ഉപയോഗിച്ച് നിയമം പാലിക്കുന്നുവെന്ന് കർശനമായി ഉറപ്പു വരുത്തും.

(എഫ്) ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഹൈക്കോടതി വിധിക്കെതിരെ WA 78/2021 എന്ന നമ്പർ റിട്ട് അപ്പീൽ 7-1-2021-ന് ഡിവിഷൻ ബഞ്ച് മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്.

## കോവിഡ് കാലത്തെ വ്യവസായ സംരക്ഷണം

24(*204) ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി .എസ്. ശിവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലമുള്ള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ വ്യവസായ മേഖലയെ എപ്രകാരമാണ് ബാധിച്ചത്?

കോവിഡ് മഹാമാരിയുണ്ടാക്കിയ സാമ്പത്തിക മാന്ദ്യം കേരളത്തിലെ വ്യവസായ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. രാജ്യം മുഴുവൻ അടച്ചിടൽ പ്രഖ്യാപിച്ചതിനാൽ നമ്മുടെ സംരംഭക മേഖലയിൽ ഉൽപ്പാദന-വിതരണ-വിനിമയ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കേണ്ടിവന്നു. ദേശീയ-അന്തർദേശിയ വിതരണ ശൃംഖലകളെ ഈ പ്രതിസന്ധി ബാധിച്ചിട്ടുള്ളതിനാൽ പൂർവ്വസ്ഥിതി പ്രാപിക്കാൻ വേണ്ടിവരുന്ന കാല ദൈർഘ്യത്തിലും അനിശ്ചിതത്വമുണ്ട്. കേരളത്തിലെ വ്യവസായ സംരംഭങ്ങളെ ഈ പ്രതിസന്ധി മൂന്നുതരത്തിൽ ബാധിച്ചിട്ടുണ്ട്. അവ :

1. 2020 മാർച്ച് 25-ന് പ്രഖ്യാപിച്ച രാജ്യവ്യാപക അടച്ചിടൽമൂലം ഉത്പാദന പ്രവർത്തനങ്ങൾ നിശ്ചലമായതോടെ സംരംഭങ്ങൾ നഷ്ടത്തിലായി.

2. ഗതാഗത സംവിധാനം നിശ്ചലമായതോടെ മൊത്തവിതരണ-ശൃംഖല താറുമാറായി.

3. ഉൽപ്പന്നങ്ങളുടെ ഡിമാന്റ് ഇടിഞ്ഞ് സംരംഭങ്ങൾ നഷ്ടത്തിലായി.

(ബി) ഇതുമൂലം ഏതെങ്കിലും ഫാക്ടറികൾ സ്ഥിരമായി അടച്ചുപൂട്ടുകയോ ഉല്പാദനം പകുതിയായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോ?

കോവിഡ് മഹാമാരി നിമിത്തം രാജ്യം അടച്ചിടൽ പ്രഖ്യാപിച്ചതുമൂലം പത്തനംതിട്ട ജില്ലയിൽ 16 വ്യവസായ സംരംഭങ്ങളും ആലപ്പുഴ ജില്ലയിൽ 3 സംരംഭങ്ങളും കോഴിക്കോട് ജില്ലയിൽ 1 വ്യവസായ സംരംഭവും അടച്ചുപൂട്ടിയിട്ടുണ്ട്. കൂടാതെ ഉൽപ്പാദനം കുറയ്ക്കേണ്ട അവസ്ഥയും ഉണ്ടായിട്ടുണ്ട്.

(സി) ഈ പ്രതിസന്ധി കാലത്ത് ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ സംരക്ഷിക്കുവാൻ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; അറിയിക്കുമോ;

(ഡി) ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

(സി&ഡി) കോവിഡ്-19 മഹാമാരി ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലുണ്ടാക്കിയ ആഘാതം കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ആത്മനിർഭർ ഭാരത് അഭിയാൻ പാക്കേജിന്റെ ഭാഗമായി എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരണ്ടി സ്കീം (ECLGS), ക്രെഡിറ്റ് ഗാരണ്ടി സ്കീം ഫോർ സബോർഡിനേറ്റ് ഡെബ്റ്റ് (CGSSD), പി.എം. ഫോർമലിസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (PM-FME) തുടങ്ങിയ സ്കീമുകളും സംസ്ഥാന സർക്കാരിന്റെ വ്യവസായ ഭദ്രതാ പാക്കേജും നിലവിലുണ്ട്. ഇതിൽ എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരണ്ടി സ്കീമിലൂടെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 2020 ഫെബ്രുവരി 28 വരെ കുടിശ്ശികയായിട്ടുള്ള വായ്പയുടെ 20% വരെയുള്ള തുക അധിക പ്രവർത്തന മൂലധന വായ്പയായി ലഭിക്കുന്നു. 2021 ജനുവരി 2 വരെ ഈയിനത്തിൽ വിവിധ ബാങ്കുകൾ മുഖേന 145319 അക്കൗണ്ടുകളിലായി 6,368 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 109970 അക്കൗണ്ടുകളിലായി 5,595 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. CGSSD മുഖേന നിലവിൽ വായ്പയെടുത്തിട്ടുള്ളതും NPA, SMA-2 വിഭാഗത്തിലെ പ്രവർത്തനക്ഷമമായിട്ടുള്ളതുമായ യൂണിറ്റുകൾക്ക് ആനുകൂല്യം ലഭിക്കും. PM-FME ഭക്ഷ്യ-സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് support നൽകുന്ന കേന്ദ്ര പദ്ധതിയാണ്.

## നിക്ഷേപ സൗഹൃദാന്തരീക്ഷം

25(*205) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി പഠന വിധേയമാക്കിയിരുന്നോ?

2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് എന്നിവ നടപ്പിലാക്കിയതുമൂലവും വ്യവസായം ആരംഭിക്കുന്നതിനായി സംരംഭകർക്ക് ഓൺ ലൈൻ സംവിധാനമായ K-SWIFT നിലവിൽ വന്നതുമൂലവും കേരളത്തിന് ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറുവാൻ സാധിച്ചതിന്റെ ഫലമായി K-SWIFT പോർട്ടൽവഴി നാളിതുവരെ (6-1-2021 വരെ) 1415 സംരംഭകർ കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിച്ചതിൽ ഡീംഡ് ലൈസൻസ് ലഭ്യമാക്കിയത് ഉൾപ്പെടെ 578 അനുമതികൾ/ലൈസൻസുകൾ നൽകിയിട്ടുണ്ട്. കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിലൂടെ K-SWIFT വഴി നാളിതുവരെ (6-1-2021 വരെ) 7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി K-SWIFT-ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടുന്നതിനും വേണ്ടിയാണ് 'അസെൻഡ്-2020' എന്ന ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത നിക്ഷേപ സംഗമത്തിൽ അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, എം.എസ്.എം.ഇ. വ്യവസായ പാർക്കുകൾ, ജീവശാസ്ത്രം, ആയുർവേദം, ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും തുടങ്ങിയ അനവധി മേഖലകളിൽ ഉൾപ്പെടുന്ന നൂറിൽപ്പരം പദ്ധതി രൂപരേഖകളാണ് അവതരിപ്പിച്ചത്. പ്രസ്തുത സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ 149 പദ്ധതികൾക്കാണ് ധാരണാപത്രം/താൽപ്പര്യപത്രം ഒപ്പ് വച്ചിട്ടുള്ളത്. ഇത് കൂടാതെ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപതാൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ള 2 മെഗാ പദ്ധതികളും ഉൾപ്പെടുന്നു.

(ബി) സംസ്ഥാനത്തിന്റെ സവിശേഷത കണക്കിലെടുത്ത് വ്യവസായ ആവശ്യത്തിനുള്ള ഭൂമി ഏറ്റെടുത്ത് ലഭ്യമാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; കിഫ്ബി ഫണ്ടുപയോഗിച്ച് വ്യവസായ ആവശ്യത്തിന് അയ്യായിരം ഏക്കർ ഭൂമി ഏറ്റെടുക്കാൻ പരിപാടിയുണ്ടോ?

തിരുവനന്തപുരം തോന്നയ്ക്കലിൽ KSIDC സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിൽ 128.5 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി KIIFB 301.17 കോടി രൂപ നല്കുകയും ഏകദേശം 86 ഏക്കറോളം സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. കൂടാതെ KSIDC-യുടെ കീഴിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല (278.78 acres), കോഴിക്കോട് ജില്ലയിലെ കിനാലൂർ (310.71 acres), കണ്ണൂർ ജില്ലയിലെ വലിയവെളിച്ചം (250 acres), പാലക്കാട് ജില്ലയിൽ കനാല്പിരിവ് (34.05 acre) എന്നീ സ്ഥലങ്ങളിൽ വ്യവസായ പാർക്കുകൾ നിലവിലുള്ളതാണ്. ഇത് കൂടാതെ കോഴിക്കോട് കുറ്റ്യാടിയിൽ നാളികേര അധിഷ്ഠിത വ്യവസായങ്ങൾക്കായി 115 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. എറണാകുളം ആമ്പല്ലൂരിൽ ഇലക്ട്രോണിക് പാർക്കിനായി സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് വ്യാവസായിക ഭൂമിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് കണ്ണൂർ ജില്ലയിൽ 4896 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്ക് കിൻഫ്ര തുടക്കം കുറിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് വഴി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ധനസമാഹരണം കണ്ടെത്താൻ ഉദ്ദേശിക്കുന്നു. അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി ആരംഭിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴി. ഇതിലേയ്ക്കായി പാലക്കാട് ജില്ലയിൽ 1351 ഏക്കർ സ്ഥലം കിഫ്ബി ഫണ്ട് വിനിയോഗിച്ച് 1038 കോടി രൂപ മുതൽമുടക്കിൽ ഗവൺമെന്റ് ഗ്യാരന്റിയിൽ ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായ 'ഗിഫ്റ്റ് സിറ്റി' ക്കായി ആലുവ വില്ലേജിലെ അയ്യമ്പുഴയിൽ 501 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. പാലക്കാട് നോഡിൽ ഉൾപ്പെട്ട ഭൂമിയും കൊച്ചി ഗിഫ്റ്റ് സിറ്റിയുടെ ഭാഗമായി കണ്ടെത്തിയ ഭൂമിയും ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; അതിനുള്ള വ്യവസ്ഥകൾ അറിയിക്കാമോ?

സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി വ്യവസായ നയത്തിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു പ്രകാരം

നഗര പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കർ ഭൂമിയിലും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കർ ഭൂമിയിലും സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ സാധിക്കും. ഇത്തരത്തിൽ സ്ഥാപിക്കുന്ന പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം സ്വകാര്യ സംരംഭകർക്കായിരിക്കും. തുടർന്ന് പ്രസ്തുത സ്ഥലം സംസ്ഥാന സർക്കാർ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആയി പ്രഖ്യാപിക്കും. അനുബന്ധ അനുമതികൾ ലഭ്യമാകുന്ന ഏകജാലക സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്വകാര്യ വ്യവസായ പാർക്കുകൾക്കും ബാധകമായിരിക്കും. G.O.(Ms)No. 47/2017/ID dated 20-6-2017 & G.O.(Ms)No. 64/2018/ID dated 14-8-2018. പ്രകാരം സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. സ്വകാര്യ വ്യവസായ പാർക്കുകൾ രൂപീകരിക്കുന്നതിനുള്ള പ്രധാന നിബന്ധനകൾ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് 25 ഏക്കറോ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കറോ ഉണ്ടായിരിക്കണം. പ്രസ്തുത സ്ഥലം വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമായിരിക്കണം. ഇത് CSA/CR2 വിഭാഗത്തിൽപ്പെടുകയോ paddy & Wet land Act 2008 - ന്റെ പരിധിയിൽ വരുന്ന സ്ഥലമോ ആകുവാൻ പാടില്ല. അപേക്ഷ ഫോം 1 കിൻഫ്രയിലാണ് സമർപ്പിക്കേണ്ടത്. അപേക്ഷകൾ, വ്യവസായം, ഫിനാൻസ്, റവന്യൂ, LSGD, വാട്ടർ റിസോഴ്സസ്, പവർ & എൻവയേൺമെന്റ് തുടങ്ങിയ വകുപ്പ് സെക്രട്ടറിമാർ അടങ്ങിയ കമ്മിറ്റി പരിശോധിച്ചാണ് അനുമതി നൽകുന്നത്. 60 ദിവസത്തിനുള്ളിൽ അപേക്ഷയിന്മേൽ തീർപ്പ് കല്പിക്കേണ്ടതാണ്. ടി കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ ഫോം 2 -ൽ " പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പെർമിറ്റ് " നൽകേണ്ടതാണ്. എസ്റ്റേറ്റിന് അനുമതി ലഭിച്ചു കഴിഞ്ഞാൽ രണ്ട് മാസത്തിനുള്ളിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതിക്ക് ഡെവലപ്പർ അപേക്ഷ സമർപ്പിക്കണം. നിയമപരമായ എല്ലാ അനുമതികളും ലഭിച്ചുകഴിഞ്ഞാൽ മൂന്ന് മാസത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിരിക്കണം. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ റോഡ്, വൈദ്യുതി ജലലഭ്യത മുതലായ കാര്യങ്ങളിൽ സർക്കാരിന് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കാവുന്നതാണ്. എസ്റ്റേറ്റിന്റെ അതിർത്തിവരെ വൈദ്യുതി എത്തിക്കുന്നതിന് രണ്ട് കോടി രൂപ വരെ സർക്കാരിന് മുതൽ മുടക്കാവുന്നതാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ 'Red Category"-യിൽപ്പെടാത്തതുമായ വ്യവസായങ്ങൾ മാത്രമേ സ്വകാര്യ എസ്റ്റേറ്റിൽ പ്രവർത്തിക്കാൻ പാടുള്ളൂ. സ്വകാര്യ വ്യവസായ എസ്റ്റേറ്റിൽ വ്യവസായ യൂണിറ്റുകൾ, വെയർ ഹൗസുകൾ, ലോജിസ്റ്റിക്

സർവ്വീസുകൾ, വെഹിക്കിൾ സർവീസിംഗ് ആൻഡ് റിപ്പെയറിംഗ് ഡിപ്പോകൾ തുടങ്ങിയവ അനുവദനീയമാണ്. എന്നാൽ വെഹിക്കിൾ ഷോറൂമുകൾ, ഷോപ്പിംഗ് കോംപ്ലെക്സുകൾ, മാളുകൾ, ഔട്ട് ലെറ്റുകൾ തുടങ്ങിയവ അനുവദനീയമല്ല. സ്വകാര്യ എസ്റ്റേറ്റുകളിൽ യൂണിറ്റുകൾക്ക് സ്ഥലം, കെട്ടിടം എന്നിവ അനുവദിക്കുന്നതിനുള്ള പൂർണ്ണ അധികാരം ഡെവലപ്പറിൽ നിക്ഷിപ്തമായിരിക്കും. അനുമതി ലഭിച്ച് രണ്ട് വർഷത്തിനുള്ളിൽ സ്ഥലം വേണ്ടത്ര പ്രയോജനപ്പെടുത്തിയില്ലെങ്കിൽ അനുമതി റദ്ദാക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കും. സ്വകാര്യ വ്യവസായ എസ്റ്റേറ്റിന്റെ അനുമതി കാലാവധി 30 വർഷം ആയിരിക്കും.

**ഊർജ്ജ കേരള മിഷൻ**

26(*206) <u>ശ്രീ. കെ. സി . ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഊർജ്ജ കേരള മിഷൻ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതിയുടെകീഴിൽ നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ എല്ലാത്തരം ഉപഭോക്താക്കൾക്കും ആവശ്യമായ വൈദ്യുതി ആവശ്യാനുസരണം തടസ്സരഹിതമായി ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം. അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി സർക്കാർ 2018 ജൂലൈയിൽ ഊർജ്ജ കേരള മിഷൻ പ്രഖ്യാപിച്ച് നടപ്പാക്കിവരുന്നു. ഇതിൽ ദ്യുതി 2021, ട്രാൻസ്ഗ്രിഡ് 2.0, സൗര, ഫിലമെന്റ് രഹിത കേരളം, ഇ-സേഫ് പദ്ധതി എന്നീ 5 പദ്ധതികൾ ഉൾപ്പെടുന്നു.

1. <u>ദ്യുതി 2021</u> - 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്ന പദ്ധതിയാണ് ദ്യുതി 2021. നാല് വർഷംകൊണ്ട് 4036.3 കോടി രൂപ മുതൽ മുടക്കുള്ള

വിതരണ മേഖലയിലെ വികസന പദ്ധതിയാണ് ദ്യുതി-2021. ഇതിൽ 9936 km ഹൈടെൻഷൻ ലൈൻ വലിക്കുക, 3741 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക HT/LT അനുപാതം പരിഷ്കരിച്ച് ലൈനുകളുടെ നിലവാരം ഉയർത്തുക, HT ലൈനുകളും ട്രാൻസ്ഫോർമറുകളും സാറ്റലൈറ്റ് മാപ്പ് ചെയ്യുക, ഫോൾഡ് പാസ് ഡിറ്റക്ടറുകൾ സ്ഥാപിക്കുക, ആവശ്യമായ ലൈനുകളിൽ ABC അഥവാ കവേർഡ് കണ്ടക്ടറുകൾ വലിക്കുക മുതലായ ആധുനികവത്കരണങ്ങൾ ഉൾപ്പെടുന്നു. ഈ സർക്കാർ അധികാരത്തിലേറിയ ശേഷം 2020 നവംബർ വരെ ഏകദേശം 17 ലക്ഷം വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്. ടി കാലയളവിൽ 8406 കി. മീ. എച്ച്. റ്റി. ലൈൻ, 17369 കി. മീ. എൽ. റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 10345 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 8266 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും 3969 കി.മീ എച്ച് റ്റി ലൈൻ റീ കണ്ടക്ടറിംഗ്, 66722 കി. മീ. എൽ. റ്റി. ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ 39.2 ലക്ഷം കേടായ മീറ്ററുകൾ ഇതിനോടകം മാറ്റി സ്ഥാപിച്ചു.

2. <u>ട്രാൻസ്ഗ്രിഡ് 2.0</u> - കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 10,000 കോടി രൂപ ചെലവിൽ വിഭാവനം ചെയ്ത പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. മൂന്ന് 400 കെ.വി. സബ്സ്റ്റേഷൻ, ഇരുപത്തിരണ്ട് 220 കെ.വി. സബ്സ്റ്റേഷൻ, 4390 കി.മി. പ്രസരണ ലൈൻ എന്നിവ ഉൾപ്പെടുന്ന പദ്ധതി രണ്ട് ഘട്ടങ്ങളിലായി 2024-ൽ പൂർത്തീകരിക്കും. പദ്ധതിയിലുൾപ്പെട്ട മഞ്ചേരി 220 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും 147 കിലോമീറ്റർ ലൈനിന്റെ നിർമ്മാണവും ഇതിനോടകം പൂർത്തിയാക്കി. 10 സബ്സ്റ്റേഷനുകളും 1450 കിലോമീറ്റർ നിർമ്മാണവും ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

3. <u>സൗര</u> : കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 2021 ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്നും കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് സൗര.

- പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് - 46.5 MW കൂട്ടിച്ചേർക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW-യിൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- 200 മെഗാവാട്ട് റിവേഴ്സ് ഇ ബിഡിങ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ - താരിഫ് അധിഷ്ഠിത ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്ത NTPC (90 MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്.
- 200 മെഗാവാട്ട് സോളാർ പാർക്കുകൾ - കാസർഗോഡ് സോളാർ പാർക്കിൽ 100 MW-ന്റെ പ്രവർത്തനം ആരംഭിച്ചു. മറ്റൊരു 105 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള സ്ഥലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.
- 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ - കായംകുളം NTPC പദ്ധതിയോടുചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ നിലയം നിർമ്മാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് (50MW) ടെണ്ടർ നടപടികൾ പൂർത്തിയായി. ഇടുക്കി ജലസംഭരണിയിലും (300MW),ബാണാസുരസാഗർ ജലസംഭരണിയിലും (100MW) ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്.

4. ഫിലമെന്റ് രഹിത കേരളം - ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ചുകൊണ്ടുവരുന്നതോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ ഇതുവരെ 1329249 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. January 2021-ൽ വിതരണം തുടങ്ങി 31-3-2021-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

5. ഇ-സേഫ് പദ്ധതി - കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽക്കണ്ട് വിതരണ മേഖലയുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി 2159.09 കോടി രൂപയുടെ പ്രവൃത്തികളാണ്

നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 555.43 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പദ്ധതിക്കായി കേന്ദ്ര സർക്കാരിൽനിന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശം നൽകുമോ?

ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട ട്രാൻസ്ഗ്രിഡ് പദ്ധതിക്കായി PSDF ഫണ്ടിൽ ഉൾപ്പെടുത്തി ഗ്രാന്റായി 400 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ സൗര പദ്ധതിയിലുൾപ്പെട്ട പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡി പദ്ധതിയിൽ 250 MW അനുവദിച്ചു.

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഉൾപ്പെടുന്നവ.

(a) ഏറനാട് പാക്കേജിന്റെ ഭാഗമായ മാടക്കത്തറ - അരീക്കോട് 400/220 കെ.വി ലൈനിന്റെയും കീഴിശ്ശേരി-നല്ലളം 220/110 കെ.വി. ലൈനിന്റെയും നിർമ്മാണത്തിനും മാടക്കത്തറയിലും നല്ലളത്തും നടപ്പാക്കുന്ന ബേ എക്സ്റ്റൻഷൻ ജോലികൾക്കുമായി 333.93 കോടി രൂപ കേന്ദ്ര സർക്കാരിന്റെ PSDF ഫണ്ടിൽ നിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

(b) കക്കയം-നല്ലളം 110 കെ.വി. ലൈൻ HTLS conductor ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്കും നല്ലളം - ചേവായൂർ വെസ്റ്റ്ഹിൽ -കൊയിലാണ്ടി 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ HTLS conductor ഉപയോഗിച്ച് ഡബിൾ സർക്യൂട്ടായി ശേഷി ഉയർത്തുന്ന പ്രവൃത്തിക്കുമായി മേൽപ്പറഞ്ഞ PSDF ഫണ്ടിൽ നിന്നും 66.85 കോടി രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

## വ്യവസായ ഭദ്രതാ പാക്കേജ്

27(*207) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ .ഡി .പ്രസേനൻ:
ശ്രീ പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിൽ നിർണ്ണായക പങ്കുള്ള ചെറുകിട വ്യവസായ മേഖലയെ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി അതിജീവിക്കാൻ പ്രാപ്തമാക്കുന്നതിന് വ്യവസായ ഭദ്രത പാക്കേജ്‌വഴി നടത്തിയ ഇടപെടൽ വിശദീകരിക്കാമോ;

(ബി) പാക്കേജ് കാര്യക്ഷമമായും സുതാര്യമായും നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ വലിയ തൊഴിൽ ദാതാക്കളാണ് എം.എസ്.എം.ഇ. മേഖല. നോട്ട് നിരോധനം, പ്രകൃതി ദുരന്തം തുടങ്ങിയ കാരണങ്ങളാൽ തിരിച്ചടി നേരിട്ട ഈ മേഖല കോവിഡ് - 19 മഹാമാരി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിപരീത സാഹചര്യങ്ങൾ അഭിമുഖീകരിക്കാൻ കഴിയാത്ത വിധം തളർന്നു പോയി. ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപ്പാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത" . G.O.(MS).No.56/2020/ID dated 20-5-2020 പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി
2. ലാൻഡ് പ്രീമിയം ഒരു വർഷത്തേക്ക് മരവിപ്പിക്കുന്നത്
3. മൂന്ന് മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്
4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേക്ക് ഉപേക്ഷിക്കുന്നത്
5. KSIDC-യിൽ ടോപ് അപ് ലോണുകൾ
6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്
7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം
8. KSIDC-ക്കും KINFRA-യ്ക്കുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി
9. MSME-കൾക്ക് സ്വത്ത് സമ്പാദനത്തിനായി KSIDC നൽകുന്ന പ്രത്യേക വായ്പ
10. സംരംഭക സഹായ പദ്ധതിയുടെ (ESS) ഉദാരവൽക്കരണം.
11. (a) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്

    (b) MSME-കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം

12. MSME-കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം

13. മൂന്ന് മാസത്തേക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം

14. തൊഴിലുടമകളുടെ മൂന്ന് മാസത്തെ PF വിഹിതം

15. NPA വ്യവസ്ഥകളുടെ നവീകരണം

16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത്

17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്. "സംരംഭക സഹായ പദ്ധതി (ESS)" യുടെ ഉദാരവൽക്കരണം നടപ്പിലാക്കുന്നതിലേക്കായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗ രേഖ G.O.(MS) No.103/2020/ID dated 24-11-2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പാക്കിവരുന്നു.

ആയതിലെ പ്രധാന സവിഷേതകൾ :-

1. SC/ST വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിച്ചു; ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതാണ്.

2. മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manufacturing industries' യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിക്ക് പുറമെ 10 % സബ്സിഡി കൂടി അനുവദിച്ചു. അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ESS-ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പാക്കുന്നതിന് തീരുമാനിച്ചു. മേൽ വിവരിച്ച പദ്ധതികളുടെ (MSME-കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം, MSME-കൾക്ക് നൽകുന്ന അധിക term loan-നുള്ള പലിശ ധനസഹായം) ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and Working Capital Loan പദ്ധതി

പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ (ഉൽപ്പാദക മേഖലയിലും job work ചെയ്യുന്നതുമായിട്ടുള്ളവ) എടുക്കുന്ന വായ്പകൾക്ക് ആറ് മാസത്തേക്ക് 50% പലിശ സബ്സിഡി, പരമാവധി ഓരോ ലോണിനും (Term loan/Working Capital) 30,000 രൂപ; പരമാവധി 60,000 രൂപ വരെ അനുവദിച്ചുവരുന്നുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 37.65 കോടി രൂപ ധന പുനഃവിനിയോഗം മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. ഓൺലൈൻ പോർട്ടലിലൂടെ 15-1-2021 വരെ 243 ലക്ഷം രൂപയുടെ 604 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സജീവ പരിഗണനയിലാണ്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം നടപ്പാക്കുന്ന ECLGS (Emergency Credit Line Gurantee Scheme) പ്രകാരം വായ്പ ലഭിച്ചിട്ടുള്ള MSME-കൾക്ക് വ്യവസായ വകുപ്പ് ഇപ്പോൾ നടപ്പാക്കുന്ന പദ്ധതി പ്രകാരം പലിശ സബ്സിഡി ലഭിക്കുന്നതാണ്. നിലവിലെ കണക്ക് പ്രകാരം സംസ്ഥാനത്തുള്ള ബാങ്കുകൾ 109970 അക്കൗണ്ടുകൾ പ്രകാരം 5595.39 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. മൊറട്ടോറിയം കാലയളവിലുള്ള പലിശ ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ട അസോസിയേഷനുകളും സംരംഭകരും സുപ്രീംകോടതിയിൽ നിരവധി കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഇതിന്മേലുള്ള അന്തിമവിധി അനുസരിച്ചായിരിക്കും ഈ തുകയുടെ വിനിയോഗം സാധ്യമാകുക. കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിയ വ്യവസായ ഭദ്രത പാക്കേജ് വഴി ആകെ 32.86 കോടി രൂപയുടെ ധനസഹായം ഈ മേഖലയ്ക്ക് നൽകി. കെ.എസ്.ഐ.ഡി.സി.-യുടെ നിലവിലുള്ള സ്റ്റാൻഡേർഡായ സ്ഥാപനങ്ങൾക്ക് 2460.00 ലക്ഷം രൂപയുടെ ടോപ് അപ് ലോൺ, 56 ലക്ഷം രൂപയുടെ പീനൽ ഇന്ററസ്റ്റ്, 70 ലക്ഷം രൂപയുടെ compound interest ന്റെ moratorium, 2 കോടി രൂപയുടെ Interest on Land allotment, 5 കോടി രൂപയുടെ OTS എന്നിവയിലാണ് സഹായം നൽകിയിരിക്കുന്നത്. കെ.എസ്.ഐ.ഡി.സി. കൊടുത്തിട്ടുള്ള ലോണുകളുടെ പിഴ പലിശ 2020 മാർച്ച് 1 മുതൽ 2021 മാർച്ച് 31 വരെ പൂർണ്ണമായി ഒഴിവാക്കുകയും മുതലിന്റെയും പലിശയുടെയും തിരിച്ചടവിന് 6 മാസം സാവകാശം നൽകുകയും ചെയ്തു. നിലവിൽ കെ.എസ്. ഐ. ഡി. സി.-യുടെ ചുരുങ്ങിയ പലിശ നിരക്ക് 8.75 % ആണ്. കോവിഡ് പാക്കേജിന്റെ ഭാഗമായി additional collateral security ഇല്ലാതെ 8% പലിശ നിരക്കിലാണ് അധികലോൺ (Top up Loan) നൽകിവരുന്നത്.

വ്യവസായ ഭദ്രതാ പക്കേജ് വഴി കിൻഫ്ര 120 സംരംഭകരുടെ വാടക ഇനത്തിൽ അടയ്ക്കാനുള്ള 3.24 കോടി രൂപ എഴുതിത്തള്ളിയിരുന്നു. 120 സംരംഭകരുടെ 0.48 കോടി രൂപയുടെ വാടക വർദ്ധനവ് ഒരു വർഷത്തേയ്ക്ക് നിർത്തിവച്ചിരുന്നു. 538 സംരംഭകരുടെ CFC ഇളവ് 3 മാസത്തേയ്ക്ക് 0.6 കോടി രൂപ നൽകിയിരുന്നു. CFC വർദ്ധനവ്, ഒരു വർഷത്തേക്ക് 538 സംരംഭകർക്ക് 0.2 കോടി രൂപയുടെ ഇളവ് നൽകി. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 320 സംരംഭകരുടെ പലിശ 2.8 കോടി രൂപ എഴുതിത്തള്ളി. ഇപ്രകാരം ആകെ 7.32 കോടി രൂപയുടെ ഇളവുകൾ കിൻഫ്ര നൽകിയിട്ടുണ്ട്.

കേരള സിഡ്കോയുടെ ഉടമസ്ഥതയിൽ വാടക വ്യവസ്ഥയിൽ പ്രവർത്തിക്കുന്നതും കോവിഡ്-19 മൂലം പ്രതിസന്ധിയിലായതുമായ MSME യൂണിറ്റുകളെ സഹായിക്കാനായി 2020 മാർച്ച് മുതൽ 3 മാസത്തേക്കുള്ള വാടക പൂർണ്ണമായും ഇളവ് ചെയ്ത് നൽകി. അപ്രകാരം എൺപതോളം MSME യൂണിറ്റുകൾക്ക് ആനുകൂല്യം ലഭ്യമാക്കുകവഴി സിഡ്കോ ആകെ 19.6 ലക്ഷം രൂപയുടെ സഹായം നൽകുകയുണ്ടായി. ഈ സന്ദർഭത്തിൽ വളരെ ശ്രദ്ധേയമായ കാര്യം കേന്ദ്രസർക്കാർ പ്രഖ്യാപിച്ച അധികവായ്പ എടുക്കാനുള്ള അനുമതി നേടിയ ആകെയുള്ള 8 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെട്ടിരിക്കുന്നുവെന്നതാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ആവശ്യപ്പെട്ട പരിഷ്കാര നടപടികൾ ദ്രുതഗതിയിൽ സമയബന്ധിതമായി നടപ്പാക്കിയാണ് 0.25% അധിക വായ്പയായ ഏകദേശം 2,370 കോടി രൂപയ്ക്കുള്ള അനുമതി സർക്കാരിന് ലഭിച്ചത്.

(സി) വ്യാവസായിക ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി ഉൾപ്പെടെയുള്ള സാധ്യതകൾ വിനിയോഗിക്കുന്നതിന് വാണിജ്യ മിഷൻ പൂർണ്ണസജ്ജമാക്കാൻ സാധ്യമായിട്ടുണ്ടോ; കേരള ഇ-മാർക്കറ്റ് വെബ് പോർട്ടൽ എത്തരത്തിൽ പ്രയോജനപ്രദമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

വിദേശ വിപണനം ലക്ഷ്യമിട്ട് വാണിജ്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ്, വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 2019 സെപ്റ്റംബർ 25 മുതൽ 28 വരെ നടന്ന ഫുഡ് ടെക് ഏഷ്യ 2019 എക്സിബിഷനിൽ പങ്കെടുക്കുന്നതിനായി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല വ്യാപാര പ്രതിനിധി സംഘം നേപ്പാൾ സന്ദർശിച്ചു. ഈ സംഘത്തിൽ പത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ സംരംഭകരും സംസ്ഥാന സർക്കാർ പ്രതിനിധികളും പങ്കെടുത്തു. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് & ഇൻഡസ്ട്രി (ഫിക്കി) എസ്.എം.ഇ. & എന്റർപ്രെണേഴ്സ് ഫെഡറേഷൻ ഓഫ് മാലിദ്വീപിലെ ഇന്ത്യൻ എംബസിയുമായി സംയോജിച്ച് മാലിദ്വീപിൽ വച്ച് 2019 ഒക്ടോബർ 15 മുതൽ 17 വരെ സംഘടിപ്പിച്ച ഇന്ത്യ

എക്സ്പോ 2019-ൽ വാണിജ്യ മിഷൻ മുഖേന പതിനഞ്ച് വ്യവസായ സംരംഭ സ്ഥാപക മേധാവികളും സംസ്ഥാന സർക്കാരിന്റെ ഉദ്യോഗസ്ഥ പ്രതിനിധികളും പങ്കെടുത്തു. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനം, ഇ-പോർട്ടൽ {www.keralaemarket.com/ www.keralaemarket.org/www.keralaemarket.kerala.gov.in} രൂപീകരിച്ചിട്ടുണ്ട്. ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദ്ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലും എസ്.എം.ഇ. പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. നിലവിൽ ആയിരത്തിലധികം കമ്പനികളും കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഈ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ, അന്തർദ്ദേശീയ വിപണികളിൽ കടന്നുചെല്ലുവാനും പ്രത്യേകിച്ചും കോവിഡ് കാലത്തിനുശേഷം അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ, അന്തർദ്ദേശീയ ബയേഴ്സ്/കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

28(*208) <u>ശ്രീ. സി. മമ്മൂട്ടി</u>:
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. കെ. എം. ഷാജി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ് നാല് വർഷം കഴിഞ്ഞിട്ടും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ സാധിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 54/2017/ധന. പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ള മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിരുന്നു. തുടർന്ന് 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാ നിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് പുതുക്കിയ Request For Proposal (RFP) 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടറിൽ പങ്കെടുത്ത അഞ്ച് ഇൻഷ്വറൻസ് കമ്പനികളുടെയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. എന്നാൽ ആർ.എഫ്.പി. (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാല്പര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന അഡ്വക്കേറ്റ് ജനറൽ, കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 15-10-2020-ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി. (REQUEST FOR PROPOSAL) റദ്ദാക്കുകയും ചെയ്തതിനാൽ പദ്ധതി സമയബന്ധിതമായി നടപ്പിലായില്ല.*

(ബി) ഈ പദ്ധതിയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിരക്കുകൾ ഉൾപ്പെടുത്തിയും അഡ്വക്കേറ്റ് ജനറൽ, കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ചില പ്രത്യേക നിബന്ധനകൾ കൂട്ടി ചേർത്തും ആർ.എഫ്.പി. (REQUEST FOR PROPOSAL) വീണ്ടും പരിഷ്കരിച്ച് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.*

**കെ.റ്റി.ഡി.സി. നടപ്പിലാക്കിവരുന്ന പദ്ധതികൾ**

29(*209) ശ്രീ . വി. കെ. പ്രശാന്ത്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.റ്റി.ഡി.സി. മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.റ്റി.ഡി.സി. മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. മാസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിക്കുകയും ചെയ്തു.
2. ചൈത്രം ഹോട്ടലിന്റെ മുറികൾ മൊത്തമായി നവീകരിച്ചു
3. 12.65 കോടി രൂപ മുടക്കി വാട്ടർസ്കേപ്പ് കുമരകത്തിന്റെ നവീകരണം നടന്നുവരികയാണ്.
4. തേക്കടിയിൽ 120 പേരെ കയറ്റാവുന്ന രണ്ട് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചു.
5. പൊന്മുടിയിൽ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ കമ്മീഷൻ ചെയ്തു.
6. 292 ലക്ഷം രൂപ മുടക്കി കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിച്ചു
7. മാസ്കറ്റ് ഹോട്ടലിന്റെ കൺവെൻഷൻ സെന്ററിന്റെ നവീകരണത്തിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു.
8. ആലപ്പുഴയിൽ 2 കോടി രൂപ മുതൽ മുടക്കിൽ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിച്ചു.

9. വേളിയിൽ പുതിയ ബോട്ടുകൾ വാങ്ങുകയും കമ്മീഷൻ ചെയ്യുകയും ചെയ്തു.

10. വേളിയിൽ 70 ലക്ഷം രൂപ മുടക്കി ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് നവീകരിച്ചു.

11. സുപ്രീംകോടതി ഉത്തരവിൻ പ്രകാരം അടച്ചുപൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ ബിയർ പാർലറുകൾ തുറന്നു.

12. കണ്ണൂരിലെ മുഴിപ്പിലങ്ങാടിയിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാന്റ് അക്വിസിഷൻ നടപടികൾ അവസാനിച്ചു. സ്റ്റാർ ഹോട്ടലുകളുടെ പണി ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഇതിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

13. കെ.ടി.ഡി.സി.യുടെ ചിരകാല ആവശ്യമായ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചു.

14. കെ.ടി.ഡി.സി.-യിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണ ട്രെയിനിംഗ് കൊടുക്കാനുള്ള നപടികൾ ആരംഭിച്ചു.

15. 792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടീ കൗണ്ടി റിസോർട്ട് നവീകരണം നടന്നു വരികയാണ്.

16. 2.9 കോടി രൂപയ്ക്ക് കൊല്ലത്തെ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിക്കാൻ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാകുകയും ചെയ്തു.

17. 1.9 കോടി രൂപയ്ക്ക് പീരുമേട് ടാമറിന്റ് ഈസി ഹോട്ടൽ നവീകരിക്കാൻ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു.

18. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബിസിനസ് വർദ്ധിപ്പിക്കുന്നതിനുമായി ചാനൽ മാനേജർ സോഫ്റ്റ്വെയർ ഏർപ്പെടുത്തി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതുമൂലം നിരവധി അന്താരാഷ്ട്ര ഓൺലൈൻ ട്രാവൽ ഏജൻസികളുമായി മികച്ച ബന്ധം സ്ഥാപിക്കുന്നതിനും വ്യാപാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

19. സാങ്കേതിക വിദ്യയുടെ വളർച്ചയെത്തുടർന്ന് ഹോട്ടൽ ബിസിനസ്സിൽ ഓൺലൈൻ ട്രാവൽ ഏജൻസികളുടെ പങ്ക് വളരെ വലുതാണ്. ഇത്തരം മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്താനായി പുതിയ ഓൺലൈൻ ട്രാവൽ ഏജൻസികളുമായി ബിസിനസ്സ് ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

20. ആധുനിക കാലത്ത് സോഷ്യൽ മീഡിയകളുടെ പ്രാധാന്യം വർദ്ധിച്ചു വരികയാണ്. കെ.ടി.ഡി.സി. ഹോട്ടലുകളുടെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും പ്രചരണത്തിനുമായി സോഷ്യൽ മീഡിയയെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ബി) ടൂറിസം വിപണനവുമായി ബന്ധപ്പെട്ട് കെ.റ്റി.ഡി.സി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

വിദേശ വിനോദസഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കെ.റ്റി.ഡി.സി. ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ്.കോം, അഗോഡ, എക്സ്പീഡിയ എന്നിവയിലൂടെ പ്രചരണം നൽകുന്നതോടൊപ്പം വിൽപ്പനയും നടത്തുന്നുണ്ട്. അതുമൂലം വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് സാധിക്കുന്നു. ഓൺലൈൻ ട്രാവൽ ഏജൻസികളുടെ ബുക്കിംഗിന് ചാനൽ മാനേജർ സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തി. നമ്മുടെ രാജ്യത്തിനകത്തും വിദേശത്തും നടത്തുന്ന പ്രമുഖ ടൂറിസം മേളകളിൽ കെ.റ്റി.ഡി.സി. പങ്കെടുക്കാറുണ്ട്. ഇതുവഴി മികച്ച ടൂർ ഓപ്പറേറ്റർമാർ/ ട്രാവൽ ഏജൻസികൾ തുടങ്ങിയവരുമായി നേരിട്ട് പ്രചാരണം നടത്തുവാനും അതുവഴി വിദേശത്ത് കെ.റ്റി.ഡി.സി.യുടെ പേര് വ്യാപിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഉൽപ്പന്ന പ്രൊമോഷനുവേണ്ടി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കെ.റ്റി.ഡി.സി.-യുടെ ഹോട്ടലുകൾ നവീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ; ഇക്കാലയളവിൽ കെ.റ്റി.ഡി.സി.യുടെ എത്ര ഹോട്ടലുകൾക്ക് സ്റ്റാർ പദവി ലഭിച്ചിട്ടുണ്ട്; വിശദീകരിക്കുമോ?

കോർപ്പറേഷന്റെ എല്ലാ റിസോർട്ടുകൾക്കും അനുയോജ്യമായ സ്റ്റാർ പദവി ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്റ്റാർ പദവി കരസ്ഥമാക്കുന്നതിനായി ഹോട്ടലുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ചുവരുന്നു. നവീകരണത്തിനുശേഷം മാസ്കറ്റ് ഹോട്ടലിന് മാത്രമാണ് സ്റ്റാർ ക്ലാസിഫിക്കേഷനുള്ളത്. ഇതിന്റെ ക്ലാസിഫിക്കേഷൻ ഫൈവ് സ്റ്റാറാണ്.

(ഡി) സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകൾക്കായി കെ.റ്റി.ഡി.സി. നടത്തിവരുന്ന വിവിധ ടൂറിസം പാക്കേജുകൾ കൂടുതൽ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.റ്റി.ഡി.സി.-യുടെ വെബ്സൈറ്റ് വഴി നേരിട്ടാണ് വിപണനം നടത്തുന്നത്. സാമൂഹ്യ മാധ്യമങ്ങൾവഴി കെ.റ്റി.ഡി.സി.-യുടെ വെബ്സൈറ്റും പാക്കേജുകളും പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ ട്രാവൽ ഏജന്റുമാർക്ക് കമ്മിഷൻ കൊടുത്തുകൊണ്ട് ഈ പാക്കേജുകൾ വിനോദസഞ്ചാരികൾക്ക് വിൽക്കുന്നുണ്ട്.

## വൈദ്യുതി ബോർഡിന്റെ ആധുനികവൽക്കരണം

30(*210) ശ്രീ. എം. സ്വരാജ്:
ശ്രീ. പി . ഉണ്ണി:
ശ്രീ. പി .ടി .എ . റഹീം:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യ വ്യാപകമായി വൈദ്യുതി മേഖലയെ വിഭജിക്കുന്നതിനും സ്വകാര്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി മേഖലയെ പൊതുമേഖലയിൽത്തന്നെ സംരക്ഷിക്കുന്നതിനും വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് ജനോപകാരപ്രദമായ സ്ഥാപനമാക്കി മാറ്റുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യാതെതന്നെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനം മെച്ചപ്പെടുത്തുവാനും കാര്യക്ഷമത ഗണ്യമായി വർദ്ധിപ്പിക്കുവാനും കഴിയുന്ന ബദൽ നയങ്ങളാണ് കേരളം നടപ്പാക്കിവരുന്നത്. കേന്ദ്ര ഊർജ്ജമന്ത്രാലയം വിവിധ സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികളുടെ പ്രകടനം വിലയിരുത്തുന്ന എട്ടാമത് റേറ്റിംഗ് പ്രകാരം (8th Integrated Rating of State Distribution Utilities) കെ.എസ്.ഇ.ബി. ചരിത്രത്തിൽ ആദ്യമായി തങ്ങളുടെ സ്ഥാനം A ആയി മെച്ചപ്പെടുത്തി. കൂടാതെ 2016-ൽ പ്രസരണ-വിതരണ നഷ്ടം 14.37% ആയിരുന്നത് 2019-20 - ൽ 12.08% ആയി കുറച്ചു. ഇതിൽ വിതരണ നഷ്ടം രാജ്യത്തിനുതന്നെ മാതൃകയാവുന്ന 8.7% മാത്രമാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചതിനു പുറമേ ഇടതടവില്ലാതെ എല്ലാവർക്കും വൈദ്യുതി എത്തിക്കാനുള്ള നടപടികളും സ്വീകരിച്ചു. കടുത്ത വേനലിലും പവർകട്ട്, ലോഡ്ഷെഡ്ഡിംഗ് എന്നിവ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചു. 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുതകുംവിധം വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനായി ദ്യുതി

2021 പദ്ധതിയുമായി മുന്നോട്ടുപോകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചു; ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങൾ പരിഷ്കരിച്ചു. 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖ കൂടാതെയും 1500 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നല്കുന്നതിന് നടപടി സ്വീകരിച്ചു. ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, ലൈബ്രറികൾ, കലാസാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ, ഹോർട്ടികോർപ്പുകൾ, മിൽമാ ബൂത്തുകൾ എന്നിവയ്ക്ക് സർവ്വീസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിച്ചു. കൂടാതെ തറവാട് വീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള അനുമതിയും നൽകി. സർക്കാരിന്റെ കാലത്ത് മൂന്ന് തവണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് അനുമതി നൽകി. ഉപഭോക്തൃ സേവന കേന്ദ്രം ശക്തിപ്പെടുത്തി. ഉപഭോക്താവ് കെ.എസ്.ഇ.ബി.എൽ. ഓഫീസിൽ എത്താതെ ഓൺലൈനായിത്തന്നെ സേവനങ്ങൾക്കായി അപേക്ഷ സമർപ്പിക്കാൻ അവസരം ഒരുക്കി. HT/EHT ഉപഭോക്താക്കൾക്കായി ഗ്രീൻചാനൽ സംവിധാനം ഏർപ്പെടുത്തി. സർക്കാർ ഓഫീസുകൾക്കും ടെലികോം സ്ഥാപനങ്ങൾപോലെ വളരെയധികം കണക്ഷനുകളുള്ള സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം കൊണ്ടുവന്നു. സൗര പദ്ധതിയിലൂടെ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സാർവത്രികമാക്കാനും മുതൽമുടക്ക് കൂടാതെയോ കുറഞ്ഞ മുതൽമുടക്കിലോ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനും അവസരമൊരുക്കി രാജ്യത്തിനുതന്നെ മാതൃകയായി. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനം ഉറപ്പുവരുത്താൻ സംസ്ഥാന വ്യാപകമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. ഇതിനോടകം തന്നെ 7 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു. ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് ജനോപകാരപ്രദമായ സ്ഥാപനമായി നിലനിർത്താൻ വിതരണ മേഖലയിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതി സമ്പൂർണ്ണ വൈദ്യുതീകരണമാണ്. ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെയും സേവനങ്ങളെയും സംബന്ധിച്ച പൊതുജനങ്ങളുടെ അഭിപ്രായവും

കാഴ്ചപ്പാടും അറിയാനും അവയുടെ കാര്യക്ഷമത വിലയിരുത്തുവാനും തെരഞ്ഞെടുത്ത 12 ഇലക്ട്രിക്കൽ സെക്ഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. സോഷ്യൽ ഓഡിറ്റ് നടത്തുകയുണ്ടായി. ഉപഭോക്തൃ സംതൃപ്തി ലക്ഷ്യംവച്ചും വൈദ്യുതി മേഖല പരാതിരഹിതമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വൈദ്യുതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ജനറേഷൻ തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ പരാതികളും സ്വീകരിച്ചുകൊണ്ട് വൈദ്യുതി അദാലത്തുകൾ സംഘടിപ്പിച്ചു. കോവിഡ് സാഹചര്യം പരിഗണിച്ച് ഉപഭോക്താക്കൾക്ക് തങ്ങൾക്കു ലഭിക്കേണ്ടുന്ന സേവനം വീട്ടിലിരുന്നു ഫോൺ വിളിച്ചാൽത്തന്നെ ലഭ്യമാക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ " service at doorstep" പദ്ധതി പാലക്കാട്, പെരുമ്പാവൂർ എന്നീ സർക്കിളുകളിലെ സെക്ഷൻ ഓഫീസുകളിൽ നടപ്പാക്കിയിട്ടുണ്ട്.*

(ബി) പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എപ്രകാരമാണ് ഈ സർക്കാർ ലഘൂകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നല്കാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശരേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താത്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നല്കുന്നതിനും അനുമതി നല്കിയിട്ടുണ്ട്. ഇത് കൂടാതെ 2-11-2018-ലെ ബോർഡ് ഉത്തരവുപ്രകാരം ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, ലൈബ്രറികൾ, കലാ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ, ഹോർട്ടി കോർപ്പുകൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്ക് സർവീസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുകയും തറവാട് വീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം സർവ്വീസ് കണക്ഷൻ കൊടുക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. 13-3-2020, 5-11-2020-ലെ ബോർഡ് ഉത്തരവുപ്രകാരം കാർഷിക കണക്ഷനുകൾ നല്കുന്നതിനുള്ള, കൃഷി ആവശ്യത്തിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധി ഒഴിവാക്കുകയും കൃഷി ഓഫീസറുടെ/ മൃഗ സംരക്ഷണ വകുപ്പിലെ ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം എന്നിവ ഒഴിവാക്കുകയും തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്.

(സി) വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് വിവര സാങ്കേതികവിദ്യ അടിസ്ഥാനമാക്കി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനംവഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പരാതികൾ, വൈദ്യുത തടസ്സങ്ങൾ, വൈദ്യുത ബിൽ എന്നിവ സംബന്ധിച്ച അറിയിപ്പുകൾ തുടങ്ങിയവ എസ്.എം. എസ്. വഴിയും ഇ-മെയിൽ വഴിയും അറിയിക്കുന്ന - 'ഊർജ്ജ-ദൂത്', 'ഊർജ്ജസൗഹൃദ' പദ്ധതികളും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയിട്ടുണ്ട്. വിതരണശൃംഖലയിലെ എച്ച്.റ്റി. ലൈനുകളിലെ തകരാറുകൾ കണ്ടുപിടിക്കുന്നതിന് Communicable Fault Pass Detector"എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർതന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(ഡി) പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ട് എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നടത്തിയിട്ടുണ്ട്. ഉപഭോക്തൃ സംതൃപ്തി ലക്ഷ്യംവച്ചും വൈദ്യുത മേഖല പരാതി രഹിതമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വൈദ്യുതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ജനറേഷൻ തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ പരാതികളും സ്വീകരിച്ചുകൊണ്ട് വൈദ്യുത അദാലത്തുകൾ സംഘടിപ്പിച്ചു. ലൈൻ/പോസ്റ്റ്/ട്രാൻസ്ഫോർമർ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ, പുതിയ സർവ്വീസ് കണക്ഷനുമായി ബന്ധപ്പെട്ട പരാതികൾ, ഉപയോഗമില്ലാത്ത ലൈനുകളും കണക്ഷനുകളും അഴിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട പരാതികൾ, ബില്ലിംഗിലുള്ള തർക്കങ്ങളുമായി ബന്ധപ്പെട്ട പരാതികൾ, കേബിൾ ടി.വി.യുമായി ബന്ധപ്പെട്ട തർക്കങ്ങൾ സംബന്ധിച്ച പരാതികൾ, മരം മുറിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതിനുള്ള തർക്കങ്ങൾ സംബന്ധിച്ചുള്ള പരാതികൾ തുടങ്ങിയവയാണ് അദാലത്തിൽ പ്രധാനമായും ലഭിച്ചത്. അദാലത്തുകളിൽ ആകെ ലഭിച്ച 17432 പരാതികളിൽ 15912 പരാതികൾ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ധനമാനേജ്മെന്റ്

1 (2274) ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി .ഡി. സതീശൻ:
ശ്രീ. വി. പി. സജീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക അച്ചടക്കം പാലിച്ചും ധനമാനേജ്മെന്റ് നടത്തുക എന്ന സർക്കാർനയം വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ?

സർക്കാർ അവലംബിച്ച ധനമാനേജ്മെന്റ് ഫലപ്രദമായതിനാലാണ് മഹാമാരിയായ കോവിഡിന്റെ പശ്ചാത്തലത്തിലും സാമൂഹ്യ സുരക്ഷാ വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചത്.

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിനനുസൃതമായി മാറ്റിവയ്ക്കുന്ന നയം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇപ്രകാരം മാറ്റി വച്ച പ്രധാന ചെലവിനങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ?

പ്രതികൂല സാഹചര്യങ്ങളിൽപ്പോലും വികസനക്ഷേമ ചെലവുകൾ മാറ്റിവയ്ക്കുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടില്ല.

(സി) മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2019-20-ൽ പദ്ധതി ചെലവിലും പദ്ധതിയേതര ചെലവിലും വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

2018-19 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2019-20-ൽ പദ്ധതി പദ്ധതിയേതര ചെലവുകളിൽ വർദ്ധനവുണ്ടായിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ് 21997.95 കോടി രൂപയും പദ്ധതിയേതര ചെലവ് 98071.87 കോടി രൂപയുമായിരുന്നു. 2019-20 സാമ്പത്തിക വർഷം പദ്ധതി-പദ്ധതിയേതര ചെലവ് യഥാക്രമം 21182.72 കോടി രൂപയും 93202.22 കോടി രൂപയുമായിരുന്നു.

(ഡി) കോവിഡ് കാലത്ത് പുറപ്പെടുവിച്ച വ്യയനിയന്ത്രണ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; അതിലൂടെ സാമ്പത്തികമായുണ്ടായ നേട്ടം വിശദമാക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയും ചെയ്യുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങൾ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 5-11-2020-ലെ സ.ഉ.(അ)നമ്പർ 152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധങ്ങളായ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കുവാൻ സാധിച്ചിട്ടുള്ളത് സർക്കാർ നടപ്പിലാക്കിയിട്ടുള്ള വ്യയനിയന്ത്രണ നടപടികളുടെ വിജയം കൂടിയാണ്.

## വിദ്യാഭ്യാസ വായ്പ

2(2275) ശ്രീ. കെ. ഡി.പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം ബാങ്കുകൾക്കാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) ഓരോ ബാങ്കിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ബാങ്കുകൾ തിരിച്ച് അപേക്ഷകരുടെ എണ്ണം, അംഗീകരിക്കപ്പെട്ട അപേക്ഷകരുടെ എണ്ണം എന്നിവ അറിയിക്കാമോ?

(ബി&സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം 21206 അപേക്ഷകളിൽ സർക്കാർ വിഹിതമായി ആകെ 205.31 കോടി രൂപ അനുവദിച്ച് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

## കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി നബാർഡിൽ നിന്നും ലഭിച്ച തുക

3(2276) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി നബാർഡിൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്.

(ബി) എത്ര തുകയാണ് ലഭിച്ചതെന്നും അതിന്റെ പലിശ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ?

565 കോടി രൂപ, 8.8% പലിശ നിരക്ക്.

(സി) ഇപ്രകാരം ലഭിച്ച തുക ഏത് ബാങ്കിലാണ് നിക്ഷേപിച്ചതെന്നും അതിന് ലഭിക്കുന്ന പലിശ എത്രയാണെന്നുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നബാർഡുമായുള്ള ലോൺ എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് വിധേയമായി എച്ച്.ഡി.എഫ്.സി. ബാങ്കിൽ ഒരു ഡെഡിക്കേറ്റഡ് അക്കൗണ്ട് തുടങ്ങുകയും ആയതിൽനിന്നും നബാർഡ് വായ്പ അംഗീകരിച്ച കിഫ്ബിയുടെ 16 റോഡ് പ്രവൃത്തികൾക്ക് പ്രസ്തുത അക്കൗണ്ടിൽ നിന്നും തുക നൽകിവരുകയുമാണ്. അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് തുകയ്ക്ക് നിലവിൽ 6% പലിശ ലഭിക്കുന്നുണ്ട്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

4(2277) ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയവർക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; എന്നുമുതലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത്; ഓരോ വർഷവും ഇതിനായി എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ ഓരോ വർഷവും എത്ര അപേക്ഷകർക്കായി എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

16-5-2017-ലെ സ.ഉ. (അച്ചടി) നമ്പർ 65/2017/ധന. ഉത്തരവ് പ്രകാരമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നിലവിൽ വന്നത്. ഈ പദ്ധതിയിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് 2018 ജനുവരി 31 വരെ സമയം അനുവദിച്ചിരുന്നു. പദ്ധതി സഹായം നൽകുന്നതിന് ഓരോ വർഷവും ബജറ്റിൽ നിശ്ചിത തുക വകയിരുത്താറില്ല. ഓൺലൈൻ അപേക്ഷകളിന്മേൽ ബാങ്കുകൾ സമർപ്പിക്കുന്ന ക്ലെയിം തുകയുടെ അടിസ്ഥാനത്തിൽ അധിക ധനാനുമതിയിലൂടെ ആവശ്യമായ തുക ലഭ്യമാക്കുകയാണ് ചെയ്തുവരുന്നത്. പദ്ധതിയുടെ കീഴിൽ ഇതുവരെ ചെലവഴിച്ച തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ എന്തൊക്കെ മാനദണ്ഡങ്ങളായിരുന്നു നിശ്ചയിച്ചിരുന്നത്;

(സി) സംസ്ഥാനത്തിന് പുറത്ത് പ്രൊഫഷണൽ കോഴ്സിന് പഠിച്ചിട്ടുള്ളവരും വിദ്യാഭ്യാസവായ്പ എടുത്തിട്ടുള്ളവരുമായവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം 9 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകളെ എൻ.പി.എ. അക്കൗണ്ടുകളെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെന്നും (എൻ.പി.എ. ആകാത്തവ) രണ്ടായി തിരിച്ചാണ് പദ്ധതി സഹായം നൽകിവരുന്നത്. എൻ.പി.എ. ആയ അക്കൗണ്ടുകളെ സംബന്ധിച്ച് അവ 2016 മാർച്ച്-31 നോ അതിനു മുൻപോ എൻ.പി.എ. ആയിരിക്കണമെന്നും സ്റ്റാൻഡേർഡ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അക്കൗണ്ടുകളെ സംബന്ധിച്ച് അവയുടെ തിരിച്ചടവ് തുടങ്ങുന്ന തീയതി 2012 ഏപ്രിൽ 1-നം 2016 മാർച്ച് 31-നം ഇടയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി മാനദണ്ഡപ്രകാരം നഴ്സിംഗ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് വ്യത്യാസമില്ലാതെതന്നെ സഹായം നൽകുന്നുണ്ട്. എന്നാൽ, നഴ്സിംഗ് ഇതര കോഴ്സുകളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർക്ക് മാത്രമേ പദ്ധതി സഹായം ലഭ്യമാക്കാൻ കഴിയൂ. കൂടാതെ, നഴ്സിംഗ് ഇതര കോഴ്സുകളിലെ ഫീസ് സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലെയോ LBS, CAPE, IHRD, CCEK, SCT, Universities in Kerala തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെയോ മെരിറ്റ്/ഫ്രീ ഷിപ്പ് സീറ്റുകളിലെ ഫീസ് നിരക്കിന് അനുസരിച്ചായിരിക്കുകയും വേണം. സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്ന കോഴ്സുകൾക്കും മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കുന്നപക്ഷം ആനുകൂല്യം നൽകിവരുന്നുണ്ട്.

**ഓഡിറ്റ് കമ്മീഷൻ രൂപീകരണം**

5(2278) ശ്രീ. കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ. വിശദമാക്കുമോ;

(ബി) ഇതിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പ്രധാന പങ്കുള്ളതിനാൽ ഇതു സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ അഭിപ്രായത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകുകയുണ്ടായി. ഓഡിറ്റ് ഡയറക്ടറുടെ പ്രൊപ്പോസലിന്മേൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരിൽനിന്നും റിപ്പോർട്ട് ലഭ്യമായശേഷം വകുപ്പിന്റെ അഭിപ്രായം അറിയിക്കുന്നതാണെന്ന് 7-2-2020- ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഇടക്കാല മറുപടി നൽകിയിട്ടുണ്ട്.

(സി) ഓഡിറ്റ് കമ്മീഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്; ഇതിന് സമയബന്ധിതമായി ഒരു ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഓഡിറ്റ് കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച് ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല.

**മെഡിസെപ് പദ്ധതി**

6(2279) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപനം നടത്തി 5 വർഷം കഴിഞ്ഞിട്ടും മെഡിസെപ് പദ്ധതി ആരംഭിക്കാൻ കഴിയാതെ പോയതിന്റെ കാരണം വ്യക്തമാക്കാമോ?

24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 54/2017/ധന. പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ള മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന. സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിരുന്നു. തുടർന്ന് 15-7-2019 ലെ സ.ഉ. (പി)നമ്പർ 87/2019/ധന. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാ നിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് പുതുക്കിയ Request For Proposal (RFP) 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടറിൽ പങ്കെടുത്ത അഞ്ച് ഇൻഷ്വറൻസ് കമ്പനികളുടെയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. എന്നാൽ ആർ.എഫ്.പി. (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാല്പര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണെന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 15-10-2020-ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി. (REQUEST FOR PROPOSAL) റദ്ദാക്കുകയും ചെയ്തതിനാൽ പദ്ധതി സമയബന്ധിതമായി നടപ്പിലായില്ല

(ബി) നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തിയും അഡ്വക്കേറ്റ് ജനറൽ, കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ചില പ്രത്യേക നിബന്ധനകൾ കൂട്ടി ചേർത്തും ആർ.എഫ്.പി. (REQUEST FOR PROPOSAL) വീണ്ടും പരിഷ്കരിച്ച് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ 15-10-2020-ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ടി ആർ.എഫ്.പി. (REQUEST FOR PROPOSAL) റദ്ദാക്കിയതിനാൽ മെഡിസെപ് പദ്ധതിയുടെ ആർ.എഫ്.പി. (REQUEST FOR PROPOSAL) പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശംങ്ങൾ വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ.

(ഡി) മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും പെൻഷൻകാർക്കും ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതിയുടെ ആർ.എഫ്.പി. (REQUEST FOR PROPOSAL) വീണ്ടും പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചതിനുശേഷമുള്ള റീ-ടെണ്ടർ നടപടികളും പൂർത്തിയാകുന്ന മുറയ്ക്കേ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് പദ്ധതിയിലൂടെ ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച കൃത്യമായ വിവരം നൽകുവാൻ സാധ്യമാകുകയുള്ളൂ.

## **വൻകിട പദ്ധതികൾക്കായുള്ള മൂലധനം**

7(2280) ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായം, പശ്ചാത്തല സൗകര്യ വികസനം ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾക്കായുള്ള മൂലധനം എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

2021-22-ലെ ബജറ്റിൽ മൂലധന ചെലവിനത്തിൽ 14141.21 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ വികസനത്തിന് ബജറ്റിലൂടെയുള്ള വിഭവ സമാഹരണം അപര്യാപ്തമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ നൂതനങ്ങളായ ഒട്ടേറെ നടപടികൾ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങൾക്ക് പ്രധാനമായും കിഫ്ബിക്കും കേരള ബാങ്കിനും വികസനത്തിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയും. ആദ്യത്തേത് പശ്ചാത്തല സൗകര്യ വികസനത്തിനുള്ള മൂലധന നിക്ഷേപത്തിനാണ്; രണ്ടാമത്തേതാകട്ടെ, കൃഷിക്കാർക്കും സംരംഭകർക്കും ആവശ്യമുള്ള പ്രവർത്തന മൂലധനമടക്കം ലഭ്യമാക്കുന്നതിനുമാണ്. ഒരു ബദൽ ധനകാര്യ നയമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. കിഫ്ബിവഴി 7000 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 821 പ്രോജക്ടുകളിലായി 40,100 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിനു പുറമെ വ്യവസായ പാർക്കുകൾക്കും ഭൂമി ഏറ്റെടുക്കുന്നതിനും മറ്റും 20,000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 19,100 കോടി രൂപയുടെ പ്രോജക്ടുകൾ ടെണ്ടർ വിളിക്കുകയോ നിർവ്വഹണ ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയോ ചെയ്തിട്ടുണ്ട്. 2021-22-ൽ 15,000 കോടി രൂപയുടെയെങ്കിലും കിഫ്ബി പ്രോജക്ടുകൾ പൂർത്തീകരിക്കാനാകും.

**തൃപ്പൂണിത്തുറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

8(2281) ശ്രീ. എം. സ്വരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഭരണാനുമതിയുടെ വിശദാംശം അറിയിക്കുമോ;

(സി) ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ദേശീയ ദുരന്തനിവാരണ ഫണ്ട്**

9(2282) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിനുശേഷം ഓരോ വർഷവും ദേശീയ ദുരന്തനിവാരണ ഫണ്ടിൽനിന്നും സംസ്ഥാനത്തിന് എത്ര തുകയാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ?

2016-2017 സാമ്പത്തിക വർഷം മുതൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും കേന്ദ്ര വിഹിതമായി അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം ദേശീയ ദുരന്ത നിവാരണനിധിയിൽ നിന്നും ലഭിച്ച തുക (കോടിയിൽ) 2016-2017 145.50, 2017-2018 153.00, 2018-2019 192.60, 2019-2020 136.65, 2020-2021 157.00 കൂടാതെ 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും 2017-ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപയും 2018-ലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയും പ്രത്യേക ധനസഹായമായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫ്.-ൽനിന്നും ഈ സർക്കാരിന്റെ കാലയളവിൽ ഇതിനകം എന്ത് തുക ചെലവഴിച്ചു. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ എന്ത് തുക മിച്ചമുണ്ട്?

2016-2017 സാമ്പത്തിക വർഷം 152.30 കോടി രൂപയും 2017-2018 സാമ്പത്തിക വർഷം 199.52 കോടി രൂപയും 2018-2019 സാമ്പത്തിക വർഷത്തിൽ 1321.81 കോടി രൂപയും 2019-2020 സാമ്പത്തിക വർഷത്തിൽ 1814.71 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം (19-1-2021 വരെ) 356.63 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 394.88 കോടി രൂപ ബാക്കിയുണ്ട്.

**നെന്മാറ മണ്ഡലത്തിലെ പദ്ധതികൾ**

10(2284) ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി മുഖേന നെന്മാറ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികളാണ് തുടങ്ങാൻ കഴിഞ്ഞതെന്ന് വിശദമാക്കുമോ;

(സി) മറ്റ് പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ?

(എ-സി) കിഫ്ബി മുഖേന നടപ്പിലാകുന്നതിന് നെന്മാറ നിയോജകമണ്ഡലത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളും ഇവയിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളും അവയുടെ നിലവിലുള്ള അവസ്ഥ ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി നൽകുന്നു.*

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

11(2285) ശ്രീ. കെ. സി. ജോസഫ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. എസ്. ശിവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നിരാലംബരായ രോഗികൾക്ക് ഏറ്റവും ഗുണകരമായ രീതിയിൽ നടത്തിയിരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയായി മാറ്റിയതുമൂലമുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ലയിപ്പിച്ച് വിപുലീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. മുമ്പ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ 365 പാക്കേജുകളിലായി 100-ൽ താഴെ സ്വകാര്യ ആശുപത്രികളിൽ നിന്നും മാത്രമാണ് ചികിത്സ ലഭ്യമായിരുന്നത്. എന്നാൽ കാസ്പിലേക്ക് കെ.ബി.എഫ്. ലയിപ്പിച്ചപ്പോൾ 186 സർക്കാർ ആശുപത്രികളിൽനിന്നും 5 കേന്ദ്ര സർക്കാർ ആശുപത്രികളിൽനിന്നും 370 സ്വകാര്യ ആശുപത്രികളിൽനിന്നും 1667 പാക്കേജുകളിലായി നിലവിൽ സൗജന്യ ചികിത്സ ലഭ്യമാണ്. മുമ്പ് ലോട്ടറി ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസുകളിൽ നേരിട്ട് ഹാജരായി പേപ്പർ മുഖാന്തിരമാണ് അപേക്ഷ നടപടികൾ പൂർത്തീകരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ 561 ആശുപത്രികളിലെ കിയോസ്കുകളിൽ വെബ് ബേസ്ഡ് പ്ലാറ്റ് ഫോമിലൂടെ പേപ്പർ രഹിതമായി അംഗത്വം നൽകുന്നതും ചികിത്സാ നടപടികൾ ലഭിക്കുന്നതുമാണ്.

(ബി) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽനിന്ന് ഈ സർക്കാരിന്റെ കാലത്ത് ഇതിനകം എന്ത് തുകയാണ് ലാഭമായി ലഭിച്ചത്; അതിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്ര തുക ഇതിനകം കാരുണ്യ ചികിത്സയുടെ ചെലവിനത്തിൽ നൽകി; വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ വിൽപ്പനയിലൂടെ ലഭിച്ച ഏകദേശ ലാഭം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | കാരുണ്യ ഭാഗ്യക്കുറി അറ്റാദായം (Rs.in crores) (Approximate) | കാരുണ്യ പ്ലസ് ഭാഗ്യക്കുറി അറ്റാദായം (Rs. in crores) (Approximate) |
|---|---|---|
| 2016-17 | 192.77 | 177.49 |
| 2017-18 | 207.97 | 204.02 |
| 2018-19 | 205.72 | 204.96 |
| 2019-20 | 225.62 | 207.00 |
| 2020-21 (Up to 16-1-2021) | 30.79 | താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു. |
| ആകെ | 862.87 | 793.47 |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയുടെ ചെലവിലേക്കായി കാരുണ്യ ബെനവലന്റ് ഫണ്ടിന് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ചികിത്സാ ചെലവിലേക്കായി നൽകിയ തുക (കോടിയിൽ) |
|---|---|
| 2016-17 | 250.00 |
| 2017-18 | 261.32 |
| 2018-19 | 194.98 |
| 2019-20 | 229.00 |
| 2020-21 | 144.09 |
| ആകെ | 1079.39 |

2020-21 സാമ്പത്തിക വർഷം അനുവദിച്ച 144.09 കോടി രൂപയിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം നടപ്പാക്കുന്ന കാരുണ്യ ബെനവലന്റ് പദ്ധതിക്കായുള്ള 29.6075 കോടി രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | ചികിത്സാ ചെലവിലേക്കായി നൽകിയ തുക (കോടിയിൽ) |
|---|---|
| 2019-2020 | 498.0828 കോടി |
| 2020-2021 | 310.0674 കോടി |

ഇങ്ങനെ കാരുണ്യ ചികിത്സാ സഹായ പദ്ധതി, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവയ്ക്കായി 1887.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികൾ

12(2287) ശ്രീ. ആർ.രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികളുടെ വിശദാശങ്ങൾ ലഭ്യമാക്കുമോ?

മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ പദ്ധതിയുടെയും പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ ടെണ്ടർ ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കേണ്ട ചുമതല അതത് സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾക്കാണ്.

## വിശപ്പുരഹിത കേരളം പദ്ധതി

13 (2288) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 25 രൂപയ്ക്ക് ഊണ് നൽകുന്ന പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന ജനകീയ ഹോട്ടലുകൾ സംസ്ഥാനത്തുടനീളം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതിനായി 8.69 കോടി രൂപ കുടുംബശ്രീ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര ഹോട്ടലുകൾ തുറക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്; ഇതിൽ എത്ര എണ്ണം തുറക്കാൻ കഴിഞ്ഞിട്ടുണ്ട്; ഓരോ ഹോട്ടലിലും ഇത്രപേർ എന്ന കണക്കിൽ ആകെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ?

1000 ജനകീയ ഹോട്ടലുകൾ ആരംഭിക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. നാളിതുവരെ 856 ജനകീയ ഹോട്ടലുകൾ ആരംഭിച്ചു. ഇതിലൂടെ 3749 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു. ഇതിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സർക്കാർ ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മുഖേന 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന 856 ജനകീയ ഹോട്ടലുകൾ (ഗ്രാമപ്രദേശത്ത് 719-ഉം നഗരപ്രദേശത്ത് 137 എന്ന നിലയിൽ) ആരംഭിച്ചു. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കുടുംബശ്രീയുടെയും സംയുക്ത സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

### വരുമാന വർദ്ധനവിനും ചെലവ് ചുരുക്കലിനും നടപടി

14(2289) <u>ശ്രീ. അനിൽ അക്കര</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റവന്യൂ വരുമാനവും ചെലവും തമ്മിലുള്ള അന്തരം വളരെയധികം കൂടിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലത്തെ റവന്യൂ വരുമാനവും ചെലവും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | റവന്യൂ വരുമാനം | റവന്യൂ ചെലവ് |
|---|---|---|
| 2016-17 | 75611.72 | 91096.31 |
| 2017-18 | 83020.14 | 99948.35 |
| 2018-19 | 92854.47 | 110316.39 |
| 2019-20 | 90224.67 | 104719.92 |
| 2020-21* | 52057.09 | 75214.51 |
| *അക്കൗണ്ടന്റ് ജനറലിന്റെ 2020 നവംബർ മാസം വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം. | | |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ഉയർത്തുന്നതിനും ചെലവ് കുറയ്ക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ:

(സി) ഇതിനകം സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ വരുമാന വർദ്ധനവിനും ചെലവ് ചുരുക്കലിനും കൂടുതൽ കർശന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ബി&സി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി പ്രധാനമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.
3. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള ആകർഷകമായ ആംനസ്റ്റി പദ്ധതികൾ നടപ്പിൽവരുത്തി.

ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുക, കൂടുതൽ സേവനദാതാക്കളെ ജി.എസ്.ടി. രജിസ്ട്രേഷന് കീഴിൽ കൊണ്ടുവരിക, ജി.എസ്.ടി. എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുക തുടങ്ങിയവയിലൂടെ ചരക്ക് സേവന നികുതി വരുമാനം/വാറ്റ് ഗണ്യമായി ഉയർത്താനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തിവരുന്നു. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെ കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ അനാവശ്യ ചെലവുകൾ കുറച്ചും നികുതി പിരിവുകൾ കാര്യക്ഷമമാക്കിയും സംസ്ഥാനത്തിന്റെ ധനസ്ഥിതി സന്തുലിതമാക്കുന്നതിനും സർക്കാർ കാര്യക്ഷമമായ ഇടപെടലുകൾ നടത്തിവരുന്നു.

**ചെലവ് ചുരുക്കൽ നടപടി**

15(2290) ശ്രീ. വി. ടി. ബൽറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിനായി ഈ സർക്കാർ എത്ര ഉത്തരവുകളാണ് ഇറക്കിയത്; പ്രസ്തുത ഉത്തരവുകളിലൂടെ ഏതൊക്കെ ചെലവുകളാണ് കുറയ്ക്കുവാൻ സാധിച്ചത്; വ്യക്തമാക്കുമോ?

സമീപകാലങ്ങളിൽ കണ്ടിട്ടില്ലാത്തവിധത്തിലുള്ള പ്രകൃതി ദുരന്തങ്ങളുടെയും മറ്റ് പ്രതികൂല സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി കോവിഡിന്റെ പശ്ചാത്തലത്തിൽ ആവർത്തന സ്വഭാവമുള്ള ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ 5-11-2020-ലെ സ.ഉ.(അ)നമ്പർ 152/2020/ധന. ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചെലവ് ചുരുക്കൽ നടപടി വകുപ്പുകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നത് എപ്രകാരമാണെന്ന് അറിയിക്കാമോ?

ചെലവ് ചുരുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പ്/ സ്ഥാപന മേധാവികൾ നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

**വിഭവ സമാഹരണം, ആംനസ്റ്റി സ്കീം എന്നിവയിലൂടെയുള്ള വരുമാനം**

16 (2291) ശ്രീ. കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിഭവ സമാഹരണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളിലൂടെ ഈ സർക്കാരിന്റെ കാലത്ത് ആർജ്ജിച്ച അധിക വിഭവ സമാഹരണത്തിന്റെ കണക്കുകൾ നൽകാമോ?

അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് 2018-19-ൽ 17-3-2018-ലെ സ.ഉ.(അച്ചടി) 44/2018/ധന. ഉത്തരവുപ്രകാരവും 2019-20-ൽ 8-3-2019-ലെ സ.ഉ.(അച്ചടി) 28/2019/ധന. ഉത്തരവുപ്രകാരവും നിലവിലുണ്ടായിരുന്ന സേവന നിരക്കുകളിൽ 5% വർദ്ധനവ് വരുത്തിയിരുന്നു. ഈ സർക്കാരിന്റെ കാലത്തുള്ള (2016-17 മുതൽ 2019-2020 വരെ) നികുതിയേതര വരുമാനം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് നടപ്പാക്കിയ ആംനസ്റ്റി സ്കീമുകൾ ഫലപ്രദമായിരുന്നോ എന്നും ഇതിലൂടെ ലഭിച്ച വരുമാനം എത്രയെന്നും വെളിപ്പെടുത്താമോ?

വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുവേണ്ടി സർക്കാർ നടപ്പാക്കിയ ആംനസ്റ്റി പദ്ധതി ഫലപ്രദമായിരുന്നു. ഇതിലൂടെ 170.98 കോടി രൂപ സമാഹരിച്ചു.*

**നികുതി-നികുതിയേതര വരുമാനം**

17(2292) ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി-നികുതിയേതര വരുമാനങ്ങളിൽ പ്രതീക്ഷിത ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി-നികുതിയേതര ഇനങ്ങളിൽ പ്രതീക്ഷിച്ചതും ലഭിച്ചതുമായ വരുമാനം സംബന്ധിച്ച 2016-17 മുതൽ 2019-20 വരെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. 2020-21 സാമ്പത്തിക വർഷം പൂർത്തിയായി അക്കൗണ്ടന്റ് ജനറൽ കണക്കുകൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ നടപ്പ് സാമ്പത്തിക വർഷത്തെ കണക്കുകൾ ലഭ്യമാവുകയുള്ളൂ.

(ബി) 2011-16 വർഷങ്ങളിലെ നികുതി-നികുതിയേതര വരുമാനം എത്രയായിരുന്നുവെന്ന് ഇനം തിരിച്ച് അറിയിക്കുമോ?

2011-16 വർഷങ്ങളിലെ നികുതി-നികുതിയേതര വരുമാനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നികുതി കുടിശ്ശിക ഒടുക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതികൾ എത്രപേർക്ക് ഫലപ്രദമായിരുന്നുവെന്നും ഇതിലൂടെ എത്ര തുക സമാഹരിക്കാനായെന്നും വെളിപ്പെടുത്താമോ?

നികുതി കുടിശ്ശിക ഒടുക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി പ്രകാരം 32237 വ്യാപാരികൾ ഓപ്ഷൻ ഫയൽ ചെയ്തു. ഇവരിൽ നിന്നും 17-1-2021 വരെ 168.61 കോടി രൂപ സമാഹരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയ സെസ്

18(2295) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏർപ്പെടുത്തിയ പ്രളയ സെസ് വഴി ആകെ എത്ര തുക പിരിച്ചെടുത്തു; ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഈ ഇനത്തിൽ ആകെ എത്ര തുക പിരിച്ചെടുക്കാൻ കഴിയും; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഏർപ്പെടുത്തിയ പ്രളയ സെസ്‌വഴി 1-9-2019 മുതൽ 17-1-2021 വരെ 1390.15 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. 2020 ജനുവരി 18 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ പ്രളയ സെസ് വഴി സമാഹരിച്ച തുക 263.18 കോടി രൂപയാണ്. അത്രയും തുകകൂടി ഈ സാമ്പത്തിക വർഷം സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ലോക്ക്ഡൗൺ കാലത്ത് വ്യാപാരികൾ ഉൾപ്പെടെയുള്ളവർ പ്രതിസന്ധിയിലായ വേളയിൽ അധിക സെസ് ഈടാക്കുന്നതിന് എന്തെങ്കിലും ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വ്യാപാരികൾക്ക് വേണ്ടി എന്തെല്ലാം ആശ്വാസ നടപടികളാണ് സർക്കാർ സ്വീകരിച്ചത്; വ്യക്തമാക്കുമോ?

2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ പ്രളയ സെസ് ഏർപ്പെടുത്തിയത്. ഇത് 2019 ആഗസ്റ്റ് മുതൽ രണ്ട് വർഷത്തേയ്ക്കാണ് ചുമത്തിയിട്ടുള്ളത്. വ്യാപാരികൾ അവസാന ഉപഭോക്താവിലേക്ക് (B to C) ചരക്കുകൾ കൈമാറ്റം ചെയ്യുമ്പോൾ മാത്രമാണ് പ്രളയ സെസ് ഈടാക്കേണ്ടത്. പ്രളയ സെസ് വ്യാപാരികൾ ഉപഭോക്താവിൽനിന്നും ഇൻവോയ്സ് പ്രകാരം ശേഖരിച്ചാണ് സർക്കാരിലേക്ക് അടയ്ക്കേണ്ടത്. ലോക്ക്ഡൗൺ കാലത്ത് പ്രളയ സെസ് ഈടാക്കുന്നതിന് ഇളവുകളൊന്നും അനുവദിച്ചിട്ടുണ്ടായിരുന്നില്ല. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ലോക്ഡൗൺ സാഹചര്യത്തിൽ മാസ, ത്രൈമാസ, വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള തീയതികൾ ജി.എസ്.ടി. കൗൺസിലെടുത്ത തീരുമാനപ്രകാരം പല തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. നോട്ടിഫിക്കേഷൻ നം. 15/2020, 31/2020, 32/2020, 33/2020, 34/2020, 36/2020, 51/2020, 52/2020, 53/2020, 64/2020, 68/2020 മുതലായ കേന്ദ്ര നോട്ടിഫിക്കേഷനുകളിലൂടെ പല തരത്തിലുള്ള ജി.എസ്.ടി. റിട്ടേണുകളുടെ തീയതി നീട്ടി നൽകിയിട്ടുണ്ട്. 20-5-2020-ലെ സ.ഉ.(കൈ) നമ്പർ 56/2020/ഐ.ഡി. ഉത്തരവ് പ്രകാരം കോവിഡ്- 19മൂലം പ്രവർത്തനം സാരമായി ബാധിച്ച Micro Small Medium

Enterprises (MSMEs) മേഖലയിൽ ആശ്വാസ പദ്ധതികളും ധനസഹായവും നൽകുന്നതിനായി 'വ്യവസായ ഭദ്രത' എന്ന പേരിൽ ഒരു സ്പെഷ്യൽ പാക്കേജ് രൂപീകരിച്ചു. മേൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനം നേരിട്ട ദുരന്തങ്ങളിലും മഹാമാരിയിലും വ്യാപാരമേഖല തകർന്നടിഞ്ഞപ്പോൾ നികുതിവർദ്ധനവ് വരുത്തുകവഴി സർക്കാർ കൂടുതൽ ആഘാതം സൃഷ്ടിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ പ്രളയ സെസ് ഏർപ്പെടുത്തിയത്. ഇത് 2019 ആഗസ്റ്റ് മുതൽ രണ്ട് വർഷത്തേക്കാണ് ചുമത്തിയിട്ടുള്ളത്. വ്യാപാരികൾ അവസാന ഉപഭോക്താവിലേക്ക് (B to C) ചരക്കുകൾ കൈമാറ്റം ചെയ്യുമ്പോൾ മാത്രമാണ് പ്രളയ സെസ് ഈടാക്കേണ്ടത്. വ്യാപാരികൾ ചരക്കുകൾ കൈമാറ്റം ചെയ്യുമ്പോൾ പൊതുജനങ്ങളിൽനിന്നും ഇൻവോയ്സ് പ്രകാരം പ്രളയ സെസ് ശേഖരിച്ചാണ് സർക്കാരിലേക്ക് അടയ്ക്കേണ്ടത്. അതിനാൽ വ്യാപാര മേഖലയെ ഇത് ദോഷകരമായി ബാധിച്ചുവെന്ന് കരുതാനാവില്ല.

**നികുതി വകുപ്പിന്റെ ഇന്റലിജൻസ് പ്രവർത്തനങ്ങൾ**

19(2296) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>:
<u>ശ്രീ. അനിൽ അക്കര</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്തും അതിന്റെ വിപണനവും തടയുന്നതിന് ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

നികുതി വെട്ടിച്ചുള്ള സ്വർണ്ണക്കടത്ത്, വിപണനം എന്നിവ തടയുന്നതിന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം കട പരിശോധന, വാഹന പരിശോധന, സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾക്ക് സമീപം രഹസ്യ നിരീക്ഷണം, സ്വർണ്ണക്കടകളിൽ ടെസ്റ്റ് പർച്ചേസ്, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം തുടങ്ങിയ നടപടികൾ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വീകരിച്ചിട്ടുണ്ട്. സ്വർണ്ണം, വെള്ളി എന്നിവയിലെ നികുതി വെട്ടിപ്പ് സംബന്ധിച്ച് രഹസ്യ വിവരം നൽകുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് പാരിതോഷികം നൽകുന്നതിനുംവേണ്ടി 2020-ലെ ഗ്രാന്റ് ഓഫ് റിവാർഡ് റ്റു ഇൻഫോർമേഴ്സ് ആൻഡ് ഗവൺമെന്റ് സെർവന്റ്സ് എന്ന സ്കീമിൽ ചില പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി നിരന്തരമായ പരിശോധനയും റെയ്ഡുകളും സംഘടിപ്പിക്കാറുണ്ടോ; 2020 മാർച്ചിന് ശേഷം ഇപ്രകാരമുള്ള റെയ്ഡുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പരിശോധനകൾ സംഘടിപ്പിക്കാറുണ്ട്. 2020 മാർച്ച് മാസത്തിനുശേഷം ആകെ 18 കേസുകളിൽ സ്വർണ്ണത്തിന്റെ കണക്കിൽപ്പെടാത്ത വില്പന കണ്ടെത്തി നികുതിയും പിഴയുമായി 183.25 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ട്.

(സി) 2020-21 സാമ്പത്തികവർഷം നാളിതുവരെ രേഖകളില്ലാതെ കടത്താൻ ശ്രമിച്ച എത്ര കിലോ സ്വർണ്ണം ഇന്റലിജൻസ് വിഭാഗം പിടിച്ചെടുത്തുവെന്നും അതിന്റെ നികുതി/പിഴയിനത്തിൽ സർക്കാരിന് എന്ത് തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

വകുപ്പ് 130 അനുസരിച്ച് 17.42 കിലോഗ്രാം സ്വർണ്ണം പിടിച്ചെടുക്കുകയും ആയതിൽ 327.34 ലക്ഷം രൂപ നികുതി, പിഴ, ഫൈൻ എന്നീ ഇനത്തിൽ ഈടാക്കിയിട്ടുമുണ്ട്.

**സി.&എ.ജി.-യുടെ നിരീക്ഷണം**

20(2297) ശ്രീ. പി. ടി. തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. സി . ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കാതെ കടമെടുത്ത് ചെലവിട്ടത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ തകിടം മറിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

കേന്ദ്രസർക്കാർ അനുവദിക്കുന്ന കടമെടുപ്പ് പരിധിയിൽനിന്നു മാത്രമേ ഏതൊരു സംസ്ഥാന സർക്കാരിനും വായ്പയെടുക്കാനാകൂ. എല്ലാക്കാലത്തും ഇങ്ങനെയാണ് ചെയ്യുന്നത്. നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്രസർക്കാർ നിശ്ചയിച്ചു നൽകിയിട്ടുള്ളത് GSDP-യുടെ

3 ശതമാനമായ 27130 കോടി രൂപയാണ്. ഇതിന് പുറമേ കോവിഡ് മഹാമാരി സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതത്തെ തുടർന്ന് സംസ്ഥാനങ്ങളുടെ വരുമാനത്തിലുണ്ടായ കുറവ് നേരിടുന്നതിനായി GSDP-യുടെ 2 ശതമാനം അധിക വായ്പയായി സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഈ വായ്പാ പരിധിക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ സംസ്ഥാനത്തിന് കടമെടുക്കുവാൻ കഴിയുകയുള്ളൂ. നിശ്ചിത പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള കടമെടുപ്പിനെ ആശ്രയിച്ചുകൊണ്ട് മാത്രമേ കോവിഡ് മഹാമാരി കാരണം പ്രതിസന്ധിയിലായ സമ്പദ് വ്യവസ്ഥയുടെ പുനരുജ്ജീവനം സാധ്യമാവുകയുള്ളൂ.

(ബി) ജി.ഡി.പി.-യുടെ മൂന്ന് ശതമാനത്തിന് മേൽ കടമെടുക്കാൻ പാടില്ലെന്ന നിബന്ധന മറികടക്കുന്നതിന് സർക്കാർ കിഫ്ബിവഴി നടത്തുന്ന ധനസമാഹരണം ഭരണഘടനാ ലംഘനവും ചട്ട വിരുദ്ധവുമാണെന്ന് സി.&എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കിഫ്ബിക്ക് വേണ്ടി രാജ്യത്തിന് പുറത്തുനിന്നും പണം സമാഹരിച്ചിട്ടുണ്ടോ; അത് സംബന്ധിച്ചുള്ള സി.&എ.ജി.യുടെ നിരീക്ഷണം എന്താണ്;

(ഡി) സി.&എ..ജി.-യുടെ നിരീക്ഷണത്തോടും നിഗമനങ്ങളോടും സർക്കാർ യോജിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ?

(ബി-ഡി) കിഫ്ബിയുടെ പ്രവർത്തങ്ങളെ സംബന്ധിച്ച് സി.&എ.ജി. അവാസ്തവമായ ചില നിരീക്ഷണങ്ങൾ നടത്തുയുണ്ടായി. കിഫ്ബി വിദേശത്തുനിന്നും സമാഹരിച്ച മസാല ബോണ്ട് സംബന്ധിച്ച നിരീക്ഷണങ്ങളും ഇതിൽപ്പെടുന്നു.

- കിഫ്ബി വായ്പകൾ ഭരണഘടനയുടെ അനുച്ഛേദം 293(1)-ന് വിരുദ്ധമാണ്. ധന ഉത്തരവാദിത്വ നിയമത്തിലെ ധനകമ്മി പരിധിയുടെ ലംഘനമാണ്.
- സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടെയുള്ള കിഫ്ബി വായ്പകൾ സംസ്ഥാന സർക്കാരിന്റെ ഡയറക്ട് ലയബിലിറ്റിയാണ്; കണ്ടിജന്റ് ലയബിലിറ്റി അല്ല.
- കിഫ്ബി വായ്പകൾ ഭരണഘടനാനുസൃതമല്ല, ഭരണഘടന അനുച്ഛേദം 293 പ്രകാരമുള്ള പരിധി ലംഘിക്കുന്നതുമാണ്.
- മസാല ബോണ്ടുവഴി കിഫ്ബി ധനസമാഹരണം നടത്തിയത് കേന്ദ്ര സർക്കാരിന്റെ അധികാരത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ്. ഇതിന്

അനുമതി നൽകിയ റിസർവ് ബാങ്ക് നടപടി സംശയാസ്പദമാണ്. എന്നാൽ സി. & എ. ജി.-യുടെ ഈ നിരീക്ഷണങ്ങൾ തികച്ചും വസ്തുതാ വിരുദ്ധമായാണ് സർക്കാർ കാണുന്നത്. സി.&എ.ജി.-യുടെ നിരീക്ഷണങ്ങൾ തള്ളിക്കളയുന്നതിന് അടിസ്ഥാനമായ വസ്തുതകൾ താഴെ പറയുന്നു.

- ആർട്ടിക്കിൾ 293 സംസ്ഥാനങ്ങളുടെ വായ്പാ അധികാരത്തെയും പരിധിയെയും സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. 293 (1) Borrowing by States എന്നതാണ് ഈ അനുച്ഛേദത്തിലെ വിഷയം. കിഫ്ബി നിയമസഭ പാസ്സാക്കിയ നിയമ പ്രകാരം സ്ഥാപിതമായ സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. അത് സ്റ്റേറ്റ് അല്ല. ഇത്തരം ബോഡി കോർപ്പറേറ്റുകളെ സംബന്ധിച്ചല്ല അനുച്ഛേദം 293-ലെ പ്രതിപാദ്യം എന്നത് വ്യക്തമാണ്.

- കിഫ്ബി ആന്വിറ്റി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കൺട്രോൾഡ് ലവറേജിംഗ് മോഡലാണ്. അതിനുള്ള വരുമാനം നിയമ പ്രകാരം സംരക്ഷിതമാണ്. കിഫ്ബിക്ക് സ്വയം വരുമാനമില്ലെന്നും കിഫ്ബിയുടെ ബാധ്യതകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതകളാണെന്നുമുള്ള പരാമർശങ്ങൾ വസ്തുതകൾക്കും നിയമങ്ങൾക്കും വ്യവസ്ഥാപിതമായ രീതികൾക്കും വിരുദ്ധമാണ്. കിഫ്ബിയെടുക്കുന്ന വായ്പകൾ പലിശയടക്കം തിരിച്ചടയ്ക്കുന്നതിന് ആവശ്യമായ പണം സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ച് വാർഷിക വിഹിതമായി നൽകുന്നതിനു പുറമെ മോട്ടോർ വാഹന നികുതിയുടെ 50 ശതമാനവും പെട്രോളിയം സെസ്സും കിഫ്ബിക്ക് ലഭ്യമാക്കുന്നു. ഇവയ്ക്ക് പുറമെ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന പദ്ധതികൾക്ക് നൽകുന്ന ധനസഹായം അത്തരം ഏജൻസികൾ പലിശ സഹിതം തിരിച്ചടയ്ക്കാൻ ബാധ്യസ്ഥരാണ്. തിരിച്ചടവ് സാധ്യമാകുന്നത്ര മാത്രമേ കിഫ്ബി വായ്പയായെടുക്കുവെന്ന് കൺട്രോൾഡ് ലെവറേജിംഗ് മോഡൽ ഉറപ്പു വരുത്തുന്നുമുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഏറ്റവും ആധുനികമായ വിശകലന സമ്പ്രദായം ഉപയോഗിച്ചാണ് എത്ര വായ്പ, എപ്പോൾ, എങ്ങനെ എടുക്കണം എന്നൊക്കെയുള്ള നിഗമനങ്ങളിൽ എത്തുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ: കിഫ്ബിയുടെ വായ്പാ തിരിച്ചടവിന് ബജറ്റിൽ ഉൾപ്പെടുത്തുന്ന വാർഷിക വിഹിതത്തിനു പുറമേ അധിക പണം ആവശ്യമായി വരുന്നില്ല. അതിനാൽ ആത്യന്തികമായി കിഫ്ബി വായ്പ സംസ്ഥാന സർക്കാരിന്റെ ബാധ്യതയാകുമെന്ന പരാമർശത്തിന് യാതൊരു സാംഗത്യവുമില്ല.

- ഭരണഘടനയുടെ ഏഴാം പട്ടികയിലെ ഒന്നാം ലിസ്റ്റിൽ ഇനം 37 (Entry 37, list1 of the 7th Schedule of Constitution of India) പ്രകാരം Foreign loans സംബന്ധമായ നിയമം ഉണ്ടാക്കാൻ പാർലമെന്റിന് മാത്രമാണ് അധികാരം. ഈ അധികാരം ഉപയോഗിച്ച് പാർലമെന്റ് ഉണ്ടാക്കിയ നിയമമാണ് The Foreign Exchange Management Act. മസാല ബോണ്ട് എക്സ്റ്റേണൽ കൊമേഴ്സ്യൽ ബോറോയിംഗ് ഗണത്തിൽപ്പെടുന്ന വായ്പയാണ്. ഫെമ നിയമമാണ് (Foreign Exchange Management Act 1999 - FEMA) ഇത്തരം വിദേശ വായ്പകൾ സംബന്ധിച്ച ലീഗൽ ഫ്രെയിം വർക്ക്. ഫെമ നിയമത്തിലെ 6(3)(d) പ്രകാരം ഇത്തരം വായ്പകൾ റെഗുലേറ്റ് ചെയ്യുന്നതിനുള്ള അധികാരം റിസർവ് ബാങ്കിൽ നിക്ഷിപ്തമാണ്. ഇതിലെ വ്യവസ്ഥകൾ പ്രകാരമാണ് ആർ.ബി.ഐ. മസാല ബോണ്ടിന്റെ ചട്ടങ്ങൾ നിർമ്മിച്ചതും ബോഡി കോർപ്പറേറ്റുകൾക്ക് അതിന് അനുമതി നൽകിയതും. കിഫ്ബി കേരള നിയമസഭയുടെ 1999-ലെ കിഫ് ആക്ട് പ്രകാരം രൂപീകൃതമായ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 4(2)-ൽ കിഫ് ബോർഡ് ഒരു ബോഡി കോർപ്പറേറ്റ് ആണെന്ന് വ്യക്തമാക്കുന്നുണ്ട്. കിഫ്ബിയുടെ 2150 കോടി രൂപയുടെ മസാല ബോണ്ടിന് നിലനിന്നിരുന്ന എല്ലാ ചട്ടങ്ങളും പാലിച്ചാണ് 1-6-2018-ൽ ആർ.ബി.ഐ. അനുമതി നൽകിയത്. കേരളത്തിന്റെ വികസന ചരിത്രത്തിൽ ഏറ്റവും സമഗ്രവും വിപുലവുമായ പശ്ചാത്തല സൗകര്യ സൃഷ്ടിയാണ് കേരളത്തിൽ കിഫ്ബി ധനസഹായത്തോടെ നടന്നുകൊണ്ടിരിക്കുന്നത്. 40,096.35 കോടി രൂപ അടങ്കലുള്ള 816 പശ്ചാത്തല സൗകര്യ പദ്ധതികൾക്കാണ് 2020 ഡിസംബർ വരെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. 20,400 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കും അംഗീകാരം നൽകി. കേരളത്തിന്റെ ഭാവി നിർണ്ണയിക്കുന്ന ഈ സുപ്രധാന വികസന പ്രവർത്തനങ്ങളെ ദോഷമായി ബാധിക്കുന്ന തരത്തിലുള്ള നിഗമനങ്ങളാണ് സി.&എ.ജി. സംസ്ഥാനത്തിന്റെ 2018-19-ലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കിഫ്ബിപോലെ സർക്കാരിന്റെ സുപ്രധാനമായ ഒരു സംവിധാനത്തെ സംബന്ധിച്ച് വേണ്ടത്ര വ്യക്തത വരുത്തുവാൻ ശ്രമിക്കാതെ നടത്തിയ ഇത്തരം പ്രവൃത്തി സി.&എ.ജി.യുടെ ഭാഗത്തുനിന്നുമുണ്ടായത് സർക്കാർ ഗൗരവമായി വിലയിരുത്തുന്നു. ഈ പരാമർശങ്ങൾ നിയമസഭ നിരാകരിച്ചിട്ടുണ്ട്. തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ മറുപടി നൽകി മുന്നോട്ടു പോകുവാനും കേരളത്തിൽ കിഫ്ബി മുഖേന നടപ്പാക്കാൻ നിശ്ചയിച്ച സുപ്രധാന അടിസ്ഥാന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കുവാനുമാണ് സർക്കാരിന്റെ തീരുമാനം.

## സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി

21(2298) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മഹാപ്രളയങ്ങളും കോവിഡും സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയിൽ വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 2020-21-ൽ ഗണ്യമായ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. നികുതിയിനത്തിൽ 32.85 ശതമാനവും നികുതിയേതര വരുമാനത്തിൽ 37.47 ശതമാനവും കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) കേരളത്തിന്റെ സാമ്പത്തിക വളർച്ച നിലവിൽ എത്ര ശതമാനമാണ്; അത് ദേശീയ ശരാശരിയുമായി തട്ടിച്ച് നോക്കുമ്പോൾ മെച്ചപ്പെട്ട നിലയിലാണോ?

2019-20 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പി. വളർച്ചാ നിരക്ക് (current price-ൽ) 8.15 ശതമാനമാണ്. എന്നാൽ, ആ വർഷത്തെ ജി.ഡി.പി. വളർച്ചാ നിരക്ക് (current price-ൽ) 7.21 ശതമാനമായിരുന്നു.

(സി) പ്രതികൂല സാഹചര്യം മറികടന്ന് കേരള വികസനം യാഥാർത്ഥ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾ മറികടന്ന് സംസ്ഥാനത്തെ വീണ്ടും വളർച്ചയുടെ പാതയിലേയ്ക്കെത്തിക്കുന്ന തിനാണ് 2021-22-ലെ ബജറ്റ് വിഭാവനം ചെയ്യുന്നത്. കിഫ്ബി മുഖേന നടപ്പാക്കിവരുന്ന പദ്ധതികളും സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങൾ യഥാർത്ഥ്യമാക്കുവാൻ സഹായകമാകുന്നുണ്ട്.

## സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി

22(2299) ശ്രീ. എ. പ്രദീപ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി (ക്ഷേമപെൻഷൻ കുടിശ്ശികയും കരാറുകാർക്ക് നൽകാനുണ്ടായിരുന്ന തുകയുമടക്കം) എന്തായിരുന്നെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ അഴിമതിയും സ്വജനപക്ഷപാതവും നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയുംമൂലം സംസ്ഥാന ഖജനാവിന്റെ സ്ഥിതി അത്യന്തം ഗുരുതരമായിരുന്നു. കൂടാതെ മുൻസർക്കാർ വരുത്തിയ കടബാദ്ധ്യത സ്ഥിതി കൂടുതൽ വഷളാക്കിയിരുന്നു. ദീർഘകാല ബാദ്ധ്യതയ്ക്കു പുറമേ അടിയന്തര ഹ്രസ്വകാല ബാദ്ധ്യതകൾ ഉൾപ്പെടെ ഏകദേശം 11295.67 കോടി രൂപയായിരുന്നു വിവിധ ഇനങ്ങളിൽ കുടിശ്ശികയായിരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.*

(ബി) തുടർച്ചയായുണ്ടായ രണ്ട് പ്രളയദുരന്തങ്ങളും നിപ, കോവിഡ് വൈറസുകളുണ്ടായ സാഹചര്യത്തിൽപ്പോലും സംസ്ഥാനത്തിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് തടസ്സംവരാത്തവിധം മികച്ച നിലയിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിന് എങ്ങനെയാണ് സാധിച്ചത്?

വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. തുടർച്ചയായുണ്ടായ രണ്ട് പ്രളയദുരന്തങ്ങളും നിപ, കോവിഡ് വൈറസുകളും സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കി. ടി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. തത്ഫലമായി വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) ഇതിനായി എത്ര തുക കടമെടുക്കേണ്ടിവന്നുവെന്ന് അറിയിക്കുമോ?

വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

(ഡി) കോവിഡിന് മുൻപും കോവിഡിനെ തുടർന്നും സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനത്തിലുണ്ടായിട്ടുള്ള വ്യത്യാസം എത്രയാണ്?

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം, 2020 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 52057 കോടി രൂപയാണ്. മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 23.04%-ന്റെയും നികുതിയേതര വരുമാനത്തിൽ 65.55%-ന്റെയും കേന്ദ്ര നികുതി വിഹിതത്തിൽ 38.49%-ന്റെയും ഇടിവുണ്ടായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പൊതുകടം**

23(2300) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രകോടി രൂപയായിരുന്നു; ഇപ്പോൾ എത്ര കോടി രൂപയാണ്?

അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 31-3-2016 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്ക് പ്രകാരം 30-11-2020 വരെ (1-4-2020 മുതൽ 30-11-2020 വരെയുള്ള താത്കാലിക കണക്ക് ഉൾപ്പെടെ) സംസ്ഥാനത്തിന്റെ പൊതുകടം 1,90,982.53 കോടി രൂപയാണ്.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം എത്ര?

C&AG-യുടെ 31-3-2018-ൽ അവസാനിച്ച ആഡിറ്റ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ കടം 30008.07 കോടി രൂപയാണ്.

(സി) കിഫ്ബിയുടെ കടം എത്ര; വ്യക്തമാക്കുമോ?

21-1-2021 വരെയുള്ള കണക്കുകൾ പ്രകാരം കിഫ്ബിയുടെ കടം 5637 കോടി രൂപയാണ്.

(ഡി) സംസ്ഥാനത്തിന്റെ റവന്യൂ വരവ് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയായിരുന്നു; വളർച്ചാ നിരക്ക് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷം 2019-20-ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 90224.67 കോടി രൂപയായിരുന്നു. 2018-19-ലെ റവന്യൂ വരുമാനമായ 92854.47 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ റവന്യൂ വരുമാനത്തിൽ 2.83 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

(ഇ) കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ട് പാദത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് എത്ര കോടി രൂപയുടെ കുറവ് വന്നു?

നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ട് പാദത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 14937.70 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

## സാമ്പത്തിക പ്രതിസന്ധിയിൽ കേന്ദ്രനിലപാട്

24(2301) ശ്രീ. ഇ. കെ വിജയൻ:
ശ്രീ . ജി .എസ് .ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം സംസ്ഥാനത്തിനുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോവിഡ് വരുത്തിയ സാമ്പത്തികദുരിതം കണക്കിലെടുത്ത് സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം നല്കുന്നത് വേഗത്തിലാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന കേന്ദ്രം ചെവിക്കൊണ്ടിട്ടുണ്ടോ?

(എ&ബി) 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജി.എസ്.ഡി.പി.-യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം, വായ്പാപരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 0.5% ഉപാധികളില്ലാതെയും 0.5% GST Compensation ലഭിക്കുന്നതിനായിട്ടുള്ള കടമെടുക്കൽ ഓപ്ഷൻ 1 തെരഞ്ഞെടുത്തതിനാലുമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി 1% (0.25% വീതം) താഴെപ്പറയുന്നു.

1. 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ
2. ബിസിനസ്സ് സുഗമമാക്കുന്നതിന് ജില്ലാതലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ
4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ

എന്നീ പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് വായ്പയെടുക്കൽ അനുവദിച്ചിട്ടുള്ളത്. 2017-ലെ GST Compensation Act ൽ

ജി.എസ്.ടി നടപ്പിലാക്കുന്നതുകൊണ്ട് സംസ്ഥാനങ്ങളുടെ വരുമാനത്തിലുണ്ടാകുന്ന കുറവ് 5 വർഷത്തേയ്ക്ക് നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളുടെ അംഗീകാരത്തോടെ രാജ്യത്ത് ജി.എസ്.ടി. നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ കോവിഡ് മഹാമാരി കാരണം compensation cess-ൽ വരുമാന നഷ്ടം ഉണ്ടാകുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരുകയും ഇത് 27-8-2020-ൽ കൂടിയ 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി. നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രസർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് (Special Window Facility-യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം ഇതുവരെ 2525.64 കോടി രൂപ നഷ്ടപരിഹാരമായി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തികവർഷം ആകെ ജി.എസ്.ടി. നഷ്ടപരിഹാരമായി 4354.94 കോടി രൂപ (1829.30 Cr Cess + 2525.64 Cr Special Window Loan) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. GSDP യുടെ 2% അധികവായ്പയും ജി.എസ്.ടി. നഷ്ടപരിഹാരത്തിലുണ്ടായിട്ടുള്ള കുറവ് നികത്തുന്നതിന് Special Window Facility യിലൂടെയുള്ള വായ്പയും സഹായകരമാണ്.

(സി) കോവിഡ് ബാധിച്ച് മരിച്ചവരിൽ അർഹരായവർക്ക് സഹായം നൽകുന്നതിന് കേന്ദ്രം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് ബാധിച്ച് മരിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് ധനസഹായം അനുവദിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല.

(ഡി) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ ഫണ്ട് വിനിയോഗത്തിന് കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് കൂടുതൽ സ്വാതന്ത്ര്യം നൽകണമെന്ന സംസ്ഥാന സർക്കാരിന്റെ നിവേദനത്തോടുള്ള കേന്ദ്ര സമീപനം എങ്ങനെ എന്നറിയിക്കുമോ?

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ 2020-2021 സാമ്പത്തിക വർഷത്തിലെ വിഹിതമായ 419 കോടി രൂപയുടെ 50% കോവിഡ് പ്രതിരോധത്തിനായി വിനിയോഗിക്കുന്നതിനായി കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

25(2302) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് വായ്പ എടുത്തിട്ടുള്ളത്?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ പൊതുകടം ചുവടെ പറയും പ്രകാരമാണ്.

| വർഷം | പൊതുകടം (തുക കോടിയിൽ) |
|---|---|
| 2016 മാർച്ച് 31 | 109730.97 |
| 2017 മാർച്ച് 31 | 125882.85 |
| 2018 മാർച്ച് 31 | 142984.53 |
| 2019 മാർച്ച് 31 | 158234.45 |
| 2020 മാർച്ച് 31 | 174640.21 |

കടപത്രംവഴി പൊതു വിപണിയിൽനിന്നും നബാർഡ്, National Small Savings Fund എന്നിവയിൽനിന്നും World Bank, Asian Development Bank, IDA മുതലായ വിദേശ ഏജൻസികളിൽ നിന്നുമാണ് പ്രധാനമായും വായ്പയെടുത്തിട്ടുള്ളത്.

(ബി) പൊതുകടം അടച്ചു തീർക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; അതുവഴി കടം കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ?

പൊതുകടം ഇനത്തിൽ ഓരോ വർഷവും തിരിച്ചടയ്ക്കേണ്ട തുക കഴിച്ചുള്ള വായ്പ മാത്രമേ സംസ്ഥാനത്തിന് വായ്പപരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് സമാഹരിക്കുവാൻ കഴിയുകയുള്ളൂ. 2016-17-ൽ GSDP-യുടെ 29.37 ശതമാനമായിരുന്ന കടബാധ്യത 2019-20-ൽ 30.46 ശതമാനമായി നിർത്തുവാൻ സാധിച്ചിട്ടുണ്ട്. കടമെടുത്ത തുക പൂർണ്ണമായും ആസ്തി വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് വേണ്ടത്. റവന്യൂകമ്മി ഇല്ലാതായാലെ ഇത് സാദ്ധ്യമാകൂ. റവന്യൂകമ്മി എല്ലാ പ്രയാസങ്ങളുടെയും ഇടയിലും കുറച്ചുകൊണ്ടുവരാനാണ് പരിശ്രമിക്കുന്നത്. മാത്രമല്ല Outstanding Debt-ന്റെ വളർച്ചാനിരക്ക് കുറഞ്ഞുവരികയാണ്. തനത് വരുമാനം കുറവായ കേരളം

പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിക്കുള്ളിൽനിന്നുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. നികുതി-നികുതിയേതര വരുമാനം ഉയർത്തി റവന്യൂകമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്

(സി) ഇപ്പോഴത്തെ പൊതുകടം എത്രയാണ്; ഇത് മുൻസർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് കൂടുതലാണോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്കുകൾ പ്രകാരം 30-11-2020 വരെ (1-4-2020 മുതൽ 30-11-2020 വരെയുള്ള താൽക്കാലിക കണക്കുകൾ ഉൾപ്പെടെ)സംസ്ഥാനത്തിന്റെ പൊതുകടം 190982.53 കോടി രൂപയാണ്. ഫിസ്കൽ റസ്പോൺസിബിലിറ്റി ആന്റ് ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP-യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് കടമെടുക്കുന്നത്. 2011-12 മുതൽ 2019-20 വരെയുള്ള Debt/GSDP അനുപാതം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം (മുൻ സർക്കാരിന്റെ കാലയളവ് ) | Debt/GSDP Ratio |
|---|---|
| 2011-12 | 24.56 |
| 2012-13 | 25.12 |
| 2013-14 | 25.59 |
| 2014-15 | 26.42 |
| 2015-16 | 28.00 |
| നിലവിലെ സർക്കാരിന്റെ കാലയളവ് 2016-17 | 29.37 |
| 2017-18 | 30.04 |
| 2018-19 | 29.82 |
| 2019-20 | 30.46 |

മേൽ കണക്കുകൾപ്രകാരം മുൻ സർക്കാരിന്റെ കാലയളവിൽ Debt/GSDP അനുപാതം 24.56-ൽനിന്നും 28 ശതമാനമായി വർദ്ധിക്കുകയുണ്ടായി. എന്നാൽ, ഈ സർക്കാരിന്റെ കാലയളവിൽ ഇത് 29.37 ശതമാനത്തിൽ നിന്ന് 30.46 ശതമാനമായി നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. രണ്ട് പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവയെ നേരിടുന്നതിന് സ്വീകരിച്ച സമീപനങ്ങളുടെയും ഇതിനായി ചെലവഴിക്കപ്പെട്ട വിഭവങ്ങളുടെയും ധനസമാഹരണത്തിന്റെയും പശ്ചാത്തലത്തിൽ Debt/GSDP അനുപാതം ഈ വിധം നിയന്ത്രിക്കാനായത് വലിയ നേട്ടമാണ്.

(ഡി) സംസ്ഥാനത്തിന്റെ പൊതുകടം കുറയ്ക്കാനും അമിത ചെലവ് നിയന്ത്രിക്കുവാനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പൊതുകടയിനത്തിൽ ഓരോ വർഷവും തിരിച്ചടയ്ക്കേണ്ട തുക കഴിച്ചുള്ള വായ്പമാത്രമേ സംസ്ഥാനത്തിന് വായ്പ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സമാഹരിക്കുവാൻ കഴിയുകയുള്ളൂ. 2016-17-ൽ GSDP-യുടെ 29.37 ശതമാനമായിരുന്ന കടബാധ്യത 2019-20-ൽ 30.46 ശതമാനമായി നിർത്തുവാൻ സാധിച്ചിട്ടുണ്ട്. കടമെടുത്ത തുക പൂർണ്ണമായും ആസ്തി വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് വേണ്ടത്. റവന്യൂകമ്മി ഇല്ലാതായാലേ ഇത് സാദ്ധ്യമാകൂ. റവന്യൂകമ്മി എല്ലാ പ്രയാസങ്ങൾക്കിടയിലും കുറച്ചുകൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. മാത്രമല്ല Outstanding Debt-ന്റെ വളർച്ചാനിരക്ക് കുറഞ്ഞുവരികയാണ്. തനത് വരുമാനം കുറവായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിക്കുള്ളിൽ നിന്നുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്.

**സാമ്പത്തിക പ്രതിസന്ധി**

26(2303) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ വൈറസിന്റെ രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കുന്നതിനായി

സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഒരു മാസത്തെ ശമ്പളം ഘട്ടം ഘട്ടമായി താത്കാലികമായി മാറ്റിവയ്ക്കുന്നതിന് തീരുമാനമെടുക്കുന്നതിനായി സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചുചേർത്തിരുന്നോ; ഏതൊക്കെ സംഘടനകളാണ് ഈ തീരുമാനത്തെ എതിർത്തത്; ഗവൺമെന്റിന്റെ ഈ തീരുമാനത്തിനെതിരെ ഏതെങ്കിലും സംഘടനകൾ കോടതിയിൽ ചോദ്യം ചെയ്തിരുന്നോ; ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകൾ;

(ബി) മാറ്റിവച്ച ശമ്പളം തിരിച്ച നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്ങനെ; വിശദീകരിക്കാമോ?

(എ&ബി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിന്റെ ഒരു ഭാഗം (20%) അതായത് 6 ദിവസത്തെ ശമ്പളം 5 മാസത്തേയ്ക്ക് (2020 ഏപ്രിൽ മുതൽ 2020 ആഗസ്റ്റ് വരെ) മാറ്റിവയ്ക്കുന്നതിന് സർക്കാർ 30-4-2020-ലെ സ.ഉ.(അ)നമ്പർ 53/2020/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഘട്ടത്തിൽ സർക്കാർ സംഘടനകളുടെ യോഗം വിളിച്ചിരുന്നില്ല. എന്നാൽ കേരള എൻ.ജി.ഒ. അസോസിയേഷൻ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സംഘടനകൾ സർക്കാരിന്റെ ഈ തീരുമാനത്തെ കോടതിയിൽ ചോദ്യം ചെയ്തിരുന്നു. മാറ്റിവച്ച ശമ്പളം 25-10-2020-ലെ സ.ഉ.(അ)നമ്പർ 140/2020/ധന. പ്രകാരം തിരികെ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഇതുവരെ (ശനിയാഴ്ച ഉൾപ്പെടെ) എത്ര അവധി ദിവസങ്ങൾ നൽകുകയുണ്ടായി; ശനിയാഴ്ചത്തെ അവധി ഇനിയും തുടരുമോ?

20-3-2020-ലെ സ.ഉ.(സാധാ.)നമ്പർ 1247/2020/ പൊ.ഭ.വ. നമ്പർ പ്രകാരം കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി ശനിയാഴ്ചകൾ അവധി ദിനങ്ങളായിരിക്കുമെന്ന് തീരുമാനിക്കുകയുണ്ടായി. 13-1-2021-ലെ സ.ഉ.(എം.എസ്.)16/2021/പൊ.ഭ.വ. നമ്പർ പ്രകാരം ഈ തീരുമാനം പുനഃപരിശോധിച്ച് പൂർവ്വസ്ഥിതിയിലാക്കി. 20-3-2020 മുതൽ 13-1-2021 വരെയുള്ള കാലയളവിലെ ശനിയാഴ്ചകൾ (പത്ത് രണ്ടാം ശനിയാഴ്ചകളും നാല് പൊതു അവധികളും ഒഴികെയുള്ള 28 ശനിയാഴ്ചകൾ) ഒഴികെ കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പൊതു അവധികൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

## സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി

27(2304) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തികവർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് വഴി വിവിധ സ്രോതസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനത്തിന്റെയും ലഭിച്ച വരുമാനത്തിന്റെയും ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് വഴി വിവിധ സ്രോതസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| ഇനം | പ്രതീക്ഷിത വരുമാനം | ലഭിച്ച വരുമാനം* |
|---|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 67420.01 | 25107.55 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 14587.00 | 2607.77 |
| കേന്ദ്ര നികുതി വിഹിതം | 20934.80 | 6497.54 |
| കേന്ദ്ര ധന സഹായം | 11694.09 | 17844.23 |

*അക്കൗണ്ടന്റ് ജനറലിന്റെ 2020 നവംബർ മാസം വരെയുള്ള താത്കാലിക കണക്ക് പ്രകാരം.*

(ബി) 2020 ഡിസംബർ 31 വരെ കേന്ദ്ര നികുതി വിഹിതമായും കേന്ദ്ര സഹായമായും ലഭ്യമായ വരുമാനം, കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി നൽകിയ സഹായം; ഇവ എത്രയാണ്?

അക്കൗണ്ടന്റ് ജനറലിന്റെ 2020 നവംബർ മാസം വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതമായി 6497.54 കോടി രൂപയും കേന്ദ്ര ധനസഹായമായി 17844.23 കോടി രൂപയും ലഭ്യമായിട്ടുണ്ട്. കോവിഡ് കാലയളവിൽ ഈ സാമ്പത്തിക വർഷത്തിൽ സാധാരണഗതിയിലുള്ള മറ്റ് കേന്ദ്ര ധനസഹായങ്ങൾക്ക് പുറമേ കോവിഡ് -19 എമർജൻസി റെസ്പോൺസ് ആന്റ് ഹെൽത്ത് സിസ്റ്റം എന്ന പേരിൽ 53.01 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ കേന്ദ്ര വിഹിതമായി 157 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, തനത് നികുതിയേതര വരുമാനം എന്നീ ഇനങ്ങളിൽ 31-12-2020 വരെ ലഭിച്ച വരുമാനം എത്രയാണ്?

2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് വഴി വിവിധ സ്രോതസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| ഇനം | പ്രതീക്ഷിത വരുമാനം | ലഭിച്ച വരുമാനം* |
|---|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 67420.01 | 25107.55 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 14587.00 | 2607.77 |
| കേന്ദ്ര നികുതി വിഹിതം | 20934.80 | 6497.54 |
| കേന്ദ്ര ധന സഹായം | 11694.09 | 17844.23 |

*അക്കൗണ്ടന്റ് ജനറലിന്റെ 2020 നവംബർ മാസം വരെയുള്ള താല്ക്കാലിക കണക്ക് പ്രകാരം.*

**ഒരു കേരളീയന്റെ ആളോഹരി കടം**

28(2305) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ഒരു കേരളീയന്റെ ശരാശരി ആളോഹരി കടം എത്രയെന്നും ഇപ്പോൾ എത്രയെന്നും വ്യക്തമാക്കാമോ?

31-3-2016-ലെ കണക്കുകൾ പ്രകാരം ഒരു കേരളീയന്റെ ആളോഹരി കടബാധ്യത 46078.04 രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2020 നവംബർ 30 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 2,91,200.41 കോടി രൂപയാണ്. 2021-22-ലെ ബജറ്റ് ഡൊക്യുമെന്റിലെ ജനസംഖ്യ അടിസ്ഥാനമാക്കിയുള്ള നിലവിലെ ആളോഹരി കടബാധ്യത 83644.63 രൂപയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരളത്തിന്റെ ആളോഹരി കടം വർദ്ധിക്കാൻ ഇടയായതിന്റെ കാരണം വ്യക്തമാക്കാമോ?

രണ്ട് പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നീ പ്രകൃതി ദുരന്തങ്ങൾ കാരണം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന് ഗണ്യമായ ഇടിവുണ്ടാകുകയും ഇത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഇടിവ് നികത്തുന്നതിനായി കേന്ദ്ര സർക്കാർ 2019-20, 2020-21 വർഷങ്ങളിൽ അധിക വായ്പ അനുവദിച്ചിട്ടുണ്ട്. റവന്യൂ വരുമാനത്തിലുണ്ടായ കുറവ് കാരണം കേന്ദ്ര സർക്കാർ അനുവദിച്ച അധിക വായ്പയെ സംസ്ഥാനത്തിന് ആശ്രയിക്കേണ്ടി വന്നതിനാൽ കടത്തിൽ വർദ്ധനവുണ്ടായിട്ടുള്ളതും തൻമൂലം ആളോഹരി കടത്തിലും വർദ്ധനവ് വന്നിട്ടുള്ളതാണ്.

(സി) അനിയന്ത്രിതമായ സർക്കാർ ചെലവുകൾ കാരണം പൊതുകടവും ആളോഹരി കടവും വർദ്ധിച്ചു എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വസ്തുതകൾ വ്യക്തമാക്കാമോ?

2016-17-ൽ GSDP-യുടെ 29.37 ശതമാനമായിരുന്ന കടബാധ്യത 2019-20-ൽ 30.46 ശതമാനമായി നിർത്തുവാൻ സാധിച്ചിട്ടുണ്ട്. കടമെടുത്തതുക പൂർണ്ണമായും ആസ്തി വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് വേണ്ടത്. റവന്യൂകമ്മി ഇല്ലാതായാലെ ഇത് സാദ്ധ്യമാകൂ. എല്ലാ പ്രയാസങ്ങളുടെയിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. മാത്രമല്ല Outstanding Debt-ന്റെ വളർച്ചാനിരക്ക് കുറഞ്ഞുവരികയാണ്. തനത് വരുമാനം കുറവായ കേരളംപോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് ഒരു പരിധിവരെ അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. സർക്കാരിന്റെ കടം താങ്ങാവുന്ന പരിധിയിലാണോ എന്നതും സുസ്ഥിരമാണോ എന്നും പരിശോധിക്കുന്നതിന് നിയതമായ സാമ്പത്തികശാസ്ത്ര മാനദണ്ഡങ്ങളുണ്ട്. പ്രസ്തുത രീതിയനുസരിച്ച് ഈ സർക്കാരിന്റെ കാലത്തെ Debt Sustainability Analysis C&AG, SFAR, 2019-ൽ നടത്തിയിട്ടുണ്ട്. ഇതു പ്രകാരം സംസ്ഥാന സർക്കാരിന്റെ കടഭാരം താങ്ങാവുന്ന പരിധിയിലും സുസ്ഥിരവുമാണെന്ന് മനസ്സിലാക്കാം. നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്.

**കിഫ്ബിയുടെ പ്രവർത്തനം**

29(2306) ശ്രീ. ഒ. രാജഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നാളിതുവരെ ലഭിച്ച തുക എത്രയെന്ന് അറിയിക്കുമോ; ഓരോ തുകയ്ക്കും നൽകേണ്ട പലിശ നിരക്ക് എത്രയാണെന്ന് അറിയിക്കുമോ?

കിഫ്ബിയിൽ നാളിതുവരെ ലഭിച്ച തുകയും അവയ്ക്ക് നൽകേണ്ട പലിശ നിരക്കും സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതുവരെ കിഫ്ബിയിൽ നിന്നും എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; ഏതെല്ലാം പദ്ധതികൾക്കാണ് ചെലവാക്കിയിട്ടുള്ളത്?

പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കിഫ്ബിയിൽ സി.&എ.ജി. ആഡിറ്റിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

DPC Act സെക്ഷൻ 14(1) പ്രകാരം സി.&എ.ജി. കിഫ്ബിയുടെ ആഡിറ്റ് നടത്തുന്നുണ്ട്. അതിൻപ്രകാരം 2020 ജൂൺ വരെയുള്ള കാലയളവിലെ സമഗ്രമായ സി.&എ.ജി. ഓഡിറ്റ് കിഫ്ബിയിൽ പൂർത്തിയായിട്ടുണ്ട്. ഈ അവസരത്തിൽ കിഫ്ബിയുടെ എല്ലാ വരവ് ചെലവ് കണക്കുകളും സി.&എ.ജി പരിശോധിക്കുകയുണ്ടായി.

**കാട്ടാക്കട മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

30(2307) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി അനുമതി ലഭ്യമായ പ്രവൃത്തികൾ, അവയുടെ തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി അനുമതി ലഭ്യമായ പ്രവൃത്തികൾ, അവയുടെ തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**തങ്കളം-കാക്കനാട് റോഡ് നിർമ്മാണം**

31(2308) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പ്രധാന കിഫ്ബി പ്രവൃത്തിയായ തങ്കളം-കാക്കനാട് റോഡിനായി 255 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡി.പി.ആർ.-ൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) തങ്കളം-കാക്കനാട് റോഡിന്റെ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ടിനൊപ്പം കിഫ്ബിയിൽ ലഭ്യമാക്കിയ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ ഭരണാനുമതി പുതുക്കി വാങ്ങിയതിനുശേഷം കിഫ്ബിയിൽ സമർപ്പിക്കുവാൻ നിർദേശിച്ചുകൊണ്ട് പ്രസ്തുത റിപ്പോർട്ട് എസ്.പി.വി.-ക്ക് തിരികെ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ഡി.പി.ആർ.-ന് വേഗത്തിൽ അംഗീകാരം നൽകി തുടർ നടപടികൾ വേഗത്തിലാക്കുമോ; വിശദമാക്കാമോ?

ഭരണാനുമതി പുതുക്കി വാങ്ങിയതിനുശേഷം എസ്.പി.വി. വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചാൽ ഉടൻതന്നെ പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുന്നതിലേയ്ക്കായുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി**

32(2309) ശ്രീ. വി. പി. സജീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യവിള തകർച്ചയും ഗൾഫ് പ്രതിസന്ധിയും കോവിഡ് വ്യാപനവുംമൂലമുണ്ടായ സാമ്പത്തിക മാന്ദ്യം സംസ്ഥാനത്ത് സൃഷ്ടിച്ച ഗുരുതരമായ സ്ഥിതിവിശേഷം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

(എ&ബി) കോവിഡ് വ്യാപനം ആക്കം കൂട്ടിയ ആഗോള മാന്ദ്യത്തിന്റെയും കൂടാതെ വിദേശ രാജ്യങ്ങൾ ഏർപ്പെടുത്തുന്ന സ്വദേശിവത്കരണത്തിന്റെയും ഭാഗമായി ഗൾഫ് കോ-ഓപ്പറേറ്റീവ് കൗൺസിൽ രാഷ്ട്രങ്ങളിൽ കുടിയേറി തൊഴിൽ

ചെയ്തുവരുന്ന പ്രവാസി മലയാളികൾക്ക് വൻതോതിൽ തൊഴിൽ സുരക്ഷിതത്വമില്ലായ്മ നേരിടേണ്ടിവരുന്നു. ഇതിനുപുറമേ ഇത്തരം രാഷ്ട്രങ്ങളിലെ സാമൂഹ്യ രാഷ്ട്രീയ സംഭവ വികാസങ്ങൾ പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ കാരണം മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മൂലധനത്തിലും അതിന്റെ പലിശയിലും ഇളവനുവദിച്ചുകൊണ്ട് 'മടങ്ങിയെത്തുന്ന മലയാളികളുടെ പുനരധിവാസം' (NDPREM) എന്ന പദ്ധതി നോർക്ക വകുപ്പ് മുഖേന നടത്തിവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രവാസികൾക്കായി ചുവടെ ചേർക്കുന്ന ആശ്വാസ പദ്ധതികൾ നടപ്പാക്കിയിരുന്നു.

1. കേരള പ്രവാസി കേരളീയ വെൽഫെയർ ഫണ്ട് പ്രവാസി പെൻഷണേഴ്സിന് ഒറ്റ തവണ ധനസഹായമായി 1000 രൂപ അനുവദിച്ചിരുന്നു.

2. കോവിഡ്-19 പോസിറ്റീവായ കേരള പ്രവാസി കേരളീയ വെൽഫെയർ ഫണ്ട് അംഗങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപ അനുവദിച്ചിരുന്നു.

3. ലോക്ക്ഡൗൺ കാരണം ജോലിക്ക് തിരികെപ്പോകാൻ കഴിയാത്ത പ്രവാസികൾക്ക് 5000 രൂപ അടിയന്തര സഹായമായി അനുവദിച്ചിരുന്നു.

4. സാന്ത്വന പദ്ധതിയിൽ കോവിഡ്-19-നെ കൂടി ഉൾപ്പെടുത്തി പ്രവാസികൾക്ക് 10,000 രൂപ ധനസഹായം അനുവദിച്ചിരുന്നു.

5. കേരളത്തിന്റെ കാർഷിക അടിത്തറയായ പ്രധാന വിളകൾ കയറ്റുമതിയുമായി ബന്ധപ്പെട്ടതായതിനാൽ ആഗോള സമ്പദ്ഘടനയിൽ ഇവയ്ക്കുണ്ടാകുന്ന വില വ്യത്യാസങ്ങൾ നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്നു. പരമാവധി ഉല്പാദന ക്ഷമത, ലാഭം, പാരിസ്ഥിതിക സന്തുലിതാവസ്ഥ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനത്തിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. ആയതിനാൽ, ആഭ്യന്തര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ വിവിധ നയങ്ങൾ രൂപീകരിച്ചുവരുന്നു. നാണ്യവിളകളുടെ വിലത്തകർച്ചയും സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നതിന്റെ ഭാഗമായി ഭക്ഷ്യവിളകൾക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(സി) കിഫ്ബിയിലൂടെ അല്ലാതെ സംസ്ഥാന വികസനം സാധ്യമാകില്ല എന്ന കാഴ്ചപ്പാട് സർക്കാരിനുണ്ടോ; വ്യക്തമാക്കുമോ?

നിലവിലെ സാമ്പത്തിക അവസ്ഥയിൽ സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കുശേഷം മൂലധന നിക്ഷേപത്തിനായി മതിയായ തുക മാറ്റിവയ്ക്കുവാൻ കഴിയാനാവാത്ത സാഹചര്യമുണ്ട്. അടിസ്ഥാന സൗകര്യ വികസനമെന്നത് ഒരു സംസ്ഥാനത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഈ മേഖലയിലെ പുരോഗതിക്ക് സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ച നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ നിക്ഷേപ മേഖലയിലെ ആവശ്യമായ ധനസമാഹരണത്തിന് നിലവിലുള്ള വായ്പാ നിയന്ത്രണങ്ങൾ വിലങ്ങുതടിയാണ്. ഈ സാഹചര്യത്തിലാണ് കിഫ്ബിയിലൂടെ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ ധനസമാഹരണത്തിന് നവീനമായ ഒരു ആശയം ഉണ്ടായത്. റിസർവ് ബാങ്കും സെബിയും അംഗീകരിക്കുന്ന നൂതന ധനോപാധികളിലൂടെ പണം കണ്ടെത്തി 60,000 കോടിയോളം രൂപവരുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് കിഫ്ബി ചാലക ശക്തിയാകുന്നു. 'കൺട്രോൾഡ് ലെവറെജിംഗ് 'മാതൃകയിൽ കൃത്യമായ ധനാഗമവും അവയുടെ തിരിച്ചടവും ഉറപ്പുവരുത്തി ഇടമുറിയാതെയുള്ള വികസനമാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ശാസ്ത്രീയമായ ഈ മാതൃക തമിഴ്നാട്, കർണ്ണാടക, പഞ്ചാബ് തുടങ്ങിയ മറ്റ് സംസ്ഥാനങ്ങളും സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ടെന്ന് നിസ്സംശയം പറയാം.

(ഡി) കിഫ്ബി പദ്ധതികളിൽ ഇരുപതിനായിരം കോടി രൂപ 2020-21-ൽ ചെലവിടുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഈ സാമ്പത്തിക വർഷം ഡിസംബർ 31-വരെ കിഫ്ബി എന്ത് തുകയാണ് ചെലവഴിച്ചതെന്നറിയിക്കാമോ?

കോവിഡ് പ്രതിസന്ധികൾ മറ്റേത് മേഖലയിലുമെന്നപോലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയും കാര്യമായി ബാധിച്ചിരുന്നു. ഇത് കിഫ്ബി മുഖേനയുള്ള പ്രവർത്തങ്ങളെയും ബാധിച്ചിരുന്നെങ്കിലും അവയെല്ലാം വളരെ പെട്ടെന്നുതന്നെ പുനരാരംഭിക്കുവാൻ സാധിച്ചു. നിലവിൽ 17,012 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ പൂർത്തിയാക്കിയിട്ടുണ്ട്. 15869 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. 2020 ഡിസംബർ 31 വരെ 6837 കോടി രൂപ വിവിധ പദ്ധതികൾക്കായി കിഫ്ബി ചെലവഴിച്ചുകഴിഞ്ഞു.

**ആലത്തൂരിലെ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് കിഫ്ബി പ്രവൃത്തികൾ**

33(2313) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് മുഖാന്തിരം അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധമായി* നൽകുന്നു.

**കിഫ്ബി മുഖാന്തിരം വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ**

34(2314) ശ്രീ. എസ്. ശർമ്മ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തിരം വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും തുകയും വിശദമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെയാണ് പൂർത്തീകരിച്ചതെന്നും ഏതൊക്കെയാണ് പുരോഗമിക്കുന്നതെന്നും വിശദമാക്കാമോ?

(എ&ബി) കിഫ്ബി മുഖാന്തിരം വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി സാമ്പത്തികാനുമതി നൽകിയ പ്രവൃത്തികളുടെ പേരും തുകയും (പൂർത്തീകരിച്ചതും പുരോഗമിക്കുന്നതും ഉൾപ്പെടെ) അനുബന്ധമായി ചേർക്കുന്നു.*

(സി) ഏതെങ്കിലും പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

35(2315) ശ്രീ. സി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാരിന്റെ കാലത്ത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാം; ഓരോന്നിനും എത്ര രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ധനാനുമതി ലഭ്യമായ പ്രവൃത്തികൾ, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കൊല്ലത്തെ വിവിധ കിഫ്ബി പദ്ധതികൾ

36(2316) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കൊല്ലം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ നടപ്പിലാക്കുന്ന ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിലവിൽ നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; അവയുടെ നിലവിലെ സ്ഥിതിയുടെ വിശദവിവരം വ്യക്തമാക്കാമോ?

കൊല്ലം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പദ്ധതികളും ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരവും മറ്റുള്ള പദ്ധതികളുടെ നിലവിലുള്ള അവസ്ഥ ഉൾപ്പെടെയുള്ള വിവരവും അനുബന്ധമായി ചേർക്കുന്നു.*

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

37(2317) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പഴയങ്ങാടിപ്പാലം, കാവിൻ മുനമ്പ് പാലം, കല്ല്യാശ്ശേരി-പയ്യന്നൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കീൽ കടവ്പാലം എന്നിവയുടെ വിശദമായ പ്രോജക്റ്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റിപ്പോർട്ട് ധനകാര്യ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് അടുത്ത കിഫ്ബി യോഗത്തിൽതന്നെ ഉൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്തുതന്നെ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പഴയങ്ങാടിപ്പാലം നിർമ്മാണ പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് ന്യൂനതകൾ പരിഹരിക്കുന്നതിനായി 18-11-2020 ന് SPV-ആയ Kerala Road Fund Board (KRFB)-ന് സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കാവിൻ മുനമ്പ്പാലം നിർമ്മാണ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ KIIFB-യിൽ ലഭ്യമാക്കാത്തതിനാൽ ടി പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി സഹിതം പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുവാൻ SPV- ആയ Kerala Road Fund Board (KRFB)-ന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മൂലക്കീൽ കടവ്പാലം നിർമ്മാണ പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് (TAR), സൈറ്റ് വിസിറ്റ് റിപ്പോർട്ട് എന്നിവ മറുപടി റിപ്പോർട്ടിനായി 19-10-2020 -ൽ SPV- ആയ Kerala Road Fund Board (KRFB) -ന് സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**വാമനപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

38(2319) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ കിഫ്ബിയുടെ 9-4-2018-ലെ ഓർഡർ നമ്പർ എ.പി.ആർ-4/2018/കിഫ്ബി പ്രകാരം അന്തിമ അംഗീകാരവും ധനാനുമതിയും ലഭിച്ച പദ്ധതികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിലെ കിഫ്ബിയുടെ 9-4-2018-ലെ ഓർഡർ നം.എ.പി.ആർ-4/401/2018/കിഫ്ബി പ്രകാരം 6 സ്ഥലങ്ങളിൽ ട്രാൻസ്മിഷൻ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ അംഗീകാരവും ധനാനുമതിയും ലഭ്യമാക്കിയ പദ്ധതി നിർമ്മാണ പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) ഇനിയും പൂർത്തീകരിക്കാനുള്ളവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കാമോ?

കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം

ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയുടേതാണ്. നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനും കിഫ്ബിയുടെ അദ്ധ്യക്ഷതയിലും നിയമസഭാ സാമാജികരുടെ മേൽനോട്ടത്തിലും അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. പ്രവൃത്തികളെല്ലാംതന്നെ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

### ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി പദ്ധതികൾ

39(2320) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് 2020 ഡിസംബർ 31 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര തുകയ്ക്കുള്ള പദ്ധതികൾക്കാണ് കിഫ്ബിയിലൂടെ അനുമതി നൽകിയിട്ടുള്ളത്; ഓരോന്നും പ്രത്യേകം പ്രത്യേകം അറിയിക്കാമോ;

(ബി) ഇതിൽ എതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചു; പൂർത്തീകരിക്കാത്ത പദ്ധതികളുടെ കാലിക സ്ഥിതി വിവരം ലഭ്യമാക്കാമോ?

(സി) പൂർത്തീകരിച്ച പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം നൽകാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്ന് 2020 ഡിസംബർ 31 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതി, അംഗീകരിച്ച തുക ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

40(2321) ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര റോഡ് പ്രവൃത്തികൾക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചെന്നും വെളിപ്പെടുത്തുമോ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ എത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള റോഡ് പദ്ധതികളും അവയുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡിന് കിഫ്ബി എന്നാണ് അനുമതി നൽകിയതെന്നും പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാൻ എന്താണ് കാലതാമസം ഉണ്ടാകുന്നതെന്നും അറിയിക്കുമോ?

ശ്രീകണ്ഠപുരം-ചെമ്പൻതൊട്ടി-നടുവിൽ റോഡിന് 6-8-2020-ലെ ഉത്തരവ് No.PWD015-84/APR-5/2020/KIIFB പ്രകാരം കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ധനാനുമതി നൽകിയതിന് ശേഷം പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് നടപ്പിലാക്കേണ്ട ചുമതല എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡിനാണ്. ടി റോഡിന്റെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി ടെക്നിക്കൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതുണ്ടെന്നും സാങ്കേതികാനുമതിക്ക് ശേഷം ഉടൻ തന്നെ പദ്ധതി ടെണ്ടർ ചെയ്യുന്നതാണെന്നും എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡിന്റെ നിർമ്മാണ പ്രവൃത്തി**

41(2323) <u>ശ്രീ. പി. ഉണ്ണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് ബി.എം., ബി.സി. ചെയ്യുന്നതിനായി കിഫ്ബി മുഖേന അനുവദിച്ച തുക എത്രയെന്നും ആയതിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും അറിയിക്കുമോ?

ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡിന് 12-2-2020-ലെ ഉത്തരവ് No.PWD004-01/APR-5/2020/KIIFB പ്രകാരം കിഫ്ബി 54.32 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ആരാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി കേരള റോഡ് ഫണ്ട് ബോർഡാണ്.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നാണ് ആരംഭിച്ചതെന്നും പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും വിവരിക്കുമോ?

പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതിക്ക് കുറച്ചുഭാഗത്ത് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## നെയ്യാറ്റിൻകരയിലെ കിഫ്ബി പ്രവൃത്തികൾ

42(2324) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവൺമെന്റ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടത്തിന് ഡി.പി.ആർ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് പ്രസ്തുത സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് നൽകിയതെന്ന് വിശദമാക്കാമോ;

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ 'ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ് (ഇൻകെൽ)' സമർപ്പിച്ച 3.12 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ വിശദ പരിശോധനയിലാണ്. പദ്ധതിക്ക് ധനാനുമതി നൽകിയിട്ടില്ല.

(ബി) നെയ്യാറ്റിൻകര നഗരസഭ മാർക്കറ്റ് നവീകരണത്തിന്റെ ഡി.പി.ആർ. അനുവദിച്ച് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നഗരസഭ ഫിഷ് മാർക്കറ്റ് നവീകരണ പദ്ധതിക്കായി 13-10-2020-ൽ ചേർന്ന കിഫ്ബിയുടെ ബോർഡ് മീറ്റിംഗിൽ 4.045 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികൾ

43(2325) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ വിവിധ വകുപ്പുകളിലായി കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ വിവിധ വകുപ്പുകളിലായി കിഫ്ബിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആയതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിലെ പദ്ധതികൾ

44(2326) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) വാമനപുരം നിയമസഭാമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികളുടെ വിശദ വിവരങ്ങളും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

## കൊടുവായൂർ ബൈപ്പാസ് റോഡ് പ്രവൃത്തി

45(2327) ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കൊടുവായൂർ ബൈപ്പാസ് റോഡിന്റെ പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി ക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കൊടുവായൂർ ബൈപ്പാസ് നിർമ്മാണത്തിന് (G.O. (Rt) No.1324/ PWD/ 2016 dt 27-9-2016 പ്രകാരം) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. 9-11-2018-ലെ Order No. PWD 003-05-PA-01 പ്രകാരം KIIFB 38.20 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് 15-1-2019-ൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചു. ഏറ്റെടുക്കേണ്ടതായ ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും 29-1-2020-ൽ റവന്യൂ അധികാരികളുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. 25-6-2020-ൽ വിദഗ്ദ്ധസമിതി ജില്ലാ കളക്ടർക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സമർപ്പിച്ചു. 11(1) പ്രഖ്യാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

സ്ഥലമേറ്റെടുപ്പ് പൂർത്തിയായാലുടൻതന്നെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് നിർദ്ദിഷ്ട SPV ആയ RBDCK അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽ പ്രഖ്യാപിച്ച നെന്മാറ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

27-9-2016-ലെ G.O. (Rt) No.1324 / 2016 / PWD പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി നെന്മാറ ബൈപ്പാസ് നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും NHAI യുടെ നിർദ്ദിഷ്ട വടക്കാഞ്ചേരി പൊള്ളാച്ചി നാഷണൽ ഹൈവേ നെന്മാറവഴി കടന്നുപോകുന്നതും പ്രസ്തുത പദ്ധതിയുടെ DPR നടപടികൾ NHAI നടത്തിവരുന്നതിനാലും നെന്മാറ ബൈപ്പാസ് പ്രോജക്ട് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സായ തുക**

46(2328) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ 2016 മുതൽ 2020 ഡിസംബർ വരെ പൂർത്തീകരിച്ച പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ് ആയി എത്ര ലക്ഷം രൂപ വന്നുവെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽവരുന്ന സേവിംഗ്സ് ഫണ്ട് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; സർക്കാർ ഉത്തരവിന്റെ നമ്പർ വ്യക്തമാക്കാമോ?

ഉണ്ട്. 29-12-2017-ലെ സ.ഉ.(അച്ചടി)നമ്പർ 161/17/ധന, അനുസരിച്ചുള്ള എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.*

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

47(2329) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷംകൊണ്ട് പ്രാദേശിക വികസന നിധിയിൽനിന്ന് ഭരണാനുമതി ലഭിച്ച

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവൃത്തികൾ ഏതെല്ലാം; പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാം; പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാം; പൂർത്തീകരിച്ച പദ്ധതികൾക്ക് നൽകിയിട്ടുള്ള ബിൽ തുക എത്ര; പ്രാദേശിക വികസന നിധിയിൽ നിന്നും ഇനിയും വിനിയോഗിക്കാനുള്ള തുക എത്ര; വർഷം തിരിച്ച് പട്ടികയായി നൽകാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ അഞ്ച് വർഷത്തിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാം; പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാം; പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാം; പൂർത്തീകരിച്ച പദ്ധതികൾക്ക് നൽകിയിട്ടുള്ള ബിൽ തുക എത്ര:

(സി) ആസ്തി വികസന ഫണ്ടിൽ നിന്നും ഇനിയും വിനിയോഗിക്കാനുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രാദേശിക വികസന നിധി, ആസ്തി വികസന ഫണ്ട് എന്നിവയിൽ നിന്ന് ടെണ്ടർ സേവിംഗ്സ് വകയിൽ കണ്ടെത്തിയിട്ടുള്ള തുക എത്രയെന്ന് അറിയിക്കാമോ; ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രാദേശിക വികസന നിധിയിൽ നിന്ന് ടെണ്ടർ സേവിംഗ്സ് വകയിൽ കണ്ടെത്തിയിട്ടുള്ള തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 366284 |
| 2017-18 | 572376 |
| 2018-19 | 767080 |
| 2019-20 | 211507 |

ആസ്തി വികസന ഫണ്ടിൽനിന്ന് ടെണ്ടർ സേവിംഗ്സ് വകയിലുള്ള തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. 4-8-2018-ലെ സ.ഉ. (അച്ചടി) നമ്പർ 119/2018/ധന. ഉത്തരവിന്റെ ഖണ്ഡിക 2.8 പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-നു കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2018-19-ന് കീഴിൽ പരിഗണിക്കാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ വ്യവസ്ഥയ്ക്ക് വിധേയമായി ഭരണാനുമതി നല്കുന്നതിന് മാർഗ്ഗരേഖകൾ അനുവദിക്കുന്നുണ്ട്. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

### വൈപ്പിൻ മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്

48(2330) ശ്രീ. എസ്. ശർമ്മ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-എൽ.എ.സി.-എ.ഡി.എസ്. പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ നാളിതുവരെയുള്ള ഓരോ വർഷത്തിലും ബാക്കി നിൽക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ചു തുടങ്ങിയത്. വൈപ്പിൻ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-എൽ.എ.സി.-എ.ഡി.എസ്. പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ 2017-18, 2018-19 വർഷങ്ങളിൽ ബാക്കി നിൽക്കുന്ന തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ബാക്കി നിൽക്കുന്ന തുക |
|---|---|
| 2017 - 18 | 14,10,948 |
| 2018 - 19 | 12,85,763 |

2019-20, 2020-21 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച് മുഴുവൻ പ്രവൃത്തികളും പൂർത്തിയായി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ വിവരം ലഭ്യമാവുകയുള്ളൂ.

(ബി) ടെണ്ടർ സേവിംഗ്സ് ഇനത്തിലുള്ള ഈ തുക വിനിയോഗിച്ചുകൊണ്ട് പുതുതായി പ്രവൃത്തി നടപ്പാക്കുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ?

4-8-2018-ലെ സ.ഉ. (പി)നമ്പർ 119/2018/ധന. ഉത്തരവിന്റെ ഖണ്ഡിക 2.8 പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-ന് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2018-19-ന് കീഴിൽ പരിഗണിക്കാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.*

**ഒറ്റപ്പാലം മണ്ഡലം - ആസ്തിവികസന ഫണ്ട്**

49 (2331) ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-12-2020 വരെ ആസ്തിവികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷത്തിൽ ഒറ്റപ്പാലം എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഏതെല്ലാം പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചത്; അതിൽ ഏതെല്ലാം പൂർത്തീകരിച്ചു; പൂർത്തീകരിക്കുവാൻ ശേഷിച്ചവയുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. 2017-18, 2018-19, 2019-20, 2020-21 വർഷത്തിൽ ഒറ്റപ്പാലം എം.എൽ.എ. യുടെ മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പൂർത്തീകരിക്കുന്നതിന് താമസം വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടെണ്ടർ നടപടികളിലെ കാലതാമസം, സൈറ്റ് ഇഷ്യൂസ് എന്നിവമൂലമാണ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കാസർഗോഡ് മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട്**

50(2332) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര ഫണ്ട് അനുവദിച്ചിരുന്നുവെന്ന് വർഷം, പ്രവൃത്തി, തുക എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ:

(ബി) അനുവദിച്ച ഫണ്ടുകളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ ആരൊക്കെയാണെന്ന് പ്രവൃത്തി തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാർക്ക് പണം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കിയതിനുശേഷം ബന്ധപ്പെട്ട നിർവ്വഹണാധികാരികൾ/ഭരണവകുപ്പുകൾ മുഖേന സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് അപാകതകളൊന്നുംതന്നെ ഇല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം കാലതാമസം കൂടാതെ തുക അനുവദിച്ച് നൽകാറുണ്ട്.

(ഇ) എസ്റ്റിമേറ്റിനെക്കാളും കുറഞ്ഞ നിരക്കിൽ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ ബാക്കി വരുന്ന തുക എങ്ങനെ വിനിയോഗിക്കാമെന്ന് വ്യക്തമാക്കാമോ?

എസ്റ്റിമേറ്റിനെക്കാളും കുറഞ്ഞ നിരക്കിലാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുള്ളതെങ്കിൽ ബാക്കി വരുന്ന തുക കണക്കാക്കി ടെണ്ടർ സേവിംഗ്സ് ആയി വിനിയോഗിക്കാവുന്നതാണ്. ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-ന്റെ കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19-ന്റെ കീഴിൽ പരിഗണിക്കാവുന്നതാണ്. ടെണ്ടർ സേവിംഗ്സ് കണക്കാക്കുമ്പോൾ ഒരു സാമ്പത്തിക വർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കുന്നതാണ്.

**വർക്കല മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്**

51(2333) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് കണക്കാക്കി പുതിയ പ്രവൃത്തികൾക്ക് നിർദ്ദേശം സമർപ്പിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

(ബി) വർക്കല മണ്ഡലത്തിൽ 2016-17 മുതൽ 2019-20 വരെ എം.എൽ.എ - എസ്.ഡി.എഫ്.-ൽ ഉൾപ്പെട്ട എത്ര പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ഉണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ 2016-17 മുതൽ 2019-20 വരെ വർഷങ്ങളിൽ എം.എൽ.എ. പ്രത്യേക വികസന നിധിയിൽ ഉൾപ്പെട്ട 28 പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ലഭ്യമാണ്.

(സി) വർക്കല മണ്ഡലത്തിൽ പുതിയ പദ്ധതികൾ ശിപാർശ ചെയ്യുന്നതിന് എം.എൽ.എ എസ്.ഡി.എഫ്-ൽ എത്ര രൂപയുണ്ടെന്ന് വ്യക്തമാക്കാമോ?

പുതിയ പദ്ധതികൾ ശിപാർശ ചെയ്യുന്നതിന് എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ തുക മിച്ചം ഇല്ല.

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ടെണ്ടർ ബാലൻസ്**

52(2334) ശ്രീ. ആർ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 2016-17, 2017-18 വർഷങ്ങളിലെ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ടിന്റെ ടെണ്ടർ ബാലൻസ് എത്രയെന്ന് വിശദീകരിക്കുമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 2016-17 സാമ്പത്തിക വർഷത്തെ എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ടിൽ ടെണ്ടർ ബാലൻസായി യഥാക്രമം 9,18,102 രൂപ (ഒൻപത് ലക്ഷത്തി പതിനെണ്ണായിരത്തി ഒരുന്നൂറ്റി രണ്ട് രൂപയും) 2017-2018 സാമ്പത്തിക വർഷം 3,85,919 രൂപ (മൂന്ന് ലക്ഷത്തി എൺപത്തി അയ്യായിരത്തി തൊള്ളായിരത്തി പത്തൊൻപത് രൂപയും) ടെണ്ടർ ബാലൻസുണ്ട്.

(ബി) പ്രസ്തുത തുകയുള്ള പദ്ധതികൾ നിർദ്ദേശിക്കുന്നതിന് കഴിയുമോ; വിശദീകരിക്കുമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ടെണ്ടർ ബാലൻസ് അനുവദനീയമല്ല.

**വാമനപുരം എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി**

53(2335) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഓരോ വർഷവും വാമനപുരം എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**എം.എൽ.എ. എസ്.ഡി.എഫ്.**

54 (2337) ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1-7-2016 മുതൽ 31-12-2020 വരെ എം.എൽ.എ. എസ്.ഡി.എഫ്. ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ചെങ്ങന്നൂർ എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികളുടെ ഭരണാനുമതി**

55(2338) ശ്രീ. സജി ചെറിയാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ട് പ്രകാരം ചെങ്ങന്നൂർ എം.എൽ.എ. നിർദ്ദേശിച്ച 2020-21 പ്രവൃത്തികളുടെ ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദീകരിക്കുമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധി പ്രകാരം ചെങ്ങന്നൂർ എം.എൽ.എ. നിർദ്ദേശിച്ച 2020-21 കാലയളവിലെ പ്രവൃത്തികളുടെ ഭരണാനുമതി അനുവദിക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് എപ്പോൾ ഭരണാനുമതി ലഭിക്കുമെന്ന് അറിയിക്കുമോ?

ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും ലഭിക്കുന്ന മുറയ്ക്കാണ് ഭരണാനുമതി പുറപ്പെടുവിച്ചു വരുന്നത്.

**സുസ്ഥിര വികസന സൂചികയിൽ കേരളത്തിന്റെ സ്ഥാനം**

56(2339) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ്-ന്റെ സുസ്ഥിര വികസന സൂചികയിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ നേട്ടം കണക്കാക്കുന്നതെന്നറിയിക്കുമോ?

ഉണ്ട്. ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിൽ സംസ്ഥാനങ്ങൾ നേടിയ പുരോഗതി വിലയിരുത്തുന്ന നീതി ആയോഗ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന് തുടർച്ചയായി രണ്ടാം വർഷവും ഒന്നാം സ്ഥാനത്തെത്താൻ സാദ്ധ്യമായിട്ടുണ്ട്. വികസനത്തിന്റെ ഫലം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുക (Leave no one behind) എന്ന പൊതുലക്ഷ്യത്തോടെ ഐക്യരാഷ്ട്രസഭയിൽ അംഗങ്ങളായ 193 രാജ്യങ്ങൾ ചേർന്ന് 2015-ൽ അംഗീകരിച്ച 'അജണ്ട 2030' പ്രകാരം 17 സുസ്ഥിര വികസന ലക്ഷ്യങ്ങളും (Sustainable Development Goals) അനുബന്ധമായി 169 ഉപലക്ഷ്യങ്ങളും (targets) അംഗീകരിക്കുകയുണ്ടായി. പ്രസ്തുത സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2016 ജനുവരി 1-ന് ആരംഭിച്ച് 2030-ൽ നിർദ്ദിഷ്ട ലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും സാക്ഷാത്കരിച്ച് " Leave no one behind" എന്ന മുദ്രാവാക്യം അന്വർത്ഥമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തർദ്ദേശീയതലത്തിലും ദേശീയതലത്തിലും സംസ്ഥാനതലത്തിലും നടന്നുവരുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളും (Goals) ഉപലക്ഷ്യങ്ങളും (target) ഘട്ടംഘട്ടമായി കൈവരിക്കുന്നതിന് ഉചിതമായ സൂചകങ്ങൾ (indicators) നിശ്ചയിച്ചിട്ടുണ്ട്. ആഗോള സൂചകങ്ങൾക്കനുസൃതമായി അതത് രാജ്യങ്ങളുടെയും പ്രദേശങ്ങളുടെയും സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക സ്ഥിതി വിശേഷങ്ങൾ കണക്കിലെടുത്തുകൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തി സൂചകങ്ങൾ നിശ്ചയിക്കാവുന്നതാണ്. പ്രസ്തുത സൂചകങ്ങളുടെ ആനുകാലികമായ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ

പുരോഗതി നിരീക്ഷിക്കുകയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇന്ത്യയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിന് നീതി ആയോഗിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സൂചകങ്ങളുടെ ദേശീയതലത്തിലുള്ള ചട്ടക്കൂട് (National Indicator Framework) തയ്യാറാക്കുന്നതിനും ആവശ്യമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുന്നതിനും സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിനെ (MoSPI) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ ഓരോ സംസ്ഥാനവും കേന്ദ്രഭരണ പ്രദേശവും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിലുള്ള പുരോഗതി നീതി ആയോഗ് നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. നിലവിലുള്ള ദേശീയസൂചകങ്ങൾ (306 എണ്ണം) അടിസ്ഥാനമാക്കി പുരോഗതി വിലയിരുത്തുന്നതിന് ആവശ്യമായ സ്ഥിതിവിവര കണക്കുകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ നീതി ആയോഗ് ചില മുൻഗണനാ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി composite index score തയ്യാറാക്കുകയും ഓരോ ലക്ഷ്യങ്ങളിലുമുള്ള പുരോഗതി വെവ്വേറെ കാണിച്ചുകൊണ്ടും SDG India Index report 2018-ഉം SDG India Index report 2019-ഉം നീതി ആയോഗ് പുറത്തിറക്കുകയുണ്ടായി. 2018-ലെ റിപ്പോർട്ടിൽ 62 മുൻഗണനാ സൂചകങ്ങളുടെയും 2019-ൽ 100 മുൻഗണനാ സൂചകങ്ങളുടെയും സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിലാണ് ഇൻഡക്സ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ കേരളം 2 വർഷവും ഒന്നാം സ്ഥാനം കൈവരിക്കുകയുണ്ടായി. 2018-ലെ റിപ്പോർട്ടിൽ പരിഗണിച്ച 13 ലക്ഷ്യങ്ങളിൽ (12, 13, 14, 17 ഒഴികെ) ലക്ഷ്യം 3 (നല്ല ആരോഗ്യവും ക്ഷേമവും), 4 (ഗുണമേന്മയുള്ള വിദ്യാഭ്യാസം), 5 (ലിംഗസമത്വം) എന്നിവയിൽ ഒന്നാം സ്ഥാനത്തും ലക്ഷ്യം 9 (നൂതന ആശയം ഉൾക്കൊണ്ട് വ്യവസായവും പശ്ചാത്തല സൗകര്യവും വികസിപ്പിക്കൽ)-ൽ രണ്ടാം സ്ഥാനത്തും ലക്ഷ്യം 2 (വിശപ്പില്ലായ്മ)-ൽ മൂന്നാം സ്ഥാനത്തും 2019-ലെ റിപ്പോർട്ടിൽ പരിഗണിച്ച 16 ലക്ഷ്യങ്ങളിൽ (17 ഒഴികെ) ലക്ഷ്യം 3 (നല്ല ആരോഗ്യവും ക്ഷേമവും), 9 (നൂതന ആശയം ഉൾക്കൊണ്ട് വ്യവസായവും പശ്ചാത്തല സൗകര്യവും വികസിപ്പിക്കൽ) എന്നിവയിൽ ഒന്നാം സ്ഥാനത്തും ലക്ഷ്യം 4 (ഗുണമേന്മയുള്ള വിദ്യാഭ്യാസം), 5 (ലിംഗസമത്വം) എന്നിവയിൽ രണ്ടാം സ്ഥാനത്തും ലക്ഷ്യം 2 (വിശപ്പില്ലായ്മ), 15 (കരയിലെ ജൈവവൈവിദ്ധ്യ സംരക്ഷിക്കൽ) എന്നിവയിൽ മൂന്നാം സ്ഥാനത്തുമാണ് കേരളം. Composite Index Score-ന്റെ അടിസ്ഥാനത്തിൽ Achiever (സ്കോർ 100), Front Runner (സ്കോർ 65-99), Performer (സ്കോർ 50-64), Aspirant (സ്കോർ 0-49) എന്നിങ്ങനെ സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും നാലായി തരംതിരിച്ചിട്ടുണ്ട്.

2018-ലെ റിപ്പോർട്ടുപ്രകാരം 8 ലക്ഷ്യങ്ങൾ (1, 2 , 3, 4, 9, 10, 15, 16) Front runner, 4 ലക്ഷ്യങ്ങൾ (5, 6, 7, 8) Performer കാറ്റഗറിയിലും ഒരെണ്ണം Aspirant കാറ്റഗറിയിലുമാണ്. എന്നാൽ 2019-ലെ റിപ്പോർട്ട് പ്രകാരം ഇത് യഥാക്രമം 9 ലക്ഷ്യങ്ങൾ (2, 3, 4, 6, 7, 9, 10, 15, 16), 6 ലക്ഷ്യങ്ങൾ (1, 5, 8, 11, 12, 13) ഒന്ന് (14) വീതം ആണ്. 2018-ൽ പരിഗണിച്ച 62 മുൻഗണനാ സൂചകങ്ങളിൽ 18 സൂചകങ്ങൾ ദേശീയ ലക്ഷ്യം (national target) കൈവരിച്ചിരുന്നു. 2019-ലെ റിപ്പോർട്ടിൽ പരിഗണിച്ച 100 മുൻഗണനാ സൂചകങ്ങളിൽ 26 സൂചകങ്ങൾ ദേശീയ ലക്ഷ്യം കൈവരിച്ചു. നീതി ആയോഗിന്റെ പ്രസ്തുത റിപ്പോർട്ടുകളിൽ സൂചകങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ വിവിധ സർവ്വേകളിൽ നിന്നും വിവിധ കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നുമാണ്. ചില സൂചകങ്ങൾക്ക് വിശ്വസനീയവും കുറച്ചുകൂടി മെച്ചപ്പെട്ടതുമായ സ്ഥിതി വിവരക്കണക്കുകൾ സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ലഭ്യമായതുകൂടി പരിഗണിച്ചിരുന്നുവെങ്കിൽ ചില മേഖലകളിൽകൂടി മെച്ചപ്പെട്ട നേട്ടം കൈവരിക്കാനാകുമായിരുന്നു.

(ബി) ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ (ടേംസ് ഓഫ് റഫറൻസ്) വന്ന വ്യത്യാസമനുസരിച്ച് വികസന സൂചികയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം കുറയുമോ; വ്യക്തമാക്കുമോ;

(സി) വികസന സൂചികയിൽ മുന്നിലെത്തിയെന്ന നേട്ടം, സംസ്ഥാനത്തിന്റെ വരുമാനത്തെ ദോഷകരമായി ബാധിക്കുന്ന വിചിത്ര സ്ഥിതിവിശേഷം നേരിടുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

(ബി&സി) ധനകാര്യ കമ്മീഷന്റെ അന്തിമ റിപ്പോർട്ട് (2021-2026) കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇത് സംബന്ധിച്ച് വ്യക്തത ഉണ്ടാവുകയുള്ളൂ.

(ഡി) പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ എന്തൊക്കെ ശിപാർശകളും നിർദ്ദേശങ്ങളുമാണ് സംസ്ഥാനം മുന്നോട്ടു വച്ചതെന്ന് വ്യക്തമാക്കുമോ?

റവന്യൂ-ചെലവ് അന്തരത്തിന്റെ (Revenue & cost disability) ഘടകങ്ങൾ നികുതി വിഭജന മാനദണ്ഡങ്ങളിൽ ഉൾപ്പെടത്തക്ക രീതിയിൽ നികുതി വിഭജന മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്നും പരിസ്ഥിതി സംരക്ഷണത്തിന്റെ ഘടകങ്ങൾ നികുതി വിഭജന മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുകയും വേണമെന്നും ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര നികുതി വിഹിതം (vertical devolution) വർദ്ധിപ്പിക്കുകയും sectoral ഗ്രാന്റുകൾ കുറയ്ക്കുകയും വേണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് കേരളത്തിന് അധിക ഗ്രാന്റ് നൽകണമെന്ന ആവശ്യം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ മുന്നിൽ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കമ്മീഷൻ അനുകൂല നിലപാട് അറിയിച്ചിട്ടുണ്ടോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പുതുക്കിയ മെമ്മോറാണ്ടം 2020 മാർച്ച് മാസത്തിൽ തന്നെ സമർപ്പിച്ചിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇതിലെ ശിപാർശകൾ വ്യക്തമാകുകയുള്ളൂ. കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യം, സാമൂഹ്യ ക്ഷേമം, പുനരധിവാസം എന്നീ മേഖലകളിലുണ്ടായേക്കാവുന്ന കുത്തനെയുള്ള അധിക ചെലവുകൾ നേരിടുന്നതിന് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 50% ആയി ഉയർത്തണമെന്നും നിപ, കോവിഡ്-19 തുടങ്ങിയ പൊതു ആരോഗ്യ ദുരന്തങ്ങൾ നേരിടുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും കോവിഡ്മൂലം സംസ്ഥാന ധനസ്ഥിതിക്കുണ്ടായ കനത്ത ആഘാതം നേരിടുന്നതിന് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ/ധനകമ്മിയിൽ ആവശ്യമായ ഇളവുകൾ അനുവദിക്കണമെന്നും മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുശേഷം മുഖ്യമന്ത്രി പ്രധാനമന്ത്രിക്കയച്ച 26-4-2020-ലെ കത്ത് പ്രകാരം കോവിഡ് 19-ഉം തുടർന്നുള്ള ലോക്ക്ഡൗണും കാരണം സംസ്ഥാനത്തിന്റെ ധനസ്ഥിതിയിലുണ്ടായ പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നതിനും ഇത് പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അഡീഷണൽ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

**ആത്മ നിർഭർ ഭാരത് പദ്ധതി**

57(2340) ശ്രീ. വി. ടി. ബൽറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുവാൻ കേന്ദ്രം പ്രഖ്യാപിച്ച ആത്മ നിർഭർ ഭാരത് പദ്ധതി സംസ്ഥാനത്തിന് ഗുണകരമാണോ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ മേഖലകളിൽ അതിന്റെ ഗുണം ലഭിക്കുമെന്നും അത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് എപ്രകാരം ഉത്തേജനമാകുമെന്നും വിശദമാക്കുമോ;

(സി) സാധാരണക്കാരായ ജനങ്ങളുടെ കയ്യിൽ പണം എത്തിയാൽ മാത്രമേ ക്രയശേഷി ഉണ്ടാകുവെന്നതിനാൽ ഉത്തേജന പാക്കേജ് ഇതിന് എത്രമാത്രം സഹായകമാകുമെന്ന് വെളിപ്പെടുത്തുമോ?

(എ-സി) കോവിഡ് മഹാമാരിയുടെ പ്രത്യാഘാതത്തിൽ നിന്ന് സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി അഞ്ച് ഘട്ടങ്ങളിലായി 20 ലക്ഷം കോടി രൂപയുടെ ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് പ്രധാനമായും സംസ്ഥാനങ്ങളുടെ വായ്പാ പരിധി വർദ്ധിപ്പിക്കൽ, MSME കൾക്കുള്ള ഈടില്ലാതെയുള്ള വായ്പ, Equity Funding, NBFC-കൾക്കുള്ള Liquidity Schemes, കർഷകർക്കുള്ള കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ, തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം വർദ്ധിപ്പിക്കൽ, വഴിയോര കച്ചവടക്കാർക്കുള്ള വായ്പാ സൗകര്യം, അന്യസംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിലുള്ള താമസ സൗകര്യവും സൗജന്യ ഭക്ഷ്യധാന്യങ്ങളും ഉറപ്പാക്കൽ, സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകളുടെ VGF വർദ്ധിപ്പിക്കൽ, പൊതു ആരോഗ്യ രംഗത്തെ നിക്ഷേപം വർദ്ധിപ്പിക്കൽ, മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, മത്സ്യ തൊഴിലാളികൾക്കുള്ള സഹായം, CAMPA Fund ഉപയോഗിച്ചുകൊണ്ട് ആദിവാസികൾക്ക് തൊഴിൽ നൽകുന്ന പദ്ധതി തുടങ്ങിയവയാണ് ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സമ്പദ് വ്യവസ്ഥയ്ക്ക് നേരിട്ട് ഉത്തേജനം നൽകാൻ ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജ് പര്യാപ്തമല്ലെന്നും ഇത് ചെറുകിട വായ്പക്കാർക്കും ചെറുകിട വ്യാപാര വ്യവസായങ്ങൾക്കും ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനാണ് ഊന്നൽ നൽകുന്നത് എന്നുമാണ് പൊതുവിൽ വിലയിരുത്തപ്പെടുന്നത്.

**കൊല്ലം റോഡ്സ് ഡിവിഷനിലെ ക്രമക്കേടുകൾ**

58(2341) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ കൊല്ലം റോഡ്സ് ഡിവിഷനിൽ നടന്ന വിവിധ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

ധനകാര്യ പരിശോധനാ സാങ്കേതികേതര വിഭാഗം പൊതുമരാമത്ത് വകുപ്പിലെ കൊല്ലം റോഡ്സ് ഡിവിഷനിൽ നടന്ന വിവിധ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ സാങ്കേതിക വിഭാഗം, പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം എന്നിവരുടെ പങ്കാളിത്തത്തോടെ അന്വേഷണം നടത്തുകയും ഇത് സംബന്ധമായ പരിശോധനാ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച വിശദവിവരം നൽകുമോ?

അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ക്രമക്കേടുകളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു:

1. S/R 2016-17 Providing 20 mm bit cc to Anchalumood-Kureepuzha Road എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. ആനന്ദ് വിനായക്-ന് 6-12-2018-ൽ മാത്രം ലഭ്യമായ മുദ്രപത്രങ്ങളുടെ തീയതി തിരുത്തി 12-6-2018 -ൽ 46/EE/2018-19 നമ്പരിൽ വ്യാജ എഗ്രിമെന്റ്, വ്യാജ എം-ബുക്ക് എന്നിവ സൃഷ്ടിച്ച് വ്യാജ രേഖകളുടെ അടിസ്ഥാനത്തിൽ 15,59,087 രൂപ അനധികൃതമായി അനുവദിച്ചു നൽകി. യഥാർത്ഥത്തിൽ മേൽപ്രവൃത്തി ഭൗതികമായി നടപ്പാക്കിയിട്ടില്ലെന്ന് ക്വാളിറ്റി പരിശോധനകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

2. B/W 2017-18 Improvements by providing DGBM & BC to Neeravil road & Anchalumood-Kureepuzha road ch:2/000 to 4/320 പ്രവൃത്തി യഥാവിധി നടപ്പാക്കാതെ തെറ്റായ അളവുകളിന്മേൽ കരാറുകാരന് തുക അനുവദിച്ചു കൊടുത്തതിലൂടെ സർക്കാർ ഖജനാവിന് 5,85,072 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിയുടെ ക്വാളിറ്റി പരിശോധന യഥാസമയം യഥാവിധി നടപ്പിലാക്കിയിട്ടില്ല.

(സി) പ്രസ്തുത റിപ്പോർട്ടിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ട്. S/R 2016-17 Providing 20 mm bit cc to Anchalumood-Kureepuzha Road എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് 15,59,087 രൂപയും B/W 2017-18 Improvements by providing DGBM & BC to Neeravil road & Anchalumood-Kureepuzha road ch:2/000 to 4/320 എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് 5,85,072 രൂപയും ചേർത്ത് ആകെ 21,44,159 രൂപ പൊതുഖജനാവിന് നഷ്ടം വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ; ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

പരിശോധനാ റിപ്പോർട്ടിൽ താഴെപ്പറയുന്ന 7 ഉദ്യോഗസ്ഥർക്കെതിരേ നടപടികൾ ശിപാർശ ചെയ്തിട്ടുണ്ട്.

1) ശ്രീ. ഉണ്ണിക്കൃഷ്ണൻ നായർ. ജി, സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിലവിൽ)

2) ശ്രീ. സാജൻ. ഡി, എക്സിക്യൂട്ടീവ് എഞ്ചിനീയർ

3) ശ്രീമതി ശോഭ. വി.ആർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

4) ശ്രീമതി പ്രജിത ചന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ

5) ശ്രീമതി സുനിത്ര എസ്., ഓവർസിയർ ഗ്രേഡ്-3

6) ശ്രീ. ജ്യോതി. ജി. എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. ശിപാർശകളിന്മേലുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

(ഇ) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തിക**

59(2342) ശ്രീ. കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിഗണനയിലുണ്ടോ; പ്രസ്തുത പ്രൊപ്പോസൽ വകുപ്പിന് എന്നാണ് ലഭിച്ചത്; ഇതിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിഗണനയിലില്ല.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജോലിഭാരവും ചുമതലകളും വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?

ഭരണ വകുപ്പിൽനിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

60(2343) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയമെന്താണ്; വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുക എന്ന സർക്കാർ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി 7-11-2018-ലെ സ.ഉ.(അ) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം ശ്രീ. എസ്. സതീഷ്ചന്ദ്ര ബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ്. (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയെ നിയമിച്ചിട്ടുണ്ട്.*

(ബി) ടി പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് കേന്ദ്രസർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്; അവ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് കേന്ദ്രസർക്കാർ അനുവദിച്ച നൽകിയിരിക്കുന്ന വിവിധ ആനുകൂല്യങ്ങൾ, സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്കും അനുവദിക്കുന്നത് സംബന്ധിച്ച് പുനഃപരിശോധനാ സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിനുശേഷം സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ക്ഷാമബത്ത കുടിശ്ശിക**

61(2344) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അർഹമായ ക്ഷാമബത്ത എന്നുമുതൽ നൽകിത്തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും അതിനായി സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും രണ്ട് ക്ഷാമബത്ത ഗഡുക്കൾ കുടിശ്ശികയായി നൽകാനുണ്ട്. 2021 ഏപ്രിൽ മാസം മുതൽ ഒരു ഗഡുവും 2021 ഒക്ടോബറിൽ രണ്ടാമത്തെ ഗഡുവും അനുവദിക്കുന്നതും കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിക്കുന്നതുമാണ്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ**

62(2345) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ നിന്ന് 31-8-2008-ന് ഫുൾടൈം സ്വീപ്പറായി റിട്ടയർ ചെയ്ത ശ്രീ. സി. ഉമ്മർ, പലാശീരി ഹൗസ്, പൊന്നാട്, ഓമാനൂർ (പി.ഒ.) എന്നയാൾക്ക് അർഹമായും ലഭിക്കേണ്ട

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നാളിതുവരെയായി ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത് ഭരണവകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നായതിനാൽ ടി വിഷയം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇദ്ദേഹത്തിന് അർഹമായ ആനുകൂല്യങ്ങൾ നൽകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടും നാളിതുവരെയായി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഭരണ വകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടത്.

(സി) ദീർഘകാലം സർക്കാർ സർവ്വീസിൽ സേവനം ചെയ്ത വ്യക്തിക്ക് ഇത്തരമൊരു ദുരനുഭവമുണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ?

ബാധകമല്ല.

**സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ**

63(2346) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴ്ന്ന വരുമാനക്കാരായ ഭൂരിഭാഗം സർക്കാർ ജീവനക്കാരും സമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽതന്നെ ലീവ് സറണ്ടർ ആനുകൂല്യത്തിന് അപേക്ഷിക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലോക്ക്ഡൗണും മറ്റ് നിയന്ത്രണങ്ങളും കാരണം ഓഫീസ് പ്രവർത്തനങ്ങളിലുണ്ടായ തടസ്സംകാരണം 2020 ഏപ്രിൽ 1 മുതൽ 15 വരെയുള്ള കാലയളവിൽ ലീവ് സറണ്ടർ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിരുന്ന ജീവനക്കാർക്ക് ആയത് യഥാസമയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാർ ഓഫീസുകൾക്ക് കഴിഞ്ഞിരുന്നില്ല എന്നത് പരിഗണിക്കുകയുണ്ടായോ?

16-4-2020-ലെ സ.ഉ.(പി) നമ്പർ 42/2020/ധന. ഉത്തരവ് പ്രകാരം എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവായിരുന്നു. തീർപ്പാക്കാനുണ്ടായിരുന്ന എല്ലാ ബില്ലുകൾക്കും ടി ഉത്തരവ് ബാധകമാക്കുകയും പണമാക്കി മാറ്റാതെ ശേഷിക്കുന്ന എല്ലാ ഉത്തരവുകളും റദ്ദാക്കി അവധി

ജീവനക്കാരന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

(സി) 2020 ഏപ്രിൽ മാസത്തിൽ ലീവ് അക്കൗണ്ടിൽ മുന്നൂറ് അവധികൾ തികഞ്ഞ ജീവനക്കാർക്ക് യഥാസമയം സറണ്ടർ ആനുകൂല്യം അനുവദിച്ച് നൽകാത്തതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണ് എന്നതിനാൽ ഇക്കാര്യത്തിൽ പ്രത്യേക നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

(ഡി) ഇത്തരം കേസ്സുകളിൽ ജീവനക്കാർ അപേക്ഷ സമർപ്പിച്ച തീയതി പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം പി.എഫ്.-ൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ ലീവ് സറണ്ടർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ആർജ്ജിതാവധി സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുവാൻ വ്യവസ്ഥയില്ല. ഇത് വ്യക്തമാക്കി 29-7-1969-ൽ സർക്കുലർ നമ്പർ 66/69/ധന. പുറപ്പെടുവിച്ചിട്ടുണ്ട്.

**ലീവ് സറണ്ടർ**

64(2347) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് വാർഷിക ലീവ് സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവ് പ്രകാരം; പകർപ്പ് ലഭ്യമാക്കാമോ?

സർക്കാർ ജീവനക്കാർക്ക് വാർഷിക ലീവ് സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ഇത് വ്യക്തമാക്കിക്കൊണ്ട് 29-7-1969-ൽ സർക്കുലർ നമ്പർ 66/69 ധന. പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 5-11-2020 മുതൽ തുക പി.എഫ്.-ൽ ലയിപ്പിക്കുമെന്ന വ്യവസ്ഥയിൽ ലീവ് സറണ്ടർ പുനഃസ്ഥാപിച്ച സാഹചര്യത്തിൽ 16-4-2020 മുതൽ മൂന്ന് മാസത്തേക്കും പിന്നീട് ഘട്ടം ഘട്ടമായി 4-11-2020 വരെയും സറണ്ടർ മരവിപ്പിച്ച കാലയളവിൽ സറണ്ടറിന് അപേക്ഷിച്ചവർക്ക് അവർ അപേക്ഷിച്ച തീയതി പ്രാബല്യത്തിൽ സറണ്ടർ അനുവദിക്കുന്നതിന് തടസ്സമുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്ക് വാർഷിക ലീവ് സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ഈ വ്യവസ്ഥ വ്യക്തമാക്കി പുറപ്പെടുവിച്ച 29-7-1969-ലെ സർക്കുലർ നമ്പർ 66/69/ധന. അനുബന്ധമായി* ചേർക്കുന്നു. 16-4-2020-ലെ സ.ഉ.(പി) നമ്പർ 42/2020/ധന. ഉത്തരവ് പ്രകാരം തീർപ്പാക്കാനുണ്ടായിരുന്ന എല്ലാ ബില്ലുകൾക്കും ടി ഉത്തരവ് ബാധകമാക്കുകയും പണമാക്കി മാറ്റാതെ ശേഷിക്കുന്ന എല്ലാ ഉത്തരവുകളും റദ്ദാക്കി അവധി തിരികെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 5-11-2020-ലെ സ.ഉ.(അ) നമ്പർ 152/2020/ധന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 2020 നവംബർ മുതൽ അപേക്ഷ സമർപ്പിക്കുന്ന തീയതി പ്രാബല്യത്തിൽ മാത്രമേ ആർജ്ജിതാവധി സറണ്ടർ അനുവദിക്കുവാൻ വ്യവസ്ഥയുള്ളു.

(സി) റിട്ടയർ ചെയ്യാൻ ഏതാനും വർഷം മാത്രം ബാക്കിയുള്ള ജീവനക്കാർ ടെർമിനൽ സറണ്ടറിനായി അവരുടെ ലീവ് അക്കൗണ്ടിൽ പരമാവധി ലീവുകൾ സൂക്ഷിച്ചുവയ്ക്കുന്നതിന് വാർഷിക സറണ്ടറുകൾ ഒഴിവാക്കുകയും എന്നാൽ 300 എണ്ണത്തിൽ കവിയാതിരിക്കാൻ ഏതാനും ലീവുകൾ മാത്രം വാർഷികമായി സറണ്ടർ ചെയ്യുകയും ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ആർ ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണ്. ക്രെഡിറ്റിലെ ലഭ്യതയ്ക്ക് വിധേയമായി മിനിമം പരിധിയില്ലാതെ ഒരു സാമ്പത്തിക വർഷം പരമാവധി 30 ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതാണ്.

(ഡി) ലീവ് സറണ്ടർ മരവിപ്പിച്ച കാലയളവിൽ 300 എന്ന പരമാവധി എണ്ണം കവിഞ്ഞ് ലീവ് നഷ്ടവും അതുമൂലമുള്ള സാമ്പത്തിക നഷ്ടവും ഒഴിവാക്കാൻ സറണ്ടറിന് അപേക്ഷിച്ചവർക്ക് അത് അനുവദിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ. ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണ് എന്നതിനാൽ ഇത്തരം പരാതികൾക്ക് പ്രസക്തിയില്ല.

(ഇ) ഇപ്രകാരം സറണ്ടർ അനുവദിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(എഫ്) എങ്കിൽ ജീവനക്കാരുടേതല്ലാത്ത കാരണത്താൽ സറണ്ടർ അനുവദിക്കാത്തതുമൂലം ലീവ് നഷ്ടവും അതുമൂലം സാമ്പത്തിക നഷ്ടവും വന്നവർക്ക് അത് പരിഹരിക്കാൻ പ്രസ്തുത കാലയളവിലെ സറണ്ടർ അപേക്ഷകൾക്ക് മുൻകാല പ്രാബല്യം അനുവദിക്കുമോ; വിശദമാക്കുമോ?

ആർജ്ജിതാവധി സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. 29-7-1969-ലെ 66/69/ധന. നമ്പർ സർക്കുലർ പ്രകാരം ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

**ശമ്പളകമ്മീഷൻ ഇടക്കാല റിപ്പോർട്ട്**

65(2348) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വേതനം പരിഷ്കരിക്കുവാൻ നിയോഗിച്ച കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത കമ്മീഷന്റെ കാലാവധി ഇതിനകം എത്ര തവണ നീട്ടിയിട്ടുണ്ടെന്നറിയിക്കാമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കമ്മീഷന്റെ കാലാവധി ഇതിനകം രണ്ട് തവണ നീട്ടി നൽകിയിട്ടുണ്ട്.

(ബി) കമ്മീഷനോട് ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്?

ശമ്പള പരിഷ്കരണത്തിന്റെ ആദ്യഭാഗ റിപ്പോർട്ട് 31-1-2021-ന് മുൻപ് സമർപ്പിക്കുന്നതിന് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ തന്നെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് ജനുവരി അവസാനം ലഭിക്കുമെന്നും അപ്രകാരം ലഭ്യമാകുന്ന കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഏപ്രിൽ മാസം മുതൽ ശമ്പളവും പെൻഷനും പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കുമെന്നും ശമ്പള കുടിശ്ശിക 3 ഗഡുക്കളായി പിന്നീട് നൽകുന്നതാണെന്നും 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

66(2349) ശ്രീ. കെ. എൻ.എ. ഖാദർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 21-10-2020-ലെ സ.ഉ(സാധാ) നമ്പർ 6065/2020/ധന. ഉത്തരവ് മുഖേന സമിതിയുടെ കാലാവധി 30-4-2021 വരെയോ സമിതിയെ ചുമതപ്പെടുത്തിയിട്ടുള്ള ജോലി പൂർത്തീകരിക്കുന്നതുവരെയോ ഏതാണോ ആദ്യം, അതുവരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ബി) സമിതിയുടെ പ്രവർത്തനത്തിനായി ഇതിനകം എന്തു തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ചു വ്യക്തമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പ്രവർത്തനത്തിനായി ഇതേവരെ 55,89,729 (അൻപത്തി അഞ്ച് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തൊൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

| ഇനം | തുക |
|---|---|
| ഓണറേറിയം: -ചെയർമാൻ & അംഗങ്ങൾ | 36,82,500 |
| വാഹന വാടക | 11,55,373 |
| വേതനം: ഓഫീസ് അറ്റന്റന്റ് കുടുംബശ്രീ<br>-പി.ടി.എസ് | 1,20,010<br>74,560 |
| വാടക -ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് | 5,08,725 |
| പലവക/ഓഫീസ് ചെലവുകൾ | 48,561 |
| ആകെ | 55,89,729 രൂപ |

**ലീവ് സറണ്ടർ**

67(2350) <u>ശ്രീ എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് കോവിഡ് രോഗവ്യാപനവും ലോക്ക്ഡൗണുംമൂലം സാമ്പത്തിക പ്രതിസന്ധി ഉണ്ടായതിനെ തുടർന്ന് സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം താത്കാലികമായി മരവിപ്പിച്ചുകൊണ്ട് 2020 ഏപ്രിൽ 16-ന് ഇറങ്ങിയ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

16-4-2020-ലെ സ.ഉ.(പി) നമ്പർ 42/2020/ധന. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം താത്കാലികമായി മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ലീവ് സറണ്ടർ ആനുകൂല്യം പുനഃസ്ഥാപിച്ചുകൊണ്ട് 2020 നവംബർ 5-ാം തീയതി ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും സർക്കാർ ജീവനക്കാരുടെ അവധി അക്കൗണ്ടിൽ നിലനിർത്താവുന്ന പരമാവധി ആർജ്ജിത അവധിയുടെ എണ്ണം 300 ആയി നിജപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ 2020 ഏപ്രിൽ മാസത്തിൽ ലീവ് അക്കൗണ്ടിൽ 300 തികഞ്ഞ, വിരമിക്കാറായ ജീവനക്കാർക്ക് സഹിതം 2020 ഏപ്രിൽ മുതൽ നവംബർ 5 വരെ ലീവ് സറണ്ടർ അനുവദിക്കാത്തതുകൊണ്ട് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കുമോ;

(സി) ഇപ്രകാരമുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് 2020 ഏപ്രിൽ മുതൽ ലീവ് സറണ്ടർ പ്രാബല്യത്തിൽ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകാൻ കഴിയുമോ?

(ബി&സി) കെ.എസ്.ആർ. ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണ്.

(ഡി) അല്ലാത്തപക്ഷം ലീവ് സറണ്ടർ മരവിപ്പിച്ചുകൊണ്ട് 2020 ഏപ്രിൽ 16-നാണ് ഉത്തരവ് ഇറങ്ങിയതെന്നതിനാൽ ഏപ്രിൽ 1 മുതൽ 15 വരെ ലീവ് സറണ്ടർ ചെയ്യുന്നതിന് അപേക്ഷിച്ചവരെ പ്രത്യേകമായി പരിഗണിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

16-4-2020-ലെ സ.ഉ.(പി) നമ്പർ 42/2020/ധന. നമ്പർ ഉത്തരവ് പ്രകാരം എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവായിരുന്നു. തീർപ്പാക്കാനുണ്ടായിരുന്ന എല്ലാ ബില്ലുകൾക്കും ടി ഉത്തരവ് ബാധകമാക്കുകയും

പണമാക്കി മാറ്റാതെ ശേഷിക്കുന്ന എല്ലാ ഉത്തരവുകളും റദ്ദാക്കി അവധി തിരികെ ജീവനക്കാരന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

**സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

68(2351) ശ്രീ. ഒ. രാജഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കാനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നേരിടേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങളാണ് ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നത്. ടി പരിതസ്ഥിതിയിലും ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് ജനുവരി അവസാനം ലഭിക്കുമെന്നും കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഏപ്രിൽ മാസം മുതൽ ശമ്പളവും പെൻഷനും പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കുമെന്നും കഴിഞ്ഞ ശമ്പള പരിഷ്കരണത്തിലെന്നപോലെ ശമ്പള കുടിശിക മൂന്ന് ഗഡുക്കളായി പിന്നീട് നൽകുന്നതാണെന്നും 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബാധകമാകേണ്ട ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

മെഡിസെപ് പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നതിനായി റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് തത്വത്തിൽ അംഗീകാരം നൽകി. എങ്കിലും എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ടി അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിരുന്നു. പദ്ധതി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തിയും അഡ്വക്കേറ്റ് ജനറൽ കേരള നിർദ്ദേശിച്ച നിബന്ധനകൾ ചേർത്തും ആർ.എഫ്.പി. (Request for Proposal) വീണ്ടും പരിഷ്കരിച്ച് റി-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. മെഡിസെപ് 2021-22-ൽ നടപ്പാക്കുമെന്ന് 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഈ ജീവനക്കാർക്ക് ഇതുവരെ കുടിശ്ശികയായ ക്ഷാമബത്ത അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും കുടിശ്ശികയായ രണ്ട് ക്ഷാമബത്ത ഗഡുക്കളിൽ ഒന്ന് 2021 ഏപ്രിൽ മാസവും രണ്ടാമത്തെ ഗഡു 2021 ഒക്ടോബറിലും അനുവദിക്കുമെന്നും കുടിശ്ശിക പി.എഫ്. -ൽ ലയിപ്പിക്കുമെന്നും 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

69(2352) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013 ഏപ്രിൽ 1-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കാമോ?

ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2020 ഡിസംബർ 31 വരെ 1,29,663 സർക്കാർ ജീവനക്കാർ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പെൻഷൻ വിഹിതം ജീവനക്കാരിൽ നിന്നും പിടിച്ച് ഏത് അക്കൗണ്ടിലാണ് വകകൊള്ളിക്കുന്നത്; നിലവിൽ അതിൽ എത്ര തുകയുണ്ടെന്നറിയിക്കാമോ?

6-2-2014-ലെ സർക്കുലർ നമ്പർ 07/14/ധന. ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശ പ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നിവയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും കൂടി ചേർത്താണ് നിക്ഷേപിച്ച് വരുന്നത്. ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2020 ഡിസംബർ 31 വരെ 1481.429 കോടി രൂപ സംസ്ഥാന ജീവനക്കാരുടെ വിഹിതമായി പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ജീവനക്കാരുടെ പെൻഷൻ വിഹിതം ഓരോ വർഷവും സർക്കാർ എത്രയാണ് ഒടുക്കുന്നത്; 2013 മുതൽ 2020 വരെ വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

| വർഷം | തുക (കോടിയിൽ) |
|---|---|
| 2013-14 | 0.01 |
| 2014-15 | 21.96 |
| 2015-16 | 68.05 |
| 2016-17 | 125.645 |
| 2017-18 | 216.815 |
| 2018-19 | 293.355 |
| 2019-20 | 417.67 |

(ഡി) 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത തുക ഒടുക്കുന്നതിനായി ബജറ്റിൽ എത്ര തുക നീക്കിവച്ചു; ഡിമാന്റ് നമ്പരും അക്കൗണ്ട് ശീർഷകവും ഏതെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**പങ്കാളിത്ത പെൻഷൻ പദ്ധതി**

70(2353) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇക്കാര്യത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പാക്കുന്നതിന്റെ ഭാഗമായി 7-11-2018 - ലെ സ.ഉ.(അ) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം ശ്രീ. എസ്. സതീഷ്ചന്ദ്ര ബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയെ നിയമിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കാനായി സർക്കാർ നിർദേശിച്ച സമയപരിധി എന്നുവരെയാണെന്നും പുനഃപരിശോധനാ സമിതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്നും വെളിപ്പെടുത്താമോ?

സർക്കാരിന്റെ 21-10-2020-ലെ സ.ഉ (സാധാ) നമ്പർ 6065/2020/ധന ഉത്തരവ് പ്രകാരം സമിതിയുടെ പ്രവർത്തന കാലാവധി 1-11-2020 മുതൽ 30-4-2021 വരെ പരമാവധി ആറ് മാസത്തേയ്ക്ക് കൂടിയോ അല്ലെങ്കിൽ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാകുന്നതു വരെയോ ഏതാണോ ആദ്യം, അതുവരെ ദീർഘിപ്പിച്ചു നൽകിയിരിക്കുന്നതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരികയാണ്.

(സി) ഈ സർക്കാരിന്റെ കാലത്തു തന്നെ പങ്കാളിത്ത പെൻഷൻ സംബന്ധിച്ച പുനഃപരിശോധനയിൽ തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ 21-10-2020-ലെ സ.ഉ (സാധാ) നമ്പർ 6065/2020/ധന. ഉത്തരവ് പ്രകാരം സമിതിയുടെ പ്രവർത്തന കാലാവധി 1-11-2020 മുതൽ 30-4-2021 വരെ പരമാവധി ആറ് മാസത്തേയ്ക്ക് കൂടിയോ അല്ലെങ്കിൽ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാകുന്നതു വരെയോ ഏതാണോ ആദ്യം, അതുവരെ ദീർഘിപ്പിച്ചു നൽകിയിരിക്കുന്നതിനാൽ ഏപ്രിൽ 30-ന് മുൻപായി, ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് തന്നെ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് സർക്കാർ സമിതിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

**ക്ഷാമബത്ത കുടിശ്ശിക**

71(2354) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ അനുവദിക്കുവാനുള്ള ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

2021 ഏപ്രിൽ മാസം മുതൽ ഒരു ഗഡുവും ഒക്ടോബറിൽ രണ്ടാമത്തെ ഗഡുവും അനുവദിക്കുന്നതാണ്. കുടിശ്ശിക പി എഫ്.-ൽ ലയിപ്പിക്കും.

(ബി) കോവിഡ്-19 ന്റെ ഭാഗമായി നിലവിലുള്ള ധനപ്രതിസന്ധി ഉണ്ടാകുന്നതിന് മുമ്പുതന്നെ ജീവനക്കാരുടെ ക്ഷാമബത്തയിൽ കുടിശ്ശിക വരുത്തുവാനിടയായ സാഹചര്യം വിശദമാക്കാമോ?

തുടർച്ചയായി ഉണ്ടായ പ്രളയങ്ങൾ സംസ്ഥാനത്തിന്റെ വരുമാനത്തെ ഗണ്യമായി ബാധിച്ച പശ്ചാത്തലത്തിലാണ് ജീവനക്കാരുടെ ക്ഷാമബത്തയിൽ കുടിശ്ശിക വരുത്തുവാനിടയായത്.

(സി) കുടിശ്ശിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വീസ്-പെൻഷൻ സംഘടനകൾ നൽകിയ നിവേദനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് സർവ്വീസ്/പെൻഷൻ സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് അവ പരിഗണിക്കുന്നതാണെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ച പദ്ധതി വിഹിതം**

72(2356) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി വിഹിതമായി എത്ര രൂപ നീക്കിവച്ചുവെന്നും 2019-20, 2020 ഏപ്രിൽ മുതൽ 2021 ജനുവരി ഒന്നു വരെയും എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

2019-20 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും യഥാക്രമം 5533.71 കോടി രൂപയും 1966.29 കോടി രൂപയും ചേർത്ത് ആകെ 7500 കോടി രൂപ അനുവദിച്ചതിൽ 3199.99 കോടി രൂപ ത്രിതല പഞ്ചായത്തുകളും 841.07 കോടി രൂപ നഗരസഭകളും ചെലവഴിച്ചതും ചേർത്ത് മൊത്തം 4041.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി വിഹിതമായി വകയിരുത്തിയ 7158 കോടി രൂപയിൽ 2020 ഏപ്രിൽ മുതൽ 2020 ഡിസംബർ 31 വരെ 6998 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2019-20 കാലഘട്ടത്തിൽ പൂർത്തിയാക്കി സമർപ്പിച്ച എത്ര പ്രവൃത്തികൾക്ക് ഇനിയും പണം നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

2019-20 വർഷം ക്യൂവിലുണ്ടായിരുന്നതും നടപടിക്രമം പാലിച്ച് പ്രാദേശിക സർക്കാരുകൾ നടപ്പ് സാമ്പത്തിക വർഷം ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ളതുമായ മുഴുവൻ ബില്ലുകളും പാസ്സാക്കി നൽകിയിട്ടുണ്ട്. നിലവിൽ (18-1-2021 വരെ) ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിരുന്ന 121.06 കോടി രൂപയുടെ ബില്ലുകൾ മാറി നൽകാനുണ്ട്.

(സി) 2020-21 സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ എത്ര ഗഡു പണം റിലീസ് ചെയ്തുവെന്നും അവസാനത്തെ ഗഡു എന്ന് റിലീസ് ചെയ്യുമെന്നും അറിയിക്കുമോ?

2020-21 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി അവസാന ഗഡുവടക്കം മൂന്ന് ഗഡുക്കളും പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുണ്ട്.

**മഞ്ചേരി മണ്ഡലത്തിലെ പ്രവൃത്തികളുടെ ഭരണാനുമതി**

73(2357) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ 2018-19, 2019-20, 2020-21 വർഷങ്ങളിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുകയാണ് ധനകാര്യവകുപ്പ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) മഞ്ചേരി മണ്ഡലവുമായി ബന്ധപ്പെട്ട് നിലവിൽ അനുമതി നൽകാൻ ഏതെല്ലാം പ്രവൃത്തികളുടെ പ്രൊപ്പോസലാണ് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ളത്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഇ.കെ.നായനാർ സ്മാരക ഗ്രൗണ്ട്**

74(2358) ശ്രീ. റ്റി. വി. രാജേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി കെ.പി.ആർ.ഗോപാലൻ സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ ഇ.കെ.നായനാർ സ്മാരക ഗ്രൗണ്ട് നവീകരിക്കുന്നതാണെന്ന് 2019-20 വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് സമർപ്പിച്ച 2.99 കോടി രൂപയുടെ വിശദമായ പ്രൊപ്പോസലിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ഭരണാനുമതി ലഭിച്ചെങ്കിലും പ്രസ്തുത ശീർഷകത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ധനകാര്യ വകുപ്പിൽ സമർപ്പിച്ച അധിക ധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസലിന് ഫണ്ട് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2019-20 ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ KPRGHSS കല്ല്യാശ്ശേരി ഗ്രൗണ്ടിലെ അടിസ്ഥാന കായിക സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുന്നത് സംബന്ധിച്ചുള്ള പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തെ ഉപധനാഭ്യർത്ഥനയിൽ ഇതിനായി 2202-02-800-46 EK Nayanar Memorial Ground in KPR Gopalan Higher Secondary School, Kalyassery (PV) ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തെ ബഡ്ജറ്റിൽ നിന്നും തുക വിനിയോഗിക്കുന്നതിന് കായിക യുവജനകാര്യ വകുപ്പ് 31-3-2020-ലെ സർക്കാർ ഉത്തരവ് നമ്പർ 73/2020/കാ.യു.വ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 2019-20 സാമ്പത്തിക വർഷം ധനകാര്യ വകുപ്പിൽ ലഭ്യമായിരുന്നില്ല. നടപ്പ് സാമ്പത്തിക വർഷം 2202-02-800-46 EK Nayanar Memorial Ground in KPR Gopalan Higher Secondary School, Kalyassery (PV) ശീർഷകത്തിൽ 2,99,77,770 രൂപ അധിക തുകയായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**കേരള ബഡ്ജറ്റ്**

75 (2359) ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ കേരള ബഡ്ജറ്റ് വഴി അനുവദിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും സ്പെഷ്യൽ സാംഗ്ഷനും അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രകാരം അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും അതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഇരിങ്ങാലക്കുട മണ്ഡലത്തിലെ പദ്ധതികൾ**

76(2360) പ്രൊഫ. കെ. യു. അരുണൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബജറ്റിൽ പ്രഖ്യാപിച്ച ഇരിങ്ങാലക്കുട മണ്ഡലത്തിലെ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വാർഷിക ബജറ്റുകളിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF)

കീഴിൽ ഒരു കോടി രൂപ വീതവും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ, വകുപ്പ് തലവന്മാർ എന്നിവർ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് കീഴിൽ 189.29 കോടി രൂപയുടെ പ്രവൃത്തികളും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ 28.78 കോടി രൂപയുടെ പ്രവൃത്തികളും ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ വിവിധ ഘട്ടങ്ങളിൽ നടന്നുവരികയാണ്. കൂടാതെ ജലസേചനവും ഭരണവും വകുപ്പിന്റെ കീഴിൽ കണ്ണിക്കര കനാൽ വെൺകുളം ചിറ നവീകരണത്തിനായി 1 കോടി രൂപ 2020-21 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി പുറപ്പെടുവിക്കുന്ന നടപടികൾ നടന്നുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ചിട്ടുള്ള 434.39 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. കൈത്തറി യൂണിഫോം പദ്ധതിക്കായി 2016-2021 കാലയളവിൽ 19,01,028 രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതുമരാമത്ത് നിരത്തു വിഭാഗം പ്രവൃത്തികളുടെ റിപ്പോർട്ട് അനുബന്ധമായും പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികളുടെ റിപ്പോർട്ട് അനുബന്ധമായും കിഫ്ബിയുടെ കീഴിലുള്ള പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായും ചേർത്തിരിക്കുന്നു.*

### ബഡ്ജറ്റ് വിഹിതം

77(2361) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തികവർഷവും പൊതുമരാമത്ത് വകുപ്പിന് നൽകിയ ബഡ്ജറ്റ് വിഹിതം എത്രയെന്ന് വിശദമാക്കുമോ?

| വർഷം | ഉപധനാഭ്യർത്ഥന ഉൾപ്പെടെ (ബജറ്റ് വിഹിതം കോടിയിൽ) |
|---|---|
| 2016-17 | 5709.40 |
| 2017-18 | 5858.86 |
| 2018-19 | 5587.51 |
| 2019-20 | 7272.02 |
| 2020-21 | 6587.72 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന് ലഭിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ ഗണ്യമായ കുറവുണ്ടായി എന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻഫണ്ട്**

78 (2362) ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിനത്തിൽ 2020-21-ൽ സംസ്ഥാന ബജറ്റിലുൾപ്പെടുത്തി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്?

2020-21 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിനത്തിൽ 7276.76 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) കോവിഡിന്റെയും ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകളുടെയും സാഹചര്യത്തിൽ വാർഷിക പദ്ധതികൾ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സമയം നീട്ടിനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾക്ക് ഏപ്രിൽ 1 മുതൽ സ്പിൽ ഓവറായി തുടരാവുന്നതാണ്. ഇത്തരത്തിൽ സ്പിൽ ഓവറായി തുടരുന്ന പ്രോജക്ടുകൾക്ക് ഒരു നിശ്ചിത 'ക്യാരി ഓവർ' തുക അനുവദിക്കുന്നതാണ്. അതിനാൽ തന്നെ സമയം നീട്ടി നൽകേണ്ട ആവശ്യം വരുന്നില്ല.

(സി) പുതിയ ഭരണസമിതികൾ അധികാരമേറ്റ സാഹചര്യത്തിൽ അംഗീകാരം ലഭിച്ച വാർഷിക പദ്ധതികളിൽ മാറ്റം വേണ്ടവയ്ക്ക് അവ മാറ്റുന്നതിനും പകരം പുതിയവ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കഴിഞ്ഞ ഭരണസമിതി തയ്യാറാക്കിയ നടപടിക്രമങ്ങൾ പാലിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി വ്യാപകമായി ഭേദഗതി ചെയ്യുന്നത് അഭികാമ്യമല്ല. എന്നാൽ അനിവാര്യമായ ഭേദഗതികൾ നടത്തുന്നതിന് 10-1-2021-ലെ സ.ഉ.(സാധാ)നമ്പർ 63/2021/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

79(2363) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ എത്ര കോടി രൂപയുടെ ബഡ്ജറ്റാണ് നിയമസഭ പാസ്സാക്കിയത്; എത്ര ഇനങ്ങളിലാണ് തുക വകയിരുത്തിയത്;

(ബി) പിന്നിട്ട ഡിസംബർ 31 വരെ ഓരോ വകുപ്പിനും നീക്കിവെച്ച തുകയും ചെലവഴിക്കപ്പെട്ട തുകയും വ്യക്തമാക്കാമോ; ഓരോ വകുപ്പും എത്ര ചെലവഴിച്ചുവെന്നതും വ്യക്തമാക്കാമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷം 1,70,43,118 കോടി രൂപയുടെ ബഡ്ജറ്റാണ് നിയമസഭ പാസ്സാക്കിയത്. 2020-21 സാമ്പത്തിക വർഷം ഓരോ വകുപ്പിനും വിവിധ ധനാഭ്യർത്ഥനകളിലൂടെ വകയിരുത്തിയ തുകയും (ഉപധനാഭ്യർത്ഥന ഉൾപ്പെടെ), 2020 - നവംബർ 30 വരെ ചെലവഴിച്ച തുകയും (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ആസ്തി വികസന ഫണ്ടിൽ എം.എൽ.എ.-മാർക്ക് ചെലവഴിക്കുന്നതിനായി എത്ര തുക നീക്കിവച്ചു; അതിൽ എത്ര ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

നിയോജകമണ്ഡലങ്ങളിൽ ചെലവഴിക്കുന്നതിനായി ഓരോ എം.എൽ.എ-ക്കും 5 കോടി രൂപ വീതം ആകെ 705 കോടി രൂപ ആസ്തി വികസന പദ്ധതിക്കായുള്ള വിവിധ ശീർഷകങ്ങളിലായി വകയിരുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിച്ചശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി, പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ചെലവഴിച്ച തുക സംബന്ധിച്ച വിവരം കണക്കാക്കാൻ കഴിയുകയുള്ളൂ.

## ബഡ്ജറ്റിൽ പ്രഖ്യാപിച്ച പാക്കേജുകൾ

80 (2364) ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ലെ ബജറ്റ് പ്രസംഗത്തിൽ നാലാമത്തെ ചാപ്റ്ററിൽ പ്രഖ്യാപിച്ച തീരദേശ പാക്കേജ്, കുട്ടനാട് പാക്കേജ്, വയനാട് പാക്കേജ്, ഇടുക്കി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാക്കേജ് എന്നിവയ്ക്ക് ഓരോന്നിനും 2020 ഡിസംബർ 31 വരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയെന്നും എത്ര രൂപയുടെ അനുമതി വീതമാണ് നൽകിയതെന്നും വെളിപ്പെടുത്തുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സാമൂഹ്യക്ഷേമ പെൻഷനുകൾ**

81(2365) <u>ശ്രീ. രാജു എബ്രഹാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്ന വിവിധ ക്ഷേമ പെൻഷനുകളുടെ തുക എത്ര വീതമായിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇക്കാലയളവിൽ എത്ര പേർക്കാണ് ഇങ്ങനെ സാമൂഹ്യക്ഷേമ പെൻഷൻ ലഭിച്ചുവന്നിരുന്നത്; ഇവ നൽകുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ തുക, ഗുണഭോക്താക്കളുടെ എണ്ണം ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.* ക്ഷേമനിധി ബോർഡുകളിൽ വ്യത്യസ്ത നിരക്കായിരുന്നു. ഇക്കാലയളവിൽ 4132826 പേർക്കാണ് സാമൂഹ്യസുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിച്ചിരുന്നത്. ഇവ നൽകുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് 1473.67 കോടി രൂപയും ക്ഷേമനിധി ബോർഡുകൾക്ക് 260.35 കോടി രൂപയും വ്യത്യസ്ത കാലയളവുകളിലായി കുടിശ്ശിക നൽകാനുണ്ടായിരുന്നു. ഗുണഭോക്താക്കൾക്കുണ്ടായ കുടിശ്ശികയ്ക്ക് ഏകീകൃത കാലയളവ് ഉണ്ടായിരുന്നില്ല.

(ബി) സർക്കാർ അധികാരമേറ്റെടുത്ത ശേഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളുടെ കുടിശ്ശിക തീർക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

സർക്കാർ അധികാരമേറ്റെടുത്തശേഷം വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾക്ക് കുടിശ്ശികയായുണ്ടായിരുന്ന 1473.67 കോടി രൂപയും ക്ഷേമനിധി ബോർഡുകൾക്ക് കുടിശ്ശിക നൽകാനുണ്ടായിരുന്ന 260.35 കോടി രൂപയും ചേർത്ത് ആകെ 1734.02 കോടി രൂപ കുടിശ്ശിക തീർക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സർക്കാർ എത്ര തവണയായി എത്ര രൂപ വീതം വിവിധ സാമൂഹികക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ എത്ര രൂപയാണ് ഈയിനത്തിൽ പ്രതിമാസം ചെലവഴിക്കുന്നത്; എത്രയാളുകൾക്ക് ഇങ്ങനെ ക്ഷേമപെൻഷനുകൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; നിലവിൽ ഏതെങ്കിലും ക്ഷേമപെൻഷനുകളിൽ കുടിശ്ശികയുണ്ടോ?

ഈ സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഓരോന്നും 1-6-2016 ൽ 1000 രൂപയായും 1-4-2017 മുതൽ 1100 രൂപയായും 1-4-2019 മുതൽ 1200 രൂപയായും ഉയർത്തുകയും ഉയർന്ന നിരക്കിൽ പെൻഷൻ അനുവദിക്കപ്പെട്ടിരുന്നവർക്ക് അത് തുടർന്നും വാങ്ങുവാനും അനുവദിച്ചിരുന്നു. വിവിധ ക്ഷേമനിധി പെൻഷനുകൾക്കും ഈ വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. 80 ശതമാനവും അതിൽ കൂടുതലും വൈകല്യമുള്ളവർക്ക് 21-2-2018 മുതൽ പെൻഷൻ തുക 1100 രൂപയിൽ നിന്നും 1300 രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് 1-4-2020 മുതൽ സാമൂഹ്യസുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ തുക 1300 രൂപയായും 1-9-2020 മുതൽ 1400 രൂപയായും വർദ്ധിപ്പിച്ചിരുന്നു. 5-1-2021-ലെ സ.ഉ.(എം.എസ്.) നമ്പർ 3/2021/ധന. പ്രകാരം 2021 ജനുവരി മുതൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ തുക 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രതിമാസം ക്ഷേമ പെൻഷനുകൾ നൽകുന്നതിനായി 710.81 കോടി രൂപ ചെലവുവരും (2020 ഡിസംബർ മാസത്തെ കണക്കുകൾ പ്രകാരം (1400 രൂപ നിരക്കിൽ)). 1500 രൂപ നിരക്കിൽ പെൻഷൻ നൽകുമ്പോൾ പ്രതിമാസ ചെലവ് 41.64 കോടി രൂപ കൂടി വർദ്ധിക്കുന്നതായിരിക്കും. നിലവിൽ 5252843 പേർക്കാണ് സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ നൽകുന്നത്. നിലവിൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ കുടിശ്ശികയില്ല.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യക്തികൾക്ക് ക്ഷേമപെൻഷനുകൾ നൽകിയിരുന്നത് എങ്ങനെയാണ്; ഇപ്പോൾ ഇതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

പോസ്റ്റോഫീസ് അക്കൗണ്ട്, ബാങ്ക് അക്കൗണ്ട്, ഇലക്ട്രോണിക് മണിയോർഡർ എന്നിവ വഴിയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷേമപെൻഷനുകൾ നൽകിയിരുന്നത്. ശാരീരിക അവശതകളോ വൈകല്യങ്ങളോ ഉള്ള ഗുണഭോക്താക്കൾക്ക് മാത്രമായി ഇലക്ട്രോണിക് മണിയോർഡർ സംവിധാനം പരിമിതപ്പെടുത്തിയിരുന്നു. പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം ബാങ്ക് മുഖേനയോ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ടോ ഇപ്പോൾ വിതരണം ചെയ്തുവരുന്നു. സാമൂഹ്യ ക്ഷേമ പെൻഷൻ

വിതരണത്തിനായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതത് മാസം വിതരണം ചെയ്തുവരുന്നു.

(ഇ) പുതുതായി ഈ സർക്കാർ ഏതെങ്കിലും ക്ഷേമപെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത്; എത്രയാണ് പ്രതിമാസ പെൻഷൻ എന്നറിയിക്കുമോ?

ഈ സർക്കാർ പുതുതായി സാമൂഹ്യക്ഷേമ പെൻഷനുകൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ് കഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് പൊതുമാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം, മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ അനുവദിക്കാവുന്നതാണെന്ന് 31-3-2020-ലെ സർക്കുലർ നമ്പർ 17/2020/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്.

**വിവാഹമോചനം നേടിയവർക്കുള്ള വിധവാ പെൻഷൻ**

82 (2366) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-2-2019 തീയതിയിൽ 97/2019 ധന. നമ്പരായി ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമപരമായി വിവാഹമോചനം നേടിയവരെ വിധവകളായി കണക്കാക്കാനാവില്ലെന്നും അവർക്ക് വിധവാപെൻഷന് അർഹതയുണ്ടാവില്ലെന്നുമുള്ള വ്യവസ്ഥ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാവില്ലെന്നും അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ലെന്നും വ്യവസ്ഥചെയ്ത് 11-12-2019-ലാണ് 97/ 2019/ ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചത്.

(ബി) ഇത്തരമൊരു നിബന്ധന ഉൾപ്പെടുത്താനിടയായ സാഹചര്യം വിശദമാക്കാമോ?

ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തതോ ആയവർക്ക് മാത്രമേ വിധവ പെൻഷൻ ലഭിക്കുവാൻ അർഹതയുള്ളൂ. അർഹരായവർക്കുമാത്രം വിധവാ പെൻഷൻ അനുവദിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ 25-4-2019-ൽ നമ്പർ 35/2019/ധന.

സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ വിധവാ പെൻഷൻ കൈപ്പറ്റിവരുന്ന ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അർഹരായവർക്കുമാത്രം വിധവാ പെൻഷൻ ലഭിക്കുന്നതിനായി പുറപ്പെടുവിച്ചിരുന്ന നിർദ്ദേശങ്ങൾ നിലവിൽ വിധവാ പെൻഷൻ കൈപ്പറ്റിയിരുന്നവർക്കും ബാധകമാണെന്ന് വ്യക്തമാക്കി 11-12-2019-ലെ നമ്പർ 97/2019/ധന. സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നിരുന്നാലും, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് കൂടി മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ അനുവദിച്ചുകൊണ്ട് 31-3-2020-ൽ നമ്പർ 17/2020/ധന. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിയമപരമായി വിവാഹമോചനം നേടുകയും പുനർവിവാഹം കഴിക്കാതിരിക്കുകയും ചെയ്ത് പ്രയാസകരമായ സാഹചര്യത്തിൽ ജീവിക്കുന്നവർക്ക് പെൻഷൻ ലഭിക്കുന്നതിന് തടസ്സമാവുന്ന പ്രസ്തുത നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ

83 (2367) <u>ശ്രീ. ആർ. രാജേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെയും സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹരിപ്പാട് സബ്ട്രഷറിയുടെ പ്രവർത്തനം

84 (2368) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് സബ്ട്രഷറിയുടെ പ്രവർത്തനം നിലവിലുള്ള വാടകകെട്ടിടത്തിൽ നിന്നും റവന്യൂ ടവറിലേക്ക് മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഓഫീസ് ഫർണിഷിംഗ് വർക്കിന് ഹരിപ്പാട് സബ്ട്രഷറിക്ക് പ്രത്യേകമായി ഫണ്ട് അനുവദിക്കുന്നതിനായി ട്രഷറി വകുപ്പ്/ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇതിന് ആവശ്യമായ ഫണ്ട് അടിയന്തിരമായി അനുവദിക്കുമോ?

(എ-സി) ഹരിപ്പാട് റവന്യൂ ടവറിൽ ഹരിപ്പാട് സബ് ട്രഷറിക്ക് അനുവദിച്ചിരുന്ന സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി ARTCO സമർപ്പിച്ച 38,91,524 (മുപ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് 18-1-2021-ലെ സ.ഉ. (സാധാ)നമ്പർ 410/2021/ധന. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ഫണ്ട് അനുവദിച്ച് നൽകുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ ട്രഷറി ഡയറക്ടർ ത്വരിതപ്പെടുത്തുന്നതാണ്.

## കോവിഡ് 19 മൂലമുള്ള സാമ്പത്തിക പ്രതിസന്ധി

85 (2369) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 മൂലമുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ചെലവിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശം നൽകാമോ?

സമീപകാലങ്ങളിൽ കണ്ടിട്ടില്ലാത്തവിധത്തിലുള്ള പ്രകൃതി ദുരന്തങ്ങളുടെയും മറ്റ് പ്രതികൂല സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ചെലവുകളിൽ

നിയന്ത്രണം ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ 5-11-2020-ലെ സ.ഉ.(അ)നമ്പർ152/2020/ധന. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന് കേന്ദ്രം പ്രഖ്യാപിച്ച കോവിഡ് 19 അടിയന്തര പ്രതികരണ പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് ഇതിനകം എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലയളവിൽ, ഈ സാമ്പത്തിക വർഷത്തിൽ സാധാരണഗതിയിലുള്ള മറ്റ് കേന്ദ്ര ധന സഹായങ്ങൾക്ക് പുറമേ കോവിഡ് 19 എമർജൻസി റെസ്പോൺസ് ആന്റ് ഹെൽത്ത് സിസ്റ്റം എന്ന പേരിൽ 53.01 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ കേന്ദ്ര വിഹിതമായി 157 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) കോവിഡ് ചികിത്സയ്ക്ക് ആവശ്യമായ മെഡിക്കൽ ഉപകരണം, മരുന്നുകളുടെ സംഭരണം, ലബോറട്ടറികൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

കോവിഡ് ചികിത്സയ്ക്കാവശ്യമായ മെഡിക്കൽ ഉപകരണം, മരുന്ന് സംഭരണം, ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും കൂടാതെ വ്യക്തിസുരക്ഷാ കിറ്റുകളുടെയും മറ്റ് സാമഗ്രികളുടെയും സംഭരണം, ടെസ്റ്റിംഗ് കിറ്റുകളുടെ സംഭരണം, ഹാൻഡ് സാനിറ്റൈസറുകൾ, ഹാൻഡ് ഗ്ലൗസ്സുകൾ, ടെസ്റ്റിംഗിനുള്ള കൺസ്യൂമബിൾസ് ആയ സ്വാബുകളും റീ-ഏജന്റുകളും സംഭരിക്കൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് 2020 ഡിസംബർ 31 വരെ 691.41 കോടി രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് 62,03,26,928 രൂപയും ചെലവഴിച്ചിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്**

86 (2370) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 4-8-18-ലെ സ.ഉ. (അച്ചടി) നമ്പർ 119/2018/ധന. ഉത്തരവ് പ്രകാരം വർക്കല മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയത് വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു

## ലൈഫ് മിഷൻ പദ്ധതിയിൽ ആസ്തിവികസന ഫണ്ടിന്റെ വിനിയോഗം

87 (2371) ശ്രീ. വി. എസ്. ശിവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത-ഭവന രഹിതരായ കുടുംബങ്ങൾക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നൽകുന്ന പദ്ധതിയിൽ എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുവാൻ സാധിക്കുമോ എന്നറിയിക്കാമോ;

(ബി) ഇല്ലായെങ്കിൽ ആയതിന് ആവശ്യമായ ഭേദഗതി വരുത്തി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി സ്ഥലം വാങ്ങുകയും/ കണ്ടെത്തുകയും ഭൂരഹിത, ഭവനരഹിത ഗുണഭോക്തൃ പട്ടിക അന്തിമമാക്കുകയും ചെയ്യുന്ന മുറയ്ക്ക് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ലൈഫ് മിഷൻ ഭവന സമുച്ചയങ്ങളുടെ നിർമാണത്തിനായി വിനിയോഗിക്കാവുന്നതാണെന്ന് 26-11-2019-ലെ സ.ഉ.(അച്ചടി) നമ്പർ 163/2019/ധന. പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

## ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്

88 (2372) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തിന് ലോകസഭയിലും നിയമസഭയിലും ലഭ്യമായിരുന്ന പ്രതിനിധ്യം കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിലെ ഭൂരിഭാഗംവരുന്ന മത്സ്യത്തൊഴിലാളികളുടെയും കൂലിപ്പണിക്കാരുടെയും വിദ്യാഭ്യാസപരവും സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവരുടെ കുട്ടികൾക്ക് സർക്കാർ -എയ്ഡഡ് മേഖലകളിൽ ഹയർ സെക്കണ്ടറിതലം വരെ ലംപ്സം ഗ്രാന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തിലെ കുട്ടികൾക്ക് നിലവിൽ സർക്കാർ-എയ്ഡഡ് മേഖലകളിൽ ലംപ്സംഗ്രാന്റ് അനുവദിക്കുന്നില്ല.

## ഗ്രീൻ ബോണ്ട്

89 (2373) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബോണ്ട് വഴി സംസ്ഥാനത്തെ വികസന പദ്ധതികൾക്ക് പണം സ്വരൂപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏത് ഏജൻസിയുടെ സഹായത്തോടെയാണ് പണം സമാഹരിക്കുന്നത്; എത്ര കോടി രൂപയാണ് സമാഹരിക്കുന്നത്;

(സി) ഇപ്രകാരം സമാഹരിക്കുന്ന തുക ഏതൊക്കെ പദ്ധതികളിൽ വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഗ്രീൻ ബോണ്ട് വഴി തുക സമാഹരിക്കുവാൻ ആർ.ബി.ഐ. അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

(എ-ഡി) ഐ.എഫ്.സി.-യിൽ നിന്നും 1100 കോടി രൂപയുടെ ഗ്രീൻ ലോൺ/ ബോണ്ട് സമാഹരിക്കുനതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു. പ്രസ്തുത ധനസമാഹരണത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ആർ.ബി.ഐ യുടെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കുട്ടനാട്, തീരപ്രദേശങ്ങൾ, മറ്റ് Eco fragile ആയ പ്രദേശങ്ങൾ എന്നിവയുടെ പരിസ്ഥിതി പുനഃസ്ഥാപനത്തിൽ ഊന്നുന്ന വികസന പരിപാടികൾക്കായിരിക്കും ഈ ഫണ്ട് വിനിയോഗിക്കുക എന്നാണ് പ്രാഥമിക ധാരണ.

## വിദേശ മലയാളികളുടെ നിക്ഷേപം

90 (2374) ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികളുടെ സംസ്ഥാനത്തെ ബാങ്കുകളിലെയും ധനകാര്യ സ്ഥാപനങ്ങളിലെയും നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

സെപ്റ്റംബർ 2020-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ SLBC അംഗബാങ്കുകളിൽ വിദേശ മലയാളികളുടെ നിക്ഷേപം 2,22,064.86 കോടി രൂപയാണ്.

(ബി) 2019-20 സാമ്പത്തിക വർഷം ആകെ നിക്ഷേപം എത്രയായിരുന്നുവെന്ന് അറിയിക്കുമോ?

2018-19 സാമ്പത്തിക വർഷ കാലയളവിൽ നിന്നും 2019-20 സാമ്പത്തികവർഷ കാലയളവിൽ സംസ്ഥാനത്തെ SLBC അംഗബാങ്കുകളിൽ വിദേശ മലയാളികളുടെ നിക്ഷേപത്തിൽ 18,643 കോടി രൂപയുടെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) കോവിഡ് പ്രതിസന്ധിയും സാമ്പത്തിക മാന്ദ്യവുംമൂലം നിക്ഷേപത്തിൽ ഇടിവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ SLBC അംഗബാങ്കുകളിൽ, വിദേശ മലയാളികളുടെ നിക്ഷേപ വിവരങ്ങൾ താഴെ ചേർക്കുന്നു.

കോവിഡ് പ്രതിസന്ധിയിലും സാമ്പത്തിക മാന്ദ്യത്തിലും വിദേശ മലയാളികളുടെ നിക്ഷേപത്തിൽ ഇടിവ് ഉണ്ടായിട്ടില്ലെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.*

91 (2375) **ചോദ്യം ഒഴിവാക്കിയിരിക്കുന്നു.**

## സംസ്ഥാനത്തിന്റെ പൊതുകടം

92 (2376) ശ്രീ. പി. സി. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഒരു വർഷത്തെ വരുമാനം എത്ര?

2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 90224.67 കോടി രൂപയാണ്.

(ബി) സർക്കാർ ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും ശമ്പളം നല്കാൻ ഒരു വർഷം ആകെ വരുന്ന ശരാശരി ചെലവ് എത്ര ?

2019-20 സാമ്പത്തിക വർഷം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം ഉൾപ്പെടെ ശമ്പള ഇനത്തിൽ 31774.87 കോടി രൂപ ചെലവായി.

(സി) ഇവർക്ക് പെൻഷൻ നല്കാൻ ഒരുവർഷം ആകെവരുന്ന ശരാശരി ചെലവ് എത്ര?

2019-20 സാമ്പത്തിക വർഷം പെൻഷൻ ഇനത്തിൽ 19064.29 കോടി രൂപ ചെലവായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ പൊതു കടത്തിന് ഒരു വർഷം നൽകുന്ന പലിശ എത്ര; വിശദമാക്കുമോ?

2019-20 സാമ്പത്തിക വർഷം പൊതുകടത്തിനുള്ള പലിശ ഇനത്തിൽ 13303.80 കോടി രൂപ ചെലവായി.

**ലീവ് സറണ്ടർ അനുവദിക്കുന്നതിലെ തടസ്സം നീക്കാൻ നടപടി**

93 (2377) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് വാർഷിക ലീവ് സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് തടസ്സമുണ്ടോ എന്നറിയിക്കുമോ; ഉണ്ടെങ്കിൽ ഏത് ഉത്തരവുപ്രകാരം എന്ന് വ്യക്തമാക്കുമോ?

സർക്കാർ ജീവനക്കാർക്ക് വാർഷിക ലീവ് സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ഇത് വ്യക്തമാക്കികൊണ്ട് 29-7-1969-ൽ സർക്കുലർ നമ്പർ 66/69 ധന. പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 5-11-2020 മുതൽ തുക പി.എഫ്.-ൽ ലയിപ്പിക്കുമെന്ന വ്യവസ്ഥയിൽ ലീവ് സറണ്ടർ പുനഃസ്ഥാപിച്ച സാഹചര്യത്തിൽ 16-4-2020 മുതൽ 3 മാസത്തേയ്ക്കും പിന്നീട് ഘട്ടം ഘട്ടമായി 4-11-2020 വരെയും ലീവ് സറണ്ടർ മരവിപ്പിച്ച കാലയളവിൽ അപേക്ഷിച്ചവർക്ക് അവർ അപേക്ഷിച്ച തീയതി പ്രാബല്യത്തിൽ സറണ്ടർ അനുവദിക്കുന്നതിന് തടസ്സമുണ്ടോ?

സർക്കാർ ജീവനക്കാർക്ക് വാർഷിക ലീവ് സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ഈ വ്യവസ്ഥ വ്യക്തമാക്കി പുറപ്പെടുവിച്ച 29-7-1969 ലെ സർക്കുലർ നമ്പർ 66/69 ധന അനുബന്ധമായി * ചേർക്കുന്നു. 16-4-2020-ലെ സ.ഉ.(പി) നമ്പർ 42/2020/ധന. ഉത്തരവ് പ്രകാരം തീർപ്പാക്കാനുണ്ടായിരുന്ന എല്ലാ ബില്ലുകൾക്കും ടി ഉത്തരവ് ബാധകമാക്കുകയും പണമാക്കി മാറ്റാതെ ശേഷിക്കുന്ന എല്ലാ ഉത്തരവുകളും റദ്ദാക്കി അവധി തിരികെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 5-11-2020-ലെ സ.ഉ.(അ) നമ്പർ 152/2020/ധന. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 2020 നവംബർ മുതൽ അപേക്ഷ സമർപ്പിക്കുന്ന തീയതി പ്രാബല്യത്തിൽ മാത്രമേ ആർജ്ജിതാവധി സറണ്ടർ അനുവദിക്കുവാൻ വ്യവസ്ഥയുള്ളു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റിട്ടയർ ചെയ്യാൻ ഏതാനും വർഷം മാത്രം ബാക്കിയുള്ള ജീവനക്കാർ ടെർമിനൽ സറണ്ടറിനായി അവരുടെ ലീവ് അക്കൗണ്ടിൽ പരമാവധി ലീവുകൾ സൂക്ഷിച്ചുവയ്ക്കുന്നതിന് വാർഷിക സറണ്ടറുകൾ ഒഴിവാക്കുകയും എന്നാൽ 300 എണ്ണത്തിൽ കവിയാതിരിക്കാൻ ഏതാനും ലീവുകൾ മാത്രം വാർഷികമായി സറണ്ടർ ചെയ്യുകയും ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ആർ ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണ്. ക്രെഡിറ്റിലെ ലഭ്യതയ്ക്ക് വിധേയമായി മിനിമം പരിധിയില്ലാതെ ഒരു സാമ്പത്തിക വർഷം പരമാവധി 30 ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതാണ്.

(ഡി) ലീവ് സറണ്ടർ മരവിപ്പിച്ച കാലയളവിൽ 300 എന്ന പരമാവധി എണ്ണം കവിഞ്ഞ ജീവനക്കാർക്ക് ലീവ് നഷ്ടവും അതുമൂലമുള്ള സാമ്പത്തിക നഷ്ടവും ഒഴിവാക്കാൻ നിലവിലെ ഉത്തരവ് കാരണം സാധിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ആർ. ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണെന്നതിനാൽ ഇത്തരം പരാതികൾക്ക് പ്രസക്തിയില്ല.

(ഇ) നിലവിലെ ഉത്തരവിൽ ഭേദഗതി വരുത്തി മേൽപ്പറഞ്ഞ അപേക്ഷകർക്ക് ലീവ് സറണ്ടർ അനുവദിക്കണമെന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(എഫ്) എങ്കിൽ ജീവനക്കാരുടേതല്ലാത്ത കാരണത്താൽ ലീവ് സറണ്ടർ അനുവദിക്കാത്തതുമൂലം ലീവ് നഷ്ടവും തന്മൂലം സാമ്പത്തിക നഷ്ടവും വന്നവർക്ക് അത് പരിഹരിക്കാൻ പ്രസ്തുത കാലയളവിലെ സറണ്ടർ അപേക്ഷകൾക്ക് മുൻകാല പ്രാബല്യം അനുവദിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ആർജ്ജിതാവധി സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. 29-7-1969-ലെ 66/69/ധന. നമ്പർ സർക്കുലർ പ്രകാരം ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

## കിഫ്ബിയുടെ പ്രവർത്തനം

94 (2378) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിന് പുതുതായി എഞ്ചിനീയറിംഗ് ടീമിനെ നിശ്ചയിച്ചിട്ടുണ്ടെങ്കിലും അവർക്ക് ആവശ്യമായ ഓഫീസ് സൗകര്യം ഏർപ്പെടുത്താത്തതിനാൽ ജോലികൾ ആരംഭിച്ചിട്ടില്ലെന്നതും നേരത്തേയുണ്ടായിരുന്ന വകുപ്പുതല സംവിധാനം പ്രവൃത്തികൾ നടത്തുന്നില്ലെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കിഫ്ബി പദ്ധതികൾ നടപ്പാക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസികളിലൊന്നായ കേരള റോഡ് ഫണ്ട് ബോർഡ് പുതുതായി എഞ്ചിനീയറിംഗ് ടീമിനെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ടീമിന് ആവശ്യമായ ഓഫീസ് സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തികൾ പൂർത്തിയായിവരുന്നു. കൂടാതെ, നിലവിൽ നല്ല പുരോഗതി കൈവരിച്ച പ്രവൃത്തികളെല്ലാം തന്നെ നേരത്തേയുണ്ടായിരുന്ന വകുപ്പുതല സംവിധാനം ഉപയോഗിച്ച് പൂർത്തീകരിച്ചു വരുന്നു. ആയതിനാൽ ഈ പ്രവൃത്തികൾ നടക്കാതിരിക്കുന്ന സാഹചര്യം നിലവിലില്ല.

(ബി) കോഴിക്കോട് ആരംഭിച്ച കിഫ്ബി റീജിയണൽ ഓഫീസ് കുന്ദമംഗലത്ത് പുതുതായി നിർമ്മിച്ച മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

കിഫ്ബിക്ക് നിലവിൽ ഒരു ജില്ലയിലും റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നില്ല. കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടത്തുന്ന കിഫ്ബി പദ്ധതികളുടെ മേൽനോട്ടം വഹിക്കാൻ കെ.ആർ.എഫ്.ബി. പുതിയതായി ആരംഭിച്ച കോഴിക്കോട്, വയനാട് ജില്ലകളുടെ സംയുക്ത ഡിവിഷൻ ഓഫീസ് പ്രവർത്തിക്കുന്നതിനായി കുന്ദമംഗലത്തുള്ള മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിക്കണമെന്ന് കത്തുനൽകിയെങ്കിലും അഭ്യർത്ഥിച്ച മുഴുവൻ സ്ഥലവും ലഭ്യമല്ലാത്തതിനാൽ ആയത് പരിഗണിക്കുവാൻ സാധിക്കുകയില്ലെന്ന് ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് വകുപ്പ് ഫറോക്ക് ബിൽഡിംഗ്സ് സെക്ഷൻ ഓഫീസിന്റെ മുകൾ നിലയിൽ തൽക്കാലികമായി പ്രവർത്തിക്കുന്ന പ്രസ്തുത ഓഫീസ് ചേവരമ്പലത്തുള്ള മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള വാടക നിർണ്ണയ നടപടികൾ അവസാന ഘട്ടത്തിലാണെന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

95 (2379) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾക്ക് വിവിധ ശീർഷകങ്ങളിലായി അനുവദിച്ചിട്ടുള്ള തുകയുടെ വിശദവിവരങ്ങൾ ഇനം തിരിച്ച് നൽകാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ ഒരു കോടി രൂപ വീതവും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. വിവിധ ചീഫ് എഞ്ചിനീയർമാർ സമർപ്പിച്ച വിശദാംശങ്ങൾ പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 154.24 കോടി രൂപയുടെ പ്രവൃത്തികളും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ 132.52 കോടി രൂപയുടെ പ്രവൃത്തികളും വിവിധ ഘട്ടങ്ങളിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്നു. കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ചിട്ടുള്ള 104.34 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം വഴിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം വഴിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായും, MLA-മാരുടെ ആസ്തി വികസന പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായും കിഫ്ബി വഴിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായും ചേർക്കുന്നു.*

**കാരുണ്യ ചികിത്സാ സഹായം ലഭിച്ചവർ**

96 (2380) ശ്രീ. ആർ. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ എത്ര പേർക്ക് ചികിത്സാ സഹായം നൽകുവാൻ കഴിഞ്ഞുവെന്ന് ജില്ലാ അടിസ്ഥാനത്തിൽ തുകയുൾപ്പെടെ വിശദമാക്കുമോ?

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ആശുപത്രിക്കാണ് തുക വിതരണം ചെയ്യുന്നത് എന്നതിനാൽ വിതരണം ചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശവും ഗുണഭോക്താക്കളുടെ എണ്ണവും ലഭ്യമല്ല. ഈ സർക്കാർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അധികാരത്തിൽ വന്നശേഷം 122519 പേർക്ക് കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം 1446.09 കോടി രൂപയുടെ ചികിത്സാനുമതി നൽകിയിട്ടുണ്ട്.

(ബി) മാവേലിക്കര മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും ഉൾപ്പെട്ട എത്രപേർക്ക് ഈ സഹായം ലഭിച്ചുവെന്ന് ഗുണഭോക്തൃ ലിസ്റ്റ് ഉൾപ്പെടെ വിശദമാക്കാമോ?

പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

(സി) നിലവിൽ ഈ പദ്ധതി എങ്ങനെയാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

ആദ്യ വർഷം ഇൻഷ്വറൻസ് മാതൃകയിലാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയത്. ഈ കാലയളവിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനായിരുന്നു നടത്തിപ്പ് ചുമതല. പ്രസ്തുത സ്ഥാപനത്തെ നിയമാനുസൃതമായ ടെണ്ടർ നടപടികളിലൂടെയാണ് തെരഞ്ഞെടുത്തത്. 2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 33 തസ്തികകൾ സൃഷ്ടിച്ചു. സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഓഫീസും ജില്ലാതലത്തിൽ ജില്ലാ ഓഫീസും പ്രവർത്തിച്ചുവരുന്നു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചുകൊണ്ട് രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. 4149149 കുടുംബങ്ങൾക്ക് ടി പദ്ധതിയിൽ അംഗത്വം നൽകിയിട്ടുണ്ട്. 186 സർക്കാർ ആശുപത്രികളിലും 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും 370 സ്വകാര്യ ആശുപത്രികളിലും കേരളത്തിലുടനീളം പദ്ധതിയുടെ സേവനം ലഭ്യമാണ്. 5 ലക്ഷം രൂപയാണ് ഒരു വർഷം ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങൾക്കും ചികിത്സയ്ക്കായി നൽകുന്നത്. 4149149 കുടുംബങ്ങളിൽ 2200441 കുടുംബങ്ങൾ കേന്ദ്ര സർക്കാർ പങ്കാളിത്തമുള്ള ആയുഷ്മാൻ ഭാരത് പദ്ധതിയുടെ പരിധിയിലും 1951163 കുടുംബങ്ങൾ കേരള സർക്കാർ ആവിഷ്കരിച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിധിയിലും ഉൾപ്പെടുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിധിയിൽ വരുന്ന 1951163 കുടുംബങ്ങളുടെ 100% ചികിത്സാ ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കേന്ദ്ര സർക്കാർ പങ്കാളിത്തമുള്ള ആയുഷ്മാൻ പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളുടെ ചികിത്സാ ചെലവിന്റെ

40%-ഉം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ടി പദ്ധതികളുടെ ചികിത്സ ഇനത്തിൽ കേന്ദ്ര സർക്കാർ 1,38,10,61,182 രൂപ ചെലവഴിച്ചപ്പോൾ 2,23,07,27,236 രൂപ സംസ്ഥാന സർക്കാരും വഹിക്കുകയുണ്ടായി. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികൾക്കാണ് ചികിത്സാ ചെലവ് കൈമാറുന്നത്. ചികിത്സയ്ക്ക് രോഗി അഡ്മിറ്റാകുന്നത് മുതൽ ഡിസ്ചാർജ്ജ് വരെയും ആയതിന്റെ ചെലവ് ആശുപത്രികൾക്ക് കൈമാറുന്നതും നാഷണൽ ഹെൽത്ത് അതോറിറ്റി ഓൺലൈനായി വികസിപ്പിച്ചെടുത്ത ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റം (ടി.എം.എസ്.) വഴിയാണ്.

**കോവിഡ്മൂലമുള്ള വരുമാനക്കുറവ്**

97 (2381) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം 2020 ഡിസംബർ 31 വരെ സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം എത്രയാണ്?

2020-21 സാമ്പത്തിക വർഷം നവംബർ 30 വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ കണക്കുകൾ പ്രകാരം 2020 നവംബർ 30 വരെ നികുതിയേതര വരുമാനമായി 26,07,77,54,970 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഓരോ മേഖലയിൽ നിന്നും ഈ സാമ്പത്തിക വർഷം പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്ന തുക എത്രയെന്നും ഡിസംബർ 31 വരെ പിരിഞ്ഞ് കിട്ടിയ തുക എത്രയെന്നും വിശദമാക്കുമോ?

ഓരോ മേഖലയിൽ നിന്നും ഈ സാമ്പത്തിക വർഷം പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്ന തുക, അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2020 നവംബർ 30 വരെ ലഭിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കോവിഡ് പ്രതിസന്ധിമൂലം നികുതിയേതര വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഏത് മേഖലയിലാണ് ഏറ്റവും കുറവ് വന്നത് എന്നറിയിക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലോക്ക്ഡൗൺ സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കിയ ആഘാതം

98 (2382) ശ്രീമതി വീണാ ജോർജ്ജ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് ഉണ്ടായ ലോക്ക്ഡൗൺ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കിയ ആഘാതം വിലയിരുത്തിയിരുന്നോ; നികുതി - നികുതിയേതര വരുമാനത്തിലുണ്ടായ കുറവ് എത്രയാണ്?

മഹാപ്രളയങ്ങളും കോവിഡും സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയിൽ വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യ വർദ്ധന വില, 2020-2021 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയാണ്. കോവിഡിനെ തുടർന്ന് രൂപീകരിച്ച വിദഗ്ധ സമിതികളുടെ റിപ്പോർട്ടുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷം റവന്യൂ വരുമാനത്തിൽ 33,456 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 2020-21 ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2020-21-ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. സംസ്ഥാന തനത് നികുതി വരുമാനത്തിൽ 22147.86 കോടി രൂപയുടെയും സംസ്ഥാന തനത് നികുതിയേതര വരുമാനത്തിൽ 5465.73 കോടി രൂപയുടെയും കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) നികുതി വരുമാനത്തിൽ വലിയ ഇടിവുണ്ടായിട്ടും തദ്ദേശ സ്ഥാപനങ്ങൾക്ക് യഥാസമയം പണം കൈമാറുന്നതിന് സംസ്ഥാന സർക്കാർ കാട്ടിയ ശുഷ്കാന്തിയെക്കുറിച്ച് റിസർവ് ബാങ്കിന്റെ പരാമർശം ഉണ്ടായിട്ടുണ്ടോ?

ഉണ്ട്.

(സി) രോഗ പ്രതിരോധത്തിനും ചികിത്സാ സൗകര്യ വർദ്ധനവിനും വേണ്ട ഉപകരണങ്ങൾ വാങ്ങുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും എല്ലാ ജനങ്ങൾക്കും ഭക്ഷണം ഉറപ്പുവരുത്തുന്നതിനും സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

സാധ്യമായിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 12 സർക്കാർ സ്ഥാപനങ്ങളിലും 17 സ്വകാര്യ സ്ഥാപനങ്ങളിലും CBNAT പരിശോധനയും 24 സർക്കാർ സ്ഥാപനങ്ങളിലും 48 സ്വകാര്യ സ്ഥാപനങ്ങളിലുമായി RTPCR പരിശോധനയും 29 സർക്കാർ സ്ഥാപനങ്ങളിലും 46 സ്വകാര്യ സ്ഥാപനങ്ങളിലുമായി TRUENAT പരിശോധനയും 1365 സർക്കാർ സ്ഥാപനങ്ങളിലും 665 സ്വകാര്യ സ്ഥാപനങ്ങളിലുമായി ആന്റിജൻ പരിശോധനയും 17 സ്വകാര്യ സ്ഥാപനങ്ങളിലായി XPERT പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ 157 ഇടങ്ങളിൽ സർക്കാർ സ്റ്റെപ് കിയോസ്കുകളും 72 ഇടങ്ങളിൽ സ്വകാര്യ സ്റ്റെപ് കിയോസ്കുകളും പ്രവർത്തിക്കുന്നു (ആകെ 229). യു.കെ.യിൽ SARS Cov-2 Variant Strain കണ്ടെത്തിയതിനെ തുടർന്ന് 2020 നവംബർ 23-ന് ശേഷം കേരളത്തിൽ എത്തിയിട്ടുള്ള എല്ലാവരെയും പ്രത്യേകമായി കണ്ടെത്തി RTPCR പരിശോധന നടത്തുവാനും RTPCR പോസിറ്റീവ് ആകുന്നവരുടെ സാമ്പിളുകൾ NIV പൂനെയിൽ അയച്ച് ഹോൾജീനോമിക് സീക്വൻസിംഗ് (WGC) നടത്തുവാനും അവരെ പ്രത്യേകം നിരീക്ഷിച്ച് ആവശ്യമായ ചികിത്സയും ക്വാറന്റൈനും ഉറപ്പുവരുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി 968 ഡോക്ടർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് പ്രസ്തുത ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ വിരമിച്ച ജീവനക്കാരെ ആവശ്യകതയനുസരിച്ച് അഡ്ഹോക് വ്യവസ്ഥയിൽ നിയമിക്കുകയും സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കോവിഡ് ബ്രിഗേഡിനുവേണ്ടി ഡോക്ടർമാർ, നഴ്സുമാർ, പാരാ മെഡിക്കൽ വിഭാഗത്തിൽപ്പെട്ടവർ എന്നിവരെ വോളന്ററി സർവ്വീസ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കരാർ അടിസ്ഥാനത്തിൽ കോവിഡ് ബ്രിഗേഡിന്റെ ഭാഗമായി ദേശീയ ആരോഗ്യ മിഷൻ നിയമിച്ച ജീവനക്കാരുടെ സേവനവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 2020 ഏപ്രിൽ മാസം, AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്യുകയും NPS, NPNS വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി സൗജന്യമായി നൽകുകയും ചെയ്തു. കൂടാതെ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കും 15 കിലോ അരി വീതം വിതരണം ചെയ്തു. ലോക്ക്ഡൗൺ കാലത്ത് തൊഴിൽ നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്ക് ഒരാളിന് 5 കിലോ അരിയോ 4 കിലോ ആട്ടയോ ഏതാണോ ആവശ്യപ്പെടുന്നത് ആയത് വിതരണം ചെയ്തു. കോവിഡ് 19 രോഗവ്യാപനവുമായി ബന്ധപ്പെട്ട് അവശ്യ സാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് അവശ്യ സാധനങ്ങൾ അടങ്ങിയ അതിജീവന കിറ്റ് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സ്കീം വ്യത്യാസമില്ലാതെ സൗജന്യമായി വിതരണം ചെയ്തു. ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഓണം സ്പെഷ്യൽ കിറ്റ് എന്ന പേരിൽ അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ്

വിതരണം ചെയ്തു. സൗജന്യമായി വിതരണം ചെയ്ത കിറ്റ് 83.72 ലക്ഷം കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2020 സെപ്റ്റംബർ മാസം മുതൽ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും അവശ്യ സാധനങ്ങൾ അടങ്ങിയ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്തു വരുന്നു. നിലവിൽ 2021 ഏപ്രിൽ മാസം വരെ ടി കിറ്റുകളുടെ വിതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) പ്രതിസന്ധിഘട്ടത്തിൽ പോലും സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം ലഭ്യമാക്കാൻ കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചില്ലെന്നതിനെക്കുറിച്ച് അഭിപ്രായം വ്യക്തമാക്കാമോ?

കേന്ദ്രനികുതി വരുമാനം ഇടിഞ്ഞതുകൊണ്ട് ധനകാര്യ കമ്മീഷൻ വഴിയുള്ള കേന്ദ്രധനസഹായം കുറഞ്ഞിട്ടുണ്ടെങ്കിലും കേന്ദ്രവിഹിതം സമയബന്ധിതമായി ലഭ്യമാകുന്നുണ്ട്. എന്നാൽ കോവിഡ് മഹാമാരി കാരണം compensation cess-ൽ വരുമാന നഷ്ടം ഉണ്ടാകുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരുകയും ഇത് 27-8-2020 ൽ കൂടിയ 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി. നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാർ മുന്നോട്ട് വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രസർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. കേന്ദ്രസർക്കാർ Special Window Facility യിലൂടെ സംസ്ഥാനങ്ങൾക്ക് 1.10 ലക്ഷം കോടി രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സാധാരണഗതിയിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം 1.83 ലക്ഷം കോടി രൂപ യാണ്. മേൽ വസ്തുത ശ്രദ്ധയിൽപ്പെടുത്തുകയും Special Window Facility-യിലൂടെ സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വായ്പ 1.10 ലക്ഷം കോടിയിൽ നിന്ന് 1.83 ലക്ഷം കോടിയായി ഉയർത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ വരെ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,000 കോടി രൂപ ആണ്. ഇതിൽ 2020 ഡിസംബർ 31 വരെ കോമ്പൻസേഷൻ സെസ്സിൽ നിന്നുള്ള നഷ്ടപരിഹാരമായി 1829.3 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഇ) ജി.എസ്.ടി. നഷ്ടപരിഹാര ഫണ്ടിൽ ആവശ്യത്തിന് തുകയുണ്ടായിട്ടും സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരത്തുക ലഭ്യമാക്കാതെ വകമാറ്റിയെന്ന സി. & എ.ജി. ഓഡിറ്റിലെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിരുന്നോ; അർഹമായ വിഹിതം നേടിയെടുക്കാൻ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടൽ അറിയിക്കാമോ?

2017-18 സാമ്പത്തിക വർഷാവസാനം ഐ.ജി.എസ്.ടി. യിൽ 1,76,688 കോടി രൂപ ബാക്കിയുണ്ടായിരുന്നു. ഇത്, കേന്ദ്രനികുതി വിഭജനത്തിനായുള്ള ഫിനാൻസ് കമ്മീഷൻ ഫോർമുലകൾ അനുസരിച്ച സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി വീതിച്ച നൽകി. എന്നാൽ ഈ വിഭജനം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 270(1) ന്റെ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി സി. & എ.ജി. ഓഡിറ്റ് ഇത് അംഗീകരിച്ചില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി GoM on IGST settlement രൂപീകരിക്കാൻ 37-ാം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, 2017-18 സാമ്പത്തിക വർഷം വിഹിതമായി നൽകിയ ഐ.ജി.എസ്.ടി. തുക തിരിച്ചെടുക്കാനും വർഷാവസാനം ബാക്കി വന്ന ഐ.ജി.എസ്.ടി. തുക മുഴുവനും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമായി അഡ്ഹോക് സെറ്റിൽമെന്റായി വിഭജിക്കാനും കേന്ദ്രം തീരുമാനിച്ചു. തൽഫലമായി കേരളത്തിന് 843 കോടി രൂപ ലഭിച്ചു.

## വ്യാപാരികളുടെ ടാക്സ് റിട്ടേൺ

99 (2383) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ 2020 ഫെബ്രുവരി മുതൽ നാളിതു വരെയുള്ള ടാക്സ് റിട്ടേൺ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്ന കാര്യം സർക്കാർ തീരുമാനിക്കുമോ?

ജി.എസ്.ടി. നിലവിൽ വന്നതിന്റെ ഭാഗമായിട്ടുള്ള നൂറ്റിയൊന്നാമത് ഭരണഘടനാ ഭേദഗതി പ്രകാരം ജി.എസ്.ടി. സംബന്ധമായ എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കാനുള്ള അധികാരം ജി.എസ്.ടി കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അധ്യക്ഷനായിട്ടുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ മന്ത്രിമാർ അംഗങ്ങളാണ്. ജി.എസ്.ടി റിട്ടേണുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നത് ജി.എസ്.ടി. കൗൺസിൽ ആണ്. സംസ്ഥാനത്തിന് മാത്രമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ആവില്ല. എന്നിരുന്നാലും നിലവിലെ കോവിഡ് സാഹചര്യത്തിൽ ജി.എസ്.ടി.-യിലെ മാസ, ത്രൈമാസ, വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള തീയതികൾ ജി.എസ്.ടി. കൗൺസിൽ എടുത്ത തീരുമാനപ്രകാരം പല തവണ ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. നോട്ടിഫിക്കേഷൻ നമ്പർ 15/2020, 31/2020, 32/2020, 33/2020, 34/2020, 36/2020, 51/2020, 52/2020, 53/2020, 64/2020, 68/2020 മുതലായ കേന്ദ്ര നോട്ടിഫിക്കേഷനുകളിലൂടെ ഫെബ്രുവരി 2020 ഉൾപ്പെടെയും അതിനുശേഷവും

ഫയൽ ചെയ്യേണ്ട പല തരത്തിലുള്ള ജി.എസ്.ടി. റിട്ടേണുകളുടെ തീയതി നീട്ടി നൽകിയിട്ടുണ്ട്. തീയതി ഇനിയും നീട്ടിനൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് ജി.എസ്.ടി. കൗൺസിലാണ് തീരുമാനം എടുക്കേണ്ടത്.

(ബി) വ്യാപാരികൾ സമർപ്പിക്കേണ്ട സ്വയം പ്രഖ്യാപനവും ആയതിന്റെ അടിസ്ഥാനത്തിലുള്ള ലേറ്റ് ഫീ നൽകിയിട്ടും ഫൈൻ അടയ്ക്കേണ്ട സാഹചര്യം ഒഴിവാക്കുമോ?

ചരക്കു സേവന നികുതി നിയമം വകുപ്പ് 62 പ്രകാരം വകുപ്പ് 46 അനുസരിച്ച് നോട്ടീസ് നൽകിയതിന് ശേഷവും ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യാത്ത സ്ഥാപനങ്ങൾക്ക് പ്രോപ്പർ ഓഫീസർ ബെസ്റ്റ് ജഡ്ജ്മെന്റ് പ്രകാരം നികുതിയും പലിശയും പിഴയും ചുമത്തി ASMT 13 ഉത്തരവ് നൽകാവുന്നതാണ്. ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ലേറ്റ് ഫീ അടച്ച് റിട്ടേൺ ഫയൽ ചെയ്യുന്ന പക്ഷം മേൽ ഉത്തരവ് പിൻവലിച്ചതായി കണക്കാക്കപ്പെടും.

(സി) 2020 സെപ്റ്റംബർ മുതൽ റിട്ടേൺ ഫയൽ ചെയ്യുന്നതിന് പിഴയും പലിശയും ഒഴിവാക്കി കേരളത്തിലെ വ്യാപാരി സമൂഹത്തിന് പ്രയോജനകരമായ തീരുമാനം സർക്കാർ ഭാഗത്തു നിന്നും ഉണ്ടാകുമോ; വിശദമാക്കുമോ?

ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിന്മേലുള്ള പിഴയും പലിശയും ഒഴിവാക്കുന്നതിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം ജി.എസ്.ടി. കൗൺസിലിനാണുള്ളത്. സംസ്ഥാന സർക്കാരിന് മാത്രമായി ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കില്ല.

**ചരക്ക് സേവന നികുതി നഷ്ടപരിഹാരം സംബന്ധിച്ച്**

100 (2384) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നഷ്ടപരിഹാര വിഷയം സംബന്ധിച്ച് കേന്ദ്രം സ്വീകരിച്ച നിലപാടിനോട് സംസ്ഥാനം വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നോ; എങ്കിൽ എന്തുകൊണ്ട്;

(ബി) പിന്നീട് കേന്ദ്രനിലപാടിനോടുള്ള എതിർപ്പ് നിലനിർത്തി വായ്പ സ്വീകരിക്കുവാൻ സംസ്ഥാനം തീരുമാനമെടുത്തോ; ഇതു സംബന്ധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് നൽകിയിരുന്നോ?

(എ&ബി) കോവിഡ് മഹാമാരി കാരണം compensation cess-ൽ വരുമാന നഷ്ടമുണ്ടാകുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരുകയും ഇത് 27-8-2020-ൽ കൂടിയ 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി.

നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് (Special Window Facility-യിലൂടെയുള്ള വായ്പ) പ്രഖ്യാപിക്കുകയുണ്ടായി. Special Window Facility-യിലൂടെയുള്ള വായ്പയിലൂടെ സംസ്ഥാനങ്ങൾക്ക് 1.10 ലക്ഷം കോടി രൂപ കടമെടുക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ സാധാരണഗതിയിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം 1.83 ലക്ഷം കോടി രൂപയാണ്. മേൽ വസ്തുത ശ്രദ്ധയിൽപ്പെടുത്തുകയും Special Window Facility യിലൂടെ സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വായ്പ 1.10 ലക്ഷം കോടിയിൽ നിന്ന് 1.83 ലക്ഷം കോടിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു.

(സി) കേന്ദ്രനിലപാട് സ്വീകരിച്ചതുമൂലം സംസ്ഥാനത്തിന് ജി.എസ്.ടി. നഷ്ടപരിഹാരമായി എന്ത് തുക ലഭിക്കുമെന്നും വിപണിയിൽ നിന്നും അധികമായി എന്ത് തുക വായ്പ എടുക്കാമെന്നും വ്യക്തമാക്കുമോ; ഇതു പ്രകാരം ഇതിനകം എത്ര തുക വായ്പയെടുത്തുവെന്നും വ്യക്തമാക്കാമോ?

സാമ്പത്തിക വർഷം 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,000 കോടി രൂപയാണ്. ഇതിൽ 2020 ഡിസംബർ 31 വരെ കോമ്പൻസേഷൻ സെസ്സിൽ നിന്നുള്ള നഷ്ടപരിഹാരമായി 1829.3 കോടി രൂപ സംസ്ഥാന സർക്കാരിന് നല്കിയിട്ടുണ്ട്. കൂടാതെ, കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച GST compensation പാക്കേജ് (Special Window Facility യിലൂടെയുള്ള വായ്പ)അനുസരിച്ച് 5766 കോടി രൂപയാണ് സംസ്ഥാനത്തിന് ലഭ്യമാകുന്നത്. ഇതിൽ 2020-21 സാമ്പത്തിക വർഷം ഇതുവരെ 2525.64 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ GST നഷ്ടപരിഹാരമായി 4354.94 കോടി രൂപ (1829.3 Cr cess + 2525.64 Cr Special Window Loan) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

## ജി.എസ്.ടി. വരുമാനം

101 (2385) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനത്തിൽ 2020 നവംബർ, ഡിസംബർ മാസങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ?

സംസ്ഥാനത്തിന്റെ 2020 നവംബർ, ഡിസംബർ ദ്വൈമാസ വരുമാനം 2019 നവംബർ, ഡിസംബർ മാസങ്ങളിലെ ജി.എസ്.ടി. വരുമാനവുമായി തട്ടിച്ച് നോക്കുമ്പോൾ ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) 2019 നവംബർ, ഡിസംബർ മാസങ്ങളിലെ ജി.എസ്.ടി. വരുമാനവുമായി തട്ടിച്ച് നോക്കുമ്പോൾ ഉണ്ടായ വർദ്ധനവ് എത്രയാണ്?

| മാസം | 2019 | 2020 (രൂപ കോടിയിൽ) |
|---|---|---|
| നവംബർ | 1671.49 | 1610.58 |
| ഡിസംബർ | 1531.38 | 1846.78 |
| ആകെ | 3202.87 | 3457.36 |

(സി) കോവിഡ്മൂലം വിപണിയിലുണ്ടായ സ്തംഭനാവസ്ഥ മാറി എന്ന് വിലയിരുത്തുന്നുണ്ടോ?

നിലവിലെ കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങൾ ജി.എസ്.ടി നികുതി വരുമാനത്തെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ ഇതിനെക്കുറിച്ച് 2020 നവംബർ, ഡിസംബർ മാസങ്ങളിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താനുള്ള സാഹചര്യമില്ല.

(ഡി) ജി.എസ്.ടി. തട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; അത് വരുമാനം ഉയർത്തുവാൻ എത്രമാത്രം സഹായകമായി?

ജി.എസ്.ടി. തട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി ജി.എസ്.ടി. കൗൺസിലെടുത്ത തീരുമാന പ്രകാരം ഇൻപുട്ട് ടാക്സ് എടുക്കുന്നതിന് ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. നികുതിദായകർ സമർപ്പിച്ച ഓൺലൈൻ റിട്ടേണുകളുടെ സ്ക്രൂട്ടിണി കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി വരുമാനം കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി ഇ-ഇൻവോയിസിംഗ്, QRMP (Quarterly Return Monthly Payment) തുടങ്ങിയ സംവിധാനങ്ങൾ ഈ വർഷം മുതൽ പ്രാവർത്തികമാക്കുവാൻ ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ ചരക്കുനീക്കവും ഇ-വേ ബില്ലും പരിശോധന കാര്യക്ഷമമാക്കുന്നതിലേക്കായി പരീക്ഷണാടിസ്ഥാനത്തിൽ ANPR സംവിധാനം സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## കടലാസ്സരഹിത ട്രഷറി

102 (2386) ശ്രീ. പി. സി. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി കൂടുതൽ ജനകീയമാക്കുന്നതിന് എ.റ്റി.എം., സി.ഡി.എം., സംവിധാനങ്ങൾ കൊണ്ടുവരുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന റിയിക്കാമോ?

സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം., സി.ഡി.എം. സൗകര്യം നടപ്പാക്കിയിട്ടില്ല. ബാങ്കുകൾക്ക് ഇതിനായി ട്രഷറി വകുപ്പുമായി സഹകരിക്കുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമാണ്. എന്നാൽ ഈ പദ്ധതിക്ക് റിസർവ് ബാങ്കിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. ഈ സംവിധാനം സാധ്യമാക്കുന്നതിനുള്ള നടപടികൾ തുടരുന്നതാണ്.

(ബി) കടലാസുരഹിത ട്രഷറി ഇടപാടുകൾ നടത്താനുള്ള സർക്കാരിന്റെ പുതിയ പദ്ധതിയുടെ ഇപ്പോഴത്തെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ട്രഷറികൾ കടലാസുരഹിതമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സർക്കാരിന്റെ വരവുകൾ ഇപ്പോൾ തന്നെ ഇ-ട്രഷറി വഴി സ്വീകരിച്ചുവരുന്നു. ട്രഷറി ബില്ലുകൾ കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി 4-10-2019-ലെ സ.ഉ (പി) നമ്പർ 135/2019/ധന., 27-3-2020 ലെ സ.ഉ (പി) നമ്പർ 96/2020/ധന, 15-8-2020 ലെ സ.ഉ (പി) നമ്പർ 106/2020/ധന., 31-12-2020 ലെ സ.ഉ (പി) നമ്പർ 168/2020/ധന. എന്നീ ഉത്തരവുകൾ പ്രകാരം ആകെ 98 വകുപ്പുകളുടെ മാസ ബില്ലുകൾ കടലാസ് രഹിതമാക്കിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തോടുകൂടി മുഴുവൻ ട്രഷറി ഇടപാടുകളും കടലാസ് രഹിതമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ട്രഷറി നിയന്ത്രണം

103 (2387) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക പ്രതിസന്ധിമൂലം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ. വിശദാംശം നൽകുമോ?

ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും

തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഓരോ സമയത്തും ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ കാലഘട്ടത്തിൽ കരാറുകാരുടെ ബില്ലുകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ എന്നിവയ്ക്ക് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ. വിശദാംശം ലഭ്യമാക്കുമോ?

സാധാരണഗതിയിൽ ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഓരോ സമയത്തും ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

**ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം**

104 (2388) ശ്രീ. സി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) 2020-2021 സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകാൻ സാധിക്കുമോ?

ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 59/1-ൽ പ്പെട്ട 5 സെൻറ് സ്ഥലം

സ്വകാര്യ വ്യക്തിയിൽനിന്നും ലഭ്യമായിട്ടുണ്ട്. അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പിന് അനുവദിച്ചിട്ടുള്ള നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ട്രഷറിക്ക് അനുവദിച്ചിട്ടുള്ള സ്ഥലം വളരെ പരിമിതമാണെന്നും ഭൗമപരമായ പ്രത്യേകതകൾ കാരണം അവിടെ നാല് നിലകൾ മാത്രമേ സാധ്യമാവുകയുള്ളൂ എന്നറിയിച്ചുകൊണ്ട് (രണ്ട് നിലകൾ പാർക്കിംഗിനായുള്ള ബേസ്മെന്റ് നിലകളാണ്) ആയതിലേക്ക് ഇൻകെൽ ലിമിറ്റഡ് Detailed Project Report തയ്യാറാക്കിയതുമാണ്. എന്നാൽ പ്രസ്തുത പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിൽ സമർപ്പിച്ചപ്പോൾ ട്രഷറി നിർമ്മാണത്തിന് ലഭ്യമായിട്ടുള്ള സ്ഥലത്തിന്റെ അതിരുകൾ നിർണ്ണയിച്ച് കൊണ്ടുള്ള പുതുക്കിയ ലൊക്കേഷൻ സ്കെച്ച് ആവശ്യപ്പെടുകയുണ്ടായി എന്നും വില്ലേജ് ഓഫീസർ സ്ഥലം പരിശോധിച്ചപ്പോൾ ട്രഷറിക്കനുവദിച്ച സ്ഥലം കുറച്ച് ഭാഗം പഞ്ചായത്ത് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്നും ആയതിനാൽ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്ന Detailed Project Report തൽക്കാലം പരിഗണിക്കേണ്ടതില്ലെന്നും ഇൻകെൽ അറിയിക്കുകയുണ്ടായി. തുടർന്ന് ട്രഷറി വകുപ്പ് ഉദ്യോഗസ്ഥർ പഞ്ചായത്ത് അധികൃതരുമായി ചർച്ചകൾ നടത്തുകയും പഞ്ചായത്ത് പകരം സ്ഥലം വിട്ടുനൽകാം എന്നറിയിച്ചിട്ടുള്ളതുമാണ്. ആയത് അളന്ന് തിരിച്ച്, റവന്യൂ അധികാരികളിൽ നിന്നും ലൊക്കേഷൻ സ്കെച്ച് സഹിതം ലഭ്യമാകുന്ന മുറക്ക് പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി ട്രഷറി വകുപ്പ് ഇൻകെൽ ലിമിറ്റഡ് മുഖേന Detailed Project Report തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്

**പഴയങ്ങാടി സബ് ട്രഷറി കെട്ടിട നിർമ്മാണം**

105 (2389) ശ്രീ. റ്റി. വി. രാജേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻകെൽ നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലെത്തി നിൽക്കുന്ന 243 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ് ട്രഷറി കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഈ സർക്കാരിന്റെ കാലത്തുതന്നെ ട്രഷറി കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പഴയങ്ങാടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 16-7-2017-ലെ സ.ഉ.(സാധാ) നമ്പർ 5721/2017/ധന. ഉത്തരവ് പ്രകാരം 2,43,18,330 രൂപയുടെ ഭരണാനുമതിയും 28-12-2018-ലെ സ.ഉ.(സാധാ) നമ്പർ 10644/2018/ധന.

ഉത്തരവ് പ്രകാരം സിവിൽ, ഇലക്ട്രിക്കൽ ജോലികൾക്കായി 2,13,91,000 രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ പഴയങ്ങാടി സബ് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ ജോലികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ഫർണിഷിംഗിനുള്ള എസ്റ്റിമേറ്റ് തയ്യാറായി വരികയാണെന്നും കെട്ടിട നിർമ്മാണം 2021 ഏപ്രിൽ 15 തീയതിയോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്നും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

## വഞ്ചിയൂർ സബ് ട്രഷറി തട്ടിപ്പ്

106 (2390) ശ്രീ. വി .എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി .ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഞ്ചിയൂർ സബ് ട്രഷറി അക്കൗണ്ടന്റ് നടത്തിയ 2.5 കോടി രൂപയുടെ തട്ടിപ്പിനെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്; ബിജുലാൽ എപ്രകാരമാണ് പ്രസ്തുത തട്ടിപ്പ് നടത്തിയതെന്ന് ട്രഷറി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ 61,23,328 രൂപയുടെ ക്രമക്കേടാണ് നടന്നിട്ടുള്ളത്. തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കുറ്റക്കാരനായി കണ്ടെത്തിയ സീനിയർ അക്കൗണ്ടന്റ് ശ്രീ. എം. ആർ. ബിജുലാലിനെ സർവ്വീസിൽ നിന്നും ഡിസ്മിസ്സ് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിന്മേൽ സർക്കാർ 4-8-2020-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 4479/2020/ധന. ഉത്തരവ് പ്രകാരം ഒരു വിദഗ്ധ അന്വേഷണ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ട്രഷറി സോഫ്റ്റ്‌വെയർ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നൽകുകയും അതുപ്രകാരം അനിവാര്യമായ ക്രമീകരണങ്ങൾ അടിയന്തര പ്രാധാന്യത്തോടെ ട്രഷറി വകുപ്പ് നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. സമാനമായ ക്രമക്കേടുകൾ ഇനിമേൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള കാര്യക്ഷമമായ ക്രമീകരണങ്ങൾ നടപ്പിൽ വരുത്തുന്നതിലേയ്ക്കും ടി വിഷയവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും വിശദമായി പരിശോധിക്കുന്നതിലേയ്ക്കുമായി സമഗ്രമായ ഒരു വകുപ്പുതല അന്വേഷണം ട്രഷറി ജോയിന്റ് ഡയറക്ടർ/വിജിലൻസ് ഓഫീസറുടെ

നേതൃത്വത്തിൽ ത്വരിതഗതിയിൽ നടന്നുവരികയാണ്. കൂടാതെ ഈ വിഷയത്തിൻ മേൽ വഞ്ചിയൂർ പോലീസ് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. ശ്രീ. എം. ആർ. ബിജുലാൽ ടിയാന്റെ തന്നെ യൂസർ ഐ.ഡി.-യും പാസ്‌വേർഡും ഉപയോഗിച്ച് അനധികൃതമായി ഒരു ഇടപാട് സ്രൂട്ടിണി ചെയ്തതിനുശേഷം 31-5-2020-ൽ വിരമിച്ച സബ് ട്രഷറി ഓഫീസറുടെ പാസ്‌വേർഡ് ടി ഓഫീസറിൽ നിന്ന് അനധികൃതമായി കൈക്കലാക്കി ആയത് ദുരുപയോഗം ചെയ്ത് ശ്രീ. എം. ആർ. ബിജുലാൽ തന്നെ പ്രസ്തുത ഇടപാട് പാസ്സാക്കി പണം അപഹരിക്കുകയായിരുന്നു.

(ബി) പ്രസ്തുത തട്ടിപ്പിൽ വിരമിച്ച ഉദ്യോഗസ്ഥന്റെ യൂസർ നെയിം, പാസ് വേർഡ് എന്നിവ മാറ്റാൻ ഉത്തരവാദപ്പെട്ട ട്രഷറിയിലെ മേലുദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; വിശദമാക്കുമോ?

നടത്തിയിരുന്നു. വിരമിച്ച ഉദ്യോഗസ്ഥന്റെ പാസ്‌വേർഡ് നിർജ്ജീവമാക്കാത്തതുമായി ബന്ധപ്പെട്ട വിഷയത്തിൽ ബന്ധപ്പെട്ട ട്രഷറി ഉദ്യോഗസ്ഥർക്കെതിരെ വിശദീകരണം ആവശ്യപ്പെടുകയും നടപടി സ്വീകരിക്കുകയുമുണ്ടായി. ഉത്തരവാദിത്വപ്പെട്ട ട്രഷറി ഉദ്യോഗസ്ഥരെ സെൻഷ്വർ ചെയ്ത് അച്ചടക്ക നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ പണം നഷ്ടമായതിനാലും സമാനതട്ടിപ്പ് മറ്റെവിടെയെങ്കിലും ഉണ്ടായോ എന്ന് പരിശോധിക്കേണ്ടതിനാലും വിജിലൻസ് അന്വേഷണം വേണമെന്ന് സംസ്ഥാന പോലീസ് മേധാവി ശിപാർശ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത ശിപാർശ നിരസിച്ചത് എന്തുകൊണ്ടെന്ന് അറിയിക്കുമോ?

വിജിലൻസ് അന്വേഷണം വേണമെന്ന് പോലീസ് മേധാവി ട്രഷറി വകുപ്പിനോ ധനവകുപ്പിനോ ശിപാർശ നൽകിയിട്ടില്ല.

(ഡി) നഷ്ടപ്പെട്ട പണം ഈടാക്കുന്നതിനായി ബിജുലാലിന്റെ സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

സർക്കാരിന് നഷ്ടപ്പെട്ട തുക പ്രതിയായ ശ്രീ. എം. ആർ. ബിജുലാലിൽ നിന്ന് ഈടാക്കുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) 90 ദിവസത്തിനകം കുറ്റപത്രം സമർപ്പിക്കാത്തതിനാൽ പ്രതി ജാമ്യം നേടി പുറത്തുവന്നതിലുണ്ടായ വീഴ്ചയെപ്പറ്റി പരിശോധിക്കുമോ; വ്യക്തമാക്കാമോ?

വഞ്ചിയൂർ ട്രഷറിയിലെ സാമ്പത്തിക ക്രമക്കേടിലൂടെ സർക്കാരിന് നഷ്ടമായ തുക എത്രയെന്ന് കൃത്യമായി മനസ്സിലാക്കുവാൻ കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടി വന്നതിനാലും പ്രതിയുടെ ബാങ്ക്, ട്രഷറി ഇടപാടുകൾ എന്നിവ

സംബന്ധിച്ച് നിരവധി സാക്ഷികളുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തേണ്ടി വന്നതിനാലും ടിയാൻ സാമ്പത്തിക തിരിമറി നടത്താൻ ഉപയോഗിച്ച കമ്പ്യൂട്ടർ ഹാർഡ് സിസ്റ്റം, മൊബൈൽ ഫോണുകൾ, ട്രഷറി ഡയറക്ടറേറ്റിലെ ഡാറ്റാ ബേസിൽ നിന്നും പെൻഡ്രൈവിൽ പകർത്തിയ ഡേറ്റാ, പ്രതിയുടെ ഹാൻഡ് റൈറ്റിംഗ്, സ്പെസിമെൻ സിഗ്നേച്ചർ, സാമ്പത്തിക തിരിമറി നടത്താൻ ഉപയോഗിച്ച ചെക്കുകൾ എന്നിവ എഫ്.എസ്.എൽ. പരിശോധനയ്ക്ക് അയച്ചിട്ടുള്ളതിന്റെ പരിശോധനാഫലം ലഭിക്കാൻ കാലതാമസം ഉണ്ടായതിനാലും തൊണ്ണൂറ് ദിവസത്തിനകം പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിക്കുവാൻ പോലീസിന് സാധിച്ചില്ല. തുടർന്ന് പ്രതിക്ക് സ്വാഭാവിക ജാമ്യം ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടായി.

## സബ്ട്രഷറിയിലെ പണം തട്ടിപ്പ്

107 (2391) <u>ശ്രീ. ഒ. രാജഗോപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വഞ്ചിയൂർ സബ്ട്രഷറിയിൽ നടന്ന പണം തിരിമറിയും തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം ഏതുവരെയായി; എത്ര രൂപയുടെ തട്ടിപ്പ് നടന്നതായിട്ടാണ് അന്വേഷണത്തിൽ കണ്ടെത്തിയത്; കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു?

തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കുറ്റക്കാരനായി കണ്ടെത്തിയ സീനിയർ അക്കൗണ്ടന്റ് ശ്രീ. എം. ആർ. ബിജുലാലിനെ സർവ്വീസിൽ നിന്നും ഡിസ്മിസ്സ് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിന്മേൽ 4-8-2020-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 4479/2020/ധന. ഉത്തരവ് പ്രകാരം ഒരു വിദഗ്ദ്ധ അന്വേഷണ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ട്രഷറി സോഫ്റ്റ്‌വെയർ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അതുപ്രകാരം അടിയന്തര പ്രാധാന്യത്തോടെ ട്രഷറി വകുപ്പ് അനിവാര്യമായ ക്രമീകരണങ്ങൾ നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട്. സമാനമായ ക്രമക്കേടുകൾ ഇനിമേൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള കാര്യക്ഷമമായ ക്രമീകരണങ്ങൾ നടപ്പിൽ വരുത്തുന്നതിലേയ്ക്കും ടി വിഷയവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും വിശദമായി പരിശോധിക്കുന്നതിലേയ്ക്കുമായി സമഗ്രമായ ഒരു വകുപ്പുതല അന്വേഷണം ട്രഷറി ജോയിന്റ് ഡയറക്ടർ/വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ത്വരിതഗതിയിൽ നടന്നുവരികയാണ്. കൂടാതെ ഈ

വിഷയത്തിൻമേൽ വഞ്ചിയൂർ പോലീസ് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. ടി കേസ്സിൽ 61,23,328 രൂപയുടെ ക്രമക്കേടാണ് നടന്നിട്ടുള്ളത്. ടി ക്രമക്കേട് നടത്തിയ സീനിയർ അക്കൗണ്ടന്റ് ശ്രീ. എം. ആർ. ബിജുലാലിനെ ഇതിനോടകംതന്നെ സർവ്വീസിൽ നിന്ന് ഡിസ്മിസ്സ് ചെയ്തിട്ടുണ്ട്. കൂടാതെ ഉത്തരവാദപ്പെട്ട ട്രഷറി ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം ആവശ്യപ്പെടുകയും ടി ഉദ്യോഗസ്ഥരെ സെൻഷ്വർ ചെയ്ത് അച്ചടക്ക നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സമാന തട്ടിപ്പുകൾ മറ്റ് ട്രഷറികളിലും നടന്നിട്ടുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ; അന്വേഷിച്ചിട്ടില്ലെങ്കിൽ അപ്രകാരം അന്വേഷണം നടത്തുവാൻ തയ്യാറാകുമോ?

അന്വേഷിച്ചിട്ടുണ്ട്. വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ, സമാനമായ അനധികൃത ഇടപാടുകൾ മറ്റ് ട്രഷറികളിൽ സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാകുന്നതിനായി എല്ലാ ട്രഷറികളിലെയും ഇടപാടുകൾ മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം പരിശോധിക്കുകയുണ്ടായി. എന്നാൽ സമാനമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല.

(സി) കുറ്റാരോപിതനായ ജീവനക്കാരൻ ഏതെങ്കിലും സർവ്വീസ് സംഘടനയിലെ അംഗമാണോ?

കുറ്റാരോപിതനായ ജീവനക്കാരൻ ഏതെങ്കിലും സർവ്വീസ് സംഘടനയിലെ അംഗമാണോ എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

**ട്രഷറികളിൽ അഗ്നിസുരക്ഷ സംവിധാനങ്ങൾ**

108 (2392) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഡയറക്ടറേറ്റ് ഉൾപ്പെടെ നഗരത്തിലെ എട്ട് പ്രധാന ട്രഷറികളിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഇല്ലെന്ന് അഗ്നിരക്ഷാസേനയുടെ ഫയർ ആഡിറ്റിൽ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ട്രഷറികളാണ് പ്രസ്തുത സംവിധാനം ഇതുവരെ ഒരുക്കാത്തത്?

ഉണ്ട്. ട്രഷറി ഡയറക്ടറേറ്റ് ഉൾപ്പെടെ നഗരത്തിലെ പ്രധാന 13 ട്രഷറികളിൽ അഗ്നി സുരക്ഷാ സംവിധാനങ്ങളില്ലെന്ന് അഗ്നിരക്ഷാസേനയുടെ ഫയർ ആഡിറ്റിൽ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. ട്രഷറി ഡയറക്ടറുടെ ഓഫീസ്
2. ജില്ലാ ട്രഷറി, തിരുവനന്തപുരം

3. പ്രിൻസിപ്പൽ സബ് ട്രഷറി ഫോർട്ട്
4. അഡീഷണൽ സബ് ട്രഷറി, വഞ്ചിയൂർ
5. സബ് ട്രഷറി, വെള്ളയമ്പലം
6. സബ് ട്രഷറി, എഞ്ചിനിയറിംഗ് കോളേജ്, തിരുവനന്തപുരം
7. സബ് ട്രഷറി, മെഡിക്കൽ കോളേജ്
8. സബ് ട്രഷറി, വികാസ് ഭവൻ
9. സബ് ട്രഷറി, സെക്രട്ടേറിയറ്റ്
10. സബ് ട്രഷറി, ലെജിസ്ലേറ്റീവ് കോംപ്ലക്സ്
11. സബ് ട്രഷറി, കുടപ്പനക്കുന്ന്
12. പെൻഷൻ പേമെന്റ് സബ് ട്രഷറി, തിരുവനന്തപുരം
13. സബ് ട്രഷറി, കഴക്കൂട്ടം

(ബി) അഗ്നി സുരക്ഷാസംവിധാനം ഇല്ലാത്ത ട്രഷറികളിൽ അത് അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വീകരിക്കും. ട്രഷറി വകുപ്പിൽ ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) അടിസ്ഥാനമാക്കിയുള്ള ISO 27001 സർട്ടിഫിക്കറ്റ് നേടുന്നതിന് എല്ലാ ട്രഷറികളിലും Fire Extinguisher സ്ഥാപിക്കുന്നതിന് 28-4-2020-ലെ സ.ഉ.(സാധാ) നമ്പർ 2883/2020/ധന. പ്രകാരം ഭരണാനുമതി നല്കിയിരുന്നു. Fire Extinguisher-കൾ e-Tender നടപടികളിലൂടെ വാങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അഗ്നിസുരക്ഷാ സംവിധാനം ഇല്ലാത്ത ട്രഷറികളിൽ ആയത് ഏർപ്പെടുത്തുവാനുള്ള സത്വര നടപടികൾ ട്രഷറി വകുപ്പ് സ്വീകരിച്ചുവരുകയാണ്.

**സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം. സൗകര്യം**

109 (2393) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം. സൗകര്യം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര ട്രഷറികളിൽ ഈ സൗകര്യം ഏർപ്പെടുത്തിയെന്നറിയിക്കാമോ;

(ബി) സൗകര്യം ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം, സൗകര്യം നടപ്പിൽ വരുത്തിയിട്ടില്ല. ഇതിനായി ട്രഷറി വകുപ്പുമായി സഹകരിക്കുന്നതിന് ബാങ്കുകൾക്ക് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമാണ്. എന്നാൽ ഈ പദ്ധതിക്ക് റിസർവ് ബാങ്കിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. ഇതിനുള്ള നടപടികൾ തുടർന്നു വരികയാണ്.

**സംസ്ഥാന ലോട്ടറി**

110 (2394) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിനും ടിക്കറ്റുകളുടെ വില്പന കൂട്ടുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് കേന്ദ്ര സർക്കാർ 1-3-2020 മുതൽ 12%-ത്തിൽ നിന്നും 28%-മായി ഉയർത്തുകയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40 രൂപയായി ഏകീകരിച്ചുകൊണ്ട് സമ്മാനങ്ങളുടെ എണ്ണത്തിലും തുകയിലും വർദ്ധനവ് വരുത്തി ഏകദേശം 58.5% തുക സമ്മാനമായി നൽകത്തക്കവിധത്തിലും സമ്മാന ഘടന അത്യന്തം ആകർഷകമാക്കി പരിഷ്കരിച്ചു. പരിഷ്കരിച്ച സമ്മാനഘടനയനുസരിച്ചുള്ള ആദ്യ നറുക്കെടുപ്പ് 1-3-2020-ന് നടത്തുകയും ചെയ്തിട്ടുണ്ട്. ഈ വിധം സമ്മാനഘടന പരിഷ്കരണം പൊതുജനങ്ങൾക്ക് സ്വീകാര്യമാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി കൂടുതൽ ആകർഷകമാക്കുന്നതിനായി 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ചുവടെപ്പറയുന്ന പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. 100 രൂപയുടെ സമ്മാനങ്ങൾക്ക് നൽകുന്ന ഏജന്റ്സ് പ്രൈസ് 10 രൂപയിൽ നിന്നും 20 രൂപയാക്കുന്നതിനും മറ്റെല്ലാ സമ്മാനങ്ങളിന്മേലുള്ള ഏജന്റ്സ് പ്രൈസും 12 ശതമാനമായി വർദ്ധിപ്പിക്കുന്നതിനും എല്ലാ സ്ലാബിലുമുള്ള ഡിസ്കൗണ്ട് അര ശതമാനം വീതം വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിനായി ലൈഫ് ബംബർ ഭാഗ്യക്കുറി നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നറുക്കെടുപ്പ് അടുത്ത മാർച്ച് മാസത്തിൽ നടത്തുന്നതാണ്. ഏജന്റ് മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ചു നൽകുന്നതിന് ആവശ്യമായ ചട്ട ഭേദഗതികൾ കൊണ്ടുവരുന്നതാണ്. ബാങ്ക് ഗ്യാരണ്ടിയിന്മേൽ ഏജന്റുമാർക്ക് ബംബർ ടിക്കറ്റുകൾ നൽകുന്നതാണ്. ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ പരിഷ്കരണം പൂർത്തിയായിട്ടുണ്ട്.

ജി.എസ്.ടി. ഓൺലൈനായി ഒടുക്കുന്നതിന് സംവിധാനമുണ്ടാക്കും. സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ നിന്നും നൽകിവന്നിരുന്ന വിവിധ ധനസഹായങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്.

(ബി) സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി. പന്ത്രണ്ട് ശതമാനത്തിൽ നിന്നും ഇരുപത്തിയെട്ട് ശതമാനമായി ഉയർത്തിയ ജി.എസ്.ടി. കൗൺസിലിന്റെ നടപടി സംസ്ഥാന ലോട്ടറിയെ എപ്രകാരമാണ് ബാധിച്ചത്?

കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 1-3-2020 മുതൽ 12%-ത്തിൽ നിന്നും 28%-മായി ഉയർത്തുകയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40 രൂപയായി ഏകീകരിക്കേണ്ടിവരുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ GST നിരക്കിലുണ്ടായ വർദ്ധനവിനനുസൃതമായി സമ്മാന ഘടന പരിഷ്കരിച്ചതുവഴി ഭാഗ്യക്കുറി വകുപ്പിലൂടെ സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7%-ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുകയും ചെയ്തിട്ടുണ്ട്. സമ്മാനഘടന പരിഷ്കരണംവഴി ഏകദേശം 58.5% ത്തോളം തുക സമ്മാനയിനത്തിൽ പൊതുജനങ്ങൾക്ക് നിലവിൽ നല്കിവരുകയും ചെയ്യുന്നുണ്ട്.

(സി) പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനയിലും വില്പനയിലും പരിഷ്കാരം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ?

എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടന 1-3-2020 മുതൽ പരിഷ്കരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 1-3-2020 മുതൽ 12%-ത്തിൽ നിന്നും 28% മായി ഉയർത്തുകയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40 രൂപയായി ഏകീകരിച്ചുകൊണ്ട് സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന തുകയിലും വർദ്ധനവ് വരുത്തിയും ഏകദേശം 58.5% തുക സമ്മാനമായി നൽകത്തക്കവിധത്തിലും സമ്മാനഘടന അത്യന്തം ആകർഷകമാക്കി പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പരിഷ്കരിച്ച സമ്മാന ഘടന 1-3-2020 ലെ പൗർണ്ണമി ഭാഗ്യക്കുറിയുടെ 432-ാമത് നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്തിട്ടുണ്ട്. സമ്മാന വിഹിതം വിൽപ്പന വരുമാനത്തിന്റെ 1.5% കൂടി വർദ്ധിപ്പിക്കുമ്പോൾ പ്രതിവാര ഭാഗ്യക്കുറികൾക്ക് 11000 സമ്മാനങ്ങൾ കൂടി ലഭ്യമാകുന്നതിനുള്ള നടപടി 2021-22 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) കോവിഡ് പ്രതിസന്ധിമൂലം ഭാഗ്യക്കുറി വരുമാനത്തിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

2020 മാർച്ച് മാസം അവസാനത്തോടുകൂടി വ്യാപിച്ച മഹാമാരിയായ കോവിഡ്-19 ന്റെ നിർവ്യാപനവുമായി ബന്ധപ്പെട്ടുള്ള സമ്പൂർണ്ണ അടച്ചിടലും ഇതിന്റെ ഭാഗമായുള്ള തുടർ നിയന്ത്രണങ്ങളും ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ മുഴുവൻ പ്രതിവാര ഭാഗ്യക്കുറികൾ, വിഷു ബമ്പർ ഭാഗ്യക്കുറി (BR-73), പിന്നീടുള്ള മാസങ്ങളിലെ എല്ലാ ഞായറാഴ്ചകളിലേയും പൗർണ്ണമി, വ്യാഴാഴ്ചയിലെ കാരുണ്യ പ്ലസ് പ്രതിവാര ഭാഗ്യക്കുറികൾ, (ഡിസംബർ മാസം വരെ) എന്നിവയുൾപ്പെടെ നിലവിൽ ഏകദേശം 160-ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷത്തിൽ (ഡിസംബർ മാസം വരെ) നികുതിയേതര വരുമാനമായി 7687.4 കോടി രൂപ സമാഹരിച്ചിരുന്ന സ്ഥാനത്ത് 2020-2021 സാമ്പത്തിക വർഷത്തിൽ (ഡിസംബർ മാസം വരെ) 2742.29 രൂപ മാത്രമാണ് നികുതിയേതര വരുമാനമായി വകുപ്പിന് സമാഹരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഏകദേശം 5000 കോടി രൂപയോളം തുക കുറവ് വരുകയും ചെയ്തിട്ടുണ്ട്.

**അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാൻ നടപടി**

111(2395) ശ്രീ . വി. ടി. ബൽറാം :
ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നിയമത്തിലെ ചില വകുപ്പുകൾ ഹൈക്കോടതി റദ്ദ് ചെയ്ത സാഹചര്യം മുതലെടുത്ത് സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറികൾ വിൽക്കുന്നതിന് ലോട്ടറി മാഫിയ ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോട്ടറിയുടെ ഇരട്ട നികുതി 28 ശതമാനമായി ഏകീകരിച്ച ജി.എസ്.ടി. കൗൺസിൽ നടപടി അന്യസംസ്ഥാന ലോട്ടറികൾക്ക് സഹായകമായിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) ഹൈക്കോടതി വിധി നിലവിലുണ്ടെങ്കിലും പേപ്പർ ലോട്ടറി ആക്ടിലെ നിലവിലുള്ള നിബന്ധനവച്ച് അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുവാൻ സാധിക്കും. കേരള GST Amendment Rule 2017-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടു മാത്രമേ കേരളത്തിനുള്ളിൽ ലോട്ടറി വിൽപ്പന നടത്താൻ പാടുള്ളൂ. കേന്ദ്ര ലോട്ടറി റെഗുലേഷൻ ആക്ട് 1998 സബ് റൂൾ 7(3) പ്രകാരം നിയമ നടപടിക്ക് വ്യവസ്ഥകൾ നിലവിലുണ്ട്.

(ഡി) അന്യസംസ്ഥാന ലോട്ടറി മാഫിയയുടെ കടന്നുകയറ്റം തടയുന്നതിനും സംസ്ഥാന ലോട്ടറിയെ രക്ഷിക്കുന്നതിനും ശക്തമായ ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ?

അന്യസംസ്ഥാന ലോട്ടറി മാഫിയയുടെ കടന്നുകയറ്റം തടയുന്നതിനും സംസ്ഥാന ലോട്ടറിയെ രക്ഷിക്കുന്നതിനും കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**ലോട്ടറി വിൽപ്പന**

112 (2396) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ 2019-20-ലെ വിറ്റുവരവ് എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ?

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 9972.09 കോടി രൂപയാണ്.

(ബി) പ്രസ്തുത കാലയളവിൽ ലോട്ടറി ടിക്കറ്റ് വില്പനയിലൂടെ എത്ര കോടി രൂപ ലാഭമുണ്ടാക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ?

2019-20 സാമ്പത്തിക വർഷം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയിലൂടെ ലഭിച്ച ലാഭം 1763.69 കോടി രൂപയാണ്.

(സി) ഈ കാലയളവിൽ ലോട്ടറിയുടെ നികുതിയിനത്തിൽ സർക്കാരിന് എത്ര കോടി രൂപ ലഭിച്ചുവെന്ന് അറിയിക്കാമോ?

2019-20 സാമ്പത്തിക വർഷം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയിന്മേൽ 1273.56 കോടി രൂപ ചരക്ക് സേവന നികുതിയിനത്തിൽ ഒടുക്കിയതിൽ സംസ്ഥാന വിഹിതമായി 636.78 കോടി രൂപ ലഭിച്ചിട്ടുണ്ട്.

**ഇതര സംസ്ഥാന ലോട്ടറി വില്പന**

113(2397) ശ്രീ .കെ .എൻ .എ. ഖാദർ:
ശ്രീ. കെ എം ഷാജി:
ശ്രീ .പി. കെ. ബഷീർ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതരസംസ്ഥാന ലോട്ടറികൾ വില്പന നടത്തുന്നതിന് നിലവിൽ നിരോധനമുണ്ടോ?

ഇപ്പോൾ ഇതര സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല.

(ബി) ലോട്ടറിക്ക് ജി.എസ്.ടി. ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഇതരസംസ്ഥാന ലോട്ടറി വിൽപ്പന ആരംഭിക്കാൻ ശ്രമം നടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത കാര്യത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കേരളത്തിൽ അന്യസംസ്ഥാന ഭാഗ്യക്കുറി നടത്തിപ്പുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിരുന്ന 34025/2019 എന്ന റിട്ട് പെറ്റീഷനിൽ കേരള സംസ്ഥാന ലോട്ടറി റൂൾസ്-2018 ultra vires ആണെന്ന് ഹൈക്കോടതി സിംഗിൾ ബഞ്ച് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ 7-1-2021-ൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാരും ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാർ, വിൽപ്പനക്കാർ, Retailers എന്നിവരും അന്യ സംസ്ഥാന ഭാഗ്യക്കുറി വിൽപ്പന നടത്താൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവ് ലംഘിക്കുന്ന പക്ഷം അത്തരക്കാരുടെ ഏജൻസികൾ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികൾ, എജന്റുമാർ എന്നിവർ ഉൾപ്പെടെയുള്ളവരുടെ യോഗം 1-1-2021-ന് വിളിച്ചുചേർത്ത് സർക്കാർ നിലപാടുകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ഇതര സംസ്ഥാന നിയമവിരുദ്ധ ലോട്ടറികൾക്കെതിരെ സ്വീകരിക്കുന്ന നിലപാടുകൾക്ക് സഹകരണം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന ഭാഗ്യക്കുറികൾ കേരളത്തിൽ വിൽപ്പന നടത്തുന്നത് സംസ്ഥാന GST വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാവണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഇതര സംസ്ഥാന ലോട്ടറികളുടെ പ്രവർത്തനം**

114(2398) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികൾ വിൽക്കാമെന്ന കോടതി വിധിയ്ക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരളത്തിനുള്ളിലെ ലോട്ടറി നടത്തിപ്പ് റെഗുലേറ്റ് ചെയ്യുന്നതിന് സംസ്ഥാന സർക്കാർ കൊണ്ടുവന്നിരുന്ന 2018-ലെ ഭാഗ്യക്കുറി ഭേദഗതി റൂൾസ് സംസ്ഥാനത്തിന്റെ അധികാര പരിധിക്ക് പുറത്തുള്ളതാണെന്നും ആയതിനാൽ

നാഗാലാന്റ് ലോട്ടറി വിൽപ്പനയിലും മാർക്കറ്റിംഗിലും സംസ്ഥാന സർക്കാരിന്റെ ഇടപെടൽ വിലക്കിക്കൊണ്ടാണ് WP (C) 34025/2019 -ന്റെ 22-12-2020-ലെ ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധി. പ്രസ്തുത വിധിക്ക് എതിരായി ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ WA 78/2021 പ്രകാരം റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന ലോട്ടറികളുടെ കേരളത്തിലെ പ്രവർത്തനം ഔദ്യോഗികമായി പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാർ, ടിയാളുടെ സബ് ഏജന്റുമാർ, വിൽപ്പനക്കാർ, Retailers എന്നിവർ അന്യസംസ്ഥാന ഭാഗ്യക്കുറി വിൽപ്പന നടത്താൻ പാടുള്ളതല്ലെന്ന വ്യവസ്ഥകൾ നിഷ്കർഷിച്ച് 28-7-2017-ലെ സ.ഉ.(എം.എ.സ്.) നമ്പർ 61/2017/നി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാന നിയമവിധേയമല്ലാത്ത ലോട്ടറിയുടെ വിപണനവുമായി ബന്ധപ്പെട്ട് കൈക്കൊള്ളേണ്ട നിലപാടുകൾ ട്രേഡ് യൂണിയൻ പ്രതിനിധികൾ, ഏജന്റുമാർ എന്നിവരുമായി ആശയവിനിമയം നടത്തി ബോധ്യപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന GST ചട്ടങ്ങളിലെ നിബന്ധന കർശനമായി നടപ്പിലാക്കി സർക്കാരിനുള്ള അധികാരങ്ങളും അവകാശങ്ങളും പ്രയോഗിച്ച് ഇതര സംസ്ഥാന നിയമവിരുദ്ധ ലോട്ടറികളെ ചെറുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ കേരളത്തിനുള്ളിൽ ഇതര സംസ്ഥാന ഭാഗ്യക്കുറികൾ വിൽപ്പന നടത്തുന്നില്ല. എന്നാൽ 27-7-2017-ലെ SRO No. 470/2017 പ്രകാരമുള്ള GST ചട്ടങ്ങളിലെ നിബന്ധനകളനുസരിച്ച് മാത്രമേ കേരളത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറികൾക്ക് വിപണനം നടത്താൻ സാധിക്കുകയുള്ളൂ. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമവും അനുബന്ധമായ ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും സ്വീകരിക്കുന്നതാണ്.

**കാരുണ്യ ചികിത്സാനുകൂല്യം**

115(2399) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം തുടർചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ലഭിച്ചുവന്ന രോഗികൾക്ക് പ്രസ്തുത ആനുകൂല്യം സാങ്കേതിക കാരണങ്ങളാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) പ്രകാരം ലഭിക്കുന്നില്ലെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാസ്പ് പദ്ധതിപ്രകാരം വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള മരുന്നുകൾ നിലവിൽ ലഭ്യമല്ല. ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് അനുസരിച്ചാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ചികിത്സ ലഭ്യമാക്കുന്നത്. ആയതിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷമായുള്ള മരുന്നുകളും മറ്റു ചികിത്സകളും ഉൾപ്പെടുത്താനുള്ള നിർദ്ദേശം നാഷണൽ ഹെൽത്ത് അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. 2020 സെപ്റ്റംബർ 1 മുതൽ കാരുണ്യ ബെനവലന്റ് ഫണ്ട് ചികിത്സാ നടപടികൾ മുഴുവനായും നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് പ്രകാരവും ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെയുമാണ്. നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഹെൽത്ത് ബെനിഫിറ്റ് പാക്കേജിലും ഐ ടി. സിസ്റ്റത്തിലും മേൽ സൂചിപ്പിച്ച ചികിത്സാ നടപടികൾ ഉൾപ്പെടുത്താൻ സാങ്കേതികമായി ഏതാനും ദിവസങ്ങൾ നിർബന്ധമാണ്. ആയത് പിന്തുടരാനും സാധാരണക്കാരായ ജനങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താനും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്.

(ബി) അത്തരം സാങ്കേതികപ്രശ്നം പരിഹരിച്ച് പ്രസ്തുത ആനുകൂല്യം അത്തരം രോഗികൾക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചു വരികയാണ്.

**നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്**

116(2400) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലായി എത്ര രൂപയുടെ ടെണ്ടർ സേവിംഗ്സ് ഉണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ച് വരുന്നു.

(ബി) ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

4-8-2018-ലെ സ.ഉ.(പി)നമ്പർ 119/2018/ധന. ഉത്തരവിന്റെ ഖണ്ഡിക 2.8 പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ

പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-ന കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19-ന കീഴിൽ പരിഗണിക്കാവുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എം.എൽ.എ-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

**ലോട്ടറി വിൽപ്പന**

117 (2401) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി സംസ്ഥാന ലോട്ടറി വില്പനയെ എപ്രകാരമാണ് ബാധിച്ചത്; വിശദമാക്കുമോ?

മാർച്ച് മാസം അവസാനത്തോടുകൂടി വ്യാപിച്ച മഹാമാരിയായ കോവിഡ്-19 ന്റെ നിർവ്യാപനവുമായി ബന്ധപ്പെട്ടുള്ള സമ്പൂർണ്ണ അടച്ചിടലും ഇതിന്റെ ഭാഗമായുള്ള തുടർ നിയന്ത്രണങ്ങളും ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ മുഴുവൻ പ്രതിവാര ഭാഗ്യക്കുറികൾ, വിഷു ബമ്പർ ഭാഗ്യക്കുറി (BR-73), പിന്നീടുള്ള മാസങ്ങളിലെ എല്ലാ ഞായറാഴ്ചകളിലേയും പൗർണ്ണമി, വ്യാഴാഴ്ചയിലെ കാരുണ്യ പ്ലസ് പ്രതിവാര ഭാഗ്യക്കുറികൾ, (ഡിസംബർ മാസം വരെ) എന്നിവയുൾപ്പെടെ നിലവിൽ ഏകദേശം 160-ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. ഇത് വകുപ്പിന് ഏറെ സാമ്പത്തിക പ്രത്യാഘാതം സൃഷ്ടിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഏറ്റവും ദുർബ്ബല വിഭാഗമായ ഭാഗ്യക്കുറി വില്പനക്കാർക്ക് സർക്കാർ പരമാവധി സഹായം നൽകിയിട്ടുണ്ട്. ലോക്ക്ഡൗണിന് ശേഷം ഘട്ടംഘട്ടമായി വ്യാപാരം പുനഃസ്ഥാപിക്കുന്നതിന് സർക്കാർ സന്തുലിതമായ സമീപനം സ്വീകരിച്ചിട്ടുണ്ട്.

(ബി) ലോട്ടറിയുടെ ആകർഷണീയത കൂട്ടി വില്പന ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് കേന്ദ്ര സർക്കാർ 1-3-2020 മുതൽ 12%-ത്തിൽ നിന്നും 28%-മായി ഉയർത്തുകയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40 രൂപയായി ഏകീകരിച്ചുകൊണ്ട് സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന തുകയിലും വർദ്ധനവ് വരുത്തിയും ഏകദേശം 58.5% തുക പൊതുജനങ്ങൾക്ക് സമ്മാനമായി നൽകത്തക്കവിധത്തിലും സമ്മാനഘടന അത്യന്തം ആകർഷകമാക്കി പരിഷ്കരിച്ചു. ഇപ്രകാരം പരിഷ്കരിച്ച സമ്മാനഘടന 1-3-2020-ലെ പൗർണ്ണമി ഭാഗ്യക്കുറിയുടെ 432-മത് നറുക്കെടുപ്പ് മുതൽ

പ്രാബല്യത്തിൽ വരുകയും ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി ഏജന്റുമാർക്ക് ടിക്കറ്റുകൾ വാങ്ങുന്നതിലേക്കായി അനുവദിച്ചിരുന്ന ഡിസ്കൗണ്ട് സ്ലാബിലും താഴെപ്പറയും പ്രകാരം പരിഷ്കരണം നടത്തിയിട്ടുണ്ട്.

2000 ടിക്കറ്റുകൾ വരെ - 23.5%

2001 മുതൽ 8400 വരെ - 24.25%

8400-ന് മുകളിൽ - 25% -ഈ വിധം നടപ്പാക്കിയ മാറ്റങ്ങളിലൂടെ ടിക്കറ്റുകളുടെ വിൽപ്പന ത്വരിതപ്പെടുത്തുവാനും വകുപ്പിന് സാധിച്ചിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ചുവടെപ്പറയുന്ന പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്.

100 രൂപയുടെ സമ്മാനങ്ങൾക്ക് നൽകുന്ന ഏജന്റ്സ് പ്രൈസ് 10 രൂപയിൽ നിന്നും 20 രൂപയാക്കുന്നതും, മറ്റെല്ലാ സമ്മാനങ്ങളിന്മേലുള്ള ഏജന്റ്സ് പ്രൈസും 12 ശതമാനമായി വർദ്ധിപ്പിക്കുന്നതും എല്ലാ സ്ലാബിലുമുള്ള ഡിസ്കൗണ്ട് അര ശതമാനംവീതം വർദ്ധിപ്പിക്കുന്നതും ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിനായി ലൈഫ് ബംബർ ഭാഗ്യക്കുറി നടത്തുന്നതുമാണ്. ഇതിന്റെ നറുക്കെടുപ്പ് അടുത്ത മാർച്ച് മാസത്തിൽ നടത്തുന്നതാണ്. ഏജന്റ് മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ച നൽകുന്നതിന് ആവശ്യമായ ചട്ട ഭേദഗതികൾ കൊണ്ടുവരുന്നതാണ്. ബാങ്ക് ഗ്യാരണ്ടയിന്മേൽ ഏജന്റുമാർക്ക് ബംബർ ടിക്കറ്റുകൾ നൽകുന്നതാണ്. ഇതിന് ആവശ്യമായ സോഫ്റ്റ്വെയർ പരിഷ്കരണം പൂർത്തിയായിട്ടുണ്ട്. ജി.എസ്.ടി. ഓൺലൈനായി ഒടുക്കുന്നതിന് സംവിധാനമുണ്ടാകും. സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ നിന്നും നൽകിവന്നിരുന്ന വിവിധ ധനസഹായങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. വിവാഹ ധനസഹായം 5,000-ത്തിൽ നിന്നും 25,000 രൂപയായും പ്രസവാനുകൂല്യം 5,000-ത്തിൽ നിന്നും 10,000 രൂപയായും പ്രത്യേക ചികിത്സാ സഹായം 20,000-ത്തിൽ നിന്നും 50,000 രൂപയായും ചികിത്സാ ധനസഹായം 3,000 രൂപയിൽ നിന്നും 5,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി മുതൽ ബിരുദ-ബിരുദാനന്തരതലം വരെയും പ്രൊഫഷണൽ കോഴ്സുകൾക്കും പ്രതിവർഷ സ്കോളർഷിപ്പ് കൊണ്ടുവന്നു. 1,500 രൂപ മുതൽ 7,000 രൂപ വരെയാണ് വിവിധ കോഴ്സുകൾക്കുള്ള സ്കോളർഷിപ്പ്.

(സി) കോവിഡ് കാലയളവിൽ ഒരു കോടിയിൽ കൂടുതൽ ടിക്കറ്റുകൾ ഏതെങ്കിലും ലോട്ടറിയിലൂടെ വിറ്റിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ; ലോട്ടറികളുടെ വിശദാംശം നൽകുമോ?

കോവിഡ് കാലയളവിൽ ഒരു കോടിയിൽ കൂടുതൽ ടിക്കറ്റുകൾ വിൽപ്പന നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നറുക്കെടുപ്പ് തീയതി | ഭാഗ്യക്കുറി | അച്ചടിച്ച ടിക്കറ്റുകളുടെ എണ്ണം | വിറ്റഴിച്ച ടിക്കറ്റുകളുടെ എണ്ണം |
|---|---|---|---|
| 23-11-2020 | വിൻ-വിൻ (W-591) | 10020000 | 10020000 |
| 25-11-2020 | അക്ഷയ (AK-473) | 10020000 | 10009675 |
| 30-11-2020 | വിൻ-വിൻ(W-592) | 10020000 | 10020000 |

**കേരള ഫിനാൻസ് കോർപ്പറേഷൻ വായ്പകൾ**

118 (2402) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പൊതുമരാമത്ത് കരാറുകാർക്ക് വായ്പകൾ അനുവദിക്കാറുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

1. കരാർ തുകയുടെ 80%വരെ വർക്ക് എക്സിക്യൂഷൻ വായ്പ.
2. ബിൽ തുകയുടെ 90% വരെ ആദ്യകാല ബിൽ ഡിസ്കൗണ്ടിംഗ് വായ്പ.
3. പ്രോമിസറി നോട്ട് തുകയുടെ 100% വരെ സർക്കാർ ബിൽ ഡിസ്കൗണ്ടിംഗ് വായ്പ.
4. പെർഫോർമൻസ് ഗ്യാരണ്ടി.
5. യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനായുള്ള വായ്പ.
6. സോൾവെൻസി സർട്ടിഫിക്കറ്റ് സൗകര്യം.

(ബി) ഫെയർ വാല്യൂ നിശ്ചയിച്ചിട്ടാണോ വായ്പ അനുവദിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയത് കരാറുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഫെയർ വാല്യൂവിന്റെ 3 അല്ലെങ്കിൽ 4 മടങ്ങ് സെക്യൂരിറ്റിയായി തന്നിരിക്കുന്ന വസ്തുവിന്റെ വിലയായി കണക്കാക്കിവരുന്നത് കരാറുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കരാറുകാരുടെ

സംഘടനയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റിയുടെ ആവശ്യകത ലോൺ തുകയുടെ 100% എന്നത് 50% ആക്കി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) നാഷണലൈസ്ഡ് ബാങ്കുകൾ മാർക്കറ്റ് വാല്യൂ അനുസരിച്ചു പ്രോപ്പർട്ടി വാല്യൂ നിശ്ചയിക്കുന്ന സമ്പ്രദായം കെ.എഫ്.സി.-ക്കും അനുവർത്തിക്കാമോ എന്ന് വ്യക്തമാക്കാമോ?

മാർക്കറ്റ് വാല്യൂ അനുസരിച്ച് വസ്തുവിന്റെ വില കണക്കാക്കുമ്പോൾ പലപ്പോഴും വ്യത്യസ്തമായ വിലകളാണ് ഒരേ വസ്തുവിന് ലഭിക്കാറുള്ളത്. അതു കൂടാതെ തിരിച്ചടവ് മുടങ്ങിയ വായ്പകളിൽ കോർപ്പറേഷൻ വസ്തുക്കൾ വിൽപ്പന നടത്തുന്ന അവസരത്തിൽ മാർക്കറ്റ് വാല്യൂ അനുസരിച്ച് വില കണക്കാക്കിയ വസ്തുക്കളിൽ ഈ വിലയുടെ പകുതിപോലും ലഭിക്കാതെ കോർപ്പറേഷന് സാമ്പത്തിക നഷ്ടംവരുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ ഈ വിഷയത്തിൽ കൂടുതൽ സുതാര്യത അവലംബിക്കാനാണ് സർക്കാർ നിശ്ചയിച്ച ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിൽ വസ്തുവിന്റെ വില നിശ്ചയിക്കുന്ന രീതി സ്വീകരിച്ചത്.

(ഡി) കെ.എഫ്.സി. മുമ്പ് കരാറുകാർക്ക് അനുവദിച്ച വായ്പകൾ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

റദ്ദ് ചെയ്തിട്ടില്ല.

## കെ.എസ്.എഫ്.ഇ. ഇന്റേണൽ വിജിലൻസ് വിഭാഗം

119 (2403) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിന്റെ ചുമതലകൾ വിശദമാക്കുമോ; പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കെ.എസ്.എഫ്.ഇ.യുടെ മുഴുവൻ ശാഖകളും (620), മേഖല ഓഫീസുകളും (13), സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (റവന്യൂ റിക്കവറി) ഓഫീസുകൾ (10), കേന്ദ്ര കാര്യാലയത്തിലെ വിവിധ വകുപ്പുകൾ എന്നിവയുടെ പ്രവർത്തനം ഓഡിറ്റ് ചെയ്യുക, ഈ സ്ഥലങ്ങളിലെല്ലാം കമ്പനിയുടെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും പുറമെ, സർക്കാർ, മറ്റ് വിവിധ റെഗുലേറ്റിംഗ് ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നുമുള്ള നിർദേശങ്ങളും ചട്ടങ്ങളും പാലിച്ചുതന്നെയാണ് ശാഖകളും മറ്റ് ഓഫീസുകളും പ്രവർത്തിക്കുന്നത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക എന്നതാണ് ഓഡിറ്റ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. കൂടാതെ ഓഡിറ്റ് ടീമുകളുടെ

റിപ്പോർട്ടുകൾ കേന്ദ്ര/മേഖല ഓഫീസ് തലത്തിൽ അവലോകനം ചെയ്ത് അതത് ഓഫീസ്/വകുപ്പ് മേധാവികൾക്ക് ആവശ്യമായ ഉപദേശങ്ങളും നിർദേശങ്ങളും നൽകുക, ഓഡിറ്റ് ക്വറികൾ തീർപ്പാക്കിയെന്ന് ഉറപ്പുവരുത്തി അന്തിമ റിപ്പോർട്ടുകൾ തയ്യാറാക്കുക, ആയത് അടിയന്തര നടപടിക്കായി മേലുദ്യോഗസ്ഥന് കൈമാറുക എന്നിവയും ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ചെയ്തു വരുന്നു. പതിവ് ഓഡിറ്റിനു പുറമെ, കമ്പനി പുതുതായി തുടങ്ങിയ പ്രിവന്റീവ് വിജിലൻസ് ടീമുകളും ഫലപ്രദമായി പ്രവർത്തിക്കുന്നു. ശാഖകളിൽ/ ഓഫീസുകളിൽ ആകസ്മിക സന്ദർശനം നടത്തി രേഖകളും കണക്കുകളും പരിശോധിക്കുക, അടിയന്തര ഇടപെടലുകൾ വേണ്ട സാഹചര്യത്തിൽ ഉടൻ തന്നെ റിപ്പോർട്ടുകൾ കോർപ്പറേറ്റ് ഓഫീസിലേക്ക് അയയ്ക്കുക എന്നീ ചുമതലകളും അവർ നിർവ്വഹിക്കുന്നു. ഗുരുതരമായ സാമ്പത്തിക തിരിമറികൾ, മറ്റ് ക്രമക്കേടുകൾ എന്നിവ കാണുന്ന മുറയ്ക്ക് അത്തരം കേസുകളിൽ പ്രത്യേകം അന്വേഷണം നടത്തി റിപ്പോർട്ടുകൾ യഥാസമയം അച്ചടക്ക നടപടികൾക്കായി സമർപ്പിക്കുന്നുണ്ട്. നിലവിൽ മുഴുവൻ ശാഖകളുടെയും/ ഓഫീസുകളുടെയും 2020 മാർച്ച് 31 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുള്ളതാണ്. ഇപ്പോൾ 2020-21 വർഷത്തെ ആഭ്യന്തര ഓഡിറ്റാണ് ചെയ്തുവരുന്നത്.

(ബി) കഴിഞ്ഞ 4 വർഷക്കാലയളവിനുള്ളിൽ കെ.എസ്.എഫ്.ഇ.-യിലെ ആഭ്യന്തര പരിശോധനാ വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ വ്യക്തമാക്കുമോ?

ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കമ്പനിയുടെ വ്യക്തിഗത-മാനവ വിഭവശേഷി വകുപ്പ് ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർവ്വീസിൽനിന്ന് പിരിച്ചു വിടൽ, സസ്പെൻഷൻ, ഇൻക്രിമെന്റ് തടയൽ, താക്കീത് നൽകൽ മുതലായവയാണ് ക്രമക്കേടുകളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ.

## കെ.എസ്.എഫ്.ഇ.യിലെ ഡാറ്റാ എൻട്രി ജീവനക്കാർ

120(2404) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ഇപ്പോൾ എത്ര ഡേറ്റാ എൻട്രി ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവരിൽ സ്ഥിരം ജീവനക്കാർ എത്രയെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നും വിശദമാക്കാമോ;

(സി) ഇവരെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരായി തെരഞ്ഞെടുത്തതിന്റെ നടപടിക്രമം വിശദീകരിക്കുമോ?

(എ-സി) കെ.എസ്.എഫ്.ഇ. -യിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്ന തസ്തിക നിലവിലില്ല.

**കെ.എസ്.എഫ്.ഇ.-യുടെ നവീകരണം**

121(2405) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ.-യുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

1. കെ.എസ്.എഫ്.ഇ. ആസ്ഥാനമന്ദിര നവീകരണം: കമ്പനി ഡയറക്ടർ ബോർഡിന്റെ 11-4-2017-ൽ ചേർന്ന 498-ാമത് യോഗ തീരുമാനപ്രകാരം തൃശ്ശൂരിലെ കെ.എസ്.എഫ്.ഇ.-യുടെ ആസ്ഥാനമന്ദിരം നവീകരിച്ചു. 14-11-2018-ൽ കരാർ ഒപ്പുവെച്ച് 1-12-2018-ൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 9-11-2019-ൽ പൂർത്തീകരിച്ച് 10-11-2019-ൽ മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതുമാണ്. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നവീകരിച്ച ആസ്ഥാനമന്ദിരം സോളാർ വൈദ്യുത സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്.

2. കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസുകളുടെ നവീകരണം: കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ച് ഓഫീസുകൾ ആധുനികരീതിയിൽ എയർകണ്ടീഷനിംഗ് സംവിധാനത്തോടുകൂടി നവീകരിക്കുന്നതിന് 26-10-2018-ലെ 519-ാം നമ്പർ ബോർഡ് യോഗത്തിൽ തീരുമാനിച്ചിരുന്നു. അതുപ്രകാരം നിലവിൽ കമ്പനിയുടെ 246 ബ്രാഞ്ചുകളും 8 റീജിയണൽ ഓഫീസുകളും നവീകരിച്ചിട്ടുണ്ട്. നവീകരണം ആവശ്യമുള്ള മറ്റ് ബ്രാഞ്ചുകളുടെയും റീജിയണൽ ഓഫീസുകളുടെയും നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ കമ്പനികളെ എംപാനൽ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

3. പ്രവാസി ചിട്ടി : പ്രവാസികൾക്കായി പ്രവാസി ചിട്ടി എന്ന നൂതന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി. അതിനായി തിരുവനന്തപുരത്ത് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ ബിസിനസ്സ് സെന്റർ ആരംഭിച്ചു.

4. കമ്പനിയുടെ പുതിയ ലോഗോ ഉൾക്കൊള്ളുന്ന നെയിം ബോർഡുകൾ: 31-7-2018-ൽ ചേർന്ന ബോർഡ് യോഗ തീരുമാനപ്രകാരം കമ്പനിയുടെ

റീബ്രാൻഡിംഗ് പ്രക്രിയയുടെ ഭാഗമായി നിലവിലെ കമ്പനി ലോഗോ കാലാനുസൃതമായി പരിഷ്കരിച്ചത് നടപ്പിൽ വരുത്തുന്നതിന് ബ്രാഞ്ചുകളുടെയും മറ്റ് ഓഫീസുകളുടെയും നെയിം ബോർഡുകൾ പുതിയ ലോഗോ ഉൾപ്പെടുത്തി സ്ഥാപിച്ചു. ഹൈവെകളുടെ സമീപവും മറ്റ് പ്രാധാന്യമുള്ള ഇടങ്ങളിലും ലിറ്റ് ബോർഡുകളും മറ്റിടങ്ങളിൽ നോൺ ലിറ്റ് ബോർഡുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്.

5. കെ.എസ്.എഫ്..ഇ. ബ്രാഞ്ച് ഓഫീസുകളിൽ സി.സി.ടി.വി., ഇൻ ട്രൂഷൻ ഡിറ്റക്ഷൻ സംവിധാനങ്ങൾ: കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സി.സി.ടി.വി., ഇൻട്രൂഷൻ ഡിറ്റക്ഷൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 28-12-2018-ൽ ചേർന്ന കമ്പനിയുടെ 521-ാമത് ബോർഡ് യോഗം തീരുമാനിച്ചിരുന്നു. തുടർന്ന് 10-1-2020-ൽ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണുമായി കരാർ ഒപ്പ് വച്ച് ആദ്യ ഘട്ടമെന്ന നിലയിൽ 151 ബ്രാഞ്ചുകളുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നിലവിൽ 102 ബ്രാഞ്ചുകളിൽ ടി സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

6. പുതിയ മേഖലാ ഓഫീസുകൾ: പത്തനംതിട്ടയും പാലക്കാടും കേന്ദ്രമാക്കി രണ്ട് പുതിയ മേഖലാ ഓഫീസുകൾ സ്ഥാപിച്ചു.

7. കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ : കെ.എസ്.എഫ്.ഇ. യുടെ എല്ലാ ബ്രാഞ്ചുകളിലും 2017 മാർച്ച് 27 മുതൽ കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കി.

8. ഓൺ ലൈൻ പണമടവ് സംവിധാനം: ചിട്ടിയിലും ലോണിലും ഓൺലൈനായി പണമടക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കി.

9. മൊബൈൽ ആപ്പ്/കസ്റ്റമർ പോർട്ടൽ: ഇടപാടുകാർക്കും ഏജന്റ്മാർക്കുമുള്ള മൊബൈൽ ആപ്ലിക്കേഷനുകളുടെയും കസ്റ്റമർ പോർട്ടലിന്റേയും നിർമ്മാണ പ്രക്രിയകൾ അന്തിമഘട്ടത്തിലാണ്.

10. ഹെഡ്ഓഫീസ്, റീജിയണൽ ഓഫീസ്, റവന്യു റിക്കവറി, ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ: ഹെഡ്ഓഫീസ്, റീജിയണൽ ഓഫീസ് അക്കൗണ്ടിംഗ് ഇന്റഗ്രേഷൻ സോഫ്റ്റ്‌വെയർ, റവന്യൂ റിക്കവറി അക്കൗണ്ടുകൾ മാനേജ് ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ എന്നിവ പ്രവർത്തന സജ്ജമാക്കി.

(ബി) ഈ കാലയളവിൽ കെ.എസ്.എഫ്.ഇ. യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അവ ചുവടെ ചേർക്കുന്നു:

| ജില്ല | ബ്രാഞ്ച് |
|---|---|
| തിരുവനന്തപുരം | പാറശ്ശാല ഈവ്നിംഗ്, ഉച്ചക്കട, നഗരൂർ |
| കൊല്ലം | അഞ്ചൽ ഈവ്നിംഗ്, യെരൂർ, കലയപുരം, പോളയത്തോട്, കൊട്ടാരക്കര ഈവനിംഗ് |
| പത്തനംതിട്ട | ഇലവുംതിട്ട, ഇളമ്പൂർ, പുല്ലാട്, ചുങ്കപ്പാറ, ഓതറ, തെങ്ങമം, മലയാലപ്പുഴ, ആലപ്പുഴ. വിയ്യപുരം, ചെന്നിത്തല |
| ഇടുക്കി | അനക്കര, രാജാക്കാട് |
| എറണാകുളം | മാറമ്പിള്ളി, വളയൻചിറങ്ങര, നീലീശ്വരം, പറവൂർ കവല-ആലുവ |
| തൃശ്ശൂർ | പറപ്പൂർ, എടമുട്ടം, പരിയാരം, എസ്.എൻ.പുരം, അഷ്ടമിച്ചിറ |
| പാലക്കാട് | തത്തമംഗലം, മണ്ണാർക്കാട് II, കൊപ്പം, പത്തിരിപാല |
| മലപ്പുറം | മങ്കട |
| കോഴിക്കോട് | ഓമശ്ശേരി, മണ്ണൂർ (കടലുണ്ടി) മീൻചന്ത. |

**പാടിയോട്ടുചാലിൽ കെ.എസ്.എഫ്.ഇ.യുടെ പുതിയ ബ്രാഞ്ച്**

122 (2406) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പാടിയോട്ടുചാലിൽ കെ.എസ്.എഫ്.ഇ.യുടെ പുതിയ ബ്രാഞ്ച് ആരംഭിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ?

പയ്യന്നൂർ മണ്ഡലത്തിലെ പാടിയോട്ടുചാലിൽ കെ.എസ്.എഫ്.ഇ.യുടെ പുതിയ ബ്രാഞ്ച് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) ഇല്ലെങ്കിൽ മേൽസ്ഥലത്ത് പുതിയ ബ്രാഞ്ച് ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ബിസിനസ്സ് പ്രായോഗികത വിലയിരുത്തി മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## എസ്.എൽ.ഐ., ജി.ഐ.എസ്. അടവ് വിവരങ്ങൾക്ക് ഓൺലൈൻ സംവിധാനം

123(2407) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ വകുപ്പുകളിൽ നിന്നും ജീവനക്കാർക്ക് നൽകിയിട്ടുള്ള അക്കൗണ്ടുകളിലെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജീവനക്കാർക്കും ഓൺലൈൻ മുഖേന പരിശോധിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുമോ;

(ബി) പ്രൊവിഡന്റ് ഫണ്ടിന് സമാനമായി ഓരോ സാമ്പത്തിക വർഷം കഴിയുമ്പോഴും അടവ് വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി) മേൽപ്പറഞ്ഞ തരത്തിലുള്ള സേവനം ലഭ്യമായാൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലിനോക്കുന്ന ജീവനക്കാർക്കടക്കം പ്രയോജനകരമാകുമെന്ന തിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ അക്കൗണ്ടുകളിലെ വിശദാംശങ്ങൾ വരിക്കാർക്ക് ഓൺലൈൻ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം ഉൾപ്പെട്ട ഒരു സോഫ്റ്റ്‌വെയറാണ് ഇൻഷ്വറൻസ് വകുപ്പിനായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത സേവനം ലഭ്യമാകുന്നതാണ്.

## കയർ ഭൂവസ്ത്ര പദ്ധതി

124(2408) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി നടപ്പാക്കുവാൻ ഉദ്ദേശിച്ച കാര്യങ്ങൾ എന്തൊക്കെയാണ്; അത് പൂർണ്ണമായും നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയുടെ

പ്രധാന ഘടകങ്ങൾ. ഇതു വഴി കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന കൈവരിക്കാനാകുമെന്നു കരുതുന്നു. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 113 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കയർ കേരള 2019-ൽ സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇവയുടെ സ്ഥാപിത ഉത്പാദനശേഷി 200 പ്രവൃത്തിദിനങ്ങളാണ്; 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയും. ഡി.എഫ്. മില്ലുകൾ, കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% പരമാവധി 35 ലക്ഷം രൂപ എന്നതരത്തിൽ പ്രവർത്തന മൂലധനം ഒഴിവാക്കി മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴിയും വായ്പ ലഭ്യമാണ്. ഇത്തരം നടപടികളുടെ ഭാഗമായി ചകിരിക്കായി അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചിരുന്ന രീതിക്ക് മാറ്റം വരുത്താനായിട്ടുണ്ട്. മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ്. മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡി.എഫ്. മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ എന്നിവ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡി.എഫ്. മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ, സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ചെടുക്കുന്ന കയർഫെഡ് എന്നിവ അതിൽപ്പെടും. കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44% കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ ഉൽപ്പാദിപ്പിച്ചതാണ്. 2019-20-ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടൺ ആയിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് സംഭരിച്ചതാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യംവഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം

കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 14083 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം.-കൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 എ.എസ്.എം.-കൾ സ്ഥാപിച്ചുകഴിഞ്ഞു. 2015-16-ൽ 7000 ടൺ ആയിരുന്ന കയറുൽപ്പാദനം 2019-20-ൽ 20500 ടൺ ആയി ഉയർത്താൻ കഴിഞ്ഞു. 2020-21 ഡിസംബർ 31 വരെ 13673 ടൺ ആണ്. മാർച്ച് 31 കഴിയുമ്പോൾ ഉൽപ്പാദനം 30000 ടൺ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രാധാനമായും കയർ ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. എൻ.സി.ഡി.സി.യുടെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിനു കീഴിലുള്ള 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 50 ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.സി.എം.എം.സി ടെണ്ടർ ക്ഷണിക്കുകയും ചെറുവാരണം സി.എം.&എം.സി.എസ്. ലി.നമ്പർ 989-ൽ ലൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 സി.എം. & എം.സി.എസ്.-കളിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. രണ്ടാം പുനഃസംഘടന വഴി കയർ പിരി, ഉൽപ്പന്ന നിർമ്മാണ മേഖലകളുടെ സമ്പൂർണ്ണ നവീകരണം സാധ്യമാവുകയാണ്. 2020-21-ൽ 40000 ടൺ കയർ ഉൽപ്പാദനം ലക്ഷ്യമിടുന്നു. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന കയർ ആഭ്യന്തര വിപണിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനായി കയർ ഭൂവസ്ത്ര പരിപാടി വിപുലമായി നടപ്പിലാക്കും. 2019 കയർ കേരളയിൽ ഒപ്പുവച്ച 103 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരികയാണ്. കയർ കേരള-2021 വെർച്വൽ ആയി നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഭാഗമായി എൻ.ആർ.ഇ.ജി.എസ്, എൽ.എസ്.ജി.-കൾ എന്നിവയുമായി ചേർന്ന് വീണ്ടും 100 കോടിയിൽ കുറയാത്ത കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുന്നതാണ്. കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി താഴെപ്പറയുന്ന പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

കയർ അകൂസ്റ്റിക് പാനൽ : ശബ്ദം നിയന്ത്രിക്കാനായി ജൈവനാരായ കയർ ഉപയോഗിച്ച് അകൂസ്റ്റിക് പാനലുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. ശബ്ദം ആഗിരണം ചെയ്യുന്നതിനു പുറമേ ഒരു ഇൻസുലേറ്ററായി പ്രവർത്തിച്ച് താപനില ക്രമീകരിക്കുന്നതിന് ഇത് ഫലപ്രദമാണ്. ഇതിന് ഗുണഭോക്താക്കളിൽ സ്വീകാര്യത ലഭിക്കുകയും പി.പി.പി. മോഡലിൽ വ്യാവസായിക ഉല്പാദനത്തിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്.

<u>കയർ കോമ്പോസിറ്റ്സ്</u>: ചകിരിനാരും പോളിമറും സംയോജിപ്പിച്ച് നിർമ്മിക്കുന്ന പാർട്ടിക്കിൾ ബോർഡുകളാണ് കയർ കോമ്പോസിറ്റ്സ്. ഇവ എം.ഡി.എഫ്, എച്ച്.ഡി.എഫ്., പ്ലൈവുഡ് മുതലായ ബോർഡുകൾക്ക് ബദലായ ഒരു ഉല്പന്നമാണ്. ഇതിന്റെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉല്പാദനം ഫോമില്ലിന്റെ കണിച്ചുകുളങ്ങര കോമ്പോസിറ്റ് ഫാക്ടറിയിൽ ഇതിനോടകംതന്നെ ആരംഭിച്ചു കഴിഞ്ഞു. കയർ മ്യൂസിയത്തിന്റെ നിർമ്മാണത്തിൽ ഫോമിൽ നിർമ്മിച്ച കയർ കോമ്പോസിറ്റ് ബോർഡുകൾ വ്യാപകമായി ഉപയോഗിച്ചുവരുന്നു. ദേശീയതലത്തിൽ ഈ ഉല്പന്നത്തിന് വിപണിയിൽ നല്ല പ്രതികരണം ലഭിച്ചിട്ടുണ്ട്.

<u>ബൈൻഡർലെസ് ബോർഡ്</u>: അനുയോജ്യമായ ഊഷ്മാവിലും മർദ്ദത്തിലും കയർ പിത്തും കുട്ടിക്കയർ നാരുകളും സംയോജിപ്പിച്ച് ഉല്പാദിപ്പിക്കുന്ന രാസവസ്തു രഹിതമായ ഉല്പന്നമാണ് ബൈൻഡർലെസ് ബോർഡുകൾ. വിപണിയിൽ ലഭ്യമായ മറ്റ് പാർട്ടിക്കിൾ ബോർഡുകളെ അപേക്ഷിച്ച് തികച്ചും പരിസ്ഥിതി സൗഹാർദ്ദവും കോസ്റ്റ് എഫക്റ്റീവുമായ ഉല്പന്നമാണിത്. ഇതോടൊപ്പം തന്നെ ബൈൻഡർലെസ് ബോർഡുകൾക്ക് വിപണിയിൽ ലഭ്യമായ മറ്റ് പാർട്ടിക്കിൾ ബോർഡുകളുടെ അതേ നിലവാരത്തിലുള്ള ബലവും എഞ്ചിനീയറിംഗ് ക്വാളിറ്റീസുമുണ്ട്. അഗ്നിബാധയെ ചെറുക്കാൻ ശേഷിയുള്ളതാണിവ.

<u>കയർജിയോസെൽ</u>: ചരിവ് പ്രദേശങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കൃഷിക്കനുയോജ്യമാക്കുന്നതിനായി കയർ ജിയോസെൽ വികസിപ്പിക്കുകയുണ്ടായി. അറകളായി നെയ്തെടുത്ത ഇതിൽ മണ്ണ് നിറച്ച് ആവശ്യത്തിന് വളവും ചേർത്ത് ചരിവ്പ്രദേശത്ത് കൃഷിചെയ്യാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

<u>കയർ മൾച്ചിംഗ് മാറ്റ്</u> : വിളകൾക്കിടയിൽ തഴച്ചുവളരുന്ന കളകളെ ഒഴിവാക്കാനായി, ചകിരിനാരും റബറും ജീർണ്ണിക്കുമ്പോൾ പ്രകൃതിക്കും മണ്ണിനും ജലത്തിനും ദോഷമില്ലാത്തവിധമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട്, പ്രകൃതിദത്തമായ പുതയിടീൽ വസ്തുക്കൾ പഠനങ്ങൾ വഴി വികസിപ്പിച്ചു കൊണ്ടിരിക്കുന്നു.

(ബി) പഞ്ചായത്തുകളിലൂടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കുന്നതിന് ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂവസ്ത്രങ്ങൾ നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര കോടി രൂപ ലഭിച്ചുവെന്ന് അറിയിക്കുമോ?

പഞ്ചായത്തുകളിലൂടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കുന്നതിന് ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂവസ്ത്രങ്ങൾ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. 2017-ൽ നടന്ന കയർ കേരളയിൽ വച്ച് 120 കോടി രൂപയ്ക്കായിരുന്നു കയർ ഭൂവസ്ത്ര

പദ്ധതി ഒപ്പുവച്ചത് . 2019-ൽ നടന്ന കയർ കേരളയിൽ വച്ച് 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഒപ്പുവയ്ക്കുകയുണ്ടായി. 2017-2018 മുതൽ നാളിതുവരെ 91.66 കോടി രൂപയുടെ കയർ ഭൂവസ്ത്രം കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതു മേഖലാ സ്ഥാപനങ്ങൾവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ 'കയർ ഉദ്യമിയോജന' എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; ഇതിന്റെ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്?

കയർ ബോർഡ് നടപ്പാക്കുന്ന കയർ ഉദ്യമി യോജന ഒരു വായ്പ ബന്ധിത സബ്സിഡി സ്കീമാണ് (credit linked subsidy scheme). കേരളം ഉൾപ്പടെയുള്ള നാളീകേര ഉൽപ്പാദക സംസ്ഥാനങ്ങളിൽ കയർ ബോർഡ് കയർ ഉദ്യമി യോജന നടപ്പാക്കിവരുന്നു. കയർ ഉദ്യമി യോജന പ്രകാരം കയർ യൂണിറ്റുകൾക്ക് പ്ലാന്റ് & മെഷിനറി സ്ഥാപിക്കുന്നതിന് ആകെ പദ്ധതി തുകയുടെ 40% ധനസഹായമായും 55% ബാങ്ക് ക്രെഡിറ്റായും 5% ഗുണഭോക്തൃ വിഹിതമായും ലഭിക്കുന്നു. കയർ ഉദ്യമി യോജന പി.എം.ഇ.ജി.പി. (Prime Minister's Employment Generation Programme) എന്ന പദ്ധതിയിൽ ലയിപ്പിക്കുകയും 1-4-2018 മുതൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി കയർ മേഖലയിൽ കയർ ബോർഡ് മുഖേന നടപ്പാക്കിയുംവരുന്നു.

(ഡി) കുടുംബശ്രീ സ്വയം സഹായ സംഘങ്ങളുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് ചെറുകിട ചകിരി ഉല്പാദന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിന് കീഴിൽ രണ്ടും, തൃശ്ശൂർ പ്രോജക്ട് ഓഫീസിനു കീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ

ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽ നിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കയർ ഭൂവസ്ത്രം പദ്ധതി**

125 (2409) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

മണലൂർ മണ്ഡലത്തിലെ എളവള്ളി, വെങ്കിടെങ്ങ്, പാവറട്ടി, ചൂണ്ടൽ, മണലൂർ, മുല്ലശ്ശേരി, അരിമ്പൂർ, കണ്ടാണശ്ശേരി, വാടനപ്പിള്ളി എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിലെ എളവള്ളി, വെങ്കിടെങ്ങ്, പാവറട്ടി, ചൂണ്ടൽ, മണലൂർ, മുല്ലശ്ശേരി, അരിമ്പൂർ, കണ്ടാണശ്ശേരി, വാടനപ്പിള്ളി എന്നീ പഞ്ചായത്തുകളിലായി 67668 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം 68.25 രൂപ നിരക്കിൽ ആകെ 46,18,341 രൂപയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

**രണ്ടാം കയർ പുന:സംഘടന പദ്ധതി**

126 (2410) ശ്രീ. ബി .സത്യൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ ദാസൻ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ഉല്പാദനത്തിന്റെ നാലുമടങ്ങ് കൈവരിക്കുകയെന്ന ലക്ഷ്യം നേടാൻ ആധുനീകരണത്തിലൂടെ കയർ വ്യവസായം പുനരുദ്ധരിക്കാനും അതേ സമയം തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാതെയും ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് മെച്ചപ്പെട്ട വേതനം ഉറപ്പാക്കിയും നടത്തിവരുന്ന രണ്ടാം കയർ പുനഃസംഘടന പദ്ധതി പ്രകാരം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കയർ വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിനായി കയർ മേഖലയിൽ ഈ സർക്കാർ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടന വിജയകരമായി

പുരോഗമിക്കുന്നു. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകുമെന്നു കരുതുന്നു. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് 2-ാം പുനഃസംഘടന മുന്നോട്ടുനീങ്ങുന്നത്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിന് കീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 14083 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. എൻ.സി.ഡി.സി.-യുടെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 50

ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ടെണ്ടർ ക്ഷണിക്കുകയും ചെറുവാരണം സി.എം. & എം.സി.എസ്. ലി.നമ്പർ 989-ൽ ലൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 സി.എം. & എം.സി.എസ്.-കളിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. കയർ പിരി, ഉൽപ്പന്ന നിർമ്മാണ മേഖലകളുടെ സമ്പൂർണ്ണ നവീകരണം രണ്ടാം പുനഃസംഘടന വഴി സാധ്യമാവുകയാണ്. 2020-21-ൽ 40000 ടൺ കയർ ഉൽപ്പാദനം ലക്ഷ്യമിടുന്നു. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന കയർ ആഭ്യന്തര വിപണിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനായി കയർ ഭൂവസ്ത്ര പരിപാടി വിപുലമായി നടപ്പാക്കും. 2019 കയർ കേരളയിൽ ഒപ്പു വച്ച 103 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരികയാണ്. കയർ കേരള 2021 വെർച്വലായി നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്കരിക്കുക എന്നതാണ് കയർ രണ്ടാം പുനഃസംഘടനയുടെ സവിശേഷത. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കും. ഇവർ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡ് വഴി സംഭരിക്കും. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകും. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2016-17 മുതൽ പ്രതിവർഷം ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.* ഡിസ്കൗണ്ട് നൽകി പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കുന്നതിനായി കയർഫെഡിന് നൽകിയ പി.പി.എസ്.എസ് തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകയും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും. ആട്ടോമാറ്റിക് സ്പിന്നിംഗ് മിൽ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ തൂക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500 രൂപ വരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽനിന്നും ലഭിക്കുന്നുണ്ട്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 14083 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ഏകദേശം 200 സംഘങ്ങളിലായി 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. 2015-16-ൽ 7000 ടൺ ആയിരുന്ന കയറുൽപ്പാദനം 2019-20-ൽ 20500 ടണ്ണായി ഉയർത്താൻ കഴിഞ്ഞു. 2020-21 ഡിസംബർ 31 വരെ 13673 ടണ്ണാണ്. മാർച്ച് 31 കഴിയുമ്പോൾ ഉൽപ്പാദനം 30000 ടൺ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.*

(ബി) കയർ വ്യവസായത്തിന് ആവശ്യമായ തൊണ്ട് സംസ്ഥാനത്തുതന്നെ ലഭ്യമാണെങ്കിലും ചകിരിക്കായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നിരുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാനായിട്ടുണ്ടോ?

മാറ്റമുണ്ടായിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിന് കീഴിൽ രണ്ടും, തൃശ്ശൂർ പ്രോജക്ട് ഓഫീസിന് കീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവു വരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 113 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കയർ കേരള 2019-ൽ സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇവയുടെ സ്ഥാപിത ഉത്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്നാക്കിയെടുക്കുകയും 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുന്നതുമാണ്. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടൺ വർദ്ധിപ്പിക്കാൻ കഴിയും. പ്രവർത്തന മൂലധനം ഒഴിവാക്കിയ ഡീ-ഫൈബറിംഗ് മില്ലുകൾ, കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% എന്നിങ്ങനെ പരമാവധി 35 ലക്ഷം രൂപ  മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡീ-ഫൈബറിംഗ് മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ എന്നിവ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്റ്റിൽ ഡീ-ഫൈബറിംഗ് മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ചെടുക്കുന്നു. കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44% കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്ന് ഉൽപ്പാദിപ്പിച്ചതാണ്. 2019-20-ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടണ്ണായിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ നിന്ന് സംഭരിച്ചതാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്.

(സി) കയർ സഹകരണ സംഘങ്ങളെ ശക്തീകരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ ഇക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500 രൂപ വരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ

ഭാഗമായി 14083 ഇലക്ട്രോണിക് റാട്ടുകൾ നൽകി കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടിയും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുക വഴി 2015-16-ൽ 7000 ടണ്ണായിരുന്ന കയറുൽപ്പാദനം 2019-20-ൽ 20500 ടണ്ണായി ഉയർത്താൻ കഴിഞ്ഞു. 2020-21 ഡിസംബർ 31 വരെ കയർ ഉൽപ്പാദനം 13673 ടണ്ണാണ്. മാർച്ച് 31 കഴിയുമ്പോൾ ഉൽപ്പാദനം 30000 ടൺ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കയർ വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

127 (2411) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ബി .സത്യൻ:
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായമേഖല രൂക്ഷമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അധികാരത്തിലെത്തിയ ഈ സർക്കാർ കയർ മേഖലയുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കയർ മേഖലയിൽ ഈ സർക്കാർ ഒരു രണ്ടാം പുനഃസംഘടന നടപ്പാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. ഇതു വഴി കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന കൈവരിക്കാനാകുമെന്ന് കരുതുന്നു. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2-ാം പുനഃസംഘടന വിജയപ്രദമായി മുന്നോട്ട്

പോവുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവ് വരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 14083 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. എൻ.സി.ഡി.സി.യുടെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 50 ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ടെണ്ടർ ക്ഷണിക്കുകയും ചെറുവാരണം സി.എം. & എം.സി.എസ്. ലി.നം 989 ൽ ലൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 സി.എം. & എം.സി.എസ്.-കളിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. കയർ പിരി, ഉൽപ്പന്ന നിർമ്മാണ മേഖലകളുടെ സമ്പൂർണ്ണ നവീകരണം രണ്ടാം പുനഃസംഘടന വഴി സാധ്യമാവുകയാണ്. 2020-21-ൽ 40000 ടൺ കയറുൽപ്പാദനം ലക്ഷ്യമിടുന്നു. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന കയർ ആഭ്യന്തര വിപണിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനായി കയർ ഭൂവസ്ത്ര പരിപാടി വിപുലമായി നടപ്പാക്കും. 2019 കയർ കേരളയിൽ ഒപ്പുവച്ച 103 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരികയാണ്.

(ബി) പ്രസ്തുത വ്യവസായമേഖല നേരിട്ട ഏറ്റവും പ്രധാന പ്രശ്നമായ ചകിരിക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പാക്കി പരമാവധി ചകിരി

ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിന് കീഴിൽ രണ്ടും, തൃശ്ശൂർ പ്രോജക്ട് ഓഫീസിന് കീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽ നിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവ് വരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 113 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കയർ കേരള 2019- ൽ സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇവയുടെ സ്ഥാപിത ഉത്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്ന കണക്കിൽ 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുമെന്നതാണ്. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടണ്ണായി വർദ്ധിപ്പിക്കാൻ കഴിയും. ഡീ-ഫൈബറിംഗ് മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% പരമാവധി 35 ലക്ഷം രൂപ എന്ന തരത്തിൽ പ്രവർത്തനമൂലധനം ഒഴിവാക്കിയ മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡീ-ഫൈബറിംഗ് മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ എന്നിവ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡീ-ഫൈബറിംഗ് മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ചെടുക്കുന്നു. കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44% കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ നിന്ന് ഉൽപ്പാദിപ്പിച്ചതാണ്. 2019-20-ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടൺ ആയിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി

കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ നിന്ന് സംഭരിച്ചതാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്.

(സി) പരമ്പരാഗത കയർ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷിതത്വവും വരുമാനവും ഉറപ്പുവരുത്തിക്കൊണ്ട് ഈ മേഖലയിൽ ആധുനികവത്കരണം നടപ്പാക്കാൻ രണ്ടാം കയർ പുനഃസംഘടന പദ്ധതി പ്രകാരം ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കയർ മേഖല സമ്പൂർണ്ണ യന്ത്രവത്കരണത്തിലൂടെ ആധുനികവത്കരിക്കുന്നതിനായി നടപ്പാക്കിവരുന്ന കയർ രണ്ടാം പുനഃസംഘടന വിജയകരമായി നടപ്പിലാക്കിവരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്കരിക്കുക എന്നതാണ് കയർ രണ്ടാം പുനഃസംഘടനയുടെ സവിശേഷത. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയറുല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കും. ഇവർ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡ് വഴി സംഭരിക്കും. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകും. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2016-17 മുതൽ പ്രതിവർഷം ചെലവഴിച്ച തുക അനുബന്ധമായി* ചേർക്കുന്നു. ഡിസ്കൗണ്ട് നൽകി പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കുന്നതിനായി കയർഫെഡിന് നൽകിയ പി.പി.എസ്.എസ്. തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തും. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ ഉൗക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500 രൂപ വരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്.

(ഡി) വിരമിച്ച കയർ സഹകരണസംഘം ജീവനക്കാർക്ക് ആദ്യമായി പെൻഷൻ അനുവദിച്ച ഈ സർക്കാർ എത്ര തുകയാണ് പ്രതിമാസം നൽകിവരുന്നതെന്ന് അറിയിക്കാമോ?

കയർ സഹകരണ സംഘങ്ങളിൽ നിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പ്രതിമാസം 3000 രൂപ പെൻഷനായി നൽകിവരുന്നു.

## കയർ മേഖലയിലെ പ്രതിസന്ധി

128 (2412) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിമൂലം ബുദ്ധിമുട്ടിലായ കയർ തൊഴിലാളികൾക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്?

കോവിഡ് പ്രതിസന്ധിമൂലം ബുദ്ധിമുട്ടിലായ കയർ തൊഴിലാളികൾക്ക് 1,000 രൂപ വീതം പ്രത്യേക ധനസഹായവും കോവിഡ് 19 ബാധിച്ച കയർ തൊഴിലാളികൾക്ക് 4,000 രൂപ വീതം പ്രത്യേക ധന സഹായവും നൽകി വരുന്നു. പെൻഷൻകാർക്ക് ഏപ്രിൽ മാസം 6,100 രൂപ പ്രകാരവും ജൂലൈ മാസം 2,600 രൂപ പ്രകാരവും പെൻഷൻ നൽകുകയും തുടർന്ന് സെപ്റ്റംബർ മുതൽ പ്രതിമാസ അടിസ്ഥാനത്തിൽ പെൻഷൻ നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വീടുകളിൽ ചകിരി കയർഫെഡ് എത്തിച്ചുകൊടുത്തു. ഇത് കയർ മേഖലയിലെ തൊഴിൽ നഷ്ടം കുറയ്ക്കുന്നതിലെ ഫലപ്രദമായ ഇടപെടലായിരുന്നു.

(ബി) യന്ത്രവൽക്കരണം പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് അറിയിക്കുമോ?

യന്ത്രവൽക്കരണം പരമ്പരാഗത മേഖലകളിലെ തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. കയർ മേഖല സമ്പൂർണ്ണ യന്ത്രവത്കരണത്തിലൂടെ ആധുനികവത്കരിക്കുന്നതിനായി കയർ

രണ്ടാം പുനഃസംഘടന പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്കരിക്കുക എന്നതാണ് കയർ രണ്ടാം പുനഃസംഘടനയുടെ സവിശേഷത. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയറുല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കുന്നു. ഇവർ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡ് വഴി സംഭരിക്കുന്നു. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകിവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2016-17 മുതൽ പ്രതിവർഷം ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. ഡിസ്കൗണ്ട് നൽകി പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കുന്നതിനായി കയർഫെഡിന് നൽകിയ പി.പി.എസ്.എസ് തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നു. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ തൂക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500 രൂപ വരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. എന്നാൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിലേയ്ക്ക് മാറാൻ കഴിയാത്ത ഒരു തൊഴിലാളിക്കും തൊഴിൽ നഷ്ടപ്പെടുകയില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് സർക്കാർ സമ്പൂർണ്ണ യന്ത്രവൽക്കരണ പരിപാടികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് തന്നെ കയർ രണ്ടാം പുനഃസംഘടന വിജയകരമായി നടപ്പാക്കിവരുന്നു.*

(സി) കയർപിരി സംഘങ്ങളിലെ തൊഴിലാളികളുടെ വാർഷിക വരുമാനം ഉയർത്തുന്നതിനും തൊഴിലാളികളുടെ പ്രതിദിന വരുമാനം 600 രൂപ ഉറപ്പു വരുത്തുന്നതിനും സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ?

കയർപിരി സംഘങ്ങളിലെ തൊഴിലാളികളുടെ വാർഷിക വരുമാനം ഉയർത്തുന്നതിനും തൊഴിലാളികളുടെ പ്രതിദിന വരുമാനം 500 രൂപ ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്ഥാപിച്ച കയർ സഹകരണ സംഘങ്ങളിലെ ഉല്പാദനക്ഷമതയെപ്പറ്റി പഠനം നടത്താൻ കയർഫെഡ് പ്രസിഡന്റ് ശ്രീ. എൻ. സായികുമാർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി കേരളത്തിലെ വിവിധ കയർ സഹകരണ സംഘങ്ങളിൽ പഠനം നടത്തുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിദിനം നിശ്ചിത റണ്ണേജിലും ത്രുക്കത്തിലും വൈക്കം ലൂസ് ട്വിസ്റ്റ് കയർ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ ഉല്പാദിപ്പിക്കുന്ന തൊഴിലാളിക്ക് 500 രൂപ എന്ന നിരക്കിൽ പ്രതിദിന വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ചകിരിച്ചോറ് കയറ്റുമതി

129 (2413) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴ കുറവുള്ള സ്ഥലങ്ങളിലേക്ക് സഹകരണ മേഖലയുമായി യോജിച്ച് ചകിരിച്ചോറ് പെല്ലറ്റ് കയറ്റി അയക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല. കേരളത്തിൽ നിലവിൽ കയർ പിത്ത് പെല്ലറ്റ് ഉല്പാദിപ്പിക്കുന്നില്ല. കേരളത്തിലെ 113 ഡീ-ഫൈബറിംഗ് മില്ലുകളിൽ നിന്നായി 29000 ടൺ ചകിരി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിന്റെ ഉല്പാദന വേളയിൽ 80000 ടൺ കയർ പിത്തും ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. നിലവിൽ പോട്ടിംഗ് മിക്സ്ചറായും ഓർഗാനിക് മാനുവറായും കയർ പിത്ത് ഉപയോഗിക്കുന്നു.

## ചകിരിയുടെ ദൗർലഭ്യം

130 (2414) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായം നേരിടുന്ന ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ആഗോള ടെണ്ടർ വിളിച്ച് ചകിരി ഇറക്കുമതി ചെയ്യുന്നതിന് തീരുമാനിച്ചിരുന്നോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോയുടെ സഹായത്തോടുകൂടി ഗ്ലോബൽ ടെണ്ടർ നടപടികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വീകരിച്ചിരുന്നു. എന്നാൽ ടി ടെണ്ടറിൽ ഒരു ഏജന്റ് മാത്രമാണ് പങ്കെടുത്തിരുന്നത്. അയതിനാൽ ടി നടപടിക്രമം പൂർത്തിയാക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ഇ-ടെണ്ടർ നടപടികളിലൂടെ ചകിരി സംഭരിച്ച് വിതരണം ചെയ്തുവരുന്നു.

(ബി) സംസ്ഥാനത്തുനിന്നും പരമാവധി തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദനം കൂട്ടുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിരുന്നോ; അത് വിജയപ്രദമാണോ?

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുമെന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും സേവനം ലഭ്യമാണ്. ഇത്തരം നടപടികളുടെ ഭാഗമായി മുൻ കാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ്. മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡി.എഫ്. മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ എന്നിവ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡി.എഫ്. മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ചെടുക്കുന്നു. കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44% കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് ഉൽപ്പാദിപ്പിച്ചതാണ്. 2019-20-ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടണ്ണായിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് സംഭരിച്ചതാണ്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉല്പാദനം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 113 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കയർ കേരള 2019-ൽ സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. പ്രവർത്തനമൂലധനം ഒഴിവാക്കിയ ഡി.എഫ്. മില്ലുകൾ, കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% എന്നിങ്ങനെ പരമാവധി 35 ലക്ഷം രൂപ മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴിയും വായ്പ ലഭ്യമാണ്. മേൽ നടപടികളുടെ ഭാഗമായി മുൻ കാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ്. മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡി.എഫ്. മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ എന്നിവ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും സേവനം ലഭ്യമാണ്.

(ഡി) ഇതിനകം എത്ര ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞു?

സംസ്ഥാനത്ത് ഇതിനോടകം തന്നെ 113 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കയർ കേരള 2019-ൽ സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

**കയർ മേഖലയുടെ പരിപോഷണം**

131 (2415) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖല പരിപോഷിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കയർ വ്യവസായ മേഖലയിൽ ആധുനികവത്കരണവും യന്ത്രവത്കരണവും നടപ്പാക്കുന്നതിനായി ഒരു രണ്ടാം പുനഃസംഘടന നടപ്പാക്കുകയാണ്. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2-ാം പുന:സംഘടന വിജയപ്രദമായി മുന്നോട്ട് പോവുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. ഇതു വഴി കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന കൈവരിക്കാനാകുമെന്നു കരുതുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിന് കീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിന് കീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽ നിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 113 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കയർ കേരള 2019-ൽ സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇവയുടെ സ്ഥാപിത ഉത്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്നാക്കിയെടുക്കുകയും 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുന്നതുമാണ്. പ്രവർത്തനമൂലധനം ഒഴിവാക്കിയ ഡി.എഫ്. മില്ലുകൾ, കയർ

സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% പരമാവധി 35 ലക്ഷം രൂപ എന്നിങ്ങനെ മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ്. മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡി.എഫ്. മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ എന്നിവ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡി.എഫ്. മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ചെടുക്കുന്നു. കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44% കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് ഉൽപ്പാദിപ്പിച്ചതാണ്. 2019-20-ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടണ്ണായിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് സംഭരിച്ചതാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യംവഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും സേവനം ലഭ്യമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 14083 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം.-കൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 എ.എസ്.എം.-കൾ സ്ഥാപിച്ചു കഴിഞ്ഞു. 2015-16-ൽ 7000 ടണ്ണായിരുന്ന കയറുൽപ്പാദനം 2019-20-ൽ 20500 ടണ്ണായി ഉയർത്താൻ കഴിഞ്ഞു. 2020-21 ഡിസംബർ 31 വരെയുള്ള കയറുൽപ്പാദനം 13673 ടണ്ണാണ്. മാർച്ച് 31 കഴിയുമ്പോൾ ഉൽപ്പാദനം 30000 ടൺ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രാധാനമായും കയറുൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. എൻ.സി.ഡി.സി.-യുടെ സഹായത്തോടെ ആലപ്പുഴ, കണ്ണൂർ പ്രോജക്ടുകൾക്ക് കീഴിലുള്ള 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 50 ആട്ടോമാറ്റിക് ലൂമുകൾ

സ്ഥാപിക്കുന്നതിന് കെ.എസ്.സി.എം.എം.സി. ടെണ്ടർ ക്ഷണിക്കുകയും ചെറുവാരണം സി.എം. & എം.സി.എസ്. ലി.നമ്പർ 989-ൽ ലൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 സി.എം. & എം.സി.എസ്. കളിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2020-21-ൽ 40000 ടൺ കയറുൽപ്പാദനം ലക്ഷ്യമിടുന്നു. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന കയർ ആഭ്യന്തര വിപണിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനായി കയർ ഭൂവസ്ത്ര പരിപാടി വിപുലമായി നടപ്പാക്കും. 2019-ലെ കയർ കേരളയിൽ ഒപ്പുവച്ച 103 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരികയാണ്. കയർ കേരള-2021 വെർച്വലായി നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) കയറുല്പന്നങ്ങളുടെ വിപണനത്തിന് ഈ സർക്കാർ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിർത്തുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. കയറുൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര - ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനായി കേരള സർക്കാർ എല്ലാ വർഷവും നടത്തുന്ന "കയർ കേരള" -ൽ വച്ച് (കയറിന്റെയും മറ്റ് പ്രകൃതിദത്ത നാരുകളുടെയും അന്താരാഷ്ട്ര വിപണന മേള) 2017-ൽ കയർ ഭൂവസ്ത്ര പദ്ധതി ഒപ്പുവച്ചത് 120 കോടി രൂപയ്ക്കായിരുന്നു. ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ. ജി.എസ്.-മായി ചേർന്ന് നടപ്പാക്കിയ ഈ പദ്ധതി ആഭ്യന്തര വിപണി വിപുലീകരണത്തിന് ശ്രദ്ധേയമായ നടപടിയായിരുന്നു. ഇപ്രകാരമൊരു പദ്ധതി ആദ്യമായാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. ഇതുവഴി കയർ മേഖലയിലും കയറുൽപ്പന്ന മേഖലയിലും സംഭരണത്തിലും വിൽപ്പനയിലും ഗണ്യമായ പുരോഗതിയും തൊഴിൽദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 മുതൽ 2021 നാളിതുവരെ 91.66 കോടി രൂപയുടെ കയർഭൂവസ്ത്രം കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 2019-ലെ കയർ കേരള വഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്ന ധാരണ ഉണ്ടായിട്ടുണ്ട്. 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി നടത്തിപ്പിന് സഹായിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്ന് കയർ ഉൽപ്പന്നങ്ങളുടെ വിപണി ആഭ്യന്തര വിദേശ രംഗങ്ങളിൽ വിപുലീകരിക്കുക എന്നതാണ്. രാജ്യത്തെ 7 ആഭ്യന്തര കമ്പനികളുമായി കയർ കോർപ്പറേഷൻ

കരാറിലെത്തുന്നതിന് സാധ്യത തെളിഞ്ഞിട്ടുണ്ട്. റിലയൻസിന്റെ ഭാഗത്തുനിന്ന് 10 ലക്ഷം മാറ്റിന്റെ ഓർഡർ കയർ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ പി.പി.എസ്.എസ്. പദ്ധതി പ്രകാരം സംഭരിച്ച കയർ ഉൽപ്പന്ന വിപണനത്തിനായി കയർ കാർണിവൽ 2017 നടപ്പാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 127 ബ്രാന്റ് ഔട്ട്ലെറ്റുകളിലൂടെ സംസ്ഥനത്താകെ തെരഞ്ഞെടുക്കപ്പെട്ട 9 ഹാൻഡ്‌ലൂം പ്രോഡക്ടുകൾ 50% സബ്സിഡി നൽകി വിറ്റഴിച്ചു. 15 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങൾ ഇതുവഴി വിതരണം ചെയ്തു. കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡും കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സും അവരവരുടെ ഉൽപ്പന്നങ്ങൾ സംബന്ധിച്ച് പരസ്യ പ്രചരണങ്ങൾ നടത്തുന്നുണ്ട്. 2019- ൽ കൽക്കട്ടയിൽ വച്ച് നടന്ന നാച്വറൽ ഫൈബറുകളുടെ സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോടെക്സ്റ്റൈയിൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിലെത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർഭൂവസ്ത്രം കയർഫെഡിൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്.

**ചകിരി പിരിക്കുന്ന മൊബൈൽ യന്ത്ര യൂണിറ്റ്**

132 (2416) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കൃഷിയിടങ്ങളിലെത്തി ചകിരി പിരിക്കുന്ന മൊബൈൽ യന്ത്ര യൂണിറ്റ് പഞ്ചായത്തിന് ഒന്ന് എന്ന കണക്കിന് നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

മൊബൈൽ ചകിരി നിർമ്മാണ യൂണിറ്റുകൾ ചകിരി ഉല്പാദനത്തിന് പ്രായോഗികമല്ല. നിലവിൽ 8000 മുതൽ 80000 തൊണ്ട് വരെ 8 മണിക്കൂറിൽ ചകിരി ആക്കാൻ കഴിയുന്ന 113 ഡി.എഫ് മില്ലുകൾ കയർ രണ്ടാം പുനഃസംഘടന പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചു കഴിഞ്ഞു. ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ വലിയ തോതിലുള്ള പ്രോത്സാഹനം നൽകിവരുന്നു. ഡി.എഫ്. മില്ലുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന ചകിരി മുഴുവൻ സംഭരിച്ച് കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകിവരുന്നു. ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾ, കോക്കനട്ട് പ്രൊഡ്യൂസിംഗ് കമ്പനികൾ സഹകരണ ബാങ്കുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് 90% സബ്സിഡിയിലും സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡിയിലും പരമാവധി 35 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ട്. 8000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 20 എച്ച്.പി. ഡി.എഫ്. മില്ലുകളും 15000 തൊണ്ടിന് മുകളിൽ ചികിരിയാക്കാൻ

കഴിയുന്ന ഹെവി ഡ്യൂട്ടി ഡി.എഫ് മില്ലുകളുമാണ് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് നിർമ്മിച്ചുവരുന്നത്.

(ബി) ആയതിന് നടപടികൾ സ്വീകരിക്കുമോ?

(എ) പിരിവിനുള്ള മറുപടി കണ്ടാലും.

## പരിസ്ഥിതി സൗഹൃദ വ്യവസായ യൂണിറ്റുകൾ

133 (2417) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ടോ?

ഉണ്ട്. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളിൽ ഉൾപ്പെടുന്ന കാർഷിക ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, റെഡിമെയ്ഡ് ഗാർമെന്റ്സ്, ബയോടെക്നോളജി വ്യവസായങ്ങൾ തുടങ്ങിയവയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പാക്കുന്ന സംരംഭക സഹായ പദ്ധതി പ്രകാരം അനുവദിക്കുന്ന നിക്ഷേപ സബ്സിഡിയിൽ നിലവിലുള്ള 15% പുറമെ 10% അധിക സബ്സിഡിയായി അനുവദിക്കുന്നു. ഇതിനു പുറമെ 2019 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം സംരംഭകൻ അനുമതി കരസ്ഥമാക്കിയാൽ മതിയാകും. ഇതുകൂടാതെ ചെറുകിട,-ഇടത്തരം വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. നല്കിവരുന്ന വായ്പകളിൽ ഗ്രീൻ ഇൻഡസ്ട്രികളെ പ്രത്യേക പരിഗണനാ വിഭാഗത്തിൽ (ത്രസ്റ്റ് സെക്ടർ) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള (ത്രസ്റ്റ് സെക്ടർ) ഈ പ്രോജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈടില്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 -ന് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കിവരുന്നു. മറ്റ് പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്.

(ബി) പ്രസ്തുത വ്യവസായങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉണ്ട്. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളിൽ ഉൾപ്പെടുന്ന കാർഷിക ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, റെഡിമെയ്ഡ് ഗാർമെന്റ്സ്, ബയോടെക്നോളജി വ്യവസായങ്ങൾ തുടങ്ങിയവയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പാക്കുന്ന സംരംഭക സഹായ പദ്ധതി പ്രകാരം അനുവദിക്കുന്ന നിക്ഷേപ സബ്സിഡിയിൽ നിലവിലുള്ള 15% പുറമെ 10% അധിക സബ്സിഡിയായി അനുവദിക്കുന്നു. ഇതിനു പുറമെ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻതന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം സംരംഭകൻ അനുമതി കരസ്ഥമാക്കിയാൽ മതിയാകും. ഇതു കൂടാതെ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. നല്കിവരുന്ന വായ്പകളിൽ ഗ്രീൻ ഇൻഡസ്ട്രികളെ പ്രത്യേക പരിഗണനാ വിഭാഗത്തിൽ (ത്രസ്റ്റ് സെക്ടർ) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള (ത്രസ്റ്റ് സെക്ടർ) ഈ പ്രോജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-ലുമുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കിവരുന്നു. മറ്റു പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്.

(സി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരം എത്ര വ്യവസായ യൂണിറ്റുകൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കാമോ?

വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിന്റെ അനുമതി ആവശ്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-12-2020 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള MSME-കളിൽ 38000-ൽപ്പരം യൂണിറ്റുകൾ പരിസ്ഥിതി സൗഹൃദ വിഭാഗത്തിൽപ്പെട്ടവയാണെന്ന് കണക്കാക്കപ്പെടുന്നു.

## സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ

134 (2418) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം-സൂക്ഷ്മ സംരംഭങ്ങളെ ആഗോളവിപണിയിൽ പരിചയപ്പെടുത്തി വിപണി സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയാണ്; അറിയിക്കുമോ?

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉത്പാദനവും വിപണനവും പ്രോൽസാഹിപ്പിച്ച് ആഗോള വിപണിയിൽ പരിചയപ്പെടുത്തി കയറ്റുമതി വർദ്ധിപ്പിച്ചാൽ മാത്രമേ ഈ മേഖലകളെ കാലോചിതമായി നിലനിർത്തിക്കൊണ്ടു പോകാൻ കഴിയൂ എന്ന തിരിച്ചറിവിന്റെ ഭാഗമായി സർക്കാർ എടുത്ത നടപടികളിൽ പ്രഥമവും പ്രാധാന്യമുള്ളതുമാണ് വാണിജ്യ മിഷൻ രൂപീകരണം. വാണിജ്യ മേഖലയിലെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടും സാമ്പത്തിക മേഖലയ്ക്ക് പുത്തനുണർവ് നൽകുന്നതിനും കേരളത്തിന്റെ തനത് ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി ഉറപ്പുവരുത്തുന്നതിനും വാണിജ്യ മേഖലയിലെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുകയുമാണ് ഇതിന്റെ ലക്ഷ്യം. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട വ്യാപാര മേഖലയെ പ്രോൽസാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക.
- ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.
- ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്ത് നിന്നും സംരംഭക പ്രതിനിധികൾ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.
- കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ-അന്തർദ്ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക.
- ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.
- ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

- കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.
- പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.
- വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.
- മൊത്ത വ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കുക.

<u>എസ്.എം.ഇ. വെബ് പോർട്ടലിന്റെ രൂപീകരണം</u> : കേരളത്തിലെ സൂക്ഷ്മ ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മികച്ച വിപണനസൗകര്യം ലഭ്യമാക്കാൻവേണ്ടി എസ്.എം.ഇ. പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. എസ്.എം.ഇ. പോർട്ടലിന്റെ സവിശേഷതകൾ താഴെ വിവരിക്കുന്നു:

- കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ഓൺലൈൻ മുഖേന വ്യാപാര ചർച്ചകൾ നടത്താനായി സാധിക്കും.
- ദേശീയ അന്തർദേശീയ തലത്തിലുള്ള ഉപഭോക്താക്കളും കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പിക്കുക.
- സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങളെ കുറിച്ചും അവരുടെ ഉൽപ്പന്നങ്ങളെ കുറിച്ചുമുള്ള വിശദമായ വിവരങ്ങൾ എസ്.എം.ഇ. പോർട്ടലിൽ ഉൾപ്പെടുത്തുന്നു.
- എസ്.എം.ഇ. പോർട്ടലിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് യൂസർ ഐഡിയും (User ID) പാസ്‌വേഡും നൽകും.
- വിവിധ മേഖലകൾ/ഉൽപ്പന്നങ്ങൾ തരംതിരിച്ചുള്ള വിവരങ്ങൾ അറിയുവാൻ സാധിക്കും.
- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള വ്യാപാര അന്വേഷണങ്ങൾ അപ്‌ലോഡ് ചെയ്യുവാനുള്ള സൗകര്യം എസ്.എം.ഇ. പോർട്ടലിൽ ലഭ്യമാക്കുന്നു.
- ദേശീയ-അന്തർദ്ദേശീയ തലത്തിൽ നേരിട്ട് ലഭിക്കുന്ന വ്യാപാര അന്വേഷണങ്ങളുടെ വിവരങ്ങൾ എസ്.എം.ഇ. പോർട്ടലിൽ ലഭ്യമാക്കും.

- ദേശീയ-അന്തർദ്ദേശീയ തലത്തിൽ വിവിധ മേഖലകൾ/ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന വ്യാപാര മേളകൾ/എക്സിബിഷനുകൾ എന്നിവയുടെ വിവരങ്ങൾ എസ്.എം.ഇ പോർട്ടലിൽ ലഭ്യമാക്കും.

വ്യാപാർ (കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്): സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എം.എസ്.എം.ഇ-കൾക്കു വേണ്ടി ഫെബ്രുവരി 2 മുതൽ 4 വരെ വ്യാപാർ 2017 കൊച്ചി ബോൾഗാട്ടി പാലസ് & റിസോർട്ടിൽ സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, മര വ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുളപോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള 200 ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും പ്രദർശിപ്പിച്ചു. പ്രസ്തുത ബിസിനസ്സ് ടു ബിസിനസ്സ് മീറ്റിൽ തെരഞ്ഞെടുക്കപ്പെട്ട ഏഴ് മേഖലകളിലായി സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട വ്യവസായികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വ്യാപാര ചർച്ചകളാണ് പ്രധാനമായും നടന്നിരുന്നത്. കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് നടത്തിയതിന്റെ പ്രധാന ഉദ്ദേശം സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്തും പുറത്തുമുള്ള ഉപഭോക്താക്കളുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുകയാണ്. കൂടാതെ സൂക്ഷ്മ ചെറുകിട വ്യവസായ പ്രോത്സാഹനത്തിനും അവയുടെ ഉത്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ മേളകളിൽ പങ്കെടുപ്പിക്കുവാനുള്ള അവസരങ്ങൾ സർക്കാർ ഒരുക്കുന്നുണ്ട്. ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ-ചെറുകിട സംരംഭകരെ പങ്കെടുപ്പിച്ചതു മുഖേന സൂക്ഷ്മ-ചെറുകിട സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വാണിജ്യനയത്തിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്ന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്തെ തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി അന്തർദ്ദേശീയ വിപണിയെ ലക്ഷ്യമിട്ടുള്ള ഉത്പാദനത്തിന് വഴിയൊരുക്കും. പ്രത്യേക സാമ്പത്തിക മേഖലകൾ, കയറ്റുമതി ആധാരമായ യൂണിറ്റുകൾ, ഡി.ജി.എഫ്.ടി. (Director General of Foreign Trade) പദ്ധതികൾ ഉപയോഗപ്പെടുത്തുന്ന യൂണിറ്റുകൾ എന്നിവയെ സർക്കാരിന്റെ പ്രോൽസാഹന പദ്ധതികളുമായി ബന്ധപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഇക്കാര്യത്തിൽ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്?

സംസ്ഥാനത്തെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും അതിനുവേണ്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി സംസ്ഥാന ചീഫ് സെക്രട്ടറി ചെയർമാനായി സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) കൊറോണ പ്രതിസന്ധിയിൽ ചെറുകിട-ഇടത്തരം-സൂക്ഷ്മ സംരംഭങ്ങൾക്ക് കയറ്റുമതി രംഗത്തുണ്ടായ തിരിച്ചടിയിൽനിന്നും അവയെ കരകയറ്റുവാൻ നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

നോട്ട് നിരോധനം, പ്രകൃതി ദുരന്തം എന്നിവമൂലം തിരിച്ചടി നേരിട്ട എം.എസ്.എം.ഇ. മേഖല, കോവിഡ് 19 മഹാമാരിയും തുടർന്നുണ്ടായ ലോക്ക് ഡൗണുംകൂടിയായപ്പോൾ വലിയ തകർച്ച നേരിടുകയുണ്ടായി. കയറ്റുമതിയേയും കോവിഡ് തകർത്തു. വ്യവസായങ്ങൾക്കു വേണ്ട അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതി നിലച്ചു. ഇവയൊന്നും ഉടനടി തിരിച്ചുപിടിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഈ പ്രതിസന്ധി നേരിടുന്നതിനും ഈ മേഖലയ്ക്ക് ആശ്വാസം നൽകുന്നതിലേക്കുമായി ഈ വിഭാഗത്തിന്റെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി "വ്യവസായ ഭദ്രത" എന്ന സാമ്പത്തിക ഉത്തേജന പാക്കേജ് പ്രഖ്യാപിച്ചു. ഈ പാക്കേജിന്റെ ഭാഗമായി വ്യവസായങ്ങളെ സംരക്ഷിക്കാനായി 3433 കോടി രൂപ ചെലവിട്ടു.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന നടപടി

135 (2419) ശ്രീ . എ . പ്രദീപ്കുമാർ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തിൽ പ്രവർത്തിക്കുന്നതടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുവാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം,

വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്കനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൂടുതൽ വിപണന സാധ്യതയുള്ള ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവുണ്ടാക്കുവാനും സാധിച്ചു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന, പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി നൽകുകയും ചെയ്തുവരുന്നു. ഓരോരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായിതന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വർദ്ധനവുണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലയെ സംരക്ഷിക്കുന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെയും ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.) എന്നിവയെയും സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തുള്ള ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരിയാണ് കേന്ദ്രസർക്കാർ ഇപ്പോൾ വിറ്റഴിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

കേരളത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് വിറ്റഴിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്.

1. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ്
2. ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്
3. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.)
4. ബി. പി. സി. എൽ
5. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്
6. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ്

പൊതുമേഖലയെ സംരക്ഷിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെയും ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.) എന്നിവയെയും ഏറ്റെടുക്കുവാൻ തീരുമാനിച്ച് സംസ്ഥാന സർക്കാർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സിഡ്കോയുടെ ഭൂമി ഉപയോഗയോഗ്യമാക്കാൻ നടപടി**

136 (2420) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ എറണാകുളം ജില്ലയിലെ കടവന്ത്ര ഗാന്ധിനഗറിലുള്ള 5.06 ഏക്കർ ഭൂമിയും പച്ചാളത്തുള്ള 0.82 ഏക്കർ ഭൂമിയും ഉപയോഗ യോഗ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഗാന്ധിനഗറിൽ നിർദ്ദേശിക്കപ്പെട്ട ഇൻഡസ്ട്രിയൽ എക്സിബിഷൻ സെന്ററിന്റെയും പച്ചാളത്ത് നിർദ്ദേശിക്കപ്പെട്ട ഫ്യൂവൽ സ്റ്റേഷൻ പദ്ധതിയുടെയും നിജസ്ഥിതി വ്യക്തമാക്കാമോ?

(എ-സി) പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ എറണാകുളം ജില്ലയിലെ കടവന്ത്ര ഗാന്ധി നഗറിലുള്ള 5.06 ഏക്കർ ഭൂമിയിൽ ഒരു ബഹുനില എക്സിബിഷൻ സെന്ററും കൺവെൻഷണൽ സെന്ററും സ്ഥാപിക്കാൻ 20 കോടി രൂപയുടെ ഒരു പദ്ധതി വിഭാവനം ചെയ്തുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം സിഡ്കോയ്ക്ക് പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിഞ്ഞില്ല. പ്രസ്തുത സ്ഥലം ജോയിന്റ് വെഞ്ചർ /പി.പി.പി. അടിസ്ഥാനത്തിൽ പ്രോജക്ട് നടത്താൻ യോഗ്യതയുള്ള ഏജൻസികൾക്ക് നൽകി പദ്ധതികൾ നടപ്പാക്കി സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനമനുസരിച്ച് നിർദ്ദേശമുണ്ട്. പച്ചാളത്തുള്ള ഭൂമിയിൽ പൊതുമേഖലാ എണ്ണക്കമ്പനികളുമായി സഹകരിച്ച് ഒരു സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും സിഡ്കോ അഭിമുഖീകരിക്കുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ജോയിന്റ് വെഞ്ചർ /പി.പി.പി അടിസ്ഥാനത്തിൽ പ്രോജക്ട് നടത്താൻ യോഗ്യതയുള്ള ഏജൻസികൾക്ക് നൽകി സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ SIDCO-യ്ക്ക് പദ്ധതിയുണ്ട്.

137 (2421) **ചോദ്യം ഒഴിവാക്കിയിരിക്കുന്നു.**

## കെ.എസ്.ഡി.പി.യിൽ പുതിയ മരുന്നുകളുടെ നിർമ്മാണം

138 (2422) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്വാസകോശ രോഗം, അവയവ മാറ്റ ശസ്ത്രക്രിയ, ഹൃദയാഘാതം എന്നിവയുടെ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് കെ.എസ്.ഡി.പി. തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനായുള്ള ധാരണാപത്രം കെ.എസ്.ഡി.പി. ഒപ്പിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനവുമായാണെന്ന് വ്യക്തമാക്കുമോ?

ആദ്യഘട്ടത്തിൽ 15 ഇനം മരുന്നുകളുടെ വികസനത്തിനായി സി.എസ്.ഐ.ആർ.-എൻ.ഐ.എ.എസ്.റ്റി.-യുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

(സി) പ്രസ്തുത മരുന്നുകളുടെ നിർമ്മാണത്തിനുള്ള ഫോർമുല ലഭ്യമാക്കിയിട്ടുണ്ടോ?

ഇല്ല.

(ഡി) കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള മരുന്ന് ഉല്പാദിപ്പിക്കുന്നതിന് കെ.എസ്.ഡി.പി.-ക്ക് ഇതിലൂടെ സാധ്യമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

കുറഞ്ഞ വിലയ്ക്ക് എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭിച്ച ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ മരുന്നുകളാണ് കെ.എസ്.ഡി.പി. വിതരണം ചെയ്യുന്നത്.

## കെൽട്രോണിൽ കരാർ/ദിവസവേതന ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

139 (2423) ശ്രീ . എം . വിൻസെന്റ്:
ശ്രീ . സണ്ണി ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന്

വ്യവസായ വകുപ്പ് തീരുമാനമെടുത്തത് നിയമ വകുപ്പിന്റെ ഉപദേശം തേടിയശേഷമാണോ എന്നറിയിക്കാമോ?

നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ട്.

(ബി) എങ്കിൽ നിയമ വകുപ്പ് ഇക്കാര്യത്തിൽ നൽകിയ നിയമോപദേശം എന്താണെന്നറിയിക്കാമോ?

ഈ വിഷയത്തിൽ നിയമ വകുപ്പ് നൽകിയ ഉപദേശം ചുവടെ ചേർക്കുന്നു. "സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ അനുവദനീയമായ തസ്തികകളിൽ പത്തുവർഷത്തിലേറെ തുടർച്ചയായി സേവനമനുഷ്ഠിച്ചു വരുന്നതും മതിയായ യോഗ്യതയുള്ളവരുമായ ജീവനക്കാരുടെ നിയമനങ്ങൾ ഒറ്റത്തവണത്തേയ്ക്ക് മാത്രമായി റെഗുലറൈസ് ചെയ്തു നൽകുന്നതിനാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി Secretary State of Karnataka V Umadevi (AIR 2006 SC 1806) എന്ന കേസ്സിൽ വിധി പുറപ്പെടുവിച്ചത്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ 4-2-2016-ലെ മുൻ ചീഫ് സെക്രട്ടറിയുടെ 2661/Exp.A1/15/Fin(Exp-A)Dept നമ്പർ കുറിപ്പിലായി ദിവസവേതനക്കാർ/ കോൺട്രാക്റ്റ് നിയമനക്കാർ എന്നിവരെ റെഗുലറൈസ് ചെയ്യാൻ പാടില്ലെന്ന് എല്ലാ സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നിരുന്നാലും, വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ നിയമിതരായതും പത്തുവർഷത്തിലധികമായി സേവനത്തിൽ തുടരുന്നതും മതിയായ യോഗ്യതയുള്ളവരുമായ കെൽട്രോണിലെ താൽക്കാലിക ജീവനക്കാരെ പ്രസ്തുത സ്ഥാപനത്തിലെ നിയമനങ്ങൾ നാളിതുവരെ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടില്ലായെന്നതും ടി സ്ഥാപനത്തിലെ നിയമനങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടില്ലായെന്നതും കണക്കിലെടുത്തുകൊണ്ട്, അത്തരം ജീവനക്കാരുടെ സേവനം നിലനിർത്തേണ്ടത് അനിവാര്യമാണെന്നു കാണുന്നപക്ഷം, അവരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ ഭരണവകുപ്പിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും അതോടൊപ്പം, ഭാവിയിൽ ഇത്തരം സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി special rules frame ചെയ്തുകൊണ്ട് കെൽട്രോണിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനുള്ള സത്വര നടപടികൾകൂടി ഭരണവകുപ്പിന് സ്വീകരിക്കാവുന്നതാണെന്നും അറിയിക്കുന്നു".

(സി) പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

നിയമ വകുപ്പിന്റെ ഉപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പൊതുമേഖലാസ്ഥാപനങ്ങളുടെ സംരക്ഷണം**

140(2424) ശ്രീ . എ . പ്രദീപ്കുമാർ:
ശ്രീ . ജോൺ ഫെർണാണ്ടസ്:
ശ്രീ. ആർ.രാജേഷ്:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നാശോന്മുഖമായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ഈ സർക്കാർ നടത്തിയ പ്രവർത്തനവും കൈവരിക്കാനായ നേട്ടവും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്കനുയോജ്യമായ നൂതനമായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി കൂടുതൽ വിപണന സാധ്യതയുള്ള ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവുണ്ടാക്കുവാനും സാധിച്ചു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന, പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് പ്രവർത്തന മൂലധന സഹായം ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തി നൽകുകയും ചെയ്തുവരുന്നു. ഓരോരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായിത്തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വർദ്ധനവുണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലയെ സംരക്ഷിക്കുന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെയും ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.) എന്നിവയെയും ഏറ്റെടുക്കുവാൻ

തീരുമാനിച്ച് സംസ്ഥാന സർക്കാർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എം.എം.എൽ., ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് എന്നീ സ്ഥാപനങ്ങളിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം ആരംഭിച്ചു. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു. പരിസ്ഥിതിക്കനുയോജ്യമായ ഇലക്ട്രിക് വാഹനങ്ങളുടേയും അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുവാൻ സാധിച്ചു. കേരള ആട്ടോമൊബൈൽസിൽ ഇലക്ട്രിക് മുച്ചക്ര വാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചു. ആട്ടോകാസ്റ്റിൽ ഇന്ത്യൻ റെയിൽവേയ്ക്കാവശ്യമായ കാസിനബ്ബോഗി നിർമ്മിക്കുന്നതിനുള്ള സംവിധാനം നടപ്പാക്കി. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് WHO അംഗീകാരവും GMP സർട്ടിഫിക്കേഷനും NABL അക്രെഡിറ്റേഷനും ലഭിച്ചു. കെ.എസ്.ഡി.പി.യിൽ ആധുനിക മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഹാൻഡ് സാനിറ്റൈസർ, അണുനശീകരണ/ ശുചീകരണ വസ്തുക്കൾ തുടങ്ങിയവയുടെ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പദ്ധതികളുടെ ഭാഗമായി ജനത എന്ന ബ്രാൻഡിൽ ഫേസ്മാസ്കുകൾ നിർമ്മിച്ച് വിപണനം നടത്തിവരുന്നു. ഏകദേശം 1 ലക്ഷം മാസ്കുകൾ വിറ്റു കഴിഞ്ഞു. Anti microbial Finished മാസ്കുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു. വി.എസ്.എസ്.സി./ഐ.എസ്.ആർ.ഒ. എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടും പ്രതിരോധ മേഖലയ്ക്കും ആവശ്യമായ വളരെ കൃത്യതയോടെ നിർമ്മിക്കേണ്ട ഉപകരണങ്ങളുടേയും അനുബന്ധജോലികൾ ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ നടപ്പിലാക്കി. സ്മാർട്ട് മീറ്റർ നിർമ്മാണം, ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം എന്നിവ നിർമ്മിക്കുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ സജ്ജമാക്കിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായി പ്രവർത്തനമാന്ദ്യം നേരിട്ടിരുന്ന കെ.എസ്.ഡി.പി.യിൽ നടത്തിയ പുനരുദ്ധാരണ പ്രവർത്തനങ്ങളും അതിന്റെ ഫലവും അറിയിക്കാമോ?

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ലാഭകരമായ പ്രവർത്തനത്തിനുവേണ്ടി സർക്കാർ സഹായത്തോടെ വിവിധ

ആധുനികവത്കരണ വിപുലീകരണ പദ്ധതികൾ നടപ്പാക്കിവരുന്നു. 10 കോടി രൂപ മുതൽ മുടക്കി പുതിയ ബീറ്റാലാക്ടം ഇഞ്ചക്ഷൻ പ്ലാന്റ് സ്ഥാപിച്ച് വ്യാവസായിക ഉത്പാദനം ആരംഭിച്ചു. ആന്റിബയോട്ടിക് ഇഞ്ചക്ഷൻ മരുന്നുകൾ ഉത്പാദിപ്പിക്കുന്ന ഈ പ്ലാൻറിൽ നിലവിൽ 22 ഇനം മരുന്നുകൾക്ക് ലൈസൻസ് ലഭിച്ചിട്ടുണ്ട്. ആധുനിക ലബോറട്ടറിക്ക് എൻ.എ.ബി.എൽ. അംഗീകാരവും ലഭിച്ചു. കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു പുറമേ തമിഴ്നാട്, കർണാടക, തെലുങ്കാന എന്നീ സംസ്ഥാനങ്ങൾക്ക് മരുന്നുകൾ നൽകിവരുന്നു. 2018-19-ൽ WHO-GMP നടപടിക്രമങ്ങളനുസരിച്ചുള്ള നോൺ-ബീറ്റലാക്ടം മരുന്നുകളുടെ നിർമ്മാണത്തിനുള്ള 37.94 കോടി രൂപയുടെ പ്ലാന്റ് കമ്മീഷൻ ചെയ്ത് വ്യാവസായിക ഉത്പാദനം ആരംഭിച്ചു. സർക്കാർ ആശുപത്രികൾക്കുവേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ആവശ്യമുള്ള 158 ഇനം മരുന്നുകൾക്ക് പുറമേ അവയവ മാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കുള്ള മരുന്നുകളുടെ ഉൽപ്പാദനവും ഈ പ്ലാന്റിൽ നടത്തുവാനാകും. LVP / SVP , PFC ഒപ്താൽമിക് മരുന്നുകളുടെ നിർമ്മാണത്തിനായി 50 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നത്. കാൻസർ രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്ന് നൽകുന്നതിനായി കെ.എസ്.ഡി.പി. യുടെ കീഴിൽ ഒരു ഓങ്കോളജി മരുന്ന് നിർമ്മാണ പ്ലാന്റ് സ്ഥാപിക്കാൻ 2020-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സഞ്ചിതനഷ്ടം എഴുതിത്തള്ളുകയും സർക്കാർ വായ്പയും അതിന്മേലുള്ള പലിശയുമായിട്ടുള്ള 106 കോടി രൂപ മൂലധനമായി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകളിലൂടെ സ്ഥാപനത്തിന് ലാഭകരമായ നടത്തിപ്പാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) കെൽട്രോണിന്റെ മുൻകാല പ്രതാപം വീണ്ടെടുക്കാനായിട്ടുണ്ടോ; സംസ്ഥാനത്ത് ആദ്യമായി കമ്പ്യൂട്ടർ ഹാർഡ്‌വെയർ നിർമ്മാണത്തിന് സാധ്യമായിട്ടുണ്ടോ?

സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായങ്ങളുടെ വികസനത്തിന് ചുക്കാൻപിടിക്കുന്ന കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയും സബ്സിഡിയറി സ്ഥാപനങ്ങളായ കണ്ണൂരിൽ പ്രവർത്തിച്ചു വരുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കുറ്റിപ്പുറത്ത് പ്രവർത്തിച്ചുവരുന്ന കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയും കൂടുതൽ മത്സരക്ഷമമാക്കുന്നതിനുള്ള വിവിധ ആധുനികവത്കരണ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. കെൽട്രോൺ, നിലവിൽ സംസ്ഥാനത്ത് വിവര സാങ്കേതികവിദ്യ വകുപ്പുൾപ്പെടെ എല്ലാ വകുപ്പുകൾക്കും ആവശ്യമായ നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ

വിവിധ പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പാക്കിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2015-16 കാലയളവിൽ 378 കോടി രൂപയുടെ വിറ്റുവരവുണ്ടായിരുന്ന സ്ഥാനത്ത് 2019-20-ലെ വാർഷിക കണക്കുകൾ പ്രകാരം 443 കോടി രൂപയായി ഉയർത്തുവാൻ സാധിച്ചു. മാത്രമല്ല 2016-17 മുതൽ കമ്പനി തുടർച്ചയായി ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 2017-18 മുതലുള്ള വർഷങ്ങളിൽ 27.01 കോടി രൂപയുടെ ആധുനികവത്കരണ പദ്ധതികൾ സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ വിവിധ ഉൽപ്പാദന യൂണിറ്റുകളിൽ പൂർത്തിയായിവരുന്നു. പി.പി.പി. മാതൃകയിൽ കൊക്കോണിക്സ് എന്ന ബ്രാൻഡ് നാമത്തിൽ സംസ്ഥാനത്ത് ആദ്യമായി കെൽട്രോണിന്റെ പങ്കാളിത്തത്തോടെ ലാപ്ടോപ് കമ്പ്യൂട്ടറുകളുടെയും സെർവറുകളുടെയും നിർമ്മാണം ആരംഭിച്ചു.

(ഡി) പ്രവർത്തനരഹിതമെന്ന് പറയാവുന്ന അവസ്ഥയിലായിരുന്ന കെ.എ.എൽ-നെ ഇലക്ട്രിക് വാഹന നിർമ്മാണ രംഗത്ത് സംസ്ഥാനത്തിന്റെ തനതു മുദ്ര പതിപ്പിക്കാനാകുംവിധം വളർത്തിയെടുക്കാനായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

കേരള ആട്ടോമൊബെയിൽസ് ലിമിറ്റഡിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രകൃതി സൗഹൃദ ഇലക്ട്രിക് മുച്ചക്ര വാഹനങ്ങളുടെ വ്യാവസായിക ഉൽപ്പാദനം ആരംഭിച്ചു. 2019-ൽ നിരത്തിലിറക്കിയ ഇ-ആട്ടോയുടെ വാണിജ്യപരമായ ഉത്പാദനം ആരംഭിച്ച് കഴിഞ്ഞു. കോവിഡ് നിയന്ത്രണങ്ങൾമൂലം പ്രധാന ഘടകങ്ങളുടെ ലഭ്യതയെ ബാധിച്ചതും സ്റ്റാറ്റ്യൂട്ടറി ബാധ്യത വർദ്ധിച്ചതിനാൽ സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളുടെ നടപടികളും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തയും ജീവനക്കാരുടെ ലഭ്യതക്കുറവും ഉത്പാദനത്തെ ബാധിച്ചിരുന്നു. എന്നിരുന്നാലും ഈ കാലഘട്ടത്തിൽ നേപ്പാളിലേയ്ക്ക് 25 ഇ-ആട്ടോകൾ കയറ്റിയയച്ചു. ഡീലർമാരുടെ സഹായത്തോടെ കേരളത്തിന്റെ നിരത്തുകളിലും ഈ ആട്ടോ സ്ഥാനം പിടിച്ചുവരുന്നു. സർക്കാർ മൂലധനത്തിന്റെ സഹായത്തോടെ കെ.എ.എൽ. ഇ-ആട്ടോയുടെ ഉത്പാദന രംഗത്ത് പുരോഗതി കൈവരിക്കാനുള്ള പാതയിലാണ്.

## കേരള സോപ്പ് ആന്റ് ഓയിൽസ്

141 (2425) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോപ്പ് ആന്റ് ഓയിൽസ് ഏറ്റവും മികച്ച ഉല്പന്നങ്ങളാണ് ഉല്പാദിപ്പിക്കുന്നതെങ്കിലും കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽ വരുത്താൻ തയ്യാറാകാത്തതിന്റെ കാരണം അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ആധുനീകരണത്തിന്റെ ഭാഗമായി വാഷിംഗ് സോപ്പ് പൗഡർ ഉൽപ്പാദനം എന്നേയ്ക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേരള സോപ്പ്സ് ആന്റ് ഓയിൽസ് എന്ന സ്ഥാപനം നിലവിലില്ല. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ യൂണിറ്റായ "കേരള സോപ്സിൽ" 2020 ഏപ്രിൽ മാസം മുതൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലിക്വിഡ് ഹാന്റ് വാഷ്, ഹാന്റ് സാനിറ്റൈസർ എന്നിവയുടെ ഉൽപ്പാദനം ആരംഭിച്ചു. കൂടാതെ വാഷിംഗ് പൗഡർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിൽ പുരോഗമിക്കുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഡിറ്റ്

142 (2426) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിലെയും ഓഡിറ്റ് പൂർത്തിയായതിന്റെ കണക്കുകൾ പ്രകാരമുള്ള അവസാന അഞ്ച് വർഷത്തെ പ്രവർത്തനലാഭവും/പ്രവർത്തനനഷ്ടവും (Profit/Loss before exceptional and extraordinary items and tax or operating Profit/Loss) എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിലെയും ഓഡിറ്റ് പൂർത്തിയായതിന്റെ കണക്കുകൾ പ്രകാരമുള്ള അവസാന അഞ്ച് വർഷത്തെ ലാഭത്തിന്റെയും/നഷ്ടത്തിന്റെയും (Profit/Loss) വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ആഡിറ്റുകൾ പൂർത്തിയായിട്ടില്ല. ആയതിനാൽ ആഡിറ്റുകൾ പൂർത്തിയാകുന്ന മുറയ്ക്ക് ഈ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിലെയും അഞ്ച് വർഷത്തെ വിറ്റുവരവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ച് വർഷകാലത്തെ വിറ്റുവരവിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു*

143 (2427) **ചോദ്യം ഒഴിവാക്കിയിരിക്കുന്നു.**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വ്യവസായ സംരംഭങ്ങൾ

144 (2428) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻവേണ്ടി സ്ഥലം ലഭിച്ചവരിൽ പലരും ഇപ്പോൾ ഭൂമിയും കെട്ടിടവും ഒഴിച്ചിട്ടിരിക്കുന്ന കാര്യം പരിശോധിക്കുമോ; ഇത് ജില്ലാ വ്യവസായ കേന്ദ്രം മാനേജർമാർ പരിശോധിച്ചിട്ടുണ്ടോ; വിവിധ ജില്ലകളിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കാത്ത എത്ര പ്ലോട്ടുകൾ ഉണ്ട്; ഇതിന്റെ കണക്ക് ലഭ്യമാക്കുമോ; പ്രവർത്തിക്കാത്ത സ്ഥലങ്ങളിലെ കെട്ടിടങ്ങൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ; കെട്ടിടങ്ങളും സ്ഥലവും ലഭിച്ചവരിൽ കൃത്യമായ വാടക അടയ്ക്കാത്തവരുടെ വിവരം വ്യവസായ വകുപ്പിൽ ലഭ്യമാണോ?

സംസ്ഥാനത്തെ വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭം തുടങ്ങുവാൻ അനുവദിച്ച സ്ഥലവും കെട്ടിടവും ഒഴിച്ചിടുന്നത് പരിശോധിക്കുന്നുണ്ട്. വ്യവസായ ഭൂമിയിലെ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ എസ്റ്റേറ്റ് ഓഫീസർ നേരിട്ട് സന്ദർശിച്ച് വിലയിരുത്തുന്നുണ്ട്. വിവിധ ജില്ലകളിലെ പ്രവർത്തിക്കാത്ത പ്ലോട്ടുകളിലെ കണക്ക് വിവരം അനുബന്ധം *ആയി ചേർക്കുന്നു. വ്യവസായ ഭൂമിയിലെ യൂണിറ്റുകളുടെ പ്രവർത്തന സ്ഥിതി എല്ലാ മാസവും കൃത്യമായി എസ്റ്റേറ്റ് ഓഫീസർമാർ പരിശോധിച്ച് പ്രതിമാസ റിപ്പോർട്ട് നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനരഹിതമായ യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുകയും അത് സാധ്യമാകാതെവരുന്ന സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വിവരങ്ങൾ അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ലഭ്യമാണ്.

(ബി) വിവിധ ജില്ലകളിൽ ഇൻഡസ്ട്രിയൽ പ്ലോട്ടിനുവേണ്ടി അപേക്ഷകൾ സമർപ്പിച്ചവരുടെ കണക്ക് ലഭ്യമാക്കുമോ; ഇവർ സർക്കാരിന് എന്തെങ്കിലും ഫീസ് അടച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിവിധ ജില്ലകളിൽ ഇൻഡസ്ട്രിയൽ പ്ലോട്ടിനുവേണ്ടി അപേക്ഷകൾ സമർപ്പിച്ചവരുടെ കണക്കും ഇവർ അടച്ചിട്ടുള്ള ഫീസ് സംബന്ധിച്ച വിശദാംശവും അനുബന്ധം*ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വ്യവസായ ആവശ്യത്തിനായി പ്ലോട്ടെടുത്തവരിൽ എത്ര പേർക്ക് സ്വന്തം പേരിൽ പട്ടയം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; സ്വന്തം പേരിൽ ഭൂമി കൈമാറ്റം ചെയ്യപ്പെട്ടവർ സർക്കാരിന് എന്തെങ്കിലും ഫീസ് അടച്ചിട്ടുണ്ടോ; കണക്ക് ലഭ്യമാക്കുമോ; വസ്തുവിന്റെ വില സർക്കാരിന് നൽകിയിട്ടുണ്ടോ?

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വ്യവസായ ആവശ്യത്തിന് പ്ലോട്ടെടുത്തതിൽ സ്വന്തം പേരിൽ പട്ടയം ലഭിച്ചവരുടെ ജില്ലതിരിച്ചുള്ള കണക്കും അവർ സർക്കാരിലേക്ക് ഒടുക്കിയ തുക സംബന്ധിച്ചുള്ള വിവരവും അനുബന്ധം * ആയി ചേർക്കുന്നു.

(ഡി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട്; പ്രവർത്തിക്കാത്ത കെട്ടിടങ്ങളുടെ എണ്ണം ലഭ്യമാക്കുമോ; പ്രവർത്തിക്കാത്ത കെട്ടിടങ്ങൾ പുതിയ അപേക്ഷകർക്ക് നൽകുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിവിധ ജില്ലകളിലെ വ്യവസായ എസ്റ്റേറ്റുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെയും പ്രവർത്തനരഹിതമായ യൂണിറ്റുകളുടെയും വിശദാംശം അനുബന്ധം* ആയി ചേർക്കുന്നു. പ്രവർത്തിക്കാത്ത കെട്ടിടങ്ങൾ പുതിയ അപേക്ഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ)പ്ലോട്ടുകളെ സംബന്ധിച്ചും കെട്ടിടങ്ങളെ സംബന്ധിച്ചും 2020 വർഷത്തിൽ എത്ര പരാതി ജില്ല കേന്ദ്രങ്ങളിലെ മാനേജർമാർക്ക് ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

വ്യവസായ പ്ലോട്ടുകളിലെ കെട്ടിടങ്ങളെ സംബന്ധിച്ച് 2020 വർഷത്തിൽ ലഭിച്ച പരാതികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം* ആയി ചേർക്കുന്നു.

**കുറ്റ്യാടി മണ്ഡലത്തിലെ നാളികേര വികസന പാർക്ക്**

145 (2429) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ നാളികേര വികസന പാർക്കിനായി 2012-ൽ എത്ര ഏക്കർ സ്ഥലമാണ് വ്യവസായ വകുപ്പ് ഏറ്റെടുത്തത്; ഇതിൽ സർക്കാരിന് എത്ര കോടി രൂപ ചെലവ് വന്നിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

115.13 ഏക്കർ (46.5944 ഹെക്ടർ) സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. Rs. 14,86,49,304 രൂപ.

(ബി) ഏറ്റെടുത്ത സ്ഥലം നാളികേര വികസന പാർക്കിനായി വികസിപ്പിച്ചെടുക്കാൻ 42 കോടി രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു വർഷമാണ് ഭരണാനുമതി നൽകിയത്?

2014-ൽ ഭരണാനുമതി നല്കിയിട്ടുണ്ട്.

(സി ) ഇപ്പോൾ കെ.എസ്.ഐ.ഡി.സി. യുടെ കൈവശമാണോ ഭൂമിയുള്ളത്?

അതെ

(ഡി) പദ്ധതിക്ക് ഭരണാനുമതി നൽകുകയും ഭൂമി കെ.എസ്.ഐ.ഡി.സി. ഏറ്റെടുക്കുകയും മന്ത്രിതല യോഗം നടത്തുകയും മന്ത്രിയും കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥൻമാരും എം.എൽ.എ.യുടെ സാന്നിധ്യത്തിൽ സ്ഥലം സന്ദർശിക്കുകയുമൊക്കെ ചെയ്തിട്ടും ഇക്കാര്യത്തിൽ തുടർനടപടികൾ ഇല്ലാതെ പോയതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(ഇ) എങ്കിൽ ഈ ഘട്ടത്തിലെങ്കിലും ഒട്ടേറെ കേരകർഷകരും അനുബന്ധ തൊഴിലാളികളുമുള്ള കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി തേങ്ങയുടെ പശ്ചാത്തലം കൂടി കണക്കിലെടുത്ത് നാളികേര വിപണനം, സംഭരണം, സംസ്കരണം എന്നിവ ലക്ഷ്യമാക്കി നാളികേരവികസന പാർക്ക് യാഥാർത്ഥ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന വിശദമാക്കുമോ?

(ഡി&ഇ) ഏറ്റെടുത്ത ഭൂമിയുടെ ഭൂവിലയും ചമയങ്ങളുടെ വില നിശ്ചയവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഫയൽ ചെയ്യപ്പെട്ട കേസ്സുകൾ തീർപ്പായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കൊച്ചി പെട്രോകെമിക്കൽ പാർക്ക് പദ്ധതി**

146 (2430) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ മുൻകയ്യെടുത്ത് സ്ഥാപിച്ച കൊച്ചിൻ റിഫൈനറിയെ ബി.പി.സി.എൽ. ഏറ്റെടുത്തത് സംസ്ഥാന ഓഹരി നിലനിർത്തിയിട്ടാണോ ; എങ്കിൽ എത്ര ശതമാനം; വ്യക്തമാക്കുമോ?

2006 ആഗസ്റ്റിൽ കൊച്ചി റിഫൈനറീസ് ലിമിറ്റഡ് (കെ.ആർ.എൽ.) ബി.പി.സി.എൽ.-മായി ലയിപ്പിച്ചു. ലയനത്തിന്റെ ഫലമായി കൊച്ചി റിഫൈനറിയുടെ ഓഹരി ഉടമയായ കേരള സർക്കാരിന് കൊച്ചി റിഫൈനറിയുടെ ഓരോ ഒമ്പത് ഇക്വിറ്റി ഷെയറുകൾക്കും ബി.പി.സി.എൽ.-ന്റെ നാല് ഇക്വിറ്റി

ഷെയറുകളുടെ സ്വാപ്പ് അനുപാതത്തിൽ ബി.പി.സി.എൽ.-ൽ ഓഹരികൾ അനുവദിച്ചു. ലയനത്തിനുശേഷം ബി.പി.സി.എൽ-ന്റെ ഡയറക്ടർ ബോർഡിൽ കേരള സർക്കാർ ഒരു നോമിനിയെ നിയമിച്ചിട്ടുണ്ട്. നിലവിൽ, ബിപിസിഎൽ- ൽ 18666666 ഇക്വിറ്റി ഓഹരികൾ അതായത് ആകെ ഓഹരിയുടെ 0.86% കേരള സർക്കാരിന്റെ കൈവശമാണ്.

(ബി) നിലവിൽ ബി.പി.സി.എൽ. സ്വകാര്യവത്കരിക്കാൻ കേന്ദ്ര സർക്കാർ തുനിയുമ്പോൾ പ്രസ്തുത ഓഹരിക്ക് എന്തെങ്കിലും തരത്തിലുള്ള മാറ്റം സംഭവിക്കുമോ; വ്യക്തമാക്കുമോ?

സ്വകാര്യവത്കരണ നടപടികൾ പൂർണ്ണമാകുമ്പോൾ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ കഴിയൂ.

(സി) ബി.പി.സി.എൽ. സ്വകാര്യവത്കരിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പദ്ധതിയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

25,000 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം കിൻഫ്ര മുഖാന്തരം സ്വീകരിച്ചുവരികയാണ്. പ്രസ്തുത പെട്രോകെമിക്കൽ പാർക്കിൽ വ്യവസായം ആരംഭിക്കുന്നതിന് നിരവധി സംരംഭകർ മുന്നോട്ടുവന്നിട്ടുണ്ട്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടതെന്നതിനാൽ പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ.- ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിക്കും.

**റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ**

147 (2431) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന വ്യവസായങ്ങൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് റബ്ബർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും റബ്ബർ ഗ്ലൗസ് തുടങ്ങിയ മൂല്യാധിഷ്ഠിത റബ്ബർ വസ്തുക്കൾ നിർമ്മിക്കുന്നതിനുവേണ്ടിയും സർക്കാർ കെ.എസ്.ഐ.ഡി.സി.-യുടെ പങ്കാളിത്തത്തോടുകൂടി കണ്ണൂർ നാച്വറൽ റബ്ബർ പ്രോഡക്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത

കമ്പനിയും ഫാക്ടറിയും കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര വ്യവസായ പാർക്കിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുപ്പിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെയും തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. പ്രധാനമായും മൂന്നുതരം പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്.

i. Off The Road (OTR) Tyres

ii. Heat Resistant Latex Thread (HRLT) and

iii. Surgical & Examination Gloves Off The Road (OTR) Tyres & Heat Resistant Latex Thread (HRLT)

പദ്ധതികൾ സിയാൽ മോഡൽ റബ്ബർ കമ്പനിയാണ് നടപ്പാക്കുന്നത്. Surgical & Examination Gloves പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം കണ്ണൂരിൽ പുരോഗമിക്കുന്നു.

(ബി) സിയാൽ മാതൃകയിൽ ടയർ ഫാക്ടറി സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

കോട്ടയം ജില്ലയിൽ 50-200 ഏക്കർ സ്ഥലത്ത് 1050 കോടി രൂപയുടെ മുതൽ മുടക്കിൽ Off The Road (OTR) Tyres & Heat Resistant Latex Thread (HRLT) എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**ഇലക്ട്രിക് ഓട്ടോകൾ**

148 (2432) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കേരള ആട്ടോ മൊബൈൽസിൽ നിലവിൽ പ്രതിമാസം എത്ര ഇലക്ട്രിക് ഓട്ടോകൾ നിർമ്മിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

പ്രതിമാസം ശരാശരി 30 ഓട്ടോറിക്ഷകളാണ് ഇപ്പോൾ നിർമ്മിക്കുന്നത്.

(ബി) ഇലക്ട്രിക് ഓട്ടോയുടെ നിർമ്മാണം തുടങ്ങിയതിനുശേഷം സർക്കാർ വകുപ്പുകളിൽ നിന്നും ഓർഡർ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എത്രയെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം സ്മാർട്ട് സിറ്റിക്കുവേണ്ടി 15 ഇ-ഓട്ടോകൾ നിർമ്മിച്ച് നൽകി. സർക്കാർ വകുപ്പുകളായ SC/ST കോർപ്പറേഷനിൽനിന്നും 4 വാഹനത്തിന് ഓർഡറുകൾ ലഭിച്ചു. കൂടാതെ Kerala State Handicaped Person Welfare Corporation-ൽ നിന്നും 500 വാഹനത്തിന്റെ ഓർഡർ ലഭിക്കാൻ ആവശ്യമായ നടപടികൾ അവസാനഘട്ടത്തിലാണ്.

(സി) കേരള ആട്ടോ മൊബൈൽസിൽ പുതുതായി ആരംഭിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

Electric scooter നിർമ്മിക്കാനും E-Rickshaw, E-Auto-യുടെ load carriage എന്നിവ വരുന്ന 6 മാസത്തിനുള്ളിൽ നിർമ്മിക്കാനും പദ്ധതിയുണ്ട്. കൂടാതെ ഇവയുടെ സർട്ടിഫിക്കേഷൻ ജോലികൾ നടന്നുവരുന്നു. വരുംവർഷത്തെ ഇലക്ട്രിക് വാഹനത്തിന്റെ ആവശ്യകത തരണം ചെയ്യാൻ പുതിയ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനും പദ്ധതിയുണ്ട്.

**ഉദുമ മൈലാട്ടി സിൽക്ക് യൂണിറ്റ്**

149 (2433) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡുള്ള ഉദുമ മൈലാട്ടി സിൽക്ക് യൂണിറ്റ് സ്ഥാപിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

1993-ൽ സെറിഫെഡ് എന്ന സ്ഥാപനത്തിന് കീഴിൽ പ്രവർത്തനമാരംഭിച്ചു.

(ബി ) ഏത് തരത്തിലുള്ള ഉൽപ്പന്നങ്ങളാണ് ഇവിടെ നിർമ്മിച്ചിരുന്നത്?

അസംസ്കൃത കൊക്കൂൺ റീൽ ചെയ്ത് പാവാക്കുന്നു.

(സി)ഇപ്പോൾ ഈ സ്ഥാപനം പ്രവർത്തിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും എപ്പോഴാണ് സ്ഥാപനം പൂട്ടിയതെന്നും വ്യക്തമാക്കാമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ 1969-ലെ കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഒരു അപ്പക്സ് സംഘമാണ് സെറിഫെഡ്. സെറിഫെഡിന്റെ രജിസ്ട്രാർ ഖാദി ബോർഡ് സെക്രട്ടറിയാണ്. 15-3-2010-ലെ സ.ഉ (എം.എസ്.) 58/2010/വ്യവ.നമ്പർ സർക്കാർ ഉത്തരവുപ്രകാരം സെറിഫെഡ് ഉൾപ്പെടെയുള്ള സെറികൾച്ചർ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുകയും സെറിഫെഡിന്റെ ആസ്തിയും ജീവനക്കാരെയും ലോക്കൽ സെൽഫ് ഗവൺമെന്റ്

ഡിപ്പാർട്ട്മെന്റ്, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ് എന്നീ സ്ഥാപനങ്ങൾക്കും സിൽക്ക് റീലിംഗ് യൂണിറ്റുകൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനും നൽകിയിരുന്നു. 5-8-2015-ലെ സ.ഉ.(എം.എസ്.) 109/2015/വ്യവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം സെറിഫെഡ് ഉപാധികളോടെ പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചപ്പോൾ നേരത്തെ ഖാദി ബോർഡിന് കൈമാറ്റം ചെയ്ത് കിട്ടിയ കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിലെയും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടെയും സിൽക്ക് റീലിംഗ് കേന്ദ്രങ്ങൾ ഖാദി ബോർഡ് സെറിഫെഡിന് തിരികെ കൈമാറിയിരുന്നു. എന്നാൽ 7-1-2017-ലെ G.O.(RT)No.25/17/ID പ്രകാരം സെറിഫെഡിന്റെ പുനരുദ്ധാരണ പാക്കേജ് വിജയപ്രദമല്ലാത്തതിനാൽ സർക്കാർ റദ്ദു ചെയ്യുകയുണ്ടായി. സിൽക്ക് റീലിംഗ് കേന്ദ്രങ്ങൾ സെറിഫെഡിന് തിരികെ കൈമാറിയപ്പോൾ സെറിഫെഡിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതലയുണ്ടായിരുന്നത് ഖാദി ബോർഡ് സെക്രട്ടറിക്കായിരുന്നു. തുടർന്ന് ടി കേന്ദ്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഖാദി ബോർഡിന്റെ ഓരോ ഉദ്യോഗസ്ഥരെ സ്പെഷ്യൽ ഓഫീസർമാരായി ചുമതലയേൽപ്പിച്ചിരുന്നു. 30-4-2019-ൽ ഖാദി ബോർഡ് സെക്രട്ടറിയുടെ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ വിരമിച്ചശേഷം സെറിഫെഡിന് എം.ഡി.-യെ നിയമിച്ചിട്ടില്ല.

(ഡി) സ്ഥാപനത്തിന്റെ ലാഭവും നഷ്ടവും സംബന്ധിച്ച വിശദാംശം നൽകാമോ?

ലഭ്യമല്ല

(ഇ ) പ്രസ്തുത സ്ഥാപനത്തിൽ എത്ര തൊഴിലാളികളാണുണ്ടായിരുന്നതെന്നും അവരെ പിരിച്ചുവിട്ടിരുന്നോയെന്നും വ്യക്തമാക്കാമോ?

ഖാദി ബോർഡിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന കാലത്ത് ടി സ്ഥാപനത്തിൽ 17 തൊഴിലാളികൾ പണിയെടുത്തിരുന്നു. പ്രസ്തുതകാലയളവിൽ ആരെയും പിരിച്ചു വിട്ടിരുന്നില്ല.

(എഫ്) പിരിച്ചുവിടുമ്പോൾ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയിരുന്നു; ഇല്ലെങ്കിൽ ഇപ്പോൾ തൊഴിലാളികൾക്ക് വേതനം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ലഭ്യമല്ല.

**സംരംഭകത്വ സംസ്കാരം വളർത്തുന്നതിനുള്ള നടപടികൾ**

150 (2434) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് നിലവിൽവരികയുണ്ടായി. ആയതിനാൽ ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏക ജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ്വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തുടർന്ന് 2019 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നടപ്പിൽവന്നു. ഈ നിയമ പ്രകാരം സംസ്ഥാന നിയമ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം സംരംഭകൻ അനുമതി കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ്തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നല്കുകയും ചെയ്യുന്നു. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ

സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തിവരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. ഇതു കൂടാതെ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10000 ലക്ഷം രൂപ വരെ വായ്പയായി നല്കിവരുന്ന ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈടില്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 നു മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കിവരുന്നു. മറ്റു പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. കൂടാതെ, പുതിയ ഉത്പാദന വ്യവസായങ്ങൾക്ക് കേരള ഗവൺമെന്റിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 30 ലക്ഷം രൂപ വരെ സഹായധനം നല്കുന്നു.

(ബി) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പാദന വികസനത്തിനും നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇന്റർവാഴ്സിറ്റി ലിങ്കേജ് പദ്ധതി ഇപ്പോൾ നടപ്പാക്കിയിട്ടില്ല.

(സി) 1-4-2017-ന് ശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിൽ അവസരങ്ങൾക്കും ഇ.പി.എഫ്./ഇ.എസ്.ഐ. അടവിന്മേലുള്ള തൊഴിലുടമാ വിഹിതത്തിന്റെ 75 ശതമാനം സർക്കാർ ഉറപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം നൽകി?

പ്രഖ്യാപിച്ച പദ്ധതിയാണ്. നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കരകൗശല സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'ആശ' പദ്ധതിയുടെ വിശദാംശം നൽകുമോ?

ആശ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

(1) കരകൗശല മേഖലയിലെ വിദഗ്ദ്ധർക്ക് ചെറുകിട വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നല്കുക.

(2) അർഹരായ കരകൗശല വിദഗ്ദ്ധർക്ക് കാലതാമസം കൂടാതെ സാമ്പത്തിക സഹായമെത്തിക്കുന്നു.

(3) വനിതകൾക്കും SC/ST, യുവസംരംഭകർക്കും സ്ഥിര മൂലധനത്തിന്റെ 50% ചെലവ്/ 3 ലക്ഷം രൂപ വരെയും അല്ലാത്ത സംരംഭകർക്ക് സ്ഥിര മൂലധനത്തിന്റെ 40% ചെലവ്/ 2 ലക്ഷം രൂപയുമാണ് ധനസഹായം.

(4) സ്ഥിര മൂലധനത്തിൽ പണിശാലയുടെ നിർമ്മാണ പണിയായുധങ്ങൾ, മറ്റ് യന്ത്ര സാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ, വൈദ്യുതീകരണം, ഉത്പന്ന മാതൃക തയ്യാറാക്കുന്ന ചെലവ്, സാങ്കേതിക വിദ്യയ്ക്ക് ചെലവാകുന്ന തുക മുതലായവ ഉൾപ്പെടുന്നു.

(5) സ്ഥിര മൂലധന നിക്ഷേപം അവകാശപ്പെടുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൽ ബില്ലുകൾ, വൗച്ചറുകൾ, ഇൻവോയിസുകൾ, അസസ്മെന്റുകൾ എന്നിവയുടെ പകർപ്പുകളോടൊപ്പം ഹാജരാക്കേണ്ടതാണ്.

(6) അപേക്ഷകന് കേന്ദ്ര സർക്കാരിന്റെ ഡെവലപ്മെന്റ് ഓഫ് ഹാന്റി ക്രാഫ്റ്റിൽനിന്ന് ആർട്ടിസാൻമാർക്ക് നൽകുന്ന തിരിച്ചറിയൽ കാർഡ് ഉണ്ടായിരിക്കണം. ആയത് ഇല്ലെങ്കിൽ സുരഭി, കെൽപാം, എച്ച്.ഡി.സി.കെ ലിമിറ്റഡ്, കെ.എസ്.ബി.സി, കാഡ്കോ എന്നിവയിലേതെങ്കിലുമൊന്നിൽ നിന്നുള്ള കരകൗശല വിദഗ്ദ്ധൻ എന്ന തിരിച്ചറിയിൽ കാർഡുള്ള ആളായിരിക്കണം.

(7) ഈ ധനസഹായത്തിന് അപേക്ഷാ ഫീസുണ്ടായിരിക്കുന്നതല്ല.

(8) ബാങ്കുകൾ മുഖാന്തരം മാത്രമേ ഈ തുക നല്കുകയുള്ളൂ. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറാണ് ഈ ധനസഹായം അനുവദിക്കുന്ന അധികാരി.

(ഇ) കോവിഡുമൂലം പ്രതിസന്ധിയിലായ എം.എസ്.എം.ഇ. സ്ഥാപനങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള ആനുകൂല്യങ്ങളാണ് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ നൽകുന്നത് എന്നറിയിക്കുമോ?

MSME മേഖലയ്ക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ: കോവിഡ്-19 മൂലം MSME മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ ആത്മനിർഭർ ഭാരത് അഭിയാൻ

പാക്കേജിന്റെ ഭാഗമായി എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS), ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം ഫോർ സബോർഡിനേറ്റ് ഡെപ്റ്റ് (CGSSD), പി. എം. ഫോർമാലിസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (PM FME) തുടങ്ങിയ സ്കീമുകളും സംസ്ഥാന സർക്കാരിന്റെ വ്യവസായ ഭദ്രത സ്കീമും നിലവിൽവന്നിട്ടുണ്ട്.

വ്യവസായ ഭദ്രത: കോവിഡ് 19 മഹാമാരി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി തളർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ കഴിയുന്നത്രയും വേഗം തിരിച്ചു കൊണ്ടുവരുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് വ്യവസായ ഭദ്രത. G.O.(MS).No 56/2020/ID dated 20-5-2020 പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട ചുവടെ വിവരിക്കുന്ന പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. സംരംഭക സഹായ പദ്ധതി (ESS)-യുടെ ഉദാരവൽക്കരണം.
2. അധിക പ്രവർത്തന മൂലധനത്തിന് മാർജിൻ മണി അസിസ്റ്റൻസ് & MSME-കൾക്കുള്ള അധിക പ്രവർത്തനമൂലധനത്തിന് പലിശ ധനസഹായം
3. MSME-കൾക്ക് നൽകുന്ന അധിക Term ലോണിനുള്ള പലിശ ധനസഹായം.

മേൽ വിവരിച്ചവയിൽ സംരഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത് നടപ്പാക്കുന്നതിലേക്കായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗ രേഖ G.O.(MS) No.103/2020/ID dated 24-11-2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പാക്കിവരുന്നു. ആയതിലെ പ്രധാന സവിഷേതകൾ.

1. SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിച്ച്, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതാണ്.

2. മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manufacturing industries' യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിക്ക് പുറമെ 10% സബ്സിഡി കൂടി അനുവദിച്ചു.

3. അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ESS-ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പാക്കുന്നതിന് തീരുമാനിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ (ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള) എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ, 6 മാസത്തേക്ക് ഓരോ ലോണിനും പരമാവധി(Term Loan/Working capital) 30,000 രൂപ (പരമാവധി 60,000 രൂപ വരെ) അനുവദിച്ചുവരുന്നുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 37.65 കോടി രൂപ ധന പുനഃവിനിയോഗം മുഖാന്തരം അനുവദിച്ചിട്ടുണ്ട്. ഇ.സി.എൽ.ജി.എസ്. ഈ പദ്ധതിയിലൂടെ MSME യൂണിറ്റുകൾക്ക് 2020 ഫെബ്രുവരി 28-നു ഔട്ട്സ്റ്റാൻഡിംഗ് വായ്പയുടെ 20% വരെയുള്ള തുക അധിക പ്രവർത്തന മൂലധനത്തിനുള്ള വായ്പയായി ലഭിക്കുന്നു. 2021 ജനവരി രണ്ടാം തീയതി വരെ ഈ പദ്ധതിപ്രകാരം വിവിധ ബാങ്കുകൾ മുഖേന 145319 അക്കൗണ്ടുകളിലായി 6,368 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 109970 അക്കൗണ്ടുകളിലായി 5,595 കോടി രൂപ വിതരണം ചെയ്തിട്ടുമുണ്ട്. പി.എം. എഫ്.എം.ഇ. ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് support നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയാണിത്. അസംഘടിത മേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉത്പാദക സംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇവ കൂടാതെ MSME മേഖലയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള മറ്റു സഹായങ്ങൾ താഴെ പറയുന്നു

1. 2020 മാർച്ച് മാസം മുതൽ 6 മാസത്തെ കാലയളവിൽ ബാങ്ക് വായ്പകൾക്ക് മൊറട്ടോറിയം നിലവിലുണ്ടായിരുന്നു.

2. COVID-19 മുഖേന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ട് സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന MSME സ്ഥാപനങ്ങൾക്ക് മാർച്ച് 2020 മുതൽ മൂന്ന് മാസത്തേക്ക് വാടക ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

3. വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് ലോക്ക്ഡൗൺ കാലയളവായ 2020 മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിലെ വൈദ്യുതി ബില്ലിലെ ഫിക്സഡ് ചാർജിൽ 25 ശതമാനം ഇളവു നൽകുന്നതിനും ഫിക്സഡ് ചാർജിൽ ബാക്കി തുക അടയ്ക്കുന്നതിന് 2020 ഡിസംബർ വരെ പലിശരഹിതമായി സാവകാശം അനുവദിക്കുന്നതിനും KSEB -ക്ക് നിർദ്ദേശം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

സുഭിക്ഷകേരളം :കോവിഡ് 19 മൂലം കടുത്ത സാമ്പത്തിക വെല്ലുവിളി നേരിട്ടു കൊണ്ടിരുന്ന കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സുഭിക്ഷ കേരളം പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഭക്ഷ്യ സംസ്കരണ മേഖലയിൽ 150 സംരംഭങ്ങൾ വീതം ആരംഭിക്കുന്നതിനുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സ്വീകരിച്ചുവരുന്നു.

## മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്

151 (2435) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റിൽ ആരംഭിച്ച മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ലിമിറ്റഡിന്റെ പരിശീലന കേന്ദ്രത്തിൽ നടത്താനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ കേന്ദ്രസർക്കാർ സ്ഥാപനമായ MSME-DI ആണ് ടി പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നത്. നിലവിൽ കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് ആൻഡ് ഹാർഡ്‌വെയർ എന്നീ വിഷയങ്ങളിൽ ഓൺലൈൻ ട്രെയിനിംഗ് നൽകിവരുന്നു. ഈ വർഷം ജനുവരി 25 ന് എന്റർപ്രണർഷിപ്പ് ഇൻ അഗ്രികൾച്ചർ എന്ന ഒരു ട്രെയിനിംഗ് തുടങ്ങുവാൻ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ASPIRE (A Scheme for Promotion of Innovation Rural Industry & Entrepreneurship) പദ്ധതി നടപ്പാക്കുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമീണ കാർഷിക, ടെക്സ്റ്റയിൽ മേഖലകളിലെ നൂതന ആശയങ്ങൾ, സംരംഭകത്വം എന്നീ വിഷയങ്ങളുടെ പ്രോൽസാഹനം ലക്ഷ്യം വച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്.

## പ്രവർത്തനം നിർത്തിയ ചെറുകിട, ഇടത്തരം സംരംഭങ്ങൾ

152 (2436) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)2018, 2019 വർഷങ്ങളിലെ പ്രളയത്തെ തുടർന്നുണ്ടായ സാഹചര്യങ്ങൾമൂലം സംസ്ഥാനത്ത് എത്ര ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രവർത്തനം നിർത്തിയിട്ടുണ്ട് എന്ന വിവരം ജില്ല തിരിച്ച് അറിയിക്കുമോ?

| ജില്ല | 2018, 2019 വർഷങ്ങളിലെ പ്രളയത്തെ തുടർന്ന് സംസ്ഥാനത്ത് പ്രവർത്തനം നിർത്തിയ ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 1 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 0 |
| കോട്ടയം | 0 |
| ഇടുക്കി | 10 |
| എറണാകുളം | 8 |
| തൃശ്ശൂർ | 9 |
| പാലക്കാട് | 3 |
| മലപ്പുറം | 2 |
| കോഴിക്കോട് | 3 |
| വയനാട് | 0 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 0 |
| ആകെ | 45 |

(ബി) പ്രസ്തുത സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2018 പ്രളയവുമായി ബന്ധപ്പെട്ട് വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 17-12-2018-ലെ സ.ഉ (കൈ)27/2018/DMD ഉത്തരവുപ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിൽ കണ്ടെത്തിയ ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്തുകയുണ്ടായി. ഈ പദ്ധതി പ്രകാരമുള്ള മാർജിൻ മണി/ പലിശ സബ്സിഡി ആനുകൂല്യം ദുരന്ത നിവാരണ വകുപ്പ് മുഖാന്തരമാണ് അനുവദിക്കുന്നത്.

വ്യവസായ വകുപ്പിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ:

1. പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി)
2. പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി) 2019 -ലെ പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

(സി) നിലവിൽ സംസ്ഥാനമൊട്ടാകെ എത്ര ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വ്യവസായ ജാലകം പോർട്ടലിലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 141548 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

### വ്യവസായ എസ്റ്റേറ്റുകളുടെ സുരക്ഷ

153 (2437) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകൾ മതിയായ സുരക്ഷയില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

വ്യവസായ വാണിജ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി എസ്റ്റേറ്റുകളിലെ യൂണിറ്റുകൾ ആവശ്യമായ അനുമതികൾ നേടിയാണ് പ്രവർത്തിച്ചുവരുന്നത്. ഏതെങ്കിലും യൂണിറ്റുകൾ ആവശ്യമായ അനുമതിയില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടാൽ അവ ലഭ്യമാക്കാനുള്ള നിർദ്ദേശം ഡയറക്ടറേറ്റ് തലത്തിൽ നൽകാറുണ്ട്.

(ബി) ഫയർ ഫോഴ്സിന്റെയോ മലിനീകരണ നിയന്ത്രണ വകുപ്പിന്റെയോ ആരോഗ്യ വകുപ്പിന്റെയോ അനുമതി ഇല്ലാതെയാണ് കേരളത്തിലെ ഒട്ടുമിക്ക വ്യവസായ എസ്റ്റേറ്റുകളും പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായ വാണിജ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി എസ്റ്റേറ്റുകളിലെ യൂണിറ്റുകൾ ആവശ്യമായ അനുമതികൾ നേടിയാണ് പ്രവർത്തിച്ചുവരുന്നത്. ഏതെങ്കിലും യൂണിറ്റുകൾ ആവശ്യമായ അനുമതിയില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടാൽ അവ ലഭ്യമാക്കാനുള്ള നിർദ്ദേശം ഡയറക്ടറേറ്റ് തലത്തിൽ നൽകാറുണ്ട്.

(സി) 2018 ജനുവരി മുതൽ മതിയായ സുരക്ഷാ ക്രമീകരണങ്ങളില്ലാതെ തീപിടുത്തമുണ്ടായ ഫാക്ടറികൾ ഏതെല്ലാം; ആ സമയത്ത് അവയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ഫയർ ഫോഴ്സിന്റെയും മലിനീകരണ നിയന്ത്രണ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും അനുമതിയുണ്ടായിരുന്നോ; അവയുടെ പകർപ്പ് ലഭ്യമാക്കുമോ?

2018 ജനുവരി മുതൽ മതിയായ സുരക്ഷാ ക്രമീകരണങ്ങളില്ലാതെ തീപിടുത്തമുണ്ടായ ഫാക്ടറികൾ ഏതെല്ലാമാണെന്നും ആ സമയത്ത് അവയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ഫയർ ഫോഴ്സിന്റെയും മലിനീകരണ നിയന്ത്രണ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും അനുമതിയുണ്ടായിരുന്നോ എന്നുള്ള വിവരവും ഇക്കാര്യത്തിൽ ലഭ്യമായ അനുമതികളുടെ പകർപ്പും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിൽ ഒരു വ്യവസായ കേന്ദ്രം പദ്ധതി**

154 (2438) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലയിൽ ഒരു വ്യവസായ കേന്ദ്രം ആരംഭിക്കുന്ന പദ്ധതിയുടെ വിശദാംശവും പുരോഗതിയും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ ഗാന്ധിറോഡ്, വെള്ളയിൽ എന്ന സ്ഥലത്ത് ഒരു വ്യവസായ കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ ജില്ലയിലും ഓരോ ജില്ലാ വ്യവസായ കേന്ദ്രമാണ് നിലവിലുള്ളത്.

(ബി) കോഴിക്കോട് ജില്ലയിൽ ഇതിനായി സ്ഥലം നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ ഗാന്ധിറോഡ്, വെള്ളയിൽ എന്ന സ്ഥലത്ത് ഒരു വ്യവസായ കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ ജില്ലയിലും ഓരോ ജില്ലാ വ്യവസായ കേന്ദ്രമാണ് നിലവിലുള്ളത്.

**ലൈഫ് സയൻസ് മേഖലയിലെ നേട്ടങ്ങൾ**

155 (2439) ശ്രീ. കെ. രാജൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ, ഡയഗ്നോസ്റ്റിക്സ് എന്നിവ ഉൾപ്പെടുന്ന ലൈഫ് സയൻസ് മേഖലയിൽ ഈ സർക്കാരിന്റെ ഇടപെടലുകളും നേട്ടങ്ങളും എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ബയോടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ, ഡയഗ്നോസ്റ്റിക്സ് എന്നിവ ഉൾപ്പെടുന്ന ലൈഫ് സയൻസസ് മേഖലയിലെ വ്യവസായങ്ങളുടെയും ഗവേഷണ-വികസന സ്ഥാപനങ്ങളുടെയും ഒരു കൂട്ടമായിട്ടാണ് ലൈഫ് സയൻസസ് പാർക്ക് വിഭാവന ചെയ്തിട്ടുള്ളത്. പാർക്കിന്റെ ഒന്നാം ഘട്ടത്തിലെ ഭൂമി ഏറ്റെടുക്കലിനും വികസനത്തിനുമുള്ള ചെലവുകൾ നടത്തുന്നത് സർക്കാരിന്റെ പ്ലാൻ ഫണ്ടുകളിൽ നിന്നാണ്. പദ്ധതിയുടെ ആദ്യ ഘട്ടത്തിനായി ഭൂമി ഏറ്റെടുക്കലിനും വികസനത്തിനുമായി 374.73 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകി. ബയോടെക്നോളജി മേഖലയിൽ വിവിധതരം ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തുടങ്ങുന്നതിനുവേണ്ടി ഏകദേശം 80,000 sq.ft വരുന്ന ബയോടെക് ലാബിന്റെ നിർമ്മാണം മാർച്ച് 2021-ൽ പൂർത്തീകരിക്കുന്നതാണ്. ഇതിൽ വിവിധതരം മരുന്നുകളും വാക്സിനുകളും വികസിപ്പിക്കുന്നതിന് ആവശ്യമുള്ള കോമൺ ഫെസിലിറ്റി സെന്റർ സജ്ജീകരിക്കുന്നതാണ്. ഇതിനുപുറമെ ലൈഫ് സയൻസ് മേഖലകളിൽ വിവിധ പദ്ധതികൾ തുടങ്ങുന്നതിനുവേണ്ടി ഏകദേശം 290000 sq.ft വരുന്ന ഇന്നൊവേഷൻ-കം-ഇങ്കുബേഷൻ സെന്ററിന്റെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ടെണ്ടർ നടപടികൾ ഫെബ്രുവരി 2021-ൽ തുടങ്ങുന്നതാണ്. ഈ രണ്ട് പദ്ധതികളിലും കമ്പനികൾക്കാവശ്യമുള്ള ലാബ് സ്പേസ്

ഒരുക്കുന്നതാണ്. ഇതിൽ അഡ്വാൻസ്ഡ്ഡായിട്ടുള്ള cGMP Compliant Bioprocessing Facility, ഇൻകുബേഷൻ സെന്റർ എന്നിവ സജ്ജീകരിക്കുന്നതാണ്. ഇതുകൂടാതെ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി (SCTIMST)-യും കെ.എസ്.ഐ.ഡി.സി.-യുമായി കൂടിച്ചേർന്ന് ലൈഫ് സയൻസസ് പാർക്കിലെ (ഒന്നാം ഘട്ടം) 9 ഏക്കർ സ്ഥലത്ത് 260 കോടി രൂപയുടെ ഒരു മെഡ്സ് പാർക്ക് സ്ഥാപിക്കുകയാണ്. ഈ പദ്ധതി വരുന്നതോടെ സംസ്ഥാനത്ത് നൂതനമായ മെഡിക്കൽ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനും അവ ന്യായമായ വിലയിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും അവസരം ഒരുങ്ങുന്നതാണ്. മെഡിക്കൽ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ വിവിധതരം ടെസ്റ്റ് നടത്തുന്നതിനും പ്രോട്ടോടൈപ്പ് ഉണ്ടാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഇവിടെ ഒരുക്കുന്നത്. ഈ പദ്ധതിയുടെ നിർമ്മാണം സെപ്റ്റംബർ 2020-ൽ തുടങ്ങുകയും നിർമ്മാണം 2022 മാർച്ചിൽ പൂർത്തീകരിക്കുന്നതുമാണ്. ഗവണ്മെന്റിന്റെ ഇടപെടൽമൂലം വിവിധതരം നൂതനമായ മെഡിക്കൽ ഉപകരണങ്ങൾ ഇവിടെ നിർമ്മിക്കാൻ സാധിക്കുകയും അതിലൂടെ തിരുവനന്തപുരവും മെഡിക്കൽ ഉപകരണങ്ങളുടെ ഒരു കേന്ദ്രമായി മാറുമെന്ന് പ്രതീക്ഷിക്കുന്നു. ഔഷധ നിർമ്മാണം, ഗവേഷണ പരീക്ഷണങ്ങൾ എന്നിവയ്ക്കായി പ്രവർത്തനം ആരംഭിക്കുന്ന വിവിധ കമ്പനികൾക്കും വിവിധ സ്ഥാപനങ്ങൾക്കും പരീക്ഷണ ആവശ്യങ്ങൾക്കായി അന്താരാഷ്ട്ര നിലവാരമുള്ള Specific Pathogen Free (SPF) മൃഗങ്ങളെ ലഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന IISER-മായി KSIDC ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. ഇത് പ്രകാരം IISER സ്ഥാപിച്ചിരിക്കുന്ന ലാബ് അനിമൽ ഫെസിലിറ്റിയിൽനിന്നും ലൈഫ് സയൻസസ് പാർക്കിലുള്ള കമ്പനികൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും ലാബ് അനിമൽ IISER വിതരണം ചെയ്യുന്നതാണ്. ലൈഫ് സയൻസസ് പാർക്കിന്റെ ഒന്നാംഘട്ടത്തിൽ റോഡ് ശൃംഖല, വൈദ്യുതി, ജലം എന്നീ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ച് വിവിധ പദ്ധതികൾക്ക് സ്ഥലം പാട്ടത്തിനു നല്കുവാൻ തയാറാക്കിക്കഴിഞ്ഞു. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU)-യുടെ റിസെർച്ച്-കം-ലേർണിംഗ് സെന്ററും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയും ലൈഫ് സയൻസസ് പാർക്കിൽ പ്രവർത്തിക്കുന്ന പ്രധാന പദ്ധതികളാണ്. പാർക്കിന്റെ വികസനത്തിനായി ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ 2020 സെപ്റ്റംബറിൽ ഒരു കമ്പനി രൂപീകരിക്കുകയുണ്ടായി. ഈ പദ്ധതി വ്യവസ്ഥാപിതമായി നടത്തുന്നതിലേയ്ക്കുവേണ്ടി ലൈഫ് സയൻസ് മേഖലയിലുള്ള പ്രൊഫഷണലുകളെ കമ്പനിയുടെ ബോർഡിൽ നിയോഗിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം തോന്നയ്ക്കൽ ലൈഫ് സയൻസസ് പാർക്കിന്റെ ഒന്നാംഘട്ടത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിനടുത്ത് വെയിലൂർ വില്ലേജിൽ 75 ഏക്കർ ഭൂമിയാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ 69 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. പാർക്കിലേക്കുള്ള ചുറ്റുമതിലിന്റെ നിർമ്മാണം, ഉൾപ്പാതകളുടെ നിർമ്മാണം, ഡ്രെയിനേജ് പൈപ്പുകളുടെ നിർമ്മാണം, മഴവെള്ള സംഭരണി, തെരുവ് വിളക്കുകളുടെ സ്ഥാപനം, ഭൂഗർഭ കേബിളുകളുടെ നിർമ്മാണം, മറ്റ് വികസന പ്രവർത്തനങ്ങൾ, അനുബന്ധ ജോലികൾ എന്നിവ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. 6 എം.വി.എ. ശേഷിയുള്ള സമർപ്പിത വൈദ്യുതി വിതരണ സംവിധാനം, KSEB ലൈഫ് സയൻസസ് പാർക്കിൽ സജ്ജമാക്കി കഴിഞ്ഞു. കേരള വാട്ടർ അതോറിറ്റി പ്രതിദിനം ഒരു MLD വെള്ളം വിതരണം ചെയ്യാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിനായി ഭൂമി ഏറ്റെടുക്കലിനും വികസനത്തിനും 374.73 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടത്തിനായി ഇതുവരെ ഏകദേശം 189 കോടി രൂപ ചെലവഴിച്ചു. ഒന്നാം ഘട്ടത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരിക്കുകയും വിവിധ പദ്ധതികൾക്കാവശ്യമായ സ്ഥലം പാട്ടത്തിനു നല്കുവാൻ നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(സി) ലൈഫ് സയൻസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിൽ എന്തൊക്കെ സംരംഭങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ലൈഫ് സയൻസസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിൽ 125 ഏക്കർ സ്ഥലമാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്. സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി KIIFB 301.17 കോടി രൂപ നല്കുകയും ഏകദേശം 86 ഏക്കറോളം സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. ഹൈക്കോടതിയിൽ കേസുകളുള്ളതിനാൽ ബാക്കിയുള്ള സ്ഥലം ഇതുവരെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. കൈവശമുള്ള 86 ഏക്കറിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി കൻസൾട്ടന്റിനെ നിയമിക്കുകയും റോഡ് ശൃംഖല, വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കുന്നതിലേക്കുള്ള നടപടിയും എടുത്തു കഴിഞ്ഞു. ഇതിൽ മെഡിക്കൽ ഉപകരണങ്ങളുമായി ബന്ധപ്പെട്ട സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

(ഡി) കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ വൈറസുകളെക്കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനും സഹായകരമാകുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നത്തേക്ക് യാഥാർത്ഥ്യമാകും എന്നറിയിക്കുമോ?

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ പ്രവർത്തനം 2020 ഒക്ടോബർ 15-ാം തീയതി ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്ത്

തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമുള്ള ലാബ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമുള്ള വിദഗ്ദ്ധരെ നിയമിക്കുന്നതിനും ടെക്നിക്കൽ സ്റ്റാഫിന്റെ നിയമന പ്രക്രിയകളും നടന്നുകൊണ്ടിരിക്കുകയുമാണ്.

## വരവൂർ വ്യവസായ പാർക്ക്

156 (2440) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്ക് വ്യവസായ സംരംഭകർക്ക് എന്നത്തേക്ക് തുറന്നുകൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ?

വരവൂർ വ്യവസായ പാർക്കിന്റെ പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടുണ്ട്. ടി സ്ഥലത്ത് ജല ദൗർലഭ്യത രൂക്ഷമാണ്. ആയതിനാൽ പാർക്കിനാവശ്യമായ ജലം കേരള ജല അതോറിറ്റിയുമായി ചേർന്ന് ലഭ്യമാക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചുവരികയാണ്. ജല അതോറിറ്റി ഇതിനുള്ള എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അധിക പദ്ധതികൂടി പൂർത്തിയായതിനുശേഷം പാർക്ക് സംരംഭകർക്ക് തുറന്നുകൊടുക്കാൻ സാധിക്കും.

(ബി) ഇതിനകം എന്തെല്ലാം പ്രവൃത്തികളാണ് അവിടെ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

വരവൂർ വ്യവസായ പാർക്കിന്റെ ഡിമാർക്കേഷൻ, പ്ലോട്ടുകൾ തയ്യാറാക്കുന്നതിനുള്ള ലെവലിംഗ്, റോഡ് നിർമ്മാണം, ചുറ്റുമതിൽ, കുഴൽക്കിണറുകൾ കുഴിക്കൽ, എസ്റ്റേറ്റ് ഓഫീസറുടെ കെട്ടിട നിർമ്മാണം, വൈദ്യുതി വിതരണ ശൃംഖലാ സംവിധാനം, ജലസംഭരണി എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജലലഭ്യതക്കുറവ് പരിഹരിക്കലും പുറമേ നിന്നുള്ള വൈദ്യുതി ലൈനിന്റെ എക്സ്റ്റൻഷൻ & കമ്മീഷനിംഗ് എന്നിവയുമാണ് പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ.

## പൊതുമേഖലാ സ്ഥാപനങ്ങളിൽ പിൻവാതിൽ നിയമനം

157 (2441) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം വ്യവസായ വകുപ്പിന് കീഴിൽവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ എവിടെയെങ്കിലും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ആരെയൊക്കെ സ്ഥിരപ്പെടുത്തി എന്നത് തസ്തിക, ശമ്പള സ്കെയിൽ, സ്ഥിരപ്പെടുത്തിയ തീയതി തുടങ്ങിയ വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

(സി) ലക്ഷക്കണക്കിന് ചെറുപ്പക്കാർ തൊഴിൽ പ്രതീക്ഷിച്ചു നിൽക്കുന്ന കേരളത്തിൽ ഇത്തരത്തിൽ പിൻവാതിൽ നിയമനം നൽകുന്നത് സർക്കാരിന്റെ പ്രഖ്യാപിതനയത്തിന് എതിരല്ലേ; വിശദാംശങ്ങൾ അറിയിക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

## കൊരട്ടി കിൻഫ്രയുടെ വികസനം

158 (2442) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്ര പാർക്കിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊരട്ടി കിൻഫ്ര പാർക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി 70000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു.

(ബി) കൊരട്ടി കിൻഫ്ര പാർക്കിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞുവെന്നും ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ?

പ്രസ്തുത ഫാക്ടറി കെട്ടിട സമുച്ചയത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 8 സംരംഭകർക്ക് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. ഇതുവഴി 196 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

**മാവൂർ കിൻഫ്ര സ്ഥലം ഏറ്റെടുക്കൽ**

159 (2443) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിൽ കിൻഫ്ര ഏറ്റെടുക്കാൻ തീരുമാനിച്ച സ്ഥലം അവസാന ഘട്ടത്തിൽ ഒഴിവാക്കേണ്ടി വന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ മാവൂരിലെ ഭൂമിയുടെ ഉയർന്ന വില കാരണം ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചിട്ടില്ല.

(ബി) പകരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ പകരം മറ്റു സ്ഥലങ്ങളൊന്നും കിൻഫ്രയുടെ പരിഗണനയിലില്ല.

**കിൻഫ്ര മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

160(2444) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. റ്റി. ബൽറാം:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് കിൻഫ്ര നൽകുന്ന സംഭാവനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ

വ്യവസായ പാർക്കുകളിലും നടപ്പാക്കിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് അവരുടെ ഭൂമി രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവനുവദിച്ചിട്ടുണ്ട്. കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്യപ്പെടുന്ന വ്യവസായ സംരംഭകൻ അലോട്ട് ചെയ്യുന്ന ഭൂമിയുടെ മൊത്തം തുകയുടെ 10 % ഇന്റിമേഷൻ ലെറ്റർ ലഭിച്ച 30 ദിവസത്തിനുള്ളിലും ബാക്കി 10 % അലോട്ട്മെന്റ് ലെറ്റർ ലഭിച്ച് 30 ദിവസത്തിനുശേഷവും അടയ്ക്കേണ്ടതാണ്. ബാക്കി ലീസ് പ്രീമിയം 5 വർഷത്തിനുള്ളിൽ അടച്ചാൽ മതിയാകും.

(ബി) ഈ സർക്കാരിന്റെ കാലത്ത് കിൻഫ്ര മുഖേന ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണ്?

ഈ സർക്കാരിന്റെ കാലത്ത് കിൻഫ്ര ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ താഴെ പറയുന്നവയാണ്.

പെട്രോകെമിക്കൽ പാർക്ക്, കൊച്ചി, എറണാകുളം; മെഗാഫുഡ് പാർക്ക്, പാലക്കാട്; കൊച്ചി- കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ; ലാൻഡ് ബാങ്ക്, കണ്ണൂർ; ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കൊരട്ടി തൃശ്ശൂർ; ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി; മലപ്പുറം ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം; ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം

(സി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കിൻഫ്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിന്റെ മെഗാഫുഡ് പാർക്ക് സ്കീമിൽ ഉൾപ്പെടുത്തി 50 കോടി രൂപ ധനസഹായത്തോടുകൂടിയാണ് പാലക്കാട് മെഗാഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുള്ളത്.

(ഡി) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തുവെന്നും ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി എന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 498 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഏകദേശം 1260 കോടി രൂപയുടെ നിക്ഷേപവും 14020 തൊഴിലവസരങ്ങളുമാണ് കിൻഫ്ര പ്രതീക്ഷിക്കുന്നത്.

(ഇ) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ സ്ഥലം ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമുണ്ടോ; വിശദാംശം നൽകുമോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

കിൻഫ്ര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വികസിപ്പിച്ച വ്യവസായ പാർക്കുകളിൽ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, പിറവണ്ണൂർ, ഒറ്റപ്പാലത്തെ ഡിഫെൻസ് പാർക്ക് എന്നിവയിലും കിൻഫ്ര സ്ഥാപിച്ച കണ്ണൂർ നാടുകാണിയിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിലും തലശ്ശേരി ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിലും നിലവിൽ സ്ഥലം അലോട്ട് ചെയ്യാൻ ബാക്കിയുണ്ട്. മേൽപ്പറഞ്ഞ സ്ഥലങ്ങളിലെല്ലാംതന്നെ സംരംഭകരെ കണ്ടെത്തി അലോട്ട് ചെയ്യുന്ന നടപടികൾ തുടർന്നുവരുന്നു. നിലവിലെ സാമ്പത്തിക സ്ഥിതിയാണ് ഇതിന്റെ കാരണമായി കരുതുന്നത്.

## തൃശ്ശൂർ അത്താണിയിലെ എസ്.ഐ.എഫ്.എൽ.

161(2445) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ അത്താണിയിലെ എസ്.ഐ.എഫ്.എൽ. (സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്)-ൽ 2017-ൽ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

2017-ൽ സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ 30-8-2017-ലെ G.O.(Ms)No.88/2017/ID പ്രകാരം എക്സിക്യൂട്ടീവ്സിന്റെ ശമ്പളപരിഷ്കരണം (ശമ്പളപരിഷ്കരണ കാലാവധിഃ 1-5-2012 - 30-4-2017) നടപ്പാക്കിയിട്ടുണ്ട്. സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിലെ തൊഴിലാളികളുടെ ദീർഘകാല കരാർ 29-3-2017-ലെ G.O.(Ms)No.18/2017/ID പ്രകാരം (ദീർഘകാല കരാർ കാലാവധിഃ 1-3-2013 - 28-2-2018) നടപ്പാക്കിയിട്ടുണ്ട്.

(ബി) ശമ്പള പരിഷ്കരണത്തിന് അർഹതയുള്ളതും നാളിതുവരെ റിട്ടയർ ചെയ്തതുമായ എത്ര ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക ഉൾപ്പെടെയുള്ള തുക നൽകുവാനുണ്ടെന്ന് അവരുടെ പേരു വിവരവും പദവിയും തുകയും സഹിതം വെളിപ്പെടുത്തുമോ?

ശമ്പളപരിഷ്കരണത്തിന് അർഹതയുള്ളതും നാളിതുവരെ റിട്ടയർ ചെയ്തതുമായ ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള കുടിശ്ശിക സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) ഓരോരുത്തരുടെയും കുടിശ്ശിക എന്നത്തേക്ക് നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ?

കമ്പനിയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ബോർഡിന്റെ തീരുമാനത്തിന് വിധേയമായി മാത്രമാണ് ശമ്പള കുടിശ്ശിക നൽകാനുള്ള തീരുമാനം എടുക്കുവാൻ സാധിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഈറ്റയുടെ ലഭ്യതക്കുറവ്

162 (2446) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽപ്പെട്ട കൂടപ്പുഴ ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഈറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെ (Proceedings Order No.Pro (4)-153002/2020-തീയതി 27-8-2020-ലെ ഉത്തരവുപ്രകാരം ചാലക്കുടി ഡിവിഷനിൽ നിന്നും ഈറ്റ ശേഖരിക്കുന്നതിനുള്ള അനുവാദം ലഭിക്കുകയുണ്ടായി. അതിനുശേഷം ബാംബൂ കോർപ്പറേഷന് കീഴിലുള്ളതും ചാലക്കുടിയിൽ പ്രവർത്തിക്കുന്നതുമായ ഈറ്റ വിതരണ കേന്ദ്രത്തിൽനിന്നും ഈറ്റ വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ട്. 1-1-2020 മുതൽ 31-12-2020 വരെ മലയാറ്റൂർ, മൂന്നാർ, മാങ്കുളം, ചാലക്കുടി, പത്തനംതിട്ട ഡിവിഷനുകളിൽ നിന്നും 1842.92 മെട്രിക് ടൺ ഈറ്റ ശേഖരിച്ചിട്ടുണ്ട്.

(ബി) ഈ കേന്ദ്രത്തെ ആശ്രയിക്കുന്ന നൂറ് കണക്കിന് പരമ്പരാഗത തൊഴിലാളികൾക്ക് ഈറ്റ യഥാമസയം ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല

(സി) പ്രസ്തുത തൊഴിലാളികൾക്ക് ഈറ്റ യഥാസമയം ലഭിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും നടപടികളും സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ?

ഈറ്റവെട്ട് തൊഴിലാളികളുടെ ലഭ്യതയിലുണ്ടായിട്ടുള്ള കുറവാണ് സമൃദ്ധമായി ഈറ്റ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. കൂലി വർദ്ധനവും മറ്റാനുകൂല്യങ്ങളും നൽകി തൊഴിലാളികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 2015 മുതൽ മുടങ്ങിക്കിടക്കുന്ന ഡി.എ. കുടിശ്ശിക ഇനത്തിൽ 2.35 കോടി രൂപ സാമ്പത്തിക പരാധീനതകൾക്കിടയിലും നൽകിയിട്ടുണ്ട്. ബാക്കി കുടിശ്ശിക തവണകളായി തൊഴിലാളികൾക്ക് കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ ബഹുനില വ്യവസായ സമുച്ചയം

163 (2447) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ സ്ഥാപിക്കുന്ന ബഹുനില വ്യവസായ സമുച്ചയത്തിന്റെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ സ്ഥാപിക്കുന്ന ബഹുനില വ്യവസായ സമുച്ചയത്തിന് 30-12-2016-ലെ G.O.(Rt) No. 1350/2016/ID പ്രകാരം 21.49 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 6-6-2019-ന് നടന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഷൊർണ്ണൂരിൽ ബഹുനില വ്യവസായ സമുച്ചയം പണിയുന്നതിനേക്കാൾ അനുയോജ്യം Traditional Industrial Estate with Shed സ്ഥാപിക്കുന്നതാണെന്ന് വിലയിരുത്തപ്പെട്ടു. തുടർന്ന് പ്രസ്തുത Traditional Industrial Estate സ്ഥാപിക്കുന്നതിന് സ്ഥലപരിമിതിയുള്ളതിനാൽ ആ പദ്ധതി അഭികാമ്യമല്ലെന്ന് കണ്ടെത്തുകയുണ്ടായി. നിലവിൽ ലഭ്യമായ ഭരണാനുമതി ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാലും എസ്റ്റിമേറ്റ് കാല ഹരണപ്പെട്ടതിനാലും പുതിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ HLL Life Care എന്ന സ്ഥാപനത്തിനോട് നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുവാൻ കഴിയും.

## തൃശ്ശൂർ റൈസ് പാർക്ക്-ചേലക്കരയുടെ കെട്ടിട നിർമ്മാണം

164 (2448) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെയും സമീപ നിയോജകമണ്ഡലങ്ങളിലെയും ആയിരക്കണക്കിന് നെൽക്കർഷകർക്ക് പ്രയോജനം ചെയ്യുന്നതും 2019 മാർച്ച് ഒന്നിന് ശിലാസ്ഥാപനം നിർവ്വഹിച്ചതും ചേലക്കര പരക്കാട് ജില്ലാ കൃഷിത്തോട്ടത്തിലെ പത്ത് ഏക്കർ സ്ഥലം പ്രയോജനപ്പെടുത്തി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് ഉദ്ദേശിച്ചതുമായ തൃശ്ശൂർ റൈസ് പാർക്ക്-ചേലക്കരയുടെ കെട്ടിട നിർമ്മാണം അടക്കമുള്ള പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ചേലക്കര മണ്ഡലത്തിലെ നിർദ്ദിഷ്ട റൈസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഭൂമി തദ്ദേശഭരണ വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 2021-22-ലെ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തി പ്രവൃത്തി കഴിവതും വേഗത്തിൽ ആരംഭിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ചേലക്കര മണ്ഡലത്തിലെ നിർദ്ദിഷ്ട റൈസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഭൂമി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പദ്ധതിക്കാവശ്യമായ തുക വകയിരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**കെട്ടിട നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി**

165 (2449) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും മണൽ, പാറ എന്നിവയുടെ ക്ഷാമവും സിമന്റിന്റെ കുത്തനെയുള്ള വില വർദ്ധനവും കെട്ടിട നിർമ്മാണ രംഗത്ത് സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്

(ബി) മണൽ, പാറ എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ പുതുതായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

അന്യസംസ്ഥാനങ്ങൾ/വിദേശ രാജ്യങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗ്ഗരേഖകൾ 20-2-2018-ലെ 57/എ 3/2015/ഐ.ഡി നമ്പർ സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കരിങ്കൽ ക്ഷാമം പരിഹരിക്കുന്നതിനായി മറ്റു സംസ്ഥാനങ്ങളിൽ നിന്നും കരിങ്കൽ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗ്ഗരേഖകൾ 6-3-2018-ലെ 57/ എ 3/ 2018/ഐ.ഡി നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ ശേഖരിച്ച് വിപണനം നടത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഡാമുകൾ, റിസർവോയറുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി ഉയർത്തുന്നതിലേക്കായി പദ്ധതി തയ്യാറാക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ മംഗലം, ചുള്ളിയാർ ഡാമുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതിൻ പ്രകാരം മംഗലം ഡാമിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി ടേൺ കീ വ്യവസ്ഥയിൽ നടപ്പാക്കുന്നതിന് 8-11-2019-ലെ സർക്കാർ ഉത്തരവ് (MS)No.49/2019/WRD പ്രകാരം അനുമതി നൽകുകയും M/s Dharthi Dredging & Infrastructure Limited എന്ന കമ്പനിക്ക് കരാർ വച്ച് നൽകിയിട്ടുള്ളതുമാകുന്നു. ഇതിൻപ്രകാരം മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ചെലവ് കഴിച്ച് മണ്ണിന്റെയും മണലിന്റെയും വിലയിനത്തിൽ ജി.എസ്.ടി. ഉൾപ്പെടെ 17.70 കോടി രൂപ സർക്കാരിലേക്ക് കമ്പനി അടയ്ക്കേണ്ടതാണ്. ഈ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ചുള്ളിയാർ, മീൻകര, വാളയാർ ഡാമുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ/കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്, അന്യസംസ്ഥാനങ്ങൾ/ രാജ്യങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗ്ഗ രേഖകൾ 20-2-2018-ലെ 57/എ 3/2015/ഐ.ഡി നമ്പർ സർക്കുലർ പ്രകാരവും കരിങ്കൽ/ കരിങ്കൽ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗ്ഗ രേഖകൾ 6-3-2018 ലെ 57/എ 3/2018/ഐ.ഡി നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**ക്വാറികളുടെ ദൂരപരിധി**

166 (2450) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്ന ക്വാറികളുടെ ദൂരപരിധി 200 മീറ്ററും അല്ലാത്തവയ്ക്ക് 100 മീറ്ററുമായി ദേശീയ ഹരിത ട്രൈബ്യൂണൽ ഇറക്കിയ ഉത്തരവിനെ സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടോ?

ഉണ്ട്. ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ 21-7-2020-ലെ O.A 304/2019 നമ്പർ കേസിലെ ഉത്തരവിനെതിരെ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 16367/2020 നമ്പരായി റിട്ട് ഹർജി ഫയൽ ചെയ്തു.

(ബി) ഉത്തരവ് നടപ്പാക്കിയാൽ കേരളത്തിലെ ക്വാറികൾ പൂട്ടേണ്ടി വരുമെന്നും വികസന പ്രവർത്തനങ്ങൾ സ്തംഭിക്കുമെന്നും സർക്കാർ വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കിയാൽ ആയത് സംസ്ഥാനത്തെ ക്വാറി ഉത്പന്നങ്ങളുടെ ഉത്പാദനം കുറയുന്നതിനു കാരണമാകുമെന്നും വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുമെന്നും വിലയിരുത്തിയ സാഹചര്യത്തിലാണ് സർക്കാർ ഹൈക്കോടതിയെ സമീപിച്ചത്.

(സി) ഈ സർക്കാർ നിലവിൽ വരുമ്പോൾ ദൂരപരിധി എത്ര മീറ്ററായിരുന്നു; അത് 50 മീറ്ററായി കുറവ് ചെയ്തത് എന്നാണ്?

ദൂരപരിധി 50 മീറ്ററായിരുന്നത് 2015-ൽ 100 മീറ്ററായി അന്നത്തെ സർക്കാർ വർദ്ധിപ്പിച്ചിരുന്നു. എന്നാൽ മേജർ മിനറലുകളെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ ദൂരപരിധി 50 മീറ്ററായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാർ മൈനർ മിനറലുകൾക്കും ദൂരപരിധി 50 മീറ്ററായി നിജപ്പെടുത്തിക്കൊണ്ട് 2017-ൽ ചട്ടത്തിൽ ഭേദഗതി വരുത്തി.

**അനധികൃത പാറക്കടത്ത്**

167 (2451) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യാപകമായി വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ പാറയുൽപ്പന്നങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിലും ക്വാറികളിലും വൻതോതിൽ ക്രമക്കേടുകളും തട്ടിപ്പുകളും കണ്ടെത്തിയതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ?

സംസ്ഥാനത്തെ ക്വാറികളിൽനിന്നും ക്രഷറുകളിൽനിന്നും ലോറികളിൽ ഇ-പാസ് ഇല്ലാതെയും അനുവദനീയമായ അളവിൽ കൂടുതൽ ധാതുക്കൾ കയറ്റിയും സർക്കാരിന് റോയൽറ്റി ഇനത്തിൽ നഷ്ടം സംഭവിക്കുന്നുവെന്ന സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ സ്റ്റോൺ വാൾ' എന്ന പേരിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. ടി മിന്നൽ പരിശോധനയിൽ ക്രമക്കേടുകളും തട്ടിപ്പുകളും കണ്ടെത്തിയിട്ടുണ്ട്.

(ബി) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുവാദമില്ലാതെയും ചില ഉദ്യോഗസ്ഥൻമാരുടെ ഒത്താശയോടെയും വൻതോതിൽ പാറ അനധികൃതമായി കടത്തുന്നതായി കണ്ടെത്തുകയുണ്ടായോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദ്യോഗസ്ഥന്മാരുടെ മൗനാനുവാദത്തോടെ കരിങ്കൽ ക്വാറികളിൽ നിന്നും ടിപ്പർ ലോറികൾ ഉൾപ്പെടെയുള്ള വാഹനങ്ങളിൽ പെർമിറ്റ് അളവിലും മൂന്നിരട്ടി വരെ അധികഭാരം കയറ്റുന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ?

ലോറികളിൽ അനുവദിച്ചതിലുമധികം ധാതുക്കൾ കയറ്റിക്കൊണ്ടു പോകുന്നതായി മിന്നൽ പരിശോധനയിൽ വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്.

(ഡി) അധികമായി കയറ്റുന്ന ലോഡിന് റോയൽറ്റി ഇനത്തിൽ സർക്കാരിന് കിട്ടേണ്ട കോടിക്കണക്കിന് രൂപയാണ് ഇതുവഴി നഷ്ടപ്പെടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അധികമായി കയറ്റുന്ന ലോഡിന് റോയൽറ്റി ഇനത്തിൽ സർക്കാരിന് കിട്ടേണ്ട തുക നഷ്ടപ്പെടുന്നുവെന്ന് മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

## സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

168 (2452) ശ്രീ.എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചു; സ്കീമുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ പ്രസ്തുത സ്കീമുകൾക്കായി അനുവദിച്ചതും വിനിയോഗിച്ചതുമായ തുക എത്ര?

(എ&ബി) കൈത്തറി വ്യവസായത്തിന് 2020-21 വർഷത്തിൽ 5139.00 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. എന്നാൽ 21 സ്കീമുകൾ വഴി 3299.18 ലക്ഷം രൂപ ചെലവഴിച്ചു. ആയതിന്റെ വിശദവിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ ഏതെല്ലാം മില്ലുകളെയാണ് തുണി ഡൈയിംഗിനായി ചുമതലപ്പെടുത്തിയത്; ഓരോ മില്ലുകൾക്കും ഡൈയിംഗിനായി എത്ര മീറ്റർ തുണി നൽകുന്നു; വിശദ വിവരം നല്കാമോ?

സൗജന്യ സ്കൂൾ യൂണിഫോം തുണി ഡൈ ചെയ്യുന്നതിന് 2020-21 വർഷം ഇ-ടെണ്ടറിംഗിലൂടെ കോയമ്പത്തൂരുള്ള M/s.United Bleachers, ഈറോഡിലുള്ള M/s Minerva Syncot Pvt Ltd, M/s Aruna Textiles Procession Mills തുടങ്ങിയ സ്ഥാപനങ്ങൾ അർഹരായി. വിവിധ കളറുകൾ ഡൈ ചെയ്യുന്നതിനായി

M/s United Bleachers-ന് 1261900 മീറ്റർ തുണിയും M/s Minerva Syncot Pvt Ltd-ന് 58800 മീറ്റർ തുണിയും M/s Aruna Textiles Processing മില്ലിന് 2815400 മീറ്റർ തുണിയും നല്കി.

(ഡി) 2019 ഡിസംബർ മാസത്തിന് മുമ്പ് ഉല്പാദനം നടന്ന തുണിത്തരങ്ങൾ നാളിതുവരെ വിതരണം ചെയ്യാത്തത് എന്തുകൊണ്ടെന്ന് അറിയിക്കാമോ?

2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള യൂണിഫോം തുണിയാണ് ഡിസംബറിൽ ഉല്പാദിപ്പിച്ചിരുന്നത്. എന്നാൽ 2020 മാർച്ച് മാസത്തോടെ കോവിഡ് -19 മഹാമാരി കാരണം ഡൈയിംഗ് ജോലികൾ പൂർത്തിയാക്കുന്നതിന് സാധിച്ചിരുന്നില്ല. സ്കൂളുകൾ തുറക്കുകയാണെങ്കിൽ 2021 ജനുവരി മാസത്തോടെ സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഘട്ടം ഘട്ടമായി എല്ലാ സർക്കാർ സ്കൂളുകളിലേയും 1 മുതൽ 10 വരെയുള്ള മുഴുവൻ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യുമെന്ന പദ്ധതി നടപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വരുംവർഷത്തിൽ ആയത് പൂർണ്ണമായും നടപ്പാക്കുവാൻ കഴിയുമോ; വിശദമാക്കാമോ?

ഗവർണറുടെ 2020-21 വർഷത്തെ നയപ്രഖ്യാപനത്തിൽ 1 മുതൽ 7-ാം ക്ലാസ്സ് വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം നൽകുന്നതിനുള്ള പ്രഖ്യാപനമുണ്ടായിരുന്നു. ആയതിന്റെ സാദ്ധ്യതകൾ സർക്കാർ പരിശോധിച്ചു. കൂടുതൽ ഉല്പാദനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങളുടെ പുന:സംഘാടനം**

169 (2453) <u>പ്രൊഫ. കെ. യു. അരുണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങളുടെ പുനഃസംഘാടനത്തിനായി ഈ സർക്കാർ നടപ്പാക്കിയ പരിപാടികളെക്കുറിച്ച് വിശദമാക്കാമോ?

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കി. തറികൾ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ (ഡൈഹൗസ്, വർക്ക്ഷെഡ് എന്നിവ നവീകരിക്കുന്നതുൾപ്പെടെ) മെച്ചപ്പെടുത്തുന്നതിനും പദ്ധതി തുക വിനിയോഗിച്ചു.

ഈ സർക്കാർ നടപ്പാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി അസംസ്കൃത വസ്തുക്കളായ നൂലും നെയ്ത്തുകാരുടെ കൂലിയും പദ്ധതിയുടെ ഭാഗമായി യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതോടൊപ്പം പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾക്കും അർഹമായ സാമ്പത്തിക സഹായം ലഭ്യമാക്കിവരുന്നു. ഡിസൈനിംഗ്, ബ്രാന്റിംഗ്, വിപണനം എന്നിവയിൽ ഐ.ഐ.എച്ച്.റ്റി, നിഫ്റ്റ് മുതലായ സ്ഥാപനങ്ങളുടെ സഹായ സഹകരണം ഉറപ്പുവരുത്തുകയും ഒരു വീട്ടിൽ ഒരു തറി, യുവ വീവ് പദ്ധതി, കൈത്തറിസുരക്ഷ പദ്ധതി എന്നിവ നടപ്പാക്കിയതിലൂടെയും കൈത്തറി സഹകരണ സംഘങ്ങൾക്ക് കൂടുതൽ പ്രവർത്തന സാധ്യതകൾ ഒരുക്കുകയും ചെയ്തു. കൂടാതെ കൈത്തറി സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം, ഗുണമേന്മയുള്ള അസംസ്കൃത സാധനങ്ങൾക്കുള്ള സബ്സിഡി, മാർജിൻമണി, സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി തുടങ്ങി വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) കൈത്തറി മേഖലയിൽ വിവിധ പദ്ധതികളിലായി ഈ സർക്കാരിന് എത്ര തൊഴിലാളികൾക്കാണ് പുതുതായി ജോലി നൽകാൻ കഴിഞ്ഞിട്ടുള്ളത്; വ്യക്തമാക്കുമോ?

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി, യുവ വീവ്, ഒരു വീട്ടിൽ ഒരു തറി മുതലായ പദ്ധതികൾ നടപ്പാക്കുക വഴി ഏകദേശം 10000 പേർക്ക് കൈത്തറി മേഖലയിൽ പുതുതായി തൊഴിലവസരമുണ്ടാക്കുവാൻ സാധിച്ചു.

(സി) പ്രസ്തുത തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സൗജന്യ കൈത്തറി യൂണിഫോം പദ്ധതി നടപ്പാക്കുക വഴി കൈത്തറിമേഖലയിലുണ്ടായ ഉണർവ് നെയ്ത്ത് തൊഴിലാളികളുടെ കൂലിയിൽ ഗണ്യമായ വർദ്ധനവും തൊഴിൽ സ്ഥിരതയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഉത്പാദന പ്രചോദന പദ്ധതിയിലൂടെയും ഇൻകം സപ്പോർട്ട് സ്കീമുകളിലൂടെയും നെയ്ത്തു തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്.

### വാമനപുരം മണ്ഡലത്തിൽ കൈത്തറി മേഖലയിലുള്ള പദ്ധതികൾ

170 (2454) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം മണ്ഡലത്തിൽ കൈത്തറി മേഖലയിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ നൽകുമോ?

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

(സി) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിലെ നെയ്ത്തു യൂണിറ്റുകൾക്കോ സംഘങ്ങൾക്കോ പ്രയോജനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. വാമനപുരം മണ്ഡലത്തിൽ കളമച്ചൽ കൈത്തറി സഹകരണ സംഘത്തിലെ 30 നെയ്ത്തു തൊഴിലാളികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 95000-ത്തോളം മീറ്റർ യൂണിഫോം തുണി ഉല്പാദിപ്പിച്ചു. ആയതിനുള്ള നൂലും 46,71,373 രൂപ കൂലിയിനത്തിലും ഈ സർക്കാർ നൽകി. കൂടാതെ വർക്ക്ഷെഡ് നിർമ്മാണ പദ്ധതിയിൽ 17 വ്യക്തിഗത നെയ്ത്തുകാർക്ക് 2,55,000 രൂപയും വീട്ടിലൊരു തറി പദ്ധതി പ്രകാരം 40,000 രൂപയും ജില്ലാ പഞ്ചായത്ത് വഴി 10 പേർക്ക് നെയ്ത്തുതറിയും നൽകിയിട്ടുണ്ട്.

## പ്രഭുറാം മില്ലിന്റെ പ്രതിസന്ധിക്ക് പരിഹാരം

171 (2455) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന തുണിമില്ലുകളുടെ ഇന്നത്തെ പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയവ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്, സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവയും മറ്റ് സഹകരണ സ്പിന്നിംഗ് മില്ലുകളും പ്രധാന അസംസ്കൃത വസ്തുവായ പഞ്ഞി വാങ്ങുന്നതിൽ മുൻകാലങ്ങളിൽ പ്രയാസം നേരിട്ടിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യഥാസമയം പ്രവർത്തന മൂലധന സഹായം നല്കുക വഴി വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങുവാൻ കഴിഞ്ഞതിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ നൂലിന് നല്ല വില ലഭിക്കുന്ന സാഹചര്യത്തിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ആധുനികവത്കരണ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് 19 പകർച്ചവ്യാധിയുടെ വ്യാപനത്തെത്തുടർന്ന്

ലോക്ക്ഡൗൺ കാലയളവിൽ മില്ലുകൾ അടഞ്ഞു കിടന്നതുമൂലം ഉൽപ്പാദനത്തിൽ ഗണ്യമായ കുറവു നേരിട്ടതും മാർക്കറ്റിംഗ് സംവിധാനത്തിന്റെ അഭാവവും ഒരു പരിധിവരെ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രഭുറാം മില്ലിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

നിലവിൽ മില്ലിന്റെ പ്രവർത്തനം മെച്ചപ്പെട്ട സ്ഥിതിയിലാണ്. വൈദ്യുതി പ്രസരണത്തിലുള്ള അപാകതകൾ ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനായി ഡെഡിക്കേറ്റഡ് ഫീഡർ സ്ഥാപിക്കുന്നതും മില്ലിന്റെ സ്ഥലത്ത് കെ.എസ്.ഇ.ബി.-യുടെ 110 കെ.വി സ്റ്റേഷൻ സ്ഥാപിക്കുന്നതും സാധ്യമാകുമ്പോൾ വൈദ്യുതി കുടിശ്ശിക തീർക്കുന്നതിന് കഴിയുമെന്ന പ്രതീക്ഷിക്കുന്നു. കൂടാതെ അസംസ്കൃത വസ്തുക്കളുടെ സ്റ്റോക്ക് കുറവ്, സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക എന്നീ പ്രതിസന്ധികൾ മിൽ നേരിടുന്നുണ്ട്. ആധുനികവൽക്കരണ പദ്ധതി പൂർത്തിയാകുന്നതോടെ ഇത്തരം പ്രതിസന്ധികൾ മറികടക്കുന്നതിന് കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

(സി) പ്രഭുറാം മില്ലിന്റെ ആധുനികവൽക്കരണത്തിനുള്ള സർക്കാർ പദ്ധതികൾ വേഗത്തിൽ നടപ്പാക്കുന്നത് പരിഗണിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മില്ലിന്റെ ആധുനികവൽക്കരണ പദ്ധതികൾക്കായി 48.74 കോടി രൂപയുടെ പദ്ധതികളാണ് വിഭാവന ചെയ്തിരിക്കുന്നത്. ആയതിന്റെ ആദ്യ ഗഡുവായി 2.5 കോടി രൂപ മില്ലിന് അനുവദിച്ചിട്ടുണ്ട്. ഇറ്റലിയിൽനിന്നും ഇറക്കുമതി ചെയ്ത ഓട്ടോകോണർ വൈൻഡിംഗ് മെഷീന്റെ ഇൻസ്റ്റലേഷൻ നടന്നുകൊണ്ടിരിക്കുകയാണ്.

## ഖാദി ഗ്രാമ പദ്ധതി

172 (2456) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമ മേഖലയുടെ ഉന്നമനത്തിനായി ഏർപ്പെടുത്തിയ ഖാദി ഗ്രാമ പദ്ധതി പ്രസ്തുത മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത്; നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പദ്ധതി നടപ്പാക്കിയത്; വ്യക്തമാക്കുമോ?

ഖാദി മേഖലയിൽ പുതുതായി അയ്യായിരം പേർക്ക് തൊഴിൽ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെയാണ് "ഖാദി ഗ്രാമം" പദ്ധതി ആവിഷ്കരിച്ചത്. ഈ

പദ്ധതിയുടെ ഭാഗമായി അനുവദിച്ച 1.70 കോടി രൂപ വിനിയോഗിച്ച് 250 ചർക്കകളും 69 തറികളും പുതുതായി വാങ്ങുകയും സ്പെയർ പാർട്സ് വാങ്ങുകയും വാർപ്പിംഗ് യൂണിറ്റുകൾ സ്ഥാപിക്കുകയും ചർക്ക-തറി റിപ്പയർ സെന്റർ, പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 40 പേർക്ക് നെയ്ത്ത്-നൂല്പ് പരിശീലനം നൽകുകയും കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ തുടങ്ങിയ ജില്ലകളിൽ മസ്ലിൻ ഉല്പാദനം ആരംഭിച്ചിട്ടുമുണ്ട്.

(ബി) പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിൽ ഖാദി മേഖലയിലെ പുതിയ യൂണിറ്റുകൾക്ക് എന്ത് ധനസഹായമാണ് ലഭിക്കുന്നത്; എത്ര ശതമാനം സബ്സിഡി ലഭിക്കും?

ചെറുകിട ഖാദിഗ്രാമ വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ പരമാവധി 25 ലക്ഷം രൂപ വരെ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ച് പ്രോത്സാഹനം നൽകിവരുന്നു.

(സി) ഖാദി മേഖലയിലെ തൊഴിലാളികളുടെ മിനിമംകൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പുതുക്കിയതെന്നും പുതുക്കിയ വേതനം എത്രയെന്നും വിശദമാക്കുമോ?

ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേതനം 3-8-2018-ലെ സ.ഉ. (അച്ചടി) നമ്പർ 64/2018/തൊഴിൽ സർക്കാർ ഉത്തരവുപ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് എസ്.ആർ.ഒ. നമ്പർ 543/2018 പ്രകാരം 6-9-2018-ൽ കേരള ഗസറ്റിൽ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പുതുക്കിയ മിനിമം വേതനം 6-9-2018 മുതൽ നിലവിൽ വന്നിട്ടുണ്ട്. നിലവിലുണ്ടായിരുന്ന നിരക്കിൽനിന്നും ഓരോ തൊഴിലാളിക്കും ശരാശരി 40% വർദ്ധനവുണ്ടാകുന്ന വിധമാണ് പരിഷ്കരണം നടപ്പാക്കിയത്. സംസ്ഥാന സർക്കാരിന്റെ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ലഭിക്കുന്ന തുക പ്രയോജനപ്പെടുത്തിയാണ് ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പാക്കിവരുന്നത്.

**ഖാദി ബോർഡ് സെക്രട്ടറിയുടെ ശമ്പള വർദ്ധനവ്**

173 (2457) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡ് സെക്രട്ടറിയുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ ശമ്പളം എത്ര; എത്രയായാണ് വർദ്ധിപ്പിച്ചത്; വ്യക്തമാക്കുമോ?

ഇല്ല. സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ 104/2020/ID തീയതി 4-2-2020 പ്രകാരമാണ് ഡോ. കെ. എ. രതീഷിനെ ഖാദി ബോർഡ് സെക്രട്ടറിയായി നിയമിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ ശമ്പളം നിർണ്ണയിച്ചിട്ടില്ല.

(ബി) തൊഴിലാളികൾക്കും ജീവനക്കാർക്കും ശമ്പളംപോലും നൽകാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഖാദി ബോർഡിൽ സെക്രട്ടറിയുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ ആരാണ് ശിപാർശ നൽകിയതെന്നറിയിക്കുമോ; ആയതിന് ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബോർഡ് യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കുമോ?

സെക്രട്ടറിയുടെ ശമ്പളം ഫിക്സ് ചെയ്ത് ബോർഡ് തീരുമാനം അറിയിക്കുവാൻ വ്യവസായ വകുപ്പ് (കത്ത് നമ്പർ കെ1/154/2020-വ്യവ. തീയതി 14-10-2020 നിർദ്ദേശിച്ചുപ്രകാരം 7-1-2021-ന് കൂടിയ ബോർഡ് യോഗത്തിൽ 1,75,000 രൂപ പ്രതിമാസം ശമ്പളമായി നൽകുവാൻ Resolution No.5 പ്രകാരം തീരുമാനിച്ച് സർക്കാരിനെ 16-1-2021-ൽ അറിയിച്ചിട്ടുണ്ട്.

**ചെറുതേൻ ഗ്രാമം പദ്ധതി**

174 (2458) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുതേൻ ഗ്രാമം പദ്ധതി കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും നടപ്പാക്കാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ചെറുതേൻ ഗ്രാമം പദ്ധതി എന്ന പേരിൽ പദ്ധതികളൊന്നും വ്യവസായ വകുപ്പ് നടപ്പാക്കുന്നില്ല.

**കായിക താരങ്ങൾക്ക് തൊഴിൽ**

175 (2459) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മികവ് തെളിയിച്ച കായിക താരങ്ങൾക്ക് തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. മലയാളിയായ ഇന്ത്യൻ

ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 137 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 54 പേരുടെ അന്തിമപട്ടിക നിയമനത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 2015 മുതൽ 2019 വരെയുള്ള ഒഴിവുകളിലേക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ. ഇ. ബി.-ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി. എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കായിക യുവജന കാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കി താരമായിരുന്ന ശ്രീമതി ശകുന്തള ഡി.വി.-ക്ക് നിയമനം നൽകിയിട്ടുണ്ട്.

## കൊച്ചി മണ്ഡലത്തിൽ കായിക വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ

176 (2460) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊച്ചി മണ്ഡലത്തിൽ കായിക വകുപ്പ് പ്രഖ്യാപിച്ചതും അനുമതി നൽകിയതുമായ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി ) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ?

(എ&ബി) ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരമുയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര. ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 'കിക്കോഫ്' എന്ന പേരിൽ ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ചിരുന്നു. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 33 സെന്ററുകളിൽ നടപ്പാക്കിവരുന്ന പദ്ധതി കൊച്ചി നിയോജകമണ്ഡലത്തിലെ എഡ്വേർഡ് മെമ്മോറിയൽ ജി.ജി.എച്ച്.എസ്.എസ്, ഫോർട്ട് കൊച്ചിയിലും നടപ്പാക്കിവരുന്നുണ്ട്. കോവിഡ് 19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി കിക്കോഫ് പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

## കോവിഡ്മൂലം കായിക താരങ്ങളായ വിദ്യാർത്ഥികൾക്കുണ്ടായ പ്രശ്നങ്ങൾ

177 (2461) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ ജില്ലാ സംസ്ഥാന ദേശീയതലത്തിലുള്ള കായിക മത്സരങ്ങൾ നടക്കാത്തതുമൂലം കായിക താരങ്ങളായ വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വകലാശാലാതലത്തിൽ കായിക താരങ്ങളായ വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഗ്രേസ് മാർക്ക്, മത്സരങ്ങൾ നടക്കാത്തതുമൂലം ലഭിക്കാതെവരുന്ന സാഹചര്യത്തിൽ എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) തുടർന്നുള്ള പഠനത്തിലും ഈ കായിക വിദ്യാർത്ഥികൾക്ക് സ്പോർട്സ് ക്വോട്ട റിസർവേഷൻ എത്തരത്തിൽ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസം, കായിക യുവജനകാര്യം എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**നെടുമങ്ങാട് മണ്ഡലത്തിലെ കായിക വകുപ്പ്**

178 (2462) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രവൃത്തികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല. 2018-19-ലെ ബഡ്ജറ്റിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയിൽ സ്റ്റേഡിയം പണിയുന്നതിന് ഒരു കോടി രൂപ വകയിരുത്തുകയും പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഡി.പി.ആർ. തയ്യാറാക്കുകയും പ്രസ്തുത ഡി.പി.ആർ. പരിശോധിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമായി കായിക യുവജന കാര്യാലയ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. വിശദമായ പരിശോധനയിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള നിർദ്ദിഷ്ട സ്ഥലത്ത് കെ.എം.ബി.ആർ, മറ്റ് നിയമ-സാങ്കേതിക തടസ്സങ്ങൾ കാരണം ബ്ലോക്ക് പഞ്ചായത്ത് അധികൃതർ സമർപ്പിച്ച മാതൃകയിലുള്ള ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുവാൻ സാദ്ധ്യമല്ല. ഈ സാഹചര്യത്തിൽ പ്രസ്തുത സ്റ്റേഡിയം കായിക എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർമ്മിക്കാൻ സ്പോർട്സ് ഡയറക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് സ്റ്റേഡിയം നിർമ്മാണത്തിനുള്ള തുടർ നടപടികൾ കായിക എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിക്കുന്നതാണ്.

**ഏറനാട് മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ**

179 (2463) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കായിക വകുപ്പ് സ്പോർട്സ് കൗൺസിലിന്റെയും യുവജനക്ഷേമ ബോർഡിന്റെയും ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന വിശദാംശം വെളിപ്പെടുത്തുമോ?

ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കുകയും 9 കായികയിനങ്ങളിൽ പരിശീലനം നൽകിവരികയും ചെയ്തു. തുടർന്ന് 9 കായികയിനങ്ങളിൽ നിന്നും ദേശീയ, അന്തർദ്ദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ്. മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് പരിശീലനത്തിനും പങ്കെടുക്കുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള വിവിധ കായിക അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിച്ചുവരുന്നു. മികച്ച കായിക താരങ്ങളെ കണ്ടെത്തി അവർക്ക് ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പും അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് കിറ്റ് അലവൻസും അനുവദിച്ചുവരുന്നു. മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ വിവിധ കായിക ഇനങ്ങളിലായി 7 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെന്ററുകൾക്ക് പ്രതിവർഷം ഒരു ലക്ഷം രൂപ വീതം

ഗ്രാന്റ് നൽകിവരുന്നുണ്ട്. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്
2. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ
3. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ
4. പ്ലാസ്മ ഡൊണേഷൻ ക്യാമ്പയിൻ
5. കായിക വികസന പദ്ധതി- കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ക്ലബ്ബുകൾക്ക് ധനസഹായം
6. എൽ.ഇ.ഡി.ബൾബ് നിർമ്മാണ ഓൺലൈൻ പരിശീലനം-രണ്ടാംഘട്ടം
7. സൈക്കിൾ ബ്രിഗേഡ് (സൈക്കിൾ ക്ലബ്ബ് രൂപീകരണം)
8. മത്സരപരീക്ഷ പരിശീലന പരിപാടി-സ്റ്റഡിയോയും ഓൺലൈൻ ക്ലാസ് റൂം- കെ.എ.എസ്. പരീക്ഷ പരിശീലന പരിപാടി, കെ.എ.എസ് മെയിൻ പരീക്ഷാ സൗജന്യ പരിശീലനം, പി.എസ്.സി, മത്സരപരീക്ഷ പരിശീലനം.
9. ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം (മാരിവില്ല് 2019)
10. പെൺകരുത്ത് - കളരിപ്പയറ്റ് പരിശീലനം
11. കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് - ഫുട്ബോൾ)
12. മണിനാദം - കലാഭവൻമണി മെമ്മോറിയൽ നാടൻപാട്ട് മത്സരം
13. ഫിഫ വേൾഡ് കപ്പ് 2018-ബിഗ്സ്ക്രീൻ പ്രദർശനം
14. യൂത്ത് കേരള എക്സ്പ്രസ്
15. ആർട്ട് ഡി ടൂർ
16. ജോബ് ഫെസ്റ്റ്
17. യൂത്ത് കേരള എക്സ്പ്രസ് - ഗ്രാന്റ് ഫിനാലെ
18. യുവാ ക്ലബ്ബുകൾ
19. നാഷണൽ ഫൊക്ഫെസ്റ്റ് ഓഫ് കേരള

20. ഷോർട്ട് ഫിലിം ഫെസ്റ്റിവൽ

21. കേരളോത്സവം

22. ദിനാചരണ പ്രവർത്തനങ്ങൾ

23. അമച്ചർ നാടകോത്സവം

24. സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം

(ബി) ഈ സർക്കാർ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ മേൽ വകുപ്പുകൾ മുഖേന നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് നിയോജക മണ്ഡലത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. പ്രസ്തുത മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് നടപ്പാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിഗ്സ്ക്രീൻ പ്രദർശനം ചെലവ് തുക - 10,000 രൂപ

2. പി.എസ്.സി പരീക്ഷാ പരിശീലനം ചെലവ് തുക - 20,000 രൂപ

3. സ്പോർട്സ് കിറ്റ് ചെലവ് തുക - 8,000 രൂപ

4. കേരളോത്സവം ചെലവ് തുക - 6,15,000 രൂപ

5. ആകെ തുക -6,53,000

(സി) നടപ്പ് സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികൾ നടപ്പാക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്; ആയതിന്റെ ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

നടപ്പ് സാമ്പത്തിക വർഷം കായിക യുവജനകാര്യാലയം മുഖേന നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്):</u> ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ

ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പാക്കിവരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേക്കുകൂടി വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

2. ഹൂപ്സ് :സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

3. സ്പ്രിന്റ് ഗ്രാസ്റൂട്ട് അത്ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം: ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകാനുദ്ദേശിക്കുന്നത്.

4. പ്ലേ ഫോർ ഹെൽത്ത് : കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പാക്കുന്നത്. മേൽ പരാമർശിച്ച നാല് പദ്ധതികളുടെ ജില്ല തിരിച്ചുള്ള സെന്ററുകളുടെ ലിസ്റ്റ് അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരള ഷൂട്ടിംഗ് അക്കാഡമികൾ ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് 2020 ഫെബ്രുവരി 3ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നൽകിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങളിൽ അടുത്ത അധ്യയന വർഷത്തേക്കുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടാലന്റ് ഹണ്ട് പദ്ധതി.

തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങളിലെ ജൂഡോ, ബോക്സിംഗ് ഇനങ്ങളിലെ വിദ്യാർത്ഥിനികൾക്ക് (ദേശീയ തലത്തിൽ മികവ് തെളിയിച്ച) INSPIRE സ്കോളർഷിപ്പ് പദ്ധതി.

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ എന്നിവിടങ്ങളിലെ കായിക പരിശീലകർക്കുള്ള റിഫ്രഷർ കോഴ്സ്.

ഈ വിദ്യാലയങ്ങളിലെ കുട്ടികൾക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി. കായിക യുവജനകാര്യാലയം വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടത്തുന്ന മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടപ്പുസാമ്പത്തിക വർഷത്തിൽ നടന്നുവരുന്നു. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, കായിക യുവജന കാര്യാലയം, ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ നിന്നായി ആകെ 20 ട്രെയിനികൾ പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്നു. കായികയുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചുവരികയാണ്.

കായിക താരങ്ങൾക്കുവേണ്ടി നിലവിൽ കേരളത്തിൽ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ഓരോ സ്പോർട്സ് സയൻസ് സെന്റർ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ കുട്ടികൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ കുട്ടികൾ എന്നിവരുടെ കായിക മികവ് വിലയിരുത്തുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ചേർന്ന് മസിൽ ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് വേണ്ടിയുള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യുക്കേഷൻ ആൻഡ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയും കായിക വകുപ്പുമായി ചേർന്ന് 1,55,55,000 രൂപയുടെ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നടപ്പു സാമ്പത്തിക വർഷം കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കിയ/നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്
2. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ
3. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ
4. പ്ലാസ്മ ഡൊണേഷൻ ക്യാമ്പയിൻ
5. കായിക വികസന പദ്ധതി - കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ക്ലബ്ബുകൾക്ക് ധനസഹായം
6. എൽ.ഇ.ഡി.ബൾബ് നിർമ്മാണ ഓൺലൈൻ പരിശീലനം-രണ്ടാംഘട്ടം
7. സൈക്കിൾ ബ്രിഗേഡ് (സൈക്കിൾ ക്ലബ്ബ് രൂപീകരണം)
8. മത്സരപരീക്ഷ പരിശീലന പരിപാടി സ്റ്റഡിയോയും ഓൺലൈൻ ക്ലാസ് റൂം- കെ.എ.എസ്. മെയിൻ പരീക്ഷ സൗജന്യ പരിശീലനം, പി.എസ്.സി, മത്സരപരീക്ഷ പരിശീലനം, ഓൺലൈൻ തൊഴിൽ പരിശീലന പരിപാടി.
9. മണിനാദം - കലാഭവൻമണി മെമ്മോറിയൽ നാടൻപാട്ട് മത്സരം
10. ദേശീയ യുവോത്സവം
11. ദിനാചരണ പ്രവർത്തനങ്ങൾ
12. സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം
13. ജൻഡർ പദ്ധതി - യുവതീ ശാക്തീകരണം - യുവതികൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ബോധവൽക്കരണ ക്യാമ്പയിൻ.

(ഡി) സംസ്ഥാനത്ത് സ്കൂൾ കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെങ്കിലും നൂതന പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും യുവതീയുവാക്കളിലും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ടെന്ന യഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി ആരംഭിച്ച കേരള സാക്ഷരത മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമതാ മിഷൻ" . ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്. നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ, 5-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ. പ്രസ്തുത പദ്ധതി സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവവഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

180 (2464) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന ഏതെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

(എ&ബി) ഉണ്ട്. കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നടപ്പാക്കുന്നതിന് തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഉദയംപേരൂർ വി.ജെ.ബി. സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 ഇതര സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നുണ്ട്. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്ലേ ഫോർ ഹെൽത്ത് പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കൂടാതെ കായിക യുവജന കാര്യാലയം രണ്ടാം ഘട്ടത്തിൽ 9 ജില്ലകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ പദ്ധതിയിൽ എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിലും ഒരു സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

181 (2465) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കായിക താരങ്ങൾക്ക് ഒളിമ്പിക്സിൽ മെഡൽ ലഭിക്കുന്നതിനായി ഏർപ്പെടുത്തിയ പരിശീലന പരിപാടിയായ 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയും എക്സ്പേർട്ട് കമ്മിറ്റിയും വിലയിരുത്തുകയും ടി കമ്മിറ്റികളുടെ തീരുമാനപ്രകാരം പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) കോവിഡ് വ്യാപന പശ്ചാത്തലത്തിൽ കായിക പരിശീലനങ്ങൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ അത് കായിക താരങ്ങളുടെ കായികക്ഷമതയെ ദോഷകരമായി ബാധിക്കുവാൻ സാദ്ധ്യതയുള്ളതായി വിലയിരുത്തിയിട്ടുണ്ടോ?

കോവിഡ് വ്യാപന പശ്ചാത്തലത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള പരിശീലന പരിപാടികൾ നിർത്തിവച്ചിരുന്നു. പരിശീന പരിപാടികൾ നിർത്തിവച്ചത് കായിക താരങ്ങളുടെ ശാരീരികവും മാനസികമായ കായികക്ഷമതയെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. എന്നിരുന്നാലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കായിക താരങ്ങൾക്ക് ഓൺലൈൻ ക്ലാസ്സുകൾ നൽകി അവരുടെ കായികക്ഷമത നിലനിർത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിശീലനം പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ സർക്കാർ നിർദ്ദേശിച്ച ക്ലാസ്സുകളിലേക്ക് നിബന്ധനകൾക്ക് വിധേയമായി തുറന്നു പ്രവർത്തിക്കുന്നതിനും കായിക പരിശീലനത്തിനായി സ്റ്റേഡിയങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം നിലവിൽ ഇവർക്ക് ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള വിദഗ്ദ്ധ പരിശീലകർ ഓൺലൈൻ ക്ലാസ്സുകൾ നൽകിവരുന്നു. ആവശ്യമുള്ള ഘട്ടത്തിൽ വിദേശ പരിശീലനകരുടെ സേവനം ലഭ്യമാക്കുന്നതാണ്.

**അന്തർദ്ദേശീയ സ്പോർട്സ് മത്സരങ്ങൾക്കുള്ള സൗകര്യങ്ങൾ**

182 (2466) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർദ്ദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്താൻ മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) സംസ്ഥാനത്ത് അന്തർദ്ദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്തുന്നതിനായി നിരവധി സ്റ്റേഡിയങ്ങളുണ്ട്. ആയതിൽ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം കിഫ്ബിയുടെ ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 14 ജില്ലാ സ്റ്റേഡിയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളായി നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിനായി കായിക വകുപ്പ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 2027-ൽ കേരളത്തിൽവച്ച് നടത്താനുദ്ദേശിക്കുന്ന ഏഷ്യൻ കപ്പ് ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുന്ന കായികതാരങ്ങളുടെ പരിശീലന ഗ്രൗണ്ടായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയവും പനമ്പിള്ളി നഗർ സ്റ്റേഡിയവും തെരഞ്ഞെടുക്കപ്പെടുകയും ആയതിനു വേണ്ടിയുള്ള കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

**സ്പോർട്സ് ഹോസ്റ്റലുകളിൽ ബധിരർക്ക് പ്രത്യേക ക്വാട്ട**

183 (2467) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഹോസ്റ്റലുകളിൽ ബധിരർക്ക് പ്രത്യേക ക്വാട്ട അനുവദിക്കണമെന്നാവശ്യപ്പെട്ട് ആൾ കേരള അസോസിയേഷൻ ഓഫ് ദി ഡഫ്

ഉൾപ്പെടെ വിവിധ സംഘടനകളിൽനിന്ന് നിവേദനം ലഭിച്ചിരുന്നുവോ; പ്രസ്തുത നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സ്പോർട്സ് ഹോസ്റ്റലുകളിൽ ബധിരർക്ക് പ്രത്യേക ക്വാട്ട അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ആൾ കേരള അസോസിയേഷൻ ഓഫ് ദി ഡഫ് ഉൾപ്പെടെയുള്ള സംഘടനകളിൽ നിന്നും ലഭിക്കുന്നപക്ഷം അനുഭാവപൂർവ്വം പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മലപ്പുറത്ത് സ്ഥാപിക്കുന്ന സ്പോർട്സ് കോംപ്ലക്സ്

184 (2468) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് സ്ഥാപിക്കുന്ന പി. മൊയ്തീൻ കുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയം, സ്പോർട്സ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി കിഫ്ബി ഫണ്ടിൽനിന്നും എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്; നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻകെൽ എഡ്യൂസിറ്റിയിൽ ഭൂമി അനുവദിക്കുവാനും സ്പോർട്സ് കോംപ്ലക്സ് മലപ്പുറത്തുതന്നെ യാഥാർത്ഥ്യമാക്കുവാനും നടപടി സ്വീകരിക്കുമോ?

(എ-സി) 2016-17 ബഡ്ജറ്റിൽ ഓരോ ജില്ലയിലും ഒരു ഇൻഡോർ സ്റ്റേഡിയം എന്ന ലക്ഷ്യത്തോടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച ജില്ലാ സ്റ്റേഡിയങ്ങളിലൊന്നാണ് പി. മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയം (മലപ്പുറം ജില്ലാ സ്റ്റേഡിയം). പ്രസ്തുത സ്റ്റേഡിയം മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ കായിക വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. എസ്.പി.വി.-യായ കിറ്റ്കോ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മൂവാറ്റുപുഴ പി.പി.എസ്തോസ് സ്മാരക സ്റ്റേഡിയം

185 (2469) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പി. പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തെ ജില്ലാ സ്റ്റേഡിയമായി ഉയർത്തി നവീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

മൂവാറ്റുപ്പുഴ പി. പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ജില്ലാ സ്റ്റേഡിയമായി (ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം) ഉയർത്തി നവീകരിക്കുന്ന കാര്യം പരിഗണനയിലാണ്. പ്രസ്തുത പദ്ധതിക്ക് 32.55 കോടി രൂപയുടെ കിഫ്ബി അംഗീകാരവും 32.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## കോട്ടയത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് & അപ്ലൈഡ് റിസർച്ച് സെന്റർ

186 (2470) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്ത് 11.25 ഏക്കർ സ്ഥലം അനുവദിച്ച് തറക്കല്ലിട്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് & അപ്ലൈഡ് റിസർച്ച് സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?

സ്പോർട്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പദ്ധതി പരിഗണനയിലില്ല.

(ബി) കേരളത്തിലെ സ്പോർട്സ് താരങ്ങൾക്ക് ശാസ്ത്രീയ പരിശീലനം നല്കുന്നത് ലക്ഷ്യമിട്ട് തുടങ്ങിയ ഈ പദ്ധതിക്കുപകരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 'സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം' പ്രഖ്യാപിക്കുവാൻ സർക്കാരിനെ പ്രേരിപ്പിച്ച സാഹചര്യം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

(ബി&സി) 2016-17 ബഡ്ജറ്റിൽ ഓരോ ജില്ലയിലും ഒരു ഇൻഡോർ സ്റ്റേഡിയം എന്ന ലക്ഷ്യത്തോടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ

ജില്ലകളിലും ഓരോ ജില്ലാ സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ചിരുന്നു. അപ്രകാരം കോട്ടയം ജില്ലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജില്ലാ സ്റ്റേഡിയമാണ് സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം. ജില്ലയിൽ മറ്റൊരിടത്തും അനുയോജ്യമായ സ്ഥലം ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ മേൽ സ്റ്റേഡിയത്തിനായി പ്രസ്തുത സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) 2020-ലെ ബഡ്ജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയ സ്പോർട്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുമോ?

ഭരണാനുമതി നൽകിയിട്ടില്ല.

**മൾട്ടിപർപ്പസ് സ്റ്റേഡിയങ്ങൾ**

187 (2471) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ ഏതെല്ലാമാണ്;

(ബി) ഓരോ സ്റ്റേഡിയത്തിനും ചെലവാക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) ഇൻഡോർ സ്റ്റേഡിയങ്ങൾ ഉൾപ്പെടെയുള്ള മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങളിൽ സജ്ജമാക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

(എ-സി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016-17 ബഡ്ജറ്റിൽ 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ 10 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 57 സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 14 ജില്ലാ സ്റ്റേഡിയങ്ങളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ 14 വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 4 ജില്ലാ സ്റ്റേഡിയങ്ങളുടെയും 7 പഞ്ചായത്ത് വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. ഇവയുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച സ്റ്റേഡിയങ്ങൾ

188 (2472) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക മേഖലയുടെ സമഗ്ര പുരോഗതിക്കായി ഈ സർക്കാർ കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെയാണെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

കായിക മേഖലയുടെ സമഗ്ര പുരോഗതിക്കായി ഈ സർക്കാർ കിഫ്ബിയിൽ ഉൾപ്പെടുത്തി ഏകദേശം 1000 കോടി രൂപ മുതൽ മുടക്കിൽ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളിൽ, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ 25 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ഇവയിൽ 8 സ്റ്റേഡിയങ്ങൾ 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന 25 സ്റ്റേഡിയങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

189 (2473) ചോദ്യം ഒഴിവാക്കിയിരിക്കുന്നു

## ഇടക്കൊച്ചി ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മാണം

190 (2474) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്ന വിഷയത്തിൽ നേരിടുന്ന തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി 23-12-2019-ന് കായിക യുവജനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയിൽ ക്രിക്കറ്റ് സ്റ്റേഡിയം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മിക്കുന്ന വിഷയത്തിൽ നേരിടുന്ന തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി 23-12-2019-ന് ചേർന്ന യോഗത്തിൽ ചുവടെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. നിലവിലുള്ള സ്ഥലത്തെക്കുറിച്ചും അതിന്റെ നിലവിലെ അവസ്ഥയെ സംബന്ധിച്ചും ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുമ്പോഴുള്ള പ്രശ്നങ്ങളെയും അതിനുള്ള പരിഹാരങ്ങളെയും ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന്റെ പരിസ്ഥിതി വകുപ്പിനെ അറിയിക്കുന്നതിനായി തീരുമാനിച്ചു. ഈ സ്ഥലം ഏറ്റെടുക്കുന്നതിനും നിലവിൽ സ്റ്റേഡിയം നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനും നിദാനമായ ഓർഡറിനെ സംബന്ധിച്ച് നിയമപരമായ പരിഹാര നിർദ്ദേശങ്ങൾ രേഖാമൂലം പരിസ്ഥിതി വകുപ്പിനെ അറിയിക്കണമെന്ന് തീരുമാനിച്ചു.
2. നിലവിലുള്ള മിച്ചഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായുള്ള കമ്മിറ്റി രൂപീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി പ്രശ്നം പരിഹരിക്കുന്നതിനും തീരുമാനിച്ചു.
3. കണ്ടൽ കാടുകളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് കണ്ടൽ കാടുകളുടെ നശീകരണം ഒഴിവാക്കുന്നതിനും ഏതെങ്കിലും കാരണവശാൽ കണ്ടൽ ചെടികൾ ഒഴിവാക്കേണ്ടിവരുന്ന സാഹചര്യത്തിൽ അതിനു പകരം കണ്ടൽ ചെടികൾ വച്ചു പിടിപ്പിക്കുന്നതിനും തീരുമാനിച്ചു. ഇക്കാര്യം കേന്ദ്ര പരിസ്ഥിതി വകുപ്പിനെ അറിയിക്കാൻ തീരുമാനിച്ചു.

### ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം

191 (2475) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ വിവിധ പ്രവൃത്തികൾക്കായി 922.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 247.25 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 675 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള 400 മീറ്റർ അത്ലറ്റിക് സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പൂർത്തീകരിച്ച പദ്ധതികൾ:

1. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകളുടെ നവീകരണം, ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണം എന്നീ പ്രവൃത്തികൾക്കായി 64.08 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇ-ദർഘാസുകൾ ക്ഷണിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകളിൽ അധിക സൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിലേയ്ക്കായും അറ്റകുറ്റപ്പണികൾക്കുമായി 27.17 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. ഫിഫ നിലവാരത്തിലുള്ള ഫുട്ബോൾ ടർഫ് നിർമ്മിച്ചിട്ടുണ്ട്.

4. സ്പോർട്സ് ലൈഫ് ജിംനേഷ്യവും, അതിനാവശ്യമായ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

## കൊല്ലം ഹോക്കി സ്റ്റേഡിയം

192 (2476) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി നിർമ്മാണം പൂർത്തീകരിച്ച ന്യൂ ഹോക്കി സ്റ്റേഡിയത്തിൽ 319.04 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. വിവിധ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഹോക്കി സ്റ്റേഡിയത്തിൽ 36 ലക്ഷം രൂപയുടെ 6 ഫ്രീ ഫാബ് ഹൗസിംഗ് യൂണിറ്റ് സ്ഥാപിച്ചു.

2. ഹോക്കി സ്റ്റേഡിയത്തിലെ ചുറ്റുമതിലിന്റെ പുനർനിർമ്മാണം, നവീകരണം, മറ്റനുബന്ധ പ്രവർത്തനങ്ങൾ എന്നിവ 29 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

3. ഹോക്കി സ്റ്റേഡിയത്തിൽ ബോട്ടുകൾ സൂക്ഷിക്കുന്നതിനായി ഒരു ബോട്ട് ഹൗസ് നിർമ്മിക്കുന്നതിനുവേണ്ടി 21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

4. സ്റ്റേഡിയത്തിന്റെ ഗ്യാലറി കെട്ടിടത്തിന്റെ മുകളിൽ അധികനില പണിയുന്നതിനും മറ്റ് പുനരുദ്ധാരണ (സിവിൽ & ഇലക്ട്രിക്കൽ) പ്രവൃത്തികൾക്കായും പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായും 175 ലക്ഷം രൂപ ചെലവഴിച്ചു.

5. കൊല്ലം ഹോക്കി സ്റ്റേഡിയത്തിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിന് 57.35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

6. ഹോക്കി സ്റ്റേഡിയത്തിൽ ഹോക്കി ഗോൾ പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി 69,000 രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

7. ന്യൂ ഹോക്കി സ്റ്റേഡിയം ബിൽഡിംഗിൽ മൂന്നാമത്തെ നിലയിൽ 1000 പേർക്ക് ഇരിക്കാവുന്ന ഒരു ഹാളും 5 റൂമുകളും നിർമ്മിച്ചു.

**ചാലക്കുടി ഇൻഡോർ സ്റ്റേഡിയത്തിന്റെ പുനർനാമകരണം**

193 (2477) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭ ഇൻഡോർ സ്റ്റേഡിയത്തിന് എം.എൽ. ജേക്കബ്ബ് ഇൻഡോർ സ്റ്റേഡിയം, ചാലക്കുടി എന്ന് നാമകരണം ചെയ്യുന്നതിനായി നഗരസഭ സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ചാലക്കുടി നഗരസഭ ഇൻഡോർ സ്റ്റേഡിയത്തിന് എം.എൽ.ജേക്കബ്ബ് ഇൻഡോർ സ്റ്റേഡിയം, ചാലക്കുടി എന്ന് നാമകരണം ചെയ്യുന്നതിനായി നഗരസഭ സമർപ്പിച്ച അപേക്ഷ ഈ വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) ചാലക്കുടി ഇൻഡോർ സ്റ്റേഡിയത്തിൽ വുഡൻ ഫ്ലോറിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ?

ഫണ്ടിന്റെ അപര്യാപ്തതമൂലം ആദ്യഘട്ടത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചാലക്കുടി ഇൻഡോർ സ്റ്റേഡിയത്തിന്റെ വുഡൻ ഫ്ലോറിംഗ് സൗകര്യം ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിച്ച് മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. സ്റ്റേഡിയത്തിന്റെ ഓപ്പറേഷൻ, മെയിന്റനൻസ് എന്നിവയുടെ നടത്തിപ്പിനായി എം.എൽ.എ രക്ഷാധികാരിയായി ഒരു ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി

സ്റ്റേഡിയത്തിൽ ഏർപ്പെടുത്തേണ്ട അനുബന്ധ സൗകര്യങ്ങൾ സംബന്ധിച്ച് ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി തലത്തിലാണ് നടപടി സ്വീകരിക്കേണ്ടത്.

**മുണ്ടക്കൽ ഗ്രൗണ്ട് നവീകരണം**

194 (2478) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും വേണ്ടി ഈ സർക്കാർ അനുവദിച്ച തുക, ചെയ്ത പ്രവൃത്തികൾ എന്നിവ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പ്ലാൻ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ 10 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ മട്ടന്നൂർ സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണത്തിനും അധികമായി അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച, നവീകരിച്ച സ്റ്റേഡിയങ്ങളുടെയും, ചെലവഴിച്ച തുകയുടെയും വിവരങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൽ ഗ്രൗണ്ട് നവീകരണത്തിന് സർക്കാർ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ സർക്കാരിന്റെ കാലത്ത് സ്പോട്സ് കൗൺസിലിന്റെ കീഴിൽ പുതിയ സ്റ്റേഡിയം നിർമ്മിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് സ്പോട്സ് കൗൺസിലിന്റെ കീഴിൽ പുതിയ സ്റ്റേഡിയം നിർമ്മിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ ഫുട്ബോൾ ടർഫ് കായികയുവജന കാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പണി പൂർത്തിയാകുകയും സിന്തറ്റിക് ട്രാക്ക് നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

2. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി വയനാട് ജില്ലയിലെ ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

3. ഇടുക്കി വോളീബോൾ അക്കാഡമിയിൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ പണികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി.

**കായികതാരങ്ങൾക്ക് ജോലി**

195(2479) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര കായികതാരങ്ങൾക്ക് സർക്കാരിന്റെയും പൊതുമേഖലകളിലെയും വിവിധ തസ്തികകളിൽ ജോലി നൽകിയിട്ടുണ്ടെന്നറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. മലയാളിയായ ഇന്ത്യൻ ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 137 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 54 പേരുടെ അന്തിമപട്ടിക നിയമനത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 2015 മുതൽ 2019 വരെയുള്ള ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ. ബി.-ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ

കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കായിക യുവജന കാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കി താരമായിരുന്ന ശ്രീമതി ശകുന്തള ഡി. വി.-ക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) കൂടുതൽ കായികതാരങ്ങൾക്ക് ജോലി ലഭ്യമാക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 54 പേരുടെ അന്തിമപട്ടിക നിയമനത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 2015 മുതൽ 2019 വരെയുള്ള ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) കായികതാരങ്ങൾക്ക് ജോലി നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് താഴെപ്പറയുന്നവിധം നേട്ടങ്ങൾ കൈവരിച്ചിരിക്കണം.

1. അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

2. രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ

3. സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

4. മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ. കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാവഴി നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങൾ സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. ഓരോ കായിക താരത്തിന്റെയും സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾക്ക് പ്രയോറിറ്റി പോയിന്റ് നിശ്ചയിക്കുകയും അപ്രകാരം ലഭിക്കുന്ന പ്രയോറിറ്റി പോയിന്റിന്റെ അടിസ്ഥാനത്തിൽ റാങ്ക് നിശ്ചയിച്ച് പ്രസ്തുത റാങ്കിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുകയുമാണ് ചെയ്യുന്നത്.

## സ്പോർട്സ് ക്വാട്ട നിയമനം

196 (2480) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ക്വാട്ട നിയമനങ്ങളിൽ ദേശീയതലത്തിൽ പങ്കെടുത്തവർക്ക് യൂണിവേഴ്സിറ്റിതല മത്സരങ്ങളിൽ പങ്കെടുത്തവർക്ക് ലഭിക്കുന്ന പരിഗണനപോലും ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള നിയമനത്തിനുള്ള നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് സീനിയർ നാഷണൽ/നാഷണൽ ഗെയിംസ് മത്സരങ്ങളിൽ പങ്കെടുക്കുകയും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുകയും ചെയ്യുന്ന കായിക താരങ്ങളെ നിയമനത്തിനായി പരിഗണിക്കുന്നുണ്ട്.

കൂടാതെ കേരളത്തിലെ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങളെയും സ്പോർട്സ് ക്വാട്ടാ നിയമനത്തിന് പരിഗണിക്കുന്നുണ്ട്.

(ബി) 2009-ലെ ഗസറ്റിൽ ഉള്ളതുപോലെ ദേശീയതല പങ്കാളിത്തമുള്ളവർക്ക് അപേക്ഷ സമർപ്പിക്കാനും നിയമനം ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരം കായിക താരങ്ങൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള നിയമന നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. 2015 മുതലുള്ള സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കും 2010 മുതൽ 2014 വരെയുള്ള നിയമനത്തിന്റെ മാനദണ്ഡങ്ങൾ ബാധകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്പോർട്സ് ക്വാട്ടാ നിയമനം സംബന്ധിച്ച വ്യക്തിഗത നിയമനങ്ങൾക്ക് പ്രത്യേക മാനദണ്ഡവും ടീമിനങ്ങൾക്ക് വ്യത്യസ്ത മാനദണ്ഡവും നൽകാനുള്ള നടപടി സ്വീകരിക്കുമോ?

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള നിയമനത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം, ഓരോ വർഷത്തേയും 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തിഗത ഇനങ്ങൾക്കായും 25 എണ്ണം ടീം ഇനങ്ങൾക്കായും നീക്കി വച്ചിട്ടുള്ളതാണ്. സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനത്തിന് വ്യക്തിഗത ഇനങ്ങൾക്കും ടീം ഇനങ്ങൾക്കും വ്യത്യസ്ത മാനദണ്ഡങ്ങൾ നൽകുന്നത് സംബന്ധിച്ച കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ദേശീയ ഗെയിംസ് മെഡൽ ജേതാക്കൾക്കുള്ള ജോലി**

197 (2481) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് ജോലി നൽകാമെന്ന വാഗ്ദാനം സർക്കാർ പാലിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ

72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) മുപ്പത്തി അഞ്ചാമത് ദേശീയ ഗെയിംസിൽ വെള്ളി, വെങ്കലം മെഡലുകൾ നേടിയ 84 താരങ്ങൾക്ക് അഞ്ച് വർഷമായിട്ടും ജോലി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കായികതാരങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം, കായികതാരങ്ങളെ ഉൾക്കൊള്ളിക്കുന്നതിലേയ്ക്കായി എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് വിവിധ വകുപ്പുകളുടെ ആവശ്യകതയും പ്രസ്തുത വകുപ്പുകളിൽ കായിക താരങ്ങളെ നിയമിക്കുന്നതിനുള്ള 'സ്പെസിഫിക് പ്ലെയ്സ് ഓഫ് പോസ്റ്റിംഗ്' ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പൊതുഭരണ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു.

(സി) ഈ കായിക താരങ്ങളുടെ പ്രശ്നം സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ഫയൽ നിലവിലുണ്ടോ; ആയത് പരിഹരിക്കാത്തതാണോ പ്രശ്നങ്ങൾക്ക് കാരണമെന്ന് വിശദീകരിക്കാമോ?

നിലവിൽ ഇതുസംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

**2015-ലെ ദേശീയ ഗെയിംസ് ജേതാക്കൾക്ക് സർക്കാർ ജോലി**

198 (2482) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് 2015-ൽ കേരളത്തിൽ നടത്തിയ ദേശീയ ഗെയിംസിൽ മെഡൽ നേടിയ എത്ര കായികതാരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട്; ഇവരിൽ ഇനി എത്ര പേർക്ക് ജോലി നൽകാനുണ്ട്; ഇതു സംബന്ധിച്ച വിശദവിവരം നൽകാമോ?

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) ടീം ഇനത്തിൽ വെള്ളി, വെങ്കലം മെഡലുകൾ നേടിയ എൺപത്തി മൂന്ന് കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകാൻ ഉത്തരവ് പുറപ്പെടുവിച്ച് പതിനഞ്ച് മാസം കഴിഞ്ഞിട്ടും നിയമനം നൽകിയിട്ടില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമനം നൽകുന്നതിനുള്ള കാലതാമസം പരിഹരിച്ച് ഇവർക്ക് ഉടൻ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കായികതാരങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം, കായികതാരങ്ങളെ ഉൾക്കൊള്ളിക്കുന്നതിലേയ്ക്കായി എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് വിവിധ വകുപ്പുകളുടെ ആവശ്യകതയും പ്രസ്തുത വകുപ്പുകളിൽ കായിക താരങ്ങളെ നിയമിക്കുന്നതിനുള്ള 'സ്പെസിഫിക് പ്ലെയ്സ് ഓഫ് പോസ്റ്റിംഗ്' ലഭ്യമാക്കുന്നതിനുള്ള നടപടികളും പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

(സി) ദേശീയ ഗെയിംസിൽ മെഡൽ ജേതാക്കളായ ജോലി ലഭിച്ചവർക്ക് നിലവിലുള്ള എന്ത് മാനദണ്ഡമനുസരിച്ചാണ് പരിഗണന നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ?

വ്യക്തിഗതയിനങ്ങളിലും ടീമിനങ്ങളിലും മികച്ച പ്രകടനം കാഴ്ചവച്ച കായികതാരങ്ങൾക്ക് പ്രോത്സാഹനമെന്നോണം 2015-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ് നിയമനം നൽകിയിട്ടുള്ളത്.

## ശ്രീജിഷ്ണയ്ക്ക് സ്പോർട്സ് ക്വാട്ടയിൽ ജോലി

199 (2483) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ തുടർച്ചയായി നാഷണൽ ഗെയിംസിലും 2015-ൽ തായ്‌വാനിൽ നടന്ന ഏഷ്യാ-പസഫിക് സ്പെഷ്യൽ ഒളിംപിക്സിലും 2016-ൽ ബൾഗേറിയയിൽ നടന്ന വേൾഡ് ഡഫ് ഒളിംപിക്സിലും പങ്കെടുത്ത് സ്വർണ്ണം ഉൾപ്പെടെയുള്ള നിരവധി മെഡലുകൾ കരസ്ഥമാക്കിയ തൃശ്ശൂർ മുല്ലശ്ശേരി പഞ്ചായത്തിലെ പെരുവല്ലൂർ കളാശ്ശേരി വീട്ടിൽ ശ്രീജിഷ്ണ എന്ന ഭിന്നശേഷിയുള്ള കായികതാരത്തിന് സർക്കാരിന്റെ സ്പോർട്സ് ക്വാട്ട പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ജോലി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം ആവശ്യപ്പെട്ട് സർക്കാരിന് നൽകിയിട്ടുള്ള നിവേദനം പരിഗണിച്ച് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ദേശീയ/അന്തർദ്ദേശീയ മെഡൽ ജേതാക്കൾക്ക് സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നതും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതും ഗവൺമെന്റ് സെക്രേട്ടറിയറ്റിലെ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പാണ്. 2009 മുതൽ 2014 വരെയുള്ള ഒഴിവുകളിലേക്കുള്ള അപേക്ഷ ക്ഷണിക്കുകയും നിയമനത്തിന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുകയും നിയമന നടപടികൾ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. 2015 മുതലുള്ള സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കായുള്ള വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ, കായിക നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിജ്ഞാപനത്തിൽ സൂചിപ്പിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ശ്രീജിഷ്ണയ്ക്കും അപേക്ഷിക്കാവുന്നതാണെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്. കൂടാതെ കുമാരി ശ്രീജിഷ്ണ, ശ്രീ. ജിജോ കുര്യാക്കോസ് എന്നീ ബധിര കായികതാരങ്ങൾക്ക് കായിക വികസന നിധിയിൽ നിന്നും പ്രോത്സാഹനമായി ഒരു ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## സ്പോർട്സ് ക്വാട്ട നിയമനം

200 (2484) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ക്വാട്ട നിയമനത്തിൽ ദേശീയതലത്തിൽ പങ്കെടുത്തവർക്ക് യൂണിവേഴ്സിറ്റിതല മത്സരങ്ങളിൽ പങ്കെടുത്തവർക്ക് ലഭിക്കുന്ന പരിഗണനപോലും ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള നിയമനത്തിനുള്ള നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം, സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് സീനിയർ നാഷണൽ/നാഷണൽ ഗെയിംസ് മത്സരങ്ങളിൽ പങ്കെടുക്കുകയും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുകയും ചെയ്യുന്ന കായിക താരങ്ങളെ നിയമനത്തിനായി പരിഗണിക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങളെയും സ്പോർട്സ് ക്വാട്ടാ നിയമനത്തിന് പരിഗണിക്കുന്നുണ്ട്.

(ബി) 2009-ലെ ഗസറ്റിൽ ഉള്ളതുപോലെ ദേശീയ പങ്കാളിത്തം ഉള്ളവർക്ക് അപേക്ഷ സമർപ്പിക്കാനും നിയമനം ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരം കായിക താരങ്ങൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള നിയമന നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. 2015 മുതലുള്ള സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കും 2010 മുതൽ 2014 വരെയുള്ള നിയമനത്തിന്റെ മാനദണ്ഡങ്ങൾ ബാധകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്പോർട്സ് ക്വാട്ടാ നിയമനം സംബന്ധിച്ച വ്യക്തിഗത നിയമനങ്ങൾക്ക് പ്രത്യേക മാനദണ്ഡവും ടീമിനങ്ങൾക്കുള്ള നിയമനങ്ങൾക്ക് വ്യത്യസ്ത മാനദണ്ഡവും നൽകാനുള്ള നടപടി സ്വീകരിക്കുമോ?

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള നിയമനത്തിനുള്ള നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഓരോ വർഷത്തേയും 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തിഗത ഇനങ്ങൾക്കായും 25 എണ്ണം ടീം ഇനങ്ങൾക്കായും നീക്കി വച്ചിട്ടുള്ളതാണ്. സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനത്തിന് വ്യക്തിഗത ഇനങ്ങൾക്കും ടീം ഇനങ്ങൾക്കും വ്യത്യസ്ത മാനദണ്ഡങ്ങൾ നൽകുന്നത് സംബന്ധിച്ച കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം

201 (2485) ശ്രീ. ആർ. രാജേഷ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. വി. ജോയി:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയവും അന്തർദ്ദേശീയവുമായ മത്സരങ്ങളിൽ മെഡലുകൾ നേടിയ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. മലയാളിയായ ഇന്ത്യൻ ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 137 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 54 പേരുടെ അന്തിമ പട്ടിക നിയമനത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 2015 മുതൽ 2019 വരെയുള്ള ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ.ബി.-ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി. എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന്

അനുമതി നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കായിക യുവജന കാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കി താരമായിരുന്ന ശ്രീമതി ശകുന്തള ഡി. വി.-ക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എത്ര വർഷത്തെ സ്പോർട്സ് ക്വാട്ട നിയമനങ്ങൾ കുടിശ്ശികയായിരുന്നുവെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2010 കലണ്ടർ വർഷം മുതൽക്കുള്ള നിയമനങ്ങൾ കുടിശ്ശികയായിരുന്നു.

(സി) ദേശീയ ഗെയിംസിൽ മെഡലുകൾ നേടിയ കായികതാരങ്ങൾക്കുള്ള നിയമനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കായിക താരങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് വിവിധ വകുപ്പുകളിൽ ആവശ്യമായ തസ്തിക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജാഗരൺ ഭാരത്**

202 (2486) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജന ക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ ജാഗരൺ ഭാരത് എന്ന പേരിൽ ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ;

ഉണ്ടെങ്കിൽ ഏതെല്ലാം വർഷങ്ങളിൽ; ഓരോ ക്യാമ്പിനും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളത്; അറിയിക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ജാഗരൺ ഭാരത് എന്ന പേരിൽ ദേശിയോദ്ഗ്രഥന ക്യാമ്പ് 2012, 2013, 2014, 2015 വർഷങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. 2012-ലെ ക്യാമ്പിൽ 8,77,227 രൂപയും (എട്ട് ലക്ഷത്തി എഴുപത്തി ഏഴായിരത്തി ഇരുനൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) 2013-ൽ 26,40,173 രൂപയും (ഇരുപത്തി ആറ് ലക്ഷത്തി നാൽപ്പതിനായിരത്തി ഒരുനൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) 2014-ൽ 38,00,000 രൂപയും (മുപ്പത്തി എട്ട് ലക്ഷം രൂപ മാത്രം) 2015-ൽ 30,00,000 രൂപയും (മുപ്പത് ലക്ഷം രൂപ മാത്രം) വീതമാണ് ചെലവഴിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത ക്യാമ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

നമ്മുടെ രാജ്യത്തെ വിവിധ ആചാരങ്ങളെയും ജീവിതരീതികളെയും സംസ്കാരത്തെയുംകുറിച്ച് പരസ്പരം മനസ്സിലാക്കുക, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഒരുമിച്ച് പ്രവർത്തിക്കുക, അതുവഴി വൈവിദ്ധ്യത്തിനുള്ളിലെ ഏകത്വം മനസ്സിലാക്കുക, വിവിധ സംസ്ഥാനങ്ങളിലെ തനത് കലാരൂപങ്ങളെക്കുറിച്ച് അടുത്തറിയുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ദേശീയോദ് ഗ്രഥനത്തിലൂന്നിയ കലാ-സാംസ്കാരിക സമന്വയമാണ് ജാഗരൺ ഭാരത് കൊണ്ടുദ്ദേശിക്കുന്നത്.

(സി) വരും വർഷങ്ങളിലും ഇതുപോലെയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

2020-21 വർഷം ജാഗരൺ ഭാരത് എന്ന പേരിൽ ക്യാമ്പ് സംഘടിപ്പിക്കുന്നില്ല.

**പെരിന്തൽമണ്ണയിലെ യുവ അതിഥി മന്ദിരം**

203 (2487) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പെരിന്തൽമണ്ണയിൽ യുവ അതിഥി മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചതെന്നാണ്; എത്ര തുകയുടെ പ്രോജക്ടിനാണ് സർക്കാർ അനുമതി നൽകിയത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ യുവ അതിഥി മന്ദിരം 20-2-2011-ന് തറക്കല്ലിട്ട് നിർമ്മാണമാരംഭിച്ചു. ആദ്യഘട്ടത്തിൽ നിർമ്മാണത്തിനായി 40,00,000 രൂപയ്ക്കും (നാൽപ്പത് ലക്ഷം രൂപ മാത്രം) തുടർന്ന് 47,72,900 രൂപയ്ക്കും (നാൽപ്പത്തി ഏഴ് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി തൊള്ളായിരം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.

(ബി) യുവ അതിഥി മന്ദിരത്തിന്റെ നിർമ്മാണത്തിനുവേണ്ടി നാളിതുവരെ എത്ര രൂപ ചെലവഴിച്ചു?

യുവ അതിഥി മന്ദിരത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 53,32,039 രൂപ (അൻപത്തി മൂന്ന് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി മുപ്പത്തി ഒൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത യുവ അതിഥി മന്ദിരം നിലവിൽ പ്രവർത്തന സജ്ജമാണോ; എന്തെല്ലാം സൗകര്യങ്ങളാണ് ടി അതിഥി മന്ദിരത്തിലുള്ളതെന്ന് വ്യക്തമാക്കുമോ?

യുവ അതിഥി മന്ദിരം നിലവിൽ പ്രവർത്തന സജ്ജമല്ല. യുവ അതിഥി മന്ദിര നിർമ്മാണം സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുമായി സഹകരിച്ച് പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡിലെ പരിശോധന

204 (2488) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡിൽ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തിയ ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശിപാർശകളിൽ ഏതെല്ലാം നടപ്പാക്കിയിട്ടുണ്ടെന്നും ശിപാർശകളുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കാമോ?

(എ&ബി) 2012-ൽ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നടത്തിയ പരിശോധനയിലെ കണ്ടെത്തലുകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ബോർഡിന് നൽകിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഓഫീസുകളിലും സ്ഥാപനങ്ങളിലും സർക്കാർ അംഗീകാരമില്ലാതെ തസ്തിക സൃഷ്ടിക്കുന്നത് തടയുന്നതിനായി നിലവിലുള്ള താൽക്കാലിക/കരാർ ജീവനക്കാരുടെ ആവശ്യകത പരിശോധിച്ച് ഉചിതമായ പ്രൊപ്പോസൽ സർക്കാരിലേക്കയയ്ക്കുന്ന കാര്യം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ച് തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഈ കമ്മിറ്റിയിലെ ധനവകുപ്പിന്റെയും ഭരണവകുപ്പിന്റെയും പ്രതിനിധികൾക്ക് നിർദ്ദേശം നൽകുന്നു.

2. പദ്ധതി നടത്തിപ്പിനുശേഷം ബാക്കി നിൽക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണെന്നും ഭാവിയിൽ ശരിയായ വിനിയോഗ സർട്ടിഫിക്കറ്റ് മാത്രമേ നൽകാൻ പാടുള്ളൂവെന്നും നിർദ്ദേശം നൽകുന്നു.

3. ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിംഗ് രൂപീകരിക്കേണ്ടതും ഇന്റേണൽ ആഡിറ്റ് റിപ്പോർട്ട് ധനകാര്യ വകുപ്പിൽ നൽകേണ്ടതുമാണ്.

4. ഓണറേറിയം ഉൾപ്പെടെയുള്ള സാമ്പത്തിക ഇടപാട് ചെക്ക്/ഇ-പേമെന്റ്/ഡി.ഡി എന്നീ രീതിയിൽ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന നിർദ്ദേശം ഫിനാൻസ് ഓഫീസർക്ക് നൽകുന്നു.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പ്രകാരം താഴെപ്പറയുന്ന നടപടികൾ ബോർഡ് സ്വീകരിക്കുകയുണ്ടായി.

1. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ താൽക്കാലിക/കരാർ ജീവനക്കാർക്ക് ശമ്പളം നൽകിയ വകയിൽ പ്ലാൻ ഫണ്ടിൽ നിന്ന് ഭീമമായ തുക ചെലവഴിച്ച നടപടി തെറ്റാണെന്ന് ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയ സാഹചര്യത്തിൽ, ബോർഡിന്റെ ഓഫീസുകളിലും സ്ഥാപനങ്ങളിലും നിയമിക്കപ്പെട്ട താൽക്കാലിക/കരാർ ജീവനക്കാരുടെ ആവശ്യകത പരിശോധിച്ച് സർക്കാരിനെ അറിയിക്കുന്ന വിഷയം 7-2-2017-ന് കൂടിയ ഒന്നാമത് ബോർഡ് യോഗത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയും തീരുമാനങ്ങൾ ബോർഡിന്റെ ശിപാർശയ്ക്കായി വച്ച് ചർച്ച ചെയ്ത് അവസാനം വന്നവർ ആദ്യം എന്ന നിലയിൽ 35 ജീവനക്കാരുടെ കരാർ റദ്ദാക്കി സേവനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

2. പദ്ധതി നടത്തിപ്പിനുശേഷം ബാക്കി വരുന്ന തുക അതാത് സാമ്പത്തിക വർഷംതന്നെ തിരിച്ചടയ്ക്കുന്നതിനും ശരിയായ വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിച്ചു.

3. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിംഗ് രൂപീകരിച്ച് ജില്ലകളിൽ പരിശോധന നടത്തിവരികയാണ്.

4. ഓണറേറിയം ഉൾപ്പെടെയുള്ള സാമ്പത്തിക ഇടപാടുകൾ ചെക്ക്/ഇ-പേമെന്റ്/ഡി.ഡി. എന്നീ രീതികളിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. 2019 ഒക്ടോബർ മാസം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിനു കീഴിലെ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമിയിലും ഡിസംബർ മാസം ഹെഡ്ഡോഫീസിലും ധനകാര്യ വകപ്പ് ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തിയിട്ടുണ്ട്. ടി പരിശോധനകളുടെ ഭാഗമായി വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. റിപ്പോർട്ട് അനുബന്ധം I, II*-ൽ കാണാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡിൽ ജോലി ചെയ്തിരുന്ന സ്ഥിരം/കരാർ/ദിവസവേതന ജോലിക്കാരുടെ എണ്ണവും നിലവിൽ ഇവിടെ ജോലി ചെയ്യുന്ന സ്ഥിരം/ കരാർ/ദിവസവേതന ജീവനക്കാരുടെ എണ്ണവും തരംതിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ സ്ഥിരം/കരാർ/ദിവസവേതനം അടിസ്ഥാനത്തിൽ ജോലി ചെയ്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

സ്ഥിരം - 3 കരാർ - 80 കൺസോളിഡേറ്റഡ് പേ - 2 ദിവസവേതനം - 3 നിലവിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ സ്ഥിരം/ കരാർ/ദിവസവേതനം അടിസ്ഥാനത്തിൽ ജോലി ചെയ്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

സ്ഥിരം - 3 കരാർ - 48 ദിവസവേതനം - ഇല്ല

(ഡി) ധനകാര്യ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ജീവനക്കാരുടെ സേവനം അവസാനിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ ജോലി ചെയ്തിരുന്ന 35 കരാർ ജീവനക്കാരുടെ സേവനം അവസാനിപ്പിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധം III*-ൽ കാണാവുന്നതാണ്.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകി നിർദ്ദിഷ്ട ദിവസം കഴിഞ്ഞിട്ടും ജോലിയിൽ തുടരുന്ന ജീവനക്കാരുടെ വിവരം തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകി ജോലിയിൽ തുടരുന്ന ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം IV*-ൽ കാണാവുന്നതാണ്.

### പരമ്പരാഗത ഊർജ്ജ മേഖല

205 (2489) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത ഊർജ്ജ മേഖലയുടെ പ്രോത്സാഹനത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത ഊർജ്ജ മേഖലയുടെ പ്രോത്സാഹനത്തിനായി കെ.എസ്.ഇ.ബി., അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഈ സർക്കാരിന്റെ കാലത്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ KSEB നേരിട്ടും 12.55 MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വകാര്യ സംരംഭകർ മുഖാന്തരവും കേരളത്തിൽ പൂർത്തിയാക്കി. ഇതിനു പുറമെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

നിലവിൽ 193.5 മെഗാവാട്ട് ശേഷിയുള്ള പത്ത് ജലവൈദ്യുത പദ്ധതികളാണ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളത്. ഭൂതത്താൻകെട്ട്, പൊരിങ്ങൽക്കുത്ത്, അപ്പർ കല്ലാർ, ചാത്തൻകോട്ടുനട - II, പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ, സെൻഗുലം ഓഗ്മെന്റേഷൻ, പഴശ്ശി സാഗർ, ചിന്നാർ, പെരുവണ്ണാമൂഴി എന്നിവയാണ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ജലവൈദ്യുത പദ്ധതികൾ. ഇതിൽ ചിന്നാർ ഒഴിച്ചുള്ള പദ്ധതികൾ (169.5 MW) മാർച്ചിന് മുമ്പായി തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആകെ 39.5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പഴശ്ശിസാഗർ (7.5 MW), ചിന്നാർ (24 MW), പെരുവണ്ണാമൂഴി (6 MW), അപ്പർ കല്ലാർ (2 MW) എന്നീ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. 2015-മാണ്ടു മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW), തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW), ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി (6 MW) എന്നിവ പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് പരമ്പരാഗത ഊർജ്ജ മേഖലയുടെ പ്രോത്സാഹനത്തിനായി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>അക്ഷയ ഊർജ്ജ അവാർഡ്</u>: അക്ഷയ ഊർജ്ജ രംഗത്ത് സംസ്ഥാനത്തെ വിവിധ മേഖലകളിൽ മികച്ച സംഭാവന നൽകിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 2018 വർഷം മുതൽ അവാർഡ് നൽകിവരുന്നു. വ്യവസായ യൂണിറ്റുകൾ, വാണിജ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നീ വിഭാഗങ്ങളിലുള്ളവർക്കാണ് അവാർഡ് നൽകുന്നത്.

2. <u>'ബൈ മൈ സൺ' വെബ് പോർട്ടൽ</u> : ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

3. കൺസൾട്ടൻസി-ഡെപ്പോസിറ്റ് വർക്കുകൾ: തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി അനെർട്ട് കൺസൾട്ടൻസി വർക്കുകൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഏകദേശം 2.5 മെഗാവാട്ടിന്റെ സൗരനിലയം ഇതിനോടകം ഈ പദ്ധതി പ്രകാരം അനെർട്ട് പൂർത്തീകരിച്ചിട്ടുണ്ട്.

4. പൊതു സ്ഥാപനങ്ങളിൽ സൗര നിലയം സ്ഥാപിക്കുന്നു: 'സൗര' പദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി സാധ്യതാ പഠനം നടത്തിയതിൽ ഏകദേശം 12 മെഗാവാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്.

5. കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി : സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ടുവന്നാൽ അനെർട്ട് കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതാണ്.

6. പ്രളയബാധിത പ്രദേശങ്ങളിലെ സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ: നവകേരള സൃഷ്ടിയുടെ ഭാഗമായി സംസ്ഥാനത്തെ എട്ട് ജില്ലകളിലായി പ്രളയബാധിത പ്രദേശങ്ങളിലെ 19 സ്ഥാപനങ്ങളിൽ അനെർട്ട് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ചിരിക്കുകയാണ്. ആലപ്പുഴ, ,കോട്ടയം, ഇടുക്കി, കണ്ണൂർ, വയനാട്, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം ജില്ലകളിലായാണ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ചിരിക്കുന്നത്. അപേക്ഷകളുടെ അടിസ്ഥാനത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ സാധ്യതാപഠനം നടത്തിയതിനുശേഷമാണ് അനെർട്ട് പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകിയിരിക്കുന്നത്. വൈദ്യുതി ആവശ്യം പൂർണ്ണമായും നിർവ്വഹിക്കാൻ കഴിയുന്ന രീതിയിൽ ബാറ്ററി സ്റ്റോറേജ് സംവിധാനവും അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് നൽകുകയും ചെയ്യുന്ന സംവിധാനവും ഉൾപ്പെടുത്തിയ മാതൃകയാണ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ. കേരളത്തിൽത്തന്നെ ഗവൺമെൻറ് ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ ആദ്യമായാണ് ഇത്തരത്തിലൊരു പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ പദ്ധതി ചെലവ് 1,22,41,906

രൂപയാണ്. ഇത് പൂർണ്ണമായും അനെർട്ടിന്റെ പദ്ധതിച്ചെലവിൽ ഉൾപ്പെടുത്തിയാണ് സ്ഥാപിച്ചിരിക്കുന്നത്. ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങി ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലാണ് അനെർട്ട് രണ്ട് മുതൽ പത്ത് കിലോവാട്ട് വരെ ശേഷിയുള്ള സൗര വൈദ്യുതനിലയം സ്ഥാപിച്ചിരിക്കുന്നത്.

7. <u>സോളാർ വാട്ടർ ATM</u>: ആലപ്പുഴ ജില്ലയിലെ പാതിരപ്പള്ളി ജനകീയ ഭക്ഷണശാലയിലും കണ്ണൂർ ജില്ലയിലെ ചക്കരക്കൽ പ്രൈമറി ഹെൽത്ത് സെന്ററിലും അനെർട്ട് സോളാർ വാട്ടർ എ. ടി. എം. സജ്ജീകരിച്ചു കഴിഞ്ഞു. പൂർണ്ണമായും സൗരോർജത്തിന്റെ സഹായത്താൽ വെള്ളം ശുദ്ധീകരിച്ച് ലഭ്യമാക്കുന്ന സംവിധാനമാണ് സോളാർ വാട്ടർ എ.ടി.എം. സോളാർ വാട്ടർ എ.ടി.എം.-ന്റെ പദ്ധതിച്ചെലവ് ഏകദേശം 22 ലക്ഷം രൂപയാണ്. 3 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ സഹായത്തോടെ പ്രതിദിനം 2000 ലിറ്റർ ശുദ്ധജലം ഇതിലൂടെ വിതരണം ചെയ്യാൻ കഴിയും.

8. <u>സൗരോർജ്ജ ശീതസംഭരണി</u>: പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സുഭിക്ഷ നാളികേര ഉൽപ്പാദക കേന്ദ്രത്തിലാണ് അനെർട്ട് സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ശീതസംഭരണി സജ്ജീകരിച്ചിരിക്കുന്നത്. 5 മെട്രിക് ടൺ ശേഷിയുള്ള സംഭരണിയുടെ പ്രവർത്തനത്തിനാവശ്യമായ 5 HP കംപ്രസ്സർ മോട്ടോർ, 6 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പാനലുകളിൽ നിന്നുള്ള വൈദ്യുതിയിലാണ് പ്രവർത്തിക്കുന്നത്. വൈദ്യുതിയുടെ അഭാവത്തിലും 30 മണിക്കൂർവരെ നിശ്ചിത താഴ്ന്ന ഊഷ്മാവ് നിലനിർത്താൻ സംഭരണിക്ക് സാധിക്കും. കർഷകർക്ക് താങ്ങാകുന്ന സൗരോർജ്ജ ശീതസംഭരണി 2019-20 സാമ്പത്തിക വർഷത്തിൽ അനെർട്ട് മാതൃക പദ്ധതിയായി നടപ്പിലാക്കിയ ഒന്നാണ്. പഴങ്ങൾ, പച്ചക്കറി വർഗ്ഗങ്ങൾ എന്നിവ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന സൗരോർജ്ജ ശീതസംഭരണി കാർഷിക വ്യാവസായിക മേഖലകൾക്ക് ലാഭകരമായ ഒന്നാണ്.

9. <u>അക്ഷയ ഊർജ്ജ സേവന കേന്ദ്രം</u>: സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും അനെർട്ടിന്റെ മേൽനോട്ടത്തിൽ ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും

സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കുക എന്നതാണ് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രധാന ചുമതല. അനെർട്ട് ഇതിനാവശ്യമായ സാങ്കേതിക പരിശീലനം നൽകിവരുന്നു. സംരംഭകരുടെ മുതൽ മുടക്കിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്.

10. പരിശീലന പരിപാടികൾ: പാരമ്പര്യേതര ഊർജ്ജ മേഖലയിലെ വിഷയങ്ങൾ സംബന്ധിച്ച് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത പരിശീലന പരിപാടിക്കുശേഷം ഇവരെ ഇവാല്യുവേഷന് വിധേയമാക്കുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അനെർട്ട് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. പ്രസ്തുത പരിശീലന പരിപാടി ടി വിദ്യാർത്ഥികളുടെ ഇന്റേണൽ അസസ്സ്മെന്റിനായി കോളേജ് ഉപയോഗിക്കുന്നു.

## വൈദ്യുതി സംരക്ഷണം

206 (2490) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി സംരക്ഷണത്തിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ രൂപം നൽകിയ ഊർജ്ജ കേരള മിഷനിലുൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ട്സിന്റെ ഗുണമേന്മയേറിയ ഒരു കോടി എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് പ്രധാനലക്ഷ്യം. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ ഉപഭോക്താക്കൾക്ക് LED ബൾബുകൾ ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ട്. ഇതോടൊപ്പം വീടുകളിൽനിന്നും പഴയ CFL/ICL (കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പ്/ ഇൻ കാൻഡസെന്റ് ലാമ്പ്) ബൾബുകൾ ശേഖരിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 107 ലക്ഷം LED ബൾബുകൾക്കായി ഏകദേശം 13.27 ലക്ഷം ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2021 ജനുവരി രണ്ടാംവാരത്തോടെ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാംഘട്ടം മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

(സി) സംസ്ഥാനത്തെ സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി. സോളാർ ലൈറ്റുകളാക്കി മാറ്റുന്നതിന് എന്തെങ്കിലും പ്രോജക്ട് നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലുടനീളം എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഊർജ്ജക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമത കൂടിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന 'നിലാവ്' എന്ന പദ്ധതി നിലവിലുണ്ട്. കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള വിശദമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ SPV ആയി കെ.എസ്.ഇ.ബി. ലിമിറ്റഡിനെ നിശ്ചയിച്ചുകൊണ്ടും EESL-ൽ നിന്നു LED തെരുവ് വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുമതി നൽകിയും പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുവാൻ അനുമതി നൽകിയും തദ്ദേശഭരണ വകുപ്പ് 25-12-2020-ലെ സ.ഉ.(കൈ) നമ്പർ 202/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്നാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളത്.

**ഊർജ്ജ കേരള മിഷൻ**

207 (2491) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഈ സർക്കാർ രൂപീകരിച്ച ഊർജ്ജ കേരള മിഷന്റെ പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി

ഉറപ്പാക്കുന്നതിനായി സർക്കാർ 2018 ജൂലൈയിൽ 'ഊർജ്ജ കേരള മിഷൻ' പ്രഖ്യാപിച്ച നടപ്പാക്കിവരുന്നു. 2021-ഓടുകൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യവുമായി 'ദ്യുതി 2021', കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 'ട്രാൻസ്ഗ്രിഡ് 2.0', 2021 - ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി 'സൗര', ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവന ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം പദ്ധതി', കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് 'ഇ-സേഫ് പദ്ധതി എന്നിങ്ങനെ അഞ്ച് ഫ്ലാഗ്ഷിപ്പ് പദ്ധതികൾ അടങ്ങുന്നതാണ് ഊർജ്ജ കേരള മിഷൻ.

(ബി) പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനത്തിന് ഊർജ്ജ കേരള മിഷൻ നടപ്പാക്കിവരുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സൗരോർജ്ജത്തിൽ നിന്ന് ആയിരം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ആവിഷ്കരിച്ച സൗര പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) സൗര പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

(ബി-ഡി) പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നുമുള്ള വൈദ്യുത ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കിവരുന്നു. 2021-ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി 'സൗര' പദ്ധതി ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ഇതിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് - 46.5 MW കൂട്ടിച്ചേർക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW-ൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി സർവ്വേ

പ്രവർത്തനങ്ങൾ ആരംഭിച്ചു. 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡ്ഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും - താരിഫ് അധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത NTPC (90 MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. 200 മെഗാവാട്ട് സോളാർ പാർക്കുകളും - കാസർഗോഡ് സോളാർ പാർക്കിൽ 100 MW പ്രവർത്തനം ആരംഭിച്ചു. മറ്റൊരു 105 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള സ്ഥല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും - കായംകുളം NTPC പദ്ധതിയോടു ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ നിലയം നിർമ്മാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് (50 MW) ടെണ്ടർ നടപടികൾ പൂർത്തിയായി. ഇടുക്കി ജലസംഭരണിയിലും (300MW), ബാണാസുര-സാഗർ ജലസംഭരണിയിലും (100MW) ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. പൊതു സ്ഥാപനങ്ങൾ സൗര വൈദ്യുതീകരണം നടത്തുന്ന 'സൗര' പദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി അനെർട്ട് സാധ്യതാ പഠനം നടത്തിയതിൽ ഏകദേശം 12 മെഗാ വാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്.

**പള്ളുരുത്തി മേഖലയിലെ വോൾട്ടേജ് ക്ഷാമം**

208 (2492) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി മേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി മേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി ശേഷി ഉയർത്തുന്നത് ഉൾപ്പെടെ പുതിയ 38 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. LT ABC ഉൾപ്പെടെ പുതിയതായി 14.793 കി.മീ. LT OH ലൈൻ വലിച്ചു. 2.759 കി.മീ. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസാക്കി മാറ്റി.

## മണലൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പ്രവൃത്തികൾ

209 (2493) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ മേഖലയിലെ സുസ്ഥിര വികസനത്തിനായി റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന 298.38 കോടി രൂപയുടെ പദ്ധതിയുടെ ഭാഗമായി സുഗമമായ വൈദ്യുതി വിതരണത്തിന് ട്രാൻസ്ഫോർമർ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്?

കോൾ മേഖലയിലെ സുസ്ഥിര വികസനത്തിനായി റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന 298.38 കോടി രൂപയുടെ പദ്ധതിയുടെ ഭാഗമായി സുഗമമായ വൈദ്യുതി വിതരണത്തിന് ട്രാൻസ്ഫോർമർ ഉൾപ്പെടെ ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് കെ. എസ്.ഇ.ബി. ലിമിറ്റഡ് 8.93 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ആദ്യ ഘട്ടമായി 3.76 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായുള്ള നടപടികൾ കൈകൊണ്ടുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയിൽ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, ജില്ലകളിലായി 126 പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തികളിൽ 100kVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് 95 എണ്ണം, 160kVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് 3 എണ്ണം, Communicative Fault Pass detector- 333 എണ്ണം, HT ABC ലൈൻ വലിക്കുന്നത് - 1.615 km, പുതിയ 11kV ലൈൻ വലിക്കുന്നത് - 18.251km തുടങ്ങിയവയും അനുബന്ധ പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 3.76 കോടി രൂപയുടെ 63 പ്രവൃത്തികൾ ആദ്യഘട്ടമായി നടപ്പാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരം മണലൂർ നിയോജകമണ്ഡലത്തിൽ ആകെ 68,70,323 രൂപയുടെ (അറുപത്തെട്ട് ലക്ഷത്തി എഴുപതിനായിരത്തി മുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ) പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു. ടി പ്രവൃത്തികളിൽ 1450 mtr ലൈൻ വലിക്കൽ, 10 എണ്ണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

210 (2494) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രസരണ വിഭാഗത്തിന് കീഴിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

220 കെ. വി. സബ്സ്റ്റേഷൻ: ഇടപ്പോണിൽ പുതുതായി 16 എം.വി.എ. ശേഷിയുള്ള ഒരു 110/33 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ചുകൊണ്ട് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ചു. ഇതിനായി 278.07 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

33 കെ. വി. സബ്സ്റ്റേഷൻ :വള്ളികുന്നത്ത് പുതുതായി 5 എം വി എ. ശേഷിയുള്ള ഒരു 33/11 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിച്ചുകൊണ്ട് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ചു. ഇതിനായി 100 ലക്ഷം രൂപ ചെലവഴിച്ചു.

കൂടാതെ ഇടപ്പോൺ മുതൽ മാവേലിക്കര വരെയുള്ള 66 കെ.വി. ലൈൻ 110 കെ.വി. ആയി ശേഷിവർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെയും മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഭാഗികമായി വരുന്ന പള്ളം മുതൽ മാവേലിക്കര വരെയുള്ള 66 കെ.വി ലൈനിന്റെയും മാവേലിക്കര മുതൽ തിരുവല്ല വരെയുള്ള 66 കെ.വി. ലൈൻ 110 കെ.വി. ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെയും പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും പ്രവൃത്തികൾ ടെണ്ടറിംഗ് സ്റ്റേജിലേക്കാകുവാനും കഴിഞ്ഞിട്ടുണ്ട്. ഇടപ്പോൺ - മാവേലിക്കര ലൈനിന്റെ ഭരണാനുമതി തുക 20.85 കോടി രൂപയും, മാവേലിക്കര – തിരുവല്ല ലൈനിന്റെ തുക 26.25 കോടി രൂപയുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ, വിതരണ വിഭാഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പാക്കിയ IPDS-പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി 2021' എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 57.54 കി.മീ. 11 kV ലൈൻ വലിക്കുകയും 8.84 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും 35

ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെടെ ആകെ 3199.45 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും അനെർട്ടിന്റെ മേൽനോട്ടത്തിൽ ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) ആരംഭിച്ചിട്ടുണ്ട്. പൊതു ജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തിരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കുക എന്നതാണ് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രധാന ചുമതല. അനെർട്ട് ഇതിനാവശ്യമായ സാങ്കേതിക പരിശീലനം നൽകിവരുന്നു. സംരംഭകരുടെ മുതൽ മുടക്കിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി അനെർട്ട് തുക ചെലവഴിച്ചിട്ടില്ല.

## തെരുവു വിളക്കുകൾക്ക് ഓട്ടോമാറ്റിക് സംവിധാനം

211 (2495) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ ലൈനുകൾ വലിച്ച് ഓട്ടോമാറ്റിക് സംവിധാനം സ്ഥാപിക്കുന്നത് ബന്ധപ്പെട്ട തദ്ദേശസ്ഥാപനം അനുവദിക്കുന്ന ഫണ്ടുകൾക്കനുസൃതമാണോ; ഇവ സ്ഥാപിക്കുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

അതെ. തെരുവുവിളക്കുകൾക്കായി സ്ട്രീറ്റ് മെയിൻ ലൈനുകൾ വലിച്ച് സ്ട്രീറ്റ് ലൈറ്റ് ഓട്ടോമാറ്റിക് കൺട്രോളർ ബോക്സ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം സമർപ്പിക്കുന്ന മുറയ്ക്ക് ബോർഡ് നിയമാനുസൃതമായ ഡിമാൻഡ് നോട്ടീസ് നൽകുയും ഈ തുക ഡെപ്പോസിറ്റ് വർക്കായി കെ.എസ്.ഇ.ബി.എൽ.-ൽ അടയ്ക്കുന്ന മുറയ്ക്ക് ടെണ്ടർ മുഖാന്തരം പ്രസ്തുത ജോലി പൂർത്തീകരിക്കുകയും ചെയ്യുന്നു.

(ബി) ഇത്തരത്തിൽ തെരുവുവിളക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സ്ട്രീറ്റ് ലൈൻ, ഓട്ടോമാറ്റിക് ടൈമർ സിസ്റ്റം എന്നിവയുടെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് അറിയിക്കാമോ?

തെരുവ് വിളക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സ്ട്രീറ്റ് മെയിൻ ലൈനുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം കെ. എസ്. ഇ. ബി. എൽ.-ൽ നിക്ഷിപ്തമാണ്. കെ.എസ്.ഇ.ബി.എൽ. സ്ഥാപിക്കുന്ന ഓട്ടോമാറ്റിക്

കൺട്രോളറുകൾക്ക് വാറന്റി നിലവിലുള്ള കാലഘട്ടത്തിൽ സംഭവിക്കുന്ന കേടുപാടുകൾ ബന്ധപ്പെട്ട കമ്പനിയാണ് പരിഹരിക്കേണ്ടത്.

(സി) തകരാർ ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഓഫീസിൽ റിപ്പോർട്ട് ചെയ്താൽ എത്ര ദിവസത്തിനകം തകരാർ പരിഹരിക്കണമെന്ന് വ്യവസ്ഥയുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ബന്ധപ്പെട്ട ഓഫീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുമായി ബന്ധപ്പെട്ട തകരാറുകൾ പരിഹരിക്കുന്നതിനുള്ള പരമാവധി സമയം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ല.

## കോതമംഗലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾ

212 (2496) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കോതമംഗലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം നിയോജക മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

നിലവിലുണ്ടായിരുന്ന 66 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി.-യാക്കി ഉയർത്തി. ഇവിടെ 100 MVA ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി അനുബന്ധ ലൈനുകളുടെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ വിഭാഗത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

ഈ കാലയളവിൽ കോതമംഗലം മണ്ഡലത്തിൽ, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഉൾപ്പെടെ ആകെ 7958 വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതു കൂടാതെ ബഹു: എം.എൽ.എ- യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഭൂതത്താൻകെട്ട് മുതൽ വടാട്ടുപ്പാറാ മീരാൻ സിറ്റി വരെ 5.4 കി.മി. ലൈൻ വലിച്ച്, 3 ആട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകളും, 128 എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന 25 ലക്ഷം രൂപയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നടപ്പാക്കിവരുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി 2021'-ൽ ഉൾപ്പെടുത്തി 1.03 കി.മീ. 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തിയും, 0.235 കി.മീ. UG കേബിൾ ലൈൻ വലിക്കുന്ന പ്രവൃത്തിയും 1.2 കി.മീ. സിംഗിൾ ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും 2.33 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും 2 100 kVA ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടെ 87.07 ലക്ഷം രൂപയുടെ പ്രവൃത്തികൾ 2021 ഫെബ്രുവരിയിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കോതമംഗലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മേൽ പ്രവൃത്തിക്കുപുറമേ ഇടമലയാർ ഭൂതത്താൻകെട്ട് 66 കെ.വി. ലൈൻ 110 കെ.വി. ലൈൻ ആയി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോതമംഗലം മണ്ഡലത്തിൽ വൈദ്യുതി വിതരണ വിഭാഗത്തിൽ ' ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി മൊത്തം 1951.19 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന, 1.45 കി.മീ. 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കൺടക്ടർ (ABC)ലൈൻ വലിക്കുന്ന പ്രവൃത്തിയും 26 കി.മീ. UG കേബിൾ ലൈൻ വലിക്കുന്ന പ്രവൃത്തിയും 0.193 കി.മീ. സിംഗിൾ ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും 20.29 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും 10 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## അന്തർ സംസ്ഥാന വൈദ്യുതി

213 (2497) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ 80 ശതമാനവും അന്തർ സംസ്ഥാന വൈദ്യുതിയാണോ?

അല്ല. കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 70%-വും പുറമേനിന്നും വൈദ്യുതി വാങ്ങിയാണ് നിറവേറ്റപ്പെടുന്നത്.

(ബി) പവർ ഗ്രിഡ് കോർപ്പറേഷന്റെ അഭ്യർത്ഥനയെ തുടർന്നാണോ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അന്തർ സംസ്ഥാന വൈദ്യുതി പ്രസരണ നിരക്ക് കൂട്ടിയത്?

കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (CERC) പുറപ്പെടുവിക്കുന്ന റെഗുലേഷനിൽ കാലാകാലങ്ങളിൽ Power scenario-യിൽ ഉണ്ടാകുന്ന മാറ്റങ്ങളനുസരിച്ചും അവ നടപ്പാക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനും വൈദ്യുതി രംഗത്തുള്ള സ്ഥാപനങ്ങളുടെയും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെയും അഭിപ്രായങ്ങൾ മാനിച്ചും ഭേദഗതികൾ നടത്തുകയോ പുതിയ ചട്ടങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്യാറുണ്ട്. നിലവിൽ സ്വകാര്യ മേഖലയിലുള്ള വൈദ്യുതി ഉൽപ്പാദന നിലയങ്ങൾക്കുവേണ്ടി നിർമ്മിച്ച ലൈനുകളുടെ 56%-വും ഉപയോഗിക്കുന്നില്ല. ടി കാരണത്താൽ, ഈ ലൈനുകൾ കടന്നു പോകുന്ന സംസ്ഥാനങ്ങളുടെ പ്രസരണ ചാർജ്ജ് കൂടുതലാണെന്ന പരാതി ചൂണ്ടിക്കാണിച്ചാണ് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുതിയ റെഗുലേഷൻ പുറപ്പെടുവിക്കുകയുണ്ടായത്.

(സി) എങ്കിൽ ഇതു കാരണം കേരളം ഇപ്പോൾ നല്കുന്ന പ്രസരണ ചാർജ്ജ് ആയ 550 കോടി രൂപ എന്നത് 1500 കോടി രൂപ ആയി വർദ്ധിക്കുമോ?

കേരളം ഇപ്പോൾ നൽകുന്ന പ്രസരണ ചാർജ്ജിൽ പ്രതിവർഷം ഏകദേശം 300 കോടി രൂപയുടെ വർദ്ധനയുണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ഡി) എങ്കിൽ ഈ അധിക ബാധ്യത ജനങ്ങളിൽനിന്ന് ഈടാക്കേണ്ടി വരുമെന്നതിനാൽ യൂണിറ്റിന് 50 പൈസ വൈദ്യുതി ചാർജ്ജിനത്തിൽ കൂട്ടേണ്ടി വന്നേക്കുമെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ; എങ്കിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

വൈദ്യുതി വാങ്ങുന്നതിലുണ്ടാകുന്ന ചെലവിലാണ് പ്രസരണ ചാർജ്ജും ഉൾപ്പെടുന്നത്. ഇങ്ങനെ അധികം വരുന്ന പ്രസരണ ചാർജ്ജ്, വൈദ്യുതി വാങ്ങുന്നതിന്റെ വില വർദ്ധിപ്പിക്കുകയും ഇത് ഉപഭോക്താക്കളുടെ പക്കൽനിന്നും വൈദ്യുതി ചാർജ്ജിനത്തിൽ ഈടാക്കേണ്ടിവരുന്ന സ്ഥിതിവിശേഷം സംജാതമാകുകയും ചെയ്യും. എന്നാൽ ഇക്കാരണത്താൽ, വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള തീരുമാനങ്ങളൊന്നുംതന്നെ എടുത്തിട്ടില്ല.

(ഇ) അല്ലെങ്കിൽ ഈ സാമ്പത്തിക ബാധ്യത ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്നതിനു പകരം കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞു കിട്ടാനുള്ള 2700 കോടി രൂപ സമയബന്ധിതമായി പിരിച്ചെടുത്ത് അധിക പ്രസരണ ചാർജ്ജിനായി വിനിയോഗിച്ചുകൂടെ; വിശദാംശങ്ങൾ നൽകുമോ?

പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശിക തുക, വൈദ്യുതി താരിഫിൽ പ്രതിഫലിക്കാത്ത രീതിയിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് സംസ്ഥാന

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പിന്തുടരുന്നത്. കുടിശ്ശിക പിരിച്ചെടുക്കുന്നത് വഴി നിലവിലുള്ള കടബാധ്യതയിൽ കുറവനുഭവപ്പെടുമെങ്കിലും താരിഫ് നിർണ്ണയത്തിന് റെഗുലേറ്ററി കമ്മീഷൻ കണക്കാക്കുന്ന വരുമാന കമ്മിയെ അത് ബാധിക്കില്ലെന്ന് 17-4-2017-ൽ കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

**ചാത്തങ് കോട്ട്നട ജല വൈദ്യുത പദ്ധതി**

214 (2498) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചാത്തങ്കോട്ട്നട ജല വൈദ്യുത പദ്ധതിയുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വെളിപ്പെടുത്താമോ?

കോഴിക്കോട് ജില്ലയിൽ കുറ്റിയാടി നദീതടത്തിലേക്കുള്ള രണ്ട് പോഷകനദികളിൽ നിന്നും 6 മെഗാവാട്ട് സ്ഥാപിതശേഷിയും പ്രതിവർഷം 14.76 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനവും ലക്ഷ്യമിടുന്ന പദ്ധതിയാണ് ചാത്തങ്കോട്ട്നട സ്റ്റേജ് - II ജലവൈദ്യുത പദ്ധതി. 2015 മുതൽ നിർമ്മാണം മുടങ്ങിക്കിടന്ന ഈ ജലവൈദ്യുത പദ്ധതി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ബാക്കി സിവിൽ ജോലികൾക്കുള്ള 41.06 കോടി രൂപയുടെ കരാർ 4-11-2018-ൽ കെ.കെ. ബിൽഡേഴ്സ്, കണ്ണൂർനു നല്കിയിട്ടുണ്ട്. E&M ജോലികൾക്ക് 22.45 കോടി രൂപയുടെ കരാർ വോയിത്ത് ഹൈഡ്രോ പ്രൈവറ്റ് ലിമിറ്റഡിന് 30-3-2019-ൽ നൽകുകയുണ്ടായി. നിലവിൽ 90%-ത്തോളം സിവിൽ ജോലികളും 30%-ത്തോളം E&M ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പറയാമോ?

2021 മാർച്ചിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ട് എത്ര വർഷമായി എന്നറിയിക്കാമോ?

2010-ൽ CIPL-CEPL-BFL-നു കരാർ നല്കിയ പദ്ധതിക്ക് പലവിധ കാരണങ്ങളാലും പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാത്തതിനെ തുടർന്ന് 5/2017-ൽ റദ്ദുചെയ്യുകയും തുടർന്ന് 11/2017-ൽ പുതിയ കരാർ കെ.കെ. ബിൽഡേഴ്സ് കണ്ണൂർ-നെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

215 (2499) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ മുതൽ 2020 ഡിസംബർ 31 വരെ വൈദ്യുതി വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദമായ പട്ടിക ലഭ്യമാക്കുമോ;

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ മുതൽ 2020 ഡിസംബർ 31 വരെ വിതരണ വിഭാഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ DDUGJY-പദ്ധതി, നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന PPS പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ‘ ദ്യുതി' എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 711.64 കി.മീ ലോ ടെൻഷൻ ലൈൻ റീകണ്ടക്റ്ററിംങ് പ്രവൃത്തികളും, 36 കി.മീ. ഹൈ ടെൻഷൻ ഭൂഗർഭ കേബിൾ സ്ഥാപിക്കുകയും 29 കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും 66.35 കി.മീ. ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും 49.69 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും, 43 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

1. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 33 കെ.വി. ഓച്ചിറ സബ്സ്റ്റേഷന്റെ സ്ഥാപിത ശേഷി 10 MVA-യിൽ നിന്നും 16 MVA ആയി ഉയർത്തി. ഇതിനായി 1.74 കോടി രൂപ ചെലവായി.

2. കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി ആക്കി മാറ്റുന്ന പ്രവൃത്തിയും അനുബന്ധ ലൈൻ 110 കെ.വി. ആക്കുന്നതിനുള്ള നിർമ്മാണ

പ്രവൃത്തികളും നടന്നുവരുന്നു. ഈ പ്രവൃത്തിയിലൂടെ സബ്സ്റ്റേഷന്റെ ശേഷി 30 MVA-യിൽ നിന്നും 40 MVA ആയി മാറുന്നതാണ്.

(സി) തൊടിയൂർ ഗ്രാമപഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി വെളുത്ത മണൽ കേന്ദ്രമാക്കി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

തൊടിയൂർ ഗ്രാമ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം കരുനാഗപ്പള്ളി സബ്സ്റ്റേഷൻ 110 കെ.വി. ആക്കി മാറ്റുന്നതിലൂടെ പരിഹരിക്കപ്പെടുന്നതാണ്. വെളുത്തമണൽ പ്രദേശം കരുനാഗപ്പള്ളി സബ്സ്റ്റേഷനിൽ നിന്നും ഏകദേശം 2 കിലോമീറ്റർ ദൂരെ മാത്രമാണ് സ്ഥിതി ചെയ്യുന്നത്. ആകയാൽ ഈ പ്രദേശത്ത് മറ്റൊരു സബ്സ്റ്റേഷൻ ആവശ്യമില്ല.

**ചേലക്കര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

216 (2500) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ചേലക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇവ സ്ഥാപിച്ച സ്ഥലങ്ങളുടെ പേരുകൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ചേലക്കര നിയോജകമണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള 45 ട്രാൻസ്ഫോർമറുകളുടെ വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(ബി) ഇതോടൊപ്പം ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി എച്ച്.റ്റി. ലൈൻ അടക്കമുള്ള ലൈൻ വിപുലീകരണ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ സെക്ഷൻ ആഫീസ് തലത്തിൽ വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, DDUGJY-പദ്ധതി, IPDS-പദ്ധതി, Dyuthi -പദ്ധതി എന്നിവയിലുൾപ്പെടുത്തി 63.33 കിലോമീറ്റർ എച്ച്.ടി. പുതിയ ലൈനുകളും 108.4 കിലോമീറ്റർ എൽ.ടി. ലൈനുകളും പൂർത്തീകരിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസ് തലത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചാലക്കുടി സബ് സ്റ്റേഷൻ**

217 (2501) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ചാലക്കുടി കെ.എസ്.ഇ.ബി. 110 കെ.വി. സബ് സ്റ്റേഷനെ 220 കെ.വി. സബ് സ്റ്റേഷനാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

220 kV AIS ചാലക്കുടി സബ്സ്റ്റേഷന്റെ പണികൾ പൂർത്തിയാക്കി 11-12-2020 ൽ എനർജൈസ് ചെയ്തിട്ടുണ്ട്.

(ബി) എന്തെല്ലാം പ്രവർത്തനങ്ങളും സൗകര്യങ്ങളുമാണ് ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പുതിയ 220 കെ.വി. സബ്സ്റ്റേഷനും അനുബന്ധമായി നിർമ്മിച്ചിട്ടുള്ള 220 കെ.വി. ലൈനും യാഥാർത്ഥ്യമായതോടെ ചാലക്കുടി സബ്സ്റ്റേഷന്റെ ശേഷിയിൽ 200 MVA യുടെ (2 x 100 MVA ട്രാൻസ്ഫോർമർ) വർദ്ധനവുണ്ടായി. ചാലക്കുടി സബ്സ്റ്റേഷൻ 220 കെ.വി. മാടക്കത്തറ ലോവർ പെരിയാർ ലൈനുമായി ബന്ധിപ്പിക്കാൻ സാധിച്ചു. ടി പ്രവർത്തനങ്ങൾ വഴി പ്രസരണ നഷ്ടം കുറയ്ക്കുവാനും ചാലക്കുടി സബ്സ്റ്റേഷനിലേയ്ക്ക് മാടക്കത്തറ 2000 MW HVDC സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി എത്തിക്കാനുമാകും. ചാലക്കുടി സബ്സ്റ്റേഷൻ 220 കെ.വി പ്രസരണ ശൃംഖലയുമായി ബന്ധിപ്പിക്കുകവഴി ചാലക്കുടിക്ക് പുറമേ ഈ സബ്സ്റ്റേഷനിൽ നിന്നുള്ള 110 കെ.വി. ഫീഡറുകളുള്ള മാള, കൊട്ടുങ്ങല്ലൂർ, അങ്കമാലി, പുതുക്കാട്, ഒല്ലൂർ, കാട്ടൂർ, മലയാറ്റൂർ, കൊടകര തുടങ്ങിയ സബ്സ്റ്റേഷനുകളിലേക്കുള്ള വൈദ്യുതി പ്രസരണം കൂടുതൽ കാര്യക്ഷമമായി.

**ഇ-ചാർജ്ജിംഗ് സ്റ്റേഷനുകൾ**

218 (2502) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിൽ നിലവിൽ എത്ര ഇ-ചാർജ്ജിംഗ് സ്റ്റേഷനുകളാണുള്ളത്?

കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിൽ നിലവിൽ താഴെപ്പറയുന്ന 6 ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാണ്.

1. നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം

2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം
3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം
4. വിയ്യൂർ, സബ് സ്റ്റേഷൻ, തൃശ്ശൂർ
5. നല്ലളം, സബ് സ്റ്റേഷൻ, കോഴിക്കോട്
6. ചൊവ്വ, സബ് സ്റ്റേഷൻ, കണ്ണൂർ

(ബി) ഇത്തരം ചാർജ്ജിംഗ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കെ.എസ്.ഇ.ബി. നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്?

സംസ്ഥാന സർക്കാരിന്റെ ഇ-വെഹിക്കിൾ നയപ്രകാരം കെ.എസ്.ഇ.ബി.എൽ.-നെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. അതുപ്രകാരം സംസ്ഥാനത്തുടനീളം മതിയായ ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന നടപടി സ്വീകരിച്ചുവരുന്നു.

a) <u>സംസ്ഥാനത്തെ ആദ്യത്തെ ഡി.സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ</u>: സംസ്ഥാനത്തെ ആദ്യത്തെ ഡി.സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഗവൺമെന്റ് സെക്രട്ടേറിയറ്റ് പരിസരത്ത് 2019 ജൂണിൽ സ്ഥാപിതമായി. പ്രസ്തുത സ്റ്റേഷൻ ഗവൺമെന്റ് വാഹനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

b) <u>സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രകാരമുള്ള പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ</u>: 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. - ന് സംസ്ഥാന സർക്കാർ 8.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ആദ്യ പടിയായി സ്ഥാപിച്ച മേൽപ്പറയുന്ന 6 സ്റ്റേഷനുകൾ ഇപ്പോൾ ഉപയോഗത്തിലുണ്ട്. ബാക്കിയുള്ള 26 സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. ഈ പദ്ധതി അടുത്ത നാല് മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

c) <u>കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരമുള്ള പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ</u> : ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രി 28-8-2019-ൽ ക്ഷണിച്ച താത്പര്യപത്രം അനുസരിച്ച് കെ.എസ്.ഇ.ബി.എൽ. 211 സ്റ്റേഷനുകളുടെ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അതിൽ 79 എണ്ണത്തിന്

സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. അതിൽപ്പെടുന്ന 30 സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അടുത്ത നാല് മാസത്തിനകം പൂർത്തിയാകുമെന്നും പ്രതീക്ഷിക്കുന്നു.

**ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

219 (2503) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രചാരം കണക്കിലെടുത്ത് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇലക്ട്രിക് വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രചാരം കണക്കിലെടുത്ത് 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി കെ. എസ്. ഇ. ബി. എൽ.-ന് സംസ്ഥാന സർക്കാർ 8.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ആദ്യപടിയായി സ്ഥാപിച്ച താഴെപ്പറയുന്ന 6 സ്റ്റേഷനുകൾ ഇപ്പോൾ ഉപയോഗത്തിലുണ്ട്.

1. നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം
2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം
3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം
4. വിയ്യൂർ, സബ് സ്റ്റേഷൻ, തൃശ്ശൂർ
5. നല്ലളം, സബ് സ്റ്റേഷൻ, കോഴിക്കോട്
6. ചൊവ്വ, സബ് സ്റ്റേഷൻ, കണ്ണൂർ

ബാക്കിയുള്ള എല്ലാ ജില്ലകളിലുമായി 26 സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. ഈ പദ്ധതി അടുത്ത നാല് മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കെ.എസ്.ഇ.ബി. ഉപഭോക്താക്കൾക്കുള്ള എസ്.എം.എസ്. അറിയിപ്പ്**

220 (2504) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ൽ മീറ്റർ റീഡിംഗുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങൾ/മാനദണ്ഡങ്ങൾ ഏന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014-ലെ 110, 111, 112 എന്നീ ചട്ടങ്ങൾ പ്രകാരമാണ് കെ.എസ്.ഇ.ബി.-ൽ വിവിധ വിഭാഗം ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് എടുത്തുവരുന്നത്. സപ്ലൈകോഡിലെ 110-ാം ചട്ടപ്രകാരം ഒരു ബില്ലിംഗ് സൈക്കിളിൽ ഒരു തവണ മീറ്റർ റീഡിംഗ് എടുക്കേണ്ടതാണ്. ഇതിനുപുറമേ, ഉപഭോക്താവിന്റെ ആവശ്യപ്രകാരമോ പ്രത്യേക സാഹചര്യങ്ങളിലോ മീറ്റർ റീഡിംഗ് എടുക്കാവുന്നതാണെന്നും ചട്ടം നിഷ്കർഷിക്കുന്നുണ്ട്. ഒരു ഉപഭോക്താവിന്റെ മീറ്റർ റീഡിംഗ് എടുക്കാൻ പറ്റാത്ത സാഹചര്യമുണ്ടായാൽ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ബില്ലുകൾ നൽകാമെന്ന് 110 (11)-ാം ചട്ടം നിഷ്കർഷിക്കുന്നുണ്ട്. ഇത് അടുത്തടുത്ത് രണ്ട് ബില്ലിംഗ് സൈക്കിളിൽ കൂടരുതെന്നും യഥാർത്ഥ റീഡിംഗ് ലഭ്യമാകുന്ന മുറയ്ക്ക് മുൻ കാലങ്ങളിൽ നൽകിയ (ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ) ബില്ലുകൾ പുതുക്കി നൽകണമെന്നും അനുശാസിക്കുന്നു.

(ബി) ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടും മറ്റും പകൽ സമയത്ത് പൂർണ്ണമായി അടഞ്ഞു കിടക്കുന്ന വീടുകൾ പോലുള്ളവയിലെ മീറ്റർ റീഡിംഗ് എടുക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സപ്ലൈ കോഡിലെ 109-ാം ചട്ട പ്രകാരം മീറ്ററും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്ന സ്ഥലം ഉപഭോക്താവുമായി ആലോചിച്ച ശേഷമായിരിക്കണമെന്നും അപ്രകാരം മീറ്ററുകളുടെ സ്ഥാനം നിശ്ചയിക്കപ്പെടുമ്പോൾ ആയത് അവയുടെ പരിശോധനയ്ക്കും മെയിന്റനൻസിനും റീഡിംഗ് എടുക്കുന്നതിനും എളുപ്പത്തിൽ പ്രാപ്യമാകത്തക്ക വിധത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ ഇത് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് പ്രകാരമായിരിക്കണമെന്നും ചട്ടം നിഷ്കർഷിക്കുന്നു. ഏതെങ്കിലും ഉപഭോക്താവിന്റെ മീറ്റർ റീഡിംഗ് സമയാസമയങ്ങളിൽ എടുക്കുവാൻ പറ്റാത്ത സാഹചര്യങ്ങളിൽ അനുവർത്തിക്കേണ്ടുന്ന നടപടിക്രമങ്ങളെപ്പറ്റി സപ്ലൈകോഡിലെ 111-ാം ചട്ടം പ്രതിപാദിക്കുന്നുണ്ട്. ടി ചട്ട പ്രകാരം തുടർച്ചയായി രണ്ട് തവണ മീറ്റർ റീഡിംഗ് ലഭ്യമാകാത്ത സാഹചര്യമുണ്ടായാൽ, ഉപഭോക്താവിന് ഏഴ് ദിവസത്തെ നോട്ടീസ് നൽകി, റീഡിംഗ് എടുക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ടി നോട്ടീസിൽ റീഡിംഗ് എടുക്കുവാൻ വരുന്ന സമയം കാണിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) നിലവിൽ വൈദ്യുതി വിതരണത്തിലെ തടസ്സങ്ങളുമായും മറ്റും ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. എസ്.എം.എസ്. മുഖേന നൽകുന്ന അറിയിപ്പിന് സമാനമായി മീറ്റർ റീഡിംഗ് സംബന്ധിച്ച് ഉപഭോക്താക്കൾക്ക് മുൻകൂട്ടി അറിയിപ്പ് (എസ്.എം.എസ്. മുഖേന) നൽകുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

മീറ്റർ റീഡിംഗ് സംബന്ധിച്ച് ഉപഭോക്താക്കൾക്ക് മുൻകൂട്ടി അറിയിപ്പ് (എസ്.എം.എസ്. മുഖേന) നൽകുന്നതിന് ധാരണയായിട്ടില്ല.

**ഉള്ള്യേരിയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

221 (2505) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഏതൊക്കെ പഞ്ചായത്തുകളിലാണ് വൈദ്യുതി വിതരണം നടത്തുന്നതെന്നറിയിക്കാമോ; ഈ സെക്ഷന് കീഴിൽ എത്ര വൈദ്യുതി ഉപഭോക്താക്കളുണ്ട്; വിശദമാക്കുമോ?

നടുവണ്ണൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഉള്ള്യേരി, നടുവണ്ണൂർ, കോട്ടൂർ, നൊച്ചാട്, ബാലുശ്ശേരി എന്നീ പഞ്ചായത്തുകളിൽ വൈദ്യുതി വിതരണം നടത്തുന്നുണ്ട്. ഈ സെക്ഷന് കീഴിൽ 19662 ഉപഭോക്താക്കളുണ്ട്.

(ബി) നടുവണ്ണൂർ സെക്ഷനിലെ ജോലിഭാരം കുറയ്ക്കുന്നതിനും സുഗമമായി വൈദ്യുതി എല്ലാവർക്കും ലഭിക്കുന്നതിനുമായി ഉള്ള്യേരിയിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉള്ള്യേരിയിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(ബി&സി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി കെ.എസ്.ഇ.ബി. എൽ.-ൽ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്.

## പുതുതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകൾ

222 (2506) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതുതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പുതിയ വൈദ്യുതി വകുപ്പ് സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പുതുതായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടില്ല. നേരത്തെ അനുവദിച്ചിരുന്നവയിൽ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പ്രവർത്തനമാരംഭിച്ച ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ പറമ്പിൽപീടിക കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുകയും ബോർഡ് ഇത് പരിശോധിക്കുകയും ചെയ്തിരുന്നു. പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക നിബന്ധനകൾ നിലവിലില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി കെ.എസ്.ഇ.ബി. എൽ-ൽ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ പുതിയ വൈദ്യുതി സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇല്ല.

(സി) പ്രസ്തുത മണ്ഡലത്തിലെ പെരുവള്ളൂർ, പറമ്പിൽപീടിക കേന്ദ്രീകരിച്ച് കെ. എസ്. ഇ. ബി.-യുടെ പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പുതുതായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടില്ല. നേരത്തെ അനുവദിച്ചിരുന്നവയിൽ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പ്രവർത്തനമാരംഭിച്ച ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ പറമ്പിൽപീടിക കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുകയും ബോർഡ് ഇത് പരിശോധിക്കുകയും ചെയ്തിരുന്നു. പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക നിബന്ധനകൾ നിലവിലില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി കെ.എസ്.ഇ.ബി. എൽ-ൽ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്.

(ഡി) നിലവിൽ പ്രസ്തുത ആവശ്യങ്ങൾ സംബന്ധിച്ചുള്ള ഫയൽ ഏത് ഉദ്യോഗസ്ഥരുടെ കൈവശമാണുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ടി ആവശ്യം സംബന്ധിച്ച ഫയൽ വിതരണ വിഭാഗം ഡയറക്ടറുടെ കാര്യാലയത്തിലാണുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചേലക്കര നിയോജകമണ്ഡലത്തിലെ വൈദ്യുതി കണക്ഷനുകൾ

223 (2507) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരം ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ട്; ഇതിന് ചെലവായ തുക എത്രയാണ്; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

2017-ന് പൂർത്തീകരിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ചേലക്കര നിയോജകമണ്ഡലത്തിൽ ആകെ 1,55,83,022 രൂപയുടെ പ്രവൃത്തികൾ ചെയ്ത്, 1749 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 69.15 ലക്ഷം രൂപ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും ലഭ്യമായിട്ടുണ്ട്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലേതടക്കം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്രപേർക്ക് ചേലക്കര നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; ആയതിൽ ഗാർഹിക കണക്ഷൻ, കാർഷിക കണക്ഷൻ, വ്യാവസായിക കണക്ഷൻ എന്നിവ എത്രവീതമെന്ന് വ്യക്തമാക്കാമോ?

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലേതടക്കം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജകമണ്ഡലത്തിൽ ഇതുവരെ 13819 എണ്ണം എൽ.റ്റി. വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ആയതിൽ 6203 എണ്ണം ഗാർഹിക കണക്ഷനുകളും 1034 എണ്ണം കാർഷിക കണക്ഷനുകളും 255 എണ്ണം വ്യാവസായിക കണക്ഷനുകളുമാണ്. (ബാക്കിയുള്ള 6327 എണ്ണം കൊമേഴ്സ്യൽ കണക്ഷനുകളാണ്).

## ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ

224 (2508) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം വൈദ്യുതി ബില്ലുകൾ അടയ്ക്കാത്ത ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് മുമ്പായി ഇത്തരം ഉപഭോക്താക്കൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകുന്ന വ്യവസ്ഥകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ (2014)-ലെ 122, 123 ചട്ടപ്രകാരം, ' Demand cum Disconnection' നോട്ടീസാണ് ഉപഭോക്താക്കൾക്ക് മീറ്റർ റീഡർ, മുഖേന വൈദ്യുതി ബില്ലായി നൽകുന്നത്. ഇതിൽ പിഴ കൂടാതെ വൈദ്യുതി

ബിൽ അടയ്ക്കേണ്ടുന്ന അവസാന തീയതിയും വൈദ്യുതി വിച്ഛേദിക്കാതിരിക്കാൻ ബിൽ തുക അടയ്ക്കേണ്ടുന്ന അവസാന തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മീറ്റർ റീഡർ മുഖേന വൈദ്യുതി ബില്ലായി നൽകുന്നതിനു പുറമേ ഉപഭോക്താവിന് വൈദ്യുതി ബിൽ ലഭിച്ച് രണ്ട് ദിവസത്തിനുള്ളിലും വൈദ്യുതി വിച്ഛേദിക്കാതിരിക്കാൻ ബിൽ തുക അടയ്ക്കേണ്ടുന്ന അവസാന തീയതിക്ക് 2 ദിവസം മുന്നേയും ബിൽ സംബന്ധിച്ച വിവരം ഉപഭോക്താവിന്റെ രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ എസ്.എം.എസ്. (SMS) ആയും രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐ.ഡി. (e-mail id)-യിലും വിവരങ്ങൾ അറിയിക്കുന്നുണ്ട്. കൂടാതെ റെഗുലർ ബില്ലുകൾക്കല്ലാതെ നൽകുന്ന ബില്ലുകളിൽ ഡിമാന്റ് നോട്ടീസിന് പുറമേ ഡിസ്കണക്ഷൻ നോട്ടീസ് പ്രത്യേകമായി നൽകുന്നുണ്ട്.

(ബി) കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിയ ഇളവിന്റെ അടിസ്ഥാനത്തിൽ മാത്രം കെ.എസ്.ഇ.ബി.-ക്ക് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചു; വ്യക്തമാക്കുമോ?

കോവിഡ് കാലത്ത് സംസ്ഥാനത്തെ ഗാർഹിക വ്യാവസായിക, വാണിജ്യ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം ഗണ്യമായ ഇളവുകൾ നൽകിയിരുന്നു. ഗാർഹിക വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് നൽകിയ ഇളവുകൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമൂലം സംസ്ഥാന സർക്കാരിന് 200 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. കൂടാതെ വ്യവസായം, വാണിജ്യം എന്നീ താരിഫ് കാറ്റഗറിയിൽപ്പെട്ട ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ 25 ശതമാനം ഇളവും ബാക്കിയുള്ള (75 ശതമാനം) ഫിക്സഡ്/ഡിമാന്റ് ചാർജ്ജ് 15-12-2020 വരെ പലിശരഹിതമായി അടയ്ക്കുവാനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. ഇതുകൂടാതെ സിനിമാശാലകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് അനുവാദം കിട്ടിയത് 2021 ജനുവരിയിൽ മാത്രമാണെന്നത് കണക്കാക്കി പ്രവർത്തനാനുമതി ഇല്ലാതിരുന്ന പത്തുമാസക്കാലയളവിലെ ഫിക്സഡ് ചാർജ്ജിന് 50% ഇളവ് നൽകുന്നതിനും സർക്കാർ തലത്തിൽ ധാരണയായിട്ടുണ്ട്. സിനിമാശാലകളുടെ ഈ കാലയളവിലെ കുടിശ്ശികയ്ക്ക് 6 തവണകൾ അനുവദിക്കാനും നിശ്ചയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിഭാഗങ്ങൾക്ക് 25 ശതമാനം ഇളവിലൂടെ 76.62 കോടി രൂപയുടെ ആനുകൂല്യവും ബാക്കിയുള്ള ഫിക്സഡ്/ഡിമാന്റ് ചാർജ്ജ് ഇനത്തിൽ 15-12-2020 വരെ അടയ്ക്കാൻ സാവകാശം നൽകിയത് 229.86 കോടി രൂപയ്ക്കും ആയിരുന്നു. ഇതിൽ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും PGCIL-ൽ നിന്നും റിബേറ്റ് ഇനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമായ തുക 50.86 കോടി രൂപ മാത്രമാണ്. ഇതിനു പുറമേ കപ്പാസിറ്റി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് അടയ്ക്കാൻ സാവകാശം നൽകിയ

തുക 63.38 കോടി രൂപ മാത്രമാണ്. സാവകാശം ലഭിച്ചത് 31-9-2020 വരെ മാത്രവും, അതുതന്നെ മൂന്ന തവണകളായും മാത്രമാണ്. അതായത് 25% ഇളവുകൾ അനുവദിച്ചതുവഴി മാത്രം 25.76 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. ഇതിനുപുറമേ 15-12-2020 വരെ പലിശരഹിതമായി, ഫിക്സഡ്/ഡിമാന്റ് ചാർജ്ജടയ്ക്കാൻ സാവകാശം നൽകിയതുമൂലമുള്ള പലിശ ബാധ്യത, ഉപഭോക്താക്കളിൽനിന്ന് വർഷാവർഷം സ്വീകരിക്കുന്ന അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടക്കാൻ സാവകാശം നൽകിയതുമൂലമുള്ള ബാധ്യത, ഓൺലൈൻ മുഖേന പണമടയ്ക്കുന്നവർക്ക് ഇളവുകൾ അനുവദിച്ചത് മൂലമുണ്ടായ അധിക ബാധ്യത, 31-3-2021-വരെ ഓൺലൈൻ മുഖേനയുള്ള സർവ്വീസ് കണക്ഷനുകൾക്കുള്ള അപേക്ഷാഫീസ് ഒഴിവാക്കിയതുമൂലമുള്ള ബാധ്യത, 16-5-2020 വരെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജടയ്ക്കാൻ സാവകാശം നൽകിയതുമൂലമുള്ള ബാധ്യത എന്നിവ കെ.എസ്.ഇ.ബി. ലിമിറ്റഡിനുണ്ടായിട്ടുണ്ട്. ഇളവുകൾ നൽകിയതുമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിനുണ്ടായ നഷ്ടത്തെ സംബന്ധിച്ചുള്ള യഥാർത്ഥ കണക്കുകൾ, ഇളവുകൾക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് മുമ്പാകെ സമർപ്പിച്ച പെറ്റീഷന്മേലുള്ള അന്തിമ ഉത്തരവിനു ശേഷമേ ലഭ്യമാകുകയുള്ളൂ.

(സി) നിലവിൽ വൈദ്യുതി ബോർഡിന് എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്; തരംതിരിച്ച് വ്യക്തമാക്കുമോ?

31-12-2020 വരെ വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ 2703.44 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. 31-12-2020 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക കണക്കുകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 104.66 കോടി രൂപ |
| സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ | 651.24 കോടി രൂപ |
| കേന്ദ്രസർക്കാർ വകുപ്പുകൾ | 4.14 കോടി രൂപ |
| കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 69.88 കോടി രൂപ |
| ഗാർഹിക ഉപഭോക്താക്കൾ | 715.45 കോടി രൂപ |
| സ്വകാര്യ സ്ഥാപനങ്ങൾ | 1029.86 കോടി രൂപ |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 9.47 കോടി രൂപ |
| പൊതു സ്ഥാപനങ്ങൾ | 45.73 കോടി രൂപ |
| മറ്റ് ഇതര സ്ഥാപനങ്ങൾ | 73.01 കോടി രൂപ |
| ആകെ | 2703.44 കോടി രൂപ |

**ചെർപ്പുളശ്ശേരി പുത്തനാൽക്കൽ കാവ് പരിസരത്തെ വൈദ്യുതി പ്രവൃത്തികൾ**

225 (2509) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചെർപ്പുളശ്ശേരി പുത്തനാൽക്കൽ കാവ് പരിസരത്തെ വൈദ്യുതി ലൈനുകൾ ഉയർത്തി സ്ഥാപിച്ച പ്രവൃത്തിക്കായി ആകെ എത്ര രൂപയാണ് വിനിയോഗിക്കപ്പെട്ടതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര രൂപയാണ് വൈദ്യുതി വകുപ്പ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചെർപ്പുളശ്ശേരി പുത്തനാൽക്കൽ കാവ് പരിസരത്തെ വൈദ്യുതി ലൈനുകൾ ഉയർത്തി സ്ഥാപിച്ച പ്രവൃത്തിക്കായി ആകെ ചെലവായിട്ടുള്ള 41,53,932 രൂപയിൽ (നാല്പത്തി ഒന്ന് ലക്ഷത്തി അൻപത്തി മൂവായിരത്തി തൊള്ളായിരത്തി മുപ്പത്തിരണ്ട് രൂപ), 20,00,000(ഇരുപത് ലക്ഷം രൂപ) ബഹുമാനപ്പെട്ട ഷൊർണ്ണൂർ MLA-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ബാക്കിയുള്ള 21,53,932 രൂപയിൽ (ഇരുപത്തി ഒന്ന് ലക്ഷത്തി അൻപത്തി മൂവായിരത്തി തൊള്ളായിരത്തി മുപ്പത്തിരണ്ട് രൂപ) കെ.എസ്.ഇ.ബി.എൽ. ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

**വൈദ്യുത ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക**

226 (2510) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എം. ഉമ്മർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയ ശേഷം വൈദ്യുതി ബോർഡിന് ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ളതിന്റെ വിവിധയിനം ഉപഭോക്താക്കളിൽ നിന്ന് ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കാനായിട്ടുണ്ടോ?

2016-നുശേഷം ഒറ്റത്തവണത്തീർപ്പാക്കൽ പ്രകാരം കേരള ജലഅതോറിറ്റിയുടെ 30-9-2018 വരെയുള്ള കുടിശ്ശികയായ 1326.69 കോടി രൂപയും (6 % പലിശ ഉൾപ്പെടെ) ആരോഗ്യ വകുപ്പിന്റെ 30-6-2020 വരെയുള്ള 5.65 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും 27 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

(ബി) ചാർജ്ജടയ്ക്കാത്തതിന് ചെറുകിട ഗാർഹിക ഉപഭോക്താക്കളെ തീയതി വരെ നിശ്ചയിച്ച് കണക്ഷൻ വിച്ഛേദിക്കുമെങ്കിലും ഇത്തരം വൻകിടക്കാരിൽ നിന്നും കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിൽ മുൻ സർക്കാരുകളിൽ നിന്ന് ഈ സർക്കാർ ഒട്ടും വ്യത്യസ്തമല്ലെന്ന ആക്ഷേപം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) സർക്കാരിന്റെ ശേഷിക്കുന്ന കാലംകൊണ്ട് പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാനാവുമോയെന്ന് അറിയിക്കുമോ?

(ബി&സി) എല്ലാത്തരം ഉപഭോക്താക്കളുടെയും കുടിശ്ശിക പിരിച്ചെടുക്കുന്നത് ഇലക്ട്രിസിറ്റി സപ്ലൈകോഡിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് കുടിശ്ശിക ഒടുക്കുന്നതിന് കൂടുതൽ തവണകളും കൂടുതൽ സാവകാശവും അനുവദിച്ചത് കാരണം സർക്കാരിന്റെ ശേഷിക്കുന്ന കാലാവധിക്കുള്ളിൽത്തന്നെ മുഴുവൻ കുടിശ്ശികയും പിരിച്ചെടുക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുകൾ ഉണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

227 (2511) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പെരുവള്ളൂർ, തേഞ്ഞിപ്പലം, വള്ളിക്കുന്ന്, മൂന്നിയൂർ, പള്ളിക്കൽ, ചേലമ്പ്ര എന്നീ പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ വന്നതിനുശേഷം നടത്തിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പെരുവള്ളൂർ, തേഞ്ഞിപ്പലം, വള്ളിക്കുന്ന്, മൂന്നിയൂർ, പള്ളിക്കൽ, ചേലമ്പ്ര എന്നീ പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാത്ത പ്രദേശങ്ങൾ ഏതെല്ലാമെന്നും അതിന് വകുപ്പ് സ്വീകരിച്ചുവരുന്ന പദ്ധതികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

പ്രസ്തുത പഞ്ചായത്തുകളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

228 (2512) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ചാർജ്ജ് വർദ്ധനവിലൂടെ കെ.എസ്.ഇ.ബി.-ക്ക് എത്ര അധികവരുമാനം ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

നിലവിലുള്ള സർക്കാരിന്റെ കാലത്ത് രണ്ട് തവണയാണ് വൈദ്യുതി ചാർജ്ജ് പരിഷ്കരണം നടന്നത്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, 17-4-2017 -ൽ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് പരിഷ്കരണ ഉത്തരവിലൂടെ, കെ.എസ്. ഇ.ബി. ലിമിറ്റഡിന് മുൻവർഷത്തെ അപേക്ഷിച്ച് 550 കോടി രൂപയുടെ അധികവരുമാനം ഒരു വർഷത്തേക്ക് (2019-20 സാമ്പത്തിക വർഷത്തേക്കു മുഴുവനായും) ഉണ്ടാകുമെന്നാണ് റഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്. തുടർന്ന് കെ. എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച Multi Year Tariff Petition (MYT Petition) ന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷത്തേക്ക് താരിഫ് പരിഷ്കരണം അനുവദിച്ചു തന്നില്ലെങ്കിലും 2019-20 സാമ്പത്തിക വർഷത്തിൽ 8-7-2019 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിലുള്ള ഒരു താരിഫ് പരിഷ്കരണമാണ് അനുവദിച്ചുതന്നത്. ടി താരിഫ് വർദ്ധനവുമൂലം 2019-20 കാലയളവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് 902.94 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് റെഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്. 2019-20 കാലയളവിലേക്ക് മുഴുവൻ കണക്കാക്കിയ അധികവരുമാനത്തിൽ ജൂലൈ മുതൽ പ്രാബല്യം വരുത്തിയതുമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഏകദേശം 660 കോടി രൂപയുടെ അധികവരുമാനം മാത്രമേ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ളൂവെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) ചാർജ്ജ് വർദ്ധനവിലൂടെ അധികമായി ലഭിച്ച തുക ഏതൊക്കെ ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചതെന്ന് വിശദീകരിക്കുമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ താരിഫ് പരിഷ്കരണ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ARR & ERC പെറ്റീഷനുമേൽ നിജപ്പെടുത്തുന്ന റവന്യൂ കമ്മിയുടെ ഒരു ഭാഗം മാത്രമേ താരിഫ് പരിഷ്കരണത്തിലൂടെ ഈടാക്കാൻ അനുവദിച്ചിരുന്നുള്ളൂ. ഉപഭോക്താക്കളുടെ അമിതഭാരം ഒഴിവാക്കുന്നതിനുവേണ്ടി (Tariff shock), ബാക്കി തുക പിൽക്കാലത്തേക്ക് മാറ്റി വയ്ക്കപ്പെടുകയാണ് ചെയ്യാറുള്ളത്. ഇപ്രകാരം മാറ്റി വയ്ക്കപ്പെട്ട തുക (Regulatory Asset) 2018 മാർച്ച് ആയപ്പോഴേക്കും 5645 കോടി രൂപയായി വർദ്ധിച്ചു. ഇത് വൈദ്യുതി ബോർഡിന്റെ കടബാധ്യത അമിതമായി വർദ്ധിക്കുവാനിടയാക്കി. 2016-ലെ താരിഫ് നയത്തിൽ, നികത്തപ്പെടാത്ത

പഴയകാല റവന്യൂ കമ്മി ഏഴ്വർഷംകൊണ്ട് താരിഫ് പരിഷ്കരണത്തിലൂടെ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം റവന്യൂകമ്മി നികത്തുന്നതിന്റെ ഭാഗമായാണ് താരിഫ് പരിഷ്കരണ ഉത്തരവുകൾ റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചത്.

**ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് പദ്ധതികൾ**

229 (2513) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളം വനമേഖലയിലെ ഏതെല്ലാം ആദിവാസി കോളനികളിലാണ് വൈദ്യുതി എത്തിക്കാൻ കഴിയാത്തതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(എ-സി) നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളം വനമേഖലയിലെ കുരിയാർകുറ്റി, തേക്കടി, അല്ലിമൂപ്പൻ, തേക്കടി മൂപ്പതേക്കർ, ഉറവൻപാടി, കച്ചിത്തോട് എന്നീ ആദിവാസി കോളനികളിൽ ഗ്രിഡുമായി ബന്ധിപ്പിച്ച വൈദ്യുതി-ലൈൻ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ പ്രദേശങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതോൽപ്പാദനവും വിതരണവും (DDG) വഴി സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ചിട്ടുണ്ട്. കേരള വൈദ്യുതി ഗ്രിഡിൽനിന്നും വനാന്തർഭാഗത്തായി സ്ഥിതി ചെയ്യുന്ന കോളനികളിലേക്ക് ഗ്രിഡ് സപ്ലൈ വഴി വൈദ്യുതി എത്തിക്കുവാനായി വനത്തിൽക്കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി, ഭീമമായ സാമ്പത്തിക ചെലവ് എന്നിങ്ങനെയുള്ള തടസ്സങ്ങൾ കാരണമാണ് ടി കോളനികളിലെ എല്ലാ വീടുകളിലും സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ചത്. തേക്കടി, അല്ലിമൂപ്പൻ കോളനി എന്നീ ആദിവാസി കോളനികളിൽ പുതുതായി വന്ന വീടുകളിൽ LED പാനലുകൾ സ്ഥാപിച്ച് വൈദ്യുതി നല്കുവാൻ വേണ്ടിയുള്ള 37,31,357 രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പറമ്പിക്കുളം പൂപ്പാറ കോളനിയിലെ വീടുകളിൽ നിലവിൽ 3.2 kW കപ്പാസിറ്റിയുള്ള സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ചിട്ടുണ്ട്. എങ്കിലും ഗ്രിഡ് സപ്ലൈ വഴി വൈദ്യുതി എത്തിക്കുന്ന ശ്രമത്തിന്റെ ഭാഗമായി ഏകദേശം 7.55 കിലോമീറ്റർ അകലെയുള്ള തമിഴ്നാട് ഗ്രിഡിൽ നിന്നും 1.4 കി.മീ. 22 kV OH ലൈനും നിബിഡ വനത്തിലൂടെ 6.15 കി.മീ. 22 kV ഭൂഗർഭ

കേബിളും സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനായി 5.2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അനുമതികൾക്കായി കേരളത്തിലേയും തമിഴ്നാട്ടിലേയും വനം വകുപ്പുകളെയും തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിനേയും സമീപിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ**

230 (2514) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിശ്ചിത ഉപഭോക്താക്കൾ ഉണ്ടെങ്കിൽ മാത്രമേ സെക്ഷൻ ഓഫീസുകൾ വിഭജിക്കാവൂ എന്നുണ്ടോ; എങ്കിൽ നിശ്ചിത ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലവിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി കെ.എസ്.ഇ.ബി.എൽ.-ൽ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കെ.എസ്.ഇ.ബി.എൽ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്.

(സി) കാസർഗോഡ് ജില്ലയിലെ നെല്ലിക്കുന്ന്, ചെർക്കള സെക്ഷൻ ഓഫീസുകളിൽ നിലവിൽ എത്ര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷനിൽ 26433 ഉപഭോക്താക്കളും ചെർക്കള ഇലക്ട്രിക്കൽ സെക്ഷനിൽ 28700 ഉപഭോക്താക്കളുമുണ്ട്.

(ഡി) പ്രസ്തുത ഓഫീസുകൾ അടക്കം കാസർഗോഡ് ജില്ലയിൽ വിഭജനത്തിനർഹതയുള്ള ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി കെ.എസ്.ഇ.ബി.എൽ.-ൽ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്.

## ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യം

231 (2515) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യം എഴുതുന്നതിന് ബോർഡിന്റെ അനുമതി ആവശ്യമുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഇതിനായി തുടക്കമെന്ന നിലയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ താത്പര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കൊല്ലം, ആലപ്പുഴ ജില്ലകളിലെ വിവിധ ഇലക്ട്രിസിറ്റി ഓഫീസുകൾക്ക് കീഴിൽ വരുന്ന ഇലക്ട്രിക് പോസ്റ്റുകളിൽ ഏതെങ്കിലും രാഷ്ട്രീയ സംഘടനയുടെ പേര് പതിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സംഘടനയുടെ പേരാണ് പതിച്ചിരിക്കുന്നത്; ഇതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയമനാനുസൃതമല്ലെങ്കിൽ ഇത് നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

നിയമാനുസൃതമല്ലാതെ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നീക്കം ചെയ്യുന്നതാണ്.

**ഫിലമെന്റ് രഹിത കേരളം പദ്ധതി**

232 (2516) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി മാതൃകാപരമായി നടപ്പാക്കുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി എത്ര എൽ.ഇ.ഡി. ബൾബുകളാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്?

ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതിയുടെ ഭാഗമായി ഒരു കോടി ബൾബുകളാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്.

(ബി) കെ.എസ്.ഇ.ബി.യുടെ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉപഭോക്താക്കൾക്കും എൽ.ഇ.ഡി. ബൾബ് ലഭിക്കുന്ന രീതിയിൽ പദ്ധതി വിപുലീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ആദ്യഘട്ടത്തിൽ 13.27 ലക്ഷം ഉപഭോക്താക്കൾ 107 ലക്ഷം LED ബൾബുകൾക്കായി ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരുന്നു. ടി ഉപഭോക്താക്കൾക്ക് ഒരു കോടി ബൾബുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ഗാർഹിക ഉപഭോക്താക്കൾ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനായി വീണ്ടും കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ് ഓപ്പൺ ചെയ്തിട്ടുണ്ട്.

(സി) എൽ.ഇ.ഡി. ബൾബ് വ്യാപകമാക്കുന്നതോടെ ഏതൊക്കെ തരത്തിലുള്ള നേട്ടങ്ങളാണ് വൈദ്യുതി മേഖലയിൽ ഉണ്ടാവാൻ പോവുന്നത് എന്നത് വിശദമാക്കാമോ?

ഗാർഹിക, തെരുവുവിളക്ക് മേഖലകളിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകളും സി. എഫ്. എൽ.-കളും ഊർജ്ജക്ഷമത ഏറിയതും ദീർഘകാലം നിലനിൽക്കുന്നതുമായ എൽ.ഇ.ഡി ബൾബുകൾ ഉപയോഗിച്ച് മാറ്റുന്നത് ലക്ഷ്യമിട്ട ഫിലമെന്റ് ഫ്രീ കേരള പദ്ധതി നടപ്പിലാക്കുന്നതുവഴി പ്രതിദിനം 2.5 ദശലക്ഷം ടൺ $CO_2$ വാതകവും 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേക്ക് പുറംതള്ളുന്നത് ഒഴിവാക്കാനാകും. ആദ്യഘട്ടമായി ലഭ്യമാക്കുന്ന 1 കോടി എൽ.ഇ.ഡി. ബൾബുകൾവഴി പ്രതിദിനം 4.5 ലക്ഷം യൂണിറ്റ് വൈദ്യുതി

ലാഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുവഴി വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങളായ തെർമൽ പവർ സ്റ്റേഷനിൽനിന്ന് പുറത്തേക്കു വിടുന്ന കാർബൺഡൈ ഓക്സൈഡിന്റെ അളവ് കുറയ്ക്കുന്നതിന് സാധിക്കുന്നു. കൂടാതെ 90 MW പീക്ക് ലോഡ് ഡിമാന്റ് കുറയ്ക്കാമെന്നും പ്രതീക്ഷിക്കുന്നു.

## ഫിലമെന്റ് ഫ്രീ കേരളം

233 (2517) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് ഫ്രീ കേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ വിശദമാക്കുമോ?

സംസ്ഥാനം ഊർജ്ജ രംഗത്ത് നടപ്പാക്കുന്ന ബൃഹത്തായ ജനകീയ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി. ഫിലമെന്റ് ബൾബുകളിൽ നിന്നും സംസ്ഥാനത്തെ വിമുക്തമാക്കി പകരം ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുക, ഉപഭോക്താക്കളിൽ നിന്നും തിരികെ വാങ്ങുന്ന ഫിലമെന്റ് ബൾബുകളും സി.എഫ്.എൽ.-കളും സുരക്ഷിതമായി സംസ്കരിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. നിലവിലുള്ള ഇത്തരം ബൾബുകളിലെ മെർക്കുറി സൃഷ്ടിക്കുന്ന മലിനീകരണ സാധ്യത കുറയ്ക്കുക, ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പു വരുത്തുക, ഊർജ്ജാവശ്യത്തിനുള്ള കാർബൺഡൈഓക്സൈഡ് ഉത്സർജനം കുറയ്ക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. ആദ്യഘട്ടമായി ലഭ്യമാക്കുന്ന 1 കോടി എൽ.ഇ.ഡി. ബൾബുകൾ വഴി പ്രതിദിനം 4.5 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുവഴി വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങളായ തെർമൽ പവർ സ്റ്റേഷനിൽനിന്ന് പുറത്തേക്കു വിടുന്ന കാർബൺഡൈഓക്സൈഡിന്റെ അളവ് കുറയ്ക്കുന്നതിന് സാധിക്കുന്നു. കൂടാതെ 90 MW പീക്ക് ലോഡ് ഡിമാന്റ് കുറയ്ക്കാമെന്നും പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; വിശദാംശം നൽകുമോ?

എൽ.ഇ.ഡി. ബൾബിന്റെ ആവശ്യകത കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ ഗാർഹിക ഉപഭോക്താക്കൾക്ക് അവസരം നൽകിയിരുന്നു. ആദ്യഘട്ടത്തിൽ 13.27 ലക്ഷം ഗാർഹിക ഉപഭോക്താക്കൾ 107 ലക്ഷം എൽ.ഇ.ഡി. ബൾബുകൾക്കായി രജിസ്റ്റർ ചെയ്തിരുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത ഗാർഹിക ഉപഭോക്താക്കൾക്ക് ഒരു കോടി ബൾബുകൾ വിതരണം ചെയ്യാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) ബൾബ് ഒന്നിന് ഗുണഭോക്താക്കൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയെന്ന് അറിയിക്കുമോ?

ബൾബ് ഒന്നിന് 65 രൂപയാണ് ഈടാക്കുന്നത്.

**ഫിലമെന്റ് രഹിത കേരളം പദ്ധതി**

234 (2518) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതി വിശദീകരിക്കാമോ?

ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ചുകൊണ്ടു വരുന്നതോടൊപ്പം ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവന ചെയ്യുന്ന പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 13,29,249 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജനുവരി 2021-ൽ വിതരണം തുടങ്ങി 31-3-2021-ൽ പൂർത്തിയാകും. പദ്ധതിയുടെ ഭാഗമായി ഒരു കോടി എൽ.ഇ.ഡി. ബൾബുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയും ഗുണമേന്മയുമുള്ള എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും മിതമായ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് ഫിലമെന്റ് രഹിത കേരളം പദ്ധതി ഊർജ്ജ കേരള മിഷനുകീഴിൽ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നു. ഒരു ഗാർഹിക ഉപഭോക്താവിന് 20 ബൾബുകൾ നൽകുന്നതിന് ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി എൽ.ഇ.ഡി. ട്യൂബുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഊർജ്ജ കേരള മിഷന്റെ ഭാഗമായ ഫിലമെന്റ് രഹിത കേരളം പദ്ധതിയിലൂടെ കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മ കൂടിയ 9 വാട്ട്സിന്റെ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിടുന്നു.

(ബി) ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതെയാണ് പദ്ധതി ആരംഭിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മതിയായ ജീവനക്കാരില്ലാതെ പദ്ധതി നടപ്പാക്കുന്നതിൽ ജീവനക്കാരുടെ പ്രതിഷേധം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വീടുകളിൽ നേരിട്ടെത്തി വിതരണം ചെയ്യണമെന്ന നിർദേശം പിൻവലിച്ചും ആവശ്യമായ ജീവനക്കാരെ നിയമിച്ചും ആശങ്കകൾ പരിഹരിച്ചും പദ്ധതി നടപ്പാക്കുമോ?

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, KSEBL 2020 ഡിസംബർ മാസം 18-ന് വിതരണ വിഭാഗത്തിലെ ഉന്നതോദ്യോഗസ്ഥരുടെ യോഗം വിളിച്ചിരുന്നു. ഇതോടൊപ്പംതന്നെ ഈ വിഷയത്തിൽ, വൈദ്യുതി വകുപ്പുമന്ത്രി 2020 ഡിസംബർ മാസം 23-ന് തൊഴിലാളി സംഘടനകളുമായും ചർച്ച നടത്തുകയും പ്രസ്തുത യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ചു കൊണ്ടാണ് LED ബൾബുകളുടെ വിതരണം കാര്യക്ഷമമായി നടത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ LED ബൾബുകളുടെ വിതരണം സുഗമമായി നടപ്പാക്കുവാൻ എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ്തലത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർമാരെയും ജീവനക്കാരുടെ സംഘടനാ പ്രതിനിധികളെയും കൂടി ചേർത്തുകൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**നെന്മാറ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ**

235 (2519) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾക്കായി ആകെ അനുവദിച്ച തുക എത്രയെന്ന് വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ, വിതരണ വിഭാഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി 'എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 33.2 കി.മീ. ഹൈ ടെൻഷൻ ലൈൻ വലിക്കുന്ന പ്രവൃത്തികളും 108.5 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുന്ന പ്രവൃത്തികളും 48.3 കി.മീ. ലൈൻ കൺവേർഷൻ പ്രവൃത്തികളും 105 കി.മീ. ലോ ടെൻഷൻ ലൈൻ റീകണ്ടക്ടറിംഗ് പ്രവൃത്തികളും 86

ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും 12240 പുതിയ സർവ്വീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നെന്മാറ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. മേൽ വിവരിച്ച പദ്ധതികൾക്കായി ആകെ 37.26 + 8 = 45.26 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## കൊട്ടാരക്കര മണ്ഡലത്തിൽ വൈദ്യുതി ബോർഡ് നടപ്പിലാക്കിയ പ്രവൃത്തികൾ

236 (2520) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ചെലവഴിച്ച തുക പ്രവൃത്തികൾ തിരിച്ച് വെളിപ്പെടുത്തുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര മണ്ഡലത്തിൽ, വിതരണ വിഭാഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 17.74 ലക്ഷം രൂപ ചെലവാക്കി 964 വൈദ്യുതി കണഷൻ നൽകുന്ന പ്രവൃത്തികളും ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 139.12 ലക്ഷം രൂപ ചെലവാക്കി 4.15 കി.മീ. ഹൈ ടെൻഷൻ ഓവർഹെഡ് ലൈൻ വലിക്കുകയും 4.62 കി.മീ. ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും 4 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 955 ബി.പി.എൽ. കണക്ഷൻ നൽകുന്ന പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ വൈദ്യുതിമേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 27.37 ലക്ഷം രൂപയുടെ പ്രവൃത്തികളും ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 2021'-ൽ ഉൾപ്പെടുത്തി 1307.13 ലക്ഷം രൂപ ചെലവാക്കി 68.09 കി.മീ. ഹൈ ടെൻഷൻ ലൈൻ വലിക്കുകയും 110.95 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും, 69 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും 37.78 ലക്ഷം രൂപ ചെലവാക്കി വെളിയം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുകയും കൊട്ടാരക്കര

വൈദ്യുതി ഭവൻ സമുച്ചയത്തിൽ 63.19 ലക്ഷം രൂപ ചെലവാക്കി 0.08 മെഗാ വാട്ട്(MW) സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെടെ ആകെ 1574.59 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ട്രാൻസ്മിഷൻ മേഖലയിൽ കൊട്ടാരക്കര 110 കെ.വി സബ്സ്റ്റേഷനിൽ നവീകരണം ആരംഭിച്ചു. ഇതിന്റെ ഭാഗമായി തൃക്കണ്ണമംഗൽ ഭാഗത്തേയ്ക്ക് പുതുതായി ഒരു 11 കെ.വി. ലൈൻ വലിച്ച് ചാർജ്ജ് ചെയ്തു. നവീകരണത്തിന്റെ ഭാഗമായി കൊട്ടാരക്കര 110 കെ.വി സബ്സ്റ്റേഷനിൽ പുതിയ കൺട്രോൾ റൂം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ 2022-ഓടെ പൂർത്തീകരിക്കും. കൊട്ടാരക്കര 110 കെ.വി. സബ്സ്റ്റേഷനിൽ നവീകരണത്തോടനുബന്ധിച്ച് 60 ലക്ഷം രൂപ ചെലവായി.

(സി) നിയോജക മണ്ഡലത്തിൽപ്പെടുന്നതും അനുമതി നൽകാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ പരിഗണനയിലുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

കൊട്ടാരക്കര മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 2022-ഓടു കൂടി പൂർത്തിയാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 16 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും 4 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും 7 പഴയ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും 55.95 കി.മീ. 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തികളും 21.5 കി.മീ. 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികളും 21.15 കി.മീ. 11 കെ.വി. ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുന്ന പ്രവൃത്തികളും 1485 കി.മീ. ലോ ടെൻഷൻ ലൈൻ റീകണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തികളും 49.12 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തികളും മറ്റ് അനുബന്ധ പ്രവൃത്തികളും ഉൾപ്പെടെ ആകെ 2100.23 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നു.

## ജലവൈദ്യുത പദ്ധതികൾ

237 (2521) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ പദ്ധതികളാണ് ഇപ്രകാരം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്; ഓരോ പദ്ധതിയിലും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും?

(എ&ബി) സംസ്ഥാനത്ത് മുടങ്ങിക്കിടന്ന 3 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 60 MW-ന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം, 40 MW-ന്റെ തോട്ടിയാർ ജലവൈദ്യുത പദ്ധതി, 6 MW-ന്റെ ചാത്തൻകോട്ടുനട സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി എന്നീ പദ്ധതികളാണ് ഇപ്രകാരം പൂർത്തിയാക്കാനുദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതികളുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; എന്നത്തേയ്ക്ക് പദ്ധതികൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി എന്ത് തുകയാണ് കെ.എസ്.ഇ.ബി. കണ്ടെത്തേണ്ടതെന്ന് അറിയിക്കാമോ?

പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് Letter of Acceptance നൽകിയിട്ടുണ്ട്. ആഗസ്റ്റ് 2021-ൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. തുക - 68.91 കോടി രൂപ (E&M) തോട്ടിയാർ ജലവൈദ്യുത പദ്ധതി ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ജോലികൾ ആരംഭിച്ചിട്ടുണ്ട്. ആഗസ്റ്റ് 2021-ൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. തുക - 43.15 കോടി രൂപ (E&M) ചാത്തൻകോട്ടുനട സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ആദ്യ മെഷീന്റെ ട്രയൽ റൺ 2021 ഫെബ്രുവരി മാസം നടത്താനുദ്ദേശിക്കുന്നു. തുക - 22.44 കോടി രൂപ (E&M)

**ഇ-സേഫ് പദ്ധതി**

238 (2522) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളെ സുരക്ഷിത വൈദ്യുതി ഉപയോഗത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് ഇ-സേഫ് എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും മേൽനോട്ടം വഹിക്കുന്നവരുടെയും സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ, നൽകുന്ന പരിശീലനങ്ങൾ ഇവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും സുരക്ഷാ

പരിപാലനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. വൈദ്യുതി രംഗത്ത് ജോലി ചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് സുരക്ഷാ നയം രൂപീകരിച്ചിട്ടുണ്ട്. പ്രസരണ വിതരണ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് സുരക്ഷാ നടപടിക്രമങ്ങൾ 8-4-2019-ലെ ബോർഡ് ഉത്തരവ് നമ്പർ. 310/2019 പ്രകാരം നിലവിലുണ്ട്. വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും പൊതു ജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ നിന്നും അപകടം ഉണ്ടാകാതിരിക്കാൻവേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 2010-ലെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001:2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളുമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ വൈദ്യുതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും ജില്ലാടിസ്ഥാനത്തിലുള്ള വൈദ്യുതി സുരക്ഷാ ബോധവൽക്കരണ പരിപാടികൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഇ-സെയ്ഫ് പദ്ധതി ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നിവർ സംയുക്തമായാണ് ഇ-സെയ്ഫ് പദ്ധതി നടപ്പിലാക്കുന്നത്.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

239 (2523) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ പട്ടിക ലഭ്യമാക്കുമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ, 2016 ഏപ്രിൽ മുതൽ 2020 ഡിസംബർ 31 വരെ വിതരണ വിഭാഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ DDUGJY പദ്ധതി, നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും നടപ്പാക്കിയ IPDS പദ്ധതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന PPS പദ്ധതി,

ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി' എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 711.64 കി.മീ ലോ ടെൻഷൻ ലൈൻ റീകണ്ടക്ടറിംഗ് പ്രവൃത്തികളും 36 കി.മീ. ഹൈ ടെൻഷൻ ഭൂഗർഭ കേബിൾ സ്ഥാപിക്കുകയും 29 കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും 66.35 കി.മീ. ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും 49.69 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും 43 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

1. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 33 കെ.വി. ഓച്ചിറ സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 10 MVA-യിൽ നിന്നും 16 MVA ആയി ഉയർത്തി. ഇതിനായി 1.74 കോടി രൂപ ചെലവായി

2. കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആക്കി മാറ്റുന്ന പ്രവൃത്തിയും അനുബന്ധ ലൈൻ 110 കെ.വി. ആക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികളും നടന്നുവരുന്നു. ഈ പ്രവൃത്തിയിലൂടെ പ്രസ്തുത സബ്സ്റ്റേഷന്റെ ശേഷി 30 MVA-യിൽ നിന്നും 40 MVA ആയി മാറുന്നതാണ്.

(ബി) തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊടിയൂർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മൈനാഗപ്പള്ളി, കരുനാഗപ്പള്ളി നോർത്ത് സെക്ഷൻ ഓഫീസുകളുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിലായി 100 kVA-യുടെ 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുയും 62 കി.മീ. ലോ ടെൻഷൻ ലൈൻ റീകണ്ടക്ടറിംഗ് പ്രവൃത്തികളും 0.76 കി.മീ. ലോ ടെൻഷൻ ലൈൻ കൺവെർഷൻ പ്രവൃത്തികളും 0.71 കി.മീ. ഹൈ ടെൻഷൻ ലൈൻ വലിക്കുന്ന പ്രവൃത്തികളും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 22.5 കി.മീ. ലോ ടെൻഷൻ ലൈൻ റീകണ്ടക്ടറിംഗ് പ്രവൃത്തികളും 0.725 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുന്ന പ്രവൃത്തികളും 2020-21 ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്നു. തൊടിയൂർ ഗ്രാമപഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം കരുനാഗപ്പള്ളി സബ്സ്റ്റേഷൻ 110 കെ.വി. ആയി മാറ്റുന്നതിലൂടെ പരിഹരിക്കപ്പെടുന്നതാണ്. വെളുത്ത മണൽ പ്രദേശം കരുനാഗപ്പള്ളി

സബ്സ്റ്റേഷനിൽ നിന്നും ഏകദേശം 2 കിലോമീറ്റർ ദൂരെ മാത്രമാണ് സ്ഥിതി ചെയ്യുന്നത്. ആകയാൽ ഈ പ്രദേശത്ത് മറ്റൊരു സബ്സ്റ്റേഷന്റെ ആവശ്യമില്ല.

**ദേവികുളം മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി**

240 (2524) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് ദേവികുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; അവയുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**വർക്കലയിൽ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ**

241 (2525) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെപ്പറയുന്നവയാണ്.

ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 370.94 ലക്ഷം രൂപയുടെ പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പാക്കിയ IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 606.86 ലക്ഷം രൂപയുടെ പ്രവൃത്തികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന PPS പദ്ധതിയിലുൾപ്പെടുത്തി 135.82 ലക്ഷം രൂപയുടെ പ്രവൃത്തികളും മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 59.42 ലക്ഷം രൂപയുടെ പ്രവൃത്തികളും KIIFB പദ്ധതിയിലുൾപ്പെടുത്തി എച്ച് ടി /എൽ ടി ലൈനുകളുടെ ഷിഫ്റ്റിംഗുമായി ബന്ധപ്പെട്ട് 2.54 ലക്ഷം രൂപയുടെ പ്രവൃത്തികളും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി 16.3 ലക്ഷം രൂപയുടെ പ്രവൃത്തികളും MLA-യുടെ പ്രത്യേക വികസന ഫണ്ടിലുൾപ്പെടുത്തി 4.06 ലക്ഷം

രൂപയുടെ പ്രവൃത്തികളും ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി 2021'-ൽ ഉൾപ്പെടുത്തി 812.64 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടെ ആകെ 2008.57 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വർക്കല മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾക്കായി വൈദ്യുതി വകുപ്പ് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 8 പഴയ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുകയും 10 കിലോ മീറ്റർ പുതിയ 11 കെ. വി. ലൈൻ നിർമ്മിക്കുകയും 9 കിലോ മീറ്റർ പുതിയ എൽ. ടി. ലൈൻ നിർമ്മിക്കുകയും മറ്റനുബന്ധ ജോലികളും ഉൾപ്പെട്ട ദ്യുതി പദ്ധതികൾക്കായി 1184.1 ലക്ഷം രൂപയുടെ പ്രവൃത്തികൾ വിഭാവന ചെയ്തിട്ടുണ്ട്. ഫണ്ട് അനുവദിച്ചിട്ടില്ല.

**ഫിലമെന്റ് രഹിത കേരളം**

242 (2526) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്?

സംസ്ഥാനത്ത് ഊർജ്ജ രംഗത്ത് പുത്തനുണർവ് പകരാൻ അഞ്ച് വ്യത്യസ്ത പദ്ധതികൾ കോർത്തിണക്കി സംസ്ഥാന സർക്കാർ രൂപം നൽകിയ പദ്ധതിയായ ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി, ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. ഫിലമെന്റ് രഹിത കേരളം പദ്ധതി സംസ്ഥാന സർക്കാർ സ്ഥാപനമായ ഇ.എം.സി.-യുമായി ചേർന്നാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ട്സിന്റെ ഗുണമേന്മയേറിയ ഒരു കോടി എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ ഉപഭോക്താക്കൾക്ക് LED ബൾബുകൾ ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. ഇവയുടെ വിതരണം മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ഇതോടൊപ്പം വീടുകളിൽനിന്നും പഴയ CFL/ ICL (കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പ്/ ഇൻകാൻഡസെന്റ് ലാമ്പ്) ബൾബുകൾ ശേഖരിച്ച ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നത്?

ഫിലമെന്റ് രഹിത പദ്ധതിയിൽ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും LED ബൾബുകൾക്കു രജിസ്റ്റർ ചെയ്യാനുള്ള അവസരം നൽകിയിരുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ നാളിതുവരെ 13.27 ലക്ഷം ഉപഭോക്താക്കൾ 107 ലക്ഷം LED ബൾബുകൾക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത ഉപഭോക്താക്കൾക്ക് ഇപ്പോൾ രജിസ്റ്റർ ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്കുള്ള LED ബൾബ് വിതരണത്തിനുശേഷം ഇപ്പോൾ രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് LED ബൾബുകൾ ലഭ്യമാക്കുന്നതാണ് .

(സി) എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഇവ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്; വിശദമാക്കാമോ?

ജീവനക്കാർ LED ബൾബുകൾ ഉപഭോക്താക്കളുടെ വീടുകളിൽ നേരിട്ട് വിതരണം ചെയ്യുന്നതും പഴയ CFL/ ICL ബൾബുകൾ ഉപഭോക്താക്കളിൽ നിന്നും തിരികെ എടുക്കുന്നതുമാണ്. വീട്ടിലെത്തിക്കുന്ന ദിവസവും സമയവും വ്യക്തമാക്കിക്കൊണ്ടുള്ള വിവരം SMS ആയി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ്. ഒരു LED ബൾബിന്റെ വിലയായി നിശ്ചയിച്ചിരിക്കുന്നത് 65 രൂപയാണ്. ഉപഭോക്താക്കൾക്ക് നൽകുന്ന LED ബൾബുകളുടെ തുക ഒരുമിച്ചോ പരമാവധി 6 തവണകളായോ അടയ്ക്കാവുന്നതാണ്. ഒരു ബൾബിന്റെ വാറന്റി 3 വർഷമാണ്. ഒരു ഉപഭോക്താവ് രജിസ്റ്റർ ചെയ്തതിനേക്കാൾ കുറച്ച് ബൾബുകൾ സ്വീകരിക്കുന്നതിനും ആ വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. ഉപഭോക്താവ് കൂടുതൽ ബൾബുകൾ ആവശ്യപ്പെടുന്നപക്ഷം ആകെ രജിസ്റ്റർ ചെയ്ത എണ്ണത്തിന്റെ 25% വരെ ബൾബുകൾ അധികമായി നൽകുന്നതാണ്.

## മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

243 (2527) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വൈദ്യുത ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവയിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

2015 മുതൽ നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന ജലവൈദ്യുത പദ്ധതികളായ പള്ളിവാസൽ എക്സ്റ്റൻഷൻ (60 MW), തോട്ടിയാർ (40 MW), ചാത്തൻകോട്ടുനട II (6 MW) എന്നീ ജലവൈദ്യുത പദ്ധതികളിൽ നിന്നും ആകെ 106 MW അധികമായി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കർഷകർക്ക് സൗജന്യ വൈദ്യുതി**

244 (2528) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്കായി കർഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കൃഷിക്കാർക്ക് സൗജന്യമായി കാർഷികാവശ്യങ്ങൾക്കായി വൈദ്യുതി നൽകുന്ന പദ്ധതി നടപ്പാക്കാൻ സർക്കാർ തയ്യാറാവുമോ; വിശദമാക്കുമോ?

(എ&ബി) കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിന് നിലവിൽ പ്രത്യേക പദ്ധതികളില്ല. മറ്റ് കണക്ഷനുകൾ നൽകുന്ന നടപടിക്രമങ്ങൾ പ്രകാരം തന്നെയാണ് കാർഷിക കണക്ഷനും നൽകുന്നത്. താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരമുള്ള കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് കൃഷി ഭവനുകൾ മുഖാന്തരം കൃഷി വകുപ്പ് അടയ്ക്കുന്നതിനാൽ ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായാണ് ലഭ്യമാകുന്നത്. ഇതിന് കൃഷി വകുപ്പ് ഏർപ്പെടുത്തിയ നിബന്ധനകൾ ഇവയാണ്.

i. 30 സെന്റിൽ കുറയാതെ ഭൂമിയുള്ളതും അതിൽ 75 ശതമാനം സ്ഥലമെങ്കിലും കാർഷിക വിളകൾ കൃഷി ചെയ്യാൻ ഉപയോഗിക്കുന്ന കർഷകർക്ക് പത്ത് സെന്റിൽ കുറയാത്ത സ്ഥലത്ത് നടത്തുന്ന പച്ചക്കറി കൃഷിക്ക്.

ii. അഞ്ച് സെന്റിൽ കുറയാത്ത സ്ഥലത്ത് വെറ്റില കൃഷിക്ക്.

**പ്രഭുറാം മില്ലിലെ ഊർജ്ജ പ്രതിസന്ധി**

245 (2529) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയുടെ ആധുനികവൽക്കരണം പ്രായോഗികമാകുമ്പോൾ സുഗമമായ പ്രവർത്തനങ്ങൾക്ക് ഊർജ്ജ പ്രതിസന്ധി ചില സ്ഥാപനങ്ങളിലുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ചെങ്ങന്നൂരിലെ പ്രഭുറാം മില്ലിൽ തുടർച്ചയായുണ്ടാകുന്ന ഊർജ്ജ തടസ്സത്തിന് (പവർ ഫെയിലുവർ) പരിഹാരമായും നിർദ്ദിഷ്ട റൈസ് മില്ലിന്റെ പ്രവർത്തനം ലക്ഷ്യമിട്ടും കെ.എസ്.ഇ.ബി.-യുടെ സബ്സ്റ്റേഷൻ അനുവദിക്കുന്നത് സർക്കാർ പരിഗണിക്കുമോ?

ചെങ്ങന്നൂരിലെ കോട്ട എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന് കീഴിലുള്ള പ്രഭുറാം മിൽസിന്റെ കോമ്പൗണ്ടിൽ പുതിയതായി ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായുള്ള സാധ്യതാ പഠനം നടത്തിയിട്ടുള്ളതും പദ്ധതി ഫീസിബിളാണെന്ന് കണ്ടെത്തുകയും ഇതിനെത്തുടർന്ന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. നിലവിൽ ബോർഡിന്റെ പരിഗണനയിലാണ്. ഈ സബ്സ്റ്റേഷൻ നിർമ്മാണത്തിനായി പ്രഭുറാം മിൽസിന്റെ ഉടമസ്ഥതയിലുള്ള 2.50 ഏക്കർ ഭൂമി കെ. എസ്. ഇ.ബി. ലിമിറ്റഡിന് പ്രഭുറാം മിൽസ് കൈമാറേണ്ടതായിട്ടുണ്ട്. ഇതിനായി പ്രഭുറാം മിൽസ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ അധികാരികളുമായി കെ. എസ്. ഇ.ബി. ലിമിറ്റഡ് ചർച്ചകൾ നടത്തിവരുന്നു.

## സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനം

246 (2530) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ?

ഉണ്ട്. നിലവിലുള്ള സർക്കാരിന്റെ കാലത്ത്, രാജ്യത്ത് ആദ്യമായി സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ സംസ്ഥാനമായി കേരളം മാറി. ടി പ്രഖ്യാപനം, 29-5-2017-ന് കോഴിക്കോട് വച്ച് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി നടത്തുകയുണ്ടായി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ പവർകട്ട് ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല.

(സി) മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിൽ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നോ; വിശദവിവരങ്ങൾ ലഭ്യമാണെങ്കിൽ നൽകാമോ?

മുൻ സർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന കാലഘട്ടങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്.

i. 2011 ജൂൺ 20 മുതൽ 28 വരെ.

ii. 2011 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 10 വരെ.

iii. 2012 ഏപ്രിൽ 2 മുതൽ മേയ് 23 വരെ.

iv. 2012 സെപ്റ്റംബർ 27 മുതൽ 2013 മേയ് 1 വരെ.

v. 2013 മേയ് 24 മുതൽ ജൂൺ 15 വരെ.

vi. 2014 മേയ് 22 മുതൽ 31 വരെ.

vii. 2014 ജൂൺ മാസം 2 മുതൽ 26 വരെ.

**വാമനപുരം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

247 (2531) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽ എത്ര വീടുകൾക്കാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ?

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി വൈദ്യുതി കണക്ഷൻ നൽകിയ വീടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ഊർജ്ജ സംരക്ഷണത്തിനായി നടപ്പാക്കിയ നൂതന പദ്ധതികൾ.**

248 (2532) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജ സംരക്ഷണത്തിനായി നടപ്പാക്കിയ നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി നടപ്പാക്കിയ നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്ററിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകംതന്നെ 1.35 കോടിയിൽപ്പരം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഒരു കോടി എൽ.ഇ.ഡി. ബൾബുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. ഊർജ്ജനഷ്ടം

കുറയ്ക്കുന്നതിനായി ഇടുക്കി ജില്ലയിലെ രാജകുമാരി, രാജാക്കാട്, അടിമാലി എന്നീ ഇലക്ട്രിക് സെക്ഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ നവീകരണവും തിരൂർ ഇലക്ട്രിക് സർക്കിളിന്റെ കീഴിലുള്ള 20 ട്രാൻസ്ഫോർമറുകളുടെ നവീകരണവും പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ 60 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും കണ്ണൂർ, ആലപ്പുഴ എന്നീ ഇലക്ട്രിക് സർക്കിളുകളുടെ കീഴിൽ 20 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ വീതവും നവീകരിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ തിരൂർ ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തിരൂർ മാർക്കറ്റ് റോഡിലും പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുമുള്ള ഉപഭോക്താക്കൾക്ക് എച്ച്.വി.ഡി.എസ്. മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തലും ഊർജ്ജ സംരക്ഷണ പദ്ധതിയും പൂർത്തീകരിച്ചു. പാലക്കാട് സുൽത്താൻപേട്ടയിലും HVDS പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തു നൽകുന്ന ഈരാറ്റുപേട്ടയിലെ പദ്ധതി പൂർത്തീകരിച്ചു. എടപ്പോൺ 220 KV സബ്സ്റ്റേഷനിൽ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായുള്ള ജോലികൾ പൂർത്തീകരിച്ചു. ഊർജ്ജനഷ്ടം കുറച്ച് വൈദ്യുതി ആവശ്യകത കുറയ്ക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള പദ്ധതികളാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട ദ്യുതി, ട്രാൻസ്ഗ്രിഡ്, ഫിലമെന്റ് ഫ്രീ കേരള എന്നിവ. കേരളത്തിലുടനീളം എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഊർജ്ജക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമത കൂടിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന 'നിലാവ്' എന്ന പദ്ധതി നിലവിലുണ്ട്. കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള വിശദമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ SPV ആയി കെ.എസ്.ഇ.ബി. ലിമിറ്റഡിനെ നിശ്ചയിച്ചുകൊണ്ടും EESL (Energy Efficiency Services Ltd.) ൽ നിന്നു LED തെരുവ് വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുമതി നൽകിയും പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുവാൻ അനുമതി നൽകിയും തദ്ദേശഭരണ വകുപ്പ് 25-12-2020 -ലെ സ.ഉ. (കൈ) നമ്പർ 202/2020/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്നാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു. ഇതിന്റെ ഭാഗമായി

അടിമാലി, രാജാക്കാട്, ഒല്ലൂർ സെക്ഷനുകളുടെയും പരിധിയിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളുടെയും നവീകരണ പ്രവർത്തനങ്ങളും തുടർന്ന് കണ്ണൂർ, തിരൂർ, ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളുകൾക്ക് കീഴിലുള്ള വിതരണ ട്രാൻസ്ഫോർമറുകളുടെ നവീകരണ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 120 kW-ന് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജ സംരക്ഷണ നിയമപ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മുതൽ ഇത് കേരള സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 150-നു മുകളിൽ വരുന്ന എഞ്ചിനീയർമാർക്ക് ECBC മാനദണ്ഡങ്ങളനുസരിച്ച് കെട്ടിടം ഡിസൈൻ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സിമുലേഷനിലും സാങ്കേതികവിദ്യയിലും Hands on training കൂടി നൽകുകയും ഇതിന്റെ ഭാഗമായി ECBC പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് BEEE (Building Energy Efficiency Experts) എന്ന ഒരു കേഡറിനെ എംപാനൽ ചെയ്യുകയും ചെയ്തു. ഇതിന്റെ ഭാഗമായി 5 പേരടങ്ങുന്ന BEEE ആദ്യബാച്ച് തയ്യാറായി. ചൈതന്യം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയവ സ്ഥാപിച്ചിട്ടുണ്ട്. കേരള സർക്കാർ ഫണ്ടിൽനിന്നും ഒരു കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പാക്കിയത്. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത ഹൗസ് ബോട്ടിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജക്ഷമത കൂടിയ ലോവോൾട്ട് ഡി.സി. ഉപകരണങ്ങൾ ഘടിപ്പിക്കുകയും സൗരവൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചു. കുട്ടനാട്, തൃശ്ശൂർ, പൊന്നാനി കോൾനിലയങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമതകുറഞ്ഞ പെട്ടിപറ പമ്പുകൾക്ക് പകരം ഉപയോഗിക്കുവാൻ സാധിക്കുന്ന ഊർജ്ജകാര്യക്ഷമത കൂടിയ പമ്പുകൾ വികസിപ്പിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇ.എം.സി, പാലക്കാട് സ്ഥിതി ചെയ്യുന്ന FCRI, കേരള സർക്കാർ സ്ഥാപനമായ RAIDCO എന്നിവരും ചേർന്ന് സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ നടപ്പാക്കിയ ഊർജ്ജകിരൺ പദ്ധതിയുടെ വിശദാംശം നൽകുമോ?

പൊതുജനങ്ങൾക്ക് ഊർജ്ജസംരക്ഷണ രംഗത്ത് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാരിതര സ്ഥാപനങ്ങൾവഴി (NGO) ഊർജ്ജ

സംരക്ഷണ ക്ലാസ്സുകളും പദ്ധതികളും നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം എല്ലാ നിയോജക മണ്ഡലങ്ങളിലെയും സർക്കാർ ഓഫീസുകളിലെ ജീവനക്കാർക്കും ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ നടത്തി വരുന്നു.

(സി) ഊർജ്ജ സംരക്ഷണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച ഫിലമെന്റ് രഹിത കേരളം പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഫിലമെന്റ് രഹിത കേരളം പദ്ധതി കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. കേരള സർക്കാർ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവന ചെയ്ത അഞ്ചുപദ്ധതികളിൽ ഒന്നായ ഫിലമെന്റ് രഹിത കേരള (FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മ കൂടിയ 9 വാട്ട്സിന്റെ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് ലക്ഷ്യംവയ്ക്കുന്നു. ഈ പദ്ധതിയിൽ 13.27 ലക്ഷം ഉപഭോക്താക്കൾ 107 ലക്ഷം LED ബൾബുകൾക്കായി ആദ്യഘട്ടത്തിൽ രജിസ്റ്റർ ചെയ്തിരുന്നു. ഇവയുടെ വിതരണം ജനവരി മാസത്തിൽ ആരംഭിച്ച് മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ടി പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ നേതൃത്വത്തിൽ ഇ.എം.സി.-യുടെ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പാക്കുന്നത്. ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ.-കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഇതിൽ ഉൾപ്പെടുന്നു. ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ സഹായത്തോടെ ഇ.എം.സി.-യാണ് ഇത് നിർവ്വഹിക്കുന്നത്. ഒരു LED ബൾബിന് സൗജന്യ നിരക്കായ 65 രൂപയാണ് ഈടാക്കുന്നത്. ഒരു കോടി ബൾബുകൾ വിതരണം ചെയ്യുന്നതിനായി 28-10-2020-ൽ രണ്ട് കമ്പനികൾക്ക് (70:30 എന്ന അനുപാതത്തിൽ) പർച്ചേസ് ഓർഡർ നൽകുകയുണ്ടായി. ഇതിൽ 53 ലക്ഷം ബൾബുകൾ ഇതിനോടകം ഫീൽഡ് ഓഫീസുകളിൽ എത്തിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 48 ലക്ഷത്തോളം ബൾബുകൾ വിതരണത്തിനായി തയ്യാറായിക്കഴിഞ്ഞു. ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 7-1-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. പ്രാദേശികതലത്തിൽ ഉദ്ഘാടനങ്ങൾ സംഘടിപ്പിച്ച ശേഷം രജിസ്റ്റർ ചെയ്ത ഗാർഹിക ഉപഭോക്താക്കളുടെ വീടുകളിൽ നേരിട്ട് വിതരണം നൽകാനും പഴയ സി.എഫ്.എൽ/ ഐ.സി.എൽ ബൾബുകൾ ഉപഭോക്താക്കളിൽനിന്നും തിരികെ ശേഖരിക്കുവാനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഉപഭോക്താക്കൾക്ക് നൽകുന്ന LED ബൾബുകളുടെ വില ഒരുമിച്ചോ പരമാവധി 6 പലിശരഹിത തവണകളായോ ഓൺലൈൻ/ക്യാഷ് കൗണ്ടർവഴി സ്വീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രചാരണം കാര്യക്ഷമമാക്കുന്നതിന് എല്ലാ കെ.എസ്.ഇ.ബി.

സെക്ഷനുകളിലും ബാനറുകൾ സ്ഥാപിക്കുന്നതാണ്. ഇതുകൂടാതെ ആകാശവാണി, എഫ്.എം. റേഡിയോകളിൽക്കൂടി ഈ പദ്ധതിയെക്കുറിച്ചുള്ള വിവരണം നൽകുന്നതാണ്.

(ഡി) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിനായി നടപ്പാക്കിയ സ്മാർട്ട് എനർജി പ്രോഗ്രാം, വീട്ടമ്മമാർക്കായുള്ള എനർജി ക്ലിനിക് എന്നിവയുടെ വിശദാംശം നൽകുമോ?

സ്മാർട്ട് എനർജി പ്രോഗ്രാം ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. ഇതിന്റെ ഭാഗമായി 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 7841 സ്കൂളുകളെ സംഘടിപ്പിച്ച് 70000-ഓളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. 41 വിദ്യാഭ്യാസ ജില്ലകളിൽ സ്കൂൾ അദ്ധ്യാപകർക്കുള്ള സെൻസിറ്റൈസേഷൻ ക്ലാസ്സുകളും അതോടൊപ്പം 41 ഊർജ്ജോത്സവ പരിപാടിയും സംഘടിപ്പിച്ചു.

<u>ഊർജ്ജ ക്ലീനിക്</u> - കേരളത്തിലെ വീട്ടമ്മമാരിൽ ഊർജ്ജ സംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള വനിതാ കേന്ദ്രീകൃത പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 500-ഓളം സ്ത്രീകൾക്ക് ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ നയിക്കുന്നതിനുവേണ്ടിയും ഊർജ്ജസംരക്ഷണ രംഗത്തെ നൂതന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു വേണ്ടിയും പരിശീലനം നൽകിയിട്ടുണ്ട്. ഇവർ മുഖേന എല്ലാ ജില്ലകളിലെയും സ്ത്രീകളിലേക്കും പൊതു ജനങ്ങളിലേക്കും ഊർജ്ജ സംരക്ഷണ ആവശ്യകതയെക്കുറിച്ചുള്ള പ്രധാന്യം എത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി നടപ്പാക്കിവരുന്നു. വനിതാ വോളന്റിയർമാരാൽ തെരഞ്ഞെടുക്കപ്പെട്ട വീട്ടമ്മമാർക്ക് ഊർജ്ജകാര്യക്ഷമത കൈവരിക്കുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്ത് ഈ പദ്ധതി നടപ്പാക്കുന്നു.

**ഊർജ്ജ സംരക്ഷണപദ്ധതികൾ**

249 (2533) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഊർജ്ജ സംരക്ഷണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക്ക്

എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകംതന്നെ 1.35 കോടിയിൽപ്പരം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഫിലമെന്റ് രഹിത കേരളം പദ്ധതി ഇ.എം.സി.-യും, കെ.എസ്.ഇ.ബി.-യും സംയുക്തമായാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയിലൂടെ കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മ കൂടിയ 9 വാട്ട്സിന്റെ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ഒരു ഗാർഹിക ഉപഭോക്താവിന് 20 ബൾബുകൾവരെ നൽകുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 7-1-2021-ന് മുഖ്യമന്ത്രി നിർവ്വഹിച്ചു. ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഒരു കോടി LED ബൾബുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾവഴി ബൾബുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി ഇടുക്കി ജില്ലയിലെ രാജകുമാരി, രാജാക്കാട്, അടിമാലി എന്നീ ഇലക്ട്രിക് സെക്ഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ നവീകരണവും തിരൂർ ഇലക്ട്രിക് സർക്കിളിന്റെ കീഴിലുള്ള 20 ട്രാൻസ്ഫോർമറുകളുടെ നവീകരണവും പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ 60 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും കണ്ണൂർ, ആലപ്പുഴ എന്നീ ഇലക്ട്രിക് സർക്കിളുകളുടെ കീഴിൽ 20 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ വീതവും നവീകരിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. വൈദ്യുത വിതരണനഷ്ടം കുറയ്ക്കുന്നതിനായി നടപ്പാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്.) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷനിൽ വിജയകരമായി നടപ്പാക്കിയിരുന്നു. ഇതിലൂടെ വൈദ്യുതി തടസ്സവും അപകടങ്ങളും നല്ലൊരളവുവരെ ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട, കോന്നി ഇലക്ട്രിക് സെക്ഷനുകളിൽ എച്ച്.വി.ഡി.എസ്. പദ്ധതി നടപ്പാക്കി. കൂടാതെ 2018-19-ലെ 40 ലക്ഷം രൂപയുടെ സർക്കാർ ഫണ്ട് വിനിയോഗിച്ച് തിരൂർ 15 കെ.വി.എ-യുടെ 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി. ഡി.എസ്.) പദ്ധതിയുടെ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ സുൽത്താൻപേട്ട ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 40 ലക്ഷം രൂപയുടെ എച്ച്.വി.ഡി.എസ്. പദ്ധതിയുടെ പ്രവർത്തനങ്ങളും ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ 46 ലക്ഷം രൂപയുടെ എച്ച്.വി.ഡി.എസ്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തു നൽകുന്ന ഈരാറ്റുപേട്ടയിലെ പദ്ധതി പൂർത്തീകരിച്ചു.

എടപ്പോൺ 220 KV സബ്സ്റ്റേഷനിൽ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായുള്ള ജോലികൾ പൂർത്തീകരിച്ചു. ഊർജ്ജനഷ്ടം കുറച്ച് വൈദ്യുതി ആവശ്യകത കുറയ്ക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള പദ്ധതികളാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട ദ്യുതി, ട്രാൻസ്ഗ്രിഡ്, ഫിലമെന്റ് ഫ്രീ കേരള എന്നിവ. കേരളത്തിലുടനീളം എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഊർജ്ജക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമത കൂടിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന 'നിലാവ്' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 120 kW-ന് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമപ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മുതൽ ഇത് കേരള സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 150-ന് മുകളിൽ വരുന്ന എഞ്ചിനീയർമാർക്ക് ECBC മാനദണ്ഡങ്ങളനുസരിച്ച് കെട്ടിടം ഡിസൈൻ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സിമുലേഷനിലും സാങ്കേതികവിദ്യയിലും Hands on training കൂടി നൽകുകയും ഇതിന്റെ ഭാഗമായി ECBC പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് BEEE (Building Energy Efficiency Experts) എന്ന ഒരു കേഡറിനെ എംപാനൽ ചെയ്യുകയും ചെയ്തു. ഇതിന്റെ ഭാഗമായി 5 പേരടങ്ങുന്ന BEEE ആദ്യ ബാച്ച് തയ്യാറായി. തിരുവനന്തപുരം ജില്ലയിലെ 10 ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ മൊത്തം 327 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, 240 എൽ.ഇ.ഡി. ബൾബ്, 145 സീലിംഗ് ഫാനുകൾ എന്നിവ വിതരണം ചെയ്യുകയും ആകെ 30049 യൂണിറ്റ് ഊർജ്ജലാഭം ഉണ്ടാക്കുകയും ചെയ്തു. ചൈതന്യം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയവ സ്ഥാപിച്ചിട്ടുണ്ട്. കേരള സർക്കാർ ഫണ്ടിൽനിന്നും ഒരു കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഇതുകൂടാതെ ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ, ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കളമശ്ശേരി, ജനറൽ ഹോസ്പിറ്റൽ, പാല എന്നിവിടങ്ങളിൽ ഊർജ്ജകാര്യക്ഷമത നേടിയിട്ടുണ്ട്. ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കിവരുന്നു. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത ഹൗസ് ബോട്ടിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ

ഭാഗമായി ഊർജ്ജക്ഷമത കൂടിയ ലോവോൾട്ട് ഡി.സി. ഉപകരണങ്ങൾ ഘടിപ്പിക്കുകയും സൗര വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചു. കുട്ടനാട്, തൃശ്ശൂർ, പൊന്നാനി കോൾ നിലയങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പെട്ടിപറ പമ്പുകൾക്ക് പകരം ഉപയോഗിക്കുവാൻ സാധിക്കുന്ന ഊർജ്ജ കാര്യക്ഷമത കൂടിയ പമ്പുകൾ വികസിപ്പിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇ.എം.സി, പാലക്കാട് സ്ഥിതി ചെയ്യുന്ന FCRI, കേരള സർക്കാർ സ്ഥാപനമായ RAIDCO എന്നിവരും ചേർന്ന് സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ദേശീയ തലത്തിൽ എന്തെല്ലാം അംഗീകാരങ്ങളാണ് ലഭിച്ചതെന്ന് അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് എനർജി മാനേജ്മെന്റ് സെന്ററിന് 5 തവണ ഊർജ്ജസംരക്ഷണ അവാർഡ് ലഭിച്ചിട്ടുണ്ട്. 2018-ൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി തയ്യാറാക്കിയ ഊർജ്ജ കാര്യക്ഷമത സൂചികയിൽ കൂടുതൽ പോയിന്റ് നേടി കേരളത്തിന് ഒന്നാം സ്ഥാനത്തെത്തുവാൻ സാധിച്ചിട്ടുണ്ട്.

**ഊർജ്ജ സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ**

250 (2534) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിനായി നിലവിലെ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; ഇതിന്റെ ഭാഗമായി നിലാവ് എന്ന പേരിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

i. ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക്ക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകംതന്നെ 1.35 കോടിയിൽപ്പരം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു.

ii. ഫിലമെന്റ് രഹിത കേരളം പദ്ധതി ഇ.എം.സി.-യും, കെ.എസ്.ഇ.ബി.-യും സംയുക്തമായാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മ കൂടിയ 9 വാട്ട്സിന്റെ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന്

ലക്ഷ്യമിടുന്നു. ഒരു ഗാർഹിക ഉപഭോക്താവിന് 20 ബൾബുകൾ നൽകുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 7-1-2021-ന് മുഖ്യമന്ത്രി നിർവ്വഹിച്ചു. ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഒരു കോടി LED ബൾബുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വഴിയാണ് ബൾബുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

iii. ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി ഇടുക്കി ജില്ലയിലെ രാജകുമാരി, രാജാക്കാട്, അടിമാലി എന്നീ ഇലക്ട്രിക് സെക്ഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ നവീകരണവും തിരൂർ ഇലക്ട്രിക് സർക്കിളിന്റെ കീഴിലുള്ള 20 ട്രാൻസ്ഫോർമറുകളുടെ നവീകരണവും പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ 60 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും കണ്ണൂർ, ആലപ്പുഴ എന്നീ ഇലക്ട്രിക് സർക്കിളുകളുടെ കീഴിൽ 20 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ വീതവും നവീകരിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ തിരൂർ ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തിരൂർ മാർക്കറ്റ് റോഡിലും പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുമുള്ള ഉപഭോക്താക്കൾക്ക് എച്ച്.വി.ഡി.എസ്. മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തലും ഊർജ്ജ സംരക്ഷണ പദ്ധതിയും പൂർത്തീകരിച്ചു. പാലക്കാട് സുൽത്താൻപേട്ടയിലും HVDS പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

iv. ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തു നൽകുന്ന ഈരാറ്റുപേട്ടയിലെ പദ്ധതി പൂർത്തീകരിച്ചു.

v. എടപ്പോൺ 220 KV സബ്സ്റ്റേഷനിൽ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായുള്ള ജോലികൾ പൂർത്തീകരിച്ചു.

vi. ഊർജ്ജനഷ്ടം കുറച്ച് വൈദ്യുതി ആവശ്യകത കുറയ്ക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള പദ്ധതികളാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട ദ്യുതി, ട്രാൻസ്ഗ്രിഡ്, ഫിലമെന്റ് ഫ്രീ കേരള എന്നിവ.

vii. കേരളത്തിലുടനീളം എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ

നിലവിലുള്ള ഊർജ്ജക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമത കൂടിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന "നിലാവ്" പദ്ധതി നിലവിലുണ്ട്. കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള വിശദമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ SPV ആയി കെ.എസ്.ഇ.ബി. ലിമിറ്റഡിനെ നിശ്ചയിച്ചുകൊണ്ടും EESL-ൽ നിന്ന് LED തെരുവുവിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുമതി നൽകിയും പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുവാൻ അനുമതി നൽകിയും തദ്ദേശഭരണ വകുപ്പ് 25-12-2020- ലെ സ.ഉ.(കൈ) നമ്പർ 202/2020/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്നാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 120 kW-ന് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമപ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കി ക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മുതൽ ഇത് കേരള സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 150-നു മുകളിൽ വരുന്ന എഞ്ചിനീയർമാർക്ക് ECBC മാനദണ്ഡങ്ങളനുസരിച്ച് കെട്ടിടം ഡിസൈൻ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സിമുലേഷനിലും സാങ്കേതിക വിദ്യയിലും Hands on training കൂടി നൽകുകയും ഇതിന്റെ ഭാഗമായി ECBC പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് BEEE (Building Energy Efficiency Experts) എന്ന ഒരു കേഡറിനെ എംപാനൽ ചെയ്യുകയും ചെയ്തു. ഇതിന്റെ ഭാഗമായി 5 പേരടങ്ങുന്ന ആദ്യ BEEE ബാച്ച് തയ്യാറായി. തിരുവനന്തപുരം ജില്ലയിലെ 10 ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ മൊത്തം 327 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, 240 എൽ.ഇ.ഡി. ബൾബ്, 145 സീലിംഗ് ഫാൻ എന്നിവ വിതരണം ചെയ്യുകയും ആകെ 30049 യൂണിറ്റ് ഊർജ്ജലാഭമുണ്ടാക്കുകയും ചെയ്തു. ചൈതന്യം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയവ സ്ഥാപിച്ചിട്ടുണ്ട്. കേരള സർക്കാർ ഫണ്ടിൽനിന്നും ഒരു കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഇതുകൂടാതെ ഗവൺമെന്റ്

മെഡിക്കൽ കോളേജ്, തൃശ്ശൂർ; ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ; ഗവൺമെന്റ് മെഡിക്കൽ കോളേജ്, കളമശ്ശേരി; ജനറൽ ഹോസ്പിറ്റൽ, പാല എന്നിവിടങ്ങളിൽ ഊർജ്ജകാര്യക്ഷമത നേടിയിട്ടുണ്ട്. ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, തൃശ്ശൂർ; റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി, തിരുവനന്തപുരം എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കിവരുന്നു. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത ഹൗസ് ബോട്ടിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജക്ഷമത കൂടിയ ലോവോൾട്ട് ഡി.സി. ഉപകരണങ്ങൾ ഘടിപ്പിക്കുകയും സൗര വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചു. കുട്ടനാട്, തൃശ്ശൂർ, പൊന്നാനി കോൾ നിലയങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പെട്ടിപറ പമ്പുകൾക്ക് പകരം ഉപയോഗിക്കുവാൻ സാധിക്കുന്ന ഊർജ്ജകാര്യക്ഷമത കൂടിയ പമ്പുകൾ വികസിപ്പിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇ.എം.സി, പാലക്കാട് സ്ഥിതി ചെയ്യുന്ന FCRI, കേരള സർക്കാർ സ്ഥാപനമായ RAIDCO എന്നിവരും ചേർന്ന് സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൈദ്യുതി ബില്ലിൽ എത്ര ശതമാനം കുറവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 18W, 35W, 70 W, 110 W എന്നീ വോൾട്ടേജുകളുടെ LED വിളക്കുകൾ, പല പാക്കേജുകളായാണ് മാറ്റേണ്ട തെരുവുവിളക്കുകൾ തെരഞ്ഞെടുക്കേണ്ടത്. തിരഞ്ഞെടുത്ത 20 ലോക്കൽ ബോഡികളിൽ നടത്തിയ പഠനത്തിന്റെയും തെരഞ്ഞെടുക്കുന്ന പാക്കേജുകളുടെയും അടിസ്ഥാനത്തിൽ പദ്ധതി പൂർത്തിയാകുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഉപഭോഗത്തിൽ 50% മുതൽ 65% വരെ കുറവ് ലഭിക്കുന്നതായി കണക്കാക്കുന്നു. പദ്ധതി നടപ്പാക്കുന്നതിലൂടെ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്നും പ്രതിവർഷം 80 കോടി രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ലാഭിക്കുവാൻ കഴിയുമെന്നും കണക്കാക്കുന്നു.

(സി) ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമല്ല .

## പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം

251 (2535) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതോല്പാദനം വർദ്ധിപ്പിച്ച് 25 ശതമാനം വാർഷിക വളർച്ച കൈവരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കിവരുന്നു. ഈ കാലയളവിൽ 311.4285 MW-ന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ സൗരോർജ്ജ പദ്ധതികളിൽനിന്നും 259.2785 മെഗാവാട്ടും 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ KSEB നേരിട്ടും 12.55 MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തിരവും കൂടാതെ കാറ്റിൽനിന്നും 27 MW - ഉം ഉൾപ്പെടുന്നു. 2021-ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര പദ്ധതി ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ഇപ്രകാരമുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ചതുവഴി പുനരുപയോഗ ഊർജ്ജ സ്ത്രോതസുകളിൽ നിന്നുള്ള വൈദ്യുതോത്പാദനം 25 ശതമാനത്തിനുമേൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) വഴി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം പ്രകാരം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പാക്കാൻ വേണ്ടിയുള്ള അനുമതി നൽകി. ഇവ കൂടാതെ വിവിധ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർണ്ണമായ സാധ്യതാ വിവരണ പട്ടിക ക്രോഡീകരിച്ച് റിപ്പോർട്ടാക്കുന്ന പ്രവർത്തനം ഇ.എം.സി. നടപ്പാക്കികൊണ്ടിരിക്കുകയാണ്. ഇതിൻപ്രകാരം കരമനയാറ്, വാമനപുരം നദി, ഇത്തിക്കരയാറ്, കല്ലടയാറ് എന്നീ നദികളിൽ നിന്നായി 112 ചെറുകിട/ മൈക്രോ/സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ സാധ്യതയുണ്ടെന്ന് പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

(ബി) നിലവിൽ ഈ മേഖലയിലെ വൈദ്യുതി ഉല്പാദനത്തിന്റെ വാർഷിക വളർച്ച എത്ര ശതമാനമാണ്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരുപയോഗ ഊർജ്ജ മേഖലയിൽ 311.4285 മെഗാവാട്ട് ശേഷിയുള്ള പദ്ധതികൾ നടപ്പാക്കി. സൗരോർജ്ജ നിലയങ്ങളുടെ കാര്യത്തിൽ 87.89%-ഉം മറ്റ് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ കാര്യത്തിൽ 5.16%-ഉം ഉല്പാദനശേഷിയിൽ ശരാശരി വാർഷിക വളർച്ച കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ സൗരോർജ്ജ ഉല്പാദനശേഷി 2021-ഓടെ 1000 മെഗാവാട്ടായി വർദ്ധിപ്പിക്കുവാൻ നിലവിലെ സാഹചര്യത്തിൽ സാധിക്കുമോ?

സംസ്ഥാനത്തിന്റെ സൗരോർജ്ജ ഉല്പാദനശേഷി 2021-ഓടെ 1000 മെഗാവാട്ടായി വർദ്ധിപ്പിക്കുവാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നത്. സംസ്ഥാനത്ത് ഇപ്പോൾ 274.47 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ നിലവിലുള്ളതിൽ 259.2785 മെഗാവാട്ടും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നടപ്പിലാക്കിയതാണ്. താഴെ സൂചിപ്പിച്ചിട്ടുള്ള വിധത്തിലാണ് 1000 മെഗാവാട്ട് കണ്ടെത്താൻ ഉദ്ദേശിക്കുന്നത്. പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് ഇതിനോടകം 107 MW കൂട്ടിച്ചേർത്തിട്ടുണ്ട്. മറ്റൊരു 46.5 MW കൂട്ടിച്ചേർക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW-ൽ ആദ്യഘട്ടത്തിലേക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡ്ഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും - താരിഫ് അധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത NTPC (90 MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. 200 മെഗാവാട്ട് സോളാർ പാർക്കുകളും - കാസർഗോഡ് സോളാർ പാർക്കിൽ 100 MW പ്രവർത്തനം ആരംഭിച്ചു. മറ്റൊരു 105 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള സ്ഥല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും - കായംകുളം NTPC പദ്ധതിയോടു ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ നിലയം നിർമ്മാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് (50 MW) ടെണ്ടർ നടപടികൾ പൂർത്തിയായി. ഇടുക്കി ജലസംഭരണിയിലും (300 MW), ബാണാസുരസാഗർ ജലസംഭരണിയിലും (100 MW) ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വനസംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു

18.96 MWp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തങ്ങൾ നടന്നുവരുന്നു. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കേരളത്തിലെ റിസർവ്വോയറുകളിൽ ഫ്ളോട്ടിംഗ് സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇതിനകം ഏതൊക്കെ റിസർവോയറുകളിൽ ഈ പദ്ധതി പ്രാവർത്തികമാക്കി; ഇതിനായി ഏതെങ്കിലും ഏജൻസികളുടെ സഹായം ലഭിക്കുന്നുണ്ടോ എന്നറിയിക്കാമോ?

കേരളത്തിലെ റിസർവോയറുകളിൽ ഫ്ളോട്ടിംഗ് സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ബാണാസുര സാഗർ റിസർവോയറിൽ 0.5 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നുള്ള 0.02 മില്യൺ യൂണിറ്റ് വൈദ്യുതി പ്രതിവർഷം 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് ലഭിച്ചുവരുന്നു. ഈ പദ്ധതിക്കായി സർക്കാർ ഫണ്ടും കെ.എസ്.ഇ.ബി.-ടെ ഫണ്ടും ഉപയോഗിച്ചാണ് നടപ്പാക്കിയത്. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ എൻ.എച്ച്.പി.സി. മുഖേന നടപ്പാക്കുന്ന പദ്ധതിക്കാവശ്യമായ ഭൂമി എൻ.എച്ച്.പി.സി.-ക്ക് കെ.എസ്.ഇ,.ബി. എടുത്തുകൊടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. പദ്ധതി നടത്തിപ്പിനായി WKNCEPPL എന്ന കമ്പനി രൂപവൽകരിച്ച് പദ്ധതിക്കാവശ്യമായ ഭൂമിയുടെ രേഖകൾ കെ.എസ്.ഇ.ബി.-യുടെ പരിശോധനയ്ക്കായി NHPC ലഭ്യമാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട രേഖകൾ കെ.എസ്.ഇ.ബി.-യുടെ ലാൻഡ് മാനേജ്മെന്റ് യൂണിറ്റിന് കൈമാറുകയും ഇതിന്റെ നിയമസാധുത പരിശോധിക്കുന്നതിനായി കെ.എസ്.ഇ.ബി.-യുടെ ലീഗൽ വിഭാഗത്തിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. NHPC-യെ സോളാർ പവർ പാർക്ക് ഡെവലപ്പറായി നാമനിർദ്ദേശം ചെയ്യാനും കെ.എസ്.ഇ.ബി.എൽ.-നെ നോഡൽ ഏജൻസിയായിവയ്ക്കാനും സർക്കാർ ഉത്തരവ് ആവശ്യമുണ്ട്. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. ഇടുക്കി റിസർവോയർ, ഇടുക്കി വന്യജീവി സങ്കേതത്തിന്റെ ഭാഗമായതിനാൽ വനം വകുപ്പിതര പ്രവർത്തനങ്ങൾ

ചെയ്യുന്നതിന് ദേശീയ വന്യജീവി ബോർഡ്, ഭാരത സർക്കാരിന്റെ അനുമതി ലഭ്യമായതിനുശേഷം മാത്രമേ കഴിയുകയുള്ളൂവെന്ന് കേരള വനം വകുപ്പിന്റെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (വൈൽഡ് ലൈഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ) അറിയിച്ചു. പരിസ്ഥിതി ആഘാത പഠനം (ഇ.ഐ.എ.) പ്രഗത്ഭരായ ഒരു ഏജൻസിയെക്കൊണ്ട് നടത്തുന്നതിലേക്ക് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്

(ഇ) കല്ലട ഡാമിൽ സോളാർ പാനൽ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാർ സ്ഥാപനമായ NHPC മുഖേന 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

252 (2536) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചു?

പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖാന്തരം 259.2785 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞു. വിശദാംശം താഴെ ചേർക്കുന്നു. പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 16 മെഗാവാട്ട് സൗരവൈദ്യുതി ഉത്പാദിപ്പിക്കുവാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്.

(ബി) ഇനിയും എത്ര മെഗാ വാട്ട് ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ കേരളം വൈദ്യുതിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കും; വിശദമാക്കാമോ?

പവർ കട്ടില്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഈ സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. ഈ സർക്കാരിന്റെ കാലത്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കിവരുന്നു. 2021-ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര പദ്ധതി ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ഈ സർക്കാരിന്റെ കാലത്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 311.4285 MW-ന്റെ പദ്ധതികളാണ്

പൂർത്തിയാക്കിയിട്ടുള്ളത്. ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമെ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കി വരുന്നു.

**അനെർട്ടിലെ ജനറൽ മാനേജർക്ക് അനുവദിച്ച ആനുകൂല്യങ്ങൾ**

253 (2537) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ ജനറൽ മാനേജർ തസ്തികയിലുള്ള വ്യക്തി ഏത് ഡിപ്പാർട്ട്മെന്റിൽ നിന്നുമാണ് ഡെപ്യൂട്ടേഷനിൽ എത്തിയത്; ടിയാന്റെ ശമ്പളം, സ്ഥാപനത്തിൽ എത്തിയശേഷം ടിയാൻ ഇതുവരെ വാങ്ങിയ ടി.എ., ഡി.എ. എന്നിവ സംബന്ധിച്ച വിവരം നൽകുമോ?

അനെർട്ടിൽ ജനറൽ മാനേജർ തസ്തികയിലുള്ള വ്യക്തി സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ നിന്നുമാണ് ഡെപ്യൂട്ടേഷനിൽ എത്തിയത്. നിലവിലെ ജനറൽ മാനേജരുടെ ശമ്പളം 1,12,700 രൂപയാണ്. അനെർട്ടിൽ ചാർജ്ജെടുത്ത 2019 ഏപ്രിൽ മുതൽ 2020 ഡിസംബർ വരെ 20 മാസത്തിനുള്ളിൽ ടിയാൻ വാങ്ങിയ ടി.എ., ഡി.എ. 74,483 രൂപയാണ്.

(ബി) ടിയാൻ മറ്റ് സംസ്ഥാനങ്ങളിലേക്ക് യാത്ര നടത്തിയിട്ടുണ്ടോ; ഇതിന് സർക്കാർ അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ടിയാൻ മറ്റ് സംസ്ഥാനങ്ങളിലേക്ക് യാത്ര നടത്തിയിട്ടുണ്ട്. മണിപ്പൂരിലെ ഇംഫാലിൽ വച്ച് നടത്തപ്പെട്ട നാഷണൽ മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാംപ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനായി 30-1-2020-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 491/2020/പൊ.ഭ.വ. പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ടിയാന് സർക്കാരിൽ നിന്നും സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് കിട്ടിയശേഷം പ്രസ്തുത കാലയളവിൽ നടത്തിയ യാത്രയ്ക്ക് ടി.എ., ഡി.എ. അനുവദിച്ചിട്ടുണ്ടോ; എങ്കിൽ തുക എത്ര; മേല്പറഞ്ഞവയുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ടിയാന് സർക്കാരിൽ നിന്നും സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് കിട്ടിയ കാലയളവിൽ നടത്തിയ യാത്രയ്ക്ക് ടി.എ. ഡി.എ. അനുവദിച്ചിട്ടുണ്ട്. ടി.എ. ഡി.എ. ആയി നൽകിയത് 31,743 രൂപയാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ടിയാന് അനെർട്ടിൽനിന്നും സ്വകാര്യ ആവശ്യങ്ങൾക്കായി ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുണ്ടോ; ജനറൽ മാനേജറായി ചാർജ്ജെടുത്തശേഷം ഓരോ മാസവും യാത്ര ചെയ്ത ആകെ ദൂരം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; ഇതിന് സർക്കാർ നിഷ്കർഷിച്ച വാടക ഒടുക്കിയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ടിയാന് അനെർട്ടിൽ നിന്നും സ്വകാര്യ ആവശ്യങ്ങൾക്കായി ഔദ്യോഗിക വാഹനം അനുവദിച്ചിട്ടില്ല. ജനറൽ മാനേജറായി ചാർജ്ജെടുത്തശേഷം സ്വകാര്യ ആവശ്യങ്ങൾക്കായി ഔദ്യോഗിക വാഹനം വിനിയോഗിച്ചിട്ടില്ല.

(ഇ) ഇത് ക്രമപ്രകാരമാണോ; അല്ലെങ്കിൽ യാത്രയ്ക്കുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബാധകമല്ല.

**സോളാർ വൈദ്യുതി**

254 (2538) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>:
<u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>:
<u>ശ്രീ. അബ്ദുൾ ഹമീദ്. പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ജലവൈദ്യുത പദ്ധതികൾക്ക് സാധ്യത കുറവായതിനാൽ സൗരോർജ്ജ സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി സൗരോർജത്തിൽനിന്നും എത്ര മെഗാവാട്ട് ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

ഈ സർക്കാരിന്റെ കാലത്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കിവരുന്നു. 2021-ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി 'സൗര' പദ്ധതി ഊർജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചും പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചും 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.- ഉം അനെർട്ടും സംയുക്തമായി നടപ്പാക്കുന്ന 'ഊർജ്ജ കേരള മിഷൻ - സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(ബി) വിവിധ വകുപ്പുകളുടെ ആവശ്യത്തിനുള്ള വൈദ്യുതി സൗരോർജ്ജത്തിലൂടെ ഉല്പാദിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലും കെ.എസ്.ഇ.ബി.-യുടെ ഓഫീസുകളിലും ഡാമിനു മുകളിലുമായി 16.3175 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു. 18.96 MWp ശേഷിയുള്ള വിവിധ സൗരോർജ്ജ നിലയങ്ങൾ സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൊതു സ്ഥാപനങ്ങൾ സൗര വൈദ്യുതീകരണം നടത്തുന്നതിന്റെ ഭാഗമായി 'സൗര' പദ്ധതിയിലൂടെ സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി അനെർട്ട് നടത്തിയ സാധ്യതാ പഠനത്തിൽ ഏകദേശം 12 മെഗാവാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. അനെർട്ട് രണ്ട് രീതിയിലാണ് സ്ഥാപനങ്ങളിൽ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത്തേത്, സ്ഥാപനത്തിന്റെ മുതൽ മുടക്കിൽ ഓഫ്ഗ്രിഡ് സൗരോർജ്ജ നിലയം (ബാറ്ററി സംഭരണത്തോടു കൂടിയത്) സ്ഥാപിച്ച് നല്കുന്ന രീതിയാണ്. രണ്ടാമത്തേത്, സ്ഥാപനത്തിന് മുതൽ മുടക്കില്ലാതെ സൗരോജ്ജ നിലയം റെസ്കോ മാതൃകയിൽ നടപ്പാക്കുന്ന രീതി. ഇവിടെ നിശ്ചിത നിരക്കിൽ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്ന വൈദ്യുതിയെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. ഇതിലൂടെ സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഇ.എം.സി. യുടെ വൈദ്യുതി ഉപയോഗം മൊത്തമായും നിറവേറ്റുന്നത് സൗരോർജജം വഴിയാണ്. ഇതിനായി ഗ്രിഡുമായി ബന്ധപ്പെടുത്തിയ സൗരോർജ്ജ സംവിധാനവും ബാറ്ററികളിൽ വൈദ്യുതി സംഭരിച്ചുള്ള സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ രാത്രി കാലങ്ങളിൽ ഗ്രിഡിലേക്ക് വൈദ്യുതി കൊടുക്കാൻ കഴിയുന്ന ഹൈബ്രിഡ് സംവിധാനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം**

255 (2539) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് വാങ്ങുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പാരമ്പര്യേതര സ്രോതസുകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സംസ്ഥാനത്തിന് കേന്ദ്രം ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW-ൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രസ്തുത പദ്ധതി പ്രകാരം പരമാവധി 40 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്.

2. കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കേന്ദ്ര സർക്കാരിന്റെ UMREPP പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് MNRE-യിൽ നിന്നും ഒരു മെഗാവാട്ടിന് 20 ലക്ഷം രൂപ ഗ്രാന്റായി NHPC-ക്കു ലഭിക്കുന്നതാണ്.

3. കാസർഗോഡ് സോളാർ പാർക്കിൽ പൂർത്തീകരിച്ച 100 മെഗാവാട്ടിനായി 21 കോടി രൂപ ഗ്രാന്റായി MNRE അനുവദിച്ചിട്ടുണ്ട്.

4. ബാരാപോൾ 1 മെഗാവാട്ട് കനാൽബാങ്ക് പദ്ധതി ഒന്നരക്കോടി രൂപ കേന്ദ്ര സഹായം ലഭ്യമാക്കി 7-11-2016 - ൽ പൂർത്തിയാക്കി.

5. ബാരാപോൾ 3 മെഗാവാട്ട് കനാൽ ടോപ് പദ്ധതി 17.716 കോടി രൂപ കേന്ദ്ര സഹായം ലഭ്യമാക്കി 17-11-2016-ൽ പൂർത്തിയാക്കി.

(ബി) പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നും ഇപ്പോൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് സ്രോതസ്സ് തിരിച്ച് വിശദമാക്കാമോ?

പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അനെർട്ട് വഴി പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ 36 മെഗാവാട്ട് സൗരവൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട്.

(സി) അതിരപ്പിള്ളി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ ശമ്പളയിനത്തിലും മറ്റിനങ്ങളിലുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശമ്പള ഇനത്തിലും മറ്റിനങ്ങളിലുമായി ഏകദേശം 11,16,15,709 രൂപ (പതിനൊന്ന് കോടി പതിനാറ് ലക്ഷത്തി പതിനയ്യായിരത്തി എഴുനൂറ്റി ഒൻപത് രൂപ) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

**ഇടക്കൊച്ചി KSEB സെക്ഷൻ ഓഫീസ്**

256 (2540) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പള്ളുരുത്തി കച്ചേരിപ്പടി മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗം എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനായി നൽകാമെന്ന് കൊച്ചിൻ കോർപ്പറേഷൻ സമ്മതിച്ചിട്ടും പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം നാളിതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറി നൽകിയിട്ടില്ലാത്തതിനാൽ ഇടക്കൊച്ചി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

(ബി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ?

24-2-2016-ലെ B.O.(DB)No.594/2016 (D(D&S)/D6/AE2/New Section/2016) നമ്പർ ബോർഡ് ഉത്തരവ് പ്രകാരം അനുവദിച്ച സെക്ഷനുകൾ ആരംഭിക്കുന്നതിന് 10 സെന്റ് സ്ഥലം സൗജന്യമായോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇടക്കൊച്ചി സെക്ഷൻ ആരംഭിക്കുന്നതിന് കൊച്ചി കോർപ്പറേഷൻ വാടകരഹിത കെട്ടിടം അനുവദിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറിയശേഷം, കെട്ടിടത്തിൽ ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ മാറ്റങ്ങളും മറ്റ് അനുബന്ധ ജോലികളും പൂർത്തിയാക്കിയതിനുശേഷം മാത്രമേ ഓഫീസ് ആരംഭിക്കുവാൻ സാധിക്കുയുള്ളൂ.

(സി) പ്രസ്തുത ഓഫീസ് എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കെട്ടിടം കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറി നൽകിയശേഷം വേണ്ട ക്രമീകരണങ്ങൾ നടത്തി ഒരു മാസത്തിനകം ഓഫീസ് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ പുതിയ സബ്സ്റ്റേഷനുകൾ

257 (2541) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

തൃപ്പൂണ്ണിത്തുറയിൽ മിൽമയിൽ നിന്നും അഡ്വാൻസ് പൊസഷനിൽ ലഭിച്ച ഭൂമിയിൽ, ആധുനിക രീതിയിലുള്ള ഒരു 66/11 കെ.വി GIS സബ്സ്റ്റേഷനാണ് മേൽ സൂചിപ്പിച്ചിട്ടുള്ള കാലയളവിൽ നിർമ്മിച്ചിട്ടുള്ളത്. ടി സ്റ്റേഷൻ 19-1-2019-ൽ ഉദ്ഘാടനം ചെയ്തു. ഈ പദ്ധതി പൂർത്തിയായതോടെ തൃപ്പൂണിത്തുറ-മരട് മുനിസിപ്പാലിറ്റികളിലെയും ചോറ്റാനിക്കര, ഉദയംപേരൂർ തുടങ്ങിയ പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. 10 MVA വീതം കപ്പാസിറ്റിയുള്ള രണ്ട് ട്രാൻസ്ഫോർമറുകളാണ് സ്ഥാപിച്ചിട്ടുള്ളത്. 11 കെ.വി വൈറ്റില - പുത്തൻകുരിശ് ഫീഡറിൽ നിന്നും 1.5 കിലോമീറ്റർ UG കേബിൾ വഴിയാണ്, ഈ സബ്സ്റ്റേഷനിൽ 66 കെ.വി പവർ എത്തിച്ചിട്ടുള്ളത്.

## കൊല്ലക്കടവിൽ സബ്സ്റ്റേഷൻ

258 (2542) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സംസ്ഥാനതലത്തിൽ പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) ചെങ്ങന്നൂർ കൊല്ലക്കടവിൽ സബ്സ്റ്റേഷൻ ആരംഭിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിന് കീഴിലുള്ള കൊല്ലക്കടവിൽ പുതിയതായി ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുള്ളതും പദ്ധതി ഫീസിബിളാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബോർഡ് തലത്തിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഡി.പി.ആർ. ബോർഡ് പരിഗണിച്ചുവരികയുമാണ്. സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ ഭൂമി

ഇതിനകം കണ്ടെത്തുകയും പ്രസ്തുത ഭൂമിയുടെ അധികാരികളുമായി ചർച്ചകൾ നടത്തി ടി ഭൂമി ബോർഡിന് വിലയ്ക്ക് നൽകുവാനുള്ള ഒരു പ്രാരംഭ സമ്മതവും അവരിൽനിന്ന് ലഭിച്ചിട്ടുണ്ട്.

**കായംകുളം കെ.എസ്.ഇ.ബി. ഈസ്റ്റ് സെക്ഷന്റെ പുതിയ കെട്ടിട നിർമ്മാണം**

259 (2543) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ഇ.ബി. ഈസ്റ്റ് സെക്ഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

കായംകുളം ഈസ്റ്റ് സെക്ഷനുവേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തികൾ 2021 ഫെബ്രുവരി മാസം അവസാനത്തോടുകൂടി പൂർത്തിയാകുന്നതാണ്.

**മറയൂർ 33 കെ.വി. സബ്സ്റ്റേഷൻ**

260 (2544) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂർ 33 കെ.വി. സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

മറയൂർ 33 കെ.വി സബ് സ്റ്റേഷന്റേയും മൂന്നാർ മുതൽ മറയൂർവരെയുള്ള 33 കെ.വി ലൈനിന്റേയും പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പ്രവൃത്തിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയത് എപ്പോൾ പൂർത്തിയാക്കാനാവുമെന്നും അറിയിക്കാമോ?

മറയൂർ 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്.

i. പള്ളിവാസൽ വൈദ്യുത നിലയത്തിൽനിന്നും 66/33 കെ.വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് 33 കെ.വി. വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തി.

ii. പള്ളിവാസലിൽ നിന്നും മൂന്നാറിലേക്ക് 7 കിലോമീറ്റർ ദൂരത്തിൽ 33 കെ.വി. വൈദ്യുതി ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി. മറയൂർ 33 കെ.വി. സബ് സ്റ്റേഷന്റെ പണി 2021 ഫെബ്രുവരി ഇരുപത്തെട്ടോടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

## കെ.എസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലെ ഒഴിവുകൾ

261 (2545) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷമായി ജൂനിയർ അസിസ്റ്റന്റ്, ക്യാഷ്യർ തസ്തികകളിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.-യിൽ നിന്നും 19-9-2017-ന് 520 ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലെ ഒഴിവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൻ പ്രകാരം കെ.പി.എസ്.സി.-ക്ക് പ്രൊവിഷണലായി റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ ആയതിൽ നിന്നും 14-8-2019-ന് 200-ഉം 22-2-2020-ന് 320-ഉം സ്ഥിര ഒഴിവുകളായി കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകളിൽ കെ.പി.എസ്.സി. നിയമന ശിപാർശ നൽകിയവർക്കെല്ലാം പ്രസ്തുത തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യിൽ സംസ്ഥാനമൊട്ടാകെ എത്ര ക്യാഷ് കൗണ്ടറുകൾ ഉണ്ടെന്നും പ്രസ്തുത ക്യാഷ് കൗണ്ടറുകളിലെല്ലാം ക്യാഷ്യർ തസ്തികയിലുള്ള ഉദ്യോഗസ്ഥരുണ്ടോ എന്നും വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പല ക്യാഷ് കൗണ്ടറുകളിലും വർക്കിംഗ് അറേഞ്ചുമെന്റിലാണ് ക്യാഷ്യർ തസ്തികയിൽ ആൾ ഇരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്യാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ടെങ്കിൽ അത് എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) 30-4-2013 -ൽ ഒ.പി.നമ്പർ 02/2013 ആയി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ARR & ERC-യും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാനുള്ള ആവശ്യം പരിഗണിക്കവേ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാരുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന തുക അനുവദനീയമായ പരിധിയ്ക്കു പുറത്തു പോകുന്നത് നിയന്ത്രിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചതിനെ തുടർന്ന് 8-7-2013-ലെ ബോർഡ് ഉത്തരവനുസരിച്ച് ഇരു

സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. ടി സ്ഥാപനം സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ബോർഡിലെ ഫിനാൻസ് ഡയറക്ടർ അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ അക്ഷയ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം, ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ തുടങ്ങിയവ വഴിയും ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ആപ്ലിക്കേഷൻ എന്നീ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഓൺലൈനായും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാനുള്ള സൗകര്യം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സൗകര്യങ്ങളൊക്കെ ലഭിക്കുന്നതുമൂലം ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഇടപാടുകൾ ഡിജിറ്റൈസ് ചെയ്യുക എന്ന കേന്ദ്രാവിഷ്കൃത നയം കെ.എസ്. ഇ. ബി. ലിമിറ്റഡിലും നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി 15-11-2018-ലെ B.O. (FTD)No.1925/2018/D(D&IT) 06/AE2/ Cashiers/2018-19/001) 14-12-2018-ലെ B.O.(FTD) No.1994/2018/D(D&IT)D6-AE2/Cashiers/2018-19 എന്നീ ഉത്തരവുകൾ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടറുകളുടെ എണ്ണം, പ്രവർത്തന സമയം എന്നിവ പുനഃക്രമീകരിക്കുകയുണ്ടായി. തുടർന്നും ഓൺലൈനായി വൈദ്യുതി ചാർജ്ജടയ്ക്കുന്ന ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയും ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയും ചെയ്യുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷൻ കാര്യാലയങ്ങളിൽ ക്യാഷ് കളക്ഷനുവേണ്ടി ക്യാഷ്യർ വിഭാഗം ജീവനക്കാരുടെ അഭാവം അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കാതിരിക്കാനായി മറ്റു തസ്തികകളിലെ ജീവനക്കാരെ താത്കാലികമായി അതത് ഇലക്ട്രിക്കൽ ഡിവിഷൻ കാര്യാലയങ്ങളിൽനിന്നും ക്യാഷ് കളക്ഷനുവേണ്ടി നിയോഗിക്കാറുണ്ട്. കൂടാതെ ജോലിക്കിടെ ഗുരുതരമായി അപകടം സംഭവിക്കുന്ന ജീവനക്കാരെ അവർക്ക് ലൈനിൽ ജോലി ചെയ്യുവാൻ കഴിയാത്ത സാഹചര്യത്തിൽ ക്യാഷ് കളക്ഷനുവേണ്ടി നിയോഗിക്കാറുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലേതുൾപ്പെടെയുള്ള 2021 കലണ്ടർ വർഷത്തിലുണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്.

**കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലെ നിയമനം**

262 (2546) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 11/2011 പ്രകാരമുള്ള കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള കോടതി കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാറ്റഗറി നമ്പർ പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും കോടതി ഉത്തരവ് പ്രകാരം നിയമനങ്ങൾ നടത്തുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) കാറ്റഗറി നമ്പർ 11/2011 പ്രകാരമുള്ള കെ.എസ്.ഇ.ബി ലിമിറ്റഡ് - മസ്ദൂർ റാങ്ക് ലിസ്റ്റിലെ നിയമനവുമായി ബന്ധപ്പെട്ട് റിട്ട് പെറ്റീഷൻ നമ്പർ 21118/17, 21119/17, 21120/17, 8020/2018 എന്നിവ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. പ്രസ്തുത റിട്ട് പെറ്റീഷനുകൾ തീർപ്പാക്കികൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 9-3-2018-ലും (21118/17, 21119/17, 21120/17)19-3-2018-ലും (8020/2018) വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. കാറ്റഗറി നമ്പർ 11/2011-ാം നമ്പർ കെ.എസ്.ഇ.ബി മസ്ദൂർ റാങ്ക് ലിസ്റ്റ് 30-9-2013-ൽ നിലവിൽവരുകയും 30-12-2016-ൽ കാലാവധി അവസാനിക്കുകയും ചെയ്തു. ടി കാലയളവിൽ പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽനിന്നും 14 ജില്ലകളിലായി 3478 പേർക്ക് മസ്ദൂർ തസ്തികയിൽ നിയമനം നൽകുകയുണ്ടായി. എന്നാൽ 15-12-2004 (ID No. 27/2002) - ലെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ അവാർഡ് പ്രകാരം 1486 പെറ്റി കോൺട്രാക്ടർമാർക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിയമനം നൽകുവാൻ ബോർഡ് ബാധ്യസ്ഥമാവുകയുണ്ടായി. 1486 പെറ്റി കോൺട്രാക്ടർമാരെ നിയമിക്കുവാനുള്ള ഒഴിവുകളില്ലാത്തതിനാൽ 1321 മസ്ദൂർ തസ്തികയിൽ സംഖ്യാതീതമായി നിയമനം നൽകിയാണ് പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കിയത്. മേൽ പ്രതിപാദിച്ച വിഷയങ്ങളുടെ അടിസ്ഥാനത്തിൽ നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ ഒഴിവുകളൊന്നുംതന്നെ ഇല്ലാത്തതിനാൽ ടി തസ്തികയിൽ നിയമനം നൽകുവാൻ നിർവ്വാഹമില്ലെന്ന് 6-1-2021-ലെ ഓഫീസ് ഉത്തരവ് നമ്പർ EBEW/Compliance WPC/21118/17 etc/PSC Rank Holder/ 2020-21/ പ്രകാരം ഹർജിക്കാരെ അറിയിക്കുകയുണ്ടായി. മേൽസൂചിപ്പിച്ച കാരണങ്ങളാൽ കാറ്റഗറി നമ്പർ 11/2011 പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും നിയമനങ്ങൾ നടത്താൻ കഴിയില്ല.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലില്ല.

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും പുതിയ ഒഴിവുകളിലേക്ക് നിലവിൽ അഡ്വൈസ് ചെയ്യുവാൻ കഴിയുമോ; വിശദമാക്കാമോ?

റാങ്ക് ലിസ്റ്റിൽനിന്നും പുതിയ ഒഴിവുകളിലേയ്ക്ക് കെ.പി.എസ്.സി. - യാണ് അഡ്വൈസ് ചെയ്യുന്നത്. ടി സാഹചര്യത്തിൽ കാലഹരണപ്പെട്ട റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുവാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം നിർവ്വാഹമില്ല.

## കെ.എസ്.ഇ.ബി. യുടെ ഉടമസ്ഥതയിലുള്ള വൈദ്യുത പോസ്റ്റുകളുടെ ദുരുപയോഗം

263 (2547) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. കെ. എം. ഷാജി</u>:
<u>ശ്രീ. സി. മമ്മൂട്ടി</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ ഉടമസ്ഥതയിലുള്ള വൈദ്യുത പോസ്റ്റുകൾ സ്വകാര്യ കേബിൾ ടിവി ഓപ്പറേറ്റേഴ്സ് ഉപയോഗിക്കുന്നതിന് പോസ്റ്റ് ഒന്നിന് ലഭിക്കേണ്ട തുകയിൽ, പ്രത്യേകിച്ച് തലസ്ഥാനനഗരിയിൽ ഉദ്യോഗസ്ഥ അറിവോടെ പോസ്റ്റിന്റെ എണ്ണം കുറച്ചുകാണിച്ച് ബോർഡിന് വരുമാനക്കുറവുണ്ടാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം നിരീക്ഷിക്കുന്നതിന് നടപടിയുണ്ടായിട്ടുണ്ടോ എന്നും വരുമാന ചോർച്ചയ്ക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടായിട്ടുണ്ടോയെന്നും ഇനി ഉണ്ടാവുമോയെന്നും അറിയിക്കുമോ?

സെക്ഷൻതലത്തിൽ ഇക്കാര്യം നിരീക്ഷിക്കുന്നതിനും അനധികൃതമായി കേബിളുകൾ വലിക്കുന്ന കേബിൾ ടി. വി ഓപ്പറേറ്റർമാരെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല. അപ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ചമൂലം വരുമാനനഷ്ടം ഉണ്ടായതായി കണ്ടെത്തിയാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(സി) സമൂഹത്തിൽ താഴെത്തട്ടിലുള്ള ചെറുകിട ഗാർഹിക ഉപഭോക്താക്കൾക്കുപോലും വൈദ്യുത ചാർജ്ജൊടുക്കുന്ന ദിനത്തിലും ഇനത്തിലും നേരിയ ഇളവ് പോലും ഇല്ലെന്നിരിക്കെ പ്രസ്തുത വിഷയത്തിൽ സർക്കാരിന് എന്തു ചെയ്യാനാവുമെന്ന് അറിയിക്കുമോ?

നിലവിലുള്ള നിയമമനുസരിച്ച് അനധികൃതമായി കേബിളുകൾ വലിച്ചിരിക്കുന്നതോ അനുവദിച്ചതിൽ കൂടുതൽ പോസ്റ്റുകൾവഴി കേബിളുകൾ വലിച്ചിരിക്കുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ അവ നോട്ടീസ് നൽകി അഴിച്ചു മാറ്റിക്കുകയോ അല്ലാത്ത പക്ഷം കേബിളുകൾ കേടുപാടുകൾ സംഭവിക്കാതെ അഴിച്ചു മാറ്റുകയോ ചെയ്യുന്നുണ്ട്.

**വൈദ്യുതി വകുപ്പ് കൊച്ചി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

264 (2548) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വകുപ്പ് കൊച്ചി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി മണ്ഡലത്തിൽ പ്രധാനമായും ദ്യുതി, IPDS, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ദ്യുതി പദ്ധതിയിൽ 2022 വരെ 1474.37 ലക്ഷം രൂപയും IPDS പദ്ധതിയിൽ 369 ലക്ഷം രൂപയും അനുവദിച്ചു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ 328 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകി.

1. 110 കെ.വി. മട്ടാഞ്ചേരി സബ്സ്റ്റേഷന്റെ ശേഷി 30 MVA - യിലേക്ക് ഉയർത്തുകയും സബ്സ്റ്റേഷന്റെ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു.

2. 66 കെ.വി അരൂർ മട്ടാഞ്ചേരി ലൈനിന്റെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചു. ഇതുമൂലം 66 കെ.വി. ശേഷിയിൽ ഒരു സ്റ്റാന്റ് വൈ സപ്ലൈ നിലവിൽവരികയും മട്ടാഞ്ചേരി സബ്സ്റ്റേഷനിലെയും 66 കെ.വി. GIS സബ്സ്റ്റേഷൻ ഫോർട്ട് കൊച്ചിയിലെയും മൊത്തം ലോഡ് അതിൽ നിന്നും എടുക്കുവാനുള്ള ഒരു സംവിധാനം നിലവിൽ ലഭ്യമാവുകയും ചെയ്തു. പാലാരിവട്ടം വൈദ്യുതി ഭവനത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഒരു ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ചെലവ് സർക്കാരിൽനിന്നും

ലഭിച്ച 5 കോടി രൂപയിൽ നിന്നാണ് നടത്തിയിട്ടുള്ളത്. ദ്യുതി പദ്ധതിയിൽ 402.58 ലക്ഷം രൂപയുടെ ജോലികൾ പൂർത്തികരിച്ചു. 2.877 km 11kV HT ഭൂഗർഭ കേബിൾ, 2.728 km HT Line(ABC cable/Bare conductor), 20 nos. Transformers, 44.39km ത്രീ ഫേസ് LT ലൈനുകൾ സ്ഥാപിച്ചു. ദ്യുതി പദ്ധതിയുടെ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. IPDS പദ്ധതിയിൽ 369 ലക്ഷം രൂപയുടെ ജോലികൾ പൂർത്തീകരിച്ചു. IPDS പദ്ധതിയിൽ 4.217km HT ലൈനുകളും 1.124 km ഭൂഗർഭ കേബിളുകളും 7.351 km ത്രീ ഫേസ് LT ലൈനുകളും സ്ഥാപിച്ചു. കൂടാതെ 17 റിംഗ് മെയിൻ യൂണിറ്റുകളും 15 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ 328 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകി. ഇതിനായി 20,02,713 രൂപ ചെലവഴിച്ചിട്ടുണ്ട്.

1. 10 കെ.വി. മട്ടാഞ്ചേരി സബ്സ്റ്റേഷനിലെ നവീകരണത്തിനും ശേഷിവർദ്ധിപ്പിക്കലിനും കൂടി 90 ലക്ഷം രൂപ ചെലവായി.

2. 66 കെ.വി. അരൂർ മട്ടാഞ്ചേരി ലൈൻ അറ്റകുറ്റപണികൾക്കായി 91 ലക്ഷം രൂപ ചെലവായി.

(സി) ഇ-വാഹനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൊച്ചി നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളാണ് ചാർജ്ജിംഗ് സ്റ്റേഷനുകളാക്കുവാൻ വൈദ്യുതി വകുപ്പ് തീരുമാനിച്ചിട്ടുള്ളത്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര പദ്ധതിയിലൂടെ (FAME II) കൊച്ചി നഗരത്തിലെ 50 സ്ഥലങ്ങളിൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള In principle Approval ലഭ്യമായിട്ടുണ്ട്. ഇവയിൽ 19 ചാർജ്ജിംഗ് സ്റ്റേഷനുകൾക്കുള്ള ഫണ്ട് അപ്രൂവലും ലഭ്യമായിട്ടുണ്ട്. ഇവയിൽ താഴെ കൊടുത്തിട്ടുള്ള 9 സ്ഥലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാന പദ്ധതിയിലൂടെ എറണാകുളം ജില്ലയിൽ രണ്ട് സ്ഥലങ്ങളിൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

1. വൈറ്റില അപ്പലേറ്റ് അതോറിറ്റി കോമ്പൗണ്ട്
2. കലൂർ സബ്സ്റ്റേഷൻ കോമ്പൗണ്ട്
3. സിയാൽ
4. അങ്കമാലി സബ്സ്റ്റേഷൻ കോമ്പൗണ്ട്

5. പറവൂർ ഇലക്ട്രിക്കൽ സെക്ഷൻ സമീപത്തുള്ള കെ.എസ്.ഇ.ബി.എൽ. സ്ഥലം
6. കൈതപ്പറമ്പ് റോഡിലുള്ള ബി.എസ്.എൻ.എൽ. അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം
7. സി.ജി.ആർ.എഫ്.
8. എറണാകുളം പവർ ഹൗസ് കോമ്പൗണ്ട്
9. ഗാന്ധിനഗർ സെക്ഷൻ ഓഫീസിനടുത്തുള്ള കെ.എസ്.ഇ.ബി.എൽ. സ്ഥലം
10. മൂവാറ്റുപുഴ സബ്സ്റ്റേഷൻ
11. കോതമംഗലം സബ്സ്റ്റേഷൻ

**ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജ്ജിംഗ് സ്റ്റേഷനുകൾ**

265 (2549) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഇലക്ട്രിക് വാഹനങ്ങൾക്കായി സ്വകാര്യ മേഖലയിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ

ഇലക്ട്രിക് വാഹനങ്ങൾക്കായി സ്വകാര്യ മേഖലയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഇതിനുവേണ്ട സാങ്കേതിക സഹായം നൽകുന്നതിനും അനെർട്ടിൽ ഇ-മൊബിലിറ്റി സെൽ രൂപീകരിച്ചിട്ടുണ്ട്. സൗരോർജ്ജ സംവിധാനം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുവേണ്ട സൈറ്റ് സർവ്വേ, സൈറ്റ് ഫീസിബിലിറ്റി എന്നിവ അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി ലഭ്യമാക്കുന്നതാണ്. കൂടാതെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സർവ്വീസ് കണക്ഷൻ കെ.എസ്.ഇ.ബി. നൽകുന്നതാണ്. സ്ഥാപിക്കുന്ന മെഷീനുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി അനെർട്ട് ഏജൻസികളുടെ എംപാനൽമെന്റ് നടപടി ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറത്തിറക്കിയ നയരേഖകൾ പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പ്രത്യേക ലൈസൻസോ മുൻകൂർ അനുമതിയോ ആവശ്യമില്ല.

## സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ ആർ.ബി.ഐ. നിയന്ത്രണം

266(2550) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ ആർ.ബി.ഐ. നിയന്ത്രണം കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് കേരളത്തിലെ ബാങ്കിംഗ് മേഖലയിൽ ഏതെല്ലാം പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നതെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

(എ&ബി) ഉണ്ട്; 1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ടി ഭേദഗതി പ്രകാരം 'ബാങ്ക്, ബാങ്കർ, ബാങ്കിംഗ്' എന്നീ പദങ്ങൾ ഉപയോഗിക്കുവാൻ RBI ലൈസൻസില്ലാത്ത ധനകാര്യ സ്ഥാപനങ്ങൾക്ക് കഴിയില്ല. പബ്ലിക് ഇഷ്യുവിലൂടെയും പ്രൈവറ്റ് പ്ലേസ്മെന്റിലൂടെയും ഇക്യുറ്റി/ പ്രിഫറൻസ് ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ, ഓഹരി തിരിച്ചുനൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ, സഹകരണ ബാങ്കുകളിലെ ഭരണ സമിതിയെ പിരിച്ചുവിടാനുള്ള വ്യവസ്ഥ, സഹകരണ ബാങ്കുകളുടെ management, capital, audit and winding up എന്നിവയുമായി ബന്ധപ്പെട്ട ചില വ്യവസ്ഥകൾ എന്നിവ ടി നിയമത്തിലുണ്ട്. സംസ്ഥാനത്ത് നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ല സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയാണ് റിസർവ് ബാങ്കിന്റെ ലൈസൻസോടെ ബാങ്കിംഗ് പ്രവർത്തനം നടത്തിവരുന്നത്. 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 പ്രകാരം, ഒരു പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും മുഖ്യ ബിസിനസ്സുമായുള്ള ഒരു സഹകരണ സംഘവും അവയുടെ പേരിന്റെ ഭാഗമായോ ബിസിനസ്സിന്റെ ഭാഗമായോ bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ചെക്കുകളുടെ drawee ആയി പ്രവർത്തിക്കാതിരിക്കുകയുമാണെങ്കിൽ, അവയ്ക്ക് ടി നിയമം ബാധകമായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സർക്കാർ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് സംസ്ഥാന നിയമസഭ ഒരു പ്രമേയത്തിലൂടെ ഐക്യകണ്ഠേന

ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും ടി പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബിൽ നിയമമായതിനുശേഷമുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് സർക്കാർ ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിന് ആലോചിക്കുന്നുണ്ട്.

**കെയർ ഹോം പദ്ധതി**

267 (2551) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ഭാഗമായി ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതി മുഖേന നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ പൂർത്തീകരിച്ചത്, വിശദാംശം വ്യക്തമാക്കുമോ?

കെയർ ഹോം പദ്ധതി പ്രകാരം ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2021 ജനവരി മാസം ആരംഭിച്ചിട്ടുണ്ട്. സഹകരണ വകുപ്പും നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്ര തൃശ്ശൂരും സ്ഥലത്തിന്റെ ഉടമയായ പഴയന്നൂർ ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും നിർമ്മിക്കാനുദ്ദേശിക്കുന്ന ഭവന സമുച്ചയത്തിന്റെ പ്ലാനിന് പഴയന്നൂർ പഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും നിർമ്മാണ സൈറ്റ് നിർമ്മാണ ഏജൻസിക്ക് കൈമാറിയിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത സമുച്ചയം എത്ര കോടി രൂപയുടെ പ്രോജക്ടാണ്; ഇതു പ്രകാരം സ്ഥലവും വീടുമില്ലാത്ത എത്ര കുടുംബങ്ങൾക്ക് വീട് (ഫ്ലാറ്റ്) കണ്ടെത്താനാകും?

പ്രസ്തുത സമുച്ചയത്തിന് 3 കോടി 72 ലക്ഷം രൂപയുടെ പ്രോജക്ടാണ് അംഗീകരിച്ചിട്ടുള്ളത്. ഇതു പ്രകാരം സ്ഥലവും വീടുമില്ലാത്ത 40 കുടുംബങ്ങൾക്ക് വീട് കണ്ടെത്താനാകും.

(സി) പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജില്ലാ നിർമ്മിതി കേന്ദ്ര, തൃശ്ശൂരിനാണ് നൽകിയിട്ടുള്ളത് .

(ഡി) നിർമ്മാണം തുടങ്ങി എത്ര കാലത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

നിർമ്മാണം ആരംഭിച്ച് 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സഹകരണമേഖലയിലെ സാന്ത്വനം പദ്ധതി**

268 (2552) ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പ തിരിച്ചടയ്ക്കുന്നതിന് ഈ സർക്കാർ നടപ്പാക്കിയ 'സാന്ത്വനം' പദ്ധതി എത്ര പേർക്ക് സഹായകരമായി എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

ലഭ്യമാണ്. കേരള സംസ്ഥാന സഹകരണ ബാങ്ക് നടപ്പാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ നവകേരളീയം കുടിശ്ശിക നിവാരണം/കോ-ബാങ്ക് സാന്ത്വനം പദ്ധതി പ്രകാരം കുടിശ്ശിക വരുത്തിയ 27290 വായ്പക്കാർക്ക് വായ്പകൾ തിരിച്ചടയ്ക്കുന്നതിന് സഹായകരമായിട്ടുണ്ട്.

(ബി) സാധാരണക്കാർക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

സ്വർണ്ണപ്പണയ വായ്പ, നിക്ഷേപ ജാമ്യത്തിന്മേലുള്ള വായ്പ എന്നിവ ഒഴിച്ച് 50 ലക്ഷം രൂപ വരെയുള്ള മറ്റെല്ലാ വായ്പകളും നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ കുടിശ്ശിക തീർപ്പാക്കുകയാണെങ്കിൽ പിഴ പലിശ ഒഴിവാക്കി നൽകുന്നതാണ്.

(സി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ?

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ജില്ലാ തലങ്ങളിൽ/ശാഖകളിൽ അദാലത്തുകൾ സംഘടിപ്പിക്കാറുണ്ട്. നാളിതുവരെ 825 അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

**കെയർ ഹോം പദ്ധതി**

269 (2553) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിലുള്ള കെയർ ഹോം പദ്ധതിയുടെ ഭാഗമായി എത്ര വീടുകളാണ് നിർമ്മിക്കാൻ തീരുമാനിച്ചത്; അതിൽ എത്ര എണ്ണം പൂർത്തിയായി?

ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2095 വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് അനുമതി നൽകിയിരുന്നത്. 2021 ജനുവരി 12 വരെ 2048 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ പണം എങ്ങനെയാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

തുക സംഭാവനയായി നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽനിന്നും സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെ ലഭ്യമാക്കിയ 52,68,69,506 രൂപയും സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും അനുവദിച്ച 35 കോടി രൂപയും ചേർത്ത് ആകെ 87,68,69,506 രൂപയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹകരണ വകുപ്പ് തുക വിനിയോഗിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നുള്ള തുകയും (വീടൊന്നിന് ഉയർന്ന പ്രദേശങ്ങളിൽ 1,01,900 രൂപയും നിരപ്പായ പ്രദേശങ്ങളിൽ 95,100 രൂപയും) നിർമ്മാണത്തിനായി അനുവദിക്കുന്നുണ്ട്. പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയ്ക്ക് പുറമേ ഗുണഭോക്താക്കൾ അവരുടെ വിഹിതം വീട് നിർമ്മാണത്തിനായി വിനിയോഗിക്കുന്നുണ്ട്. സഹകരണ സ്ഥാപനങ്ങൾ, സഹകാരികൾ, സുമനസ്സുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവർ പണമായും നിർമ്മാണ സാമഗ്രികളായും ശ്രമദാനമായും അനുവദിക്കുന്ന സഹായങ്ങൾ നിർമ്മാണത്തിന് വിനിയോഗിക്കുന്നുണ്ട്.

**കേരള ബാങ്കിന് കീഴിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

270 (2554) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് കീഴിലുള്ള ജില്ലാ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്കുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ദീർഘിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

കേരളാ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും 31-12-2020 വരെ നിലവിലുണ്ടായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ നവകേരളീയം കുടിശ്ശിക നിവാരണത്തിന്റെ കാലാവധി 31-3-2021 വരെ ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ 50 ലക്ഷം രൂപ വരെ ലോണെടുത്തവർക്ക് മാത്രമായി ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം നിജപ്പെടുത്തിയത് കാരണം ഉയർന്ന തുക ലോണെടുത്തവർക്ക് ആനുകൂല്യം ലഭ്യമാകാതെ പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആനുകൂല്യം ലഭിക്കാനുള്ള വായ്പാപരിധി ഒരു കോടി രൂപയായി ഉയർത്താൻ സർക്കാർ സന്നദ്ധമാകുമോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരമുള്ള പരാതികളൊന്നുംതന്നെ ലഭ്യമായിട്ടില്ല. സഹകരണ മേഖലയിലെ വായ്പകളിലെ ഏറിയ പങ്കും 50 ലക്ഷം രൂപയിൽ താഴെയുള്ള വായ്പകളാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. സാധാരണക്കാർക്കും ചെറുകിട-ഇടത്തരം ആളുകൾക്കും പരമാവധി ആശ്വാസം നൽകുന്നതിനു വേണ്ടിയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നത്. 50 ലക്ഷത്തിന് മുകളിലുള്ള വായ്പാക്കാർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പ തീർപ്പാക്കുന്ന പക്ഷം പിഴപലിശ ഒഴിവാക്കി നൽകുന്നതിനുള്ള വ്യവസ്ഥ ഉപനിബന്ധനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള വായ്പാപരിധി ഒരു കോടി രൂപയായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടില്ല.

**കേരള ബാങ്ക് മുഖേന കർഷകർക്ക് സഹായം**

271 (2555) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ നിലവിലെ നിക്ഷേപം എത്ര കോടി രൂപയാണെന്നും ആസ്തിവകകൾ എത്ര കോടി രൂപവരുമെന്നും വ്യക്തമാക്കുമോ?

കേരള ബാങ്കിന്റെ നിക്ഷേപം 31-12-2020-ൽ 64817 കോടി രൂപയും ആസ്തി 74724 കോടി രൂപയുമാണ്.

(ബി) പ്രസ്തുത ബാങ്കിന് എ.ടി.എം. ഉൾപ്പെടെയുള്ള കോർ ബാങ്കിംഗ് സമ്പ്രദായം നടപ്പിലാക്കിയോ എന്നും മറ്റ് എന്തൊക്കെ സർവ്വീസുകളാണ് ഉപഭോക്താക്കൾക്ക് നൽകിവരുന്നതെന്നും വ്യക്തമാക്കുമോ?

13 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനേയും ലയിപ്പിച്ച് കേരള ബാങ്ക് നിലവിൽ വന്നെങ്കിലും ടി ബാങ്കുകൾ പ്രത്യേകം CBS സംവിധാനത്തിലാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. കേരള ബാങ്കിലൊന്നാകെ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിൽ വരുത്തി അത്യന്താധുനിക ഡിജിറ്റൽ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. നിലവിൽ ATM/ MICRO ATM/ MOBILE BANKING, RTGS/NEFT തുടങ്ങിയ സേവനങ്ങൾ കേരള ബാങ്ക് ഇടപാടുകാർക്ക് നൽകിവരുന്നു.

(സി) എന്തെല്ലാം തരത്തിലുള്ള കൂടുതൽ സഹായങ്ങളാണ് ടി ബാങ്ക് മുഖേന കർഷകർക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

1. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന നബാർഡ് സ്കീം ആരംഭിച്ചിട്ടുണ്ട്. ആയത് കൂടുതൽ ഊർജ്ജിതമാക്കി കർഷകർക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കൂടുതൽ വായ്പകൾ അനുവദിച്ച് നൽകും.

2. PACS-കളെ കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് തത്തുല്യമായ ഇതര സംഘങ്ങൾക്കും അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീമിൽ നിന്നുള്ള 3 ശതമാനം പലിശ സബ്സിഡിയോടുകൂടി കേരള ബാങ്കിൽനിന്നും വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ആയത് ഇതര സഹകരണ സംഘങ്ങൾ വഴി കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിനും സഹായകരമാകും.

3. സംസ്ഥാനത്തെ PACS-കളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള ബാങ്ക് KB SAMAGRA-PACS എന്ന വായ്പാ സ്കീം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

4. കേരള ബാങ്കിന്റെ സോഫ്റ്റ്‌വെയർ ഏകീകരണം പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ PACS കളിലെ അംഗങ്ങളായ കർഷകർക്ക് കേരള ബാങ്കുമായി ലിങ്ക് ചെയ്ത് നാഷണൽ നെറ്റ്‌വർക്കിൽ ഉപയോഗിക്കുവാൻ കഴിയുന്ന രൂപത്തിലുള്ള RUPAY DEBIT CARD-കൾ നൽകുവാൻ കഴിയുന്നതാണ്.

5. കേരള ബാങ്കിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന Product Innovation and Development Cell വഴി PACS-കളിലെ ഇടപാടുകാർക്കും കേരള ബാങ്കിന്റെ ഇടപാടുകാർക്കും വിവിധ സേവനങ്ങൾ നൽകുന്നതിന് കഴിയുന്നതാണ്.

**കേരള ബാങ്ക്**

272 (2556)ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കാലങ്ങളിൽ സഹകരണ ബാങ്കുകളിൽനിന്ന് ലഭിച്ചിരുന്ന റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ കേരള ബാങ്കിലെ ഇടപാടുകാർക്കും അനുവദിക്കുമോ; വിശദീകരിക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും കേരള സഹകരണ ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത് വായ്പാക്കാരിൽ നിന്നും റിസ്ക് ഫണ്ട് വിഹിതം പിടിച്ച് ബോർഡിലേക്ക് അടച്ചു വരുന്നുണ്ട്. അപ്രകാരം ടി ബാങ്കുകളിലെ വായ്പാക്കാർക്ക് ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ചികിത്സാ സഹായവും മരണാനന്തര സഹായവും അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും ലയിച്ചാണ് ഇപ്പോൾ കേരള ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ടി സ്ഥാപനത്തിലെ വായ്പാക്കാർക്ക് തുടർന്നും റിസ്ക് ഫണ്ട് വിഹിതം പിടിച്ച് ബോർഡിലേക്ക് അടയ്ക്കുന്നതിനും ചികിത്സാസഹായവും മരണാനന്തര സഹായവും ബോർഡിൽ നിന്നും അനുവദിക്കുന്നതിനും തടസ്സങ്ങളൊന്നും തന്നെയില്ല. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അംഗമായിട്ടുള്ള കേരള ബാങ്കിലെ ഇടപാടുകാർക്ക് റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

(ബി) കേരള ബാങ്ക് ഇടപാടുകാർക്ക് എ.ടി.എം. സൗകര്യങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും നൽകുമോ; വിശദമാക്കുമോ?

നിലവിൽ ഇടപാടുകാർക്ക് നൽകിവരുന്ന എ.ടി.എം സൗകര്യങ്ങൾക്കുപുറമേ സംസ്ഥാനത്തുടനീളം വിപുലമായ എ.ടി.എം. ശൃംഖല നൽകുന്നതിനുള്ള പദ്ധതികളാണ് കേരള ബാങ്ക് വിഭാവന ചെയ്യുന്നത്. നിലവിൽ NPCI (National payment Corporation of India) പ്രദാനം ചെയ്യുന്ന ഇൻഷ്വറൻസ് പരിരക്ഷ കേരള ബാങ്ക് ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്.

**അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്**

273 (2557) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ അംഗങ്ങളുടെ നിലവിലുള്ള 6-എ തിരിച്ചറിയൽ കാർഡുകൾ 12-8-2020-ന്

ജോയിന്റ് രജിസ്ട്രാർ (ജനറൽ) റദ്ദ് ചെയ്തത് ഏതു ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത തിരിച്ചറിയൽ കാർഡുകൾ റദ്ദാക്കുന്നതിനായി ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവനുസരിച്ച് പുതുതായി ഏതെല്ലാം അംഗങ്ങൾക്കാണ് പുതിയ തിരിച്ചറിയൽ കാർഡ് നൽകുന്നതെന്നും അവരുടെ പേരുവിവരവും വെളിപ്പെടുത്തുമോ?

(എ-സി) അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ. 689 അതിന്റെ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള 6 എ പ്രകാരമുള്ള തിരിച്ചറിയൽ കാർഡ് പലതരത്തിലുള്ളതാണെന്നും തിരിച്ചറിയൽ കാർഡുകൾക്ക് ഒരു പൊതു രൂപം ഇല്ലാത്തത് ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് ദോഷകരമായി മാറുന്നുണ്ടെന്നും പല കാലഘട്ടത്തിൽ വിതരണം നടത്തിയ കാർഡുകൾ മെമ്പർമാർ കൈവശം വയ്ക്കുന്നുണ്ടെന്നും ഇടക്കാലത്ത് അംഗങ്ങൾക്ക് പ്ലാസ്റ്റിക് കാർഡുകളിൽ തിരിച്ചറിയൽ കാർഡ് തയ്യാറാക്കി വിതരണം നടത്തിയതായി കാണുന്നുണ്ടെന്നും കൂടാതെ 2012 മുതൽ 2014 വരെയുള്ള കാലയളവിൽ അഡ്മിനിസ്ട്രേറ്റർ ചേർത്ത അംഗങ്ങൾക്ക് ബാങ്കിലെ മുൻകാലങ്ങളിൽ അംഗങ്ങളായിരുന്ന മരിച്ചുപോയവരുടെയും അംഗത്വം അവസാനിപ്പിച്ചു പോയവരുടെയും പേരുകൾ വെട്ടിമാറ്റി അവിടെ ഉൾപ്പെടുത്തിയിട്ടുള്ളതായും ഇത് ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് ദോഷകരമായി ബാധിക്കുന്നതിനാൽ ബാങ്കിൽ നിലവിലുള്ള 6 എ പ്രകാരമുള്ള മുഴുവൻ തിരിച്ചറിയൽ കാർഡുകളും റദ്ദ് ചെയ്ത് പുതിയ 6 എ തിരിച്ചറിയൽ കാർഡുകളും അതിനനുസരിച്ച് 6 ബി രജിസ്റ്ററും പരിഷ്കരിക്കുന്നതിന് അനുമതി നൽകണമെന്ന് ബാങ്ക് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ നൽകിയിട്ടുള്ള മുഴുവൻ തിരിച്ചറിയൽ കാർഡുകളും പിൻവലിച്ച് പുതിയ 6 എ പ്രകാരമുള്ള കാർഡുകൾ വിതരണം ചെയ്യുന്നതിനും ആയതിനനുസൃതമായ 6 ബി രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനുമാണ് ബാങ്കിന് അനുമതി നൽകിയിട്ടുള്ളത്. തിരിച്ചറിയൽ കാർഡുകൾ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. അനുമതി കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## കോപ്-മാർട്ട്

274 (2558) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഴുപത്തിരണ്ട് സഹകരണസംഘങ്ങൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ മികച്ചതാണെങ്കിലും വിപണന ശൃംഖല ശക്തമല്ലാത്തതിനാൽ അവ വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യം ഉണ്ടോ; അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത വിപണനത്തിനായി കോപ്-മാർട്ട് എന്ന പേരിൽ സഹകരണ വിപണന ശൃംഖല സംസ്ഥാനമാകെ വ്യാപിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

(എ&ബി) ഉണ്ട്; ഈ സാഹചര്യത്തിലാണ് കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുക, ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വിഭാവന ചെയ്ത " ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരളത്തിലെ പ്രധാന സ്ഥലങ്ങളിൽ കോപ്-മാർട്ട് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുവാൻ പദ്ധതിയായിട്ടുള്ളതും നടപടി സ്വീകരിച്ചുവരുന്നതുമാണ്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ കോപ്-മാർട്ടുകൾ ആരംഭിച്ച് പ്രവർത്തന ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്.

(സി) കോപ്-മാർട്ട് വഴിയുള്ള ബ്രാന്റിംഗ് ജോലികൾ നടത്തുന്നതിനും ഇ-കോമേഴ്സിനുമായി സഹകരണമേഖലയിലെ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾ; വ്യക്തമാക്കുമോ?

വ്യക്തമാക്കാം. " ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സഹകരണ സംഘങ്ങളിൽനിന്നും താൽപ്പര്യപത്രം ക്ഷണിക്കുകയും ഇപ്രകാരം യഥാവിധി താൽപ്പര്യപത്രം സമർപ്പിച്ച സംഘങ്ങളുടെ താൽപ്പര്യപത്രവും അവർ നടത്തിയ പ്രസന്റേഷനും വിലയിരുത്തി അതിൽ നിന്നും അർഹരായ ചുവടെ പറയുന്ന നാല് സഹകരണ സംഘങ്ങളെ ടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നിർദ്ദിഷ്ട സേവനങ്ങൾ നിർവഹിക്കപ്പെടുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

1. സാമൂഹിക സംരംഭക സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1354 (സമൂഹ്), എറണാകുളം. – മൊത്തത്തിലുള്ള കൺസൾട്ടിംഗ്.
2. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957, കോഴിക്കോട് – ഐ.റ്റി. ഡെവലപ്മെന്റ്.
3. നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്. 1003 (എൻ.എം.ഡി.സി.), കോഴിക്കോട് – ലോജിസ്റ്റിക്സ്.

4. റീജീയണൽ ആഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് നമ്പർ സി. 361 (റെയ്ഡ്കോ), കണ്ണൂർ - ലോജിസ്റ്റിക്സ്.

(ഡി) സഹകരണമേഖലയിലെ സ്ഥാപനങ്ങളെ ഏല്പിക്കുവാൻ തീരുമാനിച്ച ബ്രാന്റിംഗ് ജോലികളും ഇ-കോമേഴ്സ് വിപണി ഒരുക്കലും പദ്ധതിയുടെ ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകുന്നതിന് എന്തെങ്കിലും ചർച്ചയോ തീരുമാനമോ എടുത്തിട്ടുണ്ടോ?

താത്പര്യപത്രം ക്ഷണിച്ചതിന്റേയും പ്രസന്റേഷന്റേയും അടിസ്ഥാനത്തിൽ ടി പദ്ധതിക്കാവശ്യമായ ഐ.റ്റി. ഡെവലപ്മെന്റ് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തോട് നിർദ്ദേശിച്ചിട്ടുണ്ട്; പ്രൊപ്പോസൽ വിലയിരുത്തിയതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ഇ) സഹകരണ മേഖലയിൽ കഴിവ് തെളിയിച്ച സ്ഥാപനങ്ങളെ ഒഴിവാക്കി കൺസ്യൂമർ മാർക്കറ്റിംഗ് മേഖലയിൽ യാതൊരു പ്രാവീണ്യവുമില്ലാത്ത ഊരാളുങ്കലിനെ പദ്ധതിയുടെ ഭാഗമാക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ?

യഥാവിധി താല്പര്യപത്രം സമർപ്പിച്ച സംഘങ്ങളുടെ താല്പര്യപത്രവും അവർ നടത്തിയ പ്രസന്റേഷനും വിലയിരുത്തി അതിൽനിന്നും അർഹരായ നാല് സഹകരണ സംഘങ്ങളെ പദ്ധതിയുടെ വിവിധ മേഖലകളുടെ പ്രവർത്തനം നിർവ്വഹിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിന്റെതന്നെ യു.എൽ. ടെക്നോളജി സൊല്യൂഷൻസിലൂടെ നിരവധി ഐ.ടി. പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളതിന്റെ പ്രാവീണ്യം കണക്കിലെടുത്താണ് "ബ്രാന്റിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തെ ഐ.ടി. ഡെവലപ്മെന്റ് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

**സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകാനുള്ള തുക.**

275 (2559) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ ഉത്തരവ് പ്രകാരം അർഹരായ കർഷകർക്ക് നൽകിയിട്ടുള്ള ആശ്വാസ നടപടികളുടെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ നൽകാനുണ്ട്;

(ബി) ഈ തുക എന്നേയ്ക്ക് നൽകുമെന്ന വിശദാംശം നൽകാമോ?

(എ&ബി) വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിൻമേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ടി അവാർഡുകളുടെ അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയിൽ നിന്നും കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അലോട്ട് നൽകുകയുമാണ് ചെയ്യാറുള്ളത്. ഇത്തരത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ നിന്നും കൃഷി വകുപ്പിലേക്ക് അർഹത റിപ്പോർട്ട് ചെയ്തിട്ടുള്ള തുകകളിൽ ഇനി 7,72,94,657 രൂപയുടെ അലോട്ട്മെന്റ് കൂടി സർക്കാരിൽ നിന്നും (കൃഷി വകുപ്പ്) ലഭിക്കുവാനുണ്ട്. കൃഷി വകുപ്പിൽനിന്നും നാളിതുവരെ സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ചിട്ടുള്ള മുഴുവൻ തുകയും ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് പിൻവലിച്ച് നൽകിയിട്ടുണ്ട്.

## എച്ച്.ഡി.സി., ജെ.ഡി.സി. കോഴ്സുകൾക്കുള്ള സീറ്റുകൾ

276 (2560) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ വിദ്യാഭ്യാസ മേഖലയിൽ എച്ച്.ഡി.സി, ജെ.ഡി.സി. കോഴ്സുകൾക്ക് എത്ര സീറ്റുകളാണുള്ളത്; സീറ്റുകൾ വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന സഹകരണ യൂണിയൻ നടത്തിവരുന്ന എച്ച്.ഡി.സി. കോഴ്സിന് 1755 സീറ്റുകളും ജെ.ഡി.സി. കോഴ്സിന് 2143 സീറ്റുകളുമാണ് നിലവിലുള്ളത്. സീറ്റുകൾ വർദ്ധിപ്പിക്കാൻ തൽക്കാലം ആലോചനയില്ല.

## വൈപ്പിൻ മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി

277 (2561) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിലെ എത്ര പേർക്ക് എത്ര തുകയുടെ ആശ്വാസം നൽകാനായി എന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിലെ 307 പേർക്ക് 1,68,30,331 രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്;

(ബി) ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ?

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു; *

278 (2562) **ചോദ്യം ഒഴിവാക്കിയിരിക്കുന്നു**

**സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ**

279 (2563) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും വിശേഷാൽ ചട്ടങ്ങൾ തയ്യാറാകാത്തതുമായ എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അപ്പെക്സ് സംഘങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള ഹോസ്പിറ്റൽ ഫെഡ്, ലേബർ ഫെഡ്, ടൂർ ഫെഡ്, വനിതാ ഫെഡ് എന്നീ സ്ഥാപനങ്ങളിൽ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ല.

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടുണ്ടോ; ഈ സ്ഥാപനങ്ങളിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു; എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

ഹോസ്പിറ്റൽ ഫെഡറേഷന്റെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടുണ്ട്. ലേബർ ഫെഡ്, ടൂർ ഫെഡ്, വനിതാ ഫെഡ് എന്നീ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടില്ല. ഹോസ്പിറ്റൽ ഫെഡ്, ലേബർ ഫെഡ്, ടൂർ ഫെഡ്, വനിതാ ഫെഡ് എന്നീ സ്ഥാപനങ്ങളിൽ യഥാക്രമം 92, 4, 9, 6 എന്നീ ക്രമത്തിൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

**റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

280 (2564) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽനിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചെങ്ങന്നൂർ ആലാ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നമ്പർ 2123-ലെ സെക്രട്ടറിയായിരുന്ന പി.എം.തോമസ് 30-12-2011-ൽ വിരമിച്ചിട്ടും ആനുകൂല്യം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

ആലാ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2123-ലെ സെക്രട്ടറിയുടെ ചുമതല വഹിച്ചു വരവേ ശിക്ഷണ നടപടിക്ക് വിധേയനായി 24-9-2011-ൽ സസ്പെൻഷനിലിരിക്കെ വിരമിച്ച ശ്രീ. പി. എം. തോമസിനെ ബാങ്ക് നടത്തിയ ഡൊമസ്റ്റിക് എൻക്വയറിയെ തുടർന്ന് 6-8-2012-ൽ കൂടിയ ഭരണസമിതി യോഗ തീരുമാനപ്രകാരം സർവ്വീസിൽനിന്നും പിരിച്ചുവിട്ടു. നാളിതുവരെ ടിയാന് പെൻഷൻ ആനുകൂല്യം നൽകുന്നതിന് ശിപാർശ ചെയ്തുകൊണ്ടുള്ള അപേക്ഷ ബാങ്ക് അധികൃതരിൽ നിന്നും ബോർഡിന് ലഭിച്ചിട്ടില്ല.

(സി) തിരുവനന്തപുരം സഹകരണ വ്യവഹാര കോടതിയുടെ 12-4-2018-ലെ എ.ആർ.സി.6512 നമ്പർ വിധി പ്രകാരവും സഹകരണ ട്രിബ്യൂണലിന്റെ 24-12-2018-ലെ അപ്പീൽ നമ്പർ 44/2018 പ്രകാരവുമുള്ള വിധി ഉണ്ടായിട്ടും ആനുകൂല്യങ്ങൾ നൽകാത്ത കാരണം വിശദീകരിക്കുമോ?

2008-09 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.ജി. വായ്പയിനത്തിൽ സ്വയം സഹായ സംഘങ്ങൾക്കും കുടുംബശ്രീകൾക്കും വായ്പ നൽകിയതായി കൃത്രിമ രേഖകൾ ഉണ്ടാക്കി വായ്പയ്ക്ക് അപേക്ഷയോ ബോണ്ടുകളോ ഇല്ലാതെ ബാങ്കിൽ നിന്നും 19.49 ലക്ഷം രൂപ അപഹരിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതി 24-9-2011-ൽ തീരുമാനമെടുത്ത് ശ്രീ. പി. എം. തോമസിനെ സസ്പെൻഡ് ചെയ്തു. ടി വിഷയത്തിൽ ബാങ്ക് നടത്തിയ ഡൊമസ്റ്റിക് എൻക്വയറിയിൽ മുൻ സെക്രട്ടറി ശ്രീ. പി. എം. തോമസ് ഗുരുതരമായ സാമ്പത്തിക കുറ്റം നടത്തിയതായി റിപ്പോർട്ട് ചെയ്തതു പ്രകാരം 6-8-2012-ൽ കൂടിയ ബാങ്ക് ഭരണസമിതി യോഗ തീരുമാനപ്രകാരം ശ്രീ. പി. എം. തോമസിനെ സസ്പെൻഷൻ നടപ്പാക്കിയ 24-9-2011 മുതൽ മുൻകാല പ്രാബല്യത്തിൽ പിരിച്ചുവിട്ടു. ടി നടപടിക്കെതിരെ ശ്രീ. പി. എം. തോമസ് സഹകരണ ആർബിട്രേഷൻ കോടതിയിൽ ഫയൽ ചെയ്ത 12-4-2018-ലെ എ.ആർ.സി 6512 നമ്പർ കേസിലെ വിധി പ്രകാരം ടിയാന് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് ഉത്തരവായി. ടി വിധിക്കെതിരെ ബാങ്ക് ഭരണസമിതി സഹകരണ ട്രൈബ്യൂണലിൽ ഫയൽ ചെയ്ത അപ്പീൽ തള്ളി 24-12-2018-ൽ

44/2018 നമ്പരായി ട്രൈബ്യൂണലിൽ നിന്നുള്ള എക്സ് പാർട്ടി വിധി ഉണ്ടായി. ടി വിധി നടപ്പിലാക്കി കിട്ടുന്നതിനായി ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് ശ്രീ. പി. എം. തോമസ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. പി. എം. തോമസിൽ നിന്നും ആല സർവ്വീസ് സഹകരണ ബാങ്കിന് ഏതെങ്കിലും തുക ഈടാക്കാൻ ബാക്കിയുണ്ടെങ്കിൽ ആയത് ഈടാക്കി എടുത്തുകൊണ്ട് സഹകരണ ട്രിബ്യൂണലിന്റെ വിധി സമയബന്ധിതമായി നടപ്പാക്കുന്നതിന് 30-1-2019 തീയതിയിലെ സി.ആർ.പി(2)250/2019 നമ്പർ കത്ത് പ്രകാരം ബാങ്ക് അധികൃതർക്ക് നിർദ്ദേശം നൽകി. ബാങ്ക് ഭരണസമിതി സഹകരണ ട്രൈബ്യൂണലിന്റെ അന്തിമ വിധിക്കെതിരെ 9-3-2019 ന് കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)7340/2019 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. പ്രസ്തുത റിട്ട് പെറ്റീഷൻ കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. സഹകരണ നിയമം ചട്ടം 198(8) പ്രകാരം അഴിമതി നടത്തി എന്ന കാരണത്താൽ സേവനത്തിൽ നിന്നും പിരിച്ചു വിടപ്പെട്ട ജീവനക്കാരന് ഭരണസമിതിയിൽ നിന്നും ബാധ്യതാരഹിത സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയതിനുശേഷം മാത്രമേ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുള്ളൂ. ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സഹകരണ നിയമം വകുപ്പ് 65,166 പ്രകാരവും 68(1) പ്രകാരവും ശ്രീ. പി. എം. തോമസിനെതിരെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുന്നോടിയായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടി ബാങ്ക് ഭരണസമിതിയുടെ 29-12-2012 തീയതിയിലെ തീരുമാനപ്രകാരം മുൻ സെക്രട്ടറിയായ ശ്രീ. പി. എം. തോമസിനെതിരെ ARC 74/2013 നമ്പർ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ഡി) വിധി ലംഘിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

ശ്രീ. പി. എം. തോമസിന് പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനായി യാതൊരു അപേക്ഷയും അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ) ഓഫീസിൽ ഇന്നേവരെ ലഭിച്ചിട്ടില്ല.

(ഇ) പെൻഷൻ ആനുകൂല്യങ്ങളും പെൻഷനും പി.എം.തോമസിന് എന്ന് നൽകുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ശ്രീ. പി. എം. തോമസിന്റെ പെൻഷനും ആനുകൂല്യങ്ങളും നൽകുന്നതിനുള്ള ഉത്തരവാദിത്വം ആല സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷിപ്തമാണ്. പെൻഷൻ നൽകുന്നതിനായി ബാങ്ക് ഭരണസമിതി തീരുമാനം കൈക്കൊണ്ട് ക്രമപ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പെൻഷൻ നൽകാൻ കഴിയുന്നത് സംബന്ധിച്ച് പരിശോധന നടത്താവുന്നതാണ്.

**സഹകരണ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ**

281 (2565) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര ട്രേഡ്സ്മാൻ തസ്തികകൾ നിലവിലുണ്ട്; അതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത്, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കേപ്പ് (കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ)-ന്റെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 71 ട്രേഡ്സ്മാൻ തസ്തികകളുണ്ട്. അതിൽ 54 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്.

(ബി) ട്രേഡ്സ്മാൻ തസ്തികയിൽ 4-3-2016-ന് പ്രസിദ്ധികരിച്ച റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

4-3-2016-ന് പ്രസിദ്ധീകരിച്ച ട്രേഡ്സ്മാൻ റാങ്ക് ലിസ്റ്റിൽനിന്നും ആർക്കും നിയമനം നൽകിയിട്ടില്ല. ട്രേഡ്സ്മാൻ തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത് കേപ്പിന്റെ തന്നെ സ്ഥാപനത്തിലെ ജീവനക്കാരെ ഉപയോഗിച്ചായിരുന്നു എന്നതു സംബന്ധിച്ച് പരാതികൾ ഉയർന്ന സാഹചര്യത്തിൽ 23-8-2017-ൽ കൂടിയ കേപ്പിന്റെ 160-ാമത് എക്സിക്യൂട്ടിവ് കമ്മിറ്റി തീരുമാന പ്രകാരം റാങ്ക് ലിസ്റ്റ് റദ്ദാക്കി.

(സി) സഹകരണ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമന രീതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നേരിട്ടുള്ള നിയമനം. കേപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദത്തോടുകൂടി പത്രത്തിൽ പരസ്യം നൽകി നിയമാനുസരണം ചുമതലപ്പെടുത്തുന്ന സർക്കാർ അംഗീകൃത ഏജൻസികൾ, മത്സരപരീക്ഷകൾ

നടത്തി തയ്യാറാക്കുന്ന ഷോർട്ട് ലിസ്റ്റും ഇന്റർവ്യൂവിനു ലഭിക്കുന്ന മാർക്കും കണക്കിലെടുത്ത് തയ്യാറാക്കുന്ന ലിസ്റ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയതിനുശേഷം ചാർട്ട് പ്രകാരമാണ് നിയമനം നടത്തുന്നത്.

### കെയർ ഹോം പദ്ധതി

282 (2566) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെയർ ഹോം പദ്ധതിയിലുൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ച നൽകിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ; അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

2021 ജനുവരി 12 വരെ 2048 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 47 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട് (തിരുവനന്തപുരം-12, ആലപ്പുഴ-15, എറണാകുളം-19, തൃശ്ശൂർ-1 ).

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഓരോ വീടിനും എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക (ഉയർന്ന പ്രദേശങ്ങളിൽ 1,01,900 രൂപയും നിരപ്പായ പ്രദേശങ്ങളിൽ 95,100 രൂപയും) ഉൾപ്പെടെ 5 ലക്ഷം രൂപയാണ് കെയർ ഹോം പദ്ധതി പ്രകാരം വീടൊന്നിന് നിർമ്മാണത്തിനായി അനുവദിച്ചിരുന്നത്. ജില്ലകളിൽ ചുമതലപ്പെടുത്തിയിട്ടുള്ള സാങ്കേതിക വിദഗ്ദ്ധർ പ്രദേശത്തെ ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയും പരിഗണിച്ച് തയ്യാറാക്കി ലഭ്യമാക്കിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ 82 വീടുകളുടെ നിർമ്മാണത്തിന് 60,52,186 രൂപയും തൃശ്ശൂർ ജില്ലയിൽ 16 വീടുകളുടെ നിർമ്മാണത്തിന് 7,00,800 രൂപയും അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

### തൊഴിൽവായ്പക്കായി മാത്രം ഒരു ധനകാര്യസ്ഥാപനം

283 (2567) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംസംരംഭങ്ങളും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ എച്ച്.ഡി.എഫ്.സി. മാതൃകയിൽ തൊഴിൽവായ്പ നൽകുന്നതിന് മാത്രമായി ഒരു ധനകാര്യസ്ഥാപനം ആരംഭിക്കാൻ സർക്കാർ ആലോചിക്കുമോ?

സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സഹകരണ മേഖലയിൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ എന്തെങ്കിലും പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

**സാഹസിക ടൂറിസം മേഖല**

284 (2568) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സാഹസിക ടൂറിസം മേഖലയിലെ സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ചട്ടങ്ങളുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

സാഹസിക ടൂറിസം വളരുന്നതോടൊപ്പം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുക എന്നതാണ് വിനോദസഞ്ചാര വകുപ്പിന്റെ പ്രഥമ ലക്ഷ്യം. സാഹസിക വിനോദ സഞ്ചാരമേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (KATPS) നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്ര "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസ്" തയ്യാറാക്കുകയും സാഹസിക പ്രവർത്തനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പംതന്നെ വിനോദ സഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കുകയാണ്. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുക. വിനോദസഞ്ചാര വകുപ്പിലെ ഉദ്യോഗസ്ഥരും ഈ മേഖലയിലെ വിദഗ്ദ്ധരും അടങ്ങിയ ഒരു കമ്മിറ്റിയുടെ നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ രജിസ്ട്രേഷൻ അനുവദിക്കുന്നത്.

(ബി) സാഹസിക ടൂറിസം മേഖലകളിൽ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും സാങ്കേതിക വിദഗ്ദ്ധരുടെ കുറവും സഞ്ചാരികൾക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുമോ?

സാഹസിക ടൂറിസം മേഖലയിൽ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. സാഹസിക ടൂറിസം മേഖലയിലെ സാങ്കേതിക വിദഗ്ധരുടെ കുറവ് സർക്കാർ ഗൗരവമായി കാണുന്ന വസ്തുതയാണ്. ഈ കുറവ് നികത്തുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) സാഹസിക മേഖലയിൽ കോഴ്സുകൾ ആരംഭിച്ചു. ഇതിനു പുറമെ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ശാസ്താംപാറയിൽ സാഹസിക ടൂറിസം അക്കാദമി ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

(സി) കേരളത്തിലെ ഏതെല്ലാം സെന്ററുകൾക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് സർട്ടിഫിക്കേഷന്റെ (ബിസ്) സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബിസ്) സാഹസിക ടൂറിസം മേഖലയിൽ സർട്ടിഫിക്കേഷൻ നടപ്പിലാക്കാനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്. നിലവിൽ കേരളത്തിലെ സാഹസിക ടൂറിസം സെന്ററുകൾക്ക് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടില്ല.

### ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

285 (2569) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ടതും സുരക്ഷിതവുമായ സേവനം ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി വേണ്ടുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി 150 സിവിൽ പോലീസ് ഓഫീസർമാരെയും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ടൂറിസം പോലീസിന്റെ

സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻ നിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം സംബന്ധമായ സേവനങ്ങൾ മികച്ച രീതിയിൽ ലഭ്യമാക്കുന്നതിന് അംഗീകൃത ടൂറിസം ഗൈഡുകൾ ടൂറിസ്റ്റുകളെ സഹായിക്കുന്നുണ്ട്. കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും ടൂറിസം വകുപ്പ് നേരിട്ട് ഇൻഫർമേഷൻ സെന്ററുകൾ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് പുറത്തിറക്കിയിട്ടുള്ള ടൂറിസം വിവര ഗൈഡ് ബ്രോഷറുകൾ എന്നിവയും സഞ്ചാരികൾക്ക് മികച്ച സേവനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന 1-800-425-4747 എന്ന ടോൾ ഫ്രീ നമ്പർ ടൂറിസം സംബന്ധിച്ച കാര്യങ്ങൾക്ക് സഞ്ചാരികൾക്ക് ഏതു സമയവും ആശ്രയിക്കാവുന്നതാണ്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലെ ഒരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.

(ബി) സംസ്ഥാനത്തെ ഹോം സ്റ്റേകൾക്കും ആയുർവേദ കേന്ദ്രങ്ങൾക്കും ക്ലാസിഫിക്കേഷൻ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ ഹോം സ്റ്റേകൾക്കും ആയുർവേദ കേന്ദ്രങ്ങൾക്കും ടൂറിസം വകുപ്പ് ക്ലാസിഫിക്കേഷൻ നൽകിവരുന്നുണ്ട്. 19-12-2019-ലെ സ.ഉ.(കൈ) നമ്പർ 27/2019/ടൂറിസം പ്രകാരം ആയുർവേദ സെന്ററുകൾക്കും 16-1-2020-ലെ സ.ഉ. (കൈ) നമ്പർ 03/2020/ടൂറിസം പ്രകാരം ഹോംസ്റ്റേകൾക്കും ക്ലാസിഫിക്കേഷൻ നൽകിവരുന്നുണ്ട്.

(സി) ഹൗസ് ബോട്ടുകളിൽ ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കുവാൻ സ്വീകരിച്ച പ്രത്യേക നടപടികൾ വ്യക്തമാക്കുമോ?

ഹൗസ് ബോട്ടുകളിൽ ടൂറിസ്റ്റുകളുടെ സുരക്ഷയും മെച്ചപ്പെട്ട സേവനവും ഉറപ്പുവരുത്തുന്നതിനായി ഹൗസ് ബോട്ടുകൾക്ക് ക്ലാസിഫിക്കേഷൻ നൽകാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം കെൽട്രോൺ മുഖേന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിദേശ വനിത കോവളത്ത് കൊല്ലപ്പെട്ടതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക സുരക്ഷാ സംവിധാനവും മോണിട്ടറിംഗ് സംവിധാനവും ഏർപ്പെടുത്തുനതിന് നടപടി സ്വീകരിക്കുമോ ?

സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി വേണ്ടുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി 150 സിവിൽ പോലീസ് ഓഫീസർമാരെയും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻ നിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം സംബന്ധമായ സേവനങ്ങൾ

മികച്ച രീതിയിൽ ലഭ്യമാക്കുന്നതിന് അംഗീകൃത ടൂറിസം ഗൈഡുകൾ ടൂറിസ്റ്റുകളെ സഹായിക്കുന്നുണ്ട്. കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും ടൂറിസം വകുപ്പ് നേരിട്ട് ഇൻഫർമേഷൻ സെന്ററുകൾ നടപ്പാക്കിയിട്ടുണ്ട്. വകുപ്പ് പുറത്തിറക്കിയിട്ടുള്ള ടൂറിസം വിവര ഗൈഡ് ബ്രോഷറുകൾ എന്നിവയും സഞ്ചാരികൾക്ക് മികച്ച സേവനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന 1-800-425-4747 എന്ന ടോൾ ഫ്രീ നമ്പർ ടൂറിസം സംബന്ധിച്ച കാര്യങ്ങൾക്ക് സഞ്ചാരികൾക്ക് ഏതു സമയവും ആശ്രയിക്കാവുന്നതാണ്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലെ ഒരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.

**കരകൗശല വ്യവസായവും വിനോദസഞ്ചാരവും**

286 (2570) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കരകൗശല വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ വിനോദസഞ്ചാരവുമായി ബന്ധപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

പ്രാദേശിക കലാകാരന്മാരെയും കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നവരെയും കണ്ടെത്തി യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഓൺലൈനായും ഓഫ് ലൈനായും ടൂറിസം രംഗവുമായി ബന്ധിപ്പിക്കുന്നതിനായി ഓൺലൈൻ പ്ലാറ്റ്ഫോം ഉത്തരവാദിത്ത ടൂറിസം മിഷൻ വികസിപ്പിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കരകൗശല നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങൾ ഈ പ്ലാറ്റ്ഫോം വഴി വിൽക്കുന്നതിന് സഹായകരമാണ്. ടൂറിസം രംഗത്ത് നിന്നുള്ളവർക്കു മാത്രമല്ല ആർക്കു വേണമെങ്കിലും ഈ പ്ലാറ്റ്ഫോമുകൾവഴി കരകൗശല വസ്തുക്കൾ വാങ്ങുന്നതിന് സൗകര്യമുണ്ട്. സ്വന്തമായി ഓൺലൈൻ വഴി ഉൽപ്പന്നങ്ങൾ വിൽക്കുവാൻ സാധിക്കാത്ത തീർത്തും സാധാരണക്കാരായ ജനങ്ങൾക്ക് സൗജന്യമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കേരള ആർ.ടി. നെറ്റ്വർക്ക് എന്ന പ്ലാറ്റ് ഫോംവഴി അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു. അതോടൊപ്പംതന്നെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലേർണിംഗ് എക്സ്പീരിയൻസ് പാക്കേജിലൂടെ താൽപ്പര്യമുള്ള വിനോദ സഞ്ചാരികൾക്ക് വിവിധ കരകൗശല വസ്തുക്കളുടെ നിർമ്മാണം പഠിക്കുന്നതിനുള്ള അവസരം ഒരുക്കുകവഴി മറ്റൊരു വരുമാന മാർഗ്ഗവും കരകൗശല മേഖലയ്ക്ക് ലഭിക്കുന്നു.

## വേളിയിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ

287 (2571)ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വേളി ടൂറിസ്റ്റ് വില്ലേജിൽ ടൂറിസം വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വേളി ടൂറിസ്റ്റ് വില്ലേജിൽ 56.08 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വേളിയിൽ ലക്ഷങ്ങൾ മുടക്കി ആരംഭിച്ച കുട്ടി തീവണ്ടി പ്രവർത്തനം ആരംഭിച്ച് ദിവസങ്ങൾക്കകം യന്ത്രത്തകരാർമൂലം മുടങ്ങിയിട്ടുണ്ടോ; പ്രസ്തുത തകരാർ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

യന്ത്രത്തകരാറുമൂലം വേളിയിലെ മിനിയേച്ചർ ട്രെയിന്റെ പ്രവർത്തനം മുടങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തകരാർ പരിഹരിക്കുകയും സർവ്വീസ് പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തീവണ്ടിക്ക് ഇടക്കിടെ ഉണ്ടാകുന്ന അറ്റകുറ്റപ്പണി യഥാസമയം നിർവ്വഹിക്കുന്നതിന് ഈ മേഖലയിൽ പ്രാവീണ്യമുള്ള ജീവനക്കാരനെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണ്?

വേളി മിനിയേച്ചർ ട്രെയിൻ പദ്ധതിയുടെ തുടർ പരിപാലനവും നടത്തിപ്പും ടൂർഫെഡ് മുഖേനയാണ് വിനോദസഞ്ചാര വകുപ്പ് നിർവ്വഹിക്കുന്നത്. ട്രെയിൻ നടത്തിപ്പുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് കൊയ്‌ലോൺ മിനിയേച്ചർ റെയിൽ അധികൃതരുടെ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഈ മേഖലയിൽ പ്രാവീണ്യമുള്ള ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. 6 മാസക്കാലം മിനിയേച്ചർ ട്രെയിനിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനും ജീവനക്കാരുടെ പരിശീലനത്തിനും കൊയ്‌ലോൺ മിനിയേച്ചർ റെയിലിൽ നിന്നുള്ള സേവനം ലഭ്യമാക്കുന്നതിന് വകുപ്പുതലത്തിൽ തീരുമാനമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ലക്ഷങ്ങൾ മുടക്കി നവീകരിച്ച വേളിയിലെ ഫ്ളോട്ടിംഗ് റസ്റ്റോറന്റ് നവീകരിച്ച് ഏറെ കഴിയും മുമ്പ് കായലിൽ മുങ്ങിയോ; എന്ത് തുക മുടക്കിയാണ് ഫ്ളോട്ടിംഗ് റസ്റ്റോറന്റ് നവീകരിച്ചത്; ഏത് ഏജൻസിയാണ് നവീകരിച്ചതെന്ന് വ്യക്തമാക്കുമോ?

70 ലക്ഷം രൂപ മുടക്കി കെ.റ്റി.ഡി.സി മുഖേനയാണ് ഫ്ളോട്ടിംഗ് റസ്റ്റോറന്റിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചത്. പണി പൂർത്തീകരിച്ച ശേഷം ഫ്ളോട്ടിംഗ് റസ്റ്റോറൻറ് കായലിൽ ഒരു പ്രാവശ്യം മുങ്ങിയിട്ടുണ്ട്.

## നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

288 (2572) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ എന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മറ്റു തടസ്സങ്ങൾ ഇല്ല.

(ബി) തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് എൻ.ഒ.സി. നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ദേവസ്വം ബോർഡ് എൻ.ഒ.സി. ലഭ്യമാക്കിയിട്ടുണ്ട്.

## ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

289 (2573) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നടപടികൾ എന്തൊക്കെയാണ്?

കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സുസ്ഥിരവികസനം സാധ്യമാക്കുന്നതിനുമായി ഗ്രീൻ കാർപ്പെറ്റ് പദ്ധതി, വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ബാരിയർ ഫ്രീ പദ്ധതി, ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, പ്രോജക്ട് ഗ്രീൻ ഗ്രാസ് എന്നീ പദ്ധതികൾ, ദിവസേന ടൂറിസ്റ്റുകൾ കൂടുതലായി എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനായിട്ടുള്ള പദ്ധതികൾ മുതലായവ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളാണ്.

(ബി) ടൂറിസം കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഫോർട്ട് കൊച്ചി വികസനം, തലശ്ശേരി പൈതൃക പദ്ധതി, നോർത്ത് മലബാർ മേഖലയിലെ ടൂറിസം അടിസ്ഥാന സൗകര്യ വികസനം, കോവളം -പൂവാർ ടൂറിസം ഇടനാഴി, കുമരകം, തേക്കടി, കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്, മൂന്നാർ, മുഴപ്പിലങ്ങാട് - ധർമ്മടം ബീച്ച് സമഗ്ര വികസനം. എന്നീ പദ്ധതികളുടെ മാസ്റ്റർ പ്ലാൻ ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(സി) അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നും കേരളത്തിലേക്ക് നേരിട്ടുള്ള വിമാന സർവ്വീസുകൾ ആരംഭിക്കുവാനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നും കേരളത്തിലേക്ക് നേരിട്ടുള്ള വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള ആവശ്യം കാലാകാലങ്ങളിൽ വിമാനക്കമ്പനികളോട് ഉന്നയിക്കാറുണ്ട്.

(ഡി) നിലവിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് നേരിട്ട് വിമാന സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ?

സിംഗപ്പൂർ, മലേഷ്യ, യു.കെ, മാലിദ്വീപ്, ശ്രീലങ്ക, തായ്‌ലാന്റ്, കുവൈത്ത്, സൗദി അറേബ്യ, ഒമാൻ, യു.എ.ഇ. എന്നീ രാജ്യങ്ങളിൽ നിന്നുമാണ് കേരളത്തിലേക്ക് നേരിട്ടുള്ള വിമാന സർവ്വീസുകൾ നിലവിലുണ്ടായിരുന്നത്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇവയിൽ പല സർവ്വീസുകളും താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്.

(ഇ) മറ്റ് രാജ്യങ്ങളിൽനിന്നും ടൂറിസ്റ്റ് കപ്പലുകളെ ഇവിടേക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വിവിധ രാജ്യങ്ങളിൽ നിന്നും ടൂറിസ്റ്റുകളെയും കൊണ്ട് കേരളത്തിലേക്ക് കപ്പലുകൾ എത്താറുണ്ട്. ഇങ്ങനെ വരുന്ന സഞ്ചാരികൾക്ക് സ്വീകരണവും മറ്റും വകുപ്പ് നൽകാറുമുണ്ട്. ക്രൂയിസ് ടൂറിസവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

## ടൂറിസം നയം

290 (2574) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം രംഗത്ത് അവശ്യം ഉണ്ടാകേണ്ട മാറ്റങ്ങൾ എന്തൊക്കെയാണെന്ന് ചർച്ച ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉണ്ട്. പ്രളയംമൂലം ചില ടൂറിസം കേന്ദ്രങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രളയംമൂലം നാശനഷ്ടമുണ്ടായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കിക്കഴിഞ്ഞു. പ്രളയത്തിനുശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചുവരുന്നു. കൂടാതെ, പരിസ്ഥിതി സൗഹൃദവും ഭിന്നശേഷി സൗഹൃദവുമായ നിരവധി ടൂറിസം പദ്ധതികൾക്ക് വകുപ്പ് പ്രാമുഖ്യം നൽകിവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനം പ്രധാന ഡെസ്റ്റിനേഷനുകളിൽ വ്യാപിപ്പിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ടൂറിസം രംഗത്ത് വേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി സമഗ്ര ടൂറിസം നയം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. കേരളത്തിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ പ്രത്യേകത മനസ്സിലാക്കി അവരുടെ താത്പര്യമനുസരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ടൂറിസം മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങളും സ്വകാര്യ പങ്കാളിത്തവും പരിസ്ഥിതി സൗഹൃദമായ രീതിയിൽ ടൂറിസം പദ്ധതികളും ടൂറിസം രംഗവും വിപുലപ്പെടുത്തുന്നതും നമ്മുടെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള കാഴ്ചപ്പാട് ആവിഷ്കരിക്കുകയും ചെയ്യുന്നതാണ് സർക്കാരിന്റെ 2017-ലെ ടൂറിസം നയം. കേരളത്തിലെ ഇനിയും പുറംലോകം അറിയാത്ത നാട്ടുവിശേഷങ്ങളും തനിമകളും പുത്തൻ ഉത്പന്നങ്ങളായി വിപണിയിലെത്തിക്കുക,

ഓരോ ടൂറിസം ഉത്പന്നവും മൂല്യ വർദ്ധിതമാക്കുകയും കാലോചിതമാക്കുകയും ചെയ്യുക, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുക, സർക്കാർ സംവിധാനങ്ങളുടെ നിരീക്ഷണം കർശനമാക്കി ടൂറിസം മേഖല കാലോചിതമായി പരിഷ്കരിക്കുന്ന ചട്ടങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുക എന്നതും പുതിയ ടൂറിസം നയത്തിൽ വിഭാവന ചെയ്യുന്നുണ്ട്.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

291 (2575) ശ്രീ. സി. ദിവാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഉത്തരവാദിത്ത ടൂറിസം വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഏതാനും ചില തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുവാൻ ഈ സർക്കാർ തീരുമാനിക്കുകയും ടൂറിസം ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിലെ ഒരു പ്രത്യേക വിഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് 14 ജില്ലകളിലേയ്ക്കും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്തു. ഉത്തരവാദിത്ത ടൂറിസം മിഷൻ എല്ലാ ജില്ലകളിലും പൊതു പ്രവർത്തനങ്ങളായ ആർദ്ര മിഷൻ യൂണിറ്റ് രൂപീകരണം, യൂണിറ്റുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ, യൂണിറ്റുകളെ വിവിധ തലത്തിൽ ടൂറിസവുമായി ബന്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് പദ്ധതി, വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ എന്നിവയും സംസ്ഥാന വ്യാപകമായി മിഷൻ നടപ്പാക്കുന്ന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. അതോടൊപ്പംതന്നെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ പങ്കാളിത്ത ടൂറിസം വികസന പദ്ധതിയായ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ, എന്നിങ്ങനെ വിവിധ പദ്ധതികളും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. ഇങ്ങനെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യപകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ; എന്ന് മുതലാണ് മിഷൻ ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

2017-ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകൃതമാവുകയും 2017 ഒക്ടോബർ 20-ന് കേരള മുഖ്യമന്ത്രി കുമരകത്തുവച്ച് ഔപചാരിക ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ആർ. ടി. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1. പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.

2. ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.

3. ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക.

(സി) മിഷന്റെ ഘടന, ജില്ലാതല പ്രവർത്തനം, റിസോഴ്സ് പേഴ്സൺ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഘടന താഴെ കൊടുത്തിരിക്കുന്നു. ടൂറിസം ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന, ടൂറിസം വകുപ്പിലെ തന്നെ ഒരു പ്രത്യേക വിഭാഗമായിട്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷനിൽ അനുവദിച്ചിരിക്കുന്ന കരാർ തസ്തികകൾ താഴെ പറയുന്നവയാണ്.

<u>സംസ്ഥാന മിഷൻ ഓഫീസിൽ 7 കരാർ തസ്തികകൾ</u>

1. സ്റ്റേറ്റ് മിഷൻ കോ-ഓർഡിനേറ്റർ - 1

2. മിഷൻ കോ-ഓഡിനേറ്റർ- ഇക്കണോമിക്- 1

3. മിഷൻ കോ-ഓർഡിനേറ്റർ- സോഷ്യൽ - 1

4. മിഷൻ കോ-ഓർഡിനേറ്റർ- എൺവയോൺമെന്റൽ - 1

5. ഫിനാൻസ് ആൻഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ -1

6. എക്സിക്യൂട്ടീവ് അസിസ്റ്റന്റ് - 1

7. അസിസ്റ്റന്റ് - 1

<u>ജില്ലാ ഓഫീസുകളിൽ</u>:

1. ജില്ലാ മിഷൻ കോ-ഓഡിനേറ്റർമാർ - 14

2. തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ കോ-ഓഡിനേറ്റർമാർ- 5

3. അസിസ്റ്റന്റ് -14

ഇപ്രകാരം ആകെ 40 കരാർ തസ്തികകളാണ് ആർ ടി മിഷനിൽ അനുവദിച്ചിരിക്കുന്നതെങ്കിലും നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം താഴെ പറയും പ്രകാരം ആകെ 12 ആണ്.

സംസ്ഥാന മിഷൻ ഓഫീസിൽ 2 പേർ:

1. സ്റ്റേറ്റ് മിഷൻ കോ-ഓഡിനേറ്റർ - 1
2. മിഷൻ കോ-ഓഡിനേറ്റർ - 1 (ഇക്കണോമിക്, സോഷ്യൽ, എൺവയോൺമെന്റൽ എല്ലാം ഒരാളാണ് ഇപ്പോൾ കൈകാര്യം ചെയ്യുന്നത്)

ജില്ലാ മിഷൻ ഓഫീസുകളിൽ ആകെ 10 പേർ (ആലപ്പുഴ, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഓരോ ജില്ലാ മിഷൻ കോ-ഓഡിനേറ്റർമാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു. നാല് ഡെസ്റ്റിനേഷൻ കോ-ഓഡിനേറ്റർമാർക്ക് ജില്ലാ മിഷൻ കോ-ഓഡിനേറ്റർ ചാർജ്ജ് നൽകിക്കൊണ്ട് കോട്ടയം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു.) ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിൽ മിഷനെ സഹായിക്കുന്നതിനായി ഓരോ ജില്ലയിലും വിവിധ തലത്തിലുള്ള റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. മിഷന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം ഈ റിസോഴ്സ് പേഴ്സൺമാരെ ഉപയോഗപ്പെടുത്തുന്നു. വിവിധ മാധ്യമങ്ങൾവഴി പരസ്യം ചെയ്ത് അപേക്ഷകൾ ക്ഷണിച്ച് തികച്ചും സുതാര്യമായ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തി, തെരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനം നൽകിയാണ് റിസോഴ്സ് പേഴ്സൺമാരായി നിയമിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ എഴുനൂറ്റി പതിനാറ് റിസോഴ്സ് പേഴ്സൺമാർക്കാണ് പരിശീലനം നൽകിയത്. അതിൽനിന്നും വിവിധ കാരണങ്ങളാൽ 76 പേർ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്കും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ നിന്നും സംസ്ഥാനതല ആർ.ടി.ആർ.പി. ടീം ഉണ്ടാക്കുന്നതിനുള്ള പ്രൊപ്പോസൽ മിഷൻ സമർപ്പിച്ചിരിക്കുന്നു.

(ഡി) മിഷൻ രൂപീകരിച്ചശേഷം സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്ത യൂണിറ്റുകളുടെ വിവരങ്ങളും തന്മൂലമുണ്ടായ തൊഴിലവസരങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

മിഷൻ രൂപീകരിക്കുന്ന സമയത്ത് തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലായി ആകെ ഉണ്ടായിരുന്ന ആർ.ടി. യൂണിറ്റുകളുടെ എണ്ണം 197 ആയിരുന്നു. മിഷൻ പ്രവർത്തനങ്ങളിലൂടെ ടൂറിസവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ട കേരളത്തിലെ ആർ.ടി. യൂണിറ്റുകളുടെ എണ്ണം 20153 ആയി ഉയർന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വെബ്സൈറ്റിൽ ലിങ്ക് ചെയ്തിട്ടുള്ള നാല് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലായി 16052 യൂണിറ്റുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. അവയുടെ വിവരങ്ങൾ ഓൺലൈനായി ലഭ്യമാണ്. ബാക്കി യൂണിറ്റുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ നടന്നുവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻവഴി പ്രാദേശിക ജനസമൂഹത്തെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി വരുമാന ലഭ്യത ഉറപ്പുവരുത്തിയിരിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതിനുശേഷം 2017 ആഗസ്റ്റ് മാസം മുതൽ 2020 ഡിസംബർ വരെയുള്ള ആകെ ഗുണഭോക്താക്കൾ 100730 (36815- ഡയറക്റ്റ് + 63915- ഇൻ ഡയറക്റ്റ്) ആണ്. 2017 ആഗസ്റ്റ് മാസം മുതൽ 2020 ഡിസംബർ മാസം വരെ യൂണിറ്റുകൾക്ക് ലഭിച്ച പ്രാദേശിക വരുമാനം 36,000 കോടി രൂപയാണ്.

(ഇ) മിഷൻ നിലവിൽ വന്നശേഷം പ്രഖ്യാപിച്ച പാക്കേജുകളും അവയുടെ ഫലപ്രാപ്തിയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങളെല്ലാംതന്നെ ഘട്ടംഘട്ടമായി നടപ്പാക്കുന്ന തുടർ പ്രവർത്തനങ്ങളാണ്. മിഷൻ നടപ്പാക്കി വരുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് പെപ്പർ പദ്ധതി. ഘട്ടംഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളെ റെസ്പോൺസിബിൾ ടൂറിസം ഡെസ്റ്റിനേഷനുകളായി ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നത്. പെപ്പർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി നടത്തിയ പ്രവർത്തനങ്ങളിലൂടെ പദ്ധതിയുടെ പ്രഥമ കേന്ദ്രമായ വൈക്കത്തെയും (വൈക്കം താലൂക്കിലെ 10 തദ്ദേശസ്വയംഭരണ പ്രദേശങ്ങൾ), രണ്ടാം ഘട്ടത്തിൽ പദ്ധതി ആരംഭിച്ച പൊന്നാനിയെയും പുതിയ ടൂറിസം കേന്ദ്രങ്ങളിൽ ഒന്നായി 2020 സെപ്റ്റംബർ മാസത്തിൽ സർക്കാർ ഉത്തരവിറക്കി. മറ്റ് പതിനേഴ് തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മിഷന്റെ മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയാണ് മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതി. പതിമൂന്ന് കേന്ദ്രങ്ങളാണ് മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയ അയ്മനം പഞ്ചായത്തിനെ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമമായി 2020 സെപ്റ്റംബർ 17-ന് പ്രഖ്യാപിക്കുകയുണ്ടായി. എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. പദ്ധതിയുടെ ഭാഗമായി അപേക്ഷ നൽകിയവർക്ക് പരിശീലനം നൽകി ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്ത് ഓൺലൈൻ പ്ലാറ്റ്ഫോമിൽ എൻട്രി ചെയ്തു. പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ സാധാരണക്കാരായ സ്ത്രീകൾ ചെറുകിട സംരഭകരായി മാറുകയുണ്ടായി. പദ്ധതിവഴി വിവിധ ജില്ലകളിൽ യൂണിറ്റുകൾക്ക് വരുമാനം ലഭിച്ചു തുടങ്ങിയ സമയത്ത് കോവിഡ്-19 നിയന്ത്രണങ്ങൾ നിലവിൽവന്നു. തുടർന്ന് പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ മിഷൻ നിർദേശിച്ചിരുന്നു, യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ പുനരാരംഭിച്ചുവരുന്നു. ഈ യൂണിറ്റുകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടന്നുവരുന്നു. കോവിഡ്- 19 മഹാമാരിയുടെ സാഹചര്യത്തിൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. അതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം അവബോധ ശില്പശാലകൾ, പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണം, അവയുടെ ഓൺലൈൻ രജിസ്ട്രേഷൻ, ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ, വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകളുടെ രൂപീകരണം, അവയുടെ മാർക്കറ്റിംഗും പ്രൊമോഷനും എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. മിഷന്റെ ഈ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹവും ടൂറിസം വ്യവസായവും പരസ്പര സഹകരണത്തിൽ മുന്നോട്ടു പോകുകയും ചെയ്യുന്നു. ഇതാണ് ചില കേന്ദ്രങ്ങളിൽ ഒതുങ്ങി നിന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ. ആർ.ടി. മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായതിന്റെ ഫലമായി നിരവധി ചെറു ടൂറിസം കേന്ദ്രങ്ങളും വൈവിദ്ധ്യമാർന്ന പുതിയ ടൂറിസം പാക്കേജുകൾ/ഉൽപ്പന്നങ്ങൾ എന്നിവയും കേരള ടൂറിസം രംഗത്തുണ്ടായി. കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ മറ്റ് പല സംസ്ഥാനങ്ങൾക്ക് മാതൃകയാകുകയും ചെയ്തിട്ടുണ്ട്

## കായലോര ടൂറിസം പദ്ധതി

292 (2576) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ കായൽ സൗന്ദര്യം ഉപയോഗപ്പെടുത്തി കായലോര ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയിലുൾപ്പെടുത്തുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിലെ കായൽസൗന്ദര്യം ഉപയോഗപ്പെടുത്തുന്നതിനായി "ട്രാവൻകൂർ ഹെറിറ്റേജ് സർക്യൂട്ട് - കഠിനംകുളം അഞ്ചുതെങ്ങ് കായൽ ഇടനാഴി" വിനോദസഞ്ചാര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയിൽ ചുവടെ ചേർത്തിട്ടുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 1. മുരിക്കുംപുഴ 2. വേളി 3. പൗണ്ട് കടവ് 4. കായിക്കര കടവ് 5. പാണയിൽ കടവ് 6. പുത്തൻ കടവ് 7. പുളിമൂട്ടിൽ കടവ്.

## കേരള ടൂറിസം മാർട്ട്

293 (2577) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം മാർട്ട് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ബിസിനസ്സ് മീറ്റായി വികസിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; അതിലൂടെ സംസ്ഥാന ടൂറിസം നേടിയ വളർച്ച എന്താണ്?

കേരള ട്രാവൽ മാർട്ട് സൊസൈറ്റി സംഘടിപ്പിച്ചുവരുന്ന നൂതനവും അഭിമാനകരവുമായ ടൂറിസം സംരംഭമാണ് കേരള ട്രാവൽ മാർട്ട്. ഇന്ത്യയിലെ ഏറ്റവും വലിയ ബയർ-സെല്ലർ ടൂറിസം മീറ്റാണ് കേരള ട്രാവൽ മാർട്ട്. രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന ഈ മീറ്റിൽ ടൂറിസം വകുപ്പ് ധനസഹായം നൽകിവരുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ബയേഴ്സിന്റെ മുമ്പിൽ കേരളത്തിലെ ടൂറിസം സംരംഭകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള ഏറ്റവും മികച്ചതും സഫലവുമായ വേദിയായി കേരള ട്രാവൽ മാർട്ട് മാറിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം സംരംഭകർക്ക് കുറഞ്ഞ ചെലവിൽ ബിസിനസ്സ് ചർച്ചകൾക്കുള്ള അവസരം സംജാതമാകുന്നുണ്ട്.

(ബി) കോവിഡ് പശ്ചാത്തലത്തിൽ മുടങ്ങിയ 2020-ലെ ട്രാവൽ മാർട്ട് ഈ വർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പ്രത്യേക ധനസഹായം ഉറപ്പാക്കുമോ?

കോവിഡ് 19 മഹാമാരി നിമിത്തം കേരള ട്രാവൽ മാർട്ട് 2020 സംഘടിപ്പിക്കുവാൻ സാധിച്ചിട്ടില്ല. ഇതിന് ഒരു പരിഹാരമെന്നോണം ഒരു വെർച്വൽ കേരള ട്രാവൽ മാർട്ട് സംഘടിപ്പിക്കുവാൻ കേരള ട്രാവൽ മാർട്ട് സൊസൈറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതിന് ധനസഹായം നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) കഴിഞ്ഞ വർഷം അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കെടുക്കുന്നതിന് കേരള ടൂറിസത്തിന് സാധിച്ചിരുന്നോ; ഇല്ലെങ്കിൽ അത് ടൂറിസം മേഖലയിൽ പ്രതിബന്ധം ഉണ്ടാക്കിയിട്ടുണ്ടോ?

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കെടുക്കുന്നതിന് കേരള ടൂറിസത്തിന് സാധിച്ചിട്ടില്ല. കോവിഡ് പശ്ചാത്തലത്തിൽ വിദേശികളുടെ വരവ് നിലച്ചത് കേരളത്തിലെ ടൂറിസം മേഖലയെ വിപരീതമായി ബാധിച്ചിട്ടുണ്ട്.

(ഡി) ടൂറിസം വികസനത്തിനായി ലോക നഗരങ്ങളിൽ ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിക്കാറുണ്ടോ; വിശദമാക്കുമോ?

വിദേശ രാജ്യങ്ങളിലെ ടൂർ ഓപ്പറേറ്റർമാർക്ക് മുമ്പിൽ കേരളത്തിലെ ടൂറിസം സംരംഭകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനായി കേരള ടൂറിസം വകുപ്പ് ഇരുപത്തി രണ്ടോളം രാജ്യങ്ങളിൽ എല്ലാ വർഷവും ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു.

(ഇ) എങ്കിൽ ഇത്തരം മേളകളിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കാറുണ്ടോ; വിശദമാക്കുമോ?

സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് തന്നെയാണ് ടൂറിസം വകുപ്പ് വിദേശ രാജ്യങ്ങളിൽ ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നത്. സ്വകാര്യ മേഖലയിൽനിന്നും രജിസ്റ്റർ ചെയ്യുന്ന ടൂറിസം സംരംഭകർക്ക് പങ്കാളിത്ത ഫീസിൽ ഇളവുകൾ നൽകിയാണ് ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നത്. ടൂറിസം രംഗത്തെ വിവിധ മേഖലകളിൽ നിന്നുള്ള സംരംഭകരുടെ സാന്നിധ്യം ഇത്തരം ബിസിനസ്സ് മീറ്റുകളിൽ ടൂറിസം വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്.

## പൈതൃക ടൂറിസം പദ്ധതി

294 (2578) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരളത്തിന്റെ പൈതൃക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കേരളത്തിലെ കല, സംസ്കാരം മറ്റ് ലോക രാജ്യങ്ങളുമായുണ്ടായിരുന്ന വ്യാപാരത്തിന്റെയും ചരിത്രം വിളിച്ചോതുന്ന പദ്ധതികളാണ് മുസിരിസ്, ആലപ്പുഴ പൈതൃക പദ്ധതികൾ. പുരാവസ്തു ഗവേഷണം, സംരക്ഷണം, വിനോദസഞ്ചാര സൗകര്യങ്ങൾ വികസിപ്പിക്കൽ, മ്യൂസിയങ്ങളുടെ വികസനം, വിപണനം തുടങ്ങിയവയാണ് ഈ പദ്ധതികളിൽ വിഭാവന ചെയ്തിരിക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയും ഇതിനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. പ്രധാന പൈതൃക സംരക്ഷണ പദ്ധതികൾ മുസിരിസ് പൈതൃക പദ്ധതി. കേരളത്തിലെ കല, സംസ്കാരം എന്നിവയുടെയും മറ്റ് ലോകരാജ്യങ്ങളുമായുണ്ടായിരുന്ന വ്യാപാരത്തിന്റെയും ചരിത്രം വിളിച്ചോതുന്ന പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ഇതിൽ മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, സിനഗോഗ് മറ്റ് ചരിത്ര സ്മാരകങ്ങൾ എന്നിവയെ ജലപാതവഴി ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ആലപ്പുഴ പൈതൃക പദ്ധതി: നിലവിൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിനോദസഞ്ചാര കേന്ദ്രമായ ആലപ്പുഴയുടെ സമഗ്ര വികസനമാണ് ഈ പ്രോജക്ട്വഴി ലക്ഷ്യമിടുന്നത്. ആലപ്പുഴയുടെ തനത് ഉല്പന്നമായ കയറുമായി ബന്ധപ്പെട്ടുള്ള പൈതൃക നിർമ്മാണ ശാലകൾ പുനരുജ്ജീവിപ്പിക്കുക, കയർ മ്യൂസിയം ആരംഭിക്കുക, കനാലുകളും തോടുകളും കൂടുതൽ സഞ്ചാരയോഗ്യമാക്കി വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്.

തലശ്ശേരി പൈതൃക പദ്ധതി : കണ്ണൂർ ജില്ലയിൽ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 4 പദ്ധതികൾക്ക് 2017 മാർച്ച് മാസത്തിൽ ഭരണാനുമതി നൽകി. പദ്ധതി നിർവ്വഹണത്തിന് ടൂറിസം വകുപ്പ് ULCCS-നെ ചുമതലപ്പെടുത്തി. താഴെപ്പറയുന്നവയിൽ ആദ്യ മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ചു.

1. കൺസർവേഷൻ ഓഫ് ഓൾഡ് ഫയർ ടാങ്ക് ആൻഡ് ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ ഹെറിറ്റേജ് സ്ട്രീറ്റ് അറ്റ് താഴെ അങ്ങാടി (ഭരണാനുമതി നൽകിയ തുക-60,76,500)

2. കൺസർവേഷൻ ഓഫ് തലശ്ശേരി പിയർ & ഡെവലപ്മെന്റ് ഓഫ് ഫുഡ് സ്ട്രീറ്റ് & സ്കൾപ്ചർ പാർക്ക് (ഭരണാനുമതി നൽകിയ തുക-2,12,54,000)

3. കൺസർവേഷൻ റീ യൂസ് ഓഫ് ഗുണ്ടർട്ട് ബംഗ്ലാ അസ് ലാങ്ഗ്വേജ് മ്യൂസിയം, ജർമൻ സ്റ്റഡി സെന്റർ (ഭരണാനുമതി നൽകിയ തുക-2,10,00,000)

4. കൺസർവേഷൻ & റീയൂസ് ഓഫ് ഓൾഡ് മൊയ്തു പാലം ബ്രിഡ്ജ് അസ് പബ്ലിക് ഗാർഡൻ & ഗേറ്റ് വേ ടു മുഴപ്പിലങ്ങാട് (ഭരണാനുമതി നൽകിയ തുക-1,43,97,000) (സ്ട്രക്ചറൽ സ്റ്റെബിലിറ്റി റിപ്പോർട്ട് ലഭിക്കാത്തത് കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല)

തലശ്ശേരി പൈതൃക ടൂറിസം രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി കണ്ണൂർ, വയനാട് ജില്ലകളിലായി 11 പദ്ധതികൾക്ക് കൂടി അംഗീകാരം നൽകിയിട്ടുണ്ട്.

<u>പേരാവൂർ മണ്ഡലം</u>

1. കൊട്ടിയൂർ ടെമ്പിൾ - ടൂറിസം എക്സ്പീരിയൻസ് സ്ട്രീറ്റ് (ഭരണാനുമതി നൽകിയ തുക- 4,52,35,763)

<u>തലശ്ശേരി മണ്ഡലം</u>

2. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡെവലപ്മെന്റ് & ലാൻഡ് സ്കേപ്പ് ഡിസൈൻ (ഭരണാനുമതി നൽകിയ തുക- 1,84,73,019)

3. താഴെ അങ്ങാടി സ്ട്രീറ്റ് ഡെവലപ്മെന്റ് (ഭരണാനുമതി നൽകിയ തുക-4,84,02,866)

4. ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് & സോഷ്യൽ റിഫോംസ് (ഭരണാനുമതി നൽകിയ തുക-4,98,45,267)

5. ഗുണ്ടർട്ട് ബംഗ്ലോ -ഡെവലപ്മെന്റ് ഓഫ് മ്യൂസിയം കമ്പോണന്റ്സ് (ഭരണാനുമതി നൽകിയ തുക-1,87,03,020)

6. തലശ്ശേരി പൈതൃക പദ്ധതി - വേ ഫൈൻഡിംഗ് സൈനേജസ് (ഭരണാനുമതി നൽകിയ തുക-1,30,00,000) മട്ടന്നൂർ മണ്ഡലം

7. തൊടീക്കളം ടെമ്പിൾ - ഡെവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ് (ഭരണാനുമതി നൽകിയ തുക-.2,57,35,841)

8. മൃദംഗ ശൈലേശ്വരി ടെമ്പിൾ - ഡെവലപ്മെന്റ് ഓഫ് പഴശ്ശി മ്യൂസിയം & ഗ്യാലറി (ഭരണാനുമതി നൽകിയ തുക-3,67,11,931) ധർമ്മടം മണ്ഡലം

9. ഡെവലപ്മെന്റ് ഓഫ് മക്രേരി ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂസിക് (ഭരണാനുമതി നൽകിയ തുക-1,93,94,973) മാനന്തവാടി മണ്ഡലം

10. വള്ളിയൂർകാവ് വിപണ കേന്ദ്രത്തിന്റെയും പ്രദർശനശാലയുടെയും വികസനം (ഭരണാനുമതി നൽകിയ തുക - 4,87,55,960) സുൽത്താൻ ബത്തേരി മണ്ഡലം

11. പഴശ്ശി സ്മൃതി മണ്ഡപം, മാവിലത്തോട് മ്യൂസിയവും പ്രവേശന കവാടവും (ഭരണാനുമതി നൽകിയ തുക - 86,07,365).

KIIFB ഫണ്ടിംഗ്‌വഴി തലശ്ശേരി പൈതൃക പദ്ധതി നടപ്പാക്കാൻ 145.54 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകി. KIIDC-യെ ഈ പദ്ധതി നടപ്പാക്കുന്നതിനായി SPV ആയി നിയമിച്ചു. തുടർന്ന് 28 പദ്ധതികൾക്കായി 78.162 കോടി രൂപയുടെ അനുമതി KIIFB നൽകുകയുണ്ടായി.

ട്രാവൻകൂർ പൈതൃക പദ്ധതി: തിരുവിതാംകൂറിന്റെ ചരിത്രവും സംസ്കാരവും നിലനിർത്തിക്കൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി. ഈ പദ്ധതി ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയുടെ മാതൃകയിലാണ് വിഭാവന ചെയ്തിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ സ്ഥലങ്ങളിലെ ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങളാണ് ഈ പദ്ധതിയിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. മേൽ സ്ഥലങ്ങളിലെ പൈതൃക കെട്ടിടങ്ങളും അതിനോട് അനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളുമാണ് 4 ഘട്ടങ്ങളായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം സിറ്റിയിലെ പ്രധാന കെട്ടിടങ്ങളെ തെരഞ്ഞെടുത്ത് സിറ്റി ഇല്ല്യൂമിനേഷൻ എന്ന പദ്ധതിയുടെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പൈതൃക ടൂറിസം പദ്ധതിയിൽ ഏതെല്ലാം ജില്ലകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

1. ആലപ്പുഴ പൈതൃക പദ്ധതി - ആലപ്പുഴ

2. മുസിരിസ് പൈതൃക പദ്ധതി - തൃശ്ശൂർ, എറണാകുളം

3. തലശ്ശേരി പൈതൃക പദ്ധതി - കണ്ണൂർ, കോഴിക്കോട്, വയനാട്

4. ട്രാവൻകൂർ പൈതൃക പദ്ധതി - തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം

(സി) ഈ സർക്കാർ ആരംഭിച്ച മലബാർ-മലനാട് റിവർ ക്രൂയിസ് പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്നും ഇതിനായി നാളിതുവരെ എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ?

മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ താഴെപ്പറയുന്ന 14 ബോട്ട് ടെർമിനൽ/ജെട്ടി പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

<u>കല്ല്യാശ്ശേരി മണ്ഡലം</u>-

1. പഴയങ്ങാടി ബോട്ട് ടെർമിനൽ (ഭരണാനുമതി ലഭിച്ച തുക - 3,00,00,000)

<u>തളിപ്പറമ്പ് മണ്ഡലം</u>-

2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 4,88,80,000)

<u>ധർമ്മടം മണ്ഡലം</u>-

3. പാറപ്രം ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,47,00,000)

4. ധർമ്മടം ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,20,33,933)

5. ചേരിക്കൽ ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,47,82,683)

6. മമ്പറം ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 94,55,700)

<u>തലശ്ശേരി മണ്ഡലം</u> -

7. കക്കടവ് ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 3,03,00,000)

8. പാത്തിക്കൽ ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 1,75,00,000)

9. ന്യൂമാഹി ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 5,02,00,000)

കൂത്തുപറമ്പ് മണ്ഡലം-

10. പെരിങ്ങത്തൂർ ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 1,11,43,433)

11. കരിയാട് ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,03,46,200)

12. മോന്താൽ ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 1,11,43,433)

പയ്യന്നൂർ മണ്ഡലം-

13. പുന്നക്കടവ് ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക 17,50,000)

14. കവ്വായികാലിക്കടപ്പുറം ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക 5,02,00,000)

സംസ്ഥാന പദ്ധതികൾക്ക് പുറമെ കണ്ണൂർ ജില്ലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും ഇതേ പദ്ധതിക്കായി സ്വദേശ് ദർശൻ സ്കീമിൽപ്പെടുത്തി 80.37 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെയും മറ്റ് പ്രവൃത്തികൾ KEL-നെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (താവം, മാട്ടൂൽ നോർത്ത്, ചെറുകുന്ന്, മുനമ്പുകടവ്, കുപ്പം, പട്ടുവം, അഴീക്കൽ ബോട്ട് പാലം, വാടിക്കൽ എന്നീ ബോട്ട് ജെട്ടി/ടെർമിനൽ പ്രവൃത്തി ഇൻലാൻഡ് നാവിഗേഷൻ മുഖേന പുരോഗമിച്ചുവരികയാണ്)

കല്ല്യാശേരി മണ്ഡലം

1. മൈനർ ബോട്ട് ടെർമിനൽ മടക്കര
2. പട്ടുവം മേജർ ബോട്ട് ടെർമിനൽ
3. മുതുകുട ബോട്ട് ജെട്ടി
4. തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ
5. താവം ബോട്ട് ജെട്ടി
6. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത്
7. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത്
8. മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ
9. മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന്
10. മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ

തളിപ്പറമ്പ് മണ്ഡലം

11. പാമ്പുരുത്തി ബോട്ട് ജെട്ടി (Type I)
12. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II)
13. മുനമ്പുകടവ് ബോട്ട് ജെട്ടി (Type I)
14. മുനമ്പുകടവ് ബോട്ട് ജെട്ടി (Type II)
15. കുപ്പം മേജർ ബോട്ട് ടെർമിനൽ
16. കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി
17. എ കെ ജി. ഐലന്റ് ബോട്ട് ജെട്ടി (2 Nos)
18. കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos)
19. സി എച്ച് ഐലന്റ് ബോട്ട് ജെട്ടി (2 Nos)

അഴീക്കോട്

20. അഴീക്കൽ ഫെറി ബോട്ട് ജെട്ടി
21. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി
22. നാറാത്ത് ബോട്ട് ജെട്ടി
23. വളപട്ടണം മേജർ ബോട്ട് ടെർമിനൽ
24. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി
25. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി
26. ഭഗത് സിംഗ് ഐലന്റ് ബോട്ട് ജെട്ടി (2 Nos)

കേന്ദ്ര പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച മറ്റ് അനുബന്ധ പ്രവൃത്തികളായ നടപ്പാത, ടോയ്‌ലെറ്റ് ബ്ലോക്ക്, ഫുഡ് കോർട്ട്, ആർട്ടിസാൻസ് ആല, ഓപ്പൺ എയർ തീയേറ്റർ, ബോട്ട് റേസ് ഗ്യാലറി തുടങ്ങിയ ഘടകങ്ങൾ നടപ്പാക്കുന്നതിന് നിർവ്വഹണ ഏജൻസിയായി KEL-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (മലപ്പട്ടം മുനമ്പുകടവ് പ്രദേശത്ത് ടോയ്‌ലെറ്റ് ബ്ലോക്ക്, ആർട്ടിസാൻസ് ആല, ഫുഡ് കോർട്ട് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്)

മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ 3 പദ്ധതികൾക്കാണ് ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളത്.

1. ഡെവലപ്മെന്റ് ഓഫ് കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക- 8,00,00,000)

2. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം ബോട്ട് ജെട്ടി അറ്റ് മാടക്കാൽ (ഭരണാനുമതി നൽകിയ തുക- 98,00,000)

3. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം അറ്റ് മാവിലക്കടപ്പുറം (ഭരണാനുമതി നൽകിയ തുക- 3,27,00,000)

(ഡി) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; ഈ പദ്ധതിയുടെ ഭാഗമായി ലഭിച്ച വരുമാനം കണക്കാക്കിയിട്ടുണ്ടോ; അറിയിക്കാമോ?

മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* മ്യൂസിയങ്ങളിലേയ്ക്കുള്ള പ്രവേശന ടിക്കറ്റ് ഇനത്തിലും ബോട്ട് സർവ്വീസ് ചാർജ്ജിനത്തിലും മുസിരിസ് ഇന്റർനാഷണൽ റിസർച്ച് ആൻഡ് കൺവെൻഷൻ സെന്ററിന്റെയും റെസ്റ്റോറന്റുകളുടേയും വാടക ഇനത്തിലും മറ്റ് വരുമാന ഇനങ്ങളിലുമായി 2016-17 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെ 2,74,25,594 രൂപ വരുമാനം ലഭിച്ചു.

**പാറോപ്പടി ജലാശയ നിർമ്മാണം**

295 (2579) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പാറോപ്പടിയിൽ വിശാലമായ ജലാശയം നിർമ്മിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം; ഈ പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പാറോപ്പടി ജലാശയ നിർമ്മാണത്തിനായി പദ്ധതികൾ ആരംഭിച്ചിട്ടില്ല. ജില്ലാകളക്ടർ ചെയർമാനായ DTPC, കോഴിക്കോട് പാറോപ്പടി ജലാശയ നിർമ്മാണവുമായി ബന്ധപ്പെട്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൺസൽട്ടന്റ് ഡിസൈനും സാമ്പത്തിക വിശകലനവും ഉൾപ്പെടെയുള്ള കൺസപ്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 60 ഏക്കർ സ്ഥലത്ത് പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. മിനി തിയേറ്റർ, ഔട്ട് ഡോർ സ്പെയ്സസ്, റസ്റ്റോറന്റുകൾ, ഫ്ളോട്ടിംഗ് ഓർഗാനിക് മാർക്കറ്റ്സ്, റിക്രിയേഷൻ & സ്പോർട്സ്, യോഗ/ മെഡിറ്റേഷൻ/ പിക്നിക് സോൺ, കമ്മ്യൂണിറ്റി ഹബ്ബ്, മിനി കൺവെൻഷൻ അരീന, ജലവിനോദ ഉപാധികൾ, നടപ്പാതകൾ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളായി വിഭാവന ചെയ്തിട്ടുള്ളത്.

(ബി) ഈ പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയതെന്ന് വിശദീകരിക്കാമോ?

പദ്ധതിയുടെ കരട് റിപ്പോർട്ട് പ്രകാരം 147.39 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(സി) പാറോപ്പടി ജലാശയ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിന് രണ്ട് പബ്ലിക് കൺസൾട്ടേഷൻ മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്.

(ഡി) പാറോപ്പടി ജലാശയത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും ആയത് എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

296 (2580) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ ടൂറിസം മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ആ മേഖലയിൽ ഉണ്ടാക്കിയ മാറ്റം വിശദമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങളെല്ലാംതന്നെ തുടർ പ്രവർത്തനങ്ങളാണ്. ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം അവബോധ ശില്പശാലകൾ, പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണം, അവയുടെ ഓൺലൈൻ രജിസ്ട്രേഷൻ, ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ, വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകളുടെ രൂപീകരണം, അവയുടെ മാർക്കറ്റിംഗും പ്രൊമോഷനും

എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. മിഷന്റെ ഈ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹവും ടൂറിസം വ്യവസായവും പരസ്പര സഹകരണത്തിൽ മുന്നോട്ടു പോകുകയും ചെയ്യുന്നു. മിഷൻ പ്രവർത്തനങ്ങളുടെ ഫലമായി കൂടുതൽ ടൂറിസം സംരംഭകർ ഉത്തരവാദിത്ത ടൂറിസം മിഷനുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ ആരംഭിച്ചു. മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്ത പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ അഞ്ഞൂറ് അക്കോമഡേഷൻ യൂണിറ്റുകൾ പതിനൊന്നിന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം നിർത്തലാക്കികൊണ്ട് പ്ലാസ്റ്റിക് ഫ്രീ ആയി സ്വയം പ്രഖ്യാപിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് കുമരകത്തെ എല്ലാ ഹോട്ടലുകളും പ്ലാസ്റ്റിക് ഫ്രീ ആയി. ഏതാനും ചില കേന്ദ്രങ്ങളിൽ ഒതുങ്ങി നിന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ, ആർ.ടി. മിഷന്റെ പ്രവർത്തനങ്ങളിലൂടെ സംസ്ഥാന വ്യാപകമാവുകയും നിരവധി ചെറു ടൂറിസം കേന്ദ്രങ്ങളും വൈവിധ്യമാർന്ന പുതിയ ടൂറിസം പാക്കേജുകൾ/ഉൽപ്പന്നങ്ങൾ എന്നിവ കേരള ടൂറിസം രംഗത്ത് ഉണ്ടാകുന്നതിനും കാരണമായി. കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ മറ്റ് പല സംസ്ഥാനങ്ങൾക്കും മാതൃകയാകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ മാതൃകയിൽ മധ്യപ്രദേശിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ കേരള ടൂറിസവുമായി മധ്യപ്രദേശ് ടൂറിസം ബോർഡ് കരാറിൽ ഏർപ്പെടുകയും കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കുവാനും പഠിക്കുവാനും മധ്യപ്രദേശ് ടൂറിസം വകുപ്പുമന്ത്രി ശ്രീമതി ഉഷ താക്കൂർ നയിച്ച 12 അംഗ ഉദ്യോഗസ്ഥ സംഘം 2021 ജനുവരി 12 മുതൽ 18 വരെ ഒരാഴ്ച നീണ്ടുനിൽക്കുന്ന സന്ദർശനം നടത്തുകയുണ്ടായി.

(ബി) കോവിഡ് പശ്ചാത്തലത്തിൽ കൊച്ചി ബിനാലെ പോലുള്ള മേളകൾ സംഘടിപ്പിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ ടൂറിസം മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാൻ മറ്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാന ടൂറിസം മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാൻ സംസ്ഥാന ടൂറിസം വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ദേശീയതലത്തിലുള്ള ഒരു സ്പെഷ്യൽ ക്യാമ്പയിൻ നടത്തുന്നുണ്ട്. മാർച്ചിൽ കേരള ട്രാവൽ മാർട്ട് നടത്തുന്നതിനും പദ്ധതിയുണ്ട്. വെർച്വൽ ബിസിനസ്സ് മീറ്റ് സംഘടിപ്പിക്കുവാനും വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വെർച്വലായി നടത്തുന്ന ട്രാവൽ മേളകളിലും ടൂറിസം വകുപ്പ് പങ്കെടുത്ത് വരുന്നുണ്ട്.

(സി) ടൂറിസം സെന്ററുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച ഗ്രീൻ കാർപ്പെറ്റ് പദ്ധതി വിജയകരമാണോ; ഇതിനായി കേന്ദ്ര സഹായം ലഭ്യമാണോ?

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതും സുസ്ഥിര വികസനം സാധ്യമാക്കുന്നതുമായ ലക്ഷ്യപ്രാപ്തിയാണ് ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി കൊണ്ട് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. വിനോദസഞ്ചാര മേഖലയെ ജീവനോപാധിയായി ഉപയോഗപ്പെടുത്തുന്ന വിഭാഗങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യ സംഘടനകൾ, എൻ.ജി.ഒ.-കൾ, വിദ്യാർത്ഥികൾ തുടങ്ങിയവയെ കൂട്ടിയോജിപ്പിച്ച് അടിസ്ഥാന സൗകര്യ മേഖലയിലെ സുസ്ഥിര വികസനവും സംരക്ഷണവും പദ്ധതി ഉറപ്പുവരുത്തുന്നു. 2020 അവസാനത്തോടുകൂടി കേരളത്തിലെ 14 ജില്ലകളിലെ 77 കേന്ദ്രങ്ങളെ ഗ്രീൻ കാർപ്പെറ്റ് എന്ന ബ്രാന്റിംഗോടുകൂടി അന്താരാഷ്ട്ര നിലവാരമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് വിജയകരമായി നടപ്പാക്കിവരികയാണ്. ഈ പദ്ധതിക്കായി കേന്ദ്ര സഹായം ലഭിച്ചിട്ടില്ല .

**ടേക്ക് എ ബ്രേക്ക് പദ്ധതി**

297 (2581) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന് കീഴിൽ ആരംഭിച്ച ടേക്ക് എ ബ്രേക്ക് പദ്ധതികളിൽ പൂർത്തീകരിച്ചവ എവിടെയൊക്കെയാണെന്നും അവയിൽ നിലവിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഓരോ ടേക്ക് എ ബ്രേക്ക് പദ്ധതികളുടെയും അടങ്കൽ തുക എത്രയെന്നും അവ ഓരോന്നിനും കോൺട്രാക്ടർമാർക്ക് അനുവദിച്ച് കൈമാറിയ തുക എത്രയെന്നും വ്യക്തമാക്കാമോ?

(എ) പിരിവിന്റെ അതേ ഉത്തരം

(സി) കോടിക്കണക്കിന് രൂപ ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് മിക്കവാറും ടേക്ക് എ ബ്രേക്കുകളും പ്രവർത്തിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിച്ച് അവ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നാല് ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഇടുക്കി, മൂന്നാർ - ഈ യൂണിറ്റിന്റെ ലേലം കഴിഞ്ഞു. കൂടുതൽ വാടക തുക ലഭിക്കുന്നതിനായി നെഗോസിയേഷൻ നടത്തുന്നതിനായി നിശ്ചയിച്ചിരിക്കുന്നു.

2. പാലക്കാട് – ഗുരുവായൂർ - കുറ്റനാട് റോഡ് സൈഡിലുള്ള യൂണിറ്റ് – പൊതുമരാമത്ത് വകുപ്പിന്റെ പെർമിസീവ് സാംഗ്ഷൻ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. മലപ്പുറം - കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് സമീപത്തുള്ള യൂണിറ്റ് – ഈ യൂണിറ്റ് ഏറ്റെടുത്ത് നടത്തിയിരുന്ന കരാറുകാരൻ തുടർന്ന് നടത്താൻ താല്പര്യമില്ലെന്ന് അറിയിച്ചിരുന്നു. ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഭൂമിയിൽ ഈ യൂണിറ്റ് സ്ഥിതിചെയ്യുന്ന സ്ഥലം ഉൾപ്പെട്ടിട്ടുണ്ട്. അതിനാലാണ് പ്രവർത്തിപ്പിക്കാൻ കഴിയാത്തത്. എന്നാൽ ദേശീയപാതയുടെ പ്രവൃത്തി തുടങ്ങുന്നതുവരെ കുടുംബശ്രീ മിഷനുമായി ചേർന്ന് ഈ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

4. കണ്ണൂർ - ശ്രീകണ്ഠപുരം – ഈ യൂണിറ്റ് പ്രവർത്തനക്ഷമമായിരുന്നു. എന്നാൽ കാലവർഷത്തെ തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ചു. ആയതിന്റെ അറ്റകുറ്റപ്പണികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടന്നുവരികയാണ്. അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച ഉടൻ യൂണിറ്റ് തുടർന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

## കൊല്ലം തങ്കശ്ശേരിയെ സ്പൈസ് റൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

298 (2582) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ വാർഷിക ബഡ്ജറ്റിൽ സ്പൈസ് റൂട്ട് പദ്ധതിയിൽ കൊല്ലം തങ്കശ്ശേരിയെ ഉൾപ്പെടുത്തി പൈതൃക ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുമെന്നുള്ള പ്രഖ്യാപനത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

കൊല്ലം തങ്കശ്ശേരിയെ സ്പൈസ് റൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു. കൂടാതെ തങ്കശ്ശേരിയെ ട്രാവൻകൂർ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ട്രാവൻകൂർ പൈതൃക പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി മുംബൈ

ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കൺസർവേഷൻ കൺസൾട്ടന്റായ ആഭാ നാരായിൻ ലാമ്പയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ) പിരിവിന്റെ അതേ ഉത്തരം

## മലബാർ റിവർ ക്രൂയിസ് പദ്ധതി

299 (2583) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ആയതിന് അനുവദിച്ച തുകയടക്കം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ താഴെപ്പറയുന്ന 14 ബോട്ട് ടെർമിനൽ/ജെട്ടി പദ്ധതികൾക്കാണ് കേരള ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളത്.

<u>കല്ല്യാശ്ശേരി മണ്ഡലം</u>:-

1. പഴയങ്ങാടി ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,00,00,000)

<u>തളിപ്പറമ്പ് മണ്ഡലം</u> :-

2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 4,88,80,000)

<u>ധർമ്മടം മണ്ഡലം</u>:-

3. പാറപ്രം ബോട്ട് ടെർമിനൽ (ഭരണാനുമതി ലഭിച്ച തുക - 3,47,00,000)

4. ധർമ്മടം ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,20,33,933)

5. ചേരിക്കൽ ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,47,82,683)

6. മമ്പറം ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 94,55,700)

തലശ്ശേരി മണ്ഡലം :-

7. കക്കടവ് ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 3,03,00,000)

8. പാത്തിക്കൽ ബോട്ട് ജെട്ടി (ഭരണാനുമതി ലഭിച്ച തുക - 1,75,00,000)

9. ന്യൂമാഹി ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 5,02,00,000)

കൂത്തുപറമ്പ് മണ്ഡലം :-

10. പെരിങ്ങത്തൂർ ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 1,11,43,433)

11. കരിയാട് ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,03,46,200)

12. മോന്താൽ ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 1,11,43,433)

പയ്യന്നൂർ മണ്ഡലം

13. പുന്നക്കടവ് ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക – 17,50,000)

14. കവ്വായികാലിക്കടപ്പുറം ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക – 5,02,00,000)

സംസ്ഥാന പദ്ധതികൾക്ക് പുറമെ കണ്ണൂർ ജില്ലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും സ്വദേശ്ദർശൻ സ്കീമിൽപ്പെടുത്തി 80.37 കോടി രൂപയുടെ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 30 ജെട്ടി/ടെർമിനലുകൾ, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെയും മറ്റ് പ്രവൃത്തികൾ KEL നെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (താവം, മാട്ടൂൽ നോർത്ത്, ചെറുകുന്ന്, മുനമ്പുകടവ്, കുപ്പം, പട്ടുവം, അഴീക്കൽ ബോട്ട് പാലം, വാടിക്കൽ എന്നീ ജെട്ടി ബോട്ട് ജെട്ടി/ടെർമിനൽ പ്രവൃത്തി ഇൻലാൻഡ് നാവിഗേഷൻ മുഖേന പുരോഗമിച്ചുവരികയാണ്)

കല്ല്യാശേരി മണ്ഡലം

1. മൈനർ ബോട്ട് ടെർമിനൽ മടക്കര

2. പട്ടുവം മേജർ ബോട്ട് ടെർമിനൽ

3. മുതുകുട ബോട്ട് ജെട്ടി

4. തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ
5. താവം ബോട്ട് ജെട്ടി
6. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത്
7. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത്
8. മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ
9. മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന്
10. മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ

തളിപ്പറമ്പ് മണ്ഡലം

11. പാമ്പുരുത്തി ബോട്ട് ജെട്ടി (Type I)
12. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II)
13. മുനമ്പുകടവ് ബോട്ട് ജെട്ടി (Type I)
14. മുനമ്പുകടവ് ബോട്ട് ജെട്ടി (Type II)
15. കുപ്പം മേജർ ബോട്ട് ടെർമിനൽ
16. കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി
17. എ കെ ജി. ഐലന്റ് ബോട്ട് ജെട്ടി (2 Nos)
18. കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos)
19. സി. എച്ച്. ഐലന്റ് ബോട്ട് ജെട്ടി (2 Nos)

അഴീക്കോട്

20. അഴീക്കൽ ഫെറി ബോട്ട് ജെട്ടി
21. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി
22. നാറാത്ത് ബോട്ട് ജെട്ടി
23. വളപട്ടണം മേജർ ബോട്ട് ടെർമിനൽ
24. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി
25. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി
26. ഭഗത് സിംഗ് ഐലന്റ് ബോട്ട് ജെട്ടി (2 Nos)

കേന്ദ്ര പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച മറ്റനുബന്ധ പ്രവൃത്തികളായ നടപ്പാത, ടോയ്‌ലെറ്റ് ബ്ലോക്ക്, ഫുഡ് കോർട്ട്, ആർട്ടിസാൻസ് ആല, ഓപ്പൺ എയർ തിയേറ്റർ, ബോട്ട് റേസ് ഗ്യാലറി തുടങ്ങിയ ഘടകങ്ങൾ നടപ്പാക്കുന്നതിന് നിർവ്വഹണ ഏജൻസിയായി KEL-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (മലപ്പട്ടം മുനമ്പുകടവ് പ്രദേശത്ത് ടോയ്‌ലെറ്റ് ബ്ലോക്ക്, ആർട്ടിസാൻസ് ആല, ഫുഡ് കോർട്ട് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്) മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കാസർഗോട് ജില്ലയിൽ ആകെ 3 പദ്ധതികൾക്കാണ് കേരള ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളത്. അവ തൃക്കരിപ്പൂർ മണ്ഡലത്തിലാണ്.

1. ഡെവലപ്മെന്റ് ഓഫ് കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക- 8,00,00,000) 6% പുരോഗതിയിലാണ്
2. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം ബോട്ട് ജെട്ടി അറ്റ് മാടക്കാൽ (ഭരണാനുമതി നൽകിയ തുക 98,00,000) 69% പുരോഗതിയിലാണ്
3. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം അറ്റ് മാവിലക്കടപ്പുറം (ഭരണാനുമതി നൽകിയ തുക 3,27,00,000) 97% പുരോഗതിയിലാണ്.

(ബി) ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്നും ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

പഴയങ്ങാടി ബോട്ട് ടെർമിനൽ, പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ പ്രവൃത്തി പൂർത്തീകരിച്ച് 2020 ഒക്ടോബർ 22-ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ന്യൂമാഹി, പാത്തിക്കൽ, കാക്കടവ്, പെരിങ്ങത്തുർ, മോന്താൽ, പുന്നക്കടവ്, ചേരികൽ, ധർമ്മടം, പാറപ്രം എന്നിവയുടെ പ്രവൃത്തികൾ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. (ന്യൂ മാഹി, മോന്താൽ എന്നീ പ്രവൃത്തികൾ ജനുവരി 31-ഓടെയും പുന്നക്കടവ്, പെരിങ്ങത്തുർ, പാത്തിക്കൽ, കാക്കടവ്, ചേരിക്കൽ എന്നീ പ്രവൃത്തികൾ ഫെബ്രുവരി അവസാനത്തോടെയും ധർമ്മടം, പാറപ്രം മാർച്ച്-ഓടെയും പൂർത്തീകരിക്കുമെന്നാണ് ഇൻലാൻഡ് നാവിഗേഷൻ അറിയിച്ചിട്ടുള്ളത്). പദ്ധതിക്ക് ആവശ്യമായ CRZ ക്ലിയറൻസിനുവേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനെ (KSINC) ടൂറിസം

വകുപ്പ് ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ KCZMA-യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ മൂന്ന് പദ്ധതികളാണുള്ളത്. അതിന്റെ പ്രവൃത്തി ഉൾനാടൻ ജലഗതാഗത വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കൂടാതെ CRZ അനുമതിക്കായി ഗവൺമെന്റ് ഏജൻസിയായ KSINC-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്കും CRZ ലഭിക്കുന്ന മുറയ്ക്കും പദ്ധതി പൂർത്തീകരിക്കാനാവുന്നതാണ്.

## റാന്നി ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

300 (2584) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിക്ക് അനുവദിച്ച ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.റ്റി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള വടശ്ശേരിക്കരയിലെ താൽക്കാലിക കെട്ടിടത്തിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പത്തനംതിട്ട ശാഖ ആരംഭിക്കുന്നതിന് അനുമതി തേടി സർക്കാരിൽ ലഭ്യമായ പ്രൊപ്പോസൽ, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക ബാധ്യതകൾ ഏറ്റെടുക്കാൻ നിർവ്വാഹമില്ലാത്തതിനാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പുനഃസമർപ്പിക്കുവാൻ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) ഡി.റ്റി.പി.സി. ഉടമസ്ഥതയിലുള്ള വടശ്ശേരിക്കരയിലെ കെട്ടിടത്തിൽ താത്കാലിക കെട്ടിട സൗകര്യം ലഭ്യമായിട്ടുണ്ടോ?

ലഭ്യമായിട്ടുണ്ട്.

(സി) ചെറുകോൽ ഗ്രാമപഞ്ചായത്ത് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സൗജന്യമായി വിട്ടുനൽകിയ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഏറ്റെടുത്തിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

## കെ.റ്റി.ഡി.സി.-യുടെ പുനരുദ്ധാരണം

301 (2585) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്തുള്ള പൊതുമേഖലാ സ്ഥാപനമായ കെ.റ്റി.ഡി.സി.-ക്ക് കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ?

കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണും കാരണം കെ.ടി.ഡി.സി.-ക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ആഡിറ്റ് ചെയ്യാത്ത കണക്ക് പ്രകാരം നവംബർ മാസംവരെ വിറ്റുവരവിൽ 58 കോടി രൂപയുടെ കുറവും 40 കോടി രൂപയുടെ പ്രവർത്തനനഷ്ടവും സംഭവിച്ചിട്ടുണ്ട്.

(ബി) വിദേശ ടൂറിസ്റ്റുകളുടെയും തദ്ദേശ ടൂറിസ്റ്റുകളുടെയും ദീർഘദൂര യാത്രക്കാരുടെയും ദീർഘകാലമായിട്ടുള്ള ആവശ്യം പരിഗണിച്ച് ആയിരം പേർക്ക് അധികമായി ജോലി നൽകാൻ കഴിയുന്ന തരത്തിൽ വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

(സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിൽ കെ.റ്റി.ഡി.സി. എംപ്ലോയീസ് അസോസിയേഷൻ സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പാക്കേജുകൾ പരിഗണിക്കുമോ?

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പത്താം ശമ്പളക്കമ്മീഷന്റെ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകുവാൻ ധനസഹായം നൽകുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് അറിയിക്കാമോ?

പത്താം ശമ്പളക്കമ്മീഷന്റെ ആനുകൂല്യങ്ങൾ കെ.ടി.ഡി.സി. ജീവനക്കാർക്കുകൂടി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്നുള്ള സാമ്പത്തിക നഷ്ടം കാരണം കെ.റ്റി.ഡി.സി.-യുടെ തനത് സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടതിനുശേഷം മാത്രമേ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂ.

## തിരുവനന്തപുരത്തെ ഹെറിറ്റേജ് ടൂറിസം പദ്ധതി

302 (2586) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂറിന്റെ ചരിത്രവും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളെ കോർത്തിണക്കി ഹെറിറ്റേജ് ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; പദ്ധതി എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ആവിഷ്കരിച്ചിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കൊച്ചി എന്നീ സ്ഥലങ്ങളിലെ ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. മേൽ സ്ഥലങ്ങളിലെ പൈതൃക കെട്ടിടങ്ങളുടെ സാധ്യത പരിശോധിച്ച് തെരഞ്ഞെടുക്കപ്പെടുന്ന പൈതൃക കെട്ടിടങ്ങളും അതിനോട് അനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളുമായി 4 ഘട്ടങ്ങളായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പൈതൃക കെട്ടിടങ്ങൾ/സ്ഥലങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*

ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഹെറിറ്റേജ് കെട്ടിടങ്ങളെ തെരഞ്ഞെടുത്ത് സിറ്റി ഇല്യൂമിനേഷൻ എന്ന പദ്ധതിയുടെ പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്.

## കൊല്ലം നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ

303 (2587) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖാന്തരം നടപ്പാക്കാൻ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിലവിൽ നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തലശ്ശേരി ടൂറിസം പൈതൃക പദ്ധതി

304 (2588) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ അഭിമാന പദ്ധതിയായ തലശ്ശേരി ടൂറിസം പൈതൃക പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിൽ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 4 പദ്ധതികൾക്ക് 2017 മാർച്ച് മാസത്തിൽ ഭരണാനുമതി നൽകി. പദ്ധതി നിർവ്വഹണത്തിന് ടൂറിസം വകുപ്പ് ULCCS-നെ ചുമതലപ്പെടുത്തി താഴെ പറയുന്നവയിൽ ആദ്യ മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ചു.

1. കൺസർവേഷൻ ഓഫ് ഓൾഡ് ഫയർ ടാങ്ക് ആൻഡ് ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ ഹെറിറ്റേജ് സ്ട്രീറ്റ് അറ്റ് താഴെ അങ്ങാടി (ഭരണാനുമതി നൽകിയ തുക 60,76,500)

2. കൺസർവേഷൻ ഓഫ് തലശ്ശേരി പിയർ & ഡെവലപ്മെന്റ് ഓഫ് ഫുഡ് സ്ട്രീറ്റ് & സ്കൾപ്ചർ പാർക്ക് (ഭരണാനുമതി നൽകിയ തുക - 2,12,54,000)

3. കൺസർവേഷൻ റീ യൂസ് ഓഫ് ഗുണ്ടർട്ട് ബംഗ്ലാ അസ് ലാംഗ്വേജ് മ്യൂസിയം, ജർമൻ സ്റ്റഡി സെന്റർ (ഭരണാനുമതി നൽകിയ തുക - 2,10,00,000)

4. കൺസർവേഷൻ & റീയൂസ് ഓഫ് ഓൾഡ് മൊയ്തു പാലം ബ്രിഡ്ജ് അസ് പബ്ലിക് ഗാർഡൻ & ഗേറ്റ് വേ ടു മുഴപ്പിലങ്ങാട് (ഭരണാനുമതി നൽകിയ തുക - 1,43,97,000) (സ്ട്രക്ചറൽ സ്റ്റെബിലിറ്റി റിപ്പോർട്ട് ലഭിക്കാത്തത് കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല)

തലശ്ശേരി പൈതൃക ടൂറിസം രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി കണ്ണൂർ -വയനാട് ജില്ലകളിലായി 11 പദ്ധതികൾക്ക് കൂടി അംഗീകാരം നൽകിയിട്ടുണ്ട്.

പേരാവൂർ മണ്ഡലം:-

1. കൊട്ടിയൂർ ടെമ്പിൾ - ടൂറിസം എക്സ്പീരിയൻസ് സ്ട്രീറ്റ് (ഭരണാനുമതി നൽകിയ തുക -4,52,35,763)

തലശ്ശേരി മണ്ഡലം:-

2. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡെവലപ്മെന്റ് & ലാൻഡ് സ്കേപ്പ് ഡിസൈൻ ( ഭരണാനുമതി നൽകിയ തുക - 1,84,73,019)

3. താഴെ അങ്ങാടി സ്ട്രീറ്റ് ഡെവലപ്മെന്റ് (ഭരണാനുമതി നൽകിയ തുക -4,84,02,866)

4. ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് & സോഷ്യൽ റിഫോംസ് (ഭരണാനുമതി നൽകിയ തുക- 4,98,45,267)

5. ഗുണ്ടർട്ട് ബംഗ്ലോ - ഡെവലപ്മെന്റ് ഓഫ് മ്യൂസിയം കമ്പോണന്റ്സ് (ഭരണാനുമതി നൽകിയ തുക- 1,87,03,020)

6. തലശ്ശേരി പൈതൃക പദ്ധതി - വേ ഫൈൻഡിങ് സൈനേജസ് (ഭരണാനുമതി നൽകിയ തുക -1,30,00,000)

മട്ടന്നൂർ മണ്ഡലം:-

7. തൊടീക്കളം ടെമ്പിൾ - ഡെവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ് (ഭരണാനുമതി നൽകിയ തുക -2,57,35,841)

8. മൃദംഗ ശൈലേശ്വരി ടെമ്പിൾ - ഡെവലപ്മെന്റ് ഓഫ് പഴശ്ശി മ്യൂസിയം & ഗ്യാലറി (ഭരണാനുമതി നൽകിയ തുക -3,67,11,931)

ധർമ്മടം മണ്ഡലം:-

9. ഡെവലപ്മെന്റ് ഓഫ് മക്രേരി ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂസിക് (ഭരണാനുമതി നൽകിയ തുക - 1,93,94,973)

മാനന്തവാടി മണ്ഡലം:-

10. വള്ളിയൂർകാവ് വിപണ കേന്ദ്രത്തിന്റെയും പ്രദർശനശാലയുടെയും വികസനം (ഭരണാനുമതി നൽകിയ തുക - 4,87,55,960)

സുൽത്താൻ ബത്തേരി മണ്ഡലം:-

11. പഴശ്ശി സ്മൃതി മണ്ഡപം, മാവിലന്തോട് മ്യൂസിയവും പ്രവേശന കവാടവും (ഭരണാനുമതി നൽകിയ തുക - 86,07,365).

KIIFB ഫണ്ടിംഗ് വഴി തലശ്ശേരി പൈതൃക പദ്ധതി നടപ്പാക്കാൻ 145.54 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. KIIDC- യെ ഈ പദ്ധതി നടപ്പാക്കുന്നതിനായി SPV ആയി നിയമിച്ചു. തുടർന്ന് 28 പദ്ധതികൾക്കായി 78.162 കോടി രൂപയുടെ അനുമതി KIIFB നൽകുകയുണ്ടായി

KIIFB അനുമതി ലഭിച്ച പദ്ധതികൾ: ഓടത്തിൽ മോസ്ക്-പാരീസ് ഹോട്ടൽ സ്ട്രീറ്റ്, തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം, തലശ്ശേരി ജഗന്നാഥ ക്ഷേത്രം, കൊട്ടിയൂർ ക്ഷേത്രം, തൃശ്ശിലേരി മഹാദേവ ക്ഷേത്രം, തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രം, ലോകനാർകാവ്, തലശ്ശേരി ഇല്ലിക്കുന്ന് ചർച്ച്, അണ്ടല്ലൂർ കാവ്, മക്രേരി സുബ്രമണ്യ സ്വാമി ടെംപിൾ, തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം (തലശ്ശരി പ്രൈവറ്റ് ടൂറിസം ഓഫീസ്), കോട്ടയം മലബാർ പഴശ്ശി കോവിലകം നവീകരണം, കക്കളങ്ങര മോസ്ക്, പിണ്ഡാലി കളരി ഹൗസ്. കതിരൂർ സൂര്യനാരായണ ക്ഷേത്രം, മട്ടന്നൂർ പഴശ്ശി കോവിലകം നവീകരണം, പുരലിമല മുത്തപ്പ ക്ഷേത്രം-

മാലൂർ, ശ്രീ മൃദംഗശൈലേശ്വരി ക്ഷേത്രം, തൊടീക്കളം ശിവക്ഷേത്രം, പനമരം കോട്ട, വള്ളിയൂർകാവ്, പഴശ്ശി രാജ സ്മൃതി മണ്ഡപം, മാണിക്കോത്ത് തറവാട് കളരി തറ, വടകര താഴെ അങ്ങാടി മാർക്കറ്റ്, ചിറക്കക്കാവ് ടെംപിൾ, ഊർപഴശ്ശികാവ് ടെംപിൾ, പെരളശ്ശേരി സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, അറക്കൽ കെട്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ച തുക എത്രയെന്നും മണ്ഡലം തിരിച്ച് വിശദമാക്കാമോ?

(എ) പിരിവിന്റെ അതേ ഉത്തരം

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന് ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾ നിലവിലില്ല.

## കോതമംഗലം മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ

305 (2589) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ വിനോദസഞ്ചാര വകുപ്പ് മുഖേന നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ വിനോദസഞ്ചാര വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതിയാണ്. " Balance Work in connection with the Development of Bhoothathankettu as a Tourist Destination." ഈ പദ്ധതിക്കായി 8-8-2017-ലെ G.O.(Rt) No. 388/2017/TSM ഉത്തരവുപ്രകാരം 2,35,40,000 രൂപയുടെ ഭരണാനുമതിയാണ് നൽകിയത്.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

ഭൂതത്താൻകെട്ട് വിനോദസഞ്ചാര പദ്ധതി പെരിയാർ വാലി ഇറിഗേഷൻ പദ്ധതി (PVIP) മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. 2020 ഒക്ടോബർ 22-ാം തീയതി ഉദ്ഘാടനം ചെയ്യുകയും ആയത് ഭൂതത്താൻകെട്ട് ഡി.എം.സി.-യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(സി) നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

നിലവിൽ നടന്നുവരുന്ന പദ്ധതികളൊന്നും തന്നെയില്ല.

(ഡി) ടൂറിസം വികസനത്തിന് ഏറെ സാധ്യതയുള്ള കോതമംഗലം മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പുവഴി പുതുതായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഭൂതത്താൻകെട്ട് ഡാമിൽ സൗരോർജ്ജ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. അതോടൊപ്പം കുട്ടമ്പുഴ കേന്ദ്രീകരിച്ച് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കോട്ടക്കുന്ന് ടൂറിസം പദ്ധതി**

306 (2590) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കോട്ടക്കുന്ന് ടൂറിസം പദ്ധതിയുടെ വികസനത്തിനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി

1. ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി - 95,57,000 രൂപ (കോട്ടക്കുന്ന് ഉൾപ്പെടെ 13 ഡെസ്റ്റിനേഷനുകളിൽ പദ്ധതി നിർമ്മാണത്തിനായി)
2. ഗ്രീൻ കാർപ്പെറ്റ് മെയിന്റനൻസ് ആൻഡ് ബ്യൂട്ടിഫിക്കേഷൻ ഓഫ് കോട്ടക്കുന്ന് മലപ്പുറം - 99,65,511 രൂപ
3. വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ടൂറിസം ഡെസ്റ്റിനേഷൻ അണ്ടർ പ്രോജക്ട് ഗ്രീൻ ഗ്രാസ് (2019-2020) - 23,87,432 രൂപ (കോട്ടക്കുന്ന് ഉൾപ്പെടെ 4 ഡെസ്റ്റിനേഷനുകളിൽ പദ്ധതി നിർമ്മാണത്തിനായി) കോട്ടക്കുന്നിലെ പദ്ധതിക്ക്- 5,96,858 രൂപ

(ബി) ഇതിനായി എന്തു തുകയാണ് ചെലവഴിച്ചത്; വിശദാംശം നൽകുമോ?

1. ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി - 95,57,000
2. പുഴയോര സ്നേഹപാത ഒന്നാംഘട്ടം - 1,36,00,000
3. പുഴയോര സ്നേഹപാത രണ്ടാംഘട്ടം - 1,00,00,000
4. പൂന്താനം സാംസ്കാരിക നിലയം രണ്ടാംഘട്ടം - 90,00,000

5. റിനോവേഷൻ ഓഫ് ബിയ്യം ബ്രിഡ്ജ് പ്രൊവൈഡിംഗ് പ്ലേ ഇക്യൂപ്മെന്റ് &ഡാൻഡൻ ബെഞ്ചസ് – 16,00,000

6. റിവൈറ്റലൈസേഷൻ ഓഫ് കുറ്റിപ്പുറം നിളയോരം പാർക്ക് – 3,00,00,000

7. സൺസൈറ്റ് ബീച്ച് പാർക്ക് പടിഞ്ഞാറേക്കര – 2,00,00,000

8. മാമാങ്കം – ചാവേർത്തറ - ഹെറിറ്റേജ് ടൂറിസം പ്രോജക്ട് അറ്റ് തിരുമാന്ധാംകുന്ന് അങ്ങാടിപ്പുറം – 1,50,00,000

9. ഗ്രീൻ കാർപ്പെറ്റ് മെയിന്റനൻസ് & ബ്യൂട്ടിഫിക്കേഷൻ ഓഫ് കോട്ടയ്ക്കൽ മലപ്പുറം- 99,65,511

10. വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ടൂറിസം ഡെസ്റ്റിനേഷൻ -പ്രോജക്ട് ഗ്രീൻ ഗ്രാസ് (2019-2020) – 23,87,432

(സി) ഈ സർക്കാരിന്റെ കാലത്ത് അനുമതി നൽകുകയും നടപ്പാക്കുകയും ചെയ്ത പദ്ധതികളുടെ വിശദാംശം നൽകുമോ;

1. ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി – 95,57,000

2. പുഴയോര സ്നേഹപാത ഒന്നാംഘട്ടം – 1,36,00,000

3. പുഴയോര സ്നേഹപാത രണ്ടാംഘട്ടം – 1,00,00,000

4. പൂന്താനം സാംസ്കാരിക നിലയം രണ്ടാംഘട്ടം – 90,00,000

5. റിനോവേഷൻ ഓഫ് ബിയ്യം ബ്രിഡ്ജ് പ്രൊവൈഡിംഗ് പ്ലേ ഇക്യൂപ്മെന്റ് &ഡാൻഡൻ ബെഞ്ചസ് – 16,00,000

6. റിവൈറ്റലൈസേഷൻ ഓഫ് കുറ്റിപ്പുറം നിളയോരം പാർക്ക് – 3,00,00,000

7. സൺസൈറ്റ് ബീച്ച് പാർക്ക് പടിഞ്ഞാറേക്കര – 2,00,00,000

8. മാമാങ്കം – ചാവേർത്തറ- ഹെറിറ്റേജ് ടൂറിസം പ്രോജക്ട് അറ്റ് തിരുമാന്ധാംകുന്ന് അങ്ങാടിപ്പുറം – 1,50,00,000

9. ഗ്രീൻ കാർപ്പെറ്റ് മെയിന്റനൻസ് & ബ്യൂട്ടിഫിക്കേഷൻ ഓഫ് കോട്ടയ്ക്കൽ മലപ്പുറം- 99,65,511

10. വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ടൂറിസം ഡെസ്റ്റിനേഷൻ -പ്രോജക്ട് ഗ്രീൻ ഗ്രാസ് (2019-2020) – 23,87,432

(ഡി) കോട്ടക്കുന്നിൽ പുതിയ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

കോട്ടക്കുന്നിൽ 'ഇ.എം.എസ്. സ്ക്വയർ ടൂറിസം' എന്ന പദ്ധതിക്കായി 4,70,41,283 രൂപ എസ്റ്റിമേറ്റുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

**പുള്ള്-മനക്കൊടി ടൂറിസം പദ്ധതി**

307 (2591) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ, നാട്ടിക മണ്ഡലങ്ങളിലായി വ്യാപിച്ച് കിടക്കുന്ന കോൾ മേഖല കേന്ദ്രീകരിച്ച് പക്ഷി നിരീക്ഷകരെയും വിനോദസഞ്ചാരികളെയും ആകർഷിക്കുന്നതിനായുള്ള പുള്ള്-മനക്കൊടി ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട വികസന പ്രവൃത്തികൾക്ക് അംഗീകാരം കിട്ടിയിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പുള്ള്-മനക്കൊടി ടൂറിസം പദ്ധതി സംബന്ധിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, തൃശ്ശൂർ 4.94 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയെങ്കിലും പദ്ധതി പ്രദേശം പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ അധീനതയിലായതിനാൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ അനുമതി ലഭ്യമാക്കുന്നതിലേക്ക് പദ്ധതിയുടെ രൂപരേഖ പകർപ്പ് സഹിതം കത്ത് നൽകിയിട്ടും അനുമതി ലഭിച്ചില്ല. 2018-ലും 2019 ലും ഉണ്ടായ പ്രളയത്തിൽ കോൾ പാട മേഖല മുഴുവനായും മുങ്ങിപ്പോവുകയും നാശനഷ്ടങ്ങളുണ്ടാവുകയും ചെയ്തിട്ടുള്ളതാണ്.

**വാഗമൺ വഴിക്കടവിലെ റോപ് -വേ നിർമ്മാണം**

308(2592) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ വഴിക്കടവിൽ റോപ്‌വേ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇതുമായി ബന്ധപെട്ട് നാറ്റ്പാക് സാധ്യതാപഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നാറ്റ്പാക് സാധ്യതാപഠന റിപ്പോർട്ട് ടൂറിസം വകപ്പിൽ ലഭിച്ചിട്ടില്ല.

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

309 (2593) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ടൂറിസം വികസനത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദീകരിക്കുമോ?

1. കന്നേറ്റി ബോട്ട്റേയ്സ് പവലിയൻ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു.
2. ചവറ ടേക്ക്-എ-ബ്രേക്ക് പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി.
3. ആലുംകടവ് പ്രദേശത്ത് അടിസ്ഥാന സൗകര്യവികസനത്തിനായി 45,00,000 രൂപയുടെ പദ്ധതി അനുവദിച്ച് നടപ്പാക്കിവരുന്നു.

(ബി) കന്നേറ്റികായലും ടി.എസ്. കനാലും ഉൾപ്പെടുത്തി ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വികരിക്കുമോ; വിശദീകരിക്കാമോ?

നിലവിൽ പദ്ധതിക്കായി പ്രൊപ്പോസലൊന്നും ലഭിച്ചിട്ടില്ല. നിലവിൽ കന്നേറ്റി കായലിൽ ബോട്ടിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്.

**കായംകുളത്തെ സാഹസിക ടൂറിസം പദ്ധതി**

310 (2594) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് അനുവദിച്ച സാഹസിക ടൂറിസം പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

"അഡ്വഞ്ചർ ആക്ടിവിറ്റീസ് ഇൻ കായംകുളം ഒന്നാം ഘട്ടം" എന്ന 93,93,000 രൂപയുടെ പദ്ധതി വാപ്കോസ് മുഖേന ആലപ്പുഴ ഡി.റ്റി.പി.സി.-യാണ് നടപ്പാക്കുന്നത്. വാപ്കോസ് ഡി.റ്റി.പി.സി.-യുമായി കരാർ വച്ചിട്ടുണ്ട്. ടെണ്ടറിലൂടെ കരാറുകാരനെ കണ്ടെത്തി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. പണികൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ

311 (2595) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിരമണീയമായ മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ?

പരിഗണിക്കാവുന്നതാണ്.

(ബി) ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്നതിന് സന്നദ്ധതയുള്ള സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നയം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള വിനോദസഞ്ചാര നയം-2017 സ്വകാര്യ-സഹകരണ മേഖലയുടെ നിക്ഷേപം ആകർഷിക്കുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്.

(സി) സ്വകാര്യ സംരംഭകർ സ്ഥാപിക്കുന്ന പരിസ്ഥിതി സൗഹൃദമായ ടൂറിസം ഡെസ്റ്റിനേഷനുകൾ ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

സ്വകാര്യ സംരംഭകരുടെതായിട്ടുള്ളതും നിലവാരം പുലർത്തുന്നതുമായ ടൂറിസം ഡെസ്റ്റിനേഷനുകൾ ( ഉദാ- വണ്ടർല, മാജിക് പ്ലാനറ്റ്) ടൂറിസം വകുപ്പ് വിനോദ സഞ്ചാരികൾക്കായി സജ്ജീകരിച്ചിട്ടുള്ള വെബ്സൈറ്റായ www.keralatourism.org-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവാരം പുലർത്തുന്ന ടൂറിസം ഡെസ്റ്റിനേഷനുകൾ ടൂറിസം വകുപ്പിന്റെ സഞ്ചാരികൾക്കായിട്ടുള്ള വെബ്സൈറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

## ടൂറിസ്റ്റ് ഗൈഡുകൾക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം

312 (2596) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിന് നല്ല നിലവാരമുള്ള ടൂറിസ്റ്റ് ഗൈഡുകളുടെ സേവനം അവശ്യ ഘടകമാണെന്ന് വിലയിരുത്തുന്നുണ്ടോ?

സംസ്ഥാനത്തെ ടൂറിസം വികസനത്തിന് നല്ല നിലവാരമുള്ള ടൂറിസ്റ്റ് ഗൈഡുകളുടെ സേവനം അവശ്യ ഘടകമാണെന്നു തന്നെയാണ് വകുപ്പിന്റെ വിലയിരുത്തൽ.

(ബി) ടൂറിസ്റ്റ് ഗൈഡുകൾക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ടൂറിസ്റ്റുകൾക്ക് മികച്ച സേവനം നൽകുന്നതിനായി ടൂറിസം വകുപ്പിന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം സ്റ്റഡീസ് (കിറ്റ്സ്) വഴി സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും ടൂറിസ്റ്റ് ഗൈഡുകൾക്ക് പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്.

(സി) സംസ്ഥാനത്തെ പൊതു ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ടൂറിസവുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പ് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതു ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ടൂറിസവുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പ് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

**വിനോദസഞ്ചാര മേഖലയിൽ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി**

311 (2597) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലുണ്ടായ പ്രതിസന്ധികൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലുണ്ടായ പ്രതിസന്ധികൾ സംബന്ധിച്ച് വകുപ്പുതലത്തിൽ പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ 2019 വർഷത്തെ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ 2020 കലണ്ടർ വർഷമുള്ള വരുമാന നഷ്ടം ഏകദേശം 30,711 കോടി രൂപയായാണ് വകുപ്പ് താൽക്കാലികമായി എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്

(ബി) ആയത് മറികടക്കുന്നതിനായി സംസ്ഥാനത്ത് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിപാടികൾ വിശദീകരിക്കാമോ?

കോവിഡ് ഉണ്ടാക്കിയ പ്രതിസന്ധി മറികടക്കുന്നതിനായി വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സർക്കാർ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

ആയതുപ്രകാരം കോവിഡ് വ്യാപനം കാരണം ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വരുമാന പ്രതിസന്ധി നേരിട്ട ഡി.ടി.പി.സി.-കളിലെ ജീവനക്കാർക്കും ടൂറിസം ഡെസ്റ്റിനേഷനുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും വേതനം അനുവദിക്കുന്നതിനായി ധനസഹായമായി 5,19,53,000 രൂപ അനുവദിച്ചിരുന്നു. ഡി.ടി.പി.സി.-കളുടെ ലൈസൻസികൾക്ക് കോവിഡ് കാലയളവിൽ സ്ഥാപനങ്ങൾ അടഞ്ഞുകിടന്ന കാലത്തെ വാടകയിൽ ഇളവ് നൽകുകയും സ്ഥാപനങ്ങളുടെ ലീസ് കാലാവധി (അടഞ്ഞു കിടന്ന അത്രയും കാലം) ദീർഘിപ്പിച്ചു നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനു വേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കിവരുന്നു. കോവിഡ് പ്രോട്ടോക്കോളും നിലവിലെ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ട് ഹോട്ടലുകളിലേയും റിസോർട്ടുകളിലേയും സ്പായും ആയുർവേദ സെന്ററുകളും വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്തംഭനാവസ്ഥയിൽനിന്നും ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനുകളിൽ റേഡിയോ, പ്രിന്റ്, ടി.വി., ഓൺലൈൻ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉൾപ്പെടുന്നു. "ചേഞ്ച് ഓഫ് എയർ" എന്ന തീമിനെ ആസ്പദമാക്കിയാണ് ക്യാമ്പയിനുകൾ തയ്യാറാക്കിയിരിക്കുന്നത്.

**ക്ഷേത്ര ദർശനത്തിലുള്ള നിയന്ത്രണങ്ങൾ**

314 (2598) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ ഭാഗമായി വരുമാനം നിലച്ചുപോയ ക്ഷേത്രങ്ങളിലെ ജീവനക്കാരെ സഹായിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സാമ്പത്തിക പ്രതിസന്ധിമൂലം വരുമാനക്കുറവുണ്ടായ ദേവസ്വം ബോർഡുകൾക്ക് ചുവടെ പറയും പ്രകാരം പ്രത്യേക ധനസഹായം നൽകിയിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് -80 കോടി രൂപ, കൊച്ചിൻ ദേവസ്വം ബോർഡ് - 15 കോടി രൂപ, മലബാർ ദേവസ്വം ബോർഡ് - 10 കോടി രൂപ, കൂടൽമാണിക്യം ദേവസ്വം- 10 ലക്ഷം രൂപ.

(ബി) ഇപ്പോൾ ക്ഷേത്രദർശനത്തിലുള്ള നിയന്ത്രണങ്ങളിൽ ഇളവു വരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ?

കോവിഡ്-19 പശ്ചാത്തലത്തിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ സുരക്ഷാ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ക്ഷേത്ര ദർശനം നടത്താവുന്നതാണ്.

(സി) കോവിഡ് മഹാമാരിയുടെ ഭാഗമായി പ്രയാസത്തിലായ ക്ഷേത്ര കലാകാരൻമാരെ സഹായിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ ഭാഗമായി സമൂഹത്തിലെ സാമൂഹ്യ സുരക്ഷ/ ക്ഷേമ പെൻഷനുകൾ ലഭിക്കാത്ത BPL(PHH), AAY വിഭാഗത്തിൽപ്പെട്ട എല്ലാ വിഭാഗം ജനങ്ങൾക്കും സർക്കാർ പൊതു ഉത്തരവിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

## ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും വികസനം

315 (2599) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേവസ്വം ബോർഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽ മാണിക്യം ദേവസ്വം എന്നീ 5 ദേവസ്വം ബോർഡുകളാണുള്ളത്.

(ബി) ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവൃത്തികൾക്കുമായി സർക്കാർ സാമ്പത്തിക സഹായമോ മറ്റ് ഗ്രാന്റുകളോ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നല്കിയ ധനസഹായങ്ങളുടെയും മറ്റു ഗ്രാന്റുകളുടെയും വിശദവിവരങ്ങൾ നല്കാമോ?

ഉണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ദേവസ്വം ബോർഡുകളും ക്ഷേത്രങ്ങളും അവരുടെ വരുമാനത്തിൽ നിന്നും സർക്കാരിന് വിഹിതം അടയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നല്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇത്തരത്തിൽ സർക്കാരിന് ലഭിച്ച തുകയുടെ വിശദവിവരങ്ങൾ നല്കാമോ?

(സി&ഡി) ദേവസ്വം ബോർഡുകളും ക്ഷേത്രങ്ങളും അവരുടെ വരുമാനത്തിൽനിന്നും സർക്കാരിന് യാതൊരുവിധത്തിലുള്ള വിഹിതവും അടയ്ക്കുന്നില്ല. വരുമാനം ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പള ചെലവിനും മറ്റ് വികസന പ്രവൃത്തികൾക്കുമായിട്ടാണ് ഉപയോഗിക്കുന്നത്.

## ശബരിമല ക്ഷേത്രത്തിന്റെ വരുമാനം

316 (2600) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിന്റെ വരുമാനം ഏതൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് അറിയിക്കുമോ?

ശബരിമല ക്ഷേത്രത്തിന്റെ വരുമാനം ശബരിമല ഉൾപ്പെടെയുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും നിത്യനിദാന ചെലവുകൾക്കും മറ്റുമായി വിനിയോഗിക്കുന്നു.

(ബി) ശബരിമല ക്ഷേത്രത്തിന്റെ വരുമാനത്തിൽ നിന്നും സർക്കാരിന് വിഹിതം അടയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

## ശബരിമലയിലെ ക്രമീകരണങ്ങൾ

317 (2601) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് കോവിഡിന്റെ പശ്ചാത്തലത്തിൽ എന്തെല്ലാം മുൻകരുതലുകളും ക്രമീകരണങ്ങളുമാണ് കൈക്കൊണ്ടത്?

ശബരിമലയിൽ ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടാണ് ഭക്തജനങ്ങളെ പ്രവേശിപ്പിച്ചത്. ഇതിന്റെ ഭാഗമായി പ്രതിദിനം 1000 പേർക്കും ശനി, ഞായർ

ദിവസങ്ങളിൽ 2000 പേർക്കുമാണ് ആദ്യഘട്ടത്തിൽ ദർശനത്തിന് അനുമതിയുണ്ടായിരുന്നത്. തുടർന്ന് അത് പ്രതിദിനം 2000 ശനി, ഞായർ ദിവസങ്ങളിൽ 3000 പേർക്കുമായി ഉയർത്തുകയുണ്ടായി. തുടർന്ന് ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദർശനത്തിനായി 5000 പേർക്ക് അനുമതി നൽകുകയുണ്ടായി. ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്കും ഡ്യൂട്ടിയിലുള്ള ജീവനക്കാർക്കും കോവിഡ് 19-നെഗറ്റീവ് സർട്ടിഫിക്കറ്റ് ബാധകമാക്കി, ജീവനക്കാർക്ക് മാസ്ക്, ഷീൽഡ്, ഗ്ലൗസ്, സാനിറ്റൈസർ എന്നിവ നിർബന്ധമാണ്. അന്നദാനം കുടിവെള്ളം എന്നിവ ഡിസ്പോസിബിൾ പാത്രങ്ങളിലാക്കി. പമ്പാസ്നാനം ഒഴിവാക്കി, ഷവർബാത്ത് സംവിധാനമൊരുക്കി. കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടാണ് ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും താമസസൗകര്യം ഒരുക്കിയിട്ടുള്ളത്. ഭക്തജനങ്ങൾ ക്ഷേത്ര പുരോഹിതരെയും തന്ത്രിയേയും സന്ദർശിക്കുന്നത് ഒഴിവാക്കി. ക്ഷേത്രവും പരിസരവും ഇടവിട്ട സമയങ്ങളിൽ അണുവിമുക്തമാക്കി. ആന്റിജൻ ടെസ്റ്റിന് പകരം ആർ.ടി.പി.സി.ആർ. ടെസ്റ്റ് ബാധകമാക്കി.

(ബി) കോവിഡ് വ്യാപനം ഉണ്ടാകാതിരിക്കുവാൻ ഇപ്രാവശ്യം പ്ലാസ്റ്റിക് കയ്യുറകളും പ്ലാസ്റ്റിക് കുപ്പിവെള്ളവും അനുവദിക്കണമെന്നും നിലവിലുള്ള കോടതി ഉത്തരവിൽ ഇളവ് നൽകണമെന്നും ദേവസ്വം ബോർഡ് ഹൈക്കോടതിയിൽ ആവശ്യപ്പെട്ടിരുന്നോ?

ദേവസ്വം ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ ഹൈക്കോടതി നിയമിച്ചിട്ടുള്ള ശബരിമല സ്പെഷ്യൽ കമ്മീഷണർ കോവിഡ് വ്യാപനം ഉണ്ടാകാതിരിക്കുവാൻ നിലവിലുള്ള കോടതി ഉത്തരവിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(സി) ഭാവി തലമുറയേയും പരിസ്ഥിതിയേയും കരുതി നിരോധനം പുനഃപരിശോധിക്കേണ്ടെന്ന് കോടതി തീരുമാനിച്ചിട്ടുണ്ടോ?

തീർത്ഥാടകർക്കുള്ള നിയന്ത്രണം സംബന്ധിച്ച് ഹൈക്കോടതി 25-11-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

(ഡി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് വ്യാപനം തടയുന്നതിന് എന്ത് ബദൽ മാർഗ്ഗമാണ് സ്വീകരിച്ചത്; അത് വിജയപ്രദമായിരുന്നോ; വിശദമാക്കുമോ ?

കുടിവെള്ളത്തിന് സ്റ്റീൽ പാത്രങ്ങളും അന്നദാനം നൽകുന്നതിന് ഡിസ്പോസിബിൾ പാത്രങ്ങളും അനുവദിച്ചു. കോവിഡ് വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ ഒരു പരിധിവരെ വിജയപ്രദമായിരുന്നു. എന്നിരുന്നാലും

തീർത്ഥാടകരും ഉദ്യോഗസ്ഥരും ഉൾപ്പെടെ 500-ഓളം പേർക്ക് ഈ ശബരിമല മണ്ഡല മകര വിളക്ക് മഹോത്സവകാലത്ത് കോവിഡ് രോഗം ബാധിച്ചിരുന്നു .

## തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്സവനടത്തിപ്പിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

318 (2602) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഉത്സവ നടത്തിപ്പിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ?

മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*

(ബി) ഈ വർഷത്തെ ഉത്സവ നടത്തിപ്പിന് ക്ഷേത്ര ഉപദേശക സമിതികൾക്ക് എന്തെല്ലാം ചുമതലകളാണ് നൽകിയിട്ടുള്ളതെന്ന വിവരം വെളിപ്പെടുത്തുമോ?

കോവിഡ്-19 പശ്ചാത്തലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഉത്സവ നടത്തിപ്പിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് ഉത്സവം നടത്തേണ്ട ചുമതലകളാണ് ഉപദേശക സമിതികൾക്ക് നൽകിയിട്ടുള്ളത് .

## മലബാർ ദേവസ്വം ബോർഡിലെ ശമ്പള വർദ്ധനവ്

319 (2603) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ ശാന്തിമാരടക്കമുള്ള ജീവനക്കാരുടെ ശമ്പള വർദ്ധനവ് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ ശമ്പളം 1-1-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കാലതാമസമുണ്ടായിട്ടില്ലെന്ന് മലബാർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) കുടിശ്ശിക തുക അടക്കം ജീവനക്കാർക്ക് ശമ്പള വർദ്ധനവ് നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം ക്ഷേത്ര ജീവനക്കാർക്ക് ഇടക്കാലാശ്വാസമായി പ്രതിമാസം 2000 രൂപ വീതം 1-6-2019 മുതൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ നടത്തിയിട്ടുള്ള വികസന പ്രവൃത്തികൾ

320 (2604) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ ഗ്രാമപഞ്ചായത്ത്, തിരുപ്പുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ ഗ്രാമപഞ്ചായത്ത്, തിരുപ്പുറം, ചെങ്കൽ, കാരോട് എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* കുളത്തൂർ പഞ്ചായത്തിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ ഇല്ല.

(ബി) മണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ 2016 മുതൽ 2020 വരെ നടത്തിയിട്ടുള്ള വികസന പ്രവൃത്തികൾ ഏതെല്ലാമെന്നും അതിന് ചെലവായ തുക എത്രയെന്നും വ്യക്തമാക്കാമോ?

2016 മുതൽ 2020 വരെ നടത്തിയിട്ടുള്ള വികസന പ്രവൃത്തികൾ അതിന് ചെലവായ തുക എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(നക്ഷത്രചിഹ്നമിടാത്ത 2283, 2286, 2293, 2294, 2310, 2311, 2312, 2318, 2322, 2336, 2355 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

10.00 A.M]

മി. ഡെപ്യൂട്ടി സ്പീക്കർ: സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയത്തിന്റെ ചർച്ച ആരംഭിക്കുന്നതിനുമുൻപ് ശ്രീ. എസ്. ശർമ്മ തടസ്സവാദം ഉന്നയിച്ചുകൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് സംസാരിക്കാവുന്നതാണ്.

## II. ക്രമപ്രശ്നം

### സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയം സംബന്ധിച്ച്

ശ്രീ. എസ്. ശർമ്മ: സർ, സ്പീക്കറെ നീക്കം ചെയ്യണമെന്നുള്ള പ്രമേയം ശ്രീ. എം. ഉമ്മർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്, സഭയുടെ കീഴ്‌വഴക്കങ്ങളും പാർലമെന്റ് നടപടിക്രമങ്ങളും ശക്‌ധർ ആന്റ് കൗൾ-ൽ വിശേഷിപ്പിച്ചിട്ടുള്ളതും അതിനെ അടിസ്ഥാനമാക്കിക്കൊണ്ട് കേരളത്തിൽ രൂപീകരിച്ചിട്ടുള്ള, സ്ഥാപിക്കപ്പെട്ടിട്ടുള്ള നിയമസഭാ ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും നോക്കുമ്പോൾ അനുവദനീയമായ ഒരു പ്രമേയമായി കണക്കാക്കാൻ കഴിയില്ല. കാര്യ വിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കംചെയ്യണമെന്നുള്ളതുമായ പ്രമേയത്തിന്റെ നോട്ടീസ് പരിഗണിക്കുന്നതിനു മുൻപ് ഞാനൊരു ഒബ്ജക്ഷൻ ഉന്നയിക്കുകയാണ്.

ബഹുമാനപ്പെട്ട സ്പീക്കറെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും പാലിച്ചുകൊണ്ടുള്ളതായിരിക്കണം. ആരുടെയെങ്കിലും രാഷ്ട്രീയ താൽപ്പര്യം പരിരക്ഷിക്കുന്നതിനുവേണ്ടി മഹത്തായ പദവികളെ അവഹേളിക്കുന്നത് അനുവദനീയമല്ല. ശക്‌ധർ ആന്റ് കൗൾ 'പാർലമെന്റിലെ നടപടിക്രമങ്ങളും കീഴ്‌വഴക്കങ്ങളും' അവലംബമാക്കി തയ്യാറാക്കിയ 'കേരള നിയമസഭാ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതിൽ ഇങ്ങനെ പറയുന്നു, 'സ്പീക്കറെ ഉദ്യമത്തിൽനിന്നും നീക്കം ചെയ്യണമെന്ന പ്രമേയത്തിൽ, പ്രമേയത്തിനുള്ള കാരണം വ്യക്തതയോടെയും കൃത്യതയോടെയും പ്രസ്താവിച്ചിരിക്കേണ്ടതും അതിൽ വാദങ്ങളോ അഭ്യൂഹങ്ങളോ പരിഹാസദ്യോതകമായ പ്രയോഗങ്ങളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടാകാൻ പാടില്ലാത്തതുമാണ്.' അത് ലോകസഭാ ചട്ടം 173 പ്രകാരമായിരിക്കണം. ലോകസഭാ ചട്ടത്തിന് തത്തുല്യമായ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 119 (a), (b) താഴെപ്പറയും പ്രകാരമാണ്. ' (a) It shall be clearly and precisely expressed and shall raise substantially one definite issue; (b) It shall not contain arguments, inferences, ironical expressions, imputations, or defamatory statements, nor shall it refer to the conduct or character of persons except in

their official or public capacity;' ഇതനുസരിച്ച് പരിശോധിക്കുമ്പോൾ ഈ നോട്ടീസ് അനുവദിക്കുവാൻ പാടുള്ളതല്ല. മേൽപ്പറഞ്ഞ ചട്ടങ്ങൾക്ക് വിരുദ്ധമായ പരാമർശങ്ങൾ പ്രമേയ നോട്ടീസിൽ ഉൾപ്പെട്ടിട്ടുണ്ട്. അത് താഴെകൊടുക്കുന്നു. എൻ.ഐ.എ. സംശയിക്കുന്ന കുറ്റവാളികളുമായി കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനുള്ള വ്യക്തിപരമായ ബന്ധവും സംശയകരമായ അടുപ്പവും നോട്ടീസിൽ പറഞ്ഞിട്ടുണ്ട്. എൻ.ഐ.എ. ആരെയൊക്കെയാണ് സംശയിക്കുന്നതെന്ന് ശ്രീ. എം. ഉമ്മറിനോട് പറഞ്ഞിട്ടുണ്ടോ; അല്ലെങ്കിൽ ശ്രീ. എം. ഉമ്മർ സംശയിക്കുന്നതാണോ; യു.ഡി.എഫ്. സംശയിക്കുന്നതാണോ; ബി.ജെ.പി. സംശയിക്കുന്നതാണോ? സംശയിക്കണമെന്നുണ്ടെങ്കിൽ നോട്ടീസ് കിട്ടിയിരിക്കണം, വിളിപ്പിച്ചിരിക്കണം, ചോദ്യം ചെയ്തിരിക്കണം. അതൊന്നും ഉണ്ടായിട്ടില്ല. പത്രവാർത്ത വന്നുവെന്നുള്ളത് ശരിയാണ്. പത്രവാർത്തയെ അടിസ്ഥാനമാക്കി, ഊഹാപോഹങ്ങളെ അടിസ്ഥാനമാക്കി പാടില്ലെന്നും സബ്സ്റ്റാൻഷ്യലായിട്ടുള്ള എവിഡൻസ് ഉണ്ടായിരിക്കണമെന്നും ക്ലിയർകട്ടായി പറയുന്ന സാഹചര്യത്തിൽ, ഇവിടെ ഉന്നയിക്കുന്ന പ്രമേയം നിലനിൽക്കുന്നതല്ലെന്നാണ് എനിക്ക് പറയാനുള്ളത്. എൻ.ഐ.എ. സംശയിക്കുന്നതുകൊണ്ടുമാത്രം ഒരാൾ കുറ്റക്കാരനാകുന്നില്ല. അതിന് തെളിവുകൾ നിരത്തി കുറ്റം തെളിയിക്കണം. ഇതുവരെ അങ്ങനെ ആരെയും കുറ്റവാളിയായി കണ്ടെത്തിയിട്ടുമില്ല. ആരോടെങ്കിലും ബഹുമാനപ്പെട്ട സ്പീക്കർക്ക് വ്യക്തിപരമായ ബന്ധമുണ്ടെന്ന ആരോപണം, ചട്ടം 119 പ്രകാരം പ്രമേയത്തിന്റെ സ്വീകാര്യതയ്ക്കുള്ള വ്യവസ്ഥയുടെ ലംഘനമാണ്. ഔദ്യോഗികമായ പെരുമാറ്റം മാത്രമാണ് പ്രമേയത്തിന് അടിസ്ഥാനമാകുന്നത്. ഒരു പ്രതിയുടെ വർക്ക്ഷോപ്പിന്റെ ഉദ്ഘാടന വേളയിലും അതുമായി ബന്ധപ്പെട്ട ചടങ്ങുകളിലും നിയമസഭാ സ്പീക്കറുടെ സാന്നിദ്ധ്യത്തെക്കുറിച്ച് പറയുന്നുണ്ട്. 2021 ജനുവരി 6-ാം തീയതിയാണ് എൻ.ഐ.എ. കുറ്റപത്രം സമർപ്പിക്കുന്നതെന്നാണ് മാധ്യമങ്ങളിൽനിന്ന് മനസ്സിലാക്കുന്നത്. ആ കുറ്റപത്രത്തിൽ ഏത് പ്രതിയുടെ വർക്ക്ഷോപ്പ് ഉദ്ഘാടനത്തിനാണ് സാന്നിദ്ധ്യമുണ്ടായതെന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ, ജനുവരി 6-ാം തീയതി സമർപ്പിച്ച കുറ്റപത്രത്തിലെ പ്രതികൾ ആരൊക്കെയാണെന്ന്, ജനുവരി 4-ാം തീയതി പ്രമേയത്തിന് നോട്ടീസ് കൊടുത്ത ശ്രീ. എം. ഉമ്മറിന് എങ്ങനെ മനസ്സിലായി? ജനുവരി 6-ാം തീയതിയാണ് കുറ്റപത്രം സമർപ്പിക്കുന്നത്, ജനുവരി 4-ന് പ്രമേയത്തിന് നോട്ടീസ് കൊടുക്കുമ്പോൾ അതിൽ ഇക്കാര്യം പറഞ്ഞിരിക്കുകയാണ്. .....(ബഹളം)...... ഞാൻ പറയട്ടെ, ക്ഷമയോടുകൂടി കേൾക്കൂ. അങ്ങോട്ടും ഇങ്ങോട്ടും കൃത്യതയോടുകൂടി പറയാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് പ്രസംഗമാണോ; അതോ അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണോ?

ശ്രീ. എസ്. ശർമ്മ: സർ, പ്രസംഗിക്കുന്നില്ല, എന്തുകൊണ്ട് ഈ പ്രമേയം എടുക്കാൻ പാടില്ലെന്നും ഈ പ്രമേയത്തിന്റെ കണ്ടന്റ്-ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും ലംഘനമാണെന്നുമുള്ള വാദം ഞാൻ ഉന്നയിക്കുമ്പോൾ അക്കാര്യം എനിക്ക് സഭയെ ബോധ്യപ്പെടുത്താനുള്ള കടമയുണ്ട്. ആ കടമ മാത്രമേ ഞാൻ നിർവ്വഹിക്കുന്നുള്ളൂ. ഞാൻ പറഞ്ഞല്ലോ, കുറ്റപത്രത്തിലെ പ്രതികൾ ആരൊക്കെയാണുള്ളത് ജനുവരി 4-ാം തീയതി ശ്രീ. എം. ഉമ്മർ എങ്ങനെയാണ് അറിഞ്ഞത്. .....(ബഹളം) .....കസ്റ്റംസ് ചോദ്യം ചെയ്യാൻ പോകുന്നു. .... ( ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ.

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാനപ്പെട്ട സ്പീക്കർക്ക് നോട്ടീസോ അറിയിപ്പോ കിട്ടാത്തിടത്തോളം ഇത് വെറും അഭ്യൂഹം മാത്രമാണ്. അദ്ദേഹത്തിന്റെ അഭ്യൂഹത്തിന്റെ അടിസ്ഥാനത്തിൽ പ്രമേയം കൊണ്ടുവരാൻ പാടില്ല. നോട്ടീസ് നൽകുന്നത് മാധ്യമങ്ങളിലൂടെയല്ല. സ്പീക്കർ പദവിയെ അധിക്ഷേപിക്കുന്ന, അടിസ്ഥാനരഹിതമായ നീക്കം അക്ഷന്തവ്യമാണ്. നിയമസഭയിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങളായ ഇ-നിയമസഭ, സഭാ ടി.വി., ഫെസ്റ്റിവൽ ഓൺ ഡെമോക്രസി തുടങ്ങിയ പരിപാടികളിലെ ധൂർത്തും അഴിമതിയും ഇന്ന് ചർച്ചാവിഷയമാണ്. ധൂർത്തും അഴിമതിയും എന്താണെന്ന് വ്യക്തമാകുന്നില്ല. നോട്ടീസ് നൽകിയ ശ്രീ. എം. ഉമ്മറോ യു.ഡി.എഫോ അല്ലെങ്കിൽ മറ്റാരെങ്കിലുമോ എന്തെങ്കിലും ചർച്ച ചെയ്യുന്നത് സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള പ്രമേയത്തിന് നിയമപരമായ വിഷയമാകുന്നില്ല. അതിനാൽ മേൽപ്പറഞ്ഞതിൽനിന്നും പ്രമേയത്തിനുള്ള നോട്ടീസിന് യാതൊരു അടിസ്ഥാനവുമില്ലെന്നത് വ്യക്തമാണ്. ശക്ധർ ആന്റ് കൗൾ-ൽ ഇപ്രകാരം വ്യക്തമാക്കുന്നു, 'A Resolution for removal of the Speaker must be specific with respect to charges, unless there are specific charges which should not be match the resolution is clearly out of order.' ശക്ധർ ആന്റ് കൗൾ-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഇത്തരം തെറ്റായ നടപടികൾ ജനാധിപത്യത്തിൽ സഭയ്ക്കും സ്പീക്കർക്കും കൽപ്പിച്ചു നൽകിയിട്ടുള്ള പവിത്രത തകർക്കുകയും സങ്കുചിത രാഷ്ട്രീയ ലാഭത്തിനായി ജനാധിപത്യത്തെ തന്നെ ദുർബ്ബലപ്പെടുത്തുകയും ചെയ്യും. അതുകൊണ്ട് സാധുതയില്ലാത്തതും രാഷ്ട്രീയ ദുരുദ്ദേശത്തോടുകൂടി മാത്രമുള്ളതുമായ ഈ നോട്ടീസിന്റെ അടിസ്ഥാനത്തിൽ പ്രമേയം അനുവദിക്കാൻ പാടില്ലെന്ന വാദം ശക്തമായി ഞാൻ ഉന്നയിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. എസ്. ശർമ്മയുടെ ദീർഘമായ പ്രസംഗം കേട്ടപ്പോൾത്തന്നെ ഞങ്ങൾക്ക് കാര്യം മനസ്സിലായി. അദ്ദേഹം ഇവിടെ ശക്ധർ & കൗൾ ഉദ്ധരിച്ചു, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം റൂൾ 119 പറഞ്ഞു. ഞാൻ പറയുന്നത് റൂൾ 121, അങ്ങ് കേൾക്കണം. " The Speaker shall decide the admissibility of a resolution and may disallow a resolution or a part thereof when, in his opinion, it is an abuse of the right of moving a resolution or calculated to obstruct or prejudicially affect the procedure of the Assembly or is in contravention of these Rules." ശക്ധർ&കൗൾ-ൽ പറയുന്നത്, ശ്രീ. എസ്. ശർമ്മ പറഞ്ഞതുപോലെ ചട്ടം 119-ലെ വാദഗതികൾ അനുസരിച്ച് തീരുമാനിക്കാനുള്ള അവകാശം ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർക്കാണ്. ശ്രീ. എം. ഉമ്മർ യഥാസമയം നോട്ടീസ് കൊടുത്തു. സ്പീക്കർ അഡ്മിറ്റ് ചെയ്തു. ബി.എ.സി. കൂടി; ബി.എ.സി.-യിൽ സഭാനേതാവും ശ്രീ. എസ്. ശർമ്മയും അംഗങ്ങളായിരുന്നു. അവിടെ ചർച്ച ചെയ്തു. അവിടെയൊന്നും അഡ്മിസിബിലിറ്റി തർക്കമുണ്ടായില്ല. ചർച്ച ചെയ്ത് സമയം നിശ്ചയിച്ച് ഇന്ന് ചർച്ചയ്ക്കുവരുമ്പോൾ ചർച്ച തടസ്സപ്പെടുത്താനുള്ള വാദങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല; അദ്ദേഹം പറഞ്ഞ എല്ലാ വാദഗതിക്കും ശ്രീ. എം. ഉമ്മർ ഉത്തരം പറയും. ഇത് രാഷ്ട്രീയപ്രേരിതമാണ്, നിയമത്തിന്റെ പിൻബലമില്ല, റൂൾ 121 അനുസരിച്ച്.......

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്...യെസ്...

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പൂർത്തിയാക്കട്ടെ; ശ്രീ. എസ്. ശർമ്മയ്ക്ക് സമയം കൊടുത്തല്ലോ; കേട്ടിരുന്നതല്ലേ? ഞാൻ രണ്ട് വാക്കല്ലേ പറഞ്ഞുള്ളൂ, റൂൾ 121 അനുസരിച്ച്, admissibility of the motion is the prerogative of the Hon'ble Speaker. ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ അനുവദിച്ചു കഴിഞ്ഞു. അഡ്മിസിബിലിറ്റി ഇവിടെ ചർച്ച ചെയ്യാൻ പാടില്ല. ആ ക്രമപ്രശ്നം നിരാകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം ചർച്ചയ്ക്കെടുത്തിട്ടില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ഇതൊരു സാധാരണ പ്രമേയമല്ലല്ലോ, ആരും ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല; ശാന്തമായി കേട്ടേ പറ്റൂ. സമയമൊന്നും ഒരു പ്രശ്നമല്ല; ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും ധൃതി പിടിക്കേണ്ട; എനിക്ക് രണ്ട് മിനിട്ടുപോലും വേണ്ട.

ലാ ഓഫ് ഡ്രാഫ്റ്റിംഗ് വായിച്ചു നോക്കണം. ഇത് തെറ്റായി ഡ്രാഫ്റ്റ് ചെയ്തിരിക്കുകയാണെന്നതാണ് എന്റെ ഒന്നാമത്തെ വാദം. ഇതിനകത്ത് യാതൊരു evidence-ഉം ഇല്ല, only allegations. ഡ്രാഫ്റ്റിംഗ് ഇങ്ങനെയല്ല വേണ്ടതെന്നതാണ് ഒന്നാമത്തെ വാദം. ശ്രീ. എം. ഉമ്മർ നിയമവിദഗ്ദ്ധനാണ്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അങ്ങയുടെ ഡ്രാഫ്റ്റിംഗ് പൊളിറ്റിക്കൽ ജമ്പിംഗായിപ്പോയി. അക്കരെ എത്തില്ല; കുഴിയിൽ വീഴും. രണ്ടാമത്, subjective satisfaction of the mover; where is the evidence; where is the objective content. ഇതിൽ പറയുന്നതൊന്നും രാജ്യത്ത് നടന്നിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കറെപ്പറ്റി കോമ്പീറ്റന്റ് അതോറിറ്റിയുടെ ഒരു പ്രിലിമിനറി എൻക്വയറി നടന്നിട്ടില്ല; ബഹുമാനപ്പെട്ട സ്പീക്കർ തെറ്റ് ചെയ്തുവെന്ന് ഒരു പ്രിലിമിനറി ഫൈൻഡിംഗില്ലാതെ ഒരു മെമ്പർ എന്തടിസ്ഥാനത്തിലാണ് പറയുന്നത്; അതാണ് ശ്രീ. എസ്. ശർമ്മ പറഞ്ഞതിന്റെ വിശദാംശം. നിങ്ങൾ എങ്ങനെയിത് സബ്ജക്ടീവായി അവതരിപ്പിക്കും. Subjective satisfaction of the member not objective, it is completely null and void. It is null and void of the Constitution എന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് കാര്യം വല്ലതുമുണ്ടെങ്കിൽ, ശരിയായ ഡ്രാഫ്റ്റ് അടുത്ത യോഗത്തിൽ കൊണ്ടുവരൂ; ഇത് തെറ്റാണ്. അടുത്തതായി എനിക്ക് പറയാനുള്ളത്, ഒരു തരത്തിലും എവിഡൻസ് ഇല്ലാത്തതാണിത് എന്നാണ്. എവിഡൻസ് വളരെ പ്രധാനപ്പെട്ടതാണ്. ബഹുമാനപ്പെട്ട സ്പീക്കർക്കു നേരെ ഒരു അവിശ്വാസം കൊണ്ടുവരണമെങ്കിൽ, സ്പീക്കർ തെറ്റ് ചെയ്തതായി എസ്റ്റാബ്ലിഷ് ചെയ്യാൻ വല്ല രേഖയുമുണ്ടോ; ഒരു കട ഉദ്ഘാടനം ചെയ്തതാണോ തെറ്റ്? അതൊന്നും തെറ്റല്ല. വേണമെങ്കിൽ പോകാം, പോകാതിരിക്കാം, അതുകൊണ്ട് നിങ്ങളുടെ subjective satisfaction ഏതാനും ആളുകളുടേത് പോരാ, നിയമത്തിന്റെ പിൻബലം വേണം. ഈ പ്രമേയം ഭരണഘടനാവിരുദ്ധമാണെന്ന് ഞാൻ ആരോപിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ മൂന്നോ നാലോ പ്രമേയങ്ങളാണ് സ്പീക്കറെ മാറ്റാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ളത്. അതിലാദ്യത്തേത് മൊയ്തീൻകുട്ടി ഹാജി സ്പീക്കറായിരുന്ന കാലഘട്ടത്തിലാണ്. കാസർഗോഡ് ജയിലിൽ ഒരു കൊഫേപൊസെ തടവുകാരനെ കാണാൻ പോയി എന്നുള്ളതാണ് അന്നത്തെ പ്രതിപക്ഷം ഉന്നയിച്ച കാര്യം. It was a reference to a conduct of the Speaker. ശ്രീ. എസ്. ശർമ്മ ഇവിടെ പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട കാര്യം സ്പീക്കറുടെ conduct-നെ സംബന്ധിച്ച് പറയരുതെന്നാണ്. അതാണ് ഞാൻ മൊയ്തീൻകുട്ടി ഹാജിക്കെതിരെ പ്രമേയം കൊണ്ടുവന്നതിനെപ്പറ്റി സൂചിപ്പിക്കുന്നത്; ഒരു പ്രതിയെ കാണാൻ ജയിലിൽപ്പോയി എന്നുള്ള ഏക കുറ്റംകൊണ്ട് ഇവിടെ (ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകണ്ടാ, ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയല്ലേ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനൊന്ന് പറഞ്ഞോട്ടെ, ഞാൻ നിർത്തുകയാണ്. ' Conduct of the Speaker cannot be discussed in the House' -എന്ന് ശ്രീ. എസ്. ശർമ്മ പറഞ്ഞതിനെയാണ് ഞാൻ ഈ ഉദാഹരണത്തിലൂടെ ചൂണ്ടിക്കാണിക്കുന്നത്. അപ്പോൾ Conduct of the Speaker has been discussed in this House earlier time also; അതുകൊണ്ട് ഈ പ്രമേയം ഓർഡറിലാണ്. ഇത് ചർച്ച ചെയ്യാൻ അനുവദിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

**റൂളിംഗ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ശ്രീ. എസ്. ശർമ്മ ഇവിടെ ഉന്നയിച്ചത് തികച്ചും ശരിയായ കാര്യങ്ങളാണ്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറും പരിഗണിച്ചിരുന്നു. എന്നിരുന്നാലും സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്ന പ്രമേയമായതിനാൽ അതിന്റെ സാങ്കേതികത്വങ്ങളിലേയ്ക്ക് കടക്കാതെ അനുമതി നൽകാൻ തീരുമാനിച്ചിരിക്കുന്നു.

## III. സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയം

ഭരണഘടനയുടെ അനുച്ഛേദം 179(സി) അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി പ്രമേയം

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...ഓർഡർ.... നിയമസഭാ സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. ഉമ്മർ ഭരണഘടനയുടെ 179-ാം അനുച്ഛേദം (സി) ഖണ്ഡം പ്രകാരവും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 65-ാം ചട്ടവും അനുസരിച്ചും നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസിന്റെ പകർപ്പ് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇതിനോടകംതന്നെ വിതരണം ചെയ്തിട്ടുണ്ട്. ശ്രീ. എം. ഉമ്മറിന് പ്രമേയം അവതരിപ്പിക്കാനുള്ള അനുവാദത്തിനു വേണ്ടിയുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിനായി ഭരണഘടനയുടെ 179-ാം അനുച്ഛേദം (സി) ഖണ്ഡം പ്രകാരവും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 65-ാം ചട്ടമനുസരിച്ചും 2021 ജനുവരി 4-ാം തീയതി നോട്ടീസ് നൽകിയ പ്രമേയത്തിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

“ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെ ഡിപ്ലോമാറ്റിക് ബാഗേജിൽ സ്വർണ്ണം കടത്തിയെന്ന അതീവ ഗുരുതരവും രാജ്യദ്രോഹപരവുമായ കേസിലെ പ്രതികളായി എൻ.ഐ.എ. സംശയിക്കുന്ന കുറ്റവാളികളുമായി കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനുള്ള വ്യക്തിപരമായ ബന്ധവും സംശയകരമായ അടുപ്പവും സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രതിയുടെ വർക്ക് ഷോപ്പിന്റെ ഉദ്ഘാടനത്തിലും അതുമായി ബന്ധപ്പെട്ട ചടങ്ങുകളിലും നിയമസഭാ സ്പീക്കറുടെ സാന്നിദ്ധ്യവും സഭയ്ക്ക് അപകീർത്തികരവും പവിത്രമായ നിയമസഭയുടെ അന്തസ്സിനും ഔന്നത്യത്തിനും മാന്യതയ്ക്കും നിരക്കാത്തതുമാണ്. ഡോളർ കടത്തു കേസിൽ സ്പീക്കറെ കസ്റ്റംസ് ചോദ്യം ചെയ്യാൻ പോകുന്നുവെന്ന വാർത്ത ഞെട്ടലോടെയാണ് കേരള സമൂഹം കേട്ടത്. നിയമസഭയിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, ഇ- നിയമസഭ, സഭാ ടി.വി, ഫെസ്റ്റിവൽ ഓൺ ഡെമോക്രസി തുടങ്ങിയ പരിപാടികളിലെ ധൂർത്തും അഴിമതിയും ഇന്ന് ചർച്ചാ വിഷയമാണ്. മുമ്പ് മറ്റൊരു സ്പീക്കർക്കുമെതിരെ ഇത്തരം ഗുരുതരമായ ആരോപണങ്ങൾ ഉയർന്നുവന്നിട്ടില്ല. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയുടെ അന്തസ്സും യശസ്സും ഉയർത്തിപ്പിടിക്കുന്നതിനും അതിന്റെ ഔന്നത്യം കാത്തുസൂക്ഷിക്കുന്നതിനും ബാദ്ധ്യസ്ഥനായ സ്പീക്കർ, അദ്ദേഹത്തിന്റെ പദവിയുടെ മഹത്വം കാത്തുസൂക്ഷിക്കുന്നതിൽ തീർത്തും പരാജയപ്പെട്ടതിനാൽ ശ്രീ. പി. ശ്രീരാമകൃഷ്ണനെ കേരള നിയമസഭാ സ്പീക്കർ സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു.”

ഡോ. എം. കെ. മുനീർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയാവതരണത്തിന് അനുവാദം നൽകണമെന്നതിനെ അനുകൂലിക്കുന്ന അംഗങ്ങൾ അവരവരുടെ സ്ഥാനങ്ങളിൽ എഴുന്നേറ്റു നിൽക്കേണ്ടതാണ്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്നു.)

ഇരുപതിൽ കുറയാത്ത അംഗങ്ങൾ പ്രമേയാവതരണത്തെ അനുകൂലിക്കുന്നതിനാൽ ശ്രീ. എം. ഉമ്മറിന് പ്രമേയം അവതരിപ്പിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നു. പ്രമേയം സഭ ഇപ്പോൾ പരിഗണിക്കുന്നതാണ്. ശ്രീ. എം. ഉമ്മറിന് പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്....(ബഹളം)...... പ്ലീസ്.....പ്ലീസ്..

ശ്രീ. എം. ഉമ്മർ: സർ, ഇന്ത്യൻ ജനാധിപത്യത്തിന്റെ ഉദാത്ത മാതൃകയാണ് നമ്മുടെ നിയമസഭ. ഈ സഭ നാഴികക്കല്ലുകളായ നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. ഇന്ത്യൻ ജനാധിപത്യത്തിന് സബ്ജക്ട് കമ്മിറ്റിയെ സംഭാവന ചെയ്തത് ഈ നിയമസഭയാണ്. ഇന്ത്യയിലെതന്നെ ഏറ്റവും മനോഹരമായ

നിയമസഭാ മന്ദിരമാണ് നമുക്കുള്ളത്. സ്പീക്കറുടെ പദവിയെ സംബന്ധിച്ചുള്ള ഭരണഘടനാ സങ്കല്പം നമുക്കറിയാം. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയുടെ നാഥനാണദ്ദേഹം. സർവ്വാദരണീയനായ മഹത് വ്യക്തിയും കക്ഷിരാഷ്ട്രീയത്തിനതീതനും നിഷ്പക്ഷനും ഭരണഘടനാപരമായും ചട്ടങ്ങളാലും സാമൂഹികമായ ഉന്നതപദവിയുള്ളയാളും സഭയ്ക്കകത്തും പുറത്തും വാക്കിലും പ്രവൃത്തിയിലും അതീവ സൂക്ഷ്മത പുലർത്തേണ്ട വ്യക്തിയും ജനാധിപത്യത്തിന്റെ കാവൽഭടനും സഭാംഗങ്ങളുടെ അവകാശ സംരക്ഷകനും ജനാധിപത്യ അവകാശങ്ങളുടെ സംരക്ഷകനുമാണ് സ്പീക്കർ. ജനാധിപത്യ സംവിധാനത്തിൽ പ്രൗഢിയും പ്രാമുഖ്യവുമുള്ള ഉന്നതപദവിയും സഭയുടെ അന്തസ്സിന്റെയും അധീശത്തിന്റെയും പ്രതീകവുമാണ് സ്പീക്കർ. കേരളത്തെ സംബന്ധിച്ചിടത്തോളം ഒട്ടനവധി മഹത് വ്യക്തിത്വങ്ങൾ നിയമസഭയിൽ സ്പീക്കർമാരായിട്ടുണ്ട്. പ്രഥമ സ്പീക്കറായിട്ടുള്ള ആർ. ശങ്കരനാരായണൻ തമ്പി, കെ. എം. സീതി സാഹിബ്, സി. എച്ച്. മുഹമ്മദ് കോയ, അലക്സാണ്ടർ പറമ്പിത്തറ, ദാമോദരൻ പോറ്റി, വർക്കല രാധാകൃഷ്ണൻ തുടങ്ങിയവർ പ്രഗത്ഭരും നമ്മെ വിട്ടുപിരിഞ്ഞു പോയവരുമായ സ്പീക്കർമാരാണ്. ഇന്ന് ജീവിച്ചിരിക്കുന്നവരും നല്ല സ്പീക്കർമാരായി നമ്മുടെ സഭയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരുമായ ഒട്ടനവധി മഹത് വ്യക്തിത്വങ്ങൾ നമ്മുടെ മുമ്പിൽ ഇപ്പോഴുമുണ്ട്. അതീവ പ്രഗത്ഭരും പക്ഷപാതരഹിതരുമായ മഹത് വ്യക്തിത്വങ്ങൾ അലങ്കരിച്ചതാണ് ഈ പദവി. അന്തസ്സോടെയും ആഭിജാത്യത്തോടെയും സഭയെ നയിച്ചവരും ന്യായയുക്തമായും നിയമാനുസൃതമായും ചട്ടങ്ങൾ വ്യാഖ്യാനിച്ചവരും എല്ലാറ്റിനുമുപരി ജനാധിപത്യത്തിന് പുതിയ വിതാനങ്ങൾ സൃഷ്ടിച്ചവരുമാണവർ. നമ്മുടെ സഭാ ചരിത്രത്തിൽ സ്പീക്കറെ നീക്കം ചെയ്യണമെന്ന് അഞ്ച് നോട്ടീസുകൾ നൽകപ്പെട്ടിട്ടുണ്ട്. അഞ്ച് നോട്ടീസുകളുടെയും കാരണം പലപ്പോഴും രാഷ്ട്രീയമായിരുന്നു. നിലവിലെ നോട്ടീസുകളിൽ രണ്ട് നോട്ടീസുകൾ മാത്രമാണ് സഭയിൽ ചർച്ച ചെയ്തിട്ടുള്ളത്. സ്പീക്കറെ സംബന്ധിച്ചിടത്തോളം അതീവ ഗുരുതരമായ ആക്ഷേപങ്ങളാണ് നോട്ടീസിൽ ഉന്നയിക്കുന്നത്. ഡോളർ കടത്തും സ്വർണ്ണക്കടത്തും കള്ളക്കടത്തും പ്രതികളുമായിട്ടുള്ള സ്പീക്കറുടെ ബന്ധമാണ് ഞാനിവിടെ ഉന്നയിക്കുന്നതിനുള്ള അടിസ്ഥാന കാരണം.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ പ്രമേയത്തിന് മറുപടി പറയേണ്ടത് ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറാണ്. അദ്ദേഹത്തെ സഭയിൽ കാണുന്നില്ല. ആരാണ് ഉത്തരം പറയേണ്ടത്; ഉത്തരം പറയേണ്ട ആൾ സഭയിൽ വരണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം വരും.

(ബഹുമാനപ്പെട്ട സ്പീക്കർ സഭയിലെത്തി ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ സീറ്റിൽ ഉപവിഷ്ടനായി.)

ശ്രീ. എം. ഉമ്മർ: സർ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെ ഡിപ്ലോമാറ്റിക് ബാഗേജിൽ സ്വർണ്ണം കടത്തിയെന്ന അതീവ ഗുരുതരവും രാജ്യദ്രോഹപരവുമായ കേസിലെ പ്രതികളായി എൻ.ഐ.എ. സംശയിക്കുന്ന കുറ്റവാളികളുമായി ബഹുമാനപ്പെട്ട സ്പീക്കർക്കുള്ള വ്യക്തിപരമായ ബന്ധവും സംശയകരമായ അടുപ്പവുമാണ് ഇതിനാധാരമായ ഒരു കാര്യം. ഇതിലെ പ്രതികളുമായി കുടുംബപരമായിത്തന്നെ തനിക്ക് ബന്ധമുണ്ടെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അടുത്തദിവസം പത്രങ്ങളുമായി നടത്തിയ അഭിമുഖത്തിൽ പറയുകയുണ്ടായി. സ്വപ്ന സുരേഷുമായി എനിക്ക് അടുത്ത ബന്ധമുണ്ട്, അവരെ നേരത്തെ അറിയാം, കുടുംബപരമായിത്തന്നെ ബന്ധമുണ്ട്, ഡിപ്ലോമാറ്റ് എന്ന നിലയ്ക്ക് എനിക്ക് അവരുമായി ബന്ധമുണ്ടെന്ന് അദ്ദേഹം തന്നെ പറയുകയുണ്ടായി. Admitted facts need not be proved എന്നുണ്ട്. അതൊക്കെ അഡ്മിറ്റ് ചെയ്ത കാര്യങ്ങളാണ്. എന്റെ പ്രമേയം സംക്ഷിപ്തമാകുന്നതിനുവേണ്ടിയാണ് അത് ചുരുക്കിയത്. അതല്ലാതെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഡ്രാഫ്റ്റിംഗിനെ സംബന്ധിച്ച് അത്ര ബോധ്യമില്ലാത്തതുകൊണ്ടല്ല. ഞാൻ അടുത്ത പ്രമേയം അവതരിപ്പിക്കുമ്പോൾ ഡ്രാഫ്റ്റിംഗിന് വേണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അടുത്തേയ്ക്ക് ആളെ ആയയ്ക്കാമെന്നേ എനിക്ക് പറയാനുള്ളൂ.

സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രതിയുടെ വർക്ഷോപ്പിന്റെ ഉദ്ഘാടനത്തിലും അതുമായി ബന്ധപ്പെട്ട ചടങ്ങിലും കണ്ട ബഹുമാനപ്പെട്ട സ്പീക്കറുടെ സാന്നിദ്ധ്യം സംബന്ധിച്ച് ഞാനോ പ്രതിപക്ഷത്തിരിക്കുന്ന ഏതെങ്കിലുമൊരു അംഗമോ ഇതുവരെ ഉത്തരവാദിത്വപ്പെട്ട ഏതെങ്കിലും ഒരു സ്ഥാനത്ത് ആക്ഷേപമുന്നയിച്ചിട്ടില്ല. പത്രമാധ്യമങ്ങളിൽക്കൂടിയും ഇലക്ട്രോണിക് മീഡിയയിലും വാർത്ത വരികയാണ്. ഇതൊക്കെ കേരളസമൂഹം കണ്ടുകൊണ്ടിരിക്കുകയാണ്. അതല്ലാതെ സഭയ്ക്ക് പുറത്ത് ബഹുമാനപ്പെട്ട സ്പീക്കർക്ക് അവമതിപ്പുണ്ടാക്കുന്ന വിധത്തിൽ ഒരു വാക്കും ഞങ്ങളാരും പറഞ്ഞിട്ടില്ല. എന്നെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു പ്രമേയം അവതരിപ്പിക്കേണ്ടിവന്നത് വളരെ നിർഭാഗ്യകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്പീക്കർക്കെതിരായി പ്രമേയം കൊണ്ടുവരാൻ ഒരിക്കലും ആഗ്രഹിച്ചതല്ല. പക്ഷെ ഭരണഘടനാപരമായ ഉത്തരവാദിത്വം നിറവേറ്റിയില്ലെങ്കിൽ നാളെ ജനങ്ങളോട് സമാധാനം പറയേണ്ടിവരും. അതല്ലാതെ ബഹുമാനപ്പെട്ട സ്പീക്കറെ കൊച്ചാക്കാനോ മോശമാക്കാനോ വേണ്ടിയല്ല. അദ്ദേഹത്തിന്റെ ചിത്രം ഫ്രണ്ട് പേജിൽ അച്ചടിച്ച് ഉത്തരവാദപ്പെട്ട എത്രയെത്ര പത്രങ്ങളിൽ വാർത്തകൾ വന്നു. അതിനെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് ഒരു ഘട്ടത്തിൽ അദ്ദേഹം പറഞ്ഞതായി പത്രങ്ങളിൽ വായിക്കാനിടയായി. ഞാൻ കാതോർത്തിരുന്നു; അദ്ദേഹം നിയമനടപടി സ്വീകരിക്കുകയാണെങ്കിൽ, ആ പത്രങ്ങളൊക്കെ തന്നെ അത്

പിൻവലിച്ച് മാപ്പുപറയുകയാണെങ്കിൽ ഇവിടെ പ്രമേയം അവതരിപ്പിക്കുന്ന പ്രശ്നമേയുണ്ടായിരുന്നില്ല. എന്നാൽ ഓരോ ദിവസവും കടന്നുപോകുമ്പോൾ ഗൗരവമേറിയ വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട എസ്. ശർമ്മയ്ക്ക്, ഞാൻ ഓരോന്നും കൃത്യമായി പറഞ്ഞ് അദ്ദേഹത്തെ കൂടുതൽ മോശക്കാരനാക്കണമെന്നാണ് ഉദ്ദേശ്യമെങ്കിൽ, ആ ഒരു വിധാനത്തിലേയ്ക്ക് പോകുവാൻ എന്റെ സംസ്കാരവും അച്ചടക്കവും ജനാധിപത്യബോധവും അനുവദിക്കാത്തതുകൊണ്ട് ആ തരത്തിലേയ്ക്ക് പോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ നിയമസഭയുടെ അന്തസ്സാണ് പ്രശ്നം. അതല്ലാതെ ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണനെ ജയിലിലിടയ്ക്കാനോ അദ്ദേഹത്തെ മോശപ്പെടുത്താനോ ഉള്ള യാതൊരു കാര്യവും ഉന്നയിക്കാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട എം. ഉമ്മർ മന്ത്രിമാരെ കളിയാക്കി, അത് സാരമില്ല. കുറച്ചുകൂടെ കടന്നുപറഞ്ഞു. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ എന്താണ് റൂൾ ചെയ്തത്. സാങ്കേതികമായ പ്രശ്നമുണ്ടെങ്കിലും അത് മാറ്റിവച്ച് ധാർമ്മികമായി അവതരിപ്പിക്കാൻ അനുവദിക്കുന്നു. ഞങ്ങൾ പറഞ്ഞത് തെറ്റാണെന്ന് അങ്ങ് പറഞ്ഞല്ലോ, അതുകൊണ്ട് അത് വിട്ടേയ്ക്കു. അങ്ങ് ധാർമ്മികമായി ഉന്നയിക്കൂ. ഡ്രാഫ്റ്റിംഗൊക്കെ പറഞ്ഞത് ശരിയാണ്, അത് മാറ്റിവച്ചല്ലോ. ഇപ്പോൾ ഡ്രാഫ്റ്റിംഗിന്റെ പ്രശ്നമില്ലല്ലോ, അത് അവതരിപ്പിക്കുകയാണ്. ഞാൻ പറഞ്ഞത് വളരെ വ്യക്തമാണ്. സാങ്കേതികമായ പ്രശ്നമുണ്ടെങ്കിലും ചെയർ അത് കണക്കിലെടുക്കുന്നില്ല. നിങ്ങൾ പറഞ്ഞുകഴിഞ്ഞു, ഞങ്ങൾ അംഗീകരിച്ചു. അങ്ങേയ്ക്ക് പറയാം. ഞങ്ങളെ കളിയാക്കേണ്ട. ഞങ്ങൾ പറഞ്ഞത് ഞങ്ങളുടെ അഭിപ്രായമാണ്.

ശ്രീ. എം. ഉമ്മർ: സർ, കളിയാക്കൽ എന്നത് വൺവേ ട്രാഫിക്കല്ലെന്ന് അങ്ങ് മനസ്സിലാക്കണം. ഇങ്ങോട്ട് കളിയാക്കിയാൽ അതേ നാണയത്തിൽ അങ്ങോട്ടും തിരിച്ചടിക്കും. ബഹുമാനപ്പെട്ട ജി. സുധാകരൻ മന്ത്രിക്ക് എല്ലാവരുടെയും ഇടയിൽ ഒരു സോഫ്റ്റ് കോർണറുണ്ടെന്നു വിചാരിച്ച് എപ്പോഴും തലയിൽ കയറാൻ വരേണ്ടെന്നേ എനിക്ക് പറയാനുള്ളൂ......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, പ്ലീസ്...........(ബഹളം)......

ശ്രീ. എം. ഉമ്മർ: സർ, ഇങ്ങോട്ട് കളിയാക്കിയാൽ അങ്ങോട്ടും കളിയാക്കും......(ബഹളം)......അത് കൃത്യമാണ്. ഞാൻ പറയട്ടെ. ഞാൻ സ്പീക്കറെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ലല്ലോ.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി വളരെ ന്യായയുക്തമായാണ് കാര്യങ്ങൾ അവതരിപ്പിച്ചത്. ഒരു അംഗത്തെ അപമാനിക്കാനോ കളിയാക്കാനോ ഉദ്ദേശിച്ചുകൊണ്ട് അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ സംസാരത്തിന് മറുപടിയായി വളരെ മാന്യനായി സംസാരിക്കാറുണ്ടായിരുന്ന ശ്രീ. എം. ഉമ്മർ, എം.എൽ.എ., അദ്ദേഹം തലയിൽ കയറരുത് എന്നുള്ള പരാമർശം നടത്തിയത് ശരിയായില്ല. കാരണം ഒരിക്കലും ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ ഒരംഗത്തിന്റെയും മുകളിൽ കയറിനിന്ന് സംസാരിക്കുന്ന ആളല്ല. അതുകൊണ്ട് ദയവായി ഈ പരാമർശം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.*

ശ്രീ. എം. ഉമ്മർ: സർ, ഇതുമായി ബന്ധപ്പെട്ട് പറയുമ്പോൾ, കസ്റ്റംസ് ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ ചോദ്യം ചെയ്യാൻ വിളിച്ചുവരുത്തി. നിയമസഭയിൽ രണ്ടര മണിക്കൂർ ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗം നടക്കുമ്പോൾ അദ്ദേഹം ഒമ്പതുമണിക്കൂർ കസ്റ്റംസ് ഓഫീസുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. കസ്റ്റംസ് ഓഫീസർമാർക്ക് നിയമസഭ കാണുന്നതിനുവേണ്ടി പാസ്സ് കൊടുക്കുന്ന കാര്യമല്ലല്ലോ അവിടെ ചർച്ച ചെയ്തിട്ടുള്ളത്. അത് അതീവഗുരുതരമായ പ്രശ്നമാണ്. ബഹുമാനപ്പെട്ട സ്പീക്കറുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ചോദിക്കാൻ മാത്രമാണ് അദ്ദേഹത്തെ വിളിച്ചുവരുത്തിയത്... ... (ബഹളം).... നിങ്ങൾക്ക് പൊള്ളാൻ മാത്രം ഇവിടെയൊന്നും പറയുന്നില്ല. ഞാൻ സഭ്യേതരമായ യാതൊരു കാര്യവും പറയുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ വിളിച്ച് കസ്റ്റംസ് ചോദ്യം ചെയ്തുവെന്ന് പറഞ്ഞതിൽ എന്താണ് തെറ്റ്; കളവാണോ? പിന്നെയെന്താണ് നിങ്ങൾ പറയുന്നത്? നിങ്ങൾക്ക് അവസരം കിട്ടുമ്പോൾ നിങ്ങൾ പറഞ്ഞോളൂ. അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ ചോദ്യം ചെയ്യാൻവേണ്ടി വിളിപ്പിച്ചപ്പോൾ ഈ സെക്രട്ടേറിയറ്റെടുത്ത നിലപാടെന്താണ്? അങ്ങോട്ട് പറഞ്ഞയയ്ക്കാതെ നിയമസഭാംഗങ്ങൾക്ക് മാത്രമുള്ള പ്രിവിലേജ് സ്റ്റാഫിനുമുണ്ടെന്ന രീതിയിൽ തടസ്സപ്പെടുത്താൻവേണ്ടി ശ്രമിച്ചു, കത്ത് കൊടുത്തു. അന്വേഷണവുമായി നിഷ്പക്ഷമായി, നിർഭയമായി പങ്കുചേരാൻ കഴിയുമെങ്കിൽ നേരെ വിളിച്ചാൽ/സമൻസ് അയച്ചാൽ അങ്ങോട്ട് അയയ്ക്കുകയല്ലേ വേണ്ടത്. ഇപ്പോൾ

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 1645/ഇ.ബി./2021/നി.സി.) രേഖയിൽ നിലനിർത്തി.

എന്തിനാണ് കാത്തിരിക്കുന്നത്? നിയമസഭ കഴിയട്ടെ എന്നാണ് പത്രങ്ങൾ പറയുന്നത്. നിയമസഭ കഴിഞ്ഞാൽ സ്പീക്കറെ കസ്റ്റംസ് ചോദ്യം ചെയ്യാൻ പോകുകയാണ്. ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയെ സംബന്ധിച്ച സെമിനാർ ഉദ്ഘാടനത്തിനുവേണ്ടിയല്ലല്ലോ വിളിക്കുന്നത്. ഇവിടെ പ്രശ്നം അതാണ്; കസ്റ്റംസ് ചോദ്യം ചെയ്യാൻ പോകുന്നുവെന്ന് പറയുമ്പോൾ; അതല്ലെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ ഇങ്ങനെയുള്ള കാര്യങ്ങളുണ്ടാകുമ്പോൾ; പത്രങ്ങൾ ശരിയല്ലാത്ത കാര്യങ്ങളാണ് പറയുന്നതെങ്കിൽ അവർക്കെതിരെ മാനനഷ്ടത്തിന് കേസ് കൊടുക്കുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെയും അങ്ങനെയൊരു സംഗതിയുമുണ്ടായിട്ടില്ല. വ്യക്തിപരവും കുടുംബപരവും എം. ശിവശങ്കറുമായുള്ള ബന്ധവും എംബസിയുടെ പ്രതിനിധിയെന്ന നിലയിലുള്ള പരിചയവും തനിക്കുണ്ടെന്നുള്ളത് അദ്ദേഹംതന്നെ പറഞ്ഞതാണ്. ഓരോ ദിവസവും പത്രങ്ങളിൽക്കൂടി അദ്ദേഹത്തിന്റേതായി ചില വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി നൽകിയ പ്രശംസാപത്രമുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നതിനു മുമ്പായി എനിക്ക് നൽകിയിട്ടുള്ള പ്രശംസാപത്രം ആ പ്രമേയം അവതരിപ്പിക്കുന്നവർ വായിച്ചു നോക്കേണ്ടതാണെന്നാണ് പറഞ്ഞിട്ടുള്ളത്. എനിക്ക് വേണമെങ്കിൽ വായിച്ചുനോക്കാം. ബഹുമാനപ്പെട്ട സ്പീക്കർ മോശക്കാരനാണെന്നുള്ള അഭിപ്രായം എനിക്കില്ല. വളരെ പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചതിന് ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി നൽകിയ പ്രശംസാപത്രമുണ്ടെന്ന് പറഞ്ഞാൽ അത് നമുക്ക് മൊത്തത്തിൽ കിട്ടിയിട്ടുള്ള പ്രശംസയായി ഞാൻ കണക്കാക്കുകയാണ്. അദ്ദേഹത്തിന് ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രശംസാപത്രം കൊടുക്കട്ടെ എന്നാണ് എന്റെ ആഗ്രഹം. പക്ഷെ കേരളത്തിലെ ജനങ്ങൾ അവിടെ ചില്ലിലിട്ട പത്രമല്ല നോക്കുന്നത്, മറിച്ച് നേരംവെളുക്കുമ്പോൾ നോക്കുന്നത് വർത്തമാനപത്രമാണ്. ഈ വർത്തമാന പത്രത്തിലൊക്കെത്തന്നെ കാണുന്നത് പ്രശംസാപത്രമല്ല, അദ്ദേഹത്തെ കസ്റ്റംസ് വിളിപ്പിക്കും, ചോദ്യം ചെയ്യുമെന്നുള്ളതാണ്.

സഭ പിരിഞ്ഞുകഴിഞ്ഞ് ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറെ വിളിച്ച് ചോദ്യം ചെയ്താൽ അത് ഈ സഭയുടെ അന്തസ്സ് ഉയർത്തുമോ അതോ ഇകഴ്ത്തുമോ എന്നതാണ് പ്രസക്തമായ കാര്യം. അദ്ദേഹം കൊടിവച്ച കാറിൽ നിയമസഭാ സ്പീക്കറുടെ എല്ലാ പരിരക്ഷയോടുംകൂടി കസ്റ്റംസ് ഓഫീസിലേക്ക് പോകുമ്പോൾ നിയമസഭയുടെ അന്തസ്സും ആഭിജാത്യവും ജനാധിപത്യമൂല്യങ്ങളും കൂടുമോ? അതുകൊണ്ടാണ് അദ്ദേഹത്തെ നീക്കം ചെയ്യണമെന്ന പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. അതല്ലാതെ ഇതിൽ വ്യക്തിപരമായോ രാഷ്ട്രീയപരമായോ മറ്റ് പ്രശ്നങ്ങളൊന്നുമില്ല. അദ്ദേഹത്തോട് വ്യക്തിപരമായ ഒരു അതൃപ്തിയും

ഇതുവരെയുണ്ടായിട്ടില്ല. വ്യക്തിപരമായ പ്രശ്നത്തിനപ്പുറമായി കേരള നിയമസഭയുടെ അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും പ്രശ്നമാണ്. അതുകൊണ്ട് ഭരണഘടനാ പരമായി ഇങ്ങനെ ചെയ്യുകയല്ലാതെ നിവൃത്തിയില്ല. ഒരുപക്ഷേ വേറെ ചില ആളുകളായിരുന്നെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ വരുമ്പോൾ ഇങ്ങനെയൊരു വാർത്ത കണ്ടാൽ, നേരെ സ്പീക്കറുടെ ചേംബറിൽ ഇരച്ചുകയറി കസേരയെടുത്ത് പുറത്തുകളയുമായിരുന്നു. പക്ഷെ, അങ്ങനെയുള്ള ജനാധിപത്യമൂല്യത്തിലും സംസ്കാരത്തിലും വിശ്വസിക്കാത്തതുകൊണ്ട് ഞാൻ ആറ് മാസക്കാലമായി കാത്തിരിക്കുകയാണ്. ആറ് മാസം മുമ്പ് ഒന്നാമത്തെ നോട്ടീസ് കൊടുത്തു. ആ നോട്ടീസ് സാങ്കേതിക കാരണങ്ങളാൽ തള്ളിപ്പോയി. രണ്ടാമത് നോട്ടീസിനു വേണ്ടി വീണ്ടും കാത്തിരുന്നു. സഭ വിളിച്ചപ്പോൾ നോട്ടീസ് കൊടുത്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ വീണ്ടും തള്ളപ്പെട്ടു. ഇപ്പോൾ മൂന്നാമത്തെ നോട്ടീസ് കൊടുത്തു. മൂന്നാമത്തെ നോട്ടീസിൽ പത്രങ്ങളിൽവന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ പറയുന്നുവെന്നല്ലാതെ ഞാൻ അദ്ദേഹത്തെ സംബന്ധിച്ച് മോശമായ ഒരു കാര്യവും പറയുന്നില്ല, പറയാൻ ഉദ്ദേശിക്കുന്നുമില്ല.

1979 മുതൽ 1985 വരെ പി.ഡബ്ല്യൂ.ഡി.യും അതുപോലെ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനുംകൂടി നിർമ്മിച്ച കെട്ടിടമാണ് നാം കാണുന്ന ഈ നിയമസഭ. അന്നത്തെ ആകെ നിർമ്മാണച്ചെലവ് 76 കോടി രൂപയായിരുന്നു. എന്നാൽ ഈ നിയമസഭയുടെ കാലയളവിൽ 100 കോടി രൂപയുടെ നിർമ്മാണ ചെലവുകളാണ് നടത്തിയിട്ടുള്ളത്. നിർമ്മാണങ്ങളെല്ലാം നടത്തിയിട്ടുള്ളത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. എനിക്ക് ആ സൊസൈറ്റിയെക്കുറിച്ച് ആക്ഷേപങ്ങളൊന്നുമില്ല. പക്ഷെ, പാലിക്കപ്പെടേണ്ട, സംശയാതീതമായി കൊടുക്കേണ്ട കരാറുകളും ടെണ്ടറുകളുമെല്ലാം വേണ്ടവിധത്തിൽ കമ്മിറ്റികളെല്ലാം പരിശോധിച്ചതിനുശേഷമാണോ കൊടുത്തത് എന്നുള്ള കാര്യംകൂടി പരിശോധിക്കണം.

ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിന്റെ ലോക കേരള സഭയുമായി ബന്ധപ്പെട്ട നവീകരണ പ്രവൃത്തികൾക്കായി ഒന്നാം ഘട്ടത്തിൽ ഒരു കോടി എൺപത്തിനാല് ലക്ഷത്തി മുപ്പത്തി ഒമ്പതിനായിരം രൂപയും അതിനുശേഷം രണ്ടാം ഘട്ടത്തിൽ 16 കോടി രൂപയും കൊടുത്തിട്ടുണ്ട്. ഏത് കമ്മിറ്റിയാണ് അത് പരിശോധിച്ചിട്ടുള്ളത്? അതുപോലെ ഇ-നിയമസഭ പദ്ധതി ആരംഭിക്കുന്നതിനു വേണ്ടി 6-3-2019-ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 52 കോടി 39 ലക്ഷം രൂപ അനുവദിച്ചു. 26-3-2019-ന് സാങ്കേതികാനുമതി നൽകി. ടി പ്രവൃത്തിക്ക് 13 കോടി 9 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തു. അങ്ങനെ കൊടുത്ത തുകയ്ക്ക്

പലിശയൊന്നുമില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കർ ചെയർമാനായി ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. നിയമസഭയിൽനിന്ന് 812-ാം നമ്പർ ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചു. എ.എസ്. കൊടുത്തതും സൊസൈറ്റിയെ ഏൽപ്പിക്കുന്നതും മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കുന്നതുമൊന്നും കമ്മിറ്റിയുമായി ആലോചിച്ചിട്ടില്ല. ഏതാണ്ട് പണിയെല്ലാം പൂർത്തിയായി 2020 ജനുവരി 13-ന് ആണ് പിന്നീട് കമ്മിറ്റി രൂപീകരിച്ചതായി പറയപ്പെടുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ചെയർമാനും ഡെപ്യൂട്ടി സ്പീക്കറും പ്രതിപക്ഷാംഗങ്ങളടക്കമുള്ളവരും കമ്മിറ്റിയിലുണ്ട്. യഥാർത്ഥത്തിൽ കമ്മിറ്റി അംഗങ്ങൾക്ക് അവസരമുണ്ടാകണമെങ്കിൽ ടെണ്ടർ കൊടുക്കുമ്പോൾ ആർക്ക് ഉറപ്പിക്കണമെന്ന് അറിയണം; വർക്കിന്റെ നേച്ചർ എന്താണെന്ന് അറിയണം; അതിനുപയോഗിക്കുന്ന മെറ്റീരിയൽ എന്താണെന്ന് അറിയണം; മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കുമ്പോൾ അറിയണം. ഇതെല്ലാം കഴിഞ്ഞതിനുശേഷം കമ്മിറ്റി അംഗങ്ങളെ അറിയിച്ചിരിക്കുകയാണ്. അത് എന്തിനുവേണ്ടിയാണ്? സദ്യ കഴിഞ്ഞതിനുശേഷം ഇലയെടുത്ത് മാറ്റുന്നതിനുവേണ്ടിയാണ്. 2020-ന് അംഗങ്ങളെ ക്ഷണിച്ചുവെന്നല്ലാതെ ഈ നിർമ്മാണ പ്രവർത്തനത്തിലൊന്നുംതന്നെ അംഗങ്ങളെ ബന്ധപ്പെടുത്തിയിട്ടില്ല. നിയമസഭയിലെ ധൂർത്ത്. ഫെസ്റ്റിവൽ ഓൺ ഡെമോക്രസി - സംസ്ഥാനത്തിന്റെ പൊതുകടം രണ്ടര കോടി രൂപയായി ഉയർന്നിരിക്കുന്ന സമയത്ത്, രണ്ട് പ്രളയവും സമ്പദ്‌വ്യവസ്ഥ തകർത്ത് കൊറോണ ബാധിച്ച സമയത്ത്, സാധാരണക്കാരിൽ നിന്നും പ്രളയ സെസ്സും സാലറി ചലഞ്ചുമെല്ലാം നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇവിടെ ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയാണ്. 2018-ൽ നടത്തിയ ഒന്നാമത്തെ പ്രോഗ്രാമിന് ഒരു കോടി പതിനഞ്ച് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപയും 2019-ലെ നാഷണൽ സ്റ്റുഡന്റ്സ് പാർലമെന്റിന്റെ പ്രോഗ്രാമിന് ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി മുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപയുമാണ് ചെലവാക്കിയത്. ഇങ്ങനെ ഒരു ഭാഗത്ത് ധൂർത്തും പാഴ്ച്ചെലവും നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനം വമ്പിച്ച സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴാണ് ഇത് നടത്തിക്കൊണ്ടിരിക്കുന്നത് എന്നുള്ളതാണ് ഖേദകരമായ കാര്യം. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ചെയറിന്റെ അന്തസ്സ് കാത്തുസംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. ഷേക്സ്പിയർ കഥാപാത്രത്തിലെ Lady Macbeth പറയുന്ന ഡയലോഗുണ്ട്. 'അറേബ്യയിലെ സുഗന്ധദ്രവ്യങ്ങൾ മുഴുവൻ ഉപയോഗിച്ചാലും എന്റെ കയ്യിലെ രക്തക്കറയുടെ ദുർഗന്ധം മായ്ച്ചുകളയാൻ കഴിയില്ല'. അതുപോലെ ഇദ്ദേഹം സ്പീക്കറായിരിക്കുമ്പോൾ ഇന്ന് വരുത്തിവച്ച, പദവിയുടെ അന്തസ്സ് കെടുത്തിയ, അന്തസ്സ് നിലനിർത്തുന്നതിന് കഴിയാതിരുന്നതുമൂലം ഇതിന്മേലുണ്ടാക്കിയ ദുർഗന്ധം ഒരിക്കലും മാറ്റാൻ കഴിയില്ല. കേരളത്തിലെന്നല്ല, ഇന്ത്യയിലെ ഒരു സ്പീക്കർക്കും ഇതുവരെ ഇങ്ങനെയൊരു ആക്ഷേപത്തിന് കസ്റ്റംസ് ചോദ്യം ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അങ്ങ് പറഞ്ഞ വാചകം Lady Macbeth പറയുന്നതല്ല. അവരെപ്പറ്റി മറ്റുള്ളവർ പറയുന്നതാണ്. അങ്ങ് തെറ്റായിട്ടാണ് പറഞ്ഞത്.

ശ്രീ. എം. ഉമ്മർ: അങ്ങ് അത് വായിച്ചുനോക്കണം. അങ്ങേയ്ക്ക് പഴയ ഓർമ്മയൊന്നുമില്ല. Lady Macbeth എന്ന കഥാപാത്രത്തിന്റേതാണ്. അതുകൊണ്ട് ഈ സഭയുടെ അന്തസ്സ് കളഞ്ഞുകുളിച്ച, ഈ സഭയുടെ പരിപാവനത കാത്തുസൂക്ഷിക്കാൻ കഴിയാതിരുന്ന, പൊതുസമൂഹത്തിൽ അവമതിപ്പുണ്ടാക്കിയ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് സുതാര്യതയില്ലാത്ത പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ശ്രീ. പി. ശ്രീരാമകൃഷ്ണൻ എന്ന സ്പീക്കർ അവർകളെ ഈ സ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എസ്. ശർമ്മ: സർ, ഈ പ്രമേയത്തിന്റെ കണ്ടന്റിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ പ്രൂവ് ചെയ്യുന്ന വസ്തുതകളുടെ പിൻബലമില്ലാതെ മാധ്യമങ്ങളിൽ വന്ന വാർത്തകളെ അടിസ്ഥാനമാക്കിക്കൊണ്ട് നിയമസഭാ സ്പീക്കറെ വിചാരണ ചെയ്യാൻ കിട്ടിയ സന്ദർഭമെന്ന നിലയിൽ ഏറ്റവും സങ്കുചിതമായ, ഇടുങ്ങിയ, രാഷ്ട്രീയതാൽപ്പര്യങ്ങൾക്കുവേണ്ടി കൊണ്ടുവന്ന പ്രമേയമാണിത്. ഇത് രാഷ്ട്രീയമാണ്. സഭ ആരംഭിച്ച്, സഭയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന സന്ദർഭത്തിൽ, സഭയുടെ നേതാവിനെതിരായുള്ള പൊളിറ്റിക്കൽ ടാർജറ്റാണ്. സഭയുടെ നാഥനെതിരായ ഒരു രാഷ്ട്രീയ ടാർജറ്റാണ്. സഭാനേതാവിനെയും സഭാനാഥനെയും രാഷ്ട്രീയമായി സമൂഹത്തിൽനിന്നും ഒറ്റപ്പെടുത്താനാണ് നോക്കുന്നതെങ്കിൽ ജനങ്ങൾ ഏറ്റെടുത്ത നേതാക്കളാണ് അവരെന്ന കാര്യം വിസ്മരിക്കരുത്. വിഷയ ദാരിദ്ര്യത്തിന്റെ ആധിക്യം കാരണം പ്രതിപക്ഷം ഏതറ്റം വരെയും പോകുമെന്നതിന്റെ നാണംകെട്ട അവസ്ഥയാണ് ഈ അവിശ്വാസത്തിലൂടെ പുറത്തുവന്നിരിക്കുന്നത്. ശൂന്യതയിൽനിന്ന് വിഭൂതി സൃഷ്ടിച്ച് ജനങ്ങളെ വിഡ്ഢികളാക്കുന്ന ജാലവിദ്യക്കാരന്റെ പണിയാണ് പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്. സംശയത്തിന്റെ കരടുപോലും ബാക്കിയുണ്ടാകരുതെന്ന നിയമസഭാ സ്പീക്കറുടെ നിഷ്കർഷതകൊണ്ടുമാത്രം അവതരണാനുമതി ലഭിച്ച പ്രമേയത്തിന് വസ്തുതകളുടെ പിൻബലമില്ലെങ്കിലും മറുപടി പറയേണ്ടതില്ലെങ്കിലും രേഖാപരമായി കാര്യങ്ങൾ വിശകലനം ചെയ്യുന്നത് നന്നായിരിക്കുമെന്നതുകൊണ്ട് ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. നിയമസഭയെ സങ്കുചിത രാഷ്ട്രീയലാഭത്തിനുവേണ്ടി വിനിയോഗിക്കുന്നത് ആശ്വാസകരമായ കീഴ്വഴക്കമല്ല. പ്രമേയത്തിലൂടെ പ്രതിപക്ഷം അതാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇതാണ് ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി തിരിയുന്നതിന്റെ അടിസ്ഥാന ഘടകം. കേരള നിയമസഭയിലെ പല ജനനേതാക്കൾക്കെതിരായും അഴിമതി ആരോപണങ്ങൾ

ഉയർന്നുവന്നിട്ടുണ്ട്. പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയ്ക്കെതിരായും മറ്റ് നേതാക്കൾക്കെതിരായും അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതിലൊക്കെ വസ്തുതകളുണ്ടോ ഇല്ലയോ എന്നുള്ളത് കോടതി പരിശോധിക്കേണ്ട കാര്യമാണ്. പക്ഷേ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി അവിശ്വാസ പ്രമേയം കൊണ്ടുവന്നപ്പോൾ അത് അവതരിപ്പിക്കുന്നതിന് അനുവാദം കൊടുത്തു. ആരോപണങ്ങളുന്നയിച്ച് ബഹുമാനപ്പെട്ട സ്പീക്കറെ വ്യക്തിപരമായി അവഹേളിക്കാൻ നിങ്ങൾ മുതിരുന്നത് ജനാധിപത്യത്തിന് നല്ലതല്ല. തങ്ങളുടെ അഭ്യുദയകാംക്ഷികളായ ഏതാനും മാധ്യമങ്ങളെ കൂട്ടുപിടിച്ച് യു.ഡി.എഫ്.-ബി.ജെ.പി.-കേന്ദ്ര അന്വേഷണ ഏജൻസി എന്നിവരടങ്ങിയ മുക്കൂട്ട് മുന്നണിയാണിപ്പോൾ രാജ്യത്ത് കാര്യങ്ങൾ നിശ്ചയിക്കുന്നത്. യു.ഡി.എഫ്.-നെയും ബി.ജെ.പി.-യെയും ഇപ്പോൾ കണ്ടല്ലോ? ബഹുമാനപ്പെട്ട സ്പീക്കറുടെ പദവിയുടെ മഹനീയത മനസ്സിലാക്കാനുള്ള വിവേകമില്ലാതെ ബ്ലാക്ക്മെയിൽ ചെയ്യാൻ തുനിയുന്നത് ജനാധിപത്യത്തിന് ഭൂഷണമല്ല. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഏജൻസികൾ ആർക്കെല്ലാമോ എതിരായി കേസ്സെടുത്തതിൽ വിചാരണ പോയിട്ട്, പ്രമേയത്തിന് നോട്ടീസ് നൽകുന്ന തീയതിയിൽപ്പോലും കുറ്റപത്രം നൽകിയിട്ടില്ലാതിരുന്ന കേസിൽ, ബഹുമാനപ്പെട്ട സ്പീക്കറെ തൽസ്ഥാനത്തുനിന്ന് മാറ്റണമെന്ന് ഉന്നയിച്ച ആവശ്യം പരിഹാസ്യമാണ്. തൽസ്ഥാനത്തുനിന്ന് മാറ്റണമെന്നുള്ള ആവശ്യം പരിഗണിക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ടതെന്താണ്; ബഹുമാനപ്പെട്ട സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ചെയ്ത കുറ്റമെന്താണ്; എന്തെങ്കിലും നേരിയ കുറ്റമുണ്ടെങ്കിൽ അന്വേഷണ ഏജൻസി അവിടെയിരിക്കുമെന്നാണോ വിചാരിച്ചിരിക്കുന്നത്; എന്ത് കുറ്റമാണ് ചെയ്തത്; അതിനെന്താണ് തെളിവ്; ഏതെങ്കിലും ചടങ്ങിൽ പങ്കെടുത്തതാണോ തെളിവ്; ഒരു കട ഉദ്ഘാടനം ചെയ്തതാണോ തെളിവ്? അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്ഷണിച്ചുവരുത്തിയ ഇഫ്താർ വിരുന്നിൽ സ്വപ്ന സുരേഷ് പങ്കെടുത്തല്ലോ; അതിന്റെ പടങ്ങളൊക്കെ പ്രസിദ്ധപ്പെടുത്തിയല്ലോ; ഈ കള്ളക്കടത്തിൽ ഇവർക്ക് ബന്ധമുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്ന് അറിഞ്ഞിരുന്നെങ്കിൽ ഇഫ്താർ പാർട്ടിക്ക് ക്ഷണിക്കുമായിരുന്നോ; അവരെ ക്ഷണിച്ചുവെന്നുള്ളതുകൊണ്ട് നിങ്ങൾ എന്തെങ്കിലും കുറ്റം ചെയ്തുവെന്ന് ആരെങ്കിലും പറഞ്ഞോ? ക്ഷണിച്ച പരിപാടിക്ക് പോയതുകൊണ്ട് ഇപ്പുറത്തുള്ളവർക്ക് കുറ്റവും ക്ഷണിച്ച പരിപാടിക്ക് വന്നുവെന്നുള്ളതുകൊണ്ട് ഒരു കുറ്റവുമില്ലെന്നുമുള്ള തത്വശാസ്ത്രം സാമാന്യബോധത്തിന് നിരക്കാത്തതല്ലേ; അതല്ലേ നിങ്ങൾ ചെയ്തത്? പരിപാടിക്ക് പങ്കെടുത്തത് ശരിയല്ലെങ്കിൽ ഇഫ്താർ പാർട്ടിക്ക് പങ്കെടുത്തത് ശരിയാണോ? ഒരു ചടങ്ങിന് ക്ഷണിക്കുമ്പോൾ ഇത്തരം പ്രശ്നങ്ങളുണ്ടായിരുന്നുവെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാമായിരുന്നോ?

എം.എൽ.എ.-മാരെയും മന്ത്രിമാരെയും പ്രതിപക്ഷത്തുള്ളവരെയും എം.പി.മാരെയും ഓരോ ചടങ്ങുകൾക്ക് വിളിക്കാറുണ്ട്. അവർക്കാർക്കും അതറിയില്ലല്ലോ. അറിയാത്തൊരു കാര്യമാണ്. നിങ്ങൾക്കറിയാമായിരുന്നെങ്കിൽ ഇഫ്താർ പാർട്ടിക്ക് സ്വപ്നയെ വിളിക്കുമായിരുന്നോ എന്ന് സത്യസന്ധമായും ആത്മാർത്ഥമായും നെഞ്ചത്ത് കൈവച്ച് നിങ്ങൾ പറയൂ; നിങ്ങൾക്കറിയില്ലായിരുന്നല്ലോ? അതുകൊണ്ടല്ലേ അത് പ്രശ്നമാക്കാത്തത്? ശ്രീ. പിണറായി വിജയന്റെ മകളുടെ കല്യാണത്തിന്റെ പ്രശ്നം വന്നപ്പോൾ ശ്രീ. ഇ. പി. ജയരാജന്റെ ഭാര്യയുടെ തലവെട്ടിമാറ്റിയിട്ടല്ലേ സ്വപ്ന സുരേഷിന്റെ തല വച്ചിട്ട് പ്രചരിപ്പിക്കാൻ നോക്കിയത്. അങ്ങനെ തലവെട്ടി മാറ്റേണ്ട കാര്യമൊന്നും നമുക്കാർക്കുമില്ല. അതൊക്കെ എല്ലാവർക്കും നല്ലതുപോലെ അറിയാവുന്ന കാര്യമാണ്. ആ രൂപത്തിൽ നോക്കുമ്പോൾ ഇവിടെ ഉന്നയിച്ച ആരോപണത്തിന് അല്പമെങ്കിലും അടിസ്ഥാനമുണ്ടെന്ന് പറയാൻ കഴിയില്ല. പരിപാടിയിൽ പങ്കെടുത്തതാണ് ഇവിടെ ഉന്നയിച്ച ഒരു കാര്യം. ഇനി എന്താണുള്ളത്? ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച് പുതുക്കിപ്പണിതു. അതുപോലെ ഇ-നിയമസഭ പ്രവർത്തനത്തിനുവേണ്ടി 30 കോടിയോളം രൂപയാണ് ഒരു വർഷം ചെലവ് ചെയ്തത്. കടലാസ് രഹിത സഭയാക്കാൻ, ഡിജിറ്റൽ സഭയാക്കാൻ മുൻകയ്യെടുത്തു. അതുപോലെ മ്യൂസിയത്തിന്റെയും സഭാ ടി.വി.-യുടെയും കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്തു. സഭാ ടി.വി.-യിൽ എല്ലാവരുമുണ്ടല്ലോ; എല്ലാവരെയും ഇന്റർവ്യൂ നടത്തിയിട്ടുണ്ടല്ലോ? ശ്രീ. വി. ഡി. സതീശനല്ലേ ശ്രീ. പിണറായി വിജയനെ ഇന്റർവ്യൂ ചെയ്തത്; എല്ലാ നേതാക്കളെയും പരസ്പര ബഹുമാനത്തോടെയല്ലേ ഇന്റർവ്യൂ ചെയ്തത്; സഭാ ടി. വി. തെറ്റാണോ; അതിലെവിടെയാണ് അഴിമതി; എന്താണ് അഴിമതി? അതിനുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ ആറ് ടെക്നിക്കൽ കമ്മിറ്റികളല്ലേ വച്ചത്; നിയമസഭാ സെക്രട്ടറി ചെയർമാനായ ആ കമ്മിറ്റികളിൽ ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, മെക്കാനിക്കൽ തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ടവരുമുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് ഇതിന്റെ കരാർ കൊടുത്തത്. അഴിമതി നടത്താൻ വേണ്ടിയാണോ ഇവർക്ക് കരാർ കൊടുത്തത്? ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് എല്ലാ നിലയിലുമുള്ള കരാർ പ്രവർത്തനങ്ങൾ നടത്താൻ പരിപൂർണ്ണ അധികാരവും സംരക്ഷണവും അംഗീകാരവും നൽകി ഉത്തരവ് പുറപ്പെടുവിച്ചത് ബഹുമാന്യനായ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലല്ലേ? അവർ മാതൃകയോടെ പ്രവർത്തനം നടത്തുന്നില്ലേ; 15000 തൊഴിലാളികൾ പണിയെടുക്കുന്ന ഒരു സഹകരണ സ്ഥാപനമല്ലേ? അവർക്ക് 30 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തു. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ കേസ്സിന്റെ കാര്യത്തിൽ

മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതും നിയമസഭയിലെ വർക്കിന് കൊടുത്തതും രണ്ടും ഒരുപോലെയല്ലേ എന്ന വാദഗതി പുറത്ത് ഉന്നയിക്കുകയുണ്ടായി. രണ്ടും ഒരുപോലെയല്ല. പാലാരിവട്ടം പാലത്തിന്റെ കാര്യത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കുകയില്ലെന്ന് പ്രീക്വാളിഫിക്കേഷൻ ബിഡ്ഡിന്റെ സന്ദർഭത്തിലുണ്ടായ തീരുമാനം നിലനിൽക്കുമ്പോൾ ടെണ്ടറിൽനിന്നും പലരും വിട്ടുപോയി. ടെണ്ടർ ചെയ്തപ്പോഴോ? ടെണ്ടറിനുശേഷം 30 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തു. അതാണ് തെറ്റ്. ഇത് അതല്ല. ഇവിടെ മൊബിലൈസേഷൻ അഡ്വാൻസിന്റെ കാര്യം എൻ.ഐ.സി.-യാണ് ചെയ്യുന്നത്. അവർ ചെയ്യുമ്പോൾ നൂറ് ശതമാനം വരെ കൊടുക്കാം. പക്ഷെ ടെണ്ടറിന് 30 ശതമാനമേയുള്ളൂ. അത് കൊടുത്തുവെന്നേയുള്ളൂ. ഏത് രൂപത്തിൽ നോക്കിയാലും ഒരു നടപടിക്രമങ്ങളിലും തെറ്റ് കാണുന്നില്ല. തെറ്റുകൾ ചൂണ്ടിക്കാണിക്കാനില്ല. ബഹുമാനപ്പെട്ട സ്പീക്കറെ നീക്കം ചെയ്യണമെന്നുപറഞ്ഞ് സ്പെസിഫിക്കായി അവിശ്വാസ പ്രമേയം കൊണ്ടുവരുമ്പോൾ പ്രത്യേകമായി കണക്കാക്കേണ്ടിയിരുന്നത് എന്താണ് എവിഡൻസ് എന്നാണ്? ശ്രീ. എം. ഉമ്മർ 15 മിനിട്ടുനേരം ഇവിടെ വിശദീകരിച്ചതല്ലേ; എന്ത് തെളിവാണുള്ളതെന്ന് എല്ലാവിധ ബഹുമാനവും നിലനിർത്തിക്കൊണ്ട് ഞങ്ങൾ ചോദിക്കുകയാണ്. പവിത്രത, പാവനത്വം, നിഷ്പക്ഷത, സത്യസന്ധത ഇവയൊക്കെ അതിനകത്ത് പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ്. ബഹുമാനപ്പെട്ട സ്പീക്കർ എന്ത് കുറ്റമാണ് ചെയ്തത്? സ്വപ്ന സുരേഷുമായി ചടങ്ങിൽ പങ്കെടുത്തു, അല്ലെങ്കിൽ ക്ഷണിച്ച പരിപാടിക്ക് പോയി എന്നാണോ; അങ്ങനെയാണെങ്കിൽ ശ്രീ. രമേശ് ചെന്നിത്തല ചെയ്തതും അതല്ലേ; ഇത് ഒരുപോലെ ബാധകമല്ലേ; അത് നിങ്ങൾ മനസ്സിലാക്കണ്ടേ; അദ്ദേഹം ഏതെങ്കിലും തരത്തിൽ അറിഞ്ഞുകൊണ്ട് ചെയ്തതാണോ? ജീവിതത്തിൽ അറിയാതെ എന്തെങ്കിലും സംഭവിച്ചാൽ അതിനെ നല്ല സ്പിരിറ്റിൽ മനസ്സിലാക്കണം. അതിനുപകരം അറിഞ്ഞ് ചെയ്യുന്നതും അറിയാതെ സംഭവിക്കുന്നതുമായ കാര്യങ്ങളെ തന്നിഷ്ടംപോലെ വിശദീകരിച്ച് രാഷ്ട്രീയലാഭത്തിനുവേണ്ടി വിനിയോഗിക്കുന്ന ഈ തെറ്റായ നടപടിക്ക് കേരളത്തിലെ ജനങ്ങൾ ഒരിക്കലും മാപ്പ് നൽകുകയില്ലെന്നകാര്യം വളരെ വ്യക്തമാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ കേരളത്തിലെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി അംഗീകരിച്ചത്. വിശാലമായ ഹാളായിരുന്ന ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിനെ ആധുനിക സാങ്കേതിക സംവിധാനങ്ങൾ തികഞ്ഞതും അന്താരാഷ്ട്ര നിലവാരമുള്ളതും ഏറ്റവും മികച്ച സാങ്കേതിക ശബ്ദസംവിധാനങ്ങളും തിയേറ്ററും ഉൾക്കൊള്ളുന്നതുമായ ആഡിറ്റോറിയമായി മാറ്റിയെടുക്കുകയാണ് ചെയ്തത്. ലോക കേരള സഭയുടെ

സമ്മേളനങ്ങൾ ചേരുമ്പോൾ അതിനുവേണ്ടി ഉപയോഗിക്കാം. അതോടൊപ്പം നിയമസഭയുടെയും സർക്കാരിന്റെയും സവിശേഷ പരിപാടികൾക്കായി ഉപയോഗിക്കാം. ഇതു സംബന്ധിച്ച് ചർച്ച ചെയ്യാൻവേണ്ടി സർവ്വകക്ഷി യോഗം വിളിച്ചപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ നിർദ്ദേശം അങ്ങേയറ്റം അഭിനന്ദനമർഹിക്കുന്നതാണെന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ വെരിഫൈ ചെയ്തിട്ടാണ് പറയുന്നത്. പ്രതിപക്ഷനേതാവ് നടത്തിയ ഇഫ്താർ പാർട്ടിയിൽ യു.എ.ഇ. കോൺസുലേറ്റ് ജനറലിനെ മാത്രമാണ് ക്ഷണിച്ചത്. അല്ലാതെ ഞാൻ മറ്റാർക്കും ക്ഷണക്കത്ത് കൊടുത്തിട്ടില്ല. അങ്ങിത് പറഞ്ഞപ്പോൾ ഞാൻ വെരിഫൈ ചെയ്യുകയായിരുന്നു. അദ്ദേഹത്തിനോടൊപ്പമാണ് ഈ വിവാദ സ്ത്രീ വന്നത്. അല്ലാതെ ഞാൻ അവരെ പ്രത്യേകം ക്ഷണിച്ചിട്ടില്ല. കോൺസുലേറ്റ് ജനറലിനെ മാത്രമാണ് വിളിച്ചിട്ടുള്ളത്. അവർക്ക് ഇൻവിറ്റേഷൻ കാർഡ് കൊടുത്തിട്ടില്ല. ഇൻവിറ്റേഷൻ കാർഡ് കൊടുത്തവരുടെ ലിസ്റ്റ് പരിശോധിച്ചപ്പോൾ അവരുടെ പേരില്ല. അവർ കോൺസുലേറ്റ് ജനറലിനോടൊപ്പം വന്നതിന് ഞാൻ അവരെ ക്ഷണിച്ചുവെന്ന് പറഞ്ഞത് ശരിയല്ല. ........(ബഹളം)......

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ ഇക്കാര്യം നിയമസഭയിൽ ഉന്നയിക്കാൻ നിർബന്ധിക്കപ്പെട്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇഫ്താർ പാർട്ടിക്ക് ഈ വിവാദ കഥാപാത്രത്തെ ക്ഷണിച്ചുവെന്ന് മാത്രമല്ല, അവർ പ്രതിപക്ഷനേതാവിനോടൊപ്പമിരുന്ന് വിരുന്നൂട്ടുന്നതിന്റെ ചിത്രമാണ് പത്രങ്ങളിലും ഇലക്ട്രോണിക് മാധ്യമങ്ങളിലും വന്നത്. ........(ബഹളം)...... ഇവിടെ ഇലക്ട്രോണിക് മാധ്യമങ്ങളിലും പത്രങ്ങളിലും വന്ന വാർത്തയുടെ അടിസ്ഥാനത്തിലാണ് നിങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ ആക്ഷേപം ഉന്നയിക്കുന്നത്. അതുകൊണ്ട് ഞാൻ പറഞ്ഞുവരുന്നത്, അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു എന്നതുമാത്രമല്ല, അവർ ക്ഷണിച്ച ഒരു ചടങ്ങിൽ പോകുകയും അവിടെ നടന്ന നറുക്കെടുപ്പിൽ പങ്കെടുത്ത് ഒരു വാച്ച് സമ്മാനമായി വാങ്ങിയതായും വാർത്തയുണ്ട്. അദ്ദേഹം ആ വാച്ച് എവിടെ കൊടുത്തു എന്നുകൂടി വ്യക്തമാക്കണം.

ശ്രീ. എസ്. ശർമ്മ: സർ, ഇവിടെ അടിസ്ഥാനപരമായ പ്രശ്നം, അവർ ഒരുമിച്ച് പങ്കെടുത്തതല്ലേ; ക്ഷണിച്ചതിന്റെ സാങ്കേതികത്വം കോൺസുലേറ്റ് ജനറൽ വഴിയോ അല്ലെങ്കിൽ ഓഫീസ് വഴിയോ മറ്റുരൂപത്തിലോ ആകാം. പങ്കെടുത്തത് ശരിയാണല്ലോ; വേറെ എന്തെങ്കിലും ചെയ്തുവെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല;

ഒരിക്കലും പറയുകയുമില്ല; ഇത്രയേയുള്ളൂ. നമ്മൾ സത്യസന്ധമായി മനസ്സിലാക്കേണ്ടത്, നമുക്കത് അറിയാമായിരുന്നെങ്കിൽ, ഇവരുടെ കയ്യിലിരുപ്പ് ഈ രൂപത്തിലൊക്കെ ആയിരുന്നുവെന്ന് മുൻകൂട്ടി അറിയുമായിരുന്നുവെങ്കിൽ അവർ വരുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവരെ പറഞ്ഞു വിടുമായിരുന്നില്ലേ; നിങ്ങൾ പൊയ്ക്കോളൂ എന്നുപറയില്ലേ? ബഹുമാനപ്പെട്ട സ്പീക്കറും പറയുമായിരുന്നില്ലേ; വേണ്ട പൊയ്ക്കോളൂ; നിങ്ങളുമായി സംസാരിക്കേണ്ട കാര്യമില്ലായിരുന്നുവെന്ന് പറയില്ലേ? അപ്പോൾ അത് അറിയില്ലായിരുന്നു. ആ സത്യസന്ധമായ യാഥാർത്ഥ്യത്തെ തിരിച്ചറിയുന്നതിനുപകരം സ്വർണ്ണക്കള്ളക്കടത്തുകാരിയുടെ അഭിപ്രായങ്ങൾ മുഖവിലയ്ക്കെടുക്കുകയും നാല് പതിറ്റാണ്ടുകാലം സത്യസന്ധമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെ നേതൃത്വപരമായ പങ്കുവഹിച്ച ബഹുമാനപ്പെട്ട സ്പീക്കറെ അവിശ്വസിക്കുകയും ചെയ്യുന്ന ഒരു അസാധാരണ ധാർമ്മികതയിൽ അസാധാരണമായ ഒരു അധാർമ്മികത നിങ്ങൾ വച്ചുപുലർത്തുന്നുവെന്നുള്ളത് അങ്ങേയറ്റം അഭിമാനകരമായ കാര്യമല്ല, അത് പ്രതിഷേധാർഹമായ കാര്യമാണ്.

പതിനാലാം കേരള നിയമസഭയുടെ നവീനമായ ഇടപെടലുകൾ: നിയമസഭാ സമുച്ചയത്തിനകത്ത് ഹരിത പ്രോട്ടോകോൾ പ്രഖ്യാപിച്ച് അദ്ദേഹം നടപ്പാക്കി. ജൈവ കൃഷിയുടെ പ്രാധാന്യം- ഓർഗാനിക് ഫാമിംഗ് നേട്ടങ്ങൾ ഹരിതക്ലബ്ബിലൂടെ നടപ്പാക്കി. സോളാർ വൈദ്യുതിയിലേയ്ക്ക് മാറുന്ന പ്രവൃത്തി ആരംഭിച്ചു. നിയമനിർമ്മാണങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കി. ഭരണഘടനാ മൂല്യങ്ങൾ ചോദ്യം ചെയ്യപ്പെടുന്ന പശ്ചാത്തലത്തിൽ സാക്ഷരതാ മിഷനുമായി ചേർന്ന് ആയിരം ഭരണഘടനാ ക്ലാസ്സുകളും സംസ്ഥാനതല ഭരണഘടനാ സാക്ഷരതാ മാർച്ചും സംഘടിപ്പിച്ചു. സി.പി.എസ്.ടി. നവീകരിച്ചു; അക്കാദമികവും പുതുമയാർന്നതുമായ പരിപാടികൾ പുന:സംഘടിപ്പിച്ചു. 'ശക്ധർ ആൻഡ് കൗൾ' മാതൃകയിൽ ഇൻഡ്യയിൽ ആദ്യമായി നിയമസഭ സ്വന്തമായ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. നിയമസഭയുടെ ഇംപാക്ട് സ്റ്റഡി സംഘടിപ്പിച്ച് 21 ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. നിയമസഭാ മാധ്യമ അവാർഡുകൾ നവീകരിച്ചു. 'അറിവോരം' എന്ന മാഗസിനും അച്ചടിമാസികയും പ്രസിദ്ധീകരിച്ചു. സാമാജികരുടെയും നിയമസഭയുടെയും പ്രവർത്തന പദ്ധതികൾ പൊതുജനങ്ങളിലേയ്ക്കെത്തിച്ചു. ഇൻഡ്യയിൽ ആദ്യമായി ട്രാൻസ്ജെൻഡേഴ്സുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിയമസഭാ സമിതിയുടെ പരിഗണനാവിഷയങ്ങളിൽ കൊണ്ടുവന്നു. നിയമസഭാ സമിതികളുടെ റിപ്പോർട്ടുകൾ ചർച്ച ചെയ്യാൻ മുൻകയ്യെടുത്തു. ചട്ടങ്ങളുണ്ടാക്കാതെ കെട്ടിക്കിടന്ന നിയമങ്ങൾക്കെല്ലാം നിശ്ചിതസമയത്തിനകം ചട്ടങ്ങളുണ്ടാക്കി പ്രാബല്യത്തിൽ വന്നു. നിയമസഭാ സാമാജികർ ഉന്നയിക്കുന്ന ചോദ്യങ്ങളുടെ

ഉത്തരങ്ങൾ മേശപ്പുറത്തുവയ്ക്കുന്ന നടപടികൾ സ്വീകരിച്ച് ഉറപ്പാക്കി. മുൻ നിയമസഭാ സാമാജികരുടെ വാസസ്ഥലത്തിൽ 18 മുറികൾ അധികമായി പണികഴിപ്പിച്ചു. മുൻസാമാജികരുടെ വാസസ്ഥലമായ പമ്പാ ബ്ലോക്ക് പുതുക്കിപ്പണിതു. സഭാനടപടികൾ ഒ.ടി.ടി. പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കി. സഭയുടെ ഇതുവരെയുള്ള എല്ലാ ചരിത്രവും ആർക്കൈവ്സ് ചെയ്യാൻ നടപടി സ്വീകരിച്ചു. ഇൻഡ്യയിലെന്നല്ല ലോകത്ത് ഒരു നിയമസഭാ കാലയളവിലും നിയമസഭാ സ്പീക്കറുടെ നേതൃത്വത്തിൽ ഇത്രയും ബൃഹത്തായ പരിപാടികൾ ഭാവനാസമ്പന്നമായി നടപ്പാക്കിയ ഒരു ചരിത്രം, ഈ നാടിന്റെ ചരിത്രത്തിൽ, ഈ ലോകത്തിന്റെ ചരിത്രത്തിൽ കാണില്ല. അങ്ങനെയുള്ള ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ അവിശ്വാസപ്രമേയമല്ല കൊണ്ടുവരേണ്ടത്, അവാർഡ് കൊടുത്ത് അനുമോദിക്കുകയാണ് വേണ്ടതെന്ന കാര്യം ഈയവസരത്തിൽ പ്രത്യേകം ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ പ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ബഹുമാന്യനായ എം. ഉമ്മർ അവതരിപ്പിച്ച 'സ്പീക്കറെ നീക്കം ചെയ്യണമെന്ന' പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഭരണഘടനാ സ്ഥാപനം സ്വർണ്ണക്കള്ളക്കടത്തിലും ഡോളർ കള്ളക്കടത്തിലും ഹവാലയിലും റിവേഴ്സ് ഹവാലയിലും ബന്ധപ്പെട്ടിരിക്കുന്നുവെന്നുള്ളത് ഞെട്ടിപ്പിക്കുന്ന ഒരു വാർത്തയാണ്. രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന ഉദ്ദേശ്യത്തോടെ സ്പീക്കറുടെ നിരവധി വിദേശയാത്രകളിൽ ഡോളർ കടത്തിയെന്ന ഗുരുതരമായ ആരോപണത്തിൽ സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ കേന്ദ്ര ഏജൻസി ചോദ്യം ചെയ്തുകഴിഞ്ഞു. ഈ സമ്മേളനം കഴിഞ്ഞാൽ ബഹുമാനപ്പെട്ട സ്പീക്കറെ ചോദ്യം ചെയ്യുമെന്നാണ് മാധ്യമങ്ങളിൽ നിന്നും മനസ്സിലാകുന്നത്. ഗുരുതരമായ രാജ്യദ്രോഹക്കുറ്റം ചെയ്ത, സ്വർണ്ണക്കള്ളക്കടത്തും ഡോളർ കള്ളക്കടത്തും ഹവാലയും റിവേഴ്സ് ഹവാലയും കള്ളപ്പണം വെളുപ്പിക്കലും നടത്തിയ കുറ്റവാളികളോടൊപ്പം ബഹുമാനപ്പെട്ട സ്പീക്കറും അതിന്റെ പങ്കാളിത്തം അറിഞ്ഞോ അറിയാതെയോ നിർവ്വഹിച്ചിരിക്കുന്നുവെന്നുള്ളതാണ് ഏറ്റവും ഗുരുതരമായ ഒരു വിഷയം. അദ്ദേഹത്തിന്റെ 14 വിദേശയാത്രകളിൽ ഡോളർ കടത്തപ്പെട്ടിരിക്കുന്നുവെന്നതിന്റെ പേരിലാണ് അയ്യപ്പൻ എന്നുപറയുന്ന അദ്ദേഹത്തിന്റെ പാവപ്പെട്ട സ്റ്റാഫിനെ കേന്ദ്ര ഏജൻസി ചോദ്യം ചെയ്യുന്നത്. പലകാര്യങ്ങളും പുത്തുവരാനുണ്ട്. പാർലമെന്ററി ജനാധിപത്യത്തിന്റെ പാരമ്പര്യത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കാൻ ബാധ്യസ്ഥനായ സ്പീക്കർ പക്ഷപാതപരവും സ്വജനപക്ഷപാതവും ധൂർത്തും ചട്ടവിരുദ്ധവുമായ പ്രവർത്തനവും അഴിമതിയും അനാവശ്യമായ ആർഭാടവും പി.എസ്.സി-യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും നോക്കുകുത്തിയാക്കി നൂറുകണക്കിന് പിൻവാതിൽ നിയമനം

നടത്തിയെന്നുമുള്ള ഗുരുതരമായ കുറ്റമാണ് ചെയ്തിരിക്കുന്നത്. ആ കുറ്റം ബഹുമാനപ്പെട്ട സ്പീക്കറുടെ പദവിയെ കളങ്കപ്പെടുത്തി എന്നുള്ളതാണ് പ്രതിപക്ഷത്തിന് പറയാനുള്ള ആരോപണം. അതാണ് ശ്രീ. എസ്. ശർമ്മയുടെ 'എന്താണ് കുറ്റം' എന്ന ചോദ്യത്തിനുള്ള മറുപടി എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ധൂർത്തും ആർഭാടവും ചട്ടവിരുദ്ധമായ പ്രവർത്തനങ്ങളും മുഖമുദ്രയാക്കിയ ബഹുമാനപ്പെട്ട സ്പീക്കർ, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യുമ്പോൾ, നിയമസഭയുടെ ഭരണഘടനാപരമായ പവിത്രത ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രതിരോധിക്കാൻ ശ്രമിക്കുന്നത് കേരളത്തിലെ ജനങ്ങളെ വിഡ്ഢികളാക്കുന്ന നടപടിയാണ്. നിഷ്പക്ഷനാകേണ്ട സ്പീക്കർ തനി പാർട്ടിക്കാരനായി മാറിയ നിരവധി സംഭവങ്ങളുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 70 സബ്മിഷൻ പ്രതിപക്ഷനേതാവിന് കൊടുത്തു. അത് പ്രതിപക്ഷത്തിന്റെ അക്കൗണ്ടിലായിരുന്നില്ല. ഇന്ന് ബഹുമാന്യനായ രമേശ് ചെന്നിത്തല ഒരു സബ്മിഷൻ എടുത്തത് പ്രതിപക്ഷത്തിന്റെ അക്കൗണ്ടിലാക്കി വെറും പക്ഷപാതപരമായി പെരുമാറി. 24-8-2020-ലെ അവിശ്വാസപ്രമേയം 3 മണിക്കൂറും 42 മിനിറ്റും സമയമെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചു. നിരവധി മന്ത്രിമാർ രണ്ടുമണിക്കൂറോളം സംസാരിച്ചു. ഒരക്ഷരം പറഞ്ഞില്ലെന്നുമാത്രമല്ല, പോളിറ്റ്ബ്യൂറോ അംഗം പ്രസംഗിക്കുമ്പോൾ സംസ്ഥാന കമ്മിറ്റി അംഗം കേട്ടിരിക്കുന്നതുപോലെയാണ് ബഹുമാനപ്പെട്ട സ്പീക്കർ അത് കേട്ടിരുന്നത്; അതുസംബന്ധിച്ച് യാതൊരു നടപടിയുമെടുത്തില്ല. ഇത് പക്ഷപാതപരമാണ്.

അവകാശലംഘന നോട്ടീസ് സർവ്വശ്രീ ജെയിംസ് മാത്യു, രാജു എബ്രഹാം, കെ. എസ്. ശബരീനാഥൻ, കെ. സി. ജോസഫ് എന്നിവർ കൊടുത്തു. ശ്രീ. രാജു എബ്രഹാമിനും ശ്രീ. ജെയിംസ് മാത്യുവിനും ഒരു നിയമം; ശരവേഗത്തിൽ തീരുമാനമുണ്ടായി. ശ്രീ. കെ. എസ്. ശബരീനാഥനും ശ്രീ. കെ. സി. ജോസഫും കൊടുത്തിട്ട് ഇന്നുവരെ ഒരു തീരുമാനവുമുണ്ടായില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെതിരെ ഒരു കള്ളകച്ചവടക്കാരൻ പരാതി പറഞ്ഞു. പിറ്റേദിവസം വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. അതിന് യാതൊരു മടിയുമില്ല. അതിൽ ആരോപിക്കപ്പെട്ട രണ്ട് മന്ത്രിമാരുടെ പേരിൽ ഇന്നും ഗവർണർ അനുമതി കൊടുക്കാതിരിക്കുമ്പോഴാണ് ഇക്കാര്യം ചെയ്തത്.

എനിക്ക് ഒരു അനുഭവമുണ്ട്. ഞാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ അഡ്വക്കേറ്റ് അജിത് പ്രകാശ് മുഖേന ഒരു വ്യക്തിക്ക് വക്കീൽ നോട്ടീസയച്ചു. ആ വ്യക്തി, ഭീഷണിപ്പെടുത്തിയെന്ന് പറഞ്ഞ് ഈ വക്കീൽ നോട്ടീസ് ബഹുമാനപ്പെട്ട സ്പീക്കർക്ക് അയച്ചുകൊടുത്തു. പിറ്റേദിവസം ബഹുമാനപ്പെട്ട സ്പീക്കർ എനിക്കെതിരെ അന്വേഷണത്തിന് ഉത്തരവിട്ട് അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്

കൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എറണാകുളം സിറ്റി പോലീസ് കമ്മീഷണറോട് പെട്ടെന്ന് എന്നെ കസ്റ്റഡിയിലെടുക്കാൻ ആവശ്യപ്പെട്ടു. പോലീസ് അന്വേഷിച്ചപ്പോൾ അത് വക്കീൽ നോട്ടീസാണെന്ന് മനസ്സിലായി. ഇതാണ് ഈ സ്പീക്കറുടെ നിഷ്പക്ഷത എന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. തന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ ഇ.ഡി. അടക്കമുള്ള കസ്റ്റംസ് കേന്ദ്ര ഏജൻസികൾ ചോദ്യം ചെയ്യുമ്പോൾ ഈ അവകാശലംഘനത്തെ സംബന്ധിച്ച് എന്താണ് അദ്ദേഹത്തിന്റെ നിലപാട്? നിയമസഭാ സെക്രട്ടറിക്ക് കസ്റ്റംസ് എഴുതിയ നോട്ടീസ് സഭയുടെ അവകാശലംഘനമാണെന്ന് പറയുന്നു. അത് എങ്ങനെയാണ് അവകാശലംഘനമാകുന്നത്? 2018-19-ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കിഫ്ബി സി.ഇ.ഒ. അക്കൗണ്ട്സ് ചോർത്തി നൽകിയെന്ന് ധനമന്ത്രി പറഞ്ഞതിനെതിരെ ശ്രീ. കെ. എസ്. ശബരീനാഥൻ പരാതി കൊടുത്തു. ഒരു നടപടിയുമുണ്ടായില്ല; അപ്പോൾ ഇത് പക്ഷപാതപരമാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹം മുഖ്യമന്ത്രിയോട് വളരെ വിനീത വിധേയനായി സംസാരിക്കുന്നതിൽ യാതൊരു വിരോധവുമില്ല. കഴിഞ്ഞ ദിവസം ഞാൻ പ്രസംഗിച്ചപ്പോൾ പൂരപ്പാട്ട് വേണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. 'എന്തും പറയാം വഷളാ' എന്നുപറഞ്ഞു; അതും അദ്ദേഹം നിയന്ത്രിച്ചില്ല. ഇതേ മുഖ്യമന്ത്രി കെ. കരുണാകരനെ 1972-ൽ ശുംഭനെന്നും 1973-ൽ മൃഗമെന്നും വിളിച്ചിരുന്നു. അങ്ങ് ചരിത്രം കാണാത്തതല്ലല്ലോ; അങ്ങ് എന്ത് ചെയ്തു? ശങ്കരനാരായണൻ തമ്പി ഹാളിന്റെ നവീകരണത്തിനെടുത്ത 16 കോടി രൂപയിൽ 6 കോടി രൂപ തിരിച്ചടച്ചു. ആ ധൂർത്ത് ഒഴിവാക്കാൻ കഴിയുമോ? അതുപോലുള്ള നിരവധി തട്ടിപ്പുകൾ നടത്തി. ഇ-നിയമസഭയ്ക്കുവേണ്ടി 52.31 കോടി രൂപ ചെലവഴിച്ചു; നിയമസഭ മ്യൂസിയത്തിൽ ഇ.എം.എസ്. സ്മൃതി പവലിയൻ സ്ഥാപിക്കുന്നതിനുവേണ്ടി ഡൽഹിയിൽനിന്നും ഒരാളെക്കൊണ്ടുവന്നു പഠനം നടത്തി കോടികൾ ചെലവഴിച്ചു; പിരിച്ചുവിട്ടു. രണ്ടാമത്, വേറൊരു പ്രോജക്ട് റിപ്പോർട്ട് കൊണ്ടുവരുന്നു; യാതൊരു നടപടിയുമില്ല. അതുപോലെ, എന്തിനാണ് ഒരു സഭാ ടി.വി.? തട്ടിപ്പിന്റെ കൂടാരമായി സഭാ ടി.വി. മാറിയിരിക്കുകയാണ്. മറ്റൊന്നാണ് ഫെസ്റ്റിവെൽ ഓൺ ഡെമോക്രസി. അഴിമതിയും ധൂർത്തും നടത്തി ഈ സ്ഥാപനത്തെ അപമാനിച്ചിരിക്കുകയാണ്. കൈരളി ടി.വി.യിലെ ശരത് എന്നൊരാൾക്ക് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച ഉടനെതന്നെ 58 ലക്ഷം രൂപ കൊടുത്തു. അദ്ദേഹം ബഹുമാനപ്പെട്ട സ്പീക്കർക്ക് നന്ദിപറഞ്ഞുകൊണ്ട് കത്ത് അയച്ചിരിക്കുന്നു. എം.ഐ.ടി. പൂന യൂണിവേഴ്സിറ്റി ബഹുമാനപ്പെട്ട സ്പീക്കർക്ക് അവാർഡ് നൽകി. അവർക്കാണ് ഫെസ്റ്റിവെൽ ഓൺ ഡെമോക്രസിയുടെ ചുമതല നൽകിയത്. കേരളം പ്രളയത്തിൽ മുങ്ങിത്താഴുന്ന സമയത്ത് അഞ്ച് കോടി രൂപ ചെലവഴിച്ചാണ് ഇത് നടത്തിയിരിക്കുന്നത്, ഈ തട്ടിപ്പ് നിങ്ങളറിയണം. 'ദി ഹിന്ദു'

പത്രത്തിന്റെ ഒരു ലേഖകനെ സഭാ ടി.വിയിൽ നിയമിച്ചിരിക്കുന്നു. ഒരു ചെലവുമില്ലെന്ന് പറയുന്നു, ഇതുവരെ ലക്ഷങ്ങൾ ചെലവഴിച്ചിരിക്കുന്നു. 40 കോടി രൂപ പ്രിന്റിംഗിനാകുമെന്ന് പറയുന്നു. യഥാർത്ഥത്തിൽ ഒരു കോടി രൂപ മാത്രമാണ് പ്രിന്റിംഗിനാകുന്നത്. നിഷ്പക്ഷനായ സ്പീക്കർ നിരന്തരമായി പക്ഷപാതപരമായി, പെരുമാറിക്കൊണ്ടിരിക്കുന്നതിന്റെ ധാരാളം ഉദാഹരണങ്ങളുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്..........

ശ്രീ. പി. ടി. തോമസ്: സർ, 1200 സീറ്റുണ്ടായിരുന്ന ശങ്കരനാരായണൻ തമ്പി ഹാളിൽ ഇപ്പോൾ 650 സീറ്റുകളേയുള്ളൂ. ബഹുമാന്യരായ രാഷ്ട്രപതിയും പ്രധാനമന്ത്രിയും വരുമ്പോൾ എം.എൽ.എ.-മാർക്ക് ഫോട്ടോയെടുക്കാവുന്ന ഒരു ഏരിയയുണ്ടായിരുന്നു, അതെല്ലാം ഇടിച്ചുനിരത്തി. എന്തിനാണ്? ഈ നിയമസഭാ മന്ദിരത്തിന്റെ നിർമ്മാണത്തിന് ആകെ 72 കോടി രൂപയാണ് ചെലവായത്. ഇപ്പോൾ അതിനേക്കാൾ കൂടുതൽ ഇത് മോടി പിടിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ ചെലവഴിച്ചിരിക്കുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 6 കോടി രൂപ തിരിച്ചടച്ചുവെന്നാണ് പറയുന്നത്. ഒന്നുകിൽ ക്വാളിറ്റി കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ടാകണം. അല്ലെങ്കിൽ അവർതന്നെ എസ്റ്റിമേറ്റുണ്ടാക്കുന്നു, അവർതന്നെ തീരുമാനിക്കുന്നു, അവർതന്നെ കൊടുക്കുന്നു. ഇത് ഏത് നാടാണ്? ജനങ്ങൾ ഏറ്റെടുത്ത നേതാക്കളാണ് ബഹുമാന്യരായ മുഖ്യമന്ത്രിയും സ്പീക്കറും; അവരെ ദുർബ്ബലപ്പെടുത്തരുതെന്ന ആഗ്രഹം ശ്രീ. എസ്. ശർമ്മ ഇവിടെ പറഞ്ഞു. കേരളത്തിലെ ജനങ്ങളല്ല കള്ളക്കടത്തുകാരാണ് ഇവരെ ഏറ്റെടുത്തിരിക്കുന്നത്. ഇവിടെ കോ-ലീ-ബി സഖ്യമെന്ന് പറഞ്ഞില്ലേ? സ്പീക്കറെ തെരഞ്ഞെടുക്കുന്ന ദിവസം ശ്രീ. ഒ. രാജഗോപാൽ പറഞ്ഞു, രാമനും കൃഷ്ണനും അടങ്ങിയിരിക്കുന്ന ശ്രീരാമകൃഷ്ണനെ പിന്തുണയ്ക്കുന്നുവെന്ന്. അദ്ദേഹത്തിനുപോലും ഇപ്പോൾ പിന്തുണ പിൻവലിക്കേണ്ടി വന്നിരിക്കുന്നു. ബി.ജെ.പി.യായ അദ്ദേഹത്തിന്റെപോലും പിന്തുണ വാങ്ങിയ സ്പീക്കർ പദവിയാണ് ഇന്ന് കേരളം കാണാത്ത ധൂർത്തിനും ആഢംബരത്തിനും അഴിമതിക്കും വകവച്ചിരിക്കുന്നത്. നിഷ്പക്ഷമായൊരു അന്വേഷണം നടത്തിയാൽ ബഹുമാന്യനായ സ്പീക്കർ ജയിലിൽ പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ പ്രമേയത്തെ ഞാൻ ശക്തമായി അനുകൂലിക്കുകയാണ്.

11.00 A.M.]

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇവിടെ ബഹുമാനപ്പെട്ട എം. ഉമ്മർ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. അവിശ്വാസം ആരോടെങ്കിലുമുണ്ടാകണമെങ്കിൽ ആരോടെങ്കിലും അത്രതന്നെ

വിശ്വാസമുണ്ടാകണം. പ്രതിപക്ഷത്തിന് വിശ്വാസം സ്വപ്നയോടും അവിശ്വാസം ശ്രീ. പി. ശ്രീരാമകൃഷ്ണനോടുമാണ്. ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായ അതിന്റെ തെളിവുകളോടെ കൃത്യമായ നിരീക്ഷണത്തിലോ നിയമപരമോ ആയ ഇടപാടുകളിലൂടെയോ അവതരിപ്പിക്കാമെന്ന് ഇവിടെ ശ്രീ. എസ്. ശർമ്മ പറഞ്ഞു. അങ്ങനെയൊന്നും ഇവിടെയില്ല. ഇവിടെ കേന്ദ്ര ഗവൺമെന്റ് അന്വേഷിക്കുന്ന ഒരു കേസിൽ പ്രതിയായ, ഇപ്പോൾ ജയിലിലുള്ള ഒരാൾ പറഞ്ഞ അഭിപ്രായത്തിന്റെ പുറത്താണ് ബഹുമാനപ്പെട്ട സ്പീക്കറെപ്പോലെയുള്ള ഒരാളുടെ പേരിൽ പ്രതിപക്ഷം അവിശ്വാസം കൊണ്ടുവന്നത്. രണ്ട് തരം മനുഷ്യരുണ്ട്, രാഷ്ട്രീയ മനുഷ്യരും സാംസ്കാരിക മനുഷ്യരും. എല്ലാ രാഷ്ട്രീയക്കാരും കുറച്ച് സാംസ്കാരിക മനുഷ്യർ കൂടിയാകുന്നത് നല്ലതാണ്. രാഷ്ട്രീയത്തിൽ നമുക്ക് ഭിന്നതകളുണ്ടാകും. ആ രാഷ്ട്രീയത്തിലെ ഭിന്നതകളും എതിർപ്പുകളും ജനത്തിനുവേണ്ടിയുള്ള എതിർപ്പുകളും സഭയിൽ കൊണ്ടുവരാം. പ്രതിപക്ഷമാണെങ്കിലും ഭരണപക്ഷമാണെങ്കിലും ജനങ്ങളോടുള്ള അടുപ്പമാണ് അവർ തമ്മിലുള്ള അകലത്തിനും അടുപ്പത്തിനും കാരണമാകേണ്ടത്. നമ്മൾ തമ്മിൽ ജനങ്ങൾക്കുവേണ്ടി അടുക്കാം, ജനങ്ങൾക്കുവേണ്ടി അകലാം. ഈ അവിശ്വാസപ്രമേയത്തിൽ ജനങ്ങൾക്കുവേണ്ടിയും രാഷ്ട്രീയമായും ഒന്നുമില്ല. ഞാൻ ഓർക്കുന്നു, ഇന്ത്യയിൽ രാഷ്ട്രീയമായി അകന്നും അടുത്തും നിന്ന കാലത്തെ തർക്കങ്ങളുടെയും സംവാദങ്ങളുടെയും കഥകൾ ഇപ്പോൾ വിവരാവകാശ നിയമപ്രകാരം ലഭിക്കും. ഒരിക്കൽ ജവഹർലാൽ നെഹ്റുവും പട്ടേലും തമ്മിൽ സോമനാഥ ക്ഷേത്രവുമായി ബന്ധപ്പെട്ട് ഒരു തർക്കമുണ്ടായി. അവർ രണ്ടുപേരും ഒരു പാർട്ടിയിലും ഒരു ക്യാബിനെറ്റിലുമായിരുന്നു. സോമനാഥ ക്ഷേത്രം പുതുക്കി പണിയണമെന്ന് പട്ടേലും ആ പണം ഇന്ത്യയിലെ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണമെന്ന് നെഹ്റുവും. ഇതായിരുന്നു തർക്കം. നെഹ്റു പറഞ്ഞു, നമുക്ക് ഒരു ആരാധനാലയമല്ല, എയർപോർട്ടും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരാലയങ്ങളുമാണ് അത്യാവശ്യം. എന്നാൽ പട്ടേൽ അത് സമ്മതിച്ചില്ല, അദ്ദേഹം പറഞ്ഞത്, ചിലതെല്ലാം ഉണ്ടായിവരുമ്പോൾ മനുഷ്യന്റെയുള്ളിൽ ആദരവും അഭിമാനവുമുണ്ടാകും. ആ തർക്കംതന്നെ എത്ര മനോഹരമായിരുന്നു. ഇവിടെ നമ്മൾ നടത്തുന്ന തർക്കത്തിന് എന്തെങ്കിലും മനോഹാരിതയോ രാഷ്ട്രീയമോ ജനങ്ങൾക്കുവേണ്ടിയുള്ള നൂതനമായ ഏതെങ്കിലും തരത്തിലുള്ള ആശയത്തിന്റെ ഉല്പാദനമോ ഉണ്ടോ? ഇലക്ഷൻ വരികയാണ്. ഇലക്ഷനിൽ നമുക്ക് തർക്കിക്കാം. ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരെ രാഷ്ട്രീയമായി ഉപയോഗിക്കാൻ ആയുധങ്ങളില്ലെങ്കിൽ നിങ്ങൾ രാഷ്ട്രീയമായ ആയുധങ്ങൾ തേടുക. ഇതിലെ ഏറ്റവും വലിയ പ്രശ്നം എന്താണ്?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഒരു സ്റ്റാർട്ടപ്പ് സ്ഥാപനത്തിന്റെ ഉദ്ഘാടനത്തിന് പോയി എന്നതാണ്. നമുക്ക് വേണമെങ്കിൽ, എം.എൽ.എ.-മാരും മന്ത്രിമാരും ജനപ്രതിനിധികളും ഇനിമുതൽ ഏതെങ്കിലും വ്യക്തികൾ തുടങ്ങുന്ന സംരംഭങ്ങളുടെ ഉദ്ഘാടനത്തിന് പോകണ്ടെന്ന് കൂട്ടായി തീരുമാനിക്കാം. എന്നാൽ അങ്ങനെ തീരുമാനിക്കാനാകുമോ? ജവഹർലാൽ നെഹ്റു അമ്പലങ്ങളിൽ പോകാതിരുന്നയാളാണ്. സോമനാഥക്ഷേത്രം പുതുക്കിപ്പണിതതിനുശേഷം അതിന്റെ ഉദ്ഘാടനത്തിന് ഇന്ത്യൻ പ്രസിഡന്റായിരുന്ന രാജേന്ദ്രപ്രസാദിനെ ക്ഷണിച്ചപ്പോൾ രാജേന്ദ്രപ്രസാദിനോട് പോകരുതെന്ന് എഴുതി അറിയിച്ച ആളാണ് അദ്ദേഹം. അത് പരിഗണിക്കാതെ രാജേന്ദ്രപ്രസാദ് ഉദ്ഘാടനത്തിന് പോയി. പക്ഷെ അദ്ദേഹം നടത്തിയത് ഒരു മതേതരത്വ പ്രസംഗമാണ്. ആ നെഹ്റുവിന്റെ ചിത്രം നിങ്ങൾ എല്ലായിടത്തും വയ്ക്കുന്നില്ലേ; നെഹ്റു കോൺഗ്രസിന്റെ നേതാവായി ഇന്ത്യയിൽ 17 വർഷം ഭരിച്ചയാളാണെന്ന് നിങ്ങൾ അംഗീകരിക്കുന്നില്ലേ? അക്കാലത്ത് ഹിന്ദുമഹാസഭക്കാർ നെഹ്റുവിനെ വിദേശത്തുള്ള ഒരു സ്ത്രീയുടെ പേരുമായി ബന്ധപ്പെടുത്തി ആക്ഷേപം ഉന്നയിച്ചു. അദ്ദേഹം ഇറച്ചിയും മദ്യവും കഴിക്കുന്ന ആളാണെന്നും ആക്ഷേപം ഉന്നയിച്ചു. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകളോ സോഷ്യലിസ്റ്റുകളോ അതൊന്നും ഏറ്റെടുത്തിട്ടില്ല. നെഹ്റുവുമായി സാമ്പത്തിക കാര്യങ്ങളിൽ ഞങ്ങൾക്ക് ചില തർക്കങ്ങളുണ്ടായിരുന്നു. രാഷ്ട്രീയ മനുഷ്യനായി മാറുക എന്നതാണ് രാഷ്ട്രീയത്തിന്റെ കാതലായ കാര്യം. രാഷ്ട്രീയ മനുഷ്യനായി മാറാൻ നമ്മൾ ചില പാഠങ്ങൾ പഠിക്കണം. ഞാൻ എല്ലാം പറഞ്ഞുപോകുകയല്ല. നെഹ്റുവിൽനിന്നും ചിലത് പഠിച്ചാൽ കോൺഗ്രസിനത് മനസ്സിലാകും. ഇന്ന് ആരെങ്കിലും എന്തെങ്കിലും ഉന്നയിച്ചാൽ അന്വേഷണവുമായി കേന്ദ്ര ഏജൻസികൾ വരികയാണ്. കേന്ദ്ര ഏജൻസികൾ ആരുടെ കൈകളിലാണെന്നും അവർ എന്തിനാണ് മനുഷ്യന്റെ പുറകെ നടക്കുന്നതെന്നും നമുക്കറിയാം. ഇന്ത്യയിലെ അവർക്കെതിരായ ഗവൺമെന്റുകളിൽ അവർക്ക് വിലകൊടുത്തുവാങ്ങാൻ പറ്റാത്ത ഏക ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന കേരള ഗവൺമെന്റാണെന്നും ഇതിനെ തകർക്കാൻ മറ്റു വഴികൾ ആലോചിക്കണമെന്നും ഞങ്ങളും നിങ്ങളും ഉൾപ്പെടെ കേരളത്തിലെ ചിന്തിക്കുന്ന എല്ലാവർക്കും കൃത്യമായി അറിയാം. ഞാൻ ഒരു കാര്യം പറയുന്നു: ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ പിന്നാലെ ഇന്ന് നടക്കുന്നവർ അധികം താമസിയാതെ നിങ്ങളുടെ പിന്നാലെയും നടക്കുമെന്നുമാത്രമല്ല നിങ്ങളെ അവർ കിടത്തും എന്ന കാര്യവും ഉറപ്പാണ്. ഇത് മനസ്സിലാക്കിയിരിക്കണം. ആരാണ് ഇന്ത്യയിലെ ഇടതുപക്ഷത്തിന്റെയും മതേതരത്വ ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും ഇന്നത്തെ ശത്രു? ബി.ജെ.പി.-യിൽത്തന്നെ ബി.ജെ.പി.-യെ ഉൾക്കൊള്ളാൻ കഴിയാത്ത ചിന്ത

വളർന്നുവരുന്നുണ്ട്. ആ കാലത്താണ്, അവർക്ക് കേരളത്തിലെ ഗവൺമെന്റിനെ പിടികൂടണം. ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ മാത്രമല്ല കേരളത്തിലെ മന്ത്രിമാരുടെയും നേതാക്കന്മാരുടെയും പുറകെ നടക്കണം. അതിന് നിങ്ങൾ കൂട്ടുപിടിക്കരുത്. നിങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണിയോട് വിയോജിപ്പുണ്ടെങ്കിൽ, അത് പ്രകടിപ്പിക്കാനുള്ള രാഷ്ട്രീയമായ സാധ്യതകളുണ്ടെങ്കിൽ അത് ഉപയോഗിക്കുന്നതിന് ആരും എതിരല്ല. പ്രതിപക്ഷമായാലും ഭരണപക്ഷമായാലും, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നുപറയുന്നത് വിമർശനത്തിലൂടെ പരസ്പരം ശുദ്ധീകരിക്കാനുള്ളതാണ്. അതിനുവേണ്ടി ഏത് കഴിവും ഉപയോഗിക്കുന്നതിന് ഞാൻ എതിരല്ല. രണ്ടാമത് നിങ്ങൾ പറഞ്ഞ ഒരു കാര്യം, സഭയിൽ ഏതോ ഒരംഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കുടുംബത്തെക്കുറിച്ചുപോലും പറഞ്ഞു, മുഖ്യമന്ത്രിയുടെ കുടുംബം വേറെയാണ്. അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതം വേറെയാണ്. രാഷ്ട്രീയത്തിലൂടെയാണ് അദ്ദേഹം കേരളത്തിലെ മുഖ്യമന്ത്രിയായത്. പിണറായി വിജയനെന്ന വ്യക്തി ജനിച്ച കുടുംബത്തിന്റെ പേരിലോ തറവാടിന്റെ പേരിലോ അല്ല കേരള രാഷ്ട്രീയത്തിൽ അദ്ദേഹമെത്തിയത്.

സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത്, ഒരു ദിവസം വൈകുന്നേരം ചെറിയൊരു മഴയത്ത് തൃശ്ശൂരിലൂടെ കുടയും പിടിച്ച് നടന്നുപോകുമ്പോൾ ഒരു ഓട്ടോറിക്ഷാക്കാരൻ അദ്ദേഹത്തിന്റെ അടുത്തുകൊണ്ടുവന്ന് നിർത്തിയിട്ട് ഓട്ടോയിൽ കയറാൻ പറഞ്ഞു. എന്നാൽ അദ്ദേഹം ഓട്ടോയിൽ കയറിയില്ല. ......... (ബഹളം)....... പകരം അദ്ദേഹം പറഞ്ഞത്, 'ഇന്ന് ഞാൻ നിങ്ങളുടെ ആട്ടോയിൽ കയറിയാൽ, നാളെയും നിങ്ങളുടെ ഓട്ടോ കാണുമ്പോൾ എന്നെ വെറുതെ വീട്ടിൽ കൊണ്ടുവിടണമെന്ന് ആഗ്രഹം തോന്നും. അത് എനിക്കും നിങ്ങൾക്കും ബുദ്ധിമുട്ടാകും. അതുകൊണ്ട് ഞാനീ മഴയത്ത് കുടയും പിടിച്ച് പോകാം, നിങ്ങൾ നിങ്ങളുടെ ആട്ടോയിൽ പോകുക, നമ്മൾ തമ്മിലുള്ള ബന്ധം സ്ഥിരമായിത്തന്നെ സ്നേഹപൂർവ്വം നിലനിർത്തുക'. ഇ.എം.എസ്. എല്ലാ വസ്തുക്കളും സ്വത്തുക്കളും പാർട്ടിക്ക് എഴുതിക്കൊടുത്തത് കേരളത്തിനൊരു മാതൃകയാണ്. ശ്രീ. പിണറായി വിജയൻ ചെറുപ്പകാലത്തുകൊണ്ട അടിയും ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളും അനുഭവിച്ച ജയിൽ മർദ്ദനവുമെല്ലാം അദ്ദേഹത്തിന്റെ രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നതായിരുന്നു. രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നത് ജനങ്ങളുടെയിടയിൽ പ്രവർത്തിക്കുന്നതിന്റെ ആകെ തുകയാണ്. നമ്മൾ അത് ചർച്ച ചെയ്യണം. കോൺഗ്രസിൽ ആരും അങ്ങനെ അടി കൊണ്ടിട്ടില്ലെന്നല്ല, കൊണ്ടിട്ടുണ്ട്. അങ്ങനെ അടി കൊണ്ടിട്ടുള്ളവരുടെ എണ്ണം ഇപ്പോൾ കുറവായതുകൊണ്ടും അടികൊള്ളാൻ പേടിയുള്ളതുകൊണ്ടുമാണ് ബി.ജെ.പി.-യെ നിങ്ങൾ ഭയപ്പെടുന്നത്. അങ്ങനെ ഭയപ്പെടാതിരിക്കുന്ന ഒരു രാഷ്ട്രീയം രൂപപ്പെടുത്തുന്നതിന് ഇത്തരം ചർച്ചകളല്ല ആവശ്യം.

ഇവിടെ ധൂർത്തിന്റെ കാര്യം പറഞ്ഞു, തീർച്ചയായും ശങ്കരനാരായണൻ തമ്പി ഹാൾ നവീകരിച്ചിട്ടുണ്ട്, നിയമസഭയെ ഇ-നിയമസഭയാക്കിയിട്ടുണ്ട്. ഇതിന്റെയെല്ലാം ആകെ തുകയെന്താണ്? ഇതിന്റെയെല്ലാം ആകെ തുക കേരളത്തിലെ സാധാരണ മനുഷ്യരും നിയമസഭയിലെ നിങ്ങളും ഞാനുമുൾപ്പെടെയുള്ളവരും തമ്മിലുള്ള ബന്ധം കൂടുതൽ അടുത്തിട്ടുണ്ട് എന്നതാണ്. കേരള നിയമസഭയെപ്പറ്റി ജനങ്ങൾ കൂടുതൽ അറിയുന്നുണ്ട്. കേരള നിയമസഭയും ജനങ്ങളും തമ്മിലുള്ള അകലം കുറഞ്ഞിട്ടുണ്ട്. നമ്മുടേത് പേപ്പർ രഹിത സഭയായി. .......(ബഹളം).... എനിക്ക് തോന്നുന്നത് ഇന്ത്യയിൽത്തന്നെ ആകെയുള്ളത് ഹിമാചൽ പ്രദേശിലാണ്. (പ്രതിപക്ഷാംഗങ്ങൾ പേപ്പറുകൾ ഉയർത്തിക്കാണിച്ചു) .......(ബഹളം).... പേപ്പറുകൾ ഇപ്പോഴുമുണ്ട്. ഞാൻ പറയുന്നത്, എല്ലാം പരിഹരിക്കണം. ഈ ധൂർത്തിന്റെ കാര്യം പറയുമ്പോൾ ......(ബഹളം).... നിങ്ങൾ ചെറുപ്പക്കാരാണല്ലോ, ചെറുപ്പക്കാരോടും ഞാൻ പറയുന്നു. ധൂർത്തിന്റെ കാര്യം പറയുമ്പോൾ ധൂർത്ത് എന്താണെന്ന് നിർവ്വചിക്കണം. മഹാഭാരത യുദ്ധത്തിൽ നിർവ്വചിക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ള പദമായി ഭീഷ്മർ പറയുന്നത് ധർമ്മമാണ്. അത് കൂടുതൽ അറിവുള്ളവർക്ക് പറയാൻ പ്രയാസവും അറിവ് കുറഞ്ഞവർക്ക് പറയാൻ എളുപ്പവുമാണ്. ആ സഭയിൽ വികർണ്ണൻ ധർമ്മം പറയുന്നുണ്ട്. പക്ഷെ, ഭീഷ്മർ ധർമ്മത്തെ നിർവ്വചിക്കുന്നില്ല. ഈ ധൂർത്തും അതുപോലെയാണ്. എന്താണ് ധൂർത്ത്; താജ്മഹൽ ഒരു ധൂർത്താണോ; Empire state building of America, സപ്താത്ഭുതങ്ങളിൽ ഒന്നാകുവാനായി നിർമ്മിച്ചത്, അത് ധൂർത്താണോ; ഇപ്പോൾ ദുബായിൽ കെട്ടിയ 122 നിലകളുള്ള കെട്ടിടം ധൂർത്താണോ? ഒരു രാജ്യത്തിന്റേയും ഒരു സഭയുടെയും ഒരു സംസ്ഥാനത്തിന്റെയും ആത്മാഭിമാനമാകുന്ന പലതും ധൂർത്തല്ല. ഈ സഭയ്ക്കുവേണ്ടി ചെയ്യുന്നതാണ്. ശ്രീരാമകൃഷ്ണൻ തറവാട്ടിൽ കൊണ്ടുപോകുന്നതല്ല, ഇവിടത്തെ മന്ത്രിമാർ അവർക്കുവേണ്ടി കൊണ്ടുപോകുന്നതുമല്ല. ഇത് എനിക്കും നിങ്ങൾക്കും കേരളത്തിലെ ജനങ്ങൾക്കും എല്ലാക്കാലത്തും അഭിമാനമായിട്ടുള്ളതാണ്. ഒരു സ്റ്റേറ്റിനുവേണ്ടി, ഒരു സമൂഹത്തിനുവേണ്ടി സൃഷ്ടിക്കുന്നതൊന്നും ധൂർത്തല്ല. ധൂർത്തോടെ നടത്തിയ ഒരു കല്യാണത്തിനെതിരെ ഞാൻ മുഖ്യമന്ത്രിക്കുമുമ്പിൽ ഒരു പ്രമേയം കൊണ്ടുവന്നിട്ടുണ്ട്, അത് ധൂർത്താണ്. വ്യക്തിപരമായി ഒരാൾ നടത്തുന്ന കാര്യങ്ങളേ ധൂർത്താകൂ. വ്യക്തിപരമായി നടത്തുന്ന ആർഭാടങ്ങളേ ധൂർത്താകൂ. വ്യക്തിപരമായി നടത്തുന്ന, സമൂഹത്തിന് ദോഷമുണ്ടാക്കുന്ന നിർമ്മാണങ്ങളേ ധൂർത്താകൂ. സമൂഹത്തിനുവേണ്ടിയുള്ളതൊന്നും ധൂർത്താകില്ല. അത് ഈ സമൂഹത്തിന്റെ ആസ്തിയാണ്, ഈ നാടിന്റെ പ്രത്യേകതയും സമൂഹത്തിന്

അഭിമാനംകൊള്ളാവുന്നതുമാണ്. ഇത് ലോകത്തിൽ എവിടെയുമുണ്ട്. അതുകൊണ്ട് ഞാൻ അതിനെപ്പറ്റി ഒരുപാട് സംസാരിച്ചുപോകുന്നില്ല. ശ്രീ. പി. ശ്രീരാമകൃഷ്ണൻ പ്രതിഭയുള്ള, സർഗ്ഗസിദ്ധിയുള്ള, സമൂഹത്തോട് ബന്ധമുള്ള, സമൂഹത്തിന്റെ യൗവ്വന താല്പര്യങ്ങളും അറിവിന്റെ താല്പര്യങ്ങളും മനസ്സ് നിറയെയുള്ള ഒരാളാണ്. അദ്ദേഹം പലതും കൊണ്ടുവന്നിട്ടുണ്ട്. സർഗ്ഗസിദ്ധിയുള്ള പ്രഗത്ഭരായ സ്പീക്കർമാർ കേരളത്തിലുണ്ടായിരുന്ന കാലഘട്ടങ്ങളിലെല്ലാം അത്തരം കാര്യങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. അത് കേരളത്തിന്റെ ഒരു പാതയാണ്, ഒരു മാതൃകയാണ്. അതുകൊണ്ട് ആ കാര്യങ്ങളെല്ലാം അങ്ങനെയേ കണക്കാക്കാവൂ. നമുക്ക് കേരളത്തിന്റേതായ ചില അഭിമാനങ്ങളും നമ്മുടേതായ സ്വകാര്യമായ ചില അഭിമാനങ്ങളുമുണ്ട്. ആ സ്വകാര്യ അഭിമാനത്തിന്റെ ഭാഗംകൂടിയാണ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ. അദ്ദേഹത്തിന്റെ പേരിൽ ഏതോ ഒരാൾ കോടതിയിൽ പറഞ്ഞ കാര്യം, പറഞ്ഞയാളിൽ വിശ്വാസമർപ്പിച്ച്, അവിശ്വാസപ്രമേയമായി ഇവിടെ കൊണ്ടുവരികയെന്ന് പറയുന്നത് നമ്മൾതന്നെ നമ്മളിൽ അവിശ്വാസം രേഖപ്പെടുത്തുന്നതിനു തുല്യമാണ്. ശ്രീ. എം. ഉമ്മർ നല്ലവണ്ണം കാര്യങ്ങൾ പഠിച്ചുവന്ന് അവതരിപ്പിക്കുന്ന ഒരാളാണ്. പക്ഷെ അവിശ്വാസപ്രമേയം അവതരിപ്പിക്കുമ്പോൾ, ആ അവിശ്വാസം അവതരിപ്പിച്ച ആളിലുള്ള അവിശ്വാസം കൂടിയാണ്. ഈ സഭയിലുള്ള വിശ്വാസമാണ് ഏറ്റവും വലിയ വിശ്വാസം. സഭയിലുള്ള വിശ്വാസത്തിന്റെ ആദ്യ വിശ്വാസം സ്പീക്കറിലുള്ള വിശ്വാസമാണ്. അത് സ്വപ്നയിലുള്ളതല്ല, അത് പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും ആകെ വിശ്വാസമാണ്. ആ ആകെ വിശ്വാസത്തിന്റെ നന്മയിലാണ് നമ്മൾ രാഷ്ട്രീയക്കാരായി നിൽക്കുന്നത്, രാഷ്ട്രീയക്കാരായ സാംസ്കാരിക പ്രവർത്തകർ കൂടിയാകുന്നത്. പരസ്പരം രാഷ്ട്രീയം പറയുമ്പോൾ, അവരവരുടെ വ്യക്തിജീവിതത്തെയും കുടുംബജീവിതത്തെയും പരാമർശിക്കാതിരിക്കാൻ മനഃപൂർവം ശ്രദ്ധിക്കുന്നത് നമുക്കെല്ലാവർക്കും നന്നായി മുന്നോട്ടുപോകുന്നതിന് വളരെ ആവശ്യമാണ്. അതുകൊണ്ട് ഞാൻ ശ്രീ. എം. ഉമ്മറിനോടുതന്നെ പറയുന്നത്, ഇങ്ങനെയൊരവിശ്വാസം കൊണ്ടുവന്നതിലുള്ള കുറ്റബോധമുണ്ടെങ്കിൽ അദ്ദേഹമത് രേഖപ്പെടുത്തി; ഇത് പിൻവലിക്കാനുള്ള അവസരംകൂടി കിട്ടിയാൽ, ഈ സഭയുടെ അന്തസ്സും ആഭിജാത്യവും ഇതിന്റെ തുടർച്ചയായ വളർച്ചയും സംരക്ഷിക്കുന്നതിന്റെ ഉത്തരവാദിത്വം അദ്ദേഹംകൂടി പങ്കുവച്ച് ഏറ്റെടുക്കുന്നുവെന്ന് നമുക്ക് അനുമാനിക്കാനും അത് സമൂഹത്തെ അറിയിക്കാനും പറ്റും. അതുകൂടി ചെയ്യണമെന്ന അഭ്യർത്ഥനയോടെ, ഈ അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുന്നു.

ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയുടെ അന്തസ്സും യശസ്സും ഉയർത്തിപ്പിടിക്കുന്നതിനും അതിന്റെ ഔന്നത്യം കാത്തുസൂക്ഷിക്കുന്നതിനും ബാധ്യസ്ഥനായ നമ്മുടെ നിയമസഭാ സ്പീക്കർ അദ്ദേഹത്തിന്റെ പദവിയുടെ മഹത്വം കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായതായി ചർച്ചയായിരിക്കുന്ന സാഹചര്യത്തിൽ സ്പീക്കർ പദവിയിൽ തുടരുന്നതിൽ അനൗചിത്യമുണ്ടെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ടാണ് പ്രതിപക്ഷം ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഇത്തരമൊരു ഘട്ടത്തിൽ ബഹുമാനപ്പെട്ട സ്പീക്കർതന്നെ ജനാധിപത്യ മൂല്യങ്ങളും ധാർമ്മികതയും ഉയർത്തിപ്പിടിച്ചുകൊണ്ട് സ്പീക്കർസ്ഥാനത്തുനിന്നും ഒഴിവാകുന്നതായിരുന്നു എന്തുകൊണ്ടും അഭികാമ്യമെന്ന് ഞാൻ കരുതുകയാണ്. സ്വർണ്ണക്കള്ളക്കടത്തു കേസ്സിലും ഡോളർ കള്ളക്കടത്തു കേസ്സിലുമുൾപ്പെട്ട വിവാദ വ്യക്തികളുമായി ബഹുമാനപ്പെട്ട സ്പീക്കർക്ക് ബന്ധമുണ്ടെന്ന് പ്രിന്റ് മാധ്യമങ്ങളിലൂടെയും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും സാമൂഹ്യ ചർച്ചകളിലൂടെയും ആക്ഷേപങ്ങളുയർന്നുവന്ന സാഹചര്യത്തിൽ, ബഹുമാനപ്പെട്ട സ്പീക്കർ വ്യക്തതയോടെ ഇതിന് മറുപടി പറയാനും സംശയങ്ങൾ ദൂരീകരിക്കാനും ബാധ്യസ്ഥനാണ്. നിർഭാഗ്യവശാൽ അതിന് കഴിയാതെവന്നുവെന്നുള്ളത് ഈ സന്ദർഭത്തിൽ പ്രസക്തമാണ്. ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ സംശയത്തിന് അതീതനായിരിക്കണമെന്നുള്ളതാണ് നമ്മുടെ പൊതുനിലപാട്. അത് സ്പീക്കർ സ്ഥാനത്തിനും കേരളത്തിനും ആവശ്യമായിരുന്നു. എന്നാൽ അതിന് കഴിയാതെ വന്നപ്പോഴാണ് പ്രതിപക്ഷത്തുനിന്നും പ്രമേയം കൊണ്ടുവരാനുള്ള ഭരണഘടനാനുസൃതമായ നടപടിക്ക് തയ്യാറായതെന്ന് പ്രമേയാവതാരകനായ ശ്രീ. എം. ഉമ്മർതന്നെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതല്ലാതെ, ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതുപോലെയുള്ള രാഷ്ട്രീയ വൈരാഗ്യം കൊണ്ടോ മറ്റ് പ്രശ്നങ്ങൾ കൊണ്ടോ ഒന്നുമല്ല. ഭരണഘടനാനുസൃതമായി ഈ നടപടിയിലേയ്ക്ക് വരേണ്ടിവന്ന സാഹചര്യം വ്യക്തമായി പ്രതിപക്ഷാംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരള നിയമസഭാ സ്പീക്കർ വിവാദത്തിൽപ്പെടാൻ പാടില്ലാത്ത വ്യക്തിയാണ്. വിവാദങ്ങൾക്കെല്ലാം അതീതമായി നിൽക്കുന്ന മഹത്തായ ഉന്നത പാരമ്പര്യമാണ് കേരള നിയമസഭയിൽ സ്പീക്കർമാർ നാളിതുവരെ ഉയർത്തിപ്പിടിച്ചിട്ടുള്ളത്. അതിന് ഭംഗംവരുന്ന സ്ഥിതിവിശേഷം നിർഭാഗ്യകരമാണ്. അത് ഒഴിവാക്കപ്പെടേണ്ടതാണ്. നിയമസഭാ സമുച്ചയത്തിൽ നടന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരാതികൾ ഉയർന്നുവന്ന സാഹചര്യവും ഇന്നത്തെ ചർച്ചയിൽ ഗൗരവതരമായി കാണേണ്ട വിഷയമാണ്. നിയമസഭാ സമുച്ചയം ഒരു ധൂർത്തിന്റെ ഭാഗമായി കാണാൻ കഴിയില്ല, ഇവിടെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ നമുക്കെല്ലാം വേണ്ടിയുള്ളതാണെന്ന് ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. പക്ഷെ ആക്ഷേപങ്ങൾ ഉണ്ടായ സാഹചര്യം നമുക്ക്

വിസ്മരിക്കാനും കഴിയില്ല. ഞാൻ ഈ നിയമസഭാ സമുച്ചയം നിർമ്മിച്ച കാലഘട്ടത്തെപ്പറ്റി ഓർക്കുകയാണ്.

ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, ശ്രീ. പി. ജെ. ജോസഫ് പൊതുമരാമത്ത് വകുപ്പുമന്ത്രിയും ശ്രീ. എം. വിജയകുമാർ നിയമസഭാ സ്പീക്കറും ഞങ്ങളൊക്കെ ആദ്യം എം.എൽ.എ.-മാരായും കടന്നുവന്ന (1996-2001) കാലഘട്ടത്തിലാണ് പഴയ നിയമസഭയിൽനിന്ന് ഈ നിയമസഭയിലേയ്ക്ക് മാറ്റിയത്. ഭാർഗ്ഗവീനിലയംപോലെ അനാഥമായി കിടന്നിരുന്ന സ്ഥിതി വിശേഷത്തിൽനിന്നും മനോഹരമായ നിയമസഭാ സമുച്ചയം നിർമ്മിച്ച്, ഇന്ത്യക്കുതന്നെ മാതൃകയാകുന്ന വിധത്തിൽ ഔദ്യോഗികമായി ഇങ്ങോട്ട് മാറിയപ്പോൾ കേരളത്തിന്റെ ചരിത്രത്തിൽ അതൊരു അഭിമാനകരമായ നിമിഷമായിരുന്നുവെന്നത് അഭിമാനത്തോടുകൂടിത്തന്നെ നമുക്ക് ഓർക്കാൻ കഴിയും. ഒരു പരാതിയും ആക്ഷേപങ്ങളും അന്നുണ്ടായില്ല. പക്ഷെ ഇവിടെ കുറേ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നപ്പോഴുണ്ടായ ആക്ഷേപങ്ങൾ പരിശോധിച്ച് അതിന്റെ വസ്തുതകൾ എന്താണെന്ന്എ.എൽ .എ.-മാർ ആണെങ്കിലും ഗവൺമെന്റാണെങ്കിലും പ്രതിപക്ഷമാണെങ്കിലും അറിയാനും മനസ്സിലാക്കാനുമുള്ള സാഹചര്യം ഉണ്ടാകേണ്ടതാണ്. അത് ഉണ്ടാകാതെപോയി എന്നതാണ് ഈ പരാതിക്ക് ഇടയായ സാഹചര്യം. ഇക്കാര്യങ്ങൾ ഗൗരവമായി കാണേണ്ടൊരു സ്ഥിതിവിശേഷമുണ്ടായതും അതുകൊണ്ടുതന്നെയാണ്. ഗുരുതരമായ ഈ ആക്ഷേപങ്ങൾ ചർച്ച ചെയ്യുന്ന സാഹചര്യത്തിൽ സ്പീക്കർ സ്ഥാനത്തിന്റെ വിശ്വാസ്യത സംരക്ഷിക്കപ്പെടണമെന്ന കാഴ്ചപ്പാടോടെ നമുക്ക് മുന്നോട്ട് പോകണമെന്നുള്ളതുകൊണ്ട് ഈ പ്രമേയത്തെ ഞാനും അനുകൂലിക്കുന്നു.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, കേരള നിയമസഭാ സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ ഞാൻ അതിശക്തമായി എതിർക്കുകയാണ്.

കഴിഞ്ഞ നാലര വർഷക്കാലം ദിവസം ഒന്നോരണ്ടോ അതിൽക്കൂടുതലോ വാർത്താസമ്മേളനങ്ങൾ നടത്തി പ്രതിപക്ഷത്തെ നയിച്ചുകൊണ്ടിരുന്ന ബഹുമാന്യനായ പ്രതിപക്ഷനേതാവിനെ മാറ്റി വേറൊരാളെ നേതൃസ്ഥാനത്ത് സ്ഥാപിക്കുന്ന ലാഘവത്തോടെയാണ് ഇവിടെ ഈ പ്രമേയം അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഞാൻ വ്യക്തിപരമായി ബഹുമാനിക്കുന്ന ഒരു മെമ്പറാണ് ബഹുമാന്യനായ എം. ഉമ്മർ. കാര്യങ്ങൾ പഠിച്ച് അവതരിപ്പിക്കുന്ന, ചട്ടങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചുമൊക്കെ അവഗാഹമുള്ള ഒരു വ്യക്തികൂടിയാണ് അദ്ദേഹം. പക്ഷെ ഇന്ന് അദ്ദേഹം നിയമസഭയിൽ ഈ പ്രമേയം അവതരിപ്പിച്ചത്, പറയുന്ന കാര്യങ്ങളിൽ അദ്ദേഹത്തിനുപോലും വിശ്വാസമില്ലാതെയാണ്. അദ്ദേഹത്തിന്റെ സ്വരത്തിൽ ആ പതർച്ചയുണ്ടായിരുന്നു.

ഇവിടെ അദ്ദേഹം ഒരു സ്പീക്കർ പദവി അല്ലെങ്കിൽ സ്പീക്കർ ആരായിരിക്കണമെന്നതിനെ കുറിച്ചൊക്കെ വിശേഷിപ്പിക്കുന്നത് കേട്ടു. പക്ഷെ അദ്ദേഹവും അദ്ദേഹത്തിന്റെ മുന്നണിയിലുള്ള അഭിനവ കോൺഗ്രസ് നേതാക്കളും മറന്നുപോകുന്ന ചില നേതാക്കളുണ്ട്. അവർ ബോധപൂർവ്വം മറക്കുന്നതാണ്. കാരണം, ഗാന്ധിജിയെ കൊന്ന നാഥുറാം ഗോഡ്സെയുടെ പിൻതലമുറക്കാർക്കൊപ്പം നിന്നുകൊണ്ട് ഇടതുപക്ഷത്തിനെതിരെ കേരളത്തിൽ വാളെടുക്കുന്ന അവർക്ക് ഗാന്ധിജിയെക്കുറിച്ച് പറയാൻ മടിയുണ്ടാകും. അതുപോലെ ജവഹർലാൽ നെഹ്റുവിനെ കുറിച്ചും പറയാൻ മടിയുണ്ടാകും. ശ്രീ. മുല്ലക്കര രത്നാകരൻ എനിക്കുമുമ്പ് നെഹ്റുവിനെ കുറിച്ച് പറയുന്നതുകേട്ടു. സ്പീക്കർ പദവിയെക്കുറിച്ച് സാക്ഷാൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞത്, 'രാഷ്ട്രത്തിന്റെ പരിച്ഛേദമാണ് നിയമനിർമ്മാണ സഭകൾ എന്നാണ്. അങ്ങനെയാണെങ്കിൽ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിന്റെയും അന്തസ്സിന്റെയും പ്രതീകം കൂടിയാണ് സ്പീക്കർ പദവികൾ' ഒരു substantial evidence-ഉം ഇല്ലാതെ, തീർത്തും സ്വാർത്ഥപൂർണ്ണമായ, രാഷ്ട്രീയ ലാഭത്തിനുവേണ്ടി മഹത്തായൊരു ഭരണഘടനാ പദവിക്കെതിരെ, അതിനെ കളങ്കപ്പെടുത്തുന്ന രീതിയിലുള്ള പ്രമേയം ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് നാം ഇവിടെ കണ്ടത്. അത് തീർത്തും നിർഭാഗ്യകരമാണ്. കേരള നിയമസഭയുടെ അന്തസ്സിനും ആഭിജാത്യത്തിനും എതിരായിട്ടാണ് സ്പീക്കർ പ്രവർത്തിക്കുന്നതെന്ന് ശ്രീ. എം. ഉമ്മർ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു. എനിക്ക് ബഹുമാന്യനായ അംഗത്തോട് പറയുവാനുള്ളത്, അദ്ദേഹം അദ്ദേഹത്തിന്റെ ചുറ്റുമൊന്ന് നോക്കണം. കാരണം, ഈ സർക്കാർ എല്ലാ തലങ്ങളിലും മികച്ച നിലവാരം പുലർത്തുകയാണ്. മികച്ച മുഖ്യമന്ത്രി, ക്രമസമാധാന പാലനത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത്; ആരോഗ്യ പരിപാലന രംഗത്ത് ഒന്നാം സ്ഥാനത്ത്; പൊതുവിദ്യാഭ്യാസ രംഗത്തും ഒന്നാം സ്ഥാനത്ത്. പക്ഷെ ബഹുമാനപ്പെട്ട പ്രതിപക്ഷവും റെക്കോർഡിട്ടു കൊണ്ടിരിക്കുകയാണ്. ശതമാനക്കണക്ക് എടുത്തു നോക്കിയാൽ ഏറ്റവുമധികം അംഗങ്ങൾ കൂടുതൽകാലം ജയിലിൽ കിടന്ന റെക്കോർഡ് കേരളത്തിലെ പ്രതിപക്ഷത്തിന് അർഹതപ്പെട്ടതാണ്. ബഹുമാന്യനായ അംഗം ചുറ്റുമൊന്ന് നോക്കണം; പിറകിലേയ്ക്കൊന്ന് തിരിഞ്ഞുനോക്കണം. എനിക്കു മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ഒരു മെമ്പർ ഇടപ്പള്ളിയിൽനിന്ന് തലയിൽ മുണ്ടിട്ട് ഭൂ മാഫിയയ്ക്കുവേണ്ടി ഭൂമി കച്ചവടം നടത്തുന്നതിനിടയിൽ ഓടിപ്പോയി എന്നാണ് മാധ്യമങ്ങളിലൂടെ കണ്ടത്. അതിന്റെ വാർത്തകളും വീഡിയോകളുമൊക്കെയാണ് കണ്ടത്. അതുപോലെതന്നെ ഒരു സ്ത്രീ കൊടുത്ത പരാതിയിൽ, സ്ത്രീ പീഡനക്കേസിൽ ജയിലിലകപ്പെട്ട ഒരു പ്രതിപക്ഷാംഗം ഈ നിയമസഭയിലുണ്ട്. അതുപോലെ പാലാരിവട്ടം അഴിമതിക്കേസിൽ, രാജ്യത്തെ നടുക്കിയ, രാജ്യത്ത്

ഇതിനുമുൻപ് ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഒരു അഴിമതിക്കേസിൽ ജയിലിലകപ്പെട്ട ഒരംഗം പ്രതിപക്ഷ നിരയിൽ അദ്ദേഹത്തിനൊപ്പമാണ് ഇരിക്കുന്നത്. അതുപോലെത്തന്നെ മുൻസർക്കാരിന്റെ കാലത്ത് അധികാര ദുർവിനിയോഗം നടത്തി, അഴിമതി കാണിച്ച് വിജിലൻസ് കേസ് നേരിടുന്നവരുണ്ടല്ലോ; നിക്ഷേപ തട്ടിപ്പിന് ജയിലിൽ കഴിയേണ്ടി വന്നവരുണ്ടല്ലോ. ഈ പ്രതിപക്ഷം വീണ്ടും റെക്കോർഡ് സ്ഥാപിക്കുന്നുണ്ട്, എന്താണെന്നറിയാമോ? കഴിഞ്ഞ തവണ അവർ അധികാരത്തിലിരുന്നപ്പോൾ നടത്തിയ അഴിമതിയുടെ പുതിയ കഥകളാണ് നാലര വർഷക്കാലത്തിനുശേഷം പുറത്തുവന്നു കൊണ്ടിരിക്കുന്നത്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് പുതിയ അഴിമതിക്കഥ പുറത്തുവന്നു. ഇതിലൊന്നും നിങ്ങൾക്കാർക്കും ഒരപമാനവും നാണക്കേടുമില്ലേ; ഇത് വളരെ നിർഭാഗ്യകരമാണ്.

കുറച്ച് മാസങ്ങളായി കേന്ദ്ര ഏജൻസികൾ കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ അസ്ഥിരപ്പെടുത്തുന്നതിനുവേണ്ടി വളരെ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നിയമസഭാ സ്പീക്കർക്കെതിരെ ഇവർ ആരോപിക്കുന്ന കാര്യം സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുമായുള്ള ബന്ധമാണ്. ബഹുമാന്യനായ ഭരണപക്ഷാംഗം ശ്രീ. എസ്. ശർമ്മ ഇവിടെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത്, 'ഞാൻ ഇപ്പോൾ വെരിഫൈ ചെയ്തു, സ്വപ്ന സുരേഷിനെ ഞാൻ ക്ഷണിച്ചിട്ടില്ല' എന്നാണ്. ഇത്രയും നാൾ മാധ്യമങ്ങളിൽ നിറഞ്ഞുനിന്ന, ആക്ഷേപത്തിനിരയായ കാര്യം ഇപ്പോഴാണ് അദ്ദേഹം വെരിഫൈ ചെയ്തത് എന്നുപറയുന്നത് എത്രത്തോളം വിശ്വസനീയമാണ്? ഏതായാലും ഒരുകാര്യമുണ്ട്, ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞതുപോലെ, വിളിച്ചുവരുത്തിയ അതിഥിയെ തൊട്ടടുത്തിരുത്തി ഭക്ഷണം കൊടുക്കുകയും ആ അതിഥിയോട് അദ്ദേഹം നർമ്മ സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്ന ചിത്രങ്ങളാണ് പുറത്തുവന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആ സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുമായുള്ള ബന്ധം നിങ്ങൾക്ക് അപമാനമുണ്ടാക്കുന്നില്ലേ; അതുപോലെതന്നെ, സ്വർണ്ണക്കടത്ത് കേസിലെ പ്രതിയായ കെ. ടി. റമീസ് ആരുടെ ബന്ധുവാണ്? കഴിഞ്ഞ അവിശ്വാസ പ്രമേയം അവതരിപ്പിക്കപ്പെട്ട വേളയിൽ ഇതേ സഭയിൽ ഞങ്ങൾ ഉന്നയിച്ച വിഷയമാണ്. ആ വിഷയത്തെ ഇവർ എതിർത്തില്ലല്ലോ; കെ. ടി. റമീസ് ആരുടെ ബന്ധുവാണ്; മുസ്ലീം ലീഗുമായുള്ള അവരുടെ ബന്ധമെന്താണ്? അതുപോലെതന്നെ ഈ സഭയിലെ ഒരംഗമായ ശ്രീ. മഞ്ഞളാംകുഴി അലിയുടെ അടുപ്പക്കാരനായ, കുറുവയിൽ ലീഗിന്റെ സാമ്പത്തിക സ്രോതസ്സുകൂടിയായ അബൂബക്കർ, അങ്ങനെ ഒരു നീണ്ട നിരതന്നെ സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ടുണ്ട്.

ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ ഉന്നയിക്കപ്പെട്ട മറ്റൊരു വിഷയം നിയമസഭയുമായി ബന്ധപ്പെട്ടുള്ള നവീകരണ പ്രവർത്തനങ്ങളാണ്. ശങ്കരനാരായണൻ തമ്പി ലോഞ്ച് പുതുക്കിപ്പണിയുന്നതിന് യു.എൽ.സി.സി.എസ്.-ന് കരാർ നൽകിയതുമായി ബന്ധപ്പെട്ടും ഇ-നിയമസഭ, സഭാ ടി.വി. എന്നിവയുമായി ബന്ധപ്പെട്ടുമൊക്കെയാണ് ഇവർ ആക്ഷേപം ഉന്നയിക്കുന്നത്. പക്ഷെ ഒന്നിനും ഒരു തെളിവുമില്ല. ഇതിൽ ഏറ്റവും വലിയ കൗതുകമുണ്ടാക്കുന്നതും ശ്രദ്ധിക്കേണ്ടതുമായൊരു കാര്യം യു.എൽ.സി.സി.എസ്-നെതിരെ ആരോപണം ഉന്നയിക്കുന്നവർ, അതായത് ടെണ്ടർ ക്ഷണിക്കാതെ യു.എൽ.സി.സി.എസ്-ന് ഈ പ്രവൃത്തികൾ കൊടുത്തു എന്നുപറയുന്നവർ, സ്വന്തം ഭരണകാലത്തിലെ ഉത്തരവുകളും അന്നത്തെ പ്രവർത്തനങ്ങളും ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. എന്റെ കയ്യിലുള്ളത് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രി ആയിരിക്കുമ്പോഴുള്ള കത്താണ്. (കത്ത് ഉയർത്തിക്കാണിച്ചു). ഈ കത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്, 'കോഴിക്കോട് ബൈപ്പാസ് നിർമ്മാണത്തിന്റെ 145.50 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ നടപടികൾ ഒഴിവാക്കി മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 21-6-2015-ലെ ഉത്തരവ് പ്രകാരം എ ക്ലാസ് കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ സർക്കാർ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത രീതിയിലും മാതൃകയിലുംതന്നെ നിർദ്ദിഷ്ട വലിയഴീക്കൽ പാലത്തിന്റെ നിർമ്മാണം അവരെ ഏൽപ്പിക്കുന്ന കാര്യം അഭ്യർത്ഥിക്കുന്നു' എന്നാണ്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തല അന്ന് എഴുതിയ കത്താണിത്. എന്റെ കയ്യിൽ ഗവൺമെന്റ് ഉത്തരവുകളുണ്ട്. 2013-ൽ ആണ് യു.എൽ.സി.സി.എസ്.-നെ അക്രഡിറ്റഡ് ഏജൻസിയായി കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാർ ഉത്തരവിലൂടെ തീരുമാനിക്കുന്നത്. അതിനുശേഷം ടെണ്ടർ നടപടികൾ ഒഴിവാക്കിക്കൊണ്ട് യു.എൽ.സി.സി.എസ്.-ന് കരാറുകൾ കൊടുക്കുന്നതിനുള്ള തീരുമാനമുണ്ടായി. ആരാണ് ചെയ്തത്; ആരാണ് ടെണ്ടർ ഒഴിവാക്കിക്കൊണ്ട് യു.എൽ.സി.സി.എസ്.-നെ ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ ഏൽപ്പിക്കാൻ തീരുമാനിച്ചത്? അത് നിങ്ങളാണ്. നിങ്ങൾ ഭരിച്ചു കൊണ്ടിരിക്കുമ്പോഴാണ്.

16 കോടി രൂപയാണ് ഇവിടെ യു.എൽ.സി.സി.എസ്. ചെലവഴിച്ചതെന്ന് പറയുകയുണ്ടായി. നമുക്കറിയാം, നമ്മുടെയൊക്കെ മണ്ഡലങ്ങളിൽ നിർമ്മാണ പ്രവർത്തനം നടക്കുന്നതാണ്. അത്രയും തുകയ്ക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചു. പക്ഷെ അവർ പ്രവൃത്തി ചെയ്തുതീർത്തത് ഏകദേശം 10 കോടി രൂപയ്ക്കാണ്. ബാക്കി തുക അവർ തിരികെ കൊടുക്കുകയും ചെയ്തു. അപ്പോൾ പറയുന്നു, അതിലെന്തോ ക്രമക്കേട് നടന്നിട്ടുണ്ടെന്ന്. ഈ രാജ്യത്ത് അനുവദിക്കപ്പെട്ട

തുകയിലും താഴെ നിർമ്മാണം പൂർത്തിയായാൽ ബാക്കി തുക തിരിച്ചുകൊടുക്കുന്ന ഒരു കമ്പനി മാത്രമേയുള്ളൂ, അത് പതിനയ്യായിരത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന യു.എൽ.സി.സി.എസ്. ആണ്. നിങ്ങൾ അന്ന് ചെയ്തത് തെറ്റാണെന്നല്ല ഞങ്ങൾ പറയുന്നത്. നിങ്ങൾ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പിന്നീടുള്ള സർക്കാർ അതിന്റെ തുടർപ്രവർത്തനങ്ങൾ ചെയ്തത് എന്നുള്ളതാണ്.

ഇവിടെ സഭാ ടി.വി.-യുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. എനിക്കൊരു അനുഭവം പറയാനുണ്ട്. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചുമായി ബന്ധപ്പെട്ടും അതുപോലെതന്നെ ഇ-അസംബ്ലിയുമായി ബന്ധപ്പെട്ടുമൊക്കെ ബഹുമാന്യനായ എസ്. ശർമ്മ ഉൾപ്പെടെയുള്ളവർ ഇവിടെ സംസാരിച്ചു കഴിഞ്ഞു. ഇതിലെല്ലാം എം.എൽ.എ.-മാരുടെ കൃത്യമായ മോണിറ്ററിംഗുണ്ട്. നേരത്തെ ശ്രീ. എം. ഉമ്മർ മെമ്പറോ ശ്രീ. പി. ടി. തോമസ് മെമ്പറോ ഇവിടെ സൂചിപ്പിച്ച ഒരു കാര്യം 2020-ലാണ് ഇവിടെ കമ്മിറ്റി രൂപീകരിച്ചത് എന്നാണ്. എന്നാൽ അങ്ങനെയല്ല, 2018-ൽത്തന്നെ ഇതിന്റെ മോണിറ്ററിംഗ് കമ്മിറ്റികളും ടെക്നിക്കൽ കമ്മിറ്റികളും രൂപീകരിച്ചിരുന്നു. സഭാ ടി.വി.-യുമായി ബന്ധപ്പെട്ട്, ഈ സഭയിൽ അംഗമല്ലാത്ത ഒരു മാധ്യമ പ്രവർത്തകനെ സംബന്ധിച്ച് ആക്ഷേപകരമായ ഒരു കാര്യം ഇവിടെ പറഞ്ഞു. ഒരു രൂപ പോലും ശമ്പളം വാങ്ങാതെയാണ് രാജ്യത്തുതന്നെ അറിയപ്പെടുന്ന, പ്രശസ്തനായ ഒരു മാധ്യമ പ്രവർത്തകൻ ഇതിന്റെ മീഡിയ കൺസൾട്ടന്റായി പ്രവർത്തിക്കുന്നത്. ഈ സഭാ ടി.വി. ലോഞ്ച് ചെയ്തതിനുശേഷം ഒരു സംഭവമുണ്ടായി. അന്നത്തെ പരിപാടി കഴിഞ്ഞ് വേദിയിൽനിന്ന് ഇറങ്ങുമ്പോൾ ആദ്യത്തെ ഫോൺകോൾ വന്നത് ആരുടേതാണെന്നറിയാമോ; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ടീമിൽനിന്നാണ്. ആ ടീമിൽനിന്നുള്ള ഫോൺവിളി എന്തിനായിരുന്നു എന്നറിയാമോ; പ്രതിപക്ഷനേതാവിന്റെ അഭിമുഖം അടിയന്തരമായി സഭാ ടി.വി. എടുക്കണം എന്നതായിരുന്നു. സഭാ ടി.വി. എങ്ങനെയാണ് ഇപ്പോൾ ധൂർത്തിന്റെ ഇടമായി മാറിയത്?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ നോക്കുകുത്തിയാക്കി ഇവിടെ നിയമനം നടത്തിയെന്ന് പറഞ്ഞു. നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. ഇതിൽ നടത്തിയിട്ടുള്ള സർവ്വകാര്യങ്ങളും ഓഡിറ്റിന് വിധേയമാണ്. അതുപോലെതന്നെ ഈ നിയമസഭയുമായി ബന്ധപ്പെട്ടുള്ള പല കാര്യങ്ങളും... ഫെസ്റ്റിവൽ ഓൺ ഡെമോക്രസി. എനിക്ക് അത്ഭുതമാണ്. കാരണം ശ്രീ. എം. ഉമ്മറിനെപ്പോലുള്ള ഒരാൾ ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയെക്കുറിച്ചൊക്കെ പറയുന്നു. അതിന്റെ സാഹചര്യം എന്തായിരുന്നു; ഇന്ത്യ എന്ന രാജ്യത്ത് ജനാധിപത്യ മൂല്യങ്ങൾ ധ്വംസിക്കപ്പെടുമ്പോൾ, ഭരണഘടന അട്ടിമറിക്കപ്പെടുമ്പോൾ, ഇവിടെ

ആശയവിനിമയത്തിനുള്ള വേദികൾ ഇല്ലാതെയാകുമ്പോൾ, ആശയ സംവാദത്തിനുള്ള വേദികൾ ഇല്ലാതെയാകുമ്പോൾ, ഭരണഘടനാ സ്ഥാപനങ്ങളെ നിസ്സാരവത്കരിക്കുമ്പോൾ, ജുഡീഷ്യറി ഉൾപ്പെടെയുള്ളവയെ വിലയ്ക്കെടുക്കുന്നതിനു വേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുമ്പോൾ ഇവിടെ കേരളം ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പച്ചത്തുരുത്തായി മാറിക്കൊണ്ട് ആശയ സംവാദത്തിനുള്ള, ജനാധിപത്യത്തിന്റെ മൂല്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുള്ള ഒരു വേദി ഒരുക്കുകയാണ് വാസ്തവത്തിൽ കേരള നിയമസഭ ചെയ്തത്. ഞാൻ ഓർക്കുന്നു, അന്നത്തെ വേദിയിൽ ആ ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയെ പ്രകീർത്തിച്ചുകൊണ്ട് സംസാരിച്ചവരാണ് പ്രതിപക്ഷനേതാവും പ്രതിപക്ഷത്തുനിന്നുള്ള യു.ഡി.എഫ്.-ലെ എം.പി.-മാർ ഉൾപ്പെടെയുള്ളവർ. ഇപ്പോൾ എങ്ങനെയാണ് ഫെസ്റ്റിവൽ ഓൺ ഡെമോക്രസി വേണ്ടാതെയായത്? ഇത് തീർത്തും നിർഭാഗ്യകരമാണ്.

എനിക്ക് പറയാനുള്ളത്, ഇവിടെ കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ കേരളത്തെ പലരീതിയിലും വിരട്ടാനുള്ള പല അടവുകളും പയറ്റുകയാണ്. ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിനെ പലതവണ വിളിച്ചില്ലേ; മുസ്ലീംലീഗുതന്നെ പറഞ്ഞില്ലേ ഇപ്പോൾ അദ്ദേഹത്തെ ജയിലിലടയ്ക്കുമെന്ന്. അദ്ദേഹത്തെ തൊടാൻ കേന്ദ്ര ഏജൻസികൾക്ക് സാധിച്ചോ; ഒരു തരി സ്വർണ്ണംപോലുമില്ലാത്ത അദ്ദേഹത്തിന്റെ ഭാര്യയും മകളുമൊക്കെ സ്വർണ്ണം കടത്തിയെന്നല്ലേ പറഞ്ഞത്. ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലാണെങ്കിൽ എന്തൊക്കെയാണ് ഇവിടെ നടക്കേണ്ടിയിരുന്നത്?

ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. കേന്ദ്ര ഏജൻസികളെക്കൊണ്ട് ഉമ്മാക്കികാട്ടി പേടിപ്പിക്കാമെന്ന്.., കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അങ്ങനെ നിങ്ങൾ വിരട്ടാൻ നോക്കേണ്ട. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ തെരഞ്ഞെടുപ്പിനെ നേരിട്ട് വീണ്ടും അധികാരത്തിൽ എത്തുകതന്നെ ചെയ്യും. ബഹുമാന്യനായ സ്പീക്കർക്കെതിരെയുള്ള ഈ അവിശ്വാസപ്രമേയത്തെ അതിശക്തമായി ഒരിക്കൽക്കൂടി എതിർക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ പിന്തുണയ്ക്കുകയാണ്.

ഈ ഗവൺമെന്റ് വന്നതിനുശേഷം നമ്മൾ കേൾക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ടുമൂന്ന് വാക്കുകളാണ് കൺസൾട്ടൻസി, ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസ് എന്നിവ. അവർ അജണ്ടകൾ തീരുമാനിക്കും,പദ്ധതികൾ തീരുമാനിക്കും, അവർ നിശ്ചയിക്കുന്നവർക്ക് ടെണ്ടർ

ഇല്ലാതെ കരാറുകൾ കൊടുക്കും. മുമ്പ് അത് ഗവൺമെന്റിൽ മാത്രമായിരുന്നുവെങ്കിൽ അതിന്ന് നിയമസഭാ സെക്രട്ടേറിയറ്റിലേയ്ക്കും കടന്നുവന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഈ നിയമസഭയിൽ ടെണ്ടറുകളില്ലാതെ അനവധി വർക്കുകൾ നടത്തിയത് നമുക്ക് കാണാൻ കഴിയുന്നുണ്ട്. സഭാ ടി.വി.യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ, സമൂഹ മാധ്യമങ്ങൾ സ്ട്രീംലൈൻ ചെയ്യാനും ഒ.ടി.ടി. പ്ലാറ്റ്ഫോമിനുമുള്ള കൺസൾട്ടൻസിയും സ്വകാര്യ സ്ഥാപനത്തിനാണ് നൽകിയത്. സി-ഡിറ്റിന് കൊടുക്കാമായിരുന്നില്ലേ? ഇവിടത്തെ വിവിധ നിർമ്മാണ പ്രവൃത്തികൾ ഓരോന്നായി പരിശോധിക്കേണ്ടതുണ്ട്. ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ച്, ആ ഹാൾ ഇപ്പോൾ നവീകരിച്ച് നവീകരിച്ച് സീറ്റിംഗ് കപ്പാസിറ്റി പകുതിയാക്കി. പഴയ ഹാളിന് എന്തായിരുന്ന കുഴപ്പം? എത്ര പ്രൗഢഗംഭീരമായിരുന്നു ആ ഹാൾ? ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി സംസാരിക്കാൻ 141 പേർ ഈ സഭയിലുണ്ട്. ആ സഭയെ ആഡംബരത്തിന്റെ അവസാനവാക്കാക്കി മാറ്റേണ്ട ആവശ്യമുണ്ടോ? കോവിഡാനന്തര അല്ലെങ്കിൽ പ്രളയാനന്തര കാലഘട്ടത്തിൽ സാമ്പത്തികമായി മുടന്തി നിൽക്കുന്ന ഒരു സംസ്ഥാനത്ത് ഇത്രമാത്രം ആഡംബരം ഈ നിയമസഭാ കോംപ്ലക്സിലേയ്ക്ക് കൊണ്ടുവരേണ്ട ആവശ്യമില്ല. ഇതൊക്കെ ജനങ്ങൾക്കു വേണ്ടിയാണെന്നുണ്ടെങ്കിൽ അവരുടെ പേര് പറഞ്ഞുകൊണ്ട് ഇത്തരത്തിലുള്ള പരിപാടികളുമായി നിങ്ങൾ വരരുതെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. വസ്തുതകളുടെ പിൻബലമില്ലാതെ ആരോപണങ്ങൾ ഉന്നയിക്കരുതെന്ന് ബഹുമാനപ്പെട്ട എസ്. ശർമ്മ ഇവിടെ സൂചിപ്പിച്ചു. ആരേയും വ്യക്തിപരമായി ആക്ഷേപിക്കുന്ന സ്വഭാവമോ സംസ്കാരമോ ഞങ്ങൾക്കില്ല. ഇന്ന് ഇവിടെ സ്പീക്കർക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിരിക്കുകയാണ്. ഡോളർ കടത്തുകേസ്സിൽ അദ്ദേഹം പങ്കാളിയായിയെന്ന മൊഴി രേഖപ്പെടുത്തിയിരിക്കുകയാണ്, ഞങ്ങളാരെങ്കിലുമാണോ അത് കൊടുത്തിരിക്കുന്നത്? അദ്ദേഹത്തിനെതിരെ മൊഴി കൊടുത്തിരിക്കുകയാണ്, അതിനെ സംബന്ധിച്ചുള്ള അന്വേഷണം നടക്കുകയാണ്. ആര്, എന്താണ് എന്നുള്ളതല്ല, അദ്ദേഹത്തിനെതിരെ മൊഴി വന്നിട്ടുണ്ടോ എന്നാണ് നോക്കേണ്ടത്. ആ മൊഴിയെ സംബന്ധിച്ചുള്ള അന്വേഷണം മുന്നോട്ടുപോകുകയാണ്. അദ്ദേഹത്തിന്റെ സെക്രട്ടറിമാരെ ചോദ്യം ചെയ്തിരിക്കുകയാണ്. സംശയത്തിനതീതമായി മുന്നോട്ടുപോകാൻ സ്പീക്കർ എന്ന പദവിക്ക് ഉത്തരവാദിത്വമുണ്ട്. സ്പീക്കർ നിഷ്പക്ഷനായി നിന്നുകൊണ്ട് മുൻപോട്ട് പോകണം. പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും ഇടയിലുള്ള പാലമായി പ്രവർത്തിക്കേണ്ട ഒരു വ്യക്തി പലപ്പോഴും ഭരണപക്ഷത്തിന്റെ താൽപ്പര്യങ്ങൾക്ക് വിധേയനായി നിന്നതാണ് ഈ സഭ കഴിഞ്ഞ അഞ്ച് വർഷവും കണ്ടുകൊണ്ടിരുന്നതെന്നത് വാസ്തവമാണ്. നിയമസഭയുടെ സ്വതന്ത്ര നിലപാടുകളേയും ഔന്നത്യത്തേയും ഉയർത്തിപ്പിടിക്കുന്നതിൽ ബഹുമാനപ്പെട്ട സ്പീക്കർ പരാജിതനായി എന്നുള്ളതുകൊണ്ടുതന്നെ ഈ അവിശ്വാസപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. ശ്രീ. ഉമ്മർ സാഹിബ് വളരെ ബഹുമാന്യനാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേരളത്തിലെ മാത്രമല്ല, ഹരിയാനയിലെയും പ്രധാനപ്പെട്ട ഒരു കൺസ്ട്രക്ഷൻ കമ്പനിയാണ്. ഇന്ത്യയിലുടനീളം ജോലി ചെയ്യുന്ന ഒരു സ്ഥാപനമായി അത് വളർന്നിരിക്കുകയാണ്. അത് സാധാരണക്കാരുടേതാണ്, പത്ത് പതിനയ്യായിരത്തോളം തൊഴിലാളികളാണ് അവിടെ പണി എടുക്കുന്നത്. മേസ്തിരിമാരായും മറ്റും പണിയെടുക്കുന്ന തൊഴിലാളികൾ തന്നെയാണ് അതിന്റെ കമ്മിറ്റിയെ നിശ്ചയിക്കുന്നത്. രണ്ടുമൂന്ന് വർഷംകൂടുമ്പോൾ അതിന്റെ കമ്മിറ്റി കൂടാറുണ്ട്; പ്രസിഡന്റിനെയടക്കം ആരേയും മാറ്റാനുള്ള സൗകര്യവുമുണ്ട്. അത് ഒരു ജനകീയ പ്രസ്ഥാനമാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നുപോലും ആളുകൾവന്ന് മാനേജ്മെന്റുമായി ചർച്ച ചെയ്യുന്നു. വടകരക്കാരനായ എന്നെ സംബന്ധിച്ചിടത്തോളം ഈ സ്ഥാപനം ഒരു അഭിമാനമാണ്. അത്തരമൊരു സ്ഥാപനത്തെ സംബന്ധിച്ച് ഉമ്മർ സാഹിബ് മനസ്സിലാക്കാത്തതുകൊണ്ടാണ് ഇത്തരത്തിൽ പറയുന്നത്. അത് വളരെ ഖേദകരമായിപ്പോയി. ഞാനും ശ്രീ. പാറക്കൽ അബ്ദുല്ലയും ഉൾപ്പെടെയുള്ളവർ, ആരെങ്കിലും ഞങ്ങളുടെ അടുത്ത് ജോലി അന്വേഷിച്ച് വന്നാൽ ഞങ്ങൾ ഈ സ്ഥാപനത്തിലേക്ക് ശിപാർശക്കത്ത് കൊടുക്കാറുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ ചുമടെടുപ്പ് തുടങ്ങി, ഏത് ജോലിയെടുക്കുന്നവർക്കും തൊഴിലെടുക്കാൻ സാധിക്കുന്നുണ്ട്. ഒരു ഉദാഹരണം ഞാൻ പറയാം, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്നപ്പോൾ വടകര താഴെയങ്ങാടിയിൽ ഒരു ട്രാൻസ്പോർട്ട് ഡിപ്പോ സ്ഥാപിക്കാൻ 50 ലക്ഷം രൂപ അനുവദിച്ചു, ടെണ്ടർ കൊടുത്തു, ടെണ്ടറെടുത്തയാൾ മറ്റൊരാളെ വച്ച് പണി ചെയ്തു; ഉദ്ഘാടനം ചെയ്യാൻ മന്ത്രിവന്നു, മുസ്ലീംലീഗിലെ ഉൾപ്പെടെ അനേകം ആളുകൾ എന്റെ അടുക്കൽ വന്ന്, ഇവിടെ പ്രവൃത്തി നടന്നിട്ടില്ല, അതുകൊണ്ട് ഉദ്ഘാടനം നടത്താൻ അനുവദിക്കില്ലെന്ന് പറഞ്ഞു. വ്യക്തിപരമായ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ അവരോട് സംസാരിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തു. പക്ഷെ ഇന്നും അതിന്റെ പ്രവൃത്തി നടക്കുന്നില്ല. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണെങ്കിൽ എവിടെയായാലും പണി നടക്കും. ഞാൻ മറ്റു കോൺട്രാക്ടർമാരെ അധിക്ഷേപിക്കുകയല്ല, അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്. വാഗ്ഭടാനന്ദ സ്വാമിയുടെ നേതൃത്വത്തിൽ തുടങ്ങിയ, വളർന്നുവന്ന

സാധാരണക്കാരുടെ ഒരു പ്രസ്ഥാനം, ആ പ്രസ്ഥാനത്തെക്കുറിച്ച് പറഞ്ഞ് പാവപ്പെട്ട വീടുകളിലുള്ള സഹോദരിമാരുടെ ശാപം ഉമ്മർ സാഹിബ് ഏറ്റുവാങ്ങരുതെന്ന് എനിക്ക് ആത്മാർത്ഥമായ ആഗ്രഹമുണ്ട്.

ഈ പ്രമേയം ഇവിടെ കൊണ്ടുവരേണ്ടതിന്റെ ആവശ്യമുണ്ടായിരുന്നോ? നമ്മുടെ നാട്ടിൽ പലരും വിദേശത്തൊക്കെ പോകുന്നു, അതിൽ പുരുഷനും സ്ത്രീയും ഉണ്ടാകും. അവർ പരസ്പരം ഷേക്ക്ഹാൻഡ് കൊടുക്കുമായിരിക്കും, അടുത്തുവന്നിരിക്കുമായിരിക്കും, അതിന് ഒരു പ്രമേയം കൊണ്ടുവന്ന് നമ്മുടെ ബഹുമാന്യനായ സ്പീക്കറെ ആ രൂപത്തിൽ കാണേണ്ട ആവശ്യമുണ്ടോ? ഇത് മോശമല്ലേ? നമ്മുടെ സ്പീക്കറല്ലേ?

പ്രതിപക്ഷനേതാവിനെ സംബന്ധിച്ചും ഇവിടെ ചർച്ചകൾ നടന്നു, രണ്ടുമൂന്ന് ആൾക്കാരോട് സംസാരിച്ചുവെന്നു കരുതി നാളെ അദ്ദേഹത്തിനെതിരായി ഇതുപോലെയൊരു പ്രമേയം കൊണ്ടുവരുമോ? ഇവർക്ക് കുടുംബമില്ലേ; സ്പീക്കർ എന്ന നിലയിൽ സഭാ നടപടികളിൽ അദ്ദേഹത്തിന്റെ പ്രവർത്തനം മോശമായാൽ, ആ രൂപത്തിൽ പറയുകയല്ലാതെ ഇങ്ങനെ ഒരു നിലപാട് സ്വീകരിച്ചത് അനാവശ്യമാണെന്നാണ് ഞാൻ പറയുന്നത്, ആക്ഷേപിക്കാനൊന്നും ഞാൻ ഇല്ല. ഞാൻ വിനയപുരസ്സരം ഇതിനെ എതിർക്കുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഈ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്.

അവതരിപ്പിക്കാനുദ്ദേശിച്ച കാര്യങ്ങൾ സഭയിൽ സാമാന്യം മോശമല്ലാത്ത വിധത്തിൽ അവതരിപ്പിക്കുന്നയാളാണ് പ്രമേയാവതാരകൻ. എന്തുകൊണ്ടാണെന്നറിയില്ല, അദ്ദേഹത്തിന്റെ പതിവ് ശൈലിയിൽനിന്നും വ്യത്യസ്തമായി, പറയുന്ന കാര്യത്തോട് തനിക്കുതന്നെ നീതി പുലർത്താൻ സാധിക്കുന്നുണ്ടോയെന്ന സംശയം അദ്ദേഹത്തിനുള്ളതുപോലെയാണ് പ്രമേയാവതരണത്തിൽ കാണാൻ സാധിച്ചത്. യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന് സ്ഥലജല വിഭ്രാന്തി പിടിപെട്ടിരിക്കുന്നുവെന്നാണ് എന്റെ അഭിപ്രായം. ഇവർക്ക് എന്തുചെയ്യണം, എപ്പോൾ ചെയ്യണം, ആർക്കെതിരെ ചെയ്യണം എന്നൊരു എത്തുംപിടിയുമില്ല. ഫലമോ, അതിനെല്ലാം അവർ വലിയ വില കൊടുത്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഏഴുമാസമായി ഈ സംസ്ഥാനത്ത് നടക്കുന്ന സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽവേണം ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായ ഈ നീക്കത്തെ കാണേണ്ടത്. കേന്ദ്രസർക്കാരും അവരുടെ സർവ്വമാന അന്വേഷണ ഏജൻസികളും ഒപ്പം യു.ഡി.എഫ്.-ഉം ചില മാധ്യമങ്ങളുംചേർന്ന് ഏഴ് മാസമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ വേട്ടയാടുന്നു. എന്നാൽ ഈ കുതന്ത്രങ്ങളെല്ലാം

തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം വന്നതോടുകൂടി ഏതാണ്ട് ഇല്ലാതായിരിക്കുകയാണ്. ആ കുതന്ത്രങ്ങളെല്ലാം ഏതാണ്ട് അവസാനിച്ചുവെന്ന് ഞങ്ങളെല്ലാം കരുതിയിരിക്കുകയായിരുന്നു. എന്നാൽ ഈ പൊറാട്ടു നാടകത്തിന്റെ ഒന്നാം അങ്കത്തിന് തിരശ്ശീല വീണെങ്കിലും ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് അതിന്റെ രണ്ടാം അങ്കത്തിന്റെ തിരശ്ശീല ഉയർത്താനാണ് യു.ഡി.എഫ്. ശ്രമിക്കുന്നതെന്നാണ് കരുതേണ്ടത്. കഴിഞ്ഞ ഏഴുമാസമായി ഈ സംസ്ഥാനത്ത് നടക്കുന്ന സംഭവ വികാസങ്ങളുടെ പശ്ചാത്തലത്തിൽവേണം ഈ കാര്യങ്ങളെ നോക്കിക്കാണാനെന്ന് ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. ഇന്നലത്തെ അടിയന്തരപ്രമേയത്തോടെ ഒരു കാര്യംകൂടി ബോധ്യമായിരിക്കുന്നു. അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഈ സർക്കാരിന്മേലുള്ള ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കാനുള്ള അവസരമാണ് അവർ തന്നതെങ്കിൽ ഇന്നലത്തെ അടിയന്തരപ്രമേയത്തോടുകൂടി ഒരു കാര്യംകൂടി ജനങ്ങൾക്ക് ബോധ്യപ്പെട്ടു, ഇവർ വിവരമില്ലാത്തവരും ഈ നാട് നന്നാകണമെന്ന് ആഗ്രഹമില്ലാത്തവരുമാണെന്ന് ഏതാണ്ട് നാട്ടുകാർക്കെല്ലാം മനസ്സിലായി. ഇന്നത്തോടെ ഇവർക്ക് അടിയന്തരമായി ചികിത്സ വേണമെന്ന കാര്യംകൂടി നാട്ടുകാർക്ക് മനസ്സിലാകും. ഇവരുടെ മാനസികാരോഗ്യം മെച്ചപ്പെടണം. സഭാകാലയളവിനുശേഷം ഈ മാനസികാരോഗ്യത്തോടുകൂടി ഇവർ ജനങ്ങൾക്കിടയിലേയ്ക്ക് പോയാൽ ജനങ്ങൾ ഇവരെ കൊണ്ടുചെന്നെത്തിക്കുക നമ്മൾ ഉദ്ദേശിക്കുന്ന സ്ഥലത്തായിരിക്കില്ല. അതുകൊണ്ട് നല്ല മാനസികാരോഗ്യത്തിനുള്ള ചികിത്സയ്ക്കാവശ്യമായ കാര്യം ഇവിടെന്നുതന്നെ തുടങ്ങണമെന്നതാണ് എന്റെ അഭിപ്രായം.

സ്പീക്കർ എന്തുതെറ്റാണ് ചെയ്തതെന്ന് പ്രമേയാവതാരകൻ പറയണ്ടേ? ഇതിന് യാതൊരടിസ്ഥാനവുമില്ലെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ജി. സുധാകരൻ അപ്പോൾത്തന്നെ പറഞ്ഞു. പിന്നെ എന്തുകൊണ്ടാണ് അനുവദിച്ചത്? ധാർമ്മികതയുടെ പേരിൽ ഒരു പുകമറ സൃഷ്ടിക്കപ്പെടാതിരിക്കാനാണ് ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നൽകിയത്. എന്നാൽ അതെങ്കിലും മനസ്സിലാക്കിവേണ്ടേ മറ്റുള്ളവർ സംസാരിക്കേണ്ടത്. ഇവർക്കിപ്പോഴുള്ള ആവശ്യം പത്രത്തിൽ വാർത്തവരിക എന്നതാണ്. ഈ സഭാകാലയളവ് കഴിഞ്ഞാൽ തെരുവിലേയ്ക്കിറങ്ങണം, അതിന് ഇവർക്ക് കൂട്ടിനാരുണ്ട്? കേന്ദ്ര അന്വേഷണ ഏജൻസികളാണ് കൂട്ടിനുള്ളത്. എനിക്ക് മുമ്പേ സംസാരിച്ച എന്റെ സഹപ്രവർത്തകർ കാര്യങ്ങൾ വിശദമായി പറഞ്ഞതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഈ സഭയെ ഒരു കാതം മുന്നിലേയ്ക്ക് നയിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ ശ്രമിച്ചുവെന്നതാണോ അദ്ദേഹം ചെയ്ത തെറ്റ്? ഞാൻ എല്ലാകാര്യങ്ങളും

എണ്ണിയെണ്ണി പറയുന്നില്ല. ഒറ്റക്കാര്യം പറഞ്ഞോട്ടെ, സ്പീക്കർ നേരിട്ടല്ല ഈ പണം ചെലവഴിക്കുന്നതെന്ന് അഴിമതിയാരോപണങ്ങൾ ഉന്നയിക്കുമ്പോൾ നിങ്ങൾ ഓർക്കേണ്ടതല്ലേ? നമ്മുടെയൊക്കെ നിയോജകമണ്ഡലത്തിൽ എത്രകോടി രൂപയുടെ ധനവിനിയോഗം നടക്കുന്നു, അതെല്ലാം എം.എൽ.എ. ചെലവഴിച്ചതാണോ? അങ്ങനെയാണ് കാണുന്നതെങ്കിൽ, ആക്ഷേപിക്കുന്നതെങ്കിൽ, ആരോപണമുന്നയിക്കാൻ ശ്രമിക്കുന്നതെങ്കിൽ കാര്യങ്ങൾ എവിടെ കൊണ്ടുചെന്നെത്തിക്കാൻ സാധിക്കും? ഈ സഭയ്ക്കകത്തുള്ള ചർച്ചയാണ് ഒരു അഴിമതി ആരോപണത്തിന്റെ അവസാന വാക്കായി തീരേണ്ടതെന്ന പാഠം നിങ്ങൾ എവിടെനിന്നാണ് പഠിച്ചത്, ഇത് ശരിയാണോ? ഇവിടെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുണ്ടല്ലോ, ഇവരാരെങ്കിലും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മുമ്പാകെ ഒരു തുണ്ടുകടലാസ്സിൽ, സർക്കാർ ഖജനാവിലെ പണം ധൂർത്തടിക്കുന്നു, അഴിമതി നടത്തുന്നു എന്ന് പരാതിയെഴുതിക്കൊടുത്തിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ ശ്രീ. എം. ഉമ്മർ എന്താണ് പറയേണ്ടത്, ഞാൻ അങ്ങനെയൊരു പരാതി കൊടുത്തിട്ടുണ്ട്, പക്ഷെ ഭരണകക്ഷിക്കെതിരായുള്ള, സ്പീക്കർക്കെതിരായുള്ള പരാതിയായതിനാൽ അന്വേഷണം ദ്രുതഗതിയിൽ നടക്കുന്നില്ല, അതുകൊണ്ട് പൊതുജനം ഇതറിയണമെന്നതുകൊണ്ടാണ് ഞാൻ ഇത് ഉന്നയിക്കുന്നത് എന്നല്ലേ; ശ്രീ. എം. ഉമ്മർ, അങ്ങനെ പറയണ്ടേ? അതിനുപകരം ശ്രീ. ഉമ്മർ എന്താണ് ചെയ്തത്, കണ്ട പത്രത്തിൽ വന്ന വാർത്തയല്ലേ എടുത്തത്, ഞാനത് പറയുന്നില്ല, ശ്രീ. ജി. സുധാകരൻ സഖാവ് അത് പറഞ്ഞുകഴിഞ്ഞതാണ്, ഇനിയും ഞാനത് എന്തിനാണ് ആവർത്തിക്കുന്നത്?

സഭാ ടി.വി.-യെക്കുറിച്ച് മറ്റൊരുതരത്തിലാണ് അവതരിപ്പിച്ചത്. ഞങ്ങളൊക്ക പ്രസംഗിക്കുന്നത് ഇപ്പോൾ ലോകം കാണുന്നുണ്ട്. നിങ്ങൾ പ്രസംഗിക്കുന്നത് സഭാ ടി.വി. ഇല്ലെങ്കിലും കാണുമായിരുന്നു, പക്ഷെ ഞങ്ങളെ എപ്പോഴും തമസ്കരിക്കുകയാണ് പതിവ്. ഞാൻ ഇന്നലെ ഒരു ചാനലിൽ പോയിരുന്നു, എന്റെ അനുഭവം ഞാൻ ആ ചാനലിലെ അവതാരകനോട് പറഞ്ഞിട്ടാണ് വന്നത്. ഞങ്ങൾക്കൊരു അനുഭവമുണ്ട്, ആ അനുഭവത്തിനുള്ള അറുതിയാണ് സഭാ ടി.വി., നിങ്ങൾ ആലോചിക്കണം, ഇന്നലത്തെ അവിശ്വാസപ്രമേയ ചർച്ച ലോകം മുഴുവൻ കണ്ടു. അത് ചാനലുകളിലൂടെ മാത്രമല്ല, സഭാ ടി.വി.യിൽക്കൂടിയുമാണ് കണ്ടത്. എന്തിനധികം പറയുന്നു, നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയട്ടെ, സഭാ ടി.വി.യിലെ "സെൻട്രൽ ഹാളിൽ" നടന്ന അദ്ദേഹത്തെക്കുറിച്ചുള്ള ഇന്റർവ്യൂ എത്ര നന്നായിരുന്നു, യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ ഗ്രാഫ് കുറച്ച് താഴ്ത്താനായി ചില ചാനലുകളെ കൂട്ടുപിടിച്ച് യു.ഡി.എഫ്.ലെ ആളുകൾതന്നെ നടത്തിയ കുതന്ത്രത്തിന്റെ

ഘട്ടത്തിലാണ് അദ്ദേഹത്തിന്റെ ഗ്രാഫ് ഉയരുന്ന ഒരു ഇന്റർവ്യൂ നടന്നത്. ആ ഇന്റർവ്യൂവിൽ അദ്ദേഹത്തിന് പറ്റിയ സ്ഥാനം ഡൽഹിയാണെന്ന് അദ്ദേഹത്തോട് നമ്മൾ പറഞ്ഞു. ഹിന്ദിയിൽ നന്നായി പ്രസംഗിക്കുന്നയാളാണ്, അദ്ദേഹത്തിന്റെ സമകാലീനരെല്ലാം ഇന്ന് കോൺഗ്രസിന്റെ നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിലെ ഭരണത്തിലും പ്രതിപക്ഷത്തുമായുണ്ട്. അതുകൊണ്ട് അദ്ദേഹം വേണ്ടത് അവിടെയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അതിൽ ഇന്റർവ്യൂ ചെയ്ത ആളിന്റെ ഗുണംകൂടിയുണ്ട്. അങ്ങാണല്ലോ എന്നെ ഇന്റർവ്യൂ ചെയ്തത്, അങ്ങയുടെ ചോദ്യം നല്ലതായിരുന്നു, അതുകൊണ്ടാണ് മറുപടി നല്ലനിലയിൽ പറയാൻ സാധിച്ചത്.

ശ്രീ. ജെയിംസ് മാത്യു: സർ, ഞാനത് സ്വാഗതം ചെയ്യുന്നു. തീർച്ചയായും വളരെ നല്ല നിലയിലാണ്, ആ സ്പിരിറ്റിലാണ് അങ്ങത് കണ്ടത്. എത്ര സുതാര്യമായിട്ടാണ് ബഹുമാനപ്പെട്ട സ്പീക്കർ സഭാ ടി.വി കണ്ടക്റ്റ് ചെയ്തുപോകുന്നത്. സഭാ ടി.വി.-യുടെ കണ്ടന്റ് ഡെവലപ്മെന്റ് സമിതിയുടെ അദ്ധ്യക്ഷകൂടിയാണ് ബഹുമാന്യയായ വീണാ ജോർജ്ജ് എം.എൽ.എ. അവർ കാര്യങ്ങൾ സൂചിപ്പിച്ചതിനാൽ ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഭരണ - പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇവിടെ നടന്ന എല്ലാ നവീകരണ പ്രവർത്തനങ്ങളും സഭാ ടി.വി.യും നമ്മൾ ഒരുമിച്ചിരുന്ന് ആലോചിച്ച് ചെയ്തു. എന്നാൽ അഴിമതിയുണ്ടെങ്കിലോ അത് വിജിലൻസിന് കൊടുക്കണം, അവിടെ അന്വേഷണം നടക്കുന്നില്ലെങ്കിൽ കാര്യം നിങ്ങൾ സഭയിൽ ഉന്നയിക്കണം. പക്ഷെ ഒരു പരാതിയും അത്തരത്തിൽ ഉണ്ടായില്ല എന്നുള്ളതാണ് സത്യം.

പിന്നെ ഇവിടെ ഉണ്ടായ മറ്റൊന്ന് ഡോളർ വിവാദമാണ്. 21 തവണ നയതന്ത്ര ബാഗേജിന്റെ പരിരക്ഷ ഉപയോഗപ്പെടുത്തി സ്വർണ്ണം കള്ളക്കടത്ത് നടത്തിയെന്ന് കസ്റ്റംസ് കണ്ടെത്തിയതായി പറയപ്പെടുന്നു. ഗവൺമെന്റിൽനിന്നും 21 തവണ എക്സംപ്ഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടോ, അക്കാര്യം പറയണ്ടെ. ബഹുമാനപ്പെട്ട എം. ഉമ്മർ, അങ്ങ് ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ ഇത്തരത്തിലൊരു ആക്ഷേപം ഉന്നയിക്കുമ്പോൾ ഇതെല്ലാം ശ്രദ്ധിക്കണ്ടേ? 21 തവണ ഈ നയതന്ത്രബാഗേജിന്റെ പരിരക്ഷ ഉപയോഗപ്പെടുത്തി കള്ളക്കടത്ത് നടത്തിയെന്ന് കേന്ദ്രസർക്കാരിന്റെ വരുതിയിലുള്ള കസ്റ്റംസ് പറയുമ്പോൾ സർക്കാരിന്റെ എക്സംപ്ഷൻ സർട്ടിഫിക്കറ്റോടുകൂടിയാണോ നടത്തപ്പെട്ടിട്ടുള്ളത് എന്നുനോക്കണ്ടേ? 21 തവണ നടന്ന ഈ കള്ളക്കടത്തിന്റെ സ്രോതസ് എവിടെയാണ്, യഥാർത്ഥ ഗുണഭോക്താക്കൾ ആരാണെന്നൊക്കെ

അന്വേഷിക്കുന്നതിനും അറിയുന്നതിനും ഏഴ് മാസമായി എന്തുകൊണ്ട് കസ്റ്റംസിനെപ്പോലെയുള്ള ഒരു ഏജൻസിക്ക് സാധിച്ചില്ല? ഇതിന്റെ പിറകിലുള്ള യാഥാർത്ഥ്യം എന്താണെന്ന് താങ്കളും താങ്കളുടെ പാർട്ടിയും പരിശോധിക്കണ്ടേ; പക്ഷെ പരിശോധിക്കില്ല. അവിശ്വാസപ്രമേയ ചർച്ചയുടെ ഘട്ടത്തിൽ ഞാൻ പറഞ്ഞതാണ്, ആകെയുള്ള 60-ഓളം പ്രതികളിൽ 40 ആളുകളും ലീഗുകാരാണ്, പിന്നെയുള്ളത് ആരാണ്? നയതന്ത്ര ബാഗേജിലൂടെയല്ല കള്ളക്കടത്ത് നടത്തിയതെന്ന് പറയണമെന്ന് സ്വപ്ന സുരേഷിന് ഉപദേശിച്ചുകൊടുത്തത് അനിൽ നമ്പ്യാരാണ്. പിന്നെ എങ്ങനെ അന്വേഷിക്കും; അതുംകഴിഞ്ഞ് വളരെ പരസ്യമായി ആ കാര്യങ്ങൾ പറഞ്ഞ കേന്ദ്രമന്ത്രി ശ്രീ. വി. മുരളീധരൻ, സന്ദീപ് നായർ ഉൾപ്പെടെയുള്ള പ്രതികൾ മാപ്പുസാക്ഷികളാകുമ്പോൾ ഇതിന്റെയെല്ലാം പിറകിലുള്ളതെന്താണെന്ന് പരിശോധിക്കാൻ നമ്മൾ തയ്യാറാകണ്ടേ; ഡോളർ വിവാദത്തിലെ 'ആ ഡോളർ' മാറ്റിക്കൊടുത്ത ബാങ്ക് ഈ പ്രതിപ്പട്ടികയിൽ ഉണ്ടോ; ബാങ്ക് മാനേജരുണ്ടോ? എന്നിട്ടാണ് ഇപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ പറയുന്നത്. ഞാൻ ചോദിക്കട്ടേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഒരു പരിപാടിക്ക് ക്ഷണിച്ചു, അദ്ദേഹം പരിപാടിക്ക് പോയി. അതുപോലെ അദ്ദേഹം ഒരു പരിപാടിയിലേയ്ക്ക് ആരെയെങ്കിലും ക്ഷണിച്ചാൽ അവർ വരും. ഈ കാര്യങ്ങളിലൊക്കെ എന്ത് അപാകതയാണുള്ളത്; നാളെ ആരെങ്കിലും നമ്മെ പരിപാടിക്ക് ക്ഷണിച്ചാൽ, എന്ത് ഗുണത്തിലുള്ളതാണെന്ന് അവരെ ലിറ്റ്മസ് പേപ്പറിട്ട് നോക്കാൻ പറ്റുമോ? പോകുന്ന സ്ഥലത്ത് എത്രയാളുകളാണ് സെൽഫിയെടുക്കുന്നത്; നാളെ ഈ സെൽഫിയെടുത്തയാളുകളെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റോ കസ്റ്റംസോ ചോദ്യം ചെയ്യാൻ വിളിച്ചാൽ ഉടൻ അതിന്റെകൂടെ നമ്മുടെ തലയും വട്ടത്തിലിട്ട് അതിനകത്ത് ഉൾപ്പെട്ടിട്ടുണ്ടെന്ന് പറയാമോ, എന്തൊരു കഷ്ടമാണിത്; ഇവിടെ പൊതുപ്രവർത്തനം നടത്തണ്ടേ? ഇങ്ങനെയൊരു ഏജൻസി അന്വേഷിക്കാൻ വിളിച്ചാൽ അത് മഹാ അപരാധമാണെന്ന് പറയുകയാണെങ്കിൽ കുഞ്ഞാലിക്കുട്ടി സാഹിബിനെ വിളിച്ചില്ലേ. നിങ്ങൾ എന്താ മിണ്ടാതിരിക്കുന്നത്? നിങ്ങൾ അറിയാഞ്ഞിട്ടാണോ? ശ്രീ. പി. വി. അബ്ദുൾ വഹാബിനെ വിളിച്ചില്ലേ. നിങ്ങൾ അറിയാഞ്ഞിട്ടാണോ? ഒരു കോടി രൂപ പെനാലിറ്റി അടച്ചില്ലേ? നിങ്ങൾ ആലോചിച്ചുനോക്കൂ. ഇതൊന്നും ഇവിടെ ആരും അറിയാത്ത കാര്യമല്ല, എനിക്കുശേഷം ഇവിടെ സംസാരിക്കാൻപോകുന്ന മുനീർ സാഹിബിനെ വിളിച്ചല്ലോ. എന്നിട്ട് ഇപ്പോൾ അദ്ദേഹം അവിടെ ഇരിപ്പുണ്ടല്ലോ, അദ്ദേഹത്തിന്റെ ഭാര്യയെ വിളിച്ചില്ലേ? ഞാൻ അഴീക്കോട് മണ്ഡലക്കാരനാണ്. എന്റെ എം.എൽ.എ.-യെയും അദ്ദേഹത്തിന്റെ

ഭാര്യയെയും വിളിച്ചല്ലോ; കെ. പി. എ. മജീദിനെയും ആര്യാടൻ ഷൗക്കത്തിനെയും വിളിച്ചല്ലോ; ഇവിടെ സ്പീക്കറെ വിളിച്ചിട്ടേ ഇല്ലല്ലോ? നിങ്ങൾ ഇപ്പോൾ പറയുന്നത് സ്പീക്കറെ വിളിക്കൂ .... സ്പീക്കറെ വിളിക്കൂ.. എന്നാണ്. വിളിച്ചവരുടെ കാര്യം പറയൂ. ഇങ്ങനെ ആടിനെ പട്ടിയാക്കി പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുന്ന സമീപനം നിങ്ങൾ അവസാനിപ്പിക്കൂ. എന്തിനാണ് പൊതുപ്രവർത്തകരെയും രാഷ്ട്രീയപ്രവർത്തകരെയും ഇങ്ങനെ തെരുവിൽ വലിച്ചിഴച്ച് അപമാനിക്കാൻ ഇടയാക്കുന്നത്. നാൽപ്പതുവർഷക്കാലത്തെ രാഷ്ട്രീയ പ്രവർത്തന പാരമ്പര്യത്തിന്റെ സംശുദ്ധിയുള്ള ശ്രീ. പി. ശ്രീരാമകൃഷ്ണൻ എസ്.എഫ്.ഐ. പ്രസ്ഥാനത്തിൽ ഒപ്പം പ്രവർത്തിച്ചതിന്റെ അനുഭവമുള്ളതുകൊണ്ട് ഞാൻ പറയുകയാണ്, ഒരു തരത്തിലുമുള്ള കളങ്കവും പേറാത്ത ഒരു വ്യക്തിത്വത്തിന് ഉടമയാണ് സഖാവ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ. നാലേമുക്കാൽ വർഷക്കാലം ഈ സഭയുടെ അമരത്തിരുന്നുകൊണ്ട് ഇന്ത്യ കണ്ട ഏറ്റവും മികച്ച സ്പീക്കറാണ് ശ്രീ. പി. ശ്രീരാമകൃഷ്ണനെന്ന് പറഞ്ഞതാരാണെന്ന് നിങ്ങൾതന്നെ പറഞ്ഞല്ലോ? ആ സർട്ടിഫിക്കറ്റല്ല നാട്ടുകാർ നോക്കുന്നത്; രാവിലെ വർത്തമാനപത്രമാണ് നാട്ടുകാർ നോക്കുന്നത്. അതുനോക്കിയിട്ടാണല്ലോ അവർ വോട്ടുചെയ്യുന്നത്; ആ വർത്തമാനപത്രം നോക്കിയിട്ട് വോട്ടുചെയ്തതുകൊണ്ടാണല്ലോ ഞങ്ങൾ ഇപ്പോൾ അധികാരത്തിൽ ഇരിക്കുന്നത്. ആ വർത്തമാനപത്രം നോക്കിയിട്ടാണല്ലോ നാട്ടുകാർ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ടുചെയ്തത്. ആ വർത്തമാനപത്രത്തെക്കുറിച്ച് അധികം വർത്തമാനം പറയേണ്ടാ. എനിക്ക് ഒരു കാര്യമേ പറയാനുള്ളൂ. ദയവായി ഈ സമീപനം നിങ്ങൾ അവസാനിപ്പിക്കണം. ഇതിന്റെ ഫലമെന്താണ്? നിങ്ങളുടെകൂടെ ഒരാൾ എഴുന്നേറ്റുനിന്നു, രാജേട്ടൻ എഴുന്നേറ്റുനിന്നാലൊന്നും കുഴപ്പമില്ല. പക്ഷെ ഇതാണ് ആ പ്രശ്നം. ഒരു സംശയവും നിങ്ങൾക്കുവേണ്ട, ഇന്നല്ലെങ്കിൽ നാളെ ഉപ്പുവച്ച കലംപോലെ യു.ഡി.എഫ്. തകർന്നുതരിപ്പണമാകുന്നതിന് നിങ്ങളാണ് വളം വച്ചുകൊടുക്കുന്നത്. കോൺഗ്രസ് തകരണമെന്ന് ഞങ്ങളാഗ്രഹിക്കുന്നില്ല. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് തകരണമെന്ന് ഞങ്ങളാഗ്രഹിക്കുന്നില്ല. എന്നാൽ ഈ രാജ്യത്ത് ബി.ജെ.പി. അധികാരത്തിലിരുന്നുകൊണ്ട് നടത്തുന്ന എല്ലാ വർഗ്ഗീയ വിഭാഗീയതയും കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ അവർ ശ്രമിച്ചാൽ നഖശിഖാന്തം അതിനെ എതിർക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കും, അതിനാണ് നിയമസഭാ പ്രവർത്തനം ഞങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. അത് മനസ്സിലാക്കാനെങ്കിലും ബഹുമാന്യരായ യു.ഡി.എഫ്. അംഗങ്ങൾ തയ്യാറാകണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. സാധാരണ രാഷ്ട്രീയ കാരണങ്ങളാൽ അവിശ്വാസപ്രമേയങ്ങൾ സഭയിൽ വരാറുണ്ട്, ചർച്ചകളും നടക്കാറുണ്ട്. എന്നാൽ ഇന്ന് അവതരിപ്പിച്ചിരിക്കുന്ന പ്രമേയം തികച്ചും വ്യത്യസ്തമാണ്. സ്പീക്കർ സ്ഥാനത്തിരിക്കുന്ന ഒരു വ്യക്തി കള്ളക്കടത്തുകേസിൽ കുറ്റാരോപിതനായി നിൽക്കുന്നതും അഴിമതി ആരോപണങ്ങളുടെ മുന്നിൽ തലകുനിച്ച് നിൽക്കേണ്ടി വരുന്നുവെന്നതും വളരെ ഖേദകരമാണ്. സഭയിലെ 140 അംഗങ്ങളുടെയും മാതൃകാപുരുഷനാകേണ്ട ആളാണ് സ്പീക്കർ. മാതൃകയായില്ലെങ്കിലും മറ്റുള്ളവർക്കൊപ്പമെങ്കിലും നിൽക്കേണ്ടതല്ലേ? പൊതു പ്രവർത്തനരംഗത്ത് നിൽക്കുന്നവർ പലതരം സ്വാധീനങ്ങൾക്കും സമ്മർദ്ദങ്ങൾക്കും വിധേയരാകാറുണ്ട്. അത്തരം സ്വാധീനങ്ങളെയും സമ്മർദ്ദങ്ങളെയും അതിജീവിക്കുമ്പോഴാണ് മാതൃകാ പൊതുപ്രവർത്തകനാകുന്നത്. സമ്മർദ്ദങ്ങൾക്ക് വഴിപ്പെട്ടുപോയാൽ ആരുടെ സമ്മർദ്ദങ്ങൾക്ക് എന്നതാണ് പ്രസക്തമായ വിഷയം. ദേശവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ തിരിച്ചറിയാനും അവരെ അകറ്റി നിർത്താനും ശ്രമിക്കുമ്പോഴാണ് പൊതുപ്രവർത്തകൻ ഒരു യഥാർത്ഥ പൊതുപ്രവർത്തകനാകുന്നത്. പകരം അവരോടൊപ്പംനിന്ന് അവരുടെ ആജ്ഞാനുവർത്തിയായി പ്രവർത്തിക്കുക എന്നത് വളരെ ദുഃഖകരമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. അതുകൊണ്ട് ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പോയിന്റ് ഓഫ് ഓർഡർ......

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. എസ്. സുനിൽ കുമാർ: ബഹുമാനപ്പെട്ട സ്പീക്കറെപ്പറ്റിയുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സ്വർണ്ണക്കള്ളക്കടത്ത് കേസിൽ സ്പീക്കർ കുറ്റാരോപിതനാണെന്ന് അദ്ദേഹം ഉന്നയിച്ചിരിക്കുകയാണ്. ഒരു കേസിലും അദ്ദേഹം കുറ്റാരോപിതനായിട്ടില്ല. ബി.ജെ.പി.-യുടെ ആരോപണം ഇത് ഒരു ഏജൻസിയുടെ ആരോപണമായി ഉന്നയിക്കുന്നത് ഓർഡറിലാണോ? യു.ഡി.എഫ്. അതിനെ പിന്തുണയ്ക്കുന്നുവെന്നുള്ളത് ശരിയാണ്. പക്ഷെ ഇത് ഓർഡറിലാണോ എന്ന് അങ്ങ് റൂളിംഗ് നൽകണം. എല്ലാവരുടെയും ഇഷ്ടംപോലെ പറയാൻ പറ്റില്ല. അത് ഒഴിവാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.*

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ അതിശക്തമായി എതിർക്കുകയാണ്.

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം ( 22-1-2021-ലെ ഫയൽ നമ്പർ 1646/ഇ.ബി./2021/നി.സെ.,) സഭാരേഖകളിൽ നിലനിർത്തി.

സഭയിലെ എല്ലാ അംഗങ്ങളോടും വളരെ സമത്വം പാലിച്ചുകൊണ്ടുപോകുന്ന സഭാനേതാവാണ് ബഹുമാന്യനായ സ്പീക്കർ. ഇത് ജനാധിപത്യത്തിന്റെ ധ്വംസനമായാണ് എനിക്ക് തോന്നുന്നത്. ഇരുവശത്തുമുള്ളവർ സംസാരിച്ചപ്പോൾ ഇത് വേണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടുകാണും. അതാണ് ഉമ്മർ മാഷിന്റെ മനസ്സ് ഇപ്പോൾ പറയുന്നത്. ഏറ്റവും അവസാനം താൻ ചെയ്തത് തെറ്റാണെന്ന് അദ്ദേഹം എഴുന്നേറ്റുനിന്ന് പറയുമെന്ന് തോന്നുന്നു. എന്തിന്റെ പേരിലാണ് ഈ അവിശ്വാസം; എന്തെങ്കിലും അന്വേഷണം നടത്തിയോ; ആരെയെങ്കിലും ചോദ്യം ചെയ്തോ, അതൊന്നുമില്ലാതെയാണ് ഈ അവിശ്വാസം ഇവിടെ കൊണ്ടുവന്നത്. നെടുമങ്ങാട് ഒരു സ്ഥാപനത്തിന്റെ ഉദ്ഘാടനത്തിനു പോയി. ആ ഉദ്ഘാടനത്തിൽ പങ്കെടുത്ത സ്വപ്ന സുരേഷ് അന്ന് പ്രതിയായിരുന്നോ? ഉമ്മർമാഷ് മറുപടി പറയൂ. അങ്ങനെ പ്രതിയായിരുന്നെങ്കിൽ നിങ്ങളുടെ അവിശ്വാസം ഇവിടെ നന്നായിരുന്നു. ഒരു പ്രതിയല്ലാത്ത ആളെ അതിനുശേഷം പ്രതിയാക്കി, ആ കൂട്ടത്തിൽ ശ്രീരാമകൃഷ്ണനുണ്ട് എന്നുപറയാൻ ആരാണ് ഇവിടെ പറഞ്ഞത്? ചില പത്രങ്ങൾ പറഞ്ഞതിന്റെ പേരിൽ നാണംകെട്ട അവിശ്വാസം കൊണ്ടുവരികയാണ് യു.ഡി.എഫ്. നേമത്ത് ബി.ജെ.പി. ക്കാരനെ ജയിപ്പിച്ചതിന്റെ നല്ലൊരു അനുഭവം രാവിലെ നമ്മൾ കണ്ടതാണ്. കോൺഗ്രസുകാരനുവേണ്ടി എഴുന്നേറ്റുനിന്നപ്പോൾ ഞങ്ങൾക്ക് മനസ്സിലായി ബി.ജെ.പി.-യും യു.ഡി.എഫ്-ഉം ഒന്നാണെന്ന്. അതാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. അതുകൊണ്ടാണ് അദ്ദേഹം ഇതിനെ എതിർത്ത് പറയുന്നത്. ഇവിടെ ചില നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവെന്ന് പറഞ്ഞു. എം.എൽ.എ. ഹോസ്റ്റലിലെ 'നിള ബ്ലോക്ക്' പണിയുന്നു. വർഷങ്ങൾക്കുമുമ്പ് പണിതിട്ട നിള ബ്ലോക്കിൽ കുടുസുമുറികളാണ്. അത് മാറ്റണ്ടേ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ എം.എൽ.എ. ഹോസ്റ്റൽ കണ്ടാൽ അറയ്ക്കും; അവിടത്തെ കട്ടിലിൽ കിടക്കാൻ തോന്നില്ല. കേരളത്തിലെ എം.എൽ.എ. ഹോസ്റ്റൽ അങ്ങനെയാണോ? ഞാൻ ഹൗസ് കമ്മിറ്റിയുടെ ചെയർമാനാണ്. എനിക്കറിയാം, ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നൽകിയിട്ടാണ് ആ കെട്ടിടം പണിയുന്നത്. ഞങ്ങൾ ചെറ്റക്കുടിലിൽ കിടന്നുവളർന്നവരാണ്. ഞങ്ങൾക്ക് പുതിയ മുറികൾ വേണമെന്ന് പ്രതിപക്ഷത്തിരിക്കുന്നവരാണ് എന്നോട് ആവശ്യപ്പെട്ടത്. ഇപ്പോൾ നിർമ്മിച്ചിരിക്കുന്ന ഏറ്റവും നല്ല ഫ്ലാറ്റ് നിങ്ങൾ കാണണം. ഒരു റൂം ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചുകൊടുത്തപ്പോൾ ഒരു റൂം കൂടി വേണമെന്ന് പറഞ്ഞു. ഞങ്ങളൊക്കെ നാലാംതവണ ജയിച്ചുവന്നപ്പോഴാണ് ഫ്ലാറ്റ് കിട്ടിയത്. സീനിയോറിറ്റി വച്ചാണ് ഫ്ലാറ്റ് കൊടുക്കുന്നത്. നിങ്ങൾ ഒന്നാം തവണ ജയിച്ചു വന്നപ്പോൾത്തന്നെ ഫ്ലാറ്റ് കിട്ടിയില്ലേ. ആരുടെ ഔദാര്യമാണ്, ബഹുമാനപ്പെട്ട സ്പീക്കറുടെ ഔദാര്യമാണ്. ....(ബഹളം)..... ...അവകാശമോ.. എങ്ങനെ

അവകാശം?... ഫ്ലാറ്റ് കിട്ടുന്നതിന് ക്രൈറ്റീരിയ ഉണ്ട്. ആ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സ്പീക്കർ ഫ്ലാറ്റ് കൊടുക്കുന്നത്. പക്ഷെ എൽ.ഡി.എഫ്.-ന്റെ കാര്യത്തിൽ ആ മാനദണ്ഡം പാലിക്കപ്പെട്ടില്ല. കോൺഗ്രസുകാർക്കാണ് മൊത്തം ഫ്ലാറ്റ് കൊടുത്തത്. അതിന് നിങ്ങൾ സ്പീക്കറോട് നന്ദി പറയണം.

ഇവിടെ ചില നിയമനങ്ങൾ നടന്നുവെന്ന് ശ്രീ. പി. ടി. തോമസ് പറഞ്ഞു. ഞാൻ ശ്രീ. പി. ടി. തോമസിനെ വെല്ലുവിളിക്കുകയാണ്. നിയമസഭയിൽ നിയമനം നടന്നിട്ടുണ്ടോ? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി സീനിയോറിറ്റി ഉള്ളവരെയാണ് ഇവിടെ നിയമിച്ചത്. 14 പേരെ കഴിഞ്ഞ ആഴ്ച നിയമിച്ചു. പതിനാല് ജില്ലകളിൽനിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി കാർഡ് അയച്ച്, ഇന്റർവ്യൂ നടത്തി മെരിറ്റ് നോക്കിയാണ് നിയമനം നടത്തിയത്. ശ്രീ. പി. ടി. തോമസിന്റെ പാർട്ടി ഭരിച്ചപ്പോൾ ആര്യനാട് മണ്ഡലത്തിലെ നൂറ് പേർ ഇവിടെ ജോലി ചെയ്തു. ശ്രീ. പി. ടി. തോമസിനെ ഞാൻ വെല്ലുവിളിക്കുകയാണ്, ഇവിടെ അനധികൃതമായി ഏതെങ്കിലും നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ശ്രീ. പി. ടി. തോമസ് തെളിയിക്കൂ. ഞങ്ങൾ ഉത്തരം നൽകും. ജനാധിപത്യത്തിന്റെ എല്ലാ മാനദണ്ഡങ്ങളും നോക്കിയാണ് ഇവിടെ നിയമനം നടത്തുന്നത്. നമ്മളെ ഉമ്മാക്കി കാണിച്ച് വിരട്ടാൻ നോക്കണ്ട. ഞാൻ നാല് സ്പീക്കർമാരെ കണ്ടവനാണ്. ആ നാല് സ്പീക്കർമാരിൽ ഏറ്റവും പ്രമുഖനായി ഞാൻ അദ്ദേഹത്തെ കാണുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.... മൂന്നുമിനിട്ട് അധികമായി.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ശ്രീ. മുല്ലക്കര രത്നാകരൻ ചെയർമാനായ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്, ശ്രീ. സി. ദിവാകരൻ ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് തുടങ്ങിയവയെല്ലാം ജനങ്ങളിലെത്തിച്ചത് ആരാണ്? ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിലെയും ഇന്ത്യയിലെയും വിവിധ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ച നേതാക്കളെ കൊണ്ടുവന്ന് സെമിനാർ, സിംപോസിയം, ഡിബേറ്റ് എന്നിവ നടത്തി. ഇതൊക്കെ പണ്ട് നടന്നിട്ടുണ്ടോ? നൂറുകണക്കിന് സിംപോസിയവും ഡിബേറ്റുകളും നടന്നു. ഇവിടെ ഏറ്റവും അവസാനമായി കുമാരനാശാന്റെ അനുസ്മരണം നടത്തി. നിങ്ങളും പങ്കെടുത്തു, ഞങ്ങളും പങ്കെടുത്തു. എന്നിട്ട് സ്പീക്കറെ നിങ്ങൾ വെല്ലുവിളിക്കുന്നത് എന്തിന്റെ പേരിലാണ്? സത്യസന്ധനായ, എസ്.എഫ്.ഐ. രംഗത്തും ഡി.വൈ.എഫ്.ഐ. രംഗത്തും സി.പി.ഐ.(എം)-ന്റെ രംഗത്തും കടന്നുവന്ന് ഉജ്ജ്വലമായ പ്രവർത്തനം കാഴ്ചവച്ച, കേരള ചരിത്രത്തിന്റെ താളുകളിൽ തങ്കലിപികളാൽ ആലേഖനം ചെയ്യുന്ന നിരവധി സമര പോരാട്ടങ്ങൾക്ക് നേതൃത്വംകൊടുത്ത നേതാവാണ് സഖാവ്

പി. ശ്രീരാമകൃഷ്ണൻ. സത്യസന്ധനും ആത്മാർത്ഥതയുള്ളവനുമായ അദ്ദേഹം നിങ്ങളെ വേർതിരിച്ചൊന്നും കണ്ടിട്ടില്ല. അങ്ങനെയുള്ള നേതാവിനെയാണ് നിങ്ങൾ കുറ്റപ്പെടുത്തുന്നത്. കാലം നിങ്ങൾക്ക് മാപ്പുതരില്ല. അതാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഈ പ്രമേയത്തെ അതിശക്തമായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

12:00 Noon]

Dr. M. K. Muneer: Sir, , Jawaharlal Nehru had nicely articulated the Speaker's role. " The Speaker represents the House. He/she represents the dignity of the House, the freedom of the House, and because the House represents the nation, in a particular way, the Speaker becomes symbol of the nation's freedom and liberty. Therefore, that should be an honoured position. A free position and should be occupied always by persons of outstanding ability and impartiality." ജവഹർലാൽ നെഹ്റു സ്പീക്കർ പദവിയുടെ ഉത്കൃഷ്ടതയെക്കുറിച്ച് വളരെ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. സ്പീക്കർ ധാർമ്മിക മൂല്യങ്ങളുടെ ആൾരൂപമായിരിക്കണം; സ്പീക്കർ എല്ലാ തരത്തിലുമുള്ള നന്മകളെയും ഉയർത്തിപ്പിടിക്കുന്ന ആളായിരിക്കണം; അതിലെല്ലാമുപരി സ്പീക്കർ സംശയത്തിനതീതനായിരിക്കണം. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ സംശയത്തിന്റെ നിഴലിൽ നിൽക്കുകയാണ്. 1971-ൽ അന്നത്തെ 'തനിനിറം' പത്രത്തിൽ 'നിയമസഭാ സ്പീക്കറുടെ ക്ലറ് എന്ന പേരിൽ സ്പീക്കറെ അവഹേളിച്ചുകൊണ്ട് ഒരു ലേഖനം വരികയുണ്ടായി. അന്ന് ഈ നിയമസഭ അതിന്റെ മാനേജിംഗ് എഡിറ്ററായ കൃഷ്ണൻനായരെ സഭയിൽ വിളിച്ച് ശാസിച്ച ചരിത്രമുണ്ട്. പക്ഷെ ഇന്ന് എല്ലാ ദിവസവും പത്രത്തിൽ സ്പീക്കറുടെ ചിത്രത്തോടുകൂടി ധാരാളം വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. നമുക്ക് ഒരു പത്രത്തിന്റെ എഡിറ്ററേയും ഇവിടെ വിളിച്ച് ശാസിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; എന്തുകൊണ്ടാണ് തനിക്കെതിരെയുള്ള ആരോപണം ശരിയല്ല എന്നുപറഞ്ഞുകൊണ്ട് ഏതെങ്കിലും ഒരു പത്രത്തിനെതിരെ മാനനഷ്ടത്തിന് കേസ് കൊടുക്കാനുള്ള ധൈര്യം കാണിക്കാൻ സ്പീക്കർക്ക് പറ്റാത്തത്? ഇത്രയധികം വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുമ്പോൾ സ്വാഭാവികമായും ഈ സഭയ്ക്കുള്ള സംശയവും സഭയുടെ അഭിമാനത്തിനേൽക്കുന്ന ക്ഷതവും ഒരിക്കലും സഹിക്കാൻ പറ്റാത്തതുകൊണ്ടാണ് ഞങ്ങൾ ഈ അവിശ്വാസപ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. യഥാർത്ഥത്തിൽ സ്പീക്കർ തന്നെയാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. ഡിപ്ലോമാറ്റിക് ബാഗേജുമായി ബന്ധപ്പെട്ട വിഷയത്തിലായാലും അതുപോലെ സ്വർണ്ണ കള്ളക്കടത്ത് കേസിലായാലും പ്രതികൾ കൊടുത്തിട്ടുള്ള മൊഴിയിൽ സ്പീക്കർ

ഡോളർ അടക്കമുള്ള ബാഗ് അവർക്ക് കൈമാറി, അത് കോൺസുലേറ്റ് ജനറലിന് കൊടുക്കണമെന്ന് ആവശ്യപ്പെട്ടു എന്നുപറയുന്ന വാർത്തകൾ നമ്മൾ പത്രത്തിൽ വായിച്ചു. മാത്രമല്ല ഇതുമായി ബന്ധപ്പെട്ട ചോദ്യം ചെയ്യലിനുവേണ്ടി കസ്റ്റംസ് സ്പീക്കറുടെതന്നെ സ്റ്റാഫ് അംഗത്തെ വിളിപ്പിച്ചു. സ്പീക്കർ ആദ്യ ഘട്ടത്തിൽ പറഞ്ഞിരുന്നത് 'എന്നെ കസ്റ്റംസ് വിളിപ്പിച്ചാൽ ഞാൻ ഒരു സാധാരണ പൗരനെപ്പോലെ പോയി അതിനുള്ള ഉത്തരങ്ങൾ കൊടുക്കു'മെന്നാണ്. എന്നാൽ സ്പീക്കറെയല്ല, സ്പീക്കറുടെ ഒരു സ്റ്റാഫിനെ വിളിച്ചപ്പോൾത്തന്നെ മൂന്നുതവണ പോകാൻ വിസമ്മതിക്കുകയും നാലാമത്തെ തവണ പോകാൻ ശ്രമിച്ചപ്പോൾ സ്പീക്കറുടെ പ്രിവിലേജ് ഉപയോഗിച്ച് ചട്ടത്തിലെ 165-ാം വകുപ്പ് ഉപയോഗിച്ച് (സത്യത്തിൽ ചട്ടത്തിലുള്ള വകുപ്പുകൾ മുഴുവൻ നിയമസഭാ സാമാജികർക്കുള്ളതാണ്, കാരണം ഈ ചട്ടം നിയമസഭാ സാമാജികർക്കുള്ളതാണ്) സ്പീക്കറുടെ സ്റ്റാഫിനുവരെ സംരക്ഷണം കൊടുക്കുന്ന ഒരു സാഹചര്യമുണ്ടായപ്പോൾ, 'ധൈര്യസമേതം കസ്റ്റംസിനെ ഞാൻതന്നെ പോയി കാണും' എന്നുപറയുന്ന ഒരു വ്യക്തി അദ്ദേഹത്തിന്റെ സ്റ്റാഫിനെപ്പോലും അയയ്ക്കാൻ ഭയപ്പെടുന്നത് എന്തിനാണെന്ന ചോദ്യത്തിന് മുമ്പിലാണ്, സമൂഹത്തിന് മറുപടി ഇല്ലാതെ നിൽക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ സ്വാഭാവികമായും സ്പീക്കറുടെ സംശുദ്ധി സംശയലേശമെന്യേ സമൂഹത്തിന്റെ മുന്നിൽ ബോധ്യപ്പെടുത്തേണ്ട ബാധ്യതയുണ്ട്. അതാണ് ഞാൻ പറഞ്ഞത്, സ്പീക്കർ സംശയത്തിന് അതീതനായിരിക്കണം. ഇവിടെ മൂന്ന് സ്പീക്കർമാർക്ക് ഇതേപോലെ താഴെ ഇറങ്ങി ഇരിക്കേണ്ടി വന്നിട്ടുണ്ട്. അതെല്ലാം അവർ സംശയത്തിന്റെ നിഴലിൽ നിന്നതിന്റെ പേരിൽ നിയമസഭയിൽ അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള ഒരു സാഹചര്യമാണ്. ഒരിക്കലും സ്പീക്കറെ താഴെയിരുത്തി ഇതുപോലെ കുറ്റവിചാരണ നടത്തണമെന്ന് ഒരു പ്രതിപക്ഷവും ആഗ്രഹിക്കുന്നില്ല. പക്ഷെ നിർബന്ധ സാഹചര്യം ഉണ്ടായിരിക്കുന്നു എന്നുള്ളതാണ്. അതിനുപുറമെയാണ് സ്പീക്കറുമായി ബന്ധപ്പെട്ട മറ്റ് കുറേ ആരോപണങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. പതിമൂന്നാം കേരള നിയമസഭയിൽ പലരും ഒരുമിച്ച് ഈ കസേര താഴെ വലിച്ചിട്ടു. അതിന്റെ പ്രായശ്ചിത്തമെന്നുള്ള നിലയ്ക്കാണോ എന്നറിയില്ല, ശങ്കരനാരായണൻ തമ്പി ഹാളിലെ കസേരകൾ രണ്ടുതവണ മാറ്റേണ്ടിവന്നത്. ആദ്യം 1.85 കോടി രൂപയ്ക്ക് കസേരകൾ മാറ്റി. അതിന്റെ മോടി പോരായെന്ന് തോന്നി 16.51 കോടി രൂപയ്ക്ക് വീണ്ടും കസേരകൾ മാറ്റി. ലോക ബാങ്ക് പ്രളയത്തിന് നൽകിയ പണമായ 1,780 കോടി രൂപയിൽനിന്നെടുത്ത് ചെലവഴിച്ച എന്നുപറയുമ്പോൾ നമുക്കത് അത്രമാത്രം നിർബന്ധമായിരുന്നുവോ എന്ന് ചിന്തിക്കണം. എത്ര തവണ ആ ഹാൾ ഉപയോഗിച്ചുവെന്ന് പരിശോധിക്കണം. ഫെസ്റ്റിവൽ ഓൺ ഡെമോക്രസിക്കുവേണ്ടി നമ്മളടക്കം ഭക്ഷണം കഴിച്ചത് 68 ലക്ഷം രൂപയ്ക്കാണെന്ന് പറഞ്ഞപ്പോൾ, അത്

ദഹിക്കാത്ത അവസ്ഥയിൽ കിടക്കുകയാണ്. രണ്ട്, യാത്രയ്ക്കുവേണ്ടി 42 ലക്ഷം രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ഇ-നിയമസഭ, പേപ്പർലെസ് നിയമസഭ എന്ന് പറയുമ്പോഴും ഈ മേശപ്പുറത്ത് മുഴുവൻ പേപ്പറുകൾ തന്നെയാണ്. ഈ പേപ്പറുകളൊന്നും ഒഴിവാക്കാൻ സാധിച്ചിട്ടില്ല. പക്ഷെ, പേപ്പർലെസ് ആയിട്ടുള്ള ഇ-നിയമസഭയ്ക്കുവേണ്ടി 52 കോടി രൂപ ടെണ്ടറില്ലാതെ ചെലവഴിച്ചു. അതിനുവേണ്ടി 13 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസും കൊടുത്തു. മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതിനെക്കുറിച്ചൊന്നും ഞങ്ങൾ പറയുന്നില്ല. പല കാര്യങ്ങളിലും മൊബിലൈസേഷൻ അഡ്വാൻസിന്റെ പേരിൽ ക്രൂശിക്കപ്പെട്ടിട്ടുള്ളവരാണ് ഞങ്ങൾ. ഇവിടെ ഫെസ്റ്റിവൽ ഓൺ ഡെമോക്രസി നടത്തി. അതിന് ചെലവഴിച്ച പണത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. നിയമസഭ മൊത്തത്തിൽ 1001 സ്റ്റാഫ് അംഗങ്ങളുണ്ടാകും. എന്നിട്ടും ഫെസ്റ്റിവൽ ഓൺ ഡെമോക്രസിക്കുവേണ്ടി അഞ്ച് പേരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. ഇത്രപേരെ എന്തിനാണ് വീണ്ടും കോൺട്രാക്ടിൽ നിയമിച്ചത്? അങ്ങനെ കോൺട്രാക്ടിൽ നിയമിക്കപ്പെട്ട ആളുകൾ പിന്നെ പോയിട്ടുമില്ല. അവർ ഇപ്പോഴും ഇവിടത്തെ ഭാഗമായി നിൽക്കുകയാണ്. ഇത്തരത്തിലുള്ള ധാരാളം സംശയങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ ആ സംശയങ്ങൾ ദൂരീകരിക്കുന്നതിനുവേണ്ടി ഒരു അവിശ്വാസം കൊണ്ടുവരേണ്ടത് സത്യമായ കാര്യമല്ലേ? കസ്റ്റംസ് ചോദ്യം ചെയ്യുമെന്നുള്ള വാർത്ത നിരന്തരം വന്നുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് മൃഗീയ ഭൂരിപക്ഷത്തിൽ സ്പീക്കറെ വീണ്ടും ആ കസേരയിലേയ്ക്ക് കൊണ്ടുപോകാൻ സാധിച്ചേയ്ക്കും. പക്ഷെ, അങ്ങനെ ചെയ്യുമ്പോൾ ഈ നിയമസഭയ്ക്കുണ്ടാകുന്ന കളങ്കം കാലാകാലത്തേയ്ക്കുള്ളതായിരിക്കുമെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിയമസഭയുടെ വിശുദ്ധിയെയാണ് അത് ചോദ്യം ചെയ്യുന്നത്. അതുകൊണ്ട് യഥാർത്ഥത്തിൽ സ്പീക്കർതന്നെ ഒരു പുനർവിചിന്തനം നടത്തിയശേഷം 'ഞാൻ ഇത്തരം സംശയത്തിന്റെ നിഴലിൽ നിൽക്കുന്നതുകൊണ്ട് സംശയങ്ങൾ ദൂരീകരിക്കപ്പെട്ടശേഷമല്ലാതെ ആ കസേരയിലേയ്ക്ക് കയറാൻ തയ്യാറല്ല' എന്നുപറയുന്ന ധീരമായ തീരുമാനമെടുക്കാനാണ് അങ്ങേയ്ക്ക് സാധിക്കേണ്ടതെന്ന് സൂചിപ്പിക്കുകയാണ്. അതുകൊണ്ട് ഈയൊരു പ്രമേയം കൃത്യമായ സമയത്ത് കൃത്യമായ രീതിയിൽത്തന്നെയാണ് ഞങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. ഈ ചർച്ച എന്തുകൊണ്ടും ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന ചർച്ചയായി മാറിയിരിക്കുന്നു. ഈ ചർച്ച പൊതുസമൂഹത്തിന് ധൈര്യം പകരുന്ന ചർച്ചയായി മാറിയിട്ടുണ്ട് എന്നതിൽ ഭരണപക്ഷവും ആനന്ദിക്കുകയാണ് വേണ്ടത്. ജനാധിപത്യം തകർന്നിട്ടില്ല, ഇവിടെ അതിനെ പരിപാലിക്കുന്നതിനുവേണ്ടി ശക്തമായ ഒരു പ്രതിപക്ഷം ഉള്ളതുകൊണ്ട് അതിൽ ഞങ്ങളും രക്ഷപ്പെട്ടിരിക്കുന്നു എന്നുള്ള ഒരു ആത്മ സന്തോഷത്തോടും

സംതൃപ്തിയോടുംവേണം നിങ്ങൾ ഈ ചർച്ചയെ സമീപിക്കാൻ എന്നുമാത്രം പറഞ്ഞുകൊണ്ട്, ഒരിക്കൽക്കൂടി ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട ചെയർ, ബഹുമാന്യനായ പ്രമേയാവതാരകൻ പ്രമേയം അവതരിപ്പിച്ചുകൊണ്ട് വിശ്വസാഹിത്യകാരനായ ഷേക്സ്പിയറെ ഉദ്ധരിക്കുകയുണ്ടായി. ഷേക്സ്പിയറിന്റെ ഒരു പ്രയോഗമുണ്ട്, 'ശൂന്യതയിൽനിന്നുണ്ടാകുന്ന ബഹളം' എന്ന്. ഈ പതിനാലാം കേരള നിയമസഭയുടെ ചരിത്രത്തിലുടനീളം പ്രതിപക്ഷത്തുനിന്നുമുണ്ടായിരുന്നത് അർത്ഥരഹിതമായ ശൂന്യതയിൽ നിന്നുള്ള ബഹളമായിരുന്നു. എന്തെങ്കിലും കഴമ്പുള്ള ഒരു വാക്ക്, ഗൗരവമുള്ള ഒരു വിമർശനം, സൃഷ്ടിപരമായ ഒരു നിർദ്ദേശം നാളിതുവരെ ഉന്നയിക്കാനോ ഉയർത്താനോ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. പ്രമേയാവതാരകന്റെ പ്രമേയം എന്തേ ഇങ്ങനെ യാന്ത്രികമായിപ്പോയി? നല്ല നിയമ പരിജ്ഞാനമുള്ള, കാര്യങ്ങൾ നന്നായി അവതരിപ്പിക്കാൻ കഴിയുന്ന ബഹുമാന്യനായ അംഗം ആർക്കോവേണ്ടി യാന്ത്രികമായി ഇവിടെ ചില വാചകങ്ങൾ ആവർത്തിക്കുന്ന ദയനീയമായ കാഴ്ചയാണ് നമ്മൾ കണ്ടത്. എന്ത് ആരോപണമാണ്, എന്ത് കുറ്റമാണ് സ്പീക്കർക്കെതിരായിട്ടുള്ളത്? പ്രമേയാവതാരകൻതന്നെ ഒരുവേള സ്പീക്കറെ അഭിനന്ദിക്കുകയുണ്ടായി. ഈ സഭയിലിരിക്കുന്ന എത്രപേർ അത് ശ്രദ്ധിച്ചുവെന്ന് എനിക്കറിയില്ല. ഉപരാഷ്ട്രപതിയുടെ കയ്യിൽനിന്നും അവാർഡ് വാങ്ങിയതുമായി ബന്ധപ്പെട്ട കാര്യം പരാമർശിച്ചപ്പോൾ സ്പീക്കറെ നീക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നതിനിടയിൽ സ്പീക്കറെ അഭിനന്ദിക്കേണ്ടിവന്ന അപൂർവ്വതയ്ക്കുകൂടി ഈ പ്രമേയാവതരണം സാക്ഷ്യം വഹിച്ചുവെന്നത് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 'ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുത്' എന്ന് അനുശാസിക്കുന്ന അടിസ്ഥാന പ്രമാണമാണ് നമ്മുടേത്. ഒരു നിരപരാധിയെ കുരിശ്ശിലേറ്റാൻവേണ്ടി ഒരു സംഘം കുറ്റവാളികൾ ചേർന്ന് വൃഥാ പണിപ്പെടുന്നതിനാണ് നാമിവിടെ സാക്ഷ്യം വഹിക്കുന്നത്. കേട്ടുകേൾവികളാണ് നിങ്ങൾ അടിസ്ഥാനമാക്കുന്നത്. 'ഇങ്ങനെ അവാർഡൊക്കെ കിട്ടി, പക്ഷെ പത്രങ്ങളിൽ ഇങ്ങനെയൊക്കെ കാണുന്നു' എന്നാണ് പ്രമേയാവതാരകൻ പറഞ്ഞത്. അങ്ങനെയെങ്കിൽ പത്രങ്ങളെടുത്ത് മേശപ്പുറത്ത് വച്ചാൽപ്പോരെ? ബഹുമാന്യനായ അംഗത്തെയും അതുപോലെ പ്രതിപക്ഷത്തെയും ഞാൻ ഓർമ്മിപ്പിക്കുകയാണ്, പത്രവാർത്തകളുടെ അടിസ്ഥാനത്തിലല്ല വസ്തുതകളുടെ അടിസ്ഥാനത്തിൽ വേണം ആരോപണങ്ങളുന്നയിക്കാനും പ്രമേയങ്ങൾ കൊണ്ടുവരാനും. അല്ലാത്തപക്ഷം ജനങ്ങളുടെ മുമ്പാകെ നിങ്ങൾ അപഹാസ്യരായി മാറുകതന്നെ ചെയ്യും. ഈ സഭയിൽ ഏറ്റുവാങ്ങേണ്ടിവരുന്ന ആഘാതത്തിന്റെ

ജാള്യത തീർക്കാൻ തീറ്റിപ്പോറ്റുന്ന അടിമപട്ടാളത്തെ നവമാധ്യമങ്ങളിൽ കയറൂരിവിട്ട് പുലഭ്യം പറഞ്ഞ് അതിൽനിന്ന് ആശ്വാസം കൊള്ളുന്ന വിചിത്ര മനസ്കരായ പ്രതിപക്ഷം ജനങ്ങളുടെ ക്ഷമയേയും ഓർമ്മ ശക്തിയെയും വെല്ലുവിളിക്കുകയാണ്. നിങ്ങൾ ഈ കഴിഞ്ഞ നിയമസഭാ സമ്മേളനം നോക്കൂ, നിങ്ങൾ ബഹുമാന്യനായ മന്ത്രി ഡോ. കെ. ടി. ജലീലിനെതിരെ എന്തെല്ലാം ബഹളങ്ങളുണ്ടാക്കി, എന്തെല്ലാം നീചമായ ആരോപണങ്ങൾ ഉന്നയിച്ചു? ജി.പി.എസ്. ഓഫായിപ്പോയി, ലോറി ബാംഗ്ലൂരിലേയ്ക്ക് പോയി, ഖുറാൻ കള്ളക്കടത്ത് നടത്തി, സ്വർണ്ണ കള്ളക്കടത്തിൽ ബന്ധം, ഒരു തരി പൊന്നുപോലുമില്ലാത്ത ഒരു കുടുംബത്തിലെ അംഗമെന്ന നിലയിൽ ഈ മന്ത്രിസഭയിൽ സംശുദ്ധനായി നിൽക്കുന്ന ഒരാളെ നിങ്ങൾ എങ്ങനെയൊക്കെ ക്രൂശിച്ചു? അന്വേഷണ ഏജൻസികൾ കയറി നിരങ്ങിയിട്ട് ഇപ്പോൾ എന്തായി? എവിടെ ജി.പി.എസ്.? എവിടെ ലോറി? എവിടെ മുറുകിയ കുരുക്ക്? ഇപ്പോൾ ഈ സഭയിൽ ഒരക്ഷരം മിണ്ടുന്നുണ്ടോ ? ഇരുപത് കൊല്ലത്തെ അദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചു, പത്ത് നയാ പൈസയുടെ ക്രമവിരുദ്ധമായ ഒരു ഇടപാട് കണ്ടെത്താൻ കഴിഞ്ഞോ, മിണ്ടുന്നില്ലല്ലോ. നിങ്ങൾ ജനാധിപത്യത്തിലെ കുറ്റകരമായ ചില നടപടികളാണ് സ്ഥിരമായി അനുവർത്തിക്കുന്നത്. ഇതിന് ജനങ്ങളുടെ മുമ്പാകെ നിങ്ങൾ മറുപടി പറയേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രാഷ്ട്രീയത്തിലെ ധാർമ്മികതയും മര്യാദയും തൊട്ടുതീണ്ടാത്ത ആരോപണങ്ങളല്ലേ നിങ്ങൾ ഉന്നയിക്കുന്നത്. ഞങ്ങൾക്ക് എന്തൊക്കെ പറയാമായിരുന്നു. സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ ചോദ്യം ചെയ്യുവെന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഇവിടെനിന്ന് സംസാരിച്ചു. ബഹുമാന്യനായ ഉപനേതാവേ, അങ്ങയുടെ ആരെയൊക്കെ ചോദ്യം ചെയ്തു? ഞങ്ങൾക്ക് ഈ സഭയിൽ എന്തൊക്കെ പറയാമായിരുന്നു. രാഷ്ട്രീയ ധാർമ്മികതയെക്കുറിച്ചും രാഷ്ട്രീയ ഭിന്നാഭിപ്രായങ്ങൾ ഉയർത്തിപ്പിടിക്കുമ്പോഴും നാം പുലർത്തേണ്ട മര്യാദയെക്കുറിച്ച് നിങ്ങൾ പഠിക്കേണ്ടതുണ്ടെന്നുമാത്രമാണ് സൂചിപ്പിക്കാനുള്ളത്. കള്ളപ്പണ ഇടപാടിന് ഇടനില നിന്നിട്ട് ഇ.ഡി. ഉദ്യോഗസ്ഥർ വരുമ്പോൾ ഓടി രക്ഷപ്പെടേണ്ടിവന്ന പാരമ്പര്യമല്ല ഈ സഭയിൽ ഭരണപക്ഷത്തിരിക്കുന്നവർക്കും സ്പീക്കർ കസേരയിൽ ഇരിക്കുന്നയാൾക്കുമുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇപ്പോൾ എല്ലാം കഴിഞ്ഞ് സ്പീക്കർക്കെതിരെ തിരിഞ്ഞിരിക്കുകയാണ്. ഓരോ ആരോപണങ്ങൾക്കും വാർത്താ സമ്മേളനം വിളിച്ച് വൈകിട്ടത്തെ ചർച്ചകളിൽ പോയിരുന്ന് പ്രത്യാരോപണമുന്നയിക്കാൻ താൻ വഹിക്കുന്ന പദവിയുടെ ഔന്നത്യംകൊണ്ട് സ്പീക്കർക്കാവില്ല. അത് മുതലെടുക്കാൻവേണ്ടി സ്പീക്കർക്കുനേരെ തിരിയുമ്പോൾ ഒന്ന് ഓർമ്മിപ്പിച്ചേക്കാം, 53-ാമത്തെ വയസ്സിൽ പിറന്നുവീണയാളല്ല ശ്രീ. പി. ശ്രീരാമകൃഷ്ണൻ. കേരളത്തിന്റെ

സംഗ്രാമധീരമായ ഭൂതകാലത്തിലേയ്ക്കൊന്ന് തിരിഞ്ഞുനോക്കിയാൽ ഇവിടത്തെ വിദ്യാർത്ഥി യുവജനങ്ങളുടെ സമര മുന്നണികൾക്ക് നേതൃത്വം കൊടുത്തതിന്റെ ഭാഗമായി നിങ്ങളുടെ മർദ്ദക സംവിധാനങ്ങൾ തല്ലി തലപൊട്ടിച്ചും എല്ലൊടിച്ചും അതിന്റെ ഭാഗമായി ഏറ്റുവാങ്ങേണ്ടിവന്ന ശാരീരിക അവശതകളുമായി നാല് പതിറ്റാണ്ട് നീണ്ടുനിന്ന രാഷ്ട്രീയ പ്രവർത്തനത്തിനിടയിൽ കളങ്കത്തിന്റെ ഒരു ചെറു പൊട്ടില്ലാതെ കേരള സമൂഹത്തിൽ ഏറ്റവും ധീരമായി അഭിമാനത്തോടുകൂടി നിൽക്കുന്ന ഒരാളാണദ്ദേഹം. ഇന്ത്യയിലെ Best Ideal Speaker-ക്കുള്ള അവാർഡ് ഉപരാഷ്ട്രപതി നൽകിയപ്പോൾ ആ പ്രശംസാപത്രത്തിൽ എഴുതിവച്ച ഒരു വാചകമുണ്ട്, ഞാൻ അത് മുഴുവൻ വായിക്കുന്നില്ല, മുഴുവൻ വായിച്ചാൽ നിങ്ങൾ ബോധംകെട്ടുപോകും. ആദ്യത്തെ വാചകം ഇങ്ങനെയാണ് 'We take this opportunity to appreciate your deep commitment to transparency, development, demonstrated social vision and unparalleled understanding of Indian Democracy. You are one of the greatest apostle of parliamentary democracy today.....' നമുക്കല്ലേ അഭിമാനം? ഈ രാജ്യത്തെ Ideal Speaker-ആയി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ഇന്ത്യയിലെ ഏറ്റവും മികച്ച സ്പീക്കർക്കുള്ള അവാർഡ് ഏറ്റുവാങ്ങിയ സ്പീക്കർ, ഈ സഭയുടെ അഭിമാനത്തെ വാനോളമുയർത്തിയ സ്പീക്കർ, ഇന്ത്യയുടെ മുമ്പിൽ ആദരവ് പിടിച്ചുപറ്റുന്ന സ്ഥാനത്തേയ്ക്ക് കേരള നിയമസഭയെ എത്തിച്ച സ്പീക്കർ, നാം മാതൃകയായി മാറിയപ്പോൾ അതിന് നേതൃത്വം കൊടുത്ത സ്പീക്കർ, ആ സ്പീക്കറെ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ, വലതുപക്ഷ മാധ്യമങ്ങളിലെ ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ, കുറ്റവിചാരണ ചെയ്യാൻവേണ്ടി പ്രമേയം അവതരിപ്പിച്ച ബഹുമാന്യനായ പ്രമേയാവതാരകാ, അങ്ങ് നെഞ്ചിൽ കൈവച്ചുകൊണ്ട് ഒന്ന് സ്വയം ചോദിച്ചുനോക്കു, 'വേണ്ടിയിരുന്നില്ല' എന്ന ഉത്തരം അങ്ങയുടെ മനസ്സിലുണ്ടാകുമെന്ന് എനിക്കുറപ്പാണ്, അങ്ങയുടെ മുഖത്തുനിന്നും ഞാനത് വായിച്ചെടുക്കുകയും ചെയ്യുന്നു. ഇവിടെ മുമ്പ് സ്പീക്കർ ഓഫീസിന്റെ അവസ്ഥയെന്തായിരുന്നു? കോൺഗ്രസ് പോഷക സംഘടനയുടെ സംസ്ഥാന കമ്മിറ്റി ഓഫീസായി കേരളത്തിലെ സ്പീക്കറുടെ ഓഫീസിനെ മാറ്റിയ ഇന്നലകളിലെ അനുഭവത്തെക്കുറിച്ച് എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ഞാൻ അതൊന്നും പറയാൻ ഉദ്ദേശിച്ചതല്ല, അതിൽനിന്നൊക്കെ വ്യത്യസ്തമായൊരു കാലമാണിത്. എന്തൊക്കെ ആരോപണങ്ങളാണ് നിങ്ങൾ ഉന്നയിച്ചത്? പക്ഷേ പ്രമേയത്തിൽ പറഞ്ഞ ഒരു ആരോപണവും ഇവിടെ ബഹുമാന്യനായ തൃക്കാക്കര അംഗം പറഞ്ഞിട്ടില്ല, ഞാൻ അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്റെ ആരോപണം എന്താണെന്നറിയാമോ? 'ഞങ്ങൾക്ക് സബ്മിഷൻ കിട്ടിയില്ല, ഞങ്ങൾക്ക് പ്രസംഗിച്ചപ്പോൾ കുറച്ചുകൂടി സമയം തരണമായിരുന്നു' എന്നതാണ്. അതൊക്കെ

ആനുപാതികമായിട്ടല്ലേ കിട്ടുക. എന്തുകൊണ്ട് ഇവിടെ ആരോപണങ്ങൾ ആവർത്തിച്ചില്ല? ഡിജിറ്റൽ അസംബ്ലിയെപ്പറ്റി പ്രതിപക്ഷ ഉപനേതാവ് എന്ത് ഉത്തരവാദിത്വമില്ലായ്മയാണ് പറഞ്ഞത്: ഇവിടെ ഇപ്പോഴും കടലാസുണ്ടെന്ന്. ഘട്ടംഘട്ടമായിട്ടല്ലേ പൂർത്തിയാക്കാനാകൂ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ശ്രീ. എം. സ്വരാജ് പറഞ്ഞ കാര്യത്തിനോട് ഞാൻ ഒന്ന് കൂട്ടിച്ചേർക്കുകയാണ്. അതായത് പ്രതിപക്ഷം അവർക്ക് സബ്മിഷൻ കിട്ടിയില്ല എന്നുപറഞ്ഞല്ലോ, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സഭയിൽ ഏഴ് ദിവസങ്ങളിലായി വന്ന 66 സബ്മിഷനുകളിൽ പ്രതിപക്ഷത്തിന് 33 സബ്മിഷൻ അനുവദിച്ചിട്ടുണ്ട്, അതായത് 50%. അത്രയും നീതിബോധമുള്ള സ്പീക്കറാണ് നമ്മുടേത്.

ശ്രീ. എം. സ്വരാജ്: സർ, യാതൊരു ചാഞ്ചല്യവുമില്ലാതെ കള്ളംപറയാൻ മടിയില്ലാത്തൊരു മാനസിക നിലയിലേയ്ക്ക് പ്രതിപക്ഷം എത്തി എന്നുമാത്രമേ ഇതിനെക്കുറിച്ച് എനിക്ക് പറയാനുള്ളൂ. നമ്മുടെ നിയമസഭാ പ്രവർത്തനവുമായി ബന്ധപ്പെട്ട് അച്ചടിച്ചുകൂട്ടുന്ന കടലാസ്സുകെട്ടുകൾക്ക് 30 കോടിയോളം രൂപ വാർഷിക ചെലവുണ്ടെന്നാണ് കണക്ക്. ഇവിടെ ഇ-നിയമസഭയുടെ ഡി.പി.ആർ. 52 കോടി രൂപയാണ്. രണ്ട് കൊല്ലം അച്ചടിക്കുന്ന കടലാസിന്റെ ചെലവേയുള്ളൂ ഇ-നിയമസഭയാക്കി മാറ്റാനെന്ന് നിങ്ങൾ മറന്നുപോയതാണോ? മൊബിലൈസേഷൻ അഡ്വാൻസിനെപ്പറ്റിപ്പറഞ്ഞു. ഇതിന്റെയെല്ലാം മേൽനോട്ടം വഹിക്കുന്നത് ആരാണ്? ആറ് കമ്മിറ്റികളുടെ മേൽനോട്ടമുണ്ട്. പ്രതിപക്ഷത്തിന്റെ അഭിപ്രായം മാനിച്ച് വേങ്ങര അംഗം, അരുവിക്കര അംഗം, പാലക്കാട് അംഗം എന്നിവരെ ഉൾപ്പെടുത്തി ഒൻപത് അംഗ ഉന്നതതല സമിതി. നിങ്ങളുടെ നാവിറങ്ങിപ്പോയോ; എന്തെങ്കിലും വിയോജിപ്പുണ്ടെങ്കിൽ നിങ്ങൾക്ക് ചോദിക്കാമായിരുന്നില്ലേ? പ്രതിപക്ഷ ഉപനേതാവേ, അങ്ങൊരു ദുഃസൂചന പറഞ്ഞു, മൊബിലൈസേഷൻ അഡ്വാൻസ്. അതിനെക്കുറിച്ചൊക്കെ ഞങ്ങൾ കുറേ ക്രൂശിക്കപ്പെട്ടെന്ന്, അതല്ല ഇത്. എന്താണ് പ്രശ്നം? നിങ്ങൾ ഉദ്ദേശിച്ചത് പാലാരിവട്ടം പാലമാണ്. പാലാരിവട്ടം പാലത്തിന്റെ പ്രീ-ബിഡ് മീറ്റിംഗിൽ മൊബിലൈസേഷൻ അഡ്വാൻസ് ഉണ്ടാകില്ലെന്ന് മന്ത്രികൂടി സന്നിഹിതനായി അവിടെ പറഞ്ഞു.അത് വിശ്വസിച്ച് നല്ല കുറേ കോൺട്രാക്ടർമാർ ടെണ്ടറിൽ പങ്കെടുക്കാതെ പിരിഞ്ഞുപോയി. സ്വന്തക്കാർ പങ്കെടുത്തു, അവർക്ക് ടെണ്ടർ ലഭിച്ചു. അതിനുശേഷം നേരത്തെ പറഞ്ഞതിൽനിന്നും വിരുദ്ധമായി മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തു. അതാണ് പ്രശ്നം. ഇവിടെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 12.16 പ്രകാരം turn-key contract-കൾക്ക് 30% അഡ്വാൻസ് കൊടുക്കാം. നിയമപരമായിട്ടാണ് ഇവിടെ ചെയ്തിട്ടുള്ളത്. അങ്ങ്

ദയവായി ആടിനെ പട്ടിയാക്കരുത്. ശങ്കരനാരായണൻ തമ്പി ലോഞ്ചിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ശങ്കരനാരായണൻ തമ്പി ലോഞ്ചിന്റെ നവീകരണത്തെ സംബന്ധിച്ച് പ്രമേയാവതാരകൻ പറഞ്ഞതിൽത്തന്നെ പിശകുണ്ട്. അങ്ങ് എഴുന്നേറ്റപ്പോഴാണ് എനിക്കത് ഓർമ്മവന്നത്. 16 കോടി രൂപ കൊടുത്തുവെന്ന് ശ്രീ. എം. ഉമ്മർ പറഞ്ഞു, കൊടുത്തിട്ടില്ല. 16 കോടി രൂപ എന്നത് ഡി.പി.ആർ.-ആണ്. എസ്റ്റിമേറ്റ് 10,99,53,000 രൂപയാണ്. പണികഴിഞ്ഞപ്പോൾ അതിൽനിന്നും 1,82,15,003 രൂപ കുറച്ചാണ് കൊടുത്തിട്ടുള്ളത്. ഇത് ഈ നാടിന്റെ സ്വത്തല്ലേ; ഇന്ത്യയിലെ ഏറ്റവും വലിയ നിയമസഭാ മന്ദിരമാണ് നമ്മുടേത്. ഇത് ധൂർത്താണെന്ന് പറയുന്നവരുണ്ട്. ആ അൽപ്പബുദ്ധികളുടെ കൂട്ടത്തിൽ നിങ്ങളാരും ഉൾപ്പെടില്ലെന്നാണ് എന്റെ വിശ്വാസം. ഇത് ഈ നാടിന്റെ സ്വത്താണ്, ജനങ്ങളുടെ സ്വത്താണ്.

എന്തിനാണ് സഭാ ടിവി എന്ന് ഇവിടെയാരോ ചോദിച്ചു. എന്തിനാണ് സഭാ ടിവിയെന്ന് പ്രതിപക്ഷനേതാവിനോട് ചോദിക്കൂ. പ്രതിപക്ഷനേതാവിന്റെ അഭിമുഖം ഞാനും കണ്ടു, വളരെ നന്നായിരുന്നു. പ്രതിപക്ഷനേതാവിനെക്കുറിച്ച് ജനങ്ങൾക്കിടയിലുള്ള മതിപ്പ് ഒന്ന് വർദ്ധിപ്പിക്കാൻ അത് സഹായകരമായി എന്നാണ് എന്റെ അഭിപ്രായം. അഭിമുഖത്തിൽ അഭിമുഖക്കാരനും പ്രതിപക്ഷനേതാവും നന്നായിട്ടുണ്ട്. പ്രതിപക്ഷനേതാവേ, ഈ സഭാ ടിവി ഉള്ളതുകൊണ്ടല്ലേ അങ്ങേയ്ക്ക് ഇങ്ങനെ ഒരവസരം ലഭിച്ചത്. ആ അഭിമുഖം നന്നായിരുന്നുവെന്ന് അങ്ങയുടെ ഓഫീസിന് മനസ്സിലായതുകൊണ്ടാണ് പെട്ടെന്ന് സംപ്രേക്ഷണം ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. എന്നിട്ട് സഭാ ടിവി-യെ കുറ്റംപറയാമോ? നിങ്ങൾ ഉൾപ്പെടെയുള്ള ഏഴ് എം.എൽ.എ.-മാർ അംഗങ്ങളായിട്ടുള്ള കണ്ടന്റിന് രൂപം നൽകുന്ന കമ്മിറ്റി പ്രവർത്തിക്കുകയല്ലേ; ആ കമ്മിറ്റിയിൽ നിങ്ങളുടെ എതിർപ്പ് പറഞ്ഞിട്ടില്ലല്ലോ. ലോകം മുഴുവൻ നമ്മുടെ നിയമസഭയുടെ പെരുമ എത്തിക്കാനല്ലേ ഇത് സഹായകരമായത്. ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഗുജറാത്തിലെ Kevadia-യിൽ 2020 നവംബറിൽ ചേർന്ന ഇന്ത്യയിലെ സ്പീക്കർമാരുടെ സമ്മേളനത്തിൽ ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയെ ഏറ്റവും മാതൃകാപരമായ ഒരു പരിപാടിയായി അംഗീകരിക്കുകയും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഈ മാതൃകയിൽ സ്പീക്കർമാർ പരിപാടി സംഘടിപ്പിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. നിങ്ങൾ അറിഞ്ഞിട്ടില്ലേ, നമ്മുടെ ബഹുമാന്യനായ സ്പീക്കർ ആ കോൺഫറൻസിൽ അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട്, നമ്മുടെ സ്പീക്കറെ, അതുവഴി സഭയെ അഭിനന്ദിച്ചുകൊണ്ട് ആദ്യം എഴുന്നേറ്റുനിന്ന് പ്രസംഗിച്ചത് ഇവിടെയിരിക്കുന്ന പലരെക്കാളും ഉന്നതനായ കോൺഗ്രസ് നേതാവായ രാജസ്ഥാന്റെ ഗവർണറും മുൻകേന്ദ്രമന്ത്രിയുമായ ആളാണ്. ഈ രാജ്യത്തിന്റെ

മുഴുവൻ ആദരവ് പിടിച്ചുപറ്റിയ സ്പീക്കറും സഭയുമാണ് നമ്മുടേത്. നമ്മുടെ നിയമനിർമ്മാണങ്ങളുടെ ചരിത്രം, ആ നിയമങ്ങൾ ജനങ്ങളെ ഏതുവിധത്തിൽ ബാധിക്കുന്നു/ ഉപകാരപ്പെടുന്നുവെന്നുള്ളതിനെ സംബന്ധിച്ച് ഗവേഷണപരമായിട്ടുള്ള പഠനം നടന്ന് 21 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത് ഈ കാലത്താണ്......

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.... പ്ലീസ്.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ അവസാനിപ്പിക്കാം, എല്ലാവരും മൂന്ന് മിനിട്ട് എടുത്തിരിക്കുന്നു, എനിക്ക് അത്രയും സമയം ആയിട്ടില്ല. യു.ഡി.എഫ്.-ന്റെ നേതൃത്വമാകെ ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയിൽ വന്ന് പ്രസംഗിച്ചല്ലോ. ഇന്നിപ്പോൾ ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയെക്കുറിച്ച് പുലഭ്യംപറയുന്നവർ, ബഹുമാന്യരായ എ. പി. അനിൽ കുമാർ, വി. പി. സജീന്ദ്രൻ, ഒ. രാജഗോപാൽ, കെ. എസ്. ശബരീനാഥൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശശി തരൂർ എം.പി., എം. പി. അബ്ദുസമദ് സമദാനി, എന്നിവർ ഇവിടെവന്ന് പ്രസംഗിച്ചവരാണ്. ഞങ്ങൾക്ക് ഇതിനോട് വിയോജിപ്പുണ്ടെന്നും പറഞ്ഞ് അവർ വിട്ടുനിന്നില്ല, ഒരു വിമർശനവുമുണ്ടായിട്ടില്ല. നമ്മൾ ഒരേപോലെയാണ് പോയത്. ഈ അഞ്ചാം കൊല്ലം നിക്ഷിപ്ത രാഷ്ട്രീയ താല്പര്യത്തോടുകൂടി നിങ്ങൾ സ്പീക്കർക്കെതിരായി ഇല്ലാത്ത, കെട്ടിച്ചമച്ച ഊഹാപോഹങ്ങൾ പറയുകയാണ്. എന്തിന്റെ പേരിൽ ഈ സ്പീക്കറെ നിങ്ങൾ നിരാകരിക്കണം; എന്തിന്റെ പേരിലാണ് സ്പീക്കർ സ്ഥാനത്തുനിന്നും മാറ്റണമെന്ന് ആവശ്യപ്പെടുന്നത്. ഈ സ്പീക്കർ ചെയ്ത തെറ്റെന്താണ്? നിയമസഭാ സമുച്ചയത്തിനകത്ത് ഹരിത പ്രോട്ടോക്കോൾ പ്രഖ്യാപിച്ച് നടപ്പാക്കി, നിയമനിർമ്മാണത്തിന് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താൻ ഭേദഗതികൾ സമർപ്പിക്കുന്നതിന് പബ്ലിക് അമെന്റ്മെന്റ് പൂൾ ഇന്ത്യയിൽ ആദ്യമായി നടപ്പാക്കി, ഇന്ത്യയിൽ ആദ്യമായി ഒരു നിയമസഭ സ്വന്തമായി ശക്ധർ ആൻഡ് കൗൾ മാതൃകയിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു, ഇന്ത്യയിൽ ആദ്യമായി ട്രാൻസ്ജെന്റേഴ്സുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിയമസഭാ സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തി, സഭാ നടപടികൾ ഒ.ടി.ടി. പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കി. നിങ്ങൾ എന്നെ അനുവദിച്ചാൽ ഇനിയൊരു പതിനഞ്ച് കാര്യങ്ങൾകൂടി പറയാനുണ്ട്. അത് കേൾക്കാൻ നിങ്ങൾക്ക് ധൈര്യമില്ലാത്തതുകൊണ്ടാണ് തടസ്സപ്പെടുത്തുന്നത്. ബഹുമാനപ്പെട്ട ചെയർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ത്യയ്ക്ക് മാതൃകയായ best ideal സ്പീക്കർക്കെതിരെ രാഷ്ട്രീയ വിരോധംകൊണ്ട് കെട്ടിച്ചമച്ചുണ്ടാക്കിയ കേട്ടുകേൾവികളുടെ അടിസ്ഥാനത്തിലുള്ള ബി.ജെ.പി./യു.ഡി.എഫ്. സംയുക്ത പ്രമേയത്തെ ഞാൻ അതിശക്തമായി എതിർക്കുന്നു.

<u>പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)</u> : സർ, ബഹുമാനപ്പെട്ട എം. ഉമ്മർ എം.എൽ.എ. അവതരിപ്പിച്ച സ്പീക്കറെ നീക്കണമെന്നുള്ള ഈ പ്രമേയത്തെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്.

പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ ബ്രിട്ടീഷ് ഭരണകാലത്തെ സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ ഭാരതനീയനായ സ്പീക്കറായിരുന്ന വിദൽഭായി പട്ടേലിന്റെ ചിത്രം അനാച്ഛാദനം ചെയ്തുകൊണ്ട് പണ്ഡിറ്റ് ജവഹർലാൽ നെഹ്രു പറഞ്ഞ ഒരു വാചകം ഞാൻ ഓർക്കുകയാണ്. " She/he will have to be vigilant to defend the sanctity of the Institution and also have the vision to strengthen it. In this challenging journey, her/his guiding light will be the Constitution and the Rules of Procedure of Lok Sabha" ജനാധിപത്യത്തിൽ ഏറ്റവും മഹത്തരമായ സ്ഥാനമാണ് സ്പീക്കർ പദവി. സ്പീക്കർ സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധനായ വ്യക്തിയാണ്. പ്രയാസമേറിയ യാത്രയിൽ എപ്പോഴും അദ്ദേഹത്തിന് മാർഗ്ഗദീപമാകേണ്ടത് ഭരണഘടനയും കൺവെൻഷൻസുകളും നടപടിക്രമങ്ങളും ചട്ടങ്ങളുമായിരിക്കണം. എന്നാൽ ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ കാര്യത്തിൽ എന്താണ് സംഭവിച്ചിരിക്കുന്നത്. ഈ നിയമസഭയുടെ അന്തസ്സിനെ ഇടിച്ചുതാഴ്ത്തിയ ആദ്യത്തെ സ്പീക്കറായി ചരിത്രം രേഖപ്പെടുത്താൻ പോകുന്നത് നമ്മുടെ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനെയായിരിക്കും. ജനാധിപത്യത്തിന്റെ ശ്രീകോവിലാണ് നിയമസഭ. അവിടെ വീഴുന്ന ഏത് കളങ്കവും ജനാധിപത്യത്തെ ദുർബ്ബലപ്പെടുത്തും. സഭയുടെ സ്പീക്കർ പദവിയെന്നത് ഉന്നതമായ ഭരണഘടനാ സ്ഥാനമാണ്. പക്വതയെത്തിയ രാഷ്ട്രീയപ്രവർത്തകരാണ് സ്പീക്കർമാരായി തെരഞ്ഞെടുക്കപ്പെടാറുള്ളത്. അവർ സജീവ രാഷ്ട്രീയ പ്രവർത്തകരാണെങ്കിലും സ്പീക്കറായി മാറിയാൽ നിഷ്പക്ഷരായി മാറുന്നുവെന്നുള്ളതാണ് ജനാധിപത്യത്തിന്റെ ഏറ്റവും മനോഹരമായ സങ്കൽപ്പം. രാഷ്ട്രീയക്കൂറും പ്രതിബദ്ധതയും നിലനിർത്തിക്കൊണ്ടുതന്നെ നിഷ്പക്ഷമായി പ്രവർത്തിക്കാൻ കഴിയുന്ന അതിമനോഹരമായ ആ ജനാധിപത്യ സങ്കൽപ്പത്തെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ, നിങ്ങൾ തകർത്തെറിഞ്ഞിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് സ്പീക്കറാകാൻ യോഗ്യതയുള്ള ആളായിരുന്നോ? കഴിഞ്ഞ നിയമസഭയിൽ സ്പീക്കറുടെ വേദിയിലേയ്ക്ക് ഇടിച്ചുകയറി സ്പീക്കറുടെ ഇരിപ്പിടം തട്ടിമറിക്കുകയും താഴേയ്ക്ക് വലിച്ചെറിയുകയും ചെയ്ത ആ സംഘത്തിലെ ഒരാളായിരുന്നില്ലേ അങ്ങ്. സ്പീക്കർ പദവിയുടെ മാന്യതയും പവിത്രതയും തിരിച്ചറിയുന്ന ആർക്കും ചെയ്യാൻ കഴിയുന്ന ഹീനകൃത്യമല്ലല്ലോ അത്. പാർട്ടി പറഞ്ഞാൽപ്പോലും അങ്ങ് സ്വയം മുഖ്യമന്ത്രിയോട് പറയണമായിരുന്നു: 'ഞാൻ ഈ കുറ്റകൃത്യം ചെയ്തു, അതുകൊണ്ട് എന്നെ ഈ സ്ഥാനത്തേയ്ക്ക് പരിഗണിക്കാൻ

പാടില്ല' എന്ന്. സ്പീക്കറുടെ കസേര എടുത്തെറിഞ്ഞ ആൾ തന്നെ ആ കസേരയിൽ ഇരിക്കുകയും അംഗങ്ങൾ അന്തസ്സോടെ പെരുമാറുകയും ചെയ്യണമെന്ന് പറയുമ്പോഴുണ്ടാകുന്ന അധാർമ്മികത, ആ അധാർമ്മികതയാണ് മിസ്റ്റർ സ്പീക്കർ അങ്ങ് കാട്ടിയത്. കസേര എടുത്തെറിഞ്ഞെന്നുമാത്രമല്ല, അച്ചടക്കലംഘനത്തിന് സഭയിൽ ശിക്ഷിക്കപ്പെട്ടയാളാണ് നമ്മുടെ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ. 2-12-2014-ൽ സഭയിൽ അപമര്യാദയായി പെരുമാറിയതിന് അദ്ദേഹത്തെ നിയമസഭ താക്കീത് ചെയ്യുകയുണ്ടായി. അന്ന് കൂട്ട് പ്രതിയായ ശ്രീ. വി. ശിവൻകുട്ടിയെ സസ്പെന്റ് ചെയ്യുകയുണ്ടായി. ഇങ്ങനെ ട്രാക്ക് റെക്കോർഡുള്ള ഒരു വ്യക്തി ആ സ്ഥാനത്തിരുന്നാൽ ഇതിനേക്കാൾ കൂടുതലൊന്നും പ്രതീക്ഷിക്കേണ്ടാ എന്നാണ് എനിക്ക് പറയാനുള്ളത്.

1377-ൽ ഇംഗ്ലണ്ടിലാണ് സഭയുടെ അദ്ധ്യക്ഷനായി വരുന്ന വ്യക്തിക്ക് സ്പീക്കർ എന്ന പേര് നൽകിയത്. സഭയിലെ അംഗങ്ങൾ വിവിധ കോണുകളിൽനിന്ന് സംസാരിക്കുമ്പോൾ സഭയുടെ ആധികാരികമായ അഭിപ്രായങ്ങൾ നൽകുന്നത് സ്പീക്കറാണ്. He represents the House, he represents the members, he upholds the dignity of the House. അതുകൊണ്ടാണ് കഴിഞ്ഞ 700 വർഷങ്ങളായി ജനാധിപത്യത്തിന്റെ മഹനീയമായ സ്ഥാനത്ത് സ്പീക്കർ തുടരുന്നത്. ഞങ്ങൾക്ക് അദ്ദേഹത്തോടുള്ള വ്യക്തിപരമായ വിരോധംകൊണ്ടാണോ ഇത് പറയുന്നത്; ഞങ്ങൾക്ക് എന്താണ് വ്യക്തിപരമായ വിരോധം. ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ സ്പീക്കർ സ്ഥാനത്തിന് കളങ്കമുണ്ടായാൽ അത് ജനാധിപത്യത്തെ കളങ്കപ്പെടുത്തുമെന്നുള്ള വ്യക്തമായ ധാരണയുടെ അടിസ്ഥാനത്തിലാണ് സ്പീക്കറെ നീക്കണമെന്നുള്ള പ്രമേയം കൊണ്ടുവന്നത്. കേരള ചരിത്രത്തിൽ ഏതെങ്കിലും ഒരു സ്പീക്കറെ കള്ളക്കടത്തുമായി ബന്ധപ്പെടുത്തി വാർത്തകൾ പുറത്തുവന്നിട്ടുണ്ടോ, ഇതുവരെ വന്നിട്ടുണ്ടോ? ഏതെങ്കിലുമൊരു കള്ളക്കടത്തുകാരന്റെ സുഹൃത്തായിരുന്നുവെന്ന് ഏതെങ്കിലും ഒരു സ്പീക്കറെപ്പറ്റി പറഞ്ഞിട്ടുണ്ടോ? ദേശവിരുദ്ധ കുറ്റത്തിന് സംശയത്തിന്റെ നിഴലിലായ ആളുകളുമായിട്ടുള്ള അദ്ദേഹത്തിന്റെ ബന്ധം ഇന്നും സംശയാസ്പദമായി നിൽക്കുന്നു.

"കള്ളന് കാക്കിയിട്ടുകൊടുത്താൽ കാക്കികൊണ്ട് കക്കും" എന്നൊരു ചൊല്ലുണ്ട്. യോഗ്യതയില്ലാതിരുന്ന ഒരാൾ സ്പീക്കറായി വന്നപ്പോൾ സ്പീക്കറുടെ പദവിയിൽ ഇരുന്നുകൊണ്ട് യോഗ്യതയില്ലാത്ത കാര്യങ്ങൾ അങ്ങ് ചെയ്തതുകൊണ്ടാണ് അങ്ങയെ നീക്കണമെന്നുള്ള പ്രമേയം ഇവിടെ അവതരിപ്പിച്ചത്. സ്വർണ്ണക്കള്ളക്കടത്ത് കേസിലെ പ്രതിയായ സ്വപ്ന സുരേഷ് കോടതിയിൽ മജിസ്ട്രേറ്റിന്റെ മുമ്പിൽ 164 പ്രകാരമുള്ള മൊഴിയാണ് കൊടുത്തത്.

അത് വായിച്ചിട്ട് കോടതി പറഞ്ഞത്, ഭരണഘടനാ സ്ഥാനത്തിരിക്കുന്ന ഒരാളെപ്പറ്റി പറയുന്നത് കേട്ടപ്പോൾ അന്തംവിട്ടുപോയി എന്നാണ്. ജഡ്ജി അന്തംവിട്ടെങ്കിൽ അത് മനസ്സിലാക്കുന്ന ജനങ്ങൾ ബോധംകെട്ട് വീഴില്ലേ; ഭരണഘടനാ സ്ഥാനത്തിരിക്കുന്നത് ആരാണ്; സ്പീക്കറുടെ പേഴ്സണൽ സ്റ്റാഫിനെ വിളിപ്പിച്ചിരിക്കുന്നു. അത് തടയാൻ എന്തിനാണ് സ്പീക്കർ ശ്രമിച്ചത്; അദ്ദേഹം എം.എൽ.എ.-മാരുടെ അവകാശങ്ങൾ ഉപയോഗിച്ചുകൊണ്ട് ശ്രീ. കെ. അയ്യപ്പനെ തടഞ്ഞത് എന്തിനാണ്; അദ്ദേഹം പോകാതിരിക്കാൻവേണ്ടി എന്തിനാണ് നിയമസഭാ ചട്ടങ്ങൾ ദുർവ്യാഖ്യാനം ചെയ്തത്; കസ്റ്റംസ് നൽകിയ മറുപടിക്കത്ത് മാധ്യമങ്ങൾക്ക് ലഭിച്ചതിന്റെ പേരിൽ കസ്റ്റംസിനെ ഭയപ്പെടുത്താൻ നിയമസഭാ സമിതിയെ ദുരുപയോഗപ്പെടുത്തിയ അങ്ങ് ഈ സ്ഥാനത്തോട് നീതി ചെയ്തിട്ടുണ്ടോ; സ്വർണ്ണകള്ളക്കടത്ത് കേസിലെ പ്രതിയായ സ്വപ്ന സുരേഷുമായി സ്പീക്കർക്ക് എന്താണ് ബന്ധം; വലിയ കാറിൽ വന്നിറങ്ങിയത് കണ്ടപ്പോൾ യു.എ.ഇ. കോൺസുലേറ്റ് ഉദ്യോഗസ്ഥയാണെന്ന് തോന്നിയെന്നാണ് അദ്ദേഹം പത്രപ്രവർത്തകരോട് പറഞ്ഞത്; സ്പീക്കറുടെ സ്ഥാനത്തിരിക്കുന്ന അങ്ങ് ഇങ്ങനെയാണോ വിലയിരുത്തേണ്ടത്; കട ഉദ്ഘാടനത്തെക്കുറിച്ച് പറഞ്ഞു, ബഹുമാനപ്പെട്ട അംഗം ശ്രീ. സി. ദിവാകരൻ ഇവിടെയുണ്ടല്ലോ; അദ്ദേഹത്തിന്റെ മണ്ഡലമാണ്; അങ്ങ് അദ്ദേഹത്തോടെ് ചോദിച്ചോ; അദ്ദേഹത്തെ കൂടെ കൊണ്ടുപോയോ; എന്തുകൊണ്ട് ശ്രീ. സി. ദിവാകരൻ എം.എൽ.എ. ഉദ്ഘാടനത്തിൽ പങ്കെടുത്തില്ല; വിവാദമുള്ളതുകൊണ്ടാണ് പങ്കെടുക്കാതിരുന്നത്; അല്ലെങ്കിൽ അദ്ദേഹം പറയട്ടെ; അവിടെ പോകുന്നതിന് മുമ്പ് സ്പീക്കർ അദ്ദേഹത്തോട് ഒരു വാക്ക് ചോദിച്ചോ; എം.എൽ.എ. അല്ലേ; ശ്രീ. സി. ദിവാകരനേക്കാൾ വലിയൊരു കമ്മിറ്റ്മെന്റ് കടയുടെ ഉടമയുമായി കേരളത്തിലെ നിയമസഭാ സ്പീക്കർക്കുണ്ടെങ്കിൽ അത് തെറ്റായ നടപടിയാണ്. അന്തസ്സില്ലാത്ത നടപടിയാണ്. ഡോളർ കടത്ത് കേസിൽ മാധ്യമങ്ങളിൽ കാണുന്ന ആരോപണം ഞാൻ ഉന്നയിക്കുന്നില്ല. ശ്രീ. ജെയിംസ് മാത്യുവും ശ്രീ. എം. സ്വരാജും പറഞ്ഞതുകൊണ്ട് ഞാനത് ഉന്നയിക്കാത്തതല്ല. ഞാൻ എന്റെ പദവിയെക്കരുതി ഉന്നയിക്കുന്നില്ല. പക്ഷെ അങ്ങേയ്ക്ക് സ്വർണ്ണകള്ളക്കടത്ത് കേസിലെ പ്രതികളുമായുള്ള സൗഹൃദം ഈ സഭയെ കളങ്കപ്പെടുത്താനുതകുന്നതാണെന്ന് ഞാൻ പറഞ്ഞാൽ അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയില്ല. കേരളത്തിൽ എത്രയോ നിയമസഭാ സ്പീക്കർമാർ ഉണ്ടായിട്ടുണ്ട്. ധൂർത്തിന്റെയോ അഴിമതിയുടെയോ ആരോപണം ഉണ്ടായിട്ടുണ്ടോ; ലക്കും ലഗാനുമില്ലാത്ത ധൂർത്തും അഴിമതിയും ഇവിടെ നടക്കുന്നു. സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് കേരളം പ്രയാസപ്പെടുമ്പോൾ ഈ ധൂർത്ത് ഒഴിവാക്കേണ്ടതല്ലേ; ആർ. ശങ്കരനാരായണൻ തമ്പി സാറിനെക്കുറിച്ച് പറഞ്ഞു. എന്റെ വീടനടുത്താണ് എണ്ണക്കാട്ട് കൊട്ടാരം.

കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ജന്മം കൊടുത്ത എണ്ണക്കാട്ട് കൊട്ടാരത്തിലെ ജോർജ്ജ് ചടയംമുറി ഉൾപ്പെടെയുള്ളവരുടെ മുൻതലമുറക്കാരനാണ് ആർ. ശങ്കരനാരായണൻ തമ്പി. ഒരൊറ്റ മുണ്ടുമുടുത്ത് കൈമുറിയൻ ഷർട്ടും ധരിച്ച് വരുന്ന നിയമസഭയുടെ ആദ്യത്തെ സ്പീക്കറായ ആർ. ശങ്കരനാരായണൻ തമ്പി സർ ലാളിത്യത്തിന്റെ പ്രതീകമായിരുന്നു. ഞങ്ങളൊക്കെ ആദരവോടെ തമ്പി സർ എന്നാണ് വിളിച്ചിരുന്നത്. ആ ലാളിത്യത്തിന്റെ പ്രതീകമായ ശങ്കരനാരായണൻ തമ്പി സാറിന്റെ പേരിൽ ഇത്രയും വലിയ ധൂർത്ത് കാണിക്കാൻ അങ്ങൊരു കമ്മ്യൂണിസ്റ്റുകാരനായിട്ടും എങ്ങനെ തോന്നി; 16 കോടി രൂപ, ഇപ്പോൾ പറയുന്നു 12 കോടി രൂപയേ ചെലവായുള്ളൂവെന്ന്. എസ്റ്റിമേറ്റ് എടുത്തവന്റെ തല പരിശോധിക്കേണ്ട കാലംകഴിഞ്ഞുവെന്നാണ് എനിക്ക് പറയാനുള്ളത്. 16 കോടി രൂപയുടെ എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ട് 12 കോടി രൂപയേ ചെലവായുള്ളൂ. അപ്പോൾ ഇവരുടെയൊക്കെ ബുദ്ധിസാമർത്ഥ്യവും സാങ്കേതിക പരിജ്ഞാനവും എത്രയുണ്ടെന്ന് നമ്മളെല്ലാം ആലോചിക്കണം. ആ മഹാനായ ആർ. ശങ്കരനാരായണൻ തമ്പിയുടെ ആത്മാവുപോലും പൊറുക്കില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇ-നിയമസഭ ആദ്യം പ്രാവർത്തികമാക്കിയത് ഹിമാചൽ പ്രദേശിലാണ്. 8 കോടി രൂപ ചെലവിൽ എൻ.ഐ.സി.-യാണ് തയ്യാറാക്കിയത്. നിങ്ങൾ എന്തുകൊണ്ട് എൻ.ഐ.സി.-യെ ഏൽപ്പിച്ചില്ല; ഊരാളുങ്കലിനെതിരെ ഞാനൊന്നും പറഞ്ഞില്ല; ഊരാളുങ്കലിന് ഞങ്ങളും കത്ത് കൊടുത്തിട്ടുണ്ട് ശ്രീമതി വീണാ ജോർജ്ജേ; ഇന്നിപ്പോൾ ഊരാളുങ്കലിന്റെ സ്ഥിതിയെന്താണെന്നറിയാമോ; ഇന്നലെ ഞങ്ങൾ റിവ്യൂ ചെയ്തു. പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയും ഉണ്ടായിരുന്നു. ഏറ്റെടുക്കുന്ന ഒരു വർക്കും തീർക്കാൻ കഴിയുന്നില്ല. അത്ര ഭാരമാണ് അവരുടെ തലയിൽ. വർക്കുകളെല്ലാം അവർക്കാണ്. ഒരു വർക്കും നീങ്ങുന്നില്ല. എന്തുകൊണ്ട് ഇവിടെ ഇ-നിയമസഭ എൻ.ഐ.സി.-യെ എൽപ്പിച്ചില്ല; വീണ്ടും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിച്ചതിന്റെ റെക്കോർഡ് എന്റെ കൈവശമുണ്ട്. അവർ SPL എന്ന കമ്പനിക്ക് outsource ചെയ്തു. അങ്ങനെ outsource ചെയ്യണമെങ്കിൽ നിയമമെന്താണ്; ചട്ടമെന്താണ്; ഈ ഗവൺമെന്റ് ഇറക്കിയ നിയമം/ചട്ടമനുസരിച്ച് ടെണ്ടർ ചെയ്യണം. അങ്ങനെ ടെണ്ടർ ചെയ്തിട്ടുണ്ടോ; ടെണ്ടർ ചെയ്തിട്ടില്ല; അവിടെയൊക്കെ വലിയ തട്ടിപ്പുനടക്കുന്നു. ഈ നിയമസഭയിൽ ഇ-നിയമസഭയാണോ ഇന്ന് നടക്കുന്നത്. സമയമെടുക്കും, ഈ നിയമസഭാ മന്ദിരത്തിന്റെ മൊത്തം ചെലവ് 76 കോടി രൂപയാണ്. ബഹുമാനപ്പെട്ട നമ്മുടെ സ്പീക്കർ 76 കോടി രൂപയ്ക്ക് നിർമ്മിച്ച ഈ മനോഹരമായ കെട്ടിടത്തിൽ 64 കോടി രൂപയുടെ നിർമ്മാണം നടത്തിയിരിക്കുന്നു. ഇവിടെ കമ്മിറ്റി രൂപീകരിച്ച കാര്യം പറഞ്ഞു. കമ്മിറ്റി എന്നാണ് രൂപീകരിച്ചത്; ഇ. കെ. നായനാർ മുഖ്യമന്ത്രിയായപ്പോൾ ആദ്യം

കമ്മിറ്റിയുണ്ടായിരുന്നു. അതിൽ പ്രതിപക്ഷനേതാവുണ്ടായിരുന്നു. ഇവിടെ എന്നാണ് കമ്മിറ്റി ഉണ്ടായത്; കമ്മിറ്റിയുണ്ടായത് ഞാൻ സ്പീക്കർക്ക് പരാതി കൊടുത്തതിനുശേഷമാണ്, ഞാൻ കത്ത് കൊടുത്തതിനുശേഷമാണ്. ഞങ്ങൾ അറിഞ്ഞോ; ഞങ്ങൾ അറിയണ്ടേ; ഞങ്ങളെ ഇരുട്ടിൽ നിർത്തിയില്ലേ; നിങ്ങളെയും ഇരുട്ടിൽ നിർത്തിയില്ലേ; ഇ-നിയമസഭ, സഭാ ടി.വി. എന്നിവയെക്കുറിച്ച് നമ്മളറിഞ്ഞോ; ഇതെല്ലാം നമ്മൾ പരാതിപ്പെട്ടപ്പോഴാണ് കമ്മിറ്റിയിൽ വച്ചത്. വണ്ടിയുടെ പിന്നിൽ കാളയെ കെട്ടുന്ന നടപടിയായിപ്പോയി. ദൗർഭാഗ്യവശാൽ അതാണ് ഉണ്ടായത്. ഇവിടെ ഇം.എം.എസ്. സ്മൃതി, ഇം.എം.എസ്.-ന് ഒരു സ്മാരകമുണ്ടാക്കുന്നതിനെ ഞങ്ങളെന്തിനാണ് എതിർക്കുന്നത്; ഞങ്ങളാരും എതിർക്കുന്നില്ല. പക്ഷെ 7.5 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കുട്ടികളുടെ ലൈബ്രറി പൊളിച്ചുകളഞ്ഞിട്ടുവേണോ 82 ലക്ഷം രൂപ ചെലവിൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന് ഒരു സ്മാരകം നിർമ്മിക്കാൻ. കുട്ടികളുടെ ലൈബ്രറി എന്തിനാണ് പൊളിച്ചുകളഞ്ഞത്; സഭാ ടി.വി. എന്നുള്ള ആശയത്തിന് ഞങ്ങൾ എതിരല്ല, നല്ലതാണ് ഞങ്ങൾ സഹകരിക്കുന്നുണ്ട്. ശ്രീ. ജെയിംസ് മാത്യുവും ശ്രീമതി വീണാ ജോർജ്ജും പറഞ്ഞത് ശരിയാണ്. പക്ഷെ അവിടെ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലാണ് ഞങ്ങളുടെ എതിർപ്പ്. 35,000 രൂപ മുതൽ 60,000 രൂപ വരെ പ്രതിമാസ ശമ്പളം നൽകുന്ന 5 കൺസൾട്ടൻസുണ്ട്. ഒരു കൺസൾട്ടന്റ് ഡൽഹിയിൽനിന്നും വല്ലപ്പോഴും വരും. അദ്ദേഹത്തിന് താമസിക്കാൻ 25,000 രൂപയുടെ പ്രതിമാസ വാടക. അവിടെ വാങ്ങിക്കുന്ന സ്പൂണിനുപോലും നിയമസഭാ സെക്രട്ടറിയേറ്റിൽനിന്നും പണം കൊടുക്കുന്ന തരംതാണ നടപടിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ചെയ്തത് ശരിയാണോ; റിസർച്ച് അസിസ്റ്റന്റുമാരെ കൂട്ടത്തോടെ നിയമിക്കുകയാണ്. സംവിധായകൻ കമൽ പറഞ്ഞ യോഗ്യതയുള്ള ആളുകളെയാണ് റിസർച്ച് അസിസ്റ്റന്റുമാരായി നിയമിച്ചുകൊണ്ടിരിക്കുന്നത്. ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ; ഞാൻ ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ ഒരു പരിപാടിയിൽ പങ്കെടുത്തു. ആ പരിപാടിയോടല്ല ഞങ്ങളുടെ എതിർപ്പ്, അതിലുണ്ടാകുന്ന ധൂർത്തിനോടും അഴിമതിയോടുമാണ്. അങ്ങനെ ചെയ്യാൻ പാടുണ്ടോ; ബഹുമാനപ്പെട്ട സ്പീക്കർക്ക് അവാർഡ് കൊടുത്തുവെന്ന് ഇവിടെ ശ്രീ. എം. സ്വരാജ് പറഞ്ഞു. അതിന്റെ രസം എന്താണെന്ന് അറിയാമോ; എം.ഐ.റ്റി. എന്ന സ്ഥാപനമാണ് അദ്ദേഹത്തിന് അവാർഡ് കൊടുത്തത്. അവർക്കുതന്നെയാണ് ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ 5 കോടി രൂപ കൊടുത്തത്. അഞ്ച് കോടി രൂപ കൊടുത്താൽ ആരാണ് അവാർഡ് കൊടുക്കാത്തത്; അഞ്ച് കോടി രൂപ കൊടുത്താൽ ആരും അവാർഡ് കൊടുക്കും. ഇന്ത്യയിലെയല്ല, ലോകത്തിലെ ഏറ്റവും വലിയ സ്പീക്കറാണെന്ന് പറയും. വക്കീൽനോട്ടീസ് അയച്ച് ഭീഷണിപ്പെടുത്തിയെന്ന്

കാണിച്ച് ഒരു നിയമസഭാംഗം ബഹുമാനപ്പെട്ട സ്പീക്കർക്ക് ശ്രീ. പി. ടി. തോമസിനെതിരെ ഒരു പരാതി കൊടുത്തു. ശരവേഗത്തിൽ അന്വേഷണ ഉദ്യോഗസ്ഥരോട് അന്വേഷിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ആ എം.എൽ.എ.-യെ വിളിച്ച് ചോദിക്കണ്ടേ; സ്പീക്കർ നിഷ്പക്ഷനാകേണ്ടേ ? കക്ഷിപരിഗണനാ ചട്ടക്കൂട് പൊളിച്ച് നിഷ്പക്ഷനാകേണ്ട ആളാണ് സ്പീക്കർ. പക്ഷെ ആ ഉന്നതമായ പദവിയിലേയ്ക്ക്, എന്റെ യുവസ്നേഹിതനായ പി. ശ്രീരാമകൃഷ്ണൻ മാറിയില്ലെന്നതാണ് ഞങ്ങളുടെ പരാതി. അങ്ങ് ഉയരണമായിരുന്നു. അങ്ങയുടെ ആ ഉയർച്ച ഞങ്ങൾ പ്രതീക്ഷിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭാനേതാവാണ്. ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. അവതരിപ്പിച്ച അവിശ്വാസപ്രമേയത്തിന് മുഖ്യമന്ത്രി മൂന്നരമണിക്കൂർ മറുപടി പറഞ്ഞു. എനിക്ക് ആകെ അങ്ങ് തന്നത് 30 മിനിട്ടാണ്. അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ എനിക്ക് അത്ര സമയമേ കിട്ടിയുള്ളൂ. മൂന്നേമുക്കാൽ മണിക്കൂർ അദ്ദേഹത്തിന് കൊടുത്തപ്പോൾ പ്രതിപക്ഷനേതാവായ എനിക്ക് 50 മിനിട്ടെങ്കിലും തരേണ്ടതല്ലേ; ജനാധിപത്യത്തിൽ എപ്പോഴും മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനും ഒരു പരിഗണന നൽകാറുണ്ട്. ആ പരിഗണന എനിക്ക് നൽകിയോ; എനിക്കതിൽ പരാതിയില്ല. ആ കസേരയിൽ ഇരിക്കുമ്പോൾ അങ്ങ് പാർട്ടിക്കാരനായി പ്രവർത്തിക്കാൻ പാടില്ല. സഭയിൽ അംഗങ്ങൾ നൽകുന്ന അവകാശലംഘനങ്ങൾ അങ്ങ് എങ്ങനെയാണ് പരിഗണിച്ചത്. ബഹുമാനപ്പെട്ട ജെയിംസ് മാത്യു ലൈഫ് മിഷൻ വിഷയത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർക്കെതിരെ 3-11-2020-ന് നൽകിയ നോട്ടീസ് ഒരു പ്രാഥമിക പരിശോധനപോലും നടത്താതെ 4-11-2020-ന് പ്രിവിലേജസ്, എഥിക്സ് സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തു. സഭ നൽകുന്ന ഉറപ്പ് നടപ്പാക്കാൻ സാധിച്ചില്ലെങ്കിലാണ് അവകാശലംഘനം ഉന്നയിക്കുന്നതെന്ന് ശക്ധർ ആൻഡ് കൗൾ-ൽ വ്യക്തമായി പറയുന്നു. ഈ വിഷയം കമ്മിറ്റിക്കയയ്ക്കുകയും 12-11-2020-ൽ ചേരാൻ നിശ്ചയിച്ചിരുന്ന കമ്മിറ്റി പ്രീപോൺ ചെയ്ത് 5-11-2020-ന് ആക്കുകയും ചെയ്തു. ശ്രീ. ജെയിംസ് മാത്യു 3-11-2020-ന് നോട്ടീസ് നൽകുന്നു; 4-11-2020-ന് അങ്ങ് പ്രിവിലേജസ്, എഥിക്സ് സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്യുന്നു; 12-11-2020-ന് കൂടാനിരുന്ന കമ്മിറ്റി 5-11-2020-ന് വയ്ക്കുന്നു. കമ്മിറ്റി കൂടുന്നു, കസ്റ്റംസിനെ പുലഭ്യം പറയുന്നു. സ്പീക്കർ impartial ആയി പ്രവർത്തിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം. അങ്ങ് ഗവൺമെന്റിന്റെ ചട്ടുകമായി പ്രവർത്തിച്ചുവെന്നുള്ള ഗുരുതരമായ ആരോപണമാണ് ഇവിടെയുള്ളത്. ജനസാന്ത്വന ഫണ്ട്, ബഹുമാനപ്പെട്ട പിണറായി വിജയന്റെ ഗവൺമെന്റ് പാവങ്ങളെ സഹായിക്കാൻ മൂന്നര ലക്ഷം ആളുകളിൽനിന്നും അപേക്ഷ ക്ഷണിച്ചു. ഒന്നും നടപ്പാക്കിയില്ല. പ്രതിപക്ഷത്തുനിന്ന് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഒരു അവകാശലംഘന നോട്ടീസ് നൽകി. ഇപ്പോൾ അങ്ങത്

പരിശോധിക്കുകയാണ്. സഭയുടെ കാലാവധി കഴിയുന്നു, ആ പരിശോധന തുടർന്നുകൊണ്ടേയിരിക്കും. അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിക്ക് ഡോളർ കേസിൽ ചോദ്യം ചെയ്യാൻ കസ്റ്റംസ് നോട്ടീസ് നൽകിയപ്പോൾ നിയമസഭയുടെ പ്രത്യേക അവകാശങ്ങൾ പറഞ്ഞ് അങ്ങ് അത് തടഞ്ഞു. നിയമസഭാ സെക്രട്ടറിയെപ്പോലും വലിച്ചിഴച്ചു. മാധ്യമങ്ങളിൽ വന്നത് സഭയുടെ അവകാശലംഘനമാണെന്ന് പറഞ്ഞ് ശ്രീ. രാജു എബ്രഹാം ഒരു കത്ത് കൊടുത്തു. ശരവേഗത്തിൽ അത് അവകാശ ലംഘന കമ്മിറ്റിക്ക് നൽകി. ശ്രീ. രാജു എബ്രഹാം കൊടുത്ത നോട്ടീസും ശ്രീ. കെ. സി. ജോസഫ് കൊടുത്ത നോട്ടീസും തമ്മിൽ എന്തിനാണ് വ്യത്യാസം കാണിക്കുന്നത്. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി 2018-19-ലെ ധനകാര്യ അക്കൗണ്ട്സ് ചോർത്തി കിഫ്ബി സി.ഇ.ഒ.-ക്ക് നൽകിയെന്ന് ധനകാര്യമന്ത്രി തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സെക്രട്ടറിക്കെതിരെ ശ്രീ. കെ. എസ്. ശബരീനാഥൻ എം.എൽ.എ. ഒരു നോട്ടീസ് നൽകി. 2020-ൽ നൽകിയ അവകാശലംഘന നോട്ടീസ് ഇപ്പോഴും അങ്ങ് പരിശോധിച്ചു കൊണ്ടേയിരിക്കുകയാണ്. അങ്ങയുടെ പരിശോധന തുടർന്നു കൊണ്ടേയിരിക്കുകയാണ്. ഇതെത്ര നാൾ തുടരുമെന്നതാണ് കാണേണ്ടത്.

1642 ജനുവരി 4-ന് ചാൾസ് രാജകുമാരൻ തന്റെ കുതിരപ്പടയുമായി ഹൗസ് ഓഫ് കോമൺസിലേക്ക് വന്നു. പാർലമെന്റ് മന്ദിരത്തിൽ അഭയം തേടിയിരിക്കുന്ന 4 പാർലമെന്റ് അംഗങ്ങളെ അറസ്റ്റ് ചെയ്യാനായി തനിക്ക് വിട്ടുതരണമെന്ന് ആവശ്യപ്പെട്ടു. അവർ രാജാവിനെതിരെ പ്രവർത്തിച്ചുവെന്നതാണ് കുറ്റം. അതിനാൽ രാജ്യദ്രോഹകുറ്റത്തിന് ശിക്ഷിക്കപ്പെടണമെന്നാണ് ആവശ്യം. അന്ന് ചാൾസ് ഒന്നാമന്റെ മുന്നിൽ മുട്ടുമടക്കി നിന്നുകൊണ്ട് ഹൗസ് ഓഫ് കോമൺസിന്റെ സ്പീക്കർ William Lenthall പറഞ്ഞ വാചകം ഞാനിവിടെ ക്വാട്ട് ചെയ്യുകയാണ്. " May it please your Majesty, I have neither eyes to see nor tongue to speak in this place, but as this House is pleased to direct me whose servant I am here; and I humbly beg your Majesty's pardon that I cannot give any other answer than this to what your Majesty is pleased to demand of me" അംഗങ്ങളെ അറസ്റ്റ് ചെയ്യാൻ വിട്ടുനൽകണമെന്ന അങ്ങയുടെ ആവശ്യം രാജാവേ, എനിക്ക് അംഗീകരിക്കാൻ കഴിയുന്നില്ല. എനിക്കതിന് നിവൃത്തിയില്ല. ഞാൻ ഈ സഭയുടെ സേവകൻ മാത്രമാണെന്ന് അന്ന് വില്യം ലന്താൾ പറഞ്ഞു. രാജാവ് വന്ന് ആവശ്യപ്പെട്ടാലും വഴങ്ങാനാവില്ലെന്ന് പറഞ്ഞ സ്പീക്കർ, വില്യം ലന്താൾ ലോകജനാധിപത്യത്തിന്റെ ഏറ്റവും വലിയ ഉദാഹരണമായി നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്ന വ്യക്തിയാണ്. അദ്ദേഹം കടപ്പെട്ടിരിക്കുന്നത് സഭയോടും അംഗങ്ങളോടുമാണ്. 400 വർഷം മുൻപ് ജീവിച്ചിരുന്ന വില്യം ലന്താളിനുണ്ടായിരുന്ന ധാർമ്മികബോധം മിസ്റ്റർ പി. ശ്രീരാമകൃഷ്ണൻ

നിങ്ങൾക്കുണ്ടാകേണ്ടതായിരുന്നു. നിങ്ങൾക്കതുണ്ടായില്ല. That's why we moved a resolution to remove you from this house. എന്ത് രാഷ്ട്രീയം, രാഷ്ട്രീയമാണെങ്കിൽ നിങ്ങൾക്കെതിരെയല്ല, ശ്രീ. പിണറായി വിജയനെതിരെയാണ് പറയേണ്ടത്. ആ രാഷ്ട്രീയം പറയാൻ ഞങ്ങൾക്ക് നന്നായി അറിയാം. ഞങ്ങളത് പറഞ്ഞിട്ടുണ്ട്, അദ്ദേഹം തിരിച്ചും പറഞ്ഞിട്ടുണ്ട്. അതാണ് ജനാധിപത്യത്തിന്റെ അന്ത:സത്ത. മിസ്റ്റർ എസ്. ശർമ്മ, രാഷ്ട്രീയം പറയാനാണെങ്കിൽ ശ്രീ. പിണറായി വിജയനോടാണ് ഞങ്ങൾ രാഷ്ട്രീയം പറയേണ്ടത്, സ്പീക്കറോടല്ല. ജനാധിപത്യത്തെ ക്രൂശിലേറ്റുമ്പോൾ, സഭാമര്യാദകൾ ചവിട്ടിമെതിക്കുമ്പോൾ, സ്വർണ്ണകള്ളക്കടത്ത് കേസിൽ സംശയത്തിന്റെ മുന്നിൽ വരുമ്പോൾ, മിസ്റ്റർ പി. ശ്രീരാമകൃഷ്ണന് ആ കസേരയിൽ ഇരിക്കുവാനുള്ള ധാർമ്മിക അവകാശം നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, നമ്മുടെ സംസ്ഥാനത്തിലെ പ്രതിപക്ഷത്തിന്റെ പാപ്പരത്തമാണ് ഇത്തരമൊരു പ്രമേയത്തിലൂടെ വ്യക്തമാകുന്നത്. അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നതിന് മുൻപ് ഇവിടെ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും ഉന്നയിച്ച ചില ഗൗരവമേറിയ കാര്യങ്ങൾക്ക് മറുപടി പറയേണ്ടതുണ്ട്. പ്രതിപക്ഷ ഉപനേതാവ് സംസാരിക്കുമ്പോൾ സ്പീക്കർ ഡോളറടക്കമുള്ള ബാഗ് കോൺസുലേറ്റിന് നൽകാനായി കൈമാറിയെന്ന് പറയുകയുണ്ടായി. അതുവരെയുള്ള ചർച്ചയിൽ നിന്ന് വ്യത്യസ്തമായൊരു സ്വരമാണ് പ്രതിപക്ഷ ഉപനേതാവിൽനിന്ന് കേൾക്കാൻ സാധിച്ചത്. സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട പ്രതി സ്വപ്ന സുരേഷ് (CRPC Section) 164-ന്റെ സ്റ്റേറ്റ്മെന്റ് കൊടുത്തു, അതിൽ ഭരണഘടനാ സ്ഥാനത്തിരിക്കുന്ന ആളെക്കുറിച്ച് പറഞ്ഞിരിക്കുന്നു, അത് കണ്ടപ്പോൾ കോടതിതന്നെ അന്തംവിട്ടുപോയിയെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞു. തൊട്ടുപിന്നാലെ അദ്ദേഹം സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ വിളിപ്പിച്ച കസ്റ്റംസിനെക്കുറിച്ചാണ് പറഞ്ഞത്. അവകാശലംഘനത്തിന് വിടുന്ന പ്രശ്നമാണ് അതിന്റെ തുടർച്ചയായി അദ്ദേഹമിവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം ജെയിംസ് മാത്യു നൽകിയ ഒരു അവകാശലംഘന നോട്ടീസിൽ നവംബർ 4-ന് അത് സംബന്ധിച്ച തീരുമാനം വന്നുവെന്ന ഭാഗവും അദ്ദേഹം പറയുകയുണ്ടായി. അത് കസ്റ്റംസിനെ പുലഭ്യം പറയാനാണ് ഉപയോഗിച്ചതെന്നതാണ് അദ്ദേഹം ഉപയോഗിച്ച വാചകം. ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള എല്ലാ കാര്യങ്ങളുടെയും അടിത്തറ അവിടെയാണുള്ളത്. കസ്റ്റംസിനും പ്രതിപക്ഷനേതാവിനും പ്രതിപക്ഷ ഉപനേതാവിനും അങ്ങനെയൊന്നും പറഞ്ഞില്ലെങ്കിലും ശ്രീ. ഒ. രാജഗോപാലിനും ഒരേ വികാരമുണ്ടാകുന്നത് ഈ അടിത്തറയിൽ നിന്നാണ്.

സംസ്ഥാനത്ത് സ്വർണ്ണകള്ളക്കടത്ത് നടന്നപ്പോൾ അതുമായി ബന്ധപ്പെട്ട അന്വേഷണം എവിടെനിന്ന് തുടങ്ങി, ആരാണ് ഉത്തരവാദികൾ; എവിടെയൊക്കെയാണ് എത്തിയത്? ആ ദേശവിരുദ്ധ പ്രവർത്തനങ്ങളെ ഫലപ്രദമായി അന്വേഷിച്ച് കണ്ടെത്തണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചത്. പക്ഷെ ആ അന്വേഷണം പാവങ്ങൾക്ക് വീട് നൽകുന്ന ലൈഫ് പദ്ധതിയെക്കുറിച്ചായി. സ്വാഭാവികമായും നിയമസഭ അംഗീകരിച്ച ഒരു പദ്ധതിയെന്ന നിലയ്ക്ക് നിയമസഭയുടെ പ്രത്യേക അവകാശം ഇവിടെ ലംഘിക്കപ്പെടുന്നുവെന്ന കാര്യമാണ് ബഹുമാനപ്പെട്ട നിയമസഭാംഗം ശ്രീ. ജെയിംസ് മാത്യു ഉന്നയിച്ചത്. ഇവിടെ നാലാം തീയതിയിലെ ഒരു ഭാഗം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചിരുന്നല്ലോ. എൻഫോഴ്സ്മെന്റ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പി. രാധാകൃഷ്ണൻ നടത്തുന്ന നീക്കങ്ങൾ സഭയോടുള്ള അവഹേളനമാണെന്നും ഇത്തരമൊരു സമീപനം സ്വീകരിക്കുന്നത് സഭയുടെ അവകാശാധികാരങ്ങളിൻ മേലുള്ള കടന്നുകയറ്റമാണെന്നുമാരോപിച്ച് ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ. നൽകിയ നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹുമാനപ്പെട്ട സ്പീക്കർ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 4-11-2020-ന് റഫർ ചെയ്തിരിക്കുന്നു. ഇവിടെയാണ് സ്പീക്കർ വരുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഇവിടെ ബഹുമാനപ്പെട്ട സ്പീക്കറെ നീക്കം ചെയ്യണമെന്ന ഭരണഘടനയുടെ അനുച്ഛേദം 179 (c) അനുസരിച്ചുള്ള പ്രമേയത്തിനുള്ള ചർച്ചയാണ് നടക്കുന്നത്. ഈ പ്രോഗ്രാമിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാനുള്ള ഒരു കാര്യവുമില്ല.....(ബഹളം)....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ചർച്ചയിൽ പങ്കെടുക്കാനുള്ള അനുവാദമാണ് നൽകിയത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഏത് ചട്ടമനുസരിച്ചാണ്; അങ്ങനെയെങ്കിൽ ലിസ്റ്റിൽ ചേർക്കണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഏത് അവസരത്തിലും ഇടപെടാമെന്നുള്ളതിനൊന്നും ഞാൻ തർക്കം പറയുന്നില്ല. അങ്ങനെയാണെങ്കിൽ ലിസ്റ്റിൽ എന്തുകൊണ്ട് അത് ചേർത്തില്ലെന്നാണ് എന്റെ ചോദ്യം. അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റിൽ എന്തുകൊണ്ട് ചേർത്തില്ല?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സഭാനേതാവ് ആവശ്യപ്പെട്ടതനുസരിച്ചാണ് അനുവദിച്ചത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങയുടെ വാദം ഞാൻ അംഗീകരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എപ്പോഴും സംസാരിക്കാമെന്നത് ഞാൻ അംഗീകരിക്കുന്നു. പക്ഷെ, ഈ അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റിൽ 'ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി' എന്ന് എന്തുകൊണ്ട് ചേർത്തില്ലെന്ന് അങ്ങ് റൂളിംഗ് നൽകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തുമാകാം. പക്ഷെ ഇത് ശരിയായ നടപടിയല്ല. തെറ്റായ കീഴ്വഴക്കമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇവിടെ നടക്കുന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടത് പ്രകാരം ചെയർ അദ്ദേഹത്തിന് സംസാരിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ട്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതുതന്നെയാണ് ഉണ്ടായത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചല്ലോ; ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ ഞാൻ ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. അതിന് ബഹുമാനപ്പെട്ട ചെയർ എനിക്കൊരു മറുപടിയും നൽകി; 'ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചതിനുശേഷം അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്' എന്ന് ചെയർ എന്നെ അറിയിക്കുകയും ചെയ്തു. അങ്ങനെയാണ് ഞാൻ സംസാരിക്കുന്നത്. സഭാനേതാവെന്ന നിലയിൽ എനിക്ക് എപ്പോഴും ഇടപെടാമെന്നുള്ളതെല്ലാം എനിക്കറിയാം. പക്ഷെ അദ്ദേഹത്തിന്റെ അനുമതിയോടുകൂടി തന്നെയാണ് ഞാൻ സംസാരിക്കുന്നത്.

ഇതോടുകൂടിയാണ് ബഹുമാന്യനായ സ്പീക്കർ ഈ ചിത്രത്തിൽ വരുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തുവെന്ന് കേട്ടപ്പോൾ അങ്ങനെയാണെങ്കിൽ സ്പീക്കറെക്കൂടി പിടികൂടിയാൽ എന്താണ് എന്ന ആലോചനയായി. അതിന്റെ ഭാഗമായി അരങ്ങേറിയ ചില ആലോചനകളുടെ ഭാഗമായിട്ടാണ് ഇവിടെ പലകാര്യങ്ങളും വാർത്തകളായി വന്നത്. ബഹുമാനപ്പെട്ട കോടതിയിൽ പ്രതിയായിരിക്കുന്ന വ്യക്തി നൽകിയ സ്റ്റേറ്റ്മെന്റ് എന്താണെന്ന് ഇതുവരെ പുറത്ത് വന്നിട്ടില്ല. ആരെക്കുറിച്ചൊക്കെയാണ് പരാമർശിച്ചിരിക്കുന്നതെന്നുമറിയില്ല. പക്ഷെ ഒരു കാര്യം നമുക്കെല്ലാവർക്കുമറിയാം. ആ പ്രതി വിവിധ ഏജൻസികളുടെ ചോദ്യം ചെയ്യലിന് ആദ്യം വിധേയമായിരുന്നു. അറസ്റ്റ് ചെയ്തതിന് ശേഷമാണ് ചോദ്യം ചെയ്യലിന് വിധേയമാകുന്നത്. കോടതി ഏജൻസികൾക്ക് വിട്ടുകൊടുത്തതിനു ശേഷം അതായത്, ചോദ്യം ചെയ്യാൻ ആഗ്രഹിക്കുന്ന ഏജൻസി ബഹുമാനപ്പെട്ട കോടതിയോട് ചോദിക്കുകയും അങ്ങനെ കോടതി ഏജൻസിക്ക് വിട്ടുകൊടുക്കുന്നു. കുറച്ച് ദിവസങ്ങൾ ആദ്യം നൽകി, പിന്നീട് കുറച്ച് ദിവസങ്ങൾകൂടി നൽകുന്നു. അങ്ങനെ ചില ഏജൻസികൾ അന്വേഷണം പൂർത്തീകരിച്ചു. മറ്റ് ഏജൻസികൾ

അന്വേഷണം തുടർന്നു. ഒരു മാസമോ രണ്ട് മാസമോ അല്ല, മാസങ്ങൾ പിന്നിടുന്നു. അതിനുശേഷം കസ്റ്റഡിയിലുള്ളൊരു പ്രതിയുടെ 164 പ്രകാരമുള്ള മൊഴി വിശുദ്ധ വാചകങ്ങളായി സാധാരണനിലയിൽ എടുക്കാൻ സാധിക്കുമോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി കൂടിയാണ്. അങ്ങേയ്ക്കറിയാം ഒരു പ്രതിയെ ചോദ്യം ചെയ്ത് കഴിയുമ്പോൾ ആ വിവരങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്താൻവേണ്ടിയും അതിന്റെ കോൺഫിഡൻഷ്യാലിറ്റി സൂക്ഷിക്കാൻ വേണ്ടിയും 164 പ്രകാരമുള്ള സ്റ്റേറ്റുമെന്റെടുക്കും. ആ സ്റ്റേറ്റുമെന്റിൽ പറയുന്ന കാര്യങ്ങൾ അവർക്ക് മാറ്റിപ്പറയാൻ കഴിയില്ല. ആ സ്റ്റേറ്റുമെന്റ് വായിച്ചിട്ടാണ് ബഹുമാനപ്പെട്ട ജഡ്ജി പറഞ്ഞത്, ഭരണഘടനാ സ്ഥാനത്തിരിക്കുന്ന ഒരാളുകൂടി ഇതിലുണ്ടെന്നറിഞ്ഞ് ഞാൻ ഞെട്ടിപ്പോയി എന്ന്. ആ സ്റ്റേറ്റുമെന്റിന്റെ ഗൗരവം ഉൾക്കൊള്ളാതെ അങ്ങ് സംസാരിക്കുന്നത് ശരിയാണോ?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറഞ്ഞത് മനസ്സിലാകാത്തതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയാണെന്ന് ഞാൻ ധരിക്കുന്നില്ല. നല്ലതുപോലെ മനസ്സിലാക്കിത്തന്നെ വാദമായി അവതരിപ്പിക്കുന്നതാണെന്ന് എനിക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ട്. ഞാൻ പറഞ്ഞത്, ഇത്രയും മാസങ്ങൾ ഈ പ്രതി കസ്റ്റഡിയിലുണ്ട്, ആ കസ്റ്റഡിയിലുള്ളയാളെ മാറി മാറി വിവിധ ഏജൻസികൾ ചോദ്യം ചെയ്യുന്നു. അത് സി.ആർ.പി.സി. സെക്ഷൻ 164 അല്ലെന്ന് മാത്രമേയുള്ളൂ. ചോദ്യം ചെയ്തതെല്ലാം റിക്കാർഡായി അവരുടെ കയ്യിലുണ്ട്. ചോദ്യം ചെയ്ത ഘട്ടത്തിലൊന്നുമില്ലാത്തൊരു കാര്യം, അല്ലെങ്കിൽ നിങ്ങൾ ഇപ്പോൾ ഏറ്റവും മുഖവിലയ്ക്കെടുക്കുന്ന, മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതനുസരിച്ചാണെങ്കിൽ നേരത്തെ പറഞ്ഞതിന് കടകവിരുദ്ധമായ കാര്യം, സി.ആർ.പി.സി. സെക്ഷൻ 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിന്റെ ഭാഗമായി വരുന്നുവെങ്കിൽ, അതിന്റെ വിശ്വസനീയത എത്രത്തോളമാണെന്നതാണ് പ്രശ്നം. മാസങ്ങളോളം കസ്റ്റഡിയിൽ കിടക്കുന്നൊരു പ്രതിയുടെ മൊഴിക്ക് എന്താണ് സാധാരണ കൽപ്പിക്കുന്ന വില? സി.ആർ.പി.സി. സെക്ഷൻ 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിന്റെ വില എവിടെയാണ് വരുന്നത്? 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിന്റെ വില വരുന്നത് നേരെ ബഹുമാനപ്പെട്ട കോടതിയിൽ പോയി പറയുമ്പോഴാണ്. ഏത് സാക്ഷിയുടെയും മൊഴിയുടെ ആധികാരികത വരുന്നത് ആദ്യം നൽകുന്ന സ്റ്റേറ്റ്മെന്റുകളിലാണ്. ഇവിടെ ആദ്യം നൽകിയ സ്റ്റേറ്റ്മെന്റുകളുണ്ട്. ഒരു ഏജൻസിക്കല്ല, വിവിധ ഏജൻസികൾക്ക് നൽകിയ സ്റ്റേറ്റ്മെന്റുകളുണ്ട്. മാധ്യങ്ങൾ റിപ്പോർട്ട് ചെയ്തല്ലോ; ആദ്യം നൽകിയ സ്റ്റേറ്റ്മെന്റിന്റെ ചില ഭാഗങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എങ്ങനെ അറിയാം?

ശ്രീ. പിണറായി വിജയൻ: സർ, അതല്ലേ പറയുന്നത്, മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തല്ലോ; ആദ്യം നൽകിയ സ്റ്റേറ്റ്മെന്റിന്റെ ചില ഭാഗങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തല്ലോ; മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് ഇവരുടെ മൊഴിയാണ്. ആ മൊഴിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ റിപ്പോർട്ട് ചെയ്തുവന്നു. അത് എവിടെവരെ എത്തി.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആദ്യത്തെ മൊഴിയിൽ എന്താണുള്ളതെന്ന് എനിക്കുമറിയില്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അറിയില്ലല്ലോ.

ശ്രീ. പിണറായി വിജയൻ: സർ, നമ്മൾ ഇപ്പോൾ മൊഴി കണ്ടിട്ടില്ലല്ലോ. പക്ഷെ, ഈ പറഞ്ഞ വസ്തുത നിഷേധിക്കാൻ കഴിയില്ല. ആദ്യം മുതലുള്ള മൊഴി കയ്യിലുണ്ടാകുമ്പോൾ ഏറ്റവുമൊടുവിൽ സി.ആർ.പി.സി. 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് ആയാൽപ്പോലും അതിനെത്രമാത്രം വിലയുണ്ടെന്ന് നിയമ വിദഗ്ദ്ധർക്കെല്ലാം അറിയാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: That is your version. അത് അങ്ങയുടെ version ആണ്.

1.00 p.m.]

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും അതിനുപിന്നിൽ പ്രവർത്തിച്ചിട്ടുള്ള ഒരുപാട് കാര്യങ്ങളുണ്ടെന്നാണ് ലീഗലായി ഇതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധൻമാർ കാണുന്നത്. അതിന് ചില ഉദ്ദേശ്യങ്ങളുമുണ്ടായിരുന്നു. ആ ഉദ്ദേശ്യങ്ങളോടുകൂടിയാണ് ഇവിടെ ബഹുമാന്യനായ സ്പീക്കറെ പുകമറയിൽ നിർത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമാണത്. ആ പ്രവർത്തനത്തിന്റെ ഭാഗമായി നമ്മുടെ അന്വേഷണ ഏജൻസികൾ വഴിവിട്ട് ശ്രമിച്ചുവെന്ന് നേരത്തെ ഞാൻ പറഞ്ഞിട്ടുണ്ട്. അതുതന്നെയാണ് ഇവിടെയുമുണ്ടാകുന്നതെന്ന് നാം കാണേണ്ടതായിട്ടുണ്ട്. നിങ്ങൾ വഴിവിട്ട ശ്രമത്തിന് കൂട്ടുനിൽക്കുകയാണ്. അത് ഒരുതരത്തിലും ശരിയായ കാര്യമല്ല. യഥാർത്ഥത്തിൽ നമ്മളെല്ലാം നിങ്ങൾ നേരത്തെ പറഞ്ഞതുപോലെ, രാഷ്ട്രീയമായി അങ്ങോട്ടുമിങ്ങോട്ടും തർക്കിച്ച് വാദപ്രതിവാദങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ മുമ്പിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നു. അതിൽ ഇതുപോലുള്ള ഏജൻസികൾ സ്വീകരിക്കുന്ന തെറ്റായ മാർഗ്ഗങ്ങളെ ന്യായീകരിച്ചുകൊണ്ട് വരികയല്ല വേണ്ടത്. ഇത് തീർത്തും തെറ്റായ

വഴിയാണ്. സാധാരണഗതിയിൽ സ്വീകരിക്കാൻ പാടില്ലാത്ത നടപടിയാണ് സ്വീകരിച്ചുപോകുന്നത്. അതിന് കൂട്ടുനിൽക്കുന്ന അവസ്ഥ ഇവിടെ പ്രതിപക്ഷവും സ്വീകരിക്കുന്നുവെന്നതാണ് ഏറ്റവും ദൗർഭാഗ്യകരമായ അവസ്ഥ. ഇതുമായി ബന്ധപ്പെട്ട് ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കൂടുതലായി കടക്കേണ്ടതില്ല. കാരണം, ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ മറുപടി പറയുന്നുണ്ട്. സ്വാഭാവികമായും അദ്ദേഹം ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്ക് വിശദമായി കടക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. എന്തിനെയൊക്കെയാണ് നമ്മൾ ചോദ്യം ചെയ്യുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനം. ചില കാര്യങ്ങൾ പൂർത്തിയാകാൻ ഉണ്ടാകുമായിരിക്കും. ഡിജിറ്റൽ അസംബ്ലി നാടിന് മഹത്തായ സന്ദേശമല്ലേ നൽകിയത്; അത് നമ്മൾ കാണേണ്ടതല്ലേ; നല്ല രീതിയിൽ നമുക്കിവിടെ കാര്യങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. എൻ.ഐ.സി.-യുമായി ചർച്ച നടത്തിയപ്പോൾ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനാകുമെന്നോ, സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്യാൻ എത്ര സമയം വേണമെന്നോ അവർക്ക് പറയാൻ കഴിയാത്തതുകൊണ്ടാണ് അവരെ ഏൽപ്പിക്കാൻ കഴിയാത്തതെന്നാണ് ഞാൻ മനസ്സിലാക്കിയത്. അക്കാര്യം നേരത്തെ പരിശോധിച്ചതാണ്. ബഹുമാനപ്പെട്ട സ്പീക്കർ സംസാരിക്കുമ്പോൾ അക്കാര്യങ്ങൾ പറയുമായിരിക്കും. ഊരാളുങ്കൽ ലേബർ കോ-ഓപ്പേറ്റീവ് സൊസൈറ്റി കൂടുതൽ ഭാരംകൊണ്ട് ബുദ്ധിമുട്ടുകയാണെന്നത് സംബന്ധിച്ച് പ്രതിപക്ഷനേതാവ് കൃത്യമായി പറഞ്ഞു, അവർ അത്രയധികം വിശ്വസ്തതയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതുകൊണ്ട് ധാരാളം വർക്കുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള വിഷമം അവർക്കുണ്ടാകും. അത് സ്വാഭാവികമല്ലേ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നിങ്ങൾ കൂടുതൽ വർക്കുകൾ അവർക്ക് കൊടുക്കുന്നതുകൊണ്ടാണ്. അല്ലാതെ വിശ്വസ്തമായതുകൊണ്ടല്ല. ഇപ്പോൾ വർക്ക് ചെയ്യാൻ കഴിയാത്തതും അതുകൊണ്ടാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഏറ്റവും വിശ്വസ്തമായതുകൊണ്ടല്ലേ നിങ്ങൾതന്നെ നേരത്തെ അവരെ യോഗ്യരായി കണക്കാക്കിയിട്ടുള്ളത്? ആ യോഗ്യത അവർ ഇപ്പോഴും നിലനിർത്തുന്നുവെന്നേയുള്ളൂ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിന്റെ നവീകരണം, നമ്മുടെ ഈ സൗധം, അത് നിർമ്മിക്കുന്ന കാലത്ത് ഇന്ത്യയിലെ ഏറ്റവും വലിയ നിയമസഭയല്ലേ; ഇതിന്റെ പശ്ചാത്തല സൗകര്യങ്ങൾ കണ്ടപ്പോൾ, ഹൊ ഇത്ര വലിയ സഭയോ! എന്ന് ചോദിച്ചവരില്ലേ; ആശ്ചര്യപ്പെട്ടവരില്ലേ? അന്ന് തുക കുറവായിരിക്കും. കാരണം, അന്ന് അത്രയേയുള്ളൂ. ഇപ്പോൾ ഒരണയ്ക്ക് ചായ കിട്ടുന്ന സ്ഥിതിയല്ലല്ലോ; ആ നില മാറിയില്ലേ; അതിന്റെ മാറ്റങ്ങൾ വന്നിട്ടുണ്ടാകും. അതാണ് നമ്മൾ കാണേണ്ടതായിട്ടുള്ളത്.

സഭാ ടി.വി. ഒരു നല്ല തുടക്കമായിരുന്നു. ഭരണ-പ്രതിപക്ഷ അംഗങ്ങളെല്ലാം ഉൾക്കൊള്ളുന്ന ഉന്നതാധികാര സമിതിയാണ് അതിന് നേതൃത്വം കൊടുത്ത് കാര്യങ്ങൾ നടത്തുന്നത്. നല്ല മാതൃകയാണ് അത് സൃഷ്ടിച്ചിട്ടുള്ളത്. ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയെക്കുറിച്ച് അദ്ദേഹം കൊച്ചാക്കി പറഞ്ഞത് മോശമായിപ്പോയി. ബഹുമാനപ്പെട്ട പ്രതിക്ഷനേതാവ് അങ്ങനെ അതിനെ കുറച്ചുകാണാൻ പാടില്ലായിരുന്നു. കാരണം, 2500-ഓളം വിദ്യാർത്ഥികൾ പങ്കെടുത്ത വിദ്യാർത്ഥി പാർലമെന്റാണ് അതിന്റെ ഭാഗമായി നടന്നത്. അതുപോലെ, നാഷണൽ ദളിത് ലെജിസ്ലേച്ചേഴ്സ് കോൺഫറൻസ് വളരെ മാതൃകാപരമായ രീതിയിൽ സംഘടിപ്പിക്കാൻ കഴിഞ്ഞു. ഭക്ഷണത്തിന് ചെലവായ തുകയെപ്പറ്റി പറഞ്ഞു. ഭക്ഷണം, താമസം ഇതെല്ലാം അതിന്റെ ഭാഗമായി വരുന്നതല്ലേ; അങ്ങ് ആ തരത്തിലേയ്ക്ക് പോകേണ്ടതുണ്ടോ; ഇവിടെ യഥാർത്ഥ പ്രശ്നം എന്താണ്? ഏത് ആൾ സ്പീക്കറായിരുന്നാലും, ആ ആൾക്ക് എപ്പോഴും പ്രതിപക്ഷത്തോട് ചെറിയൊരു അനുകമ്പയും ആനുകൂല്യവുമൊക്കെയുണ്ടാകും. ഇദ്ദേഹം എന്തിനാണ് പ്രതിപക്ഷനേതാവിന് ഇത്രയുമധികം സമയം കൊടുക്കുന്നതെന്ന് എനിക്ക് പലപ്പോഴും തോന്നാറുണ്ട്. കഴിഞ്ഞ ദിവസം അടിയന്തരപ്രമേയം ചർച്ച ചെയ്തില്ലേ; എന്തുകൊണ്ടാണ് ചർച്ച ചെയ്തത്? അടിയന്തരപ്രമേയം ചർച്ച ചെയ്യുമ്പോൾ ഏകദേശം രണ്ട് മണിക്കൂറിനടുത്ത് സമയമെടുക്കുകയാണ്. എന്തായാലും ഒന്നരമണിക്കൂർ സമയമെടുക്കും. കാരണം, പ്രതിപക്ഷനേതാവ് വളരെ ദീർഘമായി സംസാരിച്ചശേഷം ബാക്കിയുള്ളവരും സംസാരിക്കുന്നു. എല്ലാ ആൾക്കാരും സംസാരിക്കുന്ന നിലയിലേയ്ക്ക് വരുന്ന ചർച്ചയാണ് സ്വാഭാവികമായും നല്ലത്. അതിന് രണ്ട് മണിക്കൂറല്ലേ എടുക്കുക. ഒന്നര മണിക്കൂർകൊണ്ട് തീർത്തില്ലേ; വളരെക്കൂടുതൽ സമയം പ്രതിപക്ഷനേതാവിന് സാധാരണ കൊടുക്കുന്നതിനേക്കാളും കൂടുതൽ കൊടുക്കുന്നല്ലോയെന്ന് ഞങ്ങൾക്കൊക്കെ തോന്നാറുള്ള നിലപാടാണ് ബഹുമാനപ്പെട്ട സ്പീക്കർ എല്ലാ ഘട്ടത്തിലും സ്വീകരിച്ചിട്ടുള്ളത്. ഇത്ര വലിയ നന്ദികേട് പാടുണ്ടോ; സ്പീക്കറോട് നന്ദിയൊന്നും വേണ്ട. പക്ഷെ, അങ്ങനെയെല്ലാം കാണിച്ചൊരു മനുഷ്യനോട്.... ഞങ്ങൾക്ക് സമയം തന്നില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. ഒരു പ്രത്യേക സംഭവം അവിശ്വാസമായി കൊണ്ടുവന്ന് അതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. ആ ചർച്ചയിൽ പറയുന്ന കാര്യങ്ങൾക്ക് മറുപടി പറയണമല്ലോ. ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാൻ കഴിയുമോ എത്രസമയമാണ് വേണ്ടതെന്ന്. സ്വാഭാവികമായും അതിന് കുറച്ചധികം സമയമെടുത്തിട്ടുണ്ട്. എന്നാൽ അങ്ങേയ്ക്ക് കൂടുതൽ സമയം അനുവദിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 30 മിനിട്ട് മാത്രമാണ് നൽകിയത്.

ശ്രീ. പിണറായി വിജയൻ: സർ, 30 മിനിട്ടിലധികം സംസാരിക്കാൻ അന്നുണ്ടായിരുന്നില്ല. ഇ.എം.എസ്. പ്രതിപക്ഷനേതാവായും ബാവ ഹാജി സ്പീക്കറായുമിരുന്ന സമയത്തൊക്കെ സഭയിൽ ഞാനിരുന്നിട്ടുണ്ട്. അന്ന് ഞാൻ കാണുന്നത് പ്രതിപക്ഷനേതാവ് സംസാരിക്കേണ്ട സമയം കഴിയുമ്പോൾ ഇനി അങ്ങേയ്ക്ക് എത്രസമയം വേണമെന്ന് ചോദിക്കും. രണ്ട് മിനിട്ടെന്നാണ് ഇ.എം.എസ്.-ന്റെ മറുപടി. അവിടെ തീർന്നു. ഇങ്ങനെയൊരു സമയക്രമം പാലിച്ചൊരു കാലം നമുക്കുണ്ടായിരുന്നു. ആ സമയക്രമമാണ് നമ്മൾ പാലിച്ച് പോകുന്നതെങ്കിൽ സ്വാഭാവികമായും എല്ലാവരും അത് അംഗീകരിക്കാൻ നിർബന്ധിതരാകും. പക്ഷെ നമ്മളാരും ഇപ്പോൾ ആ സമയക്രമം പാലിക്കുന്നില്ല. അതുകൊണ്ട് എല്ലാവരും കുറച്ചധികം സമയമെടുക്കുന്നു. അതിന്റെ ഭാഗമായി സ്പീക്കറും അതിനനുസരിച്ച് നമുക്ക് കൂട്ടുനിൽക്കുന്നു. അതിനെ ഒരു വല്ലാത്തനിലയിൽ കാണേണ്ടതില്ലായിരുന്നു. ഒരുതരത്തിലും സ്പീക്കർ ഇത്തരത്തിലുള്ള പ്രമേയം നേരിടേണ്ട ആളല്ല. പ്രതിപക്ഷത്തിന്റെ പാപ്പരത്വമാണ് ഇത്തരമൊരു പ്രമേയം കൊണ്ടുവരുന്നതിന് കാരണമായത്. അതുകൊണ്ട് ഇത് പൂർണ്ണമായും നിരാകരിക്കേണ്ടതുമാണ്.

നിയമസഭാ സ്പീക്കർ (ശ്രീ. പി. ശ്രീരാമകൃഷ്ണൻ): സർ, ഈ സഭയിൽ ഇങ്ങനെയൊരു പ്രമേയം ചർച്ച ചെയ്യാൻ കഴിഞ്ഞതിൽ വളരെ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നൊരു ആളാണ് ഞാൻ. കാരണം, നമ്മുടെ രാജ്യത്ത് വിയോജിപ്പിന്റെ ഒരു ചെറിയ ശബ്ദംപോലും ഉയരാൻ പാടില്ലെന്നൊരു സാമാന്യ അന്തരീക്ഷം വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരള നിയമസഭ വിയോജിപ്പിന്റെ ശബ്ദത്തെ ആഘോഷിക്കുന്ന ഏറ്റവും നല്ല ദിവസമായി ഞാൻ ഇതിനെ കാണുകയാണ്. ഈ ചർച്ച വേണമെങ്കിൽ ഒഴിവാക്കാനാവശ്യമായ നിലപാട് സ്പീക്കർക്ക് സ്വീകരിക്കാമായിരുന്നു. പക്ഷെ, ഈ ചർച്ച നടക്കട്ടെയെന്നാണ് ഞാൻ ആഗ്രഹിച്ചത്. ഈ ചർച്ചയുടെ ഭാഗമായി ബഹുമാന്യനായ പ്രതിപക്ഷനേതാവ് പ്രസംഗിച്ച സമയത്ത് ഞാൻ പഴയ ഒരു സംഭവം ഓർക്കുകയായിരുന്നു. 1980-കളിൽ പെരിന്തൽമണ്ണ ഹൈസ്കൂളിൽ പഠിക്കുന്ന സമയത്ത് ചെന്നിത്തല സിന്ദാബാദ് എന്ന ജാഥ കണ്ടു. കെ.എസ്.യു.-ന്റെ ജാഥ. ചെന്നിത്തല എന്നത് ഒരാളാണോ നാടാണോ എന്നുള്ള കാര്യം എനിക്ക് അറിയില്ലായിരുന്നു. ഒരിക്കൽ അദ്ദേഹത്തെ കാണാൻവേണ്ടി ഞാൻ പോയി. അദ്ദേഹം അവിടെ പ്രസംഗിക്കുകയാണ്, മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കും വിലയില്ലാത്ത നായനാരിന്റെ ഭരണമെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗം.

ഞാൻ പലപ്പോഴും അവിടെയിരുന്ന് അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാറുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തെ ആക്ഷേപിക്കുകയല്ല. അദ്ദേഹം തീരെ വളരാത്ത രീതിയിൽ വീണ്ടും തുടരുകയാണ്, കെ.എസ്.യു.-വിന്റെ പ്രസിഡന്റിനെപോലെ സംസാരിച്ചു കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന് വിമർശനങ്ങൾ ഉന്നയിക്കാം; ആക്ഷേപങ്ങളുന്നയിക്കാം; പക്ഷെ അല്പംകൂടി വളർച്ച കാണിക്കണം. ഇപ്പോൾ അദ്ദേഹം പറഞ്ഞ ചില കാര്യങ്ങളെക്കുറിച്ച്, ഉത്തരവാദപ്പെട്ട ഒരു സഭാവേദിയിൽ കേരളത്തിലെ പ്രതിപക്ഷനേതാവ് പറയുന്ന കാര്യങ്ങൾക്ക് വസ്തുതയും യുക്തിയും ഉണ്ടോയെന്ന് നോക്കണ്ടേ? ഇ.എം.എസ്. സ്മൃതി ലൈബ്രറി പൊളിച്ചുകളഞ്ഞു. അവിടെ പുതിയ ഇ.എം.എസ്. സ്മൃതിയുണ്ടാക്കാൻ കൈരളി ടി.വി.യിലെ പത്രലേഖകനായ ശ്രീ. ശരത്തിന് 82 ലക്ഷം രൂപ കൊടുത്തു; അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. FOD (ഫെസ്റ്റിവൽ ഓൺ ഡെമോക്രസി) സംഘടിപ്പിച്ച MIT, പൂനെയ്ക്ക് 5 കോടി രൂപ കൊടുത്തു. ഒരു രൂപ കൊടുത്തുവെന്ന് നിങ്ങൾ തെളിയിച്ചാൽ ഞാൻ ഈ പണി നിർത്തും. എന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ ചോദ്യം ചെയ്യാൻ വിളിച്ചപ്പോൾ എതിർത്തു. മറ്റെന്നാൾ നിയസഭാ സമ്മേളനം ചേരാനിരിക്കുമ്പോൾ ഇന്നു വൈകുന്നേരം ഒരു ടെലിഫോൺ കോളിലൂടെ നിയമസഭാ സമ്മേളനത്തിന്റെ പ്രവൃത്തികൾക്ക് ചുമതലയുള്ള ഒരുദ്യോഗസ്ഥൻ എറണാകുളത്ത് എത്തണമെന്നു പറഞ്ഞാൽ അതൊരു മര്യാദകേടല്ലേ; എന്നോട് ചില ആളുകൾ ചോദിച്ചു. ഒരു ഇൻസ്പിറേഷനുമില്ലാതെ, സ്പീക്കറുടെ ഒരു പരിവേഷവുമില്ലാതെ അന്വേഷണത്തിന് സമ്മതമാണെന്ന് പറഞ്ഞയാളല്ലേ നിങ്ങൾ; പിന്നെ എന്താ നിങ്ങൾ നിങ്ങളുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ ചോദ്യം ചെയ്യാൻ വിടാതിരുന്നത് എന്ന്. ഞാൻ പറഞ്ഞു; അതെന്റെ മര്യാദ. ആ മര്യാദയിൽ ഞാൻ ഇപ്പോഴും ഉറച്ചുനിൽക്കുന്നു. പക്ഷെ അതേ മര്യാദ തിരിച്ചും വേണ്ടേ? പോകില്ല എന്നല്ല പറഞ്ഞത്. എട്ടാം തീയതി അവിടെ ഹാജരാകുമെന്ന് അറിയിച്ചു. അറിയിച്ചതിനുശേഷം നമ്മുടെ പ്രിമിസസിൽ വച്ചുള്ള ലീഗൽ പ്രോസസ്സിൽ സ്പീക്കറുടെ പെർമിഷൻ വാങ്ങുക എന്നൊരു രീതി കൂടിയുണ്ടെന്ന് അവരെ അറിയിച്ചു. അറിയിക്കുന്നത് വരില്ല എന്നല്ല; അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ പറഞ്ഞയയ്ക്കാതിരിക്കാൻവേണ്ടി തടസ്സപ്പെടുത്തിയെന്ന് പറയുന്നത് ഒരുകാരണവശാലും ശരിയല്ല. ഡോ. എം.കെ. മുനീർ പ്രഗത്ഭനായൊരു പിതാവിന്റെ മകനാണ്. പക്ഷെ അദ്ദേഹത്തിന് പകർന്നാട്ടം അറിയാമെന്നുള്ള കാര്യം എനിക്ക് നന്നായിട്ടറിയാം. കലാമണ്ഡലം രാമൻകുട്ടി നായരുടെ ഏറ്റവും നല്ല കഴിവാണ് പകർന്നാട്ടം. ഒരു ഭാഗത്ത് കത്തിയും അതേസമയത്തുതന്നെ മിനുക്കുമെടുത്ത് ആടാൻ ശേഷിയുള്ള പകർന്നാട്ടക്കാരന്റെ രീതിയിലാണ് അദ്ദേഹം പെരുമാറിയത്. അദ്ദേഹം ഒരു

മൊഴിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഏത് മൊഴി? ആരുടെ മൊഴി? അദ്ദേഹം മൊഴി കണ്ടിട്ടുണ്ടോ? പത്രങ്ങളിൽ വന്ന വാർത്തകൾ ഞാൻ പ്രതിഷേധിച്ചില്ല, പ്രതികരിച്ചില്ല. എനിക്കതിന് ഒഴിവില്ല. ഏതെങ്കിലും പത്രലേഖകന്മാരുടെ ഭാവനയിൽ തെളിഞ്ഞുവരുന്ന വാർത്തകളുടെ പിന്നാലെ പോയിട്ട് കിണ്ണം കട്ടിട്ടുണ്ടോ എന്നുചോദിക്കുന്ന വിഡ്ഢിയല്ല ഞാൻ. ചോദിക്കാനുള്ളത് എന്നോട് ചോദിക്കട്ടെ. ആവശ്യമായ വിവരങ്ങൾ കൊടുക്കാമെന്ന് ഞാൻ പറഞ്ഞു. പത്രവാർത്തകൾ മാത്രം അടിസ്ഥാനമാക്കി പലതും ആസൂത്രണം ചെയ്ത ചരിത്രവും പാരമ്പര്യവും നിങ്ങൾക്കൊക്കെയുണ്ടാകും. കയ്യിലുള്ള ചാനലിനെ ഉപയോഗപ്പെടുത്തി ചില പണികൾ നടത്തിയതിന്റെ പാരമ്പര്യവുമുണ്ടാകും. പക്ഷെ അത് നമ്മുടെ തലയിൽ അടിച്ചേൽപ്പിക്കരുത്. ഞാനിവിടെ പറയുന്നത്, ഇവിടെ ഈ പ്രമേയം അവതരിപ്പിക്കാൻ പറഞ്ഞ കാര്യങ്ങളിൽ ഏതാണ്ടെല്ലാം യുക്തിരഹിതമാണെന്ന് ഇവിടെ വിശദീകരിച്ചു കഴിഞ്ഞിരിക്കുന്നു. ......(ബഹളം)...... കേട്ടുകേൾവിയുടെയും ഊഹാപോഹങ്ങളുടെയും വിലകുറഞ്ഞ അപവാദങ്ങളുടെയും പിൻബലത്തിൽ നിയമസഭയിലെ അദ്ധ്യക്ഷവേദിക്കെതിരെ ഇന്ത്യയിലാദ്യമായി പ്രമേയം കൊണ്ടുവന്ന പ്രതിപക്ഷമെന്നും പ്രതിപക്ഷനേതാവെന്നും നിങ്ങൾക്ക് അഭിമാനിക്കാം. അതാണ് ചരിത്രത്തിൽ രേഖപ്പെടുത്താൻ പോകുന്നത്. ഇത് ഒരുകാരണവശാലും ഒരു കീഴ്വഴക്കമാകരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം അപക്വമായ രീതി ഭാവിയിലും ആവർത്തിക്കാൻ തുനിഞ്ഞാൽ അത് ജനാധിപത്യത്തെ ശുഷ്കമാക്കും, ദുർബ്ബലപ്പെടുത്തും.

കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം അദ്ധ്യക്ഷവേദിയിൽനിന്നും നീതികിട്ടിയില്ലെന്ന കാര്യമായ ഒരു പരാതി ഈ സഭയിൽ വന്നിട്ടില്ല. പ്രതിപക്ഷത്തിന്റെ ശബ്ദത്തിന് കുറവുണ്ടാകാതിരിക്കാൻ ആകുന്നവിധം ഞാൻ പരിശ്രമിച്ചു. ഇപ്പോൾ അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന പഴഞ്ചൊല്ല് അനുസ്മരിക്കുന്ന രീതിയാണ് ഇവിടെ നടന്നുവരുന്നത്. ഗോഡ്ഫാദർ എന്ന സിനിമയിൽ ഒരു രംഗമുണ്ട്. നാടകാചാര്യനായ എൻ. എൻ. പിള്ള മുഖ്യകഥാപാത്രമായ സിനിമയാണത്. അദ്ദേഹം അദ്ദേഹത്തിന്റെ അഞ്ച് മക്കളെയും നിയന്ത്രിച്ച് പിടിച്ചുനിർത്തിയിരിക്കുകയാണ്. അതിലൊരു മകൻ അച്ഛനറിയാതെ വിവാഹം കഴിച്ച് വിവാഹജീവിതം നയിക്കുകയാണ്. അതറിഞ്ഞപ്പോൾ മക്കളെയും കൂട്ടിപ്പോയി. അപ്പോൾ മകനായ ഇന്നസെന്റ് പറഞ്ഞു ഞാൻ നിങ്ങളുടെ മകനല്ല, എനിക്ക് നിങ്ങളെ അറിയില്ല എന്ന്. അറിയില്ലേ? അടിക്കെടാ, എന്റെ മുഖത്തേയ്ക്ക് അടിക്കെടാ. ഞാൻ അച്ഛനല്ലെങ്കിൽ എന്നെ അടിക്കെടാ... വീണ്ടും വീണ്ടും പറഞ്ഞപ്പോൾ അടിക്കാതിരിക്കാൻ നിവൃത്തിയില്ലാതായി. അപ്പോൾ ഓടിപ്പോയി

ഒറ്റയടി കൊടുത്തു. പക്ഷെ അടിച്ചത് അച്ഛനെയല്ല; തൊട്ടടുത്ത് നിന്നിരുന്ന സ്വന്തം അനിയനെയാണ്. ഇവിടെ ഗവൺമെന്റ് ചോദിച്ചുകൊണ്ടിരിക്കുകയാണ്; നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയെടാ, അഴിമതിയുണ്ടെങ്കിൽ തെളിയിക്കെടാ, അടിക്കാൻ പറ്റുമെങ്കിൽ അടിക്കെടാ എന്ന്. ഈ ഗവൺമെന്റിനെതിരെ നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയെടാ, പറയെടാ എന്നാവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റിനെ അടിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് സ്പീക്കറുടെ ചെകിട്ടത്തേയ്ക്കൊരടി. ആ അടിയാണിപ്പോൾ ശ്രീ. എം. ഉമ്മർ നടത്തിയത്. ശ്രീ. എം. ഉമ്മർ ഇന്നസെന്റിന്റെ പണിയാണ് ചെയ്തത്. അത് ബൂമറാങ് ആകും. ശ്രീ. എം. ഉമ്മർ അടിച്ച അടി, ഇന്നസെന്റടിച്ച അടിപോലെ ബൂമറാങായി കരണത്തേയ്ക്ക് തിരിച്ചുവരുമെന്ന കാര്യം ഓർമ്മിക്കണം. ഞാൻ അദ്ദേഹത്തെ ഒരു വചനം ഓർമ്മിപ്പിക്കുകയാണ്. സത്യവിശ്വാസികളേ, "ഊഹങ്ങളിൽ മിക്കതും നിങ്ങൾ വെടിയുക; തീർച്ചയായും ഊഹങ്ങളിൽ പലതും കുറ്റമാകുന്നു. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി ദൂഷിച്ചു പറയുകയുമരുത്.'' -വിശുദ്ധ ഖുറാൻ. ശ്രീ. എം. ഉമ്മർ ഇത് ഓർമ്മിക്കണം. അതിന്റെ ശക്തി ഇപ്പോൾ ബോധ്യമായില്ലേ? ഈ നോട്ടീസ് കൊടുത്തതിന്റെ പിറ്റേദിവസം സീറ്റ് പോയില്ലേ; ശ്രീ. എം. ഉമ്മർ നോട്ടീസ് കൊടുത്തതിന്റെ പിറ്റേദിവസം സീറ്റ് പോയി. ഉമ്മറിനറിയാം. അവിശ്വാസത്തിന് നോട്ടീസ് കൊടുത്തപ്പോഴേക്കും സീറ്റ് പോയി എന്നുപറയാതെ വയ്യ. .....(ബഹളം)...... ഞാൻ ചെയ്ത തെറ്റ് എന്താണ്? ജൂഡീഷ്യൽ ആക്ടിവിസം പോലെ ലെജിസ്ലേറ്റീവ് ആക്ടിവിസവുമുണ്ട്. ലെജിസ്ലേറ്റീവ് ആക്ടിവിസം എന്ന തലത്തിലേയ്ക്ക് നമ്മുടെ നിയമസഭയെ ഉയർത്താൻ ശ്രമിച്ചത് തെറ്റാണോ? മാറുന്ന കാലത്തോട് ചേർന്നുനിൽക്കാൻ പദ്ധതികൾ ആവിഷ്കരിച്ചത് തെറ്റാണോ? ഭരണഘടനാ വെല്ലുവിളികൾ നേരിടുമ്പോൾ ഭരണഘടനാ ക്ലാസ്സുകളുടെ ബദൽ പ്രതിരോധം ഉയർത്തിക്കൊണ്ടുവന്നത്, ഇന്ത്യയിലാദ്യമായി നിയമനിർമ്മാണത്തിൽ ജനകീയ പങ്കാളിത്തത്തിന് തുടക്കം കുറിച്ചത് തെറ്റാണോ? നിയമസഭയ്ക്ക് ഇന്ത്യയിലാദ്യമായി ബദൽ മാധ്യമം കൊണ്ടുവന്നത് തെറ്റാണോ? ....(ബഹളം).......

ശ്രീ. എം. ഉമ്മർ : സർ, പോയിന്റ് ഓഫ് ഓർഡർ...... (ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പറയൂ.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ചോദിക്കട്ടെ. .......(ബഹളം)..... പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചപ്പോൾ അതിനിത്ര കലാപം ഉണ്ടാക്കേണ്ട കാര്യമുണ്ടോ? ഒരു പോയിന്റ് ഓഫ് ഓർഡറിന് ഇത്ര കലാപമോ!

അപ്പോൾ വേറെ എന്തെങ്കിലും പറഞ്ഞാലോ? .....(ബഹളം)..... ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ പ്രസംഗിച്ചപ്പോൾ സീറ്റ് പോയില്ലേ എന്ന് ചോദിച്ചു; എന്ത് സീറ്റ്; എന്റെ സീറ്റ് ഇപ്പോൾ ഇവിടെയുണ്ട്. വേറെ എന്ത് സീറ്റാണ് പോയതെന്ന് അദ്ദേഹം വെളിപ്പെടുത്തണ്ടേ? അദ്ദേഹം വ്യക്തമായി പറയണ്ടേ? അതാണ് എന്റെ പോയിന്റ്. എന്ത് സീറ്റാണെന്ന് കൃത്യമായി പറയണ്ടേ? എന്ത് സീറ്റാണ് അദ്ദേഹം ഉദ്ദേശിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്....... പ്ലീസ്...

മി. സ്പീക്കർ: സർ, പ്രതിപക്ഷം ഉന്നയിക്കുന്ന തെറ്റുകൾ എന്താണെന്ന് എനിക്ക് മനസ്സിലായില്ല. നിയമസഭയ്ക്ക് ഇന്ത്യയിലാദ്യമായി ഒരു ബദൽ മാധ്യമം കൊണ്ടുവന്നതാണോ? നിയമസഭാ പ്രവർത്തനങ്ങളെ എക്കാലത്തും ലഭ്യമാക്കാൻ നമ്മുടെ മാധ്യമരംഗത്തെ ഏറ്റവും പുതിയ അനുഭവമായ ഒ.ടി.ടി. പ്ലാറ്റ്ഫോമിന് ഇന്ത്യയിലാദ്യമായി തുടക്കം കുറിച്ചതാണോ? ശ്രീ. ജെയിംസ് മാത്യു പറഞ്ഞു: ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും എല്ലാ വാക്കുകളും ലോകത്തെവിടെയിരുന്നും എന്നും കേൾക്കാൻ കഴിയുന്ന ഇന്ത്യയിലെ ആദ്യത്തെ നിയമസഭയായി ഈ നിയമസഭ മാറുകയാണ്. അത് തെറ്റാണോ? നിർമ്മിച്ച നിയമങ്ങളുടെ അനുഭവങ്ങളെയും പരിമിതികളെയും വിശകലനം ചെയ്യുന്ന ഇംപാക്ട് സ്റ്റഡിക്ക് ഇന്ത്യയിലാദ്യമായി തുടക്കം കുറിച്ചത് തെറ്റാണോ? 21 ഗ്രന്ഥങ്ങളിലൂടെ നിയമനിർമ്മാണത്തിന്റെ ചരിത്രം വിശകലനം ചെയ്തത് തെറ്റായിരുന്നോ? നമ്മുടെ സ്വന്തം നടപടിക്രമങ്ങൾ ആധികാരിക ഗ്രന്ഥമായ ശക്തർ ആൻഡ് കൗൾ മാതൃകയിൽ നമുക്ക് തയ്യാറാക്കാൻ സാധിച്ചത് തെറ്റായിരുന്നോ; ചട്ടങ്ങളില്ലാത്ത നിയമങ്ങൾ എന്ന അവസ്ഥയ്ക്ക് അറുതിവരുത്താൻ നേതൃത്വം കൊടുത്തത് തെറ്റാണോ? ഗ്രീൻ പ്രോട്ടോക്കോളിലൂടെ നിയമസഭാ സമുച്ചയത്തെ ജൈവജീവിതത്തിന്റെ ഭാഗമാക്കിയത് തെറ്റാണോ? പല ആരോപണങ്ങളും നിങ്ങൾ ഉന്നയിച്ചു; ഞാൻ അതിലേയ്ക്കു വരാം. ഇതെല്ലാം തെറ്റാണെങ്കിൽ ആ തെറ്റ് ഏറ്റെടുക്കാൻ ഞാൻ തയ്യാറാണ്. മാറ്റത്തെ അഭിസംബോധന ചെയ്യാത്തവർക്ക് വളരാനാകില്ല. നമ്മുടെ ജനാധിപത്യത്തിന്റെ അന്തഃസ്സത്തയ്ക്ക് ഇടിവുപറ്റുന്ന ഒരു കാലത്തിന്റെ കരിനിഴലിലാണ് ഇന്ത്യയെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇന്ന് രാജ്യത്ത് ഭരണ സംവിധാനത്തിന്റെ എല്ലാ ഘടകങ്ങളെയും കൈപ്പിടിയിലൊതുക്കുന്ന അസാധാരണമായൊരു നീക്കമാണ് നടക്കുന്നത്. ജനാധിപത്യത്തിന്റെ മധുരത്തെതന്നെ അത് ഇല്ലാതാക്കുമെന്ന് ഏത് രാഷ്ട്രീയ വിദ്യാർത്ഥിക്കും പ്രാഥമികമായ ബോധ്യമുണ്ടാകണം. ഈ സാഹചര്യത്തിൽ നിയമനിർമ്മാണ

സഭകൾക്ക് പരമ്പരാഗത ചുമതലകളല്ലാതെ പലതും ചെയ്യാൻ കഴിയും, കഴിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പൊതുസമൂഹത്തിലും യുവതലമുറയിലും അതിനുള്ള വിശ്വാസം വളർത്തിയെടുക്കാൻ ബോധപൂർവ്വം ശ്രമിക്കേണ്ട ഒരു കാലമാണിത്. അതൊന്നും അല്പംപോലും നിങ്ങൾ പരിഗണിച്ചില്ല. നിങ്ങൾ ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയെ പരിഹസിച്ചു. ഇവിടെയാണ് സോക്രട്ടീസിനെ ഓർമ്മിക്കേണ്ടത്. ഈ മനുഷ്യൻ ചിന്താപരമായ പ്രകോപനത്തിലൂടെ യുവത്വത്തെ വഴിതെറ്റിക്കുകയാണ്, ചിന്താപരമായ പ്രകോപനംകൊണ്ട് യുവത്വം ശരിയായ ദിശയിലല്ലാതെ പോകുന്നവർ സമരങ്ങളിലേയ്ക്ക് പോകുന്നുവെന്ന് അദ്ദേഹത്തെക്കുറിച്ചുള്ള കുറ്റപത്രത്തിൽ പറയുന്നു. അദ്ദേഹത്തിന്റെ വാക്കുകളുണ്ട്: ബുദ്ധിമാന്മാർ- സമൂഹത്തെക്കുറിച്ച് ചിന്തിക്കുന്നവർ- ആശയങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കും; സാധാരണക്കാർ സംഭവങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കും; നിലവാരം കുറഞ്ഞവർ വ്യക്തികളെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കും; അതിലൂടെ ആനന്ദനിർവൃതിയടയും. നിങ്ങൾ ഇതിൽ ഏത് വിഭാഗത്തിൽപ്പെടുമെന്ന് ആലോചിച്ചാൽ മതി. കഴിഞ്ഞ നവംബറിൽ ഗുജറാത്തിലെ കെവാഡിയയിൽ സ്പീക്കർമാരുടെ ദേശീയ സമ്മേളനം ചേർന്നു. ആ സമ്മേളനം നടന്ന സ്ഥലത്താണ് 3000 കോടി രൂപയ്ക്ക് ഒരു പ്രതിമയുണ്ടാക്കിയിട്ടുള്ളത്, ലോകത്തെ ഏറ്റവും വലിയ പ്രതിമ. യഥാർത്ഥത്തിൽ ഒരു പ്രത്യേക പ്രദേശംതന്നെ അവിടെ സൃഷ്ടിച്ചിരിക്കുകയാണ്. ആ പ്രത്യേക പ്രദേശത്തിന്റെ ഒരു അവസ്ഥ നമ്മുടെ ദേശത്തിന്റെ ചരിത്രത്തെ മാറ്റിയെഴുതാൻവേണ്ടി ആസൂത്രണം ചെയ്തിരിക്കുകയാണ്. 1980-കളിൽ ഇറങ്ങിയ ഡി.ഡി. കൊസാംബിയുടെ പ്രസിദ്ധമായ ഒരു പുസ്തകത്തിന്റെ പേരാണ് 'മിത്ത് ആൻഡ് റിയാലിറ്റി'. ചരിത്രം, പ്രാദേശിക ചരിത്രം, ഐതിഹ്യം, മിത്തുകൾ, കേട്ടുകേൾവികൾ, പഴഞ്ചൊല്ലുകൾ ഇതെല്ലാം ഉപയോഗപ്പെടുത്തി എങ്ങനെയാണ് കപട പുനരുദ്ധാരണം രൂപീകരിക്കുക, ഇങ്ങനെയുള്ള ചരിത്രത്തെ പുനരാവിഷ്കരിക്കുക എന്നതിനെക്കുറിച്ച്, ഇന്ത്യയിൽ സംഭവിക്കാൻ പോകുന്നതിനെക്കുറിച്ച് ദീർഘവീക്ഷണത്തോടെ എഴുതിയ പുസ്തകമായിരുന്നു കൊസാംബിയുടെ പുസ്തകം. ആ പുസ്തകം ഇവിടെ യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്. 3000 കോടി രൂപ ചെലവാക്കിയുണ്ടാക്കിയ ആ പ്രതിമ കാണാൻ ഇന്ത്യയിലെ എല്ലാ സ്പീക്കർമാരും പോയി. ആ പ്രതിമയുടെ കാൽക്കൽ പുഷ്പാർച്ചന നടത്തണം. പുഷ്പാർച്ചന നടത്തേണ്ട സ്ഥലത്തെത്താൻ തന്നെ കുറേ കയറിപ്പോകണം. പുഷ്പാർച്ചന നടത്തി താഴേക്കിറങ്ങി വരുമ്പോൾ അവിടെ ഒരു ട്രിബ്യൂട്ട് നോട്ടുണ്ട്. ആ ട്രിബ്യൂട്ട് നോട്ടിലെഴുതാൻ എന്റെ

കൂടെയുണ്ടായിരുന്ന ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സ്പീക്കർമാരും രാജസ്ഥാനിലെ സ്പീക്കർ ശ്രീ. സി. പി. ജോഷിയും കാത്തുനിൽക്കുകയാണ്. അവർ ഒന്നും എഴുതുന്നില്ല. ശ്രീ. സി. പി. ജോഷി എന്നോടുപറഞ്ഞു, നിങ്ങൾ ആദ്യമെഴുതണം. നിങ്ങൾ എന്തെഴുതുമെന്നറിഞ്ഞിട്ടുവേണം എനിക്കെഴുതാൻ. നിങ്ങളാണ് സീനിയർ; നിങ്ങൾ കേന്ദ്രമന്ത്രിയായിരുന്നു; നിങ്ങൾ എഴുതിക്കോളൂവെന്ന് ഞാൻ പറഞ്ഞു. നിങ്ങൾ എഴുതണമെന്ന് അദ്ദേഹം നിർബന്ധിച്ചു. ഞാൻ അവിടെ എഴുതി, Unity without uniformity, diversity without fragmentation, i.e. India. Indian nationality is nothing other than the agreement among feudalism. The leaders those who were fought for the unification of our Country, I salute, I respect. ഇത് വായിച്ചപ്പോൾ രാജസ്ഥാനിലെ സ്പീക്കർ പറഞ്ഞു, You made it clear, you the people will never compromise your ideology. ശ്രീ. സി. പി. ജോഷിയുടെ ആ കോംപ്ലിമെന്റ് പി. ശ്രീരാമകൃഷ്ണന് നൽകിയ കോംപ്ലിമെന്റല്ല, ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ സമരാനുഭവങ്ങളെക്കുറിച്ച് ഓർമ്മയുള്ള കോൺഗ്രസിന്റെ ഒരു ധാരയുടെ നേതൃത്വം ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് നൽകിയ കോംപ്ലിമെന്റാണെന്ന് നിങ്ങൾ മനസ്സിലാക്കണം. അതാണ് ഈ രാജ്യത്തെ ഇന്നത്തെ സാഹചര്യം. ഇതുതന്നെയാണ് ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയിലും സംഭവിച്ചത്. സമ്മേളനത്തിൽ ചർച്ചയ്ക്കുവന്ന സമയത്ത് രാഷ്ട്രപതി ഉദ്ഘാടനം ചെയ്ത ദളിത്-ആദിവാസി ന്യൂനപക്ഷ സമ്മേളനം, നാഷണൽ സ്റ്റുഡന്റ്സ് പാർലമെന്റ് തുടങ്ങിയവയെ സംബന്ധിച്ചെല്ലാം ചർച്ച വന്നു. അദ്ദേഹം പറഞ്ഞു, Democratic evaluation outside the democratic institutions. ഇതൊരു പുതിയ ആശയമാണ്. ഈ ആശയം ഇന്ത്യ മുഴുവൻ നടപ്പിലാക്കണം. ലോക്സഭാ സെക്രട്ടേറിയറ്റ് ഇതിന് മുൻകയ്യെടുക്കണം. ഇത് അവിടെ ഉന്നയിച്ചത് ഞാനല്ല, കോൺഗ്രസിന്റെ നേതാവായ ശ്രീ. സി. പി. ജോഷിയാണ്. ഫെസ്റ്റിവൽ ഓൺ ഡെമോക്രസി സംഘടിപ്പിച്ച സമയമേതായിരുന്നു? നേരത്തെ ശ്രീമതി വീണാ ജോർജ്ജ് ചോദിച്ചു; ഇന്ത്യ മതനിരപേക്ഷതയുടെ സാഹചര്യങ്ങളെ മുഴുവൻ നിഷേധിക്കുകയും ദേശവ്യാപകമായി ഫാസിസത്തിന്റെ പ്രത്യേകമായ ഒരു അവസ്ഥ രൂപപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഇന്ത്യൻ ക്യാമ്പസുകളുടെ വിദ്യാർത്ഥി നേതൃത്വത്തിന്റെ ഒരു സംഗമമാണ് ഇവിടെ നടന്നത്. ഏതെങ്കിലും കുറേ കുട്ടികളുടെ വരവല്ല. ഓരോ ക്യാമ്പസുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ ക്യാമ്പസ് നേതൃത്വത്തിന്റെ ഒത്തുചേരലാണ്. ആ ഒത്തുചേരലിൽ ഐഡിയ ഓഫ് ഇന്ത്യ എന്നത് പ്രധാനമായും

ചർച്ച ചെയ്തിരുന്നു. സമ്മേളനത്തിന്റെ ഭാഗമായുള്ള വിവിധ സെഷനുകളിൽ ശ്രീ. ശശി തരൂർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. അബ്ദുസമദ് സമദാനി, ശ്രീ. എ. പി. അനിൽ കുമാർ, ശ്രീ. വി. പി. സജീന്ദ്രൻ, ശ്രീ. കെ. എസ്. ശബരീനാഥൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ഒ. രാജഗോപാൽ, ശ്രീ. വി. എം. സുധീരൻ, ശ്രീ. സി. പി. ജോൺ എന്നിവരെല്ലാം പങ്കെടുത്തു. അന്നൊന്നും ഫെസ്റ്റിവൽ ഓൺ ഡെമോക്രസി തെറ്റാണെന്ന് തോന്നിയിട്ടില്ല. നവീനമായ ഒരു ആശയമാണെന്ന് പ്രതിപക്ഷനേതാവ് അന്ന് പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം അന്ന് പ്രസംഗിച്ചത് ഹിന്ദിയിലാണ്. ആ സാഹചര്യത്തെക്കുറിച്ച് അല്പംപോലും ആലോചിക്കാതെയുള്ള നിലപാടാണ് ഇവർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. മറ്റ് സംസ്ഥാന നിയമസഭകൾ ഇത് ഏറ്റെടുക്കണമെന്ന് ആ സമ്മേളനം തീരുമാനിക്കുകയുണ്ടായി. ഡിജിറ്റൽ അസംബ്ലി, സഭാ ടി.വി., ലോഞ്ച് നവീകരണം ഇതെല്ലാം അനാവശ്യവും ധൂർത്തും അഴിമതിയുമാണെന്ന് ഇപ്പോൾ പറയുകയാണ്. ഇതൊന്നും സ്പീക്കറുടെ പോക്കറ്റിൽ നിന്ന് തന്നിഷ്ടംപോലെ ചെലവഴിക്കുന്ന തുകയല്ലെന്ന് ആർക്കാണ് അറിയാൻ കഴിയാത്തത്. അങ്ങനെയാണോ? എല്ലാ ക്രമങ്ങളും പാലിച്ചുകൊണ്ടാണെന്ന് എല്ലാവർക്കുമറിയാം. അതിനുപുറമെ വിവിധ തലങ്ങളിൽ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 2019 മാർച്ച് 30-ാം തീയതിയാണ് കരാർ ഒപ്പുവച്ചത്. കരാർ ഒപ്പുവച്ച തീയതി ശ്രദ്ധിക്കുക. അതിന് മുമ്പുതന്നെ മോണിറ്ററിംഗിനായി ആറ് തരത്തിലുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചു. ഇതു സംബന്ധിച്ച് ഇവിടെ പലരും പറഞ്ഞു കഴിഞ്ഞു. പക്ഷെ അതിന്റെ ക്രൊണോളജിക്കൽ ഓർഡർ പറയാം. ഇതിന്റെ ചർച്ച ആരംഭിച്ചയുടൻതന്നെ 2018 ജനുവരി 12-ന് ടെക്നിക്കൽ കമ്മിറ്റി, 2019 മേയ് 30-ന് സ്റ്റിയറിംഗ് കമ്മിറ്റി, 2019 ജൂൺ 12-ന് വിദഗ്ദ്ധസമിതി , 2019 ജൂൺ 12-ന് ഉപദേശക സമിതി, 2019 ജൂൺ 28-ന് ടെക്നിക്കൽ വെരിഫിക്കേഷൻ കമ്മിറ്റി - എല്ലാ സ്പെസിഫിക്കേഷനും ഡി.പി.ആർ. മുഖാന്തരമാണോ എന്ന് സൂക്ഷ്മപരിശോധന നടത്താൻവേണ്ടി എല്ലാ വിഭാഗങ്ങളിലുമുള്ള എഞ്ചിനീയർമാരെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള സമിതി, 2020 ജനുവരി 13-ന് സാമാജികരുടെ ഉന്നതതല സമിതി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ആവശ്യംകൂടി പരിഗണിച്ചുകൊണ്ടാണ് അവസാനത്തെ സമിതി രൂപീകരിച്ചത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അതാണ് എന്റെ പോയിന്റ്. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഈ സഭയുടെ

നിർമ്മാണത്തിനുവേണ്ടി അന്നൊരു കമ്മിറ്റിയുണ്ടാക്കിയിരുന്നു. അങ്ങ് പറഞ്ഞ ടെക്നിക്കൽ കമ്മിറ്റിയോ സ്റ്റിയറിംഗ് കമ്മിറ്റിയോ ഒന്നുമല്ല പ്രശ്നം. ഞാൻ 2020-ൽ കത്ത് തരുന്നതിനുമുമ്പ് ഇതുമായി ബന്ധപ്പെട്ട് സാമാജികരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കമ്മിറ്റിയും അങ്ങുണ്ടാക്കിയില്ല. അത് ഗുരുതരമായ ഒരു തെറ്റല്ലേ? പ്രതിപക്ഷം മാത്രമല്ല, ഭരണകക്ഷിയിൽപ്പെട്ട ആളുകൾ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ് എന്നിവർ കമ്മിറ്റിയിൽ ഉണ്ടാകണം. കോടിക്കണക്കിന് രൂപ ചെലവഴിക്കുമ്പോൾ അതുകൂടി ചേർന്നുള്ള കമ്മിറ്റി ഉണ്ടാക്കണമായിരുന്നു. ആ കത്ത് നൽകിയതിനുശേഷമാണ് കമ്മിറ്റിയുണ്ടാക്കിയത്. വണ്ടിയുടെ പുറകിൽ കാളയെ കെട്ടുന്നുവെന്ന് ഞാൻ പറഞ്ഞതിന്റെ കാര്യമതാണ്. അതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതിനെപ്പറ്റി അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

<u>മി. സ്പീക്കർ</u>: ഡിജിറ്റൽ അസംബ്ലി നടപ്പിലാക്കുമ്പോൾ അതിന്റെ സൂക്ഷ്മമായ പരിശോധനകൾക്കുവേണ്ടി 5 കമ്മിറ്റികൾ രൂപീകരിച്ചു. ഈ 5 കമ്മിറ്റികൾ പോരാ, നിയമസഭാ സാമാജികരെക്കൂടി ഉൾപ്പെടുത്തണമെന്ന് അങ്ങ് ഒരു കത്ത് നൽകിയപ്പോൾ അതിനും നടപടി സ്വീകരിച്ചു, അതാണുണ്ടായത്. ഈ 5 കമ്മിറ്റികളും ടെക്നിക്കലായി എല്ലാ കാര്യങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കാനുള്ള മോണിറ്ററിംഗ് സമിതികളായിരുന്നു. മറ്റൊന്ന്, ലോഞ്ചിന്റെ നവീകരണം തെറ്റാണെന്ന് നിങ്ങൾ പറയുന്നു. ഞാൻ ചോദിക്കട്ടെ, ഈ 140 പേർക്കിരിക്കാൻ വേണ്ടി ഇത്രയും വലിയ സഭ ആവശ്യമുണ്ടോ. ഇവിടെയെന്താ ആനക്കുട്ടിക്ക് ഊഞ്ഞാലാടാനാണോ, ഇത്ര ഉയരം വേണോ, ആനയ്ക്ക് ഊഞ്ഞാലാടാൻ വേണ്ടിയല്ലല്ലോ, അങ്ങനെ ചോദിച്ചുകൂടേ; ഈ മനോഭാവത്തോടുകൂടിയാണ് ചോദിക്കുന്നതെങ്കിൽ അത് ചോദിച്ചുകൂടേ? നമ്മുടെ മനോഭാവമാണ് പ്രത്യേകത. ചെക്കോവിന്റെ പ്രശസ്തമായ ഒരു കഥയുണ്ട്, ഒരു നാട്ടിൽ രണ്ട് കിരീടാവകാശികൾ. അവർക്ക് ധാർമികതയും മനോധർമ്മവുമെല്ലാം പഠിപ്പിക്കുന്ന ഒരു ഗുരുനാഥൻ, പഠനം കഴിഞ്ഞിട്ട് അവരോട് നല്ലൊരു വെണ്ണക്കൽ കൊട്ടാരം പോയി കണ്ടിട്ട് ഒരു കുറിപ്പെഴുതിത്തരാൻ പറഞ്ഞു. ഒരാൾ പോയി ആ കൊട്ടാരത്തിന്റെ സർഗ്ഗവൈഭവും തൊഴിലാളികളുടെ കർമ്മരംഗവും അതിനുവേണ്ടിയുള്ള ചാരുഭംഗിയുമെല്ലാം നോക്കി അതിനെയെല്ലാം ആദരിച്ചുകൊണ്ട് ഒരു കുറിപ്പെഴുതി. രണ്ടാമത്തെ ആൾ, പണി ഏറ്റെടുത്ത കരാറുകാരന് എവിടെയെല്ലാം കക്കാൻ സാധിച്ചു, എവിടെയൊക്കെ നിന്നാണ് പണം കിട്ടിയത്, അതിന്റെ കള്ളത്തരങ്ങളുടെ വിശദാംശങ്ങൾ എന്നിവയെല്ലാം എഴുതിക്കൊടുത്തു. രണ്ടാമത്തെ ആളെ രാഷ്ട്രഭരണത്തിന് പറ്റാത്ത ആളാണെന്ന് കരുതി രാജ്യത്തിൽ നിന്ന് പുറത്താക്കി. ഇതിൽ നിങ്ങൾ ഏത് വിഭാഗത്തിലാണ്, അന്വേഷിച്ചാൽ മതി. മനോഹരമായ ചാരുശില്പം കാണുമ്പോഴും

ഈ വികൃതമനോഭാവത്തോടുകൂടി ചിന്തിക്കുന്നത് ശരിയാണോയെന്ന് നിങ്ങൾ മനസ്സിലാക്കണം. യു.എൽ.സി.സി.-യെ പണി ഏൽപ്പിച്ചത് ശരിയാണോ എന്ന്, ഞാൻ ചില കാര്യങ്ങൾ വായിക്കാം, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുക. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി അംഗീകരിച്ച് സാങ്കേതിക പ്രവൃത്തി ചെയ്യാനുള്ള അനുവാദം കൊടുത്തുകൊണ്ട് ഐ.ടി. വകുപ്പിന്റെ ഉത്തരവിറങ്ങിയത്. എന്തുകൊണ്ട് യു.എൽ.സി.സി.-ക്ക് കൊടുക്കുന്നു? ലോകത്ത് ഏതെങ്കിലുമൊരു കൺസ്ട്രക്ഷൻ കമ്പനി ജോലി ചെയ്തുകഴിഞ്ഞിട്ട് പണം ബാക്കിയാണെന്ന് പറഞ്ഞ് തിരിച്ചടയ്ക്കാറുണ്ടോ? കഴിഞ്ഞ 5 കൊല്ലംകൊണ്ട് അവർ തിരിച്ചടച്ചതിന്റെ പട്ടിക ഞാൻ വായിക്കാം.

യു.എൽ.സി.സി.എസ്. ഏറ്റവും വലിയ കൊള്ള സംഘമെന്നല്ലേ നിങ്ങൾ പറഞ്ഞത്; എന്നാൽ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് അവർക്ക് നൽകിയ പ്രവൃത്തികൾ ഞാൻ വായിക്കാം: പ്രതിപക്ഷനേതാവായ ശ്രീ. രമേശ് ചെന്നിത്തലയുടെ മണ്ഡലമായ ഹരിപ്പാട്, 132 കോടി രൂപയുടെ വലിയഴീക്കൽ പാലം നിർമ്മാണം, പ്രതിപക്ഷ ഉപനേതാവായ ഡോ. എം. കെ. മുനീറിന്റെ മണ്ഡലത്തിലെ തൊണ്ടയാട് ഫ്ളൈ ഓവർ ഫേസ്-1, എൻ.എച്ച് 66-ന്റെ 51 കോടി രൂപയുടെ പ്രവൃത്തി, ടെണ്ടർ വിളിച്ചിട്ടാണോ ചെയ്തത്; ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എം.പി.-യുടെ മണ്ഡലമായ വേങ്ങരയിലെ നടുക്കനി-വഴിക്കടവ്-നിലമ്പൂർ-എടവണ്ണ-മഞ്ചേരി-മലപ്പുറം റോഡിന്റെ 132 കോടി രൂപയുടെ പ്രവൃത്തി നടത്തിയത് ടെണ്ടർ വിളിച്ചിട്ടാണോ; ശ്രീ. കെ. സി. ജോസഫ് എം.എൽ.എ.-യുടെ മണ്ഡലമായ ഇരിക്കൂറിൽ 191 കോടിരൂപയുടെ പ്രവൃത്തി, ശ്രീ. വി. എസ് ശിവകുമാറിന്റെ മണ്ഡലത്തിൽ 50 കോടിരൂപ ചെലവഴിച്ച് നിർമ്മിച്ച കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ ഓഫീസ് കോംപ്ലക്സ് കെട്ടിടത്തിന്റെ നിർമ്മാണം, മുൻമന്ത്രി ഷിബു ബേബിജോണിന്റെ ചവറ മണ്ഡലത്തിൽ 44 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ കെട്ടിട നിർമ്മാണം.

ഇത് ഗവൺമെന്റ് വെറുതെ തീരുമാനിച്ചതല്ല. ഇതുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ കൊടുത്ത കത്തുകൾ ഞാൻ വായിക്കാം. ശ്രീ. രമേശ് ചെന്നിത്തലയുടെ കത്ത് നേരത്തെ ഇവിടെ വായിച്ചതാണ്, ഒന്നുകൂടി വായിക്കാം, 'എന്റെ നിയോജകമണ്ഡലത്തിൽ തൃക്കുന്നപ്പുഴ എ ക്ലാസ് ബൈപ്പാസ് നിർമ്മാണത്തിന് 140 കോടിരൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ നടപടിക്രമങ്ങൾ ഒഴിവാക്കി, മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരായ ഉരാളുങ്കൽ സൊസൈറ്റിയെ സർക്കാർ ഏൽപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു'.

നമ്മുടെ പ്രമേയാവതാരകൻ .....(ബഹളം).....അദ്ദേഹത്തിന്റെ കത്തിൽ പറഞ്ഞിരിക്കുന്നത്, 'പ്രിയപ്പെട്ട ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് സാറിന്, .... (ബഹളം)........ പൊതുമരാമത്ത് വകുപ്പ് ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് പദ്ധതിയിൽ പ്രഖ്യാപിച്ചതും എന്റെ മണ്ഡലമായ മഞ്ചേരിയിലൂടെ കടന്നുപോകുന്നതുമായ നാട്ടുകാണി, വഴിക്കടവ്, നിലമ്പൂർ, ഇടവണ്ണ, മഞ്ചേരി, മലപ്പുറം വേങ്ങര, പരപ്പനങ്ങാടി റോഡുനിർമ്മാണം പെട്ടെന്ന് പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ടി പ്രവൃത്തി കേരള സർക്കാരിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകുന്നതിനും ടി പ്രവൃത്തി പെട്ടെന്ന് പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാനും താല്പര്യപ്പെടുന്നു'. ....... (ബഹളം)....... ശ്രീ. പി. കെ. അബ്ദു റബ്ബ്, ശ്രീ. പി. ഉബൈദുള്ള, ഡോ. എം. കെ. മുനീർ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. ആര്യാടൻ മുഹമ്മദ് ഇവരൊക്കെ നൽകിയ കത്തുകളും എന്റെ കൈവശവമുണ്ട്. (കത്തുകൾ ഉയർത്തിക്കാണിച്ചുകൊണ്ട്) ഇതൊക്കെ ശരിയായിരുന്നോ; ഇതൊക്കെ ശരിയാണെങ്കിൽ നിയമസഭാ കോംപ്ലക്സിലെ പണി അവരെ ഏൽപ്പിച്ചത് മാത്രം തെറ്റാകുന്നതെങ്ങനെയാണ്? നിങ്ങളുടെ മണ്ഡലങ്ങളിൽ നടക്കുന്ന ഈ പ്രവൃത്തികൾക്ക് വിശ്വാസത്തോടുകൂടി, ടെണ്ടർ ഒഴിവാക്കി അവരെത്തന്നെ ഏൽപ്പിക്കണമെന്ന് പറഞ്ഞ് കത്ത് കൊടുക്കുക; ആ കത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ ഗവൺമെന്റ് അവർക്ക് വർക്ക് അവാർഡ് ചെയ്യുകയും ആ വർക്ക് നടന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ നിയമസഭയിൽ നടത്തിയ പ്രവൃത്തിമാത്രം തെറ്റാണെന്ന് പറയാൻ നിങ്ങൾക്ക് ഉളുപ്പുണ്ടോ; നിങ്ങൾ പറയുന്നത് ശരിയാണോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ഊരാളുങ്കൽ സൊസൈറ്റിയെക്കുറിച്ചല്ലല്ലോ ചർച്ച? ........(ബഹളം).......... നിയമസഭ മന്ദിരവും അതോടൊപ്പംതന്നെ എൻ.ഐ.സി-ക്ക് കൊടുക്കേണ്ട വർക്ക് ......(ബഹളം)...... ബഹുമാനപ്പെട്ട സ്പീക്കർ വഴങ്ങിയിട്ടാണ് ഞാൻ സംസാരിക്കുന്നത് ...(ബഹളം)..... ഉരാളുങ്കൽ സൊസൈറ്റിയെപ്പറ്റിയുള്ള ചർച്ചയാണെങ്കിൽ അതിനെപ്പറ്റിയാകാം. ..... (ബഹളം)..... ഇവിടെയുള്ള പ്രശ്നം, ഇ-നിയമസഭയുമായി ബന്ധപ്പെട്ട വർക്കുകൾ ഊരാളുങ്കൽ സൊസൈറ്റിക്ക് കൊടുത്തിട്ട് അവർ അത് മറിച്ച് വേറൊരാൾക്ക് കൊടുക്കുകയാണ്. അതെങ്ങനെ ശരിയാകും? അങ്ങനെ കൊടുക്കുവാൻ പാടില്ലെന്ന് ഗവൺമെന്റ് ഉത്തരവുണ്ട്, ടെണ്ടർ വിളിച്ചു മാത്രമേ കൊടുക്കുവാൻ പാടുള്ളൂ. അതിന്റെ ഉത്തരവ് എന്റെ കയ്യിലുണ്ട്. അതെന്തുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ പാലിച്ചില്ല എന്നുള്ള കാര്യമാണ് പറയേണ്ടത്.

മി. സ്പീക്കർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്തൊക്കയോ പറയുകയാണ്. ഇവിടെ ആരും ആർക്കും ഒരു സബ്-കോൺട്രാക്ടും കൊടുത്തിട്ടില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വസ്തുതാവിരുദ്ധമായ കാര്യം പറയുകയാണ്. ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൽ ബഹുമാനപ്പെട്ട പ്രമേയാവതാരകൻ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നത് നിയമസഭയിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപ്പിച്ചതുമായി ബന്ധപ്പെട്ട ആരോപണമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിലും വ്യക്തമായി ഉന്നയിച്ചിരിക്കുന്നത്. അതിനാണ് ബഹുമാനപ്പെട്ട സ്പീക്കർ മറുപടി പറയുന്നത്. അപ്പോൾ ഇതുപോലുള്ള വിതണ്ഡവാദം ഉന്നയിക്കുന്നത് ശരിയാണോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, 9-2-2017-ലെ കേരള ഗവൺമെന്റിന്റെ ഉത്തരവ് ഞാൻ വായിക്കാം: 'When the accredited agencies are outsourcing the execution of assigned work or sub contracting, the selection of bidders shall be done purely on the basis of e-tendering and for the purpose, agency will be given registration to e-procurement portal of the government'. അങ്ങനെ ഈ വർക്ക് out source ചെയ്ത് കൊടുക്കാൻ ഊരാളുങ്കൽ സൊസൈറ്റി ഇ-ടെണ്ടർ വിളിച്ചിട്ടുണ്ടോ എന്നുള്ള കാര്യം എന്തുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ചില്ല?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വീണ്ടും വീണ്ടും തെറ്റായ കാര്യങ്ങൾ പറയുകയാണ്. അദ്ദേഹം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനെയും പണം തിരിച്ചടച്ചതിനെയും കളിയാക്കിക്കൊണ്ട്, എസ്റ്റിമേറ്റ് തയ്യാറാക്കിയവരുടെ തല പരിശോധിക്കണമെന്ന് പറഞ്ഞു. അപ്പോഴാണ് നിങ്ങളുടെ ഭരണ കാലത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ പരമ്പര ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ അവതരിപ്പിച്ചത്. അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയുവാനുള്ളത്? ......(ബഹളം).....

മി. സ്പീക്കർ: സർ, ഇവിടെ യു.എൽ.സി.സി.എസ്. ഡിജിറ്റൽ അസംബ്ലിയുമായി ബന്ധപ്പെട്ട വർക്കിന് സബ്-കോൺട്രാക്ട് കൊടുത്ത കാര്യം ഞങ്ങളാരും അറിഞ്ഞിട്ടില്ല. അങ്ങ് എങ്ങനെയാണ് അറിഞ്ഞതെന്ന് അറിയില്ല. അങ്ങനെയൊരു കാര്യം ഞങ്ങളുടെ ശ്രദ്ധയിലില്ല. അങ്ങനെ സബ്-കോൺട്രാക്ട് കൊടുത്തിട്ടില്ല. അങ്ങ് പറഞ്ഞ കാര്യം വേണമെങ്കിൽ പരിശോധിക്കാം. യു.എൽ.സി.സി.എസ്.-മായി മാത്രമാണ് കരാറുള്ളത്. അവരാണ് കാര്യങ്ങൾ

ചെയ്യുന്നത്. ശൂന്യതയിൽ നിന്നുണ്ടാക്കിയെടുത്ത ഒരു കഥവച്ചാണ് നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ......(ബഹളം)..... ഒരു കട ഉദ്ഘാടനം ചെയ്യാൻ പോയി എന്നുള്ളത് ഞാൻ സമ്മതിച്ചതാണ്. പോയസമയത്ത് ആ കടയുടെ ഉടമസ്ഥന്റെ ഡീറ്റെയിൽസ് മനസ്സിലാക്കാൻ പറ്റിയില്ലെന്നുള്ളത് ശരിയാണ്. പാണക്കാട് തങ്ങൾമാർ പല കടകളും ജ്വല്ലറിയുമൊക്കെ ഉദ്ഘാടനം ചെയ്യാറുണ്ട്. ഉടമസ്ഥരുടെ ഡീറ്റെയിൽസ് മുഴുവൻ അറിഞ്ഞിട്ടാണോ അവർ ഉദ്ഘാടനം ചെയ്യാൻ പോയത്; അങ്ങനെ നിങ്ങൾക്ക് പറയാൻ പറ്റുമോ? ...(ബഹളം)... അത് സംഭവിച്ചുപോയതാണ്. അതിന്റെ പേരിൽ ...(ബഹളം)... നിങ്ങൾ ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ കാണിച്ചുകൂട്ടുന്ന ഈ *****[*] ബൂമറാങ് പോലെ നിങ്ങൾക്കുനേരെ തിരിച്ചുവരും....(ബഹളം)...

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങ് നിയമസഭാ സ്പീക്കറാണ്. ***** പറയരുത്. ആ വാക്ക് പിൻവലിക്കണം ...(ബഹളം)...

<u>മി. സ്പീക്കർ</u> : ശരി, *****വാക്ക് തെറ്റാണ്, പിൻവലിച്ചു. "തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ; ദൈവത്തെ നിങ്ങൾ സൂക്ഷിക്കുക", വിശുദ്ധ ഖുറാനിലുള്ളതാണ്. അപവാദ പ്രചാരണങ്ങളും തെറ്റും പ്രചരിപ്പിക്കുമ്പോൾ ഓർക്കേണ്ട കാര്യമാണ്. അപവാദ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ ഖുറാന്റെ സൂചനയാണിത്, അത് നിങ്ങൾ മനസ്സിലാക്കണം. അതുപോലെ ശ്രീ. കെ. രാജൻ ഇവിടെ പറഞ്ഞു, 'തലകുനിക്കല്ലേ'. രാജേട്ടാ, ഞാൻ ഒരു ഇഞ്ച് തലകുനിക്കില്ല, ഒരു തെറ്റും ഞാൻ ചെയ്തിട്ടില്ല. ചെയ്യാത്ത തെറ്റിന് തലകുനിക്കേണ്ട ആവശ്യമില്ല. തെറ്റ് ചെയ്തിട്ടില്ലെന്ന് എനിക്ക് നൂറ് ശതമാനം ഉറപ്പാണ്.

ഒരു വ്യക്തി രൂപപ്പെടുന്നതെങ്ങനെയാണ്? ഒരു വ്യക്തി രൂപപ്പെടുന്നത് ശൂന്യതയിൽ നിന്നല്ല. കഴിഞ്ഞ നാൽപ്പത് വർഷക്കാലത്തെ അനുഭവത്തിൽ നിന്നാണ് ഞാൻ എന്ന വ്യക്തി രൂപപ്പെടുന്നത്. ഒരു വ്യക്തിയെ സംബന്ധിച്ച് ഒരു അഭിപ്രായം രൂപപ്പെടുമ്പോൾ, ഒരു സുപ്രഭാതത്തിൽ കള്ളനാണെന്ന് പറയുമ്പോൾ, 'കാള പെറ്റു എന്ന് കേൾക്കുമ്പോൾ കയർ എടുത്ത്' അതിന്റെ പുറകെ പേകുകയല്ല ചെയ്യേണ്ടത്. നിങ്ങളായാലും മാധ്യമങ്ങളായാലും അത് ചെയ്യുന്നത് ശരിയല്ല. ...(ബഹളം)... അതുകൊണ്ട് എനിക്ക് നൂറ് ശതമാനവും പറയാൻ പറ്റും ...(ബഹളം)....

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങാണ് ഈ വേദിയിൽ കസേര മറിച്ചിട്ടത്. ...(ബഹളം)...

---

* പ്രസ്തുത പരാമർശം ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

മി. സ്പീക്കർ: സർ, ഒരാളുടെ വ്യക്തിത്വവും ദർശനവും രൂപപ്പെടുന്നത് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിലൂടെയാണ്. ശ്രീ. എം. ഉമ്മർ പറഞ്ഞതുപോലെ ഞാൻ അത്ര വലിയ അന്തസ്സുള്ള കുടുംബത്തിൽ പിറന്നയാളല്ല. പക്ഷെ, സാമാന്യം അന്തസ്സുള്ള കുടുംബമായിരുന്നു. മലബാർ കലാപത്തിൽ മാപ്പിള-കുടിയാൻ കർഷകരുടെകൂടെ ജയിലിൽ കിടന്ന വള്ളുവനാട്ടിലെ പ്രസിദ്ധനായ കോൺഗ്രസ് നേതാവായിരുന്ന എം. പി. നാരായണമേനോൻ. വള്ളുവനാട്ടിലെയും ഏറനാട്ടിലെയും കുടിയാൻ-കർഷക കേസ് നടത്താൻവേണ്ടി അദ്ദേഹത്തിന്റെ കൂടെ കോടതിയിൽ പോയിരുന്ന, അദ്ദേഹത്തിന്റെ സഹോദരൻ എം. പി. ഗോവിന്ദമേനോന്റെകൂടെ ആ കോട്ടുമിട്ട് പെരിന്തൽമണ്ണ ഹൈസ്കൂളിൽ പഠിപ്പിക്കാൻവേണ്ടി പോയിരുന്ന മാഞ്ചീരി രാമൻനായരെക്കുറിച്ച് ഇ.എം.എസ്.-ന്റെ ആത്മകഥയിൽ പറയുന്നുണ്ട്. എന്റെ പിതാമഹനായ മാഞ്ചീരി രാമൻ നായരുടെ സംസ്കാരത്തിന്റെ ബലത്തിൽ ഞാൻ പറയുന്നു, നിങ്ങൾ ഈ പറയുന്നത് കാലം വിലയിരുത്തും. ചരിത്രം ഒരു ദിവസം കൊണ്ട് അവസാനിക്കാൻ പോകുന്നില്ല. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ആ പിതാമഹന്റെ സംസ്കാരത്തിന്റെ പിൻബലത്തിൽ എനിക്ക് ലഭിച്ച സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും അന്തരീക്ഷത്തിന്റെ ബലത്തിലാണ് ഞാൻ ഒരിക്കൽ ഈ സഭാതലത്തിൽവച്ച് പറഞ്ഞത്..., അറേബ്യയിലെ അത്തറിനെക്കുറിച്ച് Lady Macbeth ഉദ്ധരിച്ചുകൊണ്ട് ശ്രീ. എം. ഉമ്മർ പറഞ്ഞല്ലോ, അറേബ്യയിലെ ഏത് അത്തറിന്റെ സുഗന്ധത്തേക്കാളും സ്നേഹത്തിന്റെ സുഗന്ധമുള്ള നാടാണ് മലപ്പുറമെന്ന് ഞാൻ പറഞ്ഞത് ഈ അനുഭവത്തിൽ നിന്നാണ്. അതുകൊണ്ട് അപവാദ പ്രചരണങ്ങളുടെയും നുണപ്രചരണങ്ങളുടെയും ബലത്തിൽ കെട്ടിപ്പൊക്കിയ ഈ വാർത്ത, ഈ പ്രചരണം, ഈ അവിശ്വാസ പ്രമേയം തള്ളിക്കളയണമെന്ന് ഞാൻ സഭാംഗങ്ങളോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾ കരുതിയത് ഈ സ്ഥാനത്തുനിന്നും മാറി നിൽക്കുമെന്ന് അങ്ങ് പറയാൻ പോകുന്നെന്നാണ്. അത് പറയാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഭരണഘടനയുടെ 179 (സി) അനുച്ഛേദം അനുസരിച്ചുള്ള ഭൂരിപക്ഷം പ്രമേയത്തിന് ലഭിക്കാത്തതിനാൽ പ്രമേയം സഭ നിരാകാരിച്ചിരിക്കുന്നു.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## IV. അടിയന്തരപ്രമേയം

### സെമി ഹൈസ്പീഡ് കെ-റെയിൽ പദ്ധതി

മി. ഡെപ്യൂട്ടി സ്പീക്കർ: യു.ഡി.എഫ്. സർക്കാർ വിഭാവനം ചെയ്ത സബർബൻ റെയിൽ പദ്ധതി ഉപേക്ഷിച്ച് തിരുവനന്തപുരം-കാസർഗോട് റൂട്ടിൽ, കെ-റെയിൽ പദ്ധതിയെന്ന പേരിൽ തികച്ചും അശാസ്ത്രീയമായ രീതിയിൽ, കൃഷിയിടങ്ങളുടെയും ജനവാസ കേന്ദ്രങ്ങളുടെയും നിലനിൽപ്പപോലും അപകടത്തിലാക്കുന്നതരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പദ്ധതി നടപ്പിലാക്കാൻ പിണറായി സർക്കാർ നടപടി സ്വീകരിച്ചതുമൂലം ജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളും ആശങ്കകളും പാരിസ്ഥിതിക പ്രശ്നങ്ങളും കേന്ദ്ര സർക്കാരിന്റെ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തുവാൻ ശ്രമങ്ങൾ നടത്താത്ത സ്ഥിതിവിശേഷവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ മോൻസ് ജോസഫ്, കെ. സി. ജോസഫ്, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോൺ ഫെർണാണ്ടസ്)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കെ-റെയിൽ പദ്ധതി കൃഷിയിടങ്ങളെ നശിപ്പിക്കുമെന്നും ജനവാസ കേന്ദ്രങ്ങളിൽ താമസിക്കുന്നവരെ പ്രതികൂലമായി ബാധിക്കുമെന്നുമാണ് പ്രധാനമായും പറയുന്നത്. കെ-റെയിൽ പദ്ധതി വിഭാവനം ചെയ്യുമ്പോൾ ഇക്കാര്യങ്ങൾ സർക്കാർ പരിഗണിച്ചിട്ടുണ്ട്. സാമൂഹിക പ്രശ്നങ്ങൾ അവഗണിച്ചുകൊണ്ടല്ല വികസന പദ്ധതി നടപ്പിലാക്കുന്നത്. പ്രമേയാവതാരകൻ ഉദ്ദേശിച്ചതുപോലെയല്ല കാര്യങ്ങൾ. നെൽപ്പാടങ്ങളും കൃഷിയിടങ്ങളും സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഗ്രീൻഫീൽഡ് പ്രദേശങ്ങളിൽ കൃഷിയിടങ്ങൾക്ക് കോട്ടം വരുത്താതെ തൂണുകൾക്ക് മുകളിൽ റെയിൽപാളങ്ങൾ നിർമ്മിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. 115 കി.മീറ്റർ പാടശേഖരങ്ങളിൽ 88 കി.മീറ്റർ ദൂരവും ഈ രീതിയിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ജലാശയങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കപ്പെടും. നിർദ്ദിഷ്ട പാത കടന്നുപോകുന്ന 11 ജില്ലകളിലെ ആരാധനാലയങ്ങളും പാടങ്ങളും കാവുകളും ബാധിക്കപ്പെടാത്ത രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വീടുകളുൾപ്പെടെ 9314 കെട്ടിടങ്ങളെ മാത്രമാണ് ബാധിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ബാധിക്കപ്പെടുന്നവരുടെ പുനരധിവാസം ഉറപ്പാക്കും. നിർദ്ദിഷ്ട റെയിൽപാതയുടെ ആകെ നീളമായ 530 കി.മീറ്ററിൽ തിരൂർ മുതൽ കാസർഗോഡ് വരെയുള്ള 220 കി.മീറ്റർ നിർദ്ദിഷ്ട പാത നിലവിലുള്ള

റെയിൽ പാതയുടെ സമാന്തരമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും സഹായിക്കും. ഇന്നത്തെ സ്ഥിതിയിൽ സംസ്ഥാനത്തെ തിരക്കേറിയ റോഡുകളിൽ നിന്നും ഏകദേശം 19000 വാഹനങ്ങൾ മാറും. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. വിശദമായ സാമൂഹികാഘാത പഠനം നടത്തുന്നതാണ്. പാരിസ്ഥിതിക പഠനം നടന്നുകഴിഞ്ഞിട്ടുണ്ട്. 2019 ഡിസംബർ 17-ന് പദ്ധതിക്ക് തത്വത്തിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും. മുൻകാലങ്ങളിലെ വികസന പദ്ധതികളുടെ ദുരവസ്ഥ എന്തായിരുന്നുവെന്ന് ആലോചിക്കണം. അംഗീകാരം ലഭിച്ചതിനുശേഷമാണ് എല്ലാ പദ്ധതികളുടെയും പ്രാരംഭ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ചിരുന്നത്. ഇതിനായി ഏറെ കാലതാമസവും അധിക പണച്ചെലവും ഉണ്ടാകുന്നു. വികസന പദ്ധതികളുടെ കാര്യത്തിൽ ഇത്തരം കാലവിളംബം ഉണ്ടാകാൻ പാടില്ലെന്ന നിഷ്കർഷയാണ് ഈ സർക്കാരിനുള്ളത്. അതിനാലാണ് ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ രൂപീകരിക്കാനുള്ള നടപടി ആരംഭിച്ചത്. ഒരു കാര്യം വ്യക്തമാക്കാനുള്ളത്, ജനങ്ങളുടെ ആശങ്കകൾ പരിഗണിക്കാത്ത ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. അനാവശ്യമായ ഭയപ്പാടുകൾ ഉയർത്തി, സംസ്ഥാനത്തിന്റെ വികസനത്തിന് ഒരു പുതിയ പാത വെട്ടിത്തുറക്കുന്ന പദ്ധതിക്ക് ഏത് വിധേനയും തുരങ്കം വയ്ക്കാനുള്ള നീക്കങ്ങൾ അംഗീകരിക്കാൻ കഴിയില്ല. മുൻ സർക്കാർ തുടങ്ങിവച്ച സബർബൻ റെയിൽ പദ്ധതി ഉപേക്ഷിച്ചിട്ടാണ് നിർദ്ദിഷ്ട പദ്ധതി ആരംഭിച്ചതെന്നാണ് ഉന്നയിക്കുന്ന ആക്ഷേപം. ഇത് വസ്തുതാപരമല്ല. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള പാത ഇരട്ടിപ്പിക്കൽ പൂർത്തിയായ 126 കി.മീ. സ്ഥലത്താണ് റാപിഡ് റെയിൽ ട്രാൻസിസ്റ്റ് സിസ്റ്റം വിഭാവനം ചെയ്തത്. പക്ഷെ, കേന്ദ്ര റെയിൽ മന്ത്രാലയം സബർബൻ റെയിൽ പോളിസിയിൽ മാറ്റം വരുത്തുകയും ഈ പദ്ധതി നടപ്പിലാക്കാൻ കഴിയില്ലെന്ന് 2017 ഡിസംബർ 7-ന് സംസ്ഥാന സർക്കാരിനെ കത്ത് മുഖാന്തരം അറിയിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്ര സർക്കാരുമായി നടത്തിയ ഉന്നതതല ചർച്ചയിലാണ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതി കുറച്ചുകൂടി ഉചിതമായിരിക്കുമെന്ന ആശയം ഉയർന്നത്.

ഏറെ തവണ ഉന്നയിച്ച മറ്റൊരു ആക്ഷേപം കൂടി പ്രമേയാവതാരകൻ ഉന്നയിക്കുന്നുണ്ട്. ഈ പദ്ധതി സംസ്ഥാനത്തെ വലിയ കടക്കെണിയിലാക്കുമെന്നാണ് പറയുന്നത്. ബഡ്ജറ്റ്, നന്ദിപ്രമേയ ചർച്ചകളിൽ ഇതിനെപ്പറ്റി വിശദമായി പറഞ്ഞതാണ്. പശ്ചാത്തല സൗകര്യങ്ങൾ വികസിക്കുമ്പോൾ നിക്ഷേപങ്ങൾ

ഉണ്ടാവുകയും സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂട്ടുകയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ഇങ്ങനെയുണ്ടാകുന്ന സാമ്പത്തിക വളർച്ച, പശ്ചാത്തല സൗകര്യ വികസനത്തിനായി എടുക്കുന്ന കടത്തെ അതിജീവിക്കാൻ സഹായകമാകും. മൂലധന ചെലവുകൾക്കായും പശ്ചാത്തല സൗകര്യ വികസനത്തിനായും കടമെടുക്കാത്ത ഏതെങ്കിലും സർക്കാർ, ഏതെങ്കിലും കാലത്ത് ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് ഉണ്ടായിരുന്നോ എന്നുകൂടി ആക്ഷേപം ഉന്നയിക്കുമ്പോൾ പരിശോധിക്കുന്നത് നല്ലതാണ്.

ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്താൻ പരിശ്രമിച്ചില്ലെന്ന ആക്ഷേപംകൂടി പ്രമേയത്തിൽ ഉന്നയിച്ചിട്ടുണ്ട്. സെമി ഹൈസ്പീഡ് പദ്ധതിക്ക് ഏകദേശം 66000 കോടി രൂപയുടെ ചെലവ് വരും. ഇതിന്റെ ഇരട്ടിയോളം ചെലവാണ് ഹൈസ്പീഡ് റെയിലിന്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ പ്രായോഗികമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രത്തിന്റെ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയിൽ ഉൾപ്പെടാൻ സംസ്ഥാന സർക്കാർ ശ്രമിച്ചില്ലെന്നത് അടിസ്ഥാനരഹിതമാണ്. ഹൈസ്പീഡ് റെയിൽ കോറിഡോർ ഇന്ത്യയിലെ പ്രധാന പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. ഡൽഹി-മുംബൈ, ചെന്നൈ-ബാംഗ്ലൂർ തുടങ്ങിയ വൻ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ഹൈസ്പീഡ് റെയിൽ. ഒരു സംസ്ഥാനത്തിനുള്ളിലെ പ്രധാന നഗരങ്ങളെയും പട്ടണങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയല്ല ഹൈസ്പീഡ് റെയിൽ കോറിഡോർ. സെമി ഹൈസ്പീഡ് റെയിൽ കേരളം വിഭാവന ചെയ്ത തനതായ പദ്ധതിയാണ്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനി മുഖാന്തരമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ പങ്കാളിത്തം 51 ശതമാനം കേരള സർക്കാരും 49 ശതമാനം കേന്ദ്ര സർക്കാരിന്റെ റെയിൽവേ മന്ത്രാലയവുമാണ്. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് ലഭിക്കുന്ന വായ്പയാണ് ഈ പദ്ധതിക്കായി ചെലവഴിക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ ചില സംശയങ്ങൾ നേരത്തെ ഉണ്ടായിട്ടുണ്ടെങ്കിൽ അതൊക്കെ ഇതോടെ ദൂരീകരിക്കപ്പെട്ടിട്ടുണ്ടാകും. ഇത് ഒരു അടിയന്തരപ്രമേയമായി ചർച്ച ചെയ്യേണ്ട ഒരു ആവശ്യകതയും വരുന്നില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഗുണവശങ്ങൾ ചൂണ്ടിക്കാണിക്കുകയും ആശങ്കകൾ ആവശ്യമില്ലെന്ന് പറയുകയും ചെയ്തു. ഈ പാത കടന്നുപോകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന എല്ലാ പ്രദേശങ്ങളിലെയും ജനങ്ങൾ ആശങ്കയിലാണ്. ഈ പദ്ധതി ഉപേക്ഷിക്കണം, ജനങ്ങൾക്ക്

ഉപദ്രവമാകുന്ന നിലയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്ന് പറഞ്ഞ് ജനങ്ങൾ പ്രതിഷേധിക്കുകയാണ്. കേരളത്തിന്റെ ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങളിലൂടെയും ഗ്രാമപ്രദേശങ്ങളിലൂടെയുമെല്ലാം പുതിയൊരു റെയിൽവേ ലൈൻ കടന്നുവരുമ്പോൾ ജനസാന്ദ്രതയേറിയതും ഭൂവിസ്തൃതി കുറഞ്ഞതുമായ, കേരളത്തിന്റെ സാമൂഹ്യ രംഗത്തും പരിസ്ഥിതിയുമായി ബന്ധപ്പെട്ടും വലിയ ആഘാതങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന പൊതുപരാതി ഉയർന്നുവന്നിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

ജനങ്ങളുന്നയിച്ച വിഷയങ്ങൾ ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഈ അടിയന്തരപ്രമേയത്തിലൂടെ ആഗ്രഹിക്കുന്നത്. കെ-റെയിൽ പദ്ധതിയെന്ന പേരിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഒരു പുതിയ റെയിൽപ്പാതയുടെ നിർമ്മാണം നടപ്പാക്കുമ്പോൾ കാസർഗോഡ് മുതൽ തിരൂർ വരെ ഇപ്പോഴുള്ള റെയിൽവേ ലൈനിന് സമാന്തരമായിട്ടാണ് ഈ പാത വിഭാവനം ചെയ്തിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കാസർഗോഡ് മുതൽ തിരൂർവരെ നിലവിലുള്ള ലൈനിന് സമാന്തരമായി റെയിൽപ്പാത നിർമ്മിക്കുന്നത് ഒരു പരിധിവരെ ആശ്വാസവും സ്വാഗതാർഹവുമാണ്. പക്ഷെ തിരൂർ മുതൽ തിരുവനന്തപുരം വരെ ലൈൻ മാറുകയാണ്. തിരൂർ മുതൽ തിരുവനന്തപുരം വരെ പുതിയൊരു ലൈനിലേയ്ക്ക് മാറുമ്പോഴാണ് ഈ പ്രതിസന്ധികളും പ്രത്യാഘാതങ്ങളും മുഴുവൻ സംഭവിക്കുന്നത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഈയൊരു റെയിൽവേ ലൈൻ വികസിപ്പിക്കണമെങ്കിൽ നിലവിലുള്ള റെയിൽവേ ലൈനിന് സമാന്തരമായി മനുഷ്യർക്ക് ഉപദ്രവമില്ലാതെ, ജനങ്ങളെ കഷ്ടപ്പെടുത്താതെ നിർമ്മിക്കുന്നതി നെക്കുറിച്ച് എന്തുകൊണ്ട് സർക്കാരിന് ആലോചിച്ചുകൂടാ എന്നാണ് ജനങ്ങളും ജനപ്രതിനിധികളും ചോദിക്കുന്നത്. ഇതിന് അല്പസമയം കൂടുതൽ എടുത്തേയ്ക്കാം. കുറച്ചുകൂടി സമയമെടുത്താലും ജനങ്ങൾക്കുള്ള കഷ്ടപ്പാടുകൾ പരിപൂർണ്ണമായും ഒഴിവാക്കപ്പെടുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. തിരൂർ മുതൽ പുതിയ റെയിൽവേ ലൈനുണ്ടാക്കുകയെന്ന് പറയുന്നതിന്റെ അശാസ്ത്രീയത ഏറ്റവും ഗൗരവമായി സർക്കാർ പരിഗണിക്കേണ്ടതുണ്ട്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിൽ നിലവിലുള്ള റെയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ എവിടെയെത്തിയെന്നുള്ളത് സർക്കാർ പരിശോധിക്കേണ്ട വിഷയമാണ്. റെയിൽവേ ലൈൻ ഇരട്ടിപ്പിക്കലിന്റെ കാര്യത്തിൽ ഇന്നും എങ്ങുമെത്താത്ത നിലയിൽ നിൽക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് സബർബൻ റെയിൽ പദ്ധതി തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ വിഭാവന ചെയ്തതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിക്കുകയുണ്ടായി.

ഇവിടെ പല പദ്ധതികളും, പ്രത്യേകിച്ച് തീരദേശ റെയിൽവേ ലൈൻ ഇരട്ടിപ്പിക്കലിന്റെ കാര്യത്തിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. കാസർഗോഡ് - തിരുവനന്തപുരം റെയിൽവേ ലൈനിൽത്തന്നെ ഭാഗികമായി മാത്രമാണ് ഡബ്ലിംഗ് നടന്നിട്ടുള്ളത്. ഈ വിഷയത്തിൽ സർക്കാർ പ്രായോഗികമായ സമീപനം സ്വീകരിക്കണമെന്നതാണ് ജനങ്ങളും ജനപ്രതിനിധികളും ചൂണ്ടിക്കാണിക്കുന്നത്. സർക്കാർ പ്രായോഗികമായ സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ നിലവിലുള്ള റെയിൽവേ പദ്ധതികളല്ലേ ആദ്യം പൂർത്തിയാക്കേണ്ടത്? നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കിയാൽ, നിലവിലുള്ള ട്രെയിനുകൾ കൃത്യമായി ഓടിച്ചാൽ, കേന്ദ്ര റെയിൽവേ മന്ത്രാലയം ഉൾപ്പെടെ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കിയാൽ, റെയിൽവേയുടെ കാര്യത്തിൽ ഏറ്റവും ഫലപ്രദവും മെച്ചപ്പെട്ടതുമായ യാത്രാ സംവിധാനം കേരളത്തിനുണ്ടാക്കാൻ കഴിയുമെന്നുള്ളത് പ്രയോജനപ്പെടുത്താൻ എന്തുകൊണ്ട് മുന്നോട്ടുവരുന്നില്ല? ഇവിടെ സിഗ്നൽ സിസ്റ്റം മാറ്റുകയും വളവുകൾ നിവർത്തുകയും ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നിലവിലുള്ള ലൈനിൽ ചെയ്ത് ഡബ്ലിംഗ് കൃത്യമായി പൂർത്തിയാക്കിയാൽ കൂടുതൽ ട്രെയിനുകൾ ഓടിക്കാനും കൂടുതൽ വേഗത്തിലെത്താനും കഴിയും. അതിനുള്ള നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഇതൊന്നും പരിഗണിക്കാതെ കേരളത്തിനുവേണ്ടി മാത്രമായി പുതിയൊരു റെയിൽവേ പദ്ധതി വന്നാൽ അത് അപ്രായോഗികമാണെന്നാണ് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിൽ ഈ രംഗത്തെ ഒരു അതോറിറ്റിയെന്ന് പറയുന്നത് മെട്രോ ശ്രീധരൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആദരണീയനായ ശ്രീ. ഇ. ശ്രീധരനാണ്. അദ്ദേഹത്തിന്റെ അഭിപ്രായമെന്താണ്? കെ-റെയിൽ പദ്ധതിയെക്കുറിച്ച് ശ്രീ. ഇ. ശ്രീധരൻ പറഞ്ഞ അഭിപ്രായം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. കെ-റെയിൽ പദ്ധതി അശാസ്ത്രീയമാണ്; ഇത് അപ്രായോഗികമാണ്; സർക്കാർ പറയുന്ന രീതിയിൽ ഇത് നടപ്പാക്കാൻ കഴിയില്ല. അതുകൊണ്ട് ഇത് പുനഃപരിശോധിക്കണമെന്ന് ശ്രീ. ഇ. ശ്രീധരൻ അഭിപ്രായപ്പെട്ടിരിക്കുന്നത് വളരെ ഗൗരവത്തോടെ കാണണമെന്ന അഭ്യർത്ഥനയാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. ഈ പദ്ധതിക്ക് അറുപത്തിയാറായിരത്തോളം കോടി രൂപ ചെലവ് വരുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു. നിയമസഭയിൽ മറുപടി നൽകിയതും ബഡ്ജറ്റിൽ പറഞ്ഞതും 63941 കോടി രൂപ പ്രതീക്ഷിക്കുന്നുവെന്നാണ്. 1,20,000 കോടി രൂപ, അതായത് സർക്കാർ ചൂണ്ടിക്കാണിച്ച തുകയുടെ ഇരട്ടി തുക വേണമെന്നാണ് ശ്രീ. ഇ. ശ്രീധരൻ പറഞ്ഞത്. സർക്കാർ പറയുന്ന അറുപത്തിമൂവായിരം കോടി രൂപയിൽ ഇതിന്റെ വർക്ക് തീരുകയില്ല, കെ-റെയിൽ പദ്ധതിക്ക് 1,20,000 കോടി രൂപ

വേണ്ടിവരുമെന്ന് മെട്രോ ശ്രീധരൻ ചൂണ്ടിക്കാണിക്കുന്നു. ഏതാണ്ട് ഒൻപതിനായിരത്തോളം കെട്ടിടങ്ങളും ആറായിരത്തോളം കുടുംബങ്ങളെയും ഒഴിപ്പിക്കേണ്ടിവരുമെന്ന് സർക്കാർ പറയുന്നു. എന്നാൽ വിദഗ്ദ്ധരായ ആളുകൾ നടത്തിയ സർവ്വേയിലും മെട്രോ ശ്രീധരന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിലും ഇരുപത്തയ്യായിരത്തിനും മുപ്പതിനായിരത്തിനും ഇടയ്ക്ക് കുടുംബങ്ങളെ ഈ പദ്ധതിയുടെ പേരിൽ ഒഴിപ്പിക്കേണ്ടിവരുമെന്നാണ് വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. ആശങ്ക പരത്താൻവേണ്ടി ഞങ്ങൾ എന്തെങ്കിലും രീതിയിലുള്ള നിലപാടെടുക്കുകയാണെന്ന് തെറ്റിദ്ധരിക്കരുത്. കേരളത്തിൽ വികസന രംഗത്ത് നല്ല കാര്യങ്ങൾ ചെയ്യുന്നതിന് കൂടെനിൽക്കുന്നവരാണ് ഞങ്ങളെല്ലാവരും. ഗവൺമെന്റ് നല്ല കാര്യങ്ങൾ ചെയ്താൽ തീർച്ചയായും അതിന്റെകൂടെ നിൽക്കാൻ ഞങ്ങൾ തയ്യാറാണ്. ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുമെന്ന് പറഞ്ഞു. പക്ഷെ ആശങ്ക പരിഹരിച്ചുകൊണ്ട് ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിവിശേഷം ജനങ്ങൾ ചൂണ്ടിക്കാണിക്കുന്നതു കൊണ്ടാണ് ഈ പദ്ധതി ഉപേക്ഷിച്ച്, നിലവിലുള്ള സിസ്റ്റം മെച്ചപ്പെട്ടതാക്കാൻവേണ്ടി സർക്കാർ മുന്നോട്ടുവരണമെന്ന നിർദ്ദേശം ഇവിടെ ചൂണ്ടിക്കാണിക്കുന്നത്.

2.00 P.M.]

കേന്ദ്ര സർക്കാരിന്റെ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്തുന്നതിന് പരിശ്രമിച്ചുകൂടേ എന്നു ചോദിച്ചതിനുകാരണം, ബഹുമാന്യനായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കൊല്ലം ബൈപ്പാസിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കാൻ വന്നപ്പോൾ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്താൻ കേന്ദ്രഗവൺമെന്റ് തയ്യാറാണെന്ന് പറഞ്ഞിരുന്നു. മുംബൈ-കന്യാകുമാരി എന്ന നിലയിൽ പ്രൊപ്പോസ് ചെയ്യുകയും ചെയ്തു. ബഹുമാന്യനായ പി. ജെ. ജോസഫ്, എം.എൽ.എ. കഴിഞ്ഞ ദിവസം ബഡ്ജറ്റ് ചർച്ചയിൽ അതിന്റെ വിശദാംശങ്ങൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മറുപടിയും പറഞ്ഞു. ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്, ഗവൺമെന്റ് ഓഫ് ഇൻഡ്യ മുഴുവൻ തുകയും മുതൽമുടക്കാനും കേരളത്തിന്റെ ഒരു ഷെയറും വച്ച് ഹൈസ്പീഡ് റെയിൽ കോറിഡോർ നടപ്പാക്കുമ്പോൾ മുംബൈ-കന്യാകുമാരി ദീർഘദൂര യാത്രക്കാർക്കുകൂടി പ്രയോജനകരമാകുന്ന വിധത്തിൽ മാറ്റാൻ കഴിയുന്ന ഒരു പദ്ധതി ഇന്ന് കേന്ദ്രഗവൺമെന്റിന്റെ മുന്നിലുണ്ട്. അങ്ങനെ നിൽക്കുന്ന ഒരു പദ്ധതിയെക്കുറിച്ച് കേന്ദ്രഗവൺമെന്റ് പറയുമ്പോൾ നമുക്ക് അതിന്റെ സാധ്യതകൾ പരിശോധിച്ചാലുണ്ടാകാവുന്ന ഗുണം, കേരളത്തിന് വലിയൊരു കടബാധ്യത

കുറഞ്ഞുകിട്ടുകയാണ് എന്നതാണ്. നമുക്ക് ഇതിൽനിന്നും വൻ തുക ലാഭം കിട്ടുകയാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ആ പദ്ധതി നടപ്പാക്കാൻ കഴിയുന്ന സാഹചര്യം വരും. കൊല്ലത്ത് പ്രധാനമന്ത്രിയുടെ പ്രഖ്യാപനം വന്നശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടിട്ടുണ്ടോ അല്ലെങ്കിൽ ആ രീതിയിൽ നീക്കങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് ഞങ്ങൾക്കറിയില്ല. എന്നാൽ മുംബൈ-അഹമ്മദാബാദ് എന്ന ഒരു പുതിയ റെയിൽ പദ്ധതികൂടി പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ഇപ്പോൾ അതിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. മുംബൈ-അഹമ്മദാബാദ് പദ്ധതി ജാപ്പനീസ് പ്രധാനമന്ത്രിയും ഇൻഡ്യൻ പ്രധാനമന്ത്രിയും ചർച്ച ചെയ്ത് ഒപ്പുവച്ചിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് ഇതുപോലുള്ള പദ്ധതികൾക്ക് വായ്പകൾ കിട്ടുമോ? ഇവിടെ ഡിബേറ്റ് ചെയ്യപ്പെട്ട ഒരു വിഷയമാണിത്. 30 വർഷംകൊണ്ടാണ് ജാപ്പനീസ് പ്രധാനമന്ത്രിയും ഇൻഡ്യൻ പ്രധാനമന്ത്രിയും ചർച്ചചെയ്ത് മുംബൈ-അഹമ്മദാബാദ് എന്ന ഹൈസ്പീഡ് റെയിൽ കോറിഡോറിന്റെ പണം അടച്ചുതീർക്കേണ്ടത്. അതിന്റെ സാങ്കേതികവിദ്യ മുഴുവൻ ജപ്പാൻ നൽകുകയാണ്. ഇത്തരത്തിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയും വിദേശരാജ്യങ്ങളും തമ്മിലുണ്ടാകുന്ന എഗ്രിമെന്റുപോലെ കേരളത്തിന് ഇങ്ങനെയൊരു എഗ്രിമെന്റിലേയ്ക്ക് വരാൻ കഴിയണമെങ്കിൽ കോടാനുകോടി രൂപയുടെ കടക്കെണിയിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുന്ന ഒരു പദ്ധതിയായി ഇത് മാറുമെന്ന് ചൂണ്ടിക്കാണിച്ചതിന്റെ കാരണം അതാണ്. ഹൈസ്പീഡ് റെയിൽ കോറിഡോറിന്റെ സാധ്യത പരിശോധിക്കാൻ കഴിയുമോയെന്ന് സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കണമെന്ന അഭിപ്രായം രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ഈ പദ്ധതിയുടെ കാര്യത്തിൽ ഇത്രയേറെ കുടുംബങ്ങൾക്ക് കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളുമുണ്ടാകുന്ന ഒരു സ്ഥിതിവിശേഷം നിൽക്കുമ്പോൾ ഞാൻ ആദ്യം ചൂണ്ടിക്കാണിച്ചതുപോലെ, നിലവിലുള്ള റെയിൽവേ ലൈനുകൾ വികസിപ്പിച്ചുകൊണ്ടുള്ള കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് ഗവൺമെന്റ് മുന്നോട്ടുവരേണ്ടതല്ലേ?

ഇവിടെ കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ സൗകര്യത്തെക്കുറിച്ചാണല്ലോ പറയുന്നത്. കേരളത്തിൽ പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തിന്റെ അവസ്ഥയെന്താണ്? കെ.എസ്.ആർ.ടി.സി. ഇന്ന് അടച്ചുപൂട്ടൽ ഭീഷണിയിൽ നിൽക്കുന്നു. അവർക്ക് ജനുവരി മാസത്തെ പെൻഷൻപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യം നിൽക്കുന്നതായി പരാതികൾ ഉയരുന്നു. എം.എൽ.എ.-മാർക്ക് നല്ല ഒരു ബസ്സുപോലും കൊടുക്കാൻ കഴിയാതെ, പാവപ്പെട്ടവർ യാത്ര ചെയ്യുന്ന വാഹനങ്ങൾപോലും കൃത്യമായി ഓടിക്കാനോ അത് ഗവൺമെന്റിന് ഏറ്റെടുക്കാനോ കഴിയാതെ രൂക്ഷമായ പ്രതിസന്ധിയുടെ മുനമ്പിൽ നിൽക്കുന്ന

കേരളത്തിൽ, ഇതുപോലൊരു പദ്ധതി പ്രായോഗികമാണോ എന്ന് ജനങ്ങൾ ചോദിക്കുന്നത് ന്യായമാണ്. പ്രായോഗികമല്ലാത്ത, അശാസ്ത്രീയമായ, നടപ്പാക്കാൻ കഴിയാത്ത, ജനങ്ങൾക്ക് ആശങ്കയുണ്ടാക്കുന്ന ഒരു പദ്ധതി എന്ന നിലയിലേയ്ക്ക് ഇത് മാറുമ്പോൾ തീർച്ചയായും ജനവികാരത്തെ മാനിച്ചുകൊണ്ട്, കേരളമൊട്ടാകെ ഉണ്ടായിരിക്കുന്ന ആശങ്ക കണക്കിലെടുത്തുകൊണ്ട് ഈ പദ്ധതി ഉപേക്ഷിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. ജനങ്ങൾക്കിടയിലുണ്ടായിരിക്കുന്ന ആശങ്ക കണക്കിലെടുത്തുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യമായി കരുതിയാൽ ഇത്തരമൊരു പദ്ധതിയുടെ ആവശ്യകത എല്ലാവർക്കും ബോധ്യമാകും. ബഹുമാന്യനായ അംഗം ശ്രീ. മോൻസ് ജോസഫ് ആരെയാണ് പ്രതിനിധീകരിക്കുന്നതെന്ന് ഈ സംസാരത്തിലൂടെ വ്യക്തമല്ല. ജനങ്ങളെയാണ് പ്രതിനിധീകരിക്കുന്നതെങ്കിൽ ഇതല്ല പറയേണ്ടത്. ജനങ്ങൾക്ക് ഇത്തരമൊരു പദ്ധതി ഒഴിച്ചുകൂടാനാകാത്തതാണ്. ഇപ്പോൾ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള വിവിധ ജില്ലകളിലെ ജനങ്ങൾ അനുഭവിക്കുന്ന യാത്രാവിഷമം നേരത്തെയുള്ളതുപോലെതന്നെ തുടരുകയാണ്. റെയിലിന്റെ കാര്യത്തിൽ വികസനം വന്നിട്ടുണ്ടെങ്കിലും സമയകാര്യത്തിൽ വലിയ മാറ്റം വന്നിട്ടില്ല. നേരത്തെ എടുക്കുന്ന സമയത്തിൽനിന്ന് ചെറിയ വ്യത്യാസം മാത്രമേ വന്നിട്ടുള്ളൂ. അദ്ദേഹത്തോട് വിദഗ്ദ്ധർ പറഞ്ഞുവെന്നാണ് പറയുന്നത്, അത് വിദഗ്ദ്ധർ ആയിരിക്കില്ല, നാടൻ വർത്തമാനമായിരിക്കാനാണ് സാധ്യത. അദ്ദേഹം ധരിച്ചുവച്ചിരിക്കുന്നത് റെയിൽവേ ഡബിൾ ലൈനാകുക, സിഗ്നൽ മാറ്റുക അതോടെ പ്രശ്നം പരിഹരിക്കപ്പെടുമെന്നും നല്ല സ്പീഡിൽ പോകാൻ കഴിയുമെന്നുമാണ്. അത് സാധ്യമാകില്ലെന്നാണ് റെയിൽവേതന്നെ പറയുന്നത്. റെയിൽവേയല്ലേ അതിന്റെ വിദഗ്ദ്ധർ; അവർ തന്നെ അത് നിരാകരിക്കുകയാണ്. കാരണം നമുക്ക് ഇന്നുള്ള സൗകര്യത്തിൽ പോകാൻ കഴിയുന്നതിന് ഒരു പരിമിതിയുണ്ട്. അപ്പോഴാണ് നാം പുതിയ മാർഗ്ഗങ്ങൾ ഉപയോഗിക്കേണ്ടത്. നമുക്ക് രണ്ട് മണിക്കൂർകൊണ്ട് തിരുവനന്തപുരത്ത് നിന്ന് എറണാകുളത്തേയ്ക്ക് എത്താൻ കഴിയുമെങ്കിൽ, അവിടെനിന്ന് രണ്ട് മണിക്കൂർ കൊണ്ട് കാസർഗോഡ് എത്താൻ സാധിക്കുമെങ്കിൽ, ജനങ്ങൾക്ക് അതൊരു വലിയ ആശ്വാസമാണ്.

ഇപ്പോൾ നമ്മുടെ നാട്ടിൽ പുതിയതരത്തിലുള്ള ഒട്ടേറെ വ്യവസായങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഒരു മേഖല മാത്രം ഞാൻ പറയാം, ഐ. ടി. മേഖല. എറണാകുളത്ത് ഐ. ടി. മേഖലയിൽ പ്രവർത്തിക്കുന്ന എത്രയോ ആളുകൾ തിരുവനന്തപുരത്തുണ്ടാകും; തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നവർ എറണാകുളത്തുമുണ്ടാകും;

എറണാകുളത്ത് പ്രവർത്തിക്കുന്നവർ കോഴിക്കോടോ കണ്ണൂരോ ഉണ്ടാകും. ഇങ്ങനെ ഒരവസ്ഥ വരുമ്പോൾ അവരുടെ ഇന്നത്തെ നിലയനുസരിച്ച് അവർക്ക് അവിടെത്തന്നെ താമസിച്ചുകൊണ്ട് ജോലി ചെയ്യണം. അങ്ങനെ താമസിച്ചുകൊണ്ട് ജോലി ചെയ്യുന്നതിനുപകരം ഈയൊരു ട്രെയിൻ ഉണ്ടെങ്കിൽ, രണ്ട് മണിക്കൂർകൊണ്ട് എറണാകുളത്ത് എത്തുമെങ്കിൽ, ആറ് മണിക്ക് ഇവിടെനിന്ന് പുറപ്പെട്ടാൽ എട്ടുമണിക്ക് എറണാകുളത്ത് എത്തും. വൈകുന്നേരം ജോലി കഴിഞ്ഞ് രണ്ടു മണിക്കൂർകൊണ്ട് തിരുവനന്തപുരത്തും എത്തും. ഇത് ഒരു അസംഭവ്യമായ ഉദാഹരണമല്ല. ഇത്തരത്തിലുള്ള സമയം ലാഭിക്കൽ വലിയതോതിലാണ് സംഭവിക്കുക. നമുക്ക് പൊതുവിൽ ആവശ്യമുള്ള ഒരു കാര്യമാണിത്. എന്നാൽ അദ്ദേഹം പറഞ്ഞ ഒരു കാര്യം ശരിയാണ്. ഈ റെയിൽ പുതുതായി വരുമ്പോൾ അത് ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ പോകണം. അതിന് ആദ്യമേതന്നെ സർക്കാർ ആലോചിച്ച ഒരു കാര്യം ഇന്നുള്ള റെയിലിന്റെ സമാന്തര റെയിൽ ആയിരിക്കുക എന്നതാണ്. അങ്ങനെ നോക്കുമ്പോൾ കാസർഗോഡ് മുതൽ തിരൂർ വരെയാണ് ഇത്തരത്തിൽ പോകാൻ സാധിക്കുന്നത്. അവിടെനിന്ന് ഇങ്ങോട്ടുവരുമ്പോൾ വലിയതോതിലുള്ള തടസ്സങ്ങൾ വരികയാണ്. അപ്പോൾ സമാന്തരമായി വരാൻ കഴിയില്ല. ചില പട്ടണങ്ങൾ നമ്മൾ മനസ്സിൽ കണ്ടാൽ മതി. അവിടെയൊക്കെ റെയിലിന്റെ അടുത്തുതന്നെ കൺസ്ട്രക്ഷൻ വ്യാപിച്ചുകിടക്കുകയാണ്. അതുകൊണ്ട് അതുവഴി പോകാൻ മറ്റ് മാർഗ്ഗങ്ങളില്ല. അതുവഴി പോകാൻ പുറപ്പെട്ടാൽ ആളുകളിൽ നിന്നും വലിയ എതിർപ്പുണ്ടാകും. മാത്രമല്ല, പണച്ചെലവും കൂടുതലായി വരും. അതുകൊണ്ടാണ് തിരൂർ മുതൽ തിരുവനന്തപുരം വരെ ഇതിന് തൊട്ടുതന്നെ, എന്നാൽ വളരെ അകലെയല്ലാതെ ഒരു റെയിൽപ്പാത ഉണ്ടാകുക എന്നത്, സമാന്തരമായി തൊട്ടടുത്ത് പറ്റില്ല; അതാണ് വളരെ വലിയ പരിശോധന നടത്തി കണ്ടെത്തിയത്. അങ്ങനെവരുമ്പോൾ അതിൽ മറ്റ് പ്രയാസങ്ങളുണ്ടാകും. ഒരു പ്രയാസം, നെൽവയലുകളുമായി ബന്ധപ്പെട്ടതാണ്. അവിടെ തൂൺ ഇട്ട് റെയിൽ സ്ഥാപിച്ച് അതിനുമുകളിൽ കൂടി ട്രെയിൻ പോകാനുള്ള സംവിധാനമൊരുക്കി. കഴിയാവുന്നത്ര ആളുകളെ ബുദ്ധിമുട്ടിക്കാതിരിക്കുക എന്നുള്ളത് തന്നെയാണ് സർക്കാരിന്റെ സമീപനം.

കേരളത്തിൽ മൊത്തം നോക്കുമ്പോൾ 9314 കെട്ടിടങ്ങൾ ഇതിന്റെ ഭാഗമായി വരുന്നുണ്ട്. അതിൽ കടകളും കുറേ വീടുകളും മറ്റും വരുന്നുണ്ട്. അതിൽ അവർക്ക് വിഷമമുണ്ടാകുമെന്നുള്ളത് ശരിയാണ്. ആ വിഷമം എങ്ങനെ ലഘൂകരിക്കാൻ സാധിക്കും; എത്രകണ്ട് അവരെ സഹായിക്കാൻ പറ്റും; അവരെ പുനരധിവസിപ്പിക്കാൻ എന്തൊക്കെ ചെയ്യാൻ സാധിക്കും; ആ കാര്യങ്ങളെല്ലാം നമുക്ക് പരിശോധിക്കാവുന്നതും ചർച്ച ചെയ്യാവുന്നതുമാണ്. നാട്ടുകാർക്ക്

ബുദ്ധിമുട്ടുണ്ടാക്കുക എന്നതല്ല ഇതിന്റെ ഭാഗമായി ഉദ്ദേശിക്കുന്നത്. നാടിന്റെ സൗകര്യത്തിനുവേണ്ടിയുള്ള ഒരു കാര്യമാണിത്. ഏതാനും ആളുകൾക്ക് ചെറിയൊരു ബുദ്ധിമുട്ട് വരുന്നുവെങ്കിൽ അതില്ലാതാക്കാൻ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നാണ് സർക്കാർ ഇക്കാര്യത്തിൽ ആലോചിക്കുന്നത്. നേരത്തെ പറഞ്ഞ പദ്ധതികൾ ഈയടുത്ത കാലത്തൊന്നും നമ്മുടെ നാട്ടിൽ പ്രാവർത്തികമാകുന്നതല്ല. കേന്ദ്രഗവൺമെന്റിന്റെ റെയിൽവേ പദ്ധതിയിൽ ഇത് ഉൾപ്പെടുത്താൻ കാത്തുനിന്നാൽ അടുത്തൊന്നും പൂർത്തിയാക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഇത്തരമൊരു പദ്ധതിയെക്കുറിച്ച് ആലോചിച്ചിട്ടുള്ളത്. തത്വത്തിൽ അത് അംഗീകരിച്ചിട്ടുമുണ്ട്. നമുക്കത് നടപ്പാക്കാൻ കഴിയുന്നതാണ്. അദ്ദേഹം പ്രകടിപ്പിച്ച ഒരു ആശങ്ക ജനങ്ങൾക്ക് എന്തെങ്കിലും പ്രയാസമുണ്ടാകുമോ എന്നതാണ്. ആ പ്രയാസം ലഘൂകരിക്കാൻ എന്തൊക്കെ ചെയ്യേണ്ടതുണ്ടോ അതൊക്കെ ചെയ്യാം. അവിടത്തെ ആളുകളുമായി ചർച്ചചെയ്തുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുകയും ചെയ്യാം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞങ്ങളാരും വികസന പദ്ധതികൾക്കെതിരല്ല. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളാണ് കേരളവും ഗോവയും. വികസനവുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുപ്പ് ഉൾപ്പെടെ വലിയ പ്രശ്നങ്ങളാണ് അഭിമുഖീകരിക്കേണ്ടിവരുന്നത്. അങ്കമാലി-ശബരിമല-ശബരി റെയിൽവേ, എത്രയോ വർഷങ്ങളായി നമ്മൾ കേട്ടുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. അതിലേറ്റവും പ്രധാന തടസ്സം, ഭൂമി ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥയാണ്. ഗുരുവായൂർ-കുറ്റിപ്പുറം റെയിൽവേ വരുന്നുവെന്ന് എത്രകാലമായി കേൾക്കുന്നതാണ്. പക്ഷെ ഇതുവരെയും അത് യാഥാർത്ഥ്യമാകുന്നില്ല, അവിടെയും സ്ഥലമെടുപ്പാണ് പ്രശ്നമാകുന്നത്. തലശ്ശേരി-മൈസൂർ, തലശ്ശേരി-നിലമ്പൂർ-നഞ്ചംകോട് ഇതെല്ലാം നമ്മൾ കേൾക്കുന്ന വൻകിട പദ്ധതികളാണ്. സംസ്ഥാന ഗവൺമെന്റ് ഒരു പദ്ധതി പ്രഖ്യാപിക്കുമ്പോൾ യാഥാർത്ഥ്യബോധത്തോടെ വേണം അവ നോക്കി കാണേണ്ടത്. ഒരിക്കലും നടപ്പാക്കാൻ കഴിയാത്ത പട്ടുകുറ്റൻ പദ്ധതികൾ പ്രഖ്യാപിക്കുക, അതിനുവേണ്ടി അന്താരാഷ്ട്ര കൺസൾട്ടിംഗ് കമ്പനികളെ കൊണ്ടുവരിക, കമ്മീഷൻ തട്ടുക തുടങ്ങിയ പ്രവൃത്തികളാണ് കഴിഞ്ഞ അഞ്ച് വർഷമായി നടന്നുകൊണ്ടിരിക്കുന്നത്.

സിൽവർ ലൈൻ എന്ന കെ-റെയിൽ പദ്ധതി ഇതുപോലെ വൻ അഴിമതിക്കും തട്ടിപ്പിനും മറയായി മാറുന്നുവെന്ന ആശങ്ക ഇന്ന് സജീവമാണ്. ഇപ്പോൾ ജയിലിൽ കിടക്കുന്ന ശ്രീ. എം. ശിവശങ്കറാണ് മുഖ്യമന്ത്രിക്ക് ഈ പദ്ധതിയെക്കുറിച്ച് പറഞ്ഞുകൊടുത്തത്. അദ്ദേഹം അടുത്ത കാലത്തൊന്നും ജയിലിൽനിന്നും പുറത്തിറങ്ങാൻ പോകുന്നില്ല. ഇന്ന് അദ്ദേഹത്തെ വീണ്ടും അറസ്റ്റ് ചെയ്തു. അദ്ദേഹം കൊണ്ടുവന്ന ഓരോ പദ്ധതിയും പരിശോധിച്ച് നോക്കിയാൽ നമുക്കിത് മനസ്സിലാകും. സ്പ്രിംഗ്ലർ ഡാറ്റാ കച്ചവടം തുടങ്ങി ഏത് പദ്ധതി പരിശോധിച്ചാലും ഇതിലുണ്ടായിരിക്കുന്ന അദ്ദേഹത്തിന്റെ പ്രത്യേക താൽപ്പര്യം മനസ്സിലാകും. പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്ന പദ്ധതികളല്ലേ ഗവൺമെന്റ് പ്രഖ്യാപിക്കേണ്ടത്? ഈ പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അനുമതിയില്ല. കേന്ദ്രധനകാര്യ മന്ത്രാലയം ഈ പദ്ധതി നിരാകരിച്ചു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പാരിസ്ഥിതിക ആഘാത പഠനവും സാമൂഹികാഘാത പഠനവും നടന്നിട്ടില്ല. പ്രായോഗികമല്ലാത്ത പദ്ധതിയെന്ന് നീതി ആയോഗ് പറഞ്ഞു. ഞാൻ അത് വായിക്കാം. "Ministry of Finance. Department of Economic Affairs, Fund Bank & ADB Division" സെപ്റ്റംബർ 3-ാം തീയതി ഗവൺമെന്റിന് കൊടുത്തതാണ്. കേരളത്തിലെ ജോയിന്റ് സെക്രട്ടറി ശ്രീ. ഗോപകുമാരൻ നായർക്ക് കേന്ദ്ര ഫിനാൻസ് ഡിപ്പാർട്ട്മെന്റിലെ അണ്ടർ സെക്രട്ടറി ശ്രീ. വാസുദേവ് ഉഡു അയച്ച കത്തിൽ "I am directed to say that the above mentioned project ie., Trivandrum-Kasargode Semi High Speed Rail corridor, Silver Line, 109th meeting of the screening committee of the Department of Economic Affairs held on 18th August 2020, after detailed deliberations, the screening committee decided to drop the proposal advising the state Government that the existing pipeline projects be concluded before taking up new projects" എന്നാണ് പറയുന്നത്. ധനകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിലുള്ള 109-ാമത്തെ എക്കണോമിക് അഫയേഴ്സിന്റെ സ്ക്രീനിംഗ് കമ്മിറ്റി ഈ പദ്ധതി ഡ്രോപ് ചെയ്യാൻ തീരുമാനിച്ച് കേരള ഗവൺമെന്റിനെ അറിയിച്ചതാണ്. ഡ്രോപ് ചെയ്യാൻ കേന്ദ്രഗവൺമെന്റ് പറഞ്ഞിട്ടും റെയിൽവേ മന്ത്രാലയത്തിന്റെ അനുമതിയില്ലാതെയും പാരിസ്ഥിതിക ആഘാതപഠനം നടത്താതെയും സാമൂഹികാഘാതപഠനം നടത്താതെയും ഈ ഗവൺമെന്റിന്റെ താൽപ്പര്യം ഭൂമി ഏറ്റെടുക്കുക എന്നതിൽ മാത്രമായിരുന്നു. അതിലേയ്ക്ക് ഞാൻ പിന്നീട് വരാം. സർക്കാർ അവകാശപ്പെടുന്നതുപോലെ മൊത്തം ചെലവ് 65,000 കോടി രൂപയിലൊതുങ്ങില്ല. 1.33 ലക്ഷം കോടി വരുമെന്ന് നീതി ആയോഗ് അറിയിച്ചിട്ടുണ്ട്. 1383 ഹെക്ടർ ഭൂമി ഈ പദ്ധതിക്കായി ഏറ്റെടുക്കണം.

അതിനായി 13,000 കോടി രൂപ വേണമെന്നാണ് പദ്ധതിയുടെ രൂപരേഖയിൽ പറയുന്നത്. അതിനുവേണ്ടിമാത്രം ദേശീയപാത സ്ഥലമെടുപ്പിന്റെ ചെലവ് കണക്കാക്കിയാൽ 22,000 കോടി രൂപവരും. പദ്ധതി രൂപരേഖ എന്ന പേരിൽ അവതരിപ്പിച്ചതുപോലും വ്യക്തതയില്ലാതെയാണെന്ന് മനസ്സിലാകും. എല്ലാ ചട്ടങ്ങളെയും കാറ്റിൽപ്പറത്തി അടിയന്തരമായി സ്ഥലമെടുപ്പ് നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്നു. 20-11-2020-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതലയോഗം ചേരുകയും നീതി ആയോഗ്, റവന്യൂ വകുപ്പ്, ധനകാര്യ മന്ത്രാലയം തുടങ്ങിയ വകുപ്പുകളെതിർത്തിട്ടും ഔട്ട്സോഴ്സിംഗ് സമ്പ്രദായത്തിലൂടെ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കാനാണ് ചീഫ് സെക്രട്ടറിതലത്തിൽ തീരുമാനിച്ചത്. തിരുവനന്തപുരം മുതൽ തിരൂർ വരെ ഒരു റെയിൽവേ പാതയും തിരൂർ മുതൽ കാസർഗോഡ് വരെ നിലവിലുള്ള റെയിൽവേ പാതയ്ക്ക് സമാന്തരമായ പുതിയ പാതയുമാണ് 25 മീറ്റർ വീതിയിലും 560 കിലോമീറ്റർ നീളത്തിലും വിഭാവന ചെയ്യുന്നത്. ഇതിന്റെ ഫീസിബിലിറ്റി റിപ്പോർട്ടും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും അലൈൻമെന്റും ഇതുവരെ വ്യക്തതയില്ലാത്ത കാര്യമായിരുന്നു. അത് അംഗീകരിച്ചുവെന്നാണ് പറയുന്നത്. ഇടുക്കി, പാലക്കാട്, വയനാട് ഒഴികെ പതിനൊന്ന് ജില്ലകളിലൂടെ കടന്നുപോകുന്ന ഈ പദ്ധതിക്ക് 1383 ഹെക്ടർ ഭൂമി അക്വയർ ചെയ്യണം. ഇതിൽ 1298 ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തികളുടേതാണ്. റെയിൽവേയുടെ ഭൂമി 185 ഏക്കർ മാത്രമാണ്. സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കാൻ എത്ര കോടി രൂപ വേണം? സംസ്ഥാന ഗവൺമെന്റ് പറയുന്ന 13,000 കോടി രൂപയല്ല, അത് തെറ്റാണെന്നാണ് കേന്ദ്രഗവൺമെന്റ് പറയുന്നത്. നിർദ്ദിഷ്ട പാത കടന്നുപോകുന്ന 50 വില്ലേജുകളിലെ ഭൂമിവില പരിശോധിച്ചശേഷം 9000 കോടി രൂപ വേണ്ടിവരുമെന്നാണ് കേരള സർക്കാർ പറയുന്നത്. ആര് പറയുന്നതാണ് ശരി? നീതി ആയോഗ് ഒന്നുപറയുന്നു, സംസ്ഥാന ഗവൺമെന്റ് മറ്റൊന്ന് പറയുന്നു. കേന്ദ്രഗവൺമെന്റ് വേണ്ടെന്നുപറഞ്ഞ് ഡ്രോപ് ചെയ്ത പദ്ധതി ആരംഭിക്കുന്നതിന് എന്ത് മാനദണ്ഡമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്? ഞാൻ മുഖ്യമന്ത്രിയോട് ഇക്കാര്യം നേരിട്ട് സംസാരിച്ചതാണ്. ഇതിനുവേണ്ടി ഒരു ആൾ പാർട്ടി മീറ്റിംഗ് വിളിക്കണം. ഞങ്ങളാരും ഹൈ സ്പീഡ് റെയിൽവേയ്ക്ക് എതിരല്ല. പക്ഷെ ജനങ്ങളനുഭവിക്കുന്ന ബുദ്ധിമുട്ട് ഒരു പ്രശ്നമാണ്. 9000 ആളുകളെയല്ല മാറ്റി പാർപ്പിക്കേണ്ടിവരുന്നത്, കണക്കനുസരിച്ച് ഏകദേശം അൻപതിനായിരത്തോളം ആളുകൾ വരും. അതുമാത്രമല്ല, റെയിൽവേ കടന്നുപോകുന്നതെല്ലാം വയലുകളിലൂടെയാണ്. അതിനുവേണ്ടി പ്രത്യേകം പാരിസ്ഥിതികാഘാത പഠനം നടത്തണം. സർക്കാരിന്റെ കണക്കനുസരിച്ച് 34,000 കോടി രൂപ വിദേശ ഏജൻസികളിൽനിന്ന് കടമെടുക്കാം. കേന്ദ്ര

സർക്കാർ പറയുന്ന 1.33 ലക്ഷം കോടി രൂപയാണ് പദ്ധതി ചെലവെങ്കിൽ കടമെടുക്കുന്നതിന്റെ ഇരട്ടിയാകും; കേരളം വിറ്റാലും ആ കടം വീട്ടാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. കേന്ദ്ര റെയിൽവേ മന്ത്രാലയം 2018-ൽ തത്വത്തിൽ അനുമതി നൽകിയത് Stand alone elevated railway corridor-നാണ്. ശ്രീ. പീയൂഷ് ഗോയലിന്റെ കത്ത് എന്റെ കൈവശമുണ്ട്. ഈ റെയിൽവേ ലൈനിനുവേണ്ടിയല്ല കേന്ദ്ര റെയിൽവേ മന്ത്രാലയം അനുമതി നൽകിയത്. അതിനേക്കാൾ രസകരമായ കാര്യം, ഇതുമായി മുന്നോട്ടുപോകരുതെന്ന് റവന്യൂ വകുപ്പുമന്ത്രിതന്നെ ഫയലിലെഴുതിയിട്ടുണ്ട്. അതെല്ലാം കാറ്റിൽപ്പറത്തി ഭൂമിയേറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകുന്നു. സ്പ്രിംഗ്ലർപോലെയും പമ്പാ മണൽക്കടത്തു പോലെയും ഇ-ബസ് പോലെയും വലിയൊരു തട്ടിപ്പിനാണിത്; ആളുകളെ കളിപ്പിക്കാനുള്ള പരിപാടിയാണ്. വികസനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, തീർച്ചയായും വികസനം വേണം. ഇന്നത്തെ ആളുകളുടെ സങ്കൽപ്പം ഇതിൽനിന്നും മാറിയിരിക്കുകയാണ്. റെയിൽവേ സ്റ്റേഷനിലിറങ്ങുക, അവിടെനിന്നും അപ്പോൾത്തന്നെ ഹെലികോപ്റ്ററിൽ സ്വന്തം സ്ഥലത്തേയ്ക്ക് പോകുക, പത്ത് മിനിട്ടുകൊണ്ട് ലക്ഷ്യത്തിലെത്താം. ഇപ്പോൾ അതിനെപ്പറ്റിയാണ് ജനങ്ങൾ ചിന്തിക്കുന്നത്. എല്ലായിടത്തും എയർ സ്ട്രിപ്പുകളുണ്ടാക്കി കൂടുതൽ വേഗത്തിൽ ആളുകൾക്ക് എത്താൻ കഴിയുന്നതിനെക്കുറിച്ചാണ് ഇപ്പോൾ ആലോചിക്കുന്നത്. Ms No. 43/2019/ TRANS dated 26-8-2019 പ്രകാരം റവന്യൂ വകുപ്പുമന്ത്രി എഴുതിയത് ഞാൻ വായിക്കാം. "ഹൈസ്പീഡ് റെയിൽവേ പ്രോജക്ടിന് തത്വത്തിൽ അംഗീകാരം നൽകിയ ഉത്തരവ് ക്രമപ്രകാരമല്ല. അതിനാൽ പദ്ധതി നിർമ്മാണത്തിനാവശ്യമായ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി കിട്ടിയശേഷം മാത്രമേ അക്വിസിഷൻ നടപടിയുമായി മുന്നോട്ടുപോകാവൂ," റവന്യൂ വകുപ്പുമന്ത്രി അംഗീകരിച്ച ഈ നിർദ്ദേശം മറികടന്നാണ് ഇപ്പോൾ ഭൂമിയെടുക്കൽ നടപടിയുമായി മുന്നോട്ടുപോകുന്നത്. റവന്യൂ വകുപ്പുമന്ത്രി ഇതറിയുന്നില്ല. ഔട്ട്സോഴ്സ് ചെയ്യുകയാണ്. അവിടത്തെ ജോയിന്റ് കൗൺസിൽ ഇക്കാര്യത്തിലുള്ള ശക്തമായ എതിർപ്പ് പറഞ്ഞിട്ടുണ്ട്. മൊത്തം അൻപതിനായിരം കച്ചവട സ്ഥാപനങ്ങൾ പൊളിക്കേണ്ടിവരും. 145 ഹെക്ടർ നെൽവയൽ നികത്തണം. 1000 മേൽപ്പാലങ്ങളോ അടിപ്പാതകളോ നിർമ്മിക്കണം. ഈ ഭീമാകാരമായ പദ്ധതി ഒരു പാരിസ്ഥിതികാഘാത പഠനവും നടത്താതെ മുന്നോട്ടുകൊണ്ടുപോകുന്നത് എന്തിനുവേണ്ടിയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് രാഷ്ട്രീയപാർട്ടികളുമായി എന്തുകൊണ്ട് ചർച്ച നടത്തുന്നില്ല? തെരഞ്ഞെടുപ്പ് അടുത്തതോടുകൂടി ഈ ഗവൺമെന്റ് പ്രഖ്യാപനം നടത്തുകയും ഇത്തരത്തിലുള്ള വലിയ പദ്ധതികൾ ആലോചിക്കുന്നുണ്ടെന്ന് വരുത്തുകയും ചെയ്യുന്നുണ്ടെന്നല്ലാതെ മറ്റൊന്നുമല്ല. ഇതിന്റെ കൺസൾട്ടന്റ് ആരാണ്? SYSTRA

എന്ന പേരുള്ള ഒരു ഫ്രഞ്ച് കമ്പനിയാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള വിവാദമായ ഒരു കമ്പനിയാണ് SYSTRA. ഇവർക്കാണ് 27 കോടി രൂപയ്ക്ക് മൂന്ന് വർഷത്തെ കൺസൾട്ടൻസി കരാർ നൽകിയത്. 23-9-2020 വരെ നൽകിയത് 12.5 കോടി രൂപയാണ്. ഇവർ സർവ്വേ നടത്തുന്നത് എങ്ങനെയാണെന്ന് അറിയാമോ? ഭൂമിയിൽക്കൂടിയല്ല, ആകാശത്തുക്കൂടിയാണ്. നാട്ടുകാരെ പേടിച്ച് ഈ SYSTRA കമ്പനി ഏരിയൽ സർവ്വേയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വലിയ തട്ടിപ്പാണ്, 27 കോടി രൂപയാണ് ഇവർക്ക് നൽകുന്നത്. 12.5 കോടി രൂപ കൊടുത്തുകഴിഞ്ഞു. ഈ വിവാദ കമ്പനിയെ ഏൽപ്പിച്ച് എന്തിനാണ് പൊറാട്ട് നാടകം നടത്തുന്നത്? ഏതായാലും ഈ ഗവൺമെന്റിന്റെ കാലത്ത് നടക്കാൻ പോകുന്നില്ലെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് ആളുകളെ ബുദ്ധിമുട്ടിക്കാതെ പരസ്പരം ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കണം.

ഞാൻ രണ്ടുമൂന്ന് റെയിൽവേ ലൈനുകളുടെ കാര്യം പറഞ്ഞു, ഗുരുവായൂർ-കുറ്റിപ്പുറം ലൈനിന്റെ പണി നടക്കുന്നുണ്ടോ? അതുപോലെയാണ് അങ്കമാലി-ശബരി റെയിൽപ്പാത. എന്തിനേറെ, തിരുവനന്തപുരം-ആലപ്പുഴ-ചെങ്ങന്നൂർ-ഹരിപ്പാട് വഴിയുള്ള റെയിൽവേ ലൈൻ ഇരട്ടിപ്പിക്കാൻ പോകുന്നു. അതിനുപോലും ഭൂമിയെടുക്കാൻ പ്രയാസമാണ്. ഈ സാഹചര്യത്തിൽ ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനുമുമ്പ് രണ്ടുവട്ടം ആലോചിക്കണം. ചർച്ചകൾ നടത്തണം, ആളുകളുടെ പ്രയാസങ്ങൾ കണ്ടെത്തണം, ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുക്കണം. വികസനം വരുമ്പോൾ കുറേയാളുകൾ ഒഴിഞ്ഞുപോകട്ടെയെന്നാണ് മുഖ്യമന്ത്രി കരുതുന്നത്. ഇതിനെ ഇത്ര ലാഘവത്തോടുകൂടി കാണരുത്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കണം. ഈ പദ്ധതിയുടെ ഫീസിബിലിറ്റിയെപ്പറ്റി പഠിക്കണം. ഈ പദ്ധതി നടപ്പാക്കുന്നത് ശരിയാണോ; ഇതുകൊണ്ട് പ്രതീക്ഷിച്ച ഗുണമുണ്ടാകുമോ; സ്റ്റാന്റ് എലോൺ ഹൈലൈറ്റഡ് റെയിൽവേ ലൈനിനെപ്പറ്റി എന്തുകൊണ്ട് ആലോചിച്ചുകൂടാ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഭൂമിയേറ്റെടുക്കുന്ന കാര്യത്തെപ്പറ്റി റവന്യൂ വകുപ്പുമന്ത്രി മാത്രമല്ല, ഗവൺമെന്റുതന്നെ കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ അംഗീകാരം കിട്ടിയശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുകയുള്ളൂവെന്ന് ഔദ്യോഗികമായി തീരുമാനിച്ചിട്ടുണ്ട്. റെയിൽവേയുടെ ചുമതലയുള്ള ഞാനും ഫയലിൽ അത് എഴുതിയിട്ടുണ്ട്. അതിനെപ്പറ്റി ആശങ്ക വേണ്ട. കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടിയാൽമാത്രമേ ഭൂമി ഏറ്റെടുക്കുകയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടിയശേഷമാണോ നിങ്ങൾ തീരുമാനിച്ചത്? അവർ പറഞ്ഞത് ഈ അംഗീകാരമൊന്നും കിട്ടിയില്ലെങ്കിലും നമുക്ക് ഭൂമിയേറ്റെടുക്കലുമായി മുന്നോട്ടുപോകാം എന്നാണ്. അങ്ങേയ്ക്കാണ് അതിന്റെ ചുമതല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ: സർ, ഇല്ല, ഭൂമി ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനമായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടിയാൽ മാത്രമെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുകയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയാണെങ്കിൽ അത് നല്ല കാര്യമാണ്. ഈ നടപടി വളരെ അവധാനതയോടുകൂടി ചെയ്യേണ്ടതാണ്. സ്റ്റാന്റ് എലോൺ എലിവേറ്റഡ് റെയിൽവേ ലൈനാണെങ്കിൽ ആളുകൾക്ക് കുറേക്കൂടി പ്രയോജനമുണ്ടാകും. കേരളത്തിൽ ഇനിയും ഭൂമിയെടുക്കൽ വളരെ പ്രയാസമുള്ള കാര്യമാണ്. കാരണം ആളുകൾ ഇനി എങ്ങോട്ട് പോകും? നാഷണൽ ഹൈവേയ്ക്ക് ഭൂമിയെടുക്കുക, മറ്റ് വികസന പദ്ധതികൾക്ക് ഭൂമിയെടുക്കുക, ഇങ്ങനെ വരുമ്പോൾ ആളുകൾക്കുണ്ടാകുന്ന പ്രയാസമാണ് ഏറ്റവും പ്രധാനം. എല്ലാ രാഷ്ട്രീയകക്ഷികളുടേയും ഒരു യോഗം വിളിച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്നാണ് എനിക്ക് മന്ത്രിയോട് പറയാനുള്ളത്. അങ്ങേയ്ക്കാണല്ലോ റെയിൽവേയുടെ ചുമതല. അങ്ങേയ്ക്ക് റെയിൽവേ പ്ലാറ്റ്ഫോമിൽ കയറണമെങ്കിൽ ടിക്കറ്റെടുക്കേണ്ടിവരും, റെയിൽവേയുടെ ചാർജെന്ന് പറയുന്നത് ആലങ്കാരികമായിട്ടുള്ള ഒരു കാര്യമാണ്. അങ്ങ് അതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടുള്ളതിനാൽ ഞാൻ വാക്കൗട്ട് നടത്തുന്നില്ല. ഡോ. എം. കെ. മുനീറിന് ഒരു വാക്ക് പറയാനുണ്ട്; അദ്ദേഹത്തിന്റെ മേഖലയിൽ ഏറ്റവും കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുന്ന ഒരു കാര്യമാണ്.

മി. ചെയർമാൻ: അങ്ങ് വാക്കൗട്ട് നടത്താത്തതിനാൽ ഡോ. എം. കെ. മുനീറിന് സംസാരിക്കാനുള്ള അവസരമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു വാക്ക് മാത്രമെ സംസാരിക്കൂ.

മി. ചെയർമാൻ: അങ്ങ് വാക്കൗട്ട് നടത്തുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വാക്കൗട്ട് നടത്തുന്നില്ല.

മി. ചെയർമാൻ: വാക്കൗട്ട് നടത്തുന്നില്ലെങ്കിൽ പിന്നെ സംസാരിക്കുന്ന കീഴ്വഴക്കമില്ല. ഇതൊരു കീഴ്വഴക്കമാകരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. ...(ബഹളം)...

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഈ പദ്ധതി ഏറ്റവും കൂടുതൽ ബാധിക്കുന്നത് കോഴിക്കോട് ജില്ലയെയാണ്.

ശ്രീ. പി. സി. ജോർജ്: സർ, പോയിന്റ് ഓഫ് ഓർഡർ..

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. സി. ജോർജ്: സർ, വാക്കൗട്ട് നടത്തുന്നില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞുകഴിഞ്ഞശേഷം വാക്കൗട്ട് നടത്തേണ്ടിവന്നത് ചെയറിന്റെ നിർബന്ധപ്രകാരമാണ്.

മി. ചെയർമാൻ: ചെയർ ആരേയും നിർബന്ധിച്ചിട്ടില്ല.

ശ്രീ. പി. സി. ജോർജ്: സർ, പിന്നെ എന്തിന് വാക്കൗട്ട് നടത്തേണ്ടിവന്നു? അങ്ങ് പ്രതിപക്ഷ ഉപനേതാവിനെ ഒരു വാക്ക് പറയാൻ അനുവദിച്ചിരുന്നെങ്കിൽ ഈ വാക്കൗട്ട് ഒഴിവാക്കാമായിരുന്നു.

മി. ചെയർമാൻ: അദ്ദേഹത്തിനോട് സംസാരിക്കാൻ ആവശ്യപ്പെട്ടതാണ്.

ശ്രീ. പി. സി. ജോർജ്: സർ, വാക്കൗട്ട് നടത്തിയാലേ പ്രസംഗിക്കാൻ അനുവദിക്കുകയുള്ളൂവെന്ന് അങ്ങ് പറഞ്ഞതുകൊണ്ടാണ് അവർ വാക്കൗട്ട് നടത്തിയത്. അത് ശരിയായ നടപടിയാണെന്ന് തോന്നുന്നില്ല.

മി. ചെയർമാൻ: കീഴ്വഴക്കമനുസരിച്ച് സാധാരണഗതിയിൽ വാക്കൗട്ട് പ്രസംഗം നടത്തിയതിനുശേഷം മാത്രമേ പ്രതിപക്ഷ ഉപനേതാവിന് അവസരം നൽകുകയുള്ളൂ. ഇത് വാക്കൗട്ട് പ്രസംഗമല്ലെന്ന് അദ്ദേഹം പറഞ്ഞാൽ കീഴ്വഴക്കമനുസരിച്ച് പിന്നെ സമയം കൊടുക്കേണ്ടതില്ല, അതുകൊണ്ടാണ്. അദ്ദേഹം സംസാരിക്കട്ടെ.

ഡോ. എം. കെ. മുനീർ: സർ, കീഴ്വഴക്കമില്ലെങ്കിലും അതാത് എം.എൽ.എ.-മാരുടെ പ്രദേശത്തെ ബാധിക്കുന്ന പ്രശ്നമാകുമ്പോൾ അനുവദിക്കാവുന്നതാണ്. ഇപ്പോൾ സബ്മിഷൻതന്നെ ഒരാൾക്ക് കൊടുത്തുകഴിഞ്ഞാൽ ആ പ്രദേശത്തുള്ള രണ്ട് പേർക്ക് ഒരേ വിഷയത്തിൽ സബ്മിഷൻ അനുവദിക്കാറില്ലേ? അത് ചട്ടപ്രകാരമല്ലല്ലോ; അപ്പോൾ ചട്ടങ്ങൾ മാത്രമല്ല, ചട്ടത്തിനപ്പുറം ചില കാര്യങ്ങളിൽ ഒരു ഔദാര്യം ചെയർ കാണിക്കണം, അങ്ങനെ കാണിച്ചിരുന്നുവെങ്കിൽ ഞങ്ങൾ വാക്കൗട്ട് നടത്തില്ലായിരുന്നു. ഇപ്പോൾ വാക്കൗട്ട് നടത്തേണ്ട അവസ്ഥവന്നു. ഞങ്ങൾ പദ്ധതിയെ എതിർക്കുന്നവരല്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, അദ്ദേഹം പറഞ്ഞത്, ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല, ഇനി ഡോ. എം. കെ. മുനീർ സംസാരിക്കുമെന്ന് പറഞ്ഞ് അദ്ദേഹം ഭക്ഷണം കഴിക്കാൻ പോയി. ഇങ്ങനെയാണോ വാക്കൗട്ട് നടത്തുന്നത്? അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളെല്ലാം ഇവിടെ ഇരിക്കുന്നില്ലേ? എന്തെങ്കിലും വെറുതെ പറയുകയാണ്.

ഡോ. എം. കെ. മുനീർ: സർ, എല്ലാവരും സഭവിട്ട് പുറത്തുപോയല്ലോ. ഈ പദ്ധതിക്കെതിരായിട്ടല്ല ഞങ്ങൾ സംസാരിക്കുന്നത്. ഈ പദ്ധതിയുടെ പ്രായോഗികമായ പ്രശ്നങ്ങളക്കുറിച്ചാണ് സംസാരിക്കുന്നത്. 532 കിലോമീറ്റർ നീളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഒരു അർദ്ധ അതിവേഗ പാതയ്ക്കുവേണ്ടി ചെലവഴിക്കേണ്ടിവരുന്നത് 64,000 കോടി രൂപയുടെ അടങ്കലാണ്. അതിൽ 33,700 കോടി രൂപ വായ്പയായിട്ടാണ് എടുക്കുന്നത്. വീണ്ടും 33,000 കോടി രൂപകൂടി വായ്പയെടുക്കാൻ പോകുകയാണ്. എന്നിട്ട് അതിന്റെ ബാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെലവാക്കുമെന്നാണ് പറയുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പണമാണ്; അവർ തരുമോയെന്ന് അറിയില്ല; എന്നാലും വായ്പ എടുക്കും. അതിനുപുറമെ പറയുന്നത് ബാക്കി പണം കേരള സർക്കാർ തരുമെന്നാണ്. കേരള സർക്കാർ എവിടെനിന്നും പണം കണ്ടെത്തും? വീണ്ടും കടമെടുക്കും. അപ്പോൾ കേരള സർക്കാരിന്റെ പോർഷനും കടമായി വരും. അപ്പോൾ 33,000 കോടി രൂപയിൽ നിൽക്കില്ല, അതിനേക്കാൾ മുകളിൽ കടംവരും. ഇങ്ങനെ കടക്കെണിയിലായാൽ കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും കടം തിരിച്ചടയ്ക്കാനായി ഉപയോഗിക്കേണ്ടിവരും, അത് ഏത് കാലത്ത് തീരുമെന്നുള്ളതാണ് ഒരു ചോദ്യം. അതുപോലെ ഫ്രാൻസിലെ 'SYSTRA' എന്ന കമ്പനിയാണ് ഇതിനുള്ള ഉപകരണങ്ങളും സാങ്കേതികവിദ്യയും നൽകുന്നത്. ആ സാങ്കേതികവിദ്യ കാലഹരണപ്പെട്ടു, അവരുടെ നാട്ടിൽ ഇപ്പോൾ 500 കിലോമീറ്റർ വേഗത്തിൽ ഓടുന്ന ട്രെയിനുകൾ ഓടിത്തുടങ്ങി. അപ്പോഴാണ് നമ്മൾ മൊത്തം നാലോ അഞ്ചോ മണിക്കൂർകൊണ്ട് ഓടുന്ന, ആ പഴയ കാലത്തെ, SYSTRA-യുടെ കാലഹരണപ്പെട്ട ഉപകരണങ്ങൾ വാങ്ങാൻ പോകുന്നത്. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് 500 കിലോമീറ്ററിൽ ഓടുന്നവ വാങ്ങിക്കൂടാ? ഈ പ്രോജക്ട് പ്രായോഗികമല്ലെന്നും ഇത് ലാഭകരമല്ലെന്നും ശ്രീ. ഇ. എം. ശ്രീധരൻ പറയാനുണ്ടായ കാരണം എന്താണ്? കാരണം ഇതിന് ആക്സിൽ ലോഡിന്റെ ശേഷി 17 ടൺ മാത്രമേയുള്ളൂ. 17 ടൺ മാത്രമാണെങ്കിൽ യാത്രക്കാർക്ക് സഞ്ചരിക്കാനുള്ള ട്രെയിൻ മാത്രമെ ഉപയോഗിക്കാൻ കഴിയൂ. അത് ലാഭകരമാകില്ല. ചരക്കുകൂടി വഹിക്കാനുള്ള ശേഷിയുണ്ടെങ്കിലേ അത് ലാഭകരമാകൂ; ചരക്കുകൂടി

വഹിക്കണമെങ്കിൽ ആക്സിൽ ലോഡ് കപ്പാസിറ്റി 25 ടൺ ആയിരിക്കണം. അതിവിടെയില്ല. 2800 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും ടൗൺഷിപ്പുകൾ നിർമ്മിക്കുന്നതിനുമായി പതിമൂവായിരം കോടി രൂപ വേണമെന്ന് പറയുന്നു. ഈ റെയിൽവേ പാലം എല്ലാ റോഡുകളും മുറിച്ചുകൊണ്ടാണ് കടന്നുപോകുന്നത്. അവിടെയെല്ലാം മേൽപ്പാലങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. 500 മീറ്ററിൽ മേൽപ്പാലം നിർമ്മിക്കണമെങ്കിൽ ആയിരം മേൽപ്പാലങ്ങളും ഇതിന്റെകൂടെ നിർമ്മിക്കേണ്ടി വരും. ഇതിന് പാരിസ്ഥിതികാഘാത പഠനവും സാമൂഹികാഘാത പഠനവും നടത്തിയിട്ടില്ല. ഇപ്പുറത്ത് കടലും അപ്പുറത്ത് പുഴയുമാണ്. നടുവിലാണ് ആൾക്കാർ താമസിക്കുന്നത്. അതുവഴിയാണ് ഈ റെയിൽവേ ലൈൻ കടന്നുപോകുന്നത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തെ പതിനായിരക്കണക്കിന് കുടുംബങ്ങളെ വഴിയാധാരമാക്കുന്ന ഒരു പദ്ധതിയായി ഇത് മാറും. അതുകൊണ്ട് പൊതുമരാമത്തിന്റെയും റെയിൽവേയുടെയും ചാർജ്ജുള്ള ബഹുമാനപ്പെട്ട മന്ത്രിയോട് ഇതൊരു ചർച്ചയ്ക്ക് വിധേയമാക്കണമെന്നാണ് പറയാനുള്ളത്. പദ്ധതി പ്രദേശത്ത് ആദ്യം നടത്തേണ്ടത് ആകാശ സർവ്വേയല്ല, ജനങ്ങളുമായി സംസാരിക്കുകയാണ് വേണ്ടത്. ആർക്കാണോ ഈ ആഘാതമേൽക്കുന്നത് അതിൽ ഇരകളാകുന്നവരോട് സംസാരിച്ച് യോഗങ്ങൾകൂടി അവരെക്കൂടി ബോധ്യപ്പെടുത്തിക്കൊണ്ടല്ലാതെ ആരും പദ്ധതികൾ നടപ്പാക്കാറില്ല. അതുകൊണ്ടാണ് ഞങ്ങൾ എക്സ്പ്രസ് ഹൈവേ മാറ്റിയത്. അന്ന് ഈ കാര്യം ജനങ്ങളുടെ അറിവിലേയ്ക്കായി വെബ്സൈറ്റിൽ കൊടുക്കുകയാണ് ചെയ്തത്. വെബ്സൈറ്റ് തന്നെ ചർച്ചയായി, അവസാനം വെബ്സൈറ്റിൽ കൊടുത്തത് യഥാർത്ഥത്തിലുള്ള റോഡാണെന്ന് കരുതിയാണ് ചില ആളുകൾ പ്രതികരിച്ചത്. കൊയിലാണ്ടി എം.എൽ.എ. പ്രസംഗിക്കുന്നത് കേട്ടു: കെ-റെയിൽ ഞാൻ കൊണ്ടുവന്ന പദ്ധതിയാണെന്ന്. അത് റോഡാണ്, റോഡും റെയിലും തമ്മിൽ തിരിച്ചറിയാതെ പ്രിയപ്പെട്ട എം.എൽ.എ., അവിടെ പോയി പ്രസംഗം നടത്തരുതേയെന്നാണ് പറയാനുള്ളത്. ആദ്യം റോഡ് ഏതാണ്, റെയിൽ ഏതാണെന്ന് തിരിച്ചറിയാനെങ്കിലും അങ്ങേയ്ക്ക് സാധിക്കണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഇത് പ്രായോഗികമായി എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നുള്ളതിനെപ്പറ്റി എല്ലാ കക്ഷിനേതാക്കളുമായി ചർച്ച നടത്തണം. ചില കാര്യങ്ങളിൽ വ്യക്തമായ സമീപനമുള്ള ആളാണെന്ന നിലയ്ക്ക് ശ്രീ. ജി. സുധാകരനും സമ്മതിക്കില്ല, അതുപോലെതന്നെ റവന്യൂ വകുപ്പുമന്ത്രിയും സമ്മതിക്കില്ല. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയെല്ലാം കിട്ടിയതിനുശേഷമേ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങുകയുള്ളൂവെന്ന നിലപാട് അവർ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഞങ്ങൾ പറഞ്ഞ അതേ വാക്കുകൾതന്നെയാണ് അദ്ദേഹമിവിടെ ആവർത്തിച്ചിട്ടുള്ളത്. പക്ഷെ, മുഖ്യമന്ത്രിക്ക് അത് മനസ്സിലായിട്ടില്ല.

'ഞാൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ്' എന്നുപറഞ്ഞുകൊണ്ട് ഇത് നടപ്പിലാക്കിയേ അടങ്ങൂവെന്നുള്ള ധാർഷ്ട്യത്തോടുകൂടിയാണ് അദ്ദേഹം നിൽക്കുന്നത്. ആളെ കബളിപ്പിക്കാൻ വേണ്ടിയാണ് പദ്ധതി നാളെത്തന്നെ വരുമെന്ന് പറയുന്നതെന്ന് ഇപ്പോൾ മനസ്സിലായി. അത് തെരഞ്ഞെടുപ്പിൽ ഗുണം ചെയ്യുമെന്നുണ്ടെങ്കിൽ കുഴപ്പമില്ല. പക്ഷെ, യാഥാർത്ഥ്യമതല്ല. കേന്ദ്രത്തിന്റെ വിഹിതംകൂടിയുണ്ടെങ്കിൽ അവരുടെ അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ സ്ഥലമെടുപ്പുപോലും ആരംഭിക്കാൻ പാടുള്ളൂവെന്ന് പറയുന്ന തത്വത്തോട് ഞങ്ങൾ യോജിക്കുന്നു; അതേസമയം ഇപ്പോൾ ഇത് നടപ്പിലാക്കുമെന്ന് പറഞ്ഞ മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടതുപോലെ എല്ലാ കക്ഷികളെയും അടിയന്തരമായി വിളിച്ച് ഒരു സർവ്വകക്ഷിയോഗം ചേർന്ന് ഇക്കാര്യം ചർച്ച ചെയ്യേണ്ടതുണ്ട്. സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ ഇനി കേന്ദ്ര അനുമതിക്ക് ശേഷമേയുള്ളൂ എന്നുപറഞ്ഞത് സ്വാഗതാർഹമാണ്. ഗവൺമെന്റ് ഇക്കാര്യങ്ങൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യണം. സാധാരണക്കാരായ ആരോ പറഞ്ഞ കാര്യമാണെന്ന രീതിയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. മെട്രോ ശ്രീധരൻ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് പ്രത്യേകമായി പരിഗണിക്കുകയും പരിശോധിക്കുകയും ചെയ്യണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, റെയിൽ പദ്ധതിയെ സംബന്ധിച്ച് വലിയ ആശങ്ക ഇന്ന് പൊതുസമൂഹത്തിലുണ്ട്. പ്രത്യേകിച്ച് ഈ റെയിൽ കടന്നുപോകുന്ന പ്രദേശത്തെ ജനങ്ങൾക്കുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒൻപതിനായിരത്തിൽപ്പരം ആളുകളുടെ കെട്ടിടങ്ങളും സ്ഥാപനങ്ങളും മാറുമെന്ന് പറഞ്ഞു. അത് 9,000 ആകുമെന്ന് ഞാൻ കരുതുന്നില്ല. അതിന്റെ രണ്ടിരട്ടിയെങ്കിലും ആകുമെന്നുവേണം അനുമാനിക്കാൻ. അത് 9,000 ആണെങ്കിലും 50,000 ആണെങ്കിലും ഓരോ മനുഷ്യന്റെയും ആഗ്രഹങ്ങളും സ്വപ്നങ്ങളുമാണ് അവിടെ പടുത്തുയർത്തിയത്. വികസന പദ്ധതികളെ എതിർക്കുന്നൊരു സമീപനം ഞങ്ങളൊരിക്കലും സ്വീകരിക്കാറില്ല. പക്ഷെ ഇവിടെ ഇത് അശാസ്ത്രീയമാണ്. ഒട്ടനവധി

പാടശേഖരങ്ങളും നീർച്ചാലുകളുമൊക്കെ നികത്തിയും പ്രധാനപ്പെട്ട പല പ്രദേശങ്ങളിലെയും ഭവന സമുച്ചയങ്ങൾ ഇടിച്ചുനിരത്തിയുമൊക്കെ പോകേണ്ട സാഹചര്യത്തിലേയ്ക്ക് വരികയാണ്. ഇത് ഒഴിവാക്കാൻ കഴിയുന്ന ഒന്നുതന്നെയാണെന്നതിൽ ഞങ്ങൾ ഉറച്ചുനിൽക്കുകയാണ്. ഇതിന്റെ അടുത്ത പദ്ധതികൾ എന്താണെന്നതിനെക്കുറിച്ച് ആലോചിക്കണം. പ്രമേയാവതാരകൻ തന്നെ ഇവിടെ പറഞ്ഞതുപോലെ നിലവിലുള്ള റെയിൽവേയെ കൂടുതൽ ക്രമീകരിക്കുവാൻ കഴിയുമോ; അതിന്റെ സിഗ്നൽ സിസ്റ്റംസ് നവീകരിക്കാൻ കഴിയുമോ തുടങ്ങിയ സാഹചര്യങ്ങളെക്കുറിച്ച് നമ്മൾ ചിന്തിക്കണം. എക്സ്പ്രസ് ഹൈവേയെക്കുറിച്ച് ചിന്തിച്ചിട്ട് പിന്നീട് അത് മാറ്റിവച്ച സംസ്ഥാനമാണ് കേരളം. കേരളംപോലെ വലിയ ജനസാന്ദ്രതയുള്ള പ്രദേശത്ത് ഇതു പ്രായോഗികമായി ഒട്ടനവധി പ്രശ്നങ്ങളുണ്ടാക്കുമെന്നതാണ് കാരണം. ഇതിന്റെ കരാറുകളെക്കുറിച്ചും മറ്റും ധാരാളം ആരോപണങ്ങളും ആക്ഷേപങ്ങളുമുണ്ട്. അതിപ്പോൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി തൽക്കാലത്തേയ്ക്ക് നിർത്തിവച്ചിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇപ്പോൾ നിയമസഭയെ അറിയിച്ചത്. അതെന്തായാലും ആശ്വാസകരമാണ്. ഈ പദ്ധതിയുമായി മുന്നോട്ട് പോകരുത്. ഇതിന് സമാന്തരമായ മറ്റേതെങ്കിലും സ്കീമിലേയ്ക്ക് പോകണം.

ഇപ്പോൾ ലോകത്ത് ഇലക്ട്രിക് കാറുകൾ വന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ നിരത്തുകൾ അടുത്ത അഞ്ച് വർഷംകൊണ്ട് ഇലക്ട്രിക് കാറുകളാൽ നിറയപ്പെടും. മാറുന്ന കാലത്തിലേയ്ക്ക് അതിനെ foresee ചെയ്ത് പോകാൻ കഴിയണം. ഇതല്ല ഇപ്പോൾ ആവശ്യം. ഹൈസ്പീഡ് റെയിലുകളൊക്കെ ഇരുപത്തിയഞ്ച് വർഷംമുമ്പ് വന്ന സംഭവങ്ങളാണെങ്കിൽ മാറുന്ന കാലഘട്ടത്തിന് അനുസൃതമായ പുതിയ ചിന്തകളും ആശയങ്ങളും മുന്നോട്ടുവയ്ക്കണമെന്നുള്ളതാണ് ഞങ്ങൾക്ക് സൂചിപ്പിക്കുവാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

മി. ചെയർമാൻ: അടുത്തതായി ശ്രദ്ധ ക്ഷണിക്കലാണ്. ഇന്ന് നിരവധി അജണ്ടകളുണ്ട്. പ്രിവിലേജ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണന, ഉപധനാഭ്യർത്ഥന, വോട്ട് ഓൺ അക്കൗണ്ട് എന്നീ അജണ്ടകൾ ഉള്ളതുകൊണ്ട് ശ്രദ്ധ ക്ഷണിക്കൽ അടക്കമുള്ളവ ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും ചുരുക്കി അവതരിപ്പിക്കണം.

## V. ശ്രദ്ധ ക്ഷണിക്കൽ

### (1) ബാങ്കിംഗ് റെഗുലേഷൻ നിയമം

ശ്രീ. സജി ചെറിയാൻ: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന എല്ലാ ഘട്ടങ്ങളും കേരളത്തിലെ സഹകരണ മേഖലയുടെ വർണ്ണാഭമായ വളർച്ചാ കാലഘട്ടങ്ങളായിരുന്നു. കഴിഞ്ഞ അഞ്ച് വർഷം സഹകരണ മേഖല ജനകീയവും സഹകാരികൾക്ക് മാത്രമല്ല, കേരള സമൂഹത്തിനാകെ സമഗ്ര വികസനം എന്ന കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുകയും ചെയ്ത ഒരു കാലമായിരുന്നു. അതിന് മുൻകയ്യെടുത്ത ഗവൺമെന്റിനേയും വകുപ്പിനേയും വകുപ്പുമന്ത്രിയേയും ഞാൻ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്.

കേരളത്തിൽ ജനകീയ സമരങ്ങളുടെയും ജനകീയ പ്രസ്ഥാനങ്ങളുടെയും സജീവമായ ഇടപെടലിന്റെ ഭാഗമായി ഉയർന്നുവന്നതാണ് നമ്മുടെ സഹകരണ പ്രസ്ഥാനം. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ദീർഘമായ ചരിത്രമുണ്ട്. ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുകൊണ്ട്, സമയക്കുറവുള്ളതിനാൽ ആ ചരിത്രമൊന്നും ഞാൻ വിശദീകരിക്കുന്നില്ല. സ്വാതന്ത്ര്യം നേടുന്നതിന് മുമ്പുതന്നെ സഹകരണ സംഘങ്ങൾ കേരളത്തിലുണ്ടായിരുന്നു. തിരുവിതാംകൂറിലെ സഹകരണ സംഘം നിയമം 1916 പ്രകാരം രൂപീകരിക്കപ്പെട്ട തിരുവനന്തപുരം സെൻട്രൽ സഹകരണ ബാങ്കാണ് നമ്മുടെ ആദ്യത്തെ സഹകരണ ബാങ്കായി കണക്കാക്കപ്പെടുന്നത്. ഇപ്പോഴത്തെ കേരള ബാങ്കായി പരിവർത്തനം ചെയ്യപ്പെട്ടതും ഇതേ ബാങ്കായിരുന്നു. 1946-ൽ 1669 സഹകരണ സംഘങ്ങളും 32 ലക്ഷം രൂപ ഷെയർ ക്യാപിറ്റലുമുണ്ടായിരുന്നു. കേരളത്തിലെ ക്രെഡിറ്റ്, ക്രെഡിറ്റേതര മേഖലകളിലായി പതിനയ്യായിരത്തോളം സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കയർ, മത്സ്യം, ഖാദി എന്നിങ്ങനെയുള്ള സഹകരണ സംഘങ്ങളെക്കൂടി കൂട്ടിയാൽ ഇരുപത്തയ്യായിരത്തോളം സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് കോടിയിൽപ്പരം സഹകാരികൾ അണിനിരന്നിട്ടുള്ള മഹാപ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. ക്രെഡിറ്റ് മേഖലയിൽ ഒന്നര ലക്ഷം കോടി രൂപയിലധികം നിക്ഷേപവും ഒരു ലക്ഷം കോടിയിലധികം വായ്പ ബാക്കിയുമുണ്ട്. കേരളത്തിലെ ബാങ്കിംഗ് രംഗം കൈകാര്യം ചെയ്യുന്നതിൽ സഹകരണ മേഖല മുഖ്യ പങ്കുവഹിക്കുന്നുണ്ട്.

നിലവിൽ നിരവധി പ്രശ്നങ്ങളെ ഈ മേഖല അഭിമുഖീകരിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ, ആദായ നികുതി വകുപ്പിന്റെ, മറ്റ് വിവിധ വകുപ്പുകളുടെ നിരന്തരമായ ഉപദ്രവംമൂലം ഈ മേഖല ഒരുപാട് പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ, നികുതിയിളവ് അനുവദിക്കാൻ ആദായനികുതി വകുപ്പ്

തയ്യാറാകാത്ത പ്രശ്നം വന്നിട്ടുണ്ട്. അതുപോലെതന്നെ 20,000 രൂപയ്ക്ക് മുകളിലുള്ള പണമിടപാടുകൾ നടത്തുന്നതിനെതിരായ നീക്കങ്ങൾ നടക്കുന്നു. കേന്ദ്ര സർക്കാർ നടപ്പാക്കിയ ജി.എസ്.ടി. സഹകരണ സ്ഥാപനങ്ങളെ ഏറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. 2002-ലെ മൾട്ടി സ്റ്റേറ്റ് സഹകരണ നിയമപ്രകാരം ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ ബ്രാഞ്ചുകൾ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി ഇപ്പോൾ ആരംഭിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ അനുമതി കൂടാതെതന്നെ കൂടിയ നിരക്കിൽ നിക്ഷേപം സ്വീകരിച്ച് സംസ്ഥാനത്തിന് പുറത്തുള്ള വൻകിട കച്ചവടക്കാർക്കും വ്യവസായികൾക്കും വായ്പ നൽകി ലാഭം കൊയ്യുന്ന സ്ഥാപനങ്ങളായി ഇത് മാറുകയാണ്. ഇത് നമ്മുടെ സംസ്ഥാനത്തെ സഹകരണ മേഖലയെ വല്ലാതെ ദോഷകരമായി ബാധിക്കുകയാണ്.

കൃഷിക്കാരുടെയും സാധാരണക്കാരുടെയും പാവങ്ങളുടെയും അത്താണിയായിട്ടാണ് സഹകരണ പ്രസ്ഥാനം കേരളത്തിലും ഇന്ത്യയിലും ആരംഭിക്കുന്നത്. കേരളത്തിന്റെ സമ്പദ്ഘടനയെപ്പോലും താങ്ങിനിർത്താൻ കഴിയുന്ന തരത്തിൽ ഇവിടെ സഹകരണ പ്രസ്ഥാനം വളർന്നു. ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, ന്യൂജനറേഷൻ ബാങ്കുകൾ എന്നിവ സാധാരണക്കാരന് അന്യംനിന്ന ഒരു കാലത്ത് വായ്പകൾ നൽകുക, കാർഷികാവശ്യത്തിന് ആവശ്യമായ സാധന സാമഗ്രികൾ, വളം, നിത്യോപയോഗ സാധനങ്ങൾ എന്നിവ വിതരണം ചെയ്യുക, കാർഷിക വിപണനം നടത്തുക, ജനങ്ങൾക്കിടയിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുക തുടങ്ങി വിദ്യാഭ്യാസം, ആരോഗ്യം, ആതുരസേവനം ഉൾപ്പെടെ ഇന്ന് കേരളത്തിൽ മനുഷ്യന്റെ എല്ലാ കാര്യങ്ങളിലും നിരന്തരം ഇടപെടുന്ന ഒരു മഹാപ്രസ്ഥാനമായി സഹകരണ പ്രസ്ഥാനം മാറി.

എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം ഈ മേഖലയെ രക്ഷിക്കുന്നതിനുവേണ്ടി ഒരുപാട് ജനകീയ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ അഞ്ച് വർഷക്കാലം സഹകരണ മേഖല പൂർണ്ണമായും തളർന്നുപോയൊരു കാലമായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കേരള ബാങ്കിന്റെ രൂപീകരണം, കെയർ ഹോം പദ്ധതി, 2500-ഓളം വീടുകൾ നിർമ്മിച്ചുകൊടുക്കുന്ന ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയായ ലൈഫ് പദ്ധതി എന്നിവ നടപ്പാക്കിയത്. ക്ഷേമപെൻഷനുകളുടെ വിതരണം സഹകരണ സ്ഥാപനങ്ങൾവഴി നടപ്പാക്കിയതും ഈ ഗവണ്മെന്റാണ്. അതിന്റെ ഗുണമെന്താണെന്ന് ചോദിച്ചാൽ ലക്ഷക്കണക്കിന് വരുന്ന പെൻഷൻകാർക്ക് അവരുടെ വീടുകളിൽ കൃത്യമായി പെൻഷൻ എത്തിക്കാൻ കഴിയുന്ന നല്ലൊരു പദ്ധതിക്ക് രൂപം കൊടുത്തു. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷനും

ഇപ്പോൾ സഹകരണ സ്ഥാപനം വഴിയാണ് വിതരണം ചെയ്യുന്നത്. അതുപോലെതന്നെ യു.ഡി.എഫ്.-ന്റെ കാലത്ത് വൻനഷ്ടത്തിലും അഴിമതിയിലും മുങ്ങിത്താണ കൺസ്യൂമർഫെഡിനെ ഇന്ന് കേരളത്തിലെ ഏറ്റവും ലാഭകരമായ ഒരു പ്രസ്ഥാനമാക്കി മാറ്റി. കേരള ബാങ്ക് രൂപീകരണംവഴി ഇടപാടുകൾ, എല്ലാ തരത്തിലുമുള്ള ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ കുറഞ്ഞ ചെലവിൽ പരമാവധി വേഗത്തിൽ ലഭിക്കുന്നതിന് ഇടവരുത്തി. പുതുതലമുറയെ ആകർഷിക്കുന്നതിനും ഈ രംഗത്തുള്ള സർപ്ലസ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും കഴിയുന്ന സംവിധാനമായിട്ടുണ്ട്. കോമൺ സോഫ്റ്റ്‌വെയർ വരുന്നതും ഈ മേഖലയുടെ വളർച്ചയ്ക്ക് ഇടയാക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. സംസ്ഥാനത്തിന്റെ സമഗ്ര വികസനം സഹകരണത്തിലൂടെയെന്ന പുതിയ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചുകൊണ്ട് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്.

സഹകരണം സംസ്ഥാന വിഷയമാണ്. സഹകരണ സംഘങ്ങൾ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്നവയുമാണ്. ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ അനാവശ്യമായ ഇടപെടൽ പാടില്ലെന്നൊരു പൊതുനിലപാട് നമ്മുടെ രാജ്യത്ത് എല്ലായിടത്തുമുണ്ട്. അതുകൊണ്ടുതന്നെയാണ് സംസ്ഥാന നിയമമെന്ന നിലയിലും സംസ്ഥാനത്തിന്റെ ഒരു വിഷയമെന്ന നിലയിലും സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായ ഒരു വകുപ്പായി ഇതിനെ പരിഗണിക്കുന്നത്. ബാങ്കിംഗ് കേന്ദ്ര വിഷയമായതിനാൽ സഹകരണ ബാങ്കുകളുടെ ബാങ്കിംഗ് സംബന്ധമായ കാര്യത്തിൽ ആർ.ബി.ഐ.-ക്ക് ഇടപെടാൻ അധികാരമുണ്ട്. എന്നാൽ ഭരണസമിതി തെരഞ്ഞെടുപ്പ്, അംഗത്വം, ഓഹരി എന്നിവയിലൊന്നും ആർ.ബി.ഐ.-ക്ക് ഇടപെടാൻ അവകാശമില്ല. ഇതാണ് ഭേദഗതിയിലൂടെ കേന്ദ്ര ഗവൺമെന്റ് തിരുത്തിയിരിക്കുന്നത്.

ഒന്നാമത്തെ പ്രധാനപ്പെട്ടൊരു പ്രശ്നം, ആവശ്യമെങ്കിൽ ഒരു സഹകരണ ബാങ്കിനെ ഏത് ബാങ്കുമായും ലയിപ്പിക്കാൻ ആർ.ബി.ഐ.-ക്ക് അധികാരമുണ്ടാകുന്ന നിയമം വന്നിരിക്കുന്നു. ലയനം സഹകരണ ബാങ്കുമായി ആകണമെന്നില്ല. ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ചെയർമാൻ, ബാങ്ക് ഡയറക്ടർ ആർക്കുമെതിരെയും നടപടിയെടുക്കാം. മൊത്തം ഭരണസമിതിയെ പിരിച്ചുവിടാം. സംസ്ഥാന സർക്കാരിനെ അറിയിച്ചാൽ മാത്രം മതി. സഹകരണ ബാങ്കുകളുടെ പൊതുയോഗം വിളിക്കാനും തെരഞ്ഞെടുപ്പ് നടത്താനും റിസർവ് ബാങ്കിന് അധികാരം കൊടുക്കുന്ന ഒരു നിയമനിർമ്മാണം വന്നിരിക്കുന്നു. ഭരണസമിതി അംഗങ്ങൾ 51 ശതമാനം പ്രൊഫഷണൽ യോഗ്യതയുള്ളവരോ, ബാങ്കിംഗ് മേഖലയിൽ പ്രവർത്തിച്ച് പരിചയമുള്ളവരോ ആയിരിക്കണമെന്നതാണ് പുതിയ നിബന്ധന. അത് ഒരുകാലത്തും നടക്കുകയില്ല.

കാരണം പാവപ്പെട്ട കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള സ്ഥാപനമാണിത്. ഇതിന്റെയെല്ലാം വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകാത്തതുകൊണ്ട് ഒരു മിനിറ്റുകൊണ്ട് അവസാനിപ്പിക്കാം. നിശ്ചിത ശതമാനം അംഗങ്ങൾ ഈ യോഗ്യതയില്ലാത്തവരായാൽ ആർ.ബി.ഐ.-ക്ക് ഇടപെടാം. രണ്ട് മാസത്തിനകം നടപ്പിലായില്ലെങ്കിൽ റിസർവ് ബാങ്കിന് സ്വന്തം നിലയ്ക്ക് ഒഴിവുകൾ നികത്താം. ഇന്ത്യയിൽ എവിടെയുള്ള സംഘത്തിന്റേയും ഡയറക്ടർമാരെ നിയമിക്കാൻ ഇപ്പോൾ ആർ.ബി.ഐ.-ക്ക് അവകാശം വന്നിരിക്കുന്നു. കോടതിയിൽ ഇത് ചോദ്യം ചെയ്യാൻ പാടില്ലെന്ന് പ്രത്യേകമായി പറയുന്നു. ഒരു ഭരണസമിതി അംഗത്തിന്റെ കാലാവധി 8 വർഷമാണ്. ചെയർമാന്റെ കാലാവധി 5 വർഷമാണ്. ചെയർമാൻ മുഴുവൻ സമയ ജീവനക്കാരനായിരിക്കണം. കേരളത്തെ സംബന്ധിച്ച് ഈ നിബന്ധന നടപ്പാക്കാനാവുന്ന കാര്യമല്ല. ബാങ്കിന് പ്രത്യേകമായി എം.ഡി.-യെ നിയമിക്കണം. സാമ്പത്തിക പ്രതിസന്ധിയുള്ള പല ബാങ്കുകളുമുണ്ട്. അതിനാൽ എം.ഡി.യെ നിയമിച്ച് ലക്ഷക്കണക്കിന് രൂപ ശമ്പളം കൊടുക്കാൻ കഴിയുകയില്ല. നിയമം പാലിച്ചില്ലെങ്കിൽ റിസർവ് ബാങ്കിന് നേരിട്ട് എം.ഡി.യെ നിയമിക്കാം. ഓഹരികൾ കൈമാറുന്നതിനും പിൻവലിക്കുന്നതിനും കർശനമായ മാനദണ്ഡങ്ങളുൾപ്പെടുത്തി സഹകരണമേഖലയെ തകർക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ബാങ്കിംഗ് റെഗുലേഷൻ നിയമം ബാധകമാക്കിക്കൊണ്ടുള്ള പുതിയ ഭേദഗതി വന്നിരിക്കുന്നത്. ഒരു പരിധിവരെ സഹകരണ പ്രസ്ഥാനം തകർച്ചയുടെ വക്കിൽ നിൽക്കുമ്പോഴാണ് പുതിയ ഭേദഗതി വന്നിരിക്കുന്നത്. കേരള ബാങ്ക്, അർബൻ ബാങ്കുകൾ ഒഴികെയുള്ള എല്ലാ സഹകരണ ബാങ്കുകൾക്കും ഇത് ബാധകമാണ്. കേരളത്തിൽ 1500-ഓളം വരുന്ന PACS (Primary Agricultural Credit Societies) ഉണ്ട്. ഈ സ്ഥാപനങ്ങൾക്ക് ബാങ്കെന്നുള്ള പേര് വയ്ക്കാൻ കഴിയുകയില്ല. ചെക്കുപയോഗിച്ചുള്ള ഒരു ഇടപാടുകളും നടത്താനാകില്ല. പണം പിൻവലിക്കാൻ മറ്റു സംവിധാനങ്ങൾ ഒരുക്കേണ്ടി വരും. ബാങ്ക്, ബാങ്കർ, ബാങ്കിംഗ് പ്രക്രിയ തടസ്സപ്പെടും. ബാങ്കിംഗ് ലൈസൻസില്ലാത്ത സഹകരണ സ്ഥാപനങ്ങൾ ബാങ്കെന്ന പേര് ഉപയോഗിക്കുന്നത് തടഞ്ഞ, കേന്ദ്ര ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ ഭേദഗതി ഓർഡിനൻസ് അങ്ങേയറ്റം അപകടകരമാണ്. കാർഷിക വായ്പാ സഹകരണസംഘങ്ങൾ (PACS), ബാങ്കിംഗ് ലൈസൻസ് ഇല്ലാത്ത സംഘങ്ങൾ, ബാങ്കെന്ന പേര് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ ഇത് 1500-ഓളം സംഘങ്ങളെ ബാധിക്കും. സർവ്വീസ് സഹകരണ ബാങ്കെന്ന നിലയിൽ പ്രവർത്തിക്കുന്ന ഇവയിൽ പലതും നൂറ് കണക്കിന് കോടി രൂപയുടെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങളാണ്. നിലവിലെ ഇടപാടുകളെ ബാധിച്ചില്ലെങ്കിലും പുതിയ ഇടപാടുകൾ

തടസ്സപ്പെടാൻ പോകുകയാണ്. സംസ്ഥാനത്തെ സഹകരണമേഖലയുടെ തകർച്ചയ്ക്ക് വഴിവയ്ക്കുന്ന ബാങ്കിംഗ് റെഗുലേഷൻ നിയമം നടപ്പിലാക്കുന്നതിൽനിന്ന് പിന്തിരിയണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ഒരു വിഷയമാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഗൗരവമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഭേദഗതി നിയമം സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾക്കൊഴികെ 2020 ജൂൺ 26 മുതൽ പ്രാബല്യത്തിൽ വന്നിരുന്നു. എന്നാൽ സഹകരണ ബാങ്കിംഗ് മേഖലയിലെ വ്യവസ്ഥകൾ കൂടുതലായി ഉൾക്കൊള്ളുന്ന ഭേദഗതി നിയമം 4-ാം വകുപ്പ് 2021 ഏപ്രിൽ മാസം 1-ാം തീയതി മുതൽ രാജ്യത്തെ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾക്ക് ബാധകമാക്കുമെന്നാണ് കേന്ദ്ര സർക്കാർ 2020 ഡിസംബർ 23-ന് പുറത്തിറക്കിയ നോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയിരിക്കുന്നത്. ടി നിയമത്തിലെ വകുപ്പ് 3 പ്രകാരം ഒരു പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശമായും മുഖ്യ ബിസിനസ്സുമായുള്ള ഒരു സഹകരണസംഘവും അവയുടെ പേരിന്റെ ഭാഗമായോ, ബിസിനസ്സിന്റെ ഭാഗമായോ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ചെക്കുകളുടെ ഡ്രോയിയായി പ്രവർത്തിക്കാതിരിക്കുകയുമാണെങ്കിൽ അവയ്ക്ക് ടി നിയമം ബാധകമായിരിക്കു ന്നതല്ലെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിലവിൽ PACS (പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി)-കൾക്കും പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും റിസർവ് ബാങ്ക് ലൈസൻസ് അനുവദിക്കുന്നില്ല. മാത്രമല്ല, ജനജീവിതത്തിന്റെ സമസ്തമേഖലകളിലും ഇടപെടുന്ന സംസ്ഥാനത്തെ PACS-കൾ അടക്കമുള്ള പ്രാഥമിക സഹകരണസംഘങ്ങൾക്ക് ഒരു സുപ്രഭാതത്തിൽ ബാങ്കിംഗ് പ്രവർത്തനത്തിൽ മാത്രമായി പ്രവർത്തനം പരിമിതപ്പെടുത്താനുമാകില്ല. എന്നാൽ ദശാബ്ദങ്ങളായി പേരിനൊപ്പം ബാങ്കെന്നപദം ഉപയോഗിച്ചുവരുന്ന PACS-കൾക്കും PCARDB (Primary Co-operative Agriculture and Rural Development Bank) -കൾക്കും അവയുടെ പേരിൽ നിന്നും ബാങ്കെന്ന പദം ഒഴിവാക്കിയാൽ അത് ജനങ്ങൾക്കിടയിൽ ഈ സ്ഥാപനങ്ങളുടെ ഇമേജിനെ ബാധിക്കാൻ ഇടയുണ്ട്, ഇത് ബിസിനസ്സിനേയും ബാധിച്ചേക്കാം. 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ പബ്ലിക് ഇഷ്യൂവിലൂടെയും പ്രൈവറ്റ് പ്ലേസ്മെന്റിലൂടെയും

ഇക്യൂറ്റി/പ്രിഫറൻസ് ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ, ഓഹരി തിരിച്ചു നൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ, ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള അധികാരം, നിർബന്ധിത സംയോജനം തുടങ്ങി സഹകരണ തത്വങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകളുമുണ്ട്. ടി വ്യവസ്ഥകൾ ബാങ്കിംഗ് നിയമം നിലവിൽ ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളായ കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയിലെ അംഗങ്ങളുടെ താൽപ്പര്യങ്ങളെ ബാധിക്കുമെന്നും കരുതുന്നു. ഇന്ത്യൻ ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിലെ എൻട്രി 45-ലുള്ള ബാങ്കിംഗ് എന്ന വിഷയം, കേന്ദ്ര സർക്കാരിന്റെ അല്ലെങ്കിൽ പാർലമെന്റിന്റെ അധികാരപരിധിയിലുള്ള വിഷയമാണെങ്കിലും സഹകരണ സംഘങ്ങളുടെ ഇൻകോർപ്പറേഷൻ, റെഗുലേഷൻ ആൻഡ് വൈൻഡിംഗ് അപ്പ് എന്നിവ വരുന്ന ഭരണഘടനയുടെ സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 32-ലാണ്. ബാങ്കിംഗ് സംബന്ധമായ വിഷയത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിനാണുള്ളതെങ്കിലും സംസ്ഥാന വിഷയമായ സഹകരണവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം സംസ്ഥാനങ്ങളുടെ അധികാര പരിധിയിലാണുള്ളത്. പാർലമെന്റ് പാസ്സാക്കിയ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ആക്ട് നിയമത്തിൽ സഹകരണ ബാങ്കുകളുടെ മാനേജ്മെന്റ്, ക്യാപിറ്റൽ, ഓഡിറ്റ് ആൻഡ് വൈൻഡിംഗ് അപ്പ് എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്ക് മേലുള്ള സംസ്ഥാന സഹകരണ രജിസ്ട്രാറുടെ ഭരണപരമായ നിയന്ത്രണാധികാരത്തെ പരിമിതപ്പെടുത്തുന്നതാണ്. ഇത് ഭരണഘടന വിഭാവന ചെയ്യുന്ന ഫെഡറൽ തത്വങ്ങൾക്കും വിരുദ്ധമാണ്. ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ നിയമമാകുന്നതിന് മുമ്പ് ഈ നിയമത്തിലെ സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങൾക്ക് ഭേദഗതി വേണമെന്ന് സംസ്ഥാന നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്തു നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബിൽ നിയമമായതിനുശേഷമുള്ള ഭാവി നടപടികൾ ചർച്ചചെയ്യുന്നതിന് സർക്കാർ ഒരു സർവ്വകക്ഷിയോഗം വിളിച്ചുചേർക്കുന്നതിന് ആലോചിക്കുന്നുണ്ട്, അതിനുശേഷം തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. സജി ചെറിയാൻ: സർ, ആദായനികുതി നിയമം വകുപ്പ് 80 (P) അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് (PACS) അർഹമായ നികുതി ഇളവുകൾ ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥർ കേരളത്തിലെ PACS-കൾക്ക് നിഷേധിക്കുകയും കോടിക്കണക്കിന് രൂപ അസസ്സ്മെന്റ് നടത്തി ഈടാക്കുന്ന

നടപടികളുമായി മുന്നോട്ട് പോകുകയും ചെയ്യുന്നു. ഇതിനെതിരെ സംസ്ഥാന സർക്കാർ സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ കോടതികളിൽ കേസ് നടത്തിവരുന്നു. ഈ കേസിൽ 12-1-2021-ന് ബഹുമാനപ്പെട്ട സുപ്രീം-കോടതി സംഘങ്ങൾക്ക് അനുകൂലമായി വിധി പുറപ്പെടുവിച്ചതായി മനസ്സിലാക്കുന്നു. വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആദായനികുതി നിയമം വകുപ്പ് 80 (P)-യെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി ചരിത്ര വിധിയാണ് നിർണ്ണയിച്ചിരിക്കുന്നത്. ആദായനികുതി നിയമം വകുപ്പ് 80 (P)-യിൽ പ്രതിപാദിക്കുന്ന ഇളവുകൾ സഹകരണ സംഘങ്ങൾക്ക് നഷ്ടപ്പെടാൻ കാരണമായ കേരള ഹൈക്കോടതിയുടെ ഫുൾബഞ്ച് വിധി സുപ്രീംകോടതി റദ്ദാക്കിയിരിക്കുകയാണ്. ജസ്റ്റിസ് ആർ. എസ്. നരിമാൻ, നവീൻ സിൻഹ, കെ. എം. ജോസഫ് എന്നിവരടങ്ങിയ മൂന്നംഗ ബഞ്ചാണ് 12-1-2021-ന് ഈ സുപ്രധാന വിധി പുറപ്പെടുവിച്ചത്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവരുടെ ലാഭത്തിന്റെ മൂന്നിലൊന്ന് ആദായനികുതി നൽകണമെന്ന ആദായനികുതി വകുപ്പിന്റെ നിലപാടിൽ സുപ്രീംകോടതി വിധി സംഘങ്ങൾക്ക് അനുകൂലമായതോടെ കോടിക്കണക്കിന് രൂപയുടെ നികുതി ബാധ്യതയിൽനിന്ന് സംഘങ്ങൾക്ക് ആശ്വാസം ലഭിക്കുകയാണ്. സർക്കാർ നേതൃത്വത്തിൽ സഹകാരികളുടെ യോഗം വിളിച്ചുചേർക്കുകയും വിദഗ്ദ്ധരായ അഭിഭാഷകർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ എന്നിവരുമായി ചർച്ച ചെയ്യുകയും തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ നൽകുകയുമാണുണ്ടായത്. ദീർഘനാൾ നീണ്ട വാദ പ്രതിവാദങ്ങൾക്കൊടുവിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി പൂർണ്ണമായും തള്ളിക്കൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി ചരിത്രവിധി പ്രഖ്യാപിച്ചിരിക്കുന്നത്. വിധിയുടെ പ്രസക്തഭാഗങ്ങൾ:

1. കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങളെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായി കണക്കാക്കണം; ഇതിനായി കൂടുതൽ പരിശോധനകൾ ആദായ നികുതി വകുപ്പ് നടത്തേണ്ടതില്ല.

2. റിസർവ് ബാങ്കിന്റെ ലൈസൻസുള്ള സംഘങ്ങളെ മാത്രമേ കോ-ഓപ്പറേറ്റീവ് ബാങ്കായി കണക്കാക്കേണ്ടതുള്ളൂ.

3. കാർഷികവായ്പ, കാർഷികേതര വായ്പ എന്നീ വേർതിരിവുകളില്ലാതെ ഇളവ് ലഭ്യമാണ്.

4. ആദായനികുതി വകുപ്പ് പരിശോധിക്കേണ്ടത് ഒരേ ഒരു കാര്യമാണ്, ഈ വായ്പകൾ അംഗങ്ങൾക്കാണോ, അതോ പൊതുജനത്തിനാണോ നൽകിയിരിക്കുന്നതെന്ന്. നോമിനൽ മെമ്പർമാരെ മെമ്പർമാരായി കാണക്കാക്കണമെന്നും കോടതി ഉത്തരവിൽ കൂട്ടിച്ചേർത്തു.

5. സെക്ഷൻ 80 (P) സഹകരണ മേഖലയുടെ വളർച്ചയ്ക്ക് വേണ്ടിയുള്ള ഉദാരമതിയായ വകുപ്പാണെന്നും അത് വിശാല മനസ്സോടെയും വിവേകപൂർവ്വവും വ്യാഖ്യാനിക്കണമെന്നും കോടതി അഭിപ്രായപ്പെട്ടു. ഇനിയെന്തെങ്കിലും സംശയത്തിനുള്ള സാധ്യത ആ വകുപ്പിലുണ്ടെങ്കിൽ അത് സംഘത്തിന് അനുകൂലമായ രീതിയിലെടുക്കണമെന്നും കോടതി കൂട്ടിച്ചേർത്തു.

ഓരോ സാമ്പത്തിക വർഷത്തിലും സഹകരണസംഘത്തിന് അസസ്സ്മെന്റ് നടത്തി കോടികൾ നികുതിയടക്കണമെന്ന നോട്ടീസ് നൽകുകയും അപ്പീൽ നിലനിൽക്കുമ്പോൾത്തന്നെ നികുതി അടച്ചില്ലെന്ന കാരണം പറഞ്ഞ് അക്കൗണ്ട് മരവിപ്പിക്കുക, അക്കൗണ്ടിൽ നിന്നും തുക പിടിച്ചെടുക്കുക, പിഴ ചുമത്തി പ്രതികാരം ചെയ്യുക തുടങ്ങിയ ആദായനികുതി വകുപ്പിന്റെ പ്രവൃത്തികൾക്ക് ഇതോടെ അന്ത്യമായി. കേരളത്തിന്റെ സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസം നൽകുന്നതാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഈ സുപ്രധാനമായ വിധി.

ഈ സന്ദർഭത്തിൽ ഒരു കാര്യം നിയമസഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഏറെ ചർച്ച ചെയ്യപ്പെട്ട നമ്മുടെ അഭിമാന സഹകരണ സ്ഥാപനമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. അതിന് ഇന്ന് വീണ്ടും ഒരു ആഗോള അംഗീകാരം ലഭിച്ച വിവരം ബഹുമാനപ്പെട്ട സഭയെ ഞാൻ അറിയിക്കുകയാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ആഗോള സംഘടന, അന്തർദ്ദേശീയ സഹകരണ സംഘം (ഐ.സി.എ.) പുറത്തിറക്കിയ 2020-ലെ വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ റിപ്പോർട്ട് പ്രകാരം, ഇൻഡസ്ട്രി ആൻഡ് യൂട്ടിലിറ്റി സെക്ടർ സഹകരണ സംഘങ്ങളുടെ പട്ടികയിൽ ആഗോളാടിസ്ഥാനത്തിൽ യു.എൽ.സി.സി.എസ്. രണ്ടാം റാങ്കിന് അർഹത നേടിയ വിവരം വളരെ സന്തോഷത്തോടുകൂടി ഞാൻ സഭയെ അറിയിക്കുകയാണ്. ഒന്നാം സ്ഥാനം സ്പെയിനിനാണ്, രണ്ടാം സ്ഥാനം ഇന്ത്യക്കാണ്, മൂന്നാം സ്ഥാനം ഇറ്റലിക്കാണ്, ഈ രാജ്യങ്ങളിലെ സഹകരണ സംഘങ്ങൾക്കാണ് ലഭിച്ചത്. മൊത്തം 10 സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടികയിൽ ഇന്ത്യയിൽനിന്ന് യു.എൽ.സി.സി.എസ്. മാത്രമാണ് ഉണ്ടായിരുന്നത്. അങ്ങനെയുള്ള സ്ഥാപനമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

## (2) ഒ.ബി.സി. ആനുകൂല്യം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ചുതന്നെയാണ് ഞാനും പ്രതിപാദിക്കുന്നത്. അങ്ങയുടെ ശാസന വരുന്നതിനുമുമ്പ് ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാൻ ശ്രമിക്കാം. തങ്ങളുടേതല്ലാത്ത കാരണംകൊണ്ട് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയും തലമുറകളായി അക്ഷന്തവ്യമായ അവഗണനയും ദുരിതവും പേറാൻ വിധിക്കപ്പെടുകയും ചെയ്ത ഒരു ജനതയുടെ നൊമ്പരമാണ് ഈ ശ്രദ്ധക്ഷണക്കലിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. അവിഭക്ത കാസർഗോഡ് താലൂക്കിൽ (ഇന്നിപ്പോൾ കാസർഗോഡ് താലൂക്ക് രണ്ടായി വിഭജിച്ച് കാസർഗോഡും മഞ്ചേശ്വരവുമായി മാറി) അധിവസിക്കുന്ന കൊങ്കിണി ഭാഷ സംസാരിക്കുന്ന ക്രിസ്ത്യൻ വിഭാഗങ്ങളെയെല്ലാം റോമൻ കത്തോലിക്ക വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. റോമൻ കത്തോലിക്ക മുന്നോക്കജാതിയാണ്. പരമ്പരാഗതമായി ഇവർക്ക് നൽകിവരുന്ന ജാതി സർട്ടിഫിക്കറ്റ് മുന്നോക്കജാതിയെന്ന നിലയിലാണ്. കൊങ്കിണി ഭാഷ സംസാരിക്കുന്ന ലാറ്റിൻ കത്തോലിക്ക വിഭാഗത്തിന്റെ പള്ളികൾ ഇല്ലെന്നും കിർത്താഡ്സിന്റെ 1997-98-ലെ പ്രസിദ്ധീകരണത്തിൽ മലബാർ പ്രദേശത്തുനിന്നുള്ള മറ്റ് പിന്നോക്കവിഭാഗക്കാരുടെ ലിസ്റ്റിൽ കത്തോലിക്ക വിഭാഗങ്ങൾ ഉൾപ്പെടുന്നില്ലെന്നുമാണ് സർക്കാരിന്റെ നയം. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം: 1956-ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചപ്പോൾ കാസർഗോഡുള്ള കൊങ്കിണി മാതൃഭാഷക്കാരായിട്ടുള്ള ആളുകൾ മംഗലാപുരം രൂപതയുടെ കീഴിലായി. കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിൽ മംഗലാപുരം രൂപതയെ അംഗീകരിക്കുന്ന 12-ഓളം ചർച്ചുകളുണ്ട്. ഈ ചർച്ചുകളൊക്കെ നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്. മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിൽ ലാറ്റിൻ കാത്തലിക് വിഭാഗത്തിൽപ്പെട്ട പതിനെട്ടായിരത്തോളം ആളുകളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവരുടെ പൂർവ്വികരൊക്കെ നൂറ്റാണ്ടുകൾക്കുമുമ്പ് ഗോവയിൽനിന്നും കർണ്ണാടകയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമൊക്കെ വന്നവരായിരിക്കാം. എന്നാൽ കാസർഗോഡ്, മഞ്ചേശ്വരം താലൂക്കിന്റെ പല ഭാഗങ്ങളിലായി ജനിച്ചുവളർന്ന തലമുറ എന്തുതെറ്റാണ് ചെയ്തത്? മറ്റുള്ളവർക്ക് ലഭ്യമാകുന്ന ഒരു ആനുകൂല്യവും ഇവർക്ക് ലഭ്യമാകുന്നില്ല. ജീവിത സൗഭാഗ്യങ്ങളുടെ മുഖത്തുനോക്കാൻ തരപ്പെടാതെ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്നവരാണിവർ. ഇവരുടെ മക്കൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭിക്കുന്നില്ല. അവരൊക്കെ ജീവിക്കുന്നത് പലതരത്തിലുള്ള തൊഴിലെടുത്താണ്. വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ച

വിഭാഗങ്ങളല്ല, സാധാരണ കൂലിപ്പണിയെടുത്തും ഓട്ടോറിക്ഷ ഓടിച്ചുമൊക്കെ ജീവിക്കുന്നവരാണ്. അവരുടെ മക്കളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പോലും ചേർത്ത് പഠിപ്പിക്കാനുള്ള സൗകര്യം ഇല്ലാത്ത ഒരവസ്ഥയാണ്. ബഹുമാനപ്പെട്ട പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രി ഇവിടെയില്ല, അദ്ദേഹത്തിനുവേണ്ടി ടൂറിസം വകുപ്പുമന്ത്രിയായിരിക്കും ഉത്തരം പറയുകയെന്ന് ഞാൻ വിചാരിക്കുന്നു. ഈ വിഭാഗത്തിന് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാനുള്ള ഒരവസരം ഉണ്ടാക്കിക്കൊടുക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ എല്ലാ ജില്ലകളിലെയും ലാറ്റിൻ കത്തോലിക്ക വിഭാഗത്തിലെ എല്ലായാളുകൾക്കും ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ ഞാൻ നേരത്തെ സൂചിപ്പിച്ച കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകൾ ഒഴികെയുള്ള കാസർഗോഡ് ജില്ലയിലെ ലാറ്റിൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ടയാളുകൾക്കും ഇത്തരത്തിലുള്ള ആളുകൾ മറ്റെവിടെയെങ്കിലും താമസിക്കുന്നുണ്ടെങ്കിൽ അവർക്കും ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ഈ വിഷയത്തിലുള്ളത് ഒരു സാങ്കേതികത്വം മാത്രമാണെന്നാണ് ഞാൻ മനസിലാക്കുന്നത്. സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുണ്ടായാൽ ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കാനും നൂറ്റാണ്ടുകളായി ഈ വിഭാഗം അനുഭവിക്കുന്ന ദുരിതത്തിന് ഒരറുതിവരുത്താനും നമുക്ക് സാധിക്കും. വളരെപ്പെട്ടെന്നുതന്നെ ഈ കാര്യത്തിൽ ഫലപ്രദമായ ഒരു നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കാസർഗോഡ് ജില്ലയിലെ കൊങ്കിണി ഭാഷ സംസാരിക്കുന്ന കത്തോലിക്ക ക്രിസ്ത്യൻ വിഭാഗത്തിന് ഒ.ബി.സി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട കാസർഗോഡ് എം.എൽ.എ. ആവശ്യപ്പെട്ടിരിക്കുന്നത്. കൊങ്കിണി ലത്തീൻ കത്തോലിക്ക എന്നൊരു പേരിൽ സംസ്ഥാനത്തേയോ, കേന്ദ്രത്തിലെയോ മറ്റുപിന്നോക്ക വിഭാഗ പട്ടികയിൽ ഒരു സമുദായത്തെ രേഖപ്പെടുത്തിയിട്ടില്ല. ലത്തീൻ കത്തോലിക്ക വിഭാഗം സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ക്രമനമ്പർ 42 ആയും കേന്ദ്ര ഒ.ബി.സി. ലിസ്റ്റിൽ ക്രമനമ്പർ 37-ആയും ഉൾപ്പെട്ടിട്ടുണ്ട്. മേപ്പടി സമുദായത്തിന് കേന്ദ്രത്തിലും സംസ്ഥാനത്തിലും വിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനും സംവരണവും ലഭിക്കുന്നുണ്ട്. 4-11-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം ലത്തീൻ കാത്തോലിക്ക വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ആയതുപ്രകാരം 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക വിശ്വാസികളായിച്ചേർന്നവർക്കും

അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളൂ. 4-11-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷകന്റെ സ്കൂൾ രേഖകളിൽ ചേർത്തിട്ടുള്ള ജാതിയോ/ഉപജാതിയോ, അതായത് ലത്തീൻ കത്തോലിക്ക (ഈഴവ), ലത്തീൻ കത്തോലിക്ക (മുക്കുവ), ലത്തീൻ കത്തോലിക്ക (നാടാർ) എന്നിങ്ങനെ എന്തുതന്നെയായിരുന്നാലും റവന്യൂ ഉദ്യോഗസ്ഥർ ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടത് ലത്തീൻ കത്തോലിക്ക എന്നുമാത്രമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കൊങ്കിണി ഭാഷ സംസാരിക്കുന്ന ലത്തീൻ കത്തോലിക്ക വിഭാഗക്കാർക്ക് ലത്തീൻ കത്തോലിക്ക ജാതിസർട്ടിഫിക്കറ്റ് നൽകണമെന്ന ഒരു ഹർജി നിലവിൽ കേരള സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിലെ കൊങ്കിണി ഭാഷ സംസാരിക്കുന്ന ലത്തീൻ കത്തോലിക്ക വിഭാഗക്കാർ സംസ്ഥാനത്തെ യഥാർത്ഥ ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപ്പെടുന്നവരാണെന്ന് റവന്യൂ അധികാരികൾക്ക് ബോദ്ധ്യപ്പെടുന്നപക്ഷം ഇവരുടെ മാതൃഭാഷയോ ദ്രുപതയോ പരിഗണിക്കാതെതന്നെ അവർക്ക് ജാതിസർട്ടിഫിക്കറ്റ് അനുവദിക്കാവുന്ന താണെന്ന അഭിപ്രായം പിന്നോക്കവിഭാഗ വികസന വകുപ്പ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കമ്മീഷനാണ്, വളരെപ്പെട്ടെന്നുതന്നെ കമ്മീഷൻ തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ആ തീരുമാനം ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ സർക്കാർ ഉചിതമായ തീരുമാനം സ്വീകരിക്കും.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കൊങ്കിണി ക്രിസ്ത്യൻസ് എന്നൊരു വിഭാഗമില്ലെന്നാണ് ഞാൻ മനസിലാക്കുന്നത്. അവർ സംസാരിക്കുന്ന ഭാഷ കൊങ്കിണിയായതുകൊണ്ട് കൊങ്കിണി ക്രിസ്ത്യൻസ് എന്ന് അവരെ വിളിക്കാൻ സാധിക്കില്ല, അവർ ലാറ്റിൻ ക്രിസ്ത്യൻസ് തന്നെയാണ്. ഏതു സമുദായത്തിൽപ്പെട്ട ആളുകളായാലും വിവിധ ഭാഷകൾ സംസാരിക്കുന്നുണ്ടാകാം. ആ ഭാഷയുടെ അടിസ്ഥാനത്തിൽ ഇന്ന സമുദായമാണെന്ന് നിർണ്ണയിക്കാൻ നമുക്ക് സാധിക്കില്ല. കൊങ്കിണി ഭാഷ സംസാരിക്കുന്ന ആളുകളായിപ്പോയി എന്നതുകൊണ്ട് കൊങ്കിണി ക്രിസ്ത്യൻസ് എന്ന് പറയാൻ കഴിയില്ല. അതുകൊണ്ട് ലാറ്റിൻ ക്രിസ്ത്യൻസിന് നമ്മുടെ സംസ്ഥാനത്ത് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും മേൽപ്പറഞ്ഞ കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലെ കൊങ്കിണി മാതൃഭാഷയായിട്ടുള്ള ലാറ്റിൻ ക്രിസ്ത്യൻ സമുദായത്തിലെ ആളുകൾക്കും ലഭ്യമാക്കേണ്ടത് അനിവാര്യമാണ്, അത് അവരുടെ അവകാശവുമാണ്. കൊങ്കിണി അവരുടെ മാതൃഭാഷയായിപ്പോയിഎന്നത് അവരുടെ തെറ്റല്ലല്ലോ. കിർത്താഡ്സാണ് (Kerala Institute for Research Training and Development Studies of Scheduled Caste and Scheduled Tribes) ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തി റിപ്പോർട്ട്

സമർപ്പിക്കുന്നത്. അവർ നൽകിയ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ അനോമലി വന്നിട്ടുള്ളത്. ആ റിപ്പോർട്ട് തിരുത്തപ്പെടേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത് കോടതിയിൽ ഇതുസംബന്ധിച്ച് കേസുകളെന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആ കേസിൽ സർക്കാരിന്റെ നിലപാടെന്താണ്; കേസിൽ അനുകൂലമായ വിധി ഉണ്ടാക്കുന്നതിനായി സർക്കാരിന്റെ ഇടപെടലുണ്ടാകുമോ?

3.00 P.M.]

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഇവിടെ ഭാഷയുടെ പ്രശ്നമല്ല. 1947-ന് മുമ്പ് (സ്വാതന്ത്ര്യത്തിന് മുമ്പ്) ലത്തീൻ കത്തോലിക്കാവിഭാഗത്തിൽ ചേർന്നവർക്കും അവരുടെ പിൻതലമുറക്കാർക്കും ലത്തീൻ കത്തോലിക്കാ വിഭാഗത്തിനുള്ള സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഇപ്പോൾ വ്യവസ്ഥയുണ്ട്. ഇതോടൊപ്പം ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും ആ വ്യക്തിയുടെ പിതാവും ലത്തീൻ കത്തോലിക്ക സമുദായംഗങ്ങളായിരുന്നുവെന്ന് ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റും ലത്തീൻ കത്തോലിക്ക സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച റവന്യൂ അധികാരികളുടെ അന്വേഷണ സഹായകമായ ഒരു രേഖയായി പരിഗണിക്കണമെന്ന് ഗവൺമെന്റ് ഒരു ഉത്തരവിൽത്തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചോദിച്ച ഒരു ചോദ്യമുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ തഹസീൽദാർമാർ കൊങ്കിണി ഭാഷ സംസാരിക്കുന്ന ലത്തീൻ കത്തോലിക്കാ വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നില്ലെന്ന വിഷയം ശ്രീ. രാജു സ്റ്റീഫൻ ഡിസൂസ, വിനോദ് ക്രസ്റ്റ, ഷിനി ഡിസൂസ എന്നിവർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WPC No.30464/20-18 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിൽ സർക്കാർ 29-11-2019-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിച്ചിട്ടുണ്ട്. ലത്തീൻ കത്തോലിക്കാ വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വ്യക്തമായി ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഭാഷയുടെയോ രൂപതയുടെയോ പേരിൽ ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കാൻ പാടില്ലെന്നും അപേക്ഷകർ ഹാജരാക്കുന്ന രേഖകളുടെയും വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുതന്നെയാണ് സർക്കാർ ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

മി. ചെയർമാൻ: ഇന്ന് പതിനഞ്ച് സബ്മിഷനുകൾ ഉണ്ട്. അതുകൊണ്ട് വളരെ ചുരുങ്ങിയ സമയംകൊണ്ട് അംഗങ്ങൾ സബ്മിഷനുകൾ അവതരിപ്പിക്കണം, മന്ത്രിമാരും മറുപടികൾ മേശപ്പുറത്ത് വയ്ക്കുക.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

## VI. സബ്മിഷൻ

### (1) എം. മാധവൻ നമ്പ്യാർ സമിതി റിപ്പോർട്ട്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കോവിഡിന്റെ മറവിൽ കേരളം കണ്ട ഏറ്റവും വലിയ അഴിമതിയായിരുന്നു സ്പ്രിംഗ്ലർ അഴിമതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇല്ല, ശ്രീ. ഇ. പി. ജയരാജൻ ഇക്കാര്യത്തിൽ എന്ത് മറുപടി പറയാനാണ്. കേരളത്തെ പിടിച്ചുകുലുക്കിയ ഒരു സംഭവമായിരുന്നു അത്. കേന്ദ്ര സി.പി.ഐ.(എം.) നേതൃത്വംപോലും അംഗീകരിക്കാത്തൊരു നിലപാടാണ് സംസ്ഥാന മുഖ്യമന്ത്രിയും ഐ.ടി. വകുപ്പും കൈക്കൊണ്ടത്. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന എം. ശിവശങ്കറിന്റെ നേതൃത്വത്തിൽ കേരളത്തിലെ കോവിഡ് രോഗികളുടെ ആരോഗ്യ വിവരങ്ങൾ അമേരിക്കൻ കമ്പനിയായ സ്പ്രിംഗ്ലറിന് നൽകിക്കൊണ്ടുള്ള നഗ്നമായ തട്ടിപ്പ് കേരളം കണ്ടതാണ്. വാസ്തവത്തിൽ ഇതിന് മറുപടി പറയേണ്ടത് മുഖ്യമന്ത്രിയാണ്. ഞാൻ ശ്രീ. ഇ. പി. ജയരാജനെ കുറ്റപ്പെടുത്തുകയല്ല, അദ്ദേഹത്തിന് ഇതിന്റെ വിശദാംശങ്ങൾ അറിയില്ല, എഴുതികൊടുക്കുന്നത് വായിക്കുന്നു എന്നുള്ളതേയുള്ളൂ. പക്ഷെ കേരളവും ഇന്ത്യയും ഏറ്റവും കൂടുതൽ ചർച്ച ചെയ്ത ഒരു വിഷയമാണ് സ്പ്രിംഗ്ലറുമായി ബന്ധപ്പെട്ട കാര്യങ്ങൾ. ഇന്ന് ലോകത്ത് ഏറ്റവും വലിയ കാര്യം, ഡാറ്റയാണ്. ഡാറ്റയ്ക്ക് ഓയിലിനേക്കാളും വിലയാണ്. ഡാറ്റ കൈവശമുള്ളവനാണ് ഏറ്റവും കരുത്തനായ വ്യക്തിയെന്നാണ് പറയപ്പെടുന്നത്. കേരളത്തിലെ രണ്ട് ലക്ഷത്തോളം ആളുകളുടെ ആരോഗ്യവിവരങ്ങൾ ഇന്ന് അമേരിക്കൻ കുത്തക കമ്പനിയായ സ്പ്രിംഗ്ലറുടെ കയ്യിൽ പോയിരിക്കുന്നു. മുഖ്യമന്ത്രി പറഞ്ഞതെന്താണ്? പാവപ്പെട്ട എൻ.ആർ.ഐ. സ്വന്തം അച്ഛനെയും അമ്മയെയും സംരക്ഷിക്കാൻ വേണ്ടി കേരള ഗവൺമെന്റ് എടുക്കുന്ന നടപടിയിൽ സന്തോഷിച്ച് അവരുടെ സേവനവും പ്ലാറ്റ്ഫോമും സോഫ്റ്റ്വെയറും നമുക്കുവേണ്ടി തരാമെന്നുപറഞ്ഞതിൽ എന്ത് തെറ്റാണെന്നാണ് ചോദിച്ചത്. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി കേരളത്തിലെ മുഴുവൻ ചാനലുകളായ ചാനലുകളിൽനടന്ന് ഇതിനെ ന്യായീകരിച്ചു. സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മിറ്റി അംഗമാണ് ശ്രീ. ഇ. പി. ജയരാജൻ. അദ്ദേഹം കൂടി പങ്കെടുത്ത പാർട്ടി കോൺഗ്രസിൽവച്ചാണ് ഡാറ്റ പ്രൊട്ടക്ഷനെ സംബന്ധിച്ച് വ്യക്തമായ നിലപാടെടുക്കുകയും അവരുടെ മാനിഫെസ്റ്റോയിൽ

എഴുതിച്ചേർക്കുകയും ചെയ്തത്. പാർട്ടിയുടെ നിലപാടിന് വിരുദ്ധമായി ക്യാബിനറ്റോ എൽ.ഡി.എഫ്.-ഓ അറിയാതെ, കേരളത്തിലെ കോവിഡ് രോഗികളുടെ ആരോഗ്യവിവരങ്ങൾ ഒരു അമേരിക്കൻ കമ്പനിക്ക് ചോർത്തിക്കൊടുത്ത തെറ്റായ നടപടിയാണ് കേരളം കണ്ടത്. അന്ന് ഞങ്ങൾ ഈ പ്രശ്നങ്ങൾ ഉന്നയിച്ചപ്പോൾ ഞങ്ങളെ പരിഹസിച്ചു. നിങ്ങൾ കാര്യങ്ങൾ അറിയാതെയാണ് പറയുന്നതെന്ന് പറഞ്ഞ് ഞങ്ങളെ ആക്ഷേപിച്ചു. സ്പ്രിംഗ്ലറുമായി ബന്ധപ്പെട്ട അഴിമതികളുടെ ഓരോ ചുരുളുകളും അഴിഞ്ഞതാണ് പിന്നീട് കേരളം കണ്ടത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇപ്പോഴും ഞാൻ കൊടുത്ത കേസ് നിലനിൽക്കുന്നു. കോടതി വ്യക്തമായ നിർദ്ദേശങ്ങൾ നൽകി. സ്പ്രിംഗ്ലറില്ലാതെ കോവിഡിനെ നേരിടാനോ പ്രതിരോധിക്കാനോ കഴിയില്ലെന്നാണ് ഗവൺമെന്റ് അന്ന് പറഞ്ഞത്. ആ ഒരേയൊരു ആർഗ്യുമെന്റിന്റെ പേരിൽ അന്ന് അത് തുടരാൻ അനുവാദം കൊടുത്തു. അവരുടെ കയ്യിലേയ്ക്ക് ഒന്നരലക്ഷത്തോളം ആളുകളുടെ ഡാറ്റ പോയി. എഴുപതിനായിരം ഇന്ത്യൻ റുപ്പിയാണ് ഒരു ആരോഗ്യ ഡാറ്റയ്ക്ക് അമേരിക്കയിലെ വില. ലണ്ടനിൽ അതിനേക്കാൾ കൂടും. ഈ ആരോഗ്യവിവരങ്ങൾ മുഴുവൻ അവരുടെ കയ്യിലേക്ക് പോയശേഷം അവരത് എന്തുചെയ്തുവെന്നുപോലും ചോദിക്കാൻ ആളില്ലാത്ത അവസ്ഥയാണ്. ആ സന്ദർഭത്തിൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി കേന്ദ്രഗവൺമെന്റിന്റെ മുൻ ഐ.ടി. സെക്രട്ടറി എം. മാധവൻ നമ്പ്യാർ ചെയർമാനായി കമ്മിറ്റി വച്ചു. ആ കമ്മിറ്റി രണ്ടുമാസക്കാലം പഠിച്ചില്ല. മാധ്യമങ്ങളും പ്രതിപക്ഷവും ഈ വിവരം ഉന്നയിച്ചപ്പോഴാണ് അദ്ദേഹം വന്ന് പഠനം നടത്തിയത്. ആ റിപ്പോർട്ടിന്റെ കോപ്പി ആവശ്യപ്പെട്ട് ഇതുവരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്ത് നൽകിയിട്ടില്ല. വിവരാവകാശ നിയമപ്രകാരം ഞങ്ങൾ ആ കോപ്പി എടുത്തു. കോവിഡ് വിവരശേഖരണത്തിൽ സ്പ്രിംഗ്ലർ കമ്പനിയെ നിയോഗിച്ചതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ച മുൻ വ്യോമയാന സെക്രട്ടറി എം. മാധവൻ നമ്പ്യാർ കമ്മിറ്റി റിപ്പോർട്ട് ഇപ്പോൾ ലഭ്യമായിട്ടുണ്ട്. സ്പ്രിംഗ്ലർ കമ്പനിയുമായി സംസ്ഥാന സർക്കാർ ഒപ്പിട്ട കരാറിലെ പല വ്യവസ്ഥകളും സംസ്ഥാന താൽപ്പര്യത്തിന് അനുകൂലമല്ലെന്നും നടപടിക്രമങ്ങളിൽ ഗുരുതരമായ വീഴ്ചയുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു. കോവിഡ് വിവരശേഖരണത്തിനായി സ്പ്രിംഗ്ലർ കമ്പനിയെ നിയോഗിച്ചപ്പോൾ, പ്രതിപക്ഷം അന്നുന്നയിച്ച എല്ലാ വീഴ്ചകളും അക്ഷരാർത്ഥത്തിൽ എം. മാധവൻ നമ്പ്യാർ കമ്മിറ്റി റിപ്പോർട്ട് ശരിവയ്ക്കുന്നതാണെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. ഒന്നും വസ്തുതാപരമല്ലെന്ന് അതിനുശേഷവും സർക്കാർ പറഞ്ഞുകൊണ്ടിരുന്നു. ഐ.ടി. വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിപോലും അറിയാതെ സ്പ്രിംഗ്ലർ കമ്പനിയുമായി കരാർ ഒപ്പിട്ടുവെന്ന കമ്മിറ്റിയുടെ കണ്ടെത്തൽ ഞെട്ടിക്കുന്നതാണ്. സ്വന്തം വകുപ്പിൽ ഇത്രയും

പ്രധാനപ്പെട്ട എഗ്രിമെന്റുണ്ടായിട്ട് അറിയാത്ത മുഖ്യമന്ത്രിക്ക് ഈ സ്ഥാനത്ത് തുടരാൻ എന്തെങ്കിലും അർഹതയുണ്ടോ? വകുപ്പിൽ നടക്കുന്നത് എന്താണെന്നറിയുന്നില്ല. സി.പി.ഐ.-യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രന്റെ ഓഫീസിൽ എം. ശിവശങ്കരനോട് വിശദീകരിക്കാൻ പറഞ്ഞു. അദ്ദേഹം അവിടെ പോയി സംസാരിച്ചശേഷം പുറത്തുവന്നപ്പോൾ ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത്, എല്ലാവർക്കുമറിയാം എന്നാണ്. എല്ലാ ഓഫീസുകളിലും കയറിയിറങ്ങിനടന്ന് വിശദീകരിക്കാൻ ശ്രമിച്ചു. ഈ കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിച്ച സി.പി.ഐ.-യെ ഞാൻ അഭിനന്ദിക്കുന്നു. അവർ അവസാനംവരെ വെള്ളം ചേർത്തില്ല. ശ്രീ. കാനം രാജേന്ദ്രനെ ഞാൻ അക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. പാർട്ടിയുടെ പ്രഖ്യാപിതമായ നയങ്ങളിൽ ഉറച്ചുനിന്നു. കേരളത്തിന്റെ മുഖ്യമന്ത്രി, ഇന്ത്യയിലെ ഏക കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയൻ സ്വന്തം പാർട്ടി കോൺഗ്രസ് എടുത്ത നടപടിയിൽ വെള്ളം ചേർത്തതിന്, നാളെ ചരിത്രത്തോട് മാപ്പ് പറയേണ്ട സംഭവമായി ഇത് മാറുകയാണ്. ഇതുസംബന്ധിച്ച് നിയമ വകുപ്പുമായി ആലോചിച്ചില്ല.

മി. ചെയർമാൻ: സമയം ഞാൻ ഓർമ്മിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ നിർത്തുകയാണ്. ഇക്കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ചില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറി പറഞ്ഞത്, ഞങ്ങളോട് ചോദിച്ചില്ല, ഞങ്ങൾ അറിഞ്ഞില്ല എന്നാണ്. ആരോട് ചോദിച്ചുകൊണ്ടാണ് ചെയ്തത്? ഏകപക്ഷീയമായി, സർക്കാർ നടപടിക്രമങ്ങൾ മുഴുവൻ കാറ്റിൽപ്പറത്തിക്കൊണ്ട് ചെയ്തതാണ്. അന്ന് ഐ.ടി. സെക്രട്ടറിയായിരുന്ന എം. ശിവശങ്കർ ഇന്ന് ജയിലിൽ കിടക്കുന്നു. ഇന്ന് അദ്ദേഹത്തെ വീണ്ടും അറസ്റ്റുചെയ്തു. ആ വ്യക്തി ചെയ്ത തെറ്റുകൾ മുഖ്യമന്ത്രി എന്തുകൊണ്ട് കണ്ടില്ല; എന്തുകൊണ്ട് അന്വേഷിച്ചില്ല. എന്നിട്ടും മുഖ്യമന്ത്രി പത്രസമ്മേളനങ്ങളിൽ ന്യായീകരിക്കുന്ന നടപടിയാണ് തുടർന്നത്. ഈ കരാറിലെ നിബന്ധനകൾ പലതും സംസ്ഥാന താൽപ്പര്യങ്ങൾക്ക് എതിരായിരുന്നു. കരാർ തയ്യാറാക്കിയവർക്ക് സാങ്കേതികമായോ നിയമപരമായോ വൈദഗ്ദ്ധ്യമുണ്ടായിരുന്നില്ല. പ്ലാറ്റ്ഫോമിന്റെ ശേഷിയോ സുരക്ഷയോ പരിശോധിച്ചില്ല. സ്പ്രിംഗ്ലറിന്റെ കൈവശമെത്തിയ ഡാറ്റ ദുരുപയോഗം; ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു, ഇത് മറയ്ക്കണം, കവർചെയ്യണം, പൂർണ്ണമായും ഇല്ലാതാക്കണമെന്ന്. ഡാറ്റ കയ്യിൽ കിട്ടി രണ്ടുമൂന്ന് മാസം കഴിഞ്ഞ് പറഞ്ഞിട്ട് എന്തുകാര്യം? അതൊക്കെ ട്രാൻസ്ഫർ ചെയ്തുപോയിട്ട് എത്രയോ നാളായി. വഞ്ചന കേസിൽ പ്രതിയായിരിക്കുന്ന ഈ അമേരിക്കൻ മുതലാളിത്ത കമ്പനിയുമായി നടത്തിയ ഇടപാടുകൾ കണ്ടെത്തിയ എം. മാധവൻ

നമ്പ്യാർ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടുന്നില്ല. ഇപ്പോൾ വേറൊരു കമ്മിറ്റിയെ വച്ചിരിക്കുകയാണ്. ഞാൻ ആദ്യമായി കേൾക്കുകയാണ്. ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞപ്പോൾ അതുപഠിക്കാൻവേണ്ടി വീണ്ടും ഒരു കമ്മിറ്റിയെ വച്ചിരിക്കുകയാണ്. അതിന്റെ അർത്ഥം, സർക്കാരിനെ വെള്ള പൂശാനുള്ള റിപ്പോർട്ട് കിട്ടുന്നതുവരെ ശ്രീ. പിണറായി വിജയൻ വീണ്ടും വീണ്ടും കമ്മിറ്റിയെ നിയോഗിച്ചുകൊണ്ടിരിക്കുമെന്നുള്ളതാണ്. അതുകൊണ്ട് ഈ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടണം. ഡാറ്റ ചോർച്ചയെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നു. ഞാൻ ശ്രീ. ഇ. പി. ജയരാജനെ ഒരു കുറ്റവും പറയുന്നില്ല. അദ്ദേഹത്തിന് ഇതൊന്നും അറിയില്ല, കാരണം ഇത് അദ്ദേഹത്തിന്റെ വകുപ്പല്ല. അതുകൊണ്ട് പറഞ്ഞതാണ്. വ്യവസായത്തെപ്പറ്റി ചോദിച്ചാൽ അങ്ങ് പറയുമെന്ന് എനിക്കറിയാം. രാവിലെ അങ്ങ് മറുപടി പറഞ്ഞല്ലോ. പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഉണ്ടാകേണ്ടതായിരുന്നു. പ്രധാനപ്പെട്ട ഒരു കാര്യമാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന നേതൃത്വവും കേന്ദ്രനേതൃത്വവും പറഞ്ഞത് ഞങ്ങൾ കോവിഡ് കഴിഞ്ഞ് ഇതിനെപ്പറ്റി ആലോചിക്കുമെന്നാണ്. ഇത്രയും ഗുരുതരമായ തെറ്റ്, കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ ആരോഗ്യവിവരങ്ങൾ വിറ്റ് കാശാക്കാൻ അമേരിക്കൻ കുത്തക മുതലാളിത്ത കമ്പനിക്ക് കൂട്ടുനിന്ന ഈ നടപടി പൂർണ്ണമായും അന്വേഷിക്കപ്പെടണമെങ്കിൽ വേറൊരു കമ്മിറ്റിയെ അല്ല വയ്ക്കേണ്ടത്. ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ഞാൻ അങ്ങയിലൂടെ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഈ സഭയിൽ ഏതാണ്ട് ഒരു ഡസൺ പ്രാവശ്യമെങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയം സംബന്ധിച്ച് പ്രസംഗിച്ചിട്ടുണ്ട്. ഇത് ആദ്യമായി നടത്തുന്ന പ്രസംഗമേ അല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് വാക്കൗട്ട് നടത്തിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പുതുമയുള്ള വിഷയമല്ല ഇവിടെ പറഞ്ഞിട്ടുള്ളത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവരശേഖരണത്തിനും വിശകലനത്തിനുമായി 2020 ഏപ്രിൽ 2-ന് ഐ.ടി. വകുപ്പ് സ്പ്രിംഗ്ലർ കമ്പനിയുമായി പർച്ചേസ് ഓർഡർ ഒപ്പുവച്ചിരുന്നു. ആറ് മാസത്തേയ്ക്ക് സൗജന്യ സേവനം ലഭ്യമാക്കുമെന്നാണ് സ്പ്രിംഗ്ലർ കമ്പനി അറിയിച്ചത്. സ്പ്രിംഗ്ലർ കമ്പനിയെ നിയോഗിച്ചതുമായി ബന്ധപ്പെട്ട് ചില വിഷയങ്ങളൊക്കെ ഉയർന്നുവന്നു. പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പറഞ്ഞതുപോലെ, നിങ്ങൾ ഉൾപ്പെടെ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. എം. മാധവൻ നമ്പ്യാർ ചെയർമാനായ രണ്ടംഗ

സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. വ്യക്തികളുടെ സ്വകാര്യതയുടെ സംരക്ഷണം ഉറപ്പ് വരുത്തിയിരുന്നോ, പ്രസ്തുത കമ്പനിയെ നിയോഗിച്ചപ്പോൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചിരുന്നോ, നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായെങ്കിൽ അസാധാരണ സ്ഥിതിവിശേഷത്തിൽ ഇത് ന്യായീകരിക്കാവുന്നതാണോ, ഇതുസംബന്ധിച്ച് ഭാവിയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയായിരിക്കണം എന്നീ വിഷയങ്ങൾ അപഗ്രഥിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് എം. മാധവൻ നമ്പ്യാർ കമ്മിറ്റിയെ നിയോഗിച്ചത്. 2020 ഏപ്രിൽ മൂന്നാമത്തെ ആഴ്ച കേരളത്തിൽ ഒരു അസാധാരണ സാഹചര്യം നിലവിലുണ്ടായിരുന്നു. കോവിഡ്-19-ന്റെ വ്യാപനം അപകടകരമായ നിലയിലേയ്ക്ക് എത്തിയിരുന്നു. കേരളത്തിൽ കോവിഡ് രോഗികളുടെ എണ്ണം 1.25 കോടിയും 90 ലക്ഷം പേർ രോഗലക്ഷണമുള്ളവരാകും എന്നുമായിരുന്നു അനുമാനം. അന്താരാഷ്ട്രതലത്തിൽ ആരോഗ്യ സംവിധാനങ്ങളുടെ മേൽ വലിയ സമ്മർദ്ദം രൂപപ്പെട്ടുവന്ന കാലഘട്ടമായിരുന്നു അത്. അസാധാരണമായ ഈ സാഹചര്യത്തെ സങ്കീർണ്ണമാക്കിയ മറ്റൊരു വിഷയം കേരളത്തിലെ ജനസംഖ്യയിൽ അൻപത് ലക്ഷത്തിലധികം പേർ അറുപത് വയസ്സിന് മുകളിലുള്ളവരാണെന്നതായിരുന്നു. കോവിഡിന്റെ ആക്രമണം ഏറ്റവും വേഗത്തിൽ അവരിലേയ്ക്കാണ് കടന്നുവരുന്നത്. അറുപത് വയസിന് മേൽ പ്രായമുള്ളവർ മറ്റ് രോഗമുള്ളവരുമാണ്. ഇത്തരം രോഗങ്ങൾ ഈ കോവിഡ് കാലത്ത് മൂർച്ഛിക്കാനിടയാകും. എം. മാധവൻ നമ്പ്യാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ പരിഗണനാ വിഷയങ്ങളിൽപ്പെട്ട കാര്യങ്ങളെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെട്ടിരുന്നില്ല. അത് കണ്ടതിനെത്തുടർന്ന് ഈ കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. കെ. ശശിധരൻ നായർ അദ്ധ്യക്ഷനും ഹൈദ്രാബാദ് ജവഹർലാൽ നെഹ്റു ടെക്നോളജി യൂണിവേഴ്സിറ്റിക്ക് കീഴിലെ എഞ്ചിനീയറിംഗ് കോളേജിലെ മുൻ പ്രിൻസിപ്പാൾ ഡോ. എ. വിനയബാബു, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിലെ പ്രൊഫസർ ഡോ. സുമേഷ് ദിവാകരൻ എന്നീ നിയമ-സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെട്ടതുമായ മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം നടന്നുവരികയാണ്. ഈ അവസരത്തിൽ അന്തിമ നിഗമനങ്ങളിൽ എത്തിച്ചേരുന്നത് അനുചിതമാണ്. ഈ വിവരങ്ങളൊക്കെ ലഭിച്ചുകഴിഞ്ഞാൽ നമുക്ക് ഇതുസംബന്ധിച്ച് ഒരു നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കും. വിവരസാങ്കേതിക സുരക്ഷിതത്വത്തിന് സംസ്ഥാന സർക്കാർ പരമ പ്രാധാന്യം നൽകുന്നുണ്ട്. സ്പ്രിംഗ്ലർ കമ്പനിയുടെ ആമസോൺ വെബ്സെർവറിൽ ശേഖരിച്ച വിവരസഞ്ചയത്തിന്റെ സുരക്ഷ അംഗീകൃത ഓഡിറ്റിംഗ് ഏജൻസിയുടെ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ട്. പിന്നീട് ഡാറ്റാ സംസ്ഥാന സർക്കാരിന്റെ വെബ്സൈറ്റിലേയ്ക്ക് മാറ്റിയിട്ടുണ്ട്. മൂന്നംഗ സമിതിയുടെ ശിപാർശകൾ ലഭ്യമായശേഷം ആവശ്യമായ നടപടികൾ

സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഈ പ്രശ്നങ്ങളിൽ ഒരു തരത്തിലുള്ള തെറ്റായ നിലപാടുകളും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ആ കാലഘട്ടത്തിന്റെ പ്രത്യേകതകൂടി മനസ്സിലാക്കിക്കൊണ്ടുള്ള ഒരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. സ്പ്രിംഗ്ലർ കമ്പനിയുമായുള്ള ഐ.ടി. വകുപ്പിന്റെ പർച്ചേസിംഗ് ഓർഡറിനെ സംബന്ധിച്ചുള്ള ഹർജികൾ ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എനിക്ക് അറിയേണ്ട ഒരു വിവരം, ഒരു കമ്മിറ്റിയെ നിയോഗിക്കുക, ആ കമ്മിറ്റി ഗവൺമെന്റിന് റിപ്പോർട്ട് നൽകുക; അതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്, ഞാനാണ് വിവരാവകാശ നിയമപ്രകാരം എടുത്തത്. മുഴുവൻ കാര്യങ്ങളും അതിൽ വ്യക്തമായി പറയുന്നുണ്ട്. അതിന് പുറത്ത് വേറൊരു കമ്മിറ്റി വയ്ക്കുന്നതിന്റെ സാംഗത്യം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കേന്ദ്ര ഗവൺമെന്റിൽ ഐ.ടി. സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ. എം. മാധവൻ നമ്പ്യാരെ അങ്ങേയ്ക്കും എനിക്കും അറിയാമല്ലോ. മറ്റൊരു ഐ.ടി. വിദഗ്ദ്ധന്റെ പേര് ഞാൻ വിട്ടുപോയി. അവരുടെ നേതൃത്വത്തിൽ ആ റിപ്പോർട്ട് കിട്ടിയ ശേഷം വീണ്ടും ഒരു കമ്മിറ്റിയെ വയ്ക്കുന്നതിൽ എന്ത് സാംഗത്യമാണുള്ളത്? ആദ്യമേ തന്നെ ടെക്നിക്കൽ കമ്മിറ്റിയെക്കൂടി നിയോഗിച്ചാൽ പോരായിരുന്നോ; ഇവരെ ഒരുമിച്ച് വച്ചാൽ പോരായിരുന്നോ? ഇത് ബോധപൂർവ്വം സർക്കാരിനെ വെള്ളപൂശാൻ വേണ്ടി, ഒരു റിപ്പോർട്ട് കിട്ടാൻവേണ്ടിയുള്ള ഉദ്യമമാണെന്ന് സംശയിച്ചാൽ കുറ്റപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ശ്രീ. എം. മാധവൻ നമ്പ്യാർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പരിഗണനാ വിഷയങ്ങളെക്കുറിച്ച് വ്യക്തമായിട്ടുള്ള ഒരു നിർദ്ദേശങ്ങളും ഉൾപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ച് ഒരു കമ്മിറ്റിയെ വച്ച് പരിശോധിക്കേണ്ട ആവശ്യകത വരികയാണ്. ആ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ഗവൺമെന്റിന് ഇതിൽ ഒന്നും മറച്ചുവയ്ക്കാനില്ല. ഈ കാര്യങ്ങളെക്കുറിച്ച് നമുക്ക് സമഗ്രമായ പഠനങ്ങൾ ആവശ്യമാണ്. സ്പ്രിംഗ്ലറിനെക്കുറിച്ചുതന്നെ കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. കാരണം, ഇന്നത്തെ കാലഘട്ടത്തിൽ കുറേക്കൂടി വിശാലമായി ചിന്തിക്കാനും കാര്യങ്ങൾ കൈകാര്യം ചെയ്യാനും നമുക്ക് സാധിക്കണം. രോഗം പോലുള്ള പ്രശ്നങ്ങൾ, പ്രത്യേകിച്ച്, ഈ മഹാമാരിയുടെ പ്രശ്നങ്ങൾ നമുക്ക് കുറേക്കൂടി ശാസ്ത്രീയമായി, ലോകാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരിഗണിച്ചുകൊണ്ടും പരിശോധിച്ചുകൊണ്ടും മാത്രമേ നിഗമനത്തിലെത്താൻ സാധിക്കൂ. അത്തരത്തിലുള്ള ഒരു പരിശോധനയ്ക്കുവേണ്ടിയാണ് ഇപ്പോൾ മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഇതിൽ ജുഡീഷ്യൽ അന്വേഷണത്തിന്റെ ആവശ്യകതയെന്താണ്; ഇവിടെ എന്ത് പ്രശ്നമാണുള്ളത്; നിങ്ങൾ ഉന്നയിച്ചതിൽ എന്ത് പ്രശ്നമാണുള്ളത്? ശ്രീ. അനിൽ അക്കര ഇവിടെ ഈ വിഷയം ഉന്നയിച്ചിരുന്നല്ലോ. എന്ത് പ്രശ്നമാണുള്ളത്; നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപം ഉന്നയിക്കാൻ കഴിഞ്ഞോ? നിങ്ങൾക്ക് വിഷയ ദാരിദ്ര്യമുള്ളതുകൊണ്ട് ഇങ്ങനെ ട്വിസ്റ്റ് ചെയ്യരുത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, .......

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഇത് സബ്മിഷനാണ്. മറുപടി പറഞ്ഞു. അടുത്ത ആളെ വിളിക്കേണ്ടിവരും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേരളം കണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണിത്. ഈ ഗവൺമെന്റ് ഒരു കമ്മിറ്റിയെ വയ്ക്കുക, റിപ്പോർട്ട് കിട്ടുക, വീണ്ടും ഒരു കമ്മിറ്റിയെ വയ്ക്കുക, ഇത് ആളുകളെ കബളിപ്പിക്കുന്നതിന് തുല്യമല്ലേ? ഇതിൽ ജുഡീഷ്യൽ അന്വേഷണമാണ് വേണ്ടത്. ആ ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## (2) <u>പോലീസ് നടപടി</u>

<u>ശ്രീ. സി. കെ. നാണു</u>: സർ, കഴിഞ്ഞ പുതുവത്സര ദിനത്തിൽ വടകര മുക്കാളിയിൽ റോഡിനോടടുത്തുള്ള രണ്ട് വീടുകളിലെ ചെറുപ്പക്കാരായ സ്ത്രീകളും പുരുഷന്മാരുംകൂടി പുതുവത്സരാഘോഷം നടത്തുന്ന അവസരത്തിൽ പോലീസ് അവിടെ വരികയും അനാവശ്യമായി അവരെ അടിക്കുകയും ഒന്നുരണ്ടു പേരെ അറസ്റ്റ് ചെയ്ത് ജയിലിലാക്കുകയും ചെയ്തിരുന്നു. ഞാൻ ആ വീട്ടിൽ പോയിരുന്നു. പോസ്റ്റ് ഗ്രാജ്വേഷൻ കഴിഞ്ഞ പെൺകുട്ടികൾ ഉൾപ്പെടെ ആ വീട്ടിലുണ്ടായിരുന്നു. ആ വീട്ടിലുള്ളവരെല്ലാം വല്ലാത്ത വിഷമാവസ്ഥയിലായിരുന്നു. പുതുവത്സാരാഘോഷത്തിന് ഒരു വീട്ടിലുള്ള ആളുകൾ ഒരുമിച്ച് ഡാൻസ് ചെയ്താൽ അവരെ പോലീസുകാർ അടിക്കേണ്ട കാര്യമുണ്ടോ? അവരുടെ വിഷമാവസ്ഥ മനസ്സിലാക്കി, അവിടത്തെ നാട്ടുകാരുടെ കൂടി അഭ്യർത്ഥനപ്രകാരമാണ് ഞാൻ ഈ വിഷയം സമർപ്പിക്കുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കോഴിക്കോട് ചോമ്പാല പോലീസ് സ്റ്റേഷൻ പരിധിയിൽ മുക്കാളിയിലെ നാഷണൽ ഹൈവേയോട് ചേർന്നുള്ള പഴയ എ.ഇ.ഒ. ഓഫീസിന്റെ പരിസരത്ത് കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് കുറച്ചുപേർ പടക്കം പൊട്ടിച്ച് ബഹളംവച്ച് പുതുവത്സരാഘോഷങ്ങൾ നടത്തുന്നു എന്ന വിവരം ചോമ്പാല പോലീസ് സ്റ്റേഷനിൽ 31-12-2020-ന് രാത്രി 11.30-നാണ് ലഭിച്ചത്. ഇക്കാര്യം അന്വേഷിക്കുന്നതിനായി പോലീസ് സംഘം സ്ഥലത്തെത്തിയപ്പോൾ ഒരു കൂട്ടം ആളുകൾ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പരിസരവാസികൾക്ക് അലോസരമുണ്ടാകുന്ന വിധത്തിൽ പടക്കം പൊട്ടിച്ച് ബഹളം വയ്ക്കുന്നതായി കണ്ടു. ഇത് തടയാൻ ശ്രമിച്ച പോലീസ് സംഘത്തെ പത്തോളം പേർ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുംവിധം ഇടപെട്ടു എന്നാണ് പോലീസ് റിപ്പോർട്ട്. ചോമ്പാല പോലീസ് സ്റ്റേഷനിൽ പത്ത് പേരെ പ്രതികളാക്കി ക്രൈം നമ്പർ 3/2021 കേസ് 1-1-2021-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1-1-2021-ന് പകൽ 11.20-ന് പോലീസ് സംഭവസ്ഥലത്തെത്തി കേസിലെ ഒന്നാംപ്രതിയെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചു. അപ്പോൾ ആൾക്കൂട്ടം പോലീസ് വാഹനം തടഞ്ഞുവച്ച്, പ്രതിയായ അജിത്തിനെ ബലം പ്രയോഗിച്ച് മോചിപ്പിച്ചു. പിന്നീട് സുജിത്, ഹേമന്ത് എന്നിവരെ ഉൾപ്പെടെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി അവരെ റിമാൻഡ് ചെയ്യുകയും ചെയ്തു. പോലീസിനെ തടഞ്ഞതിന് 20 പേർക്കെതിരെ ക്രൈം നമ്പർ 4/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സുജിത്, ഹേമന്ത് എന്നീ പ്രതികൾക്ക് 5-1-2021-ന് കോടതി ജാമ്യം അനുവദിച്ചിട്ടുണ്ട്. രണ്ട് ക്രൈം കേസുകളുടെയും അന്വേഷണം തുടർന്നുവരികയാണ്. ഈ കാര്യത്തിൽ പോലീസിന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

മി. ചെയർമാൻ: അടുത്ത സബ്മിഷനുകളെല്ലാം ഒരു മിനിറ്റുകൊണ്ട് അവതരിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാർ അത്യാവശ്യം കാര്യങ്ങൾ പറഞ്ഞശേഷം ബാക്കിയുള്ളത് മേശപ്പുറത്ത് വച്ചാൽ മതിയാകും.

(3) ഭൂമിയുടെ പോക്കുവരവ്

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ട് പഞ്ചായത്തിൽ കേരള എസ്റ്റേറ്റിലെ നൂറുകണക്കിന് കുടുംബങ്ങൾ അവരുടെ ഭൂമിയുടെ പോക്കുവരവ് നടത്തി നികുതി എടുക്കണമെന്ന് വർഷങ്ങളായി ആവശ്യപ്പെടുകയാണ്. ഈ കുടുംബങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് നടത്തി നികുതിയെടുക്കണമെന്നുള്ള

നിർദ്ദേശം ബഹുമാനപ്പെട്ട ഹൈക്കോടതി റവന്യൂ വകുപ്പിന് നൽകിയതുമാണ്. ആദ്യ ഘട്ടത്തിൽ റവന്യൂ വകുപ്പ് നികുതി സ്വീകരിച്ചിരുന്നെങ്കിലും ഇപ്പോൾ നികുതിയെടുക്കുവാൻ തയ്യാറാകുന്നില്ല. നികുതിയെടുക്കാതിരിക്കാൻ അവർ പല കാരണങ്ങളും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആദ്യം തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം കഴിയട്ടെ എന്നും പിന്നീട് താലൂക്കുമായി ബന്ധപ്പെട്ട് ജില്ലയിലെ ലീഗൽ അഡ്വൈസറുടെ ഒരു സർട്ടിഫിക്കറ്റ് പ്രത്യേകം വാങ്ങണമെന്നും പറഞ്ഞു. നികുതി എടുക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം കൊടുത്തിട്ടും അതിനപ്പുറത്ത് ജില്ലയിലെ ലീഗൽ അഡ്വൈസറുടെ സർട്ടിഫിക്കറ്റ് കൂടി വേണമെന്ന് പറയുന്നതിന്റെ യുക്തി എനിക്ക് മനസ്സിലാകുന്നില്ല. ഈ കുടുംബങ്ങൾ മൂന്നും നാലും അഞ്ചും സെന്റ് ഭൂമിയുള്ളവരാണ്. ഇത്രയും പാവപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ ഭൂമിയുടെ പോക്കുവരവ് നടത്തി നികുതിയെടുക്കുവാനുള്ള തീരുമാനമുണ്ടാകാതെ പോകുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ഈ കുടുംബങ്ങളുടെ നികുതിയെടുക്കാൻ പാടില്ലെന്നും നികുതിയെടുക്കാൻ ഗവൺമെന്റിന്റെ പ്രത്യേകാനുമതി വീണ്ടും ആവശ്യമാണെന്നും അഡ്വക്കേറ്റ് ജനറൽ ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടെന്നാണ് ഏറ്റവും ഒടുവിലായി അറിയാൻ സാധിച്ചത്. അപ്പോൾ അത് ഗവൺമെന്റിന്റെ ഒരു നിലപാടായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. മൂന്നും നാലും അഞ്ചും സെന്റും ഭൂമിയുള്ള ഈ പാവപ്പെട്ടവരുടെ നികുതിയെടുക്കുന്ന കാര്യത്തിൽ എന്തിനാണ് ഗവൺമെന്റ് ഇത്ര വാശി പിടിക്കുന്നത്? ബഹുമാനപ്പെട്ട ഹൈക്കോടതി അനുവദിച്ചിട്ടുപോലും അത് അംഗീകരിക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് ഹൈക്കോടതി പറഞ്ഞിട്ടുള്ള ഈ കുടുംബങ്ങൾക്കെങ്കിലും പോക്കുവരവ് നടത്തി നികുതിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. എ. പി. അനിൽ കുമാർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ, കോടതിയിൽനിന്നുള്ള ഉത്തരവുണ്ടായതിനുശേഷം അതുമായി ബന്ധപ്പെട്ട വിഷയം കേരള ഭൂപരിഷ്കരണ ആക്ടിന്റെ ഉദ്ദേശ്യശുദ്ധിക്ക് എതിരാകുമെന്ന് കാണുന്നതിനാൽ പ്രസ്തുത വിധി ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നിയമോപദേശം ലഭ്യമാക്കുന്നതിന് 18-3-2019-ൽ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുള്ളതും പ്രസ്തുത വിധി ഉത്തരവിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയോടും ജില്ലാ കളക്ടറോടും

ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. നിരന്തരം ഓർമ്മക്കുറിപ്പുകൾ നൽകുന്നുണ്ട്. നിയമോപദേശവും റിപ്പോർട്ടും ലഭ്യമായാലുടൻ അതനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ, ഹൈക്കോടതിയുടെ ഉത്തരവുൾപ്പെടെ ഉണ്ടായിട്ടുള്ളതാണ്. ഇത് കേരള ഭൂപരിഷ്കരണ നിയമത്തിന്റെ ഉദ്ദേശ്യശുദ്ധിക്ക് ചേർന്നതല്ല എന്നതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം ആരായാൻ കൊടുത്തിരിക്കുകയാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്

### (4) <u>തെരുവ് നായ്ക്കളുടെ വന്ധ്യംകരണം</u>

<u>ഡോ. എം. കെ. മുനീർ</u>: കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ കുണ്ടുങ്ങൽ, ഫ്രാൻസിസ് റോഡ്, കുറ്റിച്ചിറ, സൗത്ത് ബീച്ച്, കോതി, ചക്കുംകടവ്, കല്ലായി, ചാലപ്പുറം, പന്നിയങ്കര, തിരുവണ്ണൂർ, പയ്യാനക്കൽ, വലിയങ്ങാടി, കോട്ടൂളി, കോവൂർ തുടങ്ങിയ പ്രദേശത്തൊക്കെ രൂക്ഷമായ രീതിയിൽ തെരുവുനായ ശല്യം അനുഭവപ്പെടുകയാണ്. കുട്ടികളും കാൽനടയാത്രക്കാരും ഇരുചക്ര വാഹനയാത്രക്കാരുമൊക്കെ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. കഴിഞ്ഞ ഒരു മാസത്തിനിടെ നിരവധി ആളുകളെ നായ്ക്കൾ കടിക്കുകയും ബൈക്ക് യാത്രക്കാർ മറിഞ്ഞുവീണ് ഗുരുതരമായി പരിക്കേൽക്കുകയും അതിൽ ഒരു ചെറുപ്പക്കാരൻ നായയുടെ കടിയേറ്റ് മരിക്കുകയും ചെയ്തിട്ടുണ്ട്. ഈ അടുത്ത കാലത്ത് ഒരു പിഞ്ചുകുട്ടിയെ പട്ടികടിച്ചു, അത് പേപ്പട്ടിയായിരുന്നു. ആ കുട്ടിക്ക് വീട്ടിൽ പറയാൻ അറിയില്ലായിരുന്നു. അവസാനം അതിന് രോഗം ബാധിച്ച് മരണപ്പെട്ടത് നമ്മൾ പത്രത്തിൽ ദുഃഖത്തോടെ വായിക്കുകയുണ്ടായി. 'വോയ്സ് ഓഫ് കോഴിക്കോട് സൗത്ത്' എന്ന വാട്ട്സാപ്പ് കൂട്ടായ്മ ഇതുസംബന്ധിച്ച് ഓൺലൈനിൽ ഒരു സർവ്വേ നടത്തിയപ്പോൾ പതിനായിരത്തോളം അംഗങ്ങളാണ് ഇതിനെതിരെ രംഗത്തുവന്നത്. അവർ വലിയ പ്രക്ഷോഭത്തിലേയ്ക്ക് പോകാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. നായശല്യം തടയുന്നതിന് ധാരാളം പരിമിതികളുണ്ട്. വന്ധ്യംകരിക്കാൻ ഒരു സ്ഥലത്തുനിന്നും കൊണ്ടുപോകുന്ന നായ്ക്കളെ അവിടെതന്നെ തിരിച്ചുകൊണ്ടുപോയി വിടണമെന്നൊരു നിയമമുണ്ട്. പക്ഷെ വന്ധ്യംകരിക്കുന്നതിനായി മറ്റ് സ്ഥലങ്ങളിൽനിന്നും കൊണ്ടുപോകുന്ന നായ്ക്കളെക്കൂടി, നായ്ക്കളെ എടുക്കാത്ത സ്ഥലങ്ങളിൽ കൊണ്ടുപോയി ഇറക്കിവിട്ട് അവിടത്തെ എണ്ണം വർദ്ധിപ്പിക്കുന്ന ഒരവസ്ഥ നിലവിലുണ്ടെന്നതാണ് അവർ പറയുന്ന മറ്റൊരു കാര്യം. ഒരു നായയ്ക്ക് പേ ബാധിച്ചുകഴിഞ്ഞാൽ അത് സ്വാഭാവികമായും ചത്തുപോകും. പക്ഷെ അതിന് മുൻപ് കുറേയാളുകളുടെ മരണത്തിന് അത് കാരണമാകുകയും ചെയ്യുന്നു. ഇതിനെതിരെ നിയമപരമായി എന്ത് ചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ച് നമുക്കൊരു വ്യക്തതയില്ല. എങ്കിലും പേപ്പട്ടി കടിച്ച് ആളുകൾ മരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി

ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അത് കർശനമായി എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതുണ്ട്. നിയമപരമായി നമുക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഏതായാലും കേരളം മൊത്തത്തിലുള്ള വിഷയമാണിത്. കോവിഡ് കാലമായതോടുകൂടി, കർഫ്യൂ ഉണ്ടായിരുന്ന സമയത്ത് തെരുവിൽ ആകെയുണ്ടായിരുന്നത് ഈ നായ്ക്കൾ മാത്രമായിരുന്നു, അതിനാൽ അവരുടെ വിഹാരകേന്ദ്രങ്ങളായി തെരുവുകൾ മാറിയിരിക്കുകയാണ്. ഇതിൽനിന്നും സമൂഹത്തെ മോചിപ്പിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, തെരുവ് നായ്ക്കളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിക്കുന്നത് തടയുന്നതിന് പെട്ടെന്ന് സ്വീകരിക്കാവുന്ന നടപടികളൊന്നുമില്ല. എ.ബി.സി.(അനിമൽ ബെർത്ത് കൺട്രോൾ) പ്രോഗ്രാം മാത്രമാണ് ഫലപ്രദമായ മാർഗ്ഗം. 2019 മുതൽ കോഴിക്കോട്ട് അത്തരത്തിലൊരു സെന്റർ പ്രവർത്തിക്കുന്നുണ്ട്. അതിൽ നാല് ഡോക്ടർമാരെയും രണ്ട് അറ്റൻഡർമാരെയും കൂടാതെ തെരുവ് നായ്ക്കളെ പിടിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രത്യേക സ്ക്വാഡിനെയും നിയോഗിച്ചിട്ടുണ്ട്. ഈ സ്ക്വാഡിൽ ഡ്രൈവറെ കൂടാതെ അഞ്ച് ജീവനക്കാരാണുള്ളത്. ഡോ. എം. കെ. മുനീർ കോർപ്പറേഷൻ അതിർത്തിയിലെ ചില പ്രദേശങ്ങളിൽ കൂടുതലായി കണ്ടുവരുന്ന ഈ പ്രശ്നത്തെക്കുറിച്ച് സൂചിപ്പിച്ചു. ആ പ്രദേശങ്ങളിലും നായ്ക്കളെ പിടിച്ച് വന്ധ്യംകരണം നടത്തുന്ന പ്രക്രിയ നല്ലരീതിയിൽ നടക്കുന്നുണ്ട്. അവിടെനിന്നും പിടിക്കുന്ന നായ്ക്കൾക്കു പുറമേ മറ്റ് പല സ്ഥലങ്ങളിൽനിന്നും പിടിക്കുന്ന നായ്ക്കളെ അവിടെ കൊണ്ടുവിടുന്നുവെന്നുള്ള കാര്യം അങ്ങ് പറഞ്ഞിരുന്നു. അക്കാര്യം പ്രത്യേകം പരിശോധിക്കാം. അതുപോലെതന്നെ ഇങ്ങനെ വരുന്ന കേസുകൾക്ക് നഷ്ടപരിഹാരം കൊടുക്കാൻവേണ്ടിയുള്ള നടപടികളും സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ ഭാഗമായി ചെയ്തുവരുന്നുണ്ട്. ഈ സബ്മിഷന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയുണ്ടാകണമെന്ന് കോഴിക്കോട് കോർപ്പറേഷൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ച ആശങ്ക ശരിയാണ്, ഇപ്പോഴത്തെ നിയമവും ചട്ടവുമൊക്കെ അനുസരിച്ച് നമുക്ക് ഇടപെടുന്നതിന് പരിമിതിയുണ്ട്. ഇക്കാര്യത്തിൽ കൂട്ടായി ആലോചിച്ച് ഒരു മാർഗ്ഗം കണ്ടെത്തണമെന്നുള്ള അങ്ങയുടെ നിർദ്ദേശം ശരിയാണ്.

### (5) നടുവത്തിത്തോട് നവീകരണം

ശ്രീ. വി. അബ്ദുറഹിമാൻ: സർ, 2019-20-ലെ ബഡ്ജറ്റിൽ വന്നതും താനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ നടുവത്തിത്തോട് നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥ ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ പ്രവൃത്തിയുമായി

ബന്ധപ്പെട്ട് എസ്റ്റിമേറ്റെടുക്കുന്നതിലും മറ്റുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നതിലും ഉദ്യോഗസ്ഥതലത്തിൽ വലിയ അലംഭാവമുണ്ടായിട്ടുണ്ട്. ഇത് നിരവധി തവണ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഒരു നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട തോടിന്റെ നവീകരണവുമായി ബന്ധപ്പെട്ട് അഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ് അനുവദിച്ചു; അടിയന്തരമായി ആ പ്രവൃത്തി പൂർത്തിയാക്കേണ്ട ആവശ്യകത സർക്കാരിനുണ്ടായതുകൊണ്ടാണ് ബജറ്റിൽ അത്രയും തുക നീക്കിവച്ചത്. മേജർ ഇറിഗേഷനായാലും മൈനർ ഇറിഗേഷനായാലും കടൽഭിത്തിയും തോടുമായി ബന്ധപ്പെട്ട കാര്യങ്ങളിലായാലും ഏറ്റെടുക്കുന്ന പ്രവൃത്തികളിലൊന്നും ഒരു താല്പര്യവും കാണിക്കാതെ ഓഫീസുകളിൽ കൃത്യമായി ജോലിക്കെത്താതെ തികഞ്ഞ അനാസ്ഥയാണ് ഉദ്യോഗസ്ഥർ കാണിക്കുന്നത്. ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തയ്യാറാകണം. എം.എൽ.എ. ഓഫീസിൽനിന്നും മറ്റും ബന്ധപ്പെട്ട ആളുകൾ പോയാൽ, എഞ്ചിനീയറേയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറേയും കാണാൻ സാധിക്കാത്ത ഒരവസ്ഥയുണ്ടാകാറുണ്ട്. മാത്രവുമല്ല, അവരുടെ ഭാഷ ശ്രദ്ധിച്ചാൽ ശരിക്കും ധിക്കാരപരമായി തോന്നും. പക്ഷെ ഗവൺമെന്റ് ഉദ്യോഗസ്ഥരായതുകൊണ്ടുതന്നെ പല കാര്യങ്ങളിലും നമ്മൾ ക്ഷമ കാണിക്കുകയാണ്. അതോടൊപ്പം എന്റെ മണ്ഡലത്തിലെ നൂറോളം വീടുകൾ മഴപെയ്താൽ വെള്ളത്തിലാകുന്നത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്, ഇത്തരം കാര്യങ്ങളിൽ അടിയന്തര നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഉദ്യോഗസ്ഥരെക്കുറിച്ച് അന്വേഷിക്കാം. താനൂർ മുനിസിപ്പാലിറ്റിയിലെ നടുവത്തിത്തോടിന്റെ സംരക്ഷണത്തിനും വി.സി.ബി. കം-ബ്രിഡ്ജ് നിർമ്മാണത്തിനുമായി 2019-20 ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനം വകയിരുത്തിയിട്ടുണ്ടായിരുന്നു. വി.സി.ബി. കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് 3.08 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും 3 ലക്ഷം രൂപയുടെ ഭരണാനുമതിയും 2.98 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടർ 2,60,508 രൂപയ്ക്ക് കരാർ വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. കോവിഡ് കാരണം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി തടസ്സപ്പെട്ടെങ്കിലും ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഫെബ്രുവരി 15-നകം തയ്യാറാകുന്നതാണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ പൂർത്തീകരണത്തിനുശേഷം വി.സി.ബി. കം-ബ്രിഡ്ജിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതിക്കുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (6) വാഹനാപകടങ്ങൾ

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഈ സബ്മിഷനിലൂടെ കേരളത്തിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളെക്കുറിച്ച് ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് നടക്കുന്ന വാഹനാപകടങ്ങളിൽ കേരളത്തിന് ഇന്ന് നാലാം സ്ഥാനമുണ്ട്. ആകെ വാഹനാപകടങ്ങളിൽ 9.2 ശതമാനം കേരളത്തിലാണെന്നും ഈ റിപ്പോർട്ട് പറയുന്നു. 2015 മുതൽ 2018 വരെ ഉണ്ടായ വാഹനാപകടങ്ങളിൽ കേരളം അഞ്ചാം സ്ഥാനത്തായിരുന്നു. കഴിഞ്ഞ വർഷം 41111 വാഹനാപകടങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്. കേരളത്തിലെ ടോപ് 10 ബ്ലാക്ക് സ്പോട്ടുകളിൽ ഏഴെണ്ണവും ആലപ്പുഴയിലാണെന്നുള്ളതുകൂടി ഈ അവസരത്തിൽ ഞാൻ ഗൗരവപൂർവ്വം സൂചിപ്പിക്കുകയാണ്. ആലപ്പുഴയിൽത്തന്നെ ഏറ്റവും കൂടുതൽ അപകടം നടക്കുന്നത് അരൂരിലാണ്. അരൂർ ബൈപാസ് മുതൽ ക്ഷേത്രം വരെയുള്ള സ്ഥലത്ത് 164 അപകടങ്ങളിൽ 28 മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. രണ്ടാമത്, ഹരിപ്പാട് കരുവാറ്റ മുതൽ വഴിയമ്പലം വരെയുള്ള സ്ഥലത്ത് 75 അപകടങ്ങളിൽ 19 മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. കൊല്ലം കുണ്ടറയിലെ കേരളപുരമാണ് ഈ റിപ്പോർട്ടിൽ ഒന്നാമതായി കാണിക്കുന്ന സ്ഥലം. നിരവധി ജീവനുകൾ ഇങ്ങനെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അംഗവൈകല്യം വന്ന നമ്മുടെ സഹോദരങ്ങൾ ജീവിക്കാൻ മല്ലിട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലൊരു റിപ്പോർട്ട് വന്ന ഉടനെതന്നെ ഞാൻ സാമൂഹിക മാധ്യമങ്ങളിലൂടെ ഒരു ചർച്ച സംഘടിപ്പിച്ചു, അതിനകത്ത് short term ആയും long term ആയും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നിരവധി നിർദ്ദേശങ്ങൾ വരികയുണ്ടായി. ഈ പരിമിതമായ സമയത്ത് അതിലേയ്ക്കൊന്നും ഞാൻ ദീർഘമായി കടക്കുന്നില്ല. അരൂർ-ചന്തിരൂർ ഫ്ലൈഓവർ വേണമെന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. സ്പീഡ് ബ്രേക്കറും സിഗ്നലും റിഫ്ലക്റ്റീവ് ബോർഡുകളുമൊന്നുംതന്നെ ഈ മേഖലയിൽ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്നത് വസ്തുതയാണ്. അതുപോലെതന്നെ അരൂർ ക്ഷേത്ര ബസ്സ്റ്റോപ്പിലെ വെള്ളക്കെട്ട് പരിഹരിക്കാൻ കഴിയുന്നില്ല. അപകടം കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴും ഇത്തരം കാര്യങ്ങൾ നമുക്ക് ശ്രദ്ധിക്കാൻ കഴിയുന്നില്ല. അരൂരിലെ ട്രാഫിക് എയ്ഡ് പോസ്റ്റ് ജീർണ്ണിച്ച അവസ്ഥയിലാണുള്ളത്. അതോടൊപ്പം എനിക്ക് കിട്ടിയിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങളുണ്ട്; അത് ബഹുമാന്യനായ മന്ത്രിക്ക് സമർപ്പിക്കാം. ഏതായാലും വരുംവർഷത്തിൽ ഈ അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി ബോധപൂർവ്വമായ ഇടപെടലുണ്ടായേ മതിയാകൂ, അതിനുവേണ്ടി അടിയന്തര നിർദ്ദേശങ്ങൾ കൊടുക്കണമെന്നുകൂടി ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അരൂർ എം.എൽ.എ. പറഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. ദേശീയ പാതയിൽ ബ്ലാക്ക് സ്പോട്ടുകൾ റാറ്റിഫൈ ചെയ്യുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്, അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബ്ലാക്ക് സ്പോട്ട് പ്രോട്ടോക്കോൾ പ്രകാരം പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഇതിനകംതന്നെ കൺസൾട്ടന്റിനെ നിശ്ചയിച്ച് കഴിഞ്ഞിട്ടുണ്ട്. ഫെബ്രുവരി മാസം രണ്ടാമത്തെ ആഴ്ചയോടുകൂടി ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതോടെ ഉന്നയിച്ച പ്രധാനപ്പെട്ട കുറേ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. ആലപ്പുഴ ജില്ലയിൽ സ്റ്റേറ്റ് ഹൈവേകളിൽ ഇത്തരത്തിലുള്ള ബ്ലാക്ക് സ്പോട്ടുകൾ റാറ്റിഫൈ ചെയ്യുന്നതിനാവശ്യമായ നടപടികൾക്കായി കേരള റോഡ് സുരക്ഷാ ഫണ്ടിൽനിന്നും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് തുക അനുവദിച്ചിട്ടുണ്ട്. റോഡ്സ് വിഭാഗവും ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(7) റേഷൻ കാർഡ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സ്വന്തമായി വീട്ടുനമ്പറില്ലാത്ത കുടുംബങ്ങൾക്കുകൂടി റേഷൻ കാർഡ് ലഭിക്കുന്നതിനുവേണ്ടിയുള്ളതാണ് എന്റെ സബ്മിഷൻ. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമായി നടപ്പാക്കുന്നതിൽ രാജ്യത്തിനുതന്നെ മാതൃകയായി വിജയം കൈവരിച്ച സംസ്ഥാനമാണ് കേരളം. കോവിഡ് കാലത്തെ കിറ്റ് വിതരണത്തിനും റേഷൻ കടകളും മാവേലി സ്റ്റോറുകളും സ്മാർട്ടാക്കുന്നതിനും പുതിയ റേഷൻ കാർഡ് വിതരണത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും സർവ്വോപരി വിലക്കയറ്റം ഒഴിവാക്കുന്നതിനും അത്ഭുതപൂർവ്വമായ ഒരു വിജയമാണ് ഈ സർക്കാർ കൈവരിച്ചത്. മഹാമാരി നേരിട്ടപ്പോൾ പട്ടിണിയില്ലാതെ കിടന്ന ഓരോ മനുഷ്യന്റെയും മഹാചരിത്രം സുവർണ്ണലിപികളാൽ എഴുതപ്പെട്ട ഒരു കാലഘട്ടം കൂടിയാണിത്. എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് ഭക്ഷ്യവിതരണ വകുപ്പും മന്ത്രിയും തികഞ്ഞ കയ്യടക്കത്തോടെ ജനങ്ങൾ ഏൽപ്പിച്ച ദൗത്യം കഠിനാധ്വാനം ചെയ്ത് വിജയകരമായി പൂർത്തിയാക്കുകയാണ് ചെയ്തത്. ഒരു പ്രത്യേക വിഷയം അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്, വ്യാപകമായിട്ടല്ലെങ്കിലും രണ്ടും മൂന്നും സഹോദര കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന കൂട്ടുകുടുംബങ്ങൾ ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. പ്രകൃതി ദുരന്തങ്ങൾമൂലം ഇത്തരം വീടുകൾ നഷ്ടപ്പെടുമ്പോഴോ മറ്റുപല കാരണങ്ങൾകൊണ്ടോ ഇവർ വേർപിരിഞ്ഞ് താമസിക്കാറുമുണ്ട്. നിർദ്ധനരായ കുടുംബാംഗങ്ങളാണെങ്കിൽ മിക്കവാറും വാടക

വീടിനെ ആശ്രയിച്ചായിരിക്കും കഴിയുക. ഇതിൽ ഒരു കുടുംബം പേരു വെട്ടിമാറ്റി പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുക സ്വാഭാവികമാണ്. പക്ഷെ, പുതിയ റേഷൻ കാർഡിനായി നൽകുന്ന വാടക വീടിന്റെ വീട്ടുനമ്പർ ഉപയോഗിച്ച് മറ്റാരെങ്കിലും റേഷൻ കാർഡ് എടുത്തിട്ടുണ്ടെങ്കിൽ ഇവർക്ക് പുതിയ റേഷൻ കാർഡ് കിട്ടാത്ത സാഹചര്യം നിലവിലുണ്ട്. ഇത് Ration Card Management System (RCMS)-ലെ ഒരു അപാകതയായി ചൂണ്ടിക്കാണിക്കുകയാണ്. നിലവിൽ ആധാർ കാർഡ് ലിങ്കിംഗ് സമ്പൂർണ്ണമാക്കിയതിനാൽ രണ്ട് റേഷൻ കാർഡ് വയ്ക്കാൻ ആർക്കും സാധ്യമല്ലാത്ത സാഹചര്യമിപ്പോഴുള്ളതുകൊണ്ടുതന്നെ RCMS-ലെ സോഫ്റ്റ്‌വെയറിന്റെ കുറവ് പരിഹരിച്ച് വാടക വീട്ടുനമ്പർ ഉപയോഗിച്ച് പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ വാടക വീട്ടിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകുന്നത് സംബന്ധിച്ച കാര്യമാണ് ഉന്നയിച്ചത്. നിലവിൽ സംസ്ഥാനത്ത് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. അതുപ്രകാരം പുതിയ റേഷൻകാർഡിനുള്ള അപേക്ഷ പരിഗണിച്ചുകൊണ്ട് രേഖകളുടെ ആധികാരികത പരിശോധന കൂടാതെ അപേക്ഷകർ നൽകുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ 24 മണിക്കൂറിനുള്ളിൽ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് അനുവദിക്കുകയും രേഖകളുടെ വ്യക്തമായ പരിശോധനയ്ക്കുശേഷം ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് അർഹമായ വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡ് മാറ്റി നൽകുകയും ചെയ്യുന്ന രീതിയാണ് നടന്നുവരുന്നത്. വീട്ടുടമസ്ഥന്റെ സമ്മതപത്രം ആവശ്യമായതിനാൽ വാടകവീടുകളിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻ കാർഡിന് അപേക്ഷ സമർപ്പിക്കാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ സമ്മതപത്രമില്ലാതെതന്നെ സാധുതയുള്ള വാടകക്കാരന്റെ അടിസ്ഥാനത്തിൽ വാടക വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് അനുവദിക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. വാടകവീട്ടിൽ താമസിച്ച് അതേ വീട്ടുനമ്പരിൽ പുതിയ റേഷൻ കാർഡ് നേടുകയും പിന്നീട് താമസം മാറുകയും ചെയ്യുന്ന കുടുംബങ്ങൾക്ക് പോർട്ടബിലിറ്റി സംവിധാനം ഉപയോഗിച്ച് മറ്റ് ഏത് റേഷൻ കടയിൽനിന്നും സാധനം വാങ്ങുന്നതിനോ റേഷൻ കാർഡ് നിലവിൽ താമസിക്കുന്ന വിലാസത്തിലേയ്ക്ക് മാറ്റുന്നതിനോ സാധിക്കുന്നതാണ്. അതിനാൽ പ്രസ്തുത വീട്ടുനമ്പരിൽ സാധുവായ പുതിയ വാടകക്കാരൻ നിലവിലുണ്ടെങ്കിൽ പുതിയ

താമസക്കാർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനായി പ്രസ്തുത വീട്ടുനമ്പറിൽ നൽകിയിട്ടുള്ള പഴയ റേഷൻ കാർഡ് റദ്ദ് ചെയ്യുന്നതിനും അപേക്ഷകരുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡ് മറ്റെവിടെയെങ്കിലുമുണ്ടോ എന്നതിനെ സംബന്ധിച്ച് വ്യക്തമായ ആധാറധിഷ്ഠിത പരിശോധനയ്ക്കുശേഷം പുതിയ താമസക്കാർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഇപ്രകാരം വാടകവീടുകളിൽ താമസിക്കുന്നവർക്ക് വ്യക്തമായ വാടക കരാർ സംബന്ധിച്ച രേഖകളുണ്ടെങ്കിൽ പുതിയ റേഷൻ കാർഡ് നേടുന്നതിൽ തടസ്സങ്ങളൊന്നുംതന്നെ നിലവിലില്ല. ഇതിനുപുറമെ, പുറമ്പോക്കുഭൂമിയിലും റോഡുവക്കിലും ഷെഡ്ഡുകെട്ടി താമസിക്കുന്ന വീട്ടുനമ്പരില്ലാത്ത കുടുംബങ്ങൾക്ക് സീറോ സീറോ എന്ന രീതിയിൽ വീട്ടുനമ്പർ നൽകി പുതിയ റേഷൻ കാർഡ് അനുവദിക്കുകയും മുൻഗണനാ പട്ടികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. കൂടാതെ ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന തീരദേശമേഖലയിൽ ഒരേവീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ പ്രത്യേകം താമസമുള്ളതായും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസറുടെ പരിശോധനയിൽ ബോധ്യപ്പെടുന്നപക്ഷം വീട്ടിലുള്ള ഓരോ കുടുംബത്തിനും പ്രത്യേകം റേഷൻ കാർഡ് അനുവദിച്ചുവരുന്നുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം ഒരു പൗരനും അർഹമായ അവകാശം നഷ്ടമാകാത്തവിധത്തിൽ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചുവരികയാണ്.

(8) അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവരുടെയും വൃക്കരോഗികളുടെയും പ്രശ്നങ്ങൾ

ഡോ. എൻ. ജയരാജ്: സർ, ആരോഗ്യപരിപാലന രംഗത്ത്, പ്രത്യേകിച്ച്, കോവിഡ് പ്രതിരോധം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ കേരളം ഒരുപാട് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. പക്ഷെ ഇന്ന് അവയവമാറ്റവും അതിനുശേഷമുള്ള ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ഒരുപാട് ദുരിതങ്ങൾ അനുഭവിക്കുന്നു. അവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ്. ഡയാലിസിസ്, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഇതിനെല്ലാം വളരെയേറെ പണം ചെലവഴിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. വൃക്കരോഗിക്കാണെങ്കിൽ മരുന്ന്, ലാബ് ടെസ്റ്റ്, ഡയാലിസിസ്, യാത്രച്ചെലവുമൊക്കെയായി ഏതാണ്ട് 20,000 രൂപയോളം ചികിത്സയ്ക്ക് വേണ്ടിവരും. വൃക്കമാറ്റിവച്ച രോഗികൾക്ക് പ്രതിമാസം 14,800 രൂപയുടെ മരുന്നാണ് കഴിക്കേണ്ടിവരുന്നത്. ഇതൊക്കെ മുടങ്ങിയാൽ ഇവർക്ക് മരണം സംഭവിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ ഭൂരിപക്ഷം ആളുകൾക്കും അവരുടെ തൊഴിൽ നഷ്ടപ്പെടുകയും മറ്റ് ജീവിതോപാധികൾ ഇല്ലാതാകുകയും കുടുംബച്ചെലവും മക്കളുടെ വിദ്യാഭ്യാസവും മാതാപിതാക്കളുടെ സംരക്ഷണവുമുൾപ്പെടെയുള്ള കാര്യങ്ങളിൽ വളരെയേറെ

ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്യുന്നു. അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി മൂവായിരത്തോളംപേർ ഇപ്പോൾ മൃതസഞ്ജീവനിയിലൂടെ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുകയാണ്. അവയവദാനത്തിനുള്ള ഒരു പ്രോത്സാഹനം തീർച്ചയായും ഉണ്ടാകണം. അവയവദാനത്തെക്കുറിച്ച് ഒരുപാട് തെറ്റിദ്ധാരണകളുണ്ട്. അതൊക്കെ മാറ്റാൻ കഴിയുന്ന രീതിയിൽ പാഠ്യഭാഗങ്ങളിൽ മാറ്റമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സ്വകാര്യ ആശുപത്രികളിൽ ശസ്ത്രക്രിയയ്ക്ക് ഏതാണ്ട് പത്തുമുപ്പത് ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. അത് ഏകീകരിക്കേണ്ടത് അത്യാവശ്യമാണ്. സാധാരണക്കാരന് സാധിക്കുന്ന നിരക്കിൽ സർക്കാരത് തീരുമാനിക്കണം. കാരുണ്യ ഇൻഷ്വറൻസ് മുഖേന ഡയാലിസിസ്, അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് ജീവൻരക്ഷാ മരുന്നുകൾ എന്നിവ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. എല്ലാ സ്വകാര്യ ആശുപത്രികളിലും കാരുണ്യ ഇൻഷ്വറൻസ് ഉൾപ്പെടുത്തിക്കൊണ്ട് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ, വൃക്കരോഗികളെയും അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവരെയും കാരുണ്യ ഇൻഷ്വറൻസിന്റെ അംഗമാക്കണം. വർഷംതോറും അഞ്ച് ലക്ഷംരൂപ ഈ വിഭാഗക്കാർക്കായി കാരുണ്യ ഇൻഷ്വറൻസിൽ മാറ്റിവയ്ക്കുന്നത് നന്നായിരിക്കു മെന്നാണ് എന്റെ അഭിപ്രായം. അതോടൊപ്പംതന്നെ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള ജീവൻരക്ഷാ മരുന്നുകൾ കാരുണ്യ ഫാർമസിയിൽനിന്ന് വളരെ വിലകുറച്ച് ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. ഈ മരുന്നുകൾ ഒരു ദിവസം മുടങ്ങിയാൽ മരണംവരെ സംഭവിക്കുന്ന സാഹചര്യവുമുണ്ട്. ജില്ലാ പഞ്ചായത്തുകൾ അവരുടെ പദ്ധതികളുടെ ഭാഗമായി ഇത്തരം ആളുകളെ സഹായിക്കുന്ന പദ്ധതികൾ നടപ്പാക്കാറുണ്ട്. കേരളത്തിലെ ജില്ലാ പഞ്ചായത്തുകൾ മുൻകയ്യെടുത്ത് ഡയാലിസിസ് രോഗികളെയും വൃക്കമാറ്റിവയ്ക്കൽ ചികിത്സയ്ക്ക് വിധേയരാകുന്നവരെ യുമൊക്കെ സഹായിക്കാനുള്ള പദ്ധതിക്ക് രൂപം കൊടുക്കാനുള്ള നിർദ്ദേശമുണ്ടാകണം. സാമൂഹ്യ സുരക്ഷാമിഷന്റെ സമാശ്വാസ പെൻഷൻ കൃത്യമായി ലഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ആ തുക വർദ്ധിപ്പിക്കണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ള മറ്റൊരു പ്രധാന നിർദ്ദേശം. നമ്മുടെ സംസ്ഥാനത്ത് ഇത്തരം രോഗാവസ്ഥ വർദ്ധിച്ചുവരുന്ന ഒരു സാഹചര്യത്തിൽ, 2018-നുശേഷമുള്ള അപേക്ഷകൾ ഇക്കാര്യത്തിൽ പരിഗണിച്ചിട്ടില്ല എന്നുള്ളൊരു പരാതി പൊതുവെ ഉണ്ടായിട്ടുണ്ട്. അതെല്ലാം മുൻകാല പ്രാബല്യത്തോടെ പരിഗണിക്കുകയും സമൂഹത്തിലെ ദുരിതമനുഭവിക്കുന്ന, പ്രത്യേകിച്ച് അവയവമാറ്റ ശസ്ത്രക്രിയയ്ക്കുശേഷം ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകളെ സമാശ്വസിപ്പിക്കാനുള്ള, അവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ കണ്ണീരൊപ്പാൻവേണ്ട നടപടികൾ തീർച്ചയായും ഉണ്ടാകണം. ആരോഗ്യ രംഗത്ത് വളരെ ക്രിയാത്മകമായ മാറ്റങ്ങളുണ്ടാക്കുന്ന അല്ലെങ്കിൽ നേതൃത്വം നൽകുന്ന

ഗവൺമെന്റ് ഇക്കാര്യം വളരെ ഗൗരവമായി പരിഗണിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. എന്നാൽ ഈ മേഖലയിൽ കുറെയേറെ കാര്യങ്ങൾ സർക്കാരിപ്പോൾ ചെയ്തുവരുന്നുണ്ട്. നമ്മുടെ ജീവിത ശൈലിയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ കാരണം, ജീവിത ശൈലീരോഗങ്ങൾ പ്രത്യേകിച്ച്, ഡയബറ്റീസിന്റെയൊക്കെ ഭാഗമായി വൃക്കരോഗികളുടെ എണ്ണം കൂടിവരികയാണ്. എന്നാൽ, കഴിഞ്ഞ നാലരവർഷക്കാലത്തിനുള്ളിൽ ഇവരെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നിരവധി പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. നേരത്തെതന്നെ ഉണ്ടായിരുന്ന സമാശ്വാസം പദ്ധതി, അതുവഴിയുള്ള പെൻഷൻ തുക, അതൊക്കെ വിതരണം ചെയ്യുന്നുണ്ട്. അതോടൊപ്പംതന്നെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നല്ല സഹായം ചെയ്തുവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കൊണ്ടുവന്നതിനുശേഷം KASP ആപ്ലിക്കബിളായിട്ടുള്ള ആശുപത്രികളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. 186 സർക്കാർ ആശുപത്രികളിലും 369 സ്വകാര്യ ആശുപത്രികളിലും 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ലഭ്യമാണ്. അവിടെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താനും അതുമായി ബന്ധപ്പെട്ട ചികിത്സ നടത്താനും സാധിക്കുന്നുവെന്നുള്ള ഒരു ഗുണം ഇപ്പോഴുണ്ട്. അതോടൊപ്പംതന്നെ KBF (കാരുണ്യ ബെനവലന്റ് ഫണ്ട്)-ൽനിന്നും ധനസഹായം ലഭ്യമാക്കേണ്ടവർക്ക്, അതിനർഹതയുള്ളവർക്ക് അങ്ങനെയും ധനസഹായം നൽകുന്നുണ്ട്. KASP-ൽ 5 ലക്ഷം രൂപവരെയുള്ള ധനസഹായം ലഭ്യമാകുന്നതുകൊണ്ട് ഇത്തരം ഓപ്പറേഷനുകൾക്ക് ഒരു വലിയ ആശ്വാസമായി മാറുന്നുണ്ട്. എന്നാൽ അത് തികയാതെ വരുമ്പോൾ, പാവപ്പെട്ട കുടുംബങ്ങൾക്കാണെങ്കിൽ V Care പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുക്കുന്നുണ്ട്. ഇതിനകം ഒരുകോടി മൂന്ന് ലക്ഷത്തിലേറെ രൂപ V Care പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കിഡ്നി മാറ്റിവയ്ക്കുന്നവർക്കുമാത്രമായി നൽകിക്കഴിഞ്ഞിട്ടുണ്ട്. സർക്കാർ അവയവദാനം പ്രോത്സാഹിപ്പിക്കാനുള്ള നല്ല പ്രചരണം നടത്തുന്നുണ്ട്. അതിന് കുറച്ചൊക്കെ ഗുണഫലമുണ്ടാകുന്നുമുണ്ട്. മൃതസഞ്ജീവനിയിൽ രജിസ്റ്റർ ചെയ്ത് ധാരാളംപേർ കാത്തുനിൽക്കുന്നുവെന്നുള്ളതും വസ്തുതയാണ്. വിശദമായ ഉത്തരം ഇതിനകത്തുണ്ട്, സമയക്കുറവുകൊണ്ട് അതെല്ലാം വിശദീകരിക്കുന്നില്ല. KMSCL മുഖേനയാണ് മരുന്നുകൾ വാങ്ങുന്നത്. കാരുണ്യ ഫാർമസികളിലൂടെ കുറഞ്ഞ വിലയ്ക്ക് നൽകുന്നുണ്ട്. സൗജന്യമായി നൽകാൻ കഴിയുന്ന മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾവഴിയും നൽകുന്നുണ്ടെന്നുള്ളതാണ് വസ്തുത. ഈ സർക്കാർ

വന്നതിനുശേഷം 10 മെഷീൻ വീതമുള്ള 44 പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ തുടങ്ങി. അതും ഈ മേഖലയിൽ രോഗികൾക്ക് വലിയ ആശ്വാസമായി മാറിയിട്ടുണ്ട്. കൂടുതൽ ഡയാലിസിസ് സെന്ററുകൾ ഇപ്പോൾ ആരംഭിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നു. ഇനിയും തുടർന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ശ്രദ്ധിക്കാവുന്നതാണ്.

(9) തിരൂർ ജില്ലാ ആശുപത്രി മാസ്റ്റർ പ്ലാൻ

ശ്രീ. സി. മമ്മൂട്ടി: സർ, തീരദേശ മേഖലയിലെ പതിനായിരക്കണക്കിന് ആളുകൾ ആശ്രയിക്കുന്ന ഒരാശുപത്രിയാണ് തിരൂർ ജില്ലാ ആശുപത്രി. ആ ആശുപത്രിക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടത്തിന്റെ ആവശ്യം വന്നപ്പോൾ ജനങ്ങളെല്ലാം സംഘടിച്ചുകൊണ്ട് ഏതാണ്ട് ആറ് കോടി രൂപ സ്വരൂപിച്ച് ആറ് നില കെട്ടിടമുണ്ടാക്കി അവർ മുന്നോട്ടുപോകുകയാണ്. തിരൂർ ജില്ലാ ആശുപത്രിക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആരോഗ്യ വകുപ്പ് അത് അംഗീകരിച്ച് മൊത്തം തുകയുടെ മൂന്നിലൊന്ന് ഒന്നാംഘട്ടമായി അനുവദിച്ചെങ്കിലും നടപടിയൊന്നുമായിട്ടില്ല. Wapcos മുഖേനയാണ് സമർപ്പിച്ചിട്ടുള്ളത്. അത് ഗൗരവമായി പരിഗണിച്ച് അടിയന്തരമായും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്ന് അത്യാവശ്യം ചെലവുകൾക്കും മറ്റ് കാര്യങ്ങൾക്കുംവേണ്ടി തുക അനുവദിച്ചു കൊടുക്കാറുണ്ട്. രണ്ടേമുക്കാൽ കോടി രൂപ ഇപ്രാവശ്യം കോവിഡുമായി ബന്ധപ്പെട്ട പല ആവശ്യങ്ങൾക്കുംവേണ്ടി കൊടുത്തിട്ടുണ്ട്.

ക്യാൻസർ രോഗികൾ മലപ്പുറം ജില്ലയിൽ ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യം പരിഗണിച്ചുകൊണ്ട് ക്യാൻസർ ചികിത്സ കുറച്ചുകൂടി സൗകര്യപ്രദമാക്കുന്നതിനുവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 38 കോടി രൂപ ചെലവഴിച്ച് 9 നില കെട്ടിടത്തിന്റെ പണി ആരംഭിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ പണി ഏകദേശം 90 ശതമാനവും പൂർത്തിയായി. ഫ്ലോറിംഗിന്റെയും ഫാൾസ് സീലിംഗിന്റെയും ജോലികൾ മാത്രമാണ് ബാക്കിയുള്ളത്. LINAC എന്ന ഉപകരണം ഉപയോഗിച്ച് ക്യാൻസർ കരിച്ചുകളയുന്ന അതിനൂതനമായൊരു പദ്ധതി ആവിഷ്കരിച്ച് ഗവൺമെന്റ് നബാർഡിന് സമർപ്പിച്ചാണ് അത്തരമൊരു സംവിധാനം അംഗീകരിച്ചത്. അതിന്റെ പണി പൂർത്തിയാക്കണമെങ്കിൽ പി.ഡബ്ല്യൂ.ഡി.-ക്ക് കൺസൾട്ടൻസി ഉപദേശം നൽകണം. ഗവൺമെന്റ് ഇതുവരെ കൺസൾട്ടൻസിയെ നിയോഗിച്ചിട്ടില്ല. അതിനാൽ അതിന്റെ സ്പെഷ്യലൈസേഷൻ അനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യാൻ അവർ ചില ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. എന്നാൽ കെട്ടിടത്തിന്റെ പണി ഏകദേശം 85-90 ശതമാനം പൂർത്തിയായിട്ടുണ്ട്.

അടിയന്തരമായി പ്രസ്തുത സംവിധാനത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോഴുള്ള ജീവനക്കാരുടെ എണ്ണം വളരെ പരിമിതമാണ്. പതിനായിരത്തോളം ക്യാൻസർ രോഗികളാണ് ഇപ്പോഴവിടെ ചികിത്സിച്ചു കൊണ്ടിരിക്കുന്നത്. 7000 മുതൽ 10000 വരെ രോഗികൾ നിരന്തരമായി വന്നുകൊണ്ടിരിക്കുകയാണ്. ഹീമോഫിലിയ സെന്ററിനുള്ള സംവിധാനങ്ങളുണ്ട്. ഡയാലിസിസ് സെന്റർ, ലിംഫറ്റിക് സെന്റർ എന്നിവയുമുണ്ട്. ഇത്തരത്തിൽ അവിടെ മറ്റെല്ലാ സൗകര്യങ്ങളും ഒരുക്കി വളരെ നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. ഈ സാഹചര്യത്തിൽ ഇത് ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനാവശ്യമായ സംവിധാനമൊരുക്കാൻ അങ്ങൊരു മീറ്റിംഗ് വിളിക്കണമെന്ന് ഞാൻ ഒരുവർഷം മുൻപ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോവിഡും മറ്റ് കാര്യങ്ങളും കാരണമായിരിക്കാം മീറ്റിംഗ് ഇതുവരെ വിളിച്ചിട്ടില്ല. ഇനി അത്തരമൊരു മീറ്റിംഗിന് സമയം ലഭിക്കുമോയെന്ന് അറിയില്ല. എന്തായാലും ഇത്തരം കാര്യങ്ങളിൽ അടിയന്തര നടപടി ഉണ്ടാകണം. മറ്റൊരു ക്യാൻസർ ഹോസ്പിറ്റലിന്റെ തലവൻ വന്ന് അവിടെ പരിശോധന നടത്തിയപ്പോൾ ഇത്രയും വലിയ കെട്ടിടം ഇവിടെ എന്തിനാണെന്നും ഇതിന്റെ ആവശ്യം ഇവിടെയില്ലെന്നും തുടർനിർമ്മാണങ്ങൾ നിർത്തിവയ്ക്കണമെന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കൺഫ്യൂഷനായി നിൽക്കുകയാണ്. ക്യാൻസർ രോഗികളുടെ ക്രമാതീത വർദ്ധനവ് മാത്രമല്ല ഈ ജില്ലയിലെ മറ്റ് സ്വകാര്യ ആശുപത്രികളിൽ ഇതിനുള്ള ചികിത്സാ സൗകര്യമില്ലാത്തതിനാലാണ് കഴിഞ്ഞ തവണ ഗവൺമെന്റ് അനുമതി നൽകിയത്. കേരളത്തിൽ ഏറ്റവും കൂടുതൽ ക്യാൻസർ രോഗികളുള്ളതും ഈ ജില്ലയിലാണ്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് എത്രയും പെട്ടെന്ന് LINAC ഉപകരണം സ്ഥാപിക്കുന്നതിനും മറ്റ് അത്യാവശ്യ ജീവനക്കാരെ നിയമിക്കുന്നതിനും നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാ ആശുപത്രികൾ ഹൈടെക്കാക്കി മാറ്റുന്നതിന്റെ ഭാഗമായി കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി എന്നീ മൂന്ന് സൂപ്പർ സ്പെഷ്യാലിറ്റികൾ ജില്ലാതലത്തിലേക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുമാത്രമല്ല എല്ലാ ജില്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടി മാറ്റങ്ങളുണ്ടാക്കാനും ശ്രമിച്ചു. അതിന്റെ ഭാഗമായി തിരൂർ ആശുപത്രിയെ തെരഞ്ഞെടുക്കുകയും വളരെയേറെ വികസന പ്രവർത്തനങ്ങൾ അവിടെ നടത്തുകയും ചെയ്തിട്ടുണ്ട്. അവിടെ ഐ.സി.യു. വിഭാഗത്തിൽ 50 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് 10 ബെഡ്ഡുകൾ വിപുലീകരിച്ചിട്ടുണ്ട്. 2017-ൽ 6 കോടി രൂപ ചെലവിൽ മാതൃ-ശിശു ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ച് 2018-ൽ ഉദ്ഘാടനം നിർവ്വഹിച്ചു.

അമ്മമാരുടെയും കുട്ടികളുടെയും ബ്ലോക്കിൽ ഇതിനാവശ്യമായ ന്യൂബോൺ സ്ക്രീനിംഗ് റൂം, വെയിറ്റിംഗ് ഏര്യ തുടങ്ങിയ കാര്യങ്ങളെല്ലാം തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേൾവി പരിശോധനാ കേന്ദ്രം 16 ലക്ഷം രൂപ ചെലവഴിച്ച് തയ്യാറാക്കിയിട്ടുണ്ട്. ഒരു നല്ല ഓഡിയോളജി യൂണിറ്റവിടെ പ്രവർത്തിച്ചുവരുന്നു. വാക്ക്-ഇൻ കൂളർ കെ.എം.സി.എൽ. വഴി അനുവദിച്ചു. അത് 2019-ൽ സ്ഥാപിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 8 കോടി 65 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് അവിടെ ആർദ്രം പദ്ധതി പ്രകാരം ഒ.പി. നവീകരണ പ്രക്രിയ നടത്തി വളരെ സൗകര്യപ്രദമായ കാത്തിരുപ്പ് സ്ഥലവും ഏറ്റവും ആധുനികമായ വിശ്രമ സ്ഥലവും തയ്യാറാക്കിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ സന്നിഹിതനായപ്പോൾ അംഗങ്ങൾ ഡസ്കിലടിച്ച് അഭിവാദ്യം അർപ്പിച്ചു.)

20 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് കൃത്രിമ അവയവ നിർമ്മാണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനവും പൂർത്തിയായിട്ടുണ്ട്. ലക്ഷ്യ പദ്ധതിയുടെ ഭാഗമായി 1,99,00,00 രൂപ ചെലവഴിച്ചുകൊണ്ട് വിമെൻ ആൻഡ് ചിൽഡ്രൻ ബ്ലോക്കിനുമുകളിൽ രണ്ട് നിലകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ നബാർഡ് സഹായത്തോടുകൂടി 33 കോടി രൂപയുടെ ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2018-ലാണ് ആരംഭിച്ചത്. 9 നിലകളോടുകൂടിയുള്ള ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ ജില്ലാ ആശുപത്രികൾക്ക് പറഞ്ഞിട്ടുള്ള standardisation അനുസരിച്ച് മാത്രമാണ് നമുക്കത് പ്രവർത്തിപ്പിക്കാൻ സാധിക്കുക. അതുമായി ബന്ധപ്പെട്ട് മാമോഗ്രാം മെഷീൻ സ്ഥാപിക്കുന്നതടക്കം കീമോ, പാലിയേറ്റീവ് സൗകര്യങ്ങൾ അവിടെ നൽകുന്നതിനായുള്ള കാര്യങ്ങളെല്ലാം ആലോചിച്ച് കഴിഞ്ഞിട്ടുണ്ട്. എന്നാൽ 9 നിലകളും ഓങ്കോളജി വിഭാഗത്തിന്റെ ആവശ്യത്തിനായി വേണ്ടിവരില്ല. ബാക്കി നിലകളിൽ ആശുപത്രിയുടെ മറ്റ് കാര്യങ്ങൾകൂടി പ്രവർത്തിപ്പിക്കാനാണ് ആലോചിച്ചിട്ടുള്ളത്. അടുത്തുതന്നെ നമുക്ക് അതിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കും. ഇപ്പോൾ ബ്ലഡ് ബാങ്ക് നവീകരണം നടന്നു കഴിഞ്ഞു. ഒരു കോടി രൂപ ചെലവഴിച്ചുകൊണ്ട് പുതിയ ഓപ്പറേഷൻ തിയേറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. ഇത്തരത്തിൽ വളരെ വലിയ നിർമ്മാണ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളുമാണ് തിരൂർ ആശുപത്രിയിൽ നടക്കുന്നത്. അനേകം സ്പെഷ്യാലിറ്റികളുള്ള ഒരു ആശുപത്രിയാണ്. നേരത്തെയുള്ള കാര്യങ്ങൾ ഞാനിവിടെ പറഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രത്യേകമായി ചെയ്തിട്ടുള്ള

കാര്യങ്ങളാണ് പറഞ്ഞത്. ഇതോടൊപ്പം ആശുപത്രിയുടെ സമഗ്രമായ വികസനത്തിനുവേണ്ടി ജില്ലാ ആശുപത്രികൾക്കുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോടൊപ്പം 41 കോടി രൂപയുടെ ഭരണാനുമതി വകുപ്പ് നൽകിയിട്ടുണ്ട്. എസ്.പി.വി. ആയി Wapcos-നെ ചുമതലപ്പെടുത്തുകയും അതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുകയും ചെയ്യുകയാണ്. അത് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള കാര്യങ്ങളും തിരൂർ ആശുപത്രിയിൽ നിർമ്മിക്കാൻ സാധിക്കും. വലിയതോതിലുള്ള മാറ്റമാണ് തിരൂർ ആശുപത്രിയിൽ ഉണ്ടായിട്ടുള്ളത്. ഓങ്കോളജി വിഭാഗത്തിന്റെ പ്രവർത്തനം വളരെ പെട്ടെന്ന് തന്നെ ആരംഭിക്കാം.

(10) <u>സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം</u>

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2011-ൽ എൻ.എ.ബി.എച്ച്.-ന്റെ അക്രെഡിറ്റേഷൻ ലഭിച്ച കേരളത്തിലെ ആദ്യത്തെ ജനറൽ ആശുപത്രിയാണ് എറണാകുളം ജനറൽ ആശുപത്രി. രോഗീപരിചരണത്തിലും മറ്റും വളരെ മികവ് പുലർത്തുന്നൊരു ആശുപത്രിയാണ്. കൊച്ചി മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രിയായി മാറ്റിയ സന്ദർഭത്തിൽ ആ ജില്ലയിലെയും പരിസരപ്രദേശങ്ങളിലെയും മുഴുവൻ രോഗികളും ആശ്രയിക്കുന്ന ഒരു ആശുപത്രിയാണ് എറണാകുളം ജനറൽ ആശുപത്രി. 2016-17 കാലഘട്ടത്തിൽ കായകല്പ അവാർഡ്, ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള ആശുപത്രിക്കുള്ള അവാർഡായി സ്വച്ഛ് ഭാരത് മിഷന്റെ 50 ലക്ഷം രൂപ ലഭിച്ച ആശുപത്രിയാണ്. 2018-ൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അവാർഡ് ലഭിച്ചു. മുന്തിയ രോഗീപരിചരണത്തിനും വൃത്തിക്കുമാണ് ഈ അവാർഡ് ലഭിച്ചത്. 2017-18 ലിനിയർ ആക്സിലറേറ്റർ റേഡിയേഷനുവേണ്ടി അത്യാധുനിക യന്ത്രം സ്വന്തമാക്കാൻ കഴിഞ്ഞിട്ടുള്ള ഒരു ജനറൽ ആശുപത്രിയാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് വരുന്നതിനുമുൻപ് സൂപ്പർ സ്പെഷ്യാലിറ്റി സർവ്വീസ് ആരംഭിച്ച ആശുപത്രിയാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തി ഏകദേശം 76 കോടി രൂപ മുടക്കി അറുപതിനായിരം സ്ക്വയർ ഫീറ്റ് കെട്ടിടം ഈ ഫെബ്രുവരിയിൽ പൂർത്തീകരിക്കാൻ പോകുകയാണ്. അങ്ങനെ പൂർത്തീകരിച്ചു കഴിയുമ്പോൾ സ്വാഭാവികമായും ഈ ആശുപത്രിക്കാവശ്യമായ സ്റ്റാഫിനെ നിയോഗിക്കേണ്ടതായിവരും. ഇപ്പോൾ ന്യൂറോളജി, ന്യൂറോ സർജറി, യൂറോളജി, നെഫ്രോളജി, പ്ലാസ്റ്റിക് സർജറി, സർജിക്കൽ ഓങ്കോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ അവിടെ ലഭ്യമാണ്. ഇതിനാവശ്യമായ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിലാണ് നിയോഗിച്ചിട്ടുള്ളത്. ഇവർക്ക് ശമ്പളം നൽകുന്നത്

എച്ച്.ഡി.സി.-യിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ്. ഇപ്പോൾ കോവിഡുമായി ബന്ധപ്പെട്ട് കാര്യമായ വരുമാനമില്ലാത്തതുകാരണം വളരെയധികം ബുദ്ധിമുട്ട് നേരിടുകയാണ്. എൻ.എച്ച്.എം.-ൽ നിന്നാണ് ഇപ്പോൾ അത്യാവശ്യം തുക ലഭിക്കുന്നതും ഇവർക്ക് ശമ്പളം നൽകുന്നതും. ഈ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ അറുപതിനായിരം സ്ക്വയർ ഫീറ്റുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി വിംഗ് പ്രവർത്തനം ആരംഭിക്കുമ്പോൾ സ്വാഭാവികമായും അതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ അവിടെയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രണ്ട് കാർഡിയോളജി സർജൻമാരെ വേണമെന്നാണ് അവിടെ നിന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ഗ്യാസ്ട്രോഎൻട്രോളജിയിൽ രണ്ട് പേർ, സർജിക്കൽ ഗ്യാസ്ട്രോഎന്റോളജിയിൽ രണ്ട് പേർ, സ്റ്റാഫ് നഴ്സ് 40 പേർ, നഴ്സിംഗ് അസിസ്റ്റന്റുമാർ 30 പേർ, അറ്റന്റർ ഗ്രേഡ് II 30 പേർ എന്ന തരത്തിലുള്ള സ്റ്റാഫ് പാറ്റേൺ അവിടെ ഉണ്ടെങ്കിൽ മാത്രമേ ഇത്രയും വലിയ ഒരു കെട്ടിടവും മനോഹരമായ സംവിധാനങ്ങളും നഗരത്തിലെയും പ്രാന്തപ്രദേശങ്ങളിലെയും ജനങ്ങൾക്ക് ലഭ്യമാകുകയുള്ളൂ. അതിനാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് ഇതിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ നടക്കുന്ന മാറ്റങ്ങളുടെ ഏറ്റവും വലിയ ഉദാഹരണമായി എറണാകുളം ജനറൽ ഹോസ്പിറ്റലിനെ നമുക്ക് കാണിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ പ്രസ്തുത ഹോസ്പിറ്റലിന് വിവിധ തരത്തിലുള്ള അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്കീം അനുസരിച്ചുള്ള അംഗീകാരവും സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ് പുരസ്കാരമടക്കം നേടിയെടുക്കാൻ ഈ ആശുപത്രിക്ക് സാധിച്ചു.

4.00 P.M.]

ഹൈജീനിറ്റിയും അതുപോലെ ആധുനികതയും ഉറപ്പുവരുത്തിയതിന്റെ ഫലമായിട്ടാണ് അവാർഡുകളെല്ലാം ഈ ആശുപത്രിയെ തേടി വന്നിരിക്കുന്നത്. ഇത് നേരത്തെ തന്നെ തിരക്കുള്ള ആശുപത്രിയാണ്. കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി എന്നീ മൂന്ന് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആദ്യമായി ജില്ലാതലത്തിലേക്ക് ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുകയാണ്. അതിനോടൊപ്പം യൂറോളജി വിഭാഗവും ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുണ്ട്.

അതെല്ലാംതന്നെ പ്രവർത്തനക്ഷമമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. അഞ്ച് കോടി രൂപ ചെലവഴിച്ചുകൊണ്ട് കാത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി അടുത്ത സമയത്താണ് ഉദ്ഘാടനം നടത്തിയത്. ക്യാൻസർ രോഗികളുടെ റേഡിയേഷൻ ചികിത്സക്കായി 13.70 കോടി രൂപ ചെലവഴിച്ചുകൊണ്ട് എറണാകുളം ജനറൽ ആശുപത്രിയിൽ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കാൻ സാധിച്ചു. 150-ൽ അധികം ക്യാൻസർ രോഗികൾക്ക് ദിനംപ്രതി കീമോതെറാപ്പി ചികിത്സയും നൽകിവരുന്നു. നേരത്തെ ഇത് മെഡിക്കൽ കോളേജിൽ മാത്രമാണുണ്ടായിരുന്നത്. 4.30 കോടി രൂപ ചെലവഴിച്ചുകൊണ്ട് എം.ആർ.ഐ. സ്കാനിംഗ് മെഷീനും എറണാകുളം ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ ഏറ്റവും വൃത്തിയായി ആശുപത്രിയും പരിസരവും സൂക്ഷിച്ചതിന് മലിനീകരണ നിയന്ത്രണ ബോർഡിൽനിന്ന് ഒരു അവാർഡും ലഭിക്കുകയുണ്ടായി. സർക്കാർ ഏറ്റവും വലിയ നിർബന്ധം ചെലുത്തുന്നത് ആശുപത്രികൾ വൃത്തിയായി സംരക്ഷിക്കുന്നതിനാണ്. അതിനായി പ്രത്യേക ടീമിനെ വച്ച് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. കോവിഡ്-19 വന്നില്ലായിരുന്നുവെങ്കിൽ ആരോഗ്യ മേഖലയിൽ ഇതിനെക്കാൾ വലിയ മാറ്റം കാണാൻ സാധിക്കുമായിരുന്നു. അങ്ങനെ സംരക്ഷിച്ചതുകൊണ്ടാണ് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഒരു കോടി രൂപയുടെ അവാർഡ് അവർക്ക് ലഭ്യമായത്. അതുപയോഗിച്ച് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിച്ചു. District Early Intervention Centre (DEIC)- ന്റെ നവീകരണത്തിനായി 20 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ടുള്ള പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുന്നു. 49 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ട്രോമാ കെയർ പുനരുദ്ധാരണ പ്രവർത്തനം പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞിരിക്കുന്നു. 2.31 കോടി രൂപയുടെള്ള ബേൺസ് കെയർ യൂണിറ്റ് പ്രവർത്തനത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 21 ലക്ഷം രൂപ ചെലവഴിച്ച് മൈക്രോ ബയോളജി ലാബിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇതിനുപുറമെ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ, കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി 76.50 കോടി രൂപ അനുവദിക്കുകയും നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തീയതി ലഭിച്ചാലുടനെ ഉദ്ഘാടനം നടത്താനിരിക്കുകയാണ്. 8 നിലകളിലായി (G+7) ഈ ആശുപത്രിയിൽ ആധുനിക രീതിയിലുള്ള 8 സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി.കൾ, 6 ഓപ്പറേഷൻ തിയേറ്ററുകൾ, കാത്ത് ലാബ്, ICU, CCU തുടങ്ങിയ ആധുനിക സംവിധാനങ്ങളടക്കം നിലവിൽവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച വിഭാഗമുൾപ്പെടെ 25 പുതിയ തസ്തികകൾ എറണാകുളം ജനറൽ ഹോസ്പിറ്റലിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ 11 ഡോക്ടർമാർ, 2 ലാബ് ടെക്നീഷ്യൻമാർ, 2 കാത്ത് ലാബ് ടെക്നീഷ്യൻമാർ, 3 ഡയാലിസിസ് ടെക്നീഷ്യൻമാർ, ഇ.സി.ജി. ടെക്നീഷ്യൻമാർ എന്നിവരുടേതടക്കമാണ്

25 തസ്തികകൾ അനുവദിച്ചത്. ഇതിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുടെ തസ്തികകളായ കൺസൾട്ടന്റ് കാർഡിയോളജി- 2, കൺസൾട്ടന്റ് നെഫ്രോളജി-1, കൺസൾട്ടന്റ് ന്യൂറോളജി-1 എന്നിവയും അനുവദിച്ചിട്ടുണ്ട്. ആശുപത്രിയുടെ വികസനത്തിനനുസരിച്ച് വരും നാളുകളിൽ കൂടുതൽ തസ്തികകൾ ആവശ്യമാണെങ്കിൽ ആ കാര്യവും പരിഗണിക്കാം. വലിയ മാറ്റമാണ് എറണാകുളം ജനറൽ ആശുപത്രിയിൽ ഈ കഴിഞ്ഞ നാലര വർഷക്കാലത്തിനുള്ളിൽ ഉണ്ടായിട്ടുള്ളതെന്ന് സന്തോഷത്തോടെ സൂചിപ്പിക്കുകയാണ്.

(11) അഭിഷേകിന്റെ സംരക്ഷണം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിലെ എന്റെ നിയോജക മണ്ഡലത്തിലെ മൂളിയാർ പഞ്ചായത്തിലെ കാനത്തൂരെന്ന സ്ഥലത്ത് മാതാപിതാക്കൾ നഷ്ടപ്പെട്ട ആറ് വയസ്സുകാരൻ അഭിഷേകിന്റെ സംരക്ഷണം സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 9-1-2021 പകൽ 12 മണിക്ക് ആറ് വയസ്സുകരനായ അഭിഷേകിന്റെ കൺമുന്നിൽ വച്ച് സ്വന്തം പിതാവ് അമ്മയെ നാടൻ തോക്കുപയോഗിച്ച് വെടിവച്ചുകൊന്നു. തുടർന്ന് പിതാവ് തൂങ്ങി മരിച്ചു. ഇത് ജില്ലയെ ആകെ ഞെട്ടിച്ച അതിദാരുണമായ സംഭവമായിരുന്നു. പട്ടികജാതി മൊഹർ വിഭാഗത്തിൽപ്പെട്ട കുടുംബമാണിവർ. അമ്മയുടെ കുടുംബക്കാരുടെ സംരക്ഷണയിലാണ് ഈ കുട്ടി ഇപ്പോൾ കഴിയുന്നത്. അവർ വളരെ ദരിദ്രരാണ്. ആ കുട്ടിയെ സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ ദാരുണമായിട്ടുള്ളൊരു അനുഭവമായിരുന്നു അത്. ഈ സംഭവം നടന്നയുടൻതന്നെ കാസർഗോഡ് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിലെ ജീവനക്കാരോട് സംഭവസ്ഥലത്തെത്താൻ ആവശ്യപ്പെട്ടിരുന്നു. അവർ അവിടെ എത്തുകയും കുട്ടിയെ സന്ദർശിക്കുകയും പ്രാഥമിക കൗൺസിലിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. കുട്ടി ഇപ്പോൾ മാതൃസഹോദരന്റെ കൂടെ സുരക്ഷിതനായി കഴിഞ്ഞുവരികയാണ്. ഇനിയും കുട്ടിക്കാവശ്യമായിട്ടുള്ള മാനസിക പരിചരണമുൾപ്പെടെ എല്ലാ കാര്യങ്ങളും നൽകുന്നതിന് സർക്കാർ ശ്രദ്ധിക്കുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. വനിത-ശിശു വികസന വകുപ്പ് അതിനുള്ള നടപടി സ്വീകരിക്കുകയാണ്. എന്നാൽ കുട്ടിയുടെ ബന്ധുവിന്റെ പരിചരണത്തിൽ സുരക്ഷിതനായി കഴിയുന്നതാണ് ഏറ്റവും അനുയോജ്യമെന്ന് കണ്ടതിനാൽ അവിടെത്തന്നെ കഴിയാനാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ തുടർസംരക്ഷണം സംബന്ധിച്ചുള്ള നടപടി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. സംയോജിത ശിശു വികസന പദ്ധതിയുടെ പുനരധിവാസ പദ്ധതികളായിട്ടുള്ള സ്പോൺസർഷിപ്പ്/ കിൻഷിപ്പ് ഫോസ്റ്റർകെയർ തുടങ്ങിയ

പദ്ധതികളിലേതിലെങ്കിലും ഉൾപ്പെടുത്തി സംരക്ഷിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകിക്കൊണ്ട് കുട്ടിയുടെ പൂർണ്ണസംരക്ഷണം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്.

(12) മലബാർ ദേവസ്വം നിയമം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആയിരത്തിലധികം വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ പലപ്രാവശ്യം ആദരണീയനായ വകുപ്പുമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുള്ളതാണ്. 12 വർഷമായി അവരുടെ ശമ്പളം പരിഷ്കരിച്ചിട്ടില്ല. വളരെ തുച്ഛമായ ശമ്പളം മാത്രമാണ് അവർക്ക് ലഭിക്കുന്നത്. അതുതന്നെ കൃത്യമായി നൽകാത്തതുകൊണ്ട് അനേകം ജീവനക്കാർക്ക് ശമ്പള കുടിശ്ശിക ബാക്കിയുണ്ട്. തിരുവിതാംകൂർ, കൊച്ചി ദേവസ്വങ്ങളിലുള്ളതുപോലെ തത്തുല്യമായ ഒരു വേതനം സംസ്ഥാനാടിസ്ഥാനത്തിൽ എല്ലാ ക്ഷേത്ര ജീവനക്കാർക്കും നൽകുന്നതിന് നടപടി സ്വീകരിക്കുകയാണ് അത്യാവശ്യമായിട്ടുള്ള കാര്യം. അതുപോലെ മലബാർ ദേവസ്വം ക്ഷേത്രത്തിലെ ജീവനക്കാർക്കായി ഒരു സമഗ്ര നിയമം കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വളരെ വർഷങ്ങൾക്ക് മുമ്പ് പറഞ്ഞിട്ടുള്ളതാണെങ്കിലും ഇതുവരെ അത്തരത്തിലുള്ളൊരു നിയമം കൊണ്ടുവരുന്നതിന് നമുക്ക് സാധിച്ചിട്ടില്ലെന്നുള്ളത് നിർഭാഗ്യകരമാണ്. മേൽപ്പറഞ്ഞ എല്ലാ പ്രശ്നങ്ങൾക്കും അടിയന്തര പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ക്ഷേത്ര ജീവനക്കാർ കോഴിക്കോട് ദേവസ്വം ബോർഡ് ഓഫീസിന് മുമ്പിൽ മാസങ്ങളോളം നീണ്ടുനിൽക്കുന്ന ഒരു സമരം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വളരെ ശ്രദ്ധയോടുകൂടി അടിയന്തരമായി ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനും ശമ്പള കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും സമഗ്ര നിയമം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ബഹുമാനപ്പെട്ട ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ ചൂണ്ടിക്കാണിച്ച കാര്യം വളരെ ശ്രദ്ധയോടുകൂടിയാണ് ഗവൺമെന്റ് പരിശോധിക്കുന്നത്. ശമ്പള പരിഷ്കരണത്തിനാവശ്യമായ നടപടി സ്വീകരിക്കുകയാണ്. ദേവസ്വം ബോർഡ് ശമ്പള പരിഷ്കരണം സംബന്ധിച്ച ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ നടപടി ക്രമങ്ങൾ പാലിച്ച് വളരെ പെട്ടെന്നുതന്നെ നടപ്പിലാക്കുന്നതിനുള്ള തീരുമാനമെടുക്കും. ശമ്പള പരിഷ്കരണത്തിന് കാലതാമസം വരുമെന്ന് കണ്ടപ്പോൾ 2000 രൂപ ഇടക്കാലാശ്വാസം അനുവദിച്ചുകൊടുത്തു. ജീവനക്കാരുടെ സമരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും അവരുമായി ചർച്ച നടത്തി ആ സമരം അവസാനിപ്പിക്കാനും സാധിച്ചു. ജീവനക്കാരുടെ ശമ്പള കുടിശ്ശിക തീർക്കുന്നതിനായി 10 കോടി രൂപ

ദേവസ്വത്തിന് കൈമാറിയിട്ടുണ്ട്. വരുമാന കണക്കുകൾ യഥാസമയം ലഭ്യമാകാത്തതുകൊണ്ടാണ് ജീവനക്കാർക്ക് സമയാസമയം ശമ്പളം ലഭിക്കാതെ പോകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എങ്ങനെയാണ് ഇതിന് പരിഹാരം കാണാൻ കഴിയുകയെന്നുള്ളത് ഗവൺമെന്റ് പരിശോധിച്ച് നടപ്പിലാക്കും. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം മലബാർ ദേവസ്വം ബോർഡിന്റെ പരിധിയിലുള്ള ട്രസ്റ്റിമാരുടെ അധീനതയിലുള്ള ക്ഷേത്രങ്ങളെയുൾപ്പെടെ ബോർഡിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് ക്ഷേത്രങ്ങൾക്കും വിശ്വാസികൾക്കും ജീവനക്കാർക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് ലക്ഷ്യമിടുന്ന സമഗ്ര മലബാർ ദേവസ്വം ബില്ലിന്റെ കാര്യമാണ്. അത് ഒരു വലിയ പ്രോസസ്സ് ആയിരുന്നു, ബില്ല് രൂപപ്പെട്ടു. ജസ്റ്റിസ് കെ.ടി. തോമസ് ചെയർമാനായിട്ടുള്ള Kerala State Law Reforms Commission-ന്റെ പരിശോധനയ്ക്ക് നൽകി. അദ്ദേഹവും വളരെ സമയമെടുത്ത് പരിശോധിച്ച് സമീപ നാളിലാണ് സമർപ്പിച്ചിട്ടുള്ളത്. കമ്മീഷൻ നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ The Malabar Hindu Religious And Charitable Institutions & Endowments Bill 2020 സർക്കാർ പരിശോധിച്ചുവരികയാണ്. ബിൽ സഭയിൽ അവതരിപ്പിക്കാൻ കഴിയാത്തൊരു വിഷമമാണ് ഗവൺമെന്റിനെ സംബന്ധിച്ചുള്ളത്. അത്തരമൊരു ബിൽ നിർമ്മിക്കുന്നതിന് വളരെ നാളുകൾ വേണ്ടിവന്നു. അതിപ്പോൾ ഗവൺമെന്റിന്റെ കൈവശമാണ്.

(13) <u>ശുചീകരണ തൊഴിലാളികളുടെ പരിരക്ഷ</u>

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കോവിഡ് രോഗ പ്രതിരോധ/നിയന്ത്രണ പ്രവർത്തനത്തിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ലോകോത്തര നിലവാരത്തിലുള്ള കേരള മാതൃക ശ്രദ്ധിക്കപ്പെട്ടതും. അതിന് നേതൃത്വം കൊടുത്ത തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും പ്രവർത്തനങ്ങളെ ഈ അവസരത്തിൽ ശ്ലാഘിക്കുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ ഡോക്ടേഴ്സ് മുതൽ ശുചീകരണ തൊഴിലാളികൾവരെ ആരോഗ്യ വകുപ്പിനോടും തദ്ദേശസ്വയംഭരണ വകുപ്പിനോടും ചേർന്നുനിന്ന് പ്രവർത്തിച്ചിരുന്നു. കോവിഡ് -19 സ്പെഷ്യൽ ഡ്യൂട്ടിക്ക് താൽക്കാലികമായി കുറച്ച് ജീവനക്കാരെ എടുത്തിട്ടുണ്ടായിരുന്നു. ഭീതിനിറഞ്ഞ സാഹചര്യത്തിൽ വളരെ ത്യാഗോജ്ജ്വലമായി, ധൈര്യത്തോടുകൂടിയാണ് അവർ ആ ജോലി ചെയ്തുവന്നത്. ഇപ്പോഴും അവർ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് വീടുകളിലും സി.എഫ്.എൽ.ടി.സി.-കളിലും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, കോവിഡ് കെയർ സെന്റർ അടക്കമുള്ള സ്ഥലങ്ങളിൽ വളരെ സ്തുത്യർഹമായ സർവ്വീസാണ് അവർ ലഭ്യമാക്കിയിരുന്നത്. ജീവിത പ്രാരാബ്ധമുള്ളവരാണ് പലപ്പോഴും താൽക്കാലിക ജോലിക്ക് വന്നിട്ടുള്ളത്. ലാബ് ടെക്നീഷ്യൻ മുതൽ ശുചീകരണ തൊഴിലാളികൾവരെ അക്കൂട്ടത്തിലുണ്ട്. അവർക്കുവേണ്ടി പ്രത്യേകമായൊരു സഹായം, അവർ മുനിസിപ്പാലിറ്റിയുടെ

കീഴിലും പഞ്ചായത്തിന്റെ കീഴിലും എഫ്.എൽ.ടി.സി.-കളിലുമായി ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. ഇനി വരുന്ന തൊഴിലവസരങ്ങളിൽ അവർക്ക് പ്രത്യേക മുൻഗണന നൽകണമെന്ന അഭ്യർത്ഥനയാണുള്ളത്. സാമ്പത്തിക പരാധീനതയുള്ള കുടുംബത്തിൽപ്പെട്ടവരാണ് ഇത്തരത്തിലുള്ള ജോലികൾ ധൈര്യപൂർവ്വം ഏറ്റെടുത്തതെന്ന് നമുക്ക് ഒരിക്കലും വിസ്മരിക്കാൻ ആകില്ല. അതുകൊണ്ട് അവർക്കുവേണ്ടി പ്രത്യേകമായ മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷാ പാക്കേജടക്കം പ്രഖ്യാപിക്കാൻ കഴിയുമോ എന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കോവിഡ്-19 രോഗപ്രതിരോധവുമായി ബന്ധപ്പെട്ടുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ആവശ്യാനുസരണം തൊഴിലാളികളെ നിയോഗിക്കുന്നുണ്ട്. ഇത്തരത്തിൽ നിയമിച്ചിട്ടുള്ള ശുചീകരണ തൊഴിലാളികൾക്ക് 9-7-2019-ലെ ഉത്തരവ് പ്രകാരം 600 രൂപ ദിവസ വേതനം അനുവദിക്കുകയും തുടർന്ന് അവർ ഏർപ്പെടുന്ന റിസ്ക് ഫാക്ടർ പരിഗണിച്ച് ആയത് 750 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും ആശുപത്രികളിലും ജോലി ചെയ്യുന്ന ശുചീകരണ തൊഴിലാളികൾക്ക് 750 രൂപ ദിവസ വേതനം നൽകിവരുന്നുണ്ട്. ഈ തൊഴിലാളികൾക്ക് താമസം, ഭക്ഷണം, വിശ്രമം എന്നിവയ്ക്ക് സൗകര്യം ഒരുക്കിയിട്ടുള്ളതും ആവശ്യമായ സുരക്ഷാ സംവിധാനങ്ങളായ ഗ്ലൗസ്, മാസ്ക്, ഗംബൂട്ട്, പി.പി.ഇ. കിറ്റ് എന്നിവ നൽകിയിട്ടുള്ളതുമാണ്. കൂടാതെ, കോവിഡ് വാക്സിനേഷൻ നൽകുന്നതിന് മുൻഗണനാ ക്രമത്തിൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്.

### (14) ഐ.പി.ടി. വിപുലീകരണം

ശ്രീ. പി. കെ. ശശി: സർ, 1967 മുതൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ഏക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജിയാണ് ഷൊർണ്ണൂറിലുള്ളത്. പാലക്കാട് ജില്ലയിലെ ആദ്യത്തെ പോളിടെക്നിക് സ്ഥാപനമാണ് ഷൊർണ്ണൂറിലെ ഐ.പി.ടി. വിദ്യാർത്ഥികളുടെ ആവശ്യം പരിഗണിച്ച് ഈ സ്ഥാപനത്തിൽ കൂടുതൽ ബാച്ചുകൾ അനുവദിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. 1967-ൽ സ്ഥാപിതമായ ഈ ഉന്നതവിദ്യാഭ്യാസ സ്ഥാപനം പ്രിന്റിംഗ് ടെക്നോളജിയിൽ മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സുള്ള സംസ്ഥാനത്തെ ഏക സ്ഥാപനമാണ്. പാലക്കാട് ജില്ലയിൽ സർക്കാർ മേഖലയിൽ ആകെ രണ്ട് പോളിടെക്നിക് കോളേജുകൾ മാത്രമാണുള്ളത്. ഈ രണ്ട് കോളേജുകൾ തമ്മിൽ

65 കിലോമീറ്റർ ദൂരമുണ്ട്. പാലക്കാട് പോലെ വലിയൊരു ജില്ലയിൽ, തൊഴിൽ സാദ്ധ്യതയുള്ള ഡിപ്ലോമ വിദ്യാഭ്യാസം നേടുവാൻ വളരെ പരിമിതമായ അവസരങ്ങൾ മാത്രമെ കുട്ടികൾക്ക് ലഭിക്കുന്നുള്ളൂ. ഷൊർണ്ണൂർ ഐ.പി.ടി. പ്രവർത്തിക്കുന്നത് 30 ഏക്കറോളം വിസ്തീർണ്ണമുള്ള വിശാലമായ കാമ്പസിലാണ്. പാലക്കാട്-പൊന്നാനി സംസ്ഥാന പാതയുടെ അരികിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്ക് എത്തിച്ചേരാൻ പറ്റുന്ന തരത്തിലുള്ള യാത്രാസൗകര്യമുള്ള ഒരു പ്രദേശത്താണ് ഈ സ്ഥാപനം നിലനിൽക്കുന്നത്. കുടിവെള്ള ലഭ്യതയും ജീവനക്കാരുടെ വസതികളും പ്രത്യേക ഹോസ്റ്റലുകളും മറ്റനുബന്ധ സൗകര്യങ്ങളുമെല്ലാം ലഭ്യമായ സ്ഥാപനമാണിത്. ഓരോ വർഷവും അഡ്മിഷനുവേണ്ടി ഏകദേശം 8000 അപേക്ഷകൾ ഇവിടെ ലഭിക്കാറുണ്ട്. എന്നാൽ, പ്രതിവർഷം മൂന്ന് കോഴ്സുകളിലായി 180 കുട്ടികൾക്ക് മാത്രമാണ് അഡ്മിഷൻ ലഭിക്കുന്നത്. ഇതിൽ പ്രിന്റിംഗ് ടെക്നോളജിയെന്ന ഒറ്റ കോഴ്സിനാണ് 2500-ാളം അപേക്ഷ ലഭിക്കാറുള്ളത്. 2018-19 വരെ ഈ കോഴ്സസിന് 77 സീറ്റുകൾ ഉണ്ടായിരുന്നതാണ്. പിന്നീട് എ.ഐ.സി.ടി.ഇ.-യുടെ ഒരു ബാച്ചിൽ അറുപതിൽ കൂടുതൽ കുട്ടികൾ പാടില്ലെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ അറുപത് സീറ്റുകളായി പരിമിതപ്പെടുത്തുകയുണ്ടായി. പ്രിന്റിംഗ് ടെക്നോളജി കോഴ്സ് പഠിക്കുന്ന കുട്ടികൾക്ക് കുറെ കാലമായി കാമ്പസ് റിക്രൂട്ട്മെന്റ് വഴി 100 ശതമാനം പ്ലേസ്മെന്റ് ലഭിക്കുന്നുണ്ട്. ആയതിനാൽ പ്രിന്റിംഗ് ടെക്നനോളജിയുടെ ഒരു അധിക ബാച്ച് കൂടി ഈ കോളേജിൽ അനുവദിക്കേണ്ടത് അനുപേക്ഷണീയമാണ്. ഭൂമി ഉൾപ്പെടെ എല്ലാ ഭൗതീക സാഹചര്യങ്ങളും ലഭ്യമായ ഈ സ്ഥാപനത്തിൽ കൂടുതൽ കോഴ്സുകൾ അനുവദിച്ചാൽ അത് വളരെ പ്രയോജനം ചെയ്യും. ജോലി സാദ്ധ്യത കൂടുതലുള്ള മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ടൂൾ ആൻഡ് ഡൈ എഞ്ചിനീയറിംഗ് എന്നീ നാല് കോഴ്സുകൾ പുതിയതായി അവിടെ അനുവദിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു. മേൽപ്പറഞ്ഞ നാല് കോഴ്സുകൾക്കായി ഷൊർണ്ണൂർ ഐ.പി.ടി. അപേക്ഷ നൽകിയിട്ടുണ്ട്. ആയതിനാൽ സർക്കാർ ഈ വിഷയം അനുഭാവപൂർവ്വം പരിഗണിച്ച് ഷൊർണ്ണൂർ ഐ.പി.ടി.-യിൽ പ്രിന്റിംഗ് ടെക്നോളജിയുടെ ഒരു അധിക ബാച്ചും മറ്റ് കൂടുതൽ കോഴ്സുകളും അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഗസ്റ്റ് ഫാക്കൽറ്റിയുടെ സേവനം വിനിയോഗിച്ച് ഐ.പി.ടി. & ജി.പി.റ്റി.സി. ഷൊർണ്ണൂരിൽ പ്രിന്റിംഗ് ടെക്നോളജിയിൽ 60 സീറ്റുകളോടുകൂടിയ അധിക ബാച്ച് ഈ വർഷം ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം ഇതിന്റെ ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു. ബാക്കിയുള്ള കോഴ്സുകൾ തുടങ്ങുന്നതിന് വരും വർഷങ്ങളിൽ പ്രൊപ്പോസൽ കിട്ടുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## (15) കുറവിലങ്ങാട് കേരള സയൻസ് സിറ്റി

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് കോഴായി കേന്ദ്രമായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കുന്നതിന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കൂടുതൽ ഇടപെടലുകൾ നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മുൻ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണസമയത്ത്, 2016-ലെ ബഡ്ജറ്റിലൂടെയാണ് കേരളത്തിൽ ആദ്യമായൊരു സയൻസ് സിറ്റി എന്ന പ്രഖ്യാപനം നടത്തിയത്. സംസ്ഥാനത്ത് ആദ്യമായി സയൻസ് സിറ്റി യാഥാർത്ഥ്യമാകുമ്പോൾ ദക്ഷിണേന്ത്യയിലെ തന്നെ ആദ്യത്തെ സയൻസ് സിറ്റിയെന്ന അംഗീകാരം ലഭിക്കുമെന്ന ഒരു വലിയ സാഹചര്യമാണ് ഇവിടെയുള്ളത്. ഇത് ഭാവിതലമുറയ്ക്കുവേണ്ടിയുള്ള ഏറ്റവും അഭിമാനകരമായ പദ്ധതിയായിരിക്കും. സംസ്ഥാന ഗവൺമെന്റിന്റെ കൃഷി വകുപ്പ് മുപ്പത് ഏക്കർ സ്ഥലം കുറവിലങ്ങാട് കോഴായിൽ വിട്ടുകൊടുത്തതുകൊണ്ടാണ് അവിടെ സയൻസ് സിറ്റി യാഥാർത്ഥ്യമാകുവാൻ സാഹചര്യമുണ്ടായത്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് 50 കോടി രൂപയും സംസ്ഥാന ഗവൺമെന്റിന്റെ 60 കോടി രൂപയും വിനിയോഗിച്ച് 110 കോടി രൂപയുടെ സംയുക്ത പ്രോജക്ടായാണ് ഇതിന് തുടക്കം കുറിച്ചത്. ഇതിനിടയിൽ നിരവധി തടസ്സങ്ങളുണ്ടായി. ബഹുമാന്യനായ മന്ത്രി ഡോ. കെ. ടി ജലീൽ ചുമതല ഏറ്റെടുത്തശേഷം രണ്ട് യോഗങ്ങൾ വിളിച്ചുകൂട്ടി പ്രശ്നപരിഹാരത്തിന് വേണ്ടിയുള്ള ഇടപെടൽ നടത്തിയെങ്കിലും ഇപ്പോഴും കാര്യങ്ങൾ വേണ്ടത്ര വേഗത്തിൽ മുന്നോട്ട് പോയിട്ടില്ല. വിവിധ തർക്കങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി എത്രയും പെട്ടെന്ന് ഒരു യോഗംകൂടി വിളിച്ചുകൂട്ടിയാൽ അത് വളരെ സഹായകരമായിരിക്കും. പരമാവധി വേഗത്തിൽ കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കോട്ടയം ജില്ലയിലെ കോഴായിൽ 2014-ൽ ആണ് കേരള സയൻസ് സിറ്റിക്ക് തുടക്കം കുറിച്ചത്. ആദ്യഘട്ടത്തിൽ 120 കോടി രൂപ വകയിരുത്തി പതിനഞ്ച് ഏക്കർ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നിലവിൽ ഏകദേശം എൺപത് ശതമാനത്തോളം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 2021-ഒക്ടോബർ അവസാനത്തോടെ സയൻസ് സിറ്റിയുടെ ഫസ്റ്റ് ഫേസ് യാഥാർത്ഥ്യമാക്കി നാടിന് സമർപ്പിക്കാൻ കഴിയുമെന്ന് ഇതുമായി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ നിർമ്മാണച്ചുമതലയുള്ള നാഷണൽ സയൻസ് മ്യൂസിയം അധികൃതർ അറിയിച്ചിട്ടുണ്ട്.

## VII. റിപ്പോർട്ട് സമർപ്പണം

### 1. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി പതിനൊന്നിന്റെ അദ്ധ്യക്ഷനായ ഞാൻ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

### 2. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തി എട്ട് മുതൽ തൊണ്ണൂറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എഴുപത്തി എട്ട് മുതൽ തൊണ്ണൂറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 3. എസ്റ്റിമേറ്റ് കമ്മിറ്റിയുടെ മുപ്പത്തിമൂന്ന് മുതൽ മുപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിമൂന്ന് മുതൽ മുപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 4. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിയൊൻപത് മുതൽ എഴുപത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പിനുവേണ്ടി ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) യുടെ അദ്ധ്യക്ഷനായ ശ്രീ. കെ. സുരേഷ് കുറുപ്പിനുവേണ്ടി സമിതിയംഗമായ ഞാൻ സമിതിയുടെ അറുപത്തിയൊൻപത് മുതൽ എഴുപത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 5. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഇരുപത് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII. റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. രാജേഷ്: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കേരള നിയമസഭയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഇതുപോലൊരു പ്രശ്നം പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് കൈകാര്യം ചെയ്യേണ്ട സാഹചര്യമുണ്ടാകുന്നത്. ഈ സഭയിലുള്ള എല്ലാവർക്കും അറിയാവുന്നതുപോലെ, കഴിഞ്ഞ ദിവസം ഇവിടെ സമർപ്പിക്കപ്പെട്ട കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്, അത് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുമുമ്പ് റിപ്പോർട്ടിലെ ചില ഭാഗങ്ങൾ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇക്കഴിഞ്ഞ നവംബർ ഒന്നാം തീയതി മാധ്യമങ്ങളോട് വെളിപ്പെടുത്തിയത് സഭയുടെ പ്രത്യേക അവകാശത്തെ ഹനിച്ചെന്നും ആയതിനാൽ അദ്ദേഹത്തിനെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ബഹുമാനപ്പെട്ട സ്പീക്കർക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽ നിന്നും വിശദീകരണം വാങ്ങിയ ശേഷം പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തു. ഞാൻ അതിനെക്കുറിച്ച് വളരെ വിസ്തരിച്ചൊന്നും പറയുന്നില്ല. നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശന്റെ അഭിപ്രായങ്ങൾ, അദ്ദേഹത്തിന് കൂടുതലായി പറയാനുള്ള കാര്യങ്ങൾ, ആവശ്യമായ സമയവും സാവകാശവുമെടുത്ത് സംസാരിക്കാനുള്ള സാഹചര്യം ഉണ്ടാക്കി. അതോടൊപ്പം ബഹുമാന്യനായ മന്ത്രിക്ക് ഇതുസംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നത് സംബന്ധിച്ച് സഭാസമിതി മുമ്പാകെ ഹാജരായി എല്ലാ കാര്യങ്ങളും വളരെ വിശദമായിത്തന്നെ അവതരിപ്പിക്കാനുള്ള സാവകാശവും സൗകര്യവുമുണ്ടാക്കി. ഇവിടെ രണ്ടുപേരും ഈ സഭാസമിതിക്കു മുമ്പാകെ അവതരിപ്പിച്ചിട്ടുള്ള കാര്യങ്ങൾ വളരെ വിശദമായി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ ഞാനത് ആവർത്തിക്കുന്നില്ല. നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ഇതിന് സമാനമായിട്ടുള്ള സംഭവങ്ങൾ ഉണ്ടായിട്ടില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞു. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു നിഗമനത്തിലെത്താവുന്ന കീഴ്വഴക്കങ്ങളോ മറ്റു മാതൃകകളോ ഒന്നുംതന്നെ

കമ്മിറ്റിയുടെ മുമ്പിൽ ഉണ്ടായിരുന്നില്ല കീഴ്വഴക്കങ്ങളില്ലെന്നതുപോലെ തന്നെ നമ്മുടെ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വണവും സംബന്ധിച്ചുള്ള ചട്ടങ്ങളിലും ഇതു സംബന്ധിച്ച് പ്രത്യേകമായിട്ടൊന്നും പറയുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നടപടി പ്രിവിലേജ് ലംഘിച്ചുവെന്നു പറയാൻ നമ്മുടെ മുമ്പിൽ കീഴ്വഴക്കങ്ങളൊന്നുമില്ല. ചട്ടങ്ങളിൽ അതിനെക്കുറിച്ച് പറയുന്നുമില്ല. രാജ്യത്തെ പരമോന്നത സഭകളിൽ, രാജ്യസഭ, ലോകസഭ, ഇവിടെയൊക്കെ ഇതിന് സമാനമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് അന്വേഷിച്ചു. ഇതിനോട് സാദൃശ്യമുള്ളൊരു സംഭവം ഉണ്ടായത് രാജ്യസഭയിലാണ്. ഇതുപോലെ തന്നെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ചില പരാമർശങ്ങൾ പാർലമെന്റിന്റെ മേശപ്പുറത്തു വയ്ക്കുന്നതിനുമുമ്പ് ചില പത്രങ്ങളിൽ പ്രസിദ്ധീകരിച്ചത് രാജ്യസഭയുടെ അവകാശ ലംഘനമാണെന്ന് ശ്രീ. കെ. സി. ത്യാഗി, എം.പി.യുടെ ഒരു പ്രിവിലേജ് നോട്ടീസ് രാജ്യസഭാ അദ്ധ്യക്ഷന് കൊടുക്കുകയും അദ്ദേഹം അത് രാജ്യസഭയുടെ പ്രിവിലേജസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തിട്ടുണ്ട്. ആം ആദ്മി നേതാവായിട്ടുള്ള പ്രശാന്ത് ഭൂഷണ് എതിരായിട്ടായിരുന്നു ആ പരാതി. സി. & എ.ജി. റിപ്പോർട്ടിലെ വിവരങ്ങൾ മാധ്യമങ്ങൾക്ക് നൽകിയെന്നതായിരുന്നു അതിലെ ആക്ഷേപം. രാജ്യസഭയുടെ പ്രിവിലേജ് കമ്മിറ്റി വളരെ വിശദമായ പരിശോധനകൾ നടത്തിയാണ് അതു സംബന്ധിച്ച് നിഗമനത്തിലെത്തിയത്. ആ സമിതിയുടെ ചെയർമാൻ ബഹുമാന്യനായ ശ്രീ. പി. ജെ. കുര്യനായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സമിതി സി.&എ.ജി. റിപ്പോർട്ടിലെ വിവരങ്ങൾ, റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നതിനുമുമ്പേ പുറത്താകുന്നത് സഭയുടെ അവകാശങ്ങളുടെ ലംഘനമാവില്ലെന്ന നിഗമനത്തിലാണെത്തിയത്. ഞങ്ങൾ പരിശോധിച്ചപ്പോൾ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ കാര്യത്തിലും രാജ്യസഭാ പ്രിവിലേജസ് കമ്മിറ്റിയുടെ ഈ നിരീക്ഷണങ്ങളും നിഗമനങ്ങളും സംഗതമാണെന്ന നിരീക്ഷണത്തിലാണെത്തിയത്. ഈ നിരീക്ഷണത്തിന് ഉപോദ്ബലകമായിട്ടുള്ള ചില കാര്യങ്ങൾ കൂടിയുണ്ട്. ബഹുമാനപ്പെട്ട ശ്രീ. വി. ഡി സതീശൻ വളരെ ആത്മാർത്ഥമായി, സദുദ്ദേശ്യത്തോടുകൂടിത്തന്നെയാണ് അത് ഉന്നയിച്ചത്. അദ്ദേഹത്തിന്റെ വാദങ്ങളിലൊന്ന്, ബഹുമാനപ്പെട്ട മന്ത്രി ഒഫീഷ്യൽ സീക്രസി ആക്ട് ലംഘിച്ചുവെന്നതാണ്. കേരളത്തിലുൾപ്പെടെ, വളരെ കോൺഫിഡൻഷ്യൽ എന്നുപറയുന്ന ടാക്സ് പ്രൊപ്പോസൽസ്സൊക്കെയുള്ള ബഡ്ജറ്റ് രേഖകൾ ചേർന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. ആ കാര്യത്തിലൊന്നും ആരും ഒരിക്കലും അവകാശ ലംഘനപ്രശ്നം ഉന്നയിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നമ്മുടെ

പാർലമെന്ററി സംവിധാനത്തിന്റെയെല്ലാം തന്നെ ആധാരശിലയായി കാണുന്നത് കൗൾ & ശക്ധറിന്റെ പ്രാക്ടീസ് ആൻഡ് പ്രൊസീഡ്യൂവർ ഓഫ് പാർലമെന്റ് ആണ്. ആ ഗ്രന്ഥത്തിൽ പറയുന്നത് " Leakage of Budget Proposal or official secrets does not form any cases of breach of privilege" എന്നാണ്. അപ്പോൾ രഹസ്യസ്വഭാവമുള്ള ഇത്തരം കാര്യങ്ങളിൽ ഇതൊരു breach of privilege ആണെന്നുള്ള പ്രശ്നം എവിടെയും വന്നിട്ടില്ല. അതുപോലെതന്നെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ ഉള്ളടക്കം പുറത്താകുന്നത് അവകാശ ലംഘനമാകുമോ എന്ന ഒരു ചോദ്യം ഉന്നയിച്ചുകൊണ്ട് ഇന്ത്യയിലെ തന്നെ എക്കാലത്തെയും പ്രഗത്ഭനായ സി.&എ.ജി. ആയിട്ടുള്ള വിനോദ് റായ് Law and Justice മന്ത്രാലയത്തിന് ഒരു കത്ത് നൽകിയിരുന്നു. അതിന് അന്നത്തെ അറ്റോർണി ജനറൽ ശ്രീ. ജി. ബഹൻമതി വളരെ വിശദമായി മറുപടി നൽകിയിട്ടുണ്ട്. അതിൽ പറയുന്നത് " There is no concept of secrecy as such, under the Right to Information Act other than under Section 8" എന്നാണ്. വിവരാവകാശ നിയമം സംബന്ധിച്ച് അതിന്റെ വകുപ്പ് 8-ൽ പറയുന്ന കാര്യങ്ങൾക്കൊഴിച്ച് ഈ secrecy യുടെ ഇഷ്യൂ ബാധകമാകുന്നില്ലെന്നാണ് പറയുന്നത്. വകുപ്പ് 8-ൽ പറയുന്നത്, Sovereignty and integrity of India, the security of the state, or friendly relation with the foreign state. ഇത് Official Secrecy Act-ന്റെ സെക്ഷൻ 3-ൽ പറയുന്ന കാര്യമാണ്. അതു മാത്രമാണ് ഈ പറഞ്ഞ Official Secrecy Act-മായി ബന്ധപ്പെട്ട് വരുന്നത്. അതിലൊന്നും നമ്മുടെ ഈ പ്രശ്നങ്ങൾ വരുന്നില്ല. വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 8-ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കൊഴികെ ഈ പ്രശ്നങ്ങൾ വരുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നും മൊഴി എടുത്തപ്പോൾ ഔദ്യോഗിക രഹസ്യ നിയമം ലംഘിച്ച എന്ന വിഷയം നിയമസഭാ സമിതിയുടെ പരിധിയിൽ വരുന്ന ഒന്നല്ലെന്ന കമ്മിറ്റിയുടെ നിരീക്ഷണത്തോട് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി.ഡി സതീശൻ യോജിച്ചിട്ടുണ്ട്. സി.&എ.ജി.-യുടെ രഹസ്യ സ്വഭാവം സംബന്ധിച്ച ഒരു സർക്കുലർ സി.&എ.ജി. തന്നെ 27-2-2013-ൽ പുറപ്പെടുവിച്ചിട്ടുള്ളത് അദ്ദേഹം ഉദ്ധരിച്ചിരുന്നു. പക്ഷെ ആ സർക്കുലറും ഞങ്ങൾ വിശദമായി പരിശോധിച്ചു. ആ സർക്കുലർ ഓഡിറ്റ് ഉദ്യോഗസ്ഥന്മാർക്കും സി.&എ.ജി. ഓഫീസിലെ വിവിധ വകുപ്പുകൾക്കും മാത്രം ബാധകമായിട്ടുള്ളതാണ്; എല്ലാ പൗരന്മാർക്കും ബാധകമല്ല; മന്ത്രിക്കോ മറ്റിതര സഭാംഗങ്ങൾക്കോ ബാധകമായിട്ടുള്ളതല്ല. ഈ വസ്തുതകളുടെയെല്ലാംതന്നെ അടിസ്ഥാനത്തിൽ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ ചില ഭാഗങ്ങൾ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി മാധ്യമങ്ങൾക്ക് നൽകിയത്, നിയമസഭയിലെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന ആരോപണം നില

നിൽക്കുന്നതല്ലെന്നാണ് സമിതി വിലയിരുത്തിയത്. അതിനാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെതിരെ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ നോട്ടീസ് നൽകിയിരുന്ന അവകാശലംഘന നടപടികൾ അവസാനിപ്പിക്കണമെന്നാണ് കമ്മിറ്റി ശിപാർശ ചെയ്തത്. സഭയിൽ സാധാരണയായി എത്രയോ റിപ്പോർട്ടുകൾ വയ്ക്കാറുണ്ട്, അതിനെക്കുറിച്ചൊന്നും ഇങ്ങനെ വിശദമായി സംസാരിക്കാറില്ലല്ലോ; പക്ഷെ ഇപ്പോൾ സംസാരിക്കേണ്ട സാഹചര്യം വന്നതു കൊണ്ടാണ് സംസാരിച്ചത്. ബഹുമാനപ്പെട്ട മന്ത്രി, നിയമസഭാ സമിതിയുടെ മുമ്പാകെ ഹാജരായി വളരെ ഗൗരവമുള്ള ഒട്ടനവധി കാര്യങ്ങൾ വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ അവതരിപ്പിക്കുകയുണ്ടായി. ഒരു പക്ഷെ, എന്റെയൊക്കെ നിയമസഭാ ജീവിതത്തിൽ വല്ലാതെ ഉത്കണ്ഠ ഉളവാക്കുന്ന, അമ്പരപ്പിക്കുന്ന കുറേ കാര്യങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. നമ്മുടെ നിയമസഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനത്തോളം വരുന്ന ചില നടപടികൾ നിയമസഭയുടേയും സർക്കാരിന്റെയുമൊക്കെ താല്പര്യങ്ങൾ സംരക്ഷിക്കാനും നേർവഴിക്കു നയിക്കാനും ബാധ്യതപ്പെട്ട സി.&എ.ജി.-യുടെ ഭാഗത്തു നിന്നുമുണ്ടായതായി അദ്ദേഹം വസ്തുതകളും തെളിവുകളും നിരത്തി ഈ കമ്മിറ്റി മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. അത് കേരളത്തിന്റെ വികസനത്തെയും പുരോഗതിയേയും തടസ്സപ്പെടുത്തുംവിധത്തിൽ, കിഫ്ബിയുടെ പ്രവർത്തനങ്ങളെല്ലാം ഭരണഘടനാ വിരുദ്ധമാണെന്ന് നിരീക്ഷിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ, അത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, പ്രത്യാഘാതങ്ങൾ ഒക്കെ അദ്ദേഹം അവതരിപ്പിച്ചു. ആ കാര്യങ്ങളെല്ലാം വളരെ വിശദമായി പരിശോധിക്കാൻ ഈ കമ്മിറ്റിയെ പ്രത്യേകമായി ചുമതലപ്പെടുത്താത്തതുകൊണ്ട്; ഈ അവകാശലംഘന പ്രശ്നം മാത്രം പരിശോധിക്കാനാണ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. അത് ഞങ്ങൾ പരിശോധിച്ചുവെങ്കിൽപ്പോലും ഒരു നിയമസഭാ സമിതിമുമ്പാകെ ഇത്രയധികം ഗൗരവമുള്ള വിഷയങ്ങൾ വന്നുകഴിഞ്ഞാൽ അത് ഞങ്ങൾ മാത്രമായി തീർപ്പ് കല്പിക്കേണ്ടതല്ല; വളരെ പരിചയസമ്പന്നരായിട്ടുള്ള, പരിണത പ്രജ്ഞരായിട്ടുള്ള, അനുഭവസമ്പത്തുള്ള ആളുകളെല്ലാമുള്ള ഈ സഭ അക്കാര്യങ്ങൾ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതുണ്ടെന്ന തോന്നലുള്ളതു കൊണ്ടുകൂടിയാണ് ഈ കാര്യങ്ങൾ പറയുന്നത്.

കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ കരട് റിപ്പോർട്ടിൽ പറയാതെ, സർക്കാരിന് മറുപടി കൊടുക്കാൻ അവസരം നൽകാതെ, ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി തന്നെ അക്കാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു. എക്സിറ്റ് മീറ്റിംഗിൽപ്പോലും

സൂചിപ്പിക്കാതെ എട്ട് ഖണ്ഡികകൾ കൂട്ടിച്ചേർത്ത വളരെ ഗൗരവമുള്ള പ്രശ്നം, അദ്ദേഹം വസ്തുതകളും തെളിവുകളും രേഖകളുംകൊണ്ട് രണ്ട് മണിക്കൂറോളം സമയമെടുത്താണ് അവതരിപ്പിച്ചത്.

സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി, സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി സി.&എ.ജി. റിപ്പോർട്ടിന്റെ കാര്യത്തിൽ അങ്ങനെയൊരു പ്രതികരണം നടത്തേണ്ടിവന്ന സാഹചര്യം വിശദീകരിച്ചു കൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യങ്ങളൊക്കെ അവതരിപ്പിച്ചത്. കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഒരു ഭരണഘടനാ സ്ഥാപനമാണ്. നമ്മുടെ ഭരണഘടനയും ബന്ധപ്പെട്ട നിയമങ്ങളും കീഴ്വഴക്കങ്ങളും അതിന്റെ ആഡിറ്റ് വ്യവസ്ഥകളുമെല്ലാം കാറ്റിൽ പറത്തിയാണ് ഈ ഖണ്ഡികകൾ കൂട്ടിച്ചേർത്തതെന്നതാണ് അദ്ദേഹം വസ്തുതകളും തെളിവുകളും നിരത്തിക്കൊണ്ട് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചത്. ഈയൊരു സാഹചര്യത്തിലാണ് അദ്ദേഹത്തിന് ഇക്കാര്യത്തിൽ പരസ്യമായ പ്രതികരണം നടത്തേണ്ടി വന്നതെന്ന കാര്യവും പറഞ്ഞിട്ടുണ്ട്. സി.&എ.ജി.-യുടെ നിരീക്ഷണങ്ങളുടെ മറ്റ് ഭാഗങ്ങൾ പരിശോധിക്കുകയെന്നുള്ളത് സമിതിയുടെ ചുമതലയിൽ വരുന്നതല്ല. നമുക്കെല്ലാവർക്കുമറിയാം, സർക്കാർ, നിയമസഭ അതുപോലെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ തുടങ്ങിയ ഭരണഘടനാ സ്ഥാപനങ്ങൾ തമ്മിൽ ആരോഗ്യകരമായ ബന്ധം നിലനിർത്തേണ്ടത് ക്രിയാത്മകമായിട്ടുള്ള ജനാധിപത്യ പ്രക്രിയയ്ക്ക് അനിവാര്യമാണ്. ഇക്കാര്യം സംബന്ധിച്ച ചർച്ച പരിണത പ്രജ്ഞരായിട്ടുള്ള, നമ്മളെക്കാൾ എത്രയോ അനുഭവങ്ങളുള്ള, അറിവുള്ള അംഗങ്ങളെല്ലാം ഉൾപ്പെടുന്ന ഈ സഭയിലുണ്ടാകുന്നത് ഉചിതമാകുമെന്ന അഭിപ്രായമാണ് സമിതിയെ സംബന്ധിച്ചിടത്തോളമുള്ളത്. സമിതിയുടെ പ്രിവിലേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ രണ്ടുമൂന്ന് അംഗങ്ങൾ വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. കമ്മിറ്റിയുടെ അഭിപ്രായം നേരത്തെ ഞാൻ പറഞ്ഞതാണ്. നമ്മുടെ മുമ്പിലുള്ള നിയമങ്ങളുടെയും അനുഭവങ്ങളുടെയും കീഴ്വഴക്കങ്ങളുടെയുമെല്ലാം അടിസ്ഥാനത്തിൽ പ്രിവിലേജ് പ്രശ്നം നിലനിൽക്കുന്നതല്ല. സി.&എ.ജി.-യുടെ ഈ ഇന്റർവെൻഷൻ ഇപ്പറഞ്ഞ എല്ലാ ഭരണഘടനാ വ്യവസ്ഥയെയും നിയമങ്ങളെയും ആഡിറ്റ് മാനദണ്ഡങ്ങളെയും കീഴ്വഴക്കങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ട് സംസ്ഥാന താല്പര്യത്തിന് തികച്ചും വിരുദ്ധമാകാവുന്ന തലത്തിൽ എത്തിയിരിക്കുന്നു. സാധാരണഗതിയിൽ സി.&എ.ജി.-യുടെ ഭാഗത്തുനിന്ന് ഒരിക്കലും സംഭവിക്കാത്ത ഒരു കാര്യമാണ്. അതിനെന്താണ് വേണ്ടതെന്ന് ഈ സഭ വളരെ പ്രാധാന്യത്തോടെ ചർച്ച ചെയ്യണം. ഇത് ഭരിക്കുന്ന മുന്നണിയുടെയോ പ്രതിപക്ഷത്തിരിക്കുന്നവരു ടെയോ

പ്രശ്നമല്ല. നമ്മുടെ സഭയുടെ അവകാശത്തിന്റെ പ്രശ്നമാണ്, നമ്മുടെ നാടിന്റെ വികസന താല്പര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ആരുടെയെങ്കിലും രാഷ്ട്രീയ താല്പര്യം, ഡിപ്ലോമാറ്റിക് ബാഗേജിന്റെ പരിരക്ഷയിൽ സ്വർണ്ണം കടന്നുവന്നു വെന്നൊക്കെ പറഞ്ഞതുപോലെ ഈ പറഞ്ഞ നാടിനെതിരായിട്ടുള്ള താല്പര്യം സി.&എ.ജി. റിപ്പോർട്ടുപോലുള്ള ഏതെങ്കിലുമൊന്നിനകത്തുകൂടി ഒളിച്ചുകടത്തി വരുന്നപോലുള്ള സാഹചര്യം, അങ്ങനെയാണ് അവതരിപ്പിച്ചുവന്നപ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഒരിക്കലും അതുണ്ടാകാൻ പാടില്ലാത്തതാണ്. അതുകൊണ്ട് നിയമസഭയും സി.&എ.ജി.-യും സർക്കാരും തമ്മിലുള്ള ആരോഗ്യകരമായ ബന്ധം, ഒരു പാരസ്പര്യം ശക്തിപ്പെടുത്താൻ നമുക്കെന്താണ് നിർദ്ദേശിക്കാനുള്ള തെന്ന കാര്യത്തിൽ എന്ത് സമീപനം സ്വീകരിക്കണം; ഭരണ, പ്രതിപക്ഷ ഭേദമന്യേ ഈ സഭയുടെയും നാടിന്റെയും വികസന താല്പര്യം മുൻനിർത്തിക്കൊണ്ടുള്ള ഒരു നിലപാട് ഈ സഭയിൽനിന്ന് ഉയർന്നുവരണമെന്ന നിർദ്ദേശമാണ് പ്രിവിലേജസ് ആൻഡ് എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്കുള്ളതെന്ന കാര്യംകൂടി ഞാൻ ഈ റിപ്പോർട്ടിന്റെ പരിഗണനയ്ക്കെടുക്കുന്ന പ്രമേയത്തോടൊപ്പംതന്നെ സഭയുടെ മുമ്പാകെ അവതരിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സാധാരണഗതിയിൽ നിയമസഭയിൽ വയ്ക്കുന്ന ഒരു നിയമസഭാ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് വിമർശിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്യുന്ന പതിവില്ല. പക്ഷെ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർതന്നെ ഇതിനെക്കുറിച്ച് സഭ ചർച്ച ചെയ്യണമെന്ന് പറഞ്ഞ സാഹചര്യത്തിൽ രണ്ടുമൂന്ന് പരാമർശങ്ങൾ നടത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട്, വളരെ വിചിത്രമായ റിപ്പോർട്ടിൽ ഞാൻ എന്റെ അസംതൃപ്തിയും വിസ്മയവും പ്രകടിപ്പിക്കുകയാണ്. ഈ സഭ ഇടപെട്ട്, അങ്ങ് ഇടപെട്ട് ഇതിലെ ചില പരാമർശങ്ങൾ നീക്കം ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. ഇതിന്റെ നിഗമനത്തിന് വിരുദ്ധമായ പരാമർശങ്ങൾ ഈ റിപ്പോർട്ടിൽ തന്നെയുണ്ട്. ഞാൻ കമ്മിറ്റിയുടെ ശിപാർശ വായിക്കാം, "...... സഭയോടുള്ള കടുത്ത അനാദരവും സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനവുമാണെന്ന ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.-യുടെ ആരോപണം പാർലമെന്ററി കീഴ്‌വഴക്കങ്ങളുടെയും കമ്മിറ്റി മുമ്പാകെ വന്ന തെളിവുകളുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെയും വെളിച്ചത്തിൽ നിലനിൽക്കുന്നതല്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെതിരെയുള്ള അവകാശലംഘന നോട്ടീസിൽ നടപടികൾ അവസാനിപ്പിക്കാൻ കമ്മിറ്റി

ശിപാർശ ചെയ്യുന്നു". എന്നാൽ അടുത്ത വാചകത്തിൽ ".....റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്താനിടയായ അവസ്ഥാവിശേഷം ആവർത്തിക്കാനിട വരരുതെന്നും....." സമിതി ശിപാർശ ചെയ്യുന്നു. 'ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എന്റെ നോട്ടീസിലെ ആരോപണം നിലനിൽക്കുന്നതല്ല, പക്ഷെ സി.&എ.ജി.-യുടെ ആഡിറ്റ് റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്താനിടയായ അവസ്ഥാവിശേഷം ആവർത്തിക്കാൻ പാടില്ല.' എന്റെ ആരോപണവും അതാണ്. ഇത് ലീക്കായി എന്നതാണ് എന്റെ ആരോപണം. അത് ആവർത്തിക്കാൻ പാടില്ലെന്നു പറഞ്ഞാൽ അതെങ്ങനെ നിലനിൽക്കാത്തതാകും. പരസ്പരവിരുദ്ധമായ കാര്യമാണ്. ഒന്നുരണ്ട്, കാര്യങ്ങൾ മാത്രമാണ് ഈ നിഗമനത്തിലെത്താൻ സമിതിയെ പ്രേരിപ്പിച്ചത്. അതിലൊന്ന്, സി.&എ.ജി. റിപ്പോർട്ട് ചോർത്തിയെന്ന് ആക്ഷേപിച്ച് രാജ്യസഭാ പ്രിവിലേജസ് കമ്മിറ്റി വിളിച്ചുവരുത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കിയ പ്രശാന്ത് ഭൂഷണിന്റെ കേസാണ്. പ്രശാന്ത് ഭൂഷണിന്റെ കേസിൽ രാജ്യസഭാ കമ്മിറ്റി എന്താണ് പറഞ്ഞത് - Technically there is no breach of privilege, but it makes a gross impropriety എന്നാണ്. അതായത് സാങ്കേതികമായി പറഞ്ഞാൽ അവകാശ ലംഘനത്തിന്റെ പ്രശ്നമുദിക്കുന്നില്ല, പക്ഷെ ഇത് തികഞ്ഞ അനൗചിത്യമാണ് എന്നതാണ് രാജ്യസഭാ കമ്മിറ്റിയുടെ നിഗമനം. പ്രശാന്ത് ഭൂഷണിന്റെ കേസ് ഈ കമ്മിറ്റി ക്വാട്ട് ചെയ്യുകയും അതിലെ സുപ്രധാന ഭാഗം കമ്മിറ്റിയുടെ റെക്കമെന്റേഷനിൽ ഒഴിവാക്കുകയും ചെയ്തു. അപ്പോൾ it makes gross impropriety. അതായത് ഈ സി.&എ.ജി. റിപ്പോർട്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ചോർത്തിയത് തികഞ്ഞ അനൗചിത്യമാണെന്നുള്ള വാചകം വിട്ടുകളഞ്ഞു. രാജ്യസഭയുടെ പ്രിവിലേജസ് കമ്മിറ്റിയുടെ Technically there is no breach of privilege എന്നുള്ള ഭാഗം മാത്രം സൗകര്യംപോലെ ഇതിൽ മാറ്റിയെഴുതി. എന്റെ പ്രധാനപ്പെട്ട ആക്ഷേപമാണത്. അതുപോലെ സി.&എ.ജി. ആയിരുന്ന വിനോദ് റായ് ചോദിച്ച കാര്യംസംബന്ധിച്ച് നേരത്തെ ചെയർമാൻ ഇവിടെ പറഞ്ഞു, അതു സംബന്ധിച്ച് റിപ്പോർട്ടിൽ എഴുതിയിട്ടുണ്ട്, അന്ന് അദ്ദേഹം ലാ ആൻഡ് ജസ്റ്റീസ് മന്ത്രാലയത്തിന് നൽകിയ കത്തിന് അന്നത്തെ അറ്റോർണി ജനറലിന്റെ മറുപടി അദ്ദേഹം ഇവിടെ ക്വാട്ട് ചെയ്തു. എന്നാൽ അതിന്റെ ഒരു ഭാഗം മാത്രമാണ് ക്വാട്ട് ചെയ്തത്. അറ്റോർണി ജനറൽ ജി. ഇ. ബഹൻവതി നൽകിയ റിപ്പോർട്ടുണ്ട്, അത് സി.&എ.ജി.-ക്ക് കൊടുത്ത ഉപദേശമാണ്. അതിൽ പറയുന്നതെന്താണ്, "however it must be acknowledged that C.&A.G. has a very significant role to play under the Constitution and the concern that the contents of drafts etc. should not be made public till the final order Report is tabled is justified." അതായത്, അറ്റോർണി ജനറലിന്റെ റെക്കമെന്റേഷൻ എന്നത്

ഒരുകാരണവശാലും ലീക്കുചെയ്യാൻ പാടില്ലാത്ത ഒരു കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയുടെ റിപ്പോർട്ടാണ്. ഇത് തെറ്റായിട്ടുള്ള കാര്യമാണെന്നത് ഈ റിപ്പോർട്ടിൽത്തന്നെയുണ്ട്. ഒരു കാര്യത്തിൽ ഞാൻ കമ്മിറ്റിയോട് പ്രത്യേകമായി നന്ദി പ്രകാശിപ്പിക്കുന്നു. കാരണം "......സി.&എ.ജി.-യുടെ പ്രവർത്തനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സി.&എ.ജി.-യുടെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുമുമ്പ് അതിലെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച ആശങ്ക ശ്രീ. വി. ഡി. സതീശൻ പ്രകടിപ്പിക്കുന്നത് തികച്ചും സദുദ്ദേശ്യത്തോടെയാണെന്ന് കമ്മിറ്റി നിരീക്ഷിക്കുന്നു." എന്ന് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. നന്ദിയുണ്ട്, കാരണം വാദി പ്രതിയാകുന്ന കാലമാണ്. അതുകൊണ്ട് അങ്ങനെ പറഞ്ഞതിൽ എനിക്ക് പ്രത്യേകമായ നന്ദിയുണ്ട്. ഇവിടെ കൗൾ ആൻഡ് ശക്ധർ ക്വാട്ട് ചെയ്യുകയാണ്. കൗൾ ആൻഡ് ശക്ധറിൽ സി.&എ.ജി. റിപ്പോർട്ട് ലീക്ക് ചെയ്യുന്നത് അവകാശലംഘനമാണെന്ന് പറഞ്ഞിട്ടില്ലെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ കൗൾ ആൻഡ് ശക്ധർ ഇക്കാര്യം ചർച്ച ചെയ്തിട്ടില്ല, പാർലമെന്ററി കമ്മിറ്റികളുടെ റിപ്പോർട്ട് ചോർന്നാൽ അത് അവകാശലംഘനമാണെന്നുള്ള നിഗമനമാണ് കൗൾ ആൻഡ് ശക്ധർ നടത്തിയിട്ടുള്ളത്. പാർലമെന്ററി കമ്മിറ്റികളുടെ റിപ്പോർട്ടിനെക്കാൾ, രാജ്യസഭയിലെ ശ്രീ. പി. ജെ. കുര്യൻ ചെയർമാനായ പാനലിന്റെ ആ കമ്മിറ്റി റിപ്പോർട്ട് യുക്തിരഹിതമാണെന്ന് ഞാൻ കമ്മിറ്റി മുമ്പാകെ വാദിച്ചത് അതുകൊണ്ടാണ്.

പാർലമെന്ററി കമ്മിറ്റികളുടെ റിപ്പോർട്ട് ചോർന്നാൽ അത് breach of privilege ആണെന്ന് രാജ്യസഭ/ ലോകസഭ പറയുകയാണ്. പക്ഷെ, സി.&എ.ജി. റിപ്പോർട്ട് ചോർന്നാൽ അത് breach of privilege അല്ലെന്ന് പറഞ്ഞാൽ അതിനകത്ത് എന്ത് യുക്തിയാണുള്ളത്; ഏത് നിയമത്തിന്റെ പിൻബലമാണ് അതിനകത്തുള്ളത്? അതുകൊണ്ടാണ് ഞാൻ രാജ്യസഭയുടെ പ്രിവിലേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് reasonable അല്ലെന്ന് പറയുന്നത്. എല്ലാത്തിനും ഒരു reasoning വേണം. ഒരു finding-ലേയ്ക്ക് എത്തുമ്പോൾ reasoning വേണം.

ഇനിയാണ് ഒരു സുപ്രധാനമായ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഇതിലെ ഒരു നിരീക്ഷണം ചെയർമാൻ പറഞ്ഞു. "നിലവിലുള്ള ചട്ടങ്ങളും കീഴ്വഴക്കങ്ങളും മറികടന്ന് ആഡിറ്റ് റിപ്പോർട്ടിൽ സി.&എ.ജി. ചില കൂട്ടിച്ചേർക്കലുകൾ നടത്തിയതാണ് ആ പരാമർശങ്ങൾ വെളിപ്പെടുത്താൻ ഇടയാക്കിയ അസാധാരണ സാഹചര്യം സൃഷ്ടിച്ചതെന്ന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിൽനിന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടു." കമ്മിറ്റിക്ക് ബോധ്യപ്പെട്ടത് എങ്ങനെയാണ്? ഇപ്പോഴത്തെ കരട്

റിപ്പോർട്ടിന്റെ എക്സിറ്റ് മീറ്റിംഗിൽപ്പോലും ഈ ചോദ്യം ഉന്നയിച്ചില്ലെന്ന് മാത്രമല്ല, അതിനുശേഷം ആഡിറ്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി എട്ട് ഖണ്ഡികകൾ എഴുതി ചേർത്തതിൽ ദുരുദ്ദേശ്യമുണ്ട്. കമ്മിറ്റി സി.&എ.ജി.-യെ വിമർശിക്കുകയാണ് . On what basis, നിങ്ങൾ എങ്ങനെയാണ് convinced ആയത്. Have you send a single notice to the C.&A.G.; Have you gathered any information from the C&AG? Mr. Chairman, Principles of natural justice ഉണ്ട്; സ്വാഭാവിക നീതി. സി.&എ.ജി.-യെ വിളിച്ചുവരുത്തി, അവരുടെ പ്രതിനിധിയെ വിളിച്ചുവരുത്തി അവർക്കെതിരായുള്ള ആരോപണങ്ങൾ സംസാരിക്കാതെ, അവരുടെ കയ്യിൽനിന്ന് ഇൻഫർമേഷൻ കളക്ട് ചെയ്യാതെ, അവർ എട്ട് ഖണ്ഡികകൾ കൂട്ടിച്ചേർത്തതാണോയെന്ന് അറിയാതെ, എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സ് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചോയെന്ന് അറിയാതെ, ആരോപണ വിധേയനായ ധനകാര്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റിന്റെമാത്രം അടിസ്ഥാനത്തിൽ സി.&എ.ജി.-ക്ക് എതിരെ ഇങ്ങനെയൊരു നിഗമനത്തിലെത്തിയ നടപടി സ്വാഭാവിക നീതിയുടെ നിഷേധമാണ്. ഞാൻ അങ്ങയോട് പറയുന്നു, സി.&എ.ജി.യെ കേൾക്കാതെ, അഭിപ്രായം അറിയാതെ, സി.&എ.ജി.യെക്കുറിച്ച് നമ്മുടെ നിയമസഭ, നിയമസഭയുടെ മിനിയേച്ചറാണ് നിയമസഭാ കമ്മിറ്റി. ആ മിനിയേച്ചറായ നിയമസഭാ കമ്മിറ്റി ഇങ്ങനെയൊരു നിഗമനത്തിലെത്തുന്നത് അധാർമ്മികമാണ്; അടിസ്ഥാനരഹിതമായ ഒരു കാര്യമാണ്; തെറ്റായ കീഴ്വഴക്കമാണ്. ഒരു ഭരണഘടനാ സ്ഥാപനത്തെ, പാരമ്പര്യമുള്ള കേരളത്തിലെ നിയമസഭാ കമ്മിറ്റി സി.&എ.ജി.യുടെ ഭാഗം കേൾക്കാതെ ഒരു നിഗമനത്തിലെത്തിയത് തെറ്റാണ്. അതിനേക്കാൾ വിചിത്രമായ ചില വാദങ്ങളുണ്ട്. വിദേശ വായ്പ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിന് മാത്രമാണ് അധികാരമെന്ന് ഭരണഘടന പറയുന്നില്ല, എന്താണ് എഴുതിവച്ചിരിക്കുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 292 എന്താണ് പറയുന്നത്? കേന്ദ്ര ഗവൺമെന്റിന് നിയമമുണ്ടാക്കി എവിടെനിന്ന് വേണമെങ്കിലും ലോൺ എടുക്കാം. അതിന് പരിധി പറയുന്നില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 293-ൽ പറയുന്നത് സംസ്ഥാനങ്ങൾക്ക് ലോൺ എടുക്കാമെന്നാണ്. അവിടെ സംസ്ഥാനങ്ങൾക്ക് ഭരണഘടന നിബന്ധനകൾ വയ്ക്കുന്നുണ്ട്, Within the territory of India. അതാണ് വ്യത്യാസം. 292-ഉം 293-ഉം വ്യക്തമായി എഴുതിവച്ചിരിക്കുന്നു. കേന്ദ്ര ഗവൺമെന്റുകൾക്ക് എവിടെ നിന്നുവേണമെങ്കിലും ലോൺ എടുക്കാം. ഫോറിൻ ലോൺ എടുക്കാം. അല്ലെങ്കിൽ രാജ്യത്തിനകത്തു നിന്നും എടുക്കാം. പക്ഷെ സംസ്ഥാന ഗവൺമെന്റുകൾ Within the territory of India-യിൽ നിന്നുമാത്രമേ വായ്പ എടുക്കാൻ പാടുള്ളൂ. എന്നിട്ട് ഒരു നിയമസഭാ സമിതിയുടെ റിപ്പോർട്ടിൽ എഴുതിവച്ചിരിക്കുകയാണ് വിദേശ വായ്പ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിന്

മാത്രമാണ് അധികാരമെന്ന് ഭരണഘടന പറയുന്നില്ലെന്ന്. ഇങ്ങനെയൊക്കെ ഒരു റിപ്പോർട്ടിൽ എഴുതാമോ; അത് ഭരണഘടനയിലില്ലേ; ധനകാര്യ വകുപ്പുമന്ത്രി പറയട്ടെ; ഭരണഘടനയിലുണ്ടല്ലോ? ആർട്ടിക്കിൾ 292-ഉം 293-ഉം ചേർത്തൊന്നു വായിച്ചേ? കേന്ദ്ര ഗവണ്മെന്റിന് എവിടെനിന്നും വായ്പയെടുക്കാം; സംസ്ഥാന ഗവണ്മെന്റിന് ലിമിറ്റ് വച്ചിരിക്കുകയാണ്. Within the territory of India എന്ന്. എന്നിട്ട് ഈ അസംബ്ലി കമ്മിറ്റി റിപ്പോർട്ടിൽ എഴുതിവച്ചിരിക്കുകയാണ്; 'വിദേശവായ്പ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിന് മാത്രമാണ് അധികാരം'. അടുത്ത സെന്റൻസ്, 1999 മുതൽ 2018 വരെ കിഫ്ബി ആഡിറ്റിന് വിധേയമായെങ്കിലും ആ റിപ്പോർട്ടുകളിലൊന്നും ഇത് പരാമർശിച്ചിട്ടില്ല. 2018-വരെ കിഫ്ബി ആഡിറ്റിന് വിധേയമായെങ്കിലും അപ്പോൾ ഫോറിൻ ലോൺ എടുത്തിട്ടില്ലല്ലോ. ഇത് ഭരണഘടനാ വിരുദ്ധമാണെന്ന് പറയുന്നത് ഏത് ആംഗിളിലാണ്? മസാല ബോണ്ട് വിറ്റ് വിദേശത്തുനിന്ന് ലോണെടുത്ത ഒറ്റ ആസ്പെക്ടിൽ മാത്രമാണ് ഇത് ഭരണഘടനാ വിരുദ്ധമെന്ന് പറഞ്ഞിരിക്കുന്നത്.ഇന്നലെ നമ്മൾ ഇവിടെ സംസാരിച്ചതാണ്. ഈ നിയമസഭാ കമ്മിറ്റി അതുവരെ ആഡിറ്റിൽ പറഞ്ഞിട്ടില്ലെന്ന് പറഞ്ഞാൽ, അതുവരെ ഫോറിൻ വായ്പ എടുത്തിട്ടില്ല?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, അങ്ങ് സി.&എ.ജി.-യെ വിളിപ്പിച്ചില്ല, natural justice-ന്റെ നിഷേധമാണെന്ന് പറഞ്ഞു. വിളിപ്പിക്കണമെന്ന് ഈ സഭയ്ക്ക് തീരുമാനിക്കാം. സമിതിയെന്ന് പറയുന്നത് സഭയുടെ പരിച്ഛേദമാണ് . സമിതിയുടെ മുന്നിൽ ഇതുപോലുള്ള പ്രശ്നം ചരിത്രത്തിൽ വന്നിട്ടില്ല. അതുകൊണ്ടുതന്നെ അത് കണ്ടെത്തുന്നതിന് സമിതി അവലംബിച്ചത് രാജ്യസഭയുടെ കീഴ്വഴക്കമാണ്. അത് സംബന്ധിച്ചാണ് തീരുമാനമെടുത്തത്. അതിനോടൊപ്പംതന്നെ വളരെ ഗൗരവമുള്ള ചില വിഷയങ്ങൾ ഉയർന്നുവന്നതിനെക്കുറിച്ച് സംസാരിച്ചു. അതുകൊണ്ട് സി.&എ.ജി. നിയമസഭയുടെ അവകാശങ്ങളിലേയ്ക്ക് അതിക്രമിക്കുന്ന വിധത്തിൽ പെരുമാറിയെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വാദം ശരിയാണെന്ന് ഈ സഭ കണ്ടെത്തുകയാണെങ്കിൽ സി.&എ.ജി.യെ വിളിപ്പിക്കാമല്ലോ. അങ്ങനെ വിളിപ്പിക്കണമെങ്കിൽ വിളിപ്പിക്കാനാണ് സഭയുടെ മുന്നിൽ കൊണ്ടുവന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങനെ അവരെ വിളിപ്പിക്കാതെ, അവരെ കേൾക്കാതെ, അവരുടെ views എന്താണെന്ന് അറിയാതെ, അവരെപ്പറ്റി റിപ്പോർട്ടിനകത്ത് കുറ്റപ്പെടുത്തുന്നത് അധാർമ്മികമല്ലേ? You should have hear them, you should elicit their opinion, you should have properly call them and take their views, then only you can come to such a conclusion. അല്ലാതെ അത് ചെയ്യുന്നത് partisan way അല്ലേ; അത് ശരിയാണോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ബഹുമാനപ്പെട്ട ചെയർമാനോട് വളരെ വ്യക്തമായി പറഞ്ഞു. അങ്ങ് ഇപ്പോൾ പറയുന്നത് സി.&എ.ജി.-യെ വിളിപ്പിക്കാൻ നിയമസഭ തീരുമാനിക്കാം, സി.&എ.ജി.-യോട് ചോദിക്കാം എന്നാണ്. സി.&എ.ജി.-യോട് ചോദിക്കാതെ ധനകാര്യ വകുപ്പുമന്ത്രി മാത്രം ഒരു തെളിവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സി.&എ.ജി.-ക്ക് എതിരായി ഒരു നിയമസഭാ കമ്മിറ്റി നിഗമനത്തിലെത്തിയത്, കൺക്ലൂഷനിൽ എത്തിയത് സ്വാഭാവിക നീതിയുടെ നിഷേധമാണെന്ന നിലപാടാണ് ഞാൻ സ്വീകരിച്ചത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, അത് ഞങ്ങളുടെ കമ്മിറ്റിയുടെ കൺക്ലൂഷനിലോ ശിപാർശയിലോ അല്ല. അതായത്, സംസ്ഥാന ഗവൺമെന്റിനെ കേൾക്കാതെ സി.&എ.ജി. കൈക്കൊണ്ട നടപടികളെ സംബന്ധിച്ചാണ് പറഞ്ഞത്. ഭരണഘടനയോ അതുമായി ബന്ധപ്പെട്ട നിയമങ്ങളോ കീഴ്വഴക്കങ്ങളോ ഓഡിറ്റ് മാനദണ്ഡങ്ങളോ പാലിക്കാതെ സി.&എ.ജി. റിപ്പോർട്ടിൽ എട്ട് പാരഗ്രാഫ് എഴുതി ചേർത്തതിനെക്കുറിച്ചാണ് പറയുന്നത്. അത് ഇവിടെ നമ്മുടെ അറിവും അനുഭവവുമാണ്. ആദ്യം അങ്ങ് പറഞ്ഞില്ലേ ഒരു സാഹചര്യം. ആ സാഹചര്യം ആവർത്തിക്കാൻ പാടില്ലെന്ന് പറഞ്ഞാൽ, ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവന നടത്തുന്നത് മാത്രമല്ല, പ്രസ്താവന നടത്താൻ ഇടയായ സാഹചര്യം, ആ സാഹചര്യം ഉണ്ടാകരുതെന്നാണ് പറയുന്നത്. അതുണ്ടാകാതിരിക്കണമെങ്കിൽ നമ്മുടെ നിയമസഭയും സർക്കാരും സി.&എ.ജി.-യും തമ്മിലുള്ള ആരോഗ്യകരമായ ബന്ധം വികസിപ്പിക്കണം. അതിന് ചില പ്രശ്നങ്ങൾ, ഉലച്ചിൽ ഇവിടെയുണ്ടായിട്ടുണ്ട്. അതിനുള്ള പരിഹാരം എന്താണെന്നുള്ളതാണ് അങ്ങ് ഉൾപ്പെടെയുള്ള അംഗങ്ങൾ പറയേണ്ടത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പറയേണ്ടതല്ല. കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് എന്താണ്? "ആഡിറ്റ് റിപ്പോർട്ടിൽ ചില പേജുകൾ കൂട്ടിച്ചേർത്തതിൽ ദുരൂഹതയുണ്ടെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ ആരോപണം വസ്തുതാധിഷ്ഠിതമാണെന്നും റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്താനിടയായ അവസ്ഥാവിശേഷം ആവർത്തിക്കാൻ ഇടവരരുതെന്നും സർക്കാരും സി.&എ.ജി.-യുടെ ഓഫീസും നിയമസഭയും തമ്മിൽ ആരോഗ്യകരമായ ബന്ധം നിലനിർത്തേണ്ടത് ക്രിയാത്മകമായ ജനാധിപത്യ പ്രക്രിയയ്ക്ക് അനിവാര്യമാണെന്നും....." ഇങ്ങനെ തുടരുകയാണ്. ആഡിറ്റ് റിപ്പോർട്ടിൽ സി.&എ.ജി. ഖണ്ഡികകൾ കൂട്ടിച്ചേർത്തുവെന്ന് പറയുന്ന finding-ലേയ്ക്ക് നിങ്ങൾ എത്തിയത് എന്ത് രേഖയെ ആധാരമാക്കിയാണ്? ധനകാര്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റിനെ മാത്രം ആധാരമാക്കി നിങ്ങൾക്ക് അങ്ങനെ ഒരു ഭരണഘടനാ സ്ഥാപനത്തെപ്പറ്റി ഈ റിപ്പോർട്ടിൽ ഒരു നിഗമനം എഴുതിവയ്ക്കാൻ പറ്റുമോ; നിങ്ങൾ സി.&എ.ജി.-യോട്

ചോദിക്കണ്ടേ? അവർക്ക് ഒരു കത്തയയ്ക്കാം അല്ലെങ്കിൽ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന് ഒരു കത്തയയ്ക്കാം. 'ഞങ്ങളുടെ കമ്മിറ്റിയിൽ ധനകാര്യ വകുപ്പുമന്ത്രി ഇങ്ങനെയൊരു പരാമർശം നടത്തിയിരിക്കുന്നു, breach of privilege notice വന്നിരിക്കുന്നു, അതിൽ സി.&എ.ജി.യെക്കുറിച്ച് ഗുരുതരമായ പരാമർശങ്ങൾ നടത്തിയിരിക്കുന്നു. നിങ്ങൾ അതിനുള്ള പാരാവൈസ് മറുപടി തന്നാൽ ഞങ്ങൾ അതുകൂടി പരിഗണിക്കുന്നതാണ് എന്നുപറഞ്ഞാൽ ഒരാളെയും വിളിച്ചുവരുത്തേണ്ട ആവശ്യമില്ലല്ലോ. നിയമസഭാ കമ്മിറ്റി ചോദിക്കുന്ന വിവരങ്ങൾക്ക് സി.&എ.ജി. മറുപടി നൽകില്ലേ? സ്വാഭാവിക നീതി എന്നുപറയുന്നത് നമ്മുടെ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തത്വമാണ്. ഒരാളെ കേൾക്കാതെ, നിങ്ങൾ ഒരു തീരുമാനത്തിൽ എത്തിയാൽ, നിങ്ങൾ ഏതെങ്കിലും കോടതിയിൽ പോയാൽ അഡ്മിഷൻ സ്റ്റേജിൽത്തന്നെ അതിനെക്കുറിച്ചുള്ള പരാമർശങ്ങളുണ്ടാകും, ഉത്തരവ് റദ്ദ് ചെയ്യും. ഇതൊക്കെ നിയമത്തിന്റെ അടിസ്ഥാനപരമായ പ്രശ്നങ്ങളല്ലേ? വളരെ ഗുരുതരമായ പ്രശ്നം ഇതിനകത്തുണ്ട്. രാജ്യസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയെ ആശ്രയിച്ചാണ് നമ്മുടെ പ്രിവിലേജസ്. എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി ഇങ്ങനെയൊരു തീരുമാനത്തിൽ എത്തിയതെങ്കിൽ എനിക്കൊരു വിരോധവുമില്ല. പക്ഷെ, അതിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ചെയ്തത് തികഞ്ഞ അനൗചിത്യമാണെന്നുള്ള രാജ്യസഭാ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിലെ finding കൂടി എഴുതിച്ചേർക്കണം. അങ്ങനെയല്ലേ അതിന്റെ മര്യാദ. ഒരുഭാഗം കട്ട് ചെയ്യുക; ഒരു ഭാഗം മാത്രം ഇതിന്റെ അകത്ത് പേസ്റ്റ് ചെയ്യുക. അതും അനൗചിത്യമാണ്. കമ്മിറ്റി വളരെ ബുദ്ധിപൂർവ്വം അത് ചെയ്തതാണ്. രണ്ടാമത്തെ കാര്യം, സി.&എ.ജി.-യുടെ വാദങ്ങൾ കേൾക്കാതെ സി.&എ.ജി.-ക്കെതിരായിട്ടുള്ള ഗുരുതരമായ പരാമർശം ഒരു നിയമസഭാ കമ്മിറ്റിയുടെ റിപ്പോർട്ടിൽ വരുന്നത് ശരിയല്ല. അവർ തെറ്റ് ചെയ്തോ ഇല്ലയോ എന്നുള്ളതല്ല ചോദ്യം. അതെല്ലാം ഇന്നലെ ചർച്ച ചെയ്തതാണ്, വാദിച്ചതാണ്. ബഹുമാനപ്പെട്ട ചെയറിന്റെ മുമ്പാകെയുള്ള എന്റെ അഭ്യർത്ഥന, നമ്മുടെ നിയമസഭാ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇങ്ങനെയൊരു അനീതി പാടില്ല. സി.&എ.ജി.-യുടെ വാദങ്ങൾ കേട്ടിട്ട് മാത്രമേ ചെയ്യാൻ പാടുള്ളൂ. കേൾക്കാതെ ചെയ്തതുകൊണ്ട് സി.&എ.ജി.-ക്ക് എതിരായുള്ള ഗുരുതരമായ പരാമർശങ്ങൾ ഈ രേഖയിൽനിന്ന് നീക്കം ചെയ്യണം. ഈ രണ്ട് കാര്യങ്ങളും ബഹുമാനപ്പെട്ട സ്പീക്കർ മുമ്പാകെ, സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. സ്വരാജ്</u>: ബഹുമാനപ്പെട്ട ചെയർ, പ്രവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിൽ നടത്തിയിട്ടുള്ള ഒരു പരാമർശം

".....ക്രിയാത്മകമായ ജനാധിപത്യ പ്രക്രിയയ്ക്ക് അനിവാര്യമാണെന്നും ആയതിനാൽ ഇക്കാര്യം സംബന്ധിച്ച് വിശദമായ ചർച്ച സഭയിലുണ്ടാകുന്നത് ഉചിതമാണെന്നും കമ്മിറ്റി അഭിപ്രായപ്പെടുന്നു." എന്നാണ്. ചർച്ചയുടെ സമയക്രമമൊന്നും നമ്മൾ തീരുമാനിച്ചിട്ടില്ല. എങ്കിലും ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം പറയുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. പല കാര്യങ്ങളും പരിശോധിച്ചശേഷമുള്ള കമ്മിറ്റിയുടെ ശിപാർശയാണ് ഈ റിപ്പോർട്ടിന്റെ കൺക്ലൂഷൻ. ആ കൺക്ലൂഷൻ എന്താണ്? "പാർലമെന്ററി കീഴ്‌വഴക്കങ്ങളുടെയും കമ്മിറ്റി മുമ്പാകെ വന്ന തെളിവുകളുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെയും വെളിച്ചത്തിൽ ഈ ആരോപണം നിലനിൽക്കുന്നതല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെതിരെയുള്ള അവകാശലംഘന നോട്ടീസിന്മേലുള്ള നടപടികൾ അവസാനിപ്പിക്കാൻ കമ്മിറ്റി ശിപാർശ ചെയ്യുന്നു" - ഇതാണ് കമ്മിറ്റിയുടെ കൺക്ലൂഷൻ. പരാതിക്കാരനായ ബഹുമാന്യനായ പറവൂർ അംഗം ഇവിടെ ആവർത്തിച്ച് ചൂണ്ടിക്കാട്ടിയ ഒരു കാര്യം സംബന്ധിച്ച അഭിപ്രായം മാത്രമാണ് ഞാൻ പറയുന്നത്. നാച്വറൽ ജസ്റ്റിസിന്റെ ലംഘനമാണ്; സ്വാഭാവിക നീതിയുടെ ലംഘനമാണ് എന്ന വളരെ ഗൗരവതരമായ പ്രശ്നമാണ് അദ്ദേഹം ഇവിടെ സമർത്ഥിക്കാൻ ശ്രമിച്ചത്. നാച്വറൽ ജസ്റ്റീസ് തിയറിയനുസരിച്ച് എന്താണ് ഫുൾഫിൽ ചെയ്യേണ്ടത്? Hear both sides - രണ്ട് ഭാഗവും കേൾക്കുക - അതാണ് നാച്വറൽ ജസ്റ്റിസ്. Both sides ഏതൊക്കെയാണ്? അതായത് പ്രിവിലേജസ്, എഥിക്സ് സംബന്ധിച്ച കമ്മിറ്റിയുടെ മുമ്പാകെവന്ന ഈ പ്രിവിലേജ് പ്രശ്നത്തിൽ രണ്ട് ഭാഗമെന്ന് പറഞ്ഞാൽ ഏതൊക്കെയാണ്; സ്വാഭാവികമായും, ഒന്ന് പരാതിക്കാരനായ പറവൂർ അംഗത്തിന്റെ ഭാഗമാണ്. രണ്ട്, പ്രിവിലേജ് ലംഘിച്ച എന്ന ആരോപണം നേരിടുന്ന മന്ത്രിയുടെ ഭാഗമാണ്. ഈ രണ്ട് ഭാഗവും കേട്ടുകഴിഞ്ഞാൽ നാച്വറൽ ജസ്റ്റീസ് ഫുൾഫിൽ ചെയ്തു. അതിന്റെ ഭാഗമായി പരാമർശിക്കപ്പെടുന്ന ഒരു വിഷയം മാത്രമാണ് സി.&എ.ജി. റിപ്പോർട്ടിൽ എഴുതിയിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് വിളിച്ചുവരുത്തണോ വേണ്ടയോ എന്നുള്ളത് കമ്മിറ്റിയുടെ വിവേചനാധികാരത്തിൽപ്പെടുന്നതാണ്. ഏത് കോടതിയിൽ പോയാലും ഇത് നിലനിൽക്കില്ലെന്ന് അദ്ദേഹം പറഞ്ഞു. ഏത് കോടതിയിൽ പോയാലും, പരാതിക്കാരനെ കേട്ടുകഴിഞ്ഞാൽ, നാച്വറൽ ജസ്റ്റിസ് ഫുൾഫിൽ ചെയ്തിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. അതിനപ്പുറമുള്ളത് അദ്ദേഹത്തിന്റെ അഭിപ്രായവും വ്യാഖ്യാനവുമാണ്. അതിന് അദ്ദേഹത്തിന് സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യത്തെ ഞാൻ മാനിക്കുകയും ചെയ്യുന്നു. ഇക്കാര്യമാണ് ഇതുമായി ബന്ധപ്പെട്ട് എന്റെ ഒരു അഭിപ്രായമായി സഭയുടെ മുമ്പാകെ ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗം പറഞ്ഞത് hear both sides എന്നാണ്. അതായത് പരാതിക്കാരനായ എന്നെയും ഞാൻ breach of privilege നടത്തിയെന്ന് പറയുന്ന ധനകാര്യ വകുപ്പുമന്ത്രിയേയും കേൾക്കുക. ഈ രണ്ടുപേരെയും കേട്ടതിനുശേഷം ഈ രണ്ടുപേരെയും കുറിച്ചല്ല കമ്മിറ്റി കമന്റ് പറഞ്ഞിരിക്കുന്നത്, മൂന്നാമതൊരാളെക്കുറിച്ചാണ്. ഒരു തേർഡ് പാർട്ടിയെക്കുറിച്ചാണ് കമന്റ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട്, Hear all sides എന്നാണ്, hear both sides എന്നല്ല. എല്ലാവശങ്ങളെയും കേൾക്കുക. നമ്മൾ മൂന്നാമതൊരാളെക്കുറിച്ച് ഒരു പരാമർശം നടത്തുമ്പോൾ, അത് പ്രത്യേകിച്ച് ഒരു ഭരണഘടനാ സ്ഥാപനം കൂടിയാകുമ്പോൾ...., സത്യം പറഞ്ഞാൽ ചില പോലീസുകാർ പ്രതികളെ ലോക്കപ്പിലിട്ടിട്ട്, കൈ പിറകിലേയ്ക്ക് കൂട്ടിക്കെട്ടിവച്ച് അതിൽ വിലങ്ങണിയിച്ച് ഇടിക്കാറുണ്ട്. അതുപോലെ ഒരു ഭരണഘടനാ സ്ഥാപനമായ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫീസിനെ നമുക്ക് ചെയ്യാൻ പാടില്ലല്ലോ. ഒരു കത്തെങ്കിലും അയച്ച് അവരുടെ ഭാഗം വിശദീകരിക്കാനുള്ള അവസരമുണ്ടാക്കുക. അതാണ് നാച്വറൽ ജസ്റ്റീസ്. പരാതിക്കാരനായ എനിക്കെതിരായി പരാമർശമില്ല. ഞാൻ ആർക്കെതിരായിട്ടാണോ breach of privilege നോട്ടീസ് കൊടുത്തത്, ആ ധനകാര്യ വകുപ്പുമന്ത്രിയെ പൂർണ്ണമായി exonerate ചെയ്തിരിക്കുന്നു. അദ്ദേഹം കാണിച്ച impropriety-യെക്കുറിച്ചുപോലും ഒരു പരാമർശം നടത്താതെ 100 ശതമാനം അദ്ദേഹത്തെ exonerate ചെയ്തിരിക്കുന്നു, പൂർണ്ണമായി കുറ്റവിമുക്തനാക്കിയിരിക്കുന്നു. എന്നിട്ട് പരാതിക്കാരനുമല്ല, ആരോപണ വിധേയനുമല്ലാത്ത ളുണം ചാരിനിന്ന കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിനെ ക്രൂരമായ പരാമർശങ്ങൾ നടത്തി ആക്രമിച്ചിരിക്കുന്നു. തേർഡ് പാർട്ടിയെക്കുറിച്ച് അങ്ങനെയൊരു പരാമർശം നടത്താൻ നമുക്ക് എന്ത് അവകാശമാണുള്ളത്? ഈ സഭയ്ക്ക് ചില decorum ഉണ്ട്. നമ്മുടെ ചില പ്രൊസീജ്യുവേഴ്സുണ്ട്, ചില കൺവെൻഷൻസുണ്ട്. അതൊന്നും അനുസരിച്ച് അങ്ങനെയൊരു ഫൈൻഡിംഗിലേയ്ക്ക് ഈ സഭ എത്താൻ പാടില്ല എന്നുള്ള അഭിപ്രായമാണ് ഞാൻ അറിയിച്ചത്.

ശ്രീ. എം. സ്വരാജ്: അദ്ദേഹത്തിന് സ്വാഭാവികമായും ആ വാദഗതി ഉയർത്തുകയും വാദിക്കുകയും ചെയ്യാം. പക്ഷെ ഈ കമ്മിറ്റി ധാരാളം കാര്യങ്ങൾ പരിശോധിച്ചശേഷം, കമ്മിറ്റി അതിനെക്കുറിച്ച് വിവിധ മേഖലകളിലുള്ളവരുടെ അഭിപ്രായപ്രകടനങ്ങൾ ഈ റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്; രാജ്യസഭയിലെ സംഭവങ്ങൾ, കൗൾ ആന്റ് ശക്ധർ, അതുപോലെ മറ്റ് പല സംഭവങ്ങളെക്കുറിച്ചൊക്കെ പറഞ്ഞിട്ടുണ്ട്. പക്ഷെ എന്താണ് കമ്മിറ്റിയുടെ ശിപാർശ; അതാണ് കൺക്ലൂഷൻ. ഈ പരാതിയിന്മേലുള്ള ശിപാർശയെന്ത്; അത്

സി.&എ.ജി.-യെ തൂക്കിക്കൊല്ലണമെന്നല്ല, അവരെ ഏതെങ്കിലും തരത്തിൽ കുറ്റപ്പെടുത്തുന്നതോ പ്രതിസ്ഥാനത്ത് നിർത്തുന്നതോ അല്ല. ഈ കമ്മിറ്റിയുടെ ശിപാർശ, ഈ പരാതിയുടെ വെളിച്ചത്തിൽ ധനകാര്യ വകുപ്പുമന്ത്രി നൽകിയിട്ടുള്ള വിശദീകരണങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ ആവശ്യമില്ലെന്നുള്ളതാണ്. അതാണ് ഈ കമ്മിറ്റിയുടെ കണ്ടെത്തൽ, കൺക്ലൂഷൻ, ഈ റിപ്പോർട്ട് അവസാനിപ്പിക്കുന്നത് അങ്ങനെയാണ്. ആ കണ്ടെത്തലിൽ അങ്ങ് പറയുന്നതുപോലെ മറ്റാരെയും ശിക്ഷിക്കാനോ കുറ്റപ്പെടുത്താനോ തയ്യാറായിട്ടില്ല. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ നാച്വറൽ ജസ്റ്റീസ് എന്നുപറഞ്ഞാൽ, അതിൽ ഈ രണ്ട് കക്ഷികൾ, പരാതിക്കാരനും ആരോപണവിധേയനും മാത്രമേ വരുന്നുള്ളൂ. ഈ രണ്ടുഭാഗവും വിശദമായി കേട്ടുകഴിഞ്ഞാൽ അവിടെ നാച്വറൽ ജസ്റ്റീസിന്റെ യാതൊരു വയലേഷനുമില്ല. അതല്ലാതെ ഈ റിപ്പോർട്ടിന്റെ ഭാഗമായുള്ള നിരീക്ഷണങ്ങളിൽ ഒരു നിരീക്ഷണം നടത്താൻ വിളിച്ചു വരുത്തണമെന്ന് പറയുന്നത് നിർഭാഗ്യകരമായ ഒരു വാദമാണെന്നുമാത്രം പറഞ്ഞ് ഞാൻ ചുരുക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ....

<u>മി. സ്പീക്കർ</u>: അങ്ങനെയൊരു ഡിബേറ്റ് വേണോ? അങ്ങനെ ഡിബേറ്റ് വേണ്ട. മിനിസ്റ്റർ പറഞ്ഞോട്ടെ.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): അങ്ങനെയാണെങ്കിൽ നമുക്ക് സമയം നിശ്ചയിച്ച് ഒന്നോരണ്ടോ മണിക്കൂർ സംസാരിക്കാം. I have no objection to it. ഇന്ന് രണ്ട് ചർച്ചയുള്ളതാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്തില്ലേ; അങ്ങ് മൂന്ന് തവണ സംസാരിച്ചില്ലേ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഒരു കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. തെറ്റായ, വസ്തുതാവിരുദ്ധമായ കാര്യം അദ്ദേഹം പറഞ്ഞു. ആഡിറ്റ് റിപ്പോർട്ടിന്റെ ശിപാർശയിൽ സി.&എ.ജി.-യെക്കുറിച്ച് ഒന്നുമില്ല. "ആഡിറ്റ് റിപ്പോർട്ടിൽ ചില ഖണ്ഡികകൾ കൂട്ടിച്ചേർത്തതിൽ ദുരൂഹതയുണ്ടെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ ആരോപണം വസ്തുതാധിഷ്ഠിതമാണെന്നും" എന്നുള്ളതാണ് സമിതിയുടെ ഫൈൻഡിംഗ്. ആരെക്കുറിച്ചാണ് ഈ പറയുന്നത്; വഴിയേപോകുന്ന ആരെയെങ്കിലും കുറിച്ചാണോ; കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ ഒരു റിപ്പോർട്ടിൽ അവർ 8 ഖണ്ഡികകൾ കൂട്ടിച്ചേർത്തുവെന്നുള്ള ഗുരുതരമായ ഒരു ആരോപണം ഈ സഭ ഉന്നയിക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത്. അല്ലാതെ ആരോപണം ഇല്ലായെന്ന് പറയുന്നത് ശരിയല്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു തുറന്ന ചർച്ചയാണെങ്കിൽ അങ്ങനെയാകാം.

ശ്രീ. മോൻസ് ജോസഫ്: സർ, ഇപ്പോൾ പറഞ്ഞുവരുന്ന സ്വഭാവമനുസരിച്ചാണെങ്കിൽ സമിതി ഏകകണ്ഠമായി അംഗീകരിച്ചുവെന്ന രീതിയിലാണ് ബഹുമാനപ്പെട്ട ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ റിപ്പോർട്ട് അവതരിപ്പിച്ചത്. ഇതിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ സമിതിയിൽ രേഖപ്പെടുത്തിയിരുന്നു. പ്രിവിലേജസ് ആൻഡ് എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയിലെ ഞാൻ ഉൾപ്പെടെയുള്ള, ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ ഡിസെന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ഞങ്ങളുടെ വിയോജനക്കുറിപ്പോടുകൂടിയാണ് ഇത് സമിതി അംഗീകരിച്ചിരിക്കുന്നത് എന്നുള്ള ഭാഗംകൂടി ചൂണ്ടിക്കാണിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള നിയമസഭയുടെ ചരിത്രത്തിലെ ഒരു പ്രത്യേക സന്ദർഭമാണ്. പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ മുമ്പിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ നൽകിയ ഒരു പരാതി, ആ പരാതിയിന്മേൽ കമ്മിറ്റികൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ വിളിച്ചുവരുത്തി അദ്ദേഹത്തിന്റെ മൊഴിയെടുത്തു. അതിന്റെ റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നു. ഇവിടെ നമ്മൾ കാണേണ്ട ഒരു കാര്യം, ഭരണഘടനയുടെ ആർട്ടിക്കിൾ 149, 151 ഇവ രണ്ടും പ്രസക്തമായ കാര്യങ്ങളാണ്. രാജ്യത്തുള്ള യൂണിയൻ ഗവൺമെന്റാണെങ്കിലും സ്റ്റേറ്റ് ഗവൺമെന്റുകളാണെങ്കിലും അവരുടെ വരവുചെലവ് കണക്കുകൾ പരിശോധിക്കേണ്ട ധാർമ്മികമായ, ഭരണഘടനാപരമായ ഉത്തരവാദിത്വമാണ് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിനുള്ളത്. ഇവിടെ ആ ഓഡിറ്റ് റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നത് ധനകാര്യ വകുപ്പുമന്ത്രിയാണ്. ഈ സഭയുടെ കീഴ്വഴക്കമനുസരിച്ച് ഇത് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിലേയ്ക്ക് പോകും. ഗവൺമെന്റിന് പരാതിയുണ്ടെങ്കിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ പറയാം. അതാണ് അതിന്റെ വ്യവസ്ഥാപിതമായ രീതി. ആ റിപ്പോർട്ട് നിയമസഭയിൽ വച്ചതിനുശേഷം വേണമെങ്കിൽ സഭയ്ക്ക് ചർച്ച ചെയ്യാം. വ്യവസ്ഥാപിതമായ ഒരു സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ഇതൊന്നുമറിയാത്ത ആളല്ല ധനകാര്യ വകുപ്പുമന്ത്രി. അദ്ദേഹം അസാധാരണമായ ഒരു നടപടിയാണ് സ്വീകരിച്ചത്. അത് സഭാനടപടി ചട്ടങ്ങളിൽ ഇന്നുവരെ ഉണ്ടാകാത്ത ഒന്നാണ്. സഭയുടെ കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും ബൈപ്പാസ് ചെയ്തുകൊണ്ട് അദ്ദേഹം നടത്തിയ ഒരു തെറ്റായ നടപടിയാണ്.

14-11-2020-ലെ ആദ്യത്തെ പത്രസമ്മേളനത്തിൽ സ്വമേധയാ നടത്തിയ പത്രസമ്മേളനം പത്രക്കാർ പറഞ്ഞതൊന്നുമല്ല, അദ്ദേഹം പറഞ്ഞത് ഇത് ഡ്രാഫ്റ്റ് റിപ്പോർട്ടാണെന്നാണ്. പിന്നീട് C&AG ക്ലാരിഫൈ ചെയ്തപ്പോൾ അദ്ദേഹം അത് ഫൈനൽ റിപ്പോർട്ടാണെന്ന് പറഞ്ഞു. ഫൈനൽ റിപ്പോർട്ടാണോ ഡ്രാഫ്റ്റ് റിപ്പോർട്ടാണോ എന്നുപോലും പരിശോധിക്കാതെ ഇത്ര ധൃതിപിടിച്ച് ഇങ്ങനെയൊരു ഭരണഘടനാ ലംഘനം നടത്താൻ ധനകാര്യ വകുപ്പുമന്ത്രിക്ക് എന്ത് അവകാശമാണുള്ളത്; അത് എന്തുകൊണ്ട് ആ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടില്ല? അസാധാരണമായ നിലയിൽ, ഇന്ത്യയിൽ ഇന്നുവരെ ഒരു ധനകാര്യ വകുപ്പുമന്ത്രിയും ചെയ്യാത്ത നടപടിയാണ് അദ്ദേഹം ചെയ്തത്. അതുകൊണ്ടാണ് പരാതി ഉയർന്നുവന്നത്. വളരെ ഖേദത്തോടെ പറയട്ടെ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി, അവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ പരാജയപ്പെട്ടിരിക്കുകയാണെന്ന് പറയേണ്ടിയിരിക്കുന്നു. സഭയിലെ മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ച് ജനാധിപത്യ അവകാശങ്ങളെയും കീഴ്വഴക്കങ്ങളെയും അടിച്ചമർത്തി മുന്നോട്ടുപോകുന്ന നടപടിക്ക് ഈ റിപ്പോർട്ട് കുടപിടിക്കുകയാണ്. ഇത് കേരള നിയമസഭയുടെ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായമായി മാറാൻ പോകുന്നു. കാരണം ലെയ്ഡ് ഡൗണായിട്ടുള്ള പ്രിൻസിപ്പിൾസ്, കീഴ്വഴക്കങ്ങൾ, ചട്ടങ്ങൾ എന്നിവ അനുസരിച്ചാണ് നിയമസഭ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് C.&A.G. റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുന്നതിനുമുമ്പ് ഇങ്ങനെയൊരു പത്രസമ്മേളനം നടത്തി പൊതുജനങ്ങളെ അറിയിക്കേണ്ട കാര്യമെന്താണ്? ഡ്രാഫ്റ്റാണോ ഫൈനലാണോ എന്നുപോലും അറിയാതെ അദ്ദേഹം പത്രസമ്മേളനം നടത്തി ഇതെല്ലാം പറയുന്നു. അദ്ദേഹം സഭയുടെ അവകാശത്തെ ലംഘിച്ചിട്ടില്ലെന്ന് ശ്രീ. എ. പ്രദീപ്കുമാറിന് എങ്ങനെ പറയാൻ കഴിയും; അദ്ദേഹം അതിൽ പറയേണ്ടതല്ലേ? ഇങ്ങനെ ചെയ്യാൻ പാടില്ലാത്തതായിരുന്നു എന്ന ഒരു പരാമർശം പോലുമില്ലെന്നുള്ളതാണ് നമ്മൾ ഇവിടെ കാണേണ്ട ഒരു കാര്യം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, മറ്റൊന്നും കൊണ്ടല്ല, ഈ കമ്മിറ്റിയെയും ആ റിപ്പോർട്ടിനെയും ഡിഫെൻഡ് ചെയ്യാനുള്ള ഒരു ബാധ്യത എനിക്കുണ്ട്. പ്രിവിലേജ് ലംഘിച്ചുവെന്ന് അങ്ങ് പറയേണ്ടതല്ലേ; പ്രിവിലേജ് ലംഘിച്ചുവെന്ന് പറയണമെങ്കിൽ ഒന്നുകിൽ കോൺസ്റ്റിറ്റ്യൂഷൻ, അല്ലെങ്കിൽ നിയമങ്ങൾ, ചട്ടങ്ങൾ ഏതെങ്കിലും ഒന്ന് വേണമല്ലോ; എന്തിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രിവിലേജ് ലംഘിച്ചുവെന്ന് സ്ഥാപിക്കാൻ പോകുന്നത്; അങ്ങ് പറഞ്ഞുതരുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേരള നിയമസഭയുടെ ഇന്നുവരെയുള്ള ചരിത്രം, കീഴ്വഴക്കങ്ങൾ, ചട്ടങ്ങൾ, ഇന്ത്യൻ പാർലമെന്റിന്റെ ചട്ടങ്ങൾ, നിയമങ്ങൾ, പ്രീസിഡൻസ് എന്നിവ പരിശോധിക്കാം. ഇതിൽ എവിടെയെങ്കിലും ഒരു ധനകാര്യ വകുപ്പുമന്ത്രി ഇതുപോലെ C.&A.G.-യുടെ ഫൈനൽ റിപ്പോർട്ട് കയ്യിൽ കിട്ടുമ്പോൾ ഗവർണ്ണർക്ക് സമർപ്പിക്കാതെ, ഗവർണ്ണറുടെ അനുവാദത്തോടുകൂടി നിയമസഭയിൽ വയ്ക്കാതെ, പരസ്യമായി പത്രസമ്മേളനം നടത്തി പറയുന്നത് ഏത് രീതിയാണ്; അതിൽ എന്ത് ന്യായമാണുള്ളത്? C.&A.G. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അത് പറയാനുള്ള വ്യവസ്ഥാപിതമായ മാർഗ്ഗം ഭരണഘടനാപരമായിത്തന്നെ നമുക്കുണ്ടല്ലോ; ആർട്ടിക്കിൾ 151 അനുസരിച്ച് ഈ റിപ്പോർട്ട് ഇവിടെ വയ്ക്കുമല്ലോ; അന്നേരം ചെയ്തില്ലെങ്കിൽ വേണ്ട, പി.എ.സി-യിൽ ചെല്ലുമ്പോൾ അവിടെ ഗവൺമെന്റിന് അഭിപ്രായം പറയാനുള്ള അവസരമുണ്ടല്ലോ; അത് തെറ്റാണെങ്കിൽ തിരുത്തിക്കാനുള്ള അവസരമുണ്ടല്ലോ; സഭയിൽ ചർച്ച ചെയ്യാനുള്ള അവസരമുണ്ടല്ലോ; He has not used these platforms to rectify the mistakes. അതിനുപകരം ചെയ്യാൻ പാടില്ലാത്ത ഒരു കുറ്റം ചെയ്തിട്ട് സംസ്ഥാനത്തിന്റെ താല്പര്യത്തിനുവേണ്ടി ഞാൻ ഇതെല്ലാം ചെയ്യുമെന്നുപറഞ്ഞാൽ Mr. Minister you are under the Constitution, you have to follow the Constitution. എനിക്ക് തോന്നുകയാണ്, It's an illusion. നിങ്ങൾക്ക് ഇവിടെ പെട്ടെന്ന് എന്തോ സംഭവിച്ചിരിക്കുന്നുവെന്ന് തോന്നുകയാണ്.

<u>മി. സ്പീക്കർ:</u> മിനിസ്റ്ററുടെ കയ്യിൽ നിന്ന് പോയല്ലോ; സമിതിയുടെ കയ്യിലല്ലേ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ആ രീതിയിലല്ല ഞാൻ പറഞ്ഞത്. അതിന്റെയടിസ്ഥാനത്തിൽ മാത്രമായി കമ്മിറ്റിക്ക് ഒരു കൺക്ലൂഷനിലെത്താൻ എങ്ങനെ സാധിക്കും? അപ്പോൾ കമ്മിറ്റി ജസ്റ്റിസ് ചെയ്തിട്ടില്ലായെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചത് ഒരു പ്രധാനപ്പെട്ട കാര്യമല്ലേ? പെറ്റീഷണറും മിനിസ്റ്ററും തമ്മിലുള്ള പ്രശ്നം മാത്രമല്ല, നിങ്ങളുടെ ഈ റിപ്പോർട്ടിനകത്ത് C.&A.G.-യെപ്പറ്റി വളരെ നിശിതമായി വിമർശിച്ചിരിക്കുന്നു, On what grounds? അതാണ് ഞാൻ ചോദിച്ചത്; നിങ്ങൾ ഏതെങ്കിലും ഘട്ടത്തിൽ അവരുടെ ഒപ്പീനിയൻ എലിസിറ്റ് ചെയ്തിട്ടുണ്ടോ; നിങ്ങൾ അവരോട് ചോദിച്ചിട്ടുണ്ടോ; 8 ഖണ്ഡികകൾ കൂട്ടിച്ചേർത്തത് മഹാ അപരാധമാണെങ്കിൽ പാമോലിൻ കേസിൽ ഗവൺമെന്റിന്റെ എക്സിറ്റ് മീറ്റിംഗിൽ പറയാത്ത കാര്യങ്ങൾ ഫൈനൽ റിപ്പോർട്ടിൽ വന്നു. അതുപോലെ പല ഘട്ടങ്ങളിലും സംഭവിച്ചിട്ടുണ്ട്. അന്നൊന്നും ധനകാര്യ വകുപ്പുമന്ത്രിമാർ പത്രസമ്മേളനം നടത്തി സഭാനടപടി ചട്ടങ്ങൾ ലംഘിച്ച് മുന്നോട്ടുപോയിട്ടില്ല.

ചെയ്ത തെറ്റ് മറയ്ക്കാൻവേണ്ടി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയിൽ ഭൂരിപക്ഷമുണ്ടെന്ന കരുതി, ധനകാര്യ വകുപ്പുമന്ത്രിയെ വെള്ളപൂശാനുള്ള ശ്രമം തികച്ചും ദൗർഭാഗ്യകരമാണ്. അദ്ദേഹത്തിനെ ശിക്ഷിക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ, He should have been cautioned because നമ്മൾ ഇന്നുണ്ടാകും നാളെ വേറെ ആളുകൾ വരും. പുതിയ ആളുകൾ വരും അന്ന് ഇതൊക്കെ ഒരു പ്രീസിഡന്റായി മാറാൻ പാടില്ല. The Minister should have been cautioned by the Committee so that this wrong doing of the Minister should not have been repeated in future; അതായിരുന്നു ചെയ്യേണ്ടത്. അത് ചെയ്യാതെ, I am sorry Mr. A. Pradeepkumar, you have been completely white washing the Minister. അതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. അത് വളരെ നിർഭാഗ്യകരമാണ്. ഈ കമ്മിറ്റിയുടെ നിഗമനങ്ങളോട് പ്രതിപക്ഷത്തിന് യാതൊരു യോജിപ്പുമില്ല. അതുകൊണ്ടാണ് ഞങ്ങളുടെ മെമ്പർമാർ വിയോജനക്കുറിപ്പ് എഴുതിയിട്ടുള്ളത്. I want to reiterate the dissenting note. Thank you.

5.00 P.M.]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് അംഗീകരിച്ചുകൊണ്ട് അങ്ങ് വിശദമായ റൂളിംഗ് നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആ കമ്മിറ്റിയുടെ വിശകലനത്തോടും തീർപ്പിനോടും എനിക്ക് പൂർണ്ണയോജിപ്പാണ്. ശ്രീ. വി. ഡി. സതീശന്റെ കേസ് എന്താണ്; ഞാൻ ചെയ്തത് ഉചിതമാണോ അനുചിതമാണോ എന്നുള്ളതല്ല; Breach of privilege. കമ്മിറ്റി രാജ്യസഭയിലടക്കമുള്ള കീഴ്വഴക്കങ്ങൾ കണക്കിലെടുത്തുകൊണ്ട് ഇതിൽ breach of privilege ഇല്ലെന്ന നിഗമനത്തിലെത്തി. ശ്രീ. വി. ഡി. സതീശന്റെ ഇപ്പോഴുള്ള ആർഗ്യുമെന്റ് എന്താണ്? രാജ്യസഭാ കമ്മിറ്റി breach of privilege ഇല്ലെന്നു പറഞ്ഞതിനുശേഷം അത് അനുചിതമാണ്. impropriety ആണെന്നു പറഞ്ഞിട്ടും അത് എന്താണ് വിട്ടുകളഞ്ഞത്; അത് വെള്ളപൂശാനാണെന്നാണ് പ്രതിപക്ഷനേതാവ് പറയുന്നത്. ഇല്ല, ഞാൻ ആ റിപ്പോർട്ട് വായിച്ചുകഴിഞ്ഞപ്പോൾ അതിൽ ഇങ്ങനെയുള്ള ഒരു സന്ദർഭം ഇനി ആവർത്തിക്കരുതെന്ന് മന്ത്രിയോട് മാത്രമല്ല, C.&A.G.-യോടും ഇങ്ങനെയുള്ള സാഹചര്യം സൃഷ്ടിക്കരുതെന്ന് പറഞ്ഞു. ശ്രീ. വി. ഡി. സതീശന് എന്തൊരു ഹൃദയവേദനയാണ്; സി.&എ.ജി.-യെ കേൾക്കാതെ സ്വാഭാവിക നീതി നിഷേധിച്ച് നിങ്ങൾ തീരുമാനമെടുക്കുമോ? എന്നാൽ കേരള സർക്കാരിനെ കേൾക്കാതെ ഒരുവട്ടംപോലും ചർച്ച ചെയ്യാതെ എക്സിറ്റ് മീറ്റിംഗിൽ പോലും

പരാമർശിക്കാതെ 8 പാരഗ്രാഫ്, ഈ നിയമസഭ രണ്ടുവട്ടം ചർച്ച ചെയ്ത് പാസ്സാക്കിയ ഒരു നിയമത്തിനെതിരെ, 1999 മുതൽ നിങ്ങളും ഞങ്ങളും അതിന്റെ അടിസ്ഥാനത്തിൽ വായ്പ എടുത്തിട്ടുള്ളതു മുഴുവൻ ഭരണഘടനാവിരുദ്ധമാണെന്ന് എഴുതുമ്പോൾ ആ സ്വാഭാവിക നീതി സർക്കാരിന് നിഷേധിച്ചതിനെക്കുറിച്ച് ഒരു വേവലാതിയുമില്ലല്ലോ; ഇല്ല, അത് നിങ്ങളുടെ രാഷ്ട്രീയമാണ്; ആ രാഷ്ട്രീയം മനസ്സിലായിട്ടുണ്ട്.

ഇന്നലെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞുപറഞ്ഞ് അവസാനം പറഞ്ഞത്, എന്തിനാണ് ഇങ്ങനെ ചെയ്തതെന്നാണ്. ഇതില്ലായിരുന്നെങ്കിൽ നിങ്ങളുടെ സ്ഥിതി എന്തായിരിക്കും? ബഹുമാന്യനായ പ്രതിപക്ഷനേതാവേ, ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ഒരുപാട് മനപ്പായസം ഉണ്ടിട്ടുണ്ട്. ഈ റിപ്പോർട്ടിലെ പരമരഹസ്യം ഞാൻ പുറത്തുപറഞ്ഞെന്ന് പറഞ്ഞെങ്കിലും, വേറെ പലതും ചോർന്ന് പല രീതിയിൽ നിങ്ങൾക്ക് കിട്ടാറുണ്ടല്ലോ? കിട്ടിയിട്ടുമുണ്ടല്ലോ? അത് ഈ നിയമസഭ തന്നെ ചർച്ച ചെയ്യേണ്ടിവന്നിട്ടില്ലേ? ഈ സർക്കാരിനെതിരെ ചില കണക്കുകൂട്ടലുകളൊക്കെയുണ്ടായിരുന്നു. ഇതൊരു അസാധാരണ സാഹചര്യമാണ്. ആ അസാധാരണ സാഹചര്യത്തെ കമ്മിറ്റി അംഗീകരിച്ചിരിക്കുന്നു. ഞാൻ തുറന്നുപറയട്ടെ, നിങ്ങളിത് കീഴ്‌വഴക്കമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് കമ്മിറ്റിയംഗമായ ശ്രീ. മോൻസ് ജോസഫ് എന്നോട് ചോദിച്ചു. ഇത് കീഴ്‌വഴക്കമാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നാണ് ഞാൻ അതിന് മറുപടി പറഞ്ഞത്. മന്ത്രിമാർ സഭയിൽ വയ്ക്കേണ്ട റിപ്പോർട്ടുകൾ ഇനിമുതൽ പത്രസമ്മേളനം നടത്തി പറയുന്നതിന് കീഴ്‌വഴക്കമായി ഇതുപയോഗിക്കുമെന്ന് പറഞ്ഞപ്പോൾ ഇല്ലായെന്ന് ഞാൻ കമ്മിറ്റിയോട് പറഞ്ഞല്ലോ. ഇത് വളരെ അസാധാരണമായ ഒരു സാഹചര്യമാണ്. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെയാകെ, സ്വാഭാവിക നീതിപോലും നിഷേധിച്ചുകൊണ്ട്, ഒരു വിശദീകരണംപോലും ചോദിക്കാതെ ഒരു ഘട്ടത്തിലും ചർച്ച ചെയ്യാതെ ഏകപക്ഷീയമായി ഡ്രാഫ്റ്റ് റിപ്പോർട്ടിൽ കൂട്ടിച്ചേർക്കൽ നടത്തി. ഞാൻ തെളിവ് നൽകിയത് കമ്മിറ്റിക്ക് എങ്ങനെ ബോധ്യപ്പെട്ടു. കരട് റിപ്പോർട്ട് എന്തായിരുന്നു? അതിൽ ഓഫ് ബഡ്ജറ്റ് ബോറോയിംഗിനെക്കുറിച്ച് ഒരു പാരഗ്രാഫ്.... ബാക്കിയൊന്നുമില്ലല്ലോ..... അതിനുശേഷം കൂട്ടിച്ചേർക്കപ്പെട്ടത്, ഞാൻ എ.ജി.-മാരുടെ സർക്കുലർ കൊടുത്തു. കരട് റിപ്പോർട്ടിലില്ലാത്ത ഒരു പാരഗ്രാഫും കൂട്ടിച്ചേർക്കാൻ പാടില്ലെന്നുള്ള മധ്യപ്രദേശ് എ.ജി.യുടെ റിപ്പോർട്ട്, ഇവിടത്തെ കീഴ്‌വഴക്കങ്ങൾ, സർക്കാരുമായി ചർച്ച ചെയ്യാത്ത ഒരു കാര്യം ചേർക്കാൻ പാടില്ലെന്നുള്ളത് സംബന്ധിച്ച റിപ്പോർട്ടുകൾ കൊടുത്തു. ഡ്രാഫ്റ്റ് റിപ്പോർട്ടിന്റെ ഘട്ടത്തിൽ എന്താകാം: സർക്കാരിന് പറയാം, പറഞ്ഞത് കേട്ടില്ലെങ്കിൽ അത് മെയിന്റയിൻ ചെയ്യാം, അല്ലാതെ കൂട്ടിച്ചേർക്കാനുള്ള അവകാശമില്ല. മന്ത്രിയെന്ന കാര്യം ഓർക്കേണ്ടാ,

നിങ്ങളെപ്പോലെ നിയമസഭാംഗമായ ഞാൻ കമ്മിറ്റിയുടെ മുന്നിൽ പറയുന്നത് തെളിവല്ല, വസ്തുതാപരമല്ല, കമ്മിറ്റിയെ കബളിപ്പിക്കാനാണെങ്കിൽ, I am liable, അതിന്റെ ശിക്ഷ ഏറ്റുവാങ്ങാൻ ഞാൻ തയ്യാറാണ്. ശ്രീ. വി. ഡി. സതീശൻ അതിന് ശ്രമിച്ചുനോക്കൂ. സി.ആൻഡ് എ.ജി. സർക്കാരുമായി ചർച്ച ചെയ്യുവെന്നും എക്സിറ്റ് മീറ്റിംഗിന്റെ നോട്ട് തന്നെന്നും മറുപടി കൊടുത്ത് ഇത് തെളിയിക്കുമെന്നും തീരുമാനിച്ചുകൊള്ളൂ. ഞാൻ ഈ ശിക്ഷ ഏറ്റുവാങ്ങാൻ തയ്യാറാണ്. നിങ്ങളെപ്പോലെ ഞാനും ആ സഭാസമിതിക്കുമുന്നിൽ തെളിവ് കൊടുത്താൽ സമിതി അത് മുഖവിലയ്ക്കെടുക്കുമെന്നും ഉറപ്പുണ്ട്. ഞാൻ തെളിവ് ഹാജരാക്കിയിട്ടുണ്ട്, ഡ്രാഫ്റ്റ് റിപ്പോർട്ടിൽനിന്നും വ്യത്യസ്തമായി ഫൈനൽ റിപ്പോർട്ടിൽ കൂടുതലായി വന്നിരിക്കുന്ന എട്ട് പാരഗ്രാഫുകൾ. കമ്മിറ്റി ഈ അസാധാരണമായ സാഹചര്യത്തെ കണക്കിലെടുത്തു. കേരള ചരിത്രത്തിൽ വ്യക്തിപരമായി ഒരാൾക്കെതിരെ ഇതുപോലെ എന്തെങ്കിലും കൂട്ടിച്ചേർക്കലല്ല, സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ ഭരണഘടനാ വിരുദ്ധമാണെന്നും മസാല ബോണ്ടിന്റെ കാര്യം മാത്രമല്ല, അതൊന്നുമാത്രം; മസാല ബോണ്ടിന്റെ കാര്യത്തിൽ 293 അല്ല ആധാരമാക്കുന്നത്. Entry 37 of list 1 of 7th Schedule of Constitution of India gives the powers of raising Foreign loans only to Central Government. എന്ത് അസംബന്ധമാണ് ഈ എഴുതിവച്ചിരിക്കുന്നത്. 293 ഒക്കെ വരാം. അത് absurd അല്ലേ? ഒരു കോൺസ്റ്റിറ്റ്യൂഷണൽ ബോഡി ഇങ്ങനെ എഴുതാൻ പാടുണ്ടോ? സംസ്ഥാന സർക്കാരിനോട് ചോദിച്ചെങ്കിൽ അന്നേ പറയുമായിരുന്നല്ലോ? ഇത് വായ്പയെടുക്കാനുള്ള അവകാശമല്ല, നിയമമുണ്ടാക്കാനുള്ള അവകാശമാണ്. അതിന്റെ അടിസ്ഥാനത്തിൽ FEMA (Foreign Exchange Management Act) കേന്ദ്രസർക്കാരുണ്ടാക്കിയിട്ടുണ്ട്. ആ FEMA നടപ്പാക്കാനുള്ള ഉത്തരവാദിത്വവും അതിന്റെ ഡീറ്റെയിൽസ് വർക്കൗട്ട് ചെയ്യാനുള്ള ഉത്തരവാദിത്വവും ആർ.ബി.ഐ.യ്ക്കാണ്. ആർ.ബി.ഐ. ഇറക്കിയ സർക്കുലർ പ്രകാരം കിഫ്ബിയെപ്പോലുള്ള ഒരു ബോഡി കോർപ്പറേറ്റിന് അവകാശമുണ്ട്. സംസ്ഥാന സർക്കാരിന് വിദേശ വായ്പയെടുക്കാൻ അവകാശമുണ്ടോ ഇല്ലയോ എന്നുള്ളത് തർക്കവിഷയമല്ല, കേരള സർക്കാർ വിദേശത്തുനിന്നും വായ്പയെടുക്കാൻ പോകുന്നു, ഞങ്ങൾക്കും വേണം എന്നല്ല പറയുന്നത്. വിദേശവായ്പ സംബന്ധിച്ച്, ക്രോസ് ഓവർ കൗണ്ടർ തരുന്നതാണെന്ന് എല്ലാവർക്കുമറിയാം. അവർ എടുക്കുന്നത് ഞങ്ങൾക്കും തരുന്നു, എന്തുമാത്രം വിദേശവായ്പകളാണ് സംസ്ഥാന സർക്കാരെടുക്കുന്നത്. അതിന് ബോഡി കോർപ്പറേറ്റിന് അവകാശമുണ്ട്. ശ്രീ. വി. ഡി. സതീശനൊന്നു പറഞ്ഞാൽ അങ്ങനെയാണ്. നിയമമുണ്ടാക്കുന്ന

ആർ.ബി.ഐ. ഉണ്ടെന്നുപറഞ്ഞു, അതിന്റെ അടിസ്ഥാനത്തിൽ വായ്പയെടുത്തു. അതുമാത്രമായിരുന്നെങ്കിൽ സഹിക്കാമായിരുന്നു. അതുകഴിഞ്ഞ് ഒരുപടികൂടി കടന്ന് പറയുകയാണ്, 293-ന് വിരുദ്ധമാണെന്ന്. അതുകൂടാതെ അതിലൊരു വാചകവുമുണ്ട്, ഇതിന്റെയടിസ്ഥാനത്തിൽ KIIFB's borrowing do not have legislative approval. എന്തൊക്കെയാണ് ഈ പറയുന്നത്? ഇന്നെടുത്തതല്ല, 1999-ൽ ഞങ്ങളെടുത്തതാണ്. 2001-ലും 2003-ലും നിങ്ങളെടുത്തത്; ലെജിസ്ലേറ്റീവ് അപ്രൂവലില്ലാത്ത കാര്യമാണെന്ന് ഏകപക്ഷീയമായി എഴുതിവച്ചത്, malafide intention-ാടെയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് പറയുന്നത് തെറ്റാണ്. ഒന്ന്, ലെജിസ്ലേറ്റീവ് അപ്രൂവലില്ല എന്ന് പറയുന്നത് അവസാനത്തെ സെന്റൻസാണ്. ആ ഫൈന്റിംഗിലേയ്ക്കെത്തുന്നത് എന്തുകൊണ്ടാണ്? Transfer of funds from the consolidated fund of India, അത് അക്കൗണ്ടിലോ ബഡ്ജറ്റ് ഡോക്യുമെന്റിലോ ഡിസ്ക്ലോഷർ സ്റ്റേറ്റ്മെന്റിലോ ഒന്നുമില്ല. അതിലുള്ള കാര്യത്തിനുമാത്രമേ അപ്രൂവൽ കൊടുക്കുന്നുള്ളൂ. ഡിസ്ക്ലോഷർ സ്റ്റേറ്റ്മെന്റിലും ബഡ്ജറ്റ് ഡോക്യുമെന്റിലും അക്കൗണ്ടിലും ഇല്ലാത്തതുകൊണ്ട് സഭയുടെ അപ്രൂവൽ കിട്ടുന്നില്ലെന്നാണ് പറഞ്ഞത്. എനിക്ക് അങ്ങയോട് ചോദിക്കാനുള്ള ഒരു ചോദ്യം, അങ്ങ് നേരത്തെ പറഞ്ഞു: ഇതൊരു കീഴ്വഴക്കമാകരുതെന്ന് ഞാൻ പറഞ്ഞിട്ടുണ്ടെന്ന്, അങ്ങ് പറഞ്ഞാൽ എങ്ങനെയാണ് ഇതൊരു കീഴ്വഴക്കമല്ലാതാകുന്നത്. അടുത്ത വർഷം സി.&എ.ജി. ആഡിറ്റ് വരുമ്പോൾ വേറെ രണ്ട് മന്ത്രിമാരുടെ വകുപ്പുകൾക്കെതിരെ ഒരു പരാമർശം വരികയാണ്. സ്വാഭാവികമായും അവരുടെ സെക്രട്ടറിമാരിൽനിന്നും അവർ ഇതറിയും. അത് breach of privilege അല്ല, ഇതിൽ impropriety ഇല്ല എന്ന നിഗമനത്തിലേയ്ക്ക് കമ്മിറ്റി പോയാൽ അടുത്ത വർഷം രണ്ടുപേർ പുത്തരിക്കണ്ടം മൈതാനത്തുവച്ച് സഭയിൽ വയ്ക്കാൻപോകുന്ന റിപ്പോർട്ട് സംബന്ധിച്ച് പ്രസംഗിച്ചാലോ? ഇതൊരു കീഴ്വഴക്കമായാൽ അത് തെറ്റാണെന്നു പറയാൻ ഈ സഭയ്ക്ക് സാധിക്കില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇതുപോലെയൊരു സാഹചര്യം ആവർത്തിക്കപ്പെടരുതെന്ന് കമ്മിറ്റി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മന്ത്രി ചെയ്തത് അനുചിതമാണോ അല്ലയോയെന്ന് പറയാത്തത് എന്തുകൊണ്ടാണ്? ഇതിനെക്കാൾ അനുചിതമായ തെറ്റ് സി. ആൻഡ് എ.ജി ചെയ്തു. ഞാൻ ഇന്നലെ വാദിച്ച് സ്ഥാപിച്ച കാര്യങ്ങളൊക്കെ ഒന്നുകൂടി ആവർത്തിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ഇനി ആവർത്തിക്കേണ്ട.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇതുസംബന്ധിച്ച് അങ്ങ് റൂളിംഗ്

നൽകണം. നിയമസഭ ഈ നിലപാട് അർത്ഥശങ്കയില്ലാതെ തിരസ്കരിക്കേണ്ടതാണ്. അതെങ്ങനെയെന്നത് സംബന്ധിച്ച് ആലോചിക്കണം. ഒരു സംസ്ഥാനത്തോടും ഒരു സി.&എ.ജി.-യും, വേറൊരു കേന്ദ്രസർക്കാർ സ്ഥാപനമാകട്ടെ ഈ രീതിയിൽ പെരുമാറാൻ പാടില്ല. ഓരോ ദിവസം കഴിയുന്തോറും ഓരോ കേന്ദ്ര ഏജൻസികൾ അല്ലെങ്കിൽ ഇങ്ങനെയുള്ള ഭരണഘടനാപരമായ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ അവകാശങ്ങൾ ചോദ്യം ചെയ്യുകയാണ്. കേന്ദ്രത്തിന്റെ അനുവാദത്തോടുകൂടി ഇന്ന് സംസ്ഥാന സർക്കാരിന് വായ്പയെടുക്കാവുന്നതുപോലെ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയോ നാളായി വായ്പയെടുത്തുകൊണ്ടിരിക്കുന്നു. ഇവിടെ പറഞ്ഞപ്രകാരം ഇതൊക്കെ ഭരണഘടനാ വിരുദ്ധമാക്കി മാറ്റുന്ന ഏർപ്പാട് ശരിയല്ല. മറ്റ് സംസ്ഥാനങ്ങളിലെല്ലാമുള്ള സ്ഥാപനങ്ങൾക്കെല്ലാം വായ്പയെടുക്കാം, കിഫ്ബിക്ക് മാത്രം വായ്പയെടുക്കാൻ പാടില്ല. ഇത് നമ്മൾ തിരസ്കരിക്കേണ്ടതുണ്ട്. അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് പിന്നീട് ആലോചിക്കേണ്ടതുണ്ട്. ഇത് കേവലമായ സാങ്കേതികത്വത്തിന്റെ പ്രശ്നമല്ലെന്നും സംസ്ഥാനത്തിന്റെ അവകാശത്തിന്റെ പ്രശ്നമാണെന്നും സംസ്ഥാനത്തിന്റെ വികസനത്തിന്റെ പ്രശ്നമാണെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും ശ്രീ. വി. ഡി. സതീശനും മനസ്സിലാകില്ല. അവർ കണ്ടുകൊണ്ടിരുന്ന മനപ്പായസം പൊളിഞ്ഞതിൽ ഒരുപാട് വിഷമമുണ്ട്.

മി. സ്പീക്കർ: പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സഭയുടെ മുമ്പാകെ വന്നുകഴിഞ്ഞിരിക്കുകയാണ്. വന്ന റിപ്പോർട്ട് അംഗീകരിക്കണമോ വേണ്ടയോയെന്നുള്ളതാണ് നമ്മുടെ മുന്നിലെ പ്രശ്നം. റിപ്പോർട്ടിന്റെ ഉള്ളടക്കമെന്താണെന്ന് നിർദ്ദേശിക്കാൻ ചെയറിന് നിർവ്വാഹമില്ല. കമ്മിറ്റിയിലെ അംഗങ്ങൾക്ക് വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നതിനുള്ള അവകാശമുണ്ട്, അവർ അത് രേഖപ്പെടുത്തിയിട്ടുണ്ട്. അതും സഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇനി സമിതിയുടെ റിപ്പോർട്ട് സഭ അഡോപ്റ്റ് ചെയ്യണമോ വേണ്ടയോ എന്നുള്ള പ്രശ്നമാണ് പരിശോധിക്കേണ്ടത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശബ്ദവോട്ട് രേഖപ്പെടുത്തിയാൽ പോരെ?

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

റിപ്പോർട്ട് സഭ ശബ്ദവോട്ടോടെ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 7-ാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ:പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.............

റിപ്പോർട്ട് സഭ ശബ്ദവോട്ടോടെ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഒരു വാക്ക് സംസാരിച്ചോട്ടെ. ഞാൻ റിപ്പോർട്ടിനെയൊന്നും എതിർക്കുന്നില്ല. നിയമസഭാ സമിതിയുടെ അധികാരത്തെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. ഒരു കാര്യം, ഞാൻ ഏതെങ്കിലും മതത്തിന്റെ ആളായിട്ട് പ്രവർത്തിക്കുന്ന വ്യക്തിയല്ല. ഹൈന്ദവനെന്നോ, ക്രൈസ്തവനെന്നോ ഇസ്ലാമെന്നോ ഉള്ള വേർതിരിവ് എനിക്കില്ല. പക്ഷെ ഞാൻ ക്രിസ്തീയ മത വിശ്വാസിയാണ്. ആ ക്രിസ്തീയ മത വിശ്വാസിയെന്ന നിലയിൽ ഫ്രാങ്കോ പിതാവിനെപ്പറ്റി, മഠത്തിൽനിന്നും പുറത്താക്കപ്പെട്ട അഞ്ച് സ്ത്രീകൾ എറണാകുളത്ത് സമരം നടത്തിയപ്പോൾ, അതിനെപ്പറ്റി രണ്ട് വർത്തമാനം പറയേണ്ടിവന്നു. ഫ്രാങ്കോ പിതാവ് എന്നെ സംബന്ധിച്ചിടത്തോളം പിതാവാണ്. ഞാൻ ആ ക്രൈസ്തവ സഭയുടെ ആളാണ്. അതെന്റെ ബാധ്യതയാണ്. ഞാൻ ആ ബാധ്യത നിറവേറ്റിയതിന് വനിതാ കമ്മീഷൻ കൊണ്ടുവന്ന് ഒരു പരാതി കൊടുത്തിരിക്കുന്നു, വനിതാ കമ്മീഷന് ഇതിനകത്ത് എന്താണ് കാര്യം? എങ്കിലും കമ്മിറ്റി അത് പരിഗണിക്കുകയും യുനാനിമസ്സായി ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിൽ ഇവർക്കാർക്കും എതിർപ്പില്ലെന്നറിഞ്ഞതിൽ ഖേദമുണ്ട്. കാരണം ഞാൻ ജനപക്ഷം സെക്കുലറിസമാണ്. ഞാൻ ഒറ്റയ്ക്കാണ് ഇവിടെ വന്നിരിക്കുന്നത്. ഇനിയും ഞാൻ ഇവിടെ വരും. ഒറ്റയ്ക്കല്ല, രണ്ടോ മൂന്നോ പേരുമായി വരും. ഒരു കാര്യം ഞാൻ അങ്ങയോട് പറയുന്നു, എന്നെ ശാസിച്ച ഒരാളുണ്ട്, അങ്ങയോടുള്ള സ്നേഹംകൊണ്ട് ഞാനദ്ദേഹത്തിന്റെ പേര് പറയുന്നില്ല. ഞാൻ ഈ റിപ്പോർട്ട് അംഗീകരിച്ചു. അതിന് വോട്ടിംഗ് നടപടിക്രമമൊന്നും വേണ്ട. എനിക്ക് സമ്മതമാണ്. ഔദ്യോഗികമായി ഒരു ക്രൈസ്തവനെന്ന നിലയിൽ പിതാക്കന്മാർക്കെതിരെ പ്രതികരിച്ചാൽ ഇനിയും ഇങ്ങനെ പ്രവർത്തിക്കേണ്ടിവരും. അങ്ങ് എന്നോട് ക്ഷമിക്കണം.

# IX. ധനകാര്യം

## (i) 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,65,93,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 795,64,75,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 241,27,21,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1617,88,19,000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4565,92,73,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: രണ്ട് ചർച്ചയാണുള്ളത്. അതിന് ആറ് മണിക്കൂർ സമയം വേണ്ടിവരും. ഇപ്പോൾ തുടങ്ങിയാൽ തന്നെയും 11.30-12.00 മണിയാകും. പ്രതിപക്ഷനേതാവിന്റെ അഭിപ്രായം എന്താണ് ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഒരുമിച്ചാക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരുമിച്ചാക്കുന്നതു കൊണ്ടുള്ള പ്രശ്നമല്ല, എല്ലാവരും പ്രിപ്പെയർ ചെയ്ത് ഇരിക്കുന്നത് കൊണ്ടുള്ള പ്രശ്നമേയുള്ളൂ. ലിമിറ്റ് ചെയ്ത് പ്രസംഗിക്കാൻ പറയാം.

മി. സ്പീക്കർ: ഓരോരുത്തർക്കും അനുവദിച്ചിരിക്കുന്ന സമയം നേർ പകുതിയായി കുറച്ചാലോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, സമയം കുറയ്ക്കാൻ പറയാം. നമ്മൾ ഇങ്ങനെയൊരു അവസ്ഥ വിഷ്വലൈസ് ചെയ്തില്ലായിരുന്നു. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സമയപ്പട്ടികവച്ച് നോക്കുമ്പോൾത്തന്നെ രാത്രി 12.00 മണിയാകും. പരമാവധി പ്രസംഗം കുറയ്ക്കാൻ പറയാം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കൃത്യത പാലിച്ചാൽ നമുക്ക് അത് മൂന്ന് മണിക്കൂർ കൊണ്ട് അവസാനിപ്പിക്കാം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി(ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,38,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 210,97,92,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 400,99,80,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 199,49,09,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,17,32,000 രൂപയുടെയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 30,00,00,000 കോടി രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കൃഷിയെന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,88,20,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5147,52,12,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,16,12,000 രൂപയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,83,94,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,50,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 249,81,61,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 572,94,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 43,96,22,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1309,22,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. നിശ്ചയിച്ച ഷെഡ്യൂൾ പ്രകാരം ചർച്ച നടത്തുകയാണെങ്കിൽ രാത്രി 11.45-ന് മാത്രമെ പൂർത്തിയാക്കാൻ സാധിക്കൂ, ആറ് മണിക്കൂർ വേണ്ടിവരും. അതുകൊണ്ട് എല്ലാവർക്കും മുമ്പ് നിശ്ചയിച്ചതിന്റെ പകുതി സമയം അനുവദിക്കാമെന്നാണ് ഒരു ധാരണയുണ്ടായിട്ടുള്ളത്. അങ്ങനെയാകുമ്പോൾ മൂന്ന് മണിക്കൂർകൊണ്ട് ചർച്ച പൂർത്തിയാക്കാൻ സാധിക്കും. ശ്രീ. സി. കെ. ഹരീന്ദ്രന് പത്ത് മിനിട്ടാണ് നേരത്തെ നിശ്ചയിച്ചിരുന്നത് അഞ്ചുമിനിട്ടിൽ അവസാനിപ്പിക്കണം. ചർച്ച ആരംഭിക്കാം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോൺ ഫെർണാണ്ടസ്)

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. എല്ലാ ബഡ്ജറ്റുകളും നമ്മുടെ സമൂഹത്തിൽ ഗുണകരമായ ചലനങ്ങൾ സൃഷ്ടിക്കാറില്ല. ചില ബഡ്ജറ്റുകൾ രാജ്യത്തെ ജനവിഭാഗങ്ങളുടെ ജീവിതംതന്നെ ദുരിതത്തിലേയ്ക്കും ദുരന്തത്തിലേയ്ക്കും നീക്കുന്നതിന് ഇടയായിട്ടുണ്ട്. കഴിഞ്ഞ ആറ് വർഷങ്ങളായി കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റുകൾ പരിശോധിച്ചാൽ ഏറ്റവുംകൂടുതൽ നേട്ടമുണ്ടായിട്ടുള്ളത് വൻകിട കോർപ്പറേറ്റുകൾക്കാണ്. മുകേഷ് അംബാനി, അദാനി എന്നിവരുടെ വരുമാനം വർദ്ധിച്ചു, ലാഭം കൂടി. അതിന്റെ കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞ ബഡ്ജറ്റുകളും ഉണ്ടായിട്ടുണ്ട്. ഭരണത്തെ നിയന്ത്രിക്കുന്ന ഇടതുപക്ഷ നയം ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ കൃത്യതയും നിശ്ചയദാർഢ്യവുമുള്ള നയത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും ഫലമായിട്ടാണ് അവ രൂപപ്പെട്ടിട്ടുള്ളത്. 1957 മുതൽ കേരളം കൈവരിച്ച നേട്ടങ്ങളുടെ പട്ടികയിൽ ബഡ്ജറ്റുകൾ ചെലുത്തിയ സ്വാധീനം നമുക്ക് വായിച്ചെടുക്കാനാകും. 2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷക്കാലത്തെ ബഡ്ജറ്റുകൾ ഇന്ത്യയിൽ തീവ്രതയോടെ നടപ്പിലാക്കിവരുന്ന നവലിബറൽ നയങ്ങൾക്ക് ബദലാണെന്ന് നമുക്ക് കാണാൻ കഴിയും. നമ്മുടെ സമ്പദ്ഘടനയിൽ, പ്രത്യേകിച്ച് ഗ്രാമീണ സമ്പദ്ഘടനയിൽ കാർഷിക മേഖലയ്ക്കുള്ള പ്രാധാന്യം വളരെ വലുതാണ്. 2001-2006 കാലഘട്ടത്തിൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ ദിനംപ്രതിയെന്നോണം റിപ്പോർട്ട് ചെയ്തത് നാം ഇന്നുമോർക്കുന്നു. ഇന്ത്യയിൽ മഹാരാഷ്ട്രയിലെ വിദർഭ, ആന്ധ്രയിലെ അനന്തപൂർ, കേരളത്തിലെ വയനാട് എന്നിവിടങ്ങളായിരുന്നു കർഷക ആത്മഹത്യാ ജില്ലകളായി

അറിയപ്പെട്ടിരുന്നത്. കൃഷിക്കാരുടെ പ്രക്ഷോഭം ഉയർന്നുവന്നു. അതിന്റെ കൂടെ ഉൽപ്പന്നമായി 2006-2011-ൽ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് കർഷക കടാശ്വാസ കമ്മീഷൻ നിലവിൽവന്നു. കടക്കെണികൊണ്ട് ജീവിതം വഴിമുട്ടിനിന്ന കൃഷിക്കാരന്റെ പച്ചയായ ജീവിതം മനസ്സിലാക്കിയ എൽ.ഡി.എഫ്. കൃഷിക്കാരന്റെ കണ്ണീരൊപ്പി. ഇന്ന് കൃഷിക്കാരന്റെ ആത്മഹത്യ നാം കേൾക്കുന്നില്ല. പലവിധത്തിലുള്ള ആശ്വാസ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കി. കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വുണ്ടായി, നെൽകൃഷി വികസിപ്പിച്ചു, നെല്ലുൽപ്പാദനം വർദ്ധിപ്പിച്ചു, കൃഷിയിടങ്ങളുടെ വിസ്തൃതി കൂടി, ശാസ്ത്ര സാങ്കേതികവിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി, യു.ഡി.എഫ്. ഭരണകാലത്ത് വാങ്ങിക്കൂട്ടിയ കൃഷി യന്ത്രസാമഗ്രികൾ പുറത്തെടുത്തു, അവ ഉപയോഗിക്കാൻ പഠിപ്പിച്ചു, ഉൽപ്പാദനം വർദ്ധിച്ചു, ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിച്ചു. വ്യാവസായിക രംഗത്ത് വിസ്മയകരമായ മാറ്റം വന്നുകൊണ്ടിരിക്കുന്നു. വലിയ ലാഭം കൊയ്തെടുക്കാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ യു.ഡി.എഫ്. ഭരണ കാലത്ത് നഷ്ടത്തിലാക്കുകയായിരുന്നു. അഴിമതി, ധൂർത്ത്, നിയന്ത്രണങ്ങളില്ലാത്ത മാനേജ്മെന്റിന്റെ പ്രവർത്തനം, കെടുകാര്യസ്ഥത എന്നിവയുടെ ഭാഗമായി പൊതുമേഖല തകർന്നടിയുകയായിരുന്നു. എൽ.ഡി.എഫ്. അധികാരത്തിൽ വന്നു, പൊതുമേഖല ഇന്ന് ലാഭകരമായി. കണക്കുകൾ സഭയിൽ വന്നിട്ടുണ്ട്. അതിന് ഉദാഹരണമുണ്ട്. എന്റെ നാട്ടിലാണ് ആറാലുംമൂട് ത്രീവീലർ ഫാക്ടറി. അതിന്റെ പ്രവർത്തനം ഈ നാട്ടിലെ ബഹുജനങ്ങൾക്കറിയാം. നിയമസഭയിലും പലപ്പോഴും സബ്മിഷനായി വന്നിട്ടുണ്ട്. 400 പേർ ജോലി ചെയ്തുവന്ന സ്ഥാപനമായിരുന്നു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അത് ശവപ്പറമ്പ് പോലെയായി. അടച്ചുപൂട്ടാൻ താഴിടുന്ന അവസ്ഥയിലെത്തി. ജീവനക്കാർ പട്ടിണിമാർച്ച് നടത്തി. ജീവനക്കാർ പലരും ഫാക്ടറിയിലേയ്ക്ക് പോകുന്നു എന്നുപറഞ്ഞ് വീട്ടിൽനിന്നിറങ്ങി മറ്റ് ജോലികൾക്കുപോയി കുടുംബം പുലർത്തി. ആദരണീയനായ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഇടപെട്ടു. ഇന്ന് ഇ-ഓട്ടോറിക്ഷാ നിർമ്മാണ രംഗത്ത് ശ്രദ്ധിക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനമായി കെ.എ.എൽ. (Kerala Automobiles Limited) മാറി.

ആരോഗ്യ രംഗത്ത് കൈവരിച്ച അസൂയാവഹമായ വിജയം ലോകം ശ്രദ്ധിക്കുന്നുണ്ട്. ആതുരസേവന രംഗത്ത് പുതിയ ദിശാബോധം നൽകി സമൂഹത്തെ നെഞ്ചോട് ചേർത്തുപിടിച്ചു. മറ്റ് ചില മേഖലകളിൽ നടന്ന പ്രവർത്തനങ്ങൾ, അതിന്റെ മാറ്റങ്ങൾ എന്നിവയെല്ലാം ഇവിടെ വിശദമാക്കണമെന്ന് കരുതിയതാണ്. സമയ പരിമിതിമൂലം ഞാൻ അവയൊന്നും വിശദീകരിക്കുന്നില്ല. പൊതുമരാമത്ത് രംഗത്ത് നല്ല റോഡുകളും പാലങ്ങളുമുണ്ടായി. എന്റെ മണ്ഡലത്തിൽ

മൂന്ന് പാലങ്ങൾ നിർമ്മിച്ച് നാടിന് സമർപ്പിച്ചു. മൂന്ന് പാലങ്ങളുടെ നിർമ്മാണം നടന്നുവരികയാണ്. യു.എൽ.സി.സി.എസ്. നിർമ്മിക്കുന്ന റോഡ് കാണാൻ ഈ നാട്ടിലെ ആളുകൾ വരാറുണ്ട്. ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-യ്ക്ക് അറിയാം. രാവിലെ എഴുന്നേറ്റ് ഇടത്തോട്ട് നോക്കിയാൽ കിഫ്ബി പ്രോജക്ട്വഴി നടപ്പിലാക്കുന്ന ബാലരാമപുരം-പ്രാവച്ചമ്പലം റോഡ് കാണാൻ കഴിയും. വല്ലപ്പോഴും ഇടത്തേയ്ക്കുകൂടി നോക്കിയാൽ ഇവിടെ എന്തെങ്കിലും നടക്കുന്നുണ്ടോ ഇല്ലയോ എന്ന് ശരിയായി ബോധ്യമാകും. വല്ലപ്പോഴും ഇടത്തേയ്ക്കൊന്ന് നോക്കാൻ പഠിക്കണം. എപ്പോഴും വലത്തേയ്ക്ക് നോക്കിയിരുന്നാൽ കാര്യങ്ങൾ വേർതിരിച്ച് മനസ്സിലാക്കാൻ കഴിയില്ല.

ഉല്പാദന മേഖലയിൽ, സേവന മേഖലയിൽ, അടിസ്ഥാന സൗകര്യ മേഖലയിൽ നടത്തുന്ന നിക്ഷേപം നാട്ടിൽ വമ്പിച്ച ഉണർവ്വാണ് സൃഷ്ടിക്കുന്നത്. നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കോവിഡ്-19-ഉം വർഗ്ഗീയതയുമാണ്. ഒന്ന്, സാമൂഹ്യമായി വന്നൊരു വിപത്താണ്. അതിനെതിരായി നാം പോരാടിക്കൊണ്ടിരിക്കുന്നു. മറ്റൊന്ന്, കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ പ്രോത്സാഹിപ്പിക്കുന്ന വർഗ്ഗീയതയാണ്. ഇത് ജനങ്ങളിൽ ഉത്കണ്ഠയും ഭയവും വളർത്തുന്നു. ഈ രണ്ട് വിപത്തും ഇന്ത്യ നേരിടുന്നു. കേരളത്തിൽ രണ്ടിന്റെയും ദോഷഫലങ്ങളിൽനിന്നും അതിന്റെ ഭീഷണിയിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് എൽ.ഡി.എഫ്. സർക്കാർ സദാ ജാഗ്രത പുലർത്തുന്നു എന്നുള്ള പ്രത്യേകതയാണുള്ളത്.

2016 മുതൽ 2021 വരെ പ്രതീക്ഷയുടെയും ദുരിതങ്ങളുടെയും നേട്ടത്തിന്റെയും വർഷങ്ങളായിരുന്നു നമ്മുടെ നാട്ടിലെ ഓരോ സ്ത്രീയ്ക്കും പുരുഷനും നീതി ലഭിക്കുകയും അവരുടെ അടിസ്ഥാന ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുകയെന്ന സാമൂഹ്യ കടമ നിറവേറ്റുകയെന്ന ഉത്തരവാദിത്വമാണ് പിണറായി സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. അത് നിറവേറ്റുകതന്നെ ചെയ്യും. പ്രതിസന്ധികളിൽ ജനങ്ങളെ നെഞ്ചോട് ചേർത്തുപിടിച്ച സർക്കാരിനെ ജനങ്ങൾ തിരിച്ചറിയുകതന്നെ ചെയ്യും.

ശ്രീ. ടി. ജെ വിനോദ്: സർ, 2020-21 സാമ്പത്തിക വർഷത്തെയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലങ്ങൾ ഇടതുപക്ഷത്തെ ഒരു പ്രത്യേക ഉന്മാദാവസ്ഥയിലാക്കിയിരിക്കുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയായി ശ്രീ. പിണറായി വിജയൻ തുടരണോ വേണ്ടയോ എന്ന ചോദ്യത്തിനല്ല കേരളത്തിലെ ജനങ്ങൾ ഉത്തരം നൽകിയത്. 2019 മേയ് മാസത്തിൽ ഒരു

തെരഞ്ഞെടുപ്പ് നടന്നു. ആ തെരഞ്ഞെടുപ്പിൽ കേരളത്തിലെ 19 പാർലമെന്റ് മണ്ഡലങ്ങളിൽ യു.ഡി.എഫ്.-ഉം ഒരു പാർലമെന്റ് മണ്ഡലത്തിൽ എൽ.ഡി.എഫ്.-ഉം ജയിച്ചു. പക്ഷെ, പിന്നീട് രാഷ്ട്രീയ പ്രവർത്തനത്തിലൂടെ അവർക്ക് മുന്നേറാൻ കഴിഞ്ഞു. അന്ന് കേരളത്തിലെ യു.ഡി.എഫ്., എൽ.ഡി.എഫ്. തകർന്നുവെന്ന അവകാശവാദമൊന്നും ഉന്നയിച്ചില്ല. ഈ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പോടുകൂടി യു.ഡി.എഫ്. അസ്തമിച്ചുവെന്നാണ് ഇടതുപക്ഷം കരുതുന്നതെങ്കിൽ അത് അസ്ഥാനത്താണെന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിലെ ജനങ്ങളെ തുടർച്ചയായി വെല്ലുവിളിക്കുന്ന ഇടതുപക്ഷം പറയുന്നത്, ഇത്രയേറെ ആരോപണങ്ങളുണ്ടായിട്ടും ജനങ്ങൾ നിശ്ശേഷം പരാജയപ്പെടുത്തിയില്ല എന്നാണ്. അതാണ് ഈ ഉന്മാദാവസ്ഥയ്ക്ക് കാരണം. കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ തെരഞ്ഞെടുപ്പിനെ മുന്നിൽനിന്ന് നയിച്ചിരുന്നുവെങ്കിൽ, ഏതെങ്കിലുമൊരു തെരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുത്തിരുന്നുവെങ്കിൽ, ആത്മവിശ്വാസം കാണിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഇതൊക്കെ നമുക്ക് അംഗീകരിക്കാമായിരുന്നു. ഈ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലുണ്ടായ വിജയം സ്വർണ്ണ കള്ളക്കടത്തും നിയമലംഘനവും അഴിമതിയും നിർബാധം നടത്താനുള്ള ലൈസൻസായി തെറ്റിദ്ധരിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അത്തരത്തിലാണ് നിയമസഭയ്ക്കകത്തും പുറത്തും എൽ.ഡി.എഫ്. പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ഈ സർക്കാർ കൺസൾട്ടൻസികളുടെയും കോർപ്പറേറ്റുകളുടെയും മുൻപിൽ കേരളത്തെ അടിയറവ് വച്ചില്ലേയെന്ന് മുഖ്യമന്ത്രിയോട് ചോദിക്കുമ്പോൾ, താനൊരു പ്രത്യേക ജനുസ്സാണെന്നാണല്ലോ അദ്ദേഹം പറയുന്നത്. ഇക്കാലംകൊണ്ട് മലയാളികൾക്ക് മുഴുവൻ ബോധ്യപ്പെട്ടിട്ടുള്ളതാണത്. അദ്ദേഹത്തിന്റെ പാർട്ടിയും ഒരു പ്രത്യേക ജനുസ്സിൽപ്പെട്ടതാണ്. അവർക്കേ ഇത്തരത്തിൽ പ്രവർത്തിക്കാനും ജനങ്ങളെ വെല്ലുവിളിക്കാനും സാധിക്കുകയുള്ളൂ. മുഖ്യമന്ത്രിയുടെ ഓഫീസിൽ നടക്കുന്ന കാര്യങ്ങളൊന്നുംതന്നെ അദ്ദേഹം അറിയുന്നില്ലെന്ന് അദ്ദേഹം നിയമിച്ച മാധവൻ നമ്പ്യാർ കമ്മിറ്റി റിപ്പോർട്ട് നൽകിയിരിക്കുകയാണ്.

സമയ പരിമിതിമൂലം ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ബഡ്ജറ്റ് അവതരിപ്പിച്ചശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം എറണാകുളം ജില്ലയിൽ വരികയുണ്ടായി. അന്ന് ആ നഗരത്തിലെ പൗരപ്രമുഖരുമായി അദ്ദേഹം ആശയവിനിമയം നടത്തി. ഈ നഗരത്തിന്റെ

വികസനത്തിന് പണം ഒരു പ്രശ്നമല്ലെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഞങ്ങൾക്ക് അതിൽ വലിയ സന്തോഷമുണ്ട്. അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. ഇന്ന് കൊച്ചി നഗരം നേരിടുന്ന ഒരു പ്രധാന പ്രശ്നം ഗുരുതരമായ വെള്ളക്കെട്ടാണ്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തെക്കൊണ്ടുമാത്രം അത് പരിഹരിക്കാൻ കഴിയുമെന്ന വിശ്വാസം ഞങ്ങൾക്കില്ല. നമുക്കറിയാം, ശ്രീ. ഉമ്മൻചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ തലസ്ഥാനനഗരിയായ തിരുവനന്തപുരത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുവേണ്ടി 'ഓപ്പറേഷൻ അനന്ത' എന്ന പേരിൽ 100 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജിന് രൂപം നൽകി തിരുവനന്തപുരത്തെ വെള്ളക്കെട്ട് നിവാരണ പ്രവർത്തനങ്ങൾക്ക് പ്രാപ്തമാക്കുകയുണ്ടായി. അതുപോലെതന്നെ, നമ്മുടെ റവന്യൂ വരുമാനത്തിന്റെ പ്രധാന പങ്കുവഹിക്കുന്ന പ്രദേശമെന്നുള്ള നിലയിൽ, കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള ഒരു പ്രത്യേക കരുണ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പല പ്രഖ്യാപനങ്ങളും നടത്തിയിട്ടുണ്ട്. പക്ഷെ ആ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാകുമോ എന്ന സംശയം നിലനിൽക്കുകയാണ്. പണ്ഡിറ്റ് കറുപ്പൻ റോഡിന് സമാന്തരമായി ഒരു എലിവേറ്റഡ് ബ്രിഡ്ജ് പണിയുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നുണ്ട്. അതിന് ആവശ്യമായ തുക ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഉൾപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ബഹുമാന്യനായ മെട്രോമാൻ ഇ. ശ്രീധരൻ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏകദേശം 300 കോടി രൂപയുടെ ഒരു ഡി.പി.ആർ. (Detailed Project Report) ആണ് തയ്യാറാക്കിയിട്ടുള്ളത്. അത് പണിയുന്നതിനാവശ്യമായ സാമ്പത്തിക സഹായം ഈ ബഡ്ജറ്റിലൂടെ നടപ്പാക്കാനുള്ള സാധ്യത ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ മാമംഗലം-പൊറ്റക്കുഴി റോഡ്, പ്രധാന റോഡുകളുടെ അലൈൻമെന്റുമായി ബന്ധപ്പെട്ട് ഗോശ്രീ-മാമംഗലം-പൊറ്റക്കുഴി റോഡ്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങ് പഠിച്ച കോളേജാണ് മഹാരാജാസ് കോളേജ്. മഹാരാജാസ് കോളേജിന്റെ സിന്തറ്റിക് ട്രാക്ക് ഇന്ന് തകർന്ന് തരിപ്പണമായിരിക്കുകയാണ്. അത് പുതുക്കിപ്പണിയുന്നതിന് ആവശ്യമായ സാമ്പത്തിക സഹായംകൂടി ഈ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, 2021 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. 2016-2021-ൽ അഞ്ച് വർഷം പൂർത്തീകരിക്കുന്ന ഈ സർക്കാർ, ബഹുമാനപ്പെട്ട ഹരീന്ദ്രൻ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, കേരളത്തിന്റെ സമസ്ത സാമൂഹ്യമേഖലകളിലും പ്രളയം, വെള്ളപ്പൊക്കം, നിപ വൈറസ്, കൊറോണ മഹാമാരി എന്നിവയൊക്കെ ദുരന്തം വിതച്ച സന്ദർഭങ്ങളിൽ, അവയ്ക്കുമുന്നിൽ തകരാതെ, നിശ്ചയദാർഢ്യത്തോടുകൂടി കേരളത്തിലെ പൊതുജനസമൂഹത്തിന് കൈത്താങ്ങായി വന്ന പിണറായി സർക്കാരിനെ ഇനിയും ഈ കേരളസമൂഹം നെഞ്ചിലേറ്റും. നമുക്കെല്ലാവർക്കുമറിയാം, 14-ാം കേരള നിയമസഭയുടെ സമ്മേളനം നാളെ അവസാനിക്കുകയാണ്. കേരള സമൂഹത്തിനോട് നമുക്ക് ഒന്നേ പറയാനുള്ളൂ, കേരളത്തിലെ കർഷകരും കേരളത്തിന്റെ സമസ്തമേഖലകളിലുമുള്ള പൊതുസമൂഹവും ഒരു തരത്തിലും ബുദ്ധിമുട്ട് അനുഭവിക്കരുതെന്ന കരുതലോടെയാണ് ഇത്രയും വലിയ ദുരന്തത്തിൽ ലോക രാജ്യങ്ങൾക്കുതന്നെ മാതൃകയായ രീതിയിൽ സഖാവ് പിണറായി വിജയനും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും പ്രവർത്തിച്ചത്. ലോക ജനശ്രദ്ധ പിടിച്ചുപറ്റിയ ഇത്രയും മികച്ച ഭരണ സംവിധാനം, ഇതൊരിക്കലും കേരളത്തിലെ ജനങ്ങൾ മറക്കില്ലെന്ന് ഞങ്ങൾക്കെല്ലാവർക്കും ബോധ്യമുണ്ട്. അതുകൊണ്ടുതന്നെയാണ് ഈ സർക്കാരിന്റെ എല്ലാ തരത്തിലുമുള്ള പ്രതിസന്ധിഘട്ടങ്ങളിലും മനസ്സറിഞ്ഞ്, ത്യാഗോജ്ജ്വലമായി ഈ സർക്കാരിനു വേണ്ടി അഹോരാത്രം ഞങ്ങൾ അദ്ധ്വാനിച്ചത്. അതിനൊരു ക്രെഡിബിലിറ്റി, അല്ലെങ്കിൽ ഒരു ക്ലീൻ സർട്ടിഫിക്കറ്റ് കേരള ജനത തിരിച്ചുതരും. കേരളം ഇടതുപക്ഷത്തിന്റെ കൈകളിലേയ്ക്കുതന്നെ വരും; ഞങ്ങൾക്ക് പൂർണ്ണ വിശ്വാസമുണ്ട്. അതുകൊണ്ടുതന്നെയാണ് വകുപ്പുമന്ത്രിമാരും വകുപ്പുകളും ഓരോഘട്ടത്തിലും അടിപതറാതെ അവരവർക്ക് നൽകിയ ചുമതലകൾ കൃത്യതയോടുകൂടി നിർവ്വഹിച്ചത്. ഒരു ഉദാഹരണം ഞാൻ പറയട്ടെ, ഇന്ന് ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി. സർക്കാർ കാർഷിക മേഖലയെ കോർപ്പറേറ്റുകൾക്ക് അടിയറവയ്ക്കുന്ന തരത്തിൽ ഒരു ബിൽ കൊണ്ടുവന്നപ്പോൾ അതിൽ കൃത്യതയോടുകൂടി ഇടപെടാൻ കൃഷി വകുപ്പിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സാധിച്ചു. കുത്തക ഭീമന്മാരിൽ നിന്നും കർഷകരെ രക്ഷിക്കാൻ കേരളം ശക്തമായ ഇടപെടൽ നടത്തി. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി. കൃഷി, തദ്ദേശ സ്വയംഭരണം, വ്യവസായം, ഫിഷറീസ്, സഹകരണം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് വിത്തുമുതൽ വിപണി വരെ ശക്തമായ ഇടപെടൽ നടത്താൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നു. ഇന്ത്യ ഭരിക്കുന്ന ശ്രീ. നരേന്ദ്ര മോദി സർക്കാർ നമുക്ക് അന്നം തരുന്ന കർഷകരോട് എന്താണ് ചെയ്യുന്നത്; അവർ സമരരംഗത്താണ്. സമരരംഗത്തുള്ള കർഷകർ കൊടുംതണുപ്പിൽ വിറങ്ങലിച്ച് ജീവൻ ത്യജിക്കുകയാണ്.

തൊഴിലാളികളേയും തൊഴിലാളികളുടെ പ്രയാസങ്ങളെയും തിരിച്ചറിയുന്ന ഈ ഗവൺമെന്റിന്റെ ബദൽ നയമാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. അത് ഏറ്റുപിടിക്കാൻ നമുക്ക് ഊർജ്ജസ്വലനായ വകുപ്പുമന്ത്രിയുണ്ട്. കോവിഡ് 19 എന്ന മഹാമാരിക്കുമുന്നിൽ വലിയ കൃത്യതയോടെയും ജാഗ്രതയോടെയും ജീവൻപോലും പണയംവച്ചുള്ള എത്രയോ സന്നദ്ധ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. കാർഷികമേഖലയിലും ഭക്ഷ്യമേഖലയിലും വ്യാവസായിക മേഖലയിലും ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും മത്സ്യമേഖലയിലും കേരളത്തിന്റെ ഉദാത്തമായിട്ടുള്ള വികസന പുരോഗതി വിലയിരുത്താൻ ഇനി ഏറെ നാളുകൾ വേണ്ട, വെറും 3 മാസത്തിനുള്ളിൽ ജനം അത് തിരിച്ചറിയും. ഈ ഭരണവും ഭരണസംവിധാനവും സഖാവ് പിണറായി വിജയന്റെ സംശുദ്ധമായ കൈകളിൽത്തന്നെ എത്തുമെന്ന് ഞങ്ങൾക്ക് ശുഭാപ്തിവിശ്വാസമുണ്ട്. ആ വിശ്വാസം ജനങ്ങൾക്കുമുണ്ടാകില്ലേ; അതുകൊണ്ടുതന്നെയാണ് ഇത്തരത്തിൽ സാമൂഹ്യ നീതിക്കും നന്മയ്ക്കും വേണ്ടി, കറകളഞ്ഞ, അഴിമതിരഹിതമായ ഭരണത്തെ 5 വർഷം ഈ സർക്കാർ നെഞ്ചിലേറ്റിയത്. അങ്ങനെയല്ലെന്ന് ഏതെങ്കിലും തരത്തിൽ പ്രതിപക്ഷം പറയട്ടെ, നിങ്ങളും 5 കൊല്ലം ഭരിച്ചിരുന്നുവല്ലോ; ഞാനും അന്ന് ഈ നിയമസഭയിൽ ഉണ്ടായിരുന്നു. ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾ പരിശോധിച്ചു നോക്കുക, ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങളാണുണ്ടായിട്ടുള്ളത്; 1300 കോടിയോളം രൂപയുടെ ഫണ്ട് ചെലവഴിച്ചൊരു എം.എൽ.എ. ആണ് ഞാൻ. ഇത് യാഥാർത്ഥ്യമായ നിയമസഭാ റിക്കാർഡാണ്, പരിശോധിക്കാം. അത്രയും വലിയ അംഗീകാരം ഈ ബഡ്ജറ്റിലും ശ്രീ. തോമസ് ഐസക് തന്നു. പെരിങ്ങോട്ടുകരയിൽ ഒരു പോലീസ് സ്റ്റേഷൻ അനുവദിച്ചു, അത് ഒരിക്കലും നടക്കില്ലെന്ന് കരുതിയതാണ്. ഒരു ആഗ്രഹം കൂടിയുണ്ട്: ബഹുമാന്യയായ ഫിഷറീസ് വകുപ്പുമന്ത്രി ഇപ്പോൾ ഈ സഭയിലില്ല, തീരദേശത്ത് നിന്നുംവരുന്ന ഒരു എം.എൽ.എ.-യാണ് ഞാൻ. അവിടെ 3 പഞ്ചായത്തുകളിലായി ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ അനുബന്ധത്തൊഴിലെടുത്ത് ജീവിക്കുന്നുണ്ട്. കൂടാതെ, കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ പന്ത്രണ്ടര ലക്ഷം മത്സ്യത്തൊഴിലാളികളാണ് ഈ തൊഴിലും അനുബന്ധത്തൊഴിലും ചെയ്ത് കുടുംബങ്ങൾ പോറ്റുന്നത്. ഇവർക്ക് വേറെ തൊഴിൽ അറിയില്ല. ഈ ഉപധനാഭ്യർത്ഥനയിൽ നാട്ടികയിലെ തീരദേശ തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് നീതിപൂർവ്വമായ അംഗീകാരം ഞാൻ ഡിമാന്റ് ചെയ്യുന്നു. ഈ മൂന്ന് പഞ്ചായത്തുകളെ അടിസ്ഥാനമാക്കി ഒരു മിനി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കണം. കയ്പമംഗലത്തും, ചേറ്റുവയിലും ഫിഷ് ലാന്റിംഗ് സെന്ററുകളുണ്ടെങ്കിലും ഏറ്റവും കൂടുതൽ വള്ളങ്ങൾ പോകുന്നത് വലപ്പാട്ടുപോലെയുള്ള കേന്ദ്രങ്ങളിലാണ്. അതുകൊണ്ട് ഒരു ഫിഷ് ലാന്റിംഗ് സെന്റർകൂടി ഡിമാന്റുചെയ്തുകൊണ്ട്, അങ്ങ് നിർദ്ദേശിച്ച സമയത്തിനുള്ളിൽ പ്രസംഗം തീർത്തുകൊണ്ട് നിർത്തുന്നു നന്ദി.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഗവൺമെന്റ് ഒരുപാട് നല്ലകാര്യങ്ങൾ ചെയ്തുവെന്ന് പറയുമ്പോഴും നീതിയുക്തമായി ഫണ്ട് വിഭജിക്കപ്പെട്ടില്ലെന്ന് പറയേണ്ടിവരും. എനിക്ക് തൊട്ടുമുമ്പ് പ്രസംഗിച്ച, ശ്രീമതി ഗീതാ ഗോപി, 1300 കോടി രൂപ അനുവദിച്ചുവെന്നുപറഞ്ഞു. 130 കോടി രൂപ കിട്ടിയിരുന്നുവെങ്കിൽ ഞങ്ങൾ രക്ഷപ്പെട്ടേനെ. മാത്രമല്ല, എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഗവൺമെന്റ് കുടിവെള്ളത്തിനുവേണ്ടി അനുവദിച്ച, ടെണ്ടർ ചെയ്ത് വർക്ക് ആരംഭിച്ച 33 കോടി രൂപയുടെ വെട്ടം-തലക്കാട് തീരദേശ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഫണ്ട് കിട്ടിയില്ലെന്ന് പറഞ്ഞ് ക്യാൻസൽ ചെയ്തു. ഉടനെതന്നെ പരിഗണിക്കുമെന്ന് പറഞ്ഞെങ്കിലും നാളിതുവരെ പരിഗണിച്ചിട്ടില്ല. തീരദേശമേഖലയിൽ ഉപ്പുവെള്ളം കെട്ടിക്കിടന്ന് ആളുകൾ കഷ്ടപ്പെടുന്നതുകൊണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്ന് താൽക്കാലികമായി 50 ലക്ഷം രൂപവീതം അനുവദിക്കുമെന്ന് പറഞ്ഞു. അതിനു പുറമേ വീണ്ടും ആസ്തിവികസന ഫണ്ടിൽനിന്നും 40 ലക്ഷം രൂപ വീതം അനുവദിച്ചെങ്കിലും ഇതുവരെ അത് നടന്നിട്ടില്ല. ഒരുപാട് തവണ ഇവിടെ പറഞ്ഞെങ്കിലും, ഒരു പൈസപോലും കിട്ടിയിട്ടില്ല. കുടിവെള്ളത്തിന്റെ കാര്യത്തിന് പോലും ഫണ്ട് കിട്ടിയിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2 ഓവർ ബ്രിഡ്ജുകൾ പണിതിരുന്നു. ഓവർ ബ്രിഡ്ജ് പണിത് തിരിച്ചേൽപ്പിച്ചതിന് ശേഷമാണ് അപ്രോച്ച്റോഡ് നിർമ്മിക്കുന്നത്. മുത്തൂർ റെയിൽവേ ഓവർബ്രിഡ്ജ്, തിരൂർ സിറ്റി ജംഗ്ഷനിലെ നിലവിലുള്ള ഓവർബ്രിഡ്ജിന് സമാന്തരമായുള്ള ഓവർബ്രിഡ്ജ് എന്നിവ പണി കഴിഞ്ഞ് 2017-ൽ തിരിച്ചേൽപ്പിച്ചതിനുശേഷം നിരവധി തവണ അപ്രോച്ച് റോഡിന്റെ കാര്യം ഞാൻ ഉന്നയിച്ചു. മാത്രമല്ല, ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പ് എല്ലാ എം.എൽ.എ.-മാരും 50 കോടി രൂപയുടെ രണ്ട് പദ്ധതികൾ വീതം എഴുതിത്തരണമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഞങ്ങളോട് പറഞ്ഞു. ഞാൻ രണ്ട് പദ്ധതികൾ കൊടുത്തു, ഒരു പദ്ധതി അംഗീകരിച്ചു. അതിനുള്ള പണം തരുമെന്ന് പറഞ്ഞതല്ലാതെ തന്നില്ല. രണ്ട് കോടി രൂപ മതിയായിരുന്നു, തിരൂർ നഗരത്തിന്റെ ഹൃദയഭാഗത്തുള്ള പാലത്തിൽ അപ്രോച്ച് റോഡ് ഇല്ലാത്തതുകൊണ്ട് ആളുകൾ തിരക്കുമൂലം കഷ്ടപ്പെടുകയാണ്. മുമ്പൊക്കെ ആസ്തിവികസന ഫണ്ടിൽനിന്നും കൊടുക്കുമായിരുന്നു. 2017-ൽ പറഞ്ഞു 2018-ൽ പരിഗണിക്കുമെന്ന്, 2018-ൽ പറഞ്ഞു 2019-ൽ പരിഗണിക്കുമെന്ന്, 2019-ൽ പറഞ്ഞത് ഇനി പരിഗണിക്കാൻ നിർവ്വാഹമില്ലെന്നാണ്. ഞാൻ നൽകിയ മൂന്ന് കത്തുകളും സെക്രട്ടറിയുടെ കയ്യിലുണ്ട്, ഇത് നീതിയാണോ? രണ്ട് കോടി രൂപവച്ച് ചെയ്യാൻ പറ്റുന്നതുപോലും നടക്കുന്നില്ല. 50 കോടി രൂപയുടെ പദ്ധതി തൽക്കാലം വേണ്ട;

ഞങ്ങൾക്ക് മറ്റ് അത്യാവശ്യ കാര്യങ്ങൾക്കുള്ള പണം തന്നാൽ മതിയെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെക്കണ്ടു പറഞ്ഞു. അതുപോലും തരാൻ കഴിയാത്ത തരത്തിലുള്ള സമീപനം ഗവൺമെന്റ് പ്രതിപക്ഷത്തോട് കാണിച്ചത് ക്രൂരമായിപ്പോയി. അത്തരമൊരു സാഹചര്യത്തിൽ എങ്ങനെയാണ് ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങാൻ കഴിയുക; എന്തു ചെയ്തുവെന്ന് ചോദിക്കുമ്പോൾ ഞങ്ങൾക്ക് ജനങ്ങളോട് പറയാനുള്ള കാര്യങ്ങളല്ലേ? ഒരു സ്കൂളിന്റെ കാര്യത്തിൽ 5 കോടി രൂപ അനുവദിച്ചത് ഒഴിച്ചുനിർത്തിയാൽ, ഈ ഗവൺമെന്റ് പറഞ്ഞ പദ്ധതികൾ മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നതുപോലും പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ചുരുക്കുകയാണ്.

<u>ശ്രീ. കാരാട്ട് റസാഖ്</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നന്മയുടെയും വികസനത്തിന്റെയും ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുമോ, അതിന് ഇനി സമയമുണ്ടോ എന്നൊക്കെയാണ് പ്രതിപക്ഷത്തിന്റെ സംശയം. പ്രതിപക്ഷം ആശങ്കയിലാണ്; അധികാരത്തിൽ വരില്ലെന്ന് അവർക്കറിയാം. കേരളത്തിൽ ഒരു തുടർഭരണത്തിലേയ്ക്ക് ഇടതുപക്ഷം എത്തുമെന്നത് ഡോ. ടി. എം. തോമസ് ഐസക്കിനും മുഖ്യമന്ത്രിക്കും ഇടതുപക്ഷത്തിനുമറിയാം. അതുകൊണ്ടാണ് സമസ്ത മേഖലകളെയും ഉൾപ്പെടുത്തിക്കൊണ്ട് എല്ലാകാര്യങ്ങളിലും പ്രതിപക്ഷത്തിനടക്കം തുല്യപരിഗണനയും തുല്യനീതിയും കൊടുത്തുകൊണ്ട് ഈ ഗവൺമെന്റ് മുമ്പോട്ടുപോയിട്ടുള്ളത്. അല്ലാതെ ശ്രീ. സി. മമ്മൂട്ടി പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. ബഡ്ജറ്റിൽ എല്ലാവർക്കും തുല്യ പരിഗണന കൊടുത്തിട്ടുണ്ട്. അതാണ് ഈ ഗവൺമെന്റിന്റെ ഒരു പ്രത്യേകത. ബഹുമാന്യനായ സ്പീക്കർക്കെതിരെ, അദ്ദേഹത്തെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട എം. ഉമ്മർ, എം.എൽ.എ. ഇവിടെ ഒരു പ്രമേയം അവതരിപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനമെന്താണ്? ആ അവതരണത്തിൽ അവർ പറഞ്ഞിട്ടുള്ള ഒരു കാര്യം, പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് ഈ ആരോപണമെന്നാണ്. ഒരു പത്രം ഇവിടെ കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. (ഒരു ദിനപത്രം ഉയർത്തിക്കാണിച്ചു)."സ്വർണ്ണം കടത്തിയത് കാരാട്ട് റസാഖിന് വേണ്ടി" എന്നാണ് വാർത്ത. ഈ പത്രം ചന്ദ്രികയാണ്, ഇവർക്ക് ഈ വാർത്ത കിട്ടിയത് എവിടെ നിന്നാണ്? ഇത്രയും പൊള്ളയായിട്ടുള്ള കാര്യങ്ങൾ അതരിപ്പിക്കുന്ന പത്രങ്ങളും പ്രതിപക്ഷവും ഈ കേരളത്തിലുള്ള കാലത്തോളം എല്ലാവരും പ്രതികളായിരിക്കും, ഇവർ കളവ് പ്രചരിപ്പിക്കുകയാണ്.

ഇത്തരം പ്രചരണങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. സ്വർണ്ണ കള്ളക്കടത്ത് കേസിനെ ആധാരമാക്കിയുള്ള ചാനൽ ചർച്ചകളിൽ ഒരു ദിവസം കേരളത്തിലെ എല്ലാ ചാനലുകളും എന്നെ ബന്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ പത്രവാർത്ത വരുന്നതിന്റെ തലേദിവസം എല്ലാ ചാനലുകാരും എല്ലാ പത്രമാധ്യമങ്ങളും ചേർന്ന് ഒരു കൂട്ട ബലാത്സംഗം നടത്തിയ ധ്വനിയാണ് എനിക്ക് തോന്നിയത്; എല്ലാവരും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു കേസിലും പ്രതിയല്ലാത്ത, ഒരു കേസിലും കുറ്റാരോപണം ചെയ്യപ്പെടാത്ത ഒരു വ്യക്തിയെക്കുറിച്ചാണ് ചന്ദ്രിക അടക്കമുള്ള പത്രങ്ങളും ഇവിടത്തെ പ്രതിപക്ഷനിരയിലെ കുറേ എം.എൽ.എ.-മാരും കോൺഗ്രസിന്റെയും ലീഗിന്റെയും ബി.ജെ.പി.യുടെയും നേതാക്കന്മാരും ചർച്ച നടത്തിയത്. സംഘപരിവാറിന്റെ ജോലികൂടി മുസ്ലീം ലീഗും കോൺഗ്രസും ഏറ്റെടുത്തിരിക്കുകയാണ്. കാരാട്ട് റസാഖിനെപ്പറ്റിയാണെങ്കിൽ പറയാൻ ഒരുപാടുണ്ടായിരുന്നുവെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസത്തെ ഒരു പ്രസംഗത്തിൽ പറഞ്ഞു. ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുന്നു, പറയാനുള്ളത് തുറന്നുപറയൂ, ആണത്തമുണ്ടെങ്കിൽ പറയൂ. ഒരുപ്രശ്നവുമില്ല. നിങ്ങളെപ്പോലെ ഒളിച്ചുനടക്കേണ്ട, ഒളിച്ചുകളിക്കേണ്ട ഒരു സാഹചര്യവും പൊതുപ്രവർത്തന രംഗത്ത് ഇന്നുവരെ ഞാൻ ഉണ്ടാക്കിയിട്ടില്ല. നിങ്ങളെക്കുറിച്ചൊക്കെ പലതും പറയാനുണ്ടാകും, ശ്രീ. ബിജു രമേശ് പറഞ്ഞ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതിനേക്കാളും വലിയ കോടികളുടെ കഥയുണ്ട്. ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കോഫെപോസ (Conservation of Foreign Exchange and Prevention of Smuggling Activities.) പ്രതിയെ കേസിൽനിന്നും ഒഴിവാക്കാനായി പണം വാങ്ങി എന്ന കേസ്, കോഫെപോസ പ്രതിയുടെ പിതാവ് വാർത്താസമ്മേളനം നടത്തി പറഞ്ഞ കാര്യങ്ങളൊക്കെ ഇവിടെ തെളിവായുണ്ട്; അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെയോ മറ്റാരെയെങ്കിലുമോ ഞാൻ വിമർശിക്കുന്നില്ല. അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഞാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്നു. അന്ന് അവിടെ നടന്ന എല്ലാ പരിപാടികളിലും പങ്കെടുത്ത അദ്ദേഹം എനിക്ക് ഏറെ താത്പര്യമുള്ള വ്യക്തിയാണ്. പക്ഷെ കാര്യങ്ങൾ പറയുമ്പോൾ സത്യസന്ധമായിരിക്കണം. ബഹുമാന്യനായ സ്പീക്കറെക്കുറിച്ച് എന്തൊക്കെയാണ് നിങ്ങൾ പറഞ്ഞത്, അതെല്ലാം ഇതുപോലുള്ള പത്രവാർത്തയല്ലേ? കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ, കേരള ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കുംവിധം കഴിഞ്ഞ ദിവസം അടിയന്തരപ്രമേയം കൊണ്ടുവന്നു. എന്താണ് ഇതിലൊക്കെയുള്ള സത്യം. ആരെങ്കിലും വിളിച്ച് പറയുന്ന കാര്യങ്ങൾ, ഏതെങ്കിലും സംഘപരിവാറുകാരനോ ബി.ജെ.പി.ക്കാരനോ പറയുന്ന കാര്യങ്ങൾ ഏറ്റുപിടിച്ച് കോൺഗ്രസും മുസ്ലീം ലീഗും

മുമ്പോട്ടുപോകുന്ന ഈ നിലപാട് നിർത്തിവയ്ക്കേണ്ട സാഹചര്യം സംസ്ഥാനത്ത് അതിക്രമിച്ചിരിക്കുകയാണ്. മാന്യമായി പൊതുപ്രവർത്തനം നടത്തുന്നവരെ, മാന്യമായി സമൂഹത്തിൽ ജീവിക്കുന്നവരെ മോശമാക്കി ചിത്രീകരിക്കുന്ന ഇത്തരം നിലപാട് ഒരിക്കലും അനുവദിക്കാൻ സാധിക്കില്ലെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ഈ സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനം പാവപ്പെട്ടവരെയും സാധാരണക്കാരെയും ചേർത്തുപിടിച്ചുകൊണ്ടുള്ളതാണ്. ആ പ്രവർത്തനം ജനങ്ങൾ ഉൾക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് കേരളത്തിൽ ഇടതുപക്ഷത്തിന് തുടർഭരണം ഉണ്ടാകുമെന്ന് സൂചിപ്പിക്കുന്നത്. ബഹുമാന്യനായ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി കെ.ടി. ജലീലുമായി ബന്ധപ്പെട്ട് നിങ്ങൾ പറഞ്ഞത് കാരയ്ക്കക്കുരുവിൽ സ്വർണ്ണമാണ്, വിശുദ്ധ ഖുർആനിൽ സ്വർണ്ണമാണ് എന്നൊക്കെയാണ്. ഖുർആൻ-നെയും കാരയ്ക്കയെയും അപമാനിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന രീതിയിൽ സംഘപരിവാറിനെ കൂട്ടുപിടിച്ചുകൊണ്ടുള്ള പ്രതിപക്ഷത്തിന്റെ പ്രവർത്തനം അപലപനീയമാണ് എന്നതിൽ സംശയമില്ല. വിശുദ്ധ ഖുർആൻ-നെയും മുസ്ലീങ്ങൾക്ക് വളരെ താത്പര്യമുള്ള കാരയ്ക്കയെയും അപമാനിക്കുന്ന സംഘപരിവാറിന്റെ നിലപാടിനെ വെള്ളപൂശുന്ന പ്രവർത്തനമാണ് ഇവരും സ്വീകരിക്കുന്നത്. നോമ്പുതുറക്കുമ്പോൾ നമ്മളുപയോഗിക്കുന്നത് കാരയ്ക്കയാണെന്ന് ശ്രീ. പി. ഉബൈദുള്ള മറന്നുപോയോ, ആ കാരയ്ക്കയെയാണ് നിങ്ങൾ മോശമാക്കിയത്. നമ്മൾ പാരായണം ചെയ്യുന്നതാണ് വിശുദ്ധ ഖുർആൻ, നിങ്ങൾ അതിനെപ്പോലും ബി.ജെ.പി.-ക്കുവേണ്ടി മോശമാക്കിയത് വളരെ വേദനാജനകമായ കാര്യമാണ്. അതുകൊണ്ട് ഈ സർക്കാരിന്റെ എല്ലാ നല്ല പ്രവർത്തനങ്ങളെയും ഉൾക്കൊള്ളുവാൻ ഈ സമൂഹം തയ്യാറായ സാഹചര്യത്തിൽ അടുത്ത തെരഞ്ഞെടുപ്പിൽ തീർച്ചയായും ഇടതുപക്ഷം അധികാരത്തിൽ വരുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

6.00 P.M.]

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാരാട്ട് റസാഖ് കാരയ്ക്ക എന്നുപറയുന്നത് മനസിലാകുന്നില്ല. നമ്മൾ കേൾക്കുന്നത് ഖുർആൻ-ഉം കാരാട്ടും എന്നാണ്, അതാണ് എല്ലാവരും ചോദിച്ചത്. കാരയ്ക്കയെന്ന് ക്ലിയർ ചെയ്തത് നന്നായി. എനിക്ക് അനുവദിച്ച ചുരുങ്ങിയ സമയംകൊണ്ട് രണ്ട് നിർദ്ദേശങ്ങൾ വയ്ക്കാൻ ആഗ്രഹിക്കുകയാണ്. കിഫ്ബി മുഖേനയാണ് ഗവൺമെന്റിന്റെ ഏറ്റവും വലിയ വർക്ക് നടക്കുന്നത്. പൊതുമരാമത്തിലും ഇറിഗേഷനിലുമുള്ള കിഫ്ബി വർക്കുകളുടെ ഒരു റിവ്യൂ നടത്തേണ്ടതായിട്ടുണ്ട്. വിവിധങ്ങളായ സാങ്കേതിക പ്രശ്നങ്ങളിൽ കുടുങ്ങി സംസ്ഥാനമൊട്ടാകെ നിരവധി

പ്രവൃത്തികൾ പ്രതിസന്ധിയിലായിരിക്കുന്നുവെന്ന പ്രശ്നം അങ്ങ് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ടാമത്തെ കാര്യം കിഫ്ബി വഴിയുള്ള വർക്കുകളിൽ പൂർത്തീകരിച്ചവയുടെ ബിൽ ക്ലിയർ ചെയ്യാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നതാണ്. അങ്ങനെ സംഭവിക്കുന്നത് വിവിധ സാങ്കേതിക പ്രശ്നങ്ങൾ കൊണ്ടായതിനാൽ അടുത്ത വർക്ക് ഏറ്റെടുക്കാൻ ആളുകൾ തയ്യാറാകുന്നില്ല, ഇതൊരു വലിയ പ്രശ്നമായി വരുന്നുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനുള്ള ഒരു ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊരു വിഷയം, നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകളുടെ വില വർദ്ധനവുമൂലമുണ്ടായ പ്രതിസന്ധിയാണ്. 2016-ലെ ഷെഡ്യൂൾ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇപ്പോൾ സിമന്റ്, കമ്പി, ടാർ എന്നിവയുടെ വില വർദ്ധിക്കുമ്പോൾ ആളുകൾക്ക് വർക്ക് മാനേജ് ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ട്. ആ പ്രശ്നത്തിലും അങ്ങ് ആവശ്യമായ പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ നടക്കേണ്ട സമയമാണ് ഫെബ്രുവരി-മാർച്ച് മാസങ്ങൾ. ഈ സമയത്ത് നിർമ്മാണ കാര്യങ്ങൾ നടക്കണമെങ്കിൽ തീർച്ചയായും ഇത് ബാലൻസ് ചെയ്യുന്ന വിധത്തിലുള്ള ഗവൺമെന്റ് തീരുമാനം ആവശ്യമാണ്; അതും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. എൽ.എസ്.ജി.ഡി. -യായാലും പി.ഡബ്ല്യൂ.ഡി.-യായാലും 2014 -ലെ ഷെഡ്യൂൾ പ്രകാരമാണ് ഇപ്പോഴും എസ്റ്റിമേറ്റുകൾ എടുക്കുന്നത്. പിന്നീടിതുവരെ ഷെഡ്യൂൾ റിവിഷൻ നടന്നിട്ടില്ല. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുമുമ്പ് ഷെഡ്യൂൾ റിവിഷൻ നടത്താൻ സാധിക്കും, അങ്ങനെ ചെയ്താൽ നിർമ്മാണ പ്രവർത്തനങ്ങളും മുന്നോട്ടുള്ള എസ്റ്റിമേറ്റുകളും തൃപ്തികരമായ നിലയിൽ നടത്താൻ സാധിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഏറ്റവും പ്രധാനപ്പെട്ട നിരവധിയായ വിഷയങ്ങൾ ബഡ്ജറ്റ് ചർച്ചയിൽ ഞങ്ങളെല്ലാവരും പറഞ്ഞതാണ്, ഈ കാര്യങ്ങൾകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഭരണകക്ഷിക്കുവേണ്ടി മാത്രമല്ല, എല്ലാവർക്കും വേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥനകൾ ഇവിടെ പാസ്സാക്കുന്നത്. പ്രതിപക്ഷത്തുള്ളവർ ഇതിനെ എതിർക്കുന്നുവെന്നാണ് പറഞ്ഞത്. അവർ എല്ലാറ്റിനെയും എതിർത്തു പോകുന്നതിന്റെ ഭാഗമായി ഇതിനെയും എതിർക്കുന്നുവെന്നു മാത്രമേയുള്ളൂ. അതിന്റെഫലമാണ് കഴിഞ്ഞ പഞ്ചായത്തുതല തെരഞ്ഞെടുപ്പിലുണ്ടായ പരാജയം. പഞ്ചായത്തുതല തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-നെതിരായി വലിയ പ്രചാരമാണ് യു.ഡി.എഫ്. നടത്തിയതെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇന്ന്

യു.ഡി.എഫ്. അതിന്റെ തിക്തഫലം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കോൺഗ്രസിനകത്തും ലീഗിനകത്തും ഇപ്പോഴും ഈ പ്രശ്നം നടന്നു കൊണ്ടിരിക്കുകയാണ്. ഇന്നലെ ശ്രീ. ടി. എ. അഹമ്മദ് കബീർ സംസാരിക്കുന്ന കൂട്ടത്തിൽ മഹാഭാരതം ഉദ്ധരിച്ചുകൊണ്ട് ശ്രീകൃഷ്ണൻ, വിദുരർ, അശ്വത്ഥാമാവ് തുടങ്ങിയ മഹാത്മാക്കളുടെ പേരെടുത്ത് പറഞ്ഞത് നല്ലകാര്യംതന്നെ. അക്കാര്യം നിങ്ങളുടെ അനുയായികളെ പഠിപ്പിക്കാൻ കഴിയുമോയെന്നാണ് എനിക്ക് അദ്ദേഹത്തോട് ചോദിക്കാനുള്ളത്. പഞ്ചായത്തുതല തെരഞ്ഞെടുപ്പിൽ അശ്വത്ഥാമാവിന്റെയും ശ്രീകൃഷ്ണന്റെയും കാര്യങ്ങളൊക്കെ പറഞ്ഞിട്ട് എൽ.ഡി.എഫ്.-ന് വോട്ട് ചെയ്തു എന്നതിന്റെ പേരിൽ കാഞ്ഞങ്ങാട്ടെ അബ്ദുറഹിമാനെ മുസ്ലീം ലീഗിന്റെ പ്രവർത്തകർ കൊലചെയ്തു. ശ്രീ. ടി. എ. അഹമ്മദ് കബീറിന്റെ അനുയായികളാണ്. എനിക്കെതിരെ അവിശ്വാസപ്രമേയം കൊണ്ടുവന്ന കാസർഗോഡ് എം.എൽ.എ.യുടെ അനുയായികൾ ചെയ്ത പണിയാണ്. ഒരു ചെറുപ്പക്കാരനായ അദ്ദേഹം ഡി.വൈ.എഫ്.ഐ. പ്രവർത്തകൻ മാത്രമല്ല, ഒരു പൊതുപ്രവർത്തകൻ കൂടിയായിരുന്നു. ആറ് മാസം ഗർഭിണിയായ ഭാര്യയും സുഖമില്ലാത്ത ഉമ്മയും ഒരു പെങ്ങളും മാത്രമുള്ള പാവപ്പെട്ട കുടുംബത്തെ ഒന്നുമല്ലാതാക്കി. ആ ദരിദ്ര കുടുംബത്തെ ജീവിക്കാൻ കഴിയാതാക്കിയത് ഈ മുസ്ലീം ലീഗുകാരാണ്. അവരാണ് പുരപ്പുറത്തുകയറി ഇവിടെ വന്ന് വോട്ടിനെക്കുറിച്ചും കള്ളവോട്ടിനെക്കുറിച്ചും ന്യായങ്ങളെക്കുറിച്ചും പ്രസംഗിക്കുന്നത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ നാട്ടിൽ ഈ അഭ്യർത്ഥന നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെതിരായി എല്ലാവരും പ്രസംഗിക്കുകയാണ്. കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ പറഞ്ഞ ചില കാര്യങ്ങൾ നമ്മുടെ നാട്ടിൽ നടന്നിട്ടില്ല എന്നാണ് പറയുന്നത്. എന്നാൽ അവരവരുടെ മണ്ഡലത്തിൽ നടന്ന ആയിരക്കണക്കിന് കാര്യങ്ങൾ, അതു നിങ്ങൾ പറയണ്ടേ? ഇന്നലെ പ്രതിപക്ഷനേതാവടക്കമുള്ളവർ പറഞ്ഞു; ശ്രീ. പി. ജെ. ജോസഫ് ആകെ പ്രസംഗിച്ച പത്ത് മിനിട്ടിൽ ഒറ്റ കനാലിന്റെ കാര്യമാണ് പറഞ്ഞത്. അങ്ങനെ നൂറുകണക്കിന് കനാൽ വേറെയുമുണ്ട്. ആ കനാലുകളുടെ പ്രവർത്തനങ്ങൾ മുഴുവൻ നമ്മുടെ നാട്ടിൽ നടന്നു. റോഡും പാലങ്ങളും വന്നുവെന്ന കാര്യം ആരും പറയുന്നില്ലല്ലോ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുക മാത്രമല്ല അതിന് പണവും കൊടുത്തു. റോഡും പാലങ്ങളും സ്കൂളുമെല്ലാം നിർമ്മിച്ചകാര്യം അവരവർ പറഞ്ഞാൽ നല്ലതാണ്. എം.എൽ.എ.-മാർക്കെല്ലാം അവരവരുടെ മണ്ഡലത്തിൽ ഇന്ന് തലയുയർത്തി നടക്കാൻ ഒരു അവസരമുണ്ടായത് സഖാവ് തോമസ് ഐസക്കിന്റെ ഈ ബഡ്ജറ്റ് കാരണമാണെന്ന കാര്യം ആരാണ് പറയാത്തത്? നിങ്ങൾ എൽ.ഡി.എഫ്.-നെയും എൽ.ഡി.എഫ്.-ന്റെ നയത്തെയും

എതിർത്തോളൂ. പക്ഷെ ഈ സംഭവഗതികൾ നമ്മുടെ നാട്ടിൽ നടക്കുന്നതല്ലേ, ഇതിനെ എല്ലാവരും കാണുന്നതല്ലേ; അത് കണ്ടുകൊണ്ടായിരിക്കണം സംസാരിക്കേണ്ടതെന്നാണ് എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ നാട്ടിലെ കൃഷി ഏതുരീതിയിൽ വന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. ഞാൻ അത് നീട്ടിപ്പറയാൻ ഉദ്ദേശിക്കുന്നില്ല. വിദ്യാഭ്യാസ മേഖലയെക്കുറിച്ചും ആരോഗ്യ മേഖലയെക്കുറിച്ചും ഇവിടെ പറഞ്ഞു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ മണ്ഡലത്തിൽ അഞ്ച് കോട്ടകളുണ്ട്. അതിൽ ബേക്കൽ കോട്ട കേന്ദ്രഗവൺമെന്റാണ് ചെലവ് ചെയ്യുന്നത്. ബാക്കി നാല് കോട്ടകളും ബഹുമാനപ്പെട്ട മന്ത്രിയുടെ കീഴിലാണ്; അതെല്ലാം പുനരുദ്ധരിച്ചു. ലക്ഷക്കണക്കിന് രൂപയാണ് അദ്ദേഹം തന്നത്. അതുപോലെ വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയെ അഭിനന്ദിക്കേണ്ടതുണ്ട്. വന്യമൃഗങ്ങൾ കൃഷിക്കാരെ ദ്രോഹിക്കുന്നുവെന്ന പരാതിയുണ്ടെങ്കിലും വനത്തെ സംരക്ഷിക്കുന്നതോടൊപ്പംതന്നെ പാലുല്പാദനം വർദ്ധിപ്പിച്ച് കേരളത്തെ മെച്ചപ്പെട്ട നിലയിലേയ്ക്കെത്തിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഈ ഗവൺമെന്റ് വന്നശേഷം 162000 പേർക്കാണ് പട്ടയം കൊടുത്തത്. എന്റെ ജില്ലയിൽ പന്ത്രണ്ടായിരം പേർക്ക് പട്ടയം കൊടുത്തു. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെ ഉണ്ടായിട്ടുണ്ടോ? പട്ടയക്കാർക്കുവേണ്ടിയും മലയോര കൃഷിക്കാർക്കുവേണ്ടിയും പ്രസംഗിച്ചുനടക്കുന്ന കുറെയാളുകൾ ഈ നാട്ടിലുണ്ട്; ആരെന്നൊന്നും ഞാൻ പറയുന്നില്ല. അവരൊക്കെ ഭരിച്ചകാലത്ത് എന്തൊക്കെ ചെയ്തുവെന്ന് നമുക്കറിയാം. ഈ ഗവൺമെന്റ് ഇടുക്കിയിൽ 162000 പേർക്ക് പട്ടയം കൊടുത്തതുമാത്രമല്ല, ബാക്കി മുപ്പതിനായിരം പേർക്കുകൂടി കൊടുത്തു; രണ്ട് ലക്ഷമാക്കി കൊടുക്കുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചത്.

കഴിഞ്ഞ പത്ത് മാസമായി പൂട്ടിയിട്ട ടൂറിസം വകുപ്പിന് 25000 കോടി രൂപ നഷ്ടമെന്നാണ് പറഞ്ഞത്. സുഹൃത്തുക്കളെ, ടൂറിസം രംഗത്ത് ഇപ്പോൾ കൊണ്ടുവന്ന നടപടി ശ്ലാഘനീയമാണ്. എന്റെ മണ്ഡലത്തിലെ ബേക്കൽ കോട്ടയ്ക്കുവേണ്ടി എത്ര കോടിരൂപയാണ് അനുവദിച്ചതെന്ന് ഞാൻ പറയാതെ നിങ്ങൾക്കറിയാം. ആ കോട്ട നിങ്ങൾ വന്നൊന്ന് കാണണം. ബേക്കൽകോട്ട കാണാൻ ഞാൻ എല്ലാ എം.എൽ.എ.-മാരെയും അവിടേയ്ക്ക് ക്ഷണിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ ആയിരക്കണക്കിന് കോടി രൂപ ചെലവുചെയ്ത് കൃഷിചെയ്തതിന്റെ ഫലമായി നമ്മുടെ നാട് ഏറ്റവും വലിയ ശോഭയിലാണ്. അതിനെ കാണാനും കേൾക്കാനും കഴിയാതെ എതിർക്കുന്നുവെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുപുറമെ

എവിടെയെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിക്കാൻ വകുപ്പുമന്ത്രി ഇടപെട്ട് ചെയ്തകാര്യം അതിനെക്കാൾ വലുതാണ്. റോഡുകളും പാലങ്ങളും ചെയ്തത് എത്രയാണെന്ന് ഞാൻ പറയണ്ടല്ലോ. എന്റെ മണ്ഡലത്തിൽ ആയിരത്തിൽപ്പരം കോടി രൂപയാണ് കിഫ്ബി മുഖാന്തരം ചെലവഴിച്ചത്. അങ്ങനെ എല്ലാ രംഗത്തും ഏറ്റവും മികച്ചുനിൽക്കുന്ന ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ പദ്ധതികളെല്ലാം നമ്മുടെ നാട്ടിലെ ജനങ്ങൾക്കുവേണ്ടിയും നാടിനുവേണ്ടിയുമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. അത് എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലത്തിലും നന്നായി നടന്നിട്ടുണ്ട്. അതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ നാട്ടിലെ പാവപ്പെട്ട ആളുകൾക്ക്, പ്രതിസന്ധിയിലാകുമായിരുന്ന ഒരു ഘട്ടത്തിൽ, അവർക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങളുടെ കിറ്റ് ഏതാനും മാസങ്ങളായി കൃത്യമായി എത്തിച്ചുകൊണ്ടിരിക്കുന്നു. ഇതിനുമുമ്പ് കേരളത്തിൽ ഇതുപോലെ പാവപ്പെട്ടവരെ സഹായിച്ച ഒരു ഘട്ടമുണ്ടായിരുന്നോ? നമ്മുടെ ഗവൺമെന്റിന്റെ വിജയം എന്താണ്? രക്ഷിതാക്കൾ മക്കളെ നല്ലനിലയിൽ പഠിക്കുന്നതിനായി സ്വകാര്യ വിദ്യാലയങ്ങളിലാണ് അയച്ചിരുന്നത്. ഈ വർഷം ആറരലക്ഷത്തോളം കുട്ടികൾ സ്വകാര്യ വിദ്യാലയങ്ങളിൽനിന്ന് സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് തിരിച്ചുവന്നു. അതൊരു വലിയ മാറ്റമാണ്. അതിനുള്ള പ്രധാന കാരണം സർക്കാർ വിദ്യാലയങ്ങളിൽ പണ്ടുണ്ടായിരുന്നതിന്റെ എത്രയോ ഇരട്ടി സൗകര്യങ്ങൾ ഉണ്ടായി എന്നതാണ്. ഇപ്പോൾ വിദ്യാലയങ്ങളിൽ സാധാരണക്കാരുടെ മക്കൾക്ക് പഠിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. കേരളത്തിൽ സമീപകാലത്തൊന്നും ഉണ്ടായിട്ടില്ലാത്ത മാറ്റവും ഒരു ജനാധിപത്യ സംവിധാനത്തിൽ ഇല്ലാത്ത തരത്തിലുള്ള മുന്നേറ്റവും ധനകാര്യ വകുപ്പുമന്ത്രിക്ക് സംഭാവന ചെയ്യാൻ സാധിച്ചു. അതിനെ ഞാൻ അഭിനന്ദിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി ഒരു ഇടക്കാല ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഒരു വർഷംമുമ്പ് അവതരിപ്പിച്ച ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ എന്തൊക്കെ നടപ്പാക്കിയെന്ന് പറയേണ്ടതല്ലേ? ഇരുപത് ശതമാനം വകയിരുത്തിയ ചെറിയ വർക്കുകൾക്കുപോലും ഒരു വർഷമായിട്ടും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കിട്ടിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഇവിടെ ആയിരം കോടി രൂപ കിട്ടി, ആയിരത്തിമുന്നൂറ് കോടി രൂപ കിട്ടി എന്നൊക്കെ പറയുന്നുണ്ട്. ഇക്കാര്യത്തിൽ ഈ ഗവൺമെന്റ് കടുത്ത വിവേചനമാണ് കാണിച്ചിട്ടുള്ളത്. എൽ.ഡി.എഫ്.-ന്റെ കൺവീനർ ഈ സഭയിൽ

ഇല്ലാത്തതുകൊണ്ട് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രിക സഭയിൽ അവതരിപ്പിക്കുകയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയ്തിട്ടുള്ളത്; വെറും പ്രഖ്യാപനം മാത്രമേയുള്ളൂ. ഇത് ഞാൻ പറയുന്നതല്ല, വോട്ട് ലക്ഷ്യമാക്കിയിട്ടുള്ള ബഡ്ജറ്റ് പ്രഖ്യാപനം മാത്രമാണ് ഇവിടെ നടന്നതെന്നാണ് എല്ലാ മാധ്യമങ്ങളും പറഞ്ഞത്. കിഫ്ബിയെക്കുറിച്ചാണ് കൊട്ടിഘോഷിക്കുന്നത്. 2017-18 ൽ കിഫ്ബി തുടങ്ങിയവർഷം നിർദ്ദേശിക്കാൻ പറഞ്ഞ എന്റെ മണ്ഡലത്തിലെ വർക്കാണ് മലപ്പുറം ടൗൺ ഫ്ലൈ ഓവർ. അത് നിർദ്ദേശിച്ചിടത്ത് നിൽക്കുന്നതല്ലാതെ ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാറായിട്ടും നിർമ്മാണ പ്രവൃത്തിയൊന്നും ഇതുവരെ തുടങ്ങിയിട്ടില്ല. ഒരു മണ്ഡലത്തിൽ ഒരു വിദ്യാലയം നിർദ്ദേശിക്കാൻ പറഞ്ഞു. ആദ്യം നിർദ്ദേശിക്കപ്പെട്ട മലപ്പുറം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി കെട്ടിടം ഇതുവരെയും പണി പൂർത്തിയായിട്ടില്ല. മലപ്പുറം ജില്ലാ ആസ്ഥാനത്തിന്റെ ഹൃദയഭാഗത്താണ് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ. വർഷങ്ങളായി ശോചനീയാവസ്ഥയിൽ കഴിയുന്ന ബസ് ഡിപ്പോ പുനർനിർമ്മിക്കുന്നതിനുവേണ്ടി യു.ഡി.എഫ്. ഭരണകാലത്ത് തീരുമാനിച്ചു. മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. പാതിവഴിയിലെത്തി നിൽക്കുമ്പോഴാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഇപ്പോൾ അതിന്റെ പ്രവർത്തനം പാടെനിലച്ചിരിക്കുകയാണ്. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയെ ഇപ്പോൾ സഭയിൽ കാണുന്നില്ല. ഈ ഗവൺമെന്റ് വന്നശേഷം മലപ്പുറം കെ.എസ്.ആർ.ടി.സി. ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന് നയാപൈസപോലും നൽകിയില്ല. കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ നൂറ് കോടി രൂപയുടെ ചോർച്ചയുണ്ടായി എന്നുപറഞ്ഞു. ആ നൂറ് കോടി രൂപയിൽ എട്ട് കോടി രൂപയുണ്ടെങ്കിൽ അത് പൂർത്തിയാക്കാമായിരുന്നു. എന്റെ മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകൾ പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ പഞ്ചായത്തുകളിൽ വൻകിട കുടിവെള്ള പദ്ധതികളില്ല. യു.ഡി.എഫ്. കാലത്ത് ഒരു കുടിവെള്ള പദ്ധതിക്ക് അംഗീകാരം നൽകി. ഒരു ഗവൺമെന്റിന്റെ തുടർച്ചയാണ് അടുത്ത ഗവൺമെന്റ്. മന്ത്രിമാരും മുഖ്യമന്ത്രിമാരും മാറും. പക്ഷെ, ഒരു സർക്കാരിന്റെ തുടർച്ചയാണ് അടുത്ത സർക്കാർ. തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കണ്ടേ; കുടിവെള്ളത്തിൽ രാഷ്ട്രീയം കാണാമോ? ഭരണം മാറിവന്നു. ആ പദ്ധതിതന്നെ ഇപ്പോൾ നടക്കാത്ത സ്ഥിതിയാണുള്ളത്. ഈ പദ്ധതിക്കുവേണ്ടി സർവ്വേ നടത്താൻ വാട്ടർ അതോറിറ്റിയുടെ കയ്യിൽ പണമില്ലാത്തതിനാൽ മൂന്ന് ലക്ഷം രൂപ വീതം ഗ്രാമപഞ്ചായത്തുകളാണ് നൽകിയത്. പഞ്ചായത്തുകൾ പണം നൽകി സർവ്വേ നടത്തിയ മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ പഞ്ചായത്തുകളുടെ സമഗ്ര കുടിവെള്ള പദ്ധതി ആരംഭിക്കാൻ ഇതുവരെയും ഈ ഗവൺമെന്റ് നയാപൈസ അനുവദിച്ചില്ല. അതുപോലെ മലപ്പുറം

മുനിസിപ്പാലിറ്റിയിലെ മേൽമുറി കുടിവെള്ള പദ്ധതിക്കും ഇരുമ്പുഴി-കരുമാഞ്ചേരി കുടിവെള്ള പദ്ധതിക്കും നയാപൈസ അനുവദിക്കാത്ത ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ എങ്ങനെയാണ് പിന്തുണയ്ക്കുന്നത്? ഇവിടെ പറഞ്ഞതെന്താണ്? പഞ്ചായത്ത് ഇലക്ഷനിൽ എന്തോ വലിയ നേട്ടമുണ്ടാക്കി എന്നാണ് പറഞ്ഞത്. എന്ത് നേട്ടമാണുണ്ടാക്കിയത്? പഞ്ചായത്ത് ഇലക്ഷനിൽ വോട്ട് രേഖപ്പെടുത്തി പുറത്തിറങ്ങിയ ഉടനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മാധ്യമങ്ങളോട് പറഞ്ഞത് മുസ്ലീം ലീഗിന്റെ അടിത്തറ തകർന്നുവെന്നാണ്. ഇന്നലെ ടീം പിണറായിയിലെ അംഗമായ പ്രിയപ്പെട്ട ശ്രീ. എ. എൻ. ഷംസീർ, അത് അദ്ദേഹത്തിന്റെ സ്വന്തം പ്രയോഗമാണ്, എന്റെ പ്രയോഗമല്ല, അദ്ദേഹം പറഞ്ഞത് ലീഗിന്റെ കോട്ടകളൊക്കെ ഭദ്രമായി നിലനിർത്താൻ നിങ്ങൾക്ക് സാധിച്ചുവെന്നാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മലപ്പുറം ജില്ലയിലെ 55 ഗ്രാമപഞ്ചായത്തുകളുടെ ഭരണമാണ് ഞങ്ങൾക്ക് ലഭിച്ചിരുന്നത്. ഇപ്പോൾ 73 ഗ്രാമപഞ്ചായത്തുകളാണ് ലഭിച്ചത്. പതിമൂന്ന് ബ്ലോക്ക് പഞ്ചായത്തുകളിൽ പന്ത്രണ്ടും ഞങ്ങളാണ് ഭരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്.....പ്ലീസ്.....

ശ്രീ. പി. ഉബൈദുള്ള: സർ, ഇവിടെ കാരയ്ക്കയുടെ മഹത്വം പറയാൻ രണ്ടര മിനിറ്റാണ് കൊടുത്തത്. ഇത് കാര്യം പറയുകയാണ്. രണ്ട് ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രതിപക്ഷമില്ല, യു.ഡി.എഫ്. ആണ് ഭരിക്കുന്നത്. രണ്ട് ഗ്രാമപഞ്ചായത്തുകളിൽ, ശ്രീ. പി. കെ. ബഷീറിന്റെ ഏറനാട് മണ്ഡലത്തിലെ കുഴിമണ്ണ പഞ്ചായത്തിലും ശ്രീ. എ. പി. അനിൽ കുമാറിന്റെ വണ്ടൂർ മണ്ഡലത്തിലെ തുവ്വൂർ പഞ്ചായത്തിലും പ്രതിപക്ഷമില്ല. ഇവിടെയെല്ലാം പ്രതിപക്ഷമില്ലാതായി പ്പോയത് ആന്തൂരിലെപ്പോലെ ബൂത്ത് ഏജന്റുമാരെ ആട്ടിയോടിച്ച് വിട്ടിട്ടല്ല. എല്ലാ ബൂത്ത് ഏജന്റുമാരും മര്യാദയ്ക്കിരുന്നാണ് അവിടെ പോളിംഗ് നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയുമൊക്കെ ജില്ലയാണ് കണ്ണൂർ. അവിടെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മുസ്ലീം ലീഗിന് ഒരു ജില്ലാ പഞ്ചായത്ത് മെമ്പറായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇത്തവണ രണ്ട് ജില്ലാ പഞ്ചായത്ത് മെമ്പർമാരെ ലഭിച്ചു. കഴിഞ്ഞ തവണ ബ്ലോക്ക് പഞ്ചായത്തിൽ ഏഴ് അംഗങ്ങളായിരുന്നു ലഭിച്ചതെങ്കിൽ ഇത്തവണ അത് പതിമൂന്നായി. മുനിസിപ്പൽ കോർപ്പറേഷനിൽ 62 എന്നത് 64 ആയി. ഗ്രാമപഞ്ചായത്തുകളിൽ 131 അംഗങ്ങളിൽനിന്ന് 135 ആയി ഉയർന്നു. പിന്നെ എവിടെയാണ് ലീഗിന്റെ അടിത്തറ തകർന്നത്? അടിത്തറ തകർന്നത് സി.പി.ഐ.(എം.)-ൽ ആണ്. ഇ.എം.എസ്-ന്റെ ജന്മനാടായ ഏലംകുളം ഇന്ന് ഭരിക്കുന്നത് യു.ഡി.എഫ്. ആണ് .

മി. ചെയർമാൻ: പ്ലീസ്.....പ്ലീസ്.....

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ പറയട്ടെ. കണ്ണൂരിൽ കഴിഞ്ഞതവണ ആടിയും മാറിയും നിന്ന കോർപ്പറേഷനിൽ ഇന്ന് മൃഗീയ ഭൂരിപക്ഷത്തോടുകൂടി ഞങ്ങൾ ഭരിക്കുകയാണ്. കണ്ണൂരിൽ എങ്ങനെയാണ് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത്?

<u>മി. ചെയർമാൻ</u>: അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സമയം തരണം. രണ്ട് ദിവസം മുമ്പ് സി.പി.ഐ.(എം)-ന്റെ പ്രകടനത്തിൽ കേട്ട മുദ്രാവാക്യം ഒന്ന് കേൾക്കാം. "കൊല്ലേണ്ടവരെ കൊന്നിട്ടുണ്ട്, തല്ലേണ്ടവരെ തല്ലുന്നുണ്ട്. കൊന്നിട്ടുണ്ടീ പ്രസ്ഥാനം, പാണക്കാട്ടേയ്ക്കെങ്ങും പോകേണ്ടാ, ട്രെയിനിംഗൊന്നും കിട്ടേണ്ട, കയ്യും കൊത്തി, കാലും കൊത്തി, പച്ചക്കൊടിയിൽ പൊതിഞ്ഞുകെട്ടി, ചോരച്ചെങ്കൊടി കാട്ടുന്നുണ്ട്" ഇത് കമ്മ്യൂണിസ്റ്റുകാരുടെ മുദ്രാവാക്യമാണ്. അവർ കണ്ണൂരിലെ മാറ്റത്തെക്കുറിച്ചാണ് പറഞ്ഞത്. ഇവരാണ് ഇപ്പോൾ കൊലപാതക രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞത്. കണ്ണൂരിൽ ദയനീയമായ പരാജയമേറ്റുവാങ്ങിയ സി.പി.ഐ.(എം), അവിടെ യു.ഡി.എഫ്. പ്രവർത്തകർക്ക് പുറത്തിറങ്ങാൻപോലും പറ്റാത്ത രീതിയിൽ ഇത്തരത്തിൽ ഭീഷണി മുഴങ്ങുന്ന മുദ്രാവാക്യം വിളിച്ച് പ്രകടനം നടത്തുകയാണ്.

<u>മി. ചെയർമാൻ</u>: അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജനപ്രതിനിധികൾ കാലുവെട്ടുമെന്ന് ഭീഷണി ഉയർത്തുമ്പോൾ അവരുടെ അനുയായികൾ നിങ്ങളുടെ കാലും കയ്യും വെട്ടി, ഞങ്ങൾ പച്ച പുതപ്പിക്കും, ചുവപ്പ് പുതപ്പിക്കും എന്നുപറയുന്നു. പാണക്കാട്ട് പോയി നോക്കണം. ........(മൈക്ക് ഓഫ്).....

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഈ ഉപധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട ആളുകളെയും തൊഴിലാളികളെയും കർഷകരെയും പട്ടികജാതിക്കാരെയും പട്ടികവർഗ്ഗക്കാരെയും പിന്നോക്കം നിൽക്കുന്ന ആളുകളെയും മുന്നോക്ക സമുദായത്തിൽ പിന്നോക്കം നിൽക്കുന്ന ആളുകളെയുമെല്ലാം നല്ലതുപോലെ കണ്ടറിഞ്ഞ് ചേർത്തുപിടിച്ചുകൊണ്ടാണ് ഇടതുപക്ഷ സർക്കാർ ഈ അഞ്ച് കൊല്ലം മികച്ച ഭരണം കാഴ്ചവച്ചത്. ഇത് ഞാൻ പറഞ്ഞതല്ല. നമ്മുടെ സംസ്ഥാനത്തിനകത്തും പുറത്തുമെല്ലാം ഈ സംസ്ഥാനത്തെക്കുറിച്ച് നല്ല സംസാരമാണ്. ഇന്നുവരെ കാണാത്ത രീതിയിലുള്ള, പ്രതീക്ഷിക്കാത്ത നല്ല പ്രവർത്തനമാണ് ഇന്ന് കേരളം കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച പ്രതിപക്ഷാംഗങ്ങൾ ഒരു പൈസ പോലും അവരുടെ മണ്ഡലങ്ങളിൽ കിട്ടാത്തതുപോലെയാണ് സംസാരിച്ചത്.

സംസാരിക്കുമ്പോൾ അവരുടെ മുഖം ശ്രദ്ധിച്ച് നോക്കിയാൽ മനസ്സിനകത്തുനിന്ന് വരുന്ന വാക്കുകളല്ല അവയെന്ന് ഉറപ്പാണ്. ഞാൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമാണ്. മലപ്പുറം വഴി സിൻഡിക്കേറ്റ് യോഗത്തിന് പോകുമ്പോൾ നല്ല ചന്തമുള്ള മുഖങ്ങൾ ഫ്ലക്സടിച്ച് ഓരോ റോഡിന്റെയും വക്കിൽവച്ച് കാണാറുണ്ട്. സ്വന്തം പറമ്പിന്റെ ഭൂമി പണയം വച്ചാണോ ഇതെല്ലാം പണിതത് എന്നുവരെ ചിലപ്പോൾ തോന്നിപ്പോകും. ഇവിടെ വന്ന് ഒരു പൈസയും കിട്ടാത്തതുപോലെയാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഈ ഭരണം ഇനിയും തുടരണമെന്ന് നമ്മുടെ നാട്ടിൽ സാധാരണക്കാരൻ ചിന്തിക്കുകയാണ്. ഈ ഭരണം നമ്മുടെ നാടിന് ആവശ്യമാണ്. ഇന്ന് ഏറെ ആളുകളും സഖാവ് പിണറായി വിജയൻ സർക്കാർ ഈ കേരളം വീണ്ടും ഭരിക്കണമെന്ന് ചിന്തിക്കുന്ന ആളുകളാണ്. കാരണം, കേരളത്തിൽ ഒട്ടേറെ പ്രതിസന്ധികൾ വന്നു. പ്രളയകാലത്ത് കേരളം എങ്ങനെയായിരുന്നു; കേരളത്തിലെ ജനങ്ങളുടെ അന്നത്തെ മാനസികാവസ്ഥ എന്തായിരുന്നു തുടങ്ങിയ കാര്യങ്ങൾ കഴിഞ്ഞ സഭാ സമ്മേളനത്തിൽ നാം ചർച്ച ചെയ്തതാണ്. കേരളത്തിൽ രണ്ട് പ്രളയമുണ്ടായപ്പോൾ ജനങ്ങളെയെല്ലാം ചേർത്തുപിടിച്ച് പട്ടിണിയില്ലാതെ കൊണ്ടുപോകാൻ കഴിഞ്ഞ ഏക സർക്കാരല്ലേ ഇത്? ആ സമയത്ത് ഈ സംസ്ഥാനത്തിന് പുറത്തുമുണ്ടായല്ലോ പ്രളയം. എങ്ങനെ ഉണ്ടായി, ആ സംസ്ഥാനത്തെ സർക്കാർ എങ്ങനെ അത് കൈകാര്യം ചെയ്തു എന്നതെല്ലാം നാം കണ്ടതല്ലേ? ഇവിടെ അതുമാത്രമല്ല, പ്രതിസന്ധി കാലഘട്ടമെന്ന് പറഞ്ഞാൽ ഇതാണ്; ഇപ്പോഴും നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ്. ലോകരാജ്യങ്ങളെല്ലാം നിന്ന് വിറയ്ക്കുകയാണ്. കോവിഡ് മഹാമാരി വന്നപ്പോൾ സാമ്പത്തിക നില തകർന്നു. ഓരോ രാജ്യത്തും സാധാരണക്കാരൻ കൈനീട്ടി നിൽക്കുകയാണ്. എന്നാൽ നമ്മുടെ കേരളത്തിൽ കോവിഡ് മഹാമാരി വന്നപ്പോൾ അത് എങ്ങനെ കൈകാര്യം ചെയ്തു? ഇവിടെ എന്തെല്ലാം കളിയാക്കി പറഞ്ഞു; ഒരു നാടിന് ആപത്ത് വരുമ്പോൾ പ്രതിപക്ഷ പാർട്ടി എന്താണ് ചെയ്യേണ്ടത്? ഒന്നും പറഞ്ഞില്ലെങ്കിലും അനങ്ങാതിരുന്നാൽ മതി. ആരോഗ്യ വകുപ്പുമന്ത്രിയെക്കുറിച്ച് എന്തെല്ലാം പറഞ്ഞു? നിപ രാജകുമാരി, കോവിഡ് റാണി അങ്ങനെ എന്തെല്ലാം വാക്കുകൾ നിങ്ങൾ പ്രയോഗിച്ചു? ജനം ഇതെല്ലാം കാണുകയാണ്. ഒരു ആപത്ത് വരുമ്പോൾ ഒരു നാടിനെ ചേർത്തുപിടിച്ചുകൊണ്ട് ആപത്തിനെ മറികടക്കാൻ വേണ്ടി എല്ലാവരും ഒരേ മനസ്സോടുകൂടി ചേർന്നുനിൽക്കുന്ന സമയത്ത് ഇവിടെ കാലിന് മുകളിൽ കാൽ കയറ്റിവച്ച് ബഹുമാനപ്പെട്ട മന്ത്രിയെ അധിക്ഷേപിക്കുകയല്ലേ ചെയ്തത്? ലോകാരോഗ്യ സംഘടന കൊടുത്ത അറിയിപ്പെന്താണ്? പത്ത് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളും അറുപത് വയസ്സിന് മുകളിൽ പ്രായംചെന്ന ആളുകളും ശ്രദ്ധിക്കണം. കോവിഡ്, ലോകത്തെതന്നെ പിടിച്ചുകുലുക്കിക്കൊണ്ടിരിക്കുന്നു, ശ്രദ്ധിക്കണം എന്ന് ആവർത്തിച്ച് പറയുമ്പോൾ, ആരോഗ്യ വകുപ്പിലെ ജീവനക്കാർ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച്

എത്രമാത്രം ആത്മാർത്ഥതയോടെയാണ് പണിയെടുത്തത്? ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ കയ്യടിച്ച് ആളുകളെ പുറത്തുവിടുന്ന കാഴ്ച കണ്ടില്ലേ? തലയ്ക്ക് സുഖമില്ലാഞ്ഞിട്ടല്ലല്ലോ. ആത്മാർത്ഥമായി പണിയെടുത്തു, കൂടെനിന്നു. ആരോഗ്യ വകുപ്പും സർക്കാരും കൂടെനിന്നു. അങ്ങനെ കൂടെനിന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. മലപ്പുറം ജില്ലയിൽ രണ്ടത്താണി പ്രദേശത്തുനിന്നുള്ള നൂറ്റിപ്പത്ത് വയസ്സുള്ള പാത്തുമ്മയെ നല്ല ആരോഗ്യവതിയായി പറഞ്ഞയച്ചു. അങ്ങനെ കേരളത്തിൽ വരുന്ന ആളുകളെല്ലാം സുഖം പ്രാപിച്ച് പുറത്തേയ്ക്ക് പോകുന്നു. അതാണ് ലോകം ഉറ്റുനോക്കുന്നത്. ഈ സർക്കാർ തുടരണമെന്ന് ആഗ്രഹിച്ച് ഈ നാട് തന്നെ സർക്കാരിനൊപ്പം നിൽക്കുമെന്നതിന്റെ തെളിവാണ് ഇക്കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പ്. അസംബ്ലി ഇലക്ഷൻ വരുന്നുണ്ട്. കാണാം നമുക്ക്. ഇവിടെ പ്രസംഗിക്കുന്ന ആളുകളെല്ലാം ഉണ്ടെങ്കിൽ നമുക്ക് കാണാം; ഞാൻ സമയക്കുറവുകൊണ്ട് ചുരുക്കുകയാണ്. ഈ സർക്കാർ എടുത്ത നിലപാടുകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എനിക്ക് മുൻപ് സംസാരിച്ച ശ്രീ. യു. ആർ. പ്രദീപ് ഇവിടെ പറഞ്ഞത് നമുക്ക് കാണാമെന്നാണ്, തീർച്ചയായും നമുക്ക് കാണാം. എന്തെല്ലാം പ്രചരണങ്ങൾ നടത്തിയാലും ഐക്യജനാധിപത്യ മുന്നണി കൊടുങ്കാറ്റുപോലെ തിരിച്ചുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിനെപ്പറ്റി ഊറ്റംകൊള്ളുകയാണിവർ. തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനു ശേഷം തെരഞ്ഞെടുപ്പ് പ്രചരണത്തിനിറങ്ങിയ കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ്. കേരളത്തിലെ മുഖ്യമന്ത്രി കോടതി പിരിഞ്ഞതിനുശേഷം വാദം പറയുന്ന വക്കീലിനെപ്പോലെയായി. പ്രഖ്യാപനങ്ങൾ നടത്തുക എന്നുള്ളതല്ലാതെ ആ പ്രഖ്യാപനങ്ങൾ 25 ശതമാനംപോലും പൂർത്തിയാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. നികുതി വരുമാനം ഇരട്ടിയാക്കും, വർഷംതോറും 25% നികുതി വർദ്ധിപ്പിക്കും, റവന്യൂ ചെലവ് കുറയ്ക്കും, മൂലധനച്ചെലവ് വർദ്ധിപ്പിക്കും, അഞ്ച് വർഷംകൊണ്ട് ഈ സംസ്ഥാനത്ത് ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം മുതൽമുടക്കും, ചേരമാൻ ഫിനാൻഷ്യൽ സർവ്വീസ് ആരംഭിക്കും, എന്നിട്ട് എന്താണ് ഇവിടത്തെ സ്ഥിതി? സാമ്പത്തിക വളർച്ച കൂപ്പുകുത്തി, ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾപോലും പാസ്സാകാത്ത അവസ്ഥയുണ്ടായി, പൊതുകടം ഇരട്ടിയായി. യു.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷം മൂലധനച്ചെലവ് 7500 കോടി രൂപയായിരുന്നുവെങ്കിൽ ഈ സർക്കാരിന്റെ മൂന്നാമത്തെ വർഷം നെഗറ്റീവ് ഗ്രോത്ത് രേഖപ്പെടുത്തി, നികുതി വരുമാനം വെറും 50% മാത്രം വർദ്ധനവ് രേഖപ്പെടുത്തി. ഇവിടെ വലിയ പാക്കേജുകൾ നടത്തുന്നുവെന്ന് പ്രഖ്യാപിക്കുന്നുണ്ട്.

മാലപ്പടക്കത്തിനിടയിൽ അമിട്ട് പൊട്ടിക്കുന്നതുപോലുള്ള ഈ പാക്കേജുകൾ ഇപ്പോഴും ധനകാര്യ വകുപ്പുമന്ത്രിയുടെ പോക്കറ്റിൽത്തന്നെയാണ്. ഇടുക്കി പാക്കേജ്, വയനാട് പാക്കേജ്, മാന്ദ്യവിരുദ്ധ പാക്കേജ്, ഓഖി പാക്കേജ്, തീരദേശ ഹൈവേ, മലയോര ഹൈവേ ഇതെല്ലാം പറയുന്നതല്ലാതെ ഒന്നും നടപ്പാക്കുന്നില്ല. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്? ഒരു വിമാനത്താവളം, മെട്രോ ട്രെയിൻ, വിഴിഞ്ഞം തുറമുഖം, എല്ലാ ജില്ലകൾക്കും മെഡിക്കൽ കോളേജ്, എല്ലാ നിയോജകമണ്ഡലങ്ങൾക്കും സർക്കാർ കോളേജ്, 450-ലേറെ പാലങ്ങൾ ഇതെല്ലാം നടപ്പിലാക്കി. ഇവിടെ ഇവർ വളരെയധികം കൊട്ടിഘോഷിക്കുന്നത് ലൈഫ് പദ്ധതിയെപ്പറ്റിയാണ്. ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീൽ 16-5-2017-ന് നൽകിയ മറുപടിയിൽത്തന്നെ ഇന്ദിരാ ആവാസ് യോജനയിൽ മാത്രം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏകദേശം 296000 വീടുകൾ നൽകിയെന്ന് പറഞ്ഞിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച ലൈഫ് പദ്ധതിയിൽ വീടിനുവേണ്ടി കാത്തിരിക്കുന്ന പാവപ്പെട്ടവർ അഞ്ച് ലക്ഷം അപേക്ഷകൾ കൊടുത്തു. എന്നാൽ പുതുതായി രണ്ട് ലക്ഷം വീടുകൾ മാത്രമാണ് കൊടുക്കാൻ സാധിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിവിധ പദ്ധതികളിലായി 433000 വീടുകൾ കൊടുത്തിരുന്നു. ലൈഫ് എന്നുപറഞ്ഞാൽ വെറും വീട് കൊടുക്കുന്ന പദ്ധതിയല്ലെന്ന് വീമ്പു പറഞ്ഞവരാണിവർ. ആ ലൈഫിന്റെ ഭാഗമായി ഉപജീവന മാർഗ്ഗമുണ്ടാക്കിക്കൊടുക്കും, കൃഷികളുണ്ടാക്കും, കളിസ്ഥലങ്ങളുണ്ടാക്കും, ആരോഗ്യ പരിരക്ഷയുണ്ടാക്കും എന്നുപറഞ്ഞ സർക്കാർ ലൈഫിന്റെ യഥാർത്ഥ അർത്ഥത്തിൽ എവിടെയെങ്കിലും നടപ്പാക്കിയതായി നിങ്ങൾക്ക് പറയാൻ സാധിക്കുമോ? ബാക്കി മൂന്ന് ലക്ഷം ആളുകൾക്ക് എന്ന് വീട് കൊടുക്കും? ആ പാവപ്പെട്ട ആളുകൾക്ക് പ്രതീക്ഷ നൽകിയിട്ട് അവരുടെ കണ്ണുനീരിന് നിങ്ങൾ എന്ന് പരിഹാരമുണ്ടാക്കും? ഇറങ്ങിപ്പോകാൻ സമയമായിട്ടും ബാക്കിവരുന്ന മൂന്ന് ലക്ഷം പേർക്ക് വീട് കൊടുക്കാൻ നിങ്ങൾക്ക് സാധിച്ചോ? എന്നിട്ടും ഇക്കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിനു മുൻപായി നിങ്ങൾ വീണ്ടും അപേക്ഷ സ്വീകരിച്ചു. ആ അപേക്ഷയൊക്കെ നിങ്ങൾ എവിടെയാണ് കെട്ടിവച്ചിരിക്കുന്നത്? എന്നാണ് ഇത് നടപ്പിലാക്കാൻ പോകുന്നത്? ഇക്കഴിഞ്ഞ ദിവസം തിരുവനന്തപുരം വിമാനത്താവളം അദാനിയുമായി കരാറുണ്ടാക്കി. ഗവൺമെന്റിന് എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ, ഇപ്പോഴും പന്ത് സർക്കാരിന്റെ കോർട്ടിൽ തന്നെയാണ്. ഏത് സംസ്ഥാനത്തും വിമാനത്താവളം പ്രവർത്തിക്കണമെങ്കിൽ സംസ്ഥാന സർക്കാരുമായി ഒരു കരാറുണ്ടാക്കണം. ലാൻഡ് ഓർഡർ, ലാൻഡ് അക്വിസിഷൻ, കുടിവെള്ളം, വൈദ്യുതി ഇതിനെല്ലാം സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റുണ്ടാക്കണം.

അദാനിയുമായി സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പുവയ്ക്കില്ലെന്ന് പ്രഖ്യാപിക്കാൻ ഈ ഗവൺമെന്റിന് ആർജ്ജവമുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. അതുകൊണ്ട് മേനി നടിക്കുന്നുവെന്നുള്ളതല്ലാതെ ഇക്കാര്യത്തിൽ ആത്മാർത്ഥമായ ഒരു സമീപനം സർക്കാരിനില്ല. ലാൻഡ് അക്വിസിഷൻ നടത്താത്തതുകൊണ്ട് താൽക്കാലികമായിട്ടുള്ള ലൈസൻസിലാണ് തിരുവനന്തപുരം വിമാനത്താവളം പ്രവർത്തിക്കുന്നത്. അതിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലാണ്. 2015-ൽ ചെന്നൈ എയർപോർട്ടും കൊൽക്കത്ത എയർപോർട്ടും ഇതുപോലെ സ്വകാര്യവത്കരിക്കാൻ ടെണ്ടർ വിളിച്ചപ്പോൾ അവിടത്തെ മുഖ്യമന്ത്രിമാരുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് അന്നത്തെ വ്യോമയാന വകുപ്പുമന്ത്രി ആ ടെണ്ടറുകൾ ക്യാൻസൽ ചെയ്തുവെന്നുള്ള ഉദാഹരണംകൂടി ഞാൻ നിങ്ങളുടെ മുന്നിൽ ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ വിജയിച്ചുവെന്നുള്ളതിൽ നിങ്ങൾ ഊറ്റംകൊള്ളേണ്ടതില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങളുടെ മുദ്രാവാക്യമായ 'എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും' എന്നുള്ളത് ഭേദഗതികളോടുകൂടി കേരളത്തിലെ ജനത ഏറ്റെടുക്കാൻ പോകുകയാണ്, 'എൽ.ഡി.എഫ്. പോകും, എല്ലാം ശരിയാകും'. അതാണ് അടുത്ത തെരഞ്ഞെടുപ്പിൽ കേരളത്തിൽ നടക്കാൻ പോകുന്നത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ബാബു</u>: സർ, ഞാൻ ഉപധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. ശ്രീ. എം. വിൻസെന്റ് എം.എൽ.എ. പറഞ്ഞത് സെമിഫൈനലാകുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എന്ത് വിജയമാണ് എൽ.ഡി.എഫ്.-ന് ഉണ്ടായതെന്നാണ്. ഒരു സംശയവും വേണ്ട, ഫൈനലിൽ ഞങ്ങളുടെ സഖാവ് പിണറായി വിജയൻ എന്ന ക്യാപ്റ്റൻ ഇറങ്ങും, യു.ഡി.എഫ്. നിലമ്പരിശാകും; തകർന്നടിഞ്ഞുപോകുമായിരുന്ന ഈ കേരളത്തിന്റെ ഭാവിയെക്കുറിച്ച് എൽ.ഡി.എഫ്. നല്ലൊരു ആശയം സ്വപ്നം കാണുമ്പോൾ 'കുരുടൻ ആനയെക്കണ്ടതുപോലുള്ള' അവസ്ഥയിലല്ലേ യു.ഡി.എഫ്? കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യുതി, വ്യവസായം, തദ്ദേശസ്വയംഭരണം, കാർഷികം എന്നീ മേഖലകളിൽ ഇന്ത്യക്ക് അഭിമാനമായി കേരളം ഒന്നാമതാണ്.ഇതിന് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും എന്ത് പിന്തുണയാണ് ഇതിന് കിട്ടിയത്?

"മൂർച്ചയുള്ളൊരായുധങ്ങളല്ല പോരിനാശ്രയം
ചേർച്ചയുള്ള മാനസങ്ങൾ തന്നെയാണതോർക്കണം"

എൽ.ഡി.എഫ്.-ന് ക്രിയാത്മകമായ പിന്തുണയുണ്ടാകുമെന്നാണ്. പ്രതിപക്ഷ നേതാവിന്റെ ആദ്യ പ്രസംഗത്തിൽ പറഞ്ഞത് ഞാൻ ഇപ്പോഴും ഓർക്കുന്നു. എന്ത് പിന്തുണയാണ് നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായത്? ഓഖി കൊടുങ്കാറ്റുണ്ടായപ്പോഴും നിപ വൈറസുണ്ടായപ്പോഴും 2018, 2019-ലെ പ്രളയമുണ്ടായപ്പോഴും മഹാമാരിയുടെ കാലത്തും, ആ അവസ്ഥയിൽപ്പോലും പിന്നിൽനിന്നും കുത്തിയവരല്ലേ നിങ്ങൾ? നയാപൈസ പോലും കൊടുക്കരുതെന്ന് പറഞ്ഞ് സാലറി ചലഞ്ചിനെ തകർത്തവരല്ലേ? അവരാണ് ഇപ്പോൾ വലിയ വേവലാതിയിൽ നിൽക്കുന്നത്. അപ്പോഴും ഈ മൂന്നര കോടിയോളം വരുന്ന കേരളീയ ജനതയെ നെഞ്ചിലേറ്റി നയിക്കാൻ ഒരു ക്യാപ്റ്റനുണ്ടായിരുന്നു; നിങ്ങൾ ഇരട്ടചങ്കൻ എന്നുവിളിക്കുന്ന, പ്രളയമുണ്ടായപ്പോൾ കപ്പിത്താനെന്ന് ജനങ്ങൾ വിളിച്ച, ഇപ്പോൾ ക്യാപ്റ്റൻ എന്നുവിളിക്കുന്ന സഖാവ് പിണറായി വിജയൻ. ആ സഖാവ് നയിക്കുന്ന കേരളത്തിന്റെ മന്ത്രിസഭയിലെ പത്തൊൻപത് മന്ത്രിമാരുമുണ്ടായിരുന്നു.

"എത്തേണ്ടതാമിടത്തെത്തിയാലും ശരി
മധ്യേ മരണം വിഴുങ്ങിയാലും ശരി
മുന്നോട്ട് നടക്കും വഴിയിലെ
മുള്ളുകളൊക്കെ ചവിട്ടിമെതിച്ച ഞാൻ"

മുള്ളുകളൊക്കെ ചവിട്ടിമെതിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുക തന്നെ ചെയ്യും. അടുത്ത തെരഞ്ഞെടുപ്പിലും എൽ.ഡി.എഫ്. തന്നെ വരും, എല്ലാം ശരിയാകും. ഇപ്പോൾ കെ.പി.സി.സി.-യുടെ നേതൃത്വത്തിൽ ഒരു സിനിമ ഇറങ്ങാൻ പോകുകയാണ്, ആട് തോമയെ നായകനാക്കി 'ആടരുതമ്മാവാ ആളറിയാം'. IUML (Indian Union Muslim League)-ന്റെ ബാനറിൽ നിരവധി സിനിമകളാണ് ഇറങ്ങുന്നത്. കുഞ്ഞാപ്പിയെ നായകനാക്കി തമിഴ് പേരിലാണ് സിനിമയിറങ്ങുന്നത്, 'പോന മച്ചാൻ തിരുമ്പി വന്താച്ച്'. സൗരോർജ്ജത്തിൽ അഭിനയിച്ച സരിത വേണോ ഐസ്ക്രീം പാർലറിൽ അഭിനയിച്ച റെജീന വേണോ എന്നതാണ് സംശയം. പഞ്ചവടിപ്പാലത്തിന്റെ രണ്ടാംഭാഗം പാലാരിവട്ടം പാലം, ഇഞ്ചികൃഷിയും അരമന വീടും, അതിന്റെ സംഭാഷണം ശ്രീ. പി. കെ. ബഷീർ, എം.എൽ.എ. ഏറ്റെടുക്കണമെന്നൊരു അഭ്യർത്ഥനയുണ്ട്. മഞ്ചേശ്വരത്തെ ആസ്ഥാനകവി, 'സ്വർണ്ണഗോപുര നർത്തകീ ശില്പം' പാടുന്ന നമ്മുടെ ഒരു എം.എൽ.എ.-യെ ഇവിടെ കാണുന്നില്ല, ജയിലിൽ പാട്ട് പഠിക്കാൻ പോയതാണോ? കെ.പി.സി.സി.-യുടെ നേതൃത്വത്തിൽ ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ട് ആസ്പദമാക്കി ഒരു സിനിമയെടുക്കാൻ പോകുകയാണ്.

ബഹുവർണ്ണ ബ്ലൂ ഷെയ്ഡ് സിനിമയാണ്. അഭിനയിക്കാൻ ബോളിവുഡിൽനിന്നോ ഹോളിവുഡിൽനിന്നോ നടീനടന്മാരെ വേണമെന്നാണ് പറയുന്നത്. ഏപ്രിൽ, മേയ് മാസങ്ങളിലിറങ്ങുന്ന പടം സംബന്ധിച്ച് ആലോചിക്കാൻ ചിലർ ഡൽഹിയിൽപ്പോയി. അവിടെനിന്നും തിരിച്ചുവരുന്നത് കണ്ടപ്പോൾ ഞാൻ വല്ലാതെ ഞെട്ടിപ്പോയി. എനിക്കൊരു പഴയ പാട്ടാണ് ഓർമ്മ വന്നത്. " കാത്തുസൂക്ഷിച്ചൊരു കസ്തൂരി മാമ്പഴം കാക്ക കൊത്തിപ്പോയോ അയ്യോ ചാണ്ടി സർ കൊത്തിപ്പോയോ." ഒറ്റ അഭ്യർത്ഥനയേയുള്ളൂ, "മനസ്സുമാത്രം മനസ്സുമാത്രം മരവിക്കല്ലേ" എന്നാണ് എനിക്ക് അദ്ദേഹത്തിനോട് അഭ്യർത്ഥിക്കാനുള്ളത്. യു.ഡി.എഫ്.-നെ ആര് നയിക്കും? മലയാള മനോരമ പറയുന്നത് ഒരു പുതിയ പേരാണ് 'ചെന്നിചാണ്ടി'. ഇത് ആരാണ്? നിരവധി സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപയോഗിച്ച ചില വാക്കുകൾ കടമെടുക്കാൻ ഉളുപ്പില്ലാത്ത യു.ഡി.എഫ്-ന് ത്രിതല പഞ്ചായത്തിൽ കരണത്താണ് അടിയേറ്റതെങ്കിൽ നമ്മുടെ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിൽ സ്ഥലജല വിഭ്രാന്തിയാണ് അവർക്കുണ്ടായത്. ബഹുമാനപ്പെട്ട സ്പീക്കറെ നീക്കംചെയ്യാനും കിഫ്ബി പദ്ധതിയെ അട്ടിമറിക്കാനും സി.&എ.ജി. റിപ്പോർട്ട് സംബന്ധിച്ച് ചർച്ച നടന്ന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സ്പീക്കറും ധനമന്ത്രിയും ചർച്ചയിൽ പങ്കെടുത്ത എൽ.ഡി.എഫ്.-ന്റെ അംഗങ്ങളും മറുപടി പറഞ്ഞുകഴിഞ്ഞപ്പോൾ ഉസ്താദ് ഹോട്ടൽ എന്ന സിനിമയിലെ പാട്ടുപോലെയായില്ലേ 'കച്ചോടം പൊട്ടിയപ്പോൾ.... ആയിപ്പോയി.... ആയിപ്പോയി.' എന്താണ് ആയത്? 'വട്ടായിപ്പോയി വട്ടായിപ്പോയി' എന്ന് പറയേണ്ടിവരും. കേരളത്തെ മുന്നോട്ട് നയിക്കുന്നത് കേരളത്തിലെ എൽ.ഡി.എഫ്. ആണ്. അതുകൊണ്ടുതന്നെയാണ് ജനങ്ങൾ തീരുമാനിച്ചിട്ടുള്ളത്, സെമിഫൈനലിൽ എൽ.ഡി.എഫ്. ആണെങ്കിൽ വരുന്ന ഫൈനലിലും ഈ കേരളത്തിൽ ഇടതുപക്ഷം അധികാരത്തിലേയ്ക്ക് വരും; ജനപക്ഷത്തുനിന്ന് ആവശ്യമായ പദ്ധതികളുമായി മുന്നോട്ടുപോകും; ആ പദ്ധതികൾക്കനുസരിച്ചുള്ള ഒരു ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

<u>മി. ചെയർമാൻ</u>: പ്ലീസ്... പ്ലീസ്.....

<u>ശ്രീ. കെ. ബാബു</u>: സർ, എന്തെല്ലാമാണ് അതിൽ പറയുന്നത്. വിദ്യാഭ്യാസ മേഖല മുതൽ വിവാഹപ്രായമെത്തിയവർക്ക് വിവാഹ ധനസഹായം, പ്രസവിക്കുന്ന സ്ത്രീകൾക്ക് സഹായം, ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, സി.ഡി.എസ്.-കാർ, കുടുംബശ്രീക്കാർ ഉൾപ്പെടെ എല്ലാ മേഖലയിലുള്ളവർക്കും

സാമ്പത്തികമായും സാമൂഹ്യമായും സുരക്ഷിതത്വം ഉറപ്പാക്കുന്ന രൂപത്തിലേയ്ക്കുള്ള പ്രഖ്യാപനങ്ങൾ. പെൻഷൻ വർദ്ധന, അച്ഛനമ്മമാർ, സ്ത്രീകൾ, കുട്ടികൾ, വിദ്യാർത്ഥികൾ തുടങ്ങി എല്ലാ മേഖലകളിലും വികസനത്തിന്റെയും ക്ഷേമത്തിന്റെയും തൊഴിലിന്റെയും പുതിയ ബജറ്റാണ് അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെ 'എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും' എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി പിന്താങ്ങുകയാണ്. ഇന്ത്യയുടെ മുമ്പിൽ യഥാർത്ഥത്തിൽ ഒരു ബദൽ വികസനത്തിന്റെ മാർഗ്ഗരേഖയാണ് എല്ലായിടത്തും കേരളം അവതരിപ്പിക്കുന്നത്. ഇന്ത്യാ രാജ്യത്ത് ഗവൺമെന്റ് നിയോലിബറൽ പോളിസിയും ദേശീയ കർഷക നയവും ദേശീയ വിദ്യാഭ്യാസ നയവും ദേശീയ ആരോഗ്യ നയവുമൊക്കെ അവതരിപ്പിച്ചുകൊണ്ട് ജനാധിപത്യത്തിന്റെ സകല വേദികളെയും തകർക്കാൻ ശ്രമിക്കുന്ന ഒരു കാലത്ത്, ലോകത്തിന്റെ മുമ്പിൽ കേരളം അവതരിപ്പിക്കുന്ന ഒരു ബദലാണ് ഈ ബഡ്ജറ്റ്. ധനകമ്മി കുറയ്ക്കണമെന്ന മുതലാളിത്ത നയത്തിന്റെ ബദലായി ധനകമ്മിയേക്കാൾ റവന്യൂ കമ്മി കുറയ്ക്കാൻ ലക്ഷ്യം വയ്ക്കുന്ന ഒരു ബഡ്ജറ്റാണിത്. സ്വകാര്യവത്കരണത്തിലൂന്നിയ ദേശീയ ബഡ്ജറ്റിനുപകരം പൊതുവത്കരണ ത്തിലൂന്നിയതാണ് നമ്മുടെ പ്രിയപ്പെട്ട ബഡ്ജറ്റ്. ധന മൂലധന വളർച്ച ലക്ഷ്യമിടുന്ന കേന്ദ്ര ബഡ്ജറ്റിന് ബദലായി ഉത്പാദന വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അവതരിപ്പിക്കുന്നൊരു ബഡ്ജറ്റിനെ, അതിന്റെ ഉപധനാഭ്യർത്ഥനകളെ, എങ്ങനെയാണ് പിന്തുണയ്ക്കാതിരിക്കുക. ഇവിടെ ശ്രീ. എം. വിൻസെന്റ് പറഞ്ഞതിൽ ഒരു കാര്യം ശരിയാണ്. കോൺഗ്രസ് കൊടുങ്കാറ്റായി വരുമെന്ന പേടിയിലാണ് കേരളത്തിലെ ജനങ്ങൾ. 2011 മുതൽ 2016 വരെ ആ കൊടുങ്കാറ്റ് കേരളത്തിൽ ആഞ്ഞടിച്ചപ്പോൾ, നഷ്ടപ്പെട്ടുപോയ കേരളത്തെ പുനഃസംഘടിപ്പിച്ചുകൊണ്ടാണ് അഞ്ച് വർഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ കേരളത്തിൽ മാറ്റമുണ്ടാക്കിയത്. ഈ നാട്ടിൽ പൊതുവായി കൊടുക്കേണ്ടതെല്ലാം കൊടുക്കുന്ന, എല്ലാം പൊതുമേഖലയിൽ കൊടുക്കണമെന്ന് വാശിപിടിക്കുന്നൊരു ഗവൺമെന്റ്. 6,79,000-ൽ അധികം കുട്ടികൾ പഠിക്കുന്ന, കൊഴിഞ്ഞുപോക്ക് അൻപത് ശതമാനം കുറച്ച ഒരു സാഹചര്യം കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായില്ലേ; 2500 പുതിയ കെട്ടിടങ്ങളെന്നത് കേരളത്തിൽ അഭിമാനകരമായ മുന്നേറ്റമല്ലേ? ഉപ്പുമാവിൽനിന്നും ഉച്ചഭക്ഷണത്തിലേയ്ക്കല്ല, സാർവ്വത്രികമായിട്ടുള്ള പ്രഭാതഭക്ഷണത്തിലേയ്ക്കും അതുവഴി സമസ്ത പ്രശ്നങ്ങളിലും ഇടപെടാൻ ഒരു ഗവൺമെന്റുണ്ടാകുന്നു. കേരളത്തിന്റെ പൊതുവിതരണ കേന്ദ്രം ചരിത്രത്തിലേയ്ക്ക് നടക്കുകയാണ്. 82 ലക്ഷം പേർക്കാണ്

പുതിയ റേഷൻ കാർഡുകൾ നൽകിയത്. എല്ലാവർക്കും 24 മണിക്കൂറിനകം റേഷൻ കാർഡ് ലഭിക്കുന്ന സാഹചര്യമുണ്ടായിരിക്കുന്നു. കൊറോണ ലോകത്തെ പിടിച്ചുകുലുക്കിയപ്പോൾ, ഇന്ത്യൻ ഭരണകൂടം പറഞ്ഞതുപോലെ ചെണ്ട കൊട്ടാനും പാട്ടയടിക്കാനും വിളക്കുകൊളുത്താനുമല്ല കേരളത്തിലെ ഗവൺമെന്റ് പറഞ്ഞത്. സാമൂഹിക അടുക്കളകളിലൂടെ, പൊതുവിതരണ സംവിധാനങ്ങളിലൂടെ, ജനകീയ കിറ്റ് വിതരണങ്ങളിലൂടെ ഒരു മലയാളിയോ ഒരു അന്യ സംസ്ഥാനക്കാരനോ ജന്തുജീവജാലങ്ങളോ നമ്മുടെ നാട്ടിൽ പട്ടിണികിടക്കില്ലെന്ന് പറയാൻ ഇന്ത്യാ രാജ്യത്ത് ഒരേയൊരു ഗവൺമെന്റേ ഉണ്ടായുള്ളൂ, അത് കേരളത്തിലെ ഗവൺമെന്റാണ്. അത് ജനത ഏറ്റെടുക്കുകയാണ്. അഞ്ച് മാസക്കാലമായി തുടർച്ചയായി, ഇടമുറിയാതെ കേരളത്തിലെ സകല വീടുകളിലേയ്ക്കും റേഷൻ കിറ്റുകൾ വിതരണം ചെയ്യുകയാണ്. ലോകത്തെ അത്ഭുതപ്പെടുത്തിയ ഒന്നായിരുന്നു കേരളത്തിന്റെ പെൻഷൻ മാതൃക. കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 600 രൂപയുടെ പെൻഷൻ കിട്ടാതെ പതിനാല് മാസക്കാലത്തിനിടയിൽ മരിച്ചുപോയ പാവപ്പെട്ടവരുടെ സ്മൃതിമണ്ഡപങ്ങളിലേയ്ക്കാണ് പെൻഷൻ തുക 600 രൂപയിൽനിന്നും 1600 രൂപയായി കേരളത്തിന്റെ ബഡ്ജറ്റ് മാറ്റിയത്.

ആരോഗ്യരംഗത്തുണ്ടായ മാറ്റം ഞാൻ വിശദീകരിക്കുന്നില്ല. 560 ആശുപത്രികളാണ് വീണ്ടും കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ സൗജന്യ ചികിത്സയുടെ പുത്തൻ കേന്ദ്രങ്ങൾ തുറക്കുന്നത്. അത് നമുക്ക് മറക്കാൻ കഴിയുമോ? കേരളത്തിന്റെ പൊതുമരാമത്ത് രംഗത്ത് 'പുതിയ കാലം, പുതിയ നിർമ്മാണം' എന്ന രീതിയിലാക്കി. കേരളത്തിൽ 676 പുതിയ പാലങ്ങൾ, അൻപത് കൊല്ലംകൊണ്ട് കേരളത്തിൽ പണിത പാലങ്ങളെക്കാൾ കൂടുതൽ പാലങ്ങളുടെ പണി ഈ ഗവൺമെന്റ് അഞ്ച് കൊല്ലംകൊണ്ട് തുടങ്ങിവച്ചില്ലേ? 142 പാലങ്ങൾ തുടരുന്നു. ആലപ്പുഴ ബൈപ്പാസ്, കുണ്ടന്നൂർ-വൈറ്റില പാലങ്ങൾ ഉൾപ്പെടെ ലോകത്തിന്റെ മുമ്പിൽ മലയാളി ശ്രദ്ധിക്കപ്പെട്ടില്ലേ; കേരളത്തിന്റെ കൃഷി ആദായകരവും അഭിമാനകരവുമായി. ഇന്ത്യയിൽ ആദ്യമായി നെൽകർഷകർക്ക് റോയൽറ്റി കൊടുത്തു. 1.7 ലക്ഷം ഹെക്ടറിൽനിന്ന് 2.23 ലക്ഷം ഹെക്ടറായി നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചു. പച്ചക്കറി 52829 ഹെക്ടറിൽനിന്ന് 96313 ഹെക്ടറായി വർദ്ധിപ്പിച്ചു. കേരളത്തിൽ കാർഷിക ബോർഡ് നിലവിൽവന്നു. മണ്ണിൽ പിറന്ന മുഴുവൻ മനുഷ്യനും വീട്. അവർക്ക് ഭൂമി കൊടുക്കാൻ റവന്യൂ വകുപ്പും വീട് കൊടുക്കാൻ ലൈഫ് ഉൾപ്പെടെയുള്ള പദ്ധതികളും. ഈ ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുന്നതിനുമുമ്പ് 184000 പേരാണ് വീടിന്റെ ഉടമകളാകാൻ പോകുന്നത്. ഏതാണ്ട് 265000 പേർ ലൈഫ് പദ്ധതിയിലൂടെ പുതിയ വീടുകൾ. പഞ്ചായത്തിലെ പൈപ്പ് വെള്ളം വരുന്നതുപോലെ, കേരളത്തിൽ പാചകവാതകം വീടിന്റെ അടുക്കളകളിലുണ്ടാകുന്ന സംവിധാനമല്ലേ CNG-ലൂടെ അവതരിപ്പിക്കാൻ പോകുന്നത്.

20 ലക്ഷം പേർക്ക് ഇന്റർനെറ്റ് സൗകര്യമൊരുക്കുന്ന കേരളത്തിൽ, അതിശക്തമായിട്ടുള്ള ഭൗതിക സാഹചര്യങ്ങളുടെ, ക്ഷേമപ്രവർത്തനങ്ങളുടെ, സേവന പ്രവർത്തനങ്ങളുടെ മുന്നേറ്റമുണ്ടാകുന്നു. ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചതുപോലെ, കൊടുങ്കാറ്റായി വന്ന് യു.ഡി.എഫ്. തകർത്ത കേരളത്തെ അഞ്ച് കൊല്ലംകൊണ്ട് ഈ സർക്കാർ എങ്ങനെ മാറ്റിയെന്ന് നോക്കാവുന്നതാണ്. ഭീകരമായ രണ്ട് പ്രളയങ്ങൾ, കൊറോണ, എങ്ങനെയും കഴുത്തുപിടിച്ച് ഞെരിച്ച് കൊല്ലുമെന്ന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞ ചെയ്തുനിൽക്കുമ്പോൾ, മലയാളിക്ക് അഭിമാനമായി ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ എങ്ങനെ മാറ്റമുണ്ടായി എന്നതിന്റെ ഉദാത്തമായ തെളിവാണ് അഞ്ച് വർഷക്കാലത്തിനിടയിൽ ഈ കേരളത്തിൽ ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ആറ് ബഡ്ജറ്റുകൾ. കഴിഞ്ഞ ദിവസം അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ, എങ്ങനെ ഈ മാറ്റമുണ്ടാകുന്നുവെന്ന് ലോകം അത്ഭുതത്തോടെ നോക്കുകയാണ്. കേന്ദ്രം നിരന്തരം പീഡിപ്പിച്ചിട്ടും വിഹിതം നൽകാതിരുന്നിട്ടും കേരളം എങ്ങനെ ഈ മാറ്റമുണ്ടാക്കുന്നു. അത് കേരളം അവതരിപ്പിക്കുന്ന സുസ്ഥിര വികസനമെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ്. ഞാൻ ചോദിക്കട്ടെ, ഈ കേരളത്തിന്റെ മുമ്പിൽ ഒരു സാമ്പത്തിക ബദൽ വന്നില്ലേ? കാമധേനു പാൽ ചുരത്തുന്നതുപോലെ നമ്മുടെ വികസന പദ്ധതികൾക്ക് നിർത്താതെ ചുരത്തുന്ന കിഫ്ബി ഈ ലോകത്തെതന്നെ അത്ഭുതപ്പെടുത്തുകയല്ലേ; ശ്രീ. എം. വിൻസെന്റ് പ്രസംഗിച്ചപ്പോൾ ആർക്ക് കിട്ടിയില്ലായെന്നാണ് പറഞ്ഞത്? ഞാൻ ആലോചിക്കുകയാണ്. '100 കോടി രൂപയുടെ പദ്ധതികൾ എന്റെ മണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്; 16 കോടി രൂപയുടെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്'; ഇതാണ് കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റ് മലയാള മനോരമ പത്രത്തിൽ പറഞ്ഞത്. ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞത് അത്രയുമല്ല, ‘ 108 കോടി രൂപയുടെ പദ്ധതിവഴി കോട്ടൂരിലെ ആനവളർത്തൽ കേന്ദ്രം പുരോഗമിക്കുന്നു. എന്റെ നാടിനെ മാറ്റാൻ ഏറ്റവും പ്രധാനപ്പെട്ട പദ്ധതി' എന്നാണ്. ബഹുമാന്യരായ മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും വിശിഷ്യാ കേരളത്തിന്റെ വനം വകുപ്പുമന്ത്രിയോടും ഞങ്ങൾക്ക് നന്ദിയുണ്ട്. 25 കൊല്ലമായി നടക്കാതിരുന്ന സുവോളജിക്കൽ പാർക്ക്, ഏഷ്യയുടെ, ഇന്ത്യയുടെ ഏറ്റവും വലിയ സുവോളജിക്കൽ പാർക്ക് എന്റെ മണ്ഡലമായ തൃശ്ശൂരിൽ യാഥാർത്ഥ്യമാവുകയാണ്; 279 കോടി രൂപയുടെ കിഫ്ബി, 30 കോടി രൂപയുടെ പ്ലാൻ ഫണ്ട്, അഭിമാനത്തോടെ ഈ സഭയെ അറിയിക്കട്ടെ, അതിന്റെ ആദ്യഘട്ട നിർമ്മാണം ഈ ഫെബ്രുവരി 18-ാം കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ നിർവ്വഹിക്കാൻ പോകുകയാണ്. ഈ ഗവൺമെന്റ് പ്രഖ്യാപിച്ചതെല്ലാം നടപ്പിലാക്കുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. നേതാവിനെ മാറ്റിയാൽ കോൺഗ്രസ് രക്ഷപ്പെടുമെന്ന് ആരെങ്കിലും കരുതുന്നുണ്ടോ;

ഈ പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. യു.ഡി.എഫ്. പറയുന്നത് നേതാവിനെ മാറ്റിയാൽ ഞങ്ങൾ ഇതുവരെ ചെയ്തതെല്ലാം മാറ്റി, വരാൻ പോകുകയാണെന്നാണ്. പണ്ടൊരു സായിപ്പും മദാമ്മയുംകൂടി ഒരു പാർട്ടിയിൽ ഡാൻസ് ചെയ്യുകയായിരുന്നു. സായിപ്പിന്റെ സോക്സിന്റെ മണംകൊണ്ട് ആർക്കും നിൽക്കാൻ പറ്റുന്നില്ല; എല്ലാവരും മൂക്ക് പൊത്തുന്നു. പുതിയൊരു സോക്സ് മേടിച്ച് കൊടുക്കാൻ മദാമ്മ തീരുമാനിച്ചു; പുതിയ സോക്സിട്ട് ഡാൻസ് തുടരുമ്പോഴും ആളുകളൊക്കെ മൂക്ക് പൊത്തുന്നത് കണ്ടിട്ട് മദാമ്മ പരിശോധിച്ചപ്പോൾ ഇട്ട സോക്സ് സായിപ്പ് മാറ്റിയെങ്കിലും അത് അദ്ദേഹത്തിന്റെ പാൻസിന്റെ കീശയിൽ ഇട്ടിരിക്കുകയായിരുന്നു. ഇവിടെ കേരളത്തിലൊരു നേതാവിനെ മാറ്റിയാൽ യു.ഡി.എഫ്. രക്ഷപ്പെടുമോ? നിങ്ങളുടെ നിലപാടിൽ മാറ്റം വരുത്തണം. നിങ്ങൾ എന്താണ് കേരളത്തിന്റെ നിയമസഭയിൽ, ഈ നാട്ടിലെ ജനങ്ങളോട് പറഞ്ഞത്? നിങ്ങൾ പറഞ്ഞു., ഞങ്ങൾ വന്നാൽ 'ലക്ഷക്കണക്കിന് മനുഷ്യരെ കുരയ്ക്ക് താഴേയ്ക്ക് കൊണ്ടുവന്ന, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ലൈഫ് പദ്ധതിയെ എന്നന്നേയ്ക്കുമായി അവസാനിപ്പിക്കും, 60,000 കോടി രൂപയുടെ ഭൗതിക വികസനങ്ങൾ ഈ കേരളത്തിന് സമ്മാനിച്ച കിഫ്ബിയുടെ കഴുത്ത് ഞങ്ങൾ ഞെരിക്കും; എന്നാണ്. എങ്ങനെ നിങ്ങൾ രക്ഷപ്പെടും. അഞ്ച് കൊല്ലത്തിനിടയിൽ എന്തെല്ലാം പരിശ്രമം നടത്തി. കേന്ദ്രത്തിന്റെ മേലങ്കിയിട്ട, കോട്ടിട്ട ഏജൻസികൾ വന്ന് കേരളത്തിൽ പെരുന്നാൾ നടത്തി ആഘോഷിച്ചില്ലേ? ഇവിടെ സി.ബി.ഐ.-യും എൻഫോഴ്സ്മെന്റും എൻ.ഐ.എ.-യും വന്നു. തകൃതിയായി എത്ര അന്വേഷണങ്ങൾ നടന്നു. കേന്ദ്ര ഗവൺമെന്റ് കഴുത്ത് പിരിച്ചു കൊല്ലാൻ ശ്രമിച്ചില്ലേ; അഭിമാനത്തോടെ പറയട്ടെ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിലെ 19 മന്ത്രിമാരും അഴിമതി ആരോപണത്തിന്റെ പേരിൽ രാജിവയ്ക്കാതെ അഭിമാനപൂർവ്വം ഈ നാട്ടിലെ ജനങ്ങളെ അഭിസംബോധന ചെയ്യുകയല്ലേ; ഇതൊരു ചരിത്രമല്ലേ; ശ്രീ. റോജി എം. ജോണിന്റെ ബഹളത്തിന്റെ കാരണം അപ്പുറത്ത് സെൻട്രൽ ജയിലേയ്ക്കുള്ള ക്യൂവാണ്. എത്രപേരാണ് പോകാൻ തുടങ്ങുന്നത്. ഞാൻ തർക്കമൊന്നും പറയുകയല്ല. പുകമറ സൃഷ്ടിക്കുകയല്ലാതെ മറ്റെന്തെങ്കിലും സാധ്യമായോ; ശുദ്ധമായ കൈകളുമായി അഞ്ച് കൊല്ലത്തിനു ശേഷവും യു.ഡി.എഫ്. തകർത്ത കേരളത്തിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇറങ്ങിച്ചെല്ലുകയാണ്.

'ഭാരതമെന്ന പേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം,
കേരളമെന്ന് കേട്ടാൽ
തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ.'

<u>മി. ചെയർമാൻ</u>:യെസ്...അങ്ങ് അവസാനിപ്പിക്കു.

ശ്രീ. കെ. രാജൻ: സർ, മൂക്ക് താഴോട്ട് നീണ്ട മലയാളിക്ക് കേരളം എന്ന പേരുകേട്ടാൽ അഭിമാനംകൊണ്ട് ചോര തിളയ്ക്കുന്ന അന്തരീക്ഷം ലോകത്തിന്റെ മുമ്പിൽ സൃഷ്ടിച്ച് അഭിമാനത്തോടെ, ആത്മവിശ്വാസത്തോടെ, നിറഞ്ഞ കരുത്തോടെ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങളെ അഭിസംബോധന ചെയ്യുകയാണ്. ഞങ്ങൾ തിരിച്ചുവരും, നവനിർമ്മിതി ഈ കേരളത്തെ സംരക്ഷിക്കും. പ്രിയപ്പെട്ടവരെ ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ശ്രീ. ബി. ഡി. ദേവസ്സി: സർ, 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. 2021-22-ലെ ബഡ്ജറ്റ്, ക്ഷേമവും വികസനവും നിറഞ്ഞതും തികച്ചും ജനകീയവുമാണ്. സമഗ്രവും സർവ്വതലസ്പർശിയും സാമൂഹ്യ നീതിയിൽ അധിഷ്ഠിതവുമാണ്. അഞ്ചുവർഷങ്ങളിലെ എൽ.ഡി.എഫ്. സർക്കാരിന്റെ ബദൽ സാമ്പത്തിക നയങ്ങളുടെ വ്യക്തവും കൃത്യവുമായ പ്രതിഫലനമാണ് ഈ ബഡ്ജറ്റിലുള്ളത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നവലിബറൽ സാമ്പത്തിക നയങ്ങളുടെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിച്ച സംസ്ഥാനമാണ് കേരളം. ഫെഡറൽ സാമ്പത്തിക നയങ്ങളെ കേന്ദ്രം കടപുഴക്കി എന്നതുകൊണ്ടാണ് കേരളം സാമ്പത്തിക ദുരിതം അനുഭവിച്ചത്. പ്രളയകാലത്തുപോലും കേരളത്തെ സാമ്പത്തികമായി തഴഞ്ഞ സർക്കാരാണ് കേന്ദ്രസർക്കാർ. കടം വാങ്ങാൻ അനുവാദമെങ്കിലും നൽകിയാൽ മതിയെന്ന കേരളത്തിന്റെ അഭ്യർത്ഥനപോലും കേന്ദ്രം അന്ന് തള്ളി. ഈ പ്രതികൂല കാലഘട്ടത്തിലാണ് കേരളത്തിന്റേതായ സാമ്പത്തിക നയം രൂപപ്പെടുത്തി വിജയിപ്പിച്ചത്. കേന്ദ്രത്തിന്റെ പ്രത്യേക സഹായമില്ലാതെയാണ് കേരളം വിദ്യാഭ്യാസ-ആരോഗ്യമേഖലകളിൽ ചരിത്രത്തിൽ ഏറ്റവും കൂടുതൽ നിക്ഷേപം നടത്തിയത്. ഈ അഞ്ചുവർഷം പൊതുമരാമത്ത്, ജലസേചന മേഖലകളിൽ കണ്ണഞ്ചിപ്പിക്കുന്ന നിഷേപമാണ് നടത്തിയത്. റവന്യൂകമ്മി, ധനകമ്മി എന്നീ സാമ്പത്തികഘടകങ്ങളിൽപ്പോലും വലിയ പ്രശ്നങ്ങളില്ലാതെ പിടിച്ചുനിൽക്കാൻ കഴിഞ്ഞു. പ്രളയം, നിപ, കോവിഡ് എന്നീ പ്രതിസന്ധികൾപോലും ആർജ്ജവത്തോടെ തരണം ചെയ്ത് മാതൃകയാകുവാൻ നമുക്ക് കഴിഞ്ഞു. ഇതാണ് കേരളത്തിന്റെ ഭരണപരമായും സാമ്പത്തികവുമായ വിജയം. ഇതിൽനിന്ന് നാം മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു സാമ്പത്തിക സന്ദേശം തന്നെ നൽകുകയാണ്. സ്വന്തം സമ്പദ്വ്യവസ്ഥയുടെ ശക്തി ശരിയായ രീതിയിൽ ദിശാബോധത്തോടെ ഉപയോഗിച്ചാൽ വികസനരംഗത്ത് ചരിത്രം സൃഷ്ടിക്കുവാൻ കഴിയുമെന്നതാണ് ആ സന്ദേശം. ഇതാണ് രാജ്യം

ആഗ്രഹിക്കുന്ന സാമ്പത്തിക ബദൽ. ഈ ബദൽ നമ്മുടെ സംസ്ഥാനത്ത് ആവിഷ്കരിക്കാൻ മുൻകയ്യെടുത്ത എൽ.ഡി.എഫ്. സർക്കാരിനും ബഹുമാന്യരായ മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും അഭിവാദനങ്ങൾ നേരുകയാണ്. കേരളം അഭിമാനത്തോടെ ഓർമ്മിക്കുന്നതും തലമുറകൾക്ക് പകർന്നുകൊടുക്കുന്നതുമായ ഇടത് ബദൽ നയത്തിന്റെ പൂർണ്ണ ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ പന്ത്രണ്ടാമത്തെ ബഡ്ജറ്റ്. ഞാൻ പന്ത്രണ്ട് ബഡ്ജറ്റുകളും കേട്ടിട്ടുണ്ട്. സാമ്പത്തിക ബദലിന്റെ അനിവാര്യമായ തുടർച്ച ഇതിലുടനീളം കാണാം. പന്ത്രണ്ട് ബഡ്ജറ്റുകളിൽ കഴിഞ്ഞ ആറ് ബഡ്ജറ്റുകൾ പ്രത്യേകതയുള്ളതാണ്. വർഗ്ഗീയതയും മൗലിക സാമ്പത്തിക നയങ്ങളും ഏറ്റവും പ്രതികൂലമായ സാഹചര്യത്തിലാണ് പിണറായി സർക്കാരിന്റെ ബഡ്ജറ്റുകൾ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. സാമ്പത്തിക ഭദ്രതയുള്ളതു മാത്രമല്ല, ജനകീയവുമാണെന്നതാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത. ഞാൻ ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ ബഡ്ജറ്റിൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അധിവർഷാനുകൂല്യം കൊടുക്കാൻ നൂറ് കോടിരൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുമുമ്പ് 130 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അങ്ങനെ ഈ സർക്കാർ ആകെ 230 കോടി രൂപയാണ് ക്ഷേമനിധിക്ക് അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ അഞ്ച് വർഷക്കാലത്ത് ഒരു നയാപൈസപോലും ഈ ക്ഷേമനിധിയിലെ അംഗങ്ങളായ പാവപ്പെട്ടവർക്ക് അധിവർഷാനുകൂല്യങ്ങളും വിവിധ ആനുകൂല്യങ്ങളും കൊടുത്തില്ലെന്നുള്ളത് ശ്രദ്ധേയമായിട്ടുള്ള കാര്യമാണ്. ഈ സർക്കാർ മാർച്ച് മാസത്തിനുള്ളിൽത്തന്നെ അധിവർഷാനുകൂല്യം കൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മുമ്പ് ചെയ്തതുപോലെ ബാങ്കുകൾവഴി ഇത് വിതരണം ചെയ്ത്, മാർച്ച് മാസത്തിൽത്തന്നെ പാവപ്പെട്ട, ക്ഷേമനിധിയിലെ അധിവർഷാനുകൂല്യത്തിനു വേണ്ടി കാത്തിരിക്കുന്ന, മരിക്കുന്നതിനുമുമ്പ് അത് കിട്ടുമോയെന്ന് കാത്തിരിക്കുന്ന, ആളുകളുടെ കൈകളിലേയ്ക്ക് എത്തിക്കാൻ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കന്യാസ്ത്രീ മഠങ്ങൾ, അതുപോലെ വിവിധ സ്ഥാപനങ്ങളിലെ അന്തേവാസികൾ, ആശ്രമങ്ങളിലെ അന്തേവാസികൾ ഇവർക്ക് റേഷൻ കാർഡും പെർമിറ്റുമില്ലാത്ത ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. നമ്മുടെ രാജ്യത്ത് ഭക്ഷ്യ സുരക്ഷാനിയമം വന്നതിനെത്തുടർന്നാണ് മുമ്പുണ്ടായിരുന്ന പെർമിറ്റും റേഷൻകാർഡുമെല്ലാം ഇല്ലാതായത്. ഇപ്പോൾ കോവിഡിന്റെ പശ്ചാത്തലത്തിൽ നൽകുന്ന കിറ്റുകൾ അവർക്ക് ഏറെ ആശ്വാസമായിട്ടുണ്ട്. അതുപോലെ റേഷൻ കാർഡും പെർമിറ്റും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൂടാതെ സംസ്ഥാനത്തെ ലക്ഷംവീടുകൾ, ഇരട്ടവീടുകൾ ഒറ്റ വീടാക്കണം.

<u>മി. ചെയർമാൻ</u>: സമയം കഴിഞ്ഞു.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, 148 വർഷങ്ങളായി പണിത ലക്ഷംവീടുകൾ പലതും ഇന്ന് നിലംപൊത്താവുന്ന അവസ്ഥയിലാണ്. ലക്ഷം വീടുകൾ ഒറ്റവീടാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കണം. വിവിധ വകുപ്പുകളിൽ കരാറുകാർ വർക്കെടുത്താൽ അത് കൃത്യമായി നടത്താത്ത ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. പലരും മനഃപൂർവ്വമാണ്. എന്റെ മണ്ഡലത്തിൽത്തന്നെ മൂന്ന് പി.ഡബ്ല്യൂ.ഡി. വർക്കുകൾ; ഒരു ഇറിഗേഷൻ വർക്ക്; വർക്ക് എടുത്തു, കരാറിൽ ഒപ്പിട്ടു, നിർമ്മാണോദ്ഘാടനവും നടത്തി, പക്ഷെ വർക്ക് നടത്തുന്നില്ല. ഈ നാലുപേരും കാസർഗോഡ് ജില്ലയിൽ നിന്നുള്ളവരാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ചാലക്കുടിയിൽ മാത്രമല്ല നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ മണ്ഡലങ്ങളിൽ വിവിധ വകുപ്പുകളിൽ ഇങ്ങനെ വർക്കെടുത്ത് ചെയ്യാത്ത ഒരവസ്ഥയുണ്ടെന്നാണ് അന്വേഷണത്തിൽ മനസ്സിലായത്. എന്ത് ഉദ്ദേശം വച്ചാണ് ഇവർ ഇങ്ങനെ ചെയ്യുന്നത് എന്നുള്ളത് സംബന്ധിച്ച് ഒരന്വേഷണം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പംതന്നെ വർക്കെടുത്ത് കരാർ വച്ചുകഴിഞ്ഞാൽ, അതിന്റെ കാലാവധി തീരുന്നതുവരെ കാത്തുനിൽക്കാതെ, വർക്കിൽ പുരോഗതിയില്ലെങ്കിൽ അവരെ ഒഴിവാക്കാൻ പി.ഡബ്ല്യൂ.ഡി. മാന്വവലിലും മറ്റും നിയമഭേദഗതിയും കൊണ്ടുവന്ന് കാലാവധിക്കുള്ളിൽ വർക്കുകൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശ്രീ. പി. ഉബൈദുള്ളയും ശ്രീ. സി. മമ്മൂട്ടിയുമൊക്കെ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ ബഡ്ജറ്റുകളിൽ നമ്മൾ 20 പ്രവൃത്തികൾ ആവശ്യപ്പെടുകയും അത് നടക്കാതെ പോകുകയും ചെയ്തു. കഴിഞ്ഞ വർഷം നൽകിയ പദ്ധതികൾ ഇപ്പോഴും തുടങ്ങാറായിട്ടില്ല. ഈ വർഷം അംഗീകരിച്ചിരിക്കുന്ന എന്നുപറയുന്ന വളാഞ്ചേരിയിലെ ഫയർ സ്റ്റേഷന്റെയെങ്കിലും പ്രവൃത്തി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ മണ്ഡലത്തിലേയ്ക്ക് നൽകുന്ന പ്രവൃത്തികൾ അംഗീകരിക്കുകയോ അല്ലെങ്കിൽ പ്രവർത്തനങ്ങൾ ആരംഭിക്കാതെയോ ഇരിക്കുമ്പോൾ സ്വാഭാവികമായും അതിന്റെ പ്രതിഫലനങ്ങൾ വരാനിരിക്കുന്ന കാലഘട്ടങ്ങളിൽ തീർച്ചയായും അങ്ങേയ്ക്കും അങ്ങയുടെ ഗവൺമെന്റിനുമെതിരെയുണ്ടാകും എന്നതിൽ യാതൊരു സംശയവുമില്ല. അതുപോലെ അങ്ങിവിടെ ഉന്നത വിദ്യാഭ്യാസരംഗത്തും അദ്ധ്യാപക മേഖലയിലുമൊക്കെ നടപ്പിലാക്കുമെന്ന് പറയുന്ന ഏറെ കാര്യങ്ങളുണ്ട്. ആയിരം പോസ്റ്റ് പുതുതായി ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുമെന്ന് പറയുമ്പോൾ, അദ്ധ്യാപകരുടെ വെയിറ്റേജ് കുറച്ച് 3500 പോസ്റ്റുകൾ കളഞ്ഞതിനുശേഷമാണ് 1000 പോസ്റ്റുകൾ കൊടുക്കുമെന്ന് പറയുന്നത്. അതിന്റെ സാംഗത്യം അങ്ങ്

പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെത്തന്നെ ഹൈസ്കൂൾ രംഗത്തും ഹയർസെക്കണ്ടറി രംഗത്തുമായി ഏകദേശം 3000-ത്തിലധികം അദ്ധ്യാപകർ ഇന്നും നിയമനം/നിയമനാംഗീകാരം ലഭിക്കാതെ, ശമ്പളം ലഭിക്കാതെ പട്ടിണി കിടക്കുന്ന ഈ അവസ്ഥയിൽ ശ്രീ. ടി. വി. ഇബ്രാഹിമിന്റെ നേതൃത്വത്തിലുള്ള അദ്ധ്യാപക സംഘടന, സി.കെ.സി.ടി.യുടെ (കോൺഫെഡറേഷൻ ഓഫ് കേരള കോളേജ് ടീച്ചേഴ്സ്) അദ്ധ്യാപക/ അദ്ധ്യാപികമാർ സെക്രട്ടേറിയറ്റിനുമുമ്പിൽ സമരം നടത്തുകയാണ്. അത് പരിഹരിക്കാനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വ്യാപാരികൾ ഒരുപാട് പ്രശ്നങ്ങളാണ് ഇപ്പോൾ നേരിടുന്നത്. അവർക്കാവശ്യമായ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം. പ്രളയസെസ് ഇപ്പോഴും തുടരുമെന്ന് പറയുന്നു. പ്രളയകാലത്ത് പൂട്ടിക്കിടക്കുന്ന കമ്പനികളുടെ, കച്ചവട സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജിൽ ഇളവ് കൊടുക്കുന്നതിന് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അവരുടെ പ്രയാസങ്ങൾ പരിഹരിക്കാനാവശ്യമായ ഒരു നടപടിയുണ്ടാകണം.

വിധവാ പെൻഷനുമായി ബന്ധപ്പെട്ട് പുതുതായി ഇറങ്ങിയ ഒരു ഉത്തരവ്, 97/2020/ധന.(എസ്.എഫ്.സി.സെൽ-ബി) ഉത്തരവുപ്രകാരം നിയമപരമായി വിവാഹമോചനം നേടിയവരെ വിധവയായി കണക്കാക്കാനാവില്ലെന്ന് പറയുന്നു. ആ ഒരു ഉത്തരവിനാൽ ആയിരക്കണക്കിന് വിധവകളുടെ പെൻഷനാണ് നഷ്ടപ്പെടാൻ പോകുന്നത്. ആ ഉത്തരവ് തിരുത്തി പെൻഷൻ നൽകുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും അപേക്ഷിക്കുകയുമാണ്

പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്ക് പരിശോധിക്കാതിരിക്കാൻ വേണ്ടിയുള്ള അല്ലെങ്കിൽ അവിടെ ചെലവാകുന്ന കാര്യങ്ങൾ പരിശോധിക്കാതിരിക്കുന്നതിനുള്ള ഒരു ഉത്തരവ് ധനകാര്യ വകുപ്പിൽനിന്നും കഴിഞ്ഞദിവസം ഇറങ്ങിയിരുന്നു. അത് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കുറി 1000 കോടി രൂപയാണ് പദ്ധതി വിഹിതമായി പ്രഖ്യാപിച്ചിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം പിടിച്ചെടുത്ത സർക്കാർ ആയിരം കോടി രൂപകൊടുക്കുമെന്ന് പറയുന്നതിലെ സാംഗത്യം പരിഹരിക്കാനാവശ്യമായ ഒരു നിലപാടുകൂടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. വി. ജോയി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. എനിക്ക് ബഡ്ജറ്റ് പ്രസംഗമുള്ള ദിവസമാണ് ഏറെ പ്രിയങ്കരനായ കെ. വി. വിജയദാസ് നമ്മെ വിട്ടുപിരിഞ്ഞുപോയത്. അതുകൊണ്ട് ബഡ്ജറ്റ് പ്രസംഗം നടത്താൻ സാധിച്ചില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ

ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി, അദ്ദേഹത്തിന്റെ ബഡ്ജറ്റിലെ 4-ാം പാരഗ്രാഫ് തുടങ്ങുന്നത് എന്റെ മണ്ഡലത്തിലെ മടവൂർ എൻ.എസ്.എസ്.എച്ച്.എസ്.എസ്.-ലെ ആർ.എസ്. കാർത്തികയുടെ പ്രത്യാശ പങ്കുവച്ചുകൊണ്ടാണ്.

'യുദ്ധം ജയിച്ചിടും
യുവസൂര്യനുദിച്ചിടും
മുന്നോട്ടു നടന്നിടും നാമിനിയും
വിജയഗാഥകൾ ചരിത്രമായി വാഴ്ത്തിടും'.

ഇതിനുശേഷം ഞാൻ ആർ.എസ്. കാർത്തികയുടെ വീട്ടിൽ പോയിരുന്നു. എന്തൊരു സന്തോഷമായിരുന്നു! ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി എടുത്ത പ്രത്യേകമായിട്ടുള്ള പദപ്രയോഗവും താൽപ്പര്യവും, നമ്മുടെ വിദ്യാർത്ഥി സമൂഹത്തിന് വന്നിട്ടുള്ള പ്രത്യേക ഉണർവ്വും ഈ അവസരത്തിൽ പ്രത്യേകം സൂചിപ്പിക്കുകയാണ്. ലൈഫ് മിഷനെ സംബന്ധിച്ച് അല്പംമുമ്പ് ഇവിടെ കോവളം എം.എൽ.എ. സൂചിപ്പിക്കുകയുണ്ടായി, 'എന്നാണ് മൂന്ന് ലക്ഷം വീടുകൾ കൊടുക്കുന്നത്? ഞങ്ങൾ ഭരിച്ചപ്പോൾ ഇന്ദിരാ ആവാസ് യോജനയിലൂടെ മൂന്ന് ലക്ഷം വീടുകൾ കൊടുത്തു' എന്നാണ്. എന്റെ പ്രിയപ്പെട്ട കോവളം എം.എൽ.എ.ഒന്ന് പറഞ്ഞുതരാമോ; ഞാനും ജനപ്രതിനിധിയായിരുന്നു, ഞാൻ പഞ്ചായത്ത് പ്രസിഡന്റായി, ബ്ലോക്ക് പ്രസിഡന്റായി, ജില്ലാ പഞ്ചായത്ത് മെമ്പറായി, ഈ സമയങ്ങളിലൊക്കെ ഏത് പദ്ധതിയിൽ എത്ര വീട് കിട്ടുമെന്നെല്ലാം അക്കമിട്ട് പറയാൻ എനിക്ക് കഴിയും. ഈ സഭയെ അങ്ങ് തെറ്റിദ്ധരിപ്പിക്കരുത്. ഇവിടെ ലൈഫ് മിഷനെ തകർക്കാൻ അക്കരെ നിന്ന് ഒരു എം.എൽ.എ. വന്നു. ബി.ജെ.പി.-യെ കൂട്ടുപിടിച്ച് സി.ബി.ഐ.-യെ കൊണ്ടുവന്നു. നൂറ് കണക്കിനുപേരെ വഴിയാധാരമാക്കി. നിങ്ങളുടെ പ്രിയനേതാവ് മുൻമന്ത്രി പി. കെ. വേലായുധന്റെ ഭാര്യ ഗിരിജ വേലായുധന് സ്വന്തമായി വീടെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടത് ഈ ലൈഫ് മിഷൻ പദ്ധതിയിലൂടെയാണെന്ന് പ്രിയപ്പെട്ട കോവളം എം.എൽ.എ. മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

ഇവിടെ 'ദി ഹിന്ദു' പത്രം കേരളത്തിന്റെ വികസന പന്ഥാവിനെ സംബന്ധിച്ച് ഒരു ആർട്ടിക്കിൾ എഴുതുകയുണ്ടായി. അതിൽ പറഞ്ഞിട്ടുള്ളത് വരവിന്റെ 68% കേരളം വികസനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുവെന്നാണ്. അതിൽ വികസന നിക്ഷേപം 52.86 ശതമാനമാണ്. ഇവിടെ ഭരണ ചെലവിനായി വെറും 32% മാത്രമേ ചെലവഴിക്കുന്നുള്ളൂ. അപ്പോൾ വികസനത്തിന്റെ കാര്യത്തിൽ കേരളം പ്രത്യേകമായിട്ടുള്ള ഊന്നൽ നൽകുന്നതായി 'ദി ഹിന്ദു' പത്രത്തിലെ ആർട്ടിക്കിളിൽ സൂചിപ്പിക്കുന്നുണ്ട്.

ഈ നിയമസഭ സമ്മേളനത്തിൽ ഏറ്റവും ശ്രദ്ധേയമായ കാര്യം, ഇത് അവസാനത്തെ നിയമസഭാ സമ്മേളനമാണ് എന്നതാണ്. ഈ സെഷനോടുകൂടി നമ്മൾ പിരിയുകയാണ്. സാധാരണനിലയിൽ ഇങ്ങനെ ചേരുന്ന ഒരു സമ്മേളനത്തിൽ ഭരണപക്ഷത്തെക്കുറിച്ച് എന്തെല്ലാം ആരോപണങ്ങൾ, അഴിമതി ആരോപണങ്ങൾ, വ്യക്തിപരമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കേണ്ടത്? ഇവിടെ ഏതെങ്കിലും ഒരു കാര്യത്തിൽ അങ്ങനെ ചെയ്യാൻ, ഭരണപക്ഷത്തെ മോശപ്പെടുത്താൻ നിങ്ങൾക്ക് സാധിച്ചോ? ഇവിടെ ആകെ രണ്ട് കാര്യങ്ങളാണ് നിങ്ങൾ ഉന്നയിച്ചത്. ഒന്ന്, ലൈഫ് മിഷനുമായി ബന്ധപ്പെട്ടതും മറ്റൊന്ന്, മദ്യത്തിന്റെ വിലകൂട്ടിയതിനെ സംബന്ധിച്ചും. ഈ സഭയുടെ സൗമ്യതയുള്ള രണ്ട് മുഖങ്ങളാണ് ബഹുമാന്യരായ എ. സി. മൊയ്തീൻ മിനിസ്റ്ററും ടി. പി. രാമകൃഷ്ണൻ മിനിസ്റ്ററും. ഈ രണ്ടുപേരും വളരെ ഭംഗിയായി അവരുടെ കർത്തവ്യം നിർവ്വഹിച്ചു. നിങ്ങൾക്ക് തലകുമ്പിട്ടിരിക്കാൻ മാത്രമേ സാധിച്ചുള്ളൂവെന്നുള്ളത് മനസ്സിലാക്കണം. എന്നാൽ ഈ സമ്മേളനത്തിൽ പ്രതിപക്ഷം വല്ലാതെ മോശമാകുകയാണ്. സ്വന്തം നിലനിൽപ്പിനുവേണ്ടി പോരടിക്കേണ്ടി വരികയാണ്. എന്തൊരു ദയനീയമായ സ്ഥിതിയാണ് ഇന്ന് പ്രതിപക്ഷത്തിനുള്ളത്. പ്രതിപക്ഷത്തിരുന്ന് അഴിമതി നടത്താൻ സാധിക്കുമെന്ന് തെളിയിച്ച കൂട്ടരാണ് നിങ്ങളെന്നുള്ളത് ഈ കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുകയാണെന്നുള്ളത് നിങ്ങൾ കാണണം. ഭവനപദ്ധതിയുമായി ബന്ധപ്പെട്ട്, ബിർമിങ്ഹാം യാത്രയുമായി ബന്ധപ്പെട്ട്, 'ഞാനില്ലേ, ഞാനില്ലേ, ഞാൻ ചെയ്തില്ലേ, ചെയ്തില്ലേ' എന്ന് ഒരു പ്രതിപക്ഷ എം.എൽ.എ. ആണയിട്ട് പറയുകയാണ്. കഴിഞ്ഞ മഹാപ്രളയകാലത്ത് പ്രത്യേകം ഒരു വീടെടുത്ത് ആ വീട്ടിനകത്ത്, ആളുകളിൽനിന്നും സാധനങ്ങൾ സംഭരിച്ച് തനിക്ക് ഇഷ്ടമുള്ളവർക്ക് കൊടുത്തതിന്റെ ആരോപണം ഈ പറവൂർ എം.എൽ.എ.-യുമായി ബന്ധപ്പെട്ട് നിൽക്കുകയാണ്. ഞാനും നിങ്ങളുമെല്ലാം എം.എൽ.എ.-മാരാണ്. ഞങ്ങൾക്ക് ധാരാളം ആളുകൾ സാധനങ്ങൾ വാങ്ങിത്തന്നിട്ടുണ്ട്. അതെല്ലാം കളക്ടർക്ക് കൊടുക്കുമ്പോൾ, ഇവിടെ ഒരു വീടെടുത്ത് വീട്ടിനകത്ത് സാധനങ്ങൾ വാങ്ങിക്കൂട്ടി തങ്ങൾക്ക് ഇഷ്ടമുള്ളവർക്ക് കൊടുത്തയാളാണ് പറവൂർ എം.എൽ.എ., നാളെ അതും നിഷേധിക്കും. ഒരു പക്ഷെ വീണ്ടും ആണയിട്ട് പറയും. ഞാൻ അതിലേയ്ക്ക് പോകുന്നില്ല.

ഇവിടെ മഞ്ചേശ്വരം എം.എൽ.എ., നിങ്ങൾ ലീഗുകാരാകെ ബേജാറാണെന്നറിയാം. ഇവിടെ അര ഡസനോളം വരുന്ന എം.എൽ.എ.മാരെല്ലാം ഓരോ കാര്യങ്ങൾക്കായി ജയിലിലേക്ക് പോകാൻ തയ്യാറായി നിൽക്കുകയാണ്. ഇവിടെ കഴിഞ്ഞ ദിവസം തൃക്കാക്കര എം.എൽ.എ. ഒരു പ്രസംഗം നടത്തി.

'എന്നെ കണ്ടാൽ കിണ്ണം കട്ടവൻ എന്ന് തോന്നുമോ?' എന്ന അർത്ഥത്തിലാണ് അദ്ദേഹം പ്രസംഗിച്ചത്. രണ്ട് വിജിലൻസ് അന്വേഷണം നേരിടുന്ന വ്യക്തിയാണ് തൃക്കാക്കര എം.എൽ.എ. കേരളത്തിന്റെ മുഖ്യമന്ത്രിയെ ചീത്തപറഞ്ഞാൽ, കേരളത്തിന്റെ മുഖ്യമന്ത്രിക്കെതിരായി മോശപ്പെട്ട പദപ്രയോഗങ്ങൾ നടത്തിയാൽ പിറ്റേന്ന് പത്രങ്ങളിൽ വാർത്തവരും. ആ വാർത്ത തനിക്ക് ഉപയോഗപ്പെടുമെന്നുള്ള നിലയിലാണ് തൃക്കാക്കര എം.എൽ.എ. ഇവിടെ സംസാരിച്ചത്. അദ്ദേഹം പറഞ്ഞു അധോലോകനായകൻ.; എന്താണ് അധോലോകനായകന്റെ അർത്ഥം. തൃക്കാക്കര എം.എൽ.എ.-യ്ക്ക് പറയാമോ? നിങ്ങൾ ചെയ്ത നിങ്ങളുടെ പേരിൽ വിജിലൻസ് അന്വേഷിക്കുന്ന രണ്ട് കാര്യങ്ങളിൽ ഈ അധോലോക നായകന്റെ പരിവേഷമുണ്ടോ; നിങ്ങൾ പരിശോധിക്കണ്ടേ? കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ടിഷ്യൂ പേപ്പർ കൊണ്ടുപോയി കൊടുത്താലും ഒപ്പിട്ട് കൊടുക്കുമെന്ന് ഇവിടെ പറഞ്ഞു. കേരളത്തിൽ ചെറിയ ക്ലാസ്സിൽ പഠിക്കുന്ന കുട്ടിപോലും അത് വിശ്വസിക്കില്ല. കേരളത്തിന്റെ മുഖ്യമന്ത്രി അങ്ങനെ ആരെങ്കിലും കൊണ്ടുകൊടുത്താൽ ഒപ്പിട്ടുകൊടുക്കുമെന്ന് വിശ്വസിക്കുന്നില്ല. സ്ലഗ്ഗി കൊണ്ടുകൊടുത്താൽ ഒപ്പിടുന്ന അല്ലെങ്കിൽ അതിൽ ഉത്തരവെഴുതിയ ഒരു മുഖ്യമന്ത്രി ഉണ്ടായിരുന്ന നാടാണ് ഇതെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. അല്ലാതെ ടിഷ്യൂ പേപ്പർ അല്ല എന്നുള്ളത് നിങ്ങൾ തിരിച്ചറിയണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിന്റെ മുഖ്യമന്ത്രിയെ നിങ്ങൾക്കറിയാം, ഈ ഇന്ത്യയിലോ, കേരളത്തിലോ ചെയ്യാത്ത ഒരു കുറ്റത്തിനുവേണ്ടി അദ്ദേഹത്തെ രാഷ്ട്രീയ വനവാസത്തിന് അയയ്ക്കാൻ തയ്യാറായവരാണ് നിങ്ങൾ. ഈ നാട്ടുമുഴുവൻ അദ്ദേഹത്തിനെതിരായി കോപ്രായങ്ങൾ പടച്ചുണ്ടാക്കിയവരാണ് നിങ്ങൾ. കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനായതുകൊണ്ട് അതിനെ നേരിടുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ മനോധൈര്യവും കരുത്തും ശേഷിയും കൊണ്ടുമാത്രമാണ് പിടിച്ചുനിന്നത്. നിങ്ങൾ കള്ളക്കഥകൾ ഉണ്ടാക്കുകയാണ് ചെയ്തത്. ബഹുമാന്യനായ പഴയ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട് പത്രസമ്മേളനം നടത്തിയപ്പോൾ എന്താണ് പറഞ്ഞത്?

മി. ചെയർമാൻ: സമയം കഴിഞ്ഞു, അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. വി. ജോയി: സർ, ഞാൻ അവസാനിപ്പിക്കാം. അദ്ദേഹം എന്താണ് പറഞ്ഞത്; ശ്രീ. പിണറായി വിജയൻ പ്രതിയാണോ എന്ന് പത്രക്കാർ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കയ്യിൽ വിജിലൻസിന്റെ റിപ്പോർട്ടുണ്ട്. ഞാൻ വിജിലൻസ് വകുപ്പിന്റെ മന്ത്രിയാണ്. ആ റിപ്പോർട്ടിനകത്ത് സഖാവ് പിണറായി വിജയൻ പ്രതിയല്ല എന്നുപറഞ്ഞു.

മി. ചെയർമാൻ: അടുത്ത ആളെ വിളിക്കേണ്ടിവരും. പ്ലീസ്....

ശ്രീ. വി. ജോയി: സർ, പിന്നെന്തിനാ നിങ്ങൾ സി.ബി.ഐ. അന്വേഷണത്തിന് വിട്ടതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, 'ഹം സബ് ചോർ ഹേ' എന്ന് നിങ്ങൾ പത്രക്കാർ എഴുതി; അതുകൊണ്ട് മാർച്ച് മാസം ഒന്നാം തീയതി സ്പെഷ്യൽ കാബിനറ്റ് കൂടി ഇത് സി.ബി.ഐ.-യ്ക്ക് വിടാൻ തയ്യാറായി എന്നാണ്. സഖാവ് പിണറായി വിജയന്റെ കൈകൾ ശുദ്ധമാണെന്ന് നിങ്ങൾക്കറിയാം. പക്ഷെ നിങ്ങൾ അദ്ദേഹത്തെ ക്രൂശിക്കുകയാണ് ചെയ്തത് എന്നുള്ളത് മനസ്സിലാക്കണം.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്....

ശ്രീ. വി. ജോയി: സർ, ഞാൻ നിർത്തുകയാണ്. നിങ്ങൾ എല്ലാറ്റിന്റെയും ഉസ്താദുമാരാകരുത്. ഇടതുപക്ഷം തിരിച്ചുവരും. ഇവിടത്തെ ഉപതെരഞ്ഞെടുപ്പുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകളിലും ഇടതുപക്ഷം അത് തെളിയിച്ചു. പ്രസവമെടുത്ത ഡോക്ടറെ ആരും വാപ്പയെന്ന് വിളിക്കാറില്ല എന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. ഏഷ്യാനെറ്റിലെ ശ്രീമതി സിന്ധു സൂര്യകുമാർ ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ഒരു അഭിമുഖത്തിൽ പറഞ്ഞ ഒരു വാക്ക് കടമെടുത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ന് പ്രതിപക്ഷത്തിന്റെ അവസ്ഥ, പാണ്ടി ലോറി കയറിയ തവളയുടെ അവസ്ഥയാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്.

7.00 P.M.]

ശ്രീ. റോജി എം. ജോൺ: സർ, ധൂർത്തും അഴിമതിയും പിൻവാതിൽ നിയമനങ്ങളും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ സർക്കാരിന്റെ ഉപധനാഭ്യർത്ഥകളെ ഞാൻ എതിർക്കുകയാണ്.

പ്രസവമെടുത്ത ഡോക്ടറെ ആരും വാപ്പയെന്ന് വിളിക്കാറില്ലെന്ന് ബഹുമാന്യനായ ശ്രീ. വി. ജോയി ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിലായിരിക്കുമത് ഉദ്ദേശിച്ചതെന്ന് ഞാൻ കരുതുകയാണ്. പാക്കേജ് ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടുള്ളൊരു ധനകാര്യ വകുപ്പുമന്ത്രിയാണ് ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്. കുട്ടനാട് പാക്കേജിന് എത്ര കോടിയാണെന്ന് അദ്ദേഹത്തിനുതന്നെ ഓർമ്മയുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. തീരദേശ പാക്കേജ്, ഓഖി പാക്കേജ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് എന്നിങ്ങനെ ആയിരക്കണക്കിന് കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ച് എല്ലാപേരെയും പുളകം കൊള്ളിച്ചു. ഈ പാക്കേജുകളൊക്കെ

എന്തായി എന്നുള്ളത് ഈ പ്രദേശത്തെ ആളുകൾ ഇപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. കോവിഡ് വന്നപ്പോൾ അദ്ദേഹമങ്ങനെ ചുരുക്കിയില്ല; ഇരുപതിനായിരം കോടി രൂപയുടെ ഉത്തേജന പാക്കേജ് പ്രഖ്യാപിച്ചു. സൈബർ സഖാക്കൾക്ക് ഒരു ദിവസത്തേയ്ക്ക് ഉത്തേജന ക്യാപ്സൂൾ അതായിരുന്നുവെന്നതായിരുന്നു യാഥാർത്ഥ്യം. ഒരു മയത്തിലൊക്കെ വേണ്ടേ ഇത്തരത്തിലുള്ള തള്ളലുകൾ നടത്താൻ. ഇത്രയും വലിയ പാക്കേജുകളൊക്കെ പ്രഖ്യാപിച്ചിട്ട് ഇവിടത്തെ ചെറുകിട വ്യാപാരികൾക്ക്, പാവപ്പെട്ട ഓട്ടോറിക്ഷ-ടാക്സി തൊഴിലാളികൾക്ക്, കൂലിപ്പണിക്കാർക്ക്, നിത്യരോഗികളായ ആളുകൾക്കൊക്കെ എന്തുകിട്ടിയെന്ന് വ്യക്തമാക്കാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ട്.

അനാഥാലയങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ, കോൺവെന്റുകൾ ഉൾപ്പെടെയുള്ളവയുടെ പെർമിറ്റുകൾ പുനഃസ്ഥാപിക്കാനായുള്ള നടപടിയുണ്ടാകണം. കോവിഡിന്റെ പശ്ചാത്തലത്തിൽ വലിയ ദുരിതത്തിലാണ് ഇത്തരം സ്ഥാപനങ്ങളിപ്പോൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം.

ഇവിടെ ഭരണ-പ്രതിപക്ഷ വിവേചനമുണ്ടായിയെന്ന് ഞങ്ങൾ ഇത്രയും നാൾ പറഞ്ഞത് ഇപ്പോൾ സാധൂകരിക്കുന്ന തരത്തിലാണ് എനിക്ക് മുൻപ് രണ്ട് ഭരണപക്ഷ അംഗങ്ങൾ ഇവിടെ സംസാരിച്ചത്. 1300 കോടി രൂപയുടെ പദ്ധതികൾ കിട്ടിയെന്ന് ഒരംഗം പറഞ്ഞു. ആയിരത്തിൽപ്പരം കോടി രൂപയുടെ പദ്ധതികൾ ലഭിച്ചുവെന്ന് മറ്റൊരംഗവും പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആകെ പ്രഖ്യാപിച്ചത് അറുപതിനായിരം കോടി രൂപയുടെ പാക്കേജാണ്. അതിൽ രണ്ടംഗങ്ങൾക്കുതന്നെ 2500 കോടി രൂപയുടെ പാക്കേജ് ലഭിച്ചുവെന്ന് പറഞ്ഞു. ബാക്കിയുള്ള ആളുകൾക്ക് എങ്ങനെയിത് കിട്ടിയെന്ന് അദ്ദേഹത്തിനുതന്നെ വ്യക്തമാക്കാൻ സാധിക്കുമോ?

അങ്കമാലി താലൂക്ക് ആശുപത്രിക്ക് മാതൃ-ശിശു മന്ദിരം പണിയാനായി 2018-ൽ നാലരക്കോടി രൂപയുടെ എസ്റ്റിമേറ്റും വിശദമായ പ്ലാനും ഡി.എച്ച്.എസ്. മുഖേന സർക്കാരിൽ നൽകി. പ്രളയം വന്നപ്പോൾ പ്രളയത്തിന്റെ പേരിൽ അത് കട്ട് ചെയ്തു. അടുത്ത വർഷം വീണ്ടും അതേ പദ്ധതി ഡി.എച്ച്.എസ്. മുഖേന സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവന്നു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അത് അംഗീകരിച്ച് ധനകാര്യ വകുപ്പിലേയ്ക്ക് കൊടുത്തുവിട്ടു. ധനകാര്യ വകുപ്പിലെത്തിയപ്പോൾ അതവിടെ നിന്ന് വെട്ടിപ്പോകുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. പ്രളയവും കോവിഡും ബാധിച്ചൊരു പ്രദേശം, അവിടെ വിവേചനം ഉണ്ടായില്ലേ? എല്ലാ വർഷവും ബഡ്ജറ്റിൽ ഇരുപത് പ്രവൃത്തികൾ

എഴുതിക്കൊടുക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയും. ഞങ്ങളൊക്കെ ഇരുപത് പ്രവൃത്തികൾ എഴുതിക്കൊടുക്കുകയും ചെയ്തു. അതിൽ പ്രതിപക്ഷാംഗങ്ങൾ എഴുതിക്കൊടുത്ത എത്ര പ്രവൃത്തികൾക്ക് ഈ ബഡ്ജറ്റിൽ ഇരുപത് ശതമാനം അലോട്ട് ചെയ്ത് വന്നുവെന്ന് പറയാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. കഴിഞ്ഞ നാല് വർഷങ്ങളിലും ഞാൻ എഴുതിക്കൊടുത്തതാണ് വേങ്ങൂർ നായത്തോട് എയർപോർട്ട് റോഡിന്റെ കാര്യം. അങ്കമാലിയിൽനിന്നും എയർപോർട്ടിലേയ്ക്ക് പോകുന്ന വളരെ പ്രധാനപ്പെട്ട ഈ റോഡിന്റെ വീതികൂട്ടുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും അതിന്റെ നിർമ്മാണത്തിനുമായുള്ള രണ്ടാം ഘട്ടത്തിന് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും ഈ നാല് വർഷമായിട്ടും ഒരു തുകപോലും അനുവദിച്ചിട്ടില്ല. വളരെ പ്രധാനപ്പെട്ട റോഡായ മഞ്ഞപ്ര-ചുള്ളി റോഡിന്റെ കാര്യവും എല്ലാവർഷവും എഴുതിക്കൊടുക്കുന്നതാണ്, ഒരു തുകയും അനുവദിച്ചിട്ടില്ല. പാവപ്പെട്ട ബാംബൂ കോർപ്പറേഷൻ തൊഴിലാളികളോട് എന്തിനാണ് സർക്കാർ ഈ അവഗണന കാണിക്കുന്നത്. ആയിരക്കണക്കിന് സ്ത്രീകളുൾപ്പെടെ ജോലിയെടുക്കുന്ന പരമ്പരാഗത വ്യവസായമാണത്. 58 മാസമായി അവരുടെ ഡി.എ. കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പാവപ്പെട്ട തൊഴിലാളികൾക്ക് എന്താണ് നൽകിയത്? ഞങ്ങൾ എം.എൽ.എ.-മാർ എത്രയോ തവണ നിയമസഭയിൽ ഈ വിഷയം സബ്മിഷനായി ഉന്നയിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് പ്ലാന്റിന്റെ വിപുലീകരണത്തിനുവേണ്ടി 5 കോടി രൂപ അനുവദിക്കുമെന്നാണ്. 58 മാസത്തെ ഡി.എ. കുടിശ്ശിക കിട്ടാനുള്ള ഈ തൊഴിലാളികൾക്ക് എന്തുകിട്ടുമെന്ന് പറയാൻ അങ്ങ് തയ്യാറാകണം. ബാംബൂ കോർപ്പറേഷന് കീഴിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ കുടിശ്ശിക കൊടുത്തുതീർക്കാനായി പ്രത്യേക തുക അനുവദിക്കണം.

ഇവിടെ കിഫ്ബിയെയും കിഫ്ബിയുടെ വലിയ പദ്ധതികളെയുംകുറിച്ച് പറഞ്ഞു. എറണാകുളം ജില്ലയിൽമാത്രം കിഫ്ബിവഴി പ്രഖ്യാപിച്ച വൻകിട പദ്ധതികൾ എവിടെയെത്തിയെന്ന് ഞാൻ അവിടത്തെ എം.എൽ.എ.-മാരുമായി സംസാരിച്ചു. പറവൂർ നിയോജകമണ്ഡലത്തിൽ മൂന്ന് പാലങ്ങൾക്ക് 52 കോടി രൂപ അനുവദിച്ചു.

മി. ചെയർമാൻ: സമയം കഴിഞ്ഞു....

ശ്രീ. റോജി എം. ജോൺ: സർ, ഡിസൈൻപോലും തയ്യാറായിട്ടില്ലെന്ന് പറവൂർ അംഗം ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പിറവം

നിയോജകമണ്ഡലത്തിലെ മാമല-തിരുവാങ്കുളം ബൈപ്പാസിന് 75 കോടി രൂപ അനുവദിച്ചെങ്കിലും ഒരു കല്ലുപോലും ഇടാൻ സാധിച്ചില്ല. മൂവാറ്റുപുഴ-കാക്കനാട് നാലുവരി പാത മൂന്ന് നിയോജകമണ്ഡലങ്ങൾ ഉൾപ്പെടുന്നതാണ്; 40 കോടി രൂപ അനുവദിച്ചു; ഒരു കല്ലിടാനായി ഇതുവരെ സാധിച്ചിട്ടില്ല. എറണാകുളം മണ്ഡലത്തിലെ വാത്തുരുത്തി, അറ്റ്ലാന്റിസ് റെയിൽവേ ഓവർബ്രിഡ്ജ് - 2 എണ്ണം, ഇതുവരെ ഒരു നടപടിപോലും ആയിട്ടില്ല. സീപോർട്ട് എയർപോർട്ട് റോഡിനായി 425 കോടി രൂപ അനുവദിച്ചെങ്കിലും ഒരു കല്ലിടാൻപോലും ഇതുവരെ സാധിച്ചിട്ടില്ല. മൂവാറ്റുപുഴ ബൈപ്പാസ് 60 കോടി രൂപ, എന്തെങ്കിലും നടപടി ഇതുവരെ സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോ? ഇതുപോലെതന്നെ അങ്കമാലി ബൈപ്പാസിന് 275 കോടി രൂപ, പെരുമ്പാവൂർ ബൈപ്പാസിന് 130 കോടി രൂപ - ഇതുവരെ ഒരു കല്ലിടാനായി സാധിച്ചിട്ടില്ല. ഈ തുകകളൊക്കെ കേൾക്കുമ്പോൾ ആളുകൾക്ക് വലിയ ആവേശമുണ്ടാകും. പക്ഷെ കിഫ്ബിയുമായി ബന്ധപ്പെട്ട പ്രവൃത്തികളെക്കുറിച്ച് ഞങ്ങൾ തുടക്കം മുതൽ പറഞ്ഞ കാര്യങ്ങൾ അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായിരിക്കുകയാണ്. ഈ പദ്ധതികളൊക്കെ ഒച്ചിഴയുന്നതുപോലെ ഇഴഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. എറണാകുളം ജില്ലയിൽമാത്രം ഈ പറഞ്ഞ പദ്ധതികൾ എന്തുകൊണ്ട് ഇഴഞ്ഞുനീങ്ങുന്നുവെന്നതിനെ സംബന്ധിച്ച് ഒരു അവലോകനം നടത്താൻ തയ്യാറാകണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നത്.

ഒരു സംശയവും വേണ്ട, ഐക്യജനാധിപത്യ മുന്നണി അടുത്ത തെരഞ്ഞെടുപ്പിലിവിടെ ശക്തമായി തിരിച്ചുവരുമെന്ന് ശ്രീ. എം. വിൻസെന്റ് എം.എൽ.എ. പറഞ്ഞത് ഞാൻ അടിവരയിട്ട് പറയാൻ ആഗ്രഹിക്കുന്നു. ബഹുമാന്യനായ ശ്രീ. രാഹുൽ ഗാന്ധി ലോകപ്രശസ്തരും നോബൽ സമ്മാന ജേതാക്കളുൾപ്പെടെയുള്ള ധനകാര്യ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് പ്രഖ്യാപിച്ച 'ന്യായ് പദ്ധതി' കേരളത്തിൽ നടപ്പിലാക്കുമെന്ന് യു.ഡി.എഫ്. പറഞ്ഞിട്ടുണ്ടെങ്കിൽ അത് നടപ്പിലാക്കുകതന്നെ ചെയ്യും. അത് പ്രഖ്യാപിച്ചപ്പോൾത്തന്നെ ഇടതുപക്ഷത്തെ പല ആളുകൾക്കും ഇവിടെ ഹാലിളകിയിരിക്കുകയാണ്. ഇതിന്റെ ഫണ്ട് എവിടെനിന്ന് കണ്ടെത്തുമെന്നാണ് അവരിപ്പോൾ ചോദിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങൾ പറയാം, ഷുഹൈബ് വധക്കേസിലെ പ്രതികളെ സംരക്ഷിക്കാനായി ഈ സർക്കാർ ചെലവാക്കിയ 64 ലക്ഷം രൂപയുണ്ടെങ്കിൽ യു.ഡി.എഫ്.-ന്റെ ന്യായ് പദ്ധതി പ്രകാരം 1066 കുടുംബങ്ങൾക്ക് 6000 രൂപ വീതം നൽകാൻ സാധിക്കും. എൽ.ഡി.എഫ്. സർക്കാർ പരസ്യങ്ങൾക്ക് ചെലവാക്കിയ 100 കോടി രൂപയുണ്ടെങ്കിൽ 160000 കുടുംബങ്ങൾക്ക് ന്യായ് പദ്ധതിപ്രകാരം 6000 രൂപ വച്ച്

നൽകാൻ സാധിക്കും. മുൻ എം.പി.-ക്ക്, തോറ്റ എം.പി.-ക്ക് ഡൽഹിയിൽ വെറുതെ ഇരിക്കാനായി ഒരു മാസം ചെലവാക്കുന്ന 3,28,000 രൂപയുണ്ടെങ്കിൽ 54 കുടുംബങ്ങൾക്ക് നൽകാൻ സാധിക്കും. വെറുതെ നിർത്തിയിട്ടിരിക്കുന്ന ഹെലികോപ്റ്ററിന്റെ വാടകയായ ഒന്നരക്കോടി രൂപയുണ്ടെങ്കിൽ 2500 കുടുംബങ്ങൾക്ക് ന്യായ് പദ്ധതിവഴി പണം നൽകാൻ സാധിക്കും. അഴിമതി, കൊലപാതക കേസുകൾ നടത്താനായി ചെലവാക്കിയ 24 കോടി രൂപയുണ്ടെങ്കിൽ 40000 കുടുംബങ്ങൾക്ക് ന്യായ് പദ്ധതി പ്രകാരം പണം അനുവദിക്കാൻ സാധിക്കും. കൃപേഷ്, ശരത്‌ലാൽ കൊലക്കേസ് സി.ബി.ഐ.-ക്ക് വിടാതിരിക്കാനായി ചെലവാക്കിയ 88 ലക്ഷം രൂപയുണ്ടെങ്കിൽ 1466 കുടുംബങ്ങൾക്ക് ന്യായ് പദ്ധതിയിൽ തുക അനുവദിക്കാൻ സാധിക്കും.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. റോജി എം. ജോൺ: സർ, സ്വപ്ന സുരേഷിന്റെ ഒരു മാസത്തെ ശമ്പളമായ 3 ലക്ഷം രൂപയുണ്ടെങ്കിൽ 50 കുടുംബങ്ങൾക്ക് ന്യായ് പദ്ധതിയിൽ ഒരു മാസം പണം അനുവദിക്കാൻ സാധിക്കും. ലൈഫ് പദ്ധതിയിൽ വെട്ടിച്ച 9 കോടി രൂപയുണ്ടെങ്കിൽ 15000 കുടുംബങ്ങൾക്ക് ഒരു മാസം ന്യായ് പദ്ധതിയിൽ പണം അനുവദിക്കാൻ സാധിക്കും. മുഖ്യമന്ത്രിയുടെ ഉപദേശകർക്ക് കൊടുക്കുന്ന പണവും പ്രളയഫണ്ടിൽനിന്ന് മുക്കിയ കോടികളും കൺസൾട്ടൻസി കരാറുകൾക്ക് നൽകിയ കോടികളുമൊക്കെ ഉണ്ടെങ്കിൽ ന്യായ് പദ്ധതി നടപ്പിലാക്കാൻ കഴിയും. ഒരു സംശയവും വേണ്ട ഈ ധൂർത്ത് അവസാനിപ്പിച്ചാൽ കേരളത്തിൽ ന്യായ് പദ്ധതി നടപ്പിലാക്കിയെടുക്കാൻ സാധിക്കും. യു.ഡി.എഫ്.-ന്റെ ഭരണം തിരിച്ചുവരുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ശ്രീ. റോജി എം. ജോണിനോട് ഒരു സംശയം ചോദിക്കുകയാണ്. 6000 രൂപ വീതം 12 മാസവും നൽകുമെന്നല്ലേ പറയുന്നത്.

ശ്രീ. റോജി എം. ജോൺ: അതെ.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഒരുപക്ഷെ നമ്മുടെ സംസ്ഥാനത്തിന്റെ ധനകാര്യ ചരിത്രത്തിലെ ഏറ്റവും വലിയ ഉപധനാഭ്യർത്ഥനകളാണ് ഇന്നിവിടെ പാസ്സാക്കാൻ പോകുന്നത്. മൊത്തം 36,330 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ്. അതിൽ ഏകദേശം 16,000 കോടി രൂപയാണ് റിയൽ എക്സ്പെൻഡിച്ചർ. ബാക്കി ഇരുപതിനായിരത്തിൽപ്പരം കോടി രൂപ കടം വാങ്ങിയത് തിരിച്ചടയ്ക്കാനും വേയ്സ് ആൻഡ് മീൻസ് അഡ്വാൻസ്

തിരിച്ചടയ്ക്കാനും വേണ്ടിയാണ്. ഏതാണ്ട് പൂർണ്ണമായും വേയ്സ് ആൻഡ് മീൻസ് തിരിച്ചടവിനെന്ന് പറയാം. എത്ര ശ്രമകരമായ ധനമാനേജ്മെന്റിന്റെ വർഷമായിരുന്നുവെന്ന് മനസ്സിലാക്കാൻ ഈ ഒരൊറ്റക്കാര്യം മതി. ട്രഷറി ഓവർ ഡ്രാഫ്റ്റില്ലാത്ത, വേയ്സ് ആൻഡ് മീൻസില്ലാത്ത ഏതെങ്കിലുമൊരു ദിവസം ഉണ്ടായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. 15 ദിവസമേ ഓവർ ഡ്രാഫ്റ്റ് നിൽക്കാൻ സാധിക്കുകയുള്ളൂ, അതുകഴിഞ്ഞാൽ പുറത്ത് കടന്നില്ലെങ്കിൽ ട്രഷറി പൂട്ടും, പണം തിരിച്ചടയ്ക്കണം. വളരെ ഫലപ്രദമായി ഇത്തരത്തിലുള്ള നിരന്തരമായ വേയ്സ് ആൻഡ് മീൻസ് അഡ്ജസ്റ്റ്മെന്റ് നടത്തിയതിന്റെ ഫലമായാണ് ട്രഷറി പൂട്ടാതെ കടന്നുപോയത്. അതുകൊണ്ടാണ് ഇരുപതിനായിരത്തിൽപ്പരം കോടി രൂപ ഇത്തരത്തിലുള്ള നിരന്തരമായ ബുക്ക് അഡ്ജസ്റ്റ്മെന്റിനായി വേണ്ടിവരുന്നത്. പതിനാറായിരത്തോളം കോടി രൂപ റിയൽ എക്സ്പെൻഡിച്ചർ വരുന്നുണ്ട്. പതിനാറായിരം കോടി രൂപ റിയൽ എക്സ്പെൻഡിച്ചറിൽ 80 ശതമാനവും ചെലവാക്കി തീർത്തത് റെഗുലറൈസ് ചെയ്യുകയാണ്.

സോഷ്യൽ സെക്യൂരിറ്റി പെൻഷനായി 4565 കോടി രൂപ, ഫുഡ് ആൻഡ് സിവിൽ സപ്ലൈസിന് 5147 കോടി രൂപ, ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് 1617 കോടി രൂപ. കോവിഡ്-19-നു വേണ്ടിയുള്ള ചെലവെന്ന് പറയുന്നത് ഈ മൂന്നിനം മാത്രമല്ല. എന്നാൽ ഈ മൂന്നിനങ്ങൾ എടുത്തുകഴിഞ്ഞാൽ പന്ത്രണ്ടായിരം കോടി രൂപ വരും. കോവിഡ്-19 മൂലം നമ്മുടെ സംസ്ഥാന സർക്കാരിനുണ്ടായ അധികച്ചെലവിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഇതിൽ കോവിഡ്-19-ന്റെ ഭാഗമായി നൽകിയിട്ടുള്ള വായ്പകളൊന്നും ഉൾപ്പെടുത്തുന്നില്ല. 2000 കോടി രൂപ കുടുംബശ്രീ വഴിയുള്ളത്, അങ്ങനെയുള്ളതൊന്നും ഉൾപ്പെടുത്താതെതന്നെ ഈ മൂന്നിനങ്ങളിൽ പെൻഷൻ, അധിക പെൻഷൻ, ഭക്ഷ്യ കിറ്റ്, സൗജന്യ റേഷൻ, ആരോഗ്യ ചികിത്സ എന്നിവയ്ക്കുവേണ്ടി ഏതാണ്ട് 12000 കോടി രൂപ ചെലവായി. അങ്ങനെ നമ്മൾ ഏതാണ്ട് 16000 കോടി രൂപ അധികം ചെലവഴിക്കുമ്പോൾ മൊത്തം ചെലവ് പത്ത് ശതമാനം കുറവാണ്. ബഡ്ജറ്റ് രേഖകളോ കണക്കുകളോ നോക്കുന്ന പതിവില്ലാത്തതുകൊണ്ട് നമ്മൾ നോക്കാത്ത കാര്യങ്ങളെക്കുറിച്ച് പറയുകയാണ്. കേന്ദ്രത്തിൽനിന്ന് അധികം വാങ്ങിയതടക്കം നമ്മുടെ വരുമാനം ഇരുപത് ശതമാനം ഇടിഞ്ഞു. എന്നുവച്ചാൽ അതിനർത്ഥം: ഇങ്ങനെയുള്ള ഡിപ്പാർട്ടുമെന്റുകൾക്ക് നമ്മൾ ഇത്രയും തുക കൂടുതൽ നൽകിയപ്പോൾ ഏതാണ്ട് 30,000 കോടി രൂപ മറ്റ് ഡിപ്പാർട്ടുമെന്റുകൾക്ക് കുറഞ്ഞിട്ടുണ്ട്. ആ ഡിപ്പാർട്ടുമെന്റുകൾതന്നെ ഇന്ന് സപ്ലിമെന്ററി ഡിമാന്റ്സിൽ അധികം വയ്ക്കുന്നുണ്ട്. അപ്പോൾ ചില പ്രോജക്ടുകൾ മാറ്റിവയ്ക്കുകയും ചിലതിന് കൂടുതൽ തുക അനുവദിക്കുകയും ചെയ്തു. ഇത് വലിയൊരു അഭ്യാസമാണ്. പക്ഷെ വലിയ ആക്ഷേപങ്ങളൊന്നുമില്ലാതെ നടത്താൻ സാധിച്ചതിൽ ധനവകുപ്പ് സെക്രട്ടറി,

എക്സ്പെൻഡിച്ചർ സെക്രട്ടറി, ധനവകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമല്ല ബഹുമാനപ്പെട്ട മന്ത്രിമാരും മറ്റ് വകുപ്പുകളിലെ സെക്രട്ടറിമാരുൾപ്പെടെയുള്ള ഉദ്യോഗസ്ഥരും സംസ്ഥാനത്തിന്റെ ഇന്നത്തെ ധനസ്ഥിതി മനസ്സിലാക്കി ഒരു ടീമായി നിന്നതിന്റെ ഫലമായാണ് കാര്യങ്ങൾ ഇങ്ങനെ പോയത്. ജനങ്ങൾക്ക് ആക്ഷേപമില്ല, സന്തോഷമാണ്. അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ളവ എല്ലാം തീർത്തിട്ടൊന്നുമില്ല. പക്ഷെ ഇതെല്ലാം നൽകിയതാണ്. ടാക്സി-ഓട്ടോറിക്ഷാ തൊഴിലാളികൾക്കായാലും ബാക്കിയുള്ള ജനങ്ങൾക്കായാലും നൽകിയത് തന്നെയാണ്. ഇത് വളരെ ഫലപ്രദമായി ചെയ്യുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ അവകാശപ്പെടുകയാണ്.

മാധ്യമങ്ങൾക്കുവേണ്ടി ഒരു കാര്യം പ്രത്യേകമെടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. KTDFC (Kerala Transport Development Finance Corporation) അടയ്ക്കാൻ പോകുകയാണ്, ജീവനക്കാരെ മാറ്റാൻ പോകുകയാണ് തുടങ്ങിയ വാർത്തകൾ ഇന്നാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. എന്നാൽ ഞാൻ വ്യക്തമാക്കുകയാണ്, അങ്ങനെയൊരു ചിന്ത സർക്കാരിനില്ല. ധനകാര്യ സ്ഥാപനങ്ങളെക്കുറിച്ചുള്ള നയമെന്തെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ഈ ധനകാര്യ സ്ഥാപനങ്ങളോരോന്നും അധിക വിഭവ സമാഹരണത്തിനുള്ള ഏജൻസികളായിട്ടാണ് സർക്കാർ കാണുന്നത്. ഏതിനെങ്കിലും എന്തെങ്കിലും ക്ഷീണമുണ്ടെങ്കിൽ അത് പരിഹരിക്കും. 800 കോടിയോളം രൂപ ഡെപ്പോസിറ്റുള്ള സ്ഥാപനങ്ങളാണ്. ഇത്തരം ധനകാര്യ സ്ഥാപനങ്ങളെക്കുറിച്ച് ആരെങ്കിലും പറയുന്നത് കേട്ട് ദയവുചെയ്ത് മാധ്യമങ്ങൾ ആധികാരികമായി റിപ്പോർട്ടൊന്നും നൽകരുത്. ഒന്നുമില്ലെങ്കിലും ധനകാര്യ വകുപ്പിനോടെങ്കിലും ചോദിക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ആരാണ് അങ്ങനെ വാർത്ത നൽകിയത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ആരാണ് വാർത്ത നൽകിയതെന്ന് എനിക്കറിയില്ല. ആരെയും കുറ്റപ്പെടുത്തുന്നതല്ല. ധനകാര്യസ്ഥാപനങ്ങളെ ലാഘവത്തിൽ കാണരുത്. ഏതായാലും ഞാൻ പരസ്യമായി ആവർത്തിച്ച് പ്രഖ്യാപിക്കുന്നു, കെ.ടി.ഡി.എഫ്.സി.-ക്ക് ഒരു പ്രശ്നവുമില്ല, അതിന്റെ നിലനിൽപ്പിന് എന്താണോ വേണ്ടത്, അതിന് സർക്കാരിന്റെ ഭാഗത്തുനിന്നും സമ്പൂർണ്ണമായ പിന്തുണയുണ്ടാകുമെന്ന് ഞാൻ വ്യക്തമാക്കുകയാണ്. നൂറ് കോടി രൂപയുടെ തട്ടിപ്പ് കെ.എസ്.ആർ.ടി.സി.യിലാണോ; ഇപ്പുറത്താണോ അവിടെയാണോ; എവിടെയാണെന്നറിയില്ല. എവിടെ ആയാലും സർക്കാർ ഈ ധനകാര്യ സ്ഥാപനങ്ങളെ വിടില്ല. ഇനിയിപ്പോൾ കാണാത്ത പടം, ഒരു ദശാബ്ദമാകാൻ പോകുന്നു; എവിടെ ആണെന്ന് കണ്ടുപിടിച്ചെടുക്കാൻ, അതൊക്കെ അതിന്റെ വഴിക്ക് തന്നെ വരട്ടെ. പക്ഷെ കെ.ടി.ഡി.എഫ്.സി.-യുടെ ബാലൻസ് ഷീറ്റിലൊന്നും ഒരു പ്രത്യാഘാതവുമുണ്ടാക്കാൻ പോകുന്നില്ല. അതിനെ സംരക്ഷിക്കുമെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്.

ചിലർ പാക്കേജ് എന്നുപറഞ്ഞാൽ ഒരു തമാശയായിട്ടെടുക്കുകയാണ്. ഞാൻ ഇന്ന് രാവിലെ പറഞ്ഞതൊന്നും വീണ്ടും ആവർത്തിക്കുന്നില്ല. എന്താണ് ഈ പാക്കേജെന്ന് പറയുന്നത്? ഒരു പ്രദേശത്തിന്റെ വികസനത്തിന് അല്ലെങ്കിൽ ഒരു പ്രശ്നം പരിഹരിക്കാനായി കുറച്ച് ഫണ്ടെടുത്തുവയ്ക്കലല്ല. അതുമായി ബന്ധപ്പെടുന്ന വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സ്കീമുകൾ സംയോജിപ്പിച്ചിട്ടും വിടവുണ്ടെങ്കിൽ അത് നികത്താൻവേണ്ടി തുക വയ്ക്കുന്നതിനെയാണ് പാക്കേജ് എന്നുപറയുന്നത്. നമ്മൾ ജനകീയാസൂത്രണകാലം മുതൽ ഇത്തരത്തിലുള്ള സംയോജിത രീതിയെക്കുറിച്ച് പ്രസംഗിച്ച് നടന്നതുകൊണ്ട് അങ്ങനെയാണ് ചിന്തിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങനെ പറഞ്ഞു പോകരുത്. കുട്ടനാട് പാക്കേജിന് 5000 കോടി, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് എന്നിവയ്ക്ക് കൃത്യമായി തുക പ്രഖ്യാപിച്ചിരുന്നു. ഞങ്ങളുടെ ചോദ്യം, ഈ സാമ്പത്തിക വർഷം എന്ത് ചെലവാക്കിയിട്ടുണ്ടെന്ന് അങ്ങ് പറയണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, പറയാം. ബഡ്ജറ്റിൽത്തന്നെ പറയുന്നുണ്ട്. തീരദേശ പാക്കേജിന് 5000 കോടി രൂപയെന്ന് പറയുന്നത് അഞ്ച് വർഷംകൊണ്ട് ചെലവാക്കുന്നതാണ്. ഈ 5000 കോടി രൂപയും ഒറ്റ വർഷംകൊണ്ട് ചെലവാക്കുന്നതല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആദ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ചെയ്തിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ചെയ്തിട്ടുണ്ട്. വേണമെങ്കിൽ നിങ്ങൾ ഒരു ചോദ്യം ചോദിക്കൂ. അതിന് ഉത്തരമായി ഓരോ മേഖലയ്ക്കും ചെലവാക്കിയത് സംബന്ധിച്ച് പറയാം.

ചില കാര്യങ്ങൾ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. വിധവാ പെൻഷന് മസ്റ്ററിംഗ് പ്രശ്നമുണ്ടാക്കുന്നു, ധൃതിപിടിച്ച് മസ്റ്ററിംഗ് നിർബന്ധമാക്കരുത് എന്ന് ഒരംഗം പറഞ്ഞിരുന്നു. സ്റ്റാറ്റസ്കോ മെയിന്റെയിൻ ചെയ്യാൻ ഉത്തരവിട്ട് കഴിഞ്ഞിരിക്കുകയാണ്. മൂന്ന് മാസംകൊണ്ട് മസ്റ്ററിംഗ് നടത്തിയാൽ മതി. ഈ മാസങ്ങളിൽ പെൻഷൻ വാങ്ങുന്നതിന് തടസ്സമാകില്ല. ആളുകൾ ജീവിച്ചിരിപ്പുണ്ടോ, അവരുടെ മാരിറ്റൽ സ്റ്റാറ്റസ് എന്താണ് തുടങ്ങിയ കാര്യങ്ങൾ അറിയാൻ മസ്റ്ററിംഗ് ആവശ്യമാണ്. എല്ലാവർഷവും വേണ്ട, മൂന്നുനാല് വർഷം കൂടുമ്പോൾ നോക്കേണ്ടത് ആവശ്യമാണ്. അങ്ങനെ ഒരു നോട്ടമുള്ളതുകൊണ്ടാണ് അഞ്ച് ലക്ഷം പേർ ഒഴിവായത്. അതല്ലെങ്കിൽ 65 ലക്ഷം പേർക്ക് പെൻഷൻ നൽകേണ്ടതായി വരുമായിരുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട കോടതി മുഖാന്തരം വിവാഹബന്ധം വേർപെടുത്തിയ ആളുകൾക്ക് പെൻഷൻ ലഭിക്കുന്നില്ലെന്നൊരു ആക്ഷേപമുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അല്ലെങ്കിൽ വിധവയാണോ അല്ലയോ എന്നുള്ളത് എന്ത് അടിസ്ഥാനത്തിലാണ് നിങ്ങൾ നിർണ്ണയിക്കുക. തൽക്കാലം ഈ മൂന്ന് മാസത്തേയ്ക്ക് ഇന്നത്തെ സ്റ്റാറ്റസ് തുടരും. അതുകഴിഞ്ഞ് വേണ്ടിവരും. അല്ലെങ്കിൽ ഓരോരുത്തരും ഞങ്ങൾ വേർപിരിഞ്ഞുവെന്ന് പറഞ്ഞാൽ നിങ്ങൾ പേമെന്റ് നൽകുമോ? There is a serious problem. അപ്പോൾ അതുസംബന്ധിച്ച് ചർച്ച ചെയ്ത് നമുക്ക് തീരുമാനമെടുക്കാം. അതുവരെ ഇന്നത്തെ നിലതന്നെ തുടരുമെന്ന് ഞാൻ വ്യക്തമാക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എന്റെ വീടിന്റെ തൊട്ടടുത്ത് ഭർത്താവ് ഉപേക്ഷിച്ച് പോയൊരു സ്ത്രീയുണ്ട്. അവർക്ക് പെൻഷൻ ലഭിക്കുന്നില്ല. രേഖാമൂലമായി ഒരു തെളിവും ഉണ്ടാകില്ല. ഇതുപോലെ ധാരാളം ആളുകളുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നമുക്ക് ചർച്ച ചെയ്ത് അതിന് എന്താണ് പ്രതിവിധിയെന്ന് നോക്കാം. സെൽഫ് അറ്റസ്റ്റേഷന്റെ അടിസ്ഥാനത്തിൽ നൽകാൻ പറ്റുന്ന കാര്യമല്ലിത്. പെൻഷൻ നൽകുക എന്ന് പറഞ്ഞാൽ സീരിയസ്സായി എടുക്കേണ്ട കാര്യമാണ്. അതുകൊണ്ട് സെൽഫ് അറ്റസ്റ്റേഷൻ പോരാ. നമുക്ക് ചർച്ച ചെയ്യാം. ചർച്ച ചെയ്യാൻ മൂന്നോ നാലോ മാസമുണ്ട്. അതുവരെ തൽസ്ഥിതി തുടരും.

അനാഥാലയങ്ങൾക്കും കോൺവെന്റുകൾക്കും റേഷൻ പെർമിറ്റ് നൽകണമെന്ന് പറഞ്ഞു. അംഗീകരിച്ചു കഴിഞ്ഞ കാര്യമാണ്. എവിടെയാണ് പ്രശ്നമെന്നുവച്ചാൽ സിവിൽ സപ്ലൈസുമായി ബന്ധപ്പെടാം. ബഹുമാനപ്പെട്ട മന്ത്രിയുണ്ടായിരുന്നെങ്കിൽ അതിനുള്ള ഏർപ്പാടുകൾ സംബന്ധിച്ച് വിശദീകരിക്കുമായിരുന്നു. ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല, എല്ലാവർക്കും നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസുമായുണ്ടായ കമ്മ്യൂണിക്കേഷന്റെ പ്രോബ്ലം കൊണ്ടാകും അത് നമുക്ക് പരിഹരിക്കാവുന്നതേയുള്ളൂ.

കിഫ്ബിയുടെ ബിൽ ക്ലിയറൻസ് സംബന്ധിച്ച കാര്യം ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ചത് നിശ്ചയമായും പരിശോധിക്കാം. കൊച്ചിയിലെ വെള്ളക്കെട്ട് മാത്രമല്ല, ബഡ്ജറ്റ് പ്രസംഗത്തിൽതന്നെ നഗരങ്ങളിലെ പ്രധാന പ്രദേശങ്ങളിലെ വെള്ളക്കെട്ടിനെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അരൂർ പ്രദേശം മുഴുവൻ വെള്ളത്തിനടിയിലാകാൻ ഒരു വേലിയേറ്റം മാത്രംമതി. അവിടെയുള്ള എം.എൽ.എ. മാത്രമല്ല, ജനപ്രതിനിധികളും ജില്ലാ പഞ്ചായത്ത് മെമ്പർ ദലീമയടക്കമുള്ളവർ മെമ്മോറാണ്ടങ്ങൾ തന്നിട്ടുണ്ട്. വെള്ളക്കെട്ട് പരിഹരിക്കുന്നത് എളുപ്പമുള്ള പണിയല്ല. അരൂരിലെ വെള്ളക്കെട്ട് പരിഹരിക്കാനായി കായൽ ആഴംകൂട്ടണം; ഡ്രഡ്ജ് ചെയ്യണം, തോടുകൾ വൃത്തിയാക്കണം, ഇതൊന്നും ചെറിയൊരു ഏർപ്പാടല്ല. വെള്ളക്കെട്ടിന്റെ കാര്യം മിനുക്കുപണികൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യമല്ല. അത് പൂർണ്ണമായി അംഗീകരിക്കുന്നു. അത് നമുക്ക് നടപ്പാക്കേണ്ടത് തന്നെയാണ്.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, കടൽഭിത്തിയും കായലും സംരക്ഷിക്കുന്നതിനായി ഉയരത്തിൽ കല്ല് കെട്ടിക്കഴിഞ്ഞാൽ കുറച്ചെങ്കിലും ആശ്വാസമുള്ള സ്ഥലങ്ങളുണ്ട്. ഇതുസംബന്ധിച്ച് ധാരാളം എഴുതി നൽകിയതാണ്, ഒന്നും വന്നിട്ടില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, വെള്ളക്കെട്ടിന്റെ കാര്യത്തിന് വിശദമായ പരിശോധന നടത്തി ഒരു പരിപാടിപോലെ തയ്യാറാക്കണം. അതല്ലാതെ അവിടെനിന്നും ഇവിടെനിന്നും തോണ്ടിയിട്ടാൽ അത് തീരില്ല. വലതുകാലിലെ ചെളി ഇടതുകാലിലേയ്ക്ക് മാറ്റുന്നതുപോലെയാകും. ഇവിടത്തെ വെള്ളം അങ്ങോട്ടും അവിടത്തെ വെള്ളം ഇങ്ങോട്ടു വരും. നമുക്ക് മൊത്തത്തിലെടുക്കാം; അതിനെക്കുറിച്ച് എനിക്ക് തർക്കമില്ല, അംഗീകരിക്കുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളതാണ്. കുട്ടനാടൻ പ്രദേശങ്ങളിലേയ്ക്ക് കിഫ്ബിയിൽനിന്നും പണം വച്ചിട്ടുണ്ട്. ഇപ്പുറത്തേയ്ക്കുള്ളത് എങ്ങനെ വേണമെന്നുള്ളത് നമുക്ക് തീരുമാനിക്കാം. വേണമെങ്കിൽ ഇതിന്റെ ഒരു extension ആയിത്തന്നെ എടുക്കാവുന്നതാണ്.

ഒരു പ്രധാനപ്പെട്ട കാര്യം, ശ്രീ. മോൻസ് ജോസഫ്, ശ്രീ. വി. കെ. സി. മമ്മത് കോയ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീൻ തുടങ്ങിയവരെല്ലാം എടുത്ത് പറഞ്ഞിട്ടുള്ളത്, ടാറിനും മെറ്റലിനും സിമന്റിനുമൊക്കെ വില വളരെ കൂടിയിട്ടുണ്ടെന്നാണ്. പി.ഡബ്ല്യൂ.ഡി.യിലേയ്ക്കാണെങ്കിൽ ടെണ്ടർ എക്സസ് അനുവദനീയമാണ്. ടെണ്ടർ വിളിക്കുന്ന ആളുകൾ കൂടുതൽ തുകയ്ക്ക് വിളിക്കും. എൽ.എസ്.ജി.ഡി.-യിൽ അങ്ങനെയല്ല. എസ്റ്റിമേറ്റ് തുകയ്ക്ക് മുകളിൽ ടെണ്ടർ വിളിക്കാൻ പാടില്ല; അത് കൊടുക്കില്ല. ഇനിയിപ്പോൾ എടുത്തത് മാത്രമല്ല, എസ്റ്റിമേറ്റ് വിലയ്ക്ക് ടെണ്ടർ എടുക്കാനും ആൾക്കാർ തയ്യാറാകില്ല. അതിന് വർദ്ധനവ് കൊടുക്കണം. അത് തത്വത്തിൽ സർക്കാർ അംഗീകരിക്കുന്നു. ഏതാനും ദിവസങ്ങൾക്കകം ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് അതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

ഒരുപാടുപേർ ഇല്ല, ഇല്ല എന്നു പറഞ്ഞതിനെക്കുറിച്ച് ഞാനിപ്പോൾ പറയുന്നില്ല. ശ്രീ. സി. മമ്മൂട്ടി പറഞ്ഞൊരു കേസ് എനിക്ക് നല്ല ഓർമ്മയുണ്ട്. അത് തീർന്നിട്ടില്ലാത്തതിൽ വിഷമമുണ്ട്. ഒരു പാലം തീർന്നിട്ട് അപ്രോച്ച് റോഡ് ചെയ്യാത്തതെന്ത് എന്നുള്ളത് പരിശോധിച്ച് എത്രയും പെട്ടെന്ന് തീർക്കാം. പക്ഷെ, നിങ്ങളുടെ മണ്ഡലത്തിൽ തിരുനാവായ, തവനൂർ, ROB, അപ്രോച്ച് റോഡിന്റെ ലാന്റ് അക്വിസിഷൻ, ആർ.ഒ.ബി.യുടെ 53 കോടി രൂപയുടെ പണി നടന്നുവരുന്നു.

പടിഞ്ഞാറെകര ഉണ്ണിയാൽ കോസ്റ്റൽ ഹൈവേ തിരൂർ, താനൂർ, തവനൂർ എന്നീ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നു, പണികൾ പുരോഗമിക്കുന്നു. തിരൂർ-കടലുണ്ടി റോഡ് 61 കോടി രൂപ. തിരൂർ-താനൂർ മണ്ഡലങ്ങൾവഴി കടന്നുപോകുന്നു. പണികൾ അവസാനഘട്ടത്തിലാണ്. രജിസ്ട്രേഷൻ ഓഫീസ് ഒന്നരക്കോടി രൂപ, എൺപത് ശതമാനം പണികൾ തീർത്തു. ടി. എം. മെമ്മോറിയൽ ഗവൺമെന്റ് കോളേജ് ഏഴേമുക്കാൽ കോടി രൂപ, കിഫ്ബി അപ്രൂവ് ചെയ്ത് പണികൾ ആരംഭഘട്ടത്തിലാണ്. തിരൂർ സ്റ്റേഡിയം ഏഴ് കോടി രൂപ, കിഫ്ബി അപ്രൂവ് ചെയ്ത് പണികൾ ആരംഭഘട്ടത്തിലാണ്, ഇങ്ങനെ തുടരുന്നു. ജില്ലാ ആശുപത്രി 44 കോടി രൂപ -കിഫ്ബി അപ്രൂവൽ ഘട്ടത്തിലാണ്. അപ്രൂവലിനായി സ്വാഭാവികമായും കുറച്ച് സമയമെടുക്കും. ടെസ്റ്റിംഗും മറ്റ് കാര്യങ്ങളുമായി പോകും. മുട്ടിന്മേൽ വച്ച് എസ്റ്റിമേറ്റ് നോക്കുന്നത് കിഫ്ബിയുടെ പരിപാടിയല്ല. ഇങ്ങനെ ഒരുപാട് പ്രശ്നങ്ങളുണ്ട്. ശ്രീ. സി. മമ്മൂട്ടി, ഞാൻ പറയുകയല്ലേ; I am responding to you positively. കിഫ്ബി അപ്രൂവൽ ഘട്ടത്തിൽ വന്നാൽ വരും. നമുക്ക് എത്രയും പെട്ടെന്ന് ടെണ്ടർ ചെയ്യാം. കല്പകഞ്ചേരി ജി.എച്ച്.എസ്.എസ്.-ന് 5 കോടി രൂപ അനുവദിച്ച് പണികൾ അവസാനഘട്ടത്തിലാണ്. മാപ്പിള സ്കൂളിന് 3 കോടി രൂപ അനുവദിച്ച് പണികൾ പുരോഗമിക്കുന്നു. കൂടായി ഫിഷറീസ് സ്കൂളിന് ഒന്നരക്കോടി രൂപ, പണികൾ പുരോഗമിക്കുന്നു. ജി.വി.എച്ച്.എസ്.എസ്. കിഫ്ബിയിൽ അപ്രൂവൽ ഘട്ടത്തിൽ- 3 കോടി രൂപ. പണികൾ പുരോഗമിക്കുന്നതിലുള്ള പദ്ധതിയുടെ അടങ്കൽ 192 കോടി രൂപ, അപ്രൂവൽ ഘട്ടത്തിലുള്ള തുക 47 കോടി രൂപ അങ്ങനെ 239 കോടി രൂപ. ശ്രീ. സി. മമ്മൂട്ടി പറഞ്ഞ കേസ്, കഴിഞ്ഞ തവണയും നിങ്ങൾ പറഞ്ഞത് എനിക്ക് നല്ല ഓർമ്മയുണ്ട്, അത് എന്താണെന്ന് പരിശോധിച്ച് പരിഹാരം കണ്ടെത്താം.

ശ്രീ. സി. മമ്മൂട്ടി: സർ, തിരൂരിൽ ഫ്ലൈ ഓവറിനുവേണ്ടി ബഡ്ജറ്റിൽ 50 കോടി രൂപ പ്രഖ്യാപിച്ചു. അതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. നിരന്തരമായി Follow up ചെയ്തിട്ടും ഒന്നും ചെയ്തിട്ടില്ല. മൂന്ന് വർഷം കഴിഞ്ഞിട്ടും നടപ്പിലാകാതെ വന്നപ്പോഴാണ് ഞാൻ പറഞ്ഞത്. തിരൂരിലെ രണ്ട് ഓവർബ്രിഡ്ജിലും പ്രധാനമായി ടൗണുകളെ ബന്ധിപ്പിക്കുന്ന മുത്തൂർ ഓവർ ബ്രിഡ്ജിലും അപ്രോച്ച് റോഡ്, തിരൂർ സിറ്റി ജംഗ്ഷനിൽനിന്ന് സെൻട്രലിലുള്ളതിലും അപ്രോച്ച് റോഡ് - രണ്ട് കോടി രൂപയുടെ കാര്യംപോലും ചെയ്യുന്നില്ലെന്നാണ് ഞാൻ പറഞ്ഞത്. കുടിവെള്ള പദ്ധതിക്കായി 33 കോടി രൂപ ടെണ്ടർ ചെയ്തശേഷം കാൻസൽ ചെയ്ത് പകരം വെട്ടം-തലക്കാട് പഞ്ചായത്ത് കുടിവെള്ള പദ്ധതിക്കായി നാട്ടുകാർ സ്ഥലം കണ്ടെത്തി കൊടുത്തിട്ടുപോലും തുക അനുവദിച്ചിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ സർക്കാർ വരുമ്പോൾ, കേന്ദ്ര സർക്കാരിന്റെ സ്കീമുമായി ബന്ധിപ്പിച്ച് 1000-2000 കോടി രൂപയുടെ കുടിവെള്ള പദ്ധതി ഏറ്റെടുത്തു. എന്നാൽ കേന്ദ്ര സർക്കാർ സ്കീം നിർത്തി. ഇത് മുഴുവൻ കെ.ഡബ്ല്യൂ.എ. എങ്ങനെയാണ് ലോഡ് ചെയ്യുന്നത്? അപ്പോൾ അവർക്കത് കട്ട് ചെയ്യേണ്ടിവരും. ഇത്രയും എടുത്തതിൽ 1000, 2000 കോടി രൂപയുടെ വർക്കുകൾ കിഫ്ബിയിലേയ്ക്ക് കൊണ്ടുപോയി. അങ്ങനെയാണ് കുടിവെള്ള പദ്ധതികൾക്ക് കിഫ്ബിയിൽനിന്ന് ഏകദേശം 5000 കോടിയോളം രൂപ കൊടുത്തിട്ടുള്ളത്. ഇങ്ങനെയുള്ള കാര്യങ്ങളിൽ കുറച്ചൊക്കെ അഡ്ജസ്റ്റ്മെന്റ് വേണ്ടിവരും. അത് മനഃപൂർവ്വമായി ശ്രീ. സി. മമ്മൂട്ടിയോട് ദേഷ്യമുള്ളതുകൊണ്ടാണെന്ന് ധരിക്കരുത്. ശ്രീ. റോജി എം. ജോൺ പൂർത്തിയാക്കാത്ത ധാരാളം പ്രോജക്ടുകളെക്കുറിച്ച് പറഞ്ഞു. ഇതെല്ലാം തീർന്നെന്ന് ഞാൻ എപ്പോഴെങ്കിലും പറഞ്ഞോ? അൻപതിനായിരം കോടി രൂപയുടെ പ്രോജക്ടുകൾക്ക് അനുവാദം കൊടുത്തിട്ടുണ്ട്. അതിൽ നാൽപ്പതിനായിരം കോടി രൂപ ഭൂമി ഏറ്റെടുക്കാനായി കൊടുക്കുന്നുണ്ട്. ഇരുപതിനായിരം കോടി രൂപയുടെ ടെണ്ടർ വിളിച്ചുകഴിഞ്ഞു. ബാക്കിയുള്ളത് കല്ലിടാറായിട്ടില്ല. ടെണ്ടർ വിളിക്കാൻ പോകുന്നതേയുള്ളൂ. ഇതാണ് യാഥാർത്ഥ്യം. അതായില്ലേ; ഇതായില്ലേ; എന്നൊക്കെ പറയാം. പക്ഷെ, നാട്ടിൽ ജനങ്ങൾക്ക് ബോധ്യപ്പെടുന്ന രീതിയിലേയ്ക്ക് ഇവയൊക്കെ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. അത് വലിയൊരു നേട്ടമാണ്. ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ നാട് മാറും.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, വ്യവസായത്തെക്കുറിച്ച് അങ്ങ് പറഞ്ഞത് കേട്ടെങ്കിലും ഞാൻ അപ്പോൾ പ്രതികരിച്ചില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനെക്കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നതെന്ന് ഞാൻ വായിക്കാം. "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഇൻഡക്സിൽ 2021-22-ൽ കേരളത്തിന്റെ സ്ഥാനം ആദ്യത്തെ 10-ലേയ്ക്ക് ഉയർത്തുന്നതിനുള്ള തീവ്രപരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്." എങ്ങനെയാണ് അവസാനിക്കുന്നത്? "ഒറ്റ സ്ഥലത്ത് അപേക്ഷകൾ നൽകിയാൽ മതി. അഡ്വാൻസ് അനുമതിയും ലഭിക്കും." ഇതാണ് പറഞ്ഞിരിക്കുന്ന രീതി. ഇരുപത്തിയൊന്നാണെന്നോ ഇരുപത്തിയെട്ടാണെന്നോ ഞാൻ പറഞ്ഞിട്ടില്ല. ഇരുപത്തിയെട്ടായിരുന്നത് ഇരുപത്തിയൊന്നായി. പക്ഷെ ഇത് പറയുമ്പോൾ എനിക്ക് നന്നായി അറിയാം: ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ മാനദണ്ഡങ്ങൾ പാലിച്ചതിന്റെ ഫലമായി 2350 കോടി രൂപ വായ്പയെടുക്കാൻ കേന്ദ്രസർക്കാർ അനുവദിച്ചു. ഞാൻ വളരെ സുരക്ഷിതമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. 2021-22-ൽ ഉറപ്പായും ആദ്യത്തെ പത്തിൽ ഉൾപ്പെടുമെന്ന് പറഞ്ഞു. അങ്ങനെയാണ് പുരോഗമനമുണ്ടാകുന്നത്. എന്താണ് പ്രശ്നം?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, രാവിലെ നടന്ന ചർച്ചയെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങ് പറഞ്ഞത് ചൂണ്ടിക്കാണിച്ചതിന്റെ കാരണം, ഇപ്പോഴത്തെ അവസ്ഥ പറയാൻ വേണ്ടിയായിരുന്നു. അങ്ങ് പത്തിലേയ്ക്ക് കൊണ്ടുവരുമെന്നാണ് പറഞ്ഞത്. അത് മനസ്സിൽ വച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. എന്നാൽ 21 ആയിരുന്നത് 28 ആയി മാറി എന്നുള്ളതാണ് ഇവിടെ തർക്കം. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കേരളത്തിന്റെ റാങ്കിംഗ് 21 ആയിരുന്നത് 28 ആയി. അങ്ങ് 10 ആക്കുമെന്ന് പറയുന്നു. കഴിഞ്ഞ അഞ്ച് വർഷമായി പലതും പറഞ്ഞിട്ടും നടന്നിട്ടില്ലല്ലോ; 2020-21-ലെ കാര്യം അത് വരുമ്പോൾ നോക്കാം.

ഡോ. ടി. എം. തോമസ് ഐസക്: സർ, 28 ആയി മാറിയോ; ഇല്ലല്ലോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, രണ്ടുവർഷം മുമ്പുള്ള കണക്കും കൊണ്ടാണ് പുറപ്പെട്ടിരിക്കുന്നത്. 2018-ലെ കണക്കാണിത്. ഇപ്പോൾ Ease of doing business ഇന്ത്യയിൽ നടപ്പിലാക്കിയതിന്റെ ഫലമായി അതിന്റെ നാല് ഇനങ്ങളിൽ ഒരിനം പൂർത്തീകരിച്ചതിനാൽ 0.25% ബാങ്ക് വായ്പ അനുവദിക്കാനുള്ള സാംഗ്ഷൻ കേന്ദ്ര ഗവൺമെന്റ് തന്നു. 2570 കോടി രൂപ, നമുക്ക് ബാങ്കിൽ നിന്നും വായ്പയെടുക്കാനുള്ള സംഖ്യയോടൊപ്പം 0.25% കൂടി കിട്ടി; 2570 കോടി വാങ്ങാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് Ease of doing business-ന്റെ പ്രോഫിറ്റ് അനുസരിച്ച് തന്നുകഴിഞ്ഞു. നമ്മുടെ റാങ്കിംഗ് വർദ്ധിക്കുകയാണ്. നിങ്ങൾ രണ്ടുവർഷം മുമ്പുള്ള ഏതോ കണക്കിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇല്ല തർക്കിക്കേണ്ട. ഞാൻ പറയട്ടെ...

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഇവിടെ ബാങ്ക് വായ്പ കിട്ടുന്നതിന് എതിരായിട്ടല്ലല്ലോ പറഞ്ഞത്. ബാങ്ക് വായ്പ പല രീതിയിൽ ലഭിക്കും, പല പോയിന്റിൽ. കേരളത്തിൽ മൊത്തമുള്ള Ease of doing business-ൽ ഇന്ത്യയിലുണ്ടായ വളർച്ചയെപ്പറ്റിയുള്ള പഠനത്തിലാണ്, 'കേരളം 21-ൽ നിന്നും 28' ആയെന്ന് നീതി ആയോഗ് പറയുന്നത്. അങ്ങ് പറയുന്നത് 10 ആയി കുറയ്ക്കുമെന്നാണ്. ഇതാണ് ഞാൻ പറഞ്ഞത്; അതല്ലേ ശരി.

ഡോ. ടി. എം. തോമസ് ഐസക്: സർ, അല്ല; ചെറിയ ശരികേടുണ്ട്. ഇന്ന് കാലത്ത് അങ്ങ് പറഞ്ഞത്.....

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ: സർ, ഇത് ബാങ്ക് ലോൺ വർദ്ധിപ്പിക്കുന്നതല്ല Ease of doing busines ഇനങ്ങളിലെ നേട്ടത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 8 സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വായ്പയിൽ 0.25 ശതമാനം കൂടുതൽ ലഭ്യമാക്കും. ആ ബെനിഫിറ്റ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു. ഇന്ത്യയിലെ 8 സംസ്ഥാനങ്ങൾക്കേ അതുള്ളൂ. നമ്മുടെ റാങ്കിംഗ് ഉയർന്നതുകൊണ്ടാണ് 0.25 ശതമാനം കൂടുതലായി വരുന്നത്. അത് ബെനിഫിറ്റാണ്, പ്രത്യേക കോംപ്ലിമെന്റാണ്. 2018-ലെ കണക്കിലല്ല ഇതുള്ളത്; 2019-ലെ കണക്കിലാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, വേണ്ട ഇതങ്ങ് വിട്ടുകളയൂ....

ഡോ. എം. കെ. മുനീർ: സർ, Ease of Doing ബിസിനസ്സിനെ സംബന്ധിച്ച് 2003-ൽ ഒരു ഗവൺമെന്റ് ഓർഡറുണ്ട്. എസ്റ്റേറ്റിൽ ഭൂമിയുള്ള ചെറുകിട വ്യവസായങ്ങൾ, അതിൽ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും സീറോ ആണ്. പക്ഷെ അങ്ങയെ ആരാണ് തെറ്റിദ്ധരിപ്പിച്ചതെന്ന് എനിക്കറിയില്ല. അത് എട്ടായിരുന്നു; നാലായി കുറച്ചിരിക്കുന്നുവെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. പക്ഷെ പൂജ്യമായിരുന്നത് നാലാക്കി ഉയർത്തുകയാണ് ചെയ്തിട്ടുള്ളത്. ചെറുകിട വ്യവസായികളോട് ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചു നോക്കൂ. അത് പിൻവലിക്കണം. അല്ലെങ്കിൽ ഇവിടെ Ease of doing business നടക്കില്ല. ചെറുകിട വ്യവസായികളോട് ചോദിച്ചു നോക്കൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഫിനാൻസ് ആക്ടിൽ കൊണ്ടുവന്ന ഭേദഗതിയിൽ ഒരു മാറ്റവുമില്ല. നയത്തിൽ പറഞ്ഞു കാണും, ഇത് ആരും നിയമസഭയിൽ കൊണ്ടുവന്ന് പൂജ്യമാക്കിയിട്ടില്ല.

ഡോ. എം. കെ. മുനീർ: സർ, (മൈക്ക് ഓഫ്)

ഡോ. ടി. എം. തോമസ് ഐസക്: സർ, ശരി, വേണമെങ്കിൽ ഒരുമിച്ചിരുന്ന് നോക്കാം.

ഡോ. എം. കെ. മുനീർ: സർ, നോട്ടിഫിക്കേഷന്റെ കോപ്പി ഉണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, Never, ഇപ്പോൾ ഫിനാൻസ് ആക്ടിൽ വരും. വർദ്ധിപ്പിക്കാനല്ല; കുറയ്ക്കാനായിട്ട്. ഡോ. എം. കെ. മുനീർ നമുക്ക് നോക്കാം. ശ്രീ. റോജി എം. ജോൺ പറഞ്ഞതുകൊണ്ട് പറയുകയാണ്, നിമിഷനേരംകൊണ്ട് കണക്കുണ്ടാക്കുന്നത് ബുദ്ധിമുട്ടാണെങ്കിലും അങ്കമാലി ബൈപ്പാസിന് 195 കോടി രൂപയുണ്ട്; രണ്ടുപ്രാവശ്യം അപ്രൂവ് ചെയ്തു. ആദ്യം അപ്രൂവ് ചെയ്ത അലൈൻമെന്റ് വെള്ളപ്പൊക്കത്തിന്റെ സാഹചര്യത്തിൽ മാറ്റേണ്ടി

വന്നു. രണ്ടാമത്തെ അലൈൻമെന്റ് പ്രകാരം അപ്രൂവൽ നൽകി; ലാൻഡ് അക്യൂസിഷൻ ആയിട്ടില്ല. കാരണം നിങ്ങൾക്കുമറിയാമല്ലോ; നിങ്ങൾ എത്ര വീതിയാണ് പറഞ്ഞതെന്നും അതിന്റെ അത്രയും ട്രാഫിക് ഇല്ലെന്നുമൊക്കെ ചർച്ച ചെയ്ത് അവസാനം അലൈൻമെന്റ് അപ്രൂവ് ചെയ്ത് ലാൻഡ് അക്യൂസിഷനിലേയ്ക്ക് പോകുന്നു. അങ്കമാലി-കൊച്ചി ബൈപ്പാസ് 225 കോടി രൂപ; അതിന്റെ കിഫ്ബി അപ്രൂവൽ കഴിഞ്ഞു; ലാൻഡ് അക്യൂസിഷൻ പ്രശ്നം അവശേഷിക്കുന്നു. അങ്കമാലി കുടിവെള്ള പദ്ധതി 115 കോടി രൂപ; ലാൻഡ് അക്യൂസിഷൻ പ്രശ്നംമൂലം മുടങ്ങിക്കിടക്കുന്നു. കാലടി മാർക്കറ്റ് 13 കോടി രൂപയുടേത് അപ്രൂവൽ ഘട്ടത്തിലാണ്. സ്കൂൾ പണി പൂർത്തിയാക്കി 5 കോടി രൂപ, മറ്റൊരു സ്കൂൾ ഒരുകോടി രൂപയുടേത്. ടെക്നിക്കൽ അനുമതിയുടെ ഘട്ടത്തിൽ, രണ്ട് കുടിവെള്ള പദ്ധതികൾ യഥാക്രമം 32 കോടി രൂപയുടേയും 115 കോടി രൂപയുടേതും. ശ്രീ. റോജി എം. ജോൺ, നിങ്ങൾക്ക് complaint ചെയ്യാം. 554 കോടി രൂപയുടെ പദ്ധതികൾ നിങ്ങളുടെ മണ്ഡലത്തിൽ, എല്ലാം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമായതിനാൽ കുറച്ച് കാലതാമസം വരും. നിങ്ങൾ എത്ര പ്രാവശ്യം എന്റെ അടുക്കൽ വന്നിട്ടുണ്ട്. എന്നെങ്കിലും ഇക്കാര്യത്തിന് എന്റെ അടുക്കൽ വന്നിട്ട് എങ്ങനെ ചെയ്തു തരാം എന്നല്ലാതെ എങ്ങനെ തടസ്സമുണ്ടാക്കുമെന്ന് ഒരിക്കലും പറഞ്ഞിട്ടില്ലല്ലോ? നിങ്ങൾ പോലും അങ്ങനെ complaint ചെയ്തില്ലല്ലോ; പക്ഷെ പൊതുവേദിയിൽ വന്നു കഴിഞ്ഞാൽ എന്താ ഇങ്ങനെ വർത്തമാനം പറയുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, എറണാകുളം ജില്ലയിൽ 2016-ൽ അങ്ങ് പ്രഖ്യാപിച്ച വൻകിട പദ്ധതികളിൽ, അങ്കമാലി, പെരുമ്പാവൂർ, പറവൂർ, മൂവാറ്റുപുഴ, തൃക്കാക്കര, പിറവം, തിരുവാങ്കുളം, ആലുവ എന്നീ മണ്ഡലങ്ങളിൽ ഭൂമി ഏറ്റെടുക്കൽ ആവശ്യമായിട്ടുള്ള പദ്ധതികൾ നടക്കില്ല എന്നൊന്നും ഞാൻ പറഞ്ഞില്ല. ഭൂമി ഏറ്റെടുക്കൽ ആവശ്യമായിട്ടുള്ള ഈ വൻകിട പദ്ധതികളിൽ ഒരെണ്ണത്തിന്റെ പോലും നിർമ്മാണമാരംഭിക്കാൻ സാധിച്ചിട്ടില്ലെന്നാണ്. അതങ്ങ് പരിശോധിക്കണമെന്നാണ് ഞാൻ പറയുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പറയാം, എന്റെ സ്വന്തം മണ്ഡലത്തിൽ അവിടത്തെ ഏറ്റവും വലിയ പ്രസ്റ്റീജിയസ് കാര്യമെന്നു പറയുന്നത് 400 കോടി രൂപയുടെ ട്രാൻസ്പോർട്ട് ഹബ്ബും അതിനോടു ബന്ധപ്പെട്ടുവരുന്ന ജില്ലാ കോടതി പാലവുമാണ്. അത് ആരംഭിച്ചിട്ടില്ല. ആ ഭൂമിയിൽ അക്യൂസിഷനുണ്ട്. ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ താമസം വരും. ചെത്തി ആശുപത്രിയുടെ നിർമ്മാണം പുനലൂരിനൊപ്പം ആരംഭിച്ചതാണ്. ഇപ്പോഴും അതിന്റെ ലാൻഡ് അക്യൂസിഷന്റെ പ്രശ്നങ്ങൾ തീർന്നിട്ടില്ല. ടെണ്ടർ നടപടികൾ പൂർത്തിയായി. ഇനി CRZ ക്ലിയറൻസ് ലഭിക്കണം. ചെത്തി ഹാർബറിന്റെ നിർമ്മാണം താനൂരിനും പരപ്പനങ്ങാടിക്കൊപ്പം

ആരംഭിക്കാമെന്ന് പ്രഖ്യാപിച്ചതാണ്. അവിടെ പകുതി പണിപൂർത്തിയായി; എന്നാൽ ഇവിടെ തറക്കല്ലിടാൻ പോകുന്നതേയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും ടെക്നിക്കൽ പ്രശ്നങ്ങളുമുണ്ട്. സ്വാഭാവികമായും ഇത്രയും വലിയ പ്രോജക്ട് എടുക്കുമ്പോൾ സംഭവിക്കുന്നതാണിതൊക്കെ. ഞാൻ ബാക്കിയുള്ളവരുടേത് വായിക്കുന്നില്ല.

ഞാൻ 15 മിനിട്ടിൽ നിർത്തുമെന്ന പറഞ്ഞിട്ട് 13 മിനിട്ട് കൂടുതൽ എടുത്തു. മറ്റ് പൊതു രാഷ്ട്രീയ കാര്യങ്ങൾ പിന്നീട്പറയാം. എങ്കിലും ഒരു കാര്യം പ്രതിപക്ഷനേതാവിനോട് പറയാതിരിക്കാനാവില്ല, ഇന്ന് സ്പീക്കർക്ക് എതിരെ അഴിമതി ആരോപണം ഉന്നയിച്ചു, അതിൻമേൽ ചർച്ചയൊക്കെ നടത്തി ; പക്ഷെ, പറയാൻ പാടില്ലാത്ത ചില കാര്യങ്ങളും പറഞ്ഞു; അദ്ദേഹത്തിന് കിട്ടിയ അവാർഡ് കാശ് കൊടുത്ത് വാങ്ങിയതാണെന്ന തരത്തിൽ ദുഃസൂചന നടത്തുകയുണ്ടായി. 5 കോടി രൂപ കൊടുത്തതിനെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. നമുക്കൊക്കെ അവാർഡ് വല്ലതും കിട്ടുന്നുണ്ടോ; ഇതൊക്കെ കാശു കൊടുത്തു മേടിക്കുന്നതാണെന്ന് അങ്ങയെപ്പോലെയുള്ളവർ പറയുന്നത് ശരിയാണോ? ശ്രീ. കെ. എസ്. ശബരീനാഥന് ഐഡിയൽ ലെജിസ്ലേച്ചറായിട്ട് ആ സമ്മേളനത്തിൽ അവാർഡ് കൊടുത്തില്ലേ; അത് കാശു കൊടുത്തിട്ടാണോ? ഇന്നലെ പഞ്ചാബ് മുഖ്യമന്ത്രി ശ്രീ. അമരീന്ദർ സിംഗിനെ ഐഡിയൽ മുഖ്യമന്ത്രിയായി തെരഞ്ഞെടുത്തത് അദ്ദേഹം കോടികൾ കൊടുത്തിട്ടാണോ? ഇവരെ എല്ലാവരെയും തെരഞ്ഞെടുത്തിട്ടുള്ളത് നമ്മുടെ ലോക്സഭാ മുൻ സ്പീക്കറും ശ്രീ. മൻമോഹൻ സിംഗ് മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രിയുമായിരുന്ന ശ്രീ. ശിവരാജ് പാട്ടീലിന്റെ നേതൃത്വത്തിലുമുള്ള കമ്മിറ്റിയാണ്. ആരെങ്കിലും കാശ് കൊടുത്ത് ഏർപ്പെടുത്തുന്ന പുരസ്കാരത്തിന് ഊന്നുവടി കൊടുക്കാനിരിക്കുന്നതാണോ നിങ്ങളുടെ ദേശീയ നേതാവ്. ആണെങ്കിൽ അക്കാര്യം കോൺഗ്രസിന്റെ ദേശീയ നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ചങ്കുറ്റം നിങ്ങൾക്കുണ്ടോ? ഗൂഗിളിൽ പരതിക്കഴിഞ്ഞാൽ ശ്രീ. അമരീന്ദർ സിംഗ് ഈ പുരസ്കാരം സ്വീകരിച്ചതിന്റെ ചിത്രവും വാർത്തയും കാണാം. ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവാർഡ് വാങ്ങിയ അതേ ആഴ്ചയിൽ ശ്രീ. അമരീന്ദർ സിംഗിന് പുരസ്കാരം നൽകിത് മുൻ പ്രസിഡന്റ് പ്രണബ് മുഖർജിയാണ്. എത്ര ഉദാസീനമായിട്ടാണ് നിങ്ങൾ ആൾക്കാരെ ആക്ഷേപിക്കുന്നത്. ഇവിടെ ഇത്രയും ചെലവ് വന്നോ; കൊടുത്തോ, ഇല്ലെയോ എന്നൊക്കെ ചൂണ്ടിക്കാണിച്ചുകൊണ്ട് ആരോപണങ്ങൾ ഉന്നയിക്കാം. പക്ഷെ, ഇങ്ങനെ സ്വയം അപഹാസ്യനാകരുത്. ഇവിടെ ഇരിക്കുന്ന എത്ര പേർക്ക്, ഏതെല്ലാം തരത്തിലുള്ള അവാർഡുകൾ ലഭിക്കുന്നു. അതൊക്കെ കാശുകൊടുത്ത് വാങ്ങുന്നതാണോ; സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനോട് അനുഭാവമുള്ള ആളല്ലല്ലോ ശ്രീ. ശിവരാജ് പാട്ടീലും മുൻ സ്പീക്കറും കോൺഗ്രസ് നേതാക്കന്മാരും. അപ്പോൾ

ഇങ്ങനെയൊന്നും പറയരുത്. അതൊക്കെ നമ്മുടെ stature-ന് പറ്റിയതല്ല. ഒരുപക്ഷെ, അതുകൊണ്ടായിരിക്കാം ഇങ്ങനെയൊരു ദുർഗതി വന്നിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,65,93,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 795,64,75,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 241,27,21,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1617,88,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4565,92,73,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,38,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 210,97,92,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 400,99,80,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 199,49,09,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,17,32,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 30,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,88,20,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5147,52,12,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,16,12,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,83,94,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,50,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 249,81,61,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 572,94,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 43,96,22,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1309,22,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,82,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 72,82,72,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 116,39,56,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ഉപധനാഭ്യർത്ഥനയുടെ പേരിൽ 6,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## (ii) 2021-2022 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2021-22 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാലുമാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു" .

| ക്രമ നമ്പർ | ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | |
|---|---|---|---|---|---|
| | | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) |
| 1 | I | സംസ്ഥാന നിയമസഭ | 44,46,15,000 | --- | 44,46,15,000 |
| 2 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 264,33,21,000 | --- | 264,33,21,000 |
| 3 | III | നീതിന്യായ നിർവ്വഹണം | 321,60,95,000 | --- | 321,60,95,000 |
| 4 | IV | തെരഞ്ഞെടുപ്പുകൾ | 341,55,45,000 | --- | 341,55,45,000 |
| 5 | V | കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 138,65,78,000 | --- | 138,65,78,000 |
| 6 | VI | ഭൂനികുതി | 298,67,28,000 | --- | 298,67,28,000 |
| 7 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 96,52,86,000 | --- | 96,52,86,000 |
| 8 | VIII | എക്സൈസ് | 125,01,84,000 | --- | 125,01,84,000 |
| 9 | IX | വാഹനനികുതികൾ | 70,55,16,000 | -- | 70,55,16,000 |
| 10 | X | ട്രഷറികളും അക്കൗണ്ടുകളും | 128,34,64,000 | --- | 128,34,64,000 |
| 11 | XI | ജില്ലാഭരണവും പലവകയും | 279,57,69,000 | --- | 279,57,69,000 |
| 12 | XII | പോലീസ് | 1442,82,04,000 | 18,25,56,000 | 1461,07,60,000 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 13 | XIII | ജയിലുകൾ | 59,99,12,000 | --- | 59,99,12,000 |
| 14 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 218,02,81,000 | 2,96,00,000 | 220,98,81,000 |
| 15 | XV | പൊതുമരാമത്ത് | 1237,07,81,000 | 584,90,25,000 | 1821,98,06,000 |
| 16 | XVI | പെൻഷനും പലവകയും | 10966,17,46,000 | --- | 10966,17,46,000 |
| 17 | XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 7812,05,43,000 | 103,58,36,000 | 7915,63,79,000 |
| 18 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2676,51,78,000 | 78,86,51,000 | 2755,38,29,000 |
| 19 | XIX | കുടുംബക്ഷേമം | 175,08,58,000 | --- | 175,08,58,000 |
| 20 | XX | ശുദ്ധജലവിതരണവും ശുചീകരണവും | 136,59,94,000 | 371,71,66,000 | 508,31,60,000 |
| 21 | XXI | ഭവനനിർമ്മാണം | 37,02,19,000 | 12,07,00,000 | 49,09,19,000 |
| 22 | XXII | നഗരവികസനം | 633,14,40,000 | 61,67,00,000 | 694,81,40,000 |
| 23 | XXIII | വാർത്താവിതരണവും പ്രചരണവും | 34,02,40,000 | 1,40,00,000 | 35,42,40,000 |
| 24 | XXIV | തൊഴിലും തൊളിലാളിക്ഷേമവും പ്രവാസി ക്ഷേമവും | 365,79,22,000 | 59,14,00,000 | 424,93,22,000 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 25 | XXV | പട്ടികജാതി /പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 987,30,08,000 | 80,04,78,000 | 1067,34,86,000 |
| 26 | XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | 429,00,33,000 | --- | 429,00,33,000 |
| 27 | XXVII | സഹകരണം | 160,34,47,000 | 45,11,67,000 | 205,46,14,000 |
| 28 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 78,00,56,000 | 1382,38,57,000 | 1460,39,13,000 |
| 29 | XXIX | കൃഷി | 1172,90,94,000 | 93,99,78,000 | 1266,90,72,000 |
| 30 | XXX | ഭക്ഷ്യം | 614,08,53,000 | 35,42,56,000 | 649,51,09,000 |
| 31 | XXXI | മൃഗസംരക്ഷണം | 270,79,80,000 | 7,11,00,000 | 277,90,80,000 |
| 32 | XXXII | ക്ഷീരവികസനം | 52,36,05,000 | 1,66,67,000 | 54,02,72,000 |
| 33 | XXXIII | മത്സ്യബന്ധനം | 129,07,25,000 | 79,44,03,000 | 208,51,28,000 |
| 34 | XXXIV | വനം | 239,12,90,000 | 26,46,67,000 | 265,59,57,000 |
| 35 | XXXV | പഞ്ചായത്ത് | 311,12,43,000 | 106,66,67,000 | 417,79,10,000 |
| 36 | XXXVI | ഗ്രാമവികസനം | 1417,56,14,000 | 462,60,33,000 | 1880,16,47,000 |
| 37 | XXXVII | വ്യവസായങ്ങൾ | 179,65,97,000 | 358,12,34,000 | 537,78,31,000 |
| 38 | XXXVIII | ജലസേചനം | 156,08,46,000 | 115,41,67,000 | 271,50,13,000 |
| 39 | XXXIX | വൈദ്യുത പദ്ധതികൾ | 138,48,00,000 | 12,53,33,000 | 151,01,33,000 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 40 | XL | തുറമുഖങ്ങൾ | 24,12,63,000 | 24,37,67,000 | 48,50,30,000 |
| 41 | XLI | ഗതാഗതം | 26,87,14,000 | 481,56,65,000 | 508,43,79,000 |
| 42 | XLII | വിനോദസഞ്ചാരം | 67,01,76,000 | 62,34,67,000 | 129,36,43,000 |
| 43 | XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 3482,81,05,000 | --- | 3482,81,05,000 |
| 44 | XLV | പലവകവായ്പകളും മുൻകൂറുകളും | --- | 5,34,43,000 | 5,34,43,000 |
| 45 | XLVI | സാമൂഹ്യസുരക്ഷിതത്വ വുംക്ഷേമവും | 3521,46,53,000 | 33,39,60,000 | 3554,86,13,000 |
| ആകെ | | | 41361,85,21,000 | 4708,59,43,000 | 46070,44,64,000 |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

ഡോ. എം. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 264,33,21,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1461,07,60,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 175,08,58,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 429,00,33,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,79,10,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3554,86,13,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 321,60,95,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 508,31,60,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 205,46,14,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1880,16,47,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 125,01,84,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 70,55,16,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 48,50,30,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 59,99,12,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 537,78,31,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഇന്ന് രാവിലെ ബഹുമാന്യനായ സ്പീക്കറുടെ സംസാരം ആരംഭിച്ചത് നിശ്ശബ്ദമാക്കപ്പെടുന്ന ഒരു കാലത്തെക്കുറിച്ചാണ്. എല്ലാ ശബ്ദങ്ങൾക്കുംമേൽ തങ്ങളുടെ ശബ്ദം മാത്രം മതിയെന്ന് കണക്കാക്കുന്ന കേന്ദ്ര ഭരണാധികാരികൾ എല്ലാ വിമത ശബ്ദങ്ങളെയും ഇല്ലാതാക്കുകയാണ്. ഒരുപക്ഷെ, ഈ നിയമസഭയ്ക്കകത്ത് മൈക്രോ മൈനോരിറ്റി വിഭാഗമായ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു പ്രതിനിധിയുടെ ശബ്ദം ഉയരില്ലെന്ന് എനിക്ക് നിശ്ചയമായും അറിയാം. അങ്ങനെ ഉയരാതെ പോകുന്ന നിരവധിയായ ശബ്ദങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ബഹുസ്വരതയുടേതായ ഒരു രാഷ്ട്രത്തെ ഏക ശിലാരൂപമാക്കി മാറ്റി ഒരു മതം, ഒരു ഭാഷ, ഒരു നികുതി, ഒരു കറൻസി, ഒരു തെരഞ്ഞെടുപ്പ് എന്ന നിലയിൽ കൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ നമ്മുടെ പ്രതിപക്ഷം അതിനോടൊത്തുപോകുന്ന ചിത്രമാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. നമ്മുടെ രാജ്യത്തെ കർഷക ജനസമൂഹം തങ്ങളുടെ നിലനിൽപ്പിനുവേണ്ടി, ജീവിതം മുന്നോട്ട് കൊണ്ടുപോകാൻവേണ്ടി, തങ്ങൾക്കെതിരെ കേന്ദ്ര സർക്കാർ കൊണ്ടുവന്ന കിരാത നിയമങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ഡൽഹിയിൽ മരംകോച്ചുന്ന മഞ്ഞുള്ള തണുപ്പത്ത് ഉശിരോടുകൂടി സമരം ചെയ്യുകയാണ്. ആ സമരത്തിൽ പങ്കെടുക്കുന്ന നിരവധി കർഷകർ മരിച്ചുകഴിഞ്ഞു, ചിലർ ആത്മഹത്യ ചെയ്തു. കർഷകനുവേണ്ടി ശബ്ദം ഉയർത്തിയെന്ന് അവകാശപ്പെടുന്ന ദേശീയ പ്രസ്ഥാനമായ കോൺഗ്രസിന്റെ ശബ്ദം നമുക്ക് അവിടെയെങ്ങും കേൾക്കാൻ കഴിയില്ല. മഹാഭാരതത്തിൽ മഹാപ്രസ്ഥാനമുണ്ട്. പാണ്ഡവന്മാർ യുദ്ധം ജയിച്ചു. ഒടുവിൽ മോക്ഷം നേടിക്കൊണ്ട് യുധിഷ്ഠിരന്റെ നേതൃത്വത്തിൽ മഹാപ്രസ്ഥാനം മുന്നോട്ടു പോവുകയാണ്. ആ മഹാപ്രസ്ഥാനം മുന്നോട്ടുപോകുമ്പോൾ ആദ്യം വീഴുന്നത് പാഞ്ചാലി എന്ന

ദ്രൗപദിയാണ്. പിന്നീട് നകുലനും സഹദേവനും വീണു. പിന്നീട് അർജ്ജുനനും ഭീമനും വീണു. ഒടുവിൽ മോക്ഷത്തിന്റെ വക്കിലെത്താറായപ്പോൾ അവിടെ ധർമ്മപുത്രർ മാത്രമാണുണ്ടായിരുന്നത്. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ സഹചാരിയായുണ്ടായിരുന്ന നായയും മാത്രം. തിരിഞ്ഞുനോക്കിയാൽ ഇന്ന് ഇന്ത്യയ്ക്കകത്ത് കോൺഗ്രസ്സെന്ന പ്രസ്ഥാനം എല്ലാവരും നഷ്ടപ്പെട്ട്, കേരളത്തിൽപ്പോലും കൂടെയുണ്ടായിരുന്നവർ നഷ്ടപ്പെട്ട് പകച്ചുനിൽക്കുന്ന ചിത്രമാണ് കാണാൻ പോകുന്നത്. നേരത്തേ നടന്ന ചർച്ചകളിൽ ഇവിടെ ചില പ്രതിപക്ഷനേതാക്കന്മാർ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വെല്ലുവിളിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ രാജ്യത്തെ ജനങ്ങളുടെ പ്രതീക്ഷയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ചേർത്തു പിടിക്കുന്നത് ഈ നാട്ടിലെ പാവപ്പെട്ടവരെയാണ്; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒപ്പം ചേർക്കുന്നത് പാർശ്വവത്കരിക്കപ്പെട്ടവരെയാണ്. സമ്പന്ന മണിഗോപുരങ്ങളിൽ ജീവിക്കുന്ന, സമ്പന്നർക്കു വേണ്ടിയല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി കഴിഞ്ഞ നാലരവർഷക്കാലം പ്രവർത്തിച്ചത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ, ഈ രാജ്യത്ത് പണിയെടുക്കുന്ന ആളുകൾ അവരെയാണ് ചേർത്തുപിടിച്ചത്. എന്റെ കയ്യിലുള്ളത് ഒരു പഴയ മാതൃഭൂമി ആഴ്ചപ്പതിപ്പാണ്. 2018 ആഗസ്റ്റ് മാസത്തെ വെള്ളപ്പൊക്കത്തിൽ നമ്മുടെ നാട് എങ്ങനെയായിരുന്നുവെന്ന് ഇതിലെ ചിത്രങ്ങൾ പറയുന്നുണ്ട്. തകർന്ന കേരളത്തെ, വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിച്ച കേരളത്തെ, ഇന്നത്തെ കേരളമാക്കി മാറ്റിയത്, ഇച്ഛാശക്തിയോടെയും നിശ്ചയദാർഢ്യത്തോടെയും കേരളത്തെ നയിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അതിന്റെ നേതാവ് ശ്രീ. പിണറായി വിജയനുമാണ്. 2019-ലും വെള്ളപ്പൊക്കമുണ്ടായി. ഞങ്ങളാരും ദുരന്തങ്ങളിൽ അപലപിക്കുന്നവരല്ല, ദുരന്തമുണ്ടായിട്ട് തെരഞ്ഞെടുപ്പിൽ ജയിക്കണമെന്ന് ആഗ്രഹിക്കുന്നവരുമല്ല. എന്നാൽ അങ്ങനെ ആഗ്രഹിച്ച കുടിലബുദ്ധികളാണ് നിങ്ങളെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. പ്രളയവും വരൾച്ചയും വരും, പ്രകൃതിക്ഷോഭം ഉണ്ടാകും; അപ്പോൾ ഞങ്ങൾക്ക് തെരഞ്ഞെടുപ്പിൽ ജയിക്കാമെന്ന് കണക്കുകൂട്ടിയ പ്രതിപക്ഷനേതാക്കന്മാരോട് ഞങ്ങൾക്ക് പറയാനുള്ളത്, നിങ്ങൾക്ക് മറുപടി തരാൻ കേരളത്തിലെ ജനത കാത്തിരിക്കുകയാണ്. ഒരു തെരഞ്ഞെടുപ്പുകൊണ്ട് നിങ്ങൾക്ക് മനസ്സിലായില്ലെങ്കിൽ, വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനലക്ഷങ്ങൾ ഇടതുപക്ഷ പ്രസ്ഥാനത്തിന് പിന്നിൽ അണിനിരന്നുകൊണ്ട് വൻ ഭൂരിപക്ഷത്തോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജയിപ്പിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ട്രഷറി ബെഞ്ചിലിരിക്കാൻ പോകുന്നത് നിങ്ങളല്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സമുന്നത നേതാക്കന്മാരാണെന്ന് നിങ്ങൾ തിരിച്ചറിയണം. അതിനുകൂടി സഹായകരമായിട്ടാണ് വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. കോൺഗ്രസ് കർഷകർക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലെന്നാണ് അപ്പുറത്ത് പ്രസംഗിച്ച അംഗം സൂചിപ്പിച്ചത്. ഇന്ന് ഡൽഹിയിൽ നടക്കുന്ന കർഷക പ്രക്ഷോഭത്തിന് ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് വലിയ പിന്തുണയാണ് നൽകിക്കൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്ത് ആത്മഹത്യ ചെയ്യുന്ന കർഷകരുടെ എണ്ണം കൂടി വന്നപ്പോൾ ശ്രീ. മൻമോഹൻ സിംഗ് ഗവൺമെന്റ് അനുവദിച്ച 72000 കോടി രൂപ ആരും മറക്കരുതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

പിന്നോക്ക ജില്ലയായ വയനാടിനെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണെന്ന് ബഡ്ജറ്റ് പരിശോധിക്കുമ്പോൾ മനസ്സിലാകും. 2019-20-ൽ പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കുന്നതാരാണ്? ആ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കേണ്ടതുണ്ട്. വയനാട് മെഡിക്കൽ കോളേജിന് ഈ ബഡ്ജറ്റിൽ 300 കോടി രൂപ പ്രഖ്യാപിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സൗജന്യമായി അനുവദിച്ച ഭൂമി പാരിസ്ഥിതിക പ്രശ്നമുണ്ടെന്ന് പറഞ്ഞ് ഒഴിവാക്കുന്നു. അവിടെ ഈ ഗവൺമെന്റ് വന്നതിനുശേഷം 3 കോടി രൂപ മുടക്കി റോഡിന്റെ പ്രവൃത്തി ആരംഭിച്ചതാണ്; മൺപണികഴിഞ്ഞു. അവിടത്തെ പാരിസ്ഥിതിക പ്രശ്നമെന്താണ്? പാരിസ്ഥിതിക പ്രശ്നത്തിന്റെ റിപ്പോർട്ട് എന്താണെന്നും അത് പുറത്തു വിടണമെന്നും ഞങ്ങൾ ആവശ്യപ്പെട്ടെങ്കിലും ഇന്നും പുറത്തുവിട്ടിട്ടില്ല. അവിടെ വെള്ളപ്പൊക്കം ഉണ്ടായിട്ടില്ല, മണ്ണിടിച്ചൽ ഉണ്ടായിട്ടില്ല. മൺപണിയെടുത്ത റോഡിന്റെ ഒരുതരി മണ്ണുപോലും ഒഴുകിപ്പോയിട്ടില്ല. ആ ഭൂമി ഒഴിവാക്കിയിരിക്കുകയാണ്. ചേലോട് എസ്റ്റേറ്റ് ഞങ്ങളാരും എതിർത്തിട്ടില്ല. ചേലോട് എസ്റ്റേറ്റ് എടുക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചു. കളക്ടർ നോട്ടിഫിക്കേഷൻ ഇറക്കാനുള്ള നിലപാടെടുത്തു, വളരെ പെട്ടെന്ന് ചേലോട് എസ്റ്റേറ്റ് മാറി. DM WIMS മെഡിക്കൽ കോളേജ്, റെഡിമെയ്ഡ് മെഡിക്കൽ കോളേജ് എടുക്കാൻ പോകുന്നുവെന്ന വാർത്ത പുറത്തുവന്നു. വയനാട്ടിലെ ജനങ്ങൾക്ക് അതും പ്രതീക്ഷയുണ്ടായിരുന്നു. ഇപ്പോൾ അതും അട്ടിമറിക്കപ്പെട്ടി രിക്കുകയാണ്. ഇപ്പോൾ ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് സ്വന്തമായി മെഡിക്കൽ കോളേജ് പണിയുമെന്നാണ്. വയനാട്ടിലെ ജനങ്ങളെ, സാധാരണക്കാരായ വോട്ടർമാരെ കബളിപ്പിക്കുന്ന നിലപാടാണ് അഞ്ച് വർഷമായി ഗവൺമെന്റ് സ്വീകരിക്കുന്നത്. വയനാട്ടിലെ ജനങ്ങൾ വിഡ്ഢികളല്ല.

ഇവിടെ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് പറയുന്നു. ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ, രണ്ടായിരത്തോളം വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കഴിഞ്ഞ് ഓരോ വർഷവും ഇറങ്ങുന്നുണ്ട്. അഞ്ഞൂറ് കുട്ടികൾക്കാണ്

അഡ്മിഷൻ ലഭിക്കുന്നത്. ഞാൻ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിനുവേണ്ടി മുഖ്യമന്ത്രിയുടെ കത്തനുസരിച്ച് എല്ലാ റിപ്പോർട്ടുകളും തയ്യാറാക്കി. ഞാൻ സബ്മിഷൻ ഉന്നയിച്ചപ്പോൾ പറയുന്നത്, ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് നടപ്പിലാക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ച എല്ലാവർഷവും ബ്രഹ്മഗിരി ഡെവലപ്മെന്റ് പ്രോജക്ടിനുവേണ്ടി കോടികളാണ് കൊടുത്തത്. ആ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഈ സഭയിൽ വിശദീകരിക്കേണ്ടതുണ്ട്. അതിന്റെ പ്രവർത്തനം എന്താണ്? അതിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. വയനാടിനെ സംബന്ധിച്ച് സ്ഥാപനങ്ങൾ വളർന്നുവരേണ്ടത് ആവശ്യമാണ്. പക്ഷെ, ഇന്ന് അനുവദിച്ച തുകകൾ വച്ച് നോക്കുമ്പോൾ ഒരു ഗവൺമെന്റ് കോളേജ് തുടങ്ങുന്നതിനുവേണ്ടി യാതൊരു സാമ്പത്തിക പ്രതിസന്ധിയും ഈ ഗവൺമെന്റിനില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. രാഷ്ട്രീയപരമായി നിങ്ങൾ മാറ്റിവച്ചിരിക്കുകയാണ്.

നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി ഡി.എം.ആർ.സി.-ക്ക് 8 കോടി രൂപ അനുവദിച്ചു. നഞ്ചൻകോട് റെയിൽവേ ഇല്ലാതാക്കിയിരിക്കുകയണ്. 13-2-2017-ൽ 8 കോടി രൂപയിൽ നിന്നും 2 കോടി രൂപ ആദ്യ ഇൻസ്റ്റാൾമെന്റ്, അഡ്വാൻസായി കൊടുക്കാൻ തീരുമാനമെടുത്തു. രാവിലെ ഓർഡർ ഇറങ്ങുന്നു, വൈകുന്നേരം ഓർഡർ ക്യാൻസൽ ചെയ്യുന്നു. പൂർണ്ണമായും അവഗണിക്കപ്പെട്ടിരിക്കുകയണ്. ഇന്നലെ വയനാട്ടിലെ കളക്ട്രേറ്റിന് മുന്നിൽ ജനകീയ സമരമുണ്ടായിരുന്നു. അത് രാഷ്ട്രീയമായ സമരമല്ല, ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നതിനുവേണ്ടിയുള്ള സമരവുമല്ല. ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയുള്ള സമരമാണ്. ബത്തേരിയിലെ രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യപിതാവ് ഡോ. ജോസഫ് മാർ തോമസാണ് ആ സമരം ഉദ്ഘാടനം ചെയ്തത്. വയനാടിന്റെ പ്രോജക്ട് അട്ടിമറിക്കപ്പെട്ടു. ഏഴ് തവണ സർവ്വേ നടത്തി ഒഴിവാക്കിയ തലശ്ശേരി-മാനന്തവാടി-മൈസൂർ റെയിൽവേപാത. ഇതിൽ രണ്ട് പാത ഗവൺമെന്റ് മുന്നോട്ട് വയ്ക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് ഏതിനാണ് പ്രയോറിറ്റി കൊടുക്കേണ്ടത്; ഏതാണ് ലാഭമുള്ള റെയിൽവേ ലൈനെന്ന് പരിശോധിക്കാൻ പോലും ഗവൺമെന്റ് തയ്യാറായിട്ടില്ല.

രാത്രിയാത്രാ നിരോധനം സംബന്ധിച്ച് പറയുകയാണെങ്കിൽ, പ്രിയപ്പെട്ട പ്രതിപക്ഷനേതാവും എല്ലാ രാഷ്ട്രീയ നേതാക്കളും ശ്രീ. രാഹുൽ ഗാന്ധിയും ഇവിടത്തെ മന്ത്രിമാരെല്ലാം വയനാട്ടിൽ വന്നതാണ്. രാത്രിയാത്രാ നിരോധനവുമായി ബന്ധപ്പെട്ട സമരത്തിൽ നാല് ലക്ഷം ആളുകളാണ്

പങ്കെടുത്തത്. ആ സമരവുമായി ബന്ധപ്പെട്ട് ഈ സർക്കാരിലെ രണ്ട് മന്ത്രിമാർ വന്നു പ്രഖ്യാപിച്ചത് കർണ്ണാടക ഗവൺമെന്റുമായി സംസാരിച്ച് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുമെന്നാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കർണ്ണാടകയിൽ പോയി ഒരു ചർച്ച നടത്താൻ പോലും ഈ ഗവൺമെന്റിന് കഴിഞ്ഞില്ല.

കിഫ്ബി പദ്ധതിയെക്കുറിച്ച് ശ്രീ. റോജി എം. ജോൺ പറഞ്ഞു. എന്റെ മണ്ഡലത്തിൽ മൂന്ന് പദ്ധതികളാണ് അനുവദിച്ചത്. ബീനാച്ചി-പനമരം റോഡാണ് തുടങ്ങിയത്. അത് മൂന്ന് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതാണ്. ആ റോഡ് ഏറ്റെടുത്തിരിക്കുന്നത് തമിഴ്നാട്ടിലുള്ള ആർ.എസ്. ഡെവലപ്പേഴ്സ് എന്നുപറയുന്ന കമ്പനിയാണ്. ഇന്ന് ആ കമ്പനി പ്രവൃത്തി ചെയ്യുന്നില്ല. 16 കി.മീറ്ററോളം റോഡ് കുഴിച്ച് മറിച്ചിട്ടിരിക്കുകയാണ്. യാത്ര ചെയ്യാൻ കഴിയുന്നില്ല. ഇക്കാര്യത്തിൽ ഒരു നിയന്ത്രണവുമില്ലാതെ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ് .

സർഫാസി ആക്ട് അനുസരിച്ച് 8000 കുടുംബങ്ങൾ ഇന്ന് ജപ്തി ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിൽ കാർഷിക കടങ്ങളുമായി ബന്ധപ്പെട്ടുള്ള എന്തെങ്കിലും കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇവിടെ തുരങ്കപാതയെ സംബന്ധിച്ച് എന്താണ് പറഞ്ഞത്; അത് പാരിസ്ഥിതികാനുമതി കിട്ടിയാൽ നടപ്പാക്കുമെന്ന് പറഞ്ഞു. ഇലക്ഷന് ഒരു മാസംമുമ്പ് മേപ്പാടി പഞ്ചായത്തിൽ വച്ച് വലിയ ഉദ്ഘാടന മാമാങ്കം നടത്തി. എന്തിനാണ് നടത്തിയത്? എല്ലാ സർവ്വേയും പൂർത്തിയായിട്ടുവേണ്ടേ ഒരു പദ്ധതി ആരംഭിക്കേണ്ടത്; ആ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ നടത്തിയോ; ആ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായോ; പാരിസ്ഥിതികാനുമതി കിട്ടിയോ; നിങ്ങൾ ഇന്ന് ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് വയനാട്ടുകാർ വലിയ പ്രതിസന്ധിയിലാണ്. ഇവിടെ തുരങ്കപാതയുടെ കാര്യം പറഞ്ഞപ്പോൾ ചുരം ബ്ലോക്കാണെന്ന് പറഞ്ഞു. ചുരം ബ്ലോക്കാകാൻ എന്താണ് കാരണം; പാരിസ്ഥിതിക പ്രശ്നമുണ്ടെന്ന് പറയുമ്പോൾ, ഇന്ന് കരിങ്കല്ലും മണലും ഉൾപ്പെടെയുള്ള സാധനങ്ങൾ കൊണ്ടുവരുന്നത് ചുരത്തിന്റെ താഴെനിന്നാണ്. അവിടെ ക്വാറികൾക്കും ക്രഷറുകൾക്കും പ്രവർത്തിക്കാം. പക്ഷെ വയനാട്ടിൽ അത് പ്രവർത്തിക്കാൻ പാടില്ല. ക്വാറി- മണൽ മാഫിയകളെ സംരക്ഷിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എൻ.ഐ.ടി., വയനാട്ടിലെ റവന്യൂ ക്വാറികളെ സംബന്ധിച്ച് പഠനം നടത്തി. ആ അനുകൂല പഠന റിപ്പോർട്ട് ഇന്ന് ഗവൺമെന്റിലുണ്ട്. ഞാൻ ഇന്ന് മുഖ്യമന്ത്രിക്ക് കത്ത് കൊടുത്തിരിക്കുകയാണ്. ലൈഫ് മിഷൻവഴി പാവപ്പെട്ടവർക്ക് അനുവദിക്കുന്ന വീടുകൾ പണിയാൻ കല്ലും മണലും കമ്പിയും സിമെന്റും കിട്ടാനില്ല. കമ്പിക്കും സിമെന്റിനും ഇന്ന് വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് വയനാട്ടിലെ പ്രശ്നമാണ്. പട്ടികവർഗ്ഗക്കാർ പ്രയാസപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്.... ശ്രീ. ഐ. സി. ബാലകൃഷ്ണൻ, അങ്ങ് രണ്ടുമിനിറ്റ് അധികമെടുത്തു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇങ്ങനെ ഒരുപാട് പ്രതിസന്ധികൾ നിലനിൽക്കുമ്പോൾ ഈ ഗവൺമെന്റ് വയനാട്ടുകാരെ വഞ്ചിക്കുന്നതിനുവേണ്ടിയുള്ള പൊള്ളയായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. ഈ ബഡ്ജറ്റിൽ പറഞ്ഞ ഏതെങ്കിലും കാര്യങ്ങൾ നിങ്ങൾ നടപ്പാക്കിയിട്ടുണ്ടോ? മെഡിക്കൽ കോളേജ്, വയനാട് പാക്കേജ്, സുൽത്താൻ ബത്തേരി ഗവൺമെന്റ് കോളേജ്, നഞ്ചൻകോട് - നിലമ്പൂർ റെയിൽവേ, രാത്രിയാത്രാ നിരോധനം, കിഫ്ബി പദ്ധതി, വയനാട് എയർസ്ട്രിപ്; ശ്രീ. എ. പി. അനിൽ കുമാർ ടൂറിസം വകുപ്പുമന്ത്രിയായിരുന്നപ്പോൾ പ്രഖ്യാപിച്ചതാണ് വയനാട് എയർസ്ട്രിപ്. അതിനുവേണ്ടി 50 ലക്ഷം രൂപ ഡി.പി.ആർ. തയ്യാറാക്കുന്നതിന് അനുവദിച്ചു. അന്ന് ആരാണ് സമരം ചെയ്തത്; എന്റെ മണ്ഡലത്തിലെ മാതമംഗലത്ത് ഇതിന്റെ എക്സ്പെർട്ട് അംഗങ്ങൾ വന്ന് സർവ്വേ നടത്തിയപ്പോൾ അവിടെ എതിർത്തത് നിങ്ങളുടെ പാർട്ടിയും ബി.ജെ.പി.-യുമാണ്. അത് നേരെ മാനന്തവാടിയിൽ ചെന്നപ്പോൾ അവിടെയും എതിർത്തു. ഇപ്പോൾ നിങ്ങൾ അത് പ്രഖ്യാപിച്ചിരിക്കുകയാണ്. സമരങ്ങൾ ചെയ്ത് നിങ്ങൾ പദ്ധതികൾ മുടക്കുന്നു, നിങ്ങൾ പ്രഖ്യാപിക്കുന്നു; ജനങ്ങളെ വഞ്ചിക്കുന്നു; ഇതാണ് നിങ്ങളുടെ നിലപാട്. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

8.00 P.M.]

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഈ ബഡ്ജറ്റ് ആധുനിക കേരളത്തിന്റെ വികസനത്തിന് മികച്ച രീതിയിലുള്ള പരിവർത്തനത്തിന് അടിത്തറയിട്ടിരിക്കുകയാണ്. 2016-17 കാലഘട്ടത്തിലെ ആദ്യത്തെ ബഡ്ജറ്റിൽ ഏറ്റവും അടിസ്ഥാനപരമായിട്ടുള്ള ഫൗണ്ടേഷന്റെ എല്ലാ പ്രവർത്തനങ്ങളും ചെയ്തു. അതിൽ നിന്നുള്ള തുടക്കമാണ് ഇതിന്റെ ബാക്കി പ്രവർത്തനങ്ങൾ. അടിസ്ഥാനപരമായി കേരളം നേരിട്ടിരുന്ന വെല്ലുവിളികൾ നമുക്കറിയാം, നാല് മിഷനുകൾവഴി ആ വെല്ലുവിളികളെ അഡ്രസ്സ് ചെയ്തുകഴിഞ്ഞു. അഭ്യസ്തവിദ്യരായിട്ടുള്ള ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാക്കുകയെന്നുള്ളതാണ് ഇപ്പോൾ കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഈ ബഡ്ജറ്റ് ഒരു വിജ്ഞാന സമൂഹമായി കേരളത്തെ കെട്ടിപ്പടുക്കാനുള്ള പ്രവർത്തനത്തിന് തുടക്കമിട്ടിരിക്കുകയാണ്. ഈ കോവിഡ് കാലത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് വികസിത രാജ്യങ്ങളിലുള്ള അവസരങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവരാനുള്ള ഏറ്റവും വലിയ ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്.

സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോഴും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ക്ഷേമപ്രവർത്തനങ്ങൾക്കുള്ള പദ്ധതിവിഹിതം വർദ്ധിപ്പിക്കുന്ന ഒരു കാഴ്ചയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. മറ്റ് സംസ്ഥാനങ്ങളിലൊക്കെ അത്തരത്തിലുള്ള വിഹിതങ്ങൾ എടുത്തുമാറ്റുമ്പോഴാണ്, കേരളത്തിലെ ഗവൺമെന്റ് ഇത്തരത്തിൽ സാധാരണക്കാരെ സഹായിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. കോവിഡ് ചികിത്സയ്ക്ക് കേരളമൊഴികെ മറ്റുള്ള സ്ഥലങ്ങളിലൊക്കെ വലിയരീതിയിലുള്ള ചെലവ് വരുമ്പോൾ, കേരളത്തിൽ സർക്കാർ തലത്തിൽ ചികിത്സ ഒരുക്കിക്കൊണ്ട് ആളുകൾ മരിക്കാനുള്ള സാധ്യത ഇല്ലാതെയാക്കിയത് എന്തുകൊണ്ടെന്ന് ചോദിച്ചാൽ, ഇൻഡ്യയിൽ കോൺഗ്രസ് ഭരിക്കുന്നിടത്തും ബി.ജെ.പി. ഭരിക്കുന്നിടത്തും അങ്ങനെയല്ലാത്തത്, കേരളത്തിൽ ഇടതുപക്ഷമാണ് ഭരിക്കുന്നത്, ഇടതുപക്ഷം സാധാരണക്കാരന്റെ ജീവിതം സുരക്ഷിതമാക്കാനുള്ള പ്രവർത്തനങ്ങളാണ് ചെയ്യുക എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. തെരഞ്ഞെടുപ്പിലേയ്ക്ക് നമ്മൾ പോകുകയാണ്. ഈ തിരിച്ചറിവ് ജനങ്ങൾക്കുള്ളതുകൊണ്ടാണ് ഇടതുപക്ഷം വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി തിരിച്ചുവരുമെന്ന് പറയുന്നത്. ഈ പ്രതിസന്ധി ഘട്ടത്തിലും പെൻഷൻ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ആശ്വാസനടപടി എന്ന നിലയ്ക്കാണ് 1500 രൂപയിൽ നിന്നും 1600 രൂപയാക്കി പെൻഷൻ വർദ്ധിപ്പിച്ചത്. ഉറപ്പില്ലാത്ത 6000 രൂപയെ അല്ല, ഉറപ്പുള്ള 1600 രൂപയെയാണ് ജനങ്ങൾ പിന്തുണയ്ക്കുക. ഇടതുപക്ഷം തിരിച്ചുവന്നാൽ ഇത്തരത്തിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള ക്ഷേമ പ്രവർത്തനങ്ങളുണ്ടാകും.

നമ്മുടെ സമൂഹത്തിൽ സ്ത്രീകളെ പരിഗണിക്കാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾ വിജയിക്കില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജെൻഡർ ബഡ്ജറ്റ് നടപ്പിലാക്കുകയാണ്. സ്ത്രീകൾക്ക് വേണ്ട വിഹിതം പ്രത്യേകമായി പരിഗണിക്കുകയാണ്. അവരെ പ്രത്യേകമായി പരിഗണിച്ച് അവരുടെ പുരോഗതി ലക്ഷ്യമിടുകയാണ്. 2016-17-ൽ 760 കോടി രൂപയായിരുന്നു വകയിരുത്തിയിരുന്നതെങ്കിൽ ഇപ്പോൾ 1,347 കോടി രൂപയാണ് ജെൻഡർ ബഡ്ജറ്റിന്റെ ഭാഗമായി വകയിരുത്തിയത്. പ്രതിപക്ഷത്തിന്റെ യുവനേതാക്കളുടെ ഭാഗത്തുനിന്നും ഈ ഗവണ്മെന്റിനെതിരായി വലിയ രീതിയിലുള്ള അലിഗേഷൻ ഉണ്ടായിട്ടുണ്ട്. അതിനുകാരണം ഈ ഗവൺമെന്റ് അഭ്യസ്തവിദ്യരായ ആളുകൾക്ക് തൊഴിൽ നൽകുന്നില്ലെന്നുള്ള വ്യാജ പ്രചരണങ്ങളാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒന്നരലക്ഷത്തിലധികം വരുന്ന ആളുകൾക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുള്ളത്. അതോടൊപ്പംതന്നെ തൊഴിലില്ലായ്മ പരിഹരിക്കാൻ നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ 5 വർഷക്കാലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ കൊടുത്തത് 45436 പേർക്കാണ്. എന്നാൽ

എൽ.ഡി.എഫ്. 2020 വരെ തൊഴിൽ കൊടുത്തത് 51771 ആളുകൾക്കാണ്. എന്നിട്ടാണ് ഇവർ ഇങ്ങനെ പറയുന്നത്. അതോടൊപ്പം ജോബ് ഫെയർ വഴി പ്രൈവറ്റ് മേഖലയിൽ 41357 ആളുകൾക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രം സ്വയം സംരംഭങ്ങളടക്കമുള്ള സഹായങ്ങളായി 117270 പേർക്കും ജോലി കൊടുത്തു. അതോടൊപ്പം പി.എസ്.സി. മുഖേന ഒന്നര ലക്ഷത്തോളം ആളുകൾക്കും എം.എസ്.എം.ഇ. വഴി ഏതാണ്ട് 638000-ത്തോളം ആളുകൾക്കും ജോലി കൊടുത്തു. അത് യു.ഡി.എഫ്.-ന്റെ കാലത്ത് വളരെ കുറവായിരുന്നു. ഏറ്റവും കൂടുതൽ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിച്ച ഒരു കാലഘട്ടം എൽ.ഡി.എഫ്.-ന്റെ കാലഘട്ടമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് സ്റ്റാർട്ട് അപ്പുകൾ വളരെ കുറവായിരുന്നു. അന്ന് 300 സ്റ്റാർട്ട് അപ്പുകൾ മാത്രമായിരുന്നുവെങ്കിൽ 3900 സ്റ്റാർട്ട് അപ്പുകൾക്കാണ് ഈ ഗവൺമെന്റ് സഹായം നൽകിയത്. 32000-ത്തോളം ആളുകൾക്കാണ് തൊഴിൽ നൽകിയിട്ടുള്ളത്. ഈ ഗവൺമെന്റ് പുതിയ ബഡ്ജറ്റിൽ വച്ച പദ്ധതികൾ വച്ചുകൊണ്ട്, നേരത്തെ നമ്മൾ ഒരു സാഹചര്യം സൃഷ്ടിക്കുകയായിരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതിയടക്കം കൊണ്ടുവന്ന് വൈദ്യുതിക്കുള്ള സാഹചര്യങ്ങളുണ്ടാക്കുന്നു. കെ-ഫോൺ അടക്കമുള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ട് ഇന്ത്യയിൽ ആദ്യമായി ഇന്റർനെറ്റ് ഒരു അവകാശമായി ഒരു സംസ്ഥാനം പ്രഖ്യാപിച്ചു, അത് കേരളമാണ്. അവകാശമായി പ്രഖ്യാപിക്കുക മാത്രമല്ല, അത് ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചു. അത് യാഥാർത്ഥ്യമാകുമ്പോൾ, തൊഴിൽ ഉറപ്പിക്കാനുള്ള പദ്ധതികളാണ് ഈ ബഡ്ജറ്റിൽ വച്ചിട്ടുള്ളത്. ഒന്നൊന്നര വർഷംകൊണ്ട് ഏറ്റവും കൂടുതൽ യുവാക്കൾക്കും യുവതികൾക്കും തൊഴിൽ കൊടുക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുകയാണ്. പ്രതിപക്ഷം ഇത്തരത്തിലുള്ള യുവജനങ്ങളുടെ പ്രശ്നങ്ങൾ പറയുമ്പോൾ കേന്ദ്രഗവൺമെന്റ് എട്ട് ലക്ഷത്തിലധികം തൊഴിൽ ഇല്ലായ്മ ചെയ്തതിനെക്കുറിച്ച് ഒരു പ്രചരണം/പ്രകടനംപോലും നടത്തിയിട്ടില്ല. 2019 ഡിസംബർ 12-ന് റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് ഫലപ്രഖ്യാപനം നടത്തിയ അസിസ്റ്റന്റ് ലോക്കോ പൈലറ്റ് തസ്തികയിലെ 64371 നിയമനം ഇതുവരെ നടത്തിയിട്ടില്ല. 137069 ഒഴിവുകളുള്ള ആർ.ബി.ഐ., ഗ്രൂപ്പ് ഡി തസ്തികയിലേയ്ക്ക് 2019 ഫെബ്രുവരി 13-ന് വിജ്ഞാപനം പുറപ്പെടുവിച്ചതാണ്. അപേക്ഷ ഫീസായി 500 കോടി രൂപയാണ് പിരിച്ചത്. ഇതുവരെ പരീക്ഷപോലും നടത്തിയിട്ടില്ല. ഇത്തരത്തിൽ കേന്ദ്ര ഏജൻസികളും കേന്ദ്രഗവൺമെന്റും പ്രവർത്തിക്കുമ്പോൾ, യുവജനങ്ങൾക്കുവേണ്ടി യാതൊന്നും പറയാതെ ഈ ഗവൺമെന്റിനെ ആക്ഷേപിക്കുമ്പോഴും യു.ഡി.എഫ്. സർക്കാരിനേക്കാൾ ഇരട്ടിയിലധികം നിയമനങ്ങൾ നടത്തിയ സർക്കാരാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് .... ഇങ്ങനെ സംസാരിച്ചാൽ സഭ അവസാനിക്കുമ്പോൾ രാത്രി 12 മണിയാകും.

ശ്രീ. മുഹമ്മദ് മുഹസിൻ. പി.: സർ, ഒറ്റക്കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റിനെ തകർക്കാൻ വലിയൊരു പ്ലാനുണ്ടായിരുന്നു. ഒരു ഭാഗത്ത് യു.ഡി.എഫ്.-ന്റെയും ബി.ജെ.പി.-യുടെയും നേതൃത്വത്തിൽ, മറുഭാഗത്ത് സ്വർണ്ണക്കടത്ത്, വേറൊരുഭാഗത്ത് അഴിമതി, സി.&എ.ജി.-യുടെ നേതൃത്വത്തിൽ കിഫ്ബിക്കെതിരായ നടപടി, അവിശ്വാസപ്രമേയം ചർച്ച ചെയ്ത് അടുത്ത തെരഞ്ഞെടുപ്പിലേയ്ക്ക് പോകാമെന്നുള്ളത്, എന്നാൽ അതെല്ലാം പൊളിഞ്ഞിരിക്കുകയാണ്. ആർ.എസ്.എസ്.-ന്റെ കൂടെനിന്ന് കെ.പി.സി.സി.-യുടെ സെക്രട്ടറി അവരുടെ വക്കാലത്ത് വാങ്ങിയ വക്കീലായി മാറിയ ഈ സമയത്താണ് കിഫ്ബിക്കെതിരെ, കേരളത്തിനെതിരെ പറയുന്നത്. ഇതെല്ലാം ജനങ്ങൾ മനസ്സിലാക്കും. ഡോ. കെ. ടി. ജലീൽ ഖുറാനിൽ ഒളിപ്പിച്ച് സ്വർണ്ണക്കടത്ത് നടത്തിയെന്ന ആക്ഷേപം അദ്ദേഹത്തിനെതിരായി ഇവിടെ പറഞ്ഞു. ഒരു വിഭാഗം ജനങ്ങൾ വളരെ വിശുദ്ധമായി കരുതുന്ന ഗ്രന്ഥമാണ് ഖുറാൻ. അതുവച്ച് ആ മന്ത്രിക്കെതിരെ വ്യക്തിപരമായ വിരോധം തീർക്കാൻ, ആർ.എസ്.എസ്.-ന്റെ അജണ്ടയ്ക്കനുസരിച്ച് കോൺഗ്രസ് നീങ്ങി. എന്റെ നാട്ടിലെ ഒരു ഉസ്താദ് എന്നോട് പറഞ്ഞത്: അങ്ങനെ പറഞ്ഞതിന് തിരിച്ചുകിട്ടിയെന്നാണ്. ആ ആരോപണം പറഞ്ഞയാൾ ഇഞ്ചികൃഷിയുടെ പുതിയ സാദ്ധ്യതകൾ പഠിക്കാനുള്ള അന്വേഷണത്തിലാണ് എന്നതുകൂടി ജനം തിരിച്ചറിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ യു.ഡി.എഫ്.-നെ ജനം തള്ളിക്കളയും, ഇടതുപക്ഷം വമ്പിച്ച ഭൂരിപക്ഷത്തിൽ തിരിച്ചുവരും. കേരളത്തിലെ ജനങ്ങൾ കാര്യങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന സത്യം ഞാൻ പറയുകയാണ്. യുവജനങ്ങളും സ്ത്രീകളുമുൾപ്പെടെ എല്ലാവരെയും പരിഗണിച്ചു കൊണ്ടുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അംഗങ്ങളാരുംതന്നെ സമയപരിധി പാലിക്കുന്നില്ല. ഇങ്ങനെപോയാൽ പത്തുമണി കഴിഞ്ഞാലും ചർച്ച പൂർത്തിയാക്കാൻ സാധിക്കില്ല. അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ പ്രസംഗം അവസാനിപ്പിക്കാൻ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങളോട് ആവശ്യപ്പെടുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അഞ്ച് വർഷം പൂർത്തിയാക്കുമ്പോൾ അഞ്ച് ബഡ്ജറ്റുകൾ കണ്ടവരാണ് ഞങ്ങൾ. ഈ അഞ്ച് ബഡ്ജറ്റിലും പ്രഖ്യാപിച്ച കാര്യങ്ങളൊന്നുംതന്നെ ഈ ഗവൺമെന്റിന്റെ സമയത്ത് പൂർത്തിയാക്കിയിട്ടില്ലെന്നതാണ് ഞങ്ങൾ ഇതിനെ എതിർത്തതിന്റെ ന്യായീകരണം. സാമ്പത്തിക മാനേജ്മെന്റിൽ പൂർണ്ണമായി പരാജയപ്പെട്ട ഒരു ഗവൺമെന്റാണിത്. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചിരിക്കുന്നു. 2016-ൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 1,57,370 കോടി രൂപയായിരുന്നുവെങ്കിൽ 2020-ൽ കടബാദ്ധ്യത 2,00,60,311 കോടി രൂപയായിരിക്കുന്നു. അതേസമയം

സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് കുത്തനെ താഴ്ന്നിരിക്കുന്നു. 2019-20-ൽ 6.49 ശതമാനമാണെങ്കിൽ 2020-21-ൽ 3.45 ശതമാനമാണ്. ഇത് പറയുമ്പോൾ കോവിഡായിരുന്നു എന്നൊക്കെ പറയാം. പക്ഷെ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാൾ വളരെ കുറഞ്ഞിരിക്കുന്നു. ദേശീയ ശരാശരി 4.2 ശതമാനമാണ്; എന്നുപറഞ്ഞാൽ വളർച്ചാനിരക്കിൽ ദേശീയ ശരാശരിയുടെ ഒപ്പമെത്താൻപോലും കേരളത്തിന് സാധിച്ചിട്ടില്ല. പതിനാലാം കേരള നിയമസഭയിൽ ആദ്യമായി വന്ന ഒരു പ്രതിനിധിയാണ് ഞാൻ. നേരത്തെ ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് ഞങ്ങൾക്ക് ജനകീയാസൂത്രണത്തിന്റെ ക്ലാസെടുത്തുതന്ന ആളായിരുന്നു ഡോ. ടി. എം. തോമസ് ഐസക്. ആ സമയത്ത് ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ച് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്, 'ഇതാ വേണമെങ്കിൽ നോക്കിക്കോളൂ, മൂന്ന് വർഷംകൊണ്ട് ഞങ്ങൾ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കും.' ഒന്നാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗമായിരുന്നു. 'അഞ്ച് വർഷം കഴിഞ്ഞ് ഞങ്ങൾ പോകുമ്പോൾ കിഫ്ബി നടപ്പിലാക്കി കേരളത്തിന്റെ തലങ്ങുംവിലങ്ങും ലോകോത്തര മാതൃകയിലുള്ള റോഡുകളുണ്ടാക്കുമെന്ന്' അദ്ദേഹം പ്രഖ്യാപിച്ചു. ആ പറഞ്ഞതിൽ ഏതെങ്കിലുമൊരു റോഡ് നിലവിൽവന്നിട്ടുണ്ടോയെന്നും കേരളത്തിലത് കാണാൻ സാധിക്കുമോയെന്നുമാണ് എനിക്ക് ചോദിക്കാനുള്ളത്. 2016-17-ലെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ഒരു റോഡുപോലും പൂർത്തിയാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഞങ്ങൾ കിഫ്ബിയുടെ ബോർഡ് വച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഞങ്ങൾ അദ്ധ്വാനിച്ച് അവിടെയും ഇവിടെയും നിവേദനം നൽകി ധനകാര്യ വകുപ്പുമന്ത്രിയുൾപ്പെടെ എല്ലാവരെയും കണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി; റോഡ് വന്നപ്പോൾ ഞങ്ങൾ ബോർഡ് വച്ചു. പക്ഷെ ഞങ്ങൾ ബോർഡ് വയ്ക്കുന്നതിനുമുമ്പ് അവിടെ ശ്രീ. പിണറായി വിജയന്റെ ബോർഡ് വച്ച് സഖാക്കൾ അതിലേറെ ആഘോഷിച്ചിട്ടുണ്ട്. ഞങ്ങളല്ല, ഇതൊക്കെ കൊണ്ടുവന്നത് സഖാക്കളാണെന്ന രീതിയിൽ ഒരദ്ധ്വാനവും കൂടാതെ അവർ ബോർഡ് വച്ചിട്ടുണ്ട്. ആ ബോർഡ് വച്ച റോഡുകളിലേതെങ്കിലും ഇന്ന് നിലവിലുണ്ടോയെന്നും എവിടെയെങ്കിലും പൂർത്തിയാക്കിയിട്ടുണ്ടോയെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയണം. 2016-17-ൽ എന്റെ മണ്ഡലത്തിൽ ഞാൻ നിർദ്ദേശിച്ച ഒരു റോഡുണ്ടായിരുന്നു. അത് മുണ്ടുമുഴി-വെട്ടുപാറ-പുളിക്കൽ റോഡായിരുന്നു. ആ റോഡിനുള്ള ഫണ്ട് കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുണ്ടല്ലോയെന്ന് വിചാരിച്ച് മറ്റൊരു ഫണ്ടും ഞങ്ങൾ അതിനുവേണ്ടി മാറ്റിവച്ചില്ല. കാരണം അതിനേക്കാൾ മോശമായ വേറെയും റോഡുകളുണ്ടായിരുന്നു. അന്ന് എട്ട് മീറ്റർ വീതി മതിയായിരുന്നു. ഇന്ന് 10 മീറ്റർ വീതിയില്ലെങ്കിൽ അതെടുക്കാൻ സാധിക്കില്ലെന്ന് പറഞ്ഞു. റോഡിന്റെ ഉപരിതലംപോലും തകർന്നുകിടക്കുകയാണ്. ഇതിന് എന്ത് പരിഹാരമാണുള്ളതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയണം. ആളുകൾക്ക് നടക്കാനും

വാഹനമോടിക്കാനും കഴിയാത്ത രീതിയിലേയ്ക്ക് ഇത് മാറിയിരിക്കുന്നു. നേരത്തെ ബസ് സർവ്വീസുണ്ടായിരുന്ന റോഡുകൾപോലും ഇന്ന് തകർന്നിരിക്കുകയാണ്. ഇന്ന് കിഫ്ബിയുമില്ല മറ്റ് ഫണ്ടുകളുമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് തകർന്നുകിടക്കുന്ന റോഡുകൾ നന്നാക്കാൻ എന്ത് പരിഹാരമാർഗ്ഗമാണ് നിർദ്ദേശിക്കാനുള്ളത്.

ഇവിടെ വിധവാ പെൻഷന്റെ കാര്യം പറഞ്ഞു, ഒരു പഞ്ചായത്തിൽ ഏറ്റവും കുറഞ്ഞത് 25 പേർക്കെങ്കിലും വിധവാപെൻഷൻ നഷ്ടപ്പെടുന്നുണ്ടാകും. അവർക്ക് അത് ലഭിക്കുന്നതിന് എന്ത് പരിഹാരമാർഗ്ഗമാണുള്ളത്? ക്ഷേമപെൻഷൻ 100 രൂപ വർദ്ധിപ്പിച്ചില്ലേ എന്നാണ് ചോദിക്കുന്നത്, ഇങ്ങനെ പത്തിരുപത്തയ്യായിരം ആളുകളുടെ പെൻഷൻ വെട്ടിക്കുറച്ചശേഷം 100 രൂപ വർദ്ധിപ്പിക്കാൻ വളരെ എളുപ്പമാണ്. അക്കാര്യം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഐ. സി. ബാലകൃഷ്ണൻ വയനാടിനെ അവഗണിച്ച കഥ പറഞ്ഞു. ഞാൻ പറയുന്നു, മലപ്പുറത്തെയും മലബാറിനെയും ഈ ഗവൺമെന്റ് പൂർണ്ണമായും അവഗണിച്ചിട്ടുണ്ട്. കാലിക്കറ്റ് എയർപോർട്ടിന്റെ കാര്യം എല്ലാവർക്കുമറിയാം. 74 ശതമാനം സ്വകാര്യവ്യക്തികൾക്ക് പങ്കാളിത്തമുള്ള കണ്ണൂർ എയർപോർട്ടിലേയ്ക്കുള്ള റോഡ് നന്നാക്കുന്നതിനുവേണ്ടി ആയിരക്കണക്കിന് രൂപയാണ് നിങ്ങൾ അനുവദിച്ചത്. കേരളത്തിലെ സർക്കാർ മേഖലയിലുള്ള, പൊതുമേഖലയിലുള്ള ഏക എയർപോർട്ടാണ് കാലിക്കറ്റ് എയർപോർട്ട്. ഓരോ ഹജ്ജ് വേളയിലും ആ എയർപോർട്ടിലേയ്ക്കുള്ള റോഡുകൾ നന്നാക്കുന്നതിനുവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റുകളൊക്കെ ഫണ്ട് അനുവദിച്ചിരുന്നു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം കാലിക്കറ്റ് എയർപോർട്ടിലേയ്ക്കുള്ള ഏതെങ്കിലുമൊരു റോഡ് നന്നാക്കാൻ ഒരു രൂപയെങ്കിലും അനുവദിച്ചിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയണം. 18 എം.എൽ.എ.-മാർ ഒപ്പിട്ടുകൊടുത്തു, ഒരു രൂപപോലും നൽകിയില്ല. കാലിക്കറ്റ് എയർപോർട്ടിൽനിന്നും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് എടുത്തുമാറ്റി. തീർത്ഥാടകരിൽ 80 ശതമാനവും മലബാറിൽനിന്നുള്ള ഹജ്ജ് യാത്രികരാണ്, അവരാണ് കാലിക്കറ്റ് എയർപോർട്ടിനെ ആശ്രയിക്കുന്നത്. കാലിക്കറ്റ് എയർപോർട്ടിൽനിന്നും മാറ്റിയ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് തിരികെ കൊണ്ടുവരുന്നതിനുവേണ്ടി ഈ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വിമാന ദുരന്തത്തിനുശേഷം കാലിക്കറ്റ് എയർപോർട്ടിൽ വലിയ വിമാനങ്ങളിറങ്ങുന്നില്ല. അവ കാലിക്കറ്റ് എയർപോർട്ടിലേയ്ക്ക് കൊണ്ടുവരുന്നതിന് ഈ ഗവൺമെന്റ് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പരിശോധിക്കണം. ഈ ഗവൺമെന്റിന്റെ സ്തുതിപാഠകരായ മലബാറിലെ ഭരണകക്ഷി എം.എൽ.എ.-മാരടക്കം ആലോചിക്കേണ്ട വിഷയമാണിത്. എല്ലാ മേഖലയിലും മലബാറിനെയും മലപ്പുറത്തെയും അവഗണിച്ചുവെന്ന് ഞാൻ സൂചിപ്പിച്ചു. ഈ ഗവൺമെന്റ് 165 ന്യൂജെൻ കോഴ്സുകൾ

ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അനുവദിച്ചു. അതിൽ മലബാറിന് കൊടുത്തിട്ടുള്ളത് വെറും 65 കോഴ്സുകൾ മാത്രമാണ്. ആദ്യമേ ദുർബ്ബല പിന്നെ ഗർഭിണി എന്നുപറഞ്ഞതുപോലെ ആദ്യമേ പിന്നോക്കം, ഇപ്പോൾ കൊടുത്ത കോഴ്സുകളും പൂർണ്ണമായി കൊടുത്തത് ഇവിടെയാണ്. 9 അറബിക് കോളേജുകളുണ്ട്. ഒരു അറബിക് കോളേജിനും ഒരു കോഴ്സുപോലും കൊടുത്തില്ല. ആയിരക്കണക്കിന് പോസ്റ്റുകൾ സൃഷ്ടിക്കുമെന്ന് പറഞ്ഞു. കുറേ പോസ്റ്റുകൾ സൃഷ്ടിച്ചു. ആയിരക്കണക്കിന് പോസ്റ്റുകൾ അദാലത്തുവഴി സൃഷ്ടിച്ചപ്പോൾ അദാലത്തൊക്കെ കഴിഞ്ഞ് അറബിക് കോളേജിന് ഒരു ടീച്ചിംഗ് പോസ്റ്റ് പോലും സൃഷ്ടിച്ചിട്ടില്ല. ഈ അറബിക് കോളേജുകൾ, റിസർച്ച് സെന്ററുകളായ അറബിക് കോളേജുകളാണെന്ന് ആലോചിക്കണം. മലബാറിലെ നിരവധി എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ നിയമനാംഗീകാരം ലഭിക്കാതെ ഇന്ന് പെരുവഴിയിലാണ്. അവർക്ക് സ്വന്തം കുട്ടികളെ പോറ്റണമെങ്കിൽ കൂലിവേലയ്ക്ക് പോകേണ്ട അവസ്ഥയാണ്. വിദ്യാഭ്യാസ അവകാശനിയമം വന്നപ്പോൾ പ്രൈമറിതലത്തിൽ 1:30-ഉം ഹൈസ്കൂൾതലത്തിൽ 1:45-ഉം ആക്കി. അതിന്റെയടിസ്ഥാനത്തിൽ കൂടുതൽ അദ്ധ്യാപക പോസ്റ്റുകൾ സൃഷ്ടിക്കപ്പെടുന്നത് തടയാൻവേണ്ടി ഗവൺമെന്റ് കെ.ഇ.ആർ. നിയമം ഭേദഗതി ചെയ്തു. ഭേദഗതി ചെയ്തിട്ട് പറഞ്ഞത്, ഒരു അദ്ധ്യാപക നിയമനം നടക്കുമ്പോൾ ഒരു പ്രൊട്ടക്റ്റഡ് അദ്ധ്യാപകനെക്കൂടി നിയമിക്കണമെന്നാണ്. ഒരദ്ധ്യാപകനെ നിയമിക്കുമ്പോൾ ഒരു പ്രൊട്ടക്റ്റഡ് അദ്ധ്യാപകനെക്കൂടി നിയമിച്ചാലും ആ ആളിന് ഇപ്പോൾ നിയമനത്തിന്റെ അംഗീകാരം കൊടുക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പെരുവഴിയിലായ ആയിരക്കണക്കിന് അദ്ധ്യാപകരുടെ നിയമനാംഗീകാരത്തെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല. ഇതാണ് ഈ ബഡ്ജറ്റിനെ എതിർക്കാനുള്ള കാരണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് മൂന്ന് മിനിട്ട് കൂടുതലെടുത്തു. പ്ലീസ്...പ്ലീസ്...

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇന്ന് ശ്രീ. ജോൺ ഫെർണാണ്ടസ് സംസാരിച്ചപ്പോൾ, ബി.ജെ.പി.-യുടെ ഏകതലത്തിലേയ്ക്കുള്ള ഒരു വലിയ പോക്കാണിതെന്ന് പറഞ്ഞു. ഞങ്ങൾ പറഞ്ഞതാണിത്. ഇവിടെ ആർ.എസ്.എസ്.-നെയും ജനസംഘത്തേയും വളർത്തിയത് നിങ്ങളാണ്. ആർ.എസ്.എസ്.-നേയും ജനസംഘത്തേയും വളർത്തുന്നതിന് അവസാനം നിങ്ങൾ വലിയ വില കൊടുക്കേണ്ടിവരുമെന്ന് അന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. 1967-ൽ ആദ്യമായി കോൺഗ്രസ് പാർട്ടിയെ അകറ്റി ഏതാനും സംസ്ഥാനങ്ങളിൽ.., ഇവിടെ പ്രതിപക്ഷം അധികാരത്തിൽവന്നു, അന്ന് ജനസംഘത്തോടൊപ്പം ചേർന്ന് മന്ത്രിസഭയിൽ അംഗമായി. ജനസംഘത്തോടൊപ്പം ചേർന്നവരാണ് ഇവിടെയുള്ള ഇടതുപക്ഷമെന്നത് ഇക്കൂട്ടർ മറക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 1967-ൽ നിങ്ങൾ യു.പി.-യിൽ അധികാരത്തിൽ വന്നു. ആ മുന്നണിയുടെ പേര് 'സംയുക്ത വിധായക് ദൾ' (എസ്.വി.ഡി.) എന്നായിരുന്നു. ആ മുന്നണിയിൽ ചരൺസിംഗായിരുന്നു മുഖ്യമന്ത്രി. അന്ന് 98 ജനസംഘം അംഗങ്ങൾ അതിലുണ്ടായിരുന്നു. അവിടെ ബി.കെ.ഡി.-യും ഉണ്ടായിരുന്നു. അന്ന് സി.പി.ഐ.-യ്ക്ക് അവിടെ 13 എം.എൽ.എ.-മാരുണ്ടായിരുന്നു. ആ മന്ത്രിസഭയിൽ സി.പി.ഐ.-യുടെ രണ്ട് മന്ത്രിമാരുമുണ്ടായിരുന്നു. സി.പി.ഐ.(എം.)-ന്റെ ഒരു എം.എൽ.എ. അന്ന് ഈ ജനസംഘത്തിന്റെ മന്ത്രിസഭയെയാണ് പിന്തുണച്ചിരുന്നത്. 1967-ൽ ഗുർണാം സിംഗായിരുന്നു പഞ്ചാബ് മുഖ്യമന്ത്രി....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.... നാല് മിനിട്ട് അധികമെടുത്തു. പ്ലീസ്....പ്ലീസ്....

ശ്രീ. ടി. വി. ഇബ്രാഹിം.: സർ, ആ പഞ്ചാബിലെ മുഖ്യമന്ത്രിയെ, ഏഴ് പാർട്ടികൾ ചേർന്നുണ്ടാക്കിയ എസ്.വി.ഡി. മുന്നണിയിൽ, അവിടെ അകാലിദൾ ഉണ്ടായിരുന്നു, ജനസംഘത്തിന്റെ ഒരു മന്ത്രിയുണ്ടായിരുന്നു. സി.പി.ഐ.(എം.) ഉണ്ടായിരുന്നു. ആ മന്ത്രിസഭയിൽ സി.പി.ഐ.-യും ഉണ്ടായിരുന്നു. അങ്ങനെ അന്ന് നിങ്ങൾ വളർത്തിയതാണ്. 1990-കളിലാണ് നിങ്ങൾക്ക് ഈ ബോധം വന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇങ്ങനെ മത്സരിച്ച് അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കുകയാണോ? പ്ലീസ്...stop it. അങ്ങ് നാല് മിനിട്ടിൽ കൂടുതൽ സമയം എടുത്തുകഴിഞ്ഞു. അടുത്ത് ആളിലേയ്ക്ക് പോകുകയാണ്. ശ്രീ. കെ. ജെ. മാക്സി, അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അമേരിക്കയിൽ ഡൊണാൾഡ് ട്രംപ് മാറി ജോ ബൈഡൻ വന്നു, നൻമയുടെ പുതിയ പൂക്കാലം....(മൈക്ക് ഓഫ്)..

ശ്രീ. കെ. ജെ. മാക്സി: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. ജനജീവിതം കോവിഡിന് മുമ്പും പിമ്പുമെന്ന തരത്തിൽ ലോകവ്യാപകമായി മാറിക്കഴിഞ്ഞത് ശരിയായി ഉൾക്കൊണ്ടുകൊണ്ട് അതിജീവനത്തിന്റെ പുതിയ ജനകീയപാത സൃഷ്ടിച്ച് മികവുറ്റതും സർവ്വതല സ്പർശിയുമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിലുള്ള മികച്ച ധനകാര്യ മാനേജ്മെന്റിനെ ഞാൻ ശ്ലാഘിക്കുന്നു. കേരള സംസ്ഥാന വികസനം, ജനക്ഷേമം, സാമൂഹ്യനീതി ഉറപ്പുവരുത്തൽ,

പൊതുജനാരോഗ്യം സംരക്ഷിക്കലും ചികിത്സ ഉറപ്പാക്കലും, കിടപ്പാടമില്ലാത്തവരെ കണ്ടെത്തി കിടപ്പാടം ഉറപ്പാക്കൽ, കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കൽ തുടങ്ങിയ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം ഉറപ്പുവരുത്തുകയും കേന്ദ്ര സർക്കാർ സഹായങ്ങളോ പരിരക്ഷയോ ഇല്ലാതെ സംസ്ഥാനത്തെ ഞെക്കിപ്പിഴിയുന്ന രാഷ്ട്രീയ ദുഷ്ടലാക്കിനെ അതിജീവിച്ച് കേരള സംസ്ഥാനത്തിന്റേതായ ജനകീയ ബദലുകളുമായി മുന്നോട്ട് കുതിക്കുകയാണ് സഖാവ് പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ സർക്കാർ. കേരളം നടപ്പിലാക്കിയ ഹെൽത്ത് ഇൻഷ്വറൻസ്, സ്ത്രീകൾ, കുട്ടികൾ, അതിഥി തൊഴിലാളികൾ എന്നിവർക്കുവേണ്ടി ചെയ്ത കാര്യങ്ങൾ, മതസൗഹാർദ്ദം ഉൾപ്പെടെ ജനാധിപത്യമൂല്യങ്ങളുടെ സംരക്ഷണം ഉറപ്പാക്കൽ, പ്രളയസമയത്തെ രക്ഷാപ്രവർത്തനങ്ങൾ, നിപ പകർച്ചാവ്യാധിയെ പ്രതിരോധിക്കൽ, ഓഖി ദുരന്തത്തെ നേരിടുന്നതിൽ കാണിച്ച ശുഷ്കാന്തി, കോവിഡ് പ്രവർത്തനങ്ങളെ ഫലപ്രദമായി നേരിട്ട രീതികൾ, ക്രമസമാധാന പരിപാലനം തുടങ്ങിയവയെല്ലാം ബി.ബി.സി., സി.എൻ.എൻ., അൽ ജസീറ, വാഷിംഗ്ടൺ പോസ്റ്റ്, ഇന്റർനാഷണൽ ജേർണലിസ്റ്റുകൾ തുടങ്ങിയ ചെറുതും വലുതുമായ വിദേശ ദൃശ്യ-പത്ര-മാധ്യമങ്ങൾ പ്രകീർത്തിച്ചത് ശ്രദ്ധേയമാണ്. കേന്ദ്ര സർക്കാർ എല്ലാ ഉപഭോഗ സംസ്ഥാനങ്ങളേയും വിവിധ തലങ്ങളിൽ ബാധിക്കുന്ന, രാജ്യം തകർച്ചയെ നേരിടുന്ന, സംസ്ഥാനങ്ങളെ തമ്മിലടിപ്പിക്കുന്നതുമായ മൂന്ന് വിവാദ കർഷക നിയമങ്ങൾ പാസ്സാക്കി ക്രമസമാധാന പ്രശ്നമുണ്ടാക്കി മുന്നോട്ട് പോകുമ്പോഴാണ് കേരളം കൈവരിച്ച നേട്ടങ്ങളെ പൊതുസമൂഹം ഇത്തരത്തിൽ വിലയിരുത്തുന്നത്. സംസ്ഥാനത്ത് ക്രമസമാധാനം ഉറപ്പുവരുത്തി, പൊതുജനങ്ങൾക്ക് വേണ്ട സേവനം ഉറപ്പുവരുത്തുന്നതിനായി, മറ്റ് സർക്കാരുകളുടെ കാലത്ത് നടപ്പിലാക്കാത്ത രണ്ട് നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കിയത്. ഒന്ന്, പൗരാവകാശ രേഖകൾ പ്രസിദ്ധീകരിച്ച് പോലീസ് രേഖകളും സേവനവിവരങ്ങളും മൊബൈൽ ആപ്പുവഴി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. രണ്ട്, ജനങ്ങൾക്ക് നൽകുന്ന പരാതികളിന്മേലുള്ള നടപടികൾ ഡിജിറ്റൽ പെറ്റീഷൻ മോണിറ്ററിംഗ് സംവിധാനംവഴി ലഭ്യമാക്കാനുതകുന്ന നടപടികൾ സ്വീകരിച്ചു. ഇവയെല്ലാം ആഭ്യന്തര വകുപ്പിന്റെ ധീരമായ നടപടികളിൽ എടുത്ത് പറയത്തക്കവയാണെന്നത് തർക്കമില്ലാത്ത കാര്യമാണ്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയെന്ന കേന്ദ്ര സർക്കാർ ഏജൻസി റിപ്പോർട്ട് ചെയ്തിട്ടുള്ളത് വർഗ്ഗീയ കലാപങ്ങളില്ലാത്ത നാട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ഭരിക്കുന്ന കേരളമാണെന്നാണ്. ഇത് തികച്ചും അഭിനന്ദനാർഹമാണ്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ അഴിമതികളിൽ ജയിലിലായവരും ജയിലിലാകാൻ കാത്തു നിൽക്കുന്നവരുമായ

മുൻ മന്ത്രിമാർ ഉൾപ്പെടെയുള്ള എം.എൽ.എ.-മാരും എത്ര പേരാണെന്നുള്ളത് കേരള ജനതയ്ക്ക് അറിയാവുന്ന സത്യമല്ലേ; അതിൽനിന്നും തികച്ചും വിഭിന്നമാണ് ഈ സർക്കാരെന്നത് തർക്കമറ്റ വിഷയമാണ്. കേരള സംസ്ഥാനത്തെ കഷ്ടതയനുഭവിക്കുന്ന, സാമൂഹ്യരേഖയ്ക്ക് താഴെ നിൽക്കുന്നവരുടെ ഉന്നമനത്തിനും സാമൂഹ്യ സുരക്ഷ ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ട് പോകുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സാമൂഹ്യക്ഷേമ പെൻഷൻ 9311 കോടി രൂപ നൽകിയപ്പോൾ ഈ സർക്കാർ നാളിതുവരെ 32,034 കോടി രൂപ നൽകിക്കഴിഞ്ഞു. അതായത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 34 ലക്ഷം പേർക്ക് സാമൂഹ്യക്ഷേമ പെൻഷൻ നൽകിയപ്പോൾ ഈ സർക്കാർ 59.5 ലക്ഷം പേർക്ക് നൽകിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെൻഷൻ 600 രൂപ അനുവദിച്ചപ്പോൾ ഈ സർക്കാരിന്റെ കാലത്ത് 1600 രൂപയായി വർദ്ധിപ്പിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ 30 ശതമാനം പേർക്ക് ആദ്യമായി പെൻഷൻ ലഭിക്കുകയും ചെയ്തു. മാത്രമല്ല, സ്വന്തമായി വീടില്ലാത്തവരെ കണ്ടെത്തി 273632 പേർക്ക് വീട് നിർമ്മിച്ചുനൽകാൻ ഈ സർക്കാരിന് കഴിഞ്ഞു. കൂടാതെ ഈ സർക്കാർ കൂടുതൽ വീടുകളുടെ പണിപ്പുരയിലുമാണ് . നടപ്പുവർഷം ലൈഫ് മിഷൻ പദ്ധതി വഴി 1.50 ലക്ഷം വീടുകൾ കൂടി അനുവദിക്കാൻ 6000 കോടി രൂപ നടപ്പു ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും നടപ്പിലാക്കുകവഴി കേരള ജനത ഈ സർക്കാരിനെ കയ്യടിച്ച് സ്വീകരിച്ചിരിക്കുകയാണ്. ഇതിനുദാഹരണമാണ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് ഫലം. പട്ടിണിയില്ലാതെ, ദുരിതമനുഭവിക്കുന്നവരെ രക്ഷിക്കുന്നതിനുള്ള പ്രവർത്തനവുമായി ഈ സർക്കാർ. മുന്നോട്ടുപോകുകയാണ് 1.64 ലക്ഷം പേർക്കാണ് ഈ സർക്കാരിന്റെ കാലയളവിൽ പട്ടയവിതരണം നടത്തിയതെങ്കിൽ അത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 1.15 ലക്ഷം പേർക്കു മാത്രമാണ് നല്കിയത്. ഈ സർക്കാർ 2020 ഡിസംബർ വരെ വിവിധ തസ്തികകൾ സൃഷ്ടിച്ച് 43224 പേർക്ക് ജോലി നൽകുകയും ചെയ്തു. അതുപോലെതന്നെ, ഞാനൊരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന് കീഴിൽ ദീർഘകാലമായി മുടങ്ങിക്കിടന്നിരുന്ന ആലപ്പുഴ ബൈപ്പാസും അതുപോലെ കൊച്ചിയിൽ പൂർത്തീകരിച്ച വൈറ്റില-കുണ്ടന്നൂർ മേൽപ്പാലങ്ങളും ഈ സർക്കാർ ഗതാഗത യോഗ്യമാക്കി. എറണാകുളം ജില്ലയിൽത്തന്നെ മുൻസർക്കാർ പണിത ഗതാഗതയോഗ്യമല്ലാത്ത പാലാരിവട്ടം പാലത്തിന്റെ നിലവിലെ അവസ്ഥയും പണിക്ക് നേതൃത്വം നൽകിയ യു.ഡി.എഫ്. മന്ത്രിസഭയിലെ മുൻ മന്ത്രിമാരേയും അതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥരേയും ജനങ്ങൾക്ക് തിരിച്ചറിയാവുന്നതാണ്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുകയാണ്. മഞ്ജുവാര്യർ വീണ്ടും വിവാഹിതയാകുന്നു, വിവാഹം ജനുവരി 24-ന്, കഴിഞ്ഞദിവസം നവമാധ്യമങ്ങളിൽ വന്നിരുന്ന ഒരു സംഭവകഥയുടെ തലക്കെട്ടാണ് ഞാൻ വായിച്ചത്. ഒരു കെ.എസ്.ആർ.ടി.സി. ബസ്സിൽ സായാഹ്നപത്രം വിൽക്കാൻ വന്ന പയ്യൻ ആദ്യം വിളിച്ചുപറഞ്ഞത്, ജലാറ്റിൻ കമ്പനി ആക്രമണത്തിനു പിന്നിൽ മാവോയിസ്റ്റുകളെന്നാണ്, ആരും പത്രം വാങ്ങിയില്ല. രണ്ടാമത് ആ പയ്യന്റെ നിലവിളി, സെക്രട്ടേറിയറ്റിൽ തീപിടുത്തം കൂടുതൽ തെളിവ് പുറത്ത്, അപ്പോഴും പത്രം വാങ്ങാൻ അധികം ആളുണ്ടായില്ല. വീണ്ടും ആ പയ്യന്റെ നിലവിളി, ഇതാ ശുഭദിനം വരുന്നു മഞ്ജുവാര്യർ വീണ്ടും വിവാഹിതയാകുന്നു, വിവാഹം ജനുവരി 24-ന് ചൂടപ്പംപോലെയാണ് പത്രം വിറ്റുപോയത്. പണം വാങ്ങി പയ്യൻ പോയി. പത്രം വാങ്ങിയവർ പത്രം തിരിച്ചും മറിച്ചും നോക്കി, ഒറ്റവരിപോലും മഞ്ജുവാര്യരെക്കുറിച്ച് ഉണ്ടായിരുന്നില്ല. പ്രതിപക്ഷത്തിന്റെ നിലവിളികളെല്ലാം ഇത്തരം ബഡായികളായിട്ടാണ് ഈ നാട്ടിൽ പ്രചരിക്കുന്നത്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്ത് ഇതുപോലെ ഒരു ബഡായി യു.ഡി.എഫ്. പറഞ്ഞു. വയനാടൻ തമ്പാൻ പ്രധാനമന്ത്രിയാകും; പച്ചക്കുപ്പായമിടുന്ന ഇന്ത്യൻ പട്ടാളത്തിന്റെ മന്ത്രി നമ്മുടെ കുഞ്ഞാപ്പ. ഈ നിലവിളികേട്ട് അബദ്ധംപറ്റിയ ജനത്തിന്റെ വോട്ടും കൊണ്ട് പോയവർ അടുത്തവണ്ടിക്ക് തിരിച്ചു കയറിയില്ലേ? അങ്ങനെ തിരിച്ചുവന്നതിനെക്കുറിച്ച് പത്രങ്ങളിലെല്ലാം വാർത്തവന്നു. ആ വാർത്ത വന്ന ദിവസം എന്റെ നാട്ടിൽ ഒരു മനുഷ്യൻ പത്രം വായിക്കുന്നതിനിടയിൽ കുഴഞ്ഞുവീണ് മരിച്ചു. ഞങ്ങളൊക്കെ കരുതിയത് അത് കോവിഡ് വന്ന് ശ്വാസംമുട്ടിയിട്ടാണെന്നാണ്. പോസ്റ്റുമോർട്ടം കഴിഞ്ഞപ്പോൾ ഡോക്ടർ പറഞ്ഞത്, അദ്ദേഹം ചിരിച്ചു ചിരിച്ച് അന്തക്കേടുണ്ടായി, ശ്വാസംകിട്ടാതെ മരിച്ചുവെന്നാണ്. ഇങ്ങനെ ആളെക്കൊല്ലുന്ന ബഡായി വളർച്ചയാണ് ഈ യു.ഡി.എഫ്.-കാർ ഇപ്പോൾ തുടരുന്നത്; ഇതെന്തുജാതി ബഡായിയാണ്? ഇവിടെ ശ്രീ. റോജി എം. ജോൺ പറഞ്ഞില്ലേ, 600 രൂപയുടെ നക്കാപ്പിച്ച പെൻഷൻ പാവങ്ങൾക്ക് ഒന്നരക്കൊല്ലം, രണ്ടുകൊല്ലം കൊടുക്കാതിരുന്നവരാണ് ഇപ്പോൾ ഞങ്ങൾ 6000 രൂപ പ്രതിമാസം പെൻഷൻ കൊടുക്കുമെന്ന ന്യായം പറയുന്നത്. എന്ത് അന്യായ ബഡായിയാണ് ഈ യു.ഡി.എഫ്.-കാർ നടത്തുന്നത്; ഇതാണ് അന്യായ ബഡായി. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇതുപോലെ എത്ര ബഡായിയുമായി വന്നു? കേന്ദ്ര ഏജൻസികളെ കൂട്ടുപിടിച്ചിട്ടാണ് ആ ബഡായി ഉണ്ടാക്കിയത്. കേരളത്തിൽ എല്ലായിടത്തും അഴിമതി, നാളെ പിടിക്കും, മറ്റന്നാൾ പിടിക്കും, അവനെ പിടിക്കും, ഇവനെ പിടിക്കും, മന്ത്രിയെ പിടിക്കും, മുഖ്യനെ പിടിക്കും, എന്നിട്ട് എന്തായി? അപ്പോൾ ജനങ്ങൾ ഈ ബഡായി കേട്ട് ചിരിക്കാൻ നിന്നില്ല. ഇതും പറഞ്ഞുവന്ന യു.ഡി.എഫ്.-ന്റെ മോന്തയ്ക്ക് തുരുതുരാ അടിക്കുകയാണ് അവർ ചെയ്തത്. ആ തല്ല് കഴിഞ്ഞപ്പോൾ തദ്ദേശ

തെരഞ്ഞെടുപ്പിന്റെ ഫലം വന്നു, ചുവന്നുതുടുത്തു കേരളം. എൽ.ഡി.എഫ്. തൂത്തുവാരി, നമ്മൾ കണ്ടതാണല്ലോ. പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമയത്ത് എനിക്കൊരു അനുഭവമുണ്ടായി. എന്റെ നാട്ടിലെ വലിയൊരു തറവാട്ടിലെ ഒരു മുത്തശ്ശി വോട്ട് ചോദിക്കാൻ പോയ എന്നോട് പറഞ്ഞു; ഇത്തവണ നിങ്ങൾക്ക് വോട്ട് ചെയ്യും; ഇക്കാലമത്രയും ഞാൻ കോൺഗ്രസിനാണ് വോട്ട് ചെയ്തത് എന്ന്. കാരണവും ആ മുത്തശ്ശി പറഞ്ഞു. കോവിഡ് കാലത്ത് എന്റെ മക്കളോ പേരക്കുട്ടികളോ പോലും എന്റെ വീട്ടിലേക്ക് വരാൻ ധൈര്യപ്പെട്ടിരുന്നില്ല. ആ സമയത്ത് എല്ലാ ദിവസവും 6 മണിക്ക് എന്റെ വീട്ടിനകത്ത് വന്നിരുന്ന് ഞങ്ങളെ ആശ്വസിപ്പിക്കുന്ന മുഖ്യനുണ്ടല്ലോ ആ മനുഷ്യനുവേണ്ടിയാണ് ഇത്തവണ ഞാൻ വോട്ട് ചെയ്യാൻ പോകുന്നത്. 80 വയസ്സുകഴിഞ്ഞ ആ മുത്തശ്ശി മുതൽ എനിക്കെന്റെ പിഞ്ഞാണി അപ്പൂപ്പനെയൊന്ന് കാണണമെന്ന് പറഞ്ഞ് വാശിപിടിച്ചു കരഞ്ഞ മൂന്ന് വയസ്സുമാത്രം പ്രായമുള്ള അവന്തികയെന്ന കുട്ടിയുൾപ്പെടെയുള്ളവർ, ഈ കേരളത്തിലെ മക്കളും അവരുടെ രക്ഷിതാക്കളും എല്ലാപേരും തങ്ങളുടെ രക്ഷിതാവായിക്കാണുന്ന സഖാവ് പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷം ഇന്ന് മലയാളികളുടെ ഹൃദയപക്ഷമായി മാറിയിരിക്കുകയാണെന്ന് നിങ്ങൾ അറിയണം. എന്താണ് ഈ മാറ്റത്തിന്റെ കാരണം? ഈ ഗവൺമെന്റിന്റേയും പഴയ ഗവൺമെന്റിന്റേയും നിലപാടുകളുടെ വ്യത്യസ്തത തന്നെയാണ്. പഴയ ഗവൺമെന്റിന് യു.ഡി.എഫ്. ആണ് നേതൃത്വം കൊടുത്തത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പ്രളയം ഉണ്ടായിരുന്നില്ല, നിപ ഉണ്ടായിരുന്നില്ല, ഓഖി ഉണ്ടായിരുന്നില്ല, കോവിഡ് ഉണ്ടായിരുന്നില്ല, ജി.എസ്.ടി. ഉണ്ടായിരുന്നില്ല, കേന്ദ്ര ദ്രോഹമുണ്ടായിരുന്നില്ല. എന്നിട്ടും യു.ഡി.എഫ്. പെൻഷൻ വർദ്ധിപ്പിച്ചില്ല, പെൻഷൻ കൊടുത്തില്ല, വീടുകൊടുത്തില്ല, ജോലി കൊടുത്തില്ല, കറണ്ട് കൊടുത്തില്ല, പാഠപുസ്തകം കൊടുത്തില്ല, വീട്ടിലേക്ക് ഗ്യാസ് കൊടുത്തില്ല, ആശുപത്രികളിലേക്ക് ഡോക്ടറേയും രോഗികൾക്ക് മരുന്നും കൊടുത്തില്ല. യു.ഡി.എഫ്. നെല്ലിന് താങ്ങുവില കൂട്ടിയില്ല. ആ കാലം പോയി എൽ.ഡി.എഫ്. വന്നപ്പോൾ എല്ലാം ശരിയായില്ലേ? പ്രളയവും കോവിഡും വന്ന് ഈ നാടും നഗരവും കരയും കടലുമെല്ലാം ഇളക്കിമറിച്ചപ്പോഴും കേരളത്തിലെ മനുഷ്യനെ കൈവിടാതെ കരകയറ്റിയ എൽ.ഡി.എഫ്. വന്നപ്പോൾ പെൻഷൻ മുടങ്ങിയില്ല, 1600 രൂപയാക്കി. റേഷൻ മുടങ്ങിയില്ല എല്ലാപേർക്കും സൗജന്യക്കിറ്റ്. മരുന്ന് മുടങ്ങിയില്ല 5 ലക്ഷത്തിന്റെ ചികിത്സ സൗജന്യം. പാഠപുസ്തകം മുടങ്ങിയില്ല ക്ലാസ്സുകൾ ഹൈടെക് ആയി. കറണ്ട് മുടങ്ങിയില്ല എല്ലാ വീട്ടിലും വെളിച്ചം. ആശുപത്രികൾ അടച്ചില്ല എല്ലാ പഞ്ചായത്തിലും രാത്രിവരെ ചികിത്സ. റോഡും പാലവും പൊളിഞ്ഞു വീണില്ല, പ്രളയത്തെ അതിജീവിക്കുന്ന റോഡും പാലവും. പൊതുമേഖലകൾ പൂട്ടിയില്ല, വ്യവസായത്തിന്റെ പറുദീസയായി കേരളത്തെ മാറ്റി. പാവങ്ങൾ പെരുവഴിയിലായില്ല, അവർക്കെല്ലാം വീടുകൊടുത്തു. ഈ മാറ്റമാണ് ഇടതുകൊടുങ്കാറ്റിന്റെ കാരണമെന്ന് നിങ്ങൾ തിരിച്ചറിയണം. ഒരുപാട്

കണക്കുകളുണ്ട് ഞാൻ സമയക്കുറവുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. ഈ ഗവൺമെന്റ് പുതിയ തലമുറയെ ചേർത്തുപിടിക്കുകയാണ്. ബഡ്ജറ്റിൽ ആ പ്രഖ്യാപനമുണ്ടായിട്ടുണ്ട്. പണ്ടൊരു മഹാൻ പറഞ്ഞു, Today's youth are not careless, they are cared less. Today's youth are not useless, they are used less. ഈ ബഡ്ജറ്റിലുടനീളം അതാണ് ഞങ്ങൾ വിളിച്ചുപറയുന്നത്. ഇന്നത്തെ കുട്ടികളും യുവജനതയും കെയർ ലെസ്സോ, യൂസ് ലെസ്സോ അല്ല അവർക്കുകിട്ടുന്ന കെയർ, ലെസ്സാണ് അഥവാ കുറവാണ്. അവരെ യൂസ് ചെയ്യുന്നത് ലെസ്സാണ് അഥവാ കുറവാണ്, ആ കുറവുകൾ പരിഹരിച്ച് കേരളം വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് കുതിക്കുകയാണ്. എന്റെ മണ്ഡലത്തിലെ കുഴൽമന്ദം ഗവൺമെന്റ് സ്കൂളിലെ സ്നേഹ എന്ന കുട്ടിയുടെ കവിതയിലൂടെയാണ് ഈ ബഡ്ജറ്റ് ആരംഭിച്ചത്. ആ കവിതയുടെ അവസാന രണ്ടുവരികളുണ്ട്,

"നാം കൊറോണയ്ക്കെതിരെ പോരാടി വിജയിക്കുകയും

ആനന്ദം നിറഞ്ഞ പുലരിയെ തിരികെ എത്തിക്കുകയും ചെയ്യും"

എന്നത് ഞാൻ ആവർത്തിക്കുകയാണ്. ഈ കേരളം കാത്തിരിക്കുകയാണ്. വികസനത്തിന്റെ വഴിത്താരയിൽ വർഗ്ഗീയ വിഷം ചീറ്റുന്ന പാമ്പുകളുമായി കെട്ടുപിണഞ്ഞു കിടക്കുന്ന യു.ഡി.എഫ്. എന്ന മഹാമാരിയെ മറികടന്ന് മലയാളികളുടെ മാനം കാക്കാൻ പിണറായി സർക്കാരിനെ വീണ്ടും വരവേൽക്കാൻ കാത്തിരിക്കുകയാണ്. ആ പുലരി വീണ്ടും വരികതന്നെ ചെയ്യുമെന്ന് ഓർമ്മപ്പെടുത്തുന്നു, ഞാൻ നിർത്തുന്നു.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുകയാണ്. കേരളം ഭരിച്ചു കൊണ്ടിരിക്കുന്നത് ഇടതുപക്ഷ ഗവൺമെന്റാണ്, ഈ ഇടതുപക്ഷ ഗവൺമെന്റ് മാതൃകാപരമായിട്ടുള്ള ജനക്ഷേമ പദ്ധതികളും പ്രവർത്തനവുമാണ് കഴിഞ്ഞ 5 വർഷക്കാലം ഈ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ ജി.ഡി.പി. വരുമാനം കുറയുമോയെന്നുള്ളതാണ് ഇവിടെ സൂചിപ്പിച്ച ഒരു കാര്യം. എന്താണ് ജി.ഡി.പി. വരുമാനം കുറയാനുള്ള കാരണം? നമ്മുടെ രാജ്യത്ത് ആഗോളവൽക്കരണവും ഉദാരവൽക്കരണ നയങ്ങളും നടപ്പിലാക്കിയത് ആരാണ്? ഈ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന, ഏറെക്കാലം രാജ്യം ഭരിച്ചിട്ടുള്ള കോൺഗ്രസ് പാർട്ടിയാണ്. നമ്മുടെ രാജ്യത്ത് ഗാട്ട് കരാറും ആസിയൻ കരാറും നടപ്പിലാക്കിയത് ആരാണ്? കോൺഗ്രസ് ഗവൺമെന്റാണ്. നമ്മുടെ രാജ്യത്ത് സ്വകാര്യവൽക്കരണ നടപടികൾ ആരംഭിച്ചതും കോൺഗ്രസിന്റെ കാലഘട്ടത്തിലാണ്. ഇത്തരം കാര്യങ്ങൾകൊണ്ടാണ് നമ്മുടെ രാജ്യത്ത് സാമ്പത്തിക പ്രതിസന്ധിയും ജി.ഡി.പി. വരുമാനവും കുറഞ്ഞിട്ടുള്ളത്. ഇത്തരം പ്രതിസന്ധിയിൽക്കൂടി നമ്മുടെ രാജ്യം കടന്നുപോകുന്ന അവസരത്തിലാണ് കോവിഡും പ്രളയംപോലുള്ള മഹാമാരികൾ

നമ്മുടെ രാജ്യത്തെ ഗ്രസിച്ചത്. കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് നടത്തുന്ന ജനക്ഷേമകരമായിട്ടുള്ള പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്തെ ജനങ്ങളെല്ലാവരും അംഗീകരിച്ചിട്ടുള്ള കാര്യമാണ്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുടങ്ങിക്കിടന്ന പെൻഷൻ കൃത്യമായി ഗുണഭോക്താക്കളുടെ കൈകളിൽ എത്തിക്കുന്നതിനും കഴിഞ്ഞ 5 വർഷക്കാലം മുടക്കംകൂടാതെ വിതരണം ചെയ്യുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നതാണ്. രണ്ടാമത്തെ കാര്യം, പ്രളയം വന്നപ്പോൾ ഓരോ കുടുംബത്തിനും ആദ്യഘട്ടമായി 10,000 രൂപ കൊടുത്തുകൊണ്ട് ആശ്വാസ നടപടി സ്വീകരിച്ചിട്ടുള്ള ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. പ്രളയത്തിൽ വീട് തകർന്നവർക്കും സ്ഥലം നഷ്ടപ്പെട്ടവർക്കും സ്ഥലം ലഭ്യമാക്കുന്നതിനും തുടർന്ന് വീട് കൊടുക്കുന്നതിനും ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ മുൻപിൽ കോവിഡിന്റെ പ്രതിസന്ധിയാണ് ഇപ്പോഴുള്ളത്. കോവിഡ് പ്രതിസന്ധിയുമായി ബന്ധപ്പെട്ട് കേരളമെടുത്തിട്ടുള്ള സമീപനം പോലെ മറ്റേത് സംസ്ഥാനമാണ് നമ്മുടെ രാജ്യത്ത് സമീപനമെടുത്തിട്ടുള്ളത്. പൂർണ്ണമായും സൗജന്യ ചികിത്സയും മറ്റാനുകൂല്യങ്ങളുമാണ് കോവിഡുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ്, കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തീർച്ചയായും മറ്റൊരു സംസ്ഥാനത്തും നമുക്കിത് കാണാൻ കഴിയില്ല. ഈ കോവിഡിന്റെ പശ്ചാത്തലത്തിൽ പട്ടിണികിടക്കാൻ പാടില്ലെന്നുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ഓരോ കുടുംബത്തിനും സൗജന്യ ഭക്ഷണക്കിറ്റ് കൊടുത്തുകൊണ്ടിരിക്കുന്നു. മാതൃകാപരവും ജനക്ഷേമകരവുമായ കാര്യങ്ങളാണ് ഇടതുപക്ഷ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 20 രൂപയ്ക്ക് ഭക്ഷണം കൊടുക്കുന്നതിനുവേണ്ടി ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികളും പ്രവർത്തനവും ആരംഭിച്ചിട്ടുള്ളത് ഈ ഗവൺമെന്റാണ്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപ്പെട്ട കേരളത്തെ തിരിച്ചെടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനുപുറമെ കിഫ്ബി പോലുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട്, പാലങ്ങളും റോഡുകളുമൊക്കെ നിർമ്മിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ജനക്ഷേമകരമായിട്ടുള്ള, വികസനോൽപ്പാദനപരമായിട്ടുള്ള കാഴ്ചപ്പാടുകൾ സ്വീകരിച്ചുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് ഈ സംസ്ഥാനത്തെ മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്നത്. ഈ അവസരത്തിൽ കേരളത്തിലെ ഇത്തരം ജനോപകാരപ്രദമായിട്ടുള്ള പദ്ധതികളുമായി മുന്നോട്ട് പോകുന്ന ഈ ഗവൺമെന്റിനെ കേരളത്തിലെ ജനങ്ങൾ പൂർണ്ണമായി പിന്തുണയ്ക്കുമെന്ന കാര്യത്തിൽ സംശയമില്ല. യു.ഡി.എഫ്.ന് ഇപ്പോൾ വിറളിപിടിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് എന്തിനും ഏതിനും ഈ

ഗവൺമെന്റിനെ കുറ്റം പറഞ്ഞുകൊണ്ട് പ്രതിപക്ഷം സഭയിൽ ബഹളംവച്ചുകൊണ്ടിരിക്കുന്നത്. വീണ്ടും എൽ.ഡി.എഫ്. തന്നെ അധികാരത്തിൽ വരണമെന്നാണ് കേരളത്തിലെ ജനങ്ങൾ തീരുമാനിച്ചിട്ടുള്ളത്. ഈ വോട്ട് ഓൺ അക്കൗണ്ടിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഈ ബഡ്ജറ്റും അതിലൂടെ വന്നിരിക്കുന്ന മാറ്റങ്ങളുമെല്ലാം ചർച്ച ചെയ്യപ്പെടുകയാണ്. തീർച്ചയായും കാർഷിക മേഖലയുമായി ബന്ധപ്പെട്ടും സമൂഹത്തിലെ ഏറ്റവും അർഹരായ ആളുകൾക്കും ഒട്ടേറെ ആശ്വാസജനകമായിട്ടുള്ള നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ ഒരു ബഡ്ജറ്റാണിത്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകൾക്ക് നൽകിയിട്ടുള്ള പിന്തുണയും പിൻബലവും അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണമായിത്തന്നെ നമുക്ക് എടുത്തുപറയാൻ സാധിക്കും.

റബ്ബറിന്റെ തറവിലയും നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണവിലയും ഉൾപ്പെടെ വന്നിരിക്കുന്ന മാറ്റങ്ങൾ കാർഷിക മേഖലയ്ക്ക് ഉണർവ് നൽകിയിട്ടുണ്ട്. ഡൽഹിയിൽ നടക്കുന്ന വലിയ കർഷക സമരത്തിന് ഈ സഭ ശക്തമായ പിന്തുണയും പിൻബലവുമാണ് കൊടുക്കുന്നത്. കർഷകരെ സംബന്ധിച്ച വിവരശേഖരണം നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവർ, അവരുടെ ജീവിത നിലവാരം, സാഹചര്യം ഇവയൊക്കെ മനസ്സിലാക്കാൻ കർഷകർക്കുവേണ്ടി ഒരു സെൻസസ് തയ്യാറാക്കാൻ നടപടിയുണ്ടാകണം.

രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഇടുക്കി ജില്ലയിലെ സി.എച്ച്.ആർ. മേഖലയിൽ 1-1-1977-ന് മുൻപ് ഏലം ഉപേക്ഷിച്ച് മറ്റ് കൃഷിയിലേയ്ക്ക് മാറിയ കർഷകരുടെ ലാൻഡ് രജിസ്റ്ററിൽ ഏലം എന്ന് രേഖപ്പെടുത്തിയതിന്റെ പേരിൽ പട്ടയം ലഭിക്കുന്നില്ല. അതിന്റെ റീസർവ്വേ നടന്നത് 1967-68-ൽ ആണ്. പക്ഷെ ലാൻഡ് രജിസ്റ്ററിൽ 1975-76-ൽ എന്നാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ഇതിന് മാറ്റം വരുത്തണം. അവിടെ പട്ടയം കൊടുക്കാനുള്ള നടപടികൾ നല്ല നിലയിൽ ത്വരിതപ്പെട്ടുവരുന്ന സന്ദർഭത്തിൽ ഇവർക്കുകൂടി പട്ടയം ലഭിക്കാനായി സാധിക്കേണ്ടതുണ്ട്.

കുരുമുളകിന് ഇന്ന് കിലോയ്ക്ക് 320 രൂപയാണ് വില. കുരുമുളക് കർഷകർ വലിയ ബുദ്ധിമുട്ടിലാണ്. വിയറ്റ്നാമിൽനിന്നും ശ്രീലങ്കയിൽനിന്നുമുള്ള ഇറക്കുമതിയാണ് അതിന്റെ പ്രധാന കാരണം. കുരുമുളകിന് ന്യായമായ തറവില നിശ്ചയിക്കാൻ, 500 രൂപയെങ്കിലും നൽകുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സംസ്ഥാനത്ത് നിരവധി കന്യാസ്ത്രീമഠങ്ങളും അനാഥാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. അനാഥാലയങ്ങൾക്ക് റേഷൻ പെർമിറ്റ് ലഭ്യമായിട്ടുണ്ട്. എന്നാൽ പെർമിറ്റിൽ പറഞ്ഞിരിക്കുന്നത്രയും സാധനങ്ങൾ ലഭിക്കുന്നില്ലെന്നു മാത്രമല്ല, അത് സമയബന്ധിതമായി ലഭിക്കുന്നുമില്ല. എന്നാൽ കന്യാസ്ത്രീമഠങ്ങളെ ഇതുവരെ റേഷൻ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സമൂഹത്തിലെ എല്ലാവിഭാഗം ആളുകളെയും സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുകയെന്ന പൊതുനയത്തിന്റെ ഭാഗമായി കന്യാസ്ത്രീമഠങ്ങളെയും ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അനാഥാലയങ്ങൾക്ക് നൽകുന്ന പെർമിറ്റ് സംവിധാനം കൃത്യതയോടുകൂടിയും ഇടവേളകളിൽ അനുവദിക്കപ്പെട്ട ഇളവ് സാധനങ്ങൾ ലഭ്യമാകത്തക്കവിധം ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചത് ആശ്വാസകരമാണ്. അങ്കണവാടി ടീച്ചർമാരുടെ വിഷയം, തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷേമനിധി ഏർപ്പെടുത്തുക തുടങ്ങിയ തീരുമാനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നല്ല നിലയിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നു. അടിസ്ഥാന വികസന രംഗത്ത് വലിയ മാറ്റങ്ങളുണ്ടാകുന്നു. വിമർശനങ്ങളേക്കാളുപരി ജനങ്ങളെ ഹൃദയത്തിലേറ്റി, അവരുടെ കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞ ഒരു മുഖമാണ് ഇടതുപക്ഷ ഗവൺമെന്റിനുള്ളതെന്നത് കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വ്യക്തമായിക്കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണം എന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, നാളെ ഒരു ദിവസം കഴിയുമ്പോൾ സഭാസമ്മേളനം തീരുകയാണ്. അഞ്ച് വർഷം നമ്മളെല്ലാവരും സ്നേഹത്തോടുകൂടി ഈ സഭയിലിരുന്നവരാണ്. നാളെ കഴിഞ്ഞാൽ നമ്മളെല്ലാവരും രാഷ്ട്രീയ പ്രവർത്തനവുമായും പൊതു പ്രവർത്തനവുമായുമൊക്കെ തെരഞ്ഞെടുപ്പ് രംഗത്തേയ്ക്ക് ഇറങ്ങി വന്നേയ്ക്കാം. പക്ഷെ എന്നെ സംബന്ധിച്ചിടത്തോളം ഞാൻ കേരള ജനപക്ഷം സെക്യുലർ എന്ന നിലയിൽ ഒറ്റയ്ക്ക്, എൽ.ഡി.എഫ്.-ഓ യു.ഡി.എഫ്.-ഓ ഇല്ലാതെ മത്സരിച്ച് ജയിച്ചയാളാണ്. എൽ.ഡി.എഫ്.-ഓ യു.ഡി.എഫ്.-ഓ അല്ലാതെ നിഷ്പക്ഷമായ നിലപാട് സ്വീകരിക്കാനാണ് എന്നോട് ജനം പറഞ്ഞത്. കഴിഞ്ഞ അഞ്ച് വർഷവും പലകാര്യങ്ങളും കേൾക്കുമ്പോൾ, പലപ്രാവശ്യം വോട്ട് ചെയ്യണമെന്ന് എന്റെ മനസ്സ് പറഞ്ഞിട്ടുണ്ട്. പക്ഷെ എനിക്കതിന് അവകാശമില്ല. കാരണം എന്നെ ജനം പറഞ്ഞയച്ചിരിക്കുന്നത് വോട്ട് ചെയ്യുമ്പോൾ നിഷ്പക്ഷ നിലപാടെടുക്കാനാണ്. ഈ അഞ്ച് വർഷക്കാലവും നിഷ്പക്ഷമായ നിലപാട് സ്വീകരിക്കാൻ കഴിഞ്ഞു എന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഞാൻ ഒരു ചെറിയ

കാര്യം സൂചിപ്പിക്കുന്നു: ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ സിസ്റ്റേഴ്സിന് റേഷൻ കാർഡ് വേണമെന്നിവിടെ പറയുകയുണ്ടായി. ഞാൻ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുമായി മിനിഞ്ഞാന്ന് സംസാരിച്ചിരുന്നു, നിവേദനവും കൊടുത്തു. മഠങ്ങൾക്ക് മുഴുവൻ റേഷൻ കാർഡ് കൊടുക്കാൻ അദ്ദേഹം ഉത്തരവുമിട്ടു. അത് സന്തോഷകരമായ കാര്യമാണ്. ഇത് മതപരമായ കാര്യമല്ല. കന്യാസ്ത്രീകൾ പോലെതന്നെ വൈദികർ, പൂജാരിമാർ, പള്ളിയിലെ ഉസ്താദുമാർ എന്നിവർക്കൊക്കെ റേഷൻ കൊടുക്കാതിരിക്കേണ്ട കാര്യമെന്താണ്; അവർ നമ്മുടെ സമൂഹത്തിന്റെ ഭാഗമല്ലേ; അതെല്ലാം കൊടുക്കണമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം ആലോചിക്കാമെന്ന് പറഞ്ഞകാര്യം സന്തോഷത്തോടുകൂടി ഞാൻ ഓർക്കുകയാണ്.

നമ്മൾ കടക്കെണിയിലാണ്. ഡോ. ടി. എം. തോമസ് ഐസക് പറയും കടം സാരമില്ലെന്ന്. ഒരു എം.എൽ.എ. എന്നുള്ള നിലയിൽ എന്നെ സംബന്ധിച്ചിടത്തോളം നാട്ടിൽ വികസന പ്രവർത്തനം നടക്കണം. ധനകാര്യ വകുപ്പുമന്ത്രി എവിടെനിന്ന് പണം കൊണ്ടുവരുന്നു എന്ന് ഞാൻ അന്വേഷിക്കേണ്ട കാര്യമില്ല. പക്ഷെ ഒരുകാര്യമുണ്ട്, 3,21,000 കോടി രൂപയുടെ കടവുമായി ഈ ഗവൺമെന്റ് പിരിയുകയാണ്. ഈ കടം ആര് തീർക്കും; അതായത് ഒരാൾക്ക് 77,000 രൂപ എന്ന നിലയിലാണ് കടം. ഡോ. ടി. എം. തോമസ് ഐസക് ഏറ്റവും നല്ല ധനകാര്യ വകുപ്പുമന്ത്രിയാണെന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല. ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിക്കുകയൊന്നും വേണ്ട. പക്ഷെ ഞാൻ പറഞ്ഞുവന്നത്, ഒന്നേകാൽ ലക്ഷം കോടി രൂപ കടവുമായി വന്ന നിങ്ങൾ മൂന്നേകാൽ ലക്ഷം കോടി രൂപയാക്കി ഉയർത്തി. ആ രണ്ട് ലക്ഷം കോടി രൂപ കൂടുതൽ ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്വം ഡോ. ടി. എം. തോമസ് ഐസകിനും ശ്രീ. പിണറായി വിജയനുമാണ്. അതെങ്ങനെ തീർക്കാമെന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെയാണ് പറയേണ്ടത്. അങ്ങ് അതിനെക്കുറിച്ച് ആലോചിക്കണമെന്നൊരു അഭിപ്രായമുണ്ട്. ഞാൻ ഒരു മടിയുംകൂടാതെ പറയുകയാണ്: ഞാൻ 1980-ൽ ഈ സഭയിൽ വന്ന ആളാണ്. പലരും പല മാന്യൻമാരുടെ പേര് പറയും. പക്ഷെ ഞാൻ പറയുന്നു, ഡോ. ടി. എം. തോമസ് ഐസക്കിനെപ്പോലെ ശക്തനായ, വിവരമുള്ളൊരു ധനകാര്യ വകുപ്പുമന്ത്രിയെ 1980-ന് ശേഷം ഇന്നുവരെ ഞാൻ കണ്ടിട്ടില്ല. എന്റെ അഭിപ്രായം പറയാൻ എനിക്ക് ഒരു മടിയുമില്ല. പക്ഷെ, ഈ കടം എങ്ങനെ തീർക്കുമെന്നതിനെപറ്റി ഡോ. ടി. എം. തോമസ് ഐസക് മറുപടി പറയണമെന്നുമാത്രം സൂചിപ്പിക്കുന്നു. ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്തുണയ്ക്കുകയാണ്. നവകേരളം എന്നത് കേവലമൊരു ആഗ്രഹ പ്രകടനമല്ല. ലക്ഷ്യത്തിലെത്താൻ പറ്റുന്ന ഒരു യാത്രയാണെന്ന് ബോധ്യപ്പെടുത്തുന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ 56 മാസത്തെ ഭരണം. പതിമൂന്നാം നൂറ്റാണ്ടിലെ ശ്രദ്ധേയനായ പേർഷ്യൻ കവി ഷേഖ് സാദി സിറാസി മുന്നോട്ടുവയ്ക്കുന്നൊരു ആശയമുണ്ട്. അത് മനുഷ്യത്വത്തെ കുറിച്ചാണ്. ഒരു ഊർജ്ജത്തിൽനിന്ന് ഉത്ഭവിച്ച് ഒരേ ഘടനയിൽ നിലനിൽക്കുന്നവരാണ് മനുഷ്യർ; ഒരേ ചരടിനാൽ പരസ്പരം ബന്ധിക്കപ്പെട്ടവർ. അവയവങ്ങളിൽ ഒന്നിന് നോവുമ്പോൾ നോവ് പങ്കിടുന്ന മറ്റൊരു അവയവത്തെപ്പോലെ ആത്മബന്ധമുള്ളവർ. അന്യന്റെ നോവ് നോവല്ലെങ്കിൽ, അപരന്റെ കണ്ണുനീരിൽ കരളലിഞ്ഞില്ലെങ്കിൽ മനുഷ്യന് മനുഷ്യൻ എന്നല്ല പേര്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ നയിക്കുന്നത് ഈ ആശയത്തിന്റെ പിന്നിലെ ഊർജ്ജമാണ്. ആ ഊർജ്ജമാണ് 2021-22 ധനകാര്യ വർഷത്തെ ബഡ്ജറ്റിലെ പുറംചട്ടയിലെ കാസർഗോഡ് ജില്ലയിലെ ജീവന്റെ ചിത്രവും ആ ബഡ്ജറ്റിലെ പേജുകളിൽ പ്രത്യക്ഷപ്പെടുന്ന കൊച്ചുകുട്ടികളുടെ ആശയങ്ങളും. ഈ ആശയമാണ് കേരളത്തെ നവകേരളമാക്കി മാറ്റിത്തീർക്കാൻ പോകുന്നത്. ആറ് പതിറ്റാണ്ടിന്റെ അനുഭവങ്ങളിൽനിന്ന് പാഠം പഠിച്ച് പുതിയ സ്വപ്നങ്ങളും പ്രതീക്ഷകളും യാഥാർത്ഥ്യമാക്കാൻ ഒരുപാട് പ്രതിസന്ധികളെ അതിജീവിച്ച് കേരളം മുന്നോട്ടുപോകുമ്പോൾ നിർഭാഗ്യകരമെന്ന് പറയട്ടെ, പ്രതിപക്ഷം സമൂഹത്തിൽ ഇരുൾ പടർത്താൻ ശ്രമിക്കുകയാണ്. എല്ലാ ചെന്നായ്ക്കളും നരഭോജികളല്ല. എന്നാൽ ഒരിക്കൽ മനുഷ്യന്റെ ചോരയുടെ രുചിയറിഞ്ഞവർ മനുഷ്യനെ കണ്ടാൽ ചാടിവീഴും. എന്റെ മനസ്സിലേയ്ക്ക് ഓടിവരുന്നത് 1995 മാർച്ച് മാസം 16-ാം തീയതി ചരിത്രമുറങ്ങുന്ന കിഴക്കേക്കോട്ടയിലെ ഗാന്ധി പാർക്കിൽ കേരളത്തിന്റെ മുൻമുഖ്യമന്ത്രി കെ. കരുണാകരൻ നടത്തിയൊരു പ്രസംഗമാണ്. 'എനിക്ക് റിപ്പോർട്ട് ചെയ്യാനുള്ളത് പത്രക്കാരോടല്ല. എന്നെ ഞാനാക്കിയ, കോൺഗ്രസിനെ ശക്തിപ്പെടുത്തിയ ജനങ്ങളോടാണ് എന്നുപറഞ്ഞ് തുടങ്ങിയ പ്രസംഗത്തിൽ അദ്ദേഹം പറയുന്നുണ്ട് 'ഇത്രയും നാളത്തെ രാഷ്ട്രീയ ജീവിതത്തിനിടയിൽ ഇതുപോലുള്ള നപുംസകങ്ങളെ ഞാൻ കണ്ടിട്ടില്ല. 110 കൊല്ലം ജനങ്ങളെ സേവിച്ച കോൺഗ്രസിൽ ഇതുപോലുള്ള ചതിയന്മാരെ കണ്ടിട്ടില്ല.' അദ്ദേഹത്തെക്കൊണ്ട് ഇത് പറയിച്ചതെന്താണ്; ഒരിക്കലും കരയാത്ത, എപ്പോഴും കണ്ണിറുക്കി ആപത്ഘട്ടങ്ങളെ അതിജീവിക്കുന്ന കെ. കരുണാകരൻ എന്ന കോൺഗ്രസ് നേതാവ് കണ്ണീരണിഞ്ഞുകൊണ്ട് ആ ഗാന്ധി പാർക്കിൽ സംസാരിച്ചു. അദ്ദേഹത്തെ അത് പറയാൻ പ്രേരിപ്പിച്ച ഘടകം... വാർത്തകളെ കഥ എന്ന് വിശേഷിപ്പിക്കുന്ന മാധ്യമ പ്രവർത്തകർ അപസർപ്പക സ്വഭാവമുള്ള കഥകളെ വാർത്തകളെന്ന വ്യാജേന മലയാളിയുടെ

മസ്തിഷ്കത്തിലേയ്ക്ക് കടത്തിവിട്ടതിന്റെ തുടക്കമായിരുന്ന ചാരക്കേസ്. ആ ചാരക്കേസിന്റെ മറവിൽ കെ. കരുണാകരൻ എന്ന മുഖ്യമന്ത്രിയെ അധികാരത്തിൽനിന്ന് താഴെയിറക്കിയ കോൺഗ്രസ് കഴിഞ്ഞ ഒന്നര പതിറ്റാണ്ടുകാലം കേരള രാഷ്ട്രീയത്തിൽ നടത്തിയത് എന്തായിരുന്നു; യു.ഡി.എഫ്. പിണറായി നിഗ്രഹമെന്ന ആട്ടക്കഥ ആടിത്തിമിർക്കുകയായിരുന്നു; പ്രതിലോമപരതയുടെ രാഷ്ട്രീയമായിരുന്ന അവർ മുന്നോട്ടുവച്ചത്. എന്നാൽ കോൺഗ്രസ് നേതൃത്വം നൽകുന്ന യു.ഡി.എഫ്. ഒരുകാര്യം മനസ്സിലാക്കണം. കോൺഗ്രസ്സുകാരനായ, വലതുപക്ഷ രാഷ്ട്രീയ ജീർണ്ണതകളുടെ കൂടാരത്തിൽ കഴിയേണ്ടിവന്ന കെ. കരുണാകരനല്ല പിണറായി വിജയനെന്ന കമ്മ്യൂണിസ്റ്റുകാരനെന്ന് അവർ മറന്നുപോയി. എത്ര കാലമായി അവർ ശ്രീ. പിണറായി വിജയന്റെ ചോരയ്ക്കുവേണ്ടി ദാഹിക്കുന്നു. ആർ. എസ്. ഉണ്ണി എന്ന മുൻ സ്പീക്കർ നിയമസഭാ സ്പീക്കറുടെ ചേമ്പറിനകത്തിരുന്നുകൊണ്ട് പറഞ്ഞു, 'ശ്രീ. പിണറായി വിജയൻ എന്ന ഈ എം.എൽ.എ. ഏറ്റുവാങ്ങിയ മർദ്ദനങ്ങൾ ഒരു തെങ്ങിനാണ് ഏറ്റിരുന്നതെങ്കിൽ ആ തെങ്ങ് പട്ടുപോകുമായിരുന്നു' എന്ന്. അന്ന് വലതുപക്ഷ രാഷ്ട്രീയം നടത്തിയ എല്ലാ ശ്രമങ്ങളെയും അതിജീവിച്ച് കേരളത്തിന്റെ മുഖ്യമന്ത്രിയായ സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഈ ഗവൺമെന്റ് കേരള ചരിത്രത്തിൽ ആദ്യമായി തുടർ ഭരണമെന്ന യാഥാർത്ഥ്യത്തിലേയ്ക്ക് നീങ്ങുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇടതുപക്ഷ തുടർഭരണം യാഥാർത്ഥ്യമാക്കുന്ന 2021-22 ധനകാര്യ വർഷത്തിലെ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, തെരഞ്ഞെടുപ്പിന്റെ സമയത്ത് നാട്ടിലെ ജനങ്ങളോട് പറഞ്ഞ വാഗ്ദാനങ്ങളെല്ലാം പാലിക്കുന്ന നിലപാടുകളാണ് സ്വീകരിച്ചത്. അതിന്റെ ഭാഗമായി തെരഞ്ഞെടുപ്പുവേളയിൽ ജനങ്ങളോട് പറഞ്ഞ 600 പദ്ധതികളിൽ 570 എണ്ണം പൂർത്തീകരിച്ചുകഴിഞ്ഞു. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ 600 പദ്ധതികളും പൂർത്തികരിക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. അധികാരം കിട്ടി ആദ്യത്തെ മന്ത്രിസഭാ യോഗത്തിൽ ഗവൺമെന്റ് സ്വീകരിച്ച നടപടി ഒന്നേമുക്കാൽ കൊല്ലമായി കുടിശ്ശികയായിരുന്ന ക്ഷേമപെൻഷനുകൾ വീട്ടിൽ എത്തിച്ചുകൊടുക്കുക എന്നതായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ അജണ്ടയിൽ അത്തരമൊരു കാര്യമില്ലായിരുന്നു. സമൂഹത്തിന്റെ അടിത്തട്ടിലുള്ള പാവപ്പെട്ട, ഏറ്റവും പ്രയാസം അനുഭവിക്കുന്ന ആളുകളുടെ മുമ്പിൽ ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് എന്താണെന്ന് തെളിയിക്കുന്നതിനുള്ള നിദാനമാണ്

യഥാർത്ഥത്തിൽ ആ തീരുമാനം. എത്രമാത്രം ആശ്വാസവും സന്തോഷവുമാണ് അന്ന് നമ്മുടെ നാട്ടിൻപുറങ്ങളിലെ ജനങ്ങൾക്കുണ്ടായത്, അത്തരം വീടുകളിലുണ്ടായതെന്നകാര്യം അവർ പറയുമ്പോഴാണ് നമുക്ക് ബോദ്ധ്യമാകുന്നത്. തുടർന്നുവന്ന പ്രഖ്യാപനങ്ങൾ ഇന്ത്യയിലെവിടെയും നമുക്ക് കാണാൻ കഴിയില്ല. പതിനാലിനം ഭക്ഷണ സാധനങ്ങളുടെ വില 5 വർഷം വർദ്ധിപ്പിക്കില്ലെന്ന് പറഞ്ഞു, അത് ഇപ്പോഴും വർദ്ധിപ്പിക്കാതെ തുടരുന്നു. അതോടൊപ്പം നമ്മൾ എന്തെല്ലാം പ്രതിസന്ധികൾ നേരിട്ടു. ആ പ്രതിസന്ധികളിലെല്ലാം ജനങ്ങളെ ഒപ്പം ചേർത്തുപിടിച്ചുകൊണ്ട്, അതിനെയെല്ലാം നിശ്ചയദാർഢ്യത്തോടെ അതിജീവിക്കാൻ കേരളത്തിലെ ഗവൺമെന്റിന് സാധിച്ചു. കേരളത്തിന്റെ മുഖ്യമന്ത്രിയും മറ്റു ബഹുമാന്യരായ മന്ത്രിമാരും ഒരുമിച്ചുനിന്നുകൊണ്ട് ഓരോ ജില്ലകൾക്കും പ്രത്യേകം ചുമതല നൽകി മുഴുവൻ പേരെയും അണിനിരത്തി. അത് പ്രളയമാകാം, നിപയാകാം, ഓഖി ദുരന്തമാകാം. നോട്ട് നിരോധനത്തിന്റെ കാലയളവിൽ ഈ നിയമസഭ സ്വീകരിച്ച നിലപാട് എന്തായിരുന്നു? തന്റെ അദ്ധ്വാനം മുഴുവൻ ബാങ്കുകളിൽ നിക്ഷേപിച്ച ആളുകൾക്ക് ക്യൂ നിൽക്കേണ്ടിവന്നു, ആ ക്യൂവിൽവച്ച് എത്രയോപേർ മരണപ്പെട്ട സാഹചര്യത്തിൽ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ച ഒരു ചില്ലിക്കാശും നിങ്ങൾക്ക് നഷ്ടപ്പെടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചു. അങ്ങനെ നാട്ടിൻപുറങ്ങളിൽ വീണ്ടും സജീവത വന്നു. അവരെ സംരക്ഷിക്കുമെന്നും ആ പണം നഷ്ടപ്പെടുകയില്ലെന്നും അവരെ ബോദ്ധ്യപ്പെടുത്തി. അതുകഴിഞ്ഞുവന്ന പ്രളയകാലം നേരിടാൻ പോലീസിന്റെയും പട്ടാളത്തിന്റെയും സഹായം ലഭ്യമാക്കി. നമ്മുടെ മത്സ്യത്തൊഴിലാളികളുടെ ധീരമായ പ്രവർത്തനവും ചെറുപ്പക്കാരുടെ കൂട്ടായ പ്രവർത്തനവുമെല്ലാം ചേർന്നുകൊണ്ടാണ് അവയെ അതിജീവിച്ച് മുമ്പോട്ടുപോകാൻ സഹായിച്ചു. അവിടെയെല്ലാം വീട് നഷ്ടപ്പെട്ടവർക്ക് വീട് നൽകുക, മരിച്ചുപോയവരുടെ കുടുംബങ്ങളെ സഹായിക്കുക തുടങ്ങിയ നിലപാടുകൾ സ്വീകരിച്ചു. ഈ കാര്യങ്ങളെല്ലാം കാണിക്കുന്നതെന്താണ്? ഒരു ജനാധിപത്യ സംവിധാനത്തിലെ ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്, ചുമതലയാണ് എന്ന കർത്തവ്യബോധത്തോടെ, രാപ്പകലില്ലാതെ ഊണും ഉറക്കവും ഉപേക്ഷിച്ചുകൊണ്ട് മുഖ്യമന്ത്രിയും മന്ത്രിമാരും ജില്ലകൾ കേന്ദ്രീകരിച്ച് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഒരു മനുഷ്യന്റെയും ജീവൻ നഷ്ടപ്പെടാൻ പാടില്ലെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അത്തരം നിലപാടുകൾ സ്വീകരിച്ച് മുമ്പോട്ടുപോയത്. അത് കഴിയുമ്പോഴേയ്ക്കും കോവിഡ് എന്ന മഹാമാരി വന്നു. ലോകമാകെ ഞെട്ടിവിറച്ചു. നമ്മുടെ രാജ്യത്താകമാനം പൗരത്വ ബില്ലുമായി ബന്ധപ്പെട്ട സമരം നടക്കുന്ന സമയമായിരുന്നു. കേന്ദ്രഗവൺമെന്റ് ചെയ്തത് ലോക്ക്ഡൗൺ പ്രഖ്യാപിക്കലായിരുന്നു. അപ്പോൾ കേരള ഗവൺമെന്റ് ചെയ്തത്

എന്തായിരുന്നു? കേരളത്തിലെ ഗവൺമെന്റ് അവരുടെ വീടുകളിലേയ്ക്ക് സൗജന്യ റേഷൻ എത്തിച്ചുകൊടുത്തു. പുറത്തിറങ്ങാൻ കഴിയില്ല, അങ്ങാടികൾ തുറക്കുന്നില്ല, വാഹനങ്ങളിൽ യാത്രചെയ്യാൻ സാധിക്കുന്നില്ല, ജോലിക്ക് പോകാൻ കഴിയുന്നില്ല. ചുറ്റും മനുഷ്യജീവനുകളുണ്ട് എന്നകാര്യം ആലോചിക്കാൻ കേന്ദ്രഗവൺമെന്റിന് സാധിച്ചില്ല; എന്നാൽ നമ്മുടെ സംസ്ഥാനം അവരെ സഹായിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചപോലെ ഈ പ്രവർത്തനം തുടരുമെന്ന് പറഞ്ഞുകൊണ്ട് ഭക്ഷ്യകിറ്റുകൾ നൽകി. അതോടൊപ്പം കോവിഡ് ചികിത്സ, വ്യാപകമായ ടെസ്റ്റുകൾ എന്നിവ ഏർപ്പെടുത്തി. ഇന്ന് ഇന്ത്യയിൽ ഈ കേരളത്തിലല്ലാതെ എവിടെയെങ്കിലും കോവിഡ് ടെസ്റ്റ് നടക്കുന്നുണ്ടോ? അങ്ങനെ കോവിഡ് ടെസ്റ്റ് നടത്തി രോഗികളെ ആശുപത്രിയിലെത്തിക്കുന്ന സംവിധാനമുണ്ടാക്കി. ചികിത്സയും ഭക്ഷണവും സൗജന്യമാക്കി. എല്ലാ പഞ്ചായത്തുകളിലും ഭരണസമിതികളിൽ വിശ്വാസമർപ്പിച്ചു കൊണ്ട് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ആരംഭിച്ചു. എത്രപേർക്ക് രോഗം വരുമെന്നോ ഇതിന്റെ പ്രതിസന്ധിയും പ്രയാസങ്ങളും എന്തൊക്കെയാണെന്നോ അറിയാത്തതിന്റെ അടിസ്ഥാനത്തിൽ അത്യധികം തയ്യാറെടുപ്പോടുകൂടിയാണ് കേരളത്തെ സജ്ജമാക്കിയത്. നല്ല ജനകീയ പിന്തുണ എല്ലാവരുടെയും ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെട്ടു, അതിനായി ലക്ഷക്കണക്കിന് ചെറുപ്പക്കാരെ അണിനിരത്തി. ഇങ്ങനെ ആ മഹാമാരിയെ നേരിടാനുള്ള സന്നദ്ധതയാണ് കേരളം ഒരുക്കിയത്. അതോടൊപ്പം വിശപ്പുരഹിത കേരളം എന്ന ലക്ഷ്യത്തോടെ ഒരാളും പട്ടിണി കിടക്കരുതെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു. എല്ലാവർക്കും ഭക്ഷണമെത്തിച്ചുകൊടുക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഈ പ്രവർത്തനങ്ങളെല്ലാം നടക്കുന്നതിന്റെകൂടെ പെൻഷനുകൾ വർദ്ധിപ്പിക്കുന്ന നിലപാടും സ്വീകരിച്ചു. ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപയായിരുന്നു. അതുതന്നെ നിങ്ങൾ രണ്ട് വർഷത്തെ കുടിശ്ശിക വരുത്തിയിരുന്നു. ആ കുടിശ്ശിക കൊടുത്തുതീർത്തുവെന്ന് മാത്രമല്ല, പെൻഷൻ തുക വർദ്ധിപ്പിച്ച് ഇപ്പോൾ 1600 രൂപയാക്കി. കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചത് എല്ലാവരുടെയും സഹായത്തോടെയാണെന്നു തന്നെയാണ് ഞാൻ പറഞ്ഞത്. ജനങ്ങളിലാണ് വിശ്വാസം. അങ്ങനെയുള്ള നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോയപ്പോൾ ഈ ഗവൺമെന്റ് ജനങ്ങളോടൊപ്പമുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ ഇത് ഞങ്ങളുടെ ഗവൺമെന്റാണെന്ന ബോദ്ധ്യത്തോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തെരഞ്ഞെടുക്കുന്ന സംവിധാനത്തിലേയ്ക്ക് ജനങ്ങൾ വന്നിട്ടുള്ളത്. ഞാൻ അവസാനിപ്പിക്കുന്നു, ഇവിടെ നേരത്തെ ധനകാര്യ

വകുപ്പുമന്ത്രി സൂചിപ്പിച്ചു, ഇതൊരു അവസാന സഭയാണെന്ന് കണ്ടാണ് ഇന്ന് നിയമസഭയ്ക്കകത്ത് സ്പീക്കർക്കെതിരെ ആരോപണമുന്നയിച്ചത്. ആരോപണങ്ങളുടെ പെരുമഴ പെയ്യിക്കുന്ന നിലയായിരുന്നു യു.ഡി.എഫ്. സ്വീകരിച്ചത്, എന്നിട്ടോ, എവിടെയെങ്കിലും ഒരു പിടിവള്ളി കിട്ടിയോ? വിശാലമനസ്കനായ സ്പീക്കർ സ്വീകരിച്ച ഒരു നിലപാടിന്റെ ഭാഗമായി അത് ചർച്ചയ്ക്ക് വച്ചു. അതിന്റെയടിസ്ഥാനത്തിൽ സ്പീക്കർക്ക് അക്കാര്യങ്ങൾ തുറന്ന് പറയാനും ഈ സഭയ്ക്ക് പൂർണ്ണമായും അത് കേൾക്കാനും കേരളം മുഴുവനും അതുകേൾക്കാനുമുള്ള അവസരമുണ്ടായി. അതുമായി ബന്ധപ്പെട്ട് കേരളത്തിൽ എന്താണ് നടന്നതെന്ന് ഇന്ന് ഈ നിയമസഭയ്ക്ക് ബോദ്ധ്യമായി. നിങ്ങൾ വടികൊടുത്ത് അടി വാങ്ങുകയാണ് ചെയ്തത്. തീർച്ചയായും സ്പീക്കറെ സംബന്ധിച്ച് അദ്ദേഹത്തിന്റെ പ്രസംഗത്തോടുകൂടി, മറുപടിയോടുകൂടി നാട്ടിലെ ജനങ്ങൾക്കും കാര്യങ്ങൾ ബോദ്ധ്യമായി. ഞാൻ സൂചിപ്പിക്കുന്നത്, ഈ സംസ്ഥാനത്തെ യു.ഡി.എഫ്. എന്താണെന്ന് ജനങ്ങൾക്ക് ബോദ്ധ്യമായി എന്നാണ്. കഴിഞ്ഞ ഭരണത്തിന്റെ തുടർച്ചയെന്ന നിലയ്ക്കുള്ള ഒരു രീതിയിലേയ്ക്ക് അവർ എത്തുകയാണ്. കോവിഡ് കാലയളവിൽ നമ്മുടെ കേരളത്തിൽ നിന്നും പുറത്തുപോയി തിരിച്ചുവരുന്നവരുണ്ട്, നാട് തിരിച്ചറിയാൻ കഴിയാത്ത രീതിയിലുള്ള മാറ്റങ്ങളാണ് കേരളത്തിൽ വന്നിട്ടുള്ളതെന്ന് അവർക്ക് കാണാൻ കഴിയും. റോഡുകളോ, പാലങ്ങളോ, കെട്ടിടങ്ങളോ എടുത്ത് പരിശോധിച്ചാൽ അക്കാര്യം മനസ്സിലാകും. നമ്മൾ പരോക്ഷ നികുതിയെക്കുറിച്ച് കേൾക്കാറുണ്ട്; എന്നാൽ ഈ ഗവൺമെന്റിന്റെ കാലയളവിൽ നമ്മുടെ കുടുംബങ്ങൾക്ക് പരോക്ഷ വരുമാനമുണ്ടായി. നാലേമുക്കാൽ ലക്ഷം വിദ്യാർത്ഥികൾ ഇന്ന് പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നുവെന്ന് പറഞ്ഞാൽ നേരത്തേ അവർ ഫീസ് കൊടുത്തവരാണെന്ന് മനസ്സിലാക്കാം; ആ കുടുംബങ്ങൾ ഇന്ന് ഫീസ് കൊടുക്കുന്നില്ല. ഈ പറഞ്ഞ കാലയളവിൽ നമ്മുടെ സർക്കാർ ആശുപത്രികൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി. നമ്മുടെ മെഡിക്കൽ കോളേജുകളിൽ ചികിത്സകൾ സൗജന്യമായി ലഭിക്കുമ്പോൾ ആയിരക്കണക്കിന് രൂപയാണ് വീടുകളിലെത്തുന്നതെന്ന് പരിശോധിച്ചാൽ മനസ്സിലാകും. അത്തരമൊരു രീതിയിലൂടെ സാമ്പത്തിക കുടുംബ ഭദ്രതയിലേയ്ക്ക് മാറ്റുവാൻ ഈ അഞ്ചുവർഷത്തെ എൽ.ഡി.എഫ് ഗവൺമെന്റിന് കഴിഞ്ഞു. ഞാനെന്റെ സമയക്കുറവുകൊണ്ട് മറ്റു മേഖലകളിലേയ്ക്ക് കടക്കുന്നില്ല. അത്തരമൊരു സാഹചര്യത്തിലാണ് പുതിയ തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കേരളീയ സമൂഹം പിന്തുണയ്ക്കുമെന്ന കാര്യത്തിൽ സംശയമില്ല. തുടർന്നും എൽ.ഡി.എഫ്. ഭരണം നടത്തുമെന്ന കാര്യത്തിൽ തർക്കമില്ല. ആ നിലയിലേയ്ക്ക് കേരളത്തിലെ ജനങ്ങൾ ഗവൺമെന്റിനെ പിന്തുണയ്ക്കുന്ന സാഹചര്യത്തിലാണ് വോട്ട് ഓൺ അക്കൗണ്ട്

ഇവിടെ ചർച്ച ചെയ്യുന്നത്. തീർച്ചയായും അത് ഈ സഭ പാസ്സാക്കിക്കൊടുക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എല്ലാവിധ ആശംസകളും എല്ലാവർക്കും അർപ്പിച്ചുകൊണ്ട് ഞാൻ നിർത്തട്ടെ നമസ്കാരം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. നിങ്ങൾ വീണ്ടും അധികാരത്തിൽ വന്നാൽ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. അപ്പോൾ ഈ ബഡ്ജറ്റിന് ഒരു പ്രസക്തിയുമില്ല.

9.00 P.M.]

തെരഞ്ഞെടുപ്പ് പ്രകടന പത്രിക എന്നതിലപ്പുറം യാതൊന്നുമില്ലെന്ന് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾത്തന്നെ പറഞ്ഞിട്ടുണ്ട്. 1957-മുതൽ 2016-വരെ 59 വർഷക്കാലം എല്ലാവരുംകൂടി ഭരിച്ചിട്ടുണ്ടായ പൊതുകടം 1,60,000 കോടി രൂപയാണ്. നിങ്ങൾ ഇവിടെ അഞ്ച് വർഷം ഭരിച്ചിട്ട് ഉണ്ടായതും ഏതാണ്ട് അത്രതന്നെയാണ്. മുന്നൂറോ നാന്നൂറോ രൂപയുള്ള ഒരു കിറ്റ് മാസംതോറും നിങ്ങൾ കൊടുത്തിട്ടുണ്ട്. അഞ്ചോ എട്ടോ അംഗങ്ങളുള്ള കുടുംബത്തിന് 400 രൂപയുടെ കിറ്റ് കൊടുത്താൽ പട്ടിണി മാറുമെന്നാണോ പറയുന്നത്; അതിനുള്ള പണം എ.കെ.ജി. സെന്ററിൽ നിന്നല്ല കൊടുക്കുന്നത്, നികുതി പണമാണ്. അത് എല്ലാവരുടെയും അവകാശമാണ്. ഇതിന് മുമ്പുണ്ടായിരുന്ന ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണ കാലഘട്ടത്തിൽ ഒരു രൂപയ്ക്ക് ഒരു കിലോ അരി കൊടുത്തില്ലേ; അത് നിങ്ങൾക്ക് സ്വപ്നം കാണാൻ സാധിച്ചിരുന്നോ? അന്ന് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് പാവപ്പെട്ട ആളുകൾക്ക് ചികിത്സ ലഭ്യമാക്കാനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. ഇതൊക്കെ മാറി മാറി വരുന്ന എല്ലാ ഗവൺമെന്റുകളും ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ ഒരു കാര്യം ചോദിക്കട്ടെ, എന്റെ നിയോജകമണ്ഡലത്തിൽ മൂന്ന് റോഡുകളാണ് കിഫ്ബി വഴി അനുവദിച്ചത്, നാലര വർഷമായി സഫാ-മാർവ്വ മലകളുടെ ഇടയിലുള്ള ഓട്ടം പോലെ ഞങ്ങൾ ഓടുകയാണ്. കിഫ്ബിയിലേയ്ക്കും അപ്പുറത്തേയ്ക്കും. നാട്ടുകാരോട് ഞാൻ ഇത് പറഞ്ഞുപോയി. ഗവൺമെന്റും അനൗൺസ് ചെയ്തു. എന്നാൽ ഒരു റോഡ് പോലും കിഫ്ബി പദ്ധതിയിലൂടെ ഇന്നുവരെ എന്റെ നിയോജകമണ്ഡലത്തിൽ പ്രാവർത്തികമാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയോടാണ് പറയുന്നത്. മൂന്ന് റോഡുകളാണ് അന്ന് പ്രഖ്യാപിച്ചത്, കുട്ടോത്ത് - അട്ടക്കുണ്ട് കടവ് റോഡ്, വില്യാപ്പള്ളി - ചേലക്കാട് റോഡ്, കുറ്റ്യാടി ബൈപ്പാസ്. ഞങ്ങൾക്കിപ്പോൾ റോഡിലിറങ്ങാൻ പറ്റാത്ത അവസ്ഥയാണ്; എം.എൽ.എ.-മാർ

കളവുപറഞ്ഞുവെന്ന് ആളുകൾ കരുതും. പക്ഷെ, ഞങ്ങൾക്ക് ആയിരക്കണക്കിന് കോടി രൂപ കിട്ടിയിട്ടുണ്ടെന്ന് ഭരണപക്ഷത്തിരിക്കുന്ന എം.എൽ.എ.മാർ പറയുന്നു. അതുമാത്രമല്ല, ശ്രദ്ധ ക്ഷണിക്കലായും സബ്മിഷനായും ഒട്ടേറെ തവണ കുറ്റ്യാടി നാളീകേര വികസനപാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സഭയുടെ മുമ്പാകെ കൊണ്ടുവന്നതാണ്. ബഹുമാനപ്പെട്ട എ. സി. മൊയ്തീൻ മന്ത്രിയായപ്പോൾ അദ്ദേഹത്തിന്റെ അടുത്തുചെന്ന് പറഞ്ഞു. ഇതിനുവേണ്ടി 115 ഏക്കർ സ്ഥലം പന്ത്രണ്ടുവർഷം മുമ്പെടുത്തതാണ്. അദ്ദേഹം സ്ഥലം സന്ദർശിച്ചു. എന്തായാലും മൂന്ന്കോടി രൂപ ചുറ്റുമതിലിന് അനുവദിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. നാലഞ്ചുവർഷമായി എല്ലാ ബഡ്ജറ്റിലും ഇതുതന്നെ പറയുന്നു. ഇന്നുവരെ നൽകിയിട്ടില്ല. ഇപ്പോൾ വന്യജീവികൾ അവിടെ കൂട് കെട്ടി ആളുകൾക്ക് അങ്ങോട്ടുപോകാൻ പറ്റാത്ത സാഹചര്യമാണ്, ജനജീവിതം ദു:സ്സഹമായിരിക്കുകയാണ്. എന്നിട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറയുകയാണ്. "പ്രധാനപ്പെട്ട വ്യവസായ വികസന ഏജൻസികളായ കെ.എസ്.ഐ.ഡി.സി.-ക്കും കിൻഫ്രയ്ക്കും മൊത്തം 401 കോടി രൂപ അനുവദിക്കുന്നു. കാസർഗോഡ്, ആമ്പല്ലൂർ, കുറ്റ്യാടി, വയനാട്, കോഴിക്കോട്, കാക്കനാട് എന്നിവിടങ്ങളിൽ കെ.എസ്.ഐ.ഡി.സി. ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിച്ചുവരികയാണ്'' . എവിടെയാണ് സ്ഥാപിച്ചുവരുന്നത്? ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ മിനിസ്റ്ററുടെയടുത്തും ഞാൻ നാളികേര പാർക്കിനുവേണ്ടി പോയിട്ടുണ്ട്. കുറ്റ്യാടി നാളീകേരപാർക്ക്, വിശേഷിച്ചും തേങ്ങയുമായി ബന്ധപ്പെട്ട് അവിടത്തെ പ്രത്യേകത എല്ലാവർക്കും അറിയാവുന്നതാണ്. നാളീകേര കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കർഷകരും കർഷകത്തൊഴിലാളികളുമായ ലക്ഷക്കണക്കിന് ആളുകളാണ് അവിടെയുള്ളത്. അതിന്റെ വികസനത്തിനുവേണ്ടി നിരന്തരമായി പറഞ്ഞിട്ടും ഒരു കാര്യവും ചെയ്തില്ല എന്നുമാത്രമല്ല അവിടെ ഇപ്പോൾ ജനങ്ങൾക്ക് ജീവിക്കാൻപോലും പറ്റാത്ത ഒരവസ്ഥയുണ്ടായിട്ടുണ്ട്. ഇതിനൊരു പരിഹാരം ഉണ്ടാകണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞങ്ങൾ തിരിച്ചുവന്നാൽ ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞ കാര്യം തീർച്ചയായും നടപ്പിലാക്കാം.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഇപ്പോൾ 401 കോടി രൂപ കെ.എസ്.ഐ.ഡി.സി.-ക്കും കിൻഫ്രയ്ക്കുമായി അനുവദിക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ടല്ലോ; അതിൽ കുറ്റ്യാടി നാളികേര പാർക്കും ഉൾപ്പെടുത്തിയിട്ടുണ്ട്. 401 കോടി രൂപയിൽ ഇതിനായി എത്രയുണ്ടാകുമെന്ന് പറഞ്ഞാൽ വലിയ ഉപകാരമായിരിക്കും. ഇത് ബഡ്ജറ്റിൽ വന്നതാണ്. തിരിച്ചുവന്നാൽ ചെയ്യുമെന്ന്

പറയുന്നതിൽ കാര്യമില്ല. പണ്ടത്തെ ഒരു കഥയുണ്ട്; തീരദേശത്തെ കടലോരത്ത് ഒരാൾ ഒരു പെട്ടിക്കട നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഒരു ദിവസം ഒരു കപ്പൽ കരയ്ക്കടുത്തുവന്നു. കപ്പലിന്റെ അധികൃതർ കപ്പൽ അവിടെ ഇട്ടിട്ട് പോയി. അതിന്റെ അടുത്ത് പെട്ടിക്കട നടത്തുന്ന പ്രായം ചെന്ന മനുഷ്യൻ കപ്പൽ വളരെ നന്നായി വൃത്തിയാക്കാനും സൂക്ഷിക്കാനും തുടങ്ങി. കുട്ടികളും നാട്ടുകാരുമൊക്കെ കപ്പൽ കാണാൻ വരുമ്പോൾ നിയന്ത്രിക്കുന്നതെല്ലാം ഇയാൾ തന്നെയാണ്. കുറച്ചുദിവസം കഴിഞ്ഞപ്പോൾ എല്ലാ ദിവസവും കപ്പൽ പൂട്ടാനും തുറക്കാനും നിയന്ത്രിക്കാനും തുടങ്ങി. നാലഞ്ചു വർഷം കഴിഞ്ഞപ്പോഴാണ് ഈ കപ്പലിന്റെ അധികൃതർ തിരിച്ചുവരുന്നത്. അവർ അത് വെട്ടിപ്പൊളിച്ച് കൊണ്ടുപോകുമ്പോഴാണ് അയാൾക്ക് മനസ്സിലാകുന്നത് ഇത് അയാളുടേതല്ലെന്ന്. അടുത്ത മാർച്ച്-ഏപ്രിൽ മാസം ഇത് വെട്ടിപ്പൊളിക്കാൻ, നിങ്ങൾ ചെയ്തതിന്റെ കണക്ക് പറയാൻ ഞങ്ങൾ വരുന്നുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കുറച്ചുസീറ്റ് നിങ്ങൾക്ക് അധികം കിട്ടിയിട്ടുണ്ട്. അങ്ങനെയില്ല എന്നൊന്നും ഞങ്ങൾ പറയുന്നില്ല. പക്ഷെ എല്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ഇടതുപക്ഷം ഇവിടെ വിജയിച്ചിട്ടുണ്ട്. ഇവിടെ ഒരുപാട് വിഷയങ്ങളുണ്ടായിട്ടുണ്ട്. അതിലൊക്കെ ജനം നിങ്ങളെ അംഗീകരിച്ചിരിക്കുന്നുവെന്നാണ് ധാരണയെങ്കിൽ അത് വെറും മൗഢ്യമാണ്. ഇടതുപക്ഷത്തുള്ള ആളുകളൊക്കെ പ്രസംഗിക്കുമ്പോൾ വളരെ ആവേശത്തോടെ വികാരഭരിതരായാണ് സംസാരിക്കുന്നത്. അധികാരത്തിന്റെ ലഹരി ഒരു ഭയങ്കര സംഭവംതന്നെയാണ്. 'ഞങ്ങൾ വരും, ഞങ്ങൾ വരും' എന്ന് എല്ലാവരും പറഞ്ഞുകൊണ്ടിരിക്കുകയാണ്. അഥവാ നിങ്ങൾ വന്നില്ലെങ്കിൽ ഈ പറയുന്ന ആൾക്കാരുടെ മാനസികാവസ്ഥ എന്താകും? ഇങ്ങനെ വരും, വരുമെന്ന് പല നുണക്കഥകളും പറഞ്ഞ് ഒപ്പിക്കുകയാണ്. വികസനത്തിന് ഞങ്ങൾ എതിരല്ല. കൊച്ചി എയർപോർട്ട് കൊണ്ടുവന്നപ്പോൾ എതിരായായത് ഞങ്ങളാണോ; കിൻഫ്ര വന്നപ്പോൾ എതിരായത് ഞങ്ങളാണോ; സ്മാർട്ട്സിറ്റി വന്നപ്പോൾ എതിരായത് ഞങ്ങളാണോ?

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല ....പ്ലീസ് കൺക്ലൂഡ് ....

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, മെട്രോ വരുമ്പോൾ എതിരായത് ഞങ്ങളാണോ; എല്ലാറ്റിനും എതിരും തടസ്സവുമായി നിന്നത് ഞങ്ങളാണോ? എക്സ്പ്രസ് ഹൈവേയ്ക്കെതിരെ നിങ്ങൾ പറഞ്ഞത് അത് രാജ്യത്തെ വെട്ടിമുറിക്കുന്നുവെന്നാണ്. ഇങ്ങനെയൊക്കെ നാടിന്റെ വികസനത്തെ തടഞ്ഞ നിങ്ങൾ വികസനത്തിനുവേണ്ടി സംസാരിക്കുകയാണ്. എന്തായാലും കേരളം രക്ഷപ്പെട്ടു. നിങ്ങളുടെ തടസ്സം കൊണ്ടാണ് യു.ഡി.എഫ്.-ന് വികസനം കൊണ്ടുവരാൻ പറ്റാതെ പോയത്. നിങ്ങൾകൂടെ സഹകരിച്ചാലേ വികസനം

സാധ്യമാകൂ. ഞാൻ ദീർഘിപ്പിക്കുന്നില്ല.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, എല്ലാവർക്കും മൂന്നും നാലും മിനിട്ട് അധികം കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ: മൂന്ന് മിനിട്ട് അധികമായി.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഇടതുപക്ഷത്തോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, 1980-കളിൽ ഭൂരിപക്ഷ വർഗ്ഗീയതയുമായി ബന്ധപ്പെട്ടുകൊണ്ട് ഭൂരിപക്ഷത്തെ പ്രീണിപ്പിക്കുന്നതിന് ചില നടപടികൾ നിങ്ങൾ സ്വീകരിച്ചു. ചിലപ്പോൾ അതിന്റെ ഗുണവും ലാഭവുമൊക്കെ നിങ്ങൾക്ക് കിട്ടിയിട്ടുണ്ടാകും. പക്ഷെ 2021-ൽ അതേ രൂപത്തിലുള്ള വർഗ്ഗീയതയെ പ്രീണിപ്പിക്കുന്ന നിലപാട് സ്വീകരിച്ചാൽ അതിന്റെ ഗുണം നിങ്ങൾക്ക് കിട്ടില്ല. അത് കിട്ടുന്നത് വേറൊരു കൂട്ടർക്കായിരിക്കുമെന്നൊരു ധാരണ ഉണ്ടാകുന്നത് നല്ലതായിരിക്കുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്തുണയ്ക്കുന്നു. ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ല ഇവിടെ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി, ഞാൻ അതിനൊരു വിശദീകരണം നൽകാം. ഇതിനുമുമ്പുള്ള യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പൊതുകടവും ബാദ്ധ്യതകളും 78673 കോടി രൂപയായിരുന്നു. യു.ഡി.എഫ്. അധികാരമൊഴിയുമ്പോൾ അത് 1,57,370 കോടി രൂപയായി വർദ്ധിച്ചു. 78,697 കോടി രൂപയുടെ വർദ്ധനവാണുണ്ടായത്; ഉണ്ടായിരുന്നതിനേക്കാൾ ഇരട്ടിയിലധികമാണ്. അതിന്റെ മുമ്പത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കടബാദ്ധ്യതയിലുണ്ടായ വർദ്ധനവ് വെറും 32,744 കോടി രൂപ മാത്രമായിരുന്നു, ഇതാണ് വസ്തുത. സമനില തെറ്റിയ പ്രതിപക്ഷം കിഫ്ബിക്കെതിരെ പ്രമേയവും ബഹുമാന്യനായ സ്പീക്കർക്കെതിരെയുള്ള അവിശ്വാസപ്രമേയവും കൊണ്ടുവന്ന് സർക്കാരിനെതിരെ ആരോപണമുന്നയിച്ചു. ആരോപണങ്ങളുടെ കുന്തമുനയൊടിച്ച് ഭരണകക്ഷി അംഗങ്ങൾ ഇതിനെയെല്ലാം പ്രതിരോധിച്ചപ്പോൾ സഭാതലത്തിൽ അടിയേറ്റ് വീണ് പുളയുന്ന പ്രതിപക്ഷത്തെയാണ് നാം കണ്ടത്. ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചു, പിന്നെ തേളും കടിച്ചുവെന്ന അവസ്ഥയിലായിരുന്നു ഇവിടത്തെ പ്രതിപക്ഷം. സ്പന്ദനം നിലയ്ക്കുന്ന ഇന്ത്യൻ സമ്പദ്ഘടനയുടെ പശ്ചാത്തലത്തിലാണ് നാം ഈ ബഡ്ജറ്റ് ചർച്ച ചെയ്യുന്നത്. ഇന്ത്യ ഇന്ന് ഭീതിജനകമായ സാമ്പത്തികമാന്ദ്യത്തെ അഭിമുഖീകരിക്കുകയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഏറ്റവും ഗുരുതരമായ

സാമ്പത്തിക പ്രതിസന്ധിയാണിതെന്ന് വിദഗ്ധർതന്നെ ചൂണ്ടിക്കാണിക്കുന്നു. രാജ്യത്തിന്റെ ആഭ്യന്തര വളർച്ചാനിരക്ക് സാമ്പത്തിക വർഷത്തെ ആദ്യപാദത്തിൽ 5 ശതമാനം മാത്രമാണെന്ന് സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ വെളിപ്പെടുത്തിയിരിക്കുകയാണ്; ബി.ജെ.പി. സർക്കാർ നടപ്പിലാക്കിയ നോട്ടുനിരോധനവും ജി.എസ്.ടി.യും മറ്റ് തീവ്ര ഉദാരവത്കരണ നടപടികളുമാണ് രാജ്യത്തെ പ്രതിസന്ധിയിലാക്കിയതെന്ന് സർക്കാരിന്റെ ഔദ്യോഗിക വക്താക്കൾതന്നെ അഭിപ്രായപ്പെട്ടിരിക്കുകയാണ്. ഇവിടെയാണ് പരിമിതികൾക്കകത്ത് നിന്നുകൊണ്ട്, ധനസമീപനത്തിൽ രാഷ്ട്രീയ വിവേചനം കാണിക്കുന്ന കേന്ദ്ര സർക്കാരിന്റെ നിലപാടുകളെ അതിജീവിച്ച് ബദലുകളുമായി മുന്നോട്ടുപോകുന്ന കേരളസർക്കാരിന്റെ പ്രസക്തി.ഇരുപത്തിയഞ്ച് വർഷത്തിനും അപ്പുറത്തുള്ള ഒരു കേരളത്തെയാണ് ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വിഭാവന ചെയ്യുന്നത്. സമഗ്ര വികസന കാഴ്ചപ്പാടിനൊപ്പം, ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഭാഷയിൽപ്പറഞ്ഞാൽ, കാലോചിതമായ ഒരു ചുവടുമാറ്റത്തിലൂടെ ഈ സർക്കാർ പുതിയ തലമുറയെ അഭിസംബോധന ചെയ്യുകയാണ്. വിജ്ഞാനാധിഷ്ഠിത സമൂഹ ശാക്തീകരണത്തിനായി വിവിധ പദ്ധതികളിലൂടെ ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. നാടിന്റെ സുസ്ഥിര വികസനത്തിന് അടിസ്ഥാനശിലകളായി നിലകൊള്ളുന്ന സാമ്പത്തിക വളർച്ച, സാമൂഹ്യ ഉന്നമനം, പ്രകൃതി സംരക്ഷണം എന്നിവയ്ക്ക് ദിശാബോധവും ഗതിവേഗവും പകരുംവിധം രൂപം നൽകിയിരിക്കുന്ന നയങ്ങൾ ഈ സർക്കാരിന്റെ വികസനോന്മുഖമായ കാഴ്ചപ്പാട് വിളിച്ചോതുന്നതാണ്. നാടിന്റെ സാമൂഹിക, സാമ്പത്തിക മേഖലകളുടെ സമഗ്ര വളർച്ചയ്ക്കും ജനങ്ങളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിനുമുള്ള വ്യക്തമായ നയവും അതിന്റെ അടിസ്ഥാനത്തിലുള്ള ആസൂത്രിതമായ നടപടികളും ഒരു നവകേരള നിർമ്മിതിക്കുവേണ്ടിയുള്ളതാണ്. തുടർ പ്രളയത്തിന് പിന്നാലെ കോവിഡ് മഹാമാരിയും നേരിട്ട കേരളത്തിന്റെ സമ്പദ് വ്യവസ്ഥ ഇതര സംസ്ഥാനങ്ങളേക്കാൾ വേഗത്തിൽ തിരിച്ചുവരികയാണ്. കോവിഡ്മൂലം സമ്പദ് വ്യവസ്ഥയിൽ 1.56 ലക്ഷം കോടി രൂപയുടെ വരുമാന നഷ്ടമാണ് നമുക്കുണ്ടായിട്ടുള്ളത്. സർക്കാരിന്റെ നികുതി/നികുതിയേതര വരുമാനങ്ങൾ ഇടിഞ്ഞാലും ക്ഷേമ പദ്ധതികളിൽ ഒരു കുറവും വരുത്താൻ ഈ സർക്കാർ തയ്യാറായിട്ടില്ല. ഭക്ഷ്യ ധാന്യക്കിറ്റ് വിതരണം തുടർന്നു; പെൻഷൻ തുക വർദ്ധിപ്പിച്ചു; പശ്ചാത്തല സൗകര്യ വികസന മേഖലയിൽ വികസന വിസ്മയങ്ങൾ തീർത്ത് മുന്നേറി; വിദ്യാഭ്യാസ, ആരോഗ്യ മേഖലയിൽ മുന്നേറ്റം; കൃഷി ഭൂമിയുടെ അളവ് വർദ്ധിച്ചു; നെല്ലുൽപ്പാദനം കൂടി; കാർഷിക വായ്പയിൽ വർദ്ധനവ്; ഉൽപ്പാദന മേഖലയിലെ വളർച്ച 1.5 ശതമാനം; ധനകമ്മിയിൽ 3 ശതമാനത്തിന്റെ കുറവ്; റവന്യൂ കമ്മി 2.01 ശതമാനം കുറഞ്ഞു.

കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും വിഹിതത്തിലും നികുതി വരുമാനത്തിലും കുറവുണ്ടായെങ്കിലും സാമ്പത്തിക വളർച്ച യു.ഡി.എഫ്. ഭരണകാലത്തേക്കാൾ മെച്ചപ്പെട്ടു. 'പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും അതിജീവിച്ച് നേടുന്ന വിജയമാണ് ഏറെ ആസ്വാദ്യകര'മെന്ന് ഒരു ചൈനീസ് പഴമൊഴിയുണ്ട്. അത്തരത്തിലുള്ള ഒരു വിജയമാണ് ഇക്കഴിഞ്ഞ ത്രിതല പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം കരസ്ഥമാക്കിയിട്ടുള്ളത്. എന്തുകൊണ്ട് എൽ.ഡി.എഫ്. വിജയിച്ചു എന്നുള്ളതിനുള്ള ഉത്തരം, ഇക്കഴിഞ്ഞ നാലര വർഷക്കാലത്തെ ഭരണകാലയളവിൽ കേരളത്തിൽ അധികാരത്തിലിരിക്കുന്ന പിണറായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളും വികസന പദ്ധതികളും അനുഭവിച്ചറിയാത്ത ഒരു കുടുംബം പോലും ഈ കേരളത്തിലില്ല എന്നതാണ്. അവരെല്ലാം ഈ ഗവൺമെന്റിന് അനുകൂലമായി പ്രതികരിച്ചു. സ്വന്തമായി കയറിക്കിടക്കാൻ ഒരു വീട് എന്നത് ഒരു കുടുംബത്തെ സംബന്ധിച്ചിടത്തോളം വലിയ സ്വപ്നമാണ്. നമുക്ക് ലൈഫ് പദ്ധതിയിലൂടെ ലക്ഷങ്ങൾക്ക് വീട് നൽകാൻ കഴിഞ്ഞു. ആ വീട്ടിൽ കയറിക്കിടക്കുന്ന കുടുംബാംഗങ്ങൾ ഈ സർക്കാരിനെയും ശ്രീ. പിണറായി വിജയനെയും ഇടതുപക്ഷത്തെയും ഓർത്ത് ഇടതുപക്ഷത്തിന് അനുകൂലമായി വോട്ട് ചെയ്തു. താമസിക്കാൻ ഒരു വീടുണ്ടായിക്കഴിഞ്ഞാൽ പിന്നീട് വേണ്ടത് മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സൗകര്യമാണ്. കർഷകന്റെ, തൊഴിലാളിയുടെ, സാധാരണക്കാരന്റെ മക്കൾ സ്കൂളുകളിൽ പോയി പഠിക്കുന്നു; അവർക്ക് മെച്ചപ്പെട്ട ഗുണനിലവാരമുള്ള ആധുനിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. അവിടെയും ഏറ്റവും ശ്രദ്ധേയമായിട്ടുള്ള മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞു. അവരും കേരളത്തിലെ ഇടതുപക്ഷത്തെ വിജയിപ്പിക്കാൻ തയ്യാറായി. ഓരോ പ്രതികൂല സാഹചര്യത്തിലും പൊരുതുന്ന കേരളത്തിന്റെ സർവ്വസൈന്യാധിപനായി മാറുകയായിരുന്നു കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി. ഓഖിയും നിപയും ഇരുപ്രളയങ്ങളും കോവിഡും നമ്മെ തേടിയെത്തിയപ്പോൾ, നാട് ഉത്കണ്ഠയുടെ, ആശങ്കയുടെ, ഭീതിയുടെ മുൾമുനയിലായപ്പോൾ അവരോട് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു, 'നിങ്ങൾ തളരരുത്, തകരരുത്, നിങ്ങൾ പരിഭ്രാന്തരാകരുത്, നിങ്ങളോടൊപ്പം ഞങ്ങളുണ്ട്, അല്ല മുന്നിൽത്തന്നെ'. മുന്നിൽ ഞങ്ങളുണ്ടെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ ജനത ഒന്നടങ്കം കക്ഷി രാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കും അതീതമായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയോടും സർക്കാരിനോടും പറഞ്ഞു, 'നിങ്ങൾ മുന്നിലുണ്ടെങ്കിൽ ഞങ്ങൾ ഒപ്പമുണ്ട്'. അങ്ങനെയാണ് ഈ പ്രതിസന്ധിയെയും പ്രതികൂല സാഹചര്യങ്ങളെയുമെല്ലാം ഈ ഗവൺമെന്റ് അതിജീവിച്ചത്. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കാസർഗോഡ് ജില്ലയിലെ ചെങ്കള പഞ്ചായത്തിലെ

പതിനൊന്നാം വാർഡ് നാലാം മൈലിൽ (മുൻ എം.എൽ.എ. പി.ബി. അബ്ദുൽ റസാഖിന്റെ വീട് ഉൾപ്പെടുന്ന വാർഡ് കൂടിയാണ്) ശ്രീ. കുഞ്ഞഹമ്മദ് മുസ്‌ലിയാരുടെ വീട്ടിൽ എൽ.ഡി.എഫ്.-ന്റെ പ്രവർത്തകർ സ്ക്വാഡ് പ്രവർത്തനത്തിന്റെ ഭാഗമായി പോയപ്പോൾ അവിടെയുണ്ടായിരുന്ന ബിഫാത്തിമയും മകൾ മാജിദയും അവരുടെ മകൾ മൂന്നാം ക്ലാസ്സുകാരി ഹിബയും ഞങ്ങളുടെ എൽ.ഡി.എഫ്. സുഹൃത്തുക്കളോട് പറഞ്ഞു, 'ഞങ്ങൾക്ക് മുഖ്യമന്ത്രിയെ അറിയാം, മുഖ്യമന്ത്രിയാണ് ഞങ്ങളുടെ ഹീറോ'. സ്കൂളിൽനിന്ന് കിട്ടിയ അഭിമാന ബോധത്തോടെയായിരുന്നു അവർ പറഞ്ഞത്. തെരഞ്ഞെടുപ്പ് വന്നപ്പോൾ നൂറ് ശതമാനം മുസ്ലീം സഹോദരങ്ങൾ താമസിക്കുന്ന ആ പ്രദേശത്ത്, കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 351 വോട്ടിന് എൽ.ഡി.എഫ്. തോറ്റ ആ നാലാം വാർഡിൽ, 129 വോട്ടിന് എൽ.ഡി.എഫ്.-നെ വിജയിപ്പിച്ച ചരിത്രമാണുള്ളത്. കോൺഗ്രസ്സ് എവിടെയാണ്? ഇവിടെ കോവിഡ് പ്രതിരോധ വാക്സിൻ കണ്ടുപിടിച്ചിട്ടും കോൺഗ്രസിനെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന ബി.ജെ.പി. വൈറസിനുള്ള പ്രതിരോധ വാക്സിൻ കണ്ടുപിടിച്ചില്ലെങ്കിൽ ഈ കോൺഗ്രസ് ബാക്കിയില്ലാതായിപ്പോകും, നാമാവശേഷമാകും. മുസ്ലീം ലീഗിന്റെ ഉന്നതമായ ആദർശങ്ങളെക്കുറിച്ചും ധാർമ്മികമൂല്യങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് രാവിലെ ഇവിടെ പ്രസംഗിക്കുകയുണ്ടായി. വഞ്ചനയും തട്ടിപ്പും അഴിമതിയും കൊലപാതകവുമാണോ നിങ്ങളുടെ രാഷ്ട്രീയ സദാചാര ധാർമ്മിക മൂല്യങ്ങൾ; ആരാണ് നിങ്ങളുടെ സഹപ്രവർത്തകരായിട്ടുള്ള എൽ.എൽ.എ.-മാർ; അവർ ഇന്ന് എവിടെയാണുള്ളത്? അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കല്ലൂരാവിയിലെ ഞങ്ങളുടെ പ്രിയപ്പെട്ട ചെറുപ്പക്കാരൻ ഔഫ് അബ്ദുറഹിമാനെ നിങ്ങൾ കൊലപ്പെടുത്തി; എന്താണ് അയാൾ ചെയ്ത കുറ്റം? അദ്ദേഹം ശുഭ്ര പതാക പിടിച്ചു. സപ്തവർണങ്ങളുടെ സങ്കരമാണ് ശുഭ്ര നിറം. വിവിധ ജാതിമത ചിന്താ ഭാഷകൾക്കതീതമായി എല്ലാ മനുഷ്യരെയും ഉൾക്കൊള്ളാൻ കഴിയുന്ന ഹൃദയ വിശാലതയുള്ള ഒരു യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തകനായിപ്പോയി എന്നുള്ളതാണ് ആ ചെറുപ്പക്കാരൻ ചെയ്ത തെറ്റ്. അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയാണ്. അവരെയെല്ലാം നിരാലംബരാക്കിക്കൊണ്ട് ആ കൊലപാതകത്തിന് നിങ്ങൾ നേതൃത്വം കൊടുത്തപ്പോൾ അണികൾ നിങ്ങളെ അംഗീകരിച്ചോ?

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലേയ്ക്ക് ചെയർമാൻ തെരഞ്ഞെടുപ്പ് നടന്നപ്പോൾ, ഈ ലീഗ് ക്രിമിനലുകളുടെ കൊലപാതക രാഷ്ട്രീയത്തിൽ പ്രതിഷേധിച്ച് ലീഗിന്റെ കൗൺസിലർമാരായ അസ്മ മാങ്കൂൽ,

ഹസീന റസാഖ് എന്നിവർ എൽ.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥി സുജാത ടീച്ചർക്ക് അനുകൂലമായി ചെയർമാൻ സ്ഥാനത്തേയ്ക്ക് വോട്ട് ചെയ്തു. ലീഗിന്റെ മറ്റൊരു കൗസിലർ ശ്രീമതി സി. എച്ച്. സുബൈദ വോട്ട് അസാധുവാക്കിക്കൊണ്ടാണ് ലീഗിനോട് പ്രതിഷേധം പ്രകടിപ്പിച്ചത്. 'കലഹം പലവിധം സുലഭം, സർവ്വത്ര ആശയക്കുഴപ്പം' ഇതാണ് കോൺഗ്രസ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. രാജഗോപാലൻ: സർ, മേൽനോട്ട സമിതി, പ്രചരണ സമിതി, സ്ഥാനാർത്ഥി സമിതി.... ഇങ്ങനെ രാജസ്ഥാൻ, കർണ്ണാടക, ആസ്സാം എന്നിവിടങ്ങളിൽനിന്നെല്ലാം കേരളത്തെ രക്ഷിക്കാൻ നേതാക്കൾ ഇറങ്ങിപ്പുറപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഒരു ആത്മഗതംകൂടി പറഞ്ഞ് ഞാൻ ഇവിടെ അവസാനിപ്പിക്കുകയാണ്.

"പുറമെ പുഞ്ചിരിയുടെ പൂലാമകളെരിയുന്നു,

അകമേ കുടിപ്പകയുടെ തീ ജ്വാലകളെരിയുന്നു" അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അവസ്ഥ. ഇവിടെ ഈ സർക്കാർ വികസന വീഥിയിൽ വിജയഗാഥകളുമായി, ജനകീയ ആശയവുമായി മുന്നോട്ട് കുതിക്കുകയാണ്. ഇതിനെ പിടിച്ചുകെട്ടാൻ മുന്നണിക്കകത്തുനിന്ന് കേരള കോൺഗ്രസ് മാണി വിഭാഗവും എൽ.ജെ.ഡി. (ലോക് താന്ത്രിക് ജനതാദൽ)-യും പുറത്ത് വന്നതോടെ കരചരണാദികൾ നഷ്ടപ്പെട്ട യു.ഡി.എഫ്. എന്ന സംഘടനയ്ക്ക് ശക്തിയില്ലാതായി. അഴിമതി രഹിതവും പ്രവർത്തനനിരതവുമായിട്ടുള്ള ഒരു ഗവൺമെന്റിന്റെ ഭരണ കാലയളവായിരുന്നു ഇത്. ഇവിടെ ജനകീയ കോടതി നിങ്ങളെ കാത്തിരിക്കുകയാണ്. പ്രതിക്കൂട്ടിൽ നിർത്തി വിചാരണ ചെയ്ത് വിധി പ്രസ്താവിക്കാൻ. ഒരിക്കൽക്കൂടി ഇടത് കരുത്ത് തെളിയിക്കുന്ന ജനവിധിക്ക് നമുക്ക് കാത്തിരിക്കാം, കാതോർക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഞങ്ങളുടെ നാട്ടിൻപുറത്ത് ഒരു പാട്ട് കേട്ടിട്ടുണ്ട്,

"സന്തോഷം കൊണ്ടെനിക്കിരിക്കാൻ വയ്യേ,

ഞാനിപ്പം സ്വർഗത്തിലങ്ങ് കേറും."

മി. സ്പീക്കർ: അതൊരു പരസ്യമല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. എം. രാജഗോപാലന്റെ ഈ ശബ്ദഘോഷവും ബഹളവുമൊക്കെ കേട്ട് കഴിഞ്ഞപ്പോൾ അദ്ദേഹം ഈ പാട്ടിനകത്ത് ലയിച്ചിരിക്കുകയാണ് എന്നൊരു തോന്നലാണ് എനിക്കുണ്ടായത്.

എന്താണ് അതിന്റെ ഒരു പ്രകോപനം? നമ്മുടെ മുമ്പിലുള്ള രേഖകൾവച്ച് നോക്കിയാൽ അതിന് കാര്യമായ ഒരു പ്രകോപനവുമില്ല. സമയച്ചുരുക്കംകൊണ്ട് ഞാൻ ഏറെയൊന്നും പറയുന്നില്ല. പലയിനത്തിൽ അൻപതിനായിരം കോടി രൂപയുടെ പാക്കേജ് നടപ്പാക്കുമെന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു. അങ്ങ് ഏതെങ്കിലും ഒരു പാക്കേജ് നടപ്പാക്കിയിട്ടുണ്ടോ? അസന്റിന്റെ ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം വരാൻ പോകുന്നുവെന്ന് പറഞ്ഞു. എന്തെങ്കിലും ഒരു നിക്ഷേപം വന്നിട്ടുണ്ടോ? ഞങ്ങൾ ഒരു കത്തയച്ചാൽപ്പോലും മറുപടി തരികയുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്തയച്ചാൽ അദ്ദേഹം മറുപടി തരാറുണ്ട്. അങ്ങ് അതും ചെയ്യാൻ മെനക്കെടാറില്ല. അതിന്റെ കാരണം, പേഴ്സണൽ സ്റ്റാഫിനൊക്കെ വലിയ പണിയാണ്, അതുകൊണ്ട് നിവൃത്തിയില്ലാത്തതിനാലാണ് തരാത്തത് എന്നെനിക്കറിയാം. ഞങ്ങൾക്കുവേണ്ട, പക്ഷെ ഇത്രയും ശബ്ദഘോഷമുണ്ടാക്കിയ ആളുകൾക്ക് എന്തെങ്കിലും കൊടുക്കണ്ടേ; ഒരു ലക്ഷം കോടി രൂപ വരുമ്പോൾ എന്തെങ്കിലും ഒന്ന് അങ്ങോട്ടുംകൂടി കൊടുക്കണ്ടേ; ഇവിടെ അങ്ങ് പറഞ്ഞ ഏറ്റവും വലിയ നേട്ടമെന്താണ്; ക്ഷേമ പെൻഷൻ. ക്ഷേമ പെൻഷൻ കേരളത്തിൽ ആരംഭിച്ചത് ആരാണ് എന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? 1960-ലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിൽ ആർ. ശങ്കർ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് കേരളത്തിലെ ക്ഷേമ പെൻഷനുകളുടെ തുടക്കം. അതിനുശേഷം വന്ന ഗവൺമെന്റുകളൊക്കെ തുക കൂട്ടിയിട്ടുണ്ട്. നിങ്ങൾ തുക കൂട്ടിയതാണ് പ്രധാനപ്പെട്ടത്, ആരംഭിച്ചതല്ല. ആരംഭിച്ചത് വേറെയാണ്.

ശ്രീ. എം. സ്വരാജ്: സർ, ......(മൈക്ക് ഓഫ്)....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അൻപത്തിയെട്ട് കൊല്ലം മുൻപ്, അന്ന് ശ്രീ. എം. സ്വരാജ് ജനിച്ചിട്ടില്ല. ഞാൻ പറഞ്ഞുവന്നത്, 58 കൊല്ലം മുമ്പ് കേരളത്തിലാരംഭിച്ച ക്ഷേമ പെൻഷന്റെ തുക വർദ്ധിപ്പിച്ചതാണ് ഇപ്പോൾ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹത്തിന് പോയിന്റ് ഓഫ് ഓർഡർകൊണ്ട് മുട്ടുകയാണെങ്കിൽപ്പിന്നെ ഞാൻ വഴങ്ങുകയല്ലാതെ വേറൊരു മാർഗ്ഗവുമില്ല.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട സ്പീക്കർ, ഇവിടെ ബഹുമാന്യനായ കോട്ടയം അംഗം പ്രസംഗിക്കുമ്പോൾ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ചില പരാമർശങ്ങൾ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു,

1960-ന് ശേഷമുള്ളവരൊക്കെ തുക വർദ്ധിപ്പിച്ചിട്ടേയുള്ളുവെന്ന്. കർഷക തൊഴിലാളി പെൻഷൻ ഇന്ത്യാ രാജ്യത്ത് ആദ്യമായി ആരംഭിക്കുന്നത് 1980-ൽ കേരളത്തിലെ ഇടതുമുന്നണി സർക്കാരാണ്. തൊഴിലില്ലായ്മ വേതനം ആരംഭിക്കുന്നത് ആ കാലത്താണ്. പിന്നെ അത് പറയുന്ന സമയത്ത് ഞാൻ ജനിച്ചില്ല എന്നൊക്കെ പറഞ്ഞാൽ ജനന സർട്ടിഫിക്കറ്റുമായി നിയമസഭയിൽ വരണമെന്നുള്ള കാര്യം എനിക്ക് അറിയില്ലായിരുന്നു. ചട്ടം 307 പ്രകാരം അവാസ്തവമായ പരാമർശം നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിക്കാം.*

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. എം. സ്വരാജ് നല്ലൊരു നിയമസഭാംഗമാണെന്നായിരുന്നു എന്റെ ഇതുവരെയുണ്ടായിരുന്ന ധാരണ. പക്ഷെ അങ്ങ് മനസ്സിലാക്കണം, ഇവിടെ തൊഴിലില്ലായ്മ വേതനം ആരംഭിച്ചത് ആരായിരുന്നുവെന്ന് അറിയാമോ? അന്ന് ഞാൻ യൂത്ത് കോൺഗ്രസിന്റെ പ്രസിഡന്റായിരുന്നു. ഞങ്ങൾ എല്ലാവരുംകൂടി സമ്മർദ്ദം ചെലുത്തിയിട്ടാണ് കെ. കരുണാകരന്റെയും ശ്രീ. എ. കെ. ആന്റണിയുടെയും ഭരണകാലത്ത് കേരളത്തിൽ തൊഴിലില്ലായ്മ വേതനം ആരംഭിക്കുന്നത്. അതിന് രണ്ടാമതൊരു ചരിത്രമുണ്ട്. ആ തൊഴിലില്ലായ്മ വേതനം നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ നിർത്തലാക്കി. അത് പുനരാരംഭിക്കണമെന്ന് പറഞ്ഞ് കാസർഗോഡ് നിന്നും പദയാത്ര നടത്തിയ വ്യക്തിയാണ് ഞാൻ. ഞങ്ങളുടെ ആ യാത്ര തൃശ്ശൂരിൽ എത്തിയപ്പോഴാണ് കെ. കരുണാകരൻ തൊഴിലില്ലായ്മ വേതനം പുനരാരംഭിക്കുന്നതിനുവേണ്ടി ഉത്തരവിറക്കിയത്. അതാണ് പ്രധാനപ്പെട്ട കാര്യം. ഇത് ഉഴപ്പാൻവേണ്ടി അങ്ങ് പറയുന്നതാണെന്ന് എനിക്കറിയാം. തൊഴിലില്ലായ്മ വേതനത്തിന്റെ കാര്യത്തിൽ കെ. കരുണാകരനെടുത്ത നടപടിയെ ആർക്കെങ്കിലും മറക്കാൻ കഴിയുമോ? കെ. കരുണാകരൻ കേരളത്തിൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ 12 ക്ഷേമ പദ്ധതികൾ സംസ്ഥാനത്തുണ്ടായിരുന്നു. നിങ്ങൾ അതിന്റെ തുക കൂട്ടി, ഞങ്ങളും കൂട്ടിയിരുന്നു; ഇനി അടുത്ത ഗവൺമെന്റ് അധികാരത്തിൽ വന്നാൽ അപ്പോഴും കൂട്ടും; കൂട്ടാതിരിക്കാൻ പറ്റില്ല. അങ്ങനെ കൂട്ടുന്നതാണ് പ്രധാനപ്പെട്ട കാര്യം, അല്ലാതെ തുടങ്ങിയത് ഒരു പ്രശ്നമേയല്ല എന്ന ഒരു നിലപാടെടുത്തതുകൊണ്ടു മാത്രമാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. ഞാൻ ഒന്ന് ചോദിക്കട്ടെ, തിരുവനന്തപുരം നഗരത്തിൽ, വൃദ്ധരായ മാതാപിതാക്കളെ പൂട്ടിയിട്ടതായ വാർത്ത അങ്ങ് മാധ്യമങ്ങളിൽ കണ്ടില്ലേ. എല്ലും തൊലിയുമായിത്തീർന്ന പാവപ്പെട്ട അവരെ മുറിയിൽ പൂട്ടിയിട്ടതിനുശേഷം ആഹാരം പോലും കൊടുത്തിട്ടില്ല. 'എടാ എനിക്ക്

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 1703/ ഇ.ബി./2021/നി.സെ. തീയതി 23-1-21) സഭാരേഖകളിൽ നിലനിർത്തി.

ഒരു ഗ്ലാസ് കഞ്ഞിവെള്ളമെങ്കിലും താ' എന്ന് ആ അമ്മ പറഞ്ഞു. നിങ്ങൾ മന്ത്രിമാർ ഇരുപത് ആളുകളില്ലേ, നിങ്ങൾക്ക് സർക്കാർ വക വാഹനങ്ങളില്ലേ, നിങ്ങൾ ആ വീട്ടിൽപ്പോയി ആ വൃദ്ധമാതാപിതാക്കളെ ആശ്വസിപ്പിക്കുന്നതിന് ഒരു നിമിഷം മെനക്കെട്ടിരുന്നോ? ഞാൻ പാർട്ടിയും രാഷ്ട്രീയവും വച്ച് പറയുന്നതല്ല, ഇത് മനുഷ്യത്വമാണ്. ഇത് നമ്മുടെ നാട്ടിൽ ഒരിടത്തല്ല പല സ്ഥലങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. അതിന് എന്തെങ്കിലും ഒരു നടപടിയുണ്ടാകേണ്ടേ; എവിടെപ്പോയി നിങ്ങൾ കൊടുത്ത ക്ഷേമ പെൻഷൻ; എവിടെപ്പോയി നിങ്ങൾ കൊടുത്ത കിറ്റ്; എവിടെപ്പോയി നിങ്ങൾ കൊടുത്ത ആനുകൂല്യം? ആനുകൂല്യം ഒരു വഴിക്കും പട്ടിണി കിടക്കുന്ന പാവപ്പെട്ടവർ അവിടെക്കിടന്ന് മരിക്കുന്നത് മറുവശത്തും എന്നത് ഈ മണ്ണിലാണ് എന്ന സത്യം മറന്നുപോകരുതെന്ന് ഞാൻ നിങ്ങളുടെ മന:സാക്ഷിയോട് പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഒട്ടനവധി പാക്കേജുകളെക്കുറിച്ചെല്ലാം പറഞ്ഞു, ഈ പാക്കേജുകളൊക്കെ വന്നിട്ടും നമ്മുടെ നാട്ടിലെ വളർച്ചാനിരക്ക് എത്രയാണ്; ഡോ. ടി. എം. തോമസ് ഐസക്, അങ്ങ് വിദഗ്ദ്ധനായ ഒരു സാമ്പത്തിക ശാസ്ത്രജ്ഞനാണല്ലോ, നമ്മുടെ വളർച്ചാ നിരക്ക് കുറഞ്ഞില്ലേ; കുറഞ്ഞതിനെ തർക്കിച്ച് കൂട്ടുന്നതിനുവേണ്ടിയുള്ള അങ്ങയുടെ വൈദഗ്ദ്ധ്യത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ കുറഞ്ഞു എന്നത് യാഥാർത്ഥ്യമല്ലേ? 3.45 അല്ലേ വളർച്ചാ നിരക്ക്, താഴോട്ടുവന്നില്ലേ; എന്റെ സ്നേഹിതനായ ശ്രീ. ഇ. പി. ജയരാജൻ, വ്യവസായ വളർച്ചാനിരക്കും 6.23-ൽ നിന്ന് 2.73 ആയി താഴോട്ടുപോയി. പിന്നെ എന്താണ് നിങ്ങൾ ഈ പറയുന്നത്? നമ്മുടെ സംസ്ഥാനത്ത് ഒരു മാറ്റം ഉണ്ടാക്കുന്നതിന്റെ ഭാഗമായി, അഴിമതി കണ്ടാലുടൻ പിടിക്കുന്നതിനുവേണ്ടി നാട്ടുകാർക്ക് ആർക്കുവേണമെങ്കിലും പെറ്റീഷൻ അയയ്ക്കാം എന്ന രൂപത്തിൽ പത്രത്തിൽ വാർത്തയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയും കണ്ടു. അടൂർ എ.ആർ. ക്യാമ്പിലെ ഡി.ഐ.ജി., ഡി.ജി.പി.-ക്ക് കത്തയച്ചിരുന്നു, ഒരിക്കലല്ല മൂന്ന് പ്രാവശ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഇവിടെ ഇല്ലാത്തതിനാൽ, അതിന്റെ ചാർജ്ജുള്ള മന്ത്രിയെ വേണമെങ്കിൽ കത്ത് ഏൽപ്പിക്കാൻ ഞാൻ ഒരുക്കമാണ്. പോലീസ് ക്യാന്റീനിൽ അഴിമതി നടക്കുകയാണ്; ആ അഴിമതിക്കെതിരെ നടപടിയെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഡി.ജി.പി.-ക്ക് മൂന്ന് പ്രാവശ്യം ആവർത്തിച്ച് കത്തയച്ചത് ഈ ഗവൺമെന്റ് അറിഞ്ഞോ? ഒരു പോലീസ് ക്യാന്റീനിലെ കാര്യമാണിത്. അടൂരിലെ എ.ആർ. ക്യാമ്പിൽ നടന്ന സംഭവത്തെക്കുറിച്ച് മലയാള മനോരമ വലിയ പ്രാധാന്യത്തോടെ വാർത്ത കൊടുത്തല്ലോ, നിങ്ങൾക്കത് വായിക്കാനും നടപടിയെടുക്കാനും സാധിച്ചോ? അഴിമതി ഇവിടെ നടന്നുകൊണ്ടേയിരിക്കുമ്പോൾ Rip Van Winkle-നെപ്പോലെ നിങ്ങൾ കണ്ണുംപൂട്ടിയിരിക്കുകയാണ്; ഉറക്കം നടിക്കുന്നവനെ നമുക്ക് ഉണർത്താൻ സാധിക്കുമോ; അതാണ് ഇവിടെ

നടന്നുകൊണ്ടിരിക്കുന്നത്. നേരത്തെ ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ നമ്മുടെ പതിനാലാം കേരള നിയമസഭ ഇന്നുകൊണ്ട് തീരുകയാണ്, നമ്മൾ പിരിയുകയാണ്. അഞ്ച് കൊല്ലത്തെ പ്രവർത്തനം നിങ്ങൾ പൂർത്തിയാക്കി. അങ്ങനെ അഞ്ച് കൊല്ലത്തെ പ്രവർത്തനം പൂർത്തിയാക്കിയ നിങ്ങളോട് എനിക്ക് ഒരു ചോദ്യമുണ്ട്; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച പദ്ധതികളിൽ എത്രയെണ്ണം ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിലൂടെ പൂർത്തീകരിച്ചിട്ടുണ്ട്? അവിടെയൊരു ചെറിയ പഞ്ചായത്ത് റോഡ്, ഇവിടെ വേറൊരു നടപടി, അല്ലെങ്കിലൊരു അങ്കണവാടി എന്നതല്ലാതെ ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തിലെ ബഹുജനങ്ങൾക്ക് അവരുടെ താല്പര്യങ്ങൾക്കനുസരിച്ച് ഒരു ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അതാണ് ഞങ്ങൾ ചോദിക്കുന്നത്; നിങ്ങളുടെ ബാലൻസ് ഷീറ്റ് എന്താണ്; ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽനിന്നൊക്കെ വിഷയം മാറ്റുകയാണ്. അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നത് എന്താണ്? സത്യം പറഞ്ഞാൽ ഇവിടെ വർഗ്ഗീയത കൊണ്ടുവന്ന് നമ്മുടെ ജനസമൂഹത്തെ ഛിന്നഭിന്നമാക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 1905-ൽ ബംഗാൾ വിഭജനമുണ്ടായി. കഴ്സൺ പ്രഭുവായിരുന്നു അതിനു പിന്നിൽ. അവർക്കൊരു ലക്ഷ്യമുണ്ടായിരുന്നു. സ്വാതന്ത്ര്യ സമരത്തിന് ഏറ്റവും തീച്ചൂളയായി നിന്നിരുന്ന ബംഗാളിൽ, സ്വാതന്ത്ര്യ മോഹികൾ അവരുടെ സമരം ശക്തിപ്പെടുത്തിയപ്പോൾ അതിനെ ഭിന്നിപ്പിക്കുന്നതിനു വേണ്ടിയാണ് Divide and Rule policy ബ്രിട്ടീഷുകാർ കൊണ്ടുവന്നത്. അതിന് കഴ്സൺ പ്രഭു നേതൃത്വം കൊടുത്ത് ബംഗാളിനെ രണ്ടാക്കി, സ്വാതന്ത്ര്യ സമരം ചിതറിപ്പോയി. രണ്ട് വിഭാഗങ്ങൾ തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും വർഗ്ഗീയതയായി. ആളുകളെ കൊല്ലുന്നതിനുവേണ്ടിയിട്ടുള്ള നടപടിയിലേയ്ക്ക് പോയി. കഠാരയും കട്ടപ്പാരയും വച്ച് മനുഷ്യസമൂഹത്തിൽപ്പെട്ടവരെ പരസ്പരം കുത്തിവീഴ്ത്തുന്നതിനു വേണ്ടിയുള്ള ആയുധത്തിന് മൂർച്ചകൂട്ടിക്കൊടുക്കുന്നതിനാണ് അത് സഹായിച്ചത്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനം ഇതേ മൂർച്ചകൂട്ടലാണ്. പരസ്പരം വിദ്വേഷമുണ്ടാക്കി വെട്ടിക്കൊല്ലുന്നതിനുവേണ്ടി, നമ്മുടെ നാട്ടിൽ സമാധാനത്തോടുകൂടി ഒരുമിച്ച് ജീവിക്കാതിരിക്കുന്നതിനുവേണ്ടി ആയുധം മൂർച്ച കൂട്ടുകയാണ്. ഈ ഗവൺമെന്റ് പോയാലും, നിങ്ങൾ അഴിച്ചുവിട്ടിരിക്കുന്ന ഈ ദുർഭൂതം കാൽനൂറ്റാണ്ടെങ്കിലും കേരളത്തിന്റെ ഈ അന്തരീക്ഷത്തിലുണ്ടാകും. ഈ വൈറസിനെ പിടിച്ചുകെട്ടാൻ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, നിങ്ങൾക്കും കഴിയില്ല. ഈ വർഗ്ഗീയ വൈറസിനെ ഇറക്കിവിട്ടത് എന്തിനാണ്? ഒരേയൊരു ലക്ഷ്യമേയുള്ളൂ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും കോൺഗ്രസും കോൺഗ്രസിനോടൊപ്പം നിൽക്കുന്ന ഘടകകക്ഷികളും കൂടി ഒരുമിച്ചുനിന്നാൽ അധികാരത്തിൽ ഉറച്ചിരിക്കാൻ കഴിയുമോ എന്ന് നിങ്ങൾക്ക് സംശയമുണ്ട്.

നിങ്ങൾ ഈ പാവനമായ കേരളീയ മണ്ണിൽ വർഗ്ഗീയ വൈറസ് ഇറക്കിവിട്ട് ഈ നാട്ടിലെ വരും തലമുറയെക്കൂടി തകർക്കുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ജീവൻ കൊടുത്തും ഞങ്ങൾ അതിനെ എതിർക്കുമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ജമാഅത്തെ ഇസ്ലാമിയെ യു.ഡി.എഫ്. കക്ഷിയായി ചേർത്തത് ശരിയായ നടപടിയാണെന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. പാലോളി മുഹമ്മദ് കുട്ടിയെക്കുറിച്ച് കേട്ടിട്ടുണ്ടോ; അങ്ങയേക്കാൾ സീനിയർ നേതാവാണ്. അദ്ദേഹം പറഞ്ഞിട്ടുള്ളത് എന്താണെന്ന് അങ്ങേയ്ക്കറിയില്ലേ; ഞാനത് അങ്ങയെ ഓർമ്മിപ്പിക്കേണ്ട കാര്യമില്ലല്ലോ. പിന്നെ എനിക്കൊരു ചോദ്യമുണ്ട്, കേരള രാഷ്ട്രീയത്തിൽ നിങ്ങളുടെ പാർട്ടി തൊടാത്ത ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെയോ പ്രസ്ഥാനത്തിന്റെയോ പേര് അങ്ങേയ്ക്കിവിടെ ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? നിങ്ങൾ എല്ലാവരെയും തൊട്ടല്ലോ. നിങ്ങളിപ്പോൾ ബി.ജെ.പി. വിരോധം പറഞ്ഞു, അവരുമായും നിങ്ങൾ കൂടിയില്ലേ. അവരുമായി ഒരുമിച്ചുനിന്ന് നിങ്ങൾ തെരഞ്ഞെടുപ്പിൽ പ്രസംഗിച്ചില്ലേ, അതിന്റെ പ്രതിനിധികൾ ഈ സഭയിൽ ഇപ്പോഴുമുണ്ടല്ലോ; എന്നെക്കൊണ്ട് പേര് പറയിപ്പിക്കരുത്. അത് നിങ്ങളുടെ ചരിത്രത്തിന്റെ ഭാഗമല്ലേ; ജമാഅത്തെ ഇസ്ലാമിയുമായിട്ട് നിങ്ങൾ കൂട്ടുകൂടിയിട്ടില്ലേ; അതിൽ ബന്ധപ്പെട്ട ഓരോ ഘടകവുമായിട്ടും നിങ്ങൾ കൂടിയിട്ടില്ലേ; നിങ്ങൾ കൂടാത്ത ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയോ ഒരു സാമൂഹിക പ്രസ്ഥാനമോ ഈ കേരളത്തിൽ ഇന്ന് നിലവിലുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ബി.ജെ.പി.-യുമായും ജമാഅത്തെ ഇസ്ലാമിയുമായും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു സഖ്യവുമുണ്ടാക്കിയിട്ടില്ല. അങ്ങ് തെറ്റിദ്ധരിക്കുകയാണ്. വസ്തുതകളിൽനിന്നും തെറ്റായ വഴിയിലേയ്ക്ക് സഞ്ചരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്ക് ശ്രീ. ഇ. പി. ജയരാജനെക്കുറിച്ച് മതിപ്പാണുള്ളത്. കാരണം ഒത്തിരി ത്യാഗം സഹിച്ച് വന്നിട്ടുള്ള ആളാണദ്ദേഹം. ഇതിനകത്ത് പോരാടി നിൽക്കുകയാണെന്നും എനിക്കറിയാം. എനിക്കൊരു ചോദ്യമുണ്ട്, കെ. ജി. മാരാരുടെ പുസ്തകം അങ്ങ് വായിച്ചിട്ടുണ്ടോ, വായിക്കണം. ശ്രീ. ഒ. രാജഗോപാൽ ഇപ്പോൾ ഈ സഭയിലില്ല. ഒരു യോഗത്തിൽ ഒരുമിച്ച് പ്രസംഗിച്ചതാണ്. അതിന്റെ അദ്ധ്യക്ഷനാരായിരുന്നു, യോഗത്തിൽ

പ്രസംഗിച്ചതാരാണ് എന്ന് കെ. ജി. മാരാർ എഴുതിയിട്ടുണ്ട്, ഇപ്പോഴല്ല വർഷങ്ങൾക്കപ്പുറത്ത്. ഞാൻ ഈ നിയമസഭയിൽ പറയുന്നതിനുവേണ്ടി അത് വളച്ചുകെട്ടി കൊണ്ടുവരുന്നതല്ല, അങ്ങനെ ചെയ്തിട്ടുണ്ട്.

രാജീവ് ഗാന്ധിയെ താഴെയിറക്കുന്നതിനുവേണ്ടി നിങ്ങൾ ശ്രീ. എൽ. കെ. അദ്വാനിയുമായും അടൽ ബിഹാരി വാജ്പേയിയുമായി ചേർന്ന് വൈകുന്നേരം അത്താഴം കഴിച്ചില്ലേ; അത് എല്ലാവർക്കും അറിയില്ലേ; അത്താഴം കഴിച്ച് രണ്ട് സീറ്റിലുണ്ടായിരുന്ന ബി.ജെ.പി.-യെ മുന്നൂറ്റി ചില്ല്വാനം സീറ്റിലേയ്ക്ക് വളർത്തിയെടുത്തതിൽ നിങ്ങൾക്ക് ഒരു പങ്കുമില്ലേ? ചരിത്രം മറക്കരുത്; അത് മറന്നാൽ നിങ്ങളോട് ദൈവംപോലും പൊറുക്കില്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വി. പി. സിംഗ് കേന്ദ്ര ഗവൺമെന്റിൽ അധികാരത്തിലുണ്ടായിരുന്ന ഘട്ടത്തിൽ ബി.ജെ.പി.-യുമായി കോൺഗ്രസ് കൂട്ടുചേർന്നുകൊണ്ടാണ് വി. പി. സിംഗ് ഗവൺമെന്റിനെ കുത്തിമലർത്തിയത്, അതിനുത്തരവാദി കോൺഗ്രസ്സാണ്. ഇടതുപക്ഷം ഒരു കാലത്തും ബി.ജെ.പി.-യെ പ്രോത്സാഹിപ്പിക്കുകയോ സഹായിക്കുകയോ മുന്നണിയുണ്ടാക്കുകയോ ചെയ്തിട്ടില്ല. തെറ്റായ പ്രസ്താവനയാണ് അങ്ങ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിങ്ങൾ ആ ഗവൺമെന്റിൽനിന്നും പോയതെങ്ങനെയാണ്? ശ്രീ. പ്രകാശ് കാരാട്ടിന്റെ പ്രസ്താവനയിലുണ്ടല്ലോ, അദ്ദേഹമായിരുന്നല്ലോ പാർട്ടി സെക്രട്ടറി. ആണവക്കരാറിന്റെ പേരിൽ ഞങ്ങൾ ഈ ഗവൺമെന്റിനുള്ള പിന്തുണ പിൻവലിക്കുന്നുവെന്നും പറഞ്ഞ് നിങ്ങൾ നേരെ കുടയെടുത്ത് കക്ഷത്തിൽവച്ച് മുറ്റത്തിറങ്ങി നടക്കുകയാണ് ചെയ്തത്. അത് ശരിയാണോ? ഇന്ത്യാ രാജ്യത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കാനും ഈ രാജ്യം സംതൃപ്തമായി പോകാനും ഞങ്ങൾ നിങ്ങളെയും പ്രതീക്ഷിക്കുന്നുണ്ട്, പക്ഷെ നിങ്ങൾ നിൽക്കുകയില്ല. കയറിട്ട് ആടിനെ പിടിക്കുന്നതുപോലെ തിരിഞ്ഞുനിന്ന് കരഞ്ഞുകൊണ്ടേയിരിക്കും. ആ രൂപമെടുക്കുന്നത് ശരിയോണോ; അത് ശരിയല്ല. നിങ്ങൾ straight forward ആയി പൊളിറ്റിക്സ് കാണിക്കണം, ഇന്ത്യയെ ഇന്ത്യയായി കാണാൻ ശ്രമിക്കണം. അതാണ് ഇവിടത്തെ പ്രശ്നം.

ശ്രീ. ഇ. പി. ജയരാജൻ: സർ, അമേരിക്കയുമായി സഖ്യമുണ്ടാക്കി അമേരിക്കൻ സാമ്രാജ്യത്വത്തിന് സറണ്ടർ ചെയ്തു. നിങ്ങൾ സ്വീകരിച്ച നിലപാടിനോട് അപ്പോൾ ഞങ്ങൾ പിന്തുണയ്ക്കണമെന്നാണോ പറയുന്നത്? ആ നിലപാടിനെ ഞങ്ങൾ പിന്തുണച്ചില്ല. അമേരിക്കയുമായിട്ടുള്ള ഈ ബാന്ധവം അവസാനിപ്പിക്കൂ, അമേരിക്കയ്ക്ക് അനുകൂലമായ നിലപാട് ഉപേക്ഷിക്കൂ എന്ന് നിങ്ങളോട് അഭ്യർത്ഥിച്ചു. എന്നാൽ അമേരിക്കൻ സാമ്രാജ്യത്വവുമായി നിങ്ങൾ

കൂടുതൽ സന്ധിചെയ്യുകയും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്തു, നിങ്ങളുടെ ആ നിലപാടിനോടൊപ്പം, അതിനെ പിന്തുണയ്ക്കാൻ ഞങ്ങളില്ല, അമേരിക്കയോടൊപ്പം ഞങ്ങളില്ല എന്ന നിലപാട് ഞങ്ങൾ സ്വീകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിങ്ങളില്ലായെന്നൊക്കെ ഈ നിയമസഭയിലിരുന്ന് എന്നോട് പറയാം. ഞാൻ ചോദിക്കട്ടെ, ബംഗാളിൽ നിങ്ങൾ ഇതിനെക്കാൾ ശക്തിയോടെ ശ്രീമതി മമത ബാനർജിയോട് സംസാരിച്ചതല്ലേ. ഇപ്പോൾ ഞങ്ങളുടെകൂടി കുടക്കീഴിലാണ് നിങ്ങൾ അവിടെ നിൽക്കുന്നത്. ഞങ്ങൾ ആ കുട പിൻവലിക്കില്ല, കാരണം നിങ്ങൾ അവിടെ നിന്നുകൊള്ളട്ടേ എന്നുള്ളതുതന്നെയാണ് ഞങ്ങളുടെ നിലപാട്. ആസ്സാമിൽ ഞങ്ങൾ ത്രിവർണ്ണ കുടയാണുയർത്തിയത്. ആ ത്രിവർണ്ണ കുടയിൽ ഒന്ന് നിങ്ങളാണ്.

മി. സ്പീക്കർ: അങ്ങ് ആറ് മിനിറ്റ് അധികമായിയെടുത്തു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിങ്ങൾ അന്ന് വലിയ വായിൽ വർത്തമാനം പറഞ്ഞു; ഞങ്ങളവിടെ തകർത്തുകളയുമെന്ന് പറഞ്ഞു. ബംഗാൾ 34 കൊല്ലക്കാലം അടക്കിഭരിച്ച നിങ്ങൾക്ക്, ഞങ്ങളുടെ പിന്തുണയോടെ നിൽക്കാൻ കഴിയാത്ത സാഹചര്യം അവിടെ വരുത്തിയത് നിങ്ങൾ തന്നെയാണ്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യണം. ആറ് മിനിറ്റ് അധികമായി.

ശ്രീ. ഷാഫി പറമ്പിൽ: സർ, ആണവക്കരാറിന്റെ കാര്യം വരുന്നതിനുമുമ്പ്, 'The Week'-ന്റെ ഒരു സ്റ്റോറിയിൽ "Finally, the discussion turned to governance and development in the state for which Vajpayee promised uninterrupted support despite political differences. Interestingly, Basu never used such words while criticising the BJP later on, against BJP then;"എന്നിട്ട് സ്റ്റോറിയോടൊപ്പം ഒരു ഫോട്ടോയുമുണ്ട്. "National Front chairman N.T. Rama Rao, Janata Dal president V.P. Singh, BJP leaders L.K. Advani and A.B. Vajpayee, Surjit Singh Barnala, Ram Vilas Paswan, CPI(M) leaders Jyoti Basu and EMS Namboothiripad and CPI leader C Rajeswara Rao before their meeting to decide mass resignation of opposition members of parliament leaders..." ഒരുമിച്ച് ചേർന്നിരുന്ന് ഡൽഹിയുടെ സായാഹ്നങ്ങളിൽ കോൺഗ്രസിനെതിരായി അവർ നടത്തിയ മുന്നേറ്റത്തിന്റെ ചരിത്രം ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്. ഡൽഹിയിലെ സായാഹ്നങ്ങളിൽ ഒരുമിച്ചുചേർന്ന് കോൺഗ്രസിനെ തോൽപ്പിക്കാൻ നടത്തിയ എല്ലാ ഗൂഢാലോചനകളും ലക്ഷ്യങ്ങളും രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രമറിയാവുന്ന എല്ലാവർക്കുമറിയാവുന്ന കാര്യമാണ്.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് പ്രസംഗിക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: നിങ്ങളുടെ തെറ്റായ നിലപാടാണ് നിങ്ങളുടെ തകർച്ചയ്ക്ക് കാരണം. നിങ്ങൾ നടത്തിയിരിക്കുന്ന നടപടികളെ ന്യായീകരിക്കാനാണ് നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രസക്തമായ ഒരു ചോദ്യത്തിന് ഉത്തരം പറയേണ്ടതല്ലേ. ഞങ്ങളോടുള്ള വാശികൊണ്ടും വിരോധംകൊണ്ടും എങ്ങനെയെങ്കിലും ഞങ്ങൾ മുടിയട്ടെ എന്നൊക്കെ നിങ്ങൾ പറയുമ്പോഴും നിങ്ങൾ ബി.ജെ.പി.-യെ കെട്ടിപ്പിടിച്ചത് ശരിയാണോ എന്നുള്ളതാണ് ചോദ്യം. ആ ചോദ്യത്തിന് ഉത്തരമില്ലല്ലോ. ഉത്തരമില്ലാത്തതുകൊണ്ട് ഉത്തരം കിട്ടാത്ത ചോദ്യമായി അതിനെ ഞാൻ ഈ വെല്ലിൽ ഉപേക്ഷിച്ചുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നേരം ഏറെ വൈകിയെങ്കിലും... (ബഹളം)

ശ്രീ. എം. സ്വരാജ്: ബഹുമാന്യനായ സ്പീക്കർ, ഞാൻ മിനിസ്റ്ററോട് ചോദിക്കുകയാണ്; ഇവിടെ ചർച്ചയിലുടനീളം ചരിത്രത്തെ എത്രമാത്രം വക്രീകരിച്ച് അസത്യവും അർദ്ധസത്യവും നിറംപിടിപ്പിച്ച് ഇവിടെ പറയുന്ന കാര്യങ്ങൾക്കാണ് നമ്മൾ സാക്ഷ്യം വഹിച്ചത്. ...(ബഹളം).... മിനിസ്റ്റർ വഴങ്ങിയിട്ടാണ് ഞാൻ സംസാരിക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വഴങ്ങിയപ്പോൾ പാലക്കാട് അംഗം സംസാരിച്ചില്ലേ, മിനിസ്റ്റർ വഴങ്ങിയപ്പോൾ ഞാൻ പറയുകയാണ്. ഇവിടെ ചില അസത്യങ്ങൾ പറഞ്ഞു, ശ്രീ. ഒ. രാജഗോപാലിന്റെയും കെ. ജി. മാരാരുടെയും പേരുകൾ പറഞ്ഞു, അതുകൊണ്ട് ഞാൻ ഒരു വാചകം പറഞ്ഞ് നിർത്തിക്കൊള്ളാം, അസഹിഷ്ണുതവേണ്ട. 1980-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെയും ആർ.എസ്.എസ്.-ന്റെയും മുന്നണി സ്ഥാനാർത്ഥിയായി ബഹുമാന്യനായ കെ. ജി. മാരാർ പെരിങ്ങളം മണ്ഡലത്തിൽ മത്സരിച്ചതും അദ്ദേഹത്തെ അന്നത്തെ ഇടതുമുന്നണിയിൽ ഉൾപ്പെട്ട കക്ഷിയുടെ സ്ഥാനാർത്ഥിയായി ഇന്നത്തെ നമ്മുടെ നിയമസഭയിലെ സാമാജികനും മന്ത്രിയുമായ ശ്രീ. എ. കെ. ശശീന്ദ്രൻ പരാജയപ്പെടുത്തിയതും അതുപോലെ ഒറ്റപ്പാലത്തും ചവറയിലും ആർ.എസ്.എസ്. ഭാരവാഹികളെ കോൺഗ്രസ് പിന്തുണയോടെ മത്സരിപ്പിച്ചതും ഈ സഭയിലെ ശ്രീ. ഒ. രാജഗോപാലിനെ 1980-ൽ കാസർഗോഡ് ലോകസഭ മണ്ഡലത്തിൽ കോൺഗ്രസ് മുന്നണിയുടെ സ്ഥാനാർത്ഥിയായി മത്സരിപ്പിച്ചതും 1971-ൽ ലോകസഭ തെരഞ്ഞെടുപ്പിൽ പാലക്കാട് ലോകസഭ മണ്ഡലത്തിൽ ഇടതുമുന്നണി സ്ഥാനാർത്ഥിയായ സഖാവ് എ.കെ.ജി.-ക്കെതിരെ ആർ.എസ്.എസ്.-ന്റെ ജില്ലാ

കാര്യവാഹക് പ്രൊഫ. ടി. സി. ഗോവിന്ദനെ കോൺഗ്രസിന്റെയും ജനസംഘത്തിന്റെയും ലീഗിന്റെയും സംയുക്ത സ്ഥാനാർത്ഥിയായി മത്സരിപ്പിച്ചതും ചരിത്രത്തിന്റെ ഭാഗമാണ്. ഇതെല്ലാം മറച്ചുവച്ച് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വൈകിയ നേരത്ത് ദീർഘമായി പൊതുകാര്യങ്ങൾ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ സഭാസമ്മേളനം തുടങ്ങിയ നാൾ മുതൽ ഉയർത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നം കടം എന്നതാണ്; അത് പറഞ്ഞുകഴിഞ്ഞു. ആര് ഭരിച്ചാലും അഞ്ച് വർഷം കൂടുമ്പോൾ കടം ഇരട്ടിയായി വരും. അതൊക്കെ ശരിയാണ്, പക്ഷെ അതെങ്ങനെയാണ് തിരിച്ചടയ്ക്കുകയെന്ന് ശ്രീ. പി. സി. ജോർജ് ഇന്ന് ചോദിച്ചിരിക്കുകയാണ്. ഇത് തിരിച്ചടയ്ക്കില്ല. വ്യക്തികൾ, സ്വകാര്യ സ്ഥാപനങ്ങൾ, അതിന്റെ ചിട്ടകൾ അനുസരിച്ചാണ് സർക്കാരിനെ അളക്കുന്നത്. ഒരിക്കൽ സർക്കാർ നോട്ട് അടിച്ചാൽ പോരെയെന്ന് ഞാൻ ചോദിച്ചു. അതിന് എന്തായിരുന്നു ബഹളം. ഇതുപോലെ ഏത് രാജ്യമെടുത്താലും അവരുടെ കടം കൂടിക്കൊണ്ടിരിക്കും. എടുത്ത കടം മുഴുവനും സർവ്വീസ് ചെയ്യേണ്ടിവരും. അല്ലാതെ അടച്ചുതീർത്ത് നമ്മുടെ കടബാധ്യത ഒഴിയേണ്ട ആവശ്യമില്ല. പക്ഷെ കടം കൂടുമ്പോൾ, ഇന്നലെ പറഞ്ഞ റിപ്പോർട്ടിൽ ആ domar gap ഇല്ലേ, ആ ഗ്യാപ്പ് നിലനിർത്തണം. അതിന് കഴിയുമെങ്കിൽ കടം വർദ്ധിച്ചതുകൊണ്ട് പ്രശ്നമില്ല, അതിന്റെ ഉള്ളിൽനിന്നുകൊണ്ട് ഇന്ത്യയിലെ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇതേപറ്റി, ഒരു സംസ്ഥാനത്തിന് കടക്കെണിയിലേയ്ക്ക് പോകാൻ കഴിയില്ല. അതുകൊണ്ട് ശ്രീ. പി. സി. ജോർജ്, ഈ കടമെല്ലാം തിരിച്ചടച്ച് കേരളം കടവിമുക്തമാകുന്ന ഒരു പരിപാടിയില്ല. നമ്മുടെ ദേശീയ വരുമാനത്തിന്റെ ശതമാനമായി കടത്തെ നിശ്ചിതമായി നിലനിർത്തിക്കൊണ്ട് കൂടുതലായി കടമെടുക്കുക, നാട്ടിൽ വികസന പ്രവർത്തനങ്ങൾ നടത്തുകയെന്നുള്ള സമീപനമാണ് ഞങ്ങൾക്കുള്ളത്. ഇത് നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ അംഗീകരിക്കേണ്ട, ഞങ്ങൾ ഇങ്ങനെയാണ്. ഇന്ത്യയിലും പുറത്തുമുള്ള എല്ലാ സർക്കാരുകളും ചെയ്യുന്നതിതാണ്. അമേരിക്ക പോലുള്ള രാജ്യങ്ങളിലെ സർക്കാരുകൾക്കാണെങ്കിൽ വളരെ കൂടുതൽ സാധിക്കും. കാരണം അമേരിക്കയുടെ ഡോളർ സ്വർണ്ണംപോലെയാണ്. അതുകൊണ്ട് ഡോളർ അടിച്ചെന്ന് കണ്ടുകഴിഞ്ഞാൽ സ്വർണ്ണം വാങ്ങുന്നതുപോലെ നമ്മളത് വാങ്ങിവയ്ക്കും. അതുകൊണ്ട് seigniorage വളരെ വലുതാണ്. നമുക്ക് അന്തർദ്ദേശീയമായി അത്രയൊന്നും നോട്ട് അടിച്ചുകൊടുക്കാൻ സാധിക്കില്ല. ഏത് രാജ്യത്തിനും ഇത് സാധ്യമാണ്. അതുകൊണ്ട് ജനങ്ങളെ പറഞ്ഞ് പരിഭ്രാന്തരാക്കി പേടിപ്പിച്ച് എന്തോ നേടാമെന്ന് ആരും ധരിക്കണ്ട;

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റുകളും ഒരു ഫൈനാൻഷ്യൽ ഡിസിപ്ലിനും കാണിക്കേണ്ട, ഇഷ്ടംപോലെ നോട്ടടിക്കാം, ഇഷ്ടംപോലെ കടമെടുക്കാം, പലിശപോലും തിരിച്ചടയ്ക്കേണ്ടെന്നാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിൽ എന്ത് യുക്തിയാണുള്ളത്; അങ്ങ് എന്താണ് ഈ പറഞ്ഞുവരുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പറഞ്ഞത് മനസ്സിലാക്കാൻ പറ്റുന്നില്ലേ? ഞാൻ പറഞ്ഞതെന്താണ്, ഇന്ത്യയിൽ കടമെടുക്കുന്നതിന് ധന ഉത്തരവാദിത്വ നിയമമുണ്ട്. ആ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് കടമെടുത്തുകൊണ്ടിരുന്നാലും അഞ്ചും ആറും വർഷം കൂടുമ്പോൾ ഇരട്ടിയാകും. അത് കാണിച്ച് മനുഷ്യരെ പരിഭ്രാന്തരാക്കേണ്ടെന്നാണ് പറഞ്ഞത്. അതുകൊണ്ട് ഡിസിപ്ലിൻ വേണ്ടെന്നല്ല; ഇനി ഞാനങ്ങനെ എടുക്കണമെന്ന് തീരുമാനിച്ചാൽ പറ്റുമോ; ഇനി നിങ്ങൾ ഭരിക്കുമ്പോൾ എടുക്കണമെന്ന് തീരുമാനിച്ചാൽ പറ്റുമോ; പറ്റില്ല. അതുകൊണ്ട് കടത്തിന്റെ കാര്യത്തിൽ വലിയ വേവലാതിയും കാര്യവുമൊന്നും വേണ്ട. ഇന്ന് എല്ലാം നിയന്ത്രിതം തന്നെയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഔട്ട്സ്റ്റാന്റിംഗ് ഇന്ററസ്റ്റ് കൂടാൻ പാടില്ലെന്ന് അങ്ങ് നേരത്തെ പറഞ്ഞത് ഡോമാർ ഫോർമുലയാണ്. പിന്നീടത് മാറി പ്രാഥമിക കമ്മി വരാൻ പാടില്ല, സീറോ ആകണമെന്നുകൂടി ആ ഫോർമുലയോടുകൂടി കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. ഞങ്ങൾക്ക് ഒറ്റ പ്രശ്നമേയുള്ളൂ, FRBM Act-ന്റെ പരിധിയിൽനിന്നുകൊണ്ടുമാത്രമേ ധനകമ്മി വരാൻ സാധിക്കൂ. ഞങ്ങൾക്കുള്ള പരാതി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലുള്ള ഫിസ്കൽ ഡിസിപ്ലിനില്ല, അങ്ങയുടെ ഡെബ്റ്റ് മാനേജ്മെന്റ് വളരെ മോശമാണ്. ഇപ്പോൾ കടമെടുക്കുന്ന പൈസയൊന്നും അക്കൗണ്ടിൽ വരുന്നില്ല. ഞാൻ വീണ്ടും സി.&എ.ജി.-യിലേയ്ക്ക് കടക്കുന്നില്ല. അങ്ങയുടെ ബഡ്ജറ്റ് അക്കൗണ്ട്സിലും ഫിസ്കൽ ഡെഫിസിറ്റിലും റവന്യൂ ഡെഫിസിറ്റിലും കടമെടുക്കുന്ന പൈസ വരുന്നില്ല. അങ്ങനെയുള്ള പരാതികളാണ് ഞങ്ങൾ ഉന്നയിച്ചത്. അല്ലാതെ മൂന്ന് ശതമാനത്തിൽ കൂടുതൽ കടമെടുക്കാൻ ഈ ഗവൺമെന്റിന് പറ്റുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഫിസ്കൽ ഡിസിപ്ലിൻ ഉണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്: ഇത്ര ധനപ്രതിസന്ധിയുണ്ടായ കാലയളവിൽപ്പോലും റവന്യൂ കമ്മിയും ധനകമ്മിയും നിരന്തരമായി കുറച്ചുവന്നതാണ്. കോവിഡാണ് ആ പാത തെറ്റിച്ചത്. ഇന്നലെ കണക്കെല്ലാം പറഞ്ഞതാണ്. ഞാൻ എന്തിനാണ് ആവർത്തിക്കുന്നത്? ആ ഡിസിപ്ലിനുണ്ട്. ഇന്ന് സപ്ലിമെന്ററി ഡിമാന്റ്സിന് മറുപടി പറഞ്ഞപ്പോൾ വളരെ ശ്രമകരമായ സമയത്തുപോലും..., നിങ്ങളുടെ ബാലൻസ് നോക്കണം എപ്പോഴാണ് നിങ്ങളുടെ

41-ാം ദിവസം വരുന്നത്, 21-ാം ദിവസം വരുന്നത്, അപ്പോൾ നിങ്ങളുടെ കടമെല്ലാം തിരിച്ചടയ്ക്കണം, വീണ്ടും കടമെടുക്കും ഈ രീതിയിൽ എന്നുമാത്രമല്ല, വിവിധ വകുപ്പുകൾ 30,000 കോടി രൂപ ചെലവ് ചുരുക്കി 15,000 കോടി രൂപയാക്കി, ചില വകുപ്പുകൾക്ക് ചെലവ് വർദ്ധിപ്പിച്ചു. അതെല്ലാംകൂടി ക്രമീകരിച്ച്, ഒരു മന്ത്രിയൊന്നുമല്ല, ബാക്കിയെല്ലാ ഡിപ്പാർട്ടുമെന്റുകളും സഹകരിച്ച് മുന്നോട്ട് കൊണ്ടുപോകുന്ന ഡിസിപ്ലിനുണ്ട്. ആ ഡിസിപ്ലിൻ ഇല്ലെങ്കിൽ അലമ്പായിപ്പോകുമായിരുന്നു. അങ്ങനെ ഉണ്ടായിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ഭരണകാലഘട്ടത്തിൽ ചെയ്തിട്ടുള്ള സമാശ്വാസ പ്രവർത്തനങ്ങൾ, പെൻഷൻ, ഭക്ഷണം....., ശ്രീ. പാറക്കൽ അബ്ദുല്ല പറയുന്നതുകേട്ടു, ഇത് ഔദാര്യമല്ല, അവകാശമാണെന്ന്. സംശയമെന്താ; ഇത് ഞങ്ങളുടെ ഔദാര്യമാണെന്ന് വല്ലതും പറഞ്ഞിട്ടുണ്ടോ; പക്ഷെ ഈ അവകാശത്തെ അംഗീകരിച്ചിട്ടുള്ളത് ഇടതുപക്ഷമാണ്. കഴിഞ്ഞ തവണ ഞാൻ മന്ത്രിയായിരുന്നപ്പോൾ 110 രൂപയായിരുന്ന പെൻഷൻ, ഞങ്ങൾ ഇറങ്ങിയപ്പോൾ 500 രൂപയായി പ്രഖ്യാപിച്ചു. 500 കൊടുത്തത് നിങ്ങളാണ്. അപ്പോൾ 300 വർദ്ധിപ്പിച്ചോ? നിങ്ങൾ ഇറങ്ങുമ്പോൾ എത്ര; ഞങ്ങൾ പ്രഖ്യാപിച്ച 500-ൽനിന്നും 100 കൂട്ടി 600 രൂപയാക്കിയല്ലേ നിങ്ങൾ ഇറങ്ങിയത്. അവിടുന്നല്ലേ ഇപ്പോൾ 1600 രൂപയായത്. ഇത് ജനങ്ങളുടെ അവകാശമാണ്. നിങ്ങൾ ഓരോ ന്യായം പറഞ്ഞ് ആളുകളെ ഒഴിവാക്കിക്കൊണ്ടിരിക്കുകയാണെന്ന് ആരോ പറയുന്നത് കേട്ടു. എന്നാൽ, ഇന്ന് പെൻഷൻ വാങ്ങുന്ന 60 ലക്ഷത്തോളം ആളുകളിൽ മൂന്നിലൊന്ന് പേർ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി പെൻഷൻ വാങ്ങിയവരാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. വി.എസ്. സർക്കാരിന്റെ കാലത്ത് 300 രൂപയായിരുന്ന പെൻഷൻ കുത്തനെ ഉയർത്തിയത് യു.ഡി.എഫ്. സർക്കാരല്ലേ; അത് നിങ്ങൾ പറയുന്നതുപോലെ 600 രൂപയായി മാത്രമല്ല, 75 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങളുടെ പെൻഷൻ 1500 രൂപയാക്കിയത് ഞങ്ങളാണ്. 80 വയസ്സിന് മുകളിലുള്ളവരുടെ വാർദ്ധക്യകാല പെൻഷൻ 1200 രൂപയായി വർദ്ധിപ്പിച്ചു. 80 ശതമാനത്തിൽക്കൂടുതൽ വൈകല്യമുള്ളവരുടെ പെൻഷൻ 1100 രൂപയായിരുന്നു. അന്ന് 14 ലക്ഷം പേർക്കുമാത്രമാണ് നിങ്ങൾ കൊടുത്തത്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 34 ലക്ഷം പേർക്ക് പെൻഷൻ കൊടുത്തു. വെറുതെ ആളുകളെ കളിപ്പിക്കരുത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, പ്രതിപക്ഷനേതാവിന്റെ വാദം, ചിലയിനങ്ങൾക്ക് ഞങ്ങളിങ്ങനെ കൂട്ടിയിട്ടുണ്ടെന്നാണ്. ആ കൂട്ടിയതെല്ലാംകൂടി എടുത്താൽ നിങ്ങളുടെ ഭരണകാലത്ത് അഞ്ച് വർഷം കൊടുത്തത്

ഒൻപതിനായിരത്തിൽപ്പരം കോടി രൂപ. ഇപ്പോൾ 5 വർഷംകൊണ്ട് 32,000 കോടി രൂപ. വ്യത്യാസമുണ്ട്. നിങ്ങളുടെ ആയിരത്തി ഇരുന്നൂറോ, ആയിരത്തി അഞ്ഞൂറോ എത്രതന്നെ കൂട്ടിയാലും ഇത്രയേ വരൂ. ഇത് ഔദാര്യമൊന്നുമല്ല എന്നുള്ളത് വളരെ ശരി. പക്ഷെ ജനങ്ങളുടെ അവകാശങ്ങളെ പ്രതിബദ്ധതയോടുകൂടി അംഗീകരിച്ചിട്ടുള്ളത് ഇടതുപക്ഷമാണ്. ഇടതുപക്ഷത്തിന്റെ അടിസ്ഥാന നിലപാട് പുനരുദ്ധരണത്തിന്റേതാണ്. ഇവിടെ കൂലിക്കുവേണ്ടിയുള്ള സമരങ്ങൾ, ഭൂമിക്കുവേണ്ടിയുള്ള സമരങ്ങൾ, ഇത്തരത്തിലുള്ള പുനരുദ്ധരണത്തിനു വേണ്ടിയുള്ള മുദ്രാവാക്യം ഉയർത്തിയതും പൊരുതിയതുമൊക്കെ ഇടതുപക്ഷമാണ്. നിങ്ങൾ ഒന്നും ചെയ്തിട്ടില്ലെന്നല്ല; ഞങ്ങളുടെ അടിസ്ഥാന നിലപാടതാണ്. അതുവച്ച് നിങ്ങൾ ഒത്തിരി കളിയാക്കുകയും ചെയ്യാറുണ്ട്. പെൻഷൻ സർക്കാരെന്നും.. അങ്ങനെയെന്നും ഇങ്ങനെയെന്നുമൊക്കെ പറയാറുണ്ട്. അങ്ങനെയുണ്ടായിട്ടുണ്ട്, ഒരു കാലത്തെ ചരിത്രം പരിശോധിച്ചാൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊണ്ടുവന്നപ്പോൾ അന്നത്തെ പ്രധാന വിമർശനം ഇതായിരുന്നു; ഓരോ പണ്ഡിതന്മാരും അതിനോടൊപ്പം ചേർന്നിട്ടുണ്ട്. ഇതൊക്കെ യാഥാർത്ഥ്യമാണ്. അതാണ് ഞങ്ങൾക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്.

നിങ്ങൾ 6000 രൂപ വച്ച് കൊടുക്കുന്ന കാര്യമൊക്കെ പറഞ്ഞത് വളരെ നല്ലതുതന്നെ. ആകെ പറയാനുള്ളത്, എത്രപേർക്ക് കൊടുക്കുമെന്ന് പറയണം. അതുകൂടി ഒന്ന് കണക്കുകൂട്ടിയിട്ട് മാനിഫെസ്റ്റോ വരുമ്പോഴേയ്ക്കും വരുമെന്ന് തോന്നുന്നു. ശരി, അത്രയും പേർക്ക് കൊടുക്കാൻ എത്ര രൂപ വരും; അതെങ്ങനെ കണ്ടെത്തും തുടങ്ങിയ കാര്യങ്ങൾ പറഞ്ഞോളൂ, നമുക്ക് അങ്ങനെയാവാം, നിങ്ങൾ പറയൂ; പറയുമ്പോൾ ജനങ്ങൾ വിശ്വസിക്കുമോ ഇല്ലയോ എന്നുള്ളത് വേറെ പ്രശ്നം. കാരണം എന്താണെന്നുവച്ചാൽ, 110 രൂപ പെൻഷനുണ്ടായത് രണ്ടരവർഷം കുടിശ്ശികയാക്കിയവർ, ഈ പറയുന്ന 600 രൂപ പെൻഷൻ ഒരു വർഷത്തിലേറെയായി കുടിശ്ശികയാക്കിയവർ 6000 രൂപ പെൻഷൻ തരുമെന്ന് പറയുമ്പോൾ, പറ്റുമെങ്കിൽ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക. ഞങ്ങൾക്ക് വിരോധമൊന്നുമില്ല, ഞങ്ങൾക്ക് അതിന്റെ കാര്യത്തിൽ ജനങ്ങളോട് വർത്തമാനം പറയാവുന്നതേയുള്ളൂ.

വിധവാ പെൻഷന്റെ കാര്യം നേരത്തെ പറഞ്ഞെങ്കിലും, വിധവകളുടെ പ്രശ്നം പലരും വീണ്ടും ഇവിടെ ഉന്നയിക്കുകയുണ്ടായി. ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു; ഇപ്പോൾ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന വിധവകളുടെ മസ്റ്ററിംഗില്ല. അവർക്ക് തൽസ്ഥിതി തുടരും. എന്നാൽ ഇവിടെ ഉന്നയിച്ച ഒരു പ്രശ്നമുണ്ട്. ഇപ്പോൾ ഇറക്കിയ ഉത്തരവ് ഞാൻ വായിക്കാം. 7 വർഷത്തിലധികമായി

ഉപേക്ഷിക്കപ്പെട്ടത്, ഡെസേർട്ടഡ് - 50 വയസ്സ് പൂർത്തിയായതുമായ സ്ത്രീകൾക്ക് ഇതര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചുകൊണ്ട് ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു. ബാക്കിയുള്ള കാര്യങ്ങൾ, മസ്റ്ററിംഗിന് എങ്ങനെയാണ് നോക്കേണ്ടത് തുടങ്ങിയ കാര്യങ്ങൾ നമുക്ക് പരിശോധിക്കാം.

ഡോ. എം. കെ. മുനീർ പറഞ്ഞ കാര്യത്തെക്കുറിച്ച് നാളെ പറയാം. സ്വൽപ്പം നീണ്ടതാണ്, ആർക്കും തലയിൽ കയറുന്നുമില്ല. അതിനുത്തരമുണ്ട്. അത് പിന്നീട് എടുക്കാവുന്നതാണ്. കിഫ്ബിയുടെ കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞു, വീണ്ടും എന്നെക്കൊണ്ട് എന്തിനാണ് പറയിക്കുന്നത്?

കിഫ്ബിയുടെ കാര്യത്തിൽ, 40,000 കോടി രൂപയുടെ പ്രോജക്ടുകളിൽ 20,000 കോടി രൂപയുടേത് മാത്രമേ ടെണ്ടർ ചെയ്തിട്ടുള്ളൂ. ആനയറ റോഡിന്റെ ഭൂമിക്കുവേണ്ടി 100 കോടി രൂപ ഇന്ന് കളക്ടർക്ക് ട്രാൻസ്ഫർ ചെയ്തുനൽകി. അതുകൊണ്ടുമാത്രം 7400 കോടി രൂപയായി. ദേശീയ പാതകൂടി വയ്ക്കുമ്പോൾ 8000 കോടി രൂപയാകും. ഈ വർഷം ചുരുങ്ങിയത് 10000-12000 കോടി രൂപ കിഫ്ബിയിൽനിന്ന് ചെലവുവരും. എങ്ങനെയാണ് പോകുന്നതെന്ന് ഇനിയുള്ള മാസങ്ങളിൽ നോക്കിക്കോളൂ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നാളെ അമ്പതിനായിരം കോടി രൂപ കൊടുക്കും; അതുകഴിഞ്ഞ് പന്ത്രണ്ടാകും; അതുകഴിയുമ്പോൾ പതിനെട്ടാകും; അതുകഴിയുമ്പോൾ ഇരുപതാകും; അങ്ങിത് കുറേ ദിവസങ്ങളായി പറയുന്നുണ്ട്. ആകെ ഒരു മാസമല്ലേ ഈ ഗവൺമെന്റിന് ഇനി കാലാവധിയുള്ളൂ. ബാക്കി തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നോക്കാം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഒരു മാസത്തെ കാര്യമാണോ അടുത്ത അഞ്ച് വർഷത്തെ കാര്യമാണോ എന്ന് നമുക്ക് പറയാം. കുറച്ചുനേരം കൂടി ഇരുന്നാൽ നമുക്ക് അതിലേയ്ക്ക് കടക്കാം. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എന്താണ് വയനാടിന്റെ അടിസ്ഥാന പ്രശ്നം? കാപ്പി കിലോയ്ക്ക് 60-നും 70-നും ഇടയ്ക്ക് വില വരുന്നുവെന്നതാണ് അടിസ്ഥാന പ്രശ്നം. കാപ്പിക്ക് 90 രൂപ വച്ച് നൽകാൻ കഴിഞ്ഞാൽ കൃഷിക്കാരുടെ വരുമാനത്തിൽ ഏതാണ്ട് 50 ശതമാനം വർദ്ധനവുവരും. അതിനായുള്ള പരിപാടി ആരംഭിക്കാൻ പോകുകയാണ്. കഴിഞ്ഞ വർഷവും ഇത് പറഞ്ഞതാണ്, എന്നാൽ നടപ്പായില്ലെന്നത് ശരിയാണ്. പക്ഷെ ഇക്കാര്യം എല്ലാവരെയും ബോധ്യപ്പെടുത്തണമായിരുന്നു. ഏതായാലും വളരെ കൃത്യമായി റബ്ബർ പോലെതന്നെ, റബ്ബർ പോലെയെന്ന് പറയുന്നില്ല, ഇത് വേറെ ആൾക്കാർക്ക് വിൽക്കുന്നില്ല, പകരം സർക്കാർ ബ്രാന്റഡ് കോഫി ഉണ്ടാക്കാനായി

വലിയ തോതിൽ കാപ്പി സംഭരിക്കുകയും 90 രൂപ വച്ച് സംഭരണവില നൽകുകയും ചെയ്യും. കാരണം കാപ്പി വാങ്ങി സംഭരിച്ചു കഴിഞ്ഞാൽ അത് വിൽക്കുന്നത് ഏതാനും മൾട്ടിനാഷണൽസിന് മാത്രമാണ്. അതിനാൽ സംഭരണം വിജയിക്കണമെങ്കിൽ ബ്രാന്റഡ് കാപ്പി വേണം. അതിനായുള്ള നീക്കങ്ങൾ നടത്താൻ തീരുമാനിച്ചുകഴിഞ്ഞു. ബ്രാന്റഡ് കോഫി വരുന്ന ഫെബ്രുവരി മാസം ഉദ്ഘാടനം ചെയ്യും. ഇലക്ഷൻ നടക്കാൻ ഒരു മാസമേ പിന്നീടുള്ളൂവെങ്കിലും കിയോസ്കുകളും ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും വരും. അത് നിങ്ങൾ എണ്ണിക്കുറിച്ചോളൂ.

മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ കാലതാമസം വന്നിട്ടുണ്ടെന്നത് സത്യമാണ്. കൽപ്പറ്റയിൽ മെഡിക്കൽ കോളേജിനായി ഭൂമി അക്വയർ ചെയ്യാൻ തുടങ്ങിയപ്പോഴാണ് ഡോ. ആസാദ് മൂപ്പന്റെ ആശുപത്രി സർക്കാരിന് വിട്ടുനൽകാമെന്ന് അറിയിച്ചത്. അങ്ങനെയാണെങ്കിൽ കാലതാമസമില്ലാതെ മെഡിക്കൽ കോളേജ് ആരംഭിക്കാൻ സാധിക്കുമെന്ന് കരുതി. എന്നാൽ അദ്ദേഹം മുന്നോട്ടുവച്ച കണ്ടീഷൻസ് ഉദ്യോഗസ്ഥരുടെ കമ്മിറ്റി പരിശോധിച്ചപ്പോൾ സ്വീകാര്യമായില്ല. അത് പിന്നീട് മറ്റ് വിവാദങ്ങളിലേയ്ക്ക് നയിക്കുമെന്നതിനാൽ വീണ്ടും ഭൂമി അക്വയർ ചെയ്ത് നടപ്പാക്കാൻ തീരുമാനിച്ചു. 2021-22-ൽ സ്ഥാപിക്കുന്ന മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് കേന്ദ്ര സർക്കാർ പറഞ്ഞിരിക്കുന്നത് ഹില്ലി ഏരിയ ആണെങ്കിൽ 250 ബെഡ് മതിയെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ, അവിടെ ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി തുടങ്ങിയവയുണ്ട്; അതിൽ ഏത് വേണമെന്ന് ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനിച്ചാൽ അത് കൺവെർട്ട് ചെയ്ത് മെഡിക്കൽ കോളേജ് നടപ്പാക്കുന്ന നടപടികളിലേയ്ക്ക് പോകാൻ സാധിക്കും.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, (...മൈക്ക് ഓഫ്...) നാല് കൊല്ലം കൊണ്ട് കഴിഞ്ഞില്ല. പിന്നെയാണോ ഒരാഴ്ചകൊണ്ട് ചെയ്യുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അതെന്തുകൊണ്ടാണെന്ന് ഞാൻ പറയാം. അവിടെ സംഭവിച്ചതെന്തെന്നാൽ, നമ്മളാദ്യം ഭൂമി കണ്ടെത്തി. അത് വിട്ടുനൽകിയ ഭൂമിയാണ്. അന്ന് കിഫ്ബിയിൽനിന്ന് 650 കോടി രൂപ നൽകുമെന്ന് പറഞ്ഞു. എന്നാൽ ഫ്ലഡ് വന്നതിനെത്തുടർന്ന് ആ ഭൂമിയിൽ ഇത്രയും വലിയ കെട്ടിടം പണിയാൻ സാധിക്കില്ലെന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി പറഞ്ഞതിനാൽ അത് ഉപേക്ഷിച്ചു. അതിനുശേഷം 2019-ൽ നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ചൂണ്ടയിലുള്ള പള്ളിയുടെ ഭൂമി ഏറ്റെടുക്കാനുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോഴാണ് ഞാൻ നേരത്തെ സൂചിപ്പിച്ച പ്രൊപ്പോസൽ വരുന്നത്. താമസംകൂടാതെ മെഡിക്കൽ കോളേജിന്റെ

പ്രവർത്തനമാരംഭിക്കാൻ അതാകും കൂടുതൽ നല്ലതെന്ന് കരുതി, എന്നാലതും നടന്നില്ല. എത്രവേഗം നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്നതും അതിനാവശ്യമായ പണമുണ്ടോയെന്നതുമാണ് ദ്രുതഗതിയിൽ ഇങ്ങനെയൊരു സ്ഥാപനം ആരംഭിക്കുന്നതിനുള്ള രണ്ട് തടസ്സങ്ങൾ. രാമേശ്വരത്തെ ക്ഷൗരം പോലെ നേരത്തെ നിങ്ങൾ എല്ലാ ജില്ലയിലും മെഡിക്കൽ കോളേജെന്ന് പ്രഖ്യാപിച്ചിട്ട് അതിനായി നൽകാൻ എത്ര രൂപ കൈവശമുണ്ടായിരുന്നു? എന്നാൽ ഇന്ന് കിഫ്ബിയുണ്ട്. പണമല്ല പ്രശ്നം, ചെയ്യാൻ സാധിക്കുമോ ഇല്ലയോ എന്നതാണ് പ്രശ്നം. ചെയ്യാൻ സാധിക്കുമെങ്കിൽ അതിനുള്ള പണവുമുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അങ്ങയെക്കുറിച്ച് ഒരു കഥ നാട്ടിൽ പ്രചരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു കൈനോട്ടക്കാരന്റെ അടുത്തുപോയി ഒരാൾ കൈ നോക്കിയപ്പോൾ കൊട്ടാരം, കാർ, പറമ്പ് എന്നിവ വാങ്ങും വലിയ കോടീശ്വരനാകും വലിയ ജോലി ലഭിക്കുമെന്നൊക്കെ പറഞ്ഞപ്പോൾ തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗംപോലെ പറയാതെ സത്യം പറയാൻ അയാൾ പറഞ്ഞുവെന്നതാണ് നാട്ടിൻപുറത്തെ ചൊല്ല്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്നാൽ ഞങ്ങളുടെ ബഡ്ജറ്റിന്റെ കഥ പറഞ്ഞുതരാം: ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ പാരഗ്രാഫ് 19-ൽ നിങ്ങളുടെ ഭരണകാലത്തെയും ഞങ്ങളുടെ ഈ ഭരണകാലത്തെയും 20 ഇനങ്ങൾ താരതമ്യപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ ഏഴായിരത്തിൽപ്പരം കിലോമീറ്റർ റോഡ് നിർമ്മിച്ചപ്പോൾ ഞങ്ങൾ പതിനൊന്നായിരം കിലോമീറ്റർ റോഡ് നിർമ്മിച്ചുകഴിഞ്ഞു. നാലായിരം കിലോമീറ്റർ റോഡ് ഈ മാർച്ച് മാസത്തിൽ നിർമ്മാണം പൂർത്തിയാക്കും. എന്തുചെയ്തുവെന്ന് നിങ്ങൾ ചോദിച്ചില്ലേ, അഞ്ച് വർഷം എന്ത് ചെയ്തുവെന്ന് സ്വയമൊന്ന് ചോദിച്ച് നോക്കൂ. നിങ്ങൾ അഞ്ച് വർഷം ചെയ്തതിന്റെ ഇരട്ടി ഈ സർക്കാർ ചെയ്തു. അതിന്റെ കണക്കുമായാണ് ജനങ്ങളുടെ അടുത്ത് പോകുന്നത്. നിങ്ങൾ ആ റോഡുകൂടിയുണ്ട്, അത് തീർന്നില്ല, ഇവിടെ തുടങ്ങുമെന്ന് പറഞ്ഞിട്ട് ഭൂമിയെടുത്തില്ല എന്നൊക്കെ പറയുമ്പോൾ ജനങ്ങളുടെ മുന്നിൽ ഞങ്ങൾക്ക് കാണിക്കാനുള്ളത് ഇത്രയും കാര്യങ്ങൾ ഞങ്ങൾ ചെയ്തുവെന്നാണ്. അവർ ചെയ്തതിന്റെ ഇരട്ടി ചെയ്തിരിക്കുന്നുവെന്നാണ്. കണക്ക് ഇരുപതുണ്ട്. അത് തെറ്റെന്ന് ആരും പറഞ്ഞിട്ടില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ വളർച്ചാ നിരക്കിനെക്കുറിച്ച് പറഞ്ഞു. നിങ്ങളുടെ അഞ്ച് വർഷം 4.9 ശതമാനമാണ് ശരാശരി വളർച്ചാനിരക്ക്. ഈ സർക്കാരിന് നിങ്ങൾ പറഞ്ഞ 3.45 ഉണ്ടായിട്ട് ഈ 4 വർഷം വളർച്ച 5.9 ശതമാനമാണ്. നിങ്ങൾക്ക് നോക്കാം; ഇത് കൃത്യമായ കണക്കാണ്. ഈ നേട്ടങ്ങളും ഇനി ചെയ്യാൻ പോകുന്ന കാര്യങ്ങളും പറഞ്ഞാണ് ഞങ്ങൾ ജനങ്ങളെ സമീപിക്കാൻ പോകുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കോഴിക്കോട് എയർപോർട്ടിന്റെ കാര്യമിവിടെ പറയുകയുണ്ടായി. നാഷണൽ ഹൈവേയിൽനിന്ന് കോഴിക്കോട് എയർപോർട്ടിലേയ്ക്ക് പോകുന്ന റോഡിനായി പൊതുമരാമത്ത് വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം 7 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മെയിൻ റോഡ് നന്നാക്കാനായി 7 കോടി രൂപ അനുവദിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇത്തരത്തിൽ ആ റോഡ് നന്നാക്കുമോ, ഈ റോഡ് നന്നാക്കുമോ എന്ന് ചോദിച്ചാൽ എനിക്ക് ഈ സ്ഥലങ്ങളൊന്നും പരിചിതമല്ല. ഇതിനൊന്നും പണം പ്രതിബന്ധമല്ലെന്നാണ് ഞാൻ പറയുന്നത്. ഇന്ന് ഇരുപത്തയ്യായിരം കോടി രൂപയുടെ റോഡുകളും പാലങ്ങളുമാണ് നിർമ്മാണത്തിലിരിക്കുന്നത്. ഈ ഇരുപത്തയ്യായിരം കോടി രൂപയിൽ നിങ്ങളിവിടെ പറഞ്ഞ 7 കോടി രൂപ ഉൾപ്പെടാത്തതെന്താണെന്ന് എനിക്കിപ്പോൾ പറയാൻ സാധിക്കില്ല. എന്നാലെനിക്ക് താത്വികമായി ഒരെതിർപ്പും ഇക്കാര്യത്തിനോടില്ല.

ഒരു മാസമല്ലേയുള്ളൂ, അത് കഴിഞ്ഞാൽ ബഡ്ജറ്റ് പുതുക്കാൻ പോകുകയല്ലേയെന്നാണ് ശ്രീ. പാറക്കൽ അബ്ദുല്ലയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇവിടെ പറഞ്ഞത്. അതെ, ഞങ്ങൾ ബഡ്ജറ്റ് പുതുക്കും. ഇപ്പോൾ പറയുന്ന റവന്യൂ ഗ്യാപ്പ് എങ്ങനെ കുറയ്ക്കാൻ സാധിക്കുമെന്ന് ഞങ്ങൾ നോക്കും. നമ്മുടെ പാറമടകൾ സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടോ, മണലിന്റെ അടിസ്ഥാനത്തിലോ, എങ്ങനെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് നോക്കും. ഇത്തരത്തിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള കാര്യങ്ങളൊക്കെ ഞങ്ങളുടെ തിരുത്തലുകളിൽ വരും. അതിപ്പോൾ പറഞ്ഞിട്ടില്ല. അക്കാര്യം ഞങ്ങൾ ചർച്ച ചെയ്യും. ഈ റവന്യൂ ഗ്യാപ്പ് ഇനിയും കുറയ്ക്കേണ്ടതുണ്ട്. ഈ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളും ബഡ്ജറ്റിൽ പറയാത്ത കുറച്ച് കാര്യങ്ങൾ അധികമായും ചെയ്യുമെന്ന് വ്യക്തമാക്കിക്കൊണ്ടാണ് ഞങ്ങൾ ജനങ്ങളെ സമീപിക്കാൻ പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനങ്ങളോട് അഭിപ്രായം ആരായുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു മാനിഫെസ്റ്റോ തയ്യാറാക്കും. ഈ പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്യാനുള്ളതാണ്. നമ്മുടെ കേരള സാമൂഹിക വ്യവസ്ഥയുടെ അടിത്തറയിലൊരു പൊളിച്ചെഴുത്ത് കൊണ്ടുവരാൻ പോകുകയാണ്. അതിന്റെ മേൽക്കൂരയുടെ കാര്യം ഞാൻ പറഞ്ഞു: ക്ഷേമ പ്രവർത്തനങ്ങൾ, പെൻഷൻ ഇവയെല്ലാം നൽകുന്നു. എന്നാൽ അതിന്റെ അടിത്തറ പഴയ രീതിയിൽത്തന്നെയാണ്. പഴയ വ്യവസായങ്ങളിൽ പലതും കാലഹരണപ്പെട്ടതാണ്. അവ വേഗത്തിൽ വളരില്ല. നമ്മുടെ മനുഷ്യ പ്രകൃതിക്കും ഭൂപ്രകൃതിക്കുമെല്ലാം അനുയോജ്യമായ പുതിയ വിജ്ഞാന വ്യവസായങ്ങളിലേയ്ക്ക് മാറാനായി കൃത്യമായ ഒരു കർമ്മപദ്ധതിയുമായി മുന്നോട്ടുവരികയാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, നിങ്ങൾക്കൊരു പരിപാടിയുണ്ടെങ്കിൽ അത് തയ്യാറാക്കൂ. ഏതായാലും ഒരു ഗെയിം പ്ലാൻ പൊളിഞ്ഞല്ലോ. ഇതൊക്കെ ഇങ്ങനെ മുന്നേറുന്നത് കണ്ടുകഴിഞ്ഞപ്പോൾ ഒരു അഭിപ്രായ സർവ്വേ, തുടർഭരണമുണ്ടാകുമെന്നൊരു തോന്നൽ വന്നപ്പോൾ രണ്ടാംപക്കം, മൂന്നാം പക്കമുള്ള പെരുമാറ്റം ഈ സഭയിൽ കണ്ടതല്ലേ? കോവിഡ് 19-നെ നിയന്ത്രിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഒരുമിച്ചുള്ള പത്രസമ്മേളനം, പ്രവർത്തനം, ഒരുമിച്ച് ഫൈറ്റ് ചെയ്യാമെന്നൊക്കെ പറഞ്ഞയാളുകൾ പിന്നെയങ്ങ് മാറുകയാണ്, ആ വ്യത്യാസം. സ്വപ്ന സുരേഷിനെ കൂട്ടുപിടിച്ച് ഈ അലമ്പെല്ലാം പറഞ്ഞ് ജനങ്ങളെ മാറ്റി സർക്കാരിനെ തിരിക്കാൻ പറ്റുമെന്ന് നിങ്ങൾ വിചാരിച്ചു. എന്താണ് നിങ്ങൾ പറയാത്തത്; എന്താണ് നിങ്ങൾ ചെയ്യാത്തത്. ഇന്നിപ്പോൾ അതിന്റെ സാമ്പിളല്ലെ; ഞാൻ നേരത്തെ പറഞ്ഞത് വീണ്ടും ആവർത്തിക്കുന്നില്ല. നിങ്ങൾക്ക് ബഹുമാനപ്പെട്ട സ്പീക്കറെക്കുറിച്ച് വിമർശനങ്ങളൊക്കെ ഉന്നയിക്കാം. പക്ഷെ എന്തൊക്കെയാണ് പറഞ്ഞത്? എന്തും പറയാം; പക്ഷേ, ജനങ്ങൾ അംഗീകരിക്കില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങിത് പഠിക്കുക, ഇപ്പോൾ ബോദ്ധ്യമായിക്കാണുമല്ലോ; എന്തും അഴിമതിയായി പ്രഖ്യാപിക്കുകയല്ലേ? ട്രാൻസ്ഗ്രിഡ് അഴിമതി, കെ-ഫോൺ അഴിമതി, ഈ അഴിമതിയൊക്കെ ആര് വിശ്വസിക്കുമെന്നാണ് പറയുന്നത്. എന്നിട്ട് എന്ത് ചെയ്തു? വിജയം ഉറപ്പിക്കാൻവേണ്ടി ജമാഅത്തെ ഇസ്ലാമിയുമായി കൂട്ടുകൂടി. ബഹുമാന്യനായ അദ്ദേഹം ഇവിടെ ഇല്ലല്ലോ; തിരുവനന്തപുരത്ത്, മണ്ഡലത്തിലിറങ്ങി അടുത്ത നിയമസഭയിൽ ബി.ജെ.പി.-യുടെ വോട്ട് വാങ്ങാൻ വേണ്ടി കോൺഗ്രസിന്റെ വോട്ട് അഡ്വാൻസായി വിറ്റ് നടന്ന എം.എൽ.എ., നിങ്ങളുടെ ആൾക്കാർതന്നെ പറഞ്ഞതല്ലേ, ഞാൻ പറഞ്ഞതല്ലല്ലോ; എന്നെക്കൊണ്ട് പേര് പറയിക്കണോ; യോഗത്തിൽ തമ്മിൽ തല്ലിയതല്ലേ; എത്ര സ്ഥലത്ത് ഇങ്ങനെയുള്ള ഏർപ്പാടുകളുണ്ട്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഈ കുറുക്ക് വഴികളൊന്നും നിങ്ങളെ അധികാരത്തിലെത്തിക്കില്ല. കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഞങ്ങളൊരു പരിപാടി വയ്ക്കുകയാണ്. ക്ഷേമം കൈവിടാതെ അത് ഇനിയും വർദ്ധിപ്പിക്കും. പശ്ചാത്തല സൗകര്യങ്ങൾ കിഫ്ബി വഴിയൊരുക്കി. നിങ്ങൾ അത് മുഴുവൻ ഭരണഘടനാ വിരുദ്ധമായ പരിപാടി എന്നുപറഞ്ഞ് നടക്കുന്നവരാണ്. വേറൊരു ബദൽ പരിപാടി പറയൂ. കേരളത്തിന്റെ വികസന പ്രവർത്തനത്തിനായി അറുപതിനായിരം കോടി രൂപയുടെ പരിപാടി പറഞ്ഞാൽ മതി, ഇപ്പോൾ പറയേണ്ട. നിങ്ങളുടെ പരിപാടിയിൽ അത് വയ്ക്കുക. കേരളത്തിന്റെ സാമ്പത്തിക അടിത്തറ മാറ്റാൻ ഈ ബഡ്ജറ്റിലൂടെ ഞങ്ങളൊരു പരിപാടി വച്ചിട്ടുണ്ട്. നിങ്ങളൊരു പദ്ധതിയുമായി വരൂ. എന്നിട്ട് നമുക്ക് ജനങ്ങളോട് സംസാരിക്കാം. അല്ലാതെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ജമാഅത്തെ ഇസ്ലാമിയുമായും

ബി.ജെ.പി.-യുമായിട്ടുള്ള ചില ഇടപാടുകൾ നടത്തിക്കൊണ്ട് കേരളത്തിൽ നിങ്ങൾ രക്ഷപ്പെടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞങ്ങൾക്ക് വ്യക്തമായ പരിപാടികളുണ്ട്. അത് ജനങ്ങളുടെ മുമ്പിൽ വച്ചുകൊണ്ടുതന്നെയായിരിക്കും ഞങ്ങൾ തെരഞ്ഞെടുപ്പിനെ നേരിടുന്നത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജയിച്ചെന്ന് കരുതി അഹങ്കരിക്കണ്ട. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനങ്ങൾ നിങ്ങൾക്ക് ശിക്ഷ നൽകിയതാണ്. ഈ നിയമസഭ തെരഞ്ഞെടുപ്പിൽ ഒരു സംശയവും വേണ്ട; കേരളത്തിലെ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ യു.ഡി.എഫ്. അധികാരത്തിൽ വരുമെന്ന കാര്യത്തിൽ തർക്കംവേണ്ട.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഇവിടെ ചെയ്ത കാര്യങ്ങളുടെ വലിയൊരു പട്ടിക നിരത്തി. ഇന്നത്തെ മാതൃഭൂമി പത്രത്തിന്റെ എം.ഡി. ശ്രീ. എം. വി. ശ്രേയാംസ് കുമാറാണ്. രണ്ട് കൊല്ലം കഴിഞ്ഞിട്ടും ഒരു റോഡ് പോലും ടെണ്ടർ ചെയ്തിട്ടില്ല. പ്രളയാനന്തര പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി ഇടുക്കി, പത്തനംതിട്ട, വയനാട് ജില്ലകളിൽ പ്രഖ്യാപിച്ച 77 റോഡ് പ്രവൃത്തികളിൽ ഒന്നിനുപോലും ഇതുവരെ ടെണ്ടർ ആയിട്ടില്ല. 15 പ്രവൃത്തികൾക്കുമാത്രം ഡി.പി.ആർ. ആയി. ആ പദ്ധതികൾ നടക്കാൻ പോകുന്നില്ല. ഇതാണ് ട്രാക്ക് റെക്കോർഡ്. പ്രഖ്യാപനങ്ങളല്ലാതെ നടപ്പിലാക്കാൻ സാധിക്കുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. ഇ.പി. ജയരാജനും "നിങ്ങൾ ജമാഅത്തെ ഇസ്ലാമിയുമായി കൂടിയില്ലേ എന്ന് പറഞ്ഞു. ഞാനൊരു ചോദ്യം ചോദിക്കട്ടെ: 1996 മുതൽ 2016 വരെയുള്ള അഞ്ച് തെരഞ്ഞെടുപ്പുകളിൽ ഞാൻ മത്സരിച്ചിട്ടുണ്ട്. ഈ അഞ്ച് തെരഞ്ഞെടുപ്പിലും ജമാഅത്തെ ഇസ്ലാമി എനിക്കെതിരായിരുന്നു. എൽ.ഡി.എഫ് സ്ഥാനാർത്ഥികൾക്കൊപ്പമാണ് ജമാഅത്തെ ഇസ്ലാമി നിന്നത്. ഞാൻ എന്റെ കാര്യം മാത്രമാണ് പറയുന്നത്. ആ തെരഞ്ഞെടുപ്പുകളിലെല്ലാം കേരളത്തിലെ സി.പി.ഐ.(എം) നേതാക്കന്മാർ ജമാഅത്തെ ഇസ്ലാമിയുടെ ആസ്ഥാനത്ത് ചെന്നു. ആദ്യം വെൽഫയർ പാർട്ടിയൊന്നുമുണ്ടായിരുന്നില്ല; ജമാഅത്തെ ഇസ്ലാമി ആയിരുന്നു; പിന്നീടാണ് വെൽഫെയർ പാർട്ടി വന്നത്. ഈ അഞ്ച് നിയമസഭ തെരഞ്ഞെടുപ്പുകളിലും എന്റെ കാര്യത്തിൽ മാത്രമല്ല, എല്ലാ തെരഞ്ഞെടുപ്പുകളിലും സി.പി.ഐ.(എം) നേതാക്കന്മാർ അവരുടെ ആസ്ഥാന മന്ദിരത്തിൽപ്പോയി അവരെക്കണ്ട് അവരുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങളുടെകൂടെ നിൽക്കുമ്പോഴും എ.കെ.ജി സെന്ററിലിരിക്കുമ്പോഴും അവർ വലിയ മതേതരവാദികൾ; എ.കെ.ജി സെന്ററിൽനിന്നും

ഇറങ്ങിക്കഴിഞ്ഞാൽ അവർ വർഗ്ഗീയവാദികൾ. എന്നിട്ട് നിങ്ങൾ എസ്.ഡി.പി.ഐ.-യുമായി കൂട്ടുകൂടുകയാണ്. ഇതാണോ രാഷ്ട്രീയം?

ഡോ. ടി. എം. തോമസ് ഐസക്: സർ, റീബിൽഡ് കേരളയെക്കുറിച്ചുള്ള ന്യൂസ് ഞാനും വായിച്ചു. റീബിൽഡ് കേരള ഞാൻ ഇന്നലെ ഇവിടെ കണക്ക് സംബന്ധിച്ച് പറഞ്ഞു, 7100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; മൂവായിരത്തിൽപ്പരം കോടി രൂപയുടെ ടെണ്ടർ ചെയ്തുകഴിഞ്ഞുവെന്നാണ് പറയുന്നത്. അതിൽ ആയിരം കോടി രൂപയുടെ ഗ്രാമീണ റോഡുകൾ ഉണ്ട്. ശ്രീ. എ.സി. മൊയ്തീൻ പറയുന്നത് അതിൽ എഴുപത്തിയഞ്ച് ശതമാനം മാർച്ചിനുള്ളിൽ പൂർത്തിയാകും ബാക്കി ഇരുപതിത്തിയഞ്ച് ശതമാനം മാത്രമേ അപ്പുറത്തേക്ക് കൊണ്ടുപോകാൻ കഴിയൂവെന്നാണ്. നിങ്ങൾ എന്തുവേണമെങ്കിലും എഴുതു. ഗ്രാമീണ റോഡ് കേന്ദ്രീകൃതമായി സർവ്വേ നടത്തി ഐഡന്റിഫൈ ചെയ്ത് അതിന്റെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്, അതുകൊണ്ടാണ് സമയമെടുത്തത്. കാരണം ലോക ബാങ്കിൽ നിന്ന് എടുക്കുന്ന വായ്പയാണ്. അപ്പോൾ അതിനുവേണ്ടി പ്രത്യേകമായി ഒരു പാക്കേജ് കൊടുക്കണം. അതിനായി കുറച്ച് സമയമെടുത്തിട്ടുണ്ട്. ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, കഴിഞ്ഞ ആറ് മാസമായി നിങ്ങളുടെ ചെയ്തികൾ ജനങ്ങൾ അംഗീകരിക്കുന്നില്ല. കോൺഗ്രസ് ഇവിടെനിന്ന് പോയി, ഇല്ലാതായി എന്നൊന്നും നമ്മൾ പറയുന്നില്ല. പക്ഷെ ഈ മിനുക്കുപണിയിലൂടെയും പുറകിൽ നടത്തുന്ന കളികൾകൊണ്ടും നിങ്ങൾ എത്തില്ല. എങ്ങനെയാണ് നേമം മണ്ഡലത്തിൽ ബി.ജെ.പി. ജയിച്ചത്; കോൺഗ്രസിന്റെ വോട്ടെവിടെപ്പോയി. ഇത് ആവർത്തിക്കാനല്ലേ തിരുവനന്തപുരത്ത് ചർച്ചകൾ നടത്തിയത്. നിങ്ങൾ ബി.ജെ.പി.-യെയും ജമാഅത്തെ ഇസ്ലാമിയെയും എതിർക്കാൻ തയ്യാറാകുന്ന നിലപാടെടുത്ത് പരിപാടി വയ്ക്കൂ. നമുക്ക് ജനങ്ങളോട് സംസാരിക്കാം. കേരളത്തിൽ ആദ്യമായി ഇടതുപക്ഷത്തിന് തുടർഭരണം വരുകയാണെന്ന് ഞങ്ങൾക്കുറപ്പുണ്ട്. ആ ഉറപ്പ് ഈ ബഡ്ജറ്റിൽ പ്രതിഫലിക്കുന്നുണ്ട്. ഈ ബഡ്ജറ്റ് ആത്മവിശ്വസത്തിന്റെ ബഡ്ജറ്റാണ്. ഇതിന്റെ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 1, 36, 64, 88, 120, 150 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 6, 71, 91, 123 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 21-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 25, 136 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 42, 128 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനുള്ള ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ ........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശബ്ദവോട്ട് രേഖപ്പെടുത്തിയാൽ പോരെ?

ശ്രീ. കെ. സി. ജോസഫ്: മതി.

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചിരിക്കുന്നു.

ഉപക്ഷേപം പാസ്സായിരിക്കുന്നു. വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജനുവരി മാസം 22-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 10.09-ന് പിരിഞ്ഞു.)